# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

2022 ഫെബ്രുവരി 23, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 187 - നമ്പർ 4

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### നാലാം സമ്മേളനം

2022 ഫെബ്രുവരി 23, ബുധൻ

സ്പീക്കർ
ശ്രീ. എം. ബി. രാജേഷ്

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ

ചീഫ് എഡിറ്റർ
ശ്രീമതി വി. ചെറുപുഷ്പം

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം

പേജ്

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**II. ഉത്തരത്തിലെ തിരുത്ത്**

നക്ഷത്രചിഹ്നമിടാത്ത 451-ാം നമ്പർ ചോദ്യത്തിന്റെ
തിരുത്തിയ ഉത്തരം

**III. അടിയന്തരപ്രമേയം**

രാഷ്ട്രീയ കൊലപാതകങ്ങളും ഗുണ്ടാ ആക്രമണങ്ങളും
-ശ്രീ. എൻ. ഷംസുദ്ദീൻ
(അവതരണാനുമതി നിഷേധിച്ചു)

**IV. ശ്രദ്ധക്ഷണിക്കൽ**

(1) വന്യമൃഗ ആക്രമണം
- ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

(2) മാനസികാരോഗ്യ മേഖലയിൽ കാലോചിതമായ പരിഷ്കരണം
- ശ്രീ. എൻ. ഷംസുദ്ദീൻ

## V. സബ്മിഷൻ

(1) അട്ടപ്പാടിയിലെ ശിശുമരണങ്ങൾ
- പ്രതിപക്ഷ നേതാവ് (ശ്രീ. വി.ഡി. സതീശൻ)

(2) വേങ്ങരയിൽ ഫയർ സ്റ്റേഷൻ
- ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

(3) പൊന്നാനിയിലെ ഭൂനികുതി പ്രശ്നം
- ശ്രീ. പി. നന്ദകുമാർ

(4) ആറാട്ടുപുഴ, തൃക്കുന്നപ്പുഴ കടൽഭിത്തി നിർമ്മാണം
- ശ്രീ. രമേശ് ചെന്നിത്തല

(5 ) പുലക്കടവ് തടയണ നിർമ്മാണം
- ശ്രീ. എം. എസ്. അരുൺ കുമാർ

(6) കാത്തലിക് സിറിയൻ ബാങ്കിന്റെ പ്രവർത്തനം
- ശ്രീ. പി. എസ്. സുപാൽ

(7) ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറിയുടെ പ്രവർത്തനം
-ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(8) അഴീക്കൽ ഗ്രീൻഫീൽഡ് തുറമുഖ പദ്ധതി
-ശ്രീ. കെ. വി. സുമേഷ്

(9) പന്നിയങ്കര ടോൾ പിരിവ്
-ശ്രീ. പി. പി. സുമോദ്

(10) ഇരിക്കൂറിലെ സമഗ്ര ടൂറിസം വികസനം
-ശ്രീ. സജീവ് ജോസഫ്

## VI. മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് 3 (1), ചട്ടം 47(2) എന്നിവ പ്രകാരമുള്ള കടലാസ്സുകൾ

## VII. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച (തുടർച്ച)

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### നാലാം സമ്മേളനം

2022 ഫെബ്രുവരി 23, ബുധൻ

---

വാല്യം 187}    ഔദ്യോഗിക റിപ്പോർട്ട്    {നമ്പർ 4

---

നിയമസഭ 2022 ഫെബ്രുവരി മാസം 23-ാം തീയതി ബുധനാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*31)

### സിൽവർ ലൈൻ പദ്ധതിക്കായുള്ള വായ്പകൾ

**1 (*31)** ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ.രമ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നതെന്നത് വസ്തുതയാണോ;

(ബി) കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുകയും പൊതുകടം ക്രമാതീതമായി വർദ്ധിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ അറുപത്തിഅയ്യായിരം കോടിയിലേറെ ചെലവ് പ്രതീക്ഷിക്കുന്ന സിൽവർ ലൈൻ പദ്ധതി സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കുമെന്നത് വസ്തുതയാണോ; വിശദമാക്കാമോ;

(സി) സിൽവർ ലൈൻ പദ്ധതി നടപ്പിലാക്കാൻ ഏതൊക്കെ അന്താരാഷ്ട്ര സ്ഥാപനങ്ങളിലൂടെ വായ്പകൾ ലഭ്യമാക്കാനാണ് സർക്കാർ

ഉദ്ദേശിക്കുന്നത്; വായ്പകൾ സംബന്ധിച്ച് ഏതെങ്കിലും അന്താരാഷ്ട്ര സ്ഥാപനങ്ങളുമായി ചർച്ച നടന്നോയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) പ്രസ്തുത വായ്പകളുടെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; സിൽവർ ലൈനിന്റെ നിർമ്മാണത്തിനാവശ്യമായ ഉപകരണങ്ങൾ വായ്പ നൽകുന്ന കമ്പനികൾ നിർദ്ദേശിക്കുന്ന കമ്പനികളിൽനിന്നും വാങ്ങണമെന്ന വ്യവസ്ഥ ഏതെങ്കിലും അന്താരാഷ്ട്ര കമ്പനികൾ വായ്പാ വ്യവസ്ഥയായി മുന്നോട്ടുവച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഇ) ജപ്പാൻ സ്ഥാപനമായ ജൈക്കയിൽനിന്നും വായ്പ ലഭ്യമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഈ ചർച്ചകളിൽ കമ്പനി വായ്പാ വ്യവസ്ഥകൾ മുന്നോട്ടുവച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ,

(എ) പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള

നഷ്ടപരിഹാരം കൃത്യസമയത്ത് നൽകാത്തതും മുൻകാലങ്ങളിൽനിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടരുന്ന നിസ്സംഗതയും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. ഈ പ്രതിസന്ധി ഹ്രസ്വകാല, ദീർഘകാല നടപടികൾ വിഭാവനം ചെയ്താണ് സർക്കാർ നേരിട്ടുപോരുന്നത്.

(ബി) കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയമായ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുത്തിട്ടുള്ളത്. കോവിഡിന്റെ പ്രതികൂല സാഹചര്യം പ്രതിരോധ വാക്സിനേഷനിലെ പുരോഗതി എന്നിവ പരിഗണിക്കുമ്പോൾ താമസിയാതെ പിന്മാറുമെന്നും അതോടെ സമ്പദ്‌വ്യവസ്ഥ ചലനാത്മകമാകുമെന്നും ആയത് സർക്കാരിന്റെ വരുമാനത്തിൽ പ്രതിഫലിക്കുമെന്നും പ്രതീക്ഷിക്കാവുന്നതാണ്. അതോടൊപ്പം നിലവിൽ തുടരുന്ന സാമ്പത്തിക അച്ചടക്കത്തിലൂന്നിയുള്ള പൊതുചെലവുകളെന്ന

നയവും കൂടിയാകുമ്പോൾ കടത്തിന്റെ പരിപാലനം പ്രയാസകരമാവില്ല. കോവിഡ് മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി കേന്ദ്രസർക്കാർ സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധി 15-ാം ധനകാര്യ കമ്മീഷന്റെ ആദ്യ വർഷങ്ങളിൽ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ചുനൽകിയിട്ടുള്ള കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നത്. സിൽവർ ലൈൻ പദ്ധതി നടപ്പിലാക്കുന്നതിനായി ചുമതലപ്പെടുത്തിയ SPV(Special Purpose Vehicle)-യായ K-RAIL വിദേശ വായ്പാ ഏജൻസികൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് സംസ്ഥാന സർക്കാരിന്റെ ഗ്യാരന്റിയോടെ നേരിട്ട് വായ്പ സമാഹരിക്കുന്നപക്ഷം, അത്തരം വായ്പയിന്മേൽ സംസ്ഥാന സർക്കാരിന് നേരിട്ട് ബാധ്യത വരുന്നില്ല. അതോടൊപ്പം ഇതുണ്ടാക്കുന്ന സാമ്പത്തിക വളർച്ച നമ്മുടെ സംസ്ഥാനത്ത് വലിയ പുരോഗതിയുണ്ടാക്കുന്നതിന്റെ ഭാഗമായുള്ള മെച്ചങ്ങളും വരും.

(സി) വിശദമായ പദ്ധതി റിപ്പോർട്ടനുസരിച്ച് സിൽവർ ലൈൻ പദ്ധതിക്കായി വേണ്ടിവരുന്ന 63,941 കോടി രൂപയിൽ 33,700 കോടി രൂപ വിവിധ ഉഭയകക്ഷി ബഹുമുഖ ധനകാര്യ സ്ഥാപനങ്ങളായ ADB, KFW,

AIIB, JICA (സോഫ്റ്റ് ലോൺ - പലിശ (0.2 - 1.5 % വരെ)) എന്നിവയിൽനിന്നും സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്. സിൽവർലൈൻ ജൈക്കയുടെ ഒ.ഡി.എ റോളിംഗ് പ്ലാനിലുൾപ്പെട്ട പദ്ധതിയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ എ.ഡി.ബി, ജൈക്ക, എ.ഐ.ഐ.ബി, കെ.എഫ്.ഡബ്ല്യു എന്നിവയെ കേന്ദ്ര ധനകാര്യ മന്ത്രാലയംവഴി സമീപിക്കുകയും വിശദ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തുകഴിഞ്ഞു. വായ്പയുമായി ഇതുമായി ബന്ധപ്പെട്ട് റെയിൽവേ ബോർഡ്, ധനകാര്യം(എക്സ്പെന്റിച്ചർ) വിഭാഗം, നീതി ആയോഗ് എന്നീ കേന്ദ്ര സർക്കാർ വകുപ്പുകൾ ഇതിനോടകംതന്നെ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന് പദ്ധതി ശിപാർശ ചെയ്തിട്ടുണ്ട്.

(ഡി) സിൽവർലൈൻ പദ്ധതിയുടെ വിശദ പഠന റിപ്പോർട്ട് (ഡി.പി.ആർ) കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന് സമർപ്പിച്ചിരിക്കുകയാണ്. ടി റിപ്പോർട്ട് പ്രസ്തുത വകുപ്പിന്റെ പരിശോധനാ ഘട്ടത്തിലാണ്. സാമ്പത്തികകാര്യ മന്ത്രാലയം റിപ്പോർട്ട് അംഗീകരിച്ച് വിദേശ ധനകാര്യ സ്ഥാപനങ്ങൾക്ക് ശിപാർശ ചെയ്യേണ്ടതുണ്ട്. ഇതിനുശേഷം മാത്രമാണ് ഔദ്യോഗിക ചർച്ചകളുമായി മുന്നോട്ടുപോകുക. വായ്പ വ്യവസ്ഥകൾ ഉൾപ്പെടെയുള്ള മറ്റു കാര്യങ്ങളെല്ലാം ആ ഘട്ടത്തിലാണ് തീരുമാനിക്കുന്നത്.

(ഇ) സിൽവർ ലൈൻ ജൈക്കയുടെ ഒ.ഡി.എ റോളിംഗ് പ്ലാനിൽ

ഉൾപ്പെട്ട പദ്ധതിയാണ്. പ്രസ്തുത സ്ഥാപനവുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. എന്നാൽ സിൽവർലൈൻ പദ്ധതിയുടെ വിശദ പഠന റിപ്പോർട്ട് (ഡി.പി.ആർ) കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന് സമർപ്പിച്ചിരിക്കുകയാണ്. ടി റിപ്പോർട്ട് പ്രസ്തുത വകുപ്പിന്റെ പരിശോധനാ ഘട്ടത്തിലാണ്. സാമ്പത്തികകാര്യ മന്ത്രാലയം റിപ്പോർട്ട് അംഗീകരിച്ച് വിദേശ ധനകാര്യ സ്ഥാപനങ്ങൾക്ക് ശിപാർശ ചെയ്യേണ്ടതുണ്ട്. ഇതിനുശേഷം മാത്രമാണ് ഔദ്യോഗിക ചർച്ചകളുമായി മുന്നോട്ടുപോകുക. വായ്പ വ്യവസ്ഥകൾ ഉൾപ്പെടെയുള്ള മറ്റു കാര്യങ്ങളെല്ലാം ആ ഘട്ടത്തിലാണ് തീരുമാനിക്കുന്നത്.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, നമ്മുടെ സംസ്ഥാനത്ത് തുടരെയുണ്ടാകുന്ന പ്രളയങ്ങളും രണ്ട് വർഷമായി അനുഭവിക്കുന്ന കോവിഡ് മഹാമാരിയും സാമ്പത്തിക അച്ചടക്കമില്ലായ്മയും കാരണം കേരളത്തിന്റെ സമ്പദ്ഘടനയാകെ തകർന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ വലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് സമ്മതിച്ചുകഴിഞ്ഞു. സംസ്ഥാനത്തിന്റെ പൊതുകടം അടുത്ത മൂന്ന് വർഷത്തിനുള്ളിൽ നാല് ലക്ഷം കോടി രൂപയാകും. സംസ്ഥാനത്തെ ഓരോ വ്യക്തിയും ഇന്ന് ഒരു ലക്ഷം രൂപ കടത്തിലാണ്. കൂടാതെ കിഫ്ബിവഴി ലഭ്യമാക്കിയ വായ്പയുടെ തിരിച്ചടവും സംസ്ഥാന സർക്കാരിന്റെ ബാധ്യതയാണ്. ഈ

സാഹചര്യത്തിൽ 53,000 കോടി രൂപയുടെ അധിക ബാധ്യത സംസ്ഥാന സർക്കാരിന് താങ്ങാവുന്നതിനും അപ്പുറമാണ്. എന്റെ ചോദ്യം, സിൽവർ ലൈൻ പദ്ധതിയുടെ മൊത്തം ചെലവ് സംബന്ധിച്ച് നീതി ആയോഗിന്റെ അഭിപ്രായം വന്നിട്ടുണ്ട്. സർക്കാരിന്റെ എസ്റ്റിമേറ്റ് പ്രകാരം നിലവിലെ സിൽവർലൈൻ പദ്ധതിയുടെ കോസ്റ്റ്/കിലോമീറ്റർ 120.77 കോടി രൂപ മാത്രമാണ്. എന്നാൽ നീതി ആയോഗിന്റെ പഠനപ്രകാരം സമാനമായ പദ്ധതികളുടെ കോസ്റ്റ്/കിലോമീറ്റർ ചുരുങ്ങിയത് 270 കോടി രൂപ വരും. ഡൽഹി മീററ്റ് പദ്ധതിയുടെ കോസ്റ്റ്/കിലോമീറ്റർ 370 കോടി രൂപയായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ ആകെ ചെലവ് ചുരുങ്ങിയത് 1.33 ലക്ഷം കോടി രൂപയായിരിക്കുമെന്ന നീതി ആയോഗിന്റെ കണ്ടെത്തൽ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, വായ്പയുമായി ബന്ധപ്പെട്ട് റെയിൽവേ ബോർഡ്, ധനകാര്യം(എക്സ്പെന്റിച്ചർ) വിഭാഗം, നീതി ആയോഗ് എന്നീ കേന്ദ്ര സർക്കാർ വകുപ്പുകൾ ഇതിനോടകംതന്നെ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന് പദ്ധതി ശിപാർശ ചെയ്തിട്ടുണ്ടെന്ന് ഉത്തരത്തിൽ വിശദമാക്കിയിട്ടുണ്ട്. നീതി ആയോഗും ധനകാര്യ (എക്സ്പെന്റിച്ചർ) വിഭാഗവും റെയിൽവേയും വേണ്ട പരിശോധന

നടത്തിയശേഷമാണ് ഇൻവെസ്റ്റ്മെന്റുമായി ബന്ധപ്പെട്ട ഏജൻസിക്ക് നൽകിയിട്ടുള്ളത്. അതാണ് ഇപ്പോൾ സർക്കാരിന്റെ മുന്നിലുള്ളത്. നമ്മൾ കൊടുത്ത ഡി.പി.ആർ-ന്റെ പരിശോധന നടത്തി അതനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് ലോണെടുക്കുന്നതിനും ബാക്കി കാര്യങ്ങൾക്കുമായി നൽകിയിട്ടുണ്ട്. അതാണ് ഇപ്പോൾ സർക്കാരിന്റെ ശ്രദ്ധയിലുള്ളത്. ഇതുമായി ബന്ധപ്പെട്ട് വാർത്തകളും ഗോസിപ്പുകളും വരുന്നുണ്ട്. അതല്ല ആധികാരികമായി എടുക്കേണ്ടത്.

ശ്രീ. സി. ആർ. മഹേഷ്: സർ, നേരത്തെ മസാല ബോണ്ട് സ്വീകരിക്കാൻ തീരുമാനിച്ചപ്പോൾ വിദേശ വായ്പകളുടെ തിരിച്ചടവ് വിദേശ കറൻസിയിലായതിനാൽ അവയുടെ തിരിച്ചടവ് സംസ്ഥാനത്തിന് വൻ ബാദ്ധ്യതയാകും ഉണ്ടാക്കുകയെന്നാണ് സർക്കാർ പറഞ്ഞുകൊണ്ടിരുന്നത്. ജൈക്കയിൽനിന്നും സ്വീകരിക്കുന്ന വായ്പയുടെ തിരിച്ചടവ് ഏത് കറൻസിയിലായിരിക്കുമെന്നും ലഭിക്കുന്ന വായ്പയുടെ പലിശ എത്രയായിരിക്കുമെന്നും എത്ര രൂപ തിരിച്ചടവ് വേണ്ടിവരുമെന്നും വിശദീകരിക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇതുസംബന്ധിച്ച് വളരെ വിശദമായി ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്. സഭാംഗങ്ങളുടെ മുന്നിലുള്ള

കമ്പ്യൂട്ടറിൽനിന്നും വായിക്കാവുന്നതേയുള്ളൂ. ആ ഘട്ടത്തിലേയ്ക്ക് നമ്മൾ എത്തിയിട്ടില്ല. 2018-ൽതന്നെ കേന്ദ്രഗവൺമെന്റ് അവരുടെ ഒ.ഡി.എ. റോളിംഗ് പദ്ധതിയിലുൾപ്പെടുത്തിയതാണ്. അതനുസരിച്ച് 2018-ൽതന്നെ ആ പ്രോസസ് തുടങ്ങിയിട്ടുണ്ട്. ആ പ്രോസസിന്റെ ഭാഗമായി പല കാര്യങ്ങളും നടക്കുകയാണ്. കേന്ദ്രഗവൺമെന്റ് ഫൈനലാക്കി കൊടുത്തതിനുശേഷമാണ് ഇതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്യുന്നത്. അതിനുശേഷം മാത്രമേ അക്കാര്യം അറിയാൻ സാധിക്കൂ.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, മുംബൈ അഹമ്മദാബാദ് ബുള്ളറ്റ് ട്രെയിൻ ആദ്യം ബ്രോഡ്ഗേജിലാണ് വിഭാവനം ചെയ്തത്. ജപ്പാനിൽനിന്നും വായ്പ ലഭിക്കാനുള്ള മാനദണ്ഡങ്ങൾ കാരണമാണ് പിന്നീട് സ്റ്റാൻഡേർഡ് ഗേജിലേയ്ക്ക് അത് മാറ്റപ്പെട്ടത്. ഇന്ത്യയിലെ 68,000 കിലോമീറ്റർ റെയിൽവേ ശൃംഖലയിൽ 96 ശതമാനവും ബ്രോഡ്ഗേജാണ്. മൂന്ന് ശതമാനം മാത്രമാണ് മീറ്റർഗേജ്. ഒരു ശതമാനത്തിൽ താഴെയാണ് സ്റ്റാൻഡേർഡ് ഗേജ്. സ്റ്റാൻഡേർഡ് ഗേജ് ഒറ്റപ്പെട്ട ടൗണുകളിലാണ്. റെയിലുകളുടെ വീതി കൂടുന്തോറും അതിന്റെ സ്റ്റെബിലിറ്റി കൂടുമെന്നതാണ് അടിസ്ഥാന തത്വം. സ്പെയിൻ, ഫിൻലന്റ്, സ്വീഡൻ, പോർച്ചുഗൽ തുടങ്ങിയ രാഷ്ട്രങ്ങളെല്ലാം ബ്രോഡ്ഗേജുമായി ബന്ധപ്പെട്ട് ഇതേ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

സോവിയറ്റ് യൂണിയൻ സെമി ഹൈസ്പീഡ് ബുള്ളറ്റ് ട്രെയിൻ ബ്രോഡ്ഗേജിലാണ് ഓടുന്നത്. റഷ്യയിലെ ഏറ്റവും പ്രധാനപ്പെട്ട ട്രെയിൻ മോസ്കോയിൽനിന്നും സെന്റ് പീറ്റേഴ്സ്ബർഗിലേയ്ക്കുള്ള പുതിയ ബുള്ളറ്റ് പാത നിർമ്മിക്കുന്നതും ഇതേ സമീപനത്തിലാണ്. എന്റെ ചോദ്യം, സിൽവർ ലൈൻ സ്റ്റാൻഡേർഡ് ഗേജിൽ നിർമ്മിക്കാൻ തീരുമാനിച്ചതിനുപിന്നിൽ സാങ്കേതിക മികവോ ജനങ്ങളുടെ താൽപ്പര്യങ്ങളോ റെയിൽവേ സംവിധാനത്തിന്റെ കാഴ്ചപ്പാടോ അല്ല, മറിച്ച് ഇതിന്റെ ഉപകരണങ്ങൾ തരുന്നതായ, സാമ്പത്തിക സൗകര്യങ്ങൾ തരുന്നതായ, ജൈക്ക ഉൾപ്പെടെയുള്ള സാമ്പത്തിക ദാതാക്കളുടെ താൽപ്പര്യമാണ്, ഇന്ത്യൻ ജനതയുടെയും കേരള ജനതയുടെയും താൽപ്പര്യമല്ല. സാമ്പത്തിക സഹായം തരുന്നവരുടെ താൽപ്പര്യത്തിലല്ലേ സ്റ്റാൻഡേർഡ് ഗേജിന്റെ സമീപനം സ്വീകരിച്ചിരിക്കുന്നത്. സാമ്പത്തിക സമീപനത്തിൽ അടിസ്ഥാനപരമായി വ്യവസ്ഥകൾ കൂട്ടിച്ചേർത്തിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ വിഷയവുമായി നേരിട്ട് ബന്ധമുള്ള ചോദ്യമല്ല ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. ഇത്തരം തെറ്റിദ്ധാരണാജനകമായ സ്റ്റേറ്റ്മെന്റ് സഭയ്ക്കകത്ത് പറയുന്നത് ശരിയല്ല. നമ്മളിപ്പോൾ പദ്ധതിയുടെ വിശദമായ കാര്യത്തിലേയ്ക്ക് പോകുന്നതേയുള്ളൂ.

സ്റ്റാന്റേർഡ് ഗേജിനെ സംബന്ധിച്ച് വളരെയേറെ ചർച്ചകൾ നടന്നിട്ടുണ്ട്. വിശദമായ രേഖകളുണ്ട്. എം.എൽ.എ. മാർക്കുൾപ്പെടെ അത് ലഭിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് വിശദമായി ചർച്ച നടത്താം. സ്റ്റാൻഡേർഡ് ഗേജ് ലോകത്താകെ നല്ലൊരുതലത്തിൽ അംഗീകരിക്കുകയുണ്ടായി. ഡൽഹിയിൽ മെട്രോ പദ്ധതി വരുമ്പോൾ ബ്രോഡ്ഗേജും സ്റ്റാൻഡേർഡ് ഗേജും സംബന്ധിച്ച് വലിയൊരു ചർച്ച നടന്നിരുന്നു. മെട്രോമാൻ എന്നറിയപ്പെടുന്ന ശ്രീ. ഇ. ശ്രീധരനുൾപ്പെടെ എന്തുകൊണ്ടാണ് സ്റ്റാൻഡേർഡ് ഗേജ് ഉപയോഗിക്കുന്നതെന്ന് പറഞ്ഞിട്ടുണ്ട്. സ്റ്റാൻഡേർഡ് ഗേജിന്റെ പശ്ചാത്തലം അതാണ്. ലോകത്ത് ഇത്തരം വേഗതയേറിയ ട്രെയിൻ സർവ്വീസുകൾ കൂടുതലും പോകുന്നത് സ്റ്റാൻഡേർഡ് ഗേജിലാണ്. ആ തലത്തിലേയ്ക്ക് ബ്രോഡ്ഗേജ് അപൂർവ്വമായി മാത്രമേ വന്നിട്ടുള്ളൂ. യൂറോപ്പിലായാലും മറ്റ് രാജ്യങ്ങളിലായാലും ഏറ്റവും കൂടുതൽ സ്റ്റാൻഡേർഡ് ഗേജ് തന്നെയാണ് ഉപയോഗിക്കുന്നത്. ജനിക്കാനിരിക്കുന്ന കുഞ്ഞിന് മുൻകൂട്ടി ജാതകമെഴുതി അതിനെ ഇപ്പോൾതന്നെ ഇല്ലാതാക്കാനുള്ള ശ്രമത്തിൽനിന്നും ബഹുമാനപ്പെട്ട അംഗങ്ങൾ പിന്നോട്ടുപോകണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, 1000 കോടി രൂപയിലധികം ചെലവുവരുന്ന പദ്ധതിക്ക് കേന്ദ്ര ധനകാര്യ വകുപ്പിന്റെയും ക്യാബിനറ്റ് കമ്മിറ്റിയുടെയും അംഗീകാരം വേണമെന്നാണ്. ഇതിനായി അപേക്ഷിച്ചിട്ടുണ്ടോ; അംഗീകാരം ലഭിച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഉത്തരത്തിൽ ഇതിന്റെ നടപടിക്രമം മുഴുവൻ വിശദീകരിച്ചിട്ടുണ്ട്. നിയമമനുസരിച്ച് കേന്ദ്രഗവൺമെന്റ് പ്രാഥമികമായി ഒ.ഡി.എ. റോളിംഗ് പദ്ധതിയിൽപ്പെടുത്തി ഡിപ്പാർട്ടുമെന്റ് ഓഫ് ഇക്കണോമിക് അഫയേഴ്സുവഴിയാണ് ഇക്കാര്യങ്ങൾ ചെയ്യുന്നത്.

2018-ൽ ഇൻഡ്യൻ റെയിൽവേയും സംസ്ഥാന ഗവൺമെന്റും ഒരു കോർപ്പറേഷനുണ്ടാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു ജോയിന്റ് വെഞ്ച്വർ കമ്പനി വന്നു. അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ധനകാര്യ വകുപ്പിനും ക്യാബിനറ്റിനുമടക്കം പരിശോധിക്കാനുള്ള ഡീറ്റെയിൽസ് കൊടുത്തിട്ടുണ്ട്. അതിന്റെ പ്രാഥമിക പരിശോധനയുടെ കാര്യമാണ് ഞാൻ നേരത്തെ പറഞ്ഞത്. ധനകാര്യ (എക്സ്പെന്റിച്ചർ) വിഭാഗവും നീതി ആയോഗും റെയിൽവേയും ചേർന്ന് ഇതുസംബന്ധിച്ച് പഠനം നടത്തി ഇക്കണോമിക്സ് അഫയേഴ്സ് കൈകാര്യം ചെയ്യുന്ന ഏജൻസിക്ക് കൊടുത്തിട്ടുണ്ട്. അതിനായി വെയ്റ്റ് ചെയ്തിരിക്കുകയാണ്. ആ

procedure-ലാണ് ഇപ്പോൾ നിൽക്കുന്നത്. കേന്ദ്രഗവൺമെന്റ് അംഗീകരിക്കാതെയും അവരുടെ ഫീസിബിലിറ്റി ഇല്ലാതെയും ഇത്തരം കാര്യങ്ങളുമായി മുന്നോട്ടുപോകാൻ സാധിക്കില്ല. അതിന്റെ പ്രക്രിയ നടക്കുകയാണ്. അത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കണം, ഇത് വൈകിപ്പിക്കരുതെന്നാണ് കേരളം ഇപ്പോൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്.

ശ്രീ. റോജി എം. ജോൺ: സർ, സംസ്ഥാനത്തിന്റെ പൊതുകടം ഇപ്പോൾ ഏകദേശം 3.3 ലക്ഷം കോടി രൂപയിലേയ്ക്ക് എത്തിനിൽക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് കഴിഞ്ഞ ആറ് വർഷത്തിനിടയിൽ ഏകദേശം ഒന്നര ലക്ഷം കോടി രൂപ മുതൽ രണ്ട് ലക്ഷം കോടി രൂപയോളമാണ് അധികമായി വന്നിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എപ്പോഴും സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചാണ് പറയുന്നത്. ഏത് കാര്യങ്ങൾക്ക് പണം ആവശ്യപ്പെട്ടാലും അപ്പോഴെല്ലാം സംസ്ഥാനത്ത് വലിയ സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നതായിട്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആവർത്തിച്ച് പറയുന്നത്. ഹോർട്ടികോർപ്പ് കർഷകർക്ക് പച്ചക്കറി സംഭരിച്ചതിൽ കുടിശ്ശിക കൊടുത്തുതീർക്കാനുണ്ട്. വിള

ഇൻഷ്വറൻസ് കൊടുക്കാനുണ്ട്. വിദ്യാർത്ഥികളുടെ പോഷകാഹാരത്തിന്റെ കാര്യം വരുമ്പോൾ അതിന് സാമ്പത്തിക പ്രതിസന്ധി പറയുന്നുണ്ട്. വന്യമൃഗശല്യത്തിലൂടെ ആളുകൾക്ക് കൃഷിനാശം സംഭവിച്ചതിന് പണം കൊടുക്കാൻ പറഞ്ഞാൽ കൊടുക്കാനായി പണമില്ല. എന്തിനധികം പറയുന്നു, സാമ്പത്തിക പ്രതിസന്ധി കാരണം വർഷങ്ങളായുണ്ടായിരുന്ന എം.എൽ.എ. ഫണ്ടുപോലും എടുത്തുകളഞ്ഞു. അങ്ങനെ നൽകാതിരുന്ന കഴിഞ്ഞവർഷത്തെ ആ ഫണ്ടുപയോഗിച്ച് ഒരു വർക്കുപോലും സംസ്ഥാനത്ത് ഇതുവരെ ചെയ്തതായി അറിവുമില്ല. ഇത്രയധികം സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നൊരു സംസ്ഥാനത്ത്, കെ-റെയിലിന്റെ സ്ഥലമെടുപ്പിനുള്ള ജീവനക്കാർക്ക് ശമ്പളം മുടങ്ങിയതുകൊണ്ട് പ്രതിഷേധിച്ചതായി കാസർഗോഡ് ജില്ലയിൽ നിന്നൊരു വാർത്ത കഴിഞ്ഞദിവസം കാണാനിടയായി.

മി. സ്പീക്കർ: ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. റോജി എം. ജോൺ: സർ, ചോദ്യത്തിലേയ്ക്കാണ് വരുന്നത്. ഇത്ര ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം ഇത്രയധികം വർദ്ധിച്ചുനിൽക്കുന്ന സാഹചര്യത്തിൽ, കെ-റെയിലിനുവേണ്ടി ഇത്രയും വലിയൊരു ബാധ്യത

സംസ്ഥാനത്തിന് അധികമായി വന്നുചേരുമ്പോൾ അത് സംസ്ഥാനത്തിന്റെ വായ്പ തിരിച്ചടവിലേയ്ക്കും പലിശയിലേയ്ക്കും സംസ്ഥാനത്തിന്റെ സാമ്പത്തിക വരുമാനം പൂർണ്ണമായും നീക്കിവയ്ക്കേണ്ട സാഹചര്യമുണ്ടാകുമ്പോൾ സംസ്ഥാനത്തിന്റെ മറ്റ് വികസന പ്രവർത്തനങ്ങളിലും ക്ഷേമപ്രവർത്തനങ്ങളിലും സാധാരണ ജനങ്ങളെ ബാധിക്കുന്ന വിഷയങ്ങളിലുമൊക്കെ സർക്കാരിന് വലിയൊരു പ്രതിസന്ധി ഉണ്ടാക്കില്ലേയെന്നതാണ് എന്റെ ചോദ്യം?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, തീർച്ചയായും പ്രതിസന്ധിയുണ്ടാക്കില്ല. കേരളത്തിൽ സാമ്പത്തിക ബുദ്ധിമുട്ടിന്റെ പേരിൽ ഒരു പ്രവർത്തനവും മാറ്റിവച്ചിട്ടില്ല എന്നുപറയാൻ ആഗ്രഹിക്കുകയാണ്. അതേ സമയം ഞങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്ന പ്രതിസന്ധി എന്താണ്? കേന്ദ്ര ഗവൺമെന്റ് തരേണ്ട പണം കുറച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ കേന്ദ്ര പദ്ധതികളിൽ കേരളത്തോടുള്ള സമീപനത്തെപ്പറ്റി പറഞ്ഞു. നമുക്ക് നൽകേണ്ട പണം, ഞാൻ സ്റ്റേറ്റുകൾ പറയുന്നില്ല, എങ്കിലും ജനസംഖ്യാടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ 17 ശതമാനത്തിലധികമുള്ള യു.പി.-ക്ക് 18 ശതമാനം ഡിവിസിബിൾ പൂളിൽനിന്നും കിട്ടുന്നുണ്ട്. കേരളത്തിന് 3.8 ശതമാനം

കിട്ടിക്കൊണ്ടിരുന്നത്, 3 ശതമാനത്തിലധികം കിട്ടേണ്ടത് ഇപ്പോൾ 1.9 ശതമാനമേ കിട്ടുന്നുള്ളൂ. യു.ഡി.എഫ്. ആയിക്കോട്ടെ എൽ.ഡി.എഫ്. ആയിക്കോട്ടെ, പാർട്ടിയുള്ളവരോ ഇല്ലാത്തവരോ ആയിക്കോട്ടെ, കേരളീയന് കിട്ടേണ്ട പണം, കേരളത്തിന് അർഹമായ പണം കിട്ടുന്നില്ലെന്ന് പറയണ്ടേ? ഇതുപോലെ സെൻട്രലി സ്പോൺസേഡ് സ്കീമുകളും കുറയുന്നു. കേരളത്തിന് കിട്ടേണ്ട അർഹമായ പ്രാതിനിധ്യം കിട്ടണം. വികസനം വന്നു എന്നതുകൊണ്ട് അധികം പണം കേരളത്തിന് തരേണ്ട എന്ന സമീപനം സ്വീകരിക്കുന്നതിനെപ്പറ്റിയാണ് പറയുന്നത്. അടുത്തവർഷങ്ങളിൽ വരുന്ന പ്രശ്നം കേന്ദ്രം തരുന്ന പണം വീണ്ടും വെട്ടിക്കുറയ്ക്കുന്നതിനെപ്പറ്റിയാണ്. അങ്ങയുടെ മണ്ഡലമായ അങ്കമാലിയിൽ കഴിഞ്ഞ ദിവസം 200 കോടി രൂപയല്ലേ വികസനത്തിനായി കിഫ്ബിവഴി അനുവദിച്ചത്. (......ബഹളം.....) എം.എൽ.എ. ഫണ്ടിന്റെ കാര്യം നമുക്ക് പിന്നെപ്പറയാം. ഞാൻ പറഞ്ഞത് പണമെന്ന നിലയിൽ ഏതെങ്കിലും തരത്തിൽ ഇത്രയേറെ കാര്യങ്ങൾ ചെയ്തൊരു സർക്കാരുണ്ടോ? കഴിഞ്ഞ അഞ്ച് വർഷക്കാലമായാലും ഇപ്പോഴായാലും. (......ബഹളം.....) പണത്തിന്റെ പേരിൽ ഒരുകാര്യത്തിലും തടസ്സമുണ്ടായിട്ടില്ല. ഹോർട്ടികോർപ്പിന് പണം കൊടുത്തില്ലെന്നുപറഞ്ഞ് പത്രങ്ങളിൽ ചില വാർത്തകൾ വന്നു.

ഹോർട്ടികോർപ്പിന് ബഡ്ജറ്റിൽ വച്ചതിനേക്കാളും അധികം പണം കൊടുക്കാൻ തീരുമാനിച്ചതിനുശേഷമാണ് പത്രത്തിൽ വന്നത്. കാരണം സാധാരണഗതിയിൽ കൊടുക്കുന്നതിനേക്കാളും കൂടുതൽ തുക ഈ പ്രതിസന്ധി ഘട്ടത്തിൽ നമ്മളെല്ലാ മേഖലയിലും കൊടുത്തിട്ടുണ്ട്. സർക്കാർ അത്തരത്തിൽ മുന്നോട്ടുപോകുമ്പോൾ അടുത്ത വർഷങ്ങളിലുണ്ടാകുന്ന ചില പ്രശ്നങ്ങളെക്കുറിച്ച് ചൂണ്ടിക്കാണിച്ചില്ലെങ്കിൽ അപകടമാണ്. കടം കയറി കേരളത്തിലെ ജനങ്ങളും കേരളവും നശിച്ചുപോകില്ലെന്ന് ആത്മാർത്ഥമായിട്ട് ഞാൻ പറയുകയാണ്. ബഹുമാനപ്പെട്ട യൂണിയൻ ഫിനാൻസ് മിനിസ്റ്റർ അതരിപ്പിച്ച ബഡ്ജറ്റ് നോക്കണം. എത്രയാണ് ആകെ അവരുടെ ഇപ്പോഴത്തെ കടം? ആകെ ബഡ്ജറ്റിന്റെ ആകെ എക്സ്പെൻഡിച്ചർ 40-45 ശതമാനം അല്ലെങ്കിൽ സംസ്ഥാനത്തിന്റെയാണ്. ഫിസ്കൽ ഡെഫിസിറ്റ് 3 ശതമാനത്തിൽ നിർത്തണം എന്നുപറയുന്നവർക്ക് ഈ വർഷം അത് 6.4 ആണ്. അവർ പലിശ കൊടുക്കുന്നതിന്റെയും കടത്തിന്റെയും ആകെ തുക ആ ബഡ്ജറ്റിൽ നോക്കണം. 39 ലക്ഷം കോടിയിലധികം രൂപ ബഡ്ജറ്റിൽ ചെലവാക്കുന്നതിൽ 18 ലക്ഷം കോടി രൂപയോളം ആകെ കടത്തിന്റെ ബാധ്യത കിടക്കുകയാണ് കേന്ദ്ര ഗവൺമെന്റിന്. അങ്ങനെയൊരു അവസ്ഥയിലേയ്ക്ക് കേരളം പോയിട്ടില്ല. കടമെടുക്കുന്ന എന്നുള്ളതുകൊണ്ട്

കേരളത്തിലെ വികസനവും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിക്കുകയല്ലാതെ കേരളത്തിലെ കാര്യങ്ങൾക്കൊന്നും തടസ്സമുണ്ടാകുന്നില്ല. ഇതുകേട്ടാൽ തോന്നും വീട്ടിൽ നിന്നിറങ്ങുമ്പോൾ കടം എടുത്തിട്ടുണ്ടെന്നു പറഞ്ഞ് ഓരോരുത്തർ പിടിച്ചുനിർത്തുകയാണെന്ന്. അങ്ങനെയല്ലല്ലോ ഈ കടത്തിനെ കാണുന്നത്. കേരളത്തിൽ ഈ ഡെവലപ്മെന്റ് ഉണ്ടായതിന്റെ ഭാഗമായി വലിയ നേട്ടം നമ്മൾ ഒരുമിച്ചുണ്ടാക്കിയിട്ടുണ്ട്. കൂടുതൽ ചെയ്യണം അത്തരത്തിലാണ് അതിനെ കാണുന്നത്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, യു.ഡി.എഫ്.-ന്റെ കാലത്ത് ഹൈ സ്പീഡ് റെയിൽവേ കോറിഡോർ എന്നുപറഞ്ഞ് ഒന്നരലക്ഷം കോടി രൂപ ചെലവിൽ കാസർഗോഡ് ജില്ലയിൽനിന്നും തിരുവനന്തപുരത്തേയ്ക്ക് ഒരു പദ്ധതി ആവിഷ്കരിച്ചു. അന്ന് ആ പദ്ധതിയുടെ സാധ്യതാപഠനം നടത്തി. പിന്നീട് ആ പദ്ധതി ഉപേക്ഷിച്ചു. ഈ പദ്ധതിക്ക് എങ്ങനെയാണ് അന്ന് യു.ഡി.എഫ്. ഗവൺമെന്റ് പണം കണ്ടെത്താൻ തീരുമാനിച്ചിരുന്നത്. ഇതുപോലെ കടം വാങ്ങിയിട്ടല്ലേ? ഇപ്പോൾ സിൽവർലൈൻ എതിർക്കുമ്പോൾ വല്ലാണ്ട് കടം വാങ്ങി കേരളത്തെ കടക്കെണിയിൽ ആക്കുന്നു എന്നുപറയുന്ന യു.ഡി.എഫ്. ഈ ഹൈസ്പീഡ് കോറിഡോർ പദ്ധതി എങ്ങനെയാണ് അന്ന് ആവിഷ്കരിച്ചത്. മാത്രമല്ല, അതിന്റെ

സാധ്യതാപഠനം നടത്താനായി കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടുണ്ട്. അത് സംബന്ധിച്ച് ഈ സഭയിൽ വ്യക്തമായൊരു കണക്കവതരിപ്പിക്കാൻ അങ്ങേയ്ക്ക് കഴിയുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അന്ന് പദ്ധതി തയ്യാറാക്കിയപ്പോൾ ഇതിന്റെ ഇരട്ടി ചെലവോളം വരുമായിരുന്നു. കഴിഞ്ഞ ദിവസത്തെ കണക്കുകളിൽ വന്നതാണ്. ഇത്തരം കാര്യങ്ങളിൽ യു.ഡി.എഫ്., എൽ.ഡി.എഫ്. എന്ന നിലയിലല്ല പറയുന്നത്. യു.ഡി.എഫ്. അങ്ങനൊന്ന് ശ്രമിച്ചു അവർക്കത് നടത്താൻ കഴിഞ്ഞില്ല. അതുകൊണ്ട് ഇപ്പോൾ എൽ.ഡി.എഫ്. നടത്തേണ്ട എന്നുപറയുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ വരുന്നത് ശരിയല്ല. എൽ.ഡി.എഫ്. അതിനേക്കാളും ഫ്ലക്സിബിളായ ഒരു പദ്ധതി വച്ചാണ് നടപ്പിലാക്കുന്നത്. അതുകൊണ്ട് ഞാൻ മുൻ ഗവൺമെന്റിന്റെ ആ കാര്യങ്ങളെക്കുറിച്ച് പറയുന്നില്ല. അന്നവർ നടത്താൻ ശ്രമിച്ചു. നടത്താൻ കഴിഞ്ഞില്ല. ഇപ്പോൾ കുറച്ചുകൂടി പ്രായോഗികമായ പദ്ധതിവച്ച് കൃത്യമായി നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. ജനങ്ങൾക്ക് കൊടുത്ത വാക്ക് നടപ്പിലാക്കുന്ന ഗവൺമെന്റാണിത്. അതിനുവേണ്ടിയുള്ള സമീപനം സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, യു.ഡി.എഫ്.

ഗവൺമെന്റ് ഈ പദ്ധതിയെക്കുറിച്ച് പരിശോധിച്ച് ടെക്നോ ഇക്കണോമിക് വയബിലിറ്റി ഇല്ലെന്ന് കണ്ടതിനെത്തുടർന്നും പാരിസ്ഥിതികമായ പ്രശ്നങ്ങൾ ഉയർന്നുവന്നതിനെത്തുടർന്നും ഡ്രോപ്പ് ചെയ്തതാണ്. അപ്രായോഗികവും അശാസ്ത്രീയവുമാണ് എന്ന് മനസ്സിലാക്കി. ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞപ്പോൾ ഈ സർക്കാരിന് സിൽവർ ലൈൻ പദ്ധതികൊണ്ട് ഒരു ബാധ്യതയും വരില്ലെന്ന് പറഞ്ഞു. കടമെടുക്കുന്ന തുകയ്ക്ക് മുഴുവൻ സംസ്ഥാനമാണ് സോവറിൻ ഗ്യാരന്റി കൊടുക്കുന്നത്. എല്ലാ ബാധ്യതയും സർക്കാർ ഏറ്റെടുത്തുകൊണ്ടാണ് സോവറിൻ ഗ്യാരന്റി, ഒരു ഗ്യാരന്റിയും കേന്ദ്ര ഗവൺമെന്റോ റെയിൽവേയോ കൊടുക്കില്ലെന്ന് അവർ വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ ഗ്യാരന്റിയും കൊടുക്കുന്നത് സ്റ്റേറ്റ് ഗവൺമെന്റാണ്. ഇവിടെ അലൈൻമെന്റ് പൂർത്തിയാകാതെ, എസ്റ്റിമേറ്റ് തയ്യാറാക്കാതെ, എത്ര പ്രകൃതിവിഭവങ്ങൾ വേണ്ടിവരുമെന്നറിയാതെ, ഒരു കിലോമീറ്ററിന് എത്ര രൂപയാകുമെന്നുപോലും കണക്കാക്കാതെയാണ് ഈ 64000 കോടി രൂപയെന്ന കണക്ക് കൊടുത്തത്. 2018-ൽതന്നെ നീതി ആയോഗ് പറഞ്ഞിട്ടുണ്ട് ഈ പദ്ധതിക്ക് 1,33,000 കോടി രൂപയാകുമെന്ന്. അങ്ങയുടെ കയ്യിൽ രേഖയില്ലെങ്കിൽ ഞങ്ങൾ നിയമസഭയിൽ ഹാജരാക്കാം. 2018-ൽ 1,33,000 കോടി രൂപ നീതി ആയോഗ് കണക്കാക്കി പറഞ്ഞ

പദ്ധതി ഇന്നത്തെ റിവൈസ്ഡ് എസ്റ്റിമേറ്റനുസരിച്ച് 1,60,000 കോടി രൂപയാകും. ഈ പണി പൂർത്തിയാകുമ്പോൾ അത് അതിനേക്കാൾ അപ്പുറത്തേയ്ക്ക് പോകും. അത്തരമൊരു വലിയ ബാധ്യത ഏറ്റെടുക്കാൻ സംസ്ഥാനത്തിന് പറ്റുമോ എന്നതാണ് ഞങ്ങൾ ചോദിക്കുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവോ ഞാനോ ഒരു വ്യക്തിയോ തീരുമാനിക്കുന്നതനുസരിച്ചല്ല, ഒരു സിസ്റ്റത്തിൽ കൂടിയാണ് ഇക്കാര്യങ്ങൾ നടക്കുന്നത്. നീതി ആയോഗും റെയിൽവേയും ധനകാര്യ എക്സ്പെൻഡിച്ചർ വിഭാഗവും കേന്ദ്രഗവൺമെന്റിന്റെ ഇക്കണോമിക് ഇൻവെസ്റ്റ്മെന്റുമായി ബന്ധപ്പെട്ടുള്ള ഏറ്റവും പ്രാമാണികമായ സമിതികളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇത് മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്നത്. നമ്മൾ പറയുമ്പോൾ വേണമെങ്കിൽ രാഷ്ട്രീയമാണെന്ന് പരസ്പരം പറയാം. ഞാൻ പറഞ്ഞ നാല് ബാങ്കുകൾ, ജൈക്ക, എ.ഡി.ബി., എ.ഐ.ഐ.ബി., ജർമ്മൻ ബാങ്ക് എന്നിവയിൽ ഏതായാലും തിരിച്ചുകിട്ടുമെന്ന് ഉറപ്പുണ്ടെങ്കിൽ മാത്രമേ അവർ പണം മുടക്കുകയുള്ളൂ. പൊളിഞ്ഞു പോകുന്ന ഒരു കാര്യത്തിന് ആരും പണം കടം തരില്ല. പണം നൽകുന്നയാളുകൾ ഇതിന് ഇക്കണോമിക് ഫീസിബിലിറ്റി ഉണ്ടോയെന്ന് നോക്കി മാത്രമേ

നൽകുകയുള്ളൂ. ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഇതൊരു പൊളിറ്റിക്കൽ ഡിസിഷൻ മാത്രമല്ല, ഇക്കണോമിക്ക് ആൻഡ് ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി നോക്കി മാത്രമേ ഈ പണം ബാങ്കുകളിൽനിന്നും ലഭിക്കുകയുള്ളു. ഇത്രയും പണം മുടക്കുന്നതിനെപ്പറ്റി മറ്റൊന്ന്, തിരുവിതാംകൂറിൽ നൂറു വർഷത്തിന് മുമ്പ് മീറ്റർ ഗേജ് ആരംഭിച്ചപ്പോൾ, a tiny Princely state of Travancore എന്നുപറയുന്ന തിരുവിതാംകൂർ കൊല്ലത്തുനിന്ന് ചെങ്കോട്ട വഴി ചെന്നൈയിലേയ്ക്ക് ഒരു റെയിൽവേ ലൈൻ ആരംഭിക്കാൻ പണം മുടക്കിയപ്പോൾ അന്ന് പണം ഉടനെ കിട്ടുമെന്ന് വിചാരിച്ചാണോ ചെയ്തത്; 10-15 വർഷമെടുക്കുന്ന ഒരു സ്കീമാണിത്. അവിടെ മാത്രമല്ല മലബാറിലും അങ്ങനെയാണ്. മലബാർ മേഖലയിൽ റെയിൽവേ ലൈൻ വന്നപ്പോൾ, ആഴ്ചയിൽ ഒരു ദിവസം ഒരു വണ്ടി പോകുന്ന റെയിൽവേ ലൈൻ അന്ന് വേണ്ടെന്നുവച്ചിരുന്നുവെങ്കിൽ കേരളത്തിൽ റെയിൽവേ വരുമായിരുന്നോ; കേരളത്തിൽ നാഷണൽ ഹൈവേ വരുമായിരുന്നോ; വലിയ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകളെപ്പറ്റിയുള്ള കാഴ്ചപ്പാട് ഇക്കണോമിക് ഡെവലപ്മെന്റിനെ എങ്ങനെ സഹായിക്കുമെന്ന് നോക്കി തന്നെയാണ് നടത്തുന്നത്. ഇതിനകത്ത് എംപ്ലോയ്മെന്റ് വളരെയേറെ വർദ്ധിക്കും. നമ്മുടെ നാട്ടിലെ ചെറുപ്പക്കാർക്ക് ഇവിടെ ജോലി ചെയ്യാൻ സൗകര്യങ്ങൾ വരും.

കാസർഗോഡ് നിന്നോ കണ്ണൂർ നിന്നോ തിരുവനന്തപുരത്തുനിന്നോ തിരിച്ചോ പോകുന്നയാളുകൾക്ക് വളരെ വേഗം തന്നെ എത്താൻ സാധിക്കും. വളരെ വേഗത്തിൽ ലോകം മുന്നോട്ടുപോകുന്ന ഒരു കാലമാണിത്. 2 ജി-യും 3-ജിയും നമ്മുടെ കയ്യിലുണ്ടെങ്കിൽ നമുക്ക് ഇഷ്ടപ്പെടില്ല. 4-ജി വേണം. കമ്മ്യൂണിക്കേഷന്റെ കാര്യത്തിൽ പോലും 5-ജി-യിൽ എത്തിയിരിക്കുകയാണ്. യാത്രയുടെ കാര്യത്തിലും സൗകര്യങ്ങളുടെ കാര്യത്തിലും ഇങ്ങനെയൊരു കാര്യം വരുമ്പോൾ ലോകോത്തരമായിട്ടുള്ള സൗകര്യങ്ങൾ വേണം. അതിന് നമുക്ക് ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി അനുസരിച്ച് തന്നെ ചെയ്യാമെന്നാണ് പ്രതീക്ഷ. ഏറ്റവും നന്നായി ഇക്കാര്യങ്ങൾ വിലയിരുത്തുന്നത് സാമ്പത്തിക ധനകാര്യ സ്ഥാപനങ്ങളാണ്. അവരുംകൂടി നോക്കിയതിന്റെ അടിസ്ഥാനത്തിൽ തന്നെയായിരിക്കും കാര്യങ്ങൾ ചെയ്യുന്നത്. ആ തരത്തിൽ മാത്രമേ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കു. അതുകൊണ്ട് ആ വിശ്വാസം ഞങ്ങൾക്കുണ്ട്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, സിൽവർ ലൈൻ സംബന്ധിച്ച് കഴിഞ്ഞ ദിവസം ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ വളരെ വ്യക്തമായി പറഞ്ഞതാണ്. 626 വളവുകളുള്ള നിലവിലുള്ള പാതയ്ക്ക് സമാന്തരമായി പുതിയ പാത പണിതാൽ അതിലൂടെ വേഗ വണ്ടികൾ

ഓടിക്കാൻ കഴിയില്ലെന്നും വ്യക്തമാക്കി. പാർലമെന്റിൽ കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് മുംബൈ-അഹമ്മദാബാദ് അതിവേഗ പാതയുൾപ്പെടെ രാജ്യത്ത് വിദേശ വായ്പയെടുത്തുകൊണ്ട് 300 വന്ദേ ഭാരത് അർദ്ധ അതിവേഗ തീവണ്ടികൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചു. നിലവിലുള്ള ദീർഘദൂര യാത്രയ്ക്കാവശ്യമുള്ള എല്ലാ ലൈനുകളും സ്റ്റാൻഡേർഡ് ഗേജ് ആക്കുമെന്നും പ്രഖ്യാപിച്ചു. അവിടെ ദേശീയ പാർട്ടിയായ കോൺഗ്രസ്സോ അതിന് നേതൃത്വം കൊടുക്കുന്നവരോ ഒരു പ്രതിഷേധവും ഒരാശങ്കയും രേഖപ്പെടുത്തിയില്ല. കേരളത്തിൽ അർദ്ധ അതിവേഗ തീവണ്ടി അനിവാര്യമാണ്, ആവശ്യമാണ്. അതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ഏതെങ്കിലും ധനകാര്യ സ്ഥാപനം നിലവിൽ വായ്പ അനുവദിക്കാമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ എന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, നേരത്തേ പറഞ്ഞതു തന്നെയാണ്. ഭൂമി എടുക്കുന്നതിന് ഇപ്പോൾ വായ്പയുടെ ഘട്ടത്തിലെത്തിയിട്ടില്ല. അതിന്റെ പ്രാരംഭമായ ചർച്ചകളാണ് നടക്കുന്നത്. ഒ.ഡി.എ. റോളിംഗ് പ്ലാനിന്റെ പ്രൊവിഷൻ അനുസരിച്ചുള്ള അപേക്ഷകൾ കൊടുത്തിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതുകഴിയുമ്പോൾ ഇക്കാര്യത്തിൽ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സംസ്ഥാനത്തെ ജി.ഡി.പി.-യുടെ 5 ശതമാനത്തിലാണ് സംസ്ഥാന ഗവൺമെന്റിന് ഗ്യാരന്റി നിൽക്കാൻ കഴിയുന്നത്. വിശദമായ കാര്യങ്ങൾ എന്റെ പ്രസംഗത്തിൽ പറയാം. പക്ഷേ എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത്, അങ്ങയുടെ ധനകാര്യ വകുപ്പ് ഗ്യാരന്റി നിൽക്കാമെന്ന് കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ; അങ്ങയുടെ അറിവോടുകൂടി ധനകാര്യ വകുപ്പുസെക്രട്ടറി എഴുതിയ ഫയൽ എന്റെ കയ്യിലുണ്ട്. അങ്ങനെയൊരു ഗ്യാരന്റി നിൽക്കാമെന്ന് സംസ്ഥാന ഗവൺമെന്റ് പറഞ്ഞിട്ടില്ല. ധനകാര്യ വകുപ്പ് ഗ്യാരന്റിപോലും നിൽക്കാത്ത സാഹചര്യത്തിൽ വിദേശ വായ്പ ലഭിക്കുന്നതിനല്ല, വിദേശ വായ്പ ലഭിക്കുന്നതിന് സമീപിക്കാൻ വേണ്ടിയുള്ള അനുവാദത്തിനായി ഫലപ്രദമായ നിലയിൽ മുന്നോട്ടുപോകാൻപോലും ഗവൺമെന്റിന് കഴിഞ്ഞില്ല. നാലുവർഷമായി നിങ്ങൾ കൊട്ടിഘോഷിക്കുന്ന ഈ പദ്ധതിക്കുവേണ്ടി, കേന്ദ്രഗവൺമെന്റും റെയിൽവേയുമൊക്കെ പണം തരുമെന്ന് നിങ്ങൾ പറഞ്ഞു. കിട്ടിയില്ല. വിദേശ വായ്പ എടുക്കുമെന്ന് ഇപ്പോൾ നിങ്ങൾ പറയുന്നു. വിദേശ വായ്പയ്ക്കുള്ള ഏജൻസികളെ സമീപിക്കാൻ ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് അഫയേഴ്സിനോട് ശിപാർശ ചെയ്യാൻവേണ്ടി കേരള ഗവൺമെന്റിന്റെ sovereign

ഗ്യാരന്റിക്കുവേണ്ടിയുള്ള ഉത്തരവ് അങ്ങ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ പദ്ധതി സംബന്ധിച്ച് കേരള ഗവൺമെന്റ് ധനകാര്യ കാര്യങ്ങളിൽ ഗ്യാരന്റി നൽകിയിട്ടുണ്ട്. കാരണം, ഗ്യാരന്റി അങ്ങ് പറഞ്ഞ നിയമത്തിന്റെ പരിധിക്കകത്ത് നിന്നുകൊണ്ടുതന്നെ പരിശോധിച്ചിട്ടാണ്. ഗ്യാരന്റി എന്നുപറഞ്ഞാൽ ഒരുറപ്പാണ്. ആ ഗ്യാരന്റിയുടെ ഘട്ടം വരുന്നേയുള്ളൂ. കേരള ഗവൺമെന്റ് ഇക്കാര്യത്തിനകത്ത് ഗ്യാരന്റി നിൽക്കാവുന്നതാണ് എന്ന തരത്തിലുള്ള അഭിപ്രായം പറഞ്ഞിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഒരു ചോദ്യം കൂടി ചോദിച്ചോട്ടെ. ഗ്യാരന്റി നിൽക്കാമെന്നുപറഞ്ഞ് ധനകാര്യ വകുപ്പുസെക്രട്ടറി നൽകിയ ഫയൽ എന്റെ കൈവശമുണ്ട്. ഞാനത് പ്രസംഗത്തിൽ പറയും. ആ ഫയലിൽ അങ്ങ് ഒപ്പിട്ടിട്ടുണ്ടോയെന്ന് പറയാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ ഫയൽ കയ്യിലുണ്ടെന്നൊക്കെ പുറത്ത് പറയാമോയെന്ന് അങ്ങ് ചിന്തിക്കുക. ഏതായാലും ഇക്കാര്യം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് ഒരു നെഗറ്റീവായ നിലപാടെടുത്തു. നേരത്തെ ഗ്യാരന്റി ഉൾപ്പെടെയുള്ള കാര്യം പറഞ്ഞതാണ്.

അതിന്റെ പേരിൽ തടസ്സമുണ്ടാകേണ്ട എന്നാണ് കേരളത്തിന്റെ അഭിപ്രായം. നാലുവർഷമായ കാര്യം അങ്ങ് പറഞ്ഞല്ലോ; ഇനിയെങ്കിലും ഇത് സമയത്ത് നടപ്പിലാക്കാൻ ശ്രമിക്കണം. ഇപ്പോൾത്തന്നെ കോസ്റ്റ് ഇരട്ടിയാകുകയാണ്. ഇത് നടപ്പിലാക്കാൻ സമ്മതിക്കണം. ഇതിന് തടസ്സമുണ്ടാക്കരുത്. ബി.ജെ.പി. ഗവൺമെന്റ് നിങ്ങൾ പറയുന്നതുപോലെതന്നെ ഇത്തരം കാര്യങ്ങളിൽ ചില തടസ്സങ്ങൾ പറഞ്ഞു. അല്ലെങ്കിൽ അഭിപ്രായങ്ങൾ ഒന്നായിരിക്കും. എന്തായാലും ഇതൊന്നും തടസ്സമാകരുതെന്ന സമീപനം കേരളത്തിലെ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, യു.ഡി.എഫ്. സിൽവർ ലൈൻ പദ്ധതിയെ എതിർക്കുന്നതിന്റെ പ്രധാനപ്പെട്ട കാരണം അവർ നടപ്പിലാക്കാൻ തീരുമാനിച്ചത് എൽ.ഡി.എഫ്. നടപ്പിലാക്കുമെന്ന ഉറപ്പുള്ളതുകൊണ്ടാണ്. ദേശീയപാതയും ഗെയിലുമൊക്കെ നടപ്പിലാക്കിയ ഈ സർക്കാരിന് ഇച്ഛാശക്തിയുണ്ട് എന്നുള്ളതുകൊണ്ടുതന്നെ ഇത് നടപ്പിലാക്കാതിരിക്കാനാകില്ല. 18 എം.പി.മാർ കെ-റെയിൽ പദ്ധതിക്ക് അനുമതി നൽകരുതെന്നാവശ്യപ്പെട്ട് പോയതിനുപകരം കോച്ച് ഫാക്ടറിക്കോ എയിംസിനോ പുതിയ പാത ഇരട്ടിപ്പിക്കലിനോവേണ്ടി പോയിരുന്നുവെങ്കിൽ ഈ നാട് നന്നാകുമായിരുന്നു. 'മകൻ മരിച്ചാലും

കുഴപ്പമില്ല, മരുമകളുടെ കണ്ണുനീർ കണ്ടാൽ മതി' എന്ന രാഷ്ട്രീയമാണ് യു.ഡി.എഫ്.-നുള്ളത്. എന്റെ ചോദ്യം, കെ-റെയിൽ പദ്ധതി ധാരാളം യുവതീയുവാക്കൾക്ക് തൊഴിൽ സാധ്യതയും കണക്റ്റിവിറ്റിയുമായി ബന്ധപ്പെട്ട് വലിയ പ്രതീക്ഷയുമാണ് നൽകുന്നത്. എന്നാൽ പാലക്കാട് ജില്ലയിൽ ഇതിന് കണക്റ്റിവിറ്റിയില്ല. സിൽവർ ലൈൻ പദ്ധതി ആരംഭിക്കുമ്പോൾത്തന്നെ അതിന്റെകൂടെ പാലക്കാട് ജില്ലയിലേയ്ക്കുള്ള കണക്റ്റിവിറ്റികൂടി ആരംഭിക്കാൻ തയ്യാറാകുമോയെന്നതാണ് എന്റെ ചോദ്യം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇതൊക്കെ പ്രായോഗികമായി പിന്നീട് പരിശോധിക്കേണ്ടതാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മെട്രോമാൻ ശ്രീ. ഇ. ശ്രീധരന്റെ കാര്യം ചൂണ്ടിക്കാണിച്ചു. ബ്രോഡ്ഗേജുമായി ബന്ധപ്പെട്ട വിഷയത്തിലാണ് പറഞ്ഞത്. പക്ഷേ ഇത് കേരളത്തിൽ അശാസ്ത്രീയമാണെന്നാണ് ശ്രീ. ഇ. ശ്രീധരൻ സിൽവർ ലൈൻ പദ്ധതിയെക്കുറിച്ച് പറഞ്ഞ പ്രധാനപ്പെട്ട അഭിപ്രായം. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്റെ ചോദ്യം, നമുക്ക് മെച്ചപ്പെട്ട യാത്രാ സൗകര്യം വേണമെന്ന കാര്യത്തിൽ തർക്കമില്ല. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച വന്ദേഭാരത് പദ്ധതിയിൽ കേരളത്തിനുവേണ്ടി

(കൊച്ചി-ഷൊർണ്ണൂർ) 1500 കോടി രൂപ അനുവദിച്ചുകഴിഞ്ഞു. കേരളത്തിന് ഒരു രൂപപോലും മുടക്കേണ്ടിവരില്ല. ഇൻഡ്യയൊട്ടാകെയുള്ള റെയിൽവേ വികസനത്തിന്റെ ഭാഗമായി, ഇതിനുപകരം 160 കിലോമീറ്റർ വേഗത്തിൽ വണ്ടി ഓടിക്കാമെന്ന് പറയുന്ന, കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് എന്തുകൊണ്ട് ഗവൺമെന്റ് ചർച്ച ചെയ്യുന്നില്ല; കേരളത്തിന് കടബാധ്യത വരാത്തവിധത്തിൽ കേന്ദ്ര സഹായത്തോടെ സിൽവർ ലൈൻ പദ്ധതിക്കുപകരം സുപ്രധാനമായ ഈ പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ബഹുമാനപ്പെട്ട ഇ. ശ്രീധരൻ പറഞ്ഞ കാര്യം നേരത്തെ ഞാൻ പറഞ്ഞു. അദ്ദേഹം അതിനുശേഷം വന്ദേഭാരത് കേരളത്തിൽ നടക്കില്ലെന്ന് പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ രാഷ്ട്രീയ അഭിപ്രായവുമായി കൂട്ടിച്ചേർത്തല്ല ഞാനത് പറഞ്ഞത്. അദ്ദേഹം ഡൽഹി മെട്രോയുടെ സമയത്ത് പറഞ്ഞ കാര്യങ്ങളെപ്പറ്റിയാണ്. അതിനുശേഷം അദ്ദേഹം രാഷ്ട്രീയ പ്രവർത്തനത്തിൽ കൂടുതൽ സജീവമായി വന്നതോടുകൂടി അദ്ദേഹം പറയുന്നതിൽ ചില വ്യത്യാസങ്ങൾ വരും, രാഷ്ട്രീയമായാണ് പലതും പറയുന്നത്. അതിനെ അങ്ങനെ കാണണമെന്നാണ് എനിക്ക് പറയാനുള്ളത്. അദ്ദേഹത്തെപ്പോലെ വളരെ

സീനിയറായ ഒരു ടെക്നോക്രാറ്റിനെപ്പറ്റി ഈ സഭയിൽ വേറൊന്നും പറയാൻ ഞാനാഗ്രഹിക്കുന്നില്ല. ഇവിടെ പറഞ്ഞ വന്ദേഭാരത് പോലുള്ള പദ്ധതികൾ 100 ശതമാനവും വരട്ടെ. ഇതെല്ലാം ഇൻഡ്യൻ റെയിൽവേയുടെ ഭാഗമാണല്ലോ; പലപ്പോഴും അത്തരം കാര്യങ്ങൾ ഇങ്ങോട്ടുവരുന്നില്ല. നല്ല കാര്യങ്ങളാണെങ്കിൽ നമുക്കത് നടപ്പാക്കാം. ഇപ്പോൾത്തന്നെ പറഞ്ഞിരിക്കുന്നത് കൊച്ചി-ഷൊർണ്ണൂർ ലൈനിനെക്കുറിച്ചാണല്ലോ; തൊട്ടുമുമ്പ് ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ പ്രശ്നം പോലെ ആ മേഖലകളിലേയ്ക്ക് വരുന്നുണ്ട്. ഇതുപോലെയുള്ള കാര്യങ്ങൾ നമ്മുടെ പദ്ധതിയുമായി ചേർത്ത് ഒരുമിച്ചുവരികയാണെങ്കിൽ അവർ ചർച്ച ചെയ്യട്ടെ, പക്ഷെ അങ്ങനെ ചെയ്യുന്നില്ല. ചില സ്ഥലത്തുമാത്രമേ നടക്കുന്നുള്ളൂ, അഹമ്മദാബാദിലും നാഗ്പൂരിലുമൊക്കെ മാത്രമേ ഇപ്പോൾ ചെയ്യുന്നുള്ളൂ. നമുക്ക് വളരെയേറേ വൈകാൻ പാടില്ല. അതുകൊണ്ട് ഈ പദ്ധതിയുമായി മുന്നോട്ടുപോകുകയാണ്. എല്ലാ നല്ലകാര്യങ്ങളും ഇന്റഗ്രേറ്റ് ചെയ്യുന്നതിന് കേരള ഗവൺമെന്റിന് താൽപ്പര്യം തന്നെയാണ്.

## വൈദ്യുത ചാർജ്ജ് വർദ്ധനവ്

2 (*32) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
ഡോ. എം. കെ. മുനീർ:

ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത ചാർജ്ജിനത്തിലും സ്വകാര്യ കമ്പനികളുടെ കേബിൾ വലിക്കുന്ന ഇനത്തിലും വൈദ്യുതി ബോർഡിന് ലഭിക്കാനുള്ള കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) ബോർഡിന്റെ ബാധ്യതകൾ തീർക്കുന്നതിനായി വർഷങ്ങളായുള്ള കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടി യാഥാർത്ഥ്യമാക്കുന്നതിന് പകരം വൈദ്യുത ചാർജ്ജ് വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ;

(സി) വൈദ്യുത ചാർജ്ജ് വർദ്ധനവിൽനിന്നും ഗാർഹിക ഉപഭോക്താക്കളെ ഒഴിവാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, (എ) കെ.എസ്.ഇ.ബി.എൽ. സാധാരണഗതിയിൽ വൈദ്യുതി കുടിശ്ശികയുള്ള കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടെയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനുശേഷം

ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകുകയും ചെയ്താണ് കുടിശ്ശിക ഈടാക്കിവരുന്നത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020 മാർച്ച് മാസം മുതൽ സർക്കാർ പ്രഖ്യാപിച്ച ലോക്ക്ഡൗൺ നിയന്ത്രണ കാലങ്ങളിലെ വൈദ്യുതി ബിൽ തുക ഒടുക്കുന്നതിൽ സർക്കാർ നിർദ്ദേശപ്രകാരം ഉപഭോക്താക്കൾക്ക് ഇളവുകൾ നൽകുകയും തവണകളായി തുക അടയ്ക്കാനുള്ള സൗകര്യം അനുവദിക്കുകയും ചെയ്തിരുന്നു. മേൽപ്പറഞ്ഞ ആനുകൂല്യം പ്രയോജനപ്പെടുത്തി നിരവധി ഉപഭോക്താക്കളും സ്ഥാപനങ്ങളും വൈദ്യുതി ചാർജ്ജടയ്ക്കാൻ സാവകാശം നേടിയിട്ടുണ്ട്. ഇതിനുശേഷം കോവിഡ് വ്യാപനം രൂക്ഷമായ രണ്ടാം ഘട്ടത്തിലും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ലോക്ക്ഡൗൺ മൂലം വൈദ്യുതി മോഷണം, വൈദ്യുതി സുരക്ഷാ ഭീഷണി എന്നിവ ഒഴികെയുള്ള സാഹചര്യങ്ങളിൽ വൈദ്യുതി വിച്ഛേദിക്കൽ നടപടികൾ കെ.എസ്.ഇ.ബി.എൽ. നിർത്തിവയ്ക്കുകയും ചെയ്തിരുന്നു. കോവിഡിന്റെ രണ്ടാം തരംഗത്തെത്തുടർന്ന് സംസ്ഥാന സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി ചില ഉപഭോക്താക്കൾക്ക് ഇളവുകൾ നൽകുകയും തവണകൾ അനുവദിക്കുകയും 30 സെപ്തംബർ 2021 വരെ ബിൽ

അടയ്ക്കാൻ സാവകാശം നൽകുകയും ചെയ്തിരുന്നു. അതോടൊപ്പം കോവിഡ് മഹാമാരിയും ലോക്ക്ഡൗണും കണക്കിലെടുത്ത് കേബിൾ ടി.വി. ഓപ്പറേറ്റർമാർക്ക് 2021-22 സാമ്പത്തിക വർഷത്തെ ആദ്യ പാദത്തിലെ (April 2021 to June 2021) വൈദ്യുതി പോസ്റ്റുകളുടെ വാടക അടയ്ക്കുന്നതിന് പലിശ കൂടാതെ 31.08.2021 വരെ സമയം അനുവദിച്ചിരുന്നു. എന്നാൽ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ക്രമാതീതമായി വർദ്ധിച്ചതോടെ നടപടികൾ സ്വീകരിക്കാൻ ബോർഡ് നിർബന്ധിതമാകുകയും, കെ.എസ്.ഇ.ബി.എൽ.-ന്റെ സാമ്പത്തിക സ്ഥിതി അതീവഗുരുതരമായ സാഹചര്യത്തിൽ കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസുകൾ നൽകുകയും കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി പോസ്റ്റുകൾ ഉപയോഗിക്കുന്നതിനുള്ള വാടക 01-04-2021 മുതൽ ഗവൺമെന്റ് പുനർ നിർണ്ണയിച്ചപ്പോൾ (കുറച്ചപ്പോൾ) നിലവിലുള്ള എല്ലാ കുടിശ്ശികയും തീർത്ത കേബിൾ ടി.വി. ഓപ്പറേറ്റർമാരുമായി മാത്രം പുതുക്കിയ എഗ്രിമെന്റ് വയ്ക്കാനുള്ള നിർദ്ദേശം എല്ലാ ഫീൽഡ് ഓഫീസർമാർക്കും നൽകിയിരുന്നു. ഇതിന്റെ ഭാഗമായി കുടിശ്ശിക തുക ഒരു പരിധിവരെ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം കേബിൾ ടി.വി. ഓപ്പറേറ്റർമാരുടെ ദീർഘകാലമായുള്ള

കുടിശ്ശിക തീർക്കുന്നതിനായി സർക്കിൾ തലത്തിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അദ്ധ്യക്ഷനായി കമ്മിറ്റി രൂപീകരിക്കുകയും കുടിശ്ശികയുള്ള ഓരോ കേസും നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി പരിഹരിക്കാനായി പ്രസ്തുത കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നിരുന്നാലും കോവിഡിന്റെ ഭാഗമായി പോസ്റ്റ് വാടക തവണകളായി അടയ്ക്കുന്നതിന് നൽകിയതുൾപ്പെടെയുള്ള കുടിശ്ശിക തുക 38.52 കോടി രൂപയായിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. വിതരണ കമ്പനികളുടെ സാമ്പത്തിക ബാധ്യതയുടെ അടിസ്ഥാനത്തിലല്ല വൈദ്യുതി ചാർജ്ജ് പരിഷ്കരിക്കുന്നത്, മറിച്ച് വരും വർഷങ്ങളിലേയ്ക്കുള്ള കമ്പനിയുടെ പ്രതീക്ഷിത ചെലവും പ്രതീക്ഷിത വരവും തമ്മിലുള്ള അന്തരത്തിന്റെ അടിസ്ഥാനത്തിലാണ്. കുടിശ്ശിക പിരിച്ചെടുക്കലും താരിഫ് പരിഷ്കരണവും തമ്മിൽ ബന്ധമില്ലാത്ത തരത്തിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായമാണ് (Accrual Account System) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അനുവർത്തിച്ചുവരുന്നത്. സർക്കാർ അക്കൗണ്ടിംഗ് സമ്പ്രദായത്തിൽനിന്ന് വിഭിന്നമായി ബിൽ ചെയ്യപ്പെടുന്ന

തുക മുഴുവൻ വരുമാനമായി കണക്കിലെടുക്കുകയും ചെയ്യുന്ന അക്കൗണ്ടിംഗ് സമ്പ്രദായം ആയതിനാൽ പിരിഞ്ഞ് കിട്ടാനുള്ള കുടിശ്ശിക ഒന്നുംതന്നെ നികത്താനുള്ള റവന്യൂ കമ്മിയിൽ പ്രതിഫലിക്കുന്നില്ല. വൈദ്യുതി നിയമം 2003, ദേശീയ താരിഫ് നയം 2016, റെഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്കിൽ വ്യത്യാസങ്ങൾ വരുത്തുന്നത്. റെഗുലേറ്ററി കമ്മീഷൻ നിരക്കുകൾ പുതുക്കുമ്പോൾ കണക്കാക്കി എടുക്കുന്ന മുഴുവൻ ചെലവുകളും വരുംവർഷങ്ങളിലെ പ്രതീക്ഷിത ഉപഭോഗത്തിന് നിലവിലുള്ള നിരക്കിൽ കണക്കാക്കി എടുക്കുന്ന മൊത്തം വരുമാനവും തമ്മിലുള്ള അന്തരമാണ് നിരക്കുകൾ പുതുക്കുമ്പോൾ പ്രധാനമായി പരിഗണിക്കുന്നത്. ഇപ്രകാരം മൊത്ത വരുമാനം കണക്കാക്കുമ്പോൾ വിൽപ്പന നടത്തുന്ന മുഴുവൻ വൈദ്യുതിയുടെ വിലയും കുടിശ്ശിക ഇല്ലാതെ പിരിച്ചെടുത്താൽ ലഭ്യമാകുന്ന തുകയുമാണ് പരിഗണിക്കുന്നത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി, മറുപടി കൂടുതലുണ്ടെങ്കിൽ മേശപ്പുറത്തു വയ്ക്കാവുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കുറച്ചുകൂടി മാത്രമേയുള്ളൂ. (സി) സംസ്ഥാനത്തെ നിലവിലുള്ള വൈദ്യുതി ചാർജ്ജ് പരിഷ്കരിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന് മുമ്പാകെ ഒരു പെറ്റീഷൻ 10.02.2022-ൽ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷനിൽ, ഗാർഹിക ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് പരിഷ്കരിക്കുന്നതിനുള്ള ശിപാർശകളാണ് നൽകിയിട്ടുള്ളത്. നിരക്ക് വർദ്ധനവിന്റെ കാര്യത്തിൽ പൊതുജനാഭിപ്രായം തേടിയതിനുശേഷം മാത്രമേ (പൊതു തെളിവെടുപ്പുൾപ്പെടെ) വർദ്ധനവിന്റെ കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുകയുള്ളൂ. എല്ലാ വിഭാഗം ഉപഭോക്താക്കളെയും കമ്മീഷൻ പൊതു ഹിയറിംഗിൽ കേട്ട ശേഷമേ അന്തിമ തീരുമാനം എടുക്കുകയുള്ളൂ. അടുത്ത 5 വർഷത്തേയ്ക്കുള്ള താരിഫ് പരിഷ്കരണ ശിപാർശകളാണ് നൽകിയിട്ടുള്ളത്. ഇക്കാലയളവിലെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ചെലവിനങ്ങളിലുള്ള പ്രതീക്ഷിത വർദ്ധനവ്, പണപ്പെരുപ്പം, വികസന പ്രവർത്തനങ്ങൾക്ക് അവശ്യംവേണ്ട മൂലധന നിക്ഷേപം മുതലായവയ്ക്കുവേണ്ടി കെ.എസ്.ഇ.ബി. ലിമിറ്റഡിനുള്ള ഏക വരുമാനം വൈദ്യുതി ചാർജ്ജിലൂടെയാണ് ലഭ്യമാക്കുന്നത്. നിലവിലുള്ള സാഹചര്യത്തിൽ ഗാർഹിക ഉപഭോക്താക്കളെ മാത്രം

ഒഴിവാക്കിയുള്ള പരിഷ്കരണം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ മൂലധന നിക്ഷേപത്തെയും സേവനങ്ങളെയും ദോഷകരമായി ബാധിക്കുമെന്നതിനാൽ ഏതെങ്കിലും ഒരു വിഭാഗത്തെ മാത്രം ഒഴിവാക്കുന്നത് ഉചിതമല്ല. എന്നാൽ നിരക്ക് വർദ്ധനവ് പ്രാബല്യത്തിൽ ആയാൽത്തന്നെ നിലവിൽ ഗാർഹിക ഉപഭോക്താക്കൾക്ക് നൽകി വരുന്ന ഗവൺമെന്റ് സബ്സിഡി നിലനിർത്തി അധിക ഭാരം ലഘൂകരിക്കുന്നതിന് പരമാവധി ശ്രമിക്കുന്നതാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ *50-മായി ക്ലബ്ബ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. സണ്ണി ജോസഫ് നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നില്ല.

ശ്രീ. പി. ഉബൈദുള്ള: സർ, വൈദ്യുതി ബോർഡിൽ വൻ ക്രമക്കേട് നടന്നുവെന്ന കെ.എസ്.ഇ.ബി.എൽ. ചെയർമാന്റെ പ്രസ്താവന ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് നടന്ന അഴിമതിയുടെയും സ്വജനപക്ഷപാതത്തിന്റെയും പുതിയൊരു അധ്യായമായി മാറിയിരിക്കുകയാണ്. ഇടുക്കിയിലെ കെ.എസ്.ഇ.ബി.എൽ. ഭൂമി തുച്ഛമായ വിലയ്ക്ക് പതിച്ചുനൽകാൻ ശ്രമം നടന്നു, വൈദ്യുതി ബോർഡിന്റെ ടെണ്ടർ നടപടികളിൽ കൃത്രിമം കാണിച്ചു, റെഗുലേറ്ററി കമ്മീഷന്റെ

അനുമതിയില്ലാതെ സ്വകാര്യ കമ്പനികളിൽനിന്ന് വൈദ്യുതി വാങ്ങിയതിലൂടെ ബോർഡിന് 600 കോടി രൂപയുടെ നഷ്ടം വരുത്തി, വൈദ്യുതി ബോർഡും റെഗുലേറ്ററി കമ്മീഷനും അറിയാതെ 6000 ജീവനക്കാർക്ക് വാട്സ്ആപ്പിലൂടെ നിയമനങ്ങൾ നൽകി, ടെണ്ടർ വിവരങ്ങൾ ചില ജീവനക്കാർ കരാറുകാർക്ക് ചോർത്തിക്കൊടുത്തു തുടങ്ങിയ അതീവ ഗൗരവതരമായ ആരോപണങ്ങളാണ് കെ.എസ്.ഇ.ബി.എൽ. ചെയർമാൻതന്നെ ഉന്നയിച്ചിട്ടുള്ളത്. അദ്ദേഹം ഉന്നയിച്ച ഈ ആരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഈ ചോദ്യവുമായി ബന്ധമില്ലാത്ത കാര്യങ്ങളാണ് അംഗം ചോദിച്ചത്. കെ.എസ്.ഇ.ബി.എൽ. ചെയർമാൻ അത്തരത്തിൽ ആർക്കെങ്കിലുമെതിരെ ആരോപണമുണ്ടെന്ന് പറഞ്ഞുകൊണ്ടുള്ള റിപ്പോർട്ട് ഫേസ്ബുക്കിൽ കൊടുത്തിട്ടില്ല.

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം മണ്ഡലത്തിലെ പുൽപ്പറ്റ പഞ്ചായത്തിലെ ഉപഭോക്താക്കൾ മൂന്ന് സെക്ഷനുകളുടെ കീഴിലാണ് വരുന്നത്. മഞ്ചേരി നോർത്ത്, വള്ളുവമ്പ്രം, കിഴിശ്ശേരി സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പൂക്കൊളത്തൂർ ആസ്ഥാനമായി പുതിയ സെക്ഷൻ

ഓഫീസ് വേണമെന്നുള്ളത് വർഷങ്ങളായുള്ള ആവശ്യമാണ്. പുൽപ്പറ്റ പഞ്ചായത്തിൽ മാത്രം ഒരു സെക്ഷൻ ഓഫീസിന് ആവശ്യമായ ഉപഭോക്താക്കൾ നിലവിലുണ്ട്. അതുകൊണ്ട് ഈ പഞ്ചായത്തിലെ പൂക്കൊളത്തൂർ ആസ്ഥാനമായി ഒരു പുതിയ സെക്ഷൻ ഓഫീസ് വേണമെന്ന, ഇപ്പോൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പരിഗണനയിലുള്ള ആ നിർദ്ദേശം നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വൈദ്യുതി ബോർഡ് ചെയർമാന്റെ ഫേസ്ബുക്ക് പോസ്റ്റ് മാലോകരെല്ലാം കണ്ടതാണ്.

മി. സ്പീക്കർ: ചോദ്യവുമായി ബന്ധപ്പെട്ട ഉപചോദ്യമാണ് ചോദിക്കേണ്ടത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട മന്ത്രി അങ്ങനെയൊരു ഫേസ്ബുക്ക് പോസ്റ്റില്ലെന്ന് ഈ സഭയിൽ പരസ്യമായി പറഞ്ഞത് ശരിയായില്ല. ഇപ്പോൾ വൈദ്യുതി ചാർജ്ജ് വർദ്ധനവിനുവേണ്ടിയുള്ള തീരുമാനമാണ് എടുത്തുകൊണ്ടിരിക്കുന്നത്. നിലവിൽ കോടിക്കണക്കിന് രൂപയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. അത്

പിരിച്ചെടുക്കാതെ ആദിവാസി കോളനികളിലെ ജലവൈദ്യുത പദ്ധതിയുടെ വൈദ്യുതി ബിൽ അടയ്ക്കാത്തതിന്റെ പേരിൽ കണക്ഷൻ വിച്ഛേദിക്കുന്ന നടപടികളാണ് വൈദ്യുതി ബോർഡ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ കഴിഞ്ഞ മൂന്ന് വർഷമായി വിവിധ സർക്കാർ വകുപ്പുകൾ ഉപയോഗിച്ചതിന്റെയും വൻകിട മുതലാളിമാർ ഉപയോഗിച്ചതിന്റെയും വൈദ്യുതി ബിൽ കുടിശ്ശിക പിരിഞ്ഞുകിട്ടുവാനുണ്ട്. ഇതൊക്കെ തിരിച്ചുപിടിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ; എസ്.സി./എസ്.ടി. കോളനികളുടെ വൈദ്യുതി ബിൽ അടയ്ക്കാത്തതിന്റെ പേരിൽ അവർക്ക് വെള്ളം തടസ്സപ്പെടുത്തുന്ന ഈ നടപടി വൈദ്യുതി ബോർഡ് അവസാനിപ്പിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അങ്ങനെയൊരു പ്രശ്നം ഉണ്ടാകില്ല. ബന്ധപ്പെട്ട വകുപ്പുമന്ത്രിയുമായി സംസാരിച്ച് ഇതുസംബന്ധിച്ച് ഒരു ധാരണയിലെത്തിയിട്ടുണ്ട്. കുടിശ്ശികയുടെ കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുസംബന്ധിച്ച്, സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽനിന്നും KWA-യിൽനിന്നും ആകെ കിട്ടാനുള്ളത് 1194.65 കോടി രൂപയാണ്. കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ 76.41 കോടി രൂപ, ഗാർഹിക ഉപഭോക്താക്കൾ 394.8 കോടി രൂപ, സ്വകാര്യ സ്ഥാപനങ്ങൾ

1023.76 കോടി രൂപ, മറ്റുള്ളവ 81.8 കോടി രൂപ എന്നിങ്ങനെ ആകെ 2771.13 കോടി രൂപയാണ് കിട്ടാനുള്ളത്. സ്വകാര്യ സ്ഥാപനങ്ങളുടെ കുടിശ്ശികയായ 1023.76 കോടിയിൽ ഉദ്ദേശം 200 കോടി രൂപ കോടതി വ്യവഹാരങ്ങളുടേതാണ്. ഇതാണ് വസ്തുത.

ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ടി. വി. ഇബ്രാഹിം: സർ, വൈദ്യുതി ബോർഡ് പാവപ്പെട്ട ഉപഭോക്താക്കളെ പിഴിയാനുള്ള പുറപ്പാടിലാണ്. വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള നിലപാടുമായി ഗവൺമെന്റും വൈദ്യുതി ബോർഡും മുന്നോട്ടുപോകുന്നു. സത്യത്തിൽ ഇതിന്റെ നെറ്റ്വർക്ക് ശക്തിപ്പെടുത്തിക്കൊണ്ടും ദുരുപയോഗം തടഞ്ഞുകൊണ്ടും പ്രസരണ/ വിതരണ നഷ്ടം കുറച്ചും എ.ബി.സി. കേബിൾ പോലെയുള്ളവ ഉപയോഗിച്ച് ആധുനികവൽക്കരിച്ചും വൈദ്യുതി ബോർഡിന് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. മാത്രമല്ല, നേരത്തെ ശ്രീ. എൻ. ഷംസുദ്ദീൻ ചോദിച്ചതുപോലെ, വൻകിട കുത്തകകളിൽനിന്ന് കോടിക്കണക്കിന് രൂപ പിരിച്ചെടുക്കാനുള്ളത് പിരിച്ചെടുക്കാതെ ഈ നാട്ടിലെ പാവപ്പെട്ട ആളുകളുടെ പേരിൽ എന്തിനാണ് വൈദ്യുതി ചാർജ്ജ് വീണ്ടും വർദ്ധിപ്പിക്കുന്നത്?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, വൈദ്യുതി കുടിശ്ശികയും വൈദ്യുതി ചാർജ്ജും തമ്മിൽ ബന്ധമില്ല. അതുംകൂടി കണക്കാക്കിയാണ് അക്കൗണ്ടിംഗ് സിസ്റ്റം വരുന്നത്. റെഗുലേറ്ററി കമ്മീഷൻ കുടിശ്ശികയും ചാർജ്ജ് വർദ്ധനയുമായി യാതൊരു ബന്ധവുമില്ല. അതുംകൂടി വരവിൽ കണക്കാക്കിയാണ് ചെയ്യുന്നത്. അതിൽ വേറെ പ്രശ്നമില്ല. പാവപ്പെട്ട ആളുകൾക്ക് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നകാര്യവും കേബിളിന്റെ കാര്യവും അദ്ദേഹം ഇവിടെ പറഞ്ഞു. അത്തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ വേണ്ടിവരുമ്പോൾ പണം കണ്ടെത്താൻ ഇതല്ലാതെ വേറെ വഴിയൊന്നുമില്ല. വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കാൻ അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. അത് സമയബന്ധിതമായി പിരിച്ചെടുക്കുന്നതാണ്. കോടതിയുടെ പരിഗണനയിലുള്ള വിഷയങ്ങളിൽ മാത്രമേ പ്രശ്നം വരുന്നുള്ളൂ. അതിന് കുറച്ചുകൂടി സമയം വേണ്ടിവരും.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, 'മോങ്ങാൻ നിന്ന നായുടെ തലയിൽ തേങ്ങ വീണു' എന്നൊരു ചൊല്ലുണ്ട്. അതുപോലെയാണ്, പൊതുവേ ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകരെ കൂടുതൽ ദുരിതത്തിലാക്കുന്ന തരത്തിൽ 22-09-2021-ന് സർക്കാർ ഒരു ഉത്തരവ് (നം.82/2021) പുറപ്പെടുവിച്ചിട്ടുള്ളത്. ഈ ഉത്തരവനുസരിച്ച് കർഷകർക്ക് അവരുടെ

വൈദ്യുതി ചാർജ്ജിൽ നൽകുന്ന ഇളവിന് ഗുണഭോക്താക്കളുടെ പ്രത്യേക കമ്മിറ്റി രൂപീകരിച്ച് 100 രൂപ പ്രവേശന ഫീസും മാസംതോറും പത്ത് രൂപ ഗുണഭോക്തൃ വിഹിതവും അടയ്ക്കണം. രണ്ട് മാസത്തെ മുൻകൂട്ടിയുള്ള ഇൻവോയിസ് വാങ്ങി ജോയിന്റ് അക്കൗണ്ടിൽ പണമടച്ച് മേൽ ഓഫീസിൽ വിവരമറിയിച്ചതിനുശേഷമേ സബ്സിഡി ലഭിക്കുവെന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് കർഷകരെ ഏറെ പ്രയാസപ്പെടുത്തുമെന്ന് ഒരു നല്ല കർഷകൻ കൂടിയായ അങ്ങേയ്ക്ക് അറിയാമല്ലോ; ഇതിൽനിന്ന് കർഷകരെ രക്ഷിക്കാൻ നടപടിയുണ്ടാകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കൃഷി വകുപ്പാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചത്. സബ്സിഡി ഇനത്തിൽ വലിയ പ്രശ്നങ്ങൾ വരുന്നുവെന്ന് തോന്നിയതുകൊണ്ടാണ് അങ്ങനെയൊരു ഉത്തരവ് പുറപ്പെടുവിച്ചത്. ഇതുസംബന്ധിച്ച് കൃഷി വകുപ്പുമന്ത്രി മറുപടി നൽകുന്നതാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരമാണ് അത്തരമൊരു ഉത്തരവ് പുറപ്പെടുവിച്ചത്. കർഷകരുമായി ബന്ധപ്പെട്ട് ചില പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. ഡയറക്ട് ബാങ്ക് ട്രാൻസ്ഫർ എന്നുള്ള രീതിയല്ലാതെ ഈ കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ആനുകൂല്യങ്ങൾ

നൽകുന്നതിന് ഇത് നടപ്പിലാക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ മറ്റുള്ള മേഖലകളിൽ നിന്ന് കാർഷിക മേഖലയ്ക്ക് നൽകുന്ന ആനുകൂല്യങ്ങളെല്ലാം ഇല്ലാതാകുന്ന സ്ഥിതിവിശേഷമുണ്ടാകും. അതുകൊണ്ടാണ് ഇത്തരമൊരു ഉത്തരവ് പുറപ്പെടുവിക്കേണ്ടിവന്നത്. പ്രായോഗികമായ ബുദ്ധിമുട്ടുകൾ പരിശോധിച്ച് പരിഹരിക്കാൻവേണ്ട സംവിധാനം ഏർപ്പെടുത്തുന്നതായിരിക്കും.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കഴിഞ്ഞ അഞ്ചുവർഷക്കാലം സംസ്ഥാനത്ത് വൈദ്യുതി രംഗത്ത് വമ്പിച്ച മുന്നേറ്റമാണുണ്ടായിട്ടുള്ളത്. പ്രളയ കാലഘട്ടത്തിലെ സേവനം, എന്തിനേറെ ഏറ്റവും അവസാനം സമ്പൂർണ്ണ വൈദ്യുതീകരണം അടക്കമുള്ള എല്ലാ പ്രവർത്തനങ്ങളും വളരെ കൃത്യതയോടുകൂടി നടപ്പിലാക്കിക്കൊണ്ടുപോകുന്ന കേരളത്തിലെ വൈദ്യുതി വകുപ്പിനെ ഈ സന്ദർഭത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്. പവർകട്ടും ലോഡ്ഷെഡിംഗും ഇല്ലാത്ത ഒരു സാഹചര്യം കേരളത്തിനുണ്ടായി. ഇപ്പോൾ കെ.എസ്.ഇ.ബി.എൽ. മുഖാന്തരം സൗരോർജ്ജ വൈദ്യുത പദ്ധതി നടപ്പിലാക്കുകയാണ്. എന്തെല്ലാം പദ്ധതികളാണ് അതുമായി ബന്ധപ്പെട്ട് ഇപ്പോൾ നിലവിലുള്ളതെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഹൈഡൽ പ്രോജക്ട് കഴിഞ്ഞാൽ ഏറ്റവും ചെലവ് ചുരുങ്ങിയ വൈദ്യുതിയാണ് സൗരോർജ്ജത്തിൽ നിന്ന് ലഭിക്കുന്നത്.

അത് വ്യാപകമായ രീതിയിൽ നടപ്പാക്കാനുള്ള വലിയ പരിശ്രമം നടക്കുന്നുണ്ട്. അതിൽ പുരപ്പുറം സോളാർ സാധാരണക്കാർക്ക് വളരെയധികം ഉപയോഗം ലഭിക്കുന്നതാണ്. 4,000/- രൂപ ഇലക്ട്രിസിറ്റി ചാർജ്ജ് അടയ്ക്കുന്ന ഒരാൾക്ക് ഏകദേശം അഞ്ച് കിലോവാട്ട് വച്ച് 1000/- രൂപ മുതൽ 1500/- രൂപവരെ അവർക്ക് ഇങ്ങോട്ട് ലഭിക്കുന്ന രീതിയിലാണ് അത് സംവിധാനം ചെയ്തിരിക്കുന്നത്. അതുപോലെതന്നെ കാർഷിക മേഖലയിൽ 'കുസുമം' എന്നൊരു പദ്ധതിയുണ്ട്. ടി പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ 30 ശതമാനം സബ്സിഡിയും കേന്ദ്ര സർക്കാരിന്റെ 30 ശതമാനം സബ്സിഡിയും ചേർത്ത് ആകെ 60 ശതമാനം സബ്സിഡി കർഷകർക്ക് ലഭിക്കും. കർഷകർ സോളാർ വച്ചുകഴിഞ്ഞാൽ രണ്ട് മണിക്കൂർ കൃഷി ആവശ്യത്തിന് മാത്രമേ വെള്ളം പമ്പ് ചെയ്യേണ്ടിവരികയുള്ളൂ. ബാക്കി ആറ് മണിക്കൂറും ഇലക്ട്രിസിറ്റി ഗ്രിഡിലേയ്ക്ക് നൽകിയാൽ അഡീഷണൽ ഇൻകം അവർക്ക് ലഭിക്കുന്ന രീതിയിലാണ് അത് പ്ലാൻ ചെയ്തിരിക്കുന്നത്. അത് വ്യാപകമാക്കാൻ എല്ലാവരുടെയും സഹായ സഹകരണങ്ങൾ ഉണ്ടാകാണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഡോ. മാത്യു കുഴൽനാടൻ: സർ, വൈദ്യുതി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്ന കാര്യത്തെക്കുറിച്ചാണ് ഇവിടെ സംസാരിച്ചത്.

യഥാർത്ഥത്തിൽ വൈദ്യുതി ഉണ്ടാക്കുന്നതിനെക്കാളും വലിയ ഇൻവെസ്റ്റുമെന്റാണ് ഇതിന്റെ ഇൻഫ്രാസ്ട്രക്ചർ ഉണ്ടാക്കി ലൈൻ വലിച്ച് എല്ലാ കുടുംബങ്ങളിലേയ്ക്കും എത്തിക്കുകയെന്നുള്ളത്. അങ്ങനെ ഹ്യൂജ് ഇൻഫ്രാസ്ട്രക്ചർ കെ.എസ്.ഇ.ബി.എൽ. ഉണ്ടാക്കിയതിനുശേഷം സ്വകാര്യ വൈദ്യുതി ഉൽപ്പാദകർക്ക് വളരെ എളുപ്പം വൈദ്യുതി വിൽക്കാൻ സാധിക്കുന്ന വിധത്തിൽ സ്വകാര്യവൽക്കരണം വന്നു. പക്ഷേ ട്രാൻസ്മിഷൻ ലൈൻസ് എന്നുപറയുന്നത് കെ.എസ്.ഇ.ബി.എൽ.-ന്റെ കൈവശം തന്നെയാണ്. ഇന്ന് ട്രാൻസ്മിഷൻ ലൈൻ ഉപയോഗിക്കുന്നതിന് അവരിൽനിന്നും ഈടാക്കുന്ന ചാർജ്ജ് വളരെ തുച്ഛമാണെന്നാണ് എന്റെ അഭിപ്രായം. അത് വർദ്ധിപ്പിക്കാനുള്ള ആർജ്ജവം കെ.എസ്.ഇ.ബി.എൽ. കാണിച്ചാൽ, നമ്മുടെ ഇൻഫ്രാസ്ട്രക്ചറും ട്രാൻസ്മിഷൻ ലൈനുകളുമാണ്, ഇത്ര ചാർജ്ജ് കിട്ടിയാൽ മാത്രമേ നിങ്ങളെ അനുവദിക്കുകയുള്ളൂവെന്ന നിലപാട് സ്വീകരിച്ചാൽ വരുമാന വർദ്ധനവ് സാധ്യമാകില്ലേ; നിലവിൽ പ്രൈവറ്റ് ഓപ്പറേറ്റേഴ്സ് എത്ര രൂപയുടെ വൈദ്യുതി ഇവിടെ വിൽക്കുന്നുണ്ട്; ട്രാൻസ്മിഷൻ ലൈൻ ഉപയോഗിക്കുന്നതിന് ചാർജ്ജായി എത്ര രൂപ കെ.എസ്.ഇ.ബി.എൽ.-ന് ലഭിക്കുന്നുണ്ട്?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഇതിന് പ്രത്യേകം ചോദ്യം ആവശ്യമാണ്.

കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം മാത്രമേ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, വൈദ്യുതി അപകടങ്ങളിൽപ്പെട്ട് മരണപ്പെട്ടുപോയവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിന് വളരെക്കാലം കാത്തുനിൽക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. കൂടുതൽ കാലതാമസമുണ്ടാകുന്ന കേസ്സുകൾ പ്രത്യേകം പരിശോധിച്ച് അടിയന്തരമായി സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയാൽ തീർച്ചയായും വളരെ ഗൗരവത്തോടുകൂടി നടപടി സ്വീകരിക്കും.

ശ്രീ. കെ. പി. മോഹനൻ: സർ, വൈദ്യുതി ചാർജ്ജ് വർദ്ധനവ് എന്നുപറയുമ്പോൾ കർഷകരൊക്കെ ആശങ്കയിലാണ്. കാർഷിക മേഖലയിൽ ജലം എത്തിക്കാൻ ഒരുപാട് യന്ത്രങ്ങൾ ഉപയോഗിക്കുന്നുണ്ട്. അതിന്റെ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാതിരിക്കാനും ആ യന്ത്രങ്ങൾക്ക് വൈദ്യുതിക്ക് പകരം സൗരോർജ്ജം ഉപയോഗിക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കുസുമം എന്നൊരു പദ്ധതി ഇപ്പോൾ ആവിഷ്കരിച്ചിട്ടുണ്ട്. അടുത്ത ദിവസം കോട്ടയത്താണ് അതിന്റെ ഉദ്ഘാടനം നടത്താൻ പോകുന്നത്. ഇത് എല്ലാ കർഷകർക്കും ഉപയോഗിക്കാൻ സാധിക്കുന്ന വലിയൊരു പദ്ധതിയാണ്. കർഷകർക്ക് അധിക വരുമാനം ലഭിക്കുന്ന രീതിയിലാണ് അത് പ്ലാൻ ചെയ്തിരിക്കുന്നത്. അതിന് 60 ശതമാനം സബ്സിഡിയുണ്ട്. ബാക്കി 40 ശതമാനം മാത്രമേ ഉപഭോക്താക്കൾ ചെലവാക്കേണ്ടതുള്ളൂ. അതിന് ബാങ്ക് ലോണും ലഭിക്കും. അത് എടുക്കുമ്പോൾ ഒരു വർഷത്തിൽ ഏകദേശം 150-200 ദിവസങ്ങൾ മാത്രമേ കൃഷിക്ക് ആവശ്യമായ ജലം പമ്പ് ചെയ്യേണ്ടിവരികയുള്ളൂ, ബാക്കിയുള്ള വൈദ്യുതി, ബോർഡിന് നൽകാം. അതുപോലെ ഒരു ദിവസം രണ്ട് മണിക്കൂർ മാത്രമേ കൃഷി ആവശ്യത്തിനായി വൈദ്യുതി വേണ്ടിവരികയുള്ളൂ. ബാക്കി ആറ് മണിക്കൂറും വൈദ്യുതി, ബോർഡിന് നൽകിയാൽ അവർക്ക് അധിക വരുമാനം ലഭിക്കുകയും ചെയ്യും. അതായത് പശുക്കളെ വളർത്തുന്നതുപോലെയുള്ള ഗുണം അവർക്ക് ലഭിക്കും. അതുകൊണ്ട് അത് പരമാവധി ഉപയോഗിക്കുകയും അതിന് വ്യാപകമായ പ്രചാരണം നൽകുകയും വേണം. അത് കൃഷിക്കാർക്ക് വലിയൊരു അനുഗ്രഹമായിരിക്കും.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, വൈദ്യുതി ബോർഡ് ചെയർമാന്റെ ഫേസ്ബുക്ക് പോസ്റ്റിനെത്തുടർന്ന് വൈദ്യുതി ബോർഡിൽ ഭരണകക്ഷി സംഘടനകളുടെ പ്രക്ഷോഭമുണ്ടായി. ചെയർമാന്റെ പോസ്റ്റിൽ പറഞ്ഞിട്ടുള്ളത് ടെണ്ടറിന്റെ രഹസ്യ സ്വഭാവം പോലും കാത്തുസൂക്ഷിക്കാൻ സാധിക്കുന്നില്ലെന്നുള്ള രീതിയിലാണ്. അതുകൊണ്ടാണ് അവിടെ സെൻട്രൽ ഫോഴ്സിനെ നിയോഗിച്ചത്. ബഹുമാനപ്പെട്ട മന്ത്രിക്കെതിരായി ഭരണകക്ഷിയിൽനിന്നുള്ള അതിശക്തമായ വിമർശനവുമുണ്ടായി. ഈ പ്രശ്നങ്ങൾ രാജ്യസഭാംഗം ശ്രീ. എളമരം കരീമും അങ്ങുമായി ചർച്ച ചെയ്തു. ആ ചർച്ചയിലൂടെ ചെയർമാൻ ഉന്നയിച്ച ആരോപണങ്ങൾ ഇല്ലാതായോ; അതിന്റെ സ്ഥിതി എന്തായിരിക്കും?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ചെയർമാൻ അങ്ങനെ ഒരാളുടെ പേരിലും ആരോപണം ഉന്നയിച്ചിട്ടില്ല. അവിടെ നടക്കുന്ന ചില വസ്തുതകൾ ചൂണ്ടിക്കാണിക്കുകയാണ് ചെയ്തത്. എന്റെ കയ്യിൽ കൃത്യമായ രേഖയുണ്ട്. സാമൂഹ്യമാധ്യമങ്ങളിൽ വന്ന പ്രശ്നങ്ങൾക്ക് അദ്ദേഹം മറുപടി പറഞ്ഞുവെന്നേയുള്ളൂ. അല്ലാതെ ആരോപണം ഉന്നയിച്ചിട്ടില്ല. അത് വിശദമായി പരിശോധിച്ചു. അതിൽ ഭൂരിഭാഗവും കെ.എസ്.ഇ.ബി.എൽ.-ൽ സംസ്ഥാന വ്യവസായ സുരക്ഷാസേനയെ നിയോഗിക്കുന്നതിന്റെ ആവശ്യവും

അതിനോടുള്ള ചില ജീവനക്കാരുടെ എതിർപ്പിനെയും അടിസ്ഥാനമാക്കിയാണെന്നാണ് അദ്ദേഹം പറഞ്ഞത്. ചർച്ച ചെയ്ത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ രണ്ട് സ്ഥലത്ത് സംസ്ഥാന വ്യവസായ സുരക്ഷാസേനയെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. അതാണ് വസ്തുത. ചില സാങ്കേതികമായ പ്രശ്നങ്ങൾ അദ്ദേഹം ചൂണ്ടിക്കാണിക്കുകയല്ലാതെ പ്രത്യേകമായ ആരോപണം ഒരാളുടെ പേരിലും ഉന്നയിച്ചിട്ടില്ല.

**സഹകരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് സംവിധാനം**

3 (*33) ശ്രീമതി ശാന്തകുമാരി കെ.:

ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. ലിന്റോ ജോസഫ്:

ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളുടെ ഇടപാടുകളിലെ ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും ഓഡിറ്റ് സംവിധാനം ശാക്തീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഏത് സഹകരണ സംഘത്തെക്കുറിച്ചും കൃത്യമായ വിവരങ്ങൾ ലഭ്യമാക്കി സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള കോ-ഓപ്പറേറ്റീവ് ഓഡിറ്റ് മോണിറ്ററിംഗ് ആൻഡ് ഇൻഫർമേഷൻ സിസ്റ്റം

പൂർണ്ണ തോതിൽ പ്രാവർത്തികമായിട്ടുണ്ടോ;

(സി) ഇടപാടിൽ ക്രമക്കേടോ വീഴ്ചയോ ഉണ്ടായാൽ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടെ ബന്ധപ്പെട്ടവർക്കെതിരെ കർശന നടപടി സ്വീകരിക്കാവുന്ന തരത്തിൽ നിയമ ഭേദഗതി ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കേന്ദ്ര സർക്കാരിന്റെ നവലിബറൽ നയങ്ങൾക്ക് ബദലായി സഹകരണ പ്രസ്ഥാനത്തെ ശാക്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, (എ) ഉണ്ട്. സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങളുടെ ആഡിറ്റ് സമ്പ്രദായം ശക്തമാക്കുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ IA&AS സർവ്വീസിൽനിന്ന് സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ ഗ്രേഡിലുള്ള ഉദ്യോഗസ്ഥയെ സഹകരണ ആഡിറ്റ് ഡയറക്ടർ ആയി നിയമിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ

സ്വീകരിച്ചുകഴിഞ്ഞു. ടീം ആഡിറ്റ് നടത്തുന്നത് സംബന്ധിച്ച ഒരു സ്കീം തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് നടത്തിവരുന്നു. സഹകരണ രംഗത്ത് ആശാസ്യമല്ലാത്ത ചില പ്രവണതകൾ വരുന്ന സാഹചര്യത്തിൽ സഹകരണ നിയമത്തിൽ സമഗ്ര നിയമഭേദഗതി വരുത്തി ക്രമക്കേടുകൾ ക്രിമിനൽ നടപടി നിയമ പ്രകാരം അന്വേഷിക്കുന്നതിന് കൂടുതൽ കർശന വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതാണ്. സംഘങ്ങളിലെ കണക്കുകൾ തയ്യാറാക്കുന്നതിന് വ്യക്തമായ വ്യവസ്ഥ പുതിയ നിയമഭേദഗതിയിൽ ഉൾപ്പെടുത്തും. കമ്പ്യൂട്ടർവൽകൃത സംഘങ്ങളിൽ ആഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്ക രീതിയിൽ ജില്ലാതലത്തിൽ ആഡിറ്റർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ഐ.സി.എം)-ൽ നിന്നുള്ള വിദഗ്ധരുടെ സേവനം ലഭ്യമാക്കി പരിശീലന പരിപാടി സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഐ.സി.എം. ഡയറക്ടറുമായി സഹകരണ ആഡിറ്റ് ഡയറക്ടർ ചർച്ച ചെയ്തു തുടർനടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പുതല ആഡിറ്റർമാരുടെ സഹകരണ സംഘങ്ങളുടെ ആഡിറ്റ് സംബന്ധിച്ച് അവരുടെ ടൂർ പ്രോഗ്രാം, ഡയറി വെരിഫിക്കേഷൻ എന്നിവ താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാ ജോയിന്റ് ഡയറക്ടർമാരും കൃത്യമായി

നടത്തിവരുന്നു. വകുപ്പുതലത്തിൽ ആഡിറ്റർമാരുടെ പ്രവൃത്തി അവലോകനം പ്രതിമാസം താലൂക്ക്/ജില്ലാ തലത്തിലും നടത്തുന്നുണ്ട്. പരിഷ്കരിച്ച ആഡിറ്റ് മാനുവൽ പ്രകാരം ആഡിറ്റ് നടത്തുന്നതിന് ആഡിറ്റർമാർക്ക് ആവശ്യമായ പരിശീലനം നൽകി പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ആഡിറ്റ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ ക്രമം പാലിക്കേണ്ടതാണ്. അനേകം പേർ സീറ്റിൽ ഇല്ലെന്ന് കാണുന്നു.

ശ്രീ. വി. എൻ. വാസവൻ: സർ, അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തിക നില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ആഡിറ്റർമാർക്ക് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ആഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആഡിറ്റ് ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഭേദഗതികൾ സഹകരണ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണവകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി Centre for Development of Imaging Technology (C-Dit) മുഖേന നടപ്പിലാക്കിയിട്ടുള്ള (Integrated Co-operative Department Management System) പ്രോജക്ടിൽ

ഉൾപ്പെടുത്തി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS)-ലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ് സൈറ്റ് മുഖാന്തരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സഹകരണ വകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി സി-ഡിറ്റ് മുഖേന നടപ്പിലാക്കിയിട്ടുള്ള ICDMS (Integrated Co-operative Department Management System) പ്രോജക്ടിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറായിക്കഴിഞ്ഞിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള

കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS)-ലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ്പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഓൺലൈൻ സിസ്റ്റത്തിലൂടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും താലൂക്ക് തിരിച്ച് മുഴുവൻ സംഘങ്ങളുടെയും പട്ടിക നിശ്ചിത കാലയളവിൽ ആഡിറ്റ് ചെയ്യാവുന്ന വിവിധ വിഭാഗത്തിൽപ്പെട്ട ആകെ സംഘങ്ങളുടെ എണ്ണം, ആയതിൽ ആഡിറ്റ് പൂർത്തീകരിച്ചവയുടെ എണ്ണം, ആഡിറ്റ് പൂർത്തീകരിക്കാൻ ബാക്കിയുള്ളവയുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഓരോ സംഘത്തിന്റെയും അടിസ്ഥാന വിവരങ്ങളും ബാലൻസ് ഷീറ്റിന്റെ സംക്ഷിപ്ത വിവരവും പൊതുജനങ്ങൾക്ക് ഉൾപ്പെടെ ലഭ്യമാക്കിയിട്ടുണ്ട്. സംഘങ്ങളുടെ ആഡിറ്റിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾ, ക്രമക്കേടുകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ തുടങ്ങിയ വിവരങ്ങൾ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അറിവിലേയ്ക്കും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി ലഭ്യമാക്കിയിട്ടുണ്ട്.

(സി) സഹകരണ സംഘങ്ങളുടെ ആശാസ്യമല്ലാത്ത പ്രവണതകൾ കർശനമായി നിയന്ത്രിച്ച് ക്രമക്കേടുകൾ ക്രിമിനൽ കുറ്റമായി കണക്കാക്കി

ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നത് ഉൾപ്പെടെയുള്ള വ്യവസ്ഥകൾ പുതിയ നിയമഭേദഗതിയിൽ ഉൾപ്പെടുത്തുന്നതാണ്. അതോടൊപ്പം സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ വർദ്ധിച്ചുവരുന്ന സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനായി സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമ ഭേദഗതി പരിഗണനയിലാണ്.

(ഡി) 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം പ്രാഥമിക കാർഷിക വികസന ബാങ്കുകൾ bank, banker, banking എന്ന പദങ്ങൾ ഉപയോഗിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുമൂലം പ്രസ്തുത സംഘങ്ങൾക്ക് ചെക്ക് മുതലായ സൗകര്യങ്ങൾ നൽകാനാവില്ല. ടി സ്ഥാപനങ്ങൾ ബാങ്കിംഗ് നിയമത്തിന്റെ പരിധിയിൽ വന്നാൽ അവയുടെ പ്രവർത്തനം ബാങ്കിംഗ് മേഖലയിൽ മാത്രമായി ചുരുക്കപ്പെടും. ഇത് സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക രംഗത്ത് അപരിഹാര്യമായ സ്ഥിതിവിശേഷം സൃഷ്ടിക്കുമെന്ന് കരുതുന്നു.

മി. സ്പീക്കർ: മറുപടി ദീർഘമാണെങ്കിൽ മേശപ്പുറത്തുവയ്ക്കാം.

ശ്രീ. വി. എൻ. വാസവൻ: സർ, മറുപടിയുടെ ബാക്കി ഭാഗം ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.*

* അനുബന്ധമായി ചേർക്കുന്നു.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, കേരളത്തിലെ മൊത്തം ജനസംഖ്യയോളംതന്നെ അംഗങ്ങളും 2.41 ലക്ഷം കോടി രൂപയുടെ നിക്ഷേപവും 4.25 ലക്ഷം കോടി രൂപയുടെ വ്യാപാര പ്രവർത്തനങ്ങളും അടങ്ങുന്ന അതിവിപുലമായ ജനകീയ പ്രസ്ഥാനമാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം. കേരളത്തിലെ സാധാരണ മനുഷ്യർ ദൈനംദിന സാമ്പത്തിക ഇടപാടുകൾക്ക് തങ്ങളുടെ വിയർപ്പുകൊണ്ട് കെട്ടിപ്പടുത്ത ഈ മഹാപ്രസ്ഥാനം നോട്ടുനിരോധനം പോലുള്ള സാമ്പത്തിക അടിയന്തരാവസ്ഥ കരുതലോടെ മറികടന്ന അനുഭവമാണ് നമ്മുടെ മുൻപിലുള്ളത്. എന്റെ ചോദ്യം, ഈ ഘട്ടത്തിൽ കാലത്തോടൊപ്പം സഞ്ചരിക്കാൻ ആധുനിക ബാങ്കിംഗ് സേവനങ്ങൾ സഹകാരികൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ന്യൂജൻ ബാങ്കുകളോടൊപ്പം കോംപീറ്റ് ചെയ്യാൻ കഴിയത്തക്കവിധത്തിൽ കോർ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ്, നെറ്റ്, ആർ.ടി.ജി.എസ്. തുടങ്ങി എല്ലാ തരത്തിലുമുള്ള ആധുനിക സംവിധാനങ്ങളും നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള ബാങ്കിൽ ഓൺ ഗോയിംഗ് പ്രോജക്ട് നടന്നുകൊണ്ടിരിക്കുന്നു. സമീപകാലഭാവിയിൽ അത്

പൂർത്തീകരിക്കുന്നതാണ്, അതിനുശേഷം അത് പ്രാഥമിക സംഘങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്.

ശ്രീമതി ശാന്തകുമാരി കെ.: സർ, കേരളത്തിലെ സഹകരണ മേഖലയിൽ കരുതലോടെ കൈപിടിച്ചുയർത്തേണ്ട എസ്.സി./എസ്.ടി. സഹകരണ സംഘങ്ങൾക്ക് പുതുജീവൻ നൽകാൻ തുടങ്ങിവച്ച പുനർജനി പദ്ധതിയിൽ നാളിതുവരെ എടുത്തിട്ടുള്ള നടപടിക്രമങ്ങളെ സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, എസ്.സി./എസ്.ടി. സംഘങ്ങൾക്കായി പുനർജനി പദ്ധതി ഇപ്പോൾ നടപ്പിലാക്കിവരുന്നു. ഫെഡറേഷന്റെ യോഗം വിളിച്ചു ചേർത്തിരുന്നു, അതിനുശേഷം പ്രാഥമിക സംഘങ്ങളെ കൈപിടിച്ചുയർത്താൻ അവർ പ്രോജക്ട് തയ്യാറാക്കിത്തരുന്നതിന്റെ അടിസ്ഥാനത്തിൽ ഡിപ്പാർട്ടുമെന്റ് ഇടപെട്ട് വേണ്ട സഹായങ്ങൾ ചെയ്തുവരുന്നു.

ശ്രീ. ഐ. ബി. സതീഷ്: സർ, സഹകരണ സംഘങ്ങളിൽ നിലവിലുള്ള പ്രതിമാസ നിക്ഷേപ പദ്ധതി വ്യവസ്ഥകൾ ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ച നിയമ വ്യവസ്ഥകൾ സഹകരണ നിയമത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇതുസംബന്ധിച്ച് ഏകീകൃത രൂപമുണ്ടാക്കാൻ വേണ്ട നിയമഭേദഗതിക്ക് തുടക്കം കുറിക്കുകയും അതിന്റെ കരട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സമീപകാലഭാവിയിൽ അത് സഭയിൽ വരുന്നതാണ്.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, സഹകരണ മേഖല കേരളത്തിന്റെ സാമ്പത്തിക നട്ടെല്ലാണ്. കേന്ദ്ര സർക്കാർ സഹകരണ സ്ഥാപനങ്ങളെ ബാങ്കിംഗ് നിയന്ത്രണ നിയമത്തിന്റെ പരിധിയിലാക്കി സഹകരണ സ്ഥാപനങ്ങളുടെ സേവനം പാവപ്പെട്ടവർക്ക് നിഷേധിക്കുന്ന നടപടികൾ സ്വീകരിക്കുകയാണ്. 2021 നവംബർ 22-ന് പുറപ്പെടുവിച്ച സർക്കുലർ ഇതിന് ഉദാഹരണമാണ്. ആർ.ബി.ഐ. സഹകരണ മേഖലയെ തകർക്കാൻ ആവശ്യമായ സ്റ്റേറ്റ്മെന്റുകൾ ഇറക്കുകയാണ്. പ്രാഥമിക സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്നവർ ജാഗ്രത പാലിക്കണം, ഈ നിക്ഷേപത്തിന് കേന്ദ്ര നിക്ഷേപ ഗ്യാരന്റി കോർപ്പറേഷന്റെ പരിരക്ഷയില്ലെന്ന തെറ്റിദ്ധാരണാജനകമായ പ്രസ്താവനയാണ് ഇറക്കിയിട്ടുള്ളത്. ഇത് നമ്മളെ ബാധിക്കുന്നതല്ല. കേരളത്തിന്റെ സഹകരണ സംഘങ്ങൾക്ക് ഗ്യാരന്റിയുണ്ട്. അതിനായി രൂപീകരിച്ച സ്ഥാപനമാണ് സഹകരണ നിക്ഷേപ ഗ്യാരന്റി ബോർഡ്. ഇത്തരം

പ്രഖ്യാപനങ്ങൾ നടത്തുന്ന ആർ.ബി.ഐ.-ക്കെതിരെയും സഹകരണ ബാങ്കുകളെ തകർക്കുന്ന കേന്ദ്ര സർക്കാർ നിലപാടുകൾക്കെതിരെയും നാം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഇനി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ആർ.ബി.ഐ.-യുടെ ഭാഗത്തുനിന്നും മൂന്ന് കാര്യങ്ങളാണ് നോട്ടീസിൽ ഉൾപ്പെടുത്തിയിരുന്നത്, (1) ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്ന പദപ്രയോഗം ഒഴിവാക്കുക, (2) മെമ്പർഷിപ്പ് രംഗത്ത് കാറ്റഗറൈസേഷന്റെ പ്രശ്നം (3) ഈ രംഗത്ത് കേന്ദ്രത്തിന്റെ നിക്ഷേപ ഗ്യാരന്റി സ്കീമിൽ നിന്ന് കേരളത്തിലെ ഡെപ്പോസിറ്റേഴ്സിന് പണം തരില്ല. ഇത് അടിസ്ഥാനരഹിതമായ കാര്യങ്ങളാണെന്ന് ചൂണ്ടിക്കാട്ടി ആർ.ബി.ഐ.-ക്ക് സർക്കാർ കത്തയച്ചിരുന്നു. അതുപോലെ ഈ കാര്യത്തിൽ സഹകരണ പ്രസ്ഥാനങ്ങളുടെ എല്ലാ മേഖലയിലെയും ജനവിഭാഗങ്ങളെ കൂട്ടിച്ചേർത്ത് ഈ കാര്യത്തിൽ നമ്മുടെ പ്രതിഷേധം രേഖപ്പെടുത്തി. മൂന്നാമതായി, നിയമ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ച് ഇപ്പോൾ സ്യൂട്ട് ഫയൽ ചെയ്തിട്ടുണ്ട്. സ്റ്റാൻഡിംഗ് കൗൺസിൽ അഡ്വക്കേറ്റ് ശശി മുഖാന്തരം കേസ്

ഫയൽ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തെറ്റിദ്ധാരണ പരത്തുന്നുവെന്ന് സർക്കാർ ചൂണ്ടിക്കാണിക്കാൻ കാരണം, കേന്ദ്ര നിക്ഷേപ ഗ്യാരന്റി സ്കീമിൽ നാളിതുവരെ ഒരു രൂപപോലും കേരളത്തിലെ സഹകരണ മേഖലയിലെ നിക്ഷേപകർക്ക് നൽകിയിട്ടില്ല. അത് തരില്ലെന്ന് പറഞ്ഞ് പരസ്യം കൊടുത്തത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല, അത് യുക്തിരഹിതമാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, യുവാക്കളെ ഉൾപ്പെടുത്തിക്കൊണ്ട് 30-ഓളം സഹകരണ സംഘങ്ങളാണ് കേരളത്തിൽ രൂപീകരിച്ചത്. ഇതേ മാതൃകയിൽ കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം സഹകരണ മേഖലയിൽ സംവരണം നടപ്പിലാക്കുന്നതിനുള്ള നടപടികളെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് സൂചിപ്പിച്ചതുപോലെ യുവാക്കളെ ഉൾപ്പെടുത്തിക്കൊണ്ട് 30 സഹകരണ സംഘങ്ങൾ നേരത്തെ രൂപീകരിച്ചിരുന്നു. ഇപ്പോൾ ഗവൺമെന്റ് നൂറുദിന കർമ്മ പരിപാടിയിൽപ്പെടുത്തി 14-ഓളം എസ്.സി./എസ്.ടി. യുവജനങ്ങളുടെ സഹകരണ സംഘം രൂപീകരിക്കാൻ തീരുമാനമെടുത്ത് നടപടികൾ

ആരംഭിച്ചുകഴിഞ്ഞു. അതോടൊപ്പം സംവരണം ഈ മേഖലയിൽ നടപ്പാക്കിയിട്ടുമുണ്ട്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ...ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സഹകരണ രംഗത്ത് കേന്ദ്ര സർക്കാരിന്റെ ഇടപെടൽ

**4 (*34)** ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. എം. മണി:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) ഭരണഘടനയുടെ 7-ാം പട്ടിക പ്രകാരം സംസ്ഥാന വിഷയമായ സഹകരണ മേഖലയുടെ സുഗമമായ പ്രവർത്തനത്തിന് വിഘാതമാകുന്ന തരത്തിൽ റിസർവ് ബാങ്ക് മുഖേനയും ആദായ നികുതി വകുപ്പ് മുഖേനയും കേന്ദ്ര സർക്കാർ നിരന്തരം നടത്തുന്ന ഇടപെടലുകൾ ഫെഡറൽ

തത്വങ്ങൾക്ക് വിരുദ്ധമായതിനാൽ ഇത്തരം നടപടികളിൽ നിന്നും പിന്മാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ 2020-ൽ വരുത്തിയ ഭേദഗതിമൂലം BR Act-ലെ വ്യവസ്ഥകൾ മിക്കവയും സഹകരണ സംഘങ്ങൾക്ക് ബാധകമാക്കിയിട്ടുണ്ട്. 'സഹകരണം' ഒരു സംസ്ഥാന വിഷയമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സഹകരണ നിയമം പാസ്സാക്കിയിട്ടുള്ളത്. എന്നാൽ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ നിയമത്തിന് വിരുദ്ധവും, സഹകരണ സ്ഥാപനങ്ങളെ നിയമവിധേയമല്ലാതെ നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ടതാണ്. ബാങ്കിംഗ് നിയമത്തിൽ വരുത്തിയ മാറ്റങ്ങൾ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതാകയാൽ ടി ഭേദഗതികളെ സുപ്രീംകോടതിയിൽ ചോദ്യം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നതെന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്നും ആദായനികുതി

ഈടാക്കണമെന്ന് കാണിച്ച് നികുതി വകുപ്പ് നോട്ടീസ് നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 2019-ൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പുമന്ത്രി എന്നിവർക്ക് ബഹുമാനപ്പെട്ട മുൻ സഹകരണ വകുപ്പുമന്ത്രി നേരിട്ട് നിവേദനം സമർപ്പിക്കുകയുണ്ടായി. എന്നാൽ അനുകൂല നടപടിയുണ്ടാകാത്തതിനാൽ വീണ്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 194 N പ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്ന വിഷയത്തിൽ തുടർ നടപടികൾ ചർച്ച ചെയ്യാൻ സംസ്ഥാനത്തെ സഹകാരികളെയും വിഷയവിദഗ്ദ്ധരെയും പങ്കെടുപ്പിച്ച് ഒരു യോഗം സംഘടിപ്പിച്ചിരുന്നു. കൂടുതൽ ചർച്ചകൾക്കുശേഷം നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള സാധ്യത ആരായുന്നതിനും തുടർനടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത നിയമത്തിനെതിരെ ഒരു റിട്ട് ഫയൽ ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. 2020-ലെ ഫിനാൻസ് ആക്ടിലൂടെ കേന്ദ്ര സർക്കാർ ആദായ നികുതി നിയമം 1961-ലെ 194 A വകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവിറക്കിയിരുന്നു. സംസ്ഥാന

സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന ടി വകുപ്പിലെ വ്യവസ്ഥകളെ ചോദ്യം ചെയ്തുകൊണ്ട് നിയമനടപടികൾ സഹകരണ സ്ഥാപനം സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് പ്രാഥമിക സഹകരണ ബാങ്കുകൾ ഉൾപ്പെടെ എത്ര സഹകരണ സംഘങ്ങളുണ്ടെന്നും അവയിലെല്ലാം കൂടിയുള്ള ആകെ നിക്ഷേപം എത്രയെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് പ്രാഥമിക സഹകരണ ബാങ്കുകൾ ഉൾപ്പെടെ 16,112 സഹകരണ സംഘങ്ങൾ നിലവിലുണ്ട്. അവയിലെല്ലാം കൂടിയുള്ള നിക്ഷേപം 2,46,326.9712 കോടി രൂപയാണ്.

(സി) കേന്ദ്ര സർക്കാർ സഹകരണ സ്ഥാപനങ്ങളെ ബാങ്കിംഗ് നിയന്ത്രണ നിയമത്തിന്റെ പരിധിയിലാക്കി അവയുടെ സേവനം പാവപ്പെട്ടവർക്ക് നിഷേധിക്കുന്ന നടപടി കൊള്ളപ്പലിശക്കാരുടെ താല്പര്യം സംരക്ഷിക്കപ്പെടാൻ കാരണമാകുമെന്നതിനാൽ കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നീക്കത്തെ പ്രതിരോധിക്കാൻ നടപടി സ്വീകരിക്കുമോ?

ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ 2020-ൽ വരുത്തിയ ഭേദഗതിമൂലം BR Act-ലെ വ്യവസ്ഥകൾ മിക്കവയും സഹകരണ സംഘങ്ങൾക്ക് ബാധകമാക്കിയിട്ടുണ്ട്. 'സഹകരണം' ഒരു സംസ്ഥാന

വിഷയമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സഹകരണ നിയമം പാസ്സാക്കിയിട്ടുള്ളത്. എന്നാൽ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ നിയമത്തിന് വിരുദ്ധവും സഹകരണ സ്ഥാപനങ്ങളെ നിയമവിധേയമല്ലാതെ നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ടതാണ്. ബാങ്കിംഗ് നിയമത്തിൽ വരുത്തിയ മാറ്റങ്ങൾ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതാകയാൽ ടി ഭേദഗതികളെ സുപ്രീംകോടതിയിൽ ചോദ്യം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിച്ചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നതെന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്നും ആദായനികുതി ഈടാക്കണമെന്ന് കാണിച്ച് നികുതി വകുപ്പ് നോട്ടീസ് നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 2019-ൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പുമന്ത്രി എന്നിവർക്ക് ബഹുമാനപ്പെട്ട മുൻ സഹകരണ വകുപ്പുമന്ത്രി നേരിട്ട് നിവേദനം സമർപ്പിക്കുകയുണ്ടായി. എന്നാൽ അനുകൂല നടപടിയുണ്ടാകാത്തതിനാൽ

വീണ്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 194 N പ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്ന വിഷയത്തിൽ തുടർ നടപടികൾ ചർച്ച ചെയ്യാൻ സംസ്ഥാനത്തെ സഹകാരികളേയും വിഷയവിദഗ്ദ്ധരെയും പങ്കെടുപ്പിച്ച് ഒരു യോഗം സംഘടിപ്പിച്ചിരുന്നു. കൂടുതൽ ചർച്ചകൾക്കുശേഷം നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള സാധ്യത ആരായുന്നതിനും തുടർനടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പ്രസ്തുത നിയമത്തിനെതിരെ ഒരു റിട്ട് ഫയൽ ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. 2020-ലെ ഫിനാൻസ് ആക്ടിലൂടെ കേന്ദ്ര സർക്കാർ ആദായ നികുതി നിയമം 1961-ലെ 194 A വകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവിറക്കിയിരുന്നു. സംസ്ഥാന സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന ടി വകുപ്പിലെ വ്യവസ്ഥകളെ ചോദ്യം ചെയ്തുകൊണ്ട് നിയമ നടപടികൾ സഹകരണ സ്ഥാപനം സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ Multi State Co-operative Societies-ന്റെ പ്രവർത്തനം സുതാര്യമാക്കുന്നതിനായി സർക്കാർ ഇതിനകം ഇടപെടൽ നടത്തിയിട്ടുണ്ട്.

## സഹകരണ ചട്ടങ്ങളിൽ മാറ്റം

**5 (*35)** ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്ക് ഉൾപ്പെടെ വിവിധ സഹകരണ സംഘങ്ങളിൽ നടന്ന വായ്പാ തട്ടിപ്പുകളുടെ അടിസ്ഥാനത്തിൽ സഹകരണ ചട്ടങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ?

സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും, സഹകരണ രംഗത്ത് ഉയർന്നുവരുന്ന ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ രീതിയിലും സമഗ്ര നിയമ ഭേദഗതി വരുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. സമഗ്ര നിയമ പരിഷ്കരണത്തിനുള്ള കരട് ബിൽ തയ്യാറാക്കുന്നതിന് രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കരട് ഭേദഗതി നിർദ്ദേശങ്ങളിൽ

തുടർചർച്ചകൾ നടത്തി സഹകരണ സംഘം നിയമം ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എല്ലാ വായ്പാ സഹകരണ സംഘങ്ങളിലും പ്രൊഫഷണൽ ഡയറക്ടർമാരെ നിയമിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ?

കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 28 (1 ജി)-യിൽ സംഘത്തിന്റെ ഉപനിബന്ധനകളിൽ എന്തൊക്കെ പറഞ്ഞിരുന്നാലും, നിലവിൽ ഭരണത്തിലുള്ള കമ്മിറ്റിക്ക്, ബാങ്കിംഗ് മേഖല, ഭരണ കൈകാര്യം, സാമ്പത്തിക അല്ലെങ്കിൽ മറ്റ് മേഖലകളിലെ വിദഗ്ധർ, സഹകരണ മേഖലയുടെ പ്രവർത്തനങ്ങളുമായി പ്രവർത്തിച്ചും, ഏറ്റെടുത്തും നടത്തപ്പെട്ട രണ്ടുപേരെ ആ സംഘത്തിന്റെ കമ്മിറ്റിയിലേയ്ക്ക് തെരഞ്ഞെടുക്കാവുന്നതാണെന്നും, എന്നാൽ അപ്രകാരം തെരഞ്ഞെടുത്ത രണ്ടിൽ അധികരിക്കാത്ത അംഗങ്ങൾ ഉപവകുപ്പ് (1 എ)-യിൽ പറഞ്ഞിട്ടുള്ള പരിധിയിൽ അധികരിക്കാവുന്നതല്ലായെന്നും, എന്നാൽ അപ്രകാരം തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക്, സംഘത്തിലെ ഏതെങ്കിലും തെരഞ്ഞെടുപ്പിന് അപ്രകാരമുള്ള ഒരു അംഗമെന്ന നിലയിൽ വോട്ട് ചെയ്യുന്നതിനോ ഭരണ സമിതിയിലെ ഔദ്യോഗിക സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെടുവാനോ അവകാശമോ യോഗ്യതയോ

ഉണ്ടായിരിക്കുകയില്ലെന്നും സംഘത്തിൽ അപ്രകാരം തെരഞ്ഞെടുക്കുന്ന അംഗങ്ങൾ ഭരണസമിതിയിലുണ്ടെങ്കിലും, ഉപവകുപ്പ് (1എ)-യ്ക്ക് വിധേയമായി ഭരണ സമിതി അംഗങ്ങളുടെ എണ്ണത്തിൽപ്പെടുത്താവുന്നതല്ലായെന്നും നിലവിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

(സി) സഹകരണ സംഘങ്ങളിലൂടെയുള്ള വായ്പാ തട്ടിപ്പുകൾ തടയുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

സഹകരണ മേഖലയിൽ ക്രമക്കേട് കണ്ടെത്തുന്നതിനായി 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 65, 66 എന്നിവ പ്രകാരം അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്കെതിരെ സഹകരണ നിയമത്തിലെ വകുപ്പ് 68 പ്രകാരം നടപടി സ്വീകരിക്കുകയും കുറ്റക്കാർ സംഘം ജീവനക്കാരാണെങ്കിൽ ഉദ്യോഗതലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുകയും സംഘം ഭരണ സമിതി അംഗമാണെങ്കിൽ ചട്ടം 44 പ്രകാരം അംഗത്വത്തിൽ നിന്നും അയോഗ്യനാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും വകുപ്പ് 65, 66 എന്നിവ പ്രകാരം നടത്തുന്ന അന്വേഷണം/പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം വകുപ്പ് 32 പ്രകാരം ഭരണ സമിതിയെ പിരിച്ചുവിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും കൂടാതെ

ഗുരുതരമായ പണാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ ഐ.പി.സി.പ്രകാരം ശിക്ഷാർഹമാണെന്ന് കാണുന്ന പക്ഷം കുറ്റക്കാർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68 (എ) പ്രകാരം പ്രവർത്തിച്ചുവരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സത്വരമായ തുടർ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. സഹകരണ വിജിലൻസിലെ അന്വേഷണ ഉദ്യോഗസ്ഥരായ പോലീസ് ഉദ്യോഗസ്ഥർക്ക് സഹകരണ നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ പരിശീലനം നൽകി സഹകരണ വിജിലൻസ് സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ചില സഹകരണ സംഘങ്ങളിൽ മുക്കുപണ്ടങ്ങൾ ഉൾപ്പെടെയുള്ള സ്വർണ്ണപ്പണയ ക്രമക്കേടുകൾ കണ്ടെത്തിയ സാഹചര്യത്തിൽ ടി ക്രമക്കേടുകൾ തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സഹകരണ സംഘം

രജിസ്ട്രാർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങളുടെ ആഡിറ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട് കംപ്യൂട്ടറൈസ്ഡ് അക്കൗണ്ടുകൾ പരിശോധിക്കുന്നത് സംബന്ധിച്ചും സഹകരണ സംഘം രജിസ്ട്രാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ജോയിന്റ് രജിസ്ട്രാർമാരും അസിസ്റ്റന്റ് രജിസ്ട്രാർമാരും യൂണിറ്റ് ഇൻസ്പെക്ടർമാരും തങ്ങളുടെ അധികാരപരിധിയിൽപ്പെട്ട സഹകരണ സംഘങ്ങളിൽ നടത്തിവരുന്ന ആകസ്മിക/വിശദ പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. ടി ഉദ്യോഗസ്ഥർ തങ്ങളുടെ അധികാരപരിധിയിൽ പ്രത്യേക വിശദ പരിശോധനകളും നടത്തി വരുന്നു. സഹകരണ ആഡിറ്റ് വിഭാഗത്തെ ശക്തമാക്കുന്നതിനും സഹകരണ സംഘങ്ങളുടെ ആഡിറ്റ് കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആഡിറ്റിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾ സ്പെഷ്യൽ റിപ്പോർട്ട് സഹിതം ഭരണ വിഭാഗത്തെ അറിയിക്കുന്നതിനും ആഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ചും സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതോടൊപ്പം സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ വർദ്ധിച്ചുവരുന്ന സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനായി സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ

ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലുമാണ്.

## ജി.എസ്.ടി. നഷ്ടപരിഹാരം

**6 (*36)** ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. അനവധാനതയോടെ നടപ്പിലാക്കിയതും യുക്തിരഹിതമായ നികുതി നിരക്ക് നിർണ്ണയവും സംസ്ഥാന വരുമാനത്തെ പ്രതികൂലമായി ബാധിക്കുകയും കോവിഡ് ഉൾപ്പെടെയുള്ള ആകസ്മികതകൾ ചെലവ് വർദ്ധിപ്പിക്കുകയും ചെയ്തത് സംസ്ഥാന ധനസ്ഥിതിക്ക് ഏല്പിച്ച ആഘാതം അതിജീവിക്കുന്ന തരത്തിലാണോ സാമ്പത്തിക തന്ത്രം ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും യുക്തിരഹിതമായ നികുതി നിരക്ക് നിർണയവും ചരക്ക്

സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻകാലങ്ങളിൽനിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറക്കുന്നതും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടരുന്ന നിസ്സംഗതയും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. ജി.എസ്.ടി നികുതിനിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5 ശതമാനമോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ജി.എസ്.ടി.-യുടെ തുടക്കത്തിൽ ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതിനിരക്ക് 28% (എസ്.ജി.എസ്.ടി 14%) ആയാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ, ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതിനിരക്കിൽ ഗണ്യമായ

കുറവ് പിന്നീട് വരുത്തുകയുണ്ടായി. 28% നികുതി നിരക്കുണ്ടായിരുന്ന ഭൂരിഭാഗം ചരക്കുകളുടെയും നികുതി നിരക്ക് 9%, 6% എന്നിവയായി കുറവ് ചെയ്യുകയുണ്ടായി. ഇതും ചരക്ക് സേവന നികുതിയിൽ സംസ്ഥാനം പ്രതീക്ഷിച്ച നികുതി വരുമാനം ലഭ്യമാകാത്ത സാഹചര്യത്തിന് ഇടയാക്കി. സാമ്പത്തിക പരിമിതികൾ ഉണ്ടായിരുന്നിട്ടും മഹാമാരിയുടെ കാലത്ത് ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു. സാമൂഹ്യ, സാമ്പത്തിക, ആരോഗ്യക്ഷേമ മേഖലകളിൽ നടപ്പിലാക്കിയ വിവിധ പാക്കേജുകളിലൂടെയും സഹായങ്ങളിലൂടെയും സാധാരണ ജനജീവിതം സാദ്ധ്യമാക്കുവാൻ ശ്രമിച്ചിരുന്നു. ഇത് പൊതു ചെലവഴിക്കലിൽ വൻ വർദ്ധനവിന് ഹേതുവായി. മേൽ പ്രസ്താവിച്ച പ്രതികൂല സാഹചര്യങ്ങളും കോവിഡിന്റെ പശ്ചാത്തലത്തിൽ നിർവ്വഹിച്ച അധിക ചെലവുകളും സൃഷ്ടിച്ച സാമ്പത്തിക ഞെരുക്കം നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടുമുള്ള സാമ്പത്തിക തന്ത്രം വിഭാവനം ചെയ്താണ് നേരിട്ട്പോരുന്നത്. ഇതോടൊപ്പം സമ്പദ്‌വ്യവസ്ഥ വളർച്ചയുടെ പാതയിലേയ്ക്ക് തിരികെ കൊണ്ടുവരുന്നതിനും വളർച്ചയുടെ ഗതിവേഗം

ത്വരിതപ്പെടുത്തുന്നതിനും 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, കോവിഡ് പ്രതിരോധ കുത്തിവയ്പ്പിന്റെ വേഗം വർദ്ധിപ്പിക്കൽ, ധനപരമായ ഏകീകരണ നടപടികൾ, വിവിധ മേഖലകൾക്കുള്ള പിന്തുണ പദ്ധതികൾ, സാമൂഹിക സുരക്ഷാ വല വിപുലീകരണം, അധിക മൂലധന ചെലവുകൾ അടക്കമുള്ള വിവിധതല സ്പർശിയായ നടപടികൾ വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) ജി.എസ്.ടി. നഷ്ടപരിഹാര തുക 1500 കോടിയോളം കുടിശ്ശികയായതും കേന്ദ്ര സർക്കാർ കടമെടുപ്പ് പരിധി കുറച്ചതും പ്രതിസന്ധി സൃഷ്ടിക്കാനിടയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ചരക്ക് സേവന നികുതി നഷ്ടപരിഹാരം ഇനത്തിൽ 2017-18-ൽ 57.32 കോടിയും, 2018-19 ൽ 25.79 കോടിയും ലഭിക്കാനുണ്ട്. 2019-20-ൽ 11.40 കോടി രൂപ അധികം ലഭിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറൽ കേരള സമർപ്പിക്കുന്ന അന്തിമ കണക്കുകൾ പ്രകാരമാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നും കോമ്പൻസേഷന്റെ പൂർണമായ സെറ്റിൽമെന്റ് ലഭിക്കുന്നത്. എന്നാൽ 2020-21, 2021-22 സാമ്പത്തിക വർഷം നിലവിലെ കോവിഡ് സാഹചര്യവും കോമ്പൻസേഷൻ സെസ്സ് വരുമാനത്തിലുണ്ടായ കുറവും കാരണം സംസ്ഥാനങ്ങൾക്ക് കൃത്യമായ

നഷ്ടപരിഹാരം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ, 41-ാമത് ജി.എസ്.ടി. കൗൺസിൽ തീരുമാന പ്രകാരം കേന്ദ്രം പൊതുവിപണിയിൽ നിന്നും കടമെടുത്ത് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചു. ഈ രീതിയിൽ കേരളത്തിന് 2020-21 സാമ്പത്തിക വർഷം 5766.00 കോടി രൂപയും 2021-22 സാമ്പത്തിക വർഷം ജനുവരി വരെ 8739.31 കോടി രൂപയും ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ ലഭിക്കാനുള്ള ബാക്കി തുകയുടെ വിവരം ചുവടെ ചേർക്കുന്നു. കേന്ദ്ര സർക്കാർ 2022-23-ൽ ധനകമ്മി ജി.ഡി.പി.-യുടെ 6.4 ശതമാനമാകുമെന്നാണ് കണക്കാക്കിയിരുന്നത്. (2021-22-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഇത് 6.8 ശതമാനവും 2020-21-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഇത് 3.5 ശതമാനമായിരുന്നു). കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് 2021-22-ൽ സംസ്ഥാനത്തിന്റെ ധനകമ്മി 4.5 ശതമാനമാക്കാനും 2022-23-ൽ സംസ്ഥാനത്തിന് ഇത് 4.0 ശതമാനമാക്കിയും കുറച്ചുകൊണ്ടുവന്ന് 2025-26-ഓടെ 3.0 ശതമാനത്തിലെത്തിക്കണമെന്നാണ് നിബന്ധന. 2020-21-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ജി.എസ്.ഡി.പി.-യുടെ 3.5 ശതമാനമായിരുന്ന കേന്ദ്ര

കടമെടുപ്പ് പരിധി 2021-22-ൽ 6.8 ശതമാനമാക്കിയപ്പോൾ അതേ സമയം സംസ്ഥാനത്തിന് അനുവദിച്ച 4.5 ശതമാനം വായ്പാ പരിധിയിൽ 0.50 ശതമാനം മൂലധന ചെലവിന്റെ ലക്ഷ്യം കൈവരിക്കണമെന്ന നിബന്ധനയോടും 0.50 ശതമാനം ഊർജ്ജമേഖലയിലെ പരിഷ്കാരങ്ങൾക്ക് വിധേയമായിട്ടുമാണ് അനുവദിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ ധനകമ്മി 6 ശതമാനത്തിനുമേൽ നിലനിർത്തുമ്പോൾ സംസ്ഥാനങ്ങളുടെ ധനകമ്മി 3 ശതമാനമായി നിയന്ത്രിക്കുന്നു. നിബന്ധനകളൊന്നും ഇല്ലാതെ തന്നെ കേന്ദ്രസർക്കാരിന് കടമെടുക്കാൻ സാധിക്കുന്നു. എന്നാൽ സംസ്ഥാനങ്ങൾക്ക് കർക്കശമായ നിബന്ധനകൾക്ക് വിധേയമായി മാത്രമേ കടമെടുപ്പ് പരിധി അനുവദിച്ച് നൽകുന്നുള്ളൂ. കേന്ദ്ര സർക്കാർ പിന്തുടരുന്ന മേൽ പ്രതിപാദിത പ്രതികൂല സമീപനങ്ങൾ കോവിഡിന്റെ പശ്ചാത്തലത്തിൽ വിഭവ സമാഹരണം ദുർബലപ്പെട്ട സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യവസ്ഥയെ കൂടുതൽ പ്രതിസന്ധിയിലാക്കി.

(സി) കോവിഡുമൂലമുള്ള അടച്ചുപൂട്ടൽ സാമ്പത്തിക പ്രവർത്തനങ്ങളെ മന്ദീഭവിപ്പിച്ചത് പൂർവ്വസ്ഥിതിയിലേയ്ക്കെത്താത്ത സാഹചര്യത്തിൽ നികുതി, നികുതിയേതര വരുമാന വർദ്ധനവ് എത്ര തോതിൽ സാധ്യമാണ്;

പ്രതിസന്ധിക്കിടയിലും ശമ്പള-പെൻഷൻ പരിഷ്കരണം വൈകിപ്പിക്കാതെ യഥാസമയം നടപ്പിലാക്കാനായിട്ടുണ്ടോയെന്നറിയിക്കുമോ?

കോവിഡ് മഹാമാരിയുടെ തുടർച്ചയായ ഇടവേളകളിലെ തരംഗങ്ങൾ സമ്പദ് വ്യവസ്ഥയുടെ സമസ്ത മേഖലകളെയും നിശ്ചലമാക്കുകയും പുനരുജ്ജീവനം ഒരു പരിധിവരെ അസാദ്ധ്യമാക്കുകയും ചെയ്തിരുന്നു. സാമ്പത്തിക പ്രവർത്തനങ്ങൾ മന്ദീഭവിച്ചത് ദൈനംദിന ജീവിതത്തെയും ജീവനോപാധികളെയും, സർക്കാർ സാദ്ധ്യമായ നടപടികളും പിന്തുണകളും സ്വീകരിച്ചുവെങ്കിലും, അങ്ങേയറ്റം ഗുരുതരമായി ബാധിച്ചുവെന്നത് വസ്തുതയാണ്. അത്തരമൊരു സാഹചര്യത്തിൽ സർക്കാരിൽ നിലവിൽ നിക്ഷിപ്തമായ നികുതി അധികാരം ഉപയോഗിച്ച് വർദ്ധിപ്പിക്കുവാൻ സാധിക്കുന്ന മേഖലകളിൽ നികുതി നിരക്ക് ഗണ്യമായി വർദ്ധിപ്പിക്കുന്നത് അഭിലഷണീയമല്ല. പക്ഷേ അത്തരമൊരു ബുദ്ധിമുട്ട് നേരിട്ട ഘട്ടത്തിലും സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണവും പെൻഷൻകാരുടെ പെൻഷൻ പരിഷ്കരണവും അഞ്ച് വർഷത്തിലൊരിക്കൽ എന്ന പ്രഖ്യാപിത നയത്തിനനുസൃതമായി നടപ്പിലാക്കിയിരുന്നു.

**കേരള ബാങ്കിന്റെ വിപുലീകരണം**

**7 (*37)** ശ്രീ. എം. വിജിൻ:
ഡോ. കെ. ടി. ജലീൽ:

ശ്രീമതി ഒ. എസ്. അംബിക:

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏറ്റവും വലിയ ബാങ്കാക്കി കേരള ബാങ്കിനെ വളർത്തിയെടുക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരള സംസ്ഥാന സഹകരണ ബാങ്കും 13 ജില്ലാ സഹകരണ ബാങ്കുകളും 29-11-2019-ൽ ലയിച്ച് കേരള ബാങ്ക് രൂപീകൃതമായപ്പോൾ നിക്ഷേപത്തിലും വായ്പയിലും മൂലധനത്തിലും വർദ്ധനവുണ്ടാകുകയുണ്ടായി. സമൂഹത്തിലെ എല്ലാത്തരം ജനവിഭാഗത്തിന്റെയും നിക്ഷേപ ആവശ്യങ്ങൾ നിറവേറ്റാൻ ഉതകുന്ന രീതിയിലുള്ള വിവിധതരം നിക്ഷേപ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 2019-20-ൽ 61037.59 കോടി രൂപയായിരുന്ന നിക്ഷേപം 2020-21-ൽ 66731.61 കോടി രൂപയായി വർദ്ധിപ്പിക്കാൻ കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. ഈ നിക്ഷേപത്തിൽ 13.51% CASA നിക്ഷേപമാണ്. സ്വയം സഹായ സംഘങ്ങൾക്കും (SHG), കൂട്ടുബാദ്ധ്യത സംഘങ്ങൾക്കും (JLG) വേണ്ടി Micro Finance Scheme-ൽ

മുഖ്യമന്ത്രിയുടെ സഹായഹസ്തം പദ്ധതിയിലൂടെ 121.10 കോടി രൂപ നൽകുകയുണ്ടായി. പ്രവാസികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും 4% പലിശ നിരക്കിൽ 11.70 കോടി രൂപ സ്വർണ്ണപണയ വായ്പയായി നൽകിയിട്ടുണ്ട്. കൂടാതെ പ്രവാസി കിരൺ പദ്ധതിയിൽ 8.62 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. പുതിയ തൊഴിൽ സംരംഭകർക്കും, വിദഗ്ധ തൊഴിലാളികൾക്കും, ചെറുകിട വ്യാപാരികൾക്കും, കരാർ സേവനദാതാക്കൾക്കും, ടൂറിസം മേഖലയിലെ സംരംഭകർക്കും, ഹോട്ടൽ റെസ്റ്റോറന്റ് ഉടമകൾക്കും, ഭൂവികസനത്തിനുള്ള ഉപകരണങ്ങളുടെ operator/ഉടമകൾക്കും, ചെറുകിട നാമമാത്ര കർഷകർക്കും പ്രയോജനപ്രദമായ MSME വായ്പാ പദ്ധതികൾ ബാങ്ക് നടപ്പിലാക്കി വരുന്നു. നബാർഡിന്റെ ധനസഹായത്തോടെ 2020-21 കാലഘട്ടത്തിൽ 2000 കോടി രൂപ സ്പെഷ്യൽ ലിക്വിഡിറ്റി ഫണ്ട് (SLF) സംസ്ഥാനത്തെ കാർഷിക സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2021-22 കാലഘട്ടത്തിൽ 1670 കോടി രൂപ ഈ ഇനത്തിൽ വിതരണം ചെയ്യുന്നുണ്ട്. കേരള ബാങ്ക് രൂപീകരിച്ചശേഷം സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഉതകുന്ന രൂപത്തിൽ പലവിധത്തിലുള്ള CASA (കറണ്ട്/സേവിംഗ്സ് അക്കൗണ്ടുകൾ) ആരംഭിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ

ചേർക്കുന്നു. KB സീനിയർ സിറ്റിസൺ സേവിംഗ്സ്, KB വനിതാ സേവിംഗ്സ്, KB യംഗ് സേവിംഗ്സ്, KB മൈനർ സേവിംഗ്സ്, KB സഹായം സേവിംഗ്സ്, KB പെൻഷണർ സേവിംഗ്സ്, KB കുടുംബം സേവിംഗ്സ്, KB ഫ്രീഡം സേവിംഗ്സ് (PACS) കേരള ബാങ്ക് താഴെപ്പറയുന്ന വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. 1) KB MSME 2) KB Suvidha 3) KB Yuvamitra – സൂക്ഷ്മ-ചെറുകിട - ഇടത്തര സംരംഭങ്ങൾക്കുള്ള വായ്പാ പദ്ധതി.

2. KB LT Agricultural- കാർഷിക മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ദീർഘകാല വായ്പ.

3. (1) KB Home Loan - ഭവന നിർമ്മാനത്തിനും അറ്റകുറ്റ പണിക്കുമുള്ള വായ്പ.

(2) KB Housing Loan (PMAY) - പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി പ്രകാരം സബ്സിഡിയോടുകൂടിയുള്ള ഭവന വായ്പ

(3) KB Suvidha Home - കുറഞ്ഞ വരുമാനക്കാർക്കുള്ള ഭവന വായ്പാ പദ്ധതി.

4. KB Pravasi Kiran - പ്രവാസികൾക്ക് സംരംഭങ്ങൾ തുടങ്ങുവാനുള്ള വായ്പ പദ്ധതി.

5. KB Kissan Mithra - ഹ്രസ്വകാല ആവശ്യങ്ങൾക്കുള്ള കാർഷിക വായ്പ.

6. KB Suvega - കൃഷികാർക്കും സർക്കാർ ജീവനക്കാർക്കും വേണ്ടിയുള്ള വാഹന വായ്പ പദ്ധതി.

7. KB Sahaja - സ്ത്രീകൾക്ക് മാത്രമായി സ്വയം സഹായ സംഘങ്ങൾ വഴി നൽകുന്ന വായ്പ പദ്ധതി.

8. KB Pension - പെൻഷൻകാർക്ക് വേണ്ടിയുള്ള വായ്പ.

9. KB Tourism - ടൂറിസം മേഖലയിലെ സംരംഭങ്ങൾക്കുള്ള വായ്പ പദ്ധതി.

10. SAF - മത്സ്യമേഖലയിലുള്ള വ്യക്തികൾക്ക് മാത്രമായി സ്വയം സഹായ സംഘങ്ങൾ വഴി നൽകുന്ന വായ്പ.

11. AIF - കാർഷിക മേഖലയിലെ വിളവെടുപ്പിനുശേഷമുള്ള ആവശ്യങ്ങൾക്കായി നൽകുന്ന വായ്പ.

12. KB Suvidha Plus - കോവിഡ് പ്രതിസന്ധിയിൽ സാധാരണക്കാരന്റെയും കർഷകന്റെയും വരുമാനം വർദ്ധിപ്പിക്കുന്നതിന് നൽകുന്ന വായ്പ.

13. PM SVANidhi - വഴിയോര കച്ചവടക്കാർക്കുള്ള പ്രത്യേക വായ്പ പദ്ധതി (10,000/- രൂപ വരെ).

14. ഭക്ഷ്യ സംസ്കരണ സൂക്ഷ്മ വ്യവസായ വായ്പ - അസംഘടിത ഭക്ഷ്യ സംസ്കരണ മേഖലയുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി. നിലവിൽ ബാങ്കിന്റെ 769 ശാഖകൾക്കും RBI-യുടെ ലൈസൻസ് ലഭിച്ചിട്ടുണ്ട്. ബാങ്കിന് തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണസമിതി 27-11-2020 മുതൽ പ്രവർത്തിക്കുന്നു. കൂടാതെ വിവിധ മേഖലയിലുള്ള പ്രഗത്ഭരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ബോർഡ് ഓഫ് മാനേജ്മെന്റ് നിലവിലുണ്ട്. ബാങ്കിന്റെ പ്രവർത്തനത്തിനാവശ്യമായ റിക്കവറി കമ്മിറ്റി, ഡിസിപ്ലിനറി കമ്മിറ്റി, ഇൻവെസ്റ്റ്മെന്റ് കമ്മിറ്റി, Branch Rationalization committee, Credit Approval Committee, Asset Liability Committee, Risk Management Committee, Audit Sub Committee, Purchase Committee തുടങ്ങിയ കമ്മിറ്റികൾ ബാങ്കിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തി നിയന്ത്രിക്കുന്നു. കൂടാതെ ജീവനക്കാരുടെ കാര്യക്ഷമത

വർദ്ധിപ്പിക്കുന്നതിനായി വിവിധതരം പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ബാങ്കിന്റെ പ്രവർത്തനം നിരന്തരം വിലയിരുത്തി, ബാങ്കിനെ ആധുനിക നിലവാരത്തിലുള്ള ബാങ്ക് ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) കേരള ബാങ്കിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതോടൊപ്പം സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ നൂതന സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കാമോ?

ഏകീകൃത കോർ ബാങ്കിങ് സംവിധാനം നടപ്പിൽ വരുന്നതോടുകൂടി RTGS/NEFT, Mobile Banking, IMPS(Immediate Payment System), Internet Banking, UPI (Unified Payment Interface), BBPS (Bharat Bill Payment System), CTS(Cheque Truncation System), ATM, Micro ATM, FASTag, AEPS (Aadhaar Enabled Payment System), E-KYC, CKYC, PFMS (Public Finance Management System), DMR (Digital Member Register), NACH (National Automated Clearing House) മുതലായ ഡിജിറ്റൽ സേവനങ്ങളെല്ലാം കേരള ബാങ്കിലൂടെ നൽകി ന്യൂജനറേഷൻ ബാങ്കുകളോട് കിടപിടിക്കുന്ന തരത്തിലുള്ള സേവനങ്ങൾ

ലഭ്യമാക്കുന്നതിന് പദ്ധതിയുണ്ട്. നിലവിൽ കേരള ബാങ്കിൽ RTGS/NEFT, Mobile Banking, IMPS(Immediate Payment System), ATM, Micro ATM, NACH (National Automated Clearing House) മുതലായ ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാണ്. ഏകീകൃത സോഫ്റ്റ്‌വെയറിനുവേണ്ടിയും Digital Channel-കൾ നടപ്പിലാക്കുന്നതിനുമായി കേരള ബാങ്ക് രണ്ട് വെണ്ടർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. എല്ലാ ആധുനിക സൗകര്യങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിന്റെ പ്രവർത്തനങ്ങൾ ആധുനികീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയ സമിതി അവയെ കേരള ബാങ്കിൽ ലയിപ്പിക്കുന്നതിന് ശിപാർശ നൽകിയിട്ടുണ്ടോ; പ്രസ്തുത സമിതിയുടെ മറ്റു പ്രധാന ശിപാർശകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ പ്രവർത്തനം കാലഘട്ടത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ച് പരിഷ്കരിക്കുന്നതിനും ബാങ്കിനെ പുനഃക്രമീകരിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു ഉന്നതതല സമിതി രൂപീകരിച്ചിരുന്നു.

പ്രസ്തുത സമിതി റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശുപാർശകൾ ഗവൺമെന്റ് പരിശോധിച്ച് വരികയാണ്.

**കോവിഡ് സൃഷ്ടിച്ച സാമ്പത്തിക മാന്ദ്യം**

**8 (*38)** ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് സൃഷ്ടിച്ച സാമ്പത്തിക മാന്ദ്യം മറികടക്കുവാൻ സംസ്ഥാനം കേന്ദ്ര സർക്കാരിനോട് പ്രത്യേക പാക്കേജ് ആവശ്യപ്പെട്ടിരുന്നോ?

കോവിഡ് മഹാമാരിയെ തുടർന്നുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായും സംസ്ഥാന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിനായും കേന്ദ്ര ബജറ്റിൽ പ്രത്യേക സഹായ പാക്കേജുകൾ ഉൾപ്പെടുത്താൻ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായിട്ടുള്ള (Pre -Budget Speech) യോഗത്തിൽ ധനകാര്യ മന്ത്രി ആവശ്യപ്പെട്ടിരുന്നു. കൂടാതെ, സംസ്ഥാനങ്ങളുടെ സമ്പദ്

വ്യവസ്ഥയ്ക്ക് പൊതുവിൽ ഗുണകരമാവുന്ന ചില നടപടികളും കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി മുന്നോട്ടുവച്ചിരുന്നു. കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനം കേന്ദ്ര സർക്കാരിന്റെ മുമ്പാകെ സമർപ്പിച്ച പ്രധാനപ്പെട്ട ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.

സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കൈക്കൊണ്ട ഉത്തേജന നടപടികളെ വേണ്ടവിധം പിന്തുണയ്ക്കുന്നതിനായി ഒരു പ്രത്യേക ഉത്തേജന പാക്കേജ് കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിക്കുക. കോവിഡ് -19 കാരണം മടങ്ങി വരുന്ന പ്രവാസികൾക്ക് പ്രത്യേക പാക്കേജ് ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കുക. കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള സംസ്ഥാന വിഹിതത്തിൽ (inter se share) ഉണ്ടായിട്ടുള്ള കുറവ് നിമിത്തം വരുമാനത്തിലുണ്ടായ നഷ്ടം നികത്തൽ. പെട്രോൾ-ഡീസൽ സെസ്സും സർചാർജ്ജും യുക്തി സഹമാക്കുക. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി വിദേശ ഏജൻസികളിൽ നിന്ന് കേന്ദ്ര സർക്കാർ മുഖേന ലഭ്യമാക്കുന്ന ബാഹ്യ സഹായ പദ്ധതികൾക്കുള്ള (Externally Aided Projects) വായ്പകൾ നടപ്പുസാമ്പത്തിക വർഷത്തിലേയ്ക്കും അടുത്ത രണ്ട് വർഷത്തേക്കും സംസ്ഥാനത്തിന്റെ വായ്പാ

പരിധിക്ക് പുറത്ത് അനുവദിക്കുക. കേന്ദ്രവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം വർദ്ധിപ്പിക്കുക. 60:40 അനുപാതത്തിൽ നടപ്പിലാക്കുന്ന National Health Mission 100% കേന്ദ്രാവിഷ്കൃത പദ്ധതിയാക്കുക. സംസ്ഥാനത്തിന്റെ മുൻനിര പദ്ധതികളായ സിൽവർലൈൻ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് പിന്തുണയും അനുമതിയും നൽകുക. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി പ്രത്യേക ധനസഹായം നൽകുക. സംസ്ഥാനത്തിന്റെ മേൽ നിർദ്ദേശങ്ങളൊന്നുംതന്നെ കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ പരിഗണിച്ചിട്ടില്ല.

(ബി) ജി.എസ്.ടി.യിലൂടെ സംസ്ഥാനങ്ങളുടെ നികുതി നിർണ്ണയാധികാരം കേന്ദ്രസർക്കാർ കവർന്നെടുത്ത സാഹചര്യത്തിൽ 14 ശതമാനം വർദ്ധനവ് കണക്കാക്കി നികുതി നഷ്ടം നികത്തുന്നത് തുടരണമെന്ന് ആവശ്യപ്പെട്ടത് അംഗീകരിച്ചിട്ടുണ്ടോ?

കോവിഡ് മഹാമാരി സംസ്ഥാനത്തിന്റെ ജി.എസ്.ടി. മുഖേനയുള്ള റവന്യൂ വരുമാനത്തെ ഗുരുതരമായി ബാധിച്ചതും കേന്ദ്രം ജി.എസ്.ടി. നഷ്ടപരിഹാരം അനുവദിക്കുന്നതിലെ കാലതാമസം കാരണം സംസ്ഥാനങ്ങൾക്ക് പലിശ ചെലവുള്ള ഹ്രസ്വകാല വായ്പകൾ എടുക്കേണ്ടിവന്നതുമൂലമുള്ള പ്രതിസന്ധി മറികടക്കാനും ജി.എസ്.ടി.

നഷ്ടപരിഹാരം 5 വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കാൻ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായിട്ടുള്ള (Pre -Budget Speech) യോഗത്തിൽ ധനകാര്യമന്ത്രി ആവശ്യപ്പെട്ടിരുന്നു. എന്നാൽ, സംസ്ഥാനത്തിന്റെ ഈ ആവശ്യം കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ പരിഗണിച്ചിട്ടില്ല.

(സി) ഭക്ഷ്യ സബ്സിഡിയും തൊഴിലുറപ്പ് പദ്ധതിക്കായി നീക്കിവച്ച തുകയും വെട്ടിക്കുറച്ചതും മാന്ദ്യ അതിജീവന പാക്കേജ് ഇല്ലാത്തതും സംസ്ഥാനത്തെ ജനങ്ങളുടെ അതിജീവനം കൂടുതൽ ദുഷ്കരമാക്കാനിടയുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഭക്ഷ്യ സബ്സിഡി മുൻ സാമ്പത്തിക വർഷത്തെ യഥാർത്ഥ കണക്കായ 5,41,330 കോടി രൂപയിൽനിന്ന് നടപ്പ് സാമ്പത്തിക വർഷം 2,86,469 കോടി രൂപയായി കുറയുമെന്ന് കണക്കാക്കപ്പെടുന്നു. 2022-23 ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഭക്ഷ്യ സബ്സിഡിക്കായി വകയിരുത്തിയിട്ടുള്ള 2,06,831.09 കോടി രൂപ 2021-22 പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് തുകയേക്കാൾ 27.80 ശതമാനം കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2021-22-ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 98,000 കോടി

രൂപയാണ് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി നീക്കിവച്ചതെങ്കിലും 2022-23-ൽ ഇത് 73000 കോടി രൂപയായി വെട്ടികുറച്ചിട്ടുണ്ട്. ഇത് കാരണം പദ്ധതി വഴി സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടാവുന്ന ആകെ തൊഴിൽ ദിനങ്ങളുടെ എണ്ണത്തിൽ കുറവ് വരാൻ സാധ്യതയുണ്ട്. മഹാമാരിയുടെ സാഹചര്യത്തിൽ പ്രവാസികളുടെ തിരിച്ചുവരവും അസംഘടിത മേഖലയുടെ തകർച്ചയും ഭീമമായ തൊഴിൽ നഷ്ടവും നേരിടുന്ന സാഹചര്യത്തിൽ ഭക്ഷ്യ സബ്സിഡിയും മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി തുകയും വെട്ടികുറച്ചത് സംസ്ഥാനത്തെ ജനജീവിതത്തെയും തൊഴിലില്ലായ്മയെയും കൂടുതൽ ഗുരുതരമാക്കാൻ സാധ്യതയുണ്ട്.

(ഡി) സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടാത്ത നികുതി വീണ്ടും വർദ്ധിപ്പിക്കുന്നതും കേന്ദ്രസർക്കാർ ധനകമ്മി ജി.ഡി.പി.-യുടെ 6.4 ശതമാനമായി നിലനിർത്തിയിരിക്കുമ്പോൾ സംസ്ഥാനങ്ങളുടെ ധനകമ്മി ജി.എസ്.ഡി.പി. യുടെ 4 ശതമാനത്തിൽ താഴെയായി നിലനിർത്തണമെന്ന നിർദ്ദേശവും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ എത്തരത്തിൽ ബാധിക്കാനിടയുണ്ടെന്ന് അറിയിക്കാമോ?

കോവിഡുമൂലമുണ്ടായ വരുമാന നഷ്ടവും കേന്ദ്ര നൽകുന്ന വിഹിതത്തിലെ കുറവുംമൂലം സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. സംസ്ഥാനങ്ങൾക്ക് വിഭജനം ചെയ്യുന്ന നികുതി വിഹിതത്തിൽപ്പെടുന്ന പ്രത്യക്ഷ നികുതിക്ക് ഇളവ് നൽകുകയും അതിൽപ്പെടാത്ത സെസ്സിലൂടെയും സർച്ചാർജ്ജിലൂടെയും ഗണ്യമായി വരുമാനം വർദ്ധിപ്പിക്കുകയും വിഭജനം ചെയ്യപ്പെടാത്ത അധികമായി ചുമത്തുന്ന എക്സൈസ് ഡ്യൂട്ടി പോലുള്ള നികുതി വർദ്ധിപ്പിക്കുകയും ചെയ്യുന്നതും കേന്ദ്ര സർക്കാരിന്റെ രീതിയാണ്. ഇത് സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വിഹിതത്തിൽ ഗണ്യമായ കുറവുണ്ടാക്കുന്നുണ്ട്. ആയതിനാൽ സംസ്ഥാനങ്ങൾക്ക് വിഭവങ്ങൾ നൽകുന്നതിന് കേന്ദ്ര സർക്കാർ കൊണ്ടുവന്ന നയത്തിൽ വന്ന മാറ്റമാണ് സംസ്ഥാന സർക്കാരിനെ സാമ്പത്തിക ബുദ്ധിമുട്ടിലേയ്ക്ക് തള്ളിവിടുന്നത്. കേന്ദ്ര സർക്കാരിന്റെ ധനകമ്മി 6 ശതമാനത്തിനുമേൽ നിലനിർത്തുമ്പോൾ സംസ്ഥാനങ്ങളുടെ ധനകമ്മി 3 ശതമാനമായി നിയന്ത്രിക്കുന്നു. മാത്രമല്ല, കർക്കശമായ നിബന്ധനകൾക്ക് വിധേയമായിട്ടാണ് സംസ്ഥാനങ്ങൾക്ക് വായ്പാപരിധി ഉയർത്തി നൽകുന്നത്. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് സാമ്പത്തിക-സാമൂഹ്യ-ആരോഗ്യ ക്ഷേമ മേഖലകളിൽ

നടപ്പിലാക്കിയിട്ടുള്ള പാക്കേജുകളും സഹായങ്ങളും കാരണം സംസ്ഥാനത്തിന്റെ ചെലവഴിക്കൽ പലമടങ്ങായി വർദ്ധിച്ചിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ധനവിനിയോഗം കേന്ദ്ര സർക്കാരിനെക്കാൾ കൂടുതലായതിനാൽ കേന്ദ്ര സർക്കാരിന്റെ നയമാറ്റത്തിലൂടെയുള്ള ഇത്തരം സമീപനം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

## സഹകരണ ലോണുകളിലെ തിരിച്ചടവിന് സാവകാശം

**9 (*39)** ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പ്ുമന്ത്രി (ശ്രീ. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സഹകരണ സംഘങ്ങൾ വഴി നൽകിയിട്ടുള്ള വിവിധ ലോണുകൾക്ക് തിരിച്ചടവിൽ സാവകാശം അനുവദിക്കുവാൻ നടപടി ഉണ്ടാകുമോ?

നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാനത്ത് കോവിഡ് 19 രോഗബാധ ഉണ്ടായതിനെ തുടർന്ന് വിവിധ മേഖലകളിൽ കനത്ത

സാമ്പത്തിക പ്രതിസന്ധി ഉണ്ടായ പശ്ചാത്തലത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശ പ്രകാരം എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 01/03/2020 മുതൽ 31/08/2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന സഹകരണ ബാങ്ക് വഴി റിസർവ് ബാങ്ക് നിബന്ധനകൾക്ക് വിധേയമായി അർഹമായ വായ്പകൾക്ക് മോറട്ടോറിയം റീസ്ട്രക്ച്ചറിംഗ് എന്നിവ 2021 ഡിസംബർ മാസം വരെ അനുവദിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുതലായ സ്ഥാപനത്തിൽനിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, ക്ഷീരവികസനവും, മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2021 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സാമ്പത്തിക മാന്ദ്യം നേരിടാൻ സഹകരണ സ്ഥാപനങ്ങൾ വഴി കൂടുതൽ ലോണുകൾ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സാമ്പത്തിക മാന്ദ്യം നേരിടാൻ കേരള സംസ്ഥാന സഹകരണ ബാങ്ക് വഴി വ്യക്തികളുടെ

വരുമാന വർദ്ധനവിനായി വിവിധ തരത്തിലുള്ള വായ്പകൾ നിലവിൽ അനുവദിക്കുന്നുണ്ട്. കൂടാതെ സംരംഭങ്ങൾ തുടങ്ങുന്നതിനും, പുനരുജ്ജീവിപ്പിയ്ക്കുന്നതിനും വായ്പകൾ അനുവദിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും വിവിധ സാമ്പത്തിക പാക്കേജുകൾ പ്രയോജനപ്പെടുത്തി MSME, കാർഷിക വായ്പ, കാർഷിക അനുബന്ധ വായ്പകൾ എന്നിവയും നൽകി വരുന്നു. ഇതിനുപുറമേ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി വിവിധ തരത്തിലുള്ള വായ്പ എടുത്തിട്ടുള്ളവർക്ക് വായ്പ തുകയുടെ 25% വരെ പുതിയ വായ്പയായി (കോവിഡ് സുരക്ഷ) അനുവദിക്കുന്നു. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് NABARD-ൽനിന്നും പുനർ വായ്പ ലഭിക്കുന്നത് അനുസരിച്ചാണ് വായ്പ വിതരണം ചെയ്യുന്നത്. പുനർ വായ്പ ലഭിക്കുന്നതിന് അനുസരിച്ച് കൂടുതൽ ലോണുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കെ.എസ്.ഇ.ബി.യിലെ ആധുനീകരണ പ്രവർത്തനങ്ങൾ

**10 (*40)** ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ഒ. ആർ. കേളു:

ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നയത്തിന് വിപരീതമായി വൈദ്യുത മേഖല സംസ്ഥാനത്ത് പൂർണമായും പൊതുമേഖലയിൽത്തന്നെ നിലനിർത്തുന്നതിനും സംസ്ഥാനത്ത് വൈദ്യുതിക്ഷാമം ഉണ്ടാകില്ലെന്നുറപ്പ് വരുത്തുന്നതിനും സർക്കാർ ആവശ്യമായ ഇടപെടൽ നടത്തുന്നുണ്ടോ?

വൈദ്യുതി ബോർഡിൽ സ്വകാര്യവത്കരണം വേണ്ടതില്ല എന്നാണ് സംസ്ഥാന സർക്കാർ നിലപാട്. സംസ്ഥാനത്ത് വൈദ്യുതി ക്ഷാമം ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി വൈദ്യുതിയുടെ ആവശ്യകത മുൻകൂട്ടി കണക്കാക്കി കുറവുള്ള വൈദ്യുതി സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്നതിനുള്ള വിവിധ കരാറുകളിൽ ഏർപ്പെടാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദീർഘകാല കരാറുകൾ വഴി ഏകദേശം 1111 മെഗാവാട്ട് വൈദ്യുതി ലഭ്യമായിട്ടുണ്ട്. വേനൽക്കാലത്തെ അധിക ആവശ്യകത നിറവേറ്റുന്നതിനായി അടുത്ത 3 വർഷത്തേക്ക് 270 മെഗാവാട്ട് വൈദ്യുതി സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങുന്നതിനുള്ള മദ്ധ്യകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കേന്ദ്രവിഹിതമായി 1641 മെഗാവാട്ട് വൈദ്യുതി ലഭിക്കുന്നുണ്ട്. പാരമ്പര്യേതര സ്രോതസ്സുകളിൽനിന്നും 75 മെഗാവാട്ട്

(wind) കരാറാക്കിയിട്ടുള്ളതു കൂടാതെ സൗരവൈദ്യുതി വാങ്ങാനുള്ള കരാറുകളിലും കെ.എസ്.ഇ.ബി.എൽ. ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ ഹ്രസ്വകാല കരാറുകൾ വഴി വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗത്തിന്റെ ഏകദേശം 30% മാത്രമേ ആഭ്യന്തര ഉൽപാദന നിലയങ്ങളിൽ നിന്ന് ലഭ്യമാകുന്നുള്ളൂ. സംസ്ഥാന-ത്തിന്റെ ബാക്കി ഉപഭോഗം കേന്ദ്ര വിഹിതം കഴിഞ്ഞ് പുറത്തുനിന്നും താഴെ പറയുന്ന സ്രോതസ്സുകളിൽ നിന്നും ലഭ്യമാക്കി വരുന്നു. 1. IPP നിലയങ്ങൾ - 197.80 മെഗാവാട്ട്. 2. കാസർഗോഡ് സോളാർ പാർക്കിൽ നിന്നും 100 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിലേർപ്പെട്ടിട്ടുണ്ട്. 3. കൂടാതെ വേനൽക്കാലത്തെ വർദ്ധിച്ച ഉപഭോഗം കണക്കിലെടുത്ത് 2022 ജനുവരി മുതൽ ജൂൺ വരെയുള്ള കാലയളവിലേയ്ക്ക് 270 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുള്ള ഹ്രസ്വകാല കരാറിലും ഏർപ്പെട്ടിട്ടുണ്ട്. 4. വൈദ്യുതി ലഭ്യതയിൽ ഏതെങ്കിലും സമയങ്ങളിൽ കുറവുണ്ടായാൽ പവർ എക്സ്ചേഞ്ചിൽ നിന്ന് വൈദ്യുതി വാങ്ങി ആവശ്യകത നിറവേറ്റുന്നതിന് ചീഫ് എഞ്ചിനീയർ (ട്രാൻസ്മിഷൻ& സിസ്റ്റം) - നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ ഉപഭോക്താക്കൾക്ക് ന്യായവിലയിൽ ലഭ്യമാക്കാനായി കെ.എസ്.ഇ.ബി.യിൽ നടത്തുന്ന ആധുനികീകരണ, വിപുലീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

ആഗോള നിലവാരത്തിൽ തടസ്സരഹിതമായി, ഗുണമേന്മയേറിയ വൈദ്യുതി അപകടരഹിതമായി ഉപഭോക്താക്കൾക്ക് എത്തിച്ച് വൈദ്യുതി വിതരണ രംഗം കാര്യക്ഷമമാക്കുന്നതിന് നടപ്പിലാക്കുന്ന "ദ്യുതി"പദ്ധതിയിൽ ഉൾപ്പെടുത്തി എച്ച്.ടി ലൈൻ/ ഭൂഗർഭ കേബിൾ നിർമ്മാണം, എൽ ടി ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ ശേഷി വർദ്ധിപ്പിക്കൽ, ലൈനിന്റെ സ്ഥാപിത ശേഷി കൂട്ടുന്ന പ്രവൃത്തികൾ, ലൈനുകൾ റീ കണ്ടക്ടറിങ് നടത്തുന്ന പ്രവൃത്തികൾ, ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും മറ്റ് പ്രതിഷ്ഠാപനങ്ങളുടെയും standardization പ്രവൃത്തികൾ, വിതരണ നഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുവാനായി, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ നിരീക്ഷണ നിയന്ത്രണ സംവിധാനമായ സ്കാഡ നടപ്പിലാക്കിയിട്ടുണ്ട്. കൺട്രോൾ സെൻററുകളിൽ നിന്നും 11 കെ.വി. വിതരണ ശൃംഖലയുടെ തത്സമയ നിരീക്ഷണത്തിനും, തകരാറുകൾ കണ്ടെത്തുന്നതിനും,

അടിയന്തരമായി സപ്ലൈ പുനഃസ്ഥാപിക്കുന്നതിനും SCADA പദ്ധതി ഉപകരിക്കും കമ്പി പൊട്ടിവീഴുന്നതുമൂലമോ ഇൻസുലേറ്റർ തകരാറിലാവുന്നതുകൊണ്ടോ എച്ച്.റ്റി. ലൈനുകളിൽ വൈദ്യുതി തടസ്സം ഉണ്ടാവുകയാണെങ്കിൽ തകരാറുണ്ടായ സ്ഥലം ഉടനടി അറിയുന്നതിനായി കമ്മ്യൂണിക്കേറ്റിംഗ് ഫോൾട്ട് പാസ് ഡിറ്റക്ടർ (CFPD) എന്ന ഉപകരണം KSEBL ജീവനക്കാർ സ്വന്തമായി വികസിപ്പിച്ച്, നിർമ്മിച്ച്, സ്ഥാപിച്ചു വരുന്നു. ദ്യുതി 2.0 ൽ 4016.10 കോടി രൂപയുടെ പ്രവൃത്തികളാണ് 2022 -23 സാമ്പത്തികവർഷം മുതൽ 2026-27 വരെ നടപ്പിലാക്കാനായി തീരുമാനിച്ചിട്ടുള്ളത്. അതോടൊപ്പം സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പുവരുത്തുന്നതിനായി 100 കോടി രൂപയും വൈദ്യുതി കമ്പികൾ (എൽ. ടി. ലൈനുകൾ) പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്പേസറുകൾ സ്ഥാപിക്കുന്നതിനായി 50 കോടി രൂപയും കേടായ മീറ്ററുകൾ മാറ്റുന്നതിനായി 150 കോടി രൂപയും 2022-23 മുതൽ 2026-27 കാലയളവിലേയ്ക്കായി വകയിരുത്തിയിട്ടുണ്ട്. ഇത് ഇപ്പോൾ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 2022 -23 മുതൽ 2024-25 സാമ്പത്തികവർഷം വരെ നടപ്പിലാക്കാനായി 3989 കോടി രൂപയുടെ DPR വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര

സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS) ന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്. വൈദ്യുതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിൽ ഭൂഗർഭ കേബിളുകൾ, എ ബി സി കണ്ടക്ടർ, കവചിത ചാലകങ്ങൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ RDSS, ദ്യുതി 2.0 എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രസർക്കാർ, എല്ലാ ഉപഭോക്താക്കൾക്കും നിലവിലുള്ള ഇലക്ട്രിസിറ്റി മീറ്റർ മാറ്റി സ്ഥാപിച്ച്, പ്രീപേയ്മെന്റ് സംവിധാനത്തോടുകൂടിയ സ്മാർട്ട്മീറ്റർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിലേക്കായി, Revamped Distribution Sector പദ്ധതിയിൽ എല്ലാ സംസ്ഥാനങ്ങൾക്കുമായി ഏതാണ്ട് 1.5 ലക്ഷം കോടി രൂപയോളം സ്മാർട്ട്മീറ്ററും അനുബന്ധ സൗകര്യങ്ങളും നടപ്പിലാക്കുന്നതിനുള്ള പദ്ധതി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി.എൽ. പ്രീപേയ്മെന്റ് സംവിധാനത്തോടുകൂടിയ സ്മാർട്ട്മീറ്റർ സ്ഥാപിക്കുന്നതിന് 8200 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ച് 2022-25 കാലയളവിലായി ഘട്ടം ഘട്ടമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ ഉപഭോക്താക്കൾക്ക് ന്യായവിലയിൽ ലഭ്യമാക്കാനായി

കെ.എസ്.ഇ.ബി.എൽ. നടത്തുന്ന ആധുനീകരണ, വിപുലീകരണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. പൂർത്തീകരിച്ച പദ്ധതികൾ

1. ബോർഡിന്റെ സ്വന്തം സ്ഥലത്തുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകൾ - 13.25 MW

2. ബോർഡിന്റെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സ്ഥാപിച്ചിട്ടുള്ള സോളാർ നിലയങ്ങൾ - 3.252 MW

3. ബോർഡിന്റെ അധീനതയിലുള്ള ഡാം റിസർവോയർ - 0.5 MW

4. ഡാം ടോപ്പ് - 0.45 MW

5. കനാൽ ടോപ്പ് - 3 MW

6. കനാൽ ബാങ്ക് - 1 MW

7. കെ.എസ്.ഇ.ബി.എൽ വിൻഡ് (കഞ്ചിക്കോട്)- 2.025 MW

8. ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ - 6 എണ്ണം (സംസ്ഥാന ഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച്)

9. ഡേറ്റ സെന്റർ - ഫേസ് I (Sl. നമ്പർ. 1 മുതൽ 6 വരെ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+)

നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. നെന്മാറ ഗ്രൗണ്ട് മൗണ്ട്ഡ് സോളാർ പദ്ധതി, പാലക്കാട് – 1.5 MW 2. ബ്രഹ്മപുരം ഗ്രൗണ്ട് മൗണ്ടഡ് സോളാർ - 4 MW 3. ഫിലമെന്റ് രഹിത കേരളം 4. ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ - (i) 26 എണ്ണം (സംസ്ഥാന ഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച്) (ii) 30 എണ്ണം (കേന്ദ്ര ഗവൺമെന്റ് - ഫണ്ട് ഉപയോഗിച്ച്) 5. ഇലക്ട്രിക് കാർ വാങ്ങുന്നത് (65 എണ്ണം) 6. 1140 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ 7. PM KUSUM - കംബോണന്റ് (എ) 40 MW & കംബോണന്റ് (സി) 5.59 MW നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ 1. ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) 10 MW/50 MWh 2. ഫ്ലോട്ടിംഗ് സോളാർ പദ്ധതി – 100 MW 3. വിൻഡ് പ്ലാന്റ് – 100 MW 4. ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റ്, ഏറ്റുമാനൂർ (1 MW) 5. ഡേറ്റ സെന്റർ - ഫേസ് II ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി ചെറുതും വലുതുമായ ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണവും പുതിയ പദ്ധതികളുടെ സാധ്യതാപര്യവേക്ഷണ പഠനങ്ങളും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പുരോഗമിക്കുന്നു.

(സി) പാവപ്പെട്ടവരുടെ താല്പര്യം സംരക്ഷിക്കുന്നതിനായി പ്രതിമാസം 30 യൂണിറ്റ് വരെ മാത്രം വൈദ്യുതി ഉപയോഗിക്കുന്നവർക്ക് സൗജന്യമായും

50 യൂണിറ്റ് വരെ ഉപയോഗിക്കുന്നവർക്ക് യൂണിറ്റിന് 1.50 രൂപ നിരക്കിലും വൈദ്യുതി നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രതിമാസം 20 യൂണിറ്റ് വരെ ശരാശരി ഉപഭോഗമുള്ളതും, 500 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ളതുമായ ഗാർഹിക ഉപഭോക്താക്കൾക്ക്, ഗവൺമെന്റ് സബ്സിഡി നൽകി സൗജന്യമായി വൈദ്യുതി ലഭ്യമാക്കി വരുന്നുണ്ടായിരുന്നു. ഇത് കണക്റ്റഡ് ലോഡ് വ്യത്യാസമില്ലാതെ പ്രതിമാസ ശരാശരി ഉപഭോഗം 30 യൂണിറ്റ് വരെയുള്ളവർക്ക് കൂടി സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടുകൂടി 30.12.2021 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതുമൂലം 13000 ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യം ലഭിക്കുമെന്നാണ് കരുതുന്നത്. നിലവിലുള്ള താരിഫ് ഉത്തരവു പ്രകാരം, പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ളതും,1000 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ളതും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതുമായ ഉപഭോക്താക്കൾക്ക് 1.50 രൂപ നിരക്കിൽ നൽകിവരുന്ന വൈദ്യുതി, കണക്റ്റഡ് ലോഡ് വ്യത്യാസമില്ലാതെ പ്രതിമാസ ഉപഭോഗം 50 യൂണിറ്റ് വരെയുള്ളവർക്ക് ഗവൺമെന്റ് സബ്സിഡി നൽകി യൂണിറ്റൊന്നിന് 1.50 രൂപ നിരക്കിൽ തന്നെ 30.12.2021 മുതൽ നൽകുന്നുണ്ട്. ഇതുമൂലം 22300 ഗാർഹിക ഉപഭോക്താക്കൾക്ക് ഇളവുകൾ ലഭിക്കുമെന്നാണ് കരുതുന്നത്.

**സംസ്ഥാനത്തെ മികച്ച നിക്ഷേപ സൗഹൃദമാക്കുന്നതിനുള്ള നടപടി**

**11 (*41)** ശ്രീമതി ഒ. എസ്. അംബിക
ശ്രീ. പി. വി. അൻവർ
ശ്രീ. പി. നന്ദകുമാർ
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി.രാജീവ്) സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതിയിൽ സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന കേരളത്തെ ഏറ്റവും മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിലൊന്നായി ഉയർത്തുന്നതിന് പരിപാടിയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന എത്ര പേർക്ക് തൊഴിൽ ലഭ്യമാകുമെന്നും എം.എസ്.എം.ഇ.കൾക്കും സ്റ്റാർട്ടപ്പുകൾക്കും വായ്പ ലഭ്യമാക്കുമോയെന്നും ഏതൊക്കെ വിഭാഗങ്ങൾക്ക് വായ്പ ലഭിക്കാൻ അർഹതയുണ്ടെന്നും വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക, വ്യാവസായിക, തൊഴിൽ മേഖലകളിലും സാമൂഹ്യജീവിതത്തിലും ഇതുവഴി എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

(എ- സി)സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കുവാനും സംസ്ഥാനത്ത് ഒരു മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ മുൻകയ്യെടുത്ത് കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പ്രത്യേക സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ സ്റ്റാർട്ടപ്പുകൾ പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം വായ്പയും ലഭ്യമാക്കും. പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു: 1. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ ഇതിന്റെ ഭാഗമായി 25 ലക്ഷം മുതൽ രണ്ടുകോടി രൂപ വരെ വായ്പയായി അനുവദിക്കുന്നു. മൂന്ന് ശതമാനം സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ എം.എസ്.എം.ഇ (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രോപ്രൈറ്റർഷിപ്പ്, പാർട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാക്കുന്നതാണ്. ഒരു കോടി രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്ക് (പ്രോസസ്സിംഗ്/അപ്ഫ്രണ്ട് ഫീസ് എന്നിവ)

ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷവും, 1 വർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കുന്നതാണ്.

2. സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് പ്രസ്തുത വായ്പ ലഭ്യമാക്കാൻ അർഹത. അവസാന രണ്ടു വർഷത്തെ വിറ്റുവരവിന്റെ 20 ശതമാനമായിരിക്കും വായ്പയായി ലഭിക്കുക. കുറഞ്ഞത് അഞ്ച് ലക്ഷം രൂപയും പരമാവധി ഒരു കോടി രൂപയും എന്ന നിലയിലായിരിക്കും വായ്പ ലഭ്യത പരിമിതപ്പെടുത്തിയിരിക്കുക. പ്രസ്തുത മൂലധന വായ്പ 8 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ 9.75% പലിശ നിരക്കിൽ ടേം ലോണായിട്ടാണ് ലഭ്യമാക്കുന്നത്. പ്രസ്തുത വായ്പയുടെ പ്രോസസിങ്ങിനായി 25,000 രൂപ മാത്രമാണ് ഫീസിനത്തിൽ ഈടാക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത സ്കീം മുഖേന വർഷംതോറും കുറഞ്ഞത് 500 സംരംഭങ്ങൾ എന്ന ലക്ഷ്യം വെച്ചുകൊണ്ട് അഞ്ചു വർഷത്തേയ്ക്ക് 2500 സംരംഭങ്ങളെങ്കിലും നടപ്പിലാക്കുവാനും ഇത് വഴി 3,000 തൊഴിലവസരങ്ങൾ വർഷാവർഷം സൃഷ്ടിക്കാനുള്ള സാഹചര്യവും സംസ്ഥാനത്ത് സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നു. ഇപ്രകാരം സംസ്ഥാനത്തിന്റെ സാമ്പത്തിക, വ്യാവസായിക, തൊഴിൽ മേഖലകളിലും സാമൂഹ്യജീവിതത്തിലും ആശാവഹമായ പുരോഗതിയും

സംസ്ഥാന സമ്പദ്ഘടനയുടെ വളർച്ചയും ഉറപ്പ് വരുത്തുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## വൈദ്യുത രംഗത്ത് സ്വയംപര്യാപ്തത

**12 (*42)** ശ്രീ. യു. എ.ലത്തീഫ്:
ശ്രീ. അബ്ദുൽ ഹമീദ് പി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനോ നിലവിലെ പദ്ധതികളിൽ നിന്നും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനോ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. I. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന പദ്ധതികൾ.

1. പള്ളിവാസൽ വിപുലീകരണ പദ്ധതി (60 MW/153.90 Mu).

2. പൊരിങ്ങൽ കുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി (1x24MW/45.02 Mu) 3. ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതി (2x12 MW/76.45Mu)

4. ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി (24MW/83.5Mu)

5. തൊട്ടിയാർ ജലവൈദ്യുത പദ്ധതി (40 MW/99 Mu) 6. ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി (85Mu) 7. പെരുവണ്ണാമൂഴി (6MW/24.70 Mu) 8. പഴശ്ശിസാഗർ (7.5 MW/25.16 Mu)

II. മാങ്കുളം ജല വൈദ്യുത പദ്ധതി (40 MW, 82.08 Mu) യുടെ നിർമ്മാണ പ്രവൃത്തികളുടെ ഉദ്ഘാടനം ഫെബ്രുവരി/മാർച്ച് മാസത്തിൽ നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

III. ആനക്കയം ജലവൈദ്യുത പദ്ധതി (7.5MW, 22.83 Mu) യുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

IV. മരിപ്പുഴ (6MW, 14.84 MU) ജലവൈദ്യുത പദ്ധതിയുടെ കരാർ നൽകുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

V. ഓലിക്കൽ ചെറുകിട ജലവൈദ്യുത പദ്ധതി (2x2.50 MW, 10.26Mu), പൂവാരംതോട് ചെറുകിട ജലവൈദ്യുത പദ്ധതി (2x1.50MW,5.88 Mu) എന്നിവയുടെ സിവിൽ നിർമ്മാണ പ്രവൃത്തികളുടെ റീടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. VI. പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ 1. അപ്പർ ചെങ്കുളം SHEP (24MW, 53.22 Mu) 2. പീച്ചാട് SHEP (3MW, 7.74 Mu) 3. വെസ്റ്റേൺ കല്ലാർ SHEP (5MW,17.41 Mu) 4. ലാഡ്രം SHEP (3.5MW, 12.13 Mu) 5. മാർമ്മല SHEP (7MW), 23.02 Mu) 6.

കീരിത്തോട് SHEP (12 MW, 27.65 Mu) 7. ചെമ്പുകടവ് III SHEP (7.5MW, 16.65 Mu) 8. ചാത്തൻകോട്ടുനട I SHEP (5 MW, 12.06 Mu) 9. പശ്ശുക്കടവ് SHEP (4MW, 10.34 Mu) 10. വളാംതോട് SHEP (7.5 mw, 15.29 Mu) 11. ദേവിയാർ SHEP (24 mw, 25.94 Mu) സംസ്ഥാനത്ത് പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്വകാര്യ സംരംഭകർ വഴിയുള്ള ചെറുകിട ജല വൈദ്യുത പദ്ധതികൾ വ്യാപകമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ മുഖേന പുതിയ ടെണ്ടർ നടപടികളുമായി മുന്നോട്ട് പോവുകയാണ്. സർക്കാരിന്റെ അന്തിമാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെൻഡർ മുഖേന അനുയോജ്യരായ സംരംഭകരെ കണ്ടെത്തി പദ്ധതികളുടെ നിർവ്വഹണവുമായി മുന്നോട്ടുപോകുന്നതാണ്. കനാലുകളിലെ ഒഴുക്കിൽ നിന്നും ഹൈഡ്രോ കൈനറ്റിക് സാങ്കേതികം, പിക്കോ/മൈക്രോ ഹൈഡ്രോ/മൈക്രോ വിൻഡ്/ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാങ്കേതികവിദ്യകൾ വഴിയുള്ള ഊർജ്ജ ഉത്പാദനത്തിനുമുള്ള സാധ്യതാ പഠനവും, പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണത്തിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ ചിറ്റൂർപ്പുഴ ജലസേചന പദ്ധതിയുടെ

മൂലത്തറ ലെഫ്റ്റ് ബാങ്ക് ഇറിഗേഷൻ കനാലിൽ 25KW-ന്റെയും, ഇടുക്കി ജില്ലയിൽ ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയ്സിൽ 25 KW-ന്റെയും ഹൈഡ്രോ കൈനറ്റിക് സാങ്കേതിക വിദ്യ അവലംബിച്ചുകൊണ്ടുള്ള പൈലറ്റ് പദ്ധതികൾ നടപ്പിലാക്കുവാനുള്ള വർക്ക് ഓർഡറുകൾ എംപാനൽ ചെയ്യപ്പെട്ട സാങ്കേതിക വിദഗ്ദ്ധ കമ്പനികൾക്ക് നൽകിയിട്ടുണ്ട്. പൈലറ്റ് പദ്ധതിയുടെ വിജയം കണക്കിലെടുത്തശേഷം മൂലത്തറയിൽ ഇടതുകര കനാലിൽ 3 MW വരെ ഉത്പാദനം വർദ്ധിപ്പിക്കുവാനും വേണ്ട പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ബി) നിലവിലെ ജലവൈദ്യുത പദ്ധതികളുടെ വിപുലീകരണം വഴി എത്രമാത്രം വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(സി) വൈദ്യുത രംഗത്ത് സ്വയംപര്യാപ്തത നേടാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

(ബി &സി) പള്ളിവാസൽ ജല വൈദ്യുത പദ്ധതിയുടെ വിപുലീകരണം വഴി 60 മെഗാ വാട്ട് (153.90 Mu), ഇടുക്കി ജല വൈദ്യുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിലൂടെ 800 മെഗാവാട്ട് (1301 Mu) വൈദ്യുതിയും ഉൽപാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ, ചെങ്കുളം ഓഗ്മെൻറ്റേഷൻ പദ്ധതി

വഴി 85 മില്യൺ യൂണിറ്റും ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വൈദ്യുത രംഗത്ത് സ്വയംപര്യാപ്തത നേടാൻ താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു. പൂർത്തീകരിച്ച പദ്ധതികൾ

1. ബോർഡിന്റെ സ്വന്തം സ്ഥലത്തുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകൾ - 13.25 MW.

2. ബോർഡിന്റെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സ്ഥാപിച്ചിട്ടുള്ള സോളാർ നിലയങ്ങൾ - 3.252 MW.

3. ബോർഡിന്റെ അധീനതയിലുള്ള ഡാം റിസർവോയർ - 0.5 MW

4. ഡാം ടോപ്പ് - 0.45 MW

5. കനാൽ ടോപ്പ് - 3 MW

6. കനാൽ ബാങ്ക് - 1 MW

7. കെ.എസ്.ഇ.ബി.എൽ വിൻഡ് (കഞ്ചിക്കോട്) 2.025 MW

8. ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ - 6 എണ്ണം (സംസ്ഥാന ഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച്)

9. ഡേറ്റ സെന്റർ - ഫേസ് I മേൽ 1 മുതൽ 6 വരെ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

**പൂർത്തിയായിക്കൊണ്ടിരിക്കുന്ന പദ്ധതികൾ**

1. നെന്മാറ ഗ്രൗണ്ട് മൗണ്ട്ഡ് സോളാർ പദ്ധതി, പാലക്കാട് – 1.5 MW

2. ബ്രഹ്മപുരം ഗ്രൗണ്ട് മൗണ്ട്ഡ് സോളാർ - 4 MW

3. ഫിലമെന്റ് രഹിത കേരളം

4. ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ - (i) 26 എണ്ണം (സംസ്ഥാന ഗവൺമെന്റ് - ഫണ്ട് ഉപയോഗിച്ച്) (ii) 30 എണ്ണം (കേന്ദ്ര ഗവൺമെന്റ് - ഫണ്ട് ഉപയോഗിച്ച്)

5. ഇലക്ട്രിക് കാർ വാങ്ങുന്നത് (65 എണ്ണം)

6. 1140 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ

7. PM KUSUM - കംബോണന്റ് (എ) 40 MW & കംബോണന്റ് (സി) 5.59 MW

**നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ**

1. ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) 10 MW/50 MWh

2. ഫ്ലോട്ടിംഗ് സോളാർ പദ്ധതി – 100 MW

3. വിൻഡ് പ്ലാന്റ് – 100 MW 4. ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റ്, ഏറ്റുമാനൂർ (1 MW)

5. ഡേറ്റ സെന്റർ - ഫേസ് II വൈദ്യുത രംഗത്ത് സ്വയംപര്യാപ്തത നേടാൻ കെ.എസ്.ഇ.ബി.എൽ സ്വീകരിച്ച വിവിധ നടപടികളിൽ ഒന്നാണ് സൗര

പദ്ധതി. പ്രസ്തുത പദ്ധതിയിലൂടെ ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് നൽകുന്നു. ചെറുതും വലുതുമായ ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ നിലവിലുള്ള പദ്ധതികളിൽ നിന്നും വിപുലീകരണം സാധ്യമായ പദ്ധതികൾ കണ്ടെത്തി വിപുലീകരണം നടത്തുവാനുള്ള ശ്രമങ്ങളും പഠനങ്ങളും നടത്തി വരുന്നു. ഇപ്രകാരമുള്ള പ്രവർത്തനങ്ങളിലൂടെ വൈദ്യുത രംഗത്ത് സ്വയം പര്യാപ്തത നേടാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. വൈദ്യുത രംഗത്ത് സ്വയംപര്യാപ്തത നേടാൻ വിപുലമായ പരിപാടികളാണ് എനർജി മാനേജ്മെ ന്റ് സെന്റർ SHP CELL മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ ഏറ്റവും അവസാനം വിളിച്ചിരുന്ന ടെണ്ടർ നടപടികൾ പ്രകാരം BOOT അടിസ്ഥാനത്തിൽ സർക്കാർ അലോട്ട് ചെയ്ത പദ്ധതികളിൽ മൂന്ന് എണ്ണത്തിന്റെ (ആറ്റില I- 6 MW (പാലക്കാട് ജില്ല), ആറ്റില II- 6 MW (പാലക്കാട് ജില്ല), കാങ്ങാപ്പുഴ- 0.75 MW (ഇടുക്കി ജില്ല) ഇമ്പ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പിട്ട് കഴിഞ്ഞിരിക്കുകയാണ്. ഈ പദ്ധതികൾ നടപ്പിലാ ക്കുന്നത് വഴി 12.75 മെഗാവാട്ട് സ്ഥാപിത ശേഷി കൂടി കൈവരിക്കുവാൻ സാധിക്കും. ഇംപ്ളിമെന്റേഷൻ എഗ്രിമെന്റ് ഒപ്പ്

വെച്ച കമ്പനികൾ പദ്ധതിയുടെ സാങ്കേതിക - സാമ്പത്തിക പ്രായോഗികതാ റിപ്പോർട്ടുകൾ (Techno – Economic Feasibility Report) ക്ക് അനുമതി ലഭിച്ച ശേഷം 36 മാസത്തിനുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, സഹകരണ സ്ഥാപനങ്ങളുടെയും പങ്കാളിത്ത ത്തോടെ SPV രൂപീകരിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

## ഊർജ്ജമേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

**13 (*43)** ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എ. രാജ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജമേഖലയിൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര ആവിഷ്കൃത പദ്ധതിയായ ഫെയിം II സ്കീമിൽ ഉൾപ്പെടുത്തി കേരളത്തിൽ ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ കെ.എസ്.ഇ.ബി.എൽ. നടപടി സ്വീകരിച്ചു വരുന്നു. ഈ

പദ്ധതിയിൽ അനുമതി ലഭിച്ചിട്ടുള്ള 30 DC Fast ചാർജ്ജിംഗ് സ്റ്റേഷനുകൾ 2022 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സൗരോർജ്ജ ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളിൽ ഒന്നാണ് പിഎം കുസും പദ്ധതി. സോളാർ പ്ലാന്റുകൾ സ്ഥാപിക്കുക മുഖേന കർഷകരുടെ വരുമാനം വർദ്ധിക്കാൻ കേന്ദ്ര ഗവൺമെന്റ് പി.എം.കുസും പദ്ധതി പ്രഖ്യാപിച്ചു. താഴെപ്പറയുന്ന ഘടകങ്ങൾ ഉൾക്കൊള്ളുന്നതാണ് PMKUSUM സ്കീം.

കമ്പോണന്റ് - എ : കർഷകരുടെ തരിശ്ശു ഭൂമിയിൽ സോളാർ സ്ഥാപിക്കൽ.

കമ്പോണന്റ് - ബി : സോളാർ അഗ്രികൾച്ചർ പമ്പുകൾ സ്ഥാപിക്കൽ.

കമ്പോണന്റ് - സി :നിലവിലുള്ള ഗ്രിഡ് കണക്റ്റഡ് അഗ്രികൾച്ചർ പമ്പുകളുടെ (7.5 എച്ച്പി വരെ ശേഷിയുള്ളവ) സൗരോർജ്ജവൽകരണം.

കമ്പോണന്റ് - സി- പാർട്ട് 2 : ഫീഡർതല സൗരോർജ്ജവൽകരണം. കേന്ദ്ര ജലകമ്മീഷന്റെ (CWC) സാങ്കേതിക സഹായത്തോടെ ഡാമുകളുടെ സുരക്ഷയും പ്രവർത്തനവും മെച്ചപ്പെടുത്തുന്നതിനായി ആവിഷ്ക്കരിച്ച ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതി (DRIP) യുടെ രണ്ടാം ഘട്ടം നടപ്പാക്കി വരുന്നു. സംസ്ഥാനത്ത് വിതരണ മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികളായ IPDS, DDUGJY, SAUBHAGYA

തുടങ്ങിയവ പൂർത്തിയാക്കി. വിവര സാങ്കേതിക വിദ്യ അടിസ്ഥാനത്തിൽ താഴെ പറയുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ കഴിഞ്ഞ മാസം പൂർത്തീകരിച്ചു. ഫേസ് 2 ഐ.ടി പദ്ധതി. ഇ.ആർ.പി (ERP) റിയൽ ടൈം ഡാറ്റ അക്വിസിഷൻ സിസ്റ്റം (RTDAS). കൂടാതെ ഊർജ്ജ മേഖലയിലെ നവീകരണത്തിനായി കേന്ദ്ര സർക്കാർ 20.07.2021-ന് പ്രഖ്യാപിച്ചിട്ടുള്ള നൂതന പദ്ധതിയായ RDSS (Revamped Distribution Sector Scheme) ൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി.എൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികൾക്കുള്ള കേന്ദ്രാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് ഊർജ്ജ മേഖലയിൽ NLDC (National Load Despatch Centre)-യുടെ പവർ സിസ്റ്റം ഡവലപ്പ്മെന്റ് ഫണ്ട് (PSDF)å ഉപയോഗപ്പെടുത്തി ഏകദേശം 744.42 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിരുന്നു. ഇതിൽ 7 പദ്ധതികൾ ഉൾപ്പെടും. ഇതിൽ 4 പദ്ധതികൾ പൂർത്തീകരിക്കുകയും 3 പദ്ധതികൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു. ഇതിലേയ്ക്കായി 597.6 കോടി രൂപ PSDF ഗ്രാന്റിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീമിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്നും അവയുടെ പുരോഗതിയും വെളിപ്പെടുത്താമോ ?

വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം). കേന്ദ്ര ഊർജ്ജ വകുപ്പ് 20.07.2021 ലെ F No. 20/09/2019-IPDS ഓഫീസ് മെമ്മോറാണ്ടം പ്രകാരം പ്രസ്തുത പദ്ധതി നോട്ടിഫൈ ചെയ്തിട്ടുള്ളതാകുന്നു ഉപ-പ്രസരണ - വിതരണ രംഗത്ത് വിഭാവനം ചെയ്യുന്ന പരിഷ്കാര പ്രവർത്തനങ്ങൾമൂലം ഗുണമേന്മയുള്ള 24x7 വൈദ്യുതിയും, ഊർജ്ജ മേഖലയുടെ സാമ്പത്തിക സുസ്ഥിരതയും, മെച്ചപ്പെട്ട കാര്യക്ഷമതയും, വിശ്വാസ്യതയും, പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നു. പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ പ്രകാരം താഴെ പറയുന്ന ഘടകങ്ങൾ, പ്രസ്തുത RDSS പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നു.

പാർട്ട് A - മീറ്ററിംഗ്, വിതരണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നിവ ഉൾപ്പെടുന്ന പ്രവൃത്തികൾ

- ഇതിൽ മീറ്ററിംഗ് ഘടകത്തിൽ എല്ലാ വിഭാഗത്തിലുമുള്ള ഉപഭോക്താക്കൾക്കുള്ള സ്മാർട്ട് മീറ്ററിംഗ്, ഫീഡർ, ട്രാൻസ്ഫോർമർ

എന്നിവയ്ക്ക് AMI Communicable മീറ്റർ തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെട്ടിരിക്കുന്നു.

- ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികളും, ഉപ-പ്രസരണ, വിതരണ രംഗം നവീകരണത്തിനും ശക്തിപ്പെടു ത്തുന്നതിനും, ആധുനികവൽക്ക രിക്കുന്നതിനുമുള്ള പ്രവൃത്തികളും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു പാർട്ട് B- പരിശീലനം, മാനവ-വിഭവ ശേഷി വർധിപ്പിക്കൽ തുടങ്ങി പദ്ധതിയെ പിന്തുണയ്ക്കുന്ന മറ്റ് പ്രവർത്തനങ്ങൾ വിതരണ നഷ്ടം കുറക്കുന്നതിനും വിതരണ ശൃംഖല ആധുനികവൽക്കരിക്കുന്നതിനു മായുള്ള പദ്ധതി ആവിഷ്കരിക്കുകയും, ആയതിനുള്ള ആക്ഷൻ പ്ലാൻ, DPR മുതലായവ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന DRC - കമ്മിറ്റിയുടെ ശിപാർശയും സംസ്ഥാന മന്ത്രിസഭയുടെ അനുമതിയും ലഭ്യമാക്കി കേന്ദ്ര സർക്കാരിനു സമർപ്പിക്കുന്നതിനായുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു.

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

RDSS പദ്ധതി വിഭാവനം ചെയ്യുന്ന ഉപപ്രസരണ-വിതരണ മേഖലയിലെ പരിഷ്കാരങ്ങൾ വഴി സാമ്പത്തിക നഷ്ടം കുറയ്ക്കുവാൻ

വിതരണ മേഖലയെ പ്രാപ്തമാക്കുകയും കാര്യക്ഷമത ഉറപ്പാക്കുകയും സമയബന്ധിതമായി വിതരണ മേഖലയുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിന് സഹായിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടുകൂടി ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗ രീതി, സമയം എന്നിവ ലഭ്യമാകുന്നു. ഇതുവഴി അവരവരുടെ വൈദ്യുതി ഉപഭോഗക്രമം നേരിട്ട് നിയന്ത്രിക്കാനുള്ള സംവിധാനം ലഭ്യമാകുന്നു. ഉപഭോക്താക്കൾക്ക് വൈദ്യുതിയുടെ ആവശ്യകത മുൻകൂറായി ആസൂത്രണം ചെയ്യാൻ സാധിക്കുന്നതാണ്. ഇപ്പോൾ മാസത്തിൽ ഒരിക്കലോ രണ്ടു മാസത്തിൽ ഒരിക്കലോ റീഡിംഗ് എടുത്ത് കണക്കാക്കുന്ന ഉപഭോക്താക്കളുടെ ബില്ലിംഗ്, മുൻകൂർ പണമടച്ച്, ഉപഭോക്താക്കളുടെ സൗകര്യ പ്രകാരം മാറ്റാം. വൈദ്യുതി തടസ്സങ്ങൾ തത്സമയം തന്നെ സ്മാർട്ട് മീറ്റർ വഴി അറിയാൻ പറ്റുന്നത് കൊണ്ട് വൈദ്യുതി പുനഃസ്ഥാപനത്തിനുള്ള നടപടികൾ വേഗം കൈക്കൊള്ളാൻ കെ. എസ്. ബി. എൽ.-ന് കഴിയും. ഇപ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടു കൂടി വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പു വരുത്തി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാകുന്നതാണ്.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികൾ കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

സംസ്ഥാനത്ത് ഊർജ്ജ മേഖലയിൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി കെ.എസ്.ഇ.ബി.എൽ-ൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള Centrally Aided Projects (CAPs) വിഭാഗം പ്രവർത്തിച്ചു വരുന്നു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട പ്രധാന ഓഫീസുകൾ കേന്ദ്രീകരിച്ച് കെ.എസ്.ഇ.ബി.എൽ-ൽ പതിവായി മീറ്റിംഗുകൾ വിളിച്ചു കൂട്ടുകയും പദ്ധതികളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയനുസരിച്ച് പൂർത്തീകരിച്ചാൽ മാത്രമേ ഗ്രാന്റ് തുക ലഭ്യമാകൂ എന്നതിനാൽ സമയബന്ധിതമായി ഓരോ വർഷത്തെയും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. താരിഫ് ബേസ്ഡ് ബിഡിങ്ങിലൂടെ സോളാർ പവർ ജനറേറ്റേഴ്സിനെ തെരഞ്ഞെടുക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. 05.11.2021-ൽ കമ്പോണന്റ് - എ-യ്ക്കായി (കർഷകരുടെ തരിശ്ശു ഭൂമിയിൽ സോളാർ സ്ഥാപിക്കൽ) ടെൻഡർ ക്ഷണിക്കുകയുണ്ടായി. ഇതുകൂടാതെ

ഫീഡർതല സൗരോർജ്ജ വത്കരണത്തിന്റെ ഭാഗമായി കെ.എസ്.ഇ.ബി.യുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 5.995 MW സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 29.11.2021-ൽ ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ഇതിന്റെ തുടർ നടപടികൾ പുരോഗമിച്ചു വരുന്നു.

(ഇ) സംസ്ഥാനത്തെ ഊർജ്ജമേഖലയുടെ വികസനത്തിനായി കേന്ദ്രത്തിന്റെ അനുമതിയോ സഹായമോ തേടിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും അതിനോട് കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്താണെന്നും വിശദമാക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡ്, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് ഉൽപാദിപ്പിക്കുന്ന വൈദ്യുതി, ലോഡ് സെന്ററുകളിലേയ്ക്കെത്തിക്കാൻ വേണ്ടി പ്രസരണ മേഖലയിൽ 1242.30 കോടി രൂപയുടെ മൂന്നു പ്രോജക്ടുകൾ (അട്ടപ്പാടി ഗ്രീൻ പവർ കോറിഡോർ പദ്ധതി, രാമക്കൽമേട് ഗ്രീൻ പവർ കോറിഡോർ പദ്ധതി, കാസർഗോഡ് - വയനാട് ഗ്രീൻ പവർ കോറിഡോർ പദ്ധതി), MNRE-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ അടങ്കൽ തുകയുടെ 33% MNRE ഗ്രാന്റും, 47% KFW (German Development Bank) ലോണും, ബാക്കി 20% കെ.എസ്.ഇ.ബി. ഫണ്ടിൽ നിന്നും

വഹിക്കണമെന്നാണ് MNRE അറിയിച്ചിരിക്കുന്നത്. പ്രസ്തുത ഗ്രാന്റ് തുക കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്ത് ഊർജ്ജമേഖലയുടെ വികസനത്തിനായി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ സബ്സിഡി സ്കീമിൽ ഗാർഹിക ഉപഭോക്താക്കൾക്കായി നടപ്പാക്കുന്ന പദ്ധതിയാണ് സൗര സബ്സിഡി പദ്ധതി. ഗ്രാന്റ് അനുമതി നിലവിൽ Cabinet Committee on Economic Affairs (CCEA) ന്റെ പരിഗണനയിലാണുള്ളത്.

## ഊർജ്ജ കാര്യക്ഷമതയിൽ ദേശീയ തലത്തിൽ പുരസ്കാരം

**14 (*44)** ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ഊർജ്ജ കാര്യക്ഷമതയിൽ ദേശീയ തലത്തിൽ പുരസ്കാരം നേടാനായിട്ടുണ്ടോ; ഇതിനായി ഏതെല്ലാം മേഖലകളിലെ ഊർജ്ജ കാര്യക്ഷമതയാണ് വിലയിരുത്തിയിരുന്നത്; പ്രസ്തുത മേഖലകളിൽ സംസ്ഥാനത്തിന് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഊർജ്ജ സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ- ന് 2014-ൽ ദേശീയ ഊർജ്ജ സംരക്ഷണ പുരസ്കാരം ലഭിച്ചിട്ടുണ്ട്. കൂടാതെ 2015, 2019, 2021 എന്നീ വർഷങ്ങളിൽ സംസ്ഥാന ഊർജ്ജ സംരക്ഷണ പുരസ്കാരവും കെ.എസ്.ഇ.ബി.എൽ. നേടിയിട്ടുണ്ട്. ഊർജ്ജ സംരക്ഷണവും പരിപാലനവും ആണ് ഇത്തരം പുരസ്കാരങ്ങൾ നൽകുന്നതിനായി പ്രധാനമായും വിശകലനം ചെയ്യുന്നത്. കൂടാതെ ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി പരിസ്ഥിതി സൗഹൃദമായി നടപ്പിലാക്കിയ പദ്ധതികളാണ് ടി പുരസ്കാരങ്ങൾ നൽകുന്നതിനായി വിലയിരുത്തുന്നത്. കൂടാതെ 5000 MW വിഭാഗത്തിൽ ഇന്ത്യയിലെ മികച്ച ലോഡ് ഡെസ്പാച്ച് യൂണിറ്റ് കെ.എസ്.ഇ.ബി-യുടേതാണെന്ന ദേശീയ എക്സലൻസ് അവാർഡും ലഭിച്ചിട്ടുണ്ട്. ഊർജ്ജ കാര്യക്ഷമതയും ഊർജ്ജ സംരക്ഷണവും വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ൽ നടപ്പിലാക്കിയ പദ്ധതികൾ താഴെ പറയുന്നവയാണ്.

1. “ ഡൊമസ്റ്റിക് എഫിഷ്യൻറ് ലൈറ്റിംഗ് പ്രോഗ്രാം” (DELP) പദ്ധതി

2. ഫിലമെന്റ് രഹിത കേരളം (FFK)പദ്ധതി

3. ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (HVDS) പദ്ധതി

4. ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനായി ട്രാൻസ്ഫോർമറുകളുടെ നവീകരണം

5. വിവിധ സ്ഥാപനങ്ങളിൽ “ എനർജി ഓഡിറ്റിംഗ്”

6. "ഊർജ്ജം കരുതി വെയ്ക്കാം നാളെയ്ക്ക്" പദ്ധതി. ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ കാര്യക്ഷമതയോടെയുള്ള ഊർജ്ജ ഉപഭോഗം പ്രോത്സാഹിപ്പിക്കുന്നതിനും വൈദ്യുതി ഉപഭോഗം കുറയ്ക്കുവാനും ലക്ഷ്യമിട്ടാണ് കെ.എസ്.ഇ.ബി. DELP പദ്ധതി, FFK പദ്ധതി എന്നിവ നടപ്പിലാക്കിയത്. 2015 ൽ ആരംഭിച്ച DELP പദ്ധതിയിൽ ഉൾപ്പെടുത്തി 1.35 കോടി ബൾബുകൾ ഗാർഹിക ഉപഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ നടപ്പിലാക്കി വരുന്ന FFK പദ്ധതി പ്രകാരം 14 ലക്ഷം ഉപഭോക്താക്കൾക്ക് ഇതിനോടകം 1.08 കോടി ബൾബുകൾ നൽകിയിട്ടുണ്ട്. വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുന്നതിനായി പാലക്കാട്, തിരൂർ എന്നീ സർക്കിളുകളിൽ യഥാക്രമം 40, 51.2 ലക്ഷം രൂപയുടെ HVDS പദ്ധതികൾ പൂർത്തീകരിക്കുകയും ഹരിപ്പാട് സർക്കിളിൽ ടി പ്രവൃത്തികൾ നടത്തി വരികയും ചെയ്യുന്നു. കൂടാതെ വൈദ്യുതി വിതരണ ട്രാൻസ്ഫോർമറുകൾ ഉന്നത നിലവാരത്തിലെത്തിക്കുന്നതിന്റെ ഭാഗമായി 94.9 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഊർജ്ജ സംരക്ഷണം നടത്തുന്നതിന്റെയും ഊർജ്ജ നഷ്ടം

പരിശോധിക്കുന്നതിന്റെയും പ്രാരംഭ നടപടിയായ എനർജി ഓഡിറ്റ് വിവിധ സ്ഥാപനങ്ങളിൽ നടത്തുകയുണ്ടായി.

(ബി) സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ സാധ്യതകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള എനർജി മാനേജ്മെന്റിന് കൈവരിക്കാനായ നേട്ടങ്ങൾ എന്തെല്ലാമാണ്?

കേന്ദ്ര സർക്കാരിന്റെ ഊർജ്ജ വകുപ്പിന് കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി എല്ലാ വർഷവും നിയുക്ത ഏജൻസികൾക്ക്, അതത് ഏജൻസികളുടെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ അടിസ്ഥാനമാക്കി, അവാർഡ് നൽകി വരുന്നു. കേരളത്തിൽ ഊർജ്ജ സംരക്ഷണ നിയമം 2001 നടപ്പിലാക്കുന്നതിനുള്ള നിയുക്ത എജൻസിയാണ് എനർജി മാനേജ്മെന്റ് സെന്റർ കേരള. 2016 മുതൽ 2020 വരെ അടുപ്പിച്ച് എനർജി മാനേജ്മെന്റ് സെന്റർ "ബെസ്റ്റ് സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി" അവാർഡ് കരസ്ഥമാക്കിയിട്ടുണ്ട്. കൂടാതെ 2014 ലും ഒന്നാം സ്ഥാനം ഇ.എം.സി കരസ്ഥമാക്കിയിട്ടുണ്ട്. 2008, 2010, 2013, 2015 എന്നീ വർഷങ്ങളിൽ ഇ.എം സി ഇതേ വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. മികച്ച ഡിമാൻഡ് സൈഡ് മാനേജ്മെന്റിനുള്ള ഇന്ത്യ പവർ അവാർഡും ഇ.എം.സിക്ക് 2010-ൽ

ലഭിച്ചിട്ടുണ്ട്. 2020-21 കാലയളവിൽ കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് അപേക്ഷകർ വഴി ആകെ 621 മില്യൺ യൂണിറ്റ് വൈദ്യുതിയും 45345 ToE ഓയിലും ലാഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) പ്രകൃതി സൗഹൃദ ഊർജ്ജ സ്രോതസ്സിൽ പ്രധാനമായ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സാധ്യത പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിവരശേഖരണം നടത്തി ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സാധ്യതാ പഠനം 1999-2002 കാലഘട്ടത്തിൽ നടത്തിയിരുന്നു. ഈ പഠനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുന്ന മൂന്നൂറോളം സൈറ്റുകൾ കണ്ടെത്തിയിരുന്നു. നാളിതുവരെ ഈ കണ്ടെത്തിയ സൈറ്റുകളിൽ കെ.എസ്.ബി.എൽ. വഴിയും, സ്വകാര്യ സംരംഭകർ വഴിയും 150 മെഗാവാട്ടിന് മുകളിൽ സ്ഥാപിതശേഷി ഗ്രിഡിലേക്ക് കൈവരിച്ചു കഴിഞ്ഞിട്ടുണ്ട്. ഭാവിയിൽ 100-150 മെഗാവാട്ട് വരെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുവാൻ സാധിക്കുന്ന വനഭൂമി വേണ്ടാത്ത/വനഭൂമിയുടെ ആവശ്യം കുറവുള്ള സൈറ്റുകൾ സംസ്ഥാനത്തുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്. ഇവയുടെ നിലവിലെ വിവരങ്ങൾ ശേഖരിക്കുന്നതിന് പ്രത്യേക സംവിധാനം ഒരുക്കുവാനുള്ള

തയ്യാറെടുപ്പിലാണ് ഇ.എം.സിയിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ. (i) താഴെ പറയുന്ന ചെറുകിട പദ്ധതികൾ, നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്.

1. പൊരിങ്ങൽ കുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി (1x24 MW/45.02 Mu)
2. ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതി (2x12 MW/76.45 Mu)
3. ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി (24 MW/83.5 Mu)
4. ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി (85 Mu)
5. പെരുവണ്ണാമുഴി (6 MW/24.70Mu)
6. പഴശ്ശിസാഗർ (7.5 MW/25.16 Mu)

(ii) ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി (7.5 MW, 22.83 Mu) യുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

(iii) മരിപ്പുഴ (6 MW, 14.84 Mu) ജലവൈദ്യുത പദ്ധതിയുടെ കരാർ നൽകുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

(iv) ഓലിക്കൽ ചെറുകിട ജലവൈദ്യുത പദ്ധതി (2x2.50 MW, 10.26 Mu), പൂവാരംതോട് ചെറുകിട ജലവൈദ്യുത പദ്ധതി (2x1.50 MW, 5.88

Mu) എന്നിവയുടെ സിവിൽനിർമ്മാണ പ്രവൃത്തികളുടെ റീടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(v) പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ

1. അപ്പർ ചെങ്കുളം SHEP (24MW, 53.22 Mu)

2. പീച്ചാട് SHEP (3MW, 7.74 Mu)

3. വെസ്റ്റേൺ കല്ലാർ SHEP (5MW,17.41 Mu)

4. ലാഡ്രും SHEP (3.5MW, 12.13 Mu)

5. മാർമ്മല SHEP (7MW, 23.02 Mu)

6. കീരിത്തോട് SHEP (12 MW, 27.65 Mu)

7. ചെമ്പുകടവ് III SHEP (7.5MW, 16.65 Mu)

8. ചാത്തൻകോട്ടുനട I SHEP (5MW, 12.06 Mu)

9. പശുക്കടവ് SHEP (4MW, 10.34 Mu)

10. വളാംതോട് SHEP (7.5 MW, 15.29 Mu)

11. ദേവിയാർ SHEP (24 MW, 25.94 Mu)

(ഡി) പുതിയ അണക്കെട്ടില്ലാതെ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്നതുകൊണ്ട് പരിസ്ഥിതി സൗഹൃദമായ ഇടുക്കി രണ്ടാം നിലയം സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/1301 Mu) യുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ അനുമതികൾ, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതിന്റെ മുന്നോടിയായി പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## ഉത്തരവാദിത്ത നിക്ഷേപ പദ്ധതി

**15 (*45)** ശ്രീ. വി. ജോയി:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) മാനവവിഭവശേഷിയിലുള്ള മികവ് കണക്കിലെടുത്ത് സംസ്ഥാനത്തേയ്ക്ക് വൻതോതിൽ നിക്ഷേപം ആകർഷിക്കുന്നതിന് വ്യവസായ വകുപ്പ് ഉത്തരവാദിത്ത നിക്ഷേപ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

പരിസ്ഥിതിക്ക് അനുയോജ്യവും താരതമ്യേന മലിനീകരണം കുറഞ്ഞതുമായ വ്യവസായങ്ങൾ ആവാസ വ്യവസ്ഥയ്ക്ക്

അനുയോജ്യമാണെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി, സാമൂഹികം, ഭരണനിർവഹണം എന്നിവയിലൂന്നിയാണ് ഉത്തരവാദിത്ത നിക്ഷേപം (ESG) പ്രസിദ്ധിയാർജിച്ചിരിക്കുന്നത്. ESG നിക്ഷേപത്തിന്റെ ഒന്നാം ലക്ഷ്യസ്ഥാനമായി കേരളത്തെ മാറ്റുന്നതിനുള്ള നയരൂപീകരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ESG കരട് നയം രൂപീകരിക്കുന്നതിനായി ഒരു വിദഗ്ധ കമ്മിറ്റിയെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) വ്യവസായം ആരംഭിക്കുന്നത് അനായാസമാക്കുന്നതിനായി നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ?

വ്യവസായ രംഗത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുവാനും വ്യവസായം തുടങ്ങുന്നത് അനായാസമാക്കുന്നതിനായും നിയമനിർമ്മാണങ്ങളുൾപ്പെടെ വിവിധതരം ഇടപെടലുകൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തന്നെ ആരംഭിച്ചിരുന്നു. 2018-ലെ ‘ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം’ സർക്കാർ കൊണ്ടുവന്നു. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികൾ ലഭ്യമാക്കാൻ K-

SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നാഷണൽ ഇൻഫോർമാറ്റിക് സെൻറർ (NIC) വഴി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (KSIDC) ആണ് K-SWIFT ഓൺലൈൻ ഏകജാലക സംവിധാനത്തിന്റെ മേൽനോട്ടം വഹിക്കുന്നത്. ഈ സംവിധാനം വഴി അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും അതത് വകുപ്പുകൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇതോടൊപ്പം 2019-ലെ ' കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ. നിർവചനമനുസരിച്ച് 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. KSWIFT

ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് ' MSME Acknowledgement Certificate' ലഭ്യമാകുന്നതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ ' കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും വേണ്ടി നിയമപിന്തുണയുള്ള ഒരു പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ

ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചത്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ചു നടത്തുവാനും, അനാവശ്യ പരിശോധനകൾ ഒഴിവാക്കാനും വേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Centralised Inspection System) രൂപീകരിച്ചിട്ടുണ്ട്. നിലവിൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനം ഒരുക്കിയിട്ടുള്ളത്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, തൊഴിൽ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി പോർട്ടലിലൂടെ നടത്തും. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ പരിശോധനകൾ ആവശ്യമായ മറ്റു വകുപ്പുകളെക്കൂടി ഈ കേന്ദ്രീകൃത പരിശോധനാ സംവിധാനത്തിൽ സംയോജിപ്പിക്കുന്നതാണ്. ഇവകൂടാതെ KSIDC നോഡൽ ഏജൻസിയായി എല്ലാ വകുപ്പുകളെയും കോർത്തിണക്കി കേന്ദ്ര സർക്കാരിന്റെ DPIIT-യുടെ മേൽനോട്ടത്തിലുള്ള വിവിധ പ്രവർത്തനങ്ങളും നടത്തിവരുന്നു. സംസ്ഥാന/ ജില്ലാ ബിസിനസ്സ് റിഫോം ആക്ഷൻ

പ്ലാനുകൾ, റെഗുലേറ്ററി കംപ്ലൈയൻസ് ലഘൂകരിക്കൽ നടപടികൾ മുതലായവ ഇവയിൽപ്പെടുന്നു.

(സി) സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു തദ്ദേശ സ്ഥാപനത്തിൽ ഒരു സംരംഭമെങ്കിലും ഉറപ്പാക്കിക്കൊണ്ട് ഒരു ലക്ഷം ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലൈസൻസ് മേള നടത്താൻ തീരുമാനിച്ചിട്ടുണ്ടോ?

2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി 1 ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങളും ചർച്ചകളും ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവയുടെ സംയോജനത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. 2022 ഏപ്രിൽ-മെയ് മാസങ്ങളിൽ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഏകദിന ശില്പശാലകൾ നടത്തും. ഇതിലൂടെ സംരംഭകരാകാൻ താല്പര്യമുള്ളവർക്ക് പൊതു ബോധവത്കരണം നൽകും. ആദ്യ ഘട്ടമായ പൊതുബോധവത്കരണത്തിനുശേഷം തുടർന്ന് ലൈസൻസ്/ലോൺ/ സബ്സിഡി മേളകൾ ഓരോ തദ്ദേശസ്വയംഭരണ

സ്ഥാപനത്തിലും സംഘടിപ്പിക്കും. പൊതുബോധവത്കരണത്തിൽ പങ്കെടുത്തവരിൽ നിന്നും താല്പര്യത്തോട വരുന്നവർക്കായാണ് ഈ ഘട്ടം.

(ഡി) സംരംഭക വർഷ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള കർമ്മപരിപാടിയെക്കുറിച്ച് വിശദമാക്കാമോ?

2022-23 നെ സംരംഭക വർഷമായി ആചരിക്കാനും, അതിന്റെ ഭാഗമായി ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങളും ചർച്ചകളും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണം, സഹകരണം, കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, ടൂറിസം, നോർക്ക വകുപ്പുകളുമായും ബാങ്കുകൾ, കേരള ഫിനാൻസ് കോർപ്പറേഷൻ, വ്യവസായ അസോസിയേഷനുകൾ, ട്രേഡ് യൂണിയനുകൾ, പ്രൊഫഷണൽ അസോസിയേഷനുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ, സഹരണ ബാങ്കുകളുടെ അദ്ധ്യക്ഷന്മാർ, സംസ്ഥാന പ്ലാനിങ് ബോർഡ് എന്നിവരുമായി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ചർച്ചകൾ നടത്തുകയും പ്രസ്തുത പരിപാടിക്കാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും മറ്റ് സഹായസഹകരണങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള തീരുമാനമായിട്ടുമുണ്ട്. ഇത് കൂടാതെ

തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ പദ്ധതി നടത്തിപ്പിനായി 1155 ഇന്റേണുകളെ നിയമിക്കുന്നതിനുള്ള പ്രവർത്തനം സി.എം.ഡി. വഴി നടത്തി വരുന്നുണ്ട്. ഇത് കൂടാതെ സംരംഭകർക്ക് ആവശ്യമായ പരിശീലനത്തിനുള്ള കൈപ്പുസ്തകം, വീഡിയോ, പോസ്റ്ററുകൾ എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്.

**സംസ്ഥാനത്ത് ഒരു ലക്ഷം വ്യവസായ സംരംഭങ്ങൾ**

**16 (*46)** ശ്രീമതി സി. കെ. ആശ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി.രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എം.എസ്.എം.ഇ. മേഖലയിൽ ഒരു ലക്ഷം സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ഒരു ലക്ഷം സംരംഭങ്ങൾ

ആരംഭിക്കുന്നതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങളും ചർച്ചകളും ആരംഭിച്ചിട്ടുണ്ട്.

(ബി) 2022-23 വർഷം സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ടാർഗറ്റ് നിശ്ചയിച്ച് ലക്ഷ്യം കൈവരിക്കുന്നതിനുള്ള ചിട്ടയായ പ്രവർത്തനം ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

സംരംഭകവർഷത്തിന്റെ ഭാഗമായി ഒരു ലക്ഷം സംരംഭങ്ങൾ വിവിധ വകുപ്പുകൾക്ക് ടാർഗറ്റ് നിശ്ചയിച്ച് ചിട്ടയായായാം വയസ്സിൽ പ്രവർത്തനം നടത്തുന്നതിനുള്ള പദ്ധതികൾ വ്യവസായ വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും നേതൃത്വത്തിൽ ആവിഷ്കരിച്ചു വരുന്നുണ്ട്.

(സി) ഒരു വർഷം ഒരു ലക്ഷം വ്യവസായ സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് വ്യവസായ പാർക്കുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

ഒരു വർഷം ഒരു ലക്ഷം വ്യവസായ സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം,

വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തുന്ന പക്ഷം ഇക്കാര്യം പരിശോധിക്കുന്നതാണ്. ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യം കഴിഞ്ഞ് അധികമുള്ള ഉപയോഗയോഗ്യമായ സ്ഥലത്ത് സ്റ്റാന്റേർഡ് ഡിസൈൻ ഫാക്ടറീസ് സ്ഥാപിച്ച് എം.എസ്.എം.ഇ യൂണിറ്റുകളെ പ്രോൽസാഹിപ്പിക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളുടെ വെണ്ടർ ഡെവലപ്പ്മെന്റ് നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**കെയർ ഹോം പദ്ധതി**

**17 (*47)** ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ വീട് തകർന്നവർക്കും ഭവനരഹിതർക്കും വീട് നിർമ്മിച്ച് നൽകുന്ന കെയർ ഹോം പാർപ്പിട സമുച്ചയ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ സമ്പൂർണമായും വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങളുടെ സഹായത്തോടെ സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതിയാണ് കെയർ ഹോം. 2018-ലും 2019-ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി ഭവന സമുച്ചയം നിർമ്മിച്ച് നൽകുന്നത് ലക്ഷ്യം വച്ചാണ് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടം ആസൂത്രണം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറിയിട്ടുണ്ട്. നിർമ്മിതി കേന്ദ്ര, തൃശ്ശൂർ നിർമ്മാണ ചുമതല ഏറ്റെടുത്ത് പൂർത്തീകരിച്ച ഭവനസമുച്ചയത്തിന്റെ ഉദ്ഘാടനം 2021 ഡിസംബർ 6 ന് ബഹു. കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു. പദ്ധതി നിർവ്വഹണത്തിന് സ്ഥലം ലഭ്യമായിട്ടുള്ള തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ

ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കോട്ടയം ജില്ലയിലും പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള ജില്ലകളിലെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു. തിരുവനന്തപുരം ജില്ല വർക്കല താലൂക്കിൽ പള്ളിക്കൽ വില്ലേജിൽ റവന്യൂ വകുപ്പിന്റെ കൈവശമുള്ള 256/2 സർവ്വേ നമ്പരിൽപ്പെട്ട 1.1075 ഏക്കർ സ്ഥലമാണ് പദ്ധതി നിർവ്വഹണത്തിന് അനുവദിച്ചിട്ടുള്ളത്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം സ്ഥലത്തിന്റെ മണ്ണ് പരിശോധന നടത്തിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ജില്ലാ നിർമ്മിതി കേന്ദ്ര,തിരുവനന്തപുരം തയ്യാറാക്കിയ ഡി.പി.ആർ. ജില്ലാതല സാങ്കേതിക സമിതി യോഗം ചേർന്ന് പരിശോധിക്കുകയും ടി യോഗത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുതുക്കി തയ്യാറാക്കിയ ഡി.പി.ആർ. ജില്ലാ നിർമ്മിതി കേന്ദ്ര ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആയതിന് അംഗീകാരം നൽകുന്നതിനായി ജില്ലാതല സാങ്കേതിക സമിതി യോഗം ചേരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പെർമിസ്സീവ് സാംഗ്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചു വരുന്നു. കൊല്ലം ജില്ല കൊട്ടാരക്കര താലൂക്കിൽ കടയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള 226/21-2, 226/21-3 സർവ്വേ നമ്പരുകളിൽപ്പെട്ട 100 സെന്റ് സ്ഥലമാണ് പദ്ധതി നിർവ്വഹണത്തിന് അനുവദിച്ചിട്ടുള്ളത്. കൊല്ലം ടി.കെ.എം. എൻജിനീയറിംഗ് കോളേജ് നിർദ്ദിഷ്ട സ്ഥലത്തിന്റെ മണ്ണ് പരിശോധന നടത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ നിർമ്മിച്ച ഭവന സമുച്ചയത്തിന്റെ മാതൃകയിൽ പരമാവധി ചെലവ് ചുരുക്കി സമയബന്ധിതമായി കൊല്ലം ജില്ലയിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിനുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി നൽകുന്നതിന് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാതല സാങ്കേതിക സമിതിയുടേയും ജില്ലാതല നിർവ്വഹണ മേൽനോട്ട സമിതിയുടേയും യോഗങ്ങൾ ചേർന്ന് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ആലപ്പുഴ ജില്ല മാവേലിക്കര താലൂക്കിൽ തഴക്കര ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള 151 സെൻറ് സ്ഥലമാണ് പദ്ധതി നിർവ്വഹണത്തിന് അനുവദിച്ചിട്ടുള്ളത്. ടി.കെ.എം. എൻജിനീയറിംഗ് കോളേജ് സ്ഥലത്തിന്റെ മണ്ണ് പരിശോധന നടത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ നിർമ്മിച്ച ഭവനസമുച്ചയത്തിന്റെ മാതൃകയിൽ 36 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവനസമുച്ചയം

നിർമ്മിക്കുന്നതിന് (ഘട്ടം-1) 4,91,35,979/- രൂപയുടെയും അധിക നിർമ്മാണത്തിന് (ഘട്ടം-2) 1,15,34,246/- രൂപയുടെയും റഫ് എസ്റ്റിമേറ്റുകൾ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാതല നിർവ്വഹണ സമിതി യോഗം ചേർന്ന് പ്രസ്തുത എസ്റ്റിമേറ്റ് വിശദമായി പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണത്തിന് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പാലക്കാട് ജില്ല പാലക്കാട് താലൂക്കിൽ കണ്ണാടി- 2 വില്ലേജിൽ പി.ഡബ്ല്യൂ.ഡി. യുടെ കൈവശമുള്ള 61 സെന്റ് സ്ഥലമാണ് പദ്ധതി നിർവ്വഹണത്തിന് അനുവദിച്ചിട്ടുള്ളത്. അകത്തേത്തറ എൻ.എസ്.എസ്. എൻജിനീയറിംഗ് കോളേജ് നിർദിഷ്ട സ്ഥലത്തിന്റെ മണ്ണ് പരിശോധന നടത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാതല സാങ്കേതിക സമിതിയുടേയും ജില്ലാതല നിർവ്വഹണ മേൽനോട്ട സമിതിയുടേയും യോഗങ്ങൾ ചേർന്ന് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കോഴിക്കോട് ജില്ല വടകര താലൂക്കിൽ മണിയൂർ പഞ്ചായത്തിൽ വടകര മുനിസിപ്പാലിറ്റിയുടെ കൈവശമുള്ള 2.5 ഏക്കറിൽ ഉൾപ്പെട്ട 100 സെന്റ്

സ്ഥലമാണ് പദ്ധതി നിർവ്വഹണത്തിന് അനുവദിച്ചിട്ടുള്ളത്. ജില്ലാതല നിർവ്വഹണ മേൽനോട്ട സമിതിയുടെ യോഗം ചേർന്ന് പദ്ധതി നിർവ്വഹണത്തിനുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം നിർദ്ദിഷ്ട സ്ഥലത്തിന്റെ മണ്ണ് പരിശോധന നടത്തി നിർമ്മാണത്തിനുള്ള പ്ലാൻ തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാതല സാങ്കേതിക സമിതിയുടേയും ജില്ലാതല നിർവ്വഹണ മേൽനോട്ട സമിതിയുടേയും യോഗങ്ങൾ ചേർന്ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കണ്ണൂർ ജില്ല തളിപ്പറമ്പ് താലൂക്കിൽ പന്നിയൂർ വില്ലേജിൽ റവന്യൂ വകുപ്പിന്റെ കൈവശമുള്ള 40 സെന്റ് സ്ഥലമാണ് പദ്ധതി നിർവ്വഹണത്തിന് അനുവദിച്ചിട്ടുള്ളത്. നിർദിഷ്ട സ്ഥലത്തിന്റെ മണ്ണ് പരിശോധന നടത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാതല സാങ്കേതിക

സമിതിയുടേയും ജില്ലാതല നിർവ്വഹണ മേൽനോട്ട സമിതിയുടേയും യോഗങ്ങൾ ചേർന്ന് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ട ലക്ഷ്യം നിറവേറുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ട ലക്ഷ്യം നിറവേറുന്നതിന് കഴിഞ്ഞിട്ടുണ്ട്. 2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ സമ്പൂർണമായും വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2,000 വീടുകൾ നിർമ്മിച്ച് നൽകുക എന്നത് ലക്ഷ്യമിട്ടാണ് സഹകരണ വകുപ്പ് കെയർ ഹോം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. റവന്യൂ വകുപ്പ്, ജില്ലാ കളക്ടർ എന്നിവരുടെ അധികമായി വീടുകൾ നിർമ്മിച്ച് നൽകണമെന്ന അപേക്ഷ പരിഗണിച്ച്, പദ്ധതി പ്രകാരം നിർമ്മിക്കേണ്ട വീടുകളുടെ എണ്ണം വിവിധ ഘട്ടങ്ങളായി വർദ്ധിപ്പിച്ച് 2092 വീടുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022 ഫെബ്രുവരി 14 വരെ പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 2087 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 4 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നു

വരികയാണ്. ശേഷിക്കുന്ന ഒരു വീടിന്റെ നിർമ്മാണം ഡോക്യുമെന്റേഷൻ ഘട്ടത്തിലാണ്.

## കെ.എസ്.ഐ.ഡി.സി.യുടെ പ്രവർത്തനങ്ങൾ

**18 (*48)** ശ്രീ. കെ. ആൻസലൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. മമ്മിക്കുട്ടി:

ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി.രാജീവ്) സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഏറ്റവും മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിലൊന്നായി കേരളത്തെ മാറ്റിത്തീർക്കുകയെന്ന പ്രഖ്യാപിത ലക്ഷ്യത്തിനനുസൃതമായി കേരള വ്യവസായ വികസന കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

(ബി) കെ.എസ്.ഐ.ഡി.സി. വഴി നടപ്പാക്കുന്ന മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതിയെക്കുറിച്ച് അറിയിക്കാമോ ?

(എ & ബി) സംസ്ഥാനത്ത് വ്യവസായ മേഖലയിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സാമ്പത്തിക സഹായങ്ങൾ നൽകുക, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി

പ്രവർത്തിക്കുന്ന, കേരള സർക്കാരിന്റെ ഒരു പ്രമുഖ പൊതുമേഖലാ സ്ഥാപനമാണ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.). വ്യവസായ സംരംഭങ്ങൾക്ക് വിവിധ വകുപ്പുകളിൽനിന്നുമുള്ള അനുമതികൾ ലഭ്യമാക്കുക, ഇൻസെന്റീവുകൾ ലഭ്യമാക്കുക എന്നീ ചുമതലകളും കെ.എസ്.ഐ.ഡി.സി. നിർവ്വഹിക്കുന്നുണ്ട്. 1961-ൽ സ്ഥാപിതമായ ഈ കോർപ്പറേഷൻ നാളിതുവരെ ഏകദേശം 800-ൽ അധികം വ്യവസായ സംരംഭങ്ങളുടെ സ്ഥാപനത്തിൽ വിവിധങ്ങളായ പങ്കുവഹിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാറിന്റെ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് പദ്ധതി കേരളത്തിൽ നടപ്പാക്കുന്നതിന്റെ ചുമതല കെ.എസ്.ഐ.ഡി.സി.-യിൽ നിക്ഷിപ്തമാണ്. കാലഹരണപ്പെട്ടവയും, ആവർത്തന സ്വഭാവമുള്ളവയുമായ നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ ഭേദഗതികൾ വരുത്തുക, സംരംഭകർക്ക് അനുമതികൾ ലഭ്യമാക്കുന്നതിന് വകുപ്പുകൾ ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തുക, സംരംഭകരുടെ പരാതികൾക്കും സംശയങ്ങൾക്കും പരിഹാരങ്ങൾ നിർദ്ദേശിക്കാൻ വേണ്ട സംവിധാനങ്ങൾ ഒരുക്കുക എന്നിവ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി. വഴി ഏകോപിപ്പിച്ച് നടപ്പിലാക്കി വരുന്നു. 2018-ലെ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും

നിയമം' വന്നതിനുശേഷം, 2019-ൽ കെ-സ്വിഫ്റ്റ് എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നിലവിൽ വന്നു. ഒരു വ്യവസായ സംരംഭം തുടങ്ങുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ആവശ്യമായ എല്ലാ അനുമതികളും സുതാര്യമായും സമയബന്ധിതമായും ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ സംവിധാനം നിലവിൽ വന്നത്. 21 വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും 79 അനുമതികളും പെർമിറ്റുകളും ഇപ്പോൾ കെ-സ്വിഫ്റ്റ് വഴി നൽകിവരുന്നു. വിവിധ വകുപ്പുകളുമായും കേന്ദ്ര ഏജൻസിയായ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററുമായും ചേർന്ന് ഈ സംവിധാനം ഏകോപിപ്പിക്കുന്നതും കെ.എസ്.ഐ.ഡി.സി-യാണ്. സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കാനും സംസ്ഥാനത്ത് ഒരു മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ മുൻകൈയെടുത്ത് കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പ്രത്യേക സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ സ്റ്റാർട്ടപ്പുകൾ പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന

സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം വായ്പയായും ലഭ്യമാക്കും. പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു:

1. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ ഇതിന്റെ ഭാഗമായി 25 ലക്ഷം മുതൽ രണ്ടുകോടി രൂപവരെ വായ്പയായി അനുവദിക്കുന്നു. മൂന്ന് ശതമാനം സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ എം.എസ്.എം.ഇ. (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രൊപ്രൈറ്റർഷിപ്പ്, പാർട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാക്കുന്നതാണ്. ഒരു കോടി രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്ക് (പ്രോസസ്സിംഗ് അപ്ഫ്രണ്ട് ഫീസ് എന്നിവ) ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷവും, 1 വർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കുന്നതാണ്.

2. സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് പ്രസ്തുത വായ്പ ലഭ്യമാക്കാൻ അർഹത. അവസാന രണ്ടു വർഷത്തെ വിറ്റുവരവിന്റെ 20 ശതമാനമായിരിക്കും വായ്പയായി ലഭിക്കുക. കുറഞ്ഞത് അഞ്ച് ലക്ഷം രൂപയും പരമാവധി ഒരു കോടി രൂപയും എന്ന നിലയിൽ ആയിരിക്കും വായ്പ ലഭ്യത പരിമിതപ്പെടുത്തിയിരിക്കുക. പ്രസ്തുത മൂലധന വായ്പ 8 വർഷത്തെ തിരിച്ചടവ്

കാലാവധിയിൽ 9.75% പലിശ നിരക്കിൽ ടേം ലോണായിട്ടാണ് ലഭ്യമാക്കുന്നത്. പ്രസ്തുത വായ്പയുടെ പ്രോസ്സസിംഗിനായി 25,000 രൂപ മാത്രമാണ് ഫീസിനത്തിൽ ഈടാക്കുന്നത്. കൂടാതെ പ്രവാസികൾക്കായി കെ.എസ്.ഐ.ഡി.സി.യും നോർക്കയും ചേർന്ന് അവതരിപ്പിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് പ്രവാസി ഭദ്രതാ മെഗാ പദ്ധതി. പ്രസ്തുത പദ്ധതി മുഖേന സംസ്ഥാന സർക്കാർ കെ.എസ്.ഐ.ഡി.സി. മുഖാന്തിരം ഗുണഭോക്താക്കളായ പ്രവാസികൾക്ക് അനുവദിക്കുന്ന വായ്പ 25 ലക്ഷം മുതൽ രണ്ടു കോടി രൂപ വരെയാണ്. കൂടാതെ ബിൽ ഡിസ്കൗണ്ടിംഗ് സ്കീം, പങ്കാളിത്ത സൗഹൃദ ടൂറിസം പദ്ധതി ‘ കാരവൻ കേരള്' എന്നിവയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(സി) വനിതാ സംരംഭകർക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്നതിനായുള്ള പദ്ധതിയുടെ വിശദാംശം നൽകാമോ;

(ഡി) വ്യവസായ വകുപ്പിന്റെ വിവിധ പദ്ധതികളുടെ തത്സമയ നിരീക്ഷണത്തിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(സി & ഡി) കേരളത്തിലെ വ്യവസായ മേഖലയിലെ മുഖ്യധാരയിലേക്ക് വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും

വ്യവസായ സംരംഭങ്ങൾ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിനും കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് 'വനിതാ സംരംഭകത്വ മിഷൻ' അഥവാ 'വി മിഷൻ. വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണയും, നെറ്റ് വർക്കിങ് മീറ്റിംഗുകളും, വ്യവസായ സംരംഭകരെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുവാൻ സഹായിക്കുന്നതിനും അതോടൊപ്പം ഈ വ്യവസായങ്ങളെ ലോകത്തിനു മുൻപിൽ പ്രദർശിപ്പിക്കുന്നതിനും, സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുമുള്ള സാഹചര്യമൊരുക്കുകയുമാണ് വി മിഷൻ വഴി കെ.എസ്.ഐ.ഡി.സി ചെയ്തുവരുന്നത്. സ്ത്രീ സംരംഭകരുടെ നിർമ്മാണ മേഖലയിലേർപ്പെട്ടിരിക്കുന്ന (മാനുഫാക്ചറിങ്)/I.T, Software/Service ബിസിനസ് സംരംഭങ്ങളെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള ബിസിനസ് വിപുലീകരണത്തിനോ ആധുനികവൽക്കരണത്തിനോ വൈവിദ്ധ്യവല്ക്കരണത്തിനോ വേണ്ടി കെ.എസ്.ഐ.ഡി.സി ഒരു ഹ്രസ്വകാല വായ്പാപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവന്നിരുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- വനിതാ സംരംഭകരുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള പ്രൊപ്രൈറ്റർഷിപ്പ്, പാർട്ണർഷിപ്പ് സ്ഥാപനങ്ങൾ, ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പുകൾ, പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾ തുടങ്ങിയവയ്ക്ക് സുസ്ഥിര ആസ്തി (fixed asset) സൃഷ്ടിക്കുന്നതിനും പ്രവർത്തന മൂലധന ആവശ്യകതകൾക്കുമാണ് വായ്പ ലഭിക്കുന്നത്.

- കമ്പനിയിലെ 50% അല്ലെങ്കിൽ അതിൽ കൂടുതലുള്ള ഓഹരികൾ/സംഭാവനകൾ എങ്കിലും ആദ്യ ഘട്ടം മുതൽ വനിതാ സംരംഭകയുടെ കൈവശമായിരിക്കണം, കൂടാതെ (വനിതസംരംഭക) സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ/പങ്കാളി ആയിരിക്കണം.

- വ്യാവസായിക യന്ത്രസാമഗ്രികൾ ഉപയോഗിച്ചുള്ള ഉൽപ്പാദനം, ഐടി (സോഫ്റ്റ്‌വെയർ) അല്ലെങ്കിൽ സേവന പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് പ്രധാനമായും വായ്പ നൽകുന്നത്. (വാണിജ്യ സ്ഥാപനങ്ങൾ നടത്തുന്നതിന് വായ്പ ലഭിക്കുന്നതല്ല.)

- നിലവിലുള്ള വനിതാ സംരംഭകരുടെ യൂണിറ്റ്, കഴിഞ്ഞ 1 വർഷമായി പ്രവർത്തിക്കുന്നതും, ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ രണ്ടാം ഭാഗം/ MSME, GoI മന്ത്രാലയത്തിന്റെ ഉദ്യോഗ് ആധാർ ഉള്ളതും കുറഞ്ഞത് 10 ലക്ഷം രൂപ ശരാശരി വാർഷിക വിറ്റുവരവുള്ളതുമായിരിക്കണം.

- വാണിജ്യപരമായി വിജയിക്കാൻ സാധ്യതയുള്ള പദ്ധതിക്ക് ഈ ഇനത്തിൽ ലഭിക്കാവുന്ന പരമാവധി ധനസഹായം മൊത്ത നിക്ഷേപത്തിന്റെ 80 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കും. എന്നാൽ പ്രവർത്തന മൂലധന ആവശ്യകതയുടെ (Working Capital) കാര്യത്തിൽ, സഹായത്തിന്റെ അളവ് ആവശ്യകതയുടെ 80% അല്ലെങ്കിൽ പരമാവധി 10 ലക്ഷം രൂപയോ ഏതാണോ കുറവ് അതായിരിക്കും വായ്പയായി ലഭിക്കുക.
- ഒരു പുതിയ സംരംഭം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വനിതാ സംരംഭകർക്ക് ടേം ലോണിന്റെ സ്വഭാവത്തിലുള്ള സാമ്പത്തിക സഹായവും നൽകും, അവിടെ പ്രോജക്റ്റ് ചെലവിന്റെ 50% പ്രൊമോട്ടർ വഹിക്കണം.
- വായ്പയുടെ പലിശ നിരക്ക് 7.5% p.a. ആണ്. പ്രവർത്തനങ്ങളുടെ സ്കെയിലിംഗിന്റെ ഭാഗമായി സൃഷ്ടിച്ച സ്ഥിര ആസ്തികൾ/ സ്റ്റോക്ക്/ നിലവിലെ ആസ്തികൾ എന്നിവയിൽ വായ്പയുടെ സെക്യൂരിറ്റി ആദ്യം ഈടാക്കും. കൂടാതെ പ്രൊമോട്ടർമാർ/ ഷെയർഹോൾഡർമാർ/ പങ്കാളികൾ എന്നിവർ വ്യക്തിഗത ഗ്യാരണ്ടി നൽകേണ്ടതുണ്ട്.

**സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ റിസർവ് ബാങ്ക് ഇടപെടൽ**

**19 (*49)** ശ്രീ. ഡി. കെ. മുരളി:
ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്ക് എന്ന പേര് ഉപയോഗിക്കുന്നത് വിലക്കുകയും നിക്ഷേപം സ്വീകരിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ബാങ്കിംഗ് സേവനം നിഷേധിക്കുകയും ചെയ്യുന്ന റിസർവ് ബാങ്ക് ഇടപെടൽ സംസ്ഥാനത്തുണ്ടാക്കാവുന്ന പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളും സംസ്ഥാനത്തെ കാർഷിക മേഖലയുടെയും ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെയും നട്ടെല്ലായ സഹകരണ മേഖലയിലെ സുപ്രധാന പങ്ക് വഹിക്കുന്ന സ്ഥാപനങ്ങളാണ്. സർവ്വീസ് സഹകരണ ബാങ്കുകൾ എന്ന പേരിൽ അറിയപ്പെടുന്ന പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കേവലം അവയിലെ അംഗങ്ങളുടെ സാമ്പത്തിക ഇടപാടുകൾ കൈകാര്യം

ചെയ്യുന്നതിലും കാർഷിക, കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയിലും മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. അംഗങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും സാമൂഹിക ഇടപെടലുകളും നടത്തി വരുന്ന സ്ഥാപനങ്ങളാണിവ. സാമൂഹിക സുരക്ഷാ പെൻഷൻ വിതരണം, KSRTC പെൻഷൻ കൺസോർഷ്യം/വിതരണം, നീതി മെഡിക്കൽ സ്റ്റോർ, നീതി ലാബ്, ആംബുലൻസ് സർവ്വീസ്, ഡയാലിസിസ് സെന്ററുകൾ, നാളികേര സംസ്കരണ യൂണിറ്റുകൾ, വിവിധ സഹകരണ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളുടെ വില്പന ശാലകൾ, ഉത്സവകാല ചന്തകൾ തുടങ്ങിയവ നടത്തുക എന്നിങ്ങനെയുള്ള വിവിധ ജനോപകാരപ്രദമായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക രംഗത്ത് പകരം വയ്ക്കാൻ കഴിയാത്ത സ്ഥാപനങ്ങളാണ് സർവ്വീസ് സഹകരണ ബാങ്കുകൾ. ദീർഘകാല കാർഷിക വായ്പ രംഗത്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ. ഇവയുടെ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന നിയന്ത്രണങ്ങളും ചട്ടങ്ങളും ചെറുകിട ക്രെഡിറ്റ് (വായ്പ) രംഗത്ത് തിരിച്ചടികൾക്ക് കാരണമാകാം. ഇത് സംസ്ഥാനത്തെ സാമൂഹിക

സാമ്പത്തിക രംഗത്ത് അപരിഹാര്യമായ സ്ഥിതി വിശേഷം സൃഷ്ടിക്കുമെന്ന് കരുതുന്നു.

(ബി) സഹകരണ പ്രസ്ഥാനത്തെ ദുർബലപ്പെടുത്താൻ കേന്ദ്ര സർക്കാർ നടത്തുന്ന നീക്കം സഹകാരികളിലാകെ ആശങ്ക സൃഷ്ടിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ?

'സഹകരണം' ഒരു സംസ്ഥാന വിഷയമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സഹകരണ നിയമം പാസ്സാക്കിയിട്ടുള്ളത്. എന്നാൽ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ നിയമത്തിന് വിരുദ്ധവും, സഹകരണ സ്ഥാപനങ്ങളെ നിയമവിധേയമല്ലാതെ നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ടതാണ്. ബാങ്കിംഗ് നിയമത്തിൽ വരുത്തിയ മാറ്റങ്ങൾ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതാകയാൽ ടി ഭേദഗതികളെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ചോദ്യം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച PACS അസോസിയേഷൻ ഭാരവാഹികൾ, സഹകാരികൾ, സഹകരണ സംഘം/ബാങ്ക് ജീവനക്കാരുടെ പ്രതിനിധികൾ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് ചർച്ചകൾ നടത്തിയിട്ടുണ്ട്. റിസർവ് ബാങ്കിന്റെ

22/11/2021-ലെ പത്രപരസ്യത്തെ തുടർന്ന് ആയത് പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ച് റിസർവ് ബാങ്കിന് കത്ത് നൽകുകയുണ്ടായി. കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിച്ചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നതെന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ആദായനികുതി ഈടാക്കണമെന്ന് കാണിച്ച് നികുതി വകുപ്പ് നോട്ടീസ് നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 2019-ൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പുമന്ത്രി എന്നിവർക്ക് ബഹുമാനപ്പെട്ട മുൻ സഹകരണ വകുപ്പുമന്ത്രി നേരിട്ട് നിവേദനം സമർപ്പിക്കുകയുണ്ടായി. എന്നാൽ അനുകൂല നടപടി ഉണ്ടാകാത്തതിനാൽ വീണ്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ (Multi State Co-operative Societies) പ്രവർത്തനം സുതാര്യമാക്കുന്നതിനായി സർക്കാർ ഇതിനകം ഇടപെടൽ നടത്തിയിട്ടുണ്ട്.

(സി) സംസ്ഥാന നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ ഏതെങ്കിലും തരത്തിലുള്ള പോരായ്മ കേന്ദ്രസർക്കാരോ റിസർവ് ബാങ്കോ ചൂണ്ടിക്കാണിച്ചിരുന്നോ; വ്യക്തമാക്കാമോ?

കേരള സഹകരണ നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നതും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ലൈസൻസുള്ളതുമായ കേരള സംസ്ഥാന സഹകരണ ബാങ്ക്, ലൈസൻസ്ഡ് അർബൻ സഹകരണ ബാങ്കുകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് എന്നിവയിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ കാലാകാലങ്ങളിൽ നിയമാനുസൃത പരിശോധന നടത്തുകയും ആയതിൻമേലുള്ള പരിഹരണ റിപ്പോർട്ട് പ്രസ്തുത സ്ഥാപനങ്ങൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് നൽകുകയും ചെയ്യുന്നുണ്ട്. കേരള ലാൻഡ് റീഫോംസ് ആന്റ് ഡെവലപ്പ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4482 (ലാഡർ) പൊതുജനങ്ങൾക്ക് നാമമാത്ര അംഗത്വം നൽകി അവരിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നതായും, വാണിജ്യ റിയൽ എസ്റ്റേറ്റ് ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നതായും, ആയത് ബോദ്ധ്യപ്പെടുന്നപക്ഷം തുടർനടപടി

സ്വീകരിക്കണമെന്നും കാണിച്ച് ആർ.ബി.ഐ ജനറൽ മാനേജർ, തിരുവനന്തപുരം കത്ത് നൽകിയിട്ടുണ്ട്.

## വൈദ്യുതി ചാർജ്ജ് വർദ്ധനവ്

**20 (*50)** ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ സാമ്പത്തിക ബാധ്യത നികത്താനായി വൈദ്യുതി നിരക്ക് ഉയർത്തി ഉപഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്ന നടപടിയാണ് സർക്കാർ സ്വീകരിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. വിതരണ കമ്പനികളുടെ സാമ്പത്തിക ബാധ്യതയുടെ അടിസ്ഥാനത്തിലല്ല, വൈദ്യുതി ചാർജ് പരിഷ്കരിക്കുന്നത്, മറിച്ച് വരും വർഷങ്ങളിലേക്കുള്ള കമ്പനിയുടെ പ്രതീക്ഷിത ചെലവും, പ്രതീക്ഷിത വരവും

തമ്മിലുള്ള അന്തരത്തിന്റെ അടിസ്ഥാനത്തിലാണ്. കൂടാതെ വൈദ്യുതി നിയമം-2003, ദേശീയ താരിഫ് നയം-2016, റെഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്കിൽ വ്യത്യാസങ്ങൾ വരുത്തുന്നത്. കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ചെലവിനങ്ങളിലുള്ള പ്രതീക്ഷിത വർദ്ധനവ്, വികസന പ്രവർത്തനങ്ങൾക്ക് അവശ്യം വേണ്ട മൂലധന നിക്ഷേപം മുതലായവയ്ക്കു വേണ്ടി കെ. എസ്.ഇ.ബി. ലിമിറ്റഡിനുള്ള ഏക വരുമാനം വൈദ്യുതി ചാർജ്ജിലൂടെയാണ് ലഭ്യമാകുന്നത്. നിലവിലുള്ള സാഹചര്യത്തിൽ നിരക്ക് പരിഷ്കരണം കൂടാതെ മുമ്പോട്ടു പോയാൽ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ നിലനിൽപ്പിനെയും സേവനങ്ങളെയും ദോഷകരമായി ബാധിക്കുമെന്നതിനാൽ നിരക്ക് പരിഷ്കരണം അനിവാര്യമായി തീരുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 2017-18 കാലയളവ് വരെയുള്ള ട്രൂയിങ് അപ്പ് പ്രകാരം അംഗീകരിക്കപ്പെട്ടിട്ടുള്ളതും എന്നാൽ താരിഫിലൂടെ നികത്തപ്പെടാത്തതുമായ കമ്മി 6864.13 കോടി രൂപയാണ്. കൂടാതെ 2018-19 മുതൽ 2020-21 വരെയുള്ള സമർപ്പിക്കപ്പെട്ട ട്രൂ അപ്പ് പെറ്റീഷനും കൂട്ടി ചേർത്ത് 2021 സാമ്പത്തിക വർഷത്തിന്റെ

അവസാനത്തോടുകൂടി റവന്യൂ ഗ്യാപ്പ് 8919 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ടി റവന്യൂ ഗ്യാപ്പ് കുറഞ്ഞ ഒരു അളവിലെങ്കിലും നികത്തേണ്ടത് കമ്പനിയുടെ നിലനിൽപ്പിന് അനിവാര്യമായി തീർന്നിരിക്കുന്നു. കൂടാതെ ഉൽപാദന പ്രസരണ വിതരണ മേഖലകളിൽ അവശ്യം വേണ്ട മുതൽ മുടക്ക് അനിവാര്യമായി വന്നിട്ടുണ്ട്. ഗുണമേൻമയുള്ള വൈദ്യുതി ഇടതടവില്ലാതെ നൽകുന്നതിന് അടുത്ത അഞ്ചു വർഷത്തേക്കുള്ള മുതൽ മുടക്ക് ഏകദേശം 28419 കോടി രൂപ വരും. ഇക്കാരണങ്ങളാലാണ് കുറഞ്ഞ ഒരളവിലെങ്കിലും നിരക്ക് പരിഷ്കരണത്തിനുള്ള ശുപാർശകളുമായി റെഗുലേറ്ററി കമ്മീഷനെ സമീപിച്ചത്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും 3000 കോടിയിലേറെ രൂപ കുടിശിക തുകയായി കെ.എസ്.ഇ.ബി. പിരിച്ചെടുക്കാനുണ്ട് എന്നത് വസ്തുതയാണോ?

അല്ല. 31.12.2021 വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 1020.74 കോടി രൂപയും, സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും 1023.76 കോടി രൂപയും, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 73.43 കോടി രൂപയും ചേർത്ത് ആകെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ കെ.എസ്.ഇ.ബി

പിരിച്ചെടുക്കാനുള്ള തുക 2117.93 കോടി രൂപയാണ്. സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള 1,020.74 കോടി രൂപയിൽ 903.86 കോടി രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുകയാണ്. കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശിക തുകയായ 73.43 കോടി രൂപയിൽ 53.16 കോടി രൂപ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിൽ നിന്നും ഉള്ള കുടിശ്ശികയാണ്.

(സി) കുടിശ്്ശികയുള്ള വൻകിട ഉപഭോക്താക്കളിൽ നിന്ന് തുക പിരിച്ചെടുക്കുന്ന കാര്യത്തിൽ കെ.എസ്.ഇ.ബി. വിമുഖത കാണിക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള കുടിശിക പിരിച്ചെടുക്കാൻ സത്വര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കുടിശ്ശികയുള്ള വൻകിട ഉപഭോക്താക്കളുടെ കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യത്തിൽ കെ.എസ്.ഇ.ബി വിമുഖത കാണിക്കുന്നില്ല. ബഹുമാനപ്പെട്ട കോടതികളുടെ പരിഗണനയിൽ നിൽക്കുന്ന കുടിശ്ശികകൾ പിരിച്ചെടുക്കുന്നത് സംബന്ധിച്ച്, ബഹുമാനപ്പെട്ട കോടതികൾ എടുക്കുന്ന തീർപ്പിന് അനുസൃതമായി മാത്രമേ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. കോവിഡ് മഹാമാരിയോടനുബന്ധിച്ച് നിലനിന്നിരുന്ന

സാമ്പത്തിക പ്രതിസന്ധിയിന്മേൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഇളവുകൾകൂടി കണക്കിലെടുത്തുകൊണ്ട് കുടിശ്ശിക പിരിച്ചെടുക്കാൻ സത്വര നടപടി സ്വീകരിക്കുന്നതാണ്. കെ.എസ്.ഇ.ബി.എൽ, സാധാരണ ഗതിയിൽ വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കാൻ കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും. അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്താണ് കുടിശിക ഈടാക്കി വരുന്നത് . കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ, 2020 മാർച്ച് മാസം മുതൽ സർക്കാർ പ്രഖ്യാപിച്ച ലോക്ക്ഡൗൺ നിയന്ത്രണ കാലങ്ങളിലെ വൈദ്യുതി ബിൽ തുക ഒടുക്കുന്നതിൽ സർക്കാർ നിർദ്ദേശ പ്രകാരം, ഉപഭോക്താക്കൾക്ക് ഇളവുകൾ നൽകുകയും, തവണകളായി തുക അടയ്ക്കുവാനുള്ള സൗകര്യം അനുവദിക്കുകയും ചെയ്തിരുന്നു. മേൽപ്പറഞ്ഞ ആനുകൂല്യം പ്രയോജനപ്പെടുത്തി നിരവധി ഉപഭോക്താക്കളും സ്ഥാപനങ്ങളും വൈദ്യുതി

ചാർജ്ജ് അടയ്ക്കുവാൻ സാവകാശം നേടിയിട്ടുണ്ട്. ഇതിനു ശേഷം, കോവിഡ് വ്യാപനം രൂക്ഷമായ രണ്ടാം ഘട്ടത്തിലും, സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ലോക്ക് ഡൗൺ മൂലം, വൈദ്യുതി മോഷണം, വൈദ്യുതി സുരക്ഷാ ഭീഷിണി എന്നിവ ഒഴികെയുള്ള സാഹചര്യങ്ങളിൽ വൈദ്യുതി വിച്ഛേദിക്കൽ നടപടികൾ കെ.എസ്.ഇ.ബി.എൽ നിർത്തിവയ്ക്കുകയും ചെയ്തിരുന്നു. കോവിഡിന്റെ രണ്ടാം തരംഗത്തിനെ തുടർന്ന് സംസ്ഥാന സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ചില ഉപഭോക്താക്കൾക്ക് ഇളവുകൾ നൽകുകയും, തവണകൾ അനുവദിക്കുകയും, 30 സെപ്തംബർ 2021 വരെ ബിൽ അടയ്ക്കുവാൻ സാവകാശം നൽകുകയും ചെയ്തിരുന്നു. എന്നാൽ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ക്രമാതീതമായി വർധിച്ചതോടെ നടപടികൾ സ്വീകരിക്കാൻ ബോർഡ് നിർബന്ധിതമാവുകയും, കെ.എസ്.ഇ.ബി.എൽ-ന്റെ സാമ്പത്തിക സ്ഥിതി അതീവഗുരുതരമായ സാഹചര്യത്തിൽ കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസുകൾ നൽകുകയും കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. കാലാകാലങ്ങളിൽ കെ.എസ്.ഇ.ആർ.സി-യുടെ അനുമതിയോടുകൂടി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽ നിന്നും കെ.എസ്.ഇ.ബി.എൽ കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു.

കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് 2016-ലും 2018-ലും 2019 ലും 2021-ലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു.

(ഡി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുത്തുകൊണ്ട് വൈദ്യുതി ചാർജ്ജ് വർദ്ധനവിൽ നിന്നും പിന്മാറാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

കുടിശ്ശിക പിരിച്ചെടുക്കലും താരിഫ് പരിഷ്കരണവും തമ്മിൽ ബന്ധമില്ലാത്ത തരത്തിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായമാണ് (Accrual Account System) കെ.എസ്.ഇ.ബി.ലിമിറ്റഡിൽ അനുവർത്തിച്ച് വരുന്നത്. സർക്കാർ അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ നിന്ന് വിഭിന്നമായി ബിൽ ചെയ്യപ്പെടുന്ന തുക മുഴുവൻ വരുമാനമായി കണക്കിലെടുക്കുകയും ചെയ്യുന്ന അക്കൗണ്ടിങ്ങ് സമ്പ്രദായം ആയതിനാൽ പിരിഞ്ഞു. കിട്ടാനുള്ള കുടിശ്ശിക ഒന്നും തന്നെ നികത്താനുള്ള റവന്യൂ കമ്മിയിൽ പ്രതിഫലിക്കുന്നില്ല റെഗുലേറ്ററി കമ്മീഷൻ നിരക്കുകൾ പുതുക്കുമ്പോൾ പ്രധാനമായും കണക്കാക്കുന്ന ചെലവിനങ്ങൾ താഴെ പറയുന്നവയാണ്.

a) വൈദ്യുതിയുടെ ഉൽപാദന വാങ്ങൽ - ചെലവുകൾ (Generation & Power Purchase Cost)

b) പ്രവർത്തന പരിപാലന ചെലവുകൾ (Operation & maintenance cost)

c) പലിശ ചെലവുകൾ (interest and finance charges)

d) മൂലധന ഓഹരിയുടെ മടക്ക വിഹിതം (Return on equity)

e) തേയ്മാന ചിലവുകൾ (Depreciation) ഇപ്രകാരം കണക്കാക്കിയെടുക്കുന്ന മുഴുവൻ ചെലവുകളും, വരും വർഷങ്ങളിലെ പ്രതീക്ഷിത ഉപഭോഗത്തിന്, നിലവിലുള്ള നിരക്കിൽ കണക്കാക്കിയെടുക്കുന്ന മൊത്തം വരുമാനവും തമ്മിലുള്ള അന്തരമാണ് നിരക്കുകൾ പുതുക്കുമ്പോൾ പ്രധാനമായി പരിഗണിക്കുന്നത്. ഇപ്രകാരം മൊത്ത വരുമാനം കണക്കാക്കുമ്പോൾ വിൽപ്പന നടത്തുന്ന മുഴുവൻ വൈദ്യുതിയുടെ വിലയാണ് (കുടിശ്ശിക ഇല്ലാതെ പിരിച്ചെടുത്താൽ ലഭ്യമാകുന്ന തുക) പരിഗണിക്കുന്നത്. ആയതിനാൽ കുടിശ്ശിക പിരിച്ചെടുക്കലിന് താരിഫ് പരിഷ്കരണവുമായി ബന്ധമില്ല.

**പുതിയ ജലവൈദ്യുത പദ്ധതികൾ**

**21 (*51)** ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി (ശ്രീ. കെ. കൃഷ്ണൻ കുട്ടി) വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂർത്തിയായ ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമെന്നും സർക്കാരിന്റെ കാലാവധി

കഴിയുന്നതിന് മുമ്പ് പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയെന്നും വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. (i) അപ്പർകല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതി - (2 MW, 5.14 Mu) (ii) ചാത്തൻകോട്ടുനട II - (6 MW, 14.76 Mu) ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള ജല വൈദ്യുത പദ്ധതികൾ താഴെപ്പറയുന്നവയാണ്. I.നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന പദ്ധതികൾ

1. പള്ളിവാസൽ വിപുലീകരണ പദ്ധതി (60 MW/153.90 Mu)

2. പൊരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി - (1 x 24 MW/45.02 Mu)

3. ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതി (2x12 MW/76.45 Mu)

4. ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി - (24 MW/83.5 Mu)

5. തോട്ടിയാർ ജലവൈദ്യുത പദ്ധതി - (40 MW/99 Mu)

6. ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി - (85 Mu)

7. പെരുവണ്ണാമൂഴി - (6MW/24.70 Mu)

8. പഴശ്ശിസാഗർ - (7.5MW/25.16 Mu)

II. മാങ്കുളം ജലവൈദ്യുത പദ്ധതി (40MW, 82.08 Mu)-യുടെ നിർമ്മാണ പ്രവൃത്തികളുടെ ഉദ്ഘാടനം 2022 ഫെബ്രുവരി/ മാർച്ച് മാസത്തിൽ നടത്തി ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

III. മരിപ്പുഴ (6 MW, 14.84 Mu) ജലവൈദ്യുത പദ്ധതിയുടെ കരാർ നൽകുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഈ പദ്ധതിയും ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

IV. ഓലിക്കൽ ചെറുകിട ജലവൈദ്യുത പദ്ധതി (2x2.50 MW, 10.26 Mu), പൂവാരംതോട് ചെറുകിട ജലവൈദ്യുത പദ്ധതി (2x 1.50 MW, 5.88 Mu) എന്നിവയുടെ സിവിൽ നിർമ്മാണ പ്രവർത്തികളുടെ റീ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 2025-ൽ പ്രവർത്തനക്ഷമമാവുമെന്ന് പ്രതീക്ഷിക്കുന്നു.

V. നിർമ്മാണം ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള അപ്പർ ചെങ്കുളം SHEP (24 MW, 53.22 Mu) ജലവൈദ്യുത പദ്ധതിയും ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത്

ജല വൈദ്യുതോദ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആനക്കാംപൊയിൽ (8 MW), അരിപ്പാറ ചെറുകിട ജല വൈദ്യുത പദ്ധതി (4 MW) എന്നിവ കമ്മീഷൻ ചെയ്യുകയും ഗ്രിഡിലേക്ക് വൈദ്യുതി ഉല്പാദനം ആരംഭിക്കുകയും ചെയ്തു കഴിഞ്ഞു.

(ബി) ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച നിലവിലെ പുരോഗതി വ്യക്തമാക്കാമോ; പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ സാധിക്കുമെന്നും എത്ര വർഷത്തിനുള്ളിൽ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഇടുക്കി സുവർണ്ണ ജൂബിലി ജലവൈദ്യുത പദ്ധതി (800 MW, 1301 Mu) യുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാവശ്യമായ അനുമതികൾ, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതിന്റെ മുന്നോടിയായി പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തികരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പഠനങ്ങൾ പൂർത്തിയാക്കി ഡിപിആർ 2022 സെപ്റ്റംബറിൽ തയ്യാറാക്കും. 2024-ൽ പദ്ധതിയുടെ നിർമ്മാണം

ആരംഭിച്ച് 5 വർഷ കാലാവധിക്കുള്ളിൽ 2029-ൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) മിനി ഹൈഡൽ, മൈക്രോ ഹൈഡൽ പദ്ധതികൾ നടപ്പാക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

കനാലുകളിലെ ഒഴുക്കിൽ നിന്നും ഹൈഡ്രോ കൈനറ്റിക് സാങ്കേതികം, പിക്കോ/മൈക്രോ ഹൈഡ്രോ/മൈക്രോ വിൻഡ്/ഹൈബ്രിഡ് പവർ പ്രോജക്റ്റുകളുടെ സാങ്കേതികവിദ്യകൾ വഴിയുള്ള ഊർജ്ജ ഉത്പാദനത്തിനുമുള്ള സാധ്യതാ പഠനവും, പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണത്തിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ ചിറ്റൂർപ്പുഴ ജലസേചന പദ്ധതിയുടെ മൂലത്തറ ലെഫ്റ്റ് ബാങ്ക് ഇറിഗേഷൻ കനാലിൽ 25kW ന്റെയും, ഇടുക്കി ജില്ലയിൽ ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയ്സിൽ 25 kW ന്റെയും ഹൈഡ്രോ കൈനറ്റിക് സാങ്കേതിക വിദ്യ അവലംബിച്ചുകൊണ്ടുള്ള പൈലറ്റ് പദ്ധതികൾ നടപ്പിലാക്കുവാനുള്ള വർക്ക് ഓർഡറുകൾ എംപാനൽ ചെയ്യപ്പെട്ട സാങ്കേതിക വിദഗ്ദ്ധ കമ്പനികൾക്ക് നൽകിയിട്ടുണ്ട്. പൈലറ്റ് പദ്ധതിയുടെ വിജയം കണക്കിലെടുത്തശേഷം മൂലത്തറ ഇടതുകര കനാലിൽ

3 MW വരെ ഉത്പാദനം വർദ്ധിപ്പിക്കുവാനും വേണ്ട പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, സഹകരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ SPV രൂപീകരിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ ഏറ്റവും അവസാനം വിളിച്ചിരുന്ന ടെണ്ടർ നടപടികൾ പ്രകാരം BOOT അടിസ്ഥാനത്തിൽ സർക്കാർ അലോട്ട് ചെയ്ത പദ്ധതികളിൽ മൂന്ന് എണ്ണത്തിന്റെ (ആറ്റില I- 6 MW (പാലക്കാട് ജില്ല), ആറ്റില II- 6 MW (പാലക്കാട് ജില്ല), കാങ്ങാപ്പുഴ- 0.75 MW (ഇടുക്കി ജില്ല) ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പിട്ട് കഴിഞ്ഞിരിക്കുകയാണ്. ഈ പദ്ധതികൾ നടപ്പിലാക്കുന്നത് വഴി 12.75 മെഗാവാട്ട് സ്ഥാപിത ശേഷി കൂടി കൈവരിക്കുവാൻ സാധിക്കും. ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പ് വെച്ച കമ്പനികൾ പദ്ധതിയുടെ സാങ്കേതിക - സാമ്പത്തിക പ്രായോഗികതാ റിപ്പോർട്ടുകൾ (Techno – Economic Feasibility Report)-ക്ക് അനുമതി ലഭിച്ച ശേഷം 36 മാസത്തിനുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

**ജി.എസ്.ടി. നഷ്ടപരിഹാരത്തിനുള്ള സമയം ദീർഘിപ്പിക്കണമെന്ന ആവശ്യം**

**22 (*52)** ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാരണം സംസ്ഥാനത്ത് നികുതി വരുമാനം കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ജി.എസ്.ടി. നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള സമയം 2022 ജൂൺ മുതൽ അഞ്ച് വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തിന്റെ ഈ ആവശ്യത്തോട് കേന്ദ്രത്തിന്റെ പ്രതികരണം എന്താണ്; വിശദമാക്കുമോ ?

കോവിഡ് പ്രതിസന്ധിമൂലം സംസ്ഥാനങ്ങൾക്കുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടണമെന്ന ആവശ്യം 2021 സെപ്റ്റംബറിൽ നടന്ന നാല്പത്തിയഞ്ചാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിനെ അറിയിച്ചിരുന്നു. കോവിഡ് മഹാമാരി സംസ്ഥാനത്തിന്റെ ജി.എസ്.ടി മുഖേനയുള്ള റവന്യൂ

വരുമാനത്തെ ഗുരുതരമായി ബാധിച്ചതും കേന്ദ്രം ജി.എസ്.ടി. നഷ്ടപരിഹാരം അനുവദിക്കുന്നതിലെ കാലതാമസം കാരണം സംസ്ഥാനങ്ങൾക്ക് പലിശ ചെലവുള്ള ഹ്രസ്വകാല വായ്പകൾ എടുക്കേണ്ടിവന്നതുമൂലമുള്ള പ്രതിസന്ധി മറികടക്കാനും ജി.എസ്.ടി. നഷ്ടപരിഹാരം 5 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കാൻ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായിട്ടുള്ള (Pre-Budget Speech) യോഗത്തിൽ സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ ഈ ആവശ്യം കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ പരിഗണിച്ചിട്ടില്ല.

(ബി) രാജ്യത്ത് നികുതി വരുമാനം മുഴുവനും കേന്ദ്രസർക്കാരിൽ കേന്ദ്രീകരിക്കുകയും സംസ്ഥാനങ്ങളുടെ ഖജനാവ് ശുഷ്കിക്കുകയും ചെയ്യുന്നത് ഫെഡറൽ തത്ത്വങ്ങൾക്ക് അനുഗുണമാണോയെന്നറിയിക്കുമോ; സാമ്പത്തികമായി ശക്തമായ കേന്ദ്രവും ദുർബലമായ സംസ്ഥാനങ്ങളും ഫെഡറലിസത്തിന്റെ അടിസ്ഥാന തത്വങ്ങൾക്ക് നിരക്കുന്നതാണോ; വിശദമാക്കുമോ?

സംസ്ഥാന സർക്കാർ ചുമത്തിയിരുന്ന വാറ്റ്, കേന്ദ്ര സർക്കാർ ചുമത്തിയിരുന്ന എക്സൈസ് തീരുവ, സർവീസ് ടാക്സ് , മറ്റു പല പരോക്ഷ

നികുതികൾ എന്നിവ ഒരുമിച്ച് ചേർത്ത് ഒറ്റ നികുതി സമ്പ്രദായത്തിലേയ്ക്ക് മാറിയതാണ് ജി.എസ്.ടി.. ഇതനുസരിച്ച് ചരക്കുകളുടെയും സേവനങ്ങളുടെയും വില്പനയിന്മേൽ ചുമത്തിയിട്ടുള്ള നികുതി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തുല്യമായി വീതിക്കുന്നു. ജി.എസ്.ടി. നിലവിൽ വരുന്നതിന് മുൻപ് ചരക്കുകളുടെ വില്പനയിന്മേൽ മേൽ നികുതി ചുമത്തുന്നതിനുള്ള അധികാരം പൂർണ്ണമായും സംസ്ഥാനങ്ങളുടെ മേൽ നിക്ഷിപ്തമായിരുന്നു. ജി.എസ്.ടി. നിയമത്തിൽ ആ അധികാരം ഇല്ലാതായി. എന്നാൽ കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിലുണ്ടായിരുന്ന സർവീസിനുമേലുള്ള നികുതിയുടെ ഒരു ഭാഗം ജി.എസ്.ടി.-യിൽ സംസ്ഥാനങ്ങൾക്ക് ലഭ്യമാകുന്നു. ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന വരുമാന നഷ്ടം പരിഹരിക്കുന്നതിന് വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതനുസരിച്ചുള്ള നഷ്ടപരിഹാരം നിലവിൽ 2022 ജൂൺ വരെ സംസ്ഥാനങ്ങൾക്ക് ലഭ്യമാകും. ഇത് കൂടാതെ ജി.എസ്.ടി.-യിൽ ഉൾപ്പെടാത്ത മദ്യം, പെട്രോളിയം ഉത്പന്നങ്ങൾ എന്നിവയിന്മേൽ നികുതി ചുമത്തുവാനുള്ള അധികാരം നിലവിൽ സംസ്ഥാനങ്ങൾക്കുണ്ട്.

(സി) കേന്ദ്രം പ്രഖ്യാപിച്ച അൻപത് വർഷത്തെ തിരിച്ചടവ് കാലാവധി ലഭിക്കുന്ന പലിശ രഹിത വായ്പ സ്വീകരിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; സ്വീകരിച്ചാൽ എത്ര രൂപയാണ് സംസ്ഥാനത്തിന് അതിലൂടെ ലഭിക്കുക; ഈ തുക ലഭിക്കുന്നതിനായി കേന്ദ്രം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കുന്നതിന് പകരമായി ഇതിനെ കാണുവാൻ സാധിക്കുമോയെന്നും വിശദമാക്കാമോ?

കേന്ദ്ര സർക്കാർ 2020-21, 2021-22 വർഷങ്ങളിൽ പ്രഖ്യാപിച്ച 50 വർഷത്തെ തിരിച്ചടവ് കാലാവധി ലഭിക്കുന്ന പലിശ രഹിത വായ്പ (പാർട്ട്-II) എടുക്കുന്നതിന് സംസ്ഥാനം സന്നദ്ധത അറിയിക്കുകയും പ്രസ്തുത സ്കീമിൽ 2020-21-ൽ അനുവദിച്ച 163 കോടി രൂപയിൽ 81.5 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2021-22-ൽ 238.5 കോടി രൂപയാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. ഇതിൽ 159 കോടി രൂപ ഒന്നാമത്തെ ഗഡുവായി സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. മേൽ സ്കീമിൽ ചേരുന്നതിന് Utilization Certificate ഹാജരാക്കണമെന്ന നിബന്ധന മാത്രമാണ് കേന്ദ്ര സർക്കാർ വച്ചിട്ടുള്ളത്. 2022-23 സാമ്പത്തിക വർഷത്തേക്ക് 1 ലക്ഷം കോടി രൂപയുടെ പലിശ രഹിത വായ്പ പദ്ധതി

പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും സംസ്ഥാന വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. കോവിഡ്-19 മഹാമാരിമൂലം നികുതി വരുമാനത്തിലുണ്ടായിട്ടുള്ള കുറവ് കാരണം സംസ്ഥാനങ്ങൾ അഭിമുഖീകരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാത്തലത്തിലാണ് കേന്ദ്ര സർക്കാർ മേൽ പലിശ രഹിത വായ്പ പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളത്.

**കുസും പദ്ധതി**

**23 (*53)** ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ കുസും പദ്ധതി നടപ്പിലാക്കാൻ കെ.എസ്.ഇ.ബി. നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

നടപടി സ്വീകരിച്ചിട്ടുണ്ട്. കർഷകർക്ക് സ്വന്തം ചെലവിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് അതിൽ നിന്ന് ലഭിക്കുന്ന വൈദ്യുതി KSEBL-ന് വിൽക്കുകയോ സ്ഥലവാടക സ്വീകരിച്ചുകൊണ്ട് കർഷകർക്ക്

തങ്ങളുടെ ഭൂമി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാനായി നൽകിക്കൊണ്ടോ പദ്ധതിയിൽ പങ്ക് ചേരാവുന്നതാണ്. കൃഷിക്കാർ ഉത്പാദിപ്പിക്കുന്ന വൈദ്യുതി മുൻകൂട്ടി നിശ്ചയിച്ച താരിഫ് പ്രകാരമോ ടെൻഡർ വഴി നിശ്ചയിക്കുന്ന താരിഫ് പ്രകാരമോ കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നതാണ്. സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് താൽപര്യമുള്ള ഉപഭോക്താക്കളിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. ബിഡ്ഡിംഗ് റൂട്ടിലൂടെ വൈദ്യുതി വാങ്ങാനായി 3.66 രൂപ ഉയർന്ന സീലിംഗ് താരിഫായി നിശ്ചയിച്ചിട്ടുണ്ട്. MNRE-യിൽ നിന്നും PM-KUSUM കംപോണന്റ് A സ്കീം മുഖേന കെ.എസ്.ഇ.ബി. യ്ക്ക് 40 മെഗാവാട്ടിനാണ് അനുമതി ലഭിച്ചിട്ടുള്ളത്. സബ്സ്റ്റേഷനിൽ നിന്ന് 5 കിലോമീറ്റർ ചുറ്റളവിൽ സ്ഥിതി ചെയ്യുന്ന, കർഷകരുടെ കൃഷിയോഗ്യമല്ലാത്തതോ തരിശോ ആയ ഭൂമിയിൽ, 500 കിലോവാട്ട് മുതൽ 2 മെഗാവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതാണ് ഈ പദ്ധതി. കർഷകർക്ക് സ്വന്തം നിലയ്ക്കോ, കുറച്ച് പേർ ചേർന്നോ, കോ-ഓപ്പറേറ്റീവ്സ്/പഞ്ചായത്ത്/ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ/വാട്ടർ യൂസർ ഓർഗനൈസേഷൻ എന്നീ നിലയിലോ പദ്ധതിയിൽ പങ്കുചേരാവുന്നതാണ്. താരിഫ് ബേസ്ഡ് ബിഡിങ്ങിലൂടെ

സോളാർ പവർ ജനറേറ്റർസിനെ തെരഞ്ഞെടുക്കുന്നതിന് കെ.എസ്.ഇ.-ബി.എൽ. 05.11.2021-ൽ ടെൻഡർ ക്ഷണിക്കുകയുണ്ടായി. പദ്ധതി സ്ഥാപിക്കുന്നതിനായി കർഷകരുടെ ഭൂമി പ്രയോജനപ്പെടുത്തുന്നതിനായി യൂണിറ്റിന് 20 പൈസ എന്ന നിരക്കിൽ 25 വർഷത്തേക്ക് ഭൂമി പാട്ടത്തിന് നൽകാൻ തയ്യാറായ കർഷകരുടെ ഒരു പട്ടിക തയ്യാറാക്കുകയും ഇത് ടെണ്ടറിനോടൊപ്പം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 11.02.2022-ൽ ടെണ്ടർ തുറക്കുകയും 5.5 MW സൗരോർജ്ജ പദ്ധതിയുടെ നിർമ്മാണത്തിനായി കർഷകർ ടെണ്ടറിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ പുരോഗമിക്കുന്നു.

(ബി) കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്ന പദ്ധതി സംസ്ഥാനത്ത് വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രധാനമന്ത്രി - കുസും പദ്ധതിയിലെ Component ബി, സി യുടെ ഒരു പാർട്ട് എന്നിവ പ്രകാരമാണ് സംസ്ഥാനത്ത് കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്ന പദ്ധതി അനെർട്ട് നടപ്പിലാക്കുന്നത്. Component B എന്നത് വൈദ്യുതി എത്താത്ത സ്ഥലങ്ങളിലെ കാർഷിക പമ്പുകൾ സോളാറിലേക്ക് മാറ്റുന്ന

പദ്ധതിയാണ്. കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) നിശ്ചയിക്കുന്ന ബഞ്ച് മാർക്ക് വിലയുടെ 30 ശതമാനം കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നു. ഇതോടൊപ്പം സംസ്ഥാന സർക്കാരും 30 ശതമാനം സബ്സിഡി നൽകി വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുന്നതിന് കൃഷിസ്ഥലം വൈദ്യുതി എത്താത്ത സ്ഥലമായിരിക്കണം. കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഡീസൽ പമ്പുകൾ മാത്രമേ സോളാറിലേക്ക് മാറ്റുന്നതിന് പരിഗണിക്കുകയുള്ളൂ. Component C-യുടെ ഒരു പാർട്ടായ കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നതിനുള്ള പദ്ധതിയാണ് അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) നിശ്ചയിക്കുന്ന ബഞ്ച് മാർക്ക് വിലയുടെ 30 ശതമാനം കേന്ദ്ര സർക്കാർ സബ്സിഡിയാണ്. ടെണ്ടർ നിരക്കിന്റെ 40 ശതമാനം ഗുണഭോക്താക്കളും, ബാക്കി തുക അനെർട്ടുമാണ് നൽകുന്നത്. ഈ പദ്ധതി പ്രകാരം കൃഷിയിടങ്ങളിൽ നിലവിൽ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന കാർഷിക പമ്പുകൾ സോളാർ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിന് മാത്രമേ സബ്സിഡി ലഭിക്കുകയുള്ളൂ. പമ്പിന്റെ ശേഷി 1 HP മുതൽ 7.5 HP വരെയായിരിക്കണം.

ഇതിനു മുകളിൽ ഉള്ള പമ്പുകൾക്ക് സബ്സിഡി 7.5 HP പമ്പുകൾക്ക് ലഭിക്കുന്ന സബ്സിഡി തുകയായി നിജപ്പെടുത്തിയിരിക്കുന്നു. Component ബി, സി എന്നിവയിൽ ഉൾപ്പെടുത്തി 100 വീതം പമ്പുകൾക്കാണ് അനെർട്ടിന് കേന്ദ്ര സർക്കാർ സബ്സിഡി അനുമതി പ്രാരംഭമായി ലഭിച്ചിട്ടുള്ളത്. പ്രധാനമന്ത്രി-കുസും പദ്ധതിയുടെ പ്രയോജനം കർഷകരിൽ എത്തിക്കുന്നതിനും, പദ്ധതി കാലതാമസം കൂടാതെ നടപ്പാക്കുന്നതിനും വേണ്ടിയുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ വിവിധ മാധ്യമങ്ങളിലൂടെ നടത്തിവരുന്നു. കർഷക കൂട്ടായ്മകൾ സംഘടിപ്പിച്ച് ഈ പദ്ധതി സംബന്ധിച്ചുള്ള ബോധവൽക്കരണം നടത്തിവരുന്നു. കർഷകരിൽ നിന്ന് ലഭിച്ച അപേക്ഷകളിൽ സ്ഥല പരിശോധന നടത്തി സോളാർ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വൈദ്യുതിയിൽ പ്രവർത്തിക്കുന്ന 45,000 എണ്ണം കാർഷിക പമ്പുകൾ സോളാറിലേക്ക് മാറ്റുന്നതിന് സംസ്ഥാനത്തിന്, പ്രധാനമന്ത്രി-കുസും പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിന് കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ കോൾ പാടങ്ങളിലെ ഉയർന്ന ശേഷിയുള്ള 100 കാർഷിക പമ്പുകൾ

സോളാറിലേക്ക് മാറ്റുന്നതിന് പ്രധാനമന്ത്രി - കുസും പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിനും കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന് അപേക്ഷ നൽകിയിട്ടുണ്ട്.

(സി) കൃഷിയോഗ്യമല്ലാത്ത ഭൂമിയിൽ നിന്ന് സൗര വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയിലേയ്ക്ക് കർഷകരെ ആകർഷിക്കാൻ വൈദ്യുതി ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കർഷകർക്ക് സ്വന്തം നിലയ്ക്കോ/കുറച്ചു പേർ ചേർന്നോ/കോ-ഓപ്പറേറ്റീവ്സ്/പഞ്ചായത്ത്/ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ/വാട്ടർ യൂസർ അസോസിയേഷൻ (WUA) എന്നീ ഏതെങ്കിലും നിലയിലോ റിന്യൂവബിൾ പവർ ജനറേറ്റർ (RPG) എന്ന പേരിൽ ഈ ഉദ്യമത്തിൽ പങ്ക് ചേരാവുന്നതാണ്. കർഷകർ/കർഷകരുടെ സംഘം/പഞ്ചായത്തുകൾ/കർഷക ഉത്പാദക സംഘങ്ങൾ (FPO)/വാട്ടർ യൂസർ അസോസിയേഷൻ (WUA) മുതലായവയ്ക്ക് പ്ലാന്റ് സജ്ജീകരിക്കുന്നതിന് ആവശ്യമായ ഇക്വിറ്റി ക്രമീകരിക്കാൻ കഴിയില്ലെങ്കിൽ അവർക്ക് ഡെവലപ്പർ മുഖേന പ്ലാന്റ് നിർമ്മിക്കാവുന്നതാണ്. അത്തരം ഒരു സാഹചര്യത്തിൽ, കക്ഷികൾ തമ്മിലുള്ള പരസ്പര ധാരണ പ്രകാരം കർഷകന് ലീസ് ഇനത്തിൽ പാട്ട

വാടക ലഭിക്കും. ഉൽപാദിപ്പിക്കുന്ന വൈദ്യുതിക്ക് അനുസൃതമായി ഏകദേശം ഒരേക്കർ സ്ഥലത്തുനിന്നും പ്രതിവർഷം 25000/- രൂപവരെ കർഷകന് ലീസിനത്തിൽ ലഭിക്കുന്നതാണ്. ഇതിലൂടെ കൂടുതൽ കർഷകർക്ക് ഈ പദ്ധതിയിൽ പങ്ക് ചേരാൻ സാധിക്കുന്നതാണ്.

(ഡി) സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ, ഉൽപ്പാദക സംഘങ്ങൾ എന്നിവയ്ക്ക് കുസും പദ്ധതിയിൽ പങ്കാളിത്തം അനുവദിക്കുന്നുണ്ടോ; വിശദമാക്കാമോ?

കുസും പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ, ഉൽപ്പാദക സംഘങ്ങൾ എന്നിവർക്ക് പങ്കാളിത്തം അനുവദിക്കുന്നതാണ്. അനുയോജ്യരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും, പദ്ധതി നിർവ്വഹണത്തിനും ഇവർക്ക് പ്രധാനപ്പെട്ട ചുമതലകൾ വഹിക്കുവാൻ കഴിയുന്നതാണ്. സഹകരണ സംഘങ്ങൾ മുഖേന കർഷകർക്ക് വായ്പ ലഭ്യമാക്കാവുന്നതാണ്. സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ, ഉൽപ്പാദക സംഘങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ഈ പദ്ധതി സംബന്ധിച്ചുള്ള ബോധവൽക്കരണ, പ്രചരണ പ്രവർത്തനങ്ങൾ അനെർട്ട് നടത്തിവരുന്നു.

## കരുവന്നൂർ സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേട്

**24 (*54)** ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി.ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച വകുപ്പുതല അന്വേഷണത്തിന്റെ പുരോഗതി വെളിപ്പെടുത്താമോ?

കരുവന്നൂർ സർവീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകളെ തുടർന്ന് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തുകയും, ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർച്ചാർജ്ജ് നടപടി കളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 (1) അന്വേഷണം പൂർത്തീകരിക്കുകയും ചെയ്തു. ടി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കരുവന്നൂർ സർവീസ് സഹകരണ ബാങ്ക് ഭരണസമിതിയെ സഹകരണ നിയമം വകുപ്പ് 32 പ്രകാരം നീക്കം ചെയ്തിട്ടുണ്ട്. സർക്കാരിന്റെ 24.07.2021

ലെ സ.ഉ.(സാധാ) 451/2021/സഹ നമ്പർ ഉത്തരവിൻ പ്രകാരം ടി ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സൂക്ഷ്മപരിശോധന നടത്തുന്നതിനും കൃത്യസമയത്ത് ക്രമക്കേടുകൾ കണ്ടെത്തുന്നതിൽ വകുപ്പിന്റെ ഭാഗത്തെ വീഴ്ചകൾ ഉൾപ്പെടെ അന്വേഷിക്കുന്നതിനായി രൂപീകരിച്ച 9 അംഗ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2014-2015 കാലഘട്ടം മുതൽ ആഡിറ്റ്, ജനറൽ വിഭാഗങ്ങളിൽ ജോലി ചെയ്തു വന്ന, ആഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിലും, ബാങ്കിലെ ക്രമക്കേടുകൾ സംബന്ധിച്ച് ലഭിച്ച പരാതികളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിലും, ബാങ്കിൽ നിയമപ്രകാരമുള്ള പരിശോധന നടത്തുന്ന തിലും റിപ്പോർട്ട് സമർപ്പിക്കുന്നതിലും വീഴ്ച വരുത്തിയ സഹകരണ വകുപ്പിലെ 16 ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ കുറ്റാരോപിതരായ വിരമിച്ച ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ക്രമക്കേടിന് നേതൃത്വം നൽകിയവരുടെയും അനധികൃതമായി ലോൺ ലഭ്യമാക്കിയവരുടെയും സ്വത്തുക്കൾ കണ്ടുകെട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ ക്രമക്കേടിന് നേതൃത്വം നൽകിയവരുടെയും അനധികൃതമായി ലോൺ ലഭ്യമാക്കിയ വരുടെയും സ്വത്തുക്കൾ കണ്ടുകെട്ടാൻ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ്, ക്രൈംബ്രാഞ്ച് എന്നിവർ നടത്തിയിട്ടുള്ള അന്വേഷണത്തിൽ കുറ്റാരോപിതരായി കണ്ടെത്തിയവരുടെ സ്വത്തുകൾ Criminal Law Amendment Ordinance 1944 പ്രകാരം കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന സർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ രജിസ്ട്രാർ, ജില്ലാ ഗവൺമെന്റ് പ്ലീഡർ, ജില്ലാ പോലീസ് മേധാവി, ക്രൈം ബ്രാഞ്ച് അധികാരികൾ, തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) എന്നിവരുടെ യോഗം ചേരുകയും ആയതിന്റെ അടിസ്ഥാനത്തിൽ ക്രൈംബ്രാഞ്ച് കണ്ടെത്തിയ സ്വത്തുക്കളുടെ വിവരം ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയുമാണ്. ആയത് ലഭ്യമാകുന്ന മുറക്ക് ജില്ലാ ഗവൺമെന്റ് പ്ലീഡർ മുഖേന ജില്ലാ കോടതിയിൽ തുടർ നടപടികൾക്കായി അപേക്ഷ സമർപ്പിക്കുന്നതാണ്.

(സി) പ്രസ്തുത ബാങ്കിൽ നടന്ന സാമ്പത്തിക ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സഹകരണ സംഘങ്ങളുടെ ആഡിറ്റ് സമ്പ്രദായം ശക്തമാക്കുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ IA&AS തസ്തികയിലുള്ള സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലിനെ സഹകരണ ആഡിറ്റ് ഡയറക്ടർ ആയി സർക്കാരിന്റെ 09/12/2021-ലെ G.O. (Rt).No.722/2021/Co-op ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അവലോകന യോഗത്തിൽ ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചത് അനുസരിച്ച് ആയതിനുള്ള പ്രാരംഭ നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. കമ്പ്യൂട്ടർവത്കൃത സംഘങ്ങളിൽ ആഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്കരീതിയിൽ ജില്ലാതലത്തിൽ ആഡിറ്റർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ആഡിറ്റ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വസ്തു ജാമ്യത്തിലുള്ള വായ്പ അപേക്ഷയിന്മേൽ ഏകീകൃത സ്വഭാവം

കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS)-ലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) മറ്റ് സഹകരണ ബാങ്കുകളിലെ സമാനമായ തട്ടിപ്പ് കണ്ടെത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; സമാനമായ രീതിയിലുള്ള തട്ടിപ്പ് മറ്റേതെങ്കിലും ബാങ്കുകളിൽ നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോയെന്നറിയിക്കാമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകളുടെ പശ്ചാത്തല ത്തിൽ അപ്രകാരമുള്ള ക്രമക്കേടുകൾ ഉണ്ടായാൽ ആയവ കൃത്യമായും കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമായി ആഡിറ്റർമാരെയും ഇൻസ്പെക്ടർമാരെയും ഉൾപ്പെടുത്തി ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് സംഘങ്ങളിൽ പരിശോധനകൾ തുടർച്ചയായി നടത്തി വരുന്നു.

ഇപ്രകാരം നടന്ന അന്വേഷണങ്ങളിൽ ചുവടെ പറയുന്ന സംഘങ്ങളിൽ ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1. ചെങ്ങന്നൂർ സർവീസ് സഹകരണ ബാങ്ക് 2. മൂക്കന്നൂർ സർവീസ് സഹകരണ ബാങ്ക് 3. മൂഴ സർവീസ് സഹകരണ ബാങ്ക്

## കരുവന്നൂർ സഹകരണ ബാങ്കിന് രക്ഷാ പാക്കേജ്

**25 (*55)** ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി കെ. കെ.രമ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക ക്രമക്കേടിനെ തുടർന്ന് പ്രതിസന്ധിയിലായ കരുവന്നൂർ സഹകരണ ബാങ്കിനെ സംരക്ഷിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കരുവന്നൂർ സർവീസ് സഹകരണ ബാങ്കിലെ ക്രമക്കേടിന് ഉത്തരവാദികളായവരിൽനിന്നും സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കുറ്റാരോപിതരുടെ ആസ്തികൾ Criminal Law Amendment Ordinance-

1994 പ്രകാരം കണ്ടുകെട്ടുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. സാമ്പത്തിക ക്രമക്കേടിനെ തുടർന്ന് പ്രതിസന്ധിയിലായ കരുവന്നൂർ സർവീസ് സഹകരണ ബാങ്കിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് സമർപ്പിച്ചിട്ടുള്ള സാമ്പത്തിക പാക്കേജ് സർക്കാർ പരിശോധിച്ചുവരികയാണ്. കരുവന്നൂർ സഹകരണ ബാങ്കിലെ കുടിശ്ശിക വായ്പകൾ ഈടാക്കുന്നതിനായി പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്കുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. ബാങ്കിലെ കുടിശ്ശിക വായ്പകൾ ഈടക്കുന്നതിനായി ഊർജിത ശ്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേക്ക് ഒരു സ്പെഷ്യൽ സെയിൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ബാങ്കിനെ രക്ഷിക്കാൻ 250 കോടിയുടെ രക്ഷാപാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഈ തുകയുടെ എത്ര ശതമാനമാണ് നിക്ഷേപകർക്ക് അനുവദിക്കാൻ തീരുമാനിച്ചിരിക്കുന്നത്; ബാക്കിയുള്ള തുക എപ്രകാരം വകയിരുത്താനാണ് തീരുമാനിച്ചിരിക്കുന്നത്?

(സി) പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും ജില്ലയിലെ സഹകരണ ബാങ്കുകളുടെ കൺസോർഷ്യത്തിലൂടെയും ആണോ ഈ പണം കണ്ടെത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി &സി) കരുവന്നൂർ സർവീസ് സഹകരണ ബാങ്കിന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായുള്ള സാമ്പത്തിക പാക്കേജ് നടപ്പാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

(ഡി) പ്രസ്തുത ബാങ്കിന്റെ കിട്ടാക്കടത്തിലുള്ള വായ്പകൾ കേരള ബാങ്ക് ഏറ്റെടുക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

നിലവിൽ കരുവന്നൂർ സഹകരണ ബാങ്കിന്റെ കിട്ടാക്കടത്തിലുള്ള വായ്പകൾ കേരള ബാങ്ക് ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലില്ല.

(ഇ) അഴിമതി നടത്തിയവരിൽ നിന്നും തുക ഈടാക്കുന്നുന്നതിന് പകരം സർക്കാർ ഖജനാവിൽ നിന്നും കേരള ബാങ്കിൽ നിന്നും തുക നൽകുന്നത് അഴിമതിക്ക് കൂട്ടുനിൽക്കുന്നതിന് തുല്യമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കരുവന്നൂർ സർവീസ് സഹകരണ ബാങ്കിൽ ക്രമക്കേട് നടത്തിയ തുക അഴിമതി നടത്തിയവരിൽ നിന്നും ഈടാക്കുന്നതിനായി സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തുകയും, ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർചാർജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 (1) അന്വേഷണം പൂർത്തീകരിക്കുകയും ചെയ്തു. ടി ക്രമക്കേടിന് ഉത്തരവാദികളായവരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രസ്തുത ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ്, ക്രൈംബ്രാഞ്ച് എന്നിവർ നടത്തിയിട്ടുള്ള അന്വേഷണത്തിൽ കുറ്റാരോപിതരായി കണ്ടെത്തിയവരുടെ സ്വത്തുകൾ Criminal Law Amendment Ordinance 1944 പ്രകാരം കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന സർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ രജിസ്ട്രാർ, ജില്ലാ ഗവ.പ്ലീഡർ, ജില്ലാ പോലീസ് മേധാവി, ക്രൈം ബ്രാഞ്ച് അധികാരികൾ, തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) എന്നിവരുടെ യോഗം ചേരുകയും ആയതിന്റെ അടിസ്ഥാനത്തിൽ ക്രൈം ബ്രാഞ്ച് കണ്ടെത്തിയ

സ്വത്തുക്കളുടെ വിവരം ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

## പുതിയ വ്യവസായ സംരംഭങ്ങൾ

**26 (*56)** ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി.രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭകരെ ക്ഷണിക്കുന്നതിനായി ഇതര സംസ്ഥാനങ്ങളിൽ ഇൻവെസ്റ്റ്മെന്റ് റോഡ് ഷോ നടത്തിയിരുന്നോ;

(ബി) ഇതിൽ പങ്കെടുത്തവരും അല്ലാത്തവരുമായ വ്യവസായ സംരംഭകർ കേരളത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ സന്നദ്ധത അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്തിന്റെ വ്യവസായ സാധ്യതകളെ തുറന്നുകാട്ടുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ മാസം തെലുങ്കാനയിൽ ഒരു ഇൻവെസ്റ്റ്മെന്റ് റോഡ് ഷോ സംഘടിപ്പിച്ചിരുന്നു.

തെലുങ്കാനയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന കമ്പനികളുടെയും വാണിജ്യ-വ്യവസായ അസോസിയേഷനുകളുടെയും മുപ്പതോളം ക്ഷണിക്കപ്പെട്ട പ്രതിനിധികൾ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി.

(സി) മുഖ്യമന്ത്രിയുടെ യു.എ.ഇ. സന്ദർശനത്തെത്തുടർന്ന് എത്ര വൻകിട വ്യവസായ പദ്ധതികൾക്കുവേണ്ടി എത്ര പേർ സംസ്ഥാനത്ത് മുതൽ മുടക്കാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിച്ച് കേരളത്തിലേയ്ക്ക് വൻനിക്ഷേപങ്ങൾ ആകർഷിക്കുന്നതിന്റെ ഭാഗമായി ദുബായ് എക്സ്പോയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് പ്രതിനിധികളും നടത്തിയ യു.എ.ഇ. സന്ദർശനത്തിൽ ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളും മറ്റ് വിശദാംശങ്ങളും പരിശോധിച്ചുവരികയാണ്. സംസ്ഥാനത്ത് വൻകിട പദ്ധതികൾക്കുവേണ്ടി മുതൽമുടക്കാൻ തയ്യാറാണെന്ന് ദുബായ് വ്യവസായ സമൂഹം അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ താല്പര്യപത്രം/ധാരണാപത്രം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ.

**കോടതികളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള നടപടികൾ**

**27 (*57)** <u>ശ്രീമതി യു. പ്രതിഭ:</u>
<u>ശ്രീ. എ. എൻ.ഷംസീർ:</u>
<u>ശ്രീ വി. ജോയി:</u>
<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി <u>(ശ്രീ. പി.രാജീവ്)</u> സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോടതികളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും കേസുകൾ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിനും ആവശ്യമായ നവീകരണത്തിന്റെ ഭാഗമായി ഹൈക്കോടതിയടക്കമുള്ള വിവിധ കോടതികളെ സ്മാർട്ട് കോടതിയാക്കുന്നതിന് നടത്തി വരുന്ന പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ?

നിലവിലുള്ള ഫിസിക്കൽ മോഡിനൊപ്പം ഹൈക്കോടതിയിലെ കോടതി മുറികളിൽ വീഡിയോ കോൺഫറൻസിംഗ് യൂണിറ്റുകളും ആവശ്യമായ മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എല്ലാ ജഡ്ജിമാർക്കും ടച്ച് സെൻസിറ്റീവുള്ള ഒരു ഓൾ-ഇൻ വൺ പേഴ്സണൽ കമ്പ്യൂട്ടർ (പിസി) നൽകിയിട്ടുണ്ട്. അതിൽ അവർക്കൊരു വിരൽ സ്പർശനത്തിലൂടെ കേസ് ഫയൽ ആക്സസ് ചെയ്യാൻ കഴിയും. കൂടാതെ, ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെയും മറ്റ് ജഡ്ജിമാരിൽ

ഒരാളുടെയും കോടതി മുറികൾക്ക് പുറത്ത് കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഹൈക്കോടതിയിലെ 32 കോടതി മുറികളിൽ ഒമ്പതെണ്ണവും ഇതുവരെ സ്മാർട്ട് കോടതി മുറികളാക്കി. 'സ്മാർട്ട് കോടതി മുറികളിൽ' അഭിഭാഷകരുടെ ഭാഗത്ത് ഒരു വിസി യൂണിറ്റും കോടതി മുറികൾക്ക് പുറത്ത് കേസ് ഡിസ്പ്ലേ സംവിധാനങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ജാമ്യാപേക്ഷ സമർപ്പിക്കുന്നതിനായി 2020 ജൂൺ 15 ന് ഹൈക്കോടതിയിൽ കേസുകളുടെ ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 17.05.2021 മുതൽ പ്രാബല്യത്തിൽ വരുന്ന എല്ലാ വിഭാഗങ്ങളിലും ഇത് ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ആറ് തരത്തിലുള്ള കേസുകളിൽ ഇ-ഫയലിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. മറ്റ് കേസുകൾക്കായി, ഫിസിക്കൽ, ഇ-ഫയലിംഗ് എന്നിവ നിലവിലുണ്ട്. ഡിജിറ്റലായി ഒപ്പിട്ട ജാമ്യ ഉത്തരവുകൾ കൗൺസൽ/പാർട്ടി/ജയിൽ/ കീഴ്ക്കോടതികൾ തുടങ്ങിയവയിലേയ്ക്ക് ഇ-മെയിൽ വഴി സ്വയമേവ ഡെലിവറി ചെയ്യുന്ന ഒരു സംവിധാനം 27.10.2020-ന് അവതരിപ്പിച്ചു. ഈ വ്യവസ്ഥ ഇടക്കാല ഉത്തരവുകളിലേയ്ക്കും നീട്ടുന്നത് പ്രക്രിയയിലാണ്. കോടതികളുടെ സുഗമമായ പ്രവർത്തനത്തിനും, ജില്ലാ ജുഡീഷ്യറിയിലെ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുമായി ഇനിപ്പറയുന്ന സംരംഭങ്ങൾ സ്വീകരിച്ചു:

ജില്ലാ ജുഡീഷ്യറിയിൽ ഇ-ഫയലിംഗ് ആരംഭിക്കുകയും 2 പൈലറ്റ് ലൊക്കേഷനുകളിൽ പേപ്പർ രഹിത കോടതി നടപ്പിലാക്കുകയും ചെയ്തു. 16.06.2020 മുതൽ ജില്ലാ ജുഡീഷ്യറിയിൽ കോലഞ്ചേരി മുൻസിഫ്-മജിസ്ട്രേറ്റ് കോടതി, വാടക നിയന്ത്രണ കോടതി എറണാകുളം എന്നിവിടങ്ങളിൽ ഇ-ഫയലിംഗ് പ്രാബല്യത്തിൽ വന്നു. കൂടാതെ സംസ്ഥാനത്തുടനീളമുള്ള എല്ലാ വാണിജ്യ കോടതികളിലും 20.01.2021 മുതൽ ഇ-ഫൈലിംഗ് പ്രാബല്യത്തിൽ വന്നു. 01-01-2022 മുതൽ സംസ്ഥാനത്തുടനീളം ജില്ലാ ജുഡീഷ്യറിയിൽ ഇ-ഫയലിംഗ് വെർഷൻ 3.0 ആരംഭിച്ചു:- കൂടുതൽ പേപ്പർലെസ് കോടതികൾ എന്ന ആശയം രണ്ട് പൈലറ്റ് സ്ഥലങ്ങളിൽ നടപ്പിലാക്കുന്നു; അതിനായി ഒരു ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയും ഒരു അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി തെരഞ്ഞെടുത്തു. എല്ലാ പ്രവർത്തനങ്ങളും പേപ്പർലെസ് മോഡിൽ ഉൾപ്പെടുത്താനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഫയൽ ചെയ്ത കേസുകൾ ഉപയോഗിച്ചും നിലവിലുള്ള ഫയലുകൾ സ്കാൻ ചെയ്തും കേസ് ഡോക്യുമെന്റുകളുടെ ശേഖരം സൃഷ്ടിക്കപ്പെടുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി കമ്പ്യൂട്ടർ കമ്മിറ്റിയുടെ മാർഗനിർദ്ദേശപ്രകാരം ഒരു

ഓൺലൈൻ ആപ്ലിക്കേഷൻ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു, അതെല്ലാ പങ്കാളികളുടെയും ആവശ്യങ്ങൾ നിറവേറ്റും; ഡിജിറ്റൈസ് ചെയ്ത രേഖകൾ കൈകാര്യം ചെയ്യുന്നവരിൽ ജഡ്ജിമാർ, അഭിഭാഷകർ, പോലീസ്, ജയിൽ, കോടതി ഉദ്യോഗസ്ഥർ തുടങ്ങിയവർ ഉൾപ്പെടുന്നു: മേൽപ്പറഞ്ഞവ കൂടാതെ 'സബോർഡിനേറ്റ് കോടതികളുടെ ആധുനികവത്ക്കരണം' പദ്ധതിയുടെ ഭാഗമായി, സബോർഡിനേറ്റ് കോടതികളിൽ ഫർണിച്ചറുകൾ വാങ്ങുന്നതിന് 2,30,40,000/-രൂപ അനുവദിച്ചിട്ടുണ്ട്. കോലഞ്ചേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയും തിരുവനന്തപുരം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുമാണ് കടലാസ് രഹിത കോടതി പദ്ധതി നടപ്പാക്കുന്നതിനുള്ള പൈലറ്റ് ലൊക്കേഷനുകളായി ഹൈക്കോടതി തിരഞ്ഞെടുത്തത്. ആയതിലേക്ക് ഇൻഫ്രാസ്ട്രക്ച്ചറിനും, അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി കോലഞ്ചേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിക്ക് 23,43,411/-രൂപയും, തിരുവനന്തപുരം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിക്ക് 10,66,479/-രൂപയും അനുവദിച്ചു.

(ബി) കേസുകളുടെ ബാഹുല്യവും കോവിഡ്-19 മൂലം കോടതികളുടെ പ്രവർത്തനങ്ങളിലുണ്ടായിട്ടുള്ള തടസ്സവും കാരണം കെട്ടിക്കിടക്കുന്ന

കേസുകളുടെ തീർപ്പാക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ?

(സി) കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ, 2020-ലെ കേരള എപ്പിഡെമിക് ഡിസീസ് ഓർഡിനൻസ് പ്രകാരം വർദ്ധിച്ചുവരുന്ന കേസുകൾ കൈകാര്യം ചെയ്യുന്നതിന്റെ ഭാഗമായി പെറ്റിക്കേസുകളും മറ്റും കെട്ടിക്കിടക്കുന്നത് കുറയ്ക്കുന്നതിനായി എല്ലാ സിറ്റിംഗ് ദിവസങ്ങളിലും, എല്ലാ മജിസ്ട്രേറ്റ് കോടതികളും ഉച്ചകഴിഞ്ഞ് 3 മണിക്ക് 25 മുതൽ 30 വരെ പെറ്റി കേസുകൾ വാദം കേൾക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി & സി) സംസ്ഥാനത്തെ ഗ്രാമീണ കോടതികൾ മുതൽ ഹൈക്കോടതി വരെയുള്ള സംവിധാനങ്ങളെ കോർത്തിണക്കുന്നതിനും കേസുകൾ തരംതിരിച്ച് അദാലത്തുകൾ നടത്തി തീർപ്പാക്കുന്നതിനുമായി നീതി മേളകൾ സംഘടിപ്പിക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ

കേരള സംസ്ഥാന നിയമ സേവന അതോറിറ്റി സംസ്ഥാനത്ത് കീഴ് കോടതി മുതൽ ഹൈക്കോടതി വരെയുള്ള കേസുകളിൽ തീർപ്പുണ്ടാക്കുന്നതിനുവേണ്ടി താലൂക്ക് തലത്തിലും ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലും അദാലത്തുകൾ സംഘടിപ്പിച്ചു വരുന്നു. ദേശീയ നിയമ സേവന അതോറിറ്റിയുടെ നിർദ്ദേശപ്രകാരം ഈ വർഷം 4 നാഷണൽ ലോക്

അദാലത്തുകൾ 12.03.2022, 14.05.2022, 13.08.2022, 12.11.2022 എന്നീ തീയതികളിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) കോടതി വ്യവഹാരങ്ങൾ മാതൃഭാഷയിൽ ആക്കുന്നതിനാവശ്യമായ നടപടികളുടെ പുരോഗതി വെളിപ്പെടുത്താമോ?

കേരളത്തിലെ സബോർഡിനേറ്റ് കോടതികളിൽ മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള നിർദ്ദേശം സംസ്ഥാന സർക്കാരിന്റെയും കേരള ഹൈക്കോടതിയുടെയും സംയുക്ത പരിഗണനയിലാണ്. കീഴ്ക്കോടതികളിൽ ഇപ്പോൾ മലയാളത്തിലും ഹർജികൾ ഫയൽ ചെയ്യാം. സാക്ഷികളുടെ വിസ്താരവും മലയാളത്തിലാണ്. ഹർജിക്കാർക്ക് മലയാളത്തിലുള്ള വിധിന്യായങ്ങളുടെ പരിഭാഷ നൽകാൻ ഹൈക്കോടതി നിർദേശിച്ചിട്ടുണ്ട്. ഇതിനായി ആദ്യ ഘട്ടമെന്ന നിലയിൽ വിവർത്തകരുടെ 50 തസ്തികകൾ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ പുരോഗമിക്കുകയാണ്.

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്ന് വാങ്ങിയതിലെ ക്രമക്കേടുകൾ

**28 (*58)** ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. നജീബ് കാന്തപുരം:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 1600 കോടിയോളം രൂപയുടെ മരുന്ന് വാങ്ങിയതിലുള്ളതായി പറയപ്പെടുന്ന ക്രമക്കേടുകൾ ധനകാര്യ വകുപ്പ് പരിശോധനാ വിഭാഗം പരിശോധിച്ചിട്ടുണ്ടോ?

കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (KMSCL) മുഖേന മരുന്നുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (KMSCL)-ൽ പരിശോധന ആരംഭിച്ചിട്ടുണ്ട്. ആയത് പൂർത്തിയായിട്ടില്ല.

(ബി) കോർപ്പറേഷന്റെ കംപ്യൂട്ടർ നെറ്റ്‌വർക്കിൽ നിന്നും മായ്ച്ചുകളഞ്ഞതായി പറയപ്പെടുന്ന ഫയലുകൾ വീണ്ടെടുത്ത് പരിശോധനയ്ക്ക് ലഭിച്ചിട്ടുണ്ടോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ ഒരു ഉദ്യോഗസ്ഥയുടെ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിൽ നിന്നും, ലാപ്ടോപ്പിൽനിന്നും

മായ്ച്ചുകളഞ്ഞതായും എന്നാൽ പിന്നീട് വീണ്ടെടുത്തതായും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഉദ്യോഗസ്ഥർ പരിശോധനാ വേളയിൽ വാക്കാൽ അറിയിച്ചിട്ടുള്ള രേഖകളുടെ പ്രിന്റ് ഔട്ട് പരിശോധനയ്ക്കായി ധനകാര്യ പരിശോധനാ വിഭാഗത്തിന് നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത പരിശോധനയിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (KMSCL)-ലെ പരിശോധന പൂർത്തിയായിട്ടില്ല.

**ഖാദി-കൈത്തറി മേഖലയിലെ വികസന പ്രവർത്തനങ്ങൾ**

**29 (*59)** ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി.രാജീവ്) സദയം മറുപടി നൽകുമോ:

(എ) പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം കൈത്തറി മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഗണിച്ച് കൈത്തറി മേഖലയിലെ

സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം അനുവദിക്കുന്ന പദ്ധതി നിലവിലില്ല. 2022-23 സാമ്പത്തിക വർഷം മുതൽ പ്രവർത്തന മൂലധനം അനുവദിക്കുന്നതിനെ സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും വ്യക്തികളെയും സംഘടനകളെയും പങ്കെടുപ്പിച്ച് സമഗ്രമായ വികസനരേഖ തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

പരിഗണനയിലുണ്ട്. ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും വ്യക്തികളെയും സംഘടനകളെയും പങ്കെടുപ്പിച്ച് ടി മേഖലയിൽ നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികളെ സംബന്ധിച്ചൊരു ശിൽപ്പശാല 11.02.2022-ന് എറണാകുളത്തുവച്ച് നടത്തുകയും ആയതിനെ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(സി) സംസ്ഥാന സർക്കാരിന്റെ കൈത്തറി പരിപോഷണ പദ്ധതിയുടെ ഭാഗമായി ടെക്സ്റ്റൈൽസ് ഡിസൈനർമാർക്ക്

തൊഴിലവസരം ഒരുക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ കൈത്തറി പരിപോഷണ പദ്ധതിയുടെ ഭാഗമായി ടെക്സ്റ്റൈൽസ് ഡിസൈനർമാർക്ക് തൊഴിലവസരം ഒരുക്കുവാൻ വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരിശീലനം, നൈപുണ്യശേഷി വികസന പദ്ധതിയുടെ ഭാഗമായി ഹാന്റക്സിലും ഹാൻവീവിലുമായി പ്രൊഫഷണൽ ഡിസൈനർമാരെ നിയമിക്കുന്നതിനായി 10 പ്രൊഫഷണൽ ഡിസൈനർമാരുടെ നിയമനത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ 2021-22 സാമ്പത്തിക വർഷത്തിൽ 7 ഡിസൈനർമാരെക്കൂടെ ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ പ്രൊഫഷണൽ ഡിസൈനർമാരായി നിയമിക്കുകയുണ്ടായി. ഇവരുടെ കരാർ അവസാനിച്ചതിനാൽ പുതിയ ഡിസൈനർമാരെ തെരഞ്ഞെടുത്ത് നിയമിക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി (ഐ.ഐ.എച്ച്.ടി.) കണ്ണൂർ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ചെയ്തു. കേന്ദ്ര സർക്കാരിന്റെ നാഷണൽ ഹാന്റ്ലൂം ഡെവലപ്മെന്റ് പ്രോഗ്രാം (എൻ.എച്ച്.ഡി.പി.)-യുടെ കീഴിലുള്ള ക്ലസ്റ്റർ ഡവലപ്മെന്റ് പ്രോഗ്രാം

പദ്ധതി പ്രകാരം അനുമതി ലഭിച്ചിട്ടുള്ള 6 ക്ലസ്റ്ററുകളിൽ 6 ടെക്സ്റ്റൈൽ ഡിസൈനറുമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) അന്താരാഷ്ട്ര വിപണിയിൽ ഖാദിയുടെ മേന്മ പ്രചരിപ്പിച്ച് അതുവഴി കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

അന്താരാഷ്ട്ര വിപണിയിൽ ഖാദിയുടെ മേന്മ പ്രചരിപ്പിക്കുന്നതിന്റെയും ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെയും ഭാഗമായി ഓൺലൈൻ മാർക്കറ്റിംഗ് പദ്ധതി ആവിഷ്കരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചരണവും നടപ്പിലാക്കി വരുന്നുണ്ട്.

**സംസ്ഥാനത്തോടുള്ള കേന്ദ്ര സർക്കാരിന്റെ സമീപനം**

**30 (*60)** ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ഫെഡറൽ തത്ത്വങ്ങൾക്ക് വിരുദ്ധമായി കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് കാണിക്കുന്നതായി പറയപ്പെടുന്ന അവഗണനമൂലം

മുൻഗണനാ മേഖലകളിൽ വികസന, ക്ഷേമ പ്രവർത്തനങ്ങൾക്കായി പണം കണ്ടെത്തുവാൻ സംസ്ഥാന സർക്കാർ വളരെയധികം പ്രയാസം നേരിടേണ്ടി വരുമോ; വിശദമാക്കാമോ;

കോവിഡ് മൂലമുണ്ടായ വരുമാന നഷ്ടത്തിന് പുറമെ കേന്ദ്ര വിഹിതത്തിൽ കേന്ദ്ര സർക്കാർ വരുത്തുന്ന ഗണ്യമായ കുറവും സംസ്ഥാനം ഇപ്പോൾ അഭിമുഖീകരിക്കുന്നുണ്ട്. തുടർന്നുവരുന്ന കേന്ദ്ര ധനകാര്യ കമ്മീഷനുകൾ സംസ്ഥാനങ്ങൾക്ക് വിഭജനം ചെയ്യുന്ന കേന്ദ്ര നികുതി വിഹിതത്തിൽ നിന്നും സംസ്ഥാനത്തിന് നൽകുന്ന വിഹിതത്തിൽ സ്ഥിരമായ കുറവ് വന്നിട്ടുണ്ട്. 10-ാം ധനകാര്യ കമ്മീഷന്റെ സമയത്ത് സംസ്ഥാനത്തിന്റെ വിഹിതം സംസ്ഥാനങ്ങൾക്ക് വിഭജനം ചെയ്യുന്ന കേന്ദ്ര നികുതി വിഹിതത്തിന്റെ 3.8 ശതമാനം ആയിരുന്നു. 14-ാം ധനകാര്യ കമ്മീഷന്റെ സമയത്ത് ഇത് 2.5 ശതമാനത്തിലേയ്ക്ക് താഴുകയും ഇപ്പോൾ 15-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് അനുവദിക്കുന്നത് 1.92 ശതമാനം മാത്രവുമാണ്. അവാർഡ് വർഷത്തിലെ ആദ്യവർഷം തന്നെ ഏകദ്ദേശം 6500 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ഈ വർഷം ജൂണിനുശേഷം ജി.എസ്.ടി നഷ്ടപരിഹാരം നിലവിലില്ലാതാകുന്ന സാഹചര്യത്തിൽ ഏകദ്ദേശം 10000 മുതൽ 12000 കോടി രൂപ വരെ അധികമായി

സംസ്ഥാനത്തിന് നഷ്ടമാകും. വരുന്ന സാമ്പത്തിക വർഷം റവന്യൂ കമ്മി നികത്തുന്നതിനുള്ള ഗ്രാന്റുകളിൽ കുത്തനെ കുറവുവരികയാണ്. വിഭജനം ചെയ്യപ്പെടുന്ന നികുതി വിഹിതത്തിൽപ്പെടുന്ന പ്രത്യക്ഷ നികുതിക്ക് ഇളവ് നൽകുകയും അതിൽപ്പെടാത്ത സെസ്സിലൂടെയും സർച്ചാർജ്ജിലൂടെയും ഗണ്യമായി വരുമാനം വർദ്ധിപ്പിക്കുകയും വിഭജനം ചെയ്യപ്പെടാത്ത അധികമായി ചുമത്തുന്ന എക്സൈസ് ഡ്യൂട്ടി പോലുള്ള നികുതി വർധിപ്പിക്കുകയും ചെയ്യുന്നത് കേന്ദ്ര സർക്കാരിന്റെ രീതിയാണ്. ഇത് സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വിഭവ വിഹിതത്തിൽ ഗണ്യമായ കുറവ് ഉണ്ടാക്കുന്നുണ്ട്. ആയതിനാൽ, സംസ്ഥാനങ്ങൾക്ക് വിഭവങ്ങൾ നൽകുന്നതിന് കേന്ദ്ര സർക്കാർ കൊണ്ടുവന്ന നയത്തിൽ വന്ന മാറ്റമാണ് സംസ്ഥാന സർക്കാരിനെ സാമ്പത്തിക ബുദ്ധിമുട്ടിലേയ്ക്ക് തള്ളിവിടുന്നത്. കേന്ദ്ര സർക്കാരിന്റെ ധനകമ്മി ഏകദ്ദേശം 6.4 ശതമാനമായി നിലനിർത്തുമ്പോഴും സംസ്ഥാനങ്ങളുടെ കമ്മി 3 ശതമാനമായി നിയന്ത്രിക്കപ്പെടുന്നു. (15-ാം ധനകാര്യ കമ്മീഷന്റെ ആദ്യ വർഷങ്ങളിൽ വായ്പ പരിധി വർദ്ധിപ്പിച്ച് നൽകിയിട്ടുള്ളത് നിബന്ധനകൾക്ക് വിധേയമായിട്ടായിരുന്നു). കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് സാമ്പത്തിക-സാമൂഹ്യ-ആരോഗ്യക്ഷേമ മേഖലകളിൽ നടപ്പിലാക്കിയിട്ടുള്ള

പാക്കേജുകളും സഹായങ്ങളും കാരണം സംസ്ഥാനത്തിന്റെ ചെലവഴിക്കൽ പലമടങ്ങായി വർദ്ധിച്ചിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ധനവിനിയോഗത്തിന്റെ ബാധ്യത കേന്ദ്ര സർക്കാരിനെക്കാൾ കൂടതലായതിനാൽ കേന്ദ്ര സർക്കാരിന്റെ നയമാറ്റത്തിലൂടെയുള്ള ഇത്തരം സമീപനം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ ഇത്തരം സമീപനത്തിൽ സംസ്ഥാന സർക്കാരിന്റെ പ്രതികരണം എന്താണ്; വിശദമാക്കാമോ?

കോവിഡ് മഹാമാരിയെ തുടർന്നുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായും സംസ്ഥാന സമ്പദ്ഘടനയെ പുനഃരുജ്ജീവിപ്പി-ക്കുന്നതിനായും കേന്ദ്ര ബജറ്റിൽ പ്രത്യേക സഹായ പാക്കേജുകൾ ഉൾപ്പെടുത്താൻ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായിട്ടുള്ള (Pre -Budget Speech) യോഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി ആവശ്യപ്പെട്ടിരുന്നു. കൂടാതെ, സംസ്ഥാനങ്ങളുടെ സമ്പദ് വ്യവസ്ഥയ്ക്ക് പൊതുവിൽ ഗുണകരമാവുന്ന ചില നടപടികളും കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി മുന്നോട്ടുവച്ചിരുന്നു. കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനം കേന്ദ്ര സർക്കാരിന്റെ മുമ്പാകെ സമർപ്പിച്ച പ്രധാനപ്പെട്ട ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.

സമ്പദ് വ്യവസ്ഥയെ പുന:രുജ്ജീവിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കൈകൊണ്ട ഉത്തേജന നടപടികളെ വേണ്ടവിധം പിന്തുണക്കുന്നതിനായി ഒരു പ്രത്യേക ഉത്തേജന പാക്കേജ് കേന്ദ്ര ബജറ്റിൽ പ്രഖ്യാപിക്കുക. കോവിഡ് -19 കാരണം മടങ്ങി വരുന്ന പ്രവാസികൾക്ക് പ്രത്യേക പാക്കേജ് ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്ക്കൂടി ദീർഘിപ്പിക്കുക. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വർദ്ധിപ്പിക്കുക. കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള സംസ്ഥാന വിഹിതത്തിൽ (inter se share) ഉണ്ടായിട്ടുള്ള കുറവ് നിമിത്തം വരുമാനത്തിലുണ്ടായ നഷ്ടം നികത്തൽ. പെട്രോൾ-ഡീസൽ സെസും സർചാർജ്ജും യുക്തി സഹമാക്കുക. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി വിദേശ ഏജൻസികളിൽനിന്ന് കേന്ദ്ര സർക്കാർ മുഖേന ലഭ്യമാക്കുന്ന ബാഹ്യ സഹായ പദ്ധതികൾക്കുള്ള (Externally Aided Projects) വായ്പകൾ നടപ്പുസാമ്പത്തിക വർഷത്തിലേയ്ക്കും അടുത്ത രണ്ട് വർഷത്തേക്കും സംസ്ഥാനത്തിന്റെ വായ്പാ പരിധിക്ക് പുറത്ത് അനുവദിക്കുക. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം വർദ്ധിപ്പിക്കുക.  60:40 അനുപാതത്തിൽ നടപ്പിലാക്കുന്ന National Health Mission 100% കേന്ദ്രാവിഷ്കൃത പദ്ധതിയാക്കുക. 

സംസ്ഥാനത്തിന്റെ മുൻനിര പദ്ധതികളായ സിൽവർലൈൻ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് പിന്തുണയും അനുമതിയും നൽകുക.  മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി പ്രത്യേക ധനസഹായം നൽകുക. സംസ്ഥാനത്തിന്റെ മേൽ നിർദ്ദേശങ്ങളൊന്നും തന്നെ കേന്ദ്ര സർക്കാർ ബജറ്റിൽ പരിഗണിച്ചിട്ടില്ല. കൂടാതെ, മേഖലാധിഷ്ഠിത ഗ്രാന്റ്/ സംസ്ഥാനാധിഷ്ഠിത ഗ്രാന്റ് അനുവദിക്കുന്ന വിഷയം 05.07.2021-ന് നടന്ന എം.പി-മാരുടെ സമ്മേളനത്തിൽ ഉന്നയിക്കുകയും, പ്രസ്തുത ഗ്രാന്റുകൾ അനുവദിക്കുന്ന കാര്യത്തിൽ എം.പി-മാർ കേന്ദ്ര സർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തണമെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. കൂടാതെ കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത ഗ്രാന്റ് അനുവദിക്കുന്നതിനുള്ള അനുകൂല നടപടി സ്വീകരിക്കണമെന്ന് 13.07.2021-ൽ ബഹു. പ്രധാനമന്ത്രിക്ക്, ബഹു. മുഖ്യമന്ത്രി നേരിട്ട് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സുസ്ഥിര വികസനം ലക്ഷ്യമാക്കി മുന്നോട്ടുകുതിക്കുന്ന സംസ്ഥാനത്തെ ഇത്തരത്തിൽ പ്രതിസന്ധിയിലാക്കി അതിലൂടെ സമസ്ത

മേഖലകളിലും നേടിയിട്ടുള്ള പുരോഗതിക്ക് തുരങ്കം വയ്ക്കുന്നതിനെതിരെ ഏതെല്ലാം കക്ഷികൾ പ്രതികരിക്കുവാൻ തയ്യാറായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കോവിഡ് മഹാമാരിയെ തുടർന്നുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായും സംസ്ഥാന സമ്പദ്ഘടനയെ പുനഃരുജ്ജീവിപ്പി-ക്കുന്നതിനായും കേന്ദ്ര ബജറ്റിൽ പ്രത്യേക സഹായ പാക്കേജുകൾ ഉൾപ്പെടുത്താൻ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre -Budget Speech) യോഗത്തിൽ ധനകാര്യ മന്ത്രി ആവശ്യപ്പെട്ടിരുന്നു. കൂടാതെ, സംസ്ഥാനങ്ങളുടെ സമ്പദ് വ്യവസ്ഥയ്ക്ക് പൊതുവിൽ ഗുണകരമാവുന്ന ചില നടപടികളും കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി മുന്നോട്ടു വച്ചിരുന്നു. കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനം കേന്ദ്ര സർക്കാരിന്റെ മുമ്പാകെ സമർപ്പിച്ച പ്രധാനപ്പെട്ട ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.  സമ്പദ് വ്യവസ്ഥയെ പുന:രുജീവിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കൈകൊണ്ട ഉത്തേജന നടപടികളെ വേണ്ടവിധം പിന്തുണക്കുന്നതിനായി ഒരു പ്രതേക ഉത്തേജന പാക്കേജ് കേന്ദ്ര ബജറ്റിൽ പ്രഖ്യാപിക്കുക  കോവിഡ് -19 കാരണം മടങ്ങി വരുന്ന പ്രവാസികൾക്ക് പ്രത്യേക പാക്കേജ്

 ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുക.  സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വർദ്ധിപ്പിക്കുക.  കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള സംസ്ഥാന വിഹിതത്തിൽ (inter se share) ഉണ്ടായിട്ടുള്ള കുറവ് നിമിത്തം വരുമാനത്തിലുണ്ടായ നഷ്ടം നികത്തൽ.  പെട്രോൾ-ഡീസൽ സെസും സർചാർജ്ജും യുക്തി സഹമാക്കുക.  അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി വിദേശ ഏജൻസികളിൽ നിന്ന് കേന്ദ്ര സർക്കാർ മുഖേന ലഭ്യമാക്കുന്ന ബാഹ്യ സഹായ പദ്ധതികൾക്കുള്ള (Externally Aided Projects) വായ്പകൾ നടപ്പുസാമ്പത്തിക വർഷത്തിലേക്കും അടുത്ത രണ്ട് വർഷത്തേക്കും സംസ്ഥാനത്തിന്റെ വായ്പാ പരിധിക്ക് പുറത്ത് അനുവദിക്കുക.  കേന്ദ്രവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം വർദ്ധിപ്പിക്കുക.  60:40 അനുപാതത്തിൽ നടപ്പിലാക്കുന്ന National Health Mission 100% കേന്ദ്രാവിഷ്കൃത പദ്ധതിയാക്കുക.  സംസ്ഥാനത്തിന്റെ മുൻനിര പദ്ധതികളായ സിൽവർലൈൻ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് പിന്തുണയും അനുമതിയും നൽകുക. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി പ്രത്യേക ധനസഹായം നൽകുക. സംസ്ഥാനത്തിന്റെ മേൽ നിർദ്ദേശങ്ങളൊന്നും തന്നെ കേന്ദ്ര സർക്കാർ ബജറ്റിൽ പരിഗണിച്ചിട്ടില്ല.

കൂടാതെ, മേഖലാധിഷ്ഠിത ഗ്രാന്റ്/ സംസ്ഥാനാധിഷ്ഠിത ഗ്രാന്റ് അനുവദിക്കുന്ന വിഷയം 05.07.2021-ന് നടന്ന എം.പി-മാരുടെ സമ്മേളനത്തിൽ ഉന്നയിക്കുകയും, പ്രസ്തുത ഗ്രാന്റുകൾ അനുവദിക്കുന്ന കാര്യത്തിൽ എം.പി-മാർ കേന്ദ്ര സർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തണമെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. കൂടാതെ കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത ഗ്രാന്റ് അനുവദിക്കുന്നതിനുള്ള അനുകൂല നടപടി സ്വീകരിക്കണമെന്ന് 13.07.2021-ൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

## II. നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സർക്കാർ സേവനങ്ങൾക്ക് ആധാർ

**1 (386)** <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് സർക്കാരിന്റെ ഏതെങ്കിലും സേവനങ്ങൾ ലഭ്യമാകുന്നതിന് ആധാർ നിർബന്ധമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത സേവനങ്ങൾക്ക് ആധാർ നിർബന്ധമാക്കുന്നത് സംബന്ധിച്ച സർക്കാർ നയം എന്തെന്ന് വ്യക്തമാക്കാമോ?

(എ-സി) ആധാർ നിർബന്ധിത തിരിച്ചറിയൽ രേഖയാക്കേണ്ടത് സംബന്ധിച്ച ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ദി യൂണിക് ഐഡെൻറിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (UIDAI) പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ് സംസ്ഥാന സർക്കാർ ഇത് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. പൗരന്മാർക്ക് കേന്ദ്ര-സംസ്ഥാന സഞ്ചിത നിധികളിൽ നിന്ന് (Consolidated Fund of Centre or State) ചെലവാക്കുന്ന സബ്സിഡി, ആനുകൂല്യം, സേവനം എന്നിവയ്ക്ക് ആധാർ ആക്റ്റിന്റെ സെക്ഷൻ 7 പ്രകാരം ആധാർ നിർബന്ധമാക്കി വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ട്. സർക്കാരിന്റെ വിവിധ വകുപ്പുകൾ നൽകുന്ന ഏതൊക്കെ സേവനങ്ങൾക്കാണ് ഇപ്രകാരം ആധാർ നിർബന്ധമാക്കി വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതെന്ന് പരിശോധിച്ച് തീരുമാനം കൈക്കൊണ്ട്, അപ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കാൻ എല്ലാ വകുപ്പുകൾക്കും ഐ.ടി വകുപ്പ് നിർദ്ദേശം

നൽകിയിട്ടുണ്ട്. പ്രവാസികൾ, ഇന്ത്യൻ വംശജർ തുടങ്ങിയവർക്ക് സേവനങ്ങൾ നൽകുന്നതിന് ആധാർ തിരിച്ചറിയൽ രേഖയായി കണക്കാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച സർക്കുലർ ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിൽ ട്രഷറിയുടെ TSB (ട്രഷറി സേവിംഗ്സ് ബാങ്ക്), PiMS ( പെൻഷൻ ഇൻഫർമേഷൻ സിസ്റ്റം), സ്പാർക്ക്, ജി-സ്പാർക്, യൂണിസ്പാർക്ക്, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വിതരണത്തിനുള്ള SEVANA എന്നീ ആപ്ലിക്കേഷനുകൾക്ക് ആധാർ ഓതെന്റിക്കേഷൻ സേവനം ഉപയോഗിക്കുന്നുണ്ട്.

ഉത്തരവുകൾ/സർക്കുലറുകൾ

1. സർക്കുലർ നം. ഐ.ടി-ബി 1/128/2017-ഐ.ടി.ഡി, തീയതി 09-07-2018
2. എസ്.ആർ.ഒ നം .526/2020, തീയതി 13-08-2020
3. എസ്.ആർ.ഒ നം .528/2020, തീയതി 13-08-2020
4. എസ്.ആർ.ഒ നം .164/2021, തീയതി 03-02-2021
5. എസ്.ആർ.ഒ നം .165/2021, തീയതി 03-02-2021
6. എസ്.ആർ.ഒ നം .127/2021, തീയതി 12-01-2022

7. എസ്.ആർ.ഒ നം.52/2022, തീയതി 03-01-2022 (പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു+)

## ധനകാര്യ പരിശോധനാ റിപ്പോർട്ടുകൾ

**2 (387)** <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ പരിശോധനാ വിഭാഗം വിവിധ വകുപ്പുകളിൽ നടത്തിയ പരിശോധനാ റിപ്പോർട്ടുകളിന്മേൽ ബന്ധപ്പെട്ട ഭരണ വകുപ്പുകൾ സമയബന്ധിതമായി തുടർനടപടി സ്വീകരിക്കാതിരിക്കുന്നെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാം; വിശദമാക്കാമോ?

(എ&ബി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടുകളിന്മേൽ പലപ്പോഴും ഭരണ വകുപ്പ് സമയബന്ധിതമായി തുടർ നടപടിയെടുക്കാതിരിക്കുന്നെന്ന ആക്ഷേപം വിവിധ വകുപ്പുമേധാവികളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. പരിശോധനാ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളിന്മേൽ നടപടിയെടുക്കുന്നതിൽ കാലവിളംബം വരുത്തുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടിയെടുക്കുന്നതാണെന്ന് വ്യക്തമാക്കിക്കൊണ്ട് 31-07-2018-ൽ സർക്കുലർ നമ്പർ 71/2018/ധന പുറത്തിറക്കിയിട്ടുണ്ട്. കൂടാതെ 20-12-2021 ലെ സ.ഉ(പി)നം.173/2021/ധന പ്രകാരം ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട ഭരണ വകുപ്പ് റിപ്പോർട്ട് ലഭിച്ച് 30 ദിവസത്തിനകം നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ഷീ വർക്ക് സ്പേസ് പ്രോജക്ട്

**3 (388)** ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരത്തോളം വനിതകൾക്ക് തൊഴിലിടം ഒരുക്കുന്നതിനായി കൊടകര ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുള്ള ഷീ വർക്ക് സ്പേസ് പ്രോജക്ടിന് അനുമതിയും ഫണ്ടും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൊടകര ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുള്ള 'ഷീ വർക്ക് സ്പേസ് പ്രോജക്ടിന് 'ജില്ലാ പദ്ധതിയിലെ സംയോജന പരിപാടികൾക്ക് പ്രോത്സാഹന ധനസഹായം നൽകൽ' എന്ന ഇനത്തിലുൾപ്പെടുത്തി 2021-

22 സംസ്ഥാന ബജറ്റിൽ വകയിരുത്തിയ വിഹിതത്തിൽ നിന്ന് ഒരു പ്രോജക്ടിന് പരമാവധി അനുവദിക്കാവുന്ന തുകയായ 2 കോടി രൂപ അനുവദിക്കാൻ 28-01-2022-ന് ചേർന്ന ആസൂത്രണ ബോർഡ് ഉന്നതാധികാര സമിതി യോഗം തീരുമാനിക്കുകയും ആയത് ആവശ്യമായ നടപടികൾക്കായി സംസ്ഥാന ആസൂത്രണ ബോർഡ് തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശിപാർശ തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിച്ച് വരികയാണെന്ന് അറിയിച്ചിട്ടുണ്ട്.

**സാമ്പത്തിക മേഖലയിലെ പ്രധാന പ്രവർത്തനങ്ങൾ**

**4 (389)** <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി ഏറെ പ്രതികൂലമായ സാഹചര്യത്തിൽ സംസ്ഥാനത്തിന് വേണ്ടുന്ന കേന്ദ്രസഹായം ലഭ്യമല്ലാതായിട്ടും സംസ്ഥാന വികസനം ഉറപ്പാക്കാനായി മുൻസർക്കാർ സ്വീകരിച്ചതും നിലവിലെ സർക്കാർ സ്വീകരിച്ചുവരുന്നതുമായ സാമ്പത്തിക മേഖലയിലെ പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാർ വിവേചനം പല സംസ്ഥാനങ്ങളെയും പ്രതിസന്ധിയിലാക്കിയതുപോലെ കേരളത്തെ എത്തരത്തിൽ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇവയെല്ലാം അതിജീവിച്ച് കേരള വികസനം യാഥാർത്ഥ്യമാക്കാനായി ധനവകുപ്പും സർക്കാരും സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും യുക്തിരഹിതമായ നികുതി നിരക്ക് നിർണയവും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻകാലങ്ങളിൽ നിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറയ്ക്കുന്നതും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടരുന്ന നിസ്സംഗതയും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം

സൃഷ്ടിച്ചിട്ടുണ്ട്. മേൽ പ്രസ്താവിച്ച പ്രതികൂല സാഹചര്യങ്ങളും കോവിഡിന്റെ പശ്ചാത്തലത്തിൽ നിർവ്വഹിച്ച അധിക ചെലവുകളും സൃഷ്ടിച്ച സാമ്പത്തിക ഞെരുക്കം നികുതി പിരിവ് ഊർജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാനതത്വങ്ങളിൽ ഊന്നി നിന്നുകൊണ്ടുള്ള സാമ്പത്തിക തന്ത്രം വിഭാവനം ചെയ്താണ് നേരിട്ടുപോരുന്നത്. ഇതോടൊപ്പം സമ്പദ്‌വ്യവസ്ഥ വളർച്ചയുടെ പാതയിലേയ്ക്ക് തിരികെ കൊണ്ടുവരുന്നതിനും വളർച്ചയുടെ ഗതിവേഗം ത്വരിതപ്പെടുത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, കോവിഡ് പ്രതിരോധ കുത്തിവയ്പ്പിന്റെ വേഗം വർദ്ധിപ്പിക്കൽ, ധനപരമായ ഏകീകരണ നടപടികൾ, വിവിധ മേഖലകൾക്കുള്ള പിന്തുണ പദ്ധതികൾ, സാമൂഹിക സുരക്ഷാവല വിപുലീകരണം, അധിക മൂലധന ചെലവുകൾ അടക്കമുള്ള വിവിധതല സ്പർശിയായ നടപടികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു.

(സി) കോവിഡ് പ്രതിസന്ധി സംസ്ഥാനത്തെ എത്തരത്തിൽ സാമ്പത്തികമായി ബാധിച്ചുവെന്ന് വ്യക്തമാക്കുമോ?

കോവിഡ് മഹാമാരിയുടെ തുടർച്ചയായ ഇടവേളകളിലെ തരംഗങ്ങൾ സമ്പദ്‌വ്യവസ്ഥയുടെ സമസ്ത മേഖലകളെയും നിശ്ചലമാക്കുകയും

പുനരുജ്ജീവനം ഒരു പരിധിവരെ അസാദ്ധ്യമാക്കുകയും ചെയ്തിരുന്നു. സാമ്പത്തിക പ്രവർത്തനങ്ങൾ മന്ദീഭവിച്ചത് ദൈനംദിന ജീവിതത്തെയും ജീവനോപാധികളെയും സർക്കാർ സാദ്ധ്യമായ നടപടികളും പിന്തുണകളും സ്വീകരിച്ചെങ്കിലും, അങ്ങേയറ്റം ഗുരുതരമായി ബാധിച്ചുവെന്നത് വസ്തുതയാണ്. തത്ഫലമായി സംസ്ഥാനത്തിന്റെ വരുമാനം കോവിഡ് കാലയളവിൽ ഒരു പരിധിവരെ നിലച്ച സ്ഥിതിയായിരുന്നു.

(ഇ) നിലവിൽ കേന്ദ്രസർക്കാരിൽനിന്നും സംസ്ഥാനത്തിന് ലഭ്യമാകേണ്ട ജി.എസ്.ടി. നഷ്ടപരിഹാരത്തുക എത്രയെന്ന് വ്യക്തമാക്കുമോ?

2017-18-ൽ 57.32 കോടി രൂപയും 2018-19-ൽ 25.79 കോടി രൂപയും ലഭിക്കാനുണ്ട്. 2019-20-ൽ 11.40 കോടി രൂപ അധികം ലഭിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറൽ കേരള സമർപ്പിക്കുന്ന അന്തിമ കണക്കുകൾ പ്രകാരമാണ് കേന്ദ്രഗവൺമെന്റിൽനിന്നും കോമ്പൻസേഷന്റെ പൂർണമായ സെറ്റിൽമെന്റ് ലഭിക്കുന്നത്. എന്നാൽ 2020-21, 2021-22 സാമ്പത്തിക വർഷം നിലവിലെ കോവിഡ് സാഹചര്യവും കോമ്പൻസേഷൻ സെസ്സ് വരുമാനത്തിലുണ്ടായ കുറവും കാരണം സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ, 41- ാമത്

ജി.എസ്.ടി. കൗൺസിൽ തീരുമാനപ്രകാരം കേന്ദ്രം പൊതുവിപണിയിൽ നിന്നും കടമെടുത്ത് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചു. ഈ രീതിയിൽ കേരളത്തിന് 2020-21 സാമ്പത്തിക വർഷം 5766.00 കോടി രൂപയും 2021-22 സാമ്പത്തിക വർഷം ജനുവരി വരെ 8739.31 കോടി രൂപയും ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ജി.എസ്.ടി കോമ്പൻസേഷൻ ഇനത്തിൽ ലഭിക്കാനുള്ള ബാക്കി തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

## കെ.എം.എസ്.സി.എൽ. ക്രമക്കേട്

**5 (390)** <u>ശ്രീമതി കെ. കെ.രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് കോവിഡ് കാലയളവിൽ വിപണി വിലയെക്കാൾ കൂടിയ വിലക്ക് പി.പി.ഇ. കിറ്റുകളും സ്കാനർ, എ.സി., ഫ്രിഡ്ജ് തുടങ്ങിയ ഉപകരണങ്ങളും വാങ്ങിയതിൽ ക്രമക്കേടുകളുണ്ടെന്ന ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ധനകാര്യവകുപ്പ് ഇൻസ്പെക്ഷൻ വിംഗിനെ ചുമതലപ്പെടുത്തിയിരുന്നോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (KMSCL) മുഖേന മരുന്നുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് സംബന്ധിച്ച് അന്വേഷണം നടത്താൻ ധനകാര്യ പരിശോധനാ വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) എങ്കിൽ അന്വേഷണം ഇപ്പോൾ ഏതുഘട്ടത്തിലാണ്; അന്വേഷണത്തിലെ കണ്ടെത്തലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

അന്വേഷണം പൂർത്തിയായിട്ടില്ല

(സി) പ്രസ്തുത ഇടപാടുകളിൽ സർക്കാരിനുണ്ടായ നഷ്ടം, നടന്ന ക്രമക്കേടുകൾ, ഉദ്യോഗസ്ഥരുടെ ഇടപെടൽ, നടപടികളിലെ വീഴ്ച തുടങ്ങിയ ചുരുക്കം വിഷയങ്ങൾ മാത്രമേ ധനകാര്യ വകുപ്പിന്റെ അന്വേഷണത്തിൽ കണ്ടെത്താനാകൂ എന്നും ഇടപാടുകളിലുണ്ടായിട്ടുള്ള ബാഹ്യഇടപെടലുകൾ ഫയലുകളിൽ വരുത്തിയ വലിയ കൃത്രിമത്വങ്ങൾ, കമ്പനികൾക്ക് പിന്നിൽ പ്രവർത്തിക്കുന്നവർ തുടങ്ങിയ ഗുരുതര വിഷയങ്ങളിൽ അന്വേഷണം നടത്താൻ ധനകാര്യവകുപ്പ് ഇൻസ്പെക്ഷൻ വിംഗിന്റെ അന്വേഷണത്തിന് കഴിയില്ലെന്നുമുള്ള അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി &സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) എങ്കിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് ഉപകരണങ്ങൾ വാങ്ങിയതുൾപ്പെടെയുള്ള നടപടികൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ?

ബാധകമല്ല.

## മലബാർ ക്യാൻസർ സെന്റർ സ്പെഷ്യൽ റൂൾസ്

**6 (391)** ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ മലബാർ ക്യാൻസർ സെന്റർ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നത് സംബന്ധിച്ച ഫയലിന്റെ (ഫയൽ നമ്പർ-1493575) നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഫയലിൽ ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; സ്പെഷ്യൽ റൂൾസ് അടിയന്തരമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ &ബി) തലശ്ശേരി നിയോജക മണ്ഡലത്തിലെ മലബാർ ക്യാൻസർ സെന്റർ സ്പെഷ്യൽ റൂൾസ് സംബന്ധിച്ച ധനവകുപ്പ് ഫയലിൽ

(PUC1/44/20/ധന (E-1493575)) നടപടികൾ സ്വീകരിച്ച ഭരണവകുപ്പിന് തിരികെ നൽകിയിട്ടുണ്ട്.

**ജി.എസ്.ടി. വരുമാനം**

**7 (392)** ശ്രീ. എം. വിൻസെന്റ് :
ശ്രീ. ടി. ജെ. വിനോദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ജി.എസ്.ടി. വരുമാനം വർദ്ധിക്കുമ്പോൾ കേരളത്തിൽ ജി.എസ്.ടി. വരുമാനത്തിൽ പ്രതീക്ഷിച്ച നേട്ടമുണ്ടാക്കാൻ സാധിക്കാത്തതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പഠന വിധേയമാക്കിയിട്ടുണ്ടോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയിട്ട് നാലുവർഷം കഴിഞ്ഞ സാഹചര്യത്തിൽ നികുതി വരുമാന വർദ്ധനവ് നേടാൻ സാധിക്കാത്തത് നികുതി ഭരണ സംവിധാനത്തിലെ കെടുകാര്യസ്ഥതയും അഴിമതിയുംമൂലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവമായി കാണുന്നുണ്ടോ?

(എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഡെസ്റ്റിനേഷൻ ടാക്സായ ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ സ്വാഭാവികമായുണ്ടാകേണ്ട നികുതി വരുമാനത്തിലെ വലിയ വർദ്ധന ഇല്ലാത്തതിന്റെ കാരണം വിശദമാക്കാമോ?

ജി.എസ്.ടി. നികുതിനിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതിനിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5 ശതമാനമോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ജി.എസ്.ടി.യുടെ തുടക്കത്തിൽ ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതിനിരക്ക് 28% (എസ്.ജി.എസ്.ടി. 14%) ആയാണ് നിശ്ചയിച്ചിരുന്നത്. പിന്നീടത് ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് 9%, 6% എന്നിവയ്ക്കായി കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതി പിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. സംസ്ഥാനം അഭിമുഖീകരിച്ച തുടർച്ചയായ പ്രകൃതി ദുരന്തങ്ങളും, തുടർന്ന് വന്ന കോവിഡ്

മഹാമാരിയും അതിനെ തുടർന്ന് ഉണ്ടായ lockdown സാഹചര്യവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു.

(ഡി) ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് മുൻസർക്കാർ സ്വീകരിച്ചിരുന്നത്?

നികുതി പിരിവ് കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

ഉപഭോക്താക്കളിൽനിന്നും ഉത്പന്ന വിലയോടൊപ്പം ഈടാക്കുന്ന നികുതിപ്പണം ഖജനാവിലേയ്ക്കടക്കാത്ത വ്യാപാരികളുടെ റിട്ടേൺ പരിശോധനയിലൂടെ നികുതി നിർണ്ണയം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി നിർണ്ണയങ്ങൾ അനിവാര്യമായ വ്യത്യസ്ഥ മാനദണ്ഡങ്ങൾ നിശ്ചയിച്ച് മുൻഗണന പട്ടിക തയ്യാറാക്കിയ കേസ്സുകളിൽ പരിശോധന കാര്യക്ഷമമായി നടത്തി നികുതി നിർണ്ണയങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നികുതി നിർണ്ണയ അധികാരികളുടെ ഡാഷ് ബോർഡിൽ ലഭ്യമാക്കിയിട്ടുണ്ട്. ജി.എസ്.ടി.യിൽ ഫയൽ ചെയ്ത വിവരങ്ങൾ അടിസ്ഥാനമാക്കി ദേശീയതലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിക്കുകയും ഇതിനെ അടിസ്ഥാനമാക്കി സംസ്ഥാനതലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

വിറ്റുവരവിലുള്ള വ്യത്യാസം, ഇൻപുട്ട് ടാക്സ് ക്രഡിറ്റിലുള്ള വ്യത്യാസം, ഇ-വേ ബിൽ, ഡിക്ലയർ ചെയ്ത തുകയിലുള്ള വ്യത്യാസം ടി.ഡി.എസ്/ടി.സി.എസ് റിട്ടേണുകളിലുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ നൽകുന്നത്. ജി.എസ്.ടി. പൂർണ്ണമായും വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ്‌വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിനുവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിസ്റ്റിക് വിംഗ് രൂപീകരിച്ചിട്ടുണ്ട്. വർഷാന്ത്യ റിട്ടേണുകളിൽ സൂക്ഷ്മ പരിശോധനയും ഓഡിറ്റും നടത്തി നികുതി വെട്ടിപ്പും തെറ്റായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റും കണ്ടെത്തി നികുതി നിർണ്ണയങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നുണ്ട്. ചെക്ക്പോസ്റ്റ് സമ്പ്രദായം ഇല്ലാതായ സാഹചര്യത്തിൽ അതിർത്തികളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനും വേണ്ടി സി.സി.ടി.വി ക്യാമറകൾ പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. തന്മൂലം ഇത് എ.എൻ.പി.ആർ സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ-

വേബിൽ) ഇല്ലാതെ കടന്നുവരുന്ന ചരക്കു വാഹനങ്ങളുടെ വിവരം ഉടൻ തന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുമുണ്ട്.

(ഇ) പ്രസ്തുത നടപടികൾ കാര്യക്ഷമമല്ലാത്തതിനാലാണ് നികുതി വരുമാനത്തിൽ ഇടിവ് ഉണ്ടാകുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സംസ്ഥാനത്തിന്റെ റവന്യൂ കമ്മി

**8 (393)** ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ റവന്യൂ കമ്മി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 16910.12 കോടി രൂപ ആയാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) റവന്യൂ കമ്മി പരിഹരിക്കാൻ ഈ സാമ്പത്തിക വർഷം കേന്ദ്രം എത്ര തുക ലഭ്യമാക്കിയിട്ടുണ്ട്; വിശദീകരിക്കാമോ?

വകുപ്പുതല കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം 20-02-2022 വരെ പോസ്റ്റ് ഡെവല്യൂഷൻ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി 18233.42 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(സി) കേന്ദ്രത്തിൽ നിന്നും ഗ്രാന്റായി സംസ്ഥാനത്തിന് ലഭിച്ച തുക എന്തെല്ലാം പദ്ധതികൾക്കാണ് വിനിയോഗിച്ചതെന്ന് അറിയിക്കാമോ?

കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായും കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യുന്ന സംസ്ഥാന ദുരന്ത പ്രതികരണനിധിക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റിനും റവന്യൂ കമ്മി നികത്തുന്നതിനുമാണ് വിനിയോഗിക്കുന്നത്.

(ഡി) തുക വിനിയോഗത്തിന്റെ അക്കൗണ്ട് ശീർഷകങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന ഗ്രാന്റുകളിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിനിയോഗം വിവിധ ധനാഭ്യർത്ഥനകളുടെ കീഴിലുള്ള വിവിധ ശീർഷകങ്ങൾ വഴിയും ധനകാര്യ കമ്മീഷൻ പ്രകാരമുള്ള റവന്യൂ കമ്മി നികത്തുന്നതിനുള്ള ഗ്രാന്റ്, സംസ്ഥാന ദുരന്ത പ്രതികരണ നിധി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് എന്നിവയുടെ ചെലവ്

യഥാക്രമം വിവിധ റവന്യൂചെലവ് ശീർഷകങ്ങൾ, 2245, 3604 എന്നീ മുഖ്യ ശീർഷകങ്ങൾ വഴിയുമാണ് വഹിക്കുന്നത്.

**ജപ്തി ഭീഷണി**

**9 (394)** ശ്രീ. മാണി സി. കാപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കോവിഡ് മഹാമാരി തുടരുന്ന സാഹചര്യത്തിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും നൂറുകണക്കിന് കുടുംബങ്ങളുടെ കിടപ്പാടം ജപ്തി ഭീഷണി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ബാങ്കിംഗ് എന്ന വിഷയം ഇന്ത്യൻ ഭരണഘടനയുടെ യൂണിയൻ ലിസ്റ്റിൽ 45-ാം ഇനമായി ഉൾപ്പെട്ടിട്ടുള്ളതിനാൽ ഈ വിഷയത്തിലുള്ള നിയമനിർമ്മാണത്തിനുള്ള അധികാരം പാർലമെന്റിൽ നിക്ഷിപ്തമാണ്. ആയതിനാൽ പാർലമെന്റ് രൂപീകരിച്ചിട്ടുള്ള സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും നിയമാനുസൃതം സ്വീകരിക്കുന്ന നടപടികളിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന്

പരിമിതികളേറെയുണ്ട്. ദേശസാൽകൃത ബാങ്കുകൾ, സ്വകാര്യ ബാങ്കുകൾ എൻ.ബി.എഫ്.സി കൾ, എം.എഫ്.ഐ കൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2021 ഡിസംബർ 31 വരെ മോറട്ടോറിയം പ്രഖ്യാപിക്കാൻ റിസർവ് ബാങ്കിനോടും സംസ്ഥാനതല ബാങ്കേഴ്സ് സമിതിയോടും സർക്കാർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ, ഇക്കാര്യത്തിൽ ഒരു അനുകൂല സമീപനം റിസർവ് ബാങ്കിന്റെ ഭാഗത്തുനിന്നും ലഭിച്ചില്ല. സംസ്ഥാനത്തെ കർഷകരും മത്സ്യതൊഴിലാളികളും ചെറുകിട കച്ചവടക്കാരും ഉൾപ്പെടെയുള്ളവർ ഹൗസിംഗ് ബോർഡ്, കോ- ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നാക്കവിഭാഗ വികസന കോർപറേഷൻ, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്റ്റ് 1968-ലെ 71-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള കാർഷികവായ്പ, വിദ്യാഭ്യാസ വായ്പ, ക്ഷീര വികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിൻമേലുള്ള ജപ്തി നടപടികൾക്ക് 2021 ഡിസംബർ മാസം 31 വരെ സർക്കാർ മോറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. കോവിഡ് മഹാമാരിയെ

തുടർന്ന് കേരള റവന്യൂ റിക്കവറി നിയമപ്രകാരം കുടിശ്ശികക്കാരായ ഒരു വ്യക്തിക്കെതിരെയും ജപ്തി നടപടി സ്വീകരിച്ചിട്ടില്ല. പൊതുമേഖലാ സ്ഥാപനമായ കെ.എസ്.എഫ്.ഇ.യിലും കുടിശ്ശിക അക്കൗണ്ടുകളിൽ റവന്യൂ റിക്കവറിയുടെ ഭാഗമായി ജപ്തി നടപടികളൊന്നും ഇപ്പോൾ നടത്തുന്നില്ല. കേരള സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് എന്നീ ബാങ്കുകളിൽ നിന്നും നൽകിയിട്ടുള്ള വിവിധ തരത്തിലുള്ള വായ്പകളിൽ വായ്പാ തുക കുടിശ്ശികയായവ ഇളവുകളോടുകൂടി അവസാനിപ്പിക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2022 മാർച്ച് 31 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ആർബിട്രേഷൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ജപ്തി നടപടികൾ സ്വീകരിക്കപ്പെടുകയും ചെയ്തിട്ടുള്ളതുമായ വായ്പകൾക്ക് മുൻഗണന നൽകുന്നതിനും, ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഇളവുകൾ നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## റവന്യൂ വരുമാനം

**10 (395)** <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

( എ ) 2021-22 വർഷത്തെ ബജറ്റിൽ സംസ്ഥാനം പ്രതീക്ഷിച്ച റവന്യൂ വരുമാനം എത്രയാണ്; നാളിതുവരെ ഈ ഇനത്തിൽ എത്ര കോടി രൂപ സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്?

2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം 130981.06 കോടി രൂപയാണ് റവന്യൂ വരുമാനമായി സംസ്ഥാനം പ്രതീക്ഷിക്കുന്നത്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2021 ഡിസംബർ വരെ 74421.50 കോടി രൂപ ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട്.

(ബി) റവന്യൂ വരുമാനത്തിൽ പ്രതീക്ഷിച്ചതിനെക്കാൾ കുറവ് സംഭവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് കാരണം വ്യക്തമാക്കുമോ?

സാമ്പത്തിക വർഷം അവസാനിക്കുന്നതോടുകൂടി മാത്രമേ റവന്യൂ വരുമാനത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളെ സംബന്ധിച്ച് വിശദമായ വിലയിരുത്തൽ സാധ്യമാവുകയുള്ളൂ. മഹാമാരിയായ കോവിഡുമൂലമുണ്ടായ പ്രതിസന്ധികൾ റവന്യൂ സമാഹരണത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

## മെഡിസെപ് പ്രകാരമുള്ള ചികിത്സാ ആനുകൂല്യങ്ങൾ

**11 (396)** ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് പ്രകാരമുള്ള ചികിത്സാ ആനുകൂല്യങ്ങൾ കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ഏതെല്ലാം ആശുപത്രികളിൽ ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ സംസ്ഥാനത്തെ സഹകരണ ആശുപത്രികളിൽ മെഡിസെപ് ആനുകൂല്യങ്ങൾ ലഭ്യമാകുന്ന നിലയിലാണോ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്; ഇല്ലെങ്കിൽ സഹകരണ ആശുപത്രികളെ കൂടി പ്രസ്തുത പദ്ധതിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ?

(എ &ബി) 22-01-2021-ലെ പുതുക്കിയ Request For Proposal (RFP) പ്രകാരം മെഡിസെപ് പദ്ധതി നടത്തിപ്പിനായി Oriental Insurance Company Ltd നെയാണ് തെരെഞ്ഞെടുത്തത്. Request For Proposal-ലെ നിബന്ധന പ്രകാരം വിവിധ കാറ്റഗറിയിലുള്ള കേരളത്തിനകത്തും പുറത്തുമുള്ള ആശുപത്രികളുമായി ടി കമ്പനി ചർച്ച ചെയ്ത് കരാറിൽ ഏർപ്പെട്ടതിനുശേഷമാണ് പദ്ധതിയിലുൾപ്പെടുന്ന ആശുപത്രികളുടെ എംപാനൽമെന്റ് ലിസ്റ്റ് തയ്യാറാക്കുന്നത്. ആശുപത്രികളുടെ എംപാനൽമെന്റ് ലിസ്റ്റ് ഉടൻ സർക്കാരിന് സമർപ്പിക്കുന്നതാണെന്ന് Oriental Insurance Company Ltd അറിയിച്ചിട്ടുണ്ട്. ആയതിനാൽ

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് പ്രകാരമുള്ള ചികിത്സാ ആനുകൂല്യങ്ങൾ ഏതെല്ലാം ആശുപത്രികളിൽ ലഭ്യമാകുമെന്ന് എംപാനൽമെന്റ് ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്കുമാത്രമേ വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

**സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി**

**12 (397)** ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യബാങ്കുകളെയും ഉൾപ്പെടുത്തിക്കൊണ്ട് നടപ്പിലാക്കിയ സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉൾപ്പെടുത്തിക്കൊണ്ട് പുനരുജ്ജീവന വായ്പ പദ്ധതി നടപ്പിലാക്കുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി പ്രകാരം വിവിധ ജില്ലകളിൽ നടത്തിയ പ്രവർത്തനങ്ങൾ പട്ടികയാക്കി നൽകാമോ?

ബാധകമല്ല.

## രണ്ടാം കോവിഡ് പാക്കേജിനായി ചെലവഴിച്ച തുക

**13 (398)** ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം കോവിഡ് പാക്കേജിനായി കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന 20,000 കോടി രൂപയിൽ നാളിതുവരെ ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ഏതൊക്കെയിനങ്ങളിലായി ഏതൊക്കെ വകുപ്പുകൾ മുഖേനയാണ് ചെലവാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ &ബി) 04-08-2018-ലെ സ.ഉ(സാധാ) നം. 119/2018/ധന പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. ഇരിക്കൂർ മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ആസ്തി വികസന ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി അനുമതി നൽകിയ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങളും, 2017-18 മുതൽ 2020-21 വരെ വർഷങ്ങളിലെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളിലെ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിനായി നീക്കിവച്ചിരുന്ന 2800 കോടി രൂപയും ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം നൽകുന്നതിനായി നീക്കിവച്ചിരുന്ന 8900 കോടി രൂപയും നാളിതുവരെ ഏതൊക്കെ ഇനങ്ങളിലായി എത്ര രൂപ വീതം ചെലവാക്കിയിട്ടുണ്ടെന്ന വിശദാംശങ്ങൾ നൽകുമോ?

04-08-2018 ലെ സ.ഉ(സാധാ) നം. 119/2018/ധന പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെൻഡർ അംഗീകരിച്ച് കഴിഞ്ഞുണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് തൊട്ടടുത്ത വർഷം അനുവദിയ്ക്കാവുന്നതാണ്. ഒരു സാമ്പത്തികവർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. നിയോജകമണ്ഡല ആസ്തിവികസന പദ്ധതിക്ക് കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് തൊട്ടടുത്ത വർഷം 20 പ്രവൃത്തികളിൽ നിജപ്പെടുത്തണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി പരിഗണിക്കാവുന്നതാണ്. 2020-21 സാമ്പത്തികവർഷത്തിൽ കണ്ടെത്തിയ ടെണ്ടർ സേവിംഗ്സ് തുകയിൽ

നിന്നും ഈ സാമ്പത്തികവർഷം (2021-22) പ്രവൃത്തികളുടെ എണ്ണം 20-ൽ നിജപ്പെടുത്തി വിനിയോഗിക്കാവുന്നതാണ്.

**ഇരിക്കൂർ മണ്ഡലത്തിലെ എ.ഡി.എഫ്. പദ്ധതികൾ**

**14 (399)** ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ആസ്തി വികസന ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി ഏതൊക്കെ പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്നും ആയതിലേയ്ക്കായി എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളിൽ എത്ര രൂപ ടെണ്ടർ സേവിംഗ്സുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

(എ &ബി) 04-08-2018-ലെ സ.ഉ(സാധാ) നം. 119/2018/ധന പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. ഇരിക്കൂർ മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ആസ്തി വികസന ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി അനുമതി നൽകിയ

പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങളും, 2017-18 മുതൽ 2020-21 വരെ വർഷങ്ങളിലെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളിലെ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) പ്രസ്തുത സേവിംഗ്സിൽ ഈ സാമ്പത്തിക വർഷം വിനിയോഗിക്കാൻ കഴിയുന്ന തുക എത്രയാണ്; വ്യക്തമാക്കുമോ?

04-08-2018-ലെ സ.ഉ(സാധാ) നം. 119/2018/ധന പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെൻഡർ അംഗീകരിച്ച് കഴിഞ്ഞുണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് തൊട്ടടുത്ത വർഷം അനുവദിക്കാവുന്നതാണ്. ഒരു സാമ്പത്തികവർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. നിയോജകമണ്ഡല ആസ്തിവികസന പദ്ധതിക്ക് കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് തൊട്ടടുത്ത വർഷം 20 പ്രവൃത്തികളിൽ നിജപ്പെടുത്തണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി പരിഗണിക്കാവുന്നതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ കണ്ടെത്തിയ ടെണ്ടർ സേവിംഗ്സ് തുകയിൽനിന്നും ഈ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തികവർഷം (2021-22) പ്രവൃത്തികളുടെ എണ്ണം 20-ൽ നിജപ്പെടുത്തി വിനിയോഗിക്കാവുന്നതാണ്.

**മൊറട്ടോറിയത്തിന്റെ പരിരക്ഷ**

**15 (400)** ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാഷണലൈസ്ഡ് ബാങ്കുകൾ, കേരള ബാങ്ക്, മറ്റ് സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽനിന്നും വായ്പയെടുത്തിട്ടുള്ള ഉപഭോക്താക്കൾക്കായി കോവിഡ്- 19 മഹാമാരിയെത്തുടർന്ന് സർക്കാർ പ്രഖ്യാപിച്ച മൊറട്ടോറിയത്തിന്റെ പരിരക്ഷ ലഭിച്ചവർ എത്ര പേരാണ് എന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്കുകളും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കാമോ?

സർക്കാർ പ്രഖ്യാപിക്കുന്ന മൊറട്ടോറിയങ്ങളുടെ പരിധിയിൽ നാഷണലൈസ്ഡ് ബാങ്കുകളെയുൾപ്പെടുത്താൻ സാധിക്കില്ല. കേരള ബാങ്ക്, മറ്റ് സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽനിന്നും വായ്പ എടുത്തിട്ടുള്ള ഉപഭോക്താക്കൾക്കായി കോവിഡ് 19 മഹാമാരിയെത്തുടർന്ന് സർക്കാർ പ്രഖ്യാപിച്ച മൊറട്ടോറിയത്തിന്റെ പരിരക്ഷ ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

കേരള ബാങ്ക് ഗുണഭോക്താക്കളുടെ എണ്ണം

| | |
|---|---|
| തിരുവനന്തപുരം | 21723 |
| കൊല്ലം | 22974 |
| പത്തനംതിട്ട | 22840 |
| ആലപ്പുഴ | 18475 |
| ഇടുക്കി | 6704 |
| എറണാകുളം | 9351 |
| കോട്ടയം | 20062 |
| തൃശ്ശൂർ | 35776 |
| പാലക്കാട് | 32674 |
| കോഴിക്കോട് | 24049 |
| വയനാട് | 6645 |
| കണ്ണൂർ | 31745 |
| കാസർഗോഡ് | 14088 |
| ആകെ | 267106 |

മലപ്പുറം ഡി.സി.ബി ഗുണഭോക്താക്കളുടെ എണ്ണം 2325

| മറ്റ് സഹകരണ സംഘങ്ങൾ ജില്ല തിരിച്ച് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 22702 |
| കൊല്ലം | 7978 |
| പത്തനംതിട്ട | 3493 |
| ആലപ്പുഴ | 80365 |
| ഇടുക്കി | 66622 |
| എറണാകുളം | 24023 |

| | |
|---|---|
| കോട്ടയം | 13632 |
| തൃശ്ശൂർ | 20729 |
| പാലക്കാട് | 21692 |
| മലപ്പുറം | 28875 |
| കോഴിക്കോട് | 5916 |
| വയനാട് | 7560 |
| കണ്ണൂർ | 11172 |
| കാസർഗോഡ് | 4763 |
| ആകെ | 319522 |

## സർഫാസി നിയമം

**16 (401)** <u>ശ്രീ. തോമസ് കെ തോമസ്</u> :
<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u> :
<u>ശ്രീ. കെ. പി.മോഹനൻ</u> :
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർക്ക് വളരെ ബുദ്ധിമുട്ടുളവാക്കുന്ന സർഫാസി നിയമം പിൻവലിക്കാൻ കേന്ദ്ര സർക്കാരിനെ സമീപിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; &

(ബി) സംസ്ഥാനത്ത് സർഫാസി നിയമം വന്നതിനുശേഷം എത്ര കുടുംബങ്ങൾക്ക് സ്വന്തം ഭവനം ജപ്തി ചെയ്യുന്ന സാഹചര്യം നേരിടേണ്ടി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ &ബി) ബാങ്കിംഗ് എന്ന വിഷയം ഇന്ത്യൻ ഭരണഘടനയുടെ യൂണിയൻ ലിസ്റ്റിൽ 45-ാം ഇനമായി ഉൾപ്പെട്ടിട്ടുള്ളതിനാൽ ഈ വിഷയത്തിലുള്ള നിയമനിർമ്മാണത്തിനുള്ള അധികാരം പാർലമെന്റിൽ നിക്ഷിപ്തമാണ്. ആയതിനാൽ പാർലമെന്റ് രൂപീകരിച്ചിട്ടുള്ള സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും നിയമാനുസൃതം സ്വീകരിക്കുന്ന നടപടികളിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളേറെയുണ്ട്. സർഫാസി നിയമം സംസ്ഥാനത്ത് നടപ്പാക്കി വരുന്നതിലൂടെയുള്ള പ്രയാസകരമായ സവിശേഷ സാഹചര്യം സംസ്ഥാന സർക്കാർ മനസിലാക്കിയിട്ടുണ്ട്. അഞ്ച് സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോഴുണ്ടാകുന്ന ബാധ്യതയ്ക്ക് 2002-ലെ സർഫാസി നിയമം ബാധകമല്ലെന്ന് വ്യവസ്ഥ ചെയ്യുന്നതിലേയ്ക്കായി സർഫാസി ആക്ടിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് കേരള നിയമസഭ

ഐകകണ്ഠേന പ്രമേയം പാസ്സാക്കുകയും പ്രസ്തുത പ്രമേയം കേന്ദ്ര സർക്കാരിന്റെ ധനമന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും കേരളത്തിന്റെ ആവശ്യത്തിന്മേൽ അനുഭാവപൂർവ്വമായ സമീപനം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ നാളിതുവരെയായി അനുകൂല പ്രതികരണം കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടില്ലാത്തതാണ്. സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ എടുത്ത നടപടികൾമൂലം സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ബുദ്ധിമുട്ടുകളും ആശങ്കകളും ശ്രദ്ധയിൽപ്പെടുകയും പ്രസ്തുത സ്ഥിതിവിശേഷം സംബന്ധിച്ച് പഠനം നടത്തി ശിപാർശകൾ സമർപ്പിക്കുന്നതിനായി കേരള നിയമസഭ ശ്രീ.എസ്.ശർമ്മ എം.എൽ.എ ചെയർമാനായി ഒരു അഡ്ഹോക്ക് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി പഠനം നടത്തി റിപ്പോർട്ട് കേരള നിയമസഭാ മുമ്പാകെ സമർപ്പിച്ചിരുന്നു. വായ്പയുടെ തിരിച്ചടവ് 3 ഗഡുക്കൾ തുടർച്ചയായി മുടങ്ങിയാൽ പ്രസ്തുത അക്കൗണ്ട് നിഷ്ക്രിയ ആസ്തിയായി പ്രഖ്യാപിക്കാനും കുടിശ്ശിക വരുത്തിയ വായ്പക്കാരനെ അയാളുടെ വസ്തുവിൽനിന്നും പുറത്താക്കി വസ്തു ഏറ്റെടുക്കാനും സർഫാസി നിയമം ബാങ്കുകളെയും ധനകാര്യ സ്ഥാപനങ്ങളെയും അധികാരപ്പെടുത്തുന്നു. ഇക്കാര്യം

പരിശോധിച്ച നിയമസഭാ അഡ്ഹോക്ക് കമ്മിറ്റി ഒരു വർഷത്തെ കാലയളവിനുശേഷവും തിരിച്ചടവ് നടത്താതെ കുടിശ്ശിക വരുത്തുന്ന വായ്പക്കാർക്കെതിരെ മാത്രമേ സർഫാസി നിയമപ്രകാരമുള്ള നടപടി ആരംഭിക്കാവൂ എന്ന രീതിയിൽ നിയമഭേദഗതി വരുത്താനും ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ എന്നതുമാറ്റി പത്തുലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് മാത്രമേ നിയമം ബാധകമാവുകയുള്ളൂവെന്നും സർഫാസി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് ശിപാർശ ചെയ്തിരുന്നു. കർഷകരെടുക്കുന്ന എല്ലാത്തരം കടങ്ങളും കാർഷിക കടങ്ങളായി കാണണമെന്നും സർഫാസി നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കണമെന്നും വിദ്യാഭ്യാസ വായ്പയെടുത്തശേഷം നിശ്ചിതകാലയളവിനുള്ളിൽ ജോലി ലഭിക്കാത്തതിനാൽ തിരിച്ചടവ് മുടങ്ങിയവരെ സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാനോ അവർക്ക് തിരിച്ചടവിന് കാലാവധി നീട്ടിനൽകാനോ ഉതകുന്ന നിയമഭേദഗതി കൊണ്ടുവരുന്നതിന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടണമെന്നും കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. സർഫാസി നിയമപ്രകാരം 'Agricultural land' ജപ്തി ചെയ്യാൻ പാടുള്ളതല്ല. എന്നാൽ സർഫാസി ആക്ടിൽ 'Agricultural land' എന്നതിന് പ്രത്യേക നിർവചനം നൽകിയിട്ടില്ലാത്തതാണ്. സാധാരണഗതിയിൽ

കേരളത്തിൽ കൃഷിഭൂമിയിൽ തന്നെയാണ് കർഷകന്റെ വീടും സ്ഥിതി ചെയ്യുന്നത്. മേൽ സാഹചര്യത്തിൽ റബ്ബർ, കാപ്പി, ഏലം ഉൾപ്പെടെ എല്ലാത്തരം കൃഷിഭൂമിയും സർഫാസി നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കേണ്ടതാണെന്ന് കമ്മിറ്റി അഭിപ്രായപ്പെട്ടിരുന്നു. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ തോട്ടവിളകൾ ഉൾപ്പെടെയുള്ള എല്ലാത്തരം കൃഷിയും ചെയ്യുന്ന ഭൂമി കൃഷിഭൂമിയായിത്തന്നെ കണക്കാക്കി വായ്പ നൽകാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണമെന്നും കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. സമിതി ശിപാർശകൾ പ്രകാരം സർഫാസി ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. സമിതി ശിപാർശകളിലെ ഓരോ ഇനത്തിലുംപെട്ട വായ്പക്കാരുടെയും വായ്പകളുടെയും വിവരങ്ങൾ ലഭ്യമാക്കാൻ കേന്ദ്രസർക്കാർ എസ്.എൽ.ബി.സി. കൺവീനറോടും സർക്കാരിനോടും ആവശ്യപ്പെട്ടിട്ടിരുന്നു. കേന്ദ്രസർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനറും സംസ്ഥാന സർക്കാരും സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയായി ഇക്കാര്യത്തിൽ അനുകൂല തീരുമാനം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതാണ്.

(സി) പ്രസ്തുത നിയമം പിൻവലിക്കാനും ജനങ്ങളുടെ സ്വസ്ഥജീവിതം ഉറപ്പുവരുത്താനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഇത്തരത്തിൽ ഒരു കണക്ക് എസ്.എൽ.ബി.സി.യോ ബാങ്കുകളോ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**സംസ്ഥാനത്തിന്റെ പൊതുകടം**

**17 (402)** ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ഈ സാമ്പത്തിക വർഷം നാളിതുവരെ എത്ര കോടി രൂപ സർക്കാർ കടമെടുത്തു; കടമെടുത്ത മാസം, തുക, പലിശ, എടുത്ത ഏജൻസി, തിരിച്ചടവ് കാലാവധി എന്നിവ വിശദമാക്കുമോ; ഇവ ഏതെല്ലാം ആവശ്യങ്ങൾക്കാണ് ചെലവഴിച്ചതെന്ന വിവരം ലഭ്യമാക്കുമോ;

(ബി) ശമ്പളം, പെൻഷൻ, പലിശ ഇനത്തിൽ ഈ പണത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ &ബി) അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ 2016-17 മുതൽ 2021-22 ഡിസംബർ 31 വരെ (2021-22 ലെ താല്ക്കാലിക കണക്കുകൾ ഉൾപ്പെടെ) ആഭ്യന്തര വായ്പായിനത്തിലും

കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പായിനത്തിലും പി.എഫ്, ലഘുസമ്പാദ്യങ്ങൾ എന്നിവയിൽ നിന്നുള്ള വായ്പായിനത്തിലുമെടുത്തിട്ടുള്ള വായ്പ (തനി) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| വർഷം | ആഭ്യന്തര വായ്പ | കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ | പി.എഫ്, ലഘു സമ്പാദ്യ പദ്ധതികൾ മുതലായവ | ആകെ |
|---|---|---|---|---|
| 2016-17 | 15772.46 | 379.43 | 12931.65 | 29083.54 |
| 2017-18 | 17231.81 | -130.15 | 7206.83 | 24308.49 |
| 2018-19 | 15490.50 | -240.58 | 9619.21 | 24869.13 |
| 2019-20 | 14969.00 | 1436.77 | 8274.11 | 24679.88 |
| 2020-21 | 24514.00 | 6293.44 | 11547.96 | 42355.54 |
| 2021-22 | 16628.41 | -27.07 | 18647.15 | 35248.49 |

ഇതേ കാലയളവിലെ പലിശ ഇനത്തിൽ തിരിച്ചടച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| വർഷം | പലിശ |
|---|---|
| 2016-17 | 12117 |
| 2017-18 | 15120 |
| 2018-19 | 16748 |
| 2019-20 | 19215 |

| | |
|---|---|
| 2020-21 | 20975 |
| 2021-22 | 14379 |

വായ്പയെടുത്ത മുഴവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്ക് വിനിയോഗിക്കുന്നത്. സഞ്ചിതനിധിയിൽ മറ്റ് വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുക്കുന്ന തുക ഏതൊക്കെ ചെലവുകൾക്കായി എത്രവീതം വിനിയോഗിക്കപ്പെടുന്നുവെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. വായ്പയെടുത്ത തുകയിൽ നോൺ പ്ലാൻ റവന്യൂ അക്കൗണ്ടിലെ കമ്മി നികത്തിയതിനുശേഷം ബാക്കിയുള്ളത് പദ്ധതി ചെലവുകൾക്കാണ് വിനിയോഗിക്കുന്നത്.

(സി) സംസ്ഥാനത്തിന്റെ പൊതുകടം ഇതുവരെ എത്ര രൂപയാണെന്ന് അറിയിക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം (2021-22 ലെ താല്ക്കാലിക കണക്കുകൾ ഉൾപ്പെടെ) 31-12-2021 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 2,22,049.06 കോടി രൂപയാണ്.

**രണ്ടാം കോവിഡ് പാക്കേജ്**

**18 (403)** ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച രണ്ടാം കോവിഡ് പാക്കേജ് പ്രകാരം സാമ്പത്തിക പുനരുജ്ജീവനത്തിനായി ലോണുകൾ അനുവദിച്ച ഇനത്തിലും പലിശ സബ്സിഡി നൽകിയ ഇനത്തിലും നാളിതുവരെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

രണ്ടാം കോവിഡ് പാക്കേജ് പ്രകാരം സാമ്പത്തിക പുനരുജ്ജീവനത്തിനായി കെ.എഫ്.സി. 176.27 കോടി രൂപ നാളിതുവരെ ലോൺ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്രപേർക്ക് സഹായം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

കെ.എഫ്.സി സംരംഭങ്ങൾക്ക് (units) ആണ് പൊതുവായി വായ്പ നൽകുന്നത്. പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ 381 യൂണിറ്റുകൾക്ക് സഹായം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

## കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**19 (404)** <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. സി. ആർ. മഹേഷ്</u> :
<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u> :
<u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന അഞ്ചുവർഷംകൊണ്ട് അൻപതിനായിരം കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കുമെന്ന മുൻ സർക്കാർ പ്രഖ്യാപനം നിറവേറ്റാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

സംസ്ഥാനത്ത് കിഫ്ബി മുഖേന അഞ്ചുവർഷംകൊണ്ട് 50,000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുമെന്ന മുൻസർക്കാർ പ്രഖ്യാപനത്തിന്റെ ഭാഗമായി നാളിതുവരെ 70,762.05 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ ഏകദേശം 63,000 കോടിയോളം രൂപയുടെ പദ്ധതികൾ മുൻസർക്കാരിന്റെ കാലത്ത് അംഗീകരിച്ചിട്ടുള്ളതാണ്. ഇതിൽ 20000 കോടി രൂപയുടെ പദ്ധതികൾ NHAI-യുടെ സ്ഥലമേറ്റെടുപ്പിനുള്ള സംസ്ഥാന വിഹിതവും വ്യാവസായിക പാർക്കുകൾക്കുള്ള സ്ഥലമേറ്റെടുപ്പിനുള്ള തുകയും ഉൾപ്പെടുന്നതാണ്. സ്ഥലമേറ്റെടുപ്പ് നടപടികൾ അതിവേഗം പുരോഗമിച്ചുവരുന്നു. ബാക്കി

വരുന്ന ഏകദേശം 43,000 കോടിയോളം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ 4,429 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കുകയും 18,124 കോടി രൂപയുടെ പദ്ധതികൾ പ്രവൃത്തി പുരോഗമിച്ചു വരുന്നതുമാണ്. മറ്റ് പദ്ധതികൾ സാങ്കേതികാനുമതി സ്ഥലമേറ്റെടുപ്പ് മുതലായ കാര്യങ്ങളിൽ നടപടികൾ പുരോഗമിക്കുകയാണ്. പ്രളയം, മഹാമാരി തുടങ്ങിയ പ്രതിസന്ധി ഘട്ടത്തിൽപോലും കിഫ്ബി പദ്ധതികളുടെ നിർവ്വഹണത്തെ കാര്യമായി ബാധിക്കാത്ത രീതിയിൽ വേണ്ട കരുതലുകളെടുത്തിരുന്നു. പദ്ധതികളുടെ പൂർത്തീകരണം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(ബി) കിഫ്ബി മുഖേന കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന വൻകിട പദ്ധതികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

കിഫ്ബി മുഖേന നടപ്പിലാക്കാൻ അംഗീകാരം നൽകിയിട്ടുള്ള 100 കോടി രൂപയ്ക്ക് മുകളിൽ അനുമതി നൽകിയിട്ടുള്ള വൻകിട പദ്ധതികളുടെ വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു+.

(സി) മലയോര ഹൈവേ, തീരദേശ ഹൈവേ, പെട്രോകെമിക്കൽ ഫാർമാ പാർക്ക്, ട്രാൻസ്ഗ്രിഡ് 2.0, ലൈഫ് സയൻസ് പാർക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിവയുടെ കിഫ്ബി മുഖേന നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

മലയോര ഹൈവേ, തീരദേശ ഹൈവേ, പെട്രോകെമിക്കൽ ഫാർമാ പാർക്ക്, ട്രാൻസ്ഗ്രിനഡ് 2.0, ലൈഫ് സയൻസ് പാർക്ക് എന്നിവയുടെ കിഫ്ബി മുഖേന നടത്തുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം 2 ൽ കാണാവുന്നതാണ്+.

(ഡി) കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്ന കെ-ഫോൺ പദ്ധതി ഏത് വർഷത്തെ ബഡ്ജറ്റിലാണ് പ്രഖ്യാപിച്ചതെന്നും എത്ര മാസം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്നും വ്യക്തമാക്കാമോ?

കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്ന കെ-ഫോൺ പദ്ധതി 2017-18 വർഷത്തെ ബഡ്ജറ്റിലാണ് പ്രഖ്യാപിച്ചത്. 24 മാസമാണ് പദ്ധതി നടപ്പിലാക്കാനായി കരാർ നിശ്ചയിച്ചിട്ടുള്ളത്.

(ഇ) 20 ലക്ഷം വീടുകളിൽ സൗജന്യ ഇന്റർനെറ്റ് ലഭ്യമാക്കാൻ പ്രസ്തുത പദ്ധതിക്ക് സാധിച്ചോയെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ 20 ലക്ഷം പാവപ്പെട്ട കുടുംബങ്ങളിൽ സൗജന്യ ഇന്റർനെറ്റ് ലഭ്യമാക്കാൻ കൂടി പദ്ധതിയിട്ട കെ-ഫോൺ പദ്ധതിയുടെ 50%

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. ഇന്റർനെറ്റ് കണക്ഷൻ ഉൾപ്പടെയുള്ള മറ്റ് പ്രവൃത്തികൾ 2022 ജൂലൈ മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് പദ്ധതി നിർവ്വഹണ ഏജൻസിയായ KSITIL ലക്ഷ്യമിട്ടിട്ടുള്ളത്.

**മലപ്പുറം ജില്ലയിലെ കിഫ്ബി യൂണിറ്റ് ഓഫീസുകൾ**

**20 (405)** ശ്രീ. പി. വി.അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കിഫ്ബിയുടെ ഏതെല്ലാം യൂണിറ്റ് ഓഫീസുകളാണ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ?

മലപ്പുറം ജില്ലയിൽ KIIFB LA Unit - 2, KIIFB LA Unit - 3, എന്നീ രണ്ട് സ്പെഷ്യൽ തഹസിൽദാർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) എറണാകുളം, കണ്ണൂർ ജില്ലകളിൽ പ്രവർത്തിക്കുന്ന കിഫ്ബി യൂണിറ്റ് ഓഫീസുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

എറണാകുളം ജില്ലയിൽ GCDA Complex ആസ്ഥാനമായി KIIFB യുടെ ഒരു എൽ.എ സ്പെഷ്യൽ തഹസിൽദാർ യൂണിറ്റും കണ്ണൂർ ജില്ലയിൽ KIIFB LA Unit - 1, KIIFB LA Unit - 2, എന്നിങ്ങനെ രണ്ട് എൽ.എ സ്പെഷ്യൽ തഹസിൽദാർ യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്.

(സി) നിർമ്മാണം പൂർത്തിയായ നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിൽ കിഫ്ബി യൂണിറ്റ് ഓഫീസിന് സ്ഥലം അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; സമർപ്പിച്ച അപേക്ഷയുടെ പകർപ്പും സ്ഥലം അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളുടെ പകർപ്പും ലഭ്യമാക്കാമോ?

നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിൽ KIIFB LA Unit-ന് സ്ഥലം അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കിഫ്ബിയിൽ ലഭ്യമായ രേഖകളുടെ പകർപ്പുകൾ അനുബന്ധം 1 ആയി ചേർക്കുന്നു+.

(ഡി) കണ്ണൂർ, മലപ്പുറം, എറണാകുളം എന്നീ ജില്ലകളിൽ കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികളും അടങ്കൽ തുകയും മറ്റ് വിശദാംശങ്ങളും ജില്ല തിരിച്ച് ലഭ്യമാക്കാമോ?

കണ്ണൂർ, മലപ്പുറം, എറണാകുളം എന്നീ ജില്ലകളിൽ നടപ്പാക്ാൻ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ അടങ്കൽ തുകയും മറ്റ് വിശദംശങ്ങളും ഉൾപ്പടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു+.

(ഇ) മലപ്പുറം ജില്ലയിലെ ഏതെങ്കിലും കിഫ്ബി യൂണിറ്റുകൾ മറ്റ് ജില്ലകളിലേയ്ക്ക് പ്രവർത്തനം മാറ്റുന്നതിന് സർക്കാർ നിർദ്ദേശം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

മലപ്പുറം ജില്ലയിലെ കിഫ്ബി യൂണിറ്റുകൾ മറ്റു ജില്ലകളിലേയ്ക്ക് മാറ്റാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല. വയനാട് ജില്ലയിൽ കിഫ്ബി യൂണിറ്റില്ലാത്തതിനാൽ ആ ജില്ലയിലെ കിഫ്ബി പദ്ധതികളുടെ ഭൂമി സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ മലപ്പുറം ജില്ലയിലെ KIIFB LA Unit - 2 നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഗുരുവായൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന കിഫ്ബി പദ്ധതികൾ

**21 (406)** <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി പ്രകാരം ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം പുരോഗതി റിപ്പോർട്ട് സഹിതം ലഭ്യമാക്കാമോ?

കിഫ്ബി മുഖാന്തരം ധനാനുമതി നൽകി ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ നിലവിലെ സ്ഥിതി സഹിതം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികളിൽ ഭരണാനുമതി പുതുക്കുന്നതിനായി ഏതെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്‌മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന " ചേറ്റുവാ തുറമുഖത്തിന്റെ അഴിമുഖത്തിന്റെ തെക്കുഭാഗത്ത് ഗ്രോയിനുകളുടെ നിർമ്മാണം" എന്ന പദ്ധതിയുടെ പുത ുക്കിയ എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത് കിഫ്ബിയിൽ പരിശോധനയിലാണ്.

(സി) കിഫ്ബി മുഖേന മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് സമർപ്പിച്ചിട്ടുള്ള പുതിയ പ്രൊപ്പോസലുകൾ വിശദീകരിക്കാമോ?

കിഫ്ബി മുഖേന ഗുരുവായൂർ മണ്ഡലത്തിൽ നടപ്പാക്കുന്നതിന് പുതിയ പ്രൊപ്പോസലുകളൊന്നുംതന്നെ നാളിതുവരെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല.

**മങ്കട മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

**22 (407)** <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കി വരുന്ന വിവിധ പ്രവൃത്തികളുടെ ഓരോന്നിന്റെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; ഓരോ പ്രവൃത്തിയും അവയുടെ നിർവ്വഹണ ഏജൻസികളും പ്രവൃത്തികളുടെ എത്ര ശതമാനം വീതം പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കുമോ?

മങ്കട നിയോജക മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കി വരുന്ന വിവിധ പ്രവൃത്തികളുടെ ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും അവയുടെ നിർവ്വഹണ ഏജൻസികളും ആരംഭിച്ച പ്രവൃത്തികൾ പൂർത്തിയാകുന്ന തീയതിയും അനുബന്ധമായി ചേർക്കുന്നു+.

(ബി) നാളിതുവരെ ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികളും പ്രസ്തുത പ്രവൃത്തികളേറ്റെടുത്ത നിർവ്വഹണ ഏജൻസികൾ ഏതൊക്കെയാണെന്നും കാലതാമസത്തിന് കാരണമെന്തെന്നും വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയനുസരിച്ച് ക്രമനമ്പർ 1, 4, 5 എന്നിവ ഒഴികെയുള്ള പദ്ധതികളുടെ എസ്റ്റിമേറ്റ് ഡി.എസ്.ആർ 2018 പ്രകാരം പുതുക്കിയശേഷം, കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏജൻസികളായ കില, കെ.എസ്.ഐ.റ്റി.ഐ.എൽ എന്നിവ സ്വീകരിച്ചുവരുന്നു. പുതുക്കിയ എസ്റ്റിമേറ്റിന്മേൽ കിഫ്ബി അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് സാങ്കേതികാനുമതി, ടെണ്ടർ തുടങ്ങിയ നടപടികൾ കാലതാമസം കൂടാതെ ബന്ധപ്പെട്ട ഏജൻസികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തികളെല്ലാം സമയപരിധി നിശ്ചയിച്ച് പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കിഫ്ബി അംഗീകാരം നൽകുന്ന പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കിയശേഷം, അവ പൂർത്തിയാക്കേണ്ട സമയപരിധി നിശ്ചയിച്ചുകൊണ്ടാണ് ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾ വർക്ക് അവാർഡ് ചെയ്യുന്നത്. ഇപ്രകാരം നിശ്ചയിക്കപ്പെട്ട സമയപരിധിക്കുള്ളിൽത്തന്നെ പരമാവധി പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിച്ചുവരുന്നു.

**ഗോവിന്ദ പൈ സ്മാരക കോളേജിൽ നടപ്പിലാക്കുന്ന കിഫ്ബി പദ്ധതി**

**23 (408)** <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഗോവിന്ദ പൈ സ്മാരക സർക്കാർ കോളേജിൽ നടപ്പിലാക്കുന്ന കിഫ്ബി പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

2017-18-ലെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് മഞ്ചേശ്വരം ഗോവിന്ദ പൈ സ്മാരക സർക്കാർ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്നതിനായി സമർപ്പിക്കപ്പെട്ട വിശദമായ പദ്ധതിരേഖ പ്രകാരം ഗ്രൗണ്ട് ഫ്ലോർ ഉൾപ്പെടെ ഇരുനിലകളിലായുള്ള ലൈബ്രറി ബ്ലോക്ക്, ഗ്രൗണ്ട് ഫ്ലോർ ഉൾപ്പെടെ മൂന്ന് നിലകളിലായുള്ള ലേഡീസ് ഹോസ്റ്റൽ, Sump, സെപ്റ്റിക് ടാങ്ക് എന്നിവ ഒന്നാം ഘട്ടമായി ഉൾപ്പെടുത്തിക്കൊണ്ട് 12-02-2020-ലെ HED 007-27/APR-4/2020/KIIFB നമ്പർ നടപടിക്രമ പ്രകാരം ആകെ 4.86 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്.

(ബി) നിലവിൽ പ്രസ്തുത പദ്ധതി നിർവ്വഹണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ടി പ്രവൃത്തിക്ക് കിഫ്ബി ധനാനുമതി നൽകിയിരുന്നെങ്കിലും DSR നിരക്കിലുണ്ടായ മാറ്റത്തിനനുസരിച്ച് DSR 2018 പ്രകാരമുള്ള എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.എസ്.ഐ.റ്റി.ഐ.എൽ സ്വീകരിച്ചുവരുന്നു.

(സി) പദ്ധതിയുടെ പ്രവൃത്തിയെന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്നമുറയ്ക്ക് പരിശോധിച്ചശേഷം, നിലവിലെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി തൃപ്തികരമാകുന്നപക്ഷം ആയതിന് അംഗീകാരം നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കുറവിലങ്ങാട് താലൂക്ക് ആശുപത്രി നിർമ്മാണം**

**24 (409)** ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രി നിർമ്മാണത്തിനായി കിഫ്ബിയുടെ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ആയ കേരള ഹൗസിംഗ് ബോർഡ് പദ്ധതിയുടെ ഡിസൈൻ അവലോകനം നടത്തിയതിന്റെ പ്രാഥമിക റിപ്പോർട്ട് നൽകിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്മേൽ കിഫ്ബി സംശയ ദൂരീകരണം നടത്തിയിട്ടുണ്ടോ; ആയതിന്റെ മറുപടി റിപ്പോർട്ട് ഹൗസിംഗ് ബോർഡ് കിഫ്ബിക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ആയത് എന്നത്തേയ്ക്ക് സമർപ്പിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിക്കായി കിഫ്ബിയിൽ അവശേഷിക്കുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

(എ-സി) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ട എസ്.പി.വി.-ആയ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുകയും, അത് പരിശോധിച്ച് കിഫ്ബി സാങ്കേതിക അവലോകന റിപ്പോർട്ട് എസ്.പി.വി-യ്ക്ക് കൈമാറുകയും ചെയ്തിരുന്നു. ഇതിനോടൊപ്പം പ്രസ്തുത ആശുപത്രിയുടെ നിർമ്മാണത്തിനായി ശിപാർശ ചെയ്ത കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ അവലോകനം കിഫ്ബിയിൽ നടത്തുകയും ഡിസൈൻ അപാകതകൾ പരിഹരിക്കുന്നതിനായി പ്രാഥമിക ഡിസൈൻ അവലോകന റിപ്പോർട്ട് എസ്.പി.വി.-ക്ക് നൽകുകയും ചെയ്തിരുന്നു. കിഫ്ബി അവലോകന വിഭാഗം നിർദ്ദേശിച്ചിരുന്ന അപാകതകൾക്ക് മറുപടിയായി തിരുത്തിയ സ്ട്രക്ചറൽ ഡിസൈൻ റിപ്പോർട്ട് അനുബന്ധ ഡ്രോയിംഗുകൾ ഉൾപ്പെടെ എസ്.പി.വി. കിഫ്ബിയിൽ സമർപ്പിക്കുകയും, ആയത് പരിശോധനയിന്മേൽ തൃപ്തികരമല്ലെന്ന് കാണുകയും ചെയ്തു. ആയതിനാൽ ഡിസൈൻ റിവ്യൂ നിർദ്ദേശങ്ങൾക്കും കിഫ്ബി നിർദ്ദേശിച്ചിട്ടുള്ള " GRIHA" മാനദണ്ഡങ്ങൾക്കനുസൃതമായി സ്ട്രക്ചറൽ

ഡിസൈനും അനുബന്ധ ഡ്രോയിംഗ്സും പുതുക്കിയ എസ്റ്റിമേറ്റുമുൾപ്പെടെ കിഫ്ബിയിൽ സമർപ്പിക്കാൻ എസ്.പി.വി.-യോട് നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ മറുപടി നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. എസ്.പി.വി-യിൽനിന്നും തൃപ്തികരമായ മറുപടി ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത പദ്ധതിക്ക് ധനാനുമതി നൽകുന്ന കാര്യത്തിൽ കിഫ്ബി തീരുമാനമെടുക്കുന്നതാണ്.

## തിരൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

**25 (410)** <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിയുടെയും പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

തിരൂർ നിയോജക മണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളും പദ്ധതികളുടെ നിലവിലെ സ്ഥിതിയുൾപ്പടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) കിഫ്ബി അംഗീകാരം നൽകി നാളുകൾ കഴിഞ്ഞിട്ടും പല പദ്ധതികളുടെയും പ്രവർത്തനം പൂർത്തിയാക്കാനാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥലമേറ്റെടുപ്പ് ഉൾപ്പെടുന്ന പദ്ധതികൾക്കും മറ്റ് സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസുകൾ വേണ്ടിവരുന്ന പദ്ധതികൾക്കുമാണ് പൊതുവിൽ കാലതാമസം നേരിടാറുള്ളത്.

(സി) സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അംഗീകാരം നൽകിയ പദ്ധതികൾ കാലതാമസം കൂടാതെ തന്നെ നടപ്പിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകളുമായും എസ്.പി.വികളുമായും പദ്ധതി അവലോകന യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ കിഫ്ബി നടത്തി വരുന്നു. ഒപ്പം എസ്.പി.വികൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നു.

**മണലൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

**26 (411)** <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലുൾപ്പെടുത്തി മണലൂർ മണ്ഡലത്തിനായി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നറിയിക്കാമോ?

മണലൂർ മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം അംഗീകാരം നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

മണലൂർ മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം അംഗീകാരം നൽകിയിട്ടുള്ള പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള തുകയുടെ വിവരം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(സി) പ്രസ്തുത പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ടി പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരം അനുബന്ധത്തിൽ ലഭ്യമാണ്. കിഫ്ബി അംഗീകാരം നൽകുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് ബന്ധപ്പെട്ട ഭരണവകുപ്പ് ചുമതലപ്പെടുത്തുന്ന പദ്ധതി നിർവ്വഹണ ഏജൻസികളാണ്.

## തൃശ്ശൂർ-കുറ്റിപ്പുറം പാത വികസനം

**27 (412)** <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തൃശ്ശൂർ-കുറ്റിപ്പുറം പാതയിൽ മഴുവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള ഭാഗം നാലുവരി പാതയാക്കി വികസിപ്പിക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അൻപത് കോടി രൂപ അനുവദിച്ചെങ്കിലും പ്രസ്തുത പ്രവൃത്തിക്ക് ഇതുവരെ അന്തിമ അനുമതി ലഭ്യമാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രസ്തുത പദ്ധതിക്ക് ധനാനുമതി നൽകിയിട്ടില്ലെന്ന കാര്യം കിഫ്ബിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മണലൂർ മണ്ഡലത്തിനായി അനുവദിച്ച പ്രസ്തുത പ്രവൃത്തിക്ക് അന്തിമാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ടി പദ്ധതിക്കായി പദ്ധതിയുടെ നിർവഹണ ഏജൻസി (SPV) ആയ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) കിഫ്ബിയിൽ സമർപ്പിച്ച വിശദപദ്ധതി റിപ്പോർട്ടിന്മേൽ അവലോകനം നടത്തി സാങ്കേതിക അവലോകന റിപ്പോർട്ട് മറുപടിക്കായി KRFB-യ്ക്ക് കിഫ്ബി നൽകിയിട്ടുണ്ട്. സാങ്കേതിക അവലോകന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിച്ചുകൊണ്ടുള്ള റിപ്പോർട്ട് SPV ലഭ്യമാക്കുന്ന മുറക്ക്

പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

## കിഫ്ബി അധിക ധനസമാഹരണം

**28 (413)** ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ വികസന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനായി അധിക ധനസമാഹരണത്തിന് കിഫ്ബി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

സംസ്ഥാനത്തെ വൻകിട അടിസ്ഥാനസൗകര്യ വികസനത്തിന് വേണ്ടി റോഡുകൾ, പാലങ്ങൾ, ഐ.ടി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, ഊർജ്ജം തുടങ്ങി വിവിധ മേഖലകളിലേയ്ക്കുള്ള 50,000 കോടി രൂപയുടെ മൂലധന നിക്ഷേപമാണ് കിഫ്ബി വഴി 2016-ൽ സർക്കാർ വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഇതിനോടകം 70,762 കോടി രൂപയുടെ 962 വൻകിട പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകി കഴിഞ്ഞു. 20,000 കോടി രൂപയുടെ സ്ഥലമെടുപ്പ്പാക്കേജിൽ ഉൾപ്പെടുത്തിക്കൊണ്ട് ദേശീയപാത വികസനത്തിന്റെ സ്ഥലമെടുപ്പിന് സംസ്ഥാന

വിഹിതമായിയുള്ള 6769.01 കോടി രൂപയും വ്യവസായ പാർക്കുകൾക്കായുള്ള 13988.63 കോടി രൂപയും കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിക്കുള്ള 1038.00 കോടി രൂപയും HNL-ന്റെ ഭൂമി ഏറ്റെടുക്കാനുള്ള 200.60 കോടി രൂപയും ഗിഫ്റ്റ് (ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ട്രേഡ്) സിറ്റിക്കായുള്ള 850 കോടി രൂപയും ഇതിൽ ഉൾപ്പെടുന്നു. കേരളത്തെ മെച്ചപ്പെട്ട ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിൽ ഈ പദ്ധതികൾ സുപ്രധാന പങ്കുവഹിക്കും എന്നുള്ളതിൽ സംശയമില്ല. നിലവിൽ വിവിധ ആഭ്യന്തര/അന്താരഷ്ട്ര നിക്ഷേപകരിൽ നിന്നുമായി 14,000 കോടി രൂപയുടെ നിക്ഷേപം കിഫ്ബി പദ്ധതികളിലേയ്ക്കായി ഉറപ്പുവരുത്തിയിട്ടുണ്ട്. ആദ്യ വർഷങ്ങളിൽനിന്നും വിഭിന്നമായി കൂടുതൽ നിക്ഷേപകർ കിഫ്ബിയിൽ നിക്ഷേപം നടത്താൻ താല്പര്യം കാണിച്ചുവരുന്നു. ലോകോത്തര നിലവാരത്തിലുള്ള സംവിധാനങ്ങളും സുതാര്യമായ പ്രവർത്തന രീതികളും കിഫ്ബിയിൽ നിക്ഷേപകരുടെ വിശ്വാസ്യത ഉയർത്തുന്ന പ്രധാന ഘടകങ്ങളാണ്.

(ബി) നാളിതുവരെയായി കിഫ്ബി എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത്?

നാളിതുവരെ 70,762 കോടി രൂപയുടെ 962 വൻകിട പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു.

## തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച കിഫ്ബി പ്രവൃത്തികൾ

**29 (414)** ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയിൽ ഇതുവരെയും ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാകാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഇതിനുള്ള തടസ്സമെന്താണെന്നും വ്യക്തമാക്കാമോ?

തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം അനുവദിച്ച പദ്ധതികളുടെ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവയുടെ നിലവിലെ സ്ഥിതി ഉൾപ്പടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ?

കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ സാങ്കേതികാനുമതി, ടെണ്ടർ, കരാർ നടപടികൾ മുതലായവ പൂർത്തീകരിച്ച് പ്രവൃത്തി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരംഭിക്കുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട പദ്ധതിനിർവഹണ ഏജൻസികളുടെതാണ്.

**നെന്മാറ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

**30 (415)** ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

നെന്മാറ മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു+.

(ബി) ഇവയിൽ എത്ര പദ്ധതികളാണ് ആരംഭിക്കാൻ സാധിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കിഫ്ബി മുഖാന്തരം ധനാനുമതി നൽകിയിട്ടുള്ള നെന്മാറ മണ്ഡലത്തിലെ പദ്ധതികളിൽ പ്രവൃത്തി ആരംഭിച്ചിട്ടുള്ള പദ്ധതികളുടെ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഏതെല്ലാം പദ്ധതികളാണ് ആരംഭിക്കാനുള്ളതെന്നും ആയത് എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ?

പ്രവൃത്തി ആരംഭിക്കാനുള്ള പദ്ധതികളുടെ വിവരം അനുബന്ധം 3 ആയി ചേർക്കുന്നു+. കിഫ്ബി അംഗീകരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള ചുമതല ഭരണവകുപ്പ് നിർദ്ദേശിച്ചിട്ടുള്ള എസ്.പി.വി.കൾക്കാണ്. അംഗീകരിച്ച പദ്ധതികൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ എസ്.പി.വി.-കൾ സ്വീകരിച്ചുവരുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകൽ, പുരോഗതി സംബന്ധിച്ചുള്ള അവലോകന യോഗങ്ങൾ എന്നിവ കിഫ്ബി നിശ്ചിത ഇടവേളകളിൽ നടത്തിവരുന്നു.

## കാക്കളങ്ങര പള്ളി നവീകരണം

**31 (416)** <u>ശ്രീ. കെ. വി. സുമേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തലശ്ശേരി ഹെറിട്ടേജ് പദ്ധതിയിലുൾപ്പെടുത്തി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്ന അഴീക്കോട് മണ്ഡലത്തിലെ കാക്കുളങ്ങര പള്ളിയുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ?

തലശ്ശേരി ഹെറിട്ടേജ് പദ്ധതിയിലുൾപ്പെടുത്തി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്ന അഴീക്കോട് മണ്ഡലത്തിലെ കാക്കുളങ്ങര പള്ളിയുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്നാണ് പദ്ധതി നിർവ്വഹണ ഏജൻസിയായ KIIDC അറിയിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; &

(സി) പ്രവൃത്തി നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

(ബി &സി) KIIDC പദ്ധതിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. പര്യാപ്തമായ ബിഡ്ഡുകൾ ലഭിക്കാത്ത സാഹചര്യത്തിൽ വർക്ക് മൂന്നുതവണ ടെണ്ടർ ചെയ്യുകയും, ഇപ്പോൾ വിളിച്ചിട്ടുള്ള ടെണ്ടറിൽ L1 ക്വാട്ട് ചെയ്തിരിക്കുന്ന തുക എസ്റ്റിമേറ്റ് തുകയെക്കാളും 16.86% മുകളിൽ ആയതിനാൽ സർക്കാരിന്റെ അംഗീകാരം നേടാനായി KIIDC ഭരണ വകുപ്പിനെ സമീപിച്ചിട്ടുണ്ട്.

**കുറ്റിപ്പുറം-കാങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്**

**32 (417)** പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ കുറ്റിപ്പുറം-കാങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട് കിഫ്ബിയുടെ പരിശോധന പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ?

കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം-കാങ്കക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട് പരിശോധനകൾ പൂർത്തീകരിച്ച് പദ്ധതി നിർവഹണ ഏജൻസിയായ KIIDC DPR സമർപ്പിച്ചു.

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ടി പദ്ധതിക്ക് 15-02-2022-ന് കിഫ്ബിയുടെ ജനറൽ ബോർഡ് യോഗം 125.61 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബിയുടെ ധനാനുമതി ലഭ്യമായ ശേഷം ടെണ്ടർ/കരാർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ഉത്തരവാദിത്വം പദ്ധതി നിർവഹണ ഏജൻസിയായ KIIDC യുടെതാണ്.

**കുറ്റ്യാടി ബൈപ്പാസ്**

**33 (418)** <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തിയുടെ റിവൈസ്ഡ് ഡി.പി.ആർ. ന് അംഗീകാരം നൽകുന്ന നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദ വിവരങ്ങൾ സഹിതം അറിയിക്കാമോ?

കിഫ്ബി നിർദേശിച്ചതിൻപ്രകാരം അംഗീകാരം ലഭിച്ച പുതുക്കിയ അലൈന്മെന്റും എസ്റ്റിമേറ്റുമുൾപ്പെടെ റിവൈസ്ഡ് DPR പദ്ധതി നിർവഹണ ഏജൻസിയായ (SPV) RBDCK 14-02-2022-ന് സമർപ്പിച്ചിട്ടുണ്ട്. അത് കിഫ്ബി പരിശോധിച്ചു വരികയാണ്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ലാൻഡ് അക്വിസിഷൻ നടപടിക്രമങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ലാൻഡ് അക്വിസിഷൻ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിന് SPV സമർപ്പിച്ച പുതുക്കിയ DPR കിഫ്ബി ധനാനുമതി നൽകേണ്ടതായിട്ടുണ്ട്, എന്നിരുന്നാലും ധനാനുമതി നൽകുന്നതിനുമുൻപ് ചെയ്യാൻ കഴിയുന്ന ലാൻഡ് അക്വിസിഷൻ നടപടികൾ കൈക്കൊള്ളാൻ കിഫ്ബി ഉടൻ തന്നെ SPV- ക്ക് നിർദ്ദേശം നൽകുന്നതാണ്.

(സി) പ്രസ്തുത ബൈപ്പാസ് പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് സമയക്രമം സഹിതം അറിയിക്കാമോ?

കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ കാലതാമസം കൂടാതെതന്നെ നടപ്പിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകളുമായും എസ്.പി.വികളുമായും പദ്ധതി അവലോകന യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ കിഫ്ബി നടത്തിവരുന്നു. പ്രസ്തുത യോഗത്തിൽ ഭരണവകുപ്പും കിഫ്ബിയും മറ്റ് ബന്ധപ്പെട്ടവരും ചർച്ച ചെയ്ത് എസ്.പി.വി.കൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകാറുണ്ട്.

**വൈപ്പിൻ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

**34 (419)** ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതിയുൾപ്പടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) കിഫ്ബിയിലുൾപ്പെടുത്തി വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ എത്രയെണ്ണത്തിനാണ് ഇനിയും ഭരണാനുമതി ലഭ്യമാക്കാനുള്ളതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കുന്ന കിഫ്ബി പദ്ധതികളിൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള രണ്ട് പദ്ധതികൾക്കുംകൂടി ഇനി സാമ്പത്തികാനുമതി നൽകാനുണ്ട്. ടി പദ്ധതികളുടെ അവലോകനം നടന്നുവരുന്നു. പദ്ധതികളുടെ ഡി.പി.ആർ പരിശോധിച്ച് SPV-ക്ക് നൽകിയ സാങ്കേതിക റിപ്പോർട്ടിന്മേൽ മറുപടി ലഭ്യമായാൽ മാത്രമേ തുടർ നടപടികളുമായി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. വിശദാംശം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഒലവക്കോട്-ധോണി റോഡ് നവീകരണം**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**35 (420)** ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി ഫണ്ട് വകയിരുത്തി നവീകരിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട്-ധോണി റോഡിന്റെ ഡിസൈൻ റിവ്യൂ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; സാങ്കേതികാനുമതി ലഭ്യമാക്കി ഈ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മലമ്പുഴ നിയോജകമണ്ഡലത്തിലെ റെയിൽവേ കോളനി ധോണി മുട്ടിക്കുളങ്ങര റോഡിന്റെ ഡിസൈൻ റിവ്യൂ നടപടികൾ പൂർത്തിയാക്കി ഗ്യാപ്പ് റിപ്പോർട്ട് എസ്.പി.വി.യായ കേരള റോഡ് ഫണ്ട് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ഫുൾ ഡെപ്ത് റിക്ലമേഷൻ (എഫ്.ഡി.ആർ) പ്രകാരം പ്രസ്തുത റോഡ് പൂർത്തീകരിക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡ് ശ ിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത റോഡിന് 12.66 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ച് പദ്ധതി നടപ്പിലാക്കേണ്ടത് എസ്.പി.വി.യായ കേരള റോഡ് ഫണ്ട് ബോർഡാണ്.

**നാദാപുരം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികളുടെ പുരോഗതി**

**36 (421)** ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിൽ നാദാപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം പ്രവൃത്തികൾ നിർദേശിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

2016-21 കാലയളവിൽ നാദാപുരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളതും കിഫ്ബിയുടെ അവലോകനത്തിലുള്ളതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഇവയിൽ പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

നാദാപുരം നിയോജകമണ്ഡലത്തിലെ പൂർത്തീകരിച്ച പദ്ധതികളും മറ്റ് പദ്ധതികളുടെയും വിവരം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഇവ ഓരോന്നിന്റെയും പ്രവർത്തന പുരോഗതി അറിയിക്കാമോ?

പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) മൂന്നാം കൈ-കരിങ്ങാട്, കായപ്പനച്ചി-കുന്നംചിറ-എടച്ചേരി എന്നീ രണ്ട് റോഡുകൾക്ക് കിഫ്ബി അംഗീകാരം നൽകാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

കുറഞ്ഞത് 10 മീറ്റർ വീതിയിലാണ് കിഫ്ബി റോഡ് പദ്ധതികൾ നടപ്പിലാക്കുന്നത്. മൂന്നാം കൈ– കരിങ്ങാട് റോഡ് പദ്ധതി ട്രാഫിക്ക് വളരെ കുറവുള്ള റോഡ് എന്നതുകൊണ്ടാണ് പദ്ധതിക്ക് ധനാനുമതി നൽകാൻ സാധിക്കാത്തത്. കായപ്പനച്ചി ചുണ്ടയിൽ പുതിയങ്ങാടി റോഡ് 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതും അതിനെത്തുടർന്ന് ഭരണവകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. എന്നാൽ അതിനുപകരം കായപ്പനച്ചി കുന്നംചിറ എടച്ചേരി റോഡ് കിഫ്ബി മുഖേന നടപ്പിലാക്കണമെന്ന ശിപാർശ ശ്രദ്ധയിൽപ്പെട്ടിരുന്നു. എന്നാൽ ടി ശിപാർശ ഭരണവകുപ്പ് അംഗീകരിച്ച് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതായിട്ടുണ്ട്.

(ഇ) മൂന്നാം കൈ-കരിങ്ങാട്, കായപ്പനച്ചി-കുന്നംചിറ എന്നീ രണ്ട് റോഡുകളുടെ ഭരണാനുമതി ത്വരിതഗതിയിൽ നൽകാൻ നടപടി സ്വീകരിക്കുമോ?

മൂന്നാം കൈ – കരിങ്ങാട് റോഡ് പദ്ധതി ട്രാഫിക്ക് വളരെ കുറവുള്ള റോഡായതിനാൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. കായപ്പനച്ചി കുന്നംചിറ എടച്ചേരി റോഡ് സംബന്ധിച്ച് മുൻ പിരിവിലെ ഉത്തരത്തിൽ പറഞ്ഞിരിക്കുംപ്രകാരം ഭരണവകുപ്പ് പുതുക്കിയ ഭരണാനുമതി നൽകി എസ്.പി.വി.യായ കേരള റോഡ് ഫണ്ട് ബോർഡ് ഡി.പി.ആർ സമർപ്പിച്ചാൽ മാത്രമേ കിഫ്ബിക്ക് ടി പദ്ധതി ധനാനുമതിക്കായി പരിഗണിക്കാൻ നിർവ്വാഹമുള്ളൂ.

## കിഫ്ബി

**37 (422)** <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖാന്തരം നാളിതുവരെ സംസ്ഥാനത്ത് എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്?

കിഫ്ബി മുഖാന്തരം നാളിതുവരെ 4428.94 കോടി രൂപയുടെ 302 പദ്ധതി/പദ്ധതി ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ കിഫ്ബിയിലൂടെ എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ കിഫ്ബിയിലൂടെ നാളിതുവരെ 129.05 കോടി രൂപയുടെ 14 പദ്ധതി/പദ്ധതി ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

## കിഫ്ബി പ്രകാരം രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണം

**38 (423)** ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണം നടത്തുന്നുണ്ട്; ആയതിന്റെ വിശദാംശങ്ങളും നിലവിലെ നിർമ്മാണ പുരോഗതിയും ലഭ്യമാക്കാമോ?

കിഫ്ബി പദ്ധതി പ്രകാരം സംസ്ഥാനത്ത് 52 രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണം നടത്തുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധത്തിൽ കാണാവുന്നതാണ്+.

(ബി) ഗുരുവായൂർ അണ്ടത്തോട് സബ് രജിസ്ട്രാർ ഓഫീസിന്റെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; പ്രസ്തുത ഓഫീസിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി, പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിനായി 3-7-2018-ൽ 1.326 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. തുടർന്ന് പദ്ധതി ടെണ്ടർ ചെയ്യുകയും നിർമ്മാണവേളയിൽ ഫൗണ്ടേഷൻ ചെയ്യുന്നതിനായി എസ്കവേഷൻ നടത്തിയപ്പോൾ സൈറ്റിൽ ലൂസ്സോയിൽ ആണെന്ന് കാണപ്പെടുകയാൽ മണ്ണ് പരിശോധന നടത്തുകയും ഫൗണ്ടേഷൻ ഡിസൈനിൽ വ്യതിയാനം ആവശ്യമായി വരികയും ചെയ്തു. അതിനനുസരിച്ച് ഡിസൈൻ/എസ്റ്റിമേറ്റ് എന്നിവ മാറ്റം വന്നതിനാൽ പുതുക്കിയ സാങ്കേതിക അനുമതിക്കായി TS കമ്മിറ്റി മുമ്പാകെ പുതുക്കിയ ശിപാർശ സമർപ്പിക്കാനുള്ള നടപടികൾ എസ്.പി.വി. ആയ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നടത്തിവരികയാണ്. സാങ്കേതിക അനുമതി ലഭിക്കുന്ന പക്ഷം പദ്ധതി ടെണ്ടർ ചെയ്ത് പ്രവർത്തി തുടങ്ങുന്നതിനുള്ള നടപടികൾ SPV ആയ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സ്വീകരിക്കുന്നതാണ്.

**കോന്നി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

**39 (424)** ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖാന്തരം കോന്നി മണ്ഡലത്തിൽ അനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

കിഫ്ബി മുഖാന്തരം കോന്നി മണ്ഡലത്തിൽ ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) ഓരോ പ്രവൃത്തികൾക്കും അനുവദിച്ചിരിക്കുന്ന തുക എത്രയാണെന്നും നിർവ്വഹണ ഏജൻസികൾ ഏതൊക്കെയെന്നും വ്യക്തമാക്കാമോ?

കിഫ്ബി മുഖാന്തരം കോന്നി മണ്ഡലത്തിൽ അംഗീകാരം നൽകിയിട്ടുള്ള പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള തുക, പദ്ധതികളുടെ നിർവ്വഹണ ഏജൻസികൾ എന്നിവ ഉൾപ്പെട്ട വിവരം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## മസ്കമാരി-കുരുഡപ്പദവ് റോഡ്

**40 (425)** <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മഞ്ചേശ്വരം മണ്ഡലത്തിലെ മസ്കമാരി-കുരുഡപ്പദവ് റോഡ് പ്രവൃത്തിക്ക് കിഫ്ബിയുടെ അംഗീകാരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അംഗീകാരം ലഭിക്കാൻ വൈകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

മാസ്കുമാരി കുരുഡപ്പദവ് റോഡ് പ്രവർത്തിക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടില്ല. പദ്ധതി നിർവഹണ ഏജൻസി (SPV) സമർപ്പിച്ച വിശദ പദ്ധതി റിപ്പോർട്ട് (DPR) പരിശോധനയിൽ ട്രാഫിക് വളരെ കുറവാണെന്ന് കണ്ടതിനാലാണ് പദ്ധതിക്ക് ധനാനുമതി വൈകുന്നത്.

(ബി) പ്രസ്തുത പദ്ധതിക്ക് കിഫ്ബി അംഗീകാരം എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ടി റോഡിൽ ട്രാഫിക് വളരെ കുറവായതിനാൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

**കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്കൂളുകൾ**

**41 (426)** <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 3 കോടി രൂപ വീതം അനുവദിച്ച സ്കൂളുകൾക്ക് ഡി.എസ്.ആർ. (Delhi Schedule of Rates)

മാറിയതിനാൽ എസ്റ്റിമേറ്റിൽ വരുന്ന അധിക തുക അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള 3 കോടി രൂപ സ്കൂളുകളുടെയും കിഫ്ബി അംഗീകാരം ലഭ്യമാക്കിയിട്ടുള്ളതും എന്നാൽ ടെണ്ടർ ചെയ്തിട്ടില്ലാത്തതുമായ 3 കോടി രൂപ സ്കൂളുകളുടെയും ഡി.എസ്.ആർ (Delhi Schedule of Rates) മാറുന്നതിലൂടെ എസ്റ്റിമേറ്റിലുണ്ടാകാവുന്ന അധിക തുക (ജി.എസ്.റ്റി ഉൾപ്പെടെ) കിഫ്ബി മുഖേന അനുവദിക്കുന്നതാണ്.

(ബി) കിലയെ എസ്.പി.വി. ആയി ഏൽപ്പിച്ച പ്രസ്തുത പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കില മുഖേന നടപ്പിലാക്കുന്ന 3 കോടി രൂപ സ്കൂളുകളുടെ ഡി.എസ്.ആർ 2018 പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ കില സ്വീകരിച്ചുവരുന്നു.

(സി) ഉണ്ടെങ്കിൽ പ്രവൃത്തി വേഗത്തിൽ തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന മുറയ്ക്ക് പരിശോധിച്ചശേഷം, നിലവിലെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി തൃപ്തികരമാകുന്ന പക്ഷം അവയ്ക്ക് അംഗീകാരം നൽകുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

**കിഫ്ബി ഫണ്ട് വകയിരുത്തി നവീകരിക്കുന്ന റോഡുകൾ**

**42 (427)** <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി ഫണ്ട് വകയിരുത്തി നവീകരിക്കുന്ന റോഡുകൾക്ക് നിർദ്ദിഷ്ട വീതി ഇല്ലാത്തപക്ഷം ഫുൾ ഡെപ്ത് റിക്ലമേഷൻ (എഫ്.ഡി.ആർ.) പ്രകാരം ഈ റോഡുകൾ നവീകരിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം റോഡുകളാണ് ഇപ്രകാരം നവീകരിക്കുന്നതെന്ന് അറിയിക്കാമോ; എഫ്.ഡി.ആർ. നടപ്പിലാക്കേണ്ട റോഡുകൾ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ?

നിലവിൽ കുറഞ്ഞത് 10 മീറ്റർ വീതിയിൽ മാത്രമേ കിഫ്ബി റോഡുകൾ നടപ്പിലാക്കാറുള്ളൂ. ഫുൾ ഡെപ്ത് റിക്ലമേഷൻ (എഫ് ഡി ആർ) പ്രകാരം റോഡുകൾ നവീകരിക്കുന്നതിന്റെ സാധ്യതകൾ പഠിച്ചുവരുന്നു. നിലവിൽ 56 റോഡുകളിൽ കിഫ്ബിയുടെയും കേരള റോഡ് ഫണ്ട്

ബോർഡിന്റെയും ആഭിമുഖ്യത്തിൽ സാധ്യത പഠനം പുരോഗമിക്കുന്നു. റോഡുകളുടെ അന്തിമ പട്ടിക തയ്യാറായിട്ടില്ല. റോഡുകൾ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം കാലിഫോർണിയ ബിയറിംഗ് റേഷ്യോ (CBR) വാല്യൂ 5%ത്തിനുമുകളിലും മില്യൺ സ്റ്റാൻഡേർഡ് ആക്സിൽ (MSA) വാല്യൂ 10%ത്തിനുതാഴെ വരുന്നതുമാണ്.

**പയ്യന്നൂർ മണ്ഡലത്തിലെ എട്ടിക്കുളം ഹൈസ്കൂൾ റോഡ്**

**43 (428)** <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ എട്ടിക്കുളം ഹൈസ്കൂൾ റോഡിന് ധനകാര്യ അനുമതി നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പയ്യന്നൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ എട്ടിക്കുളം ഹൈസ്കൂൾ റോഡിന്റെ നിർമ്മാണത്തിനായി കിഫ്ബിയിൽ സമർപ്പിച്ച വിശദ പദ്ധതി റിപ്പോർട്ടിന്മേൽ അവലോകനം നടത്തി തയ്യാറാക്കിയ സാങ്കേതിക അവലോകന റിപ്പോർട്ടിന് നിർദിഷ്ട പദ്ധതി നിർവഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ മടക്കി നൽകിയിരുന്നു.

സാങ്കേതിക അവലോകന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിച്ചുകൊണ്ടുള്ള റിപ്പോർട്ട് എസ്.പി.വി. ലഭ്യമാക്കുന്ന മുറക്ക് പ്രസ്തുത പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

(ബി) ധനകാര്യ അനുമതി നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന വിശദ പദ്ധതി റിപ്പോർട്ട് (DPR) കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം തൃപ്തികരമാണെങ്കിൽ മാത്രമേ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുള്ളൂ. കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന DPR അവലോകനം നടത്തി, ന്യൂനതകളുള്ള പക്ഷം ആയതിന്മേൽ സാങ്കേതിക അവലോകന റിപ്പോർട്ട് SPV-ക്ക് നൽകുന്നു. സാങ്കേതിക അവലോകന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള ന്യൂനതകൾ പരിഹരിച്ചുകൊണ്ടുള്ള DPR SPV ലഭ്യമാക്കുന്ന മുറയ്ക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

**മഞ്ചേരി-ഒലിപ്പുഴ റോഡ് വീതി കൂട്ടൽ**

**44 (429)** ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ മഞ്ചേരി-ഒലിപ്പുഴ റോഡ് വീതി കൂട്ടുന്നതിനുള്ള പ്രവൃത്തി നടപ്പിലാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

മഞ്ചേരി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ മഞ്ചേരി ഒലിപ്പുഴ റോഡിന് 85.61 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. നിലവിൽ പ്രസ്തുത റോഡിന്റെ സർവ്വേ നടപടികൾ പൂർത്തിയാക്കി റോഡിന്റെ ഡിസൈൻ റിവ്യൂ കിഫ്ബിയുടെ ടെക്നിക്കൽ റിസോഴ്സ് സെന്ററിന്റെ (TRC) സഹായത്തോടെ ദ്രുതഗതിയിൽ നടന്നുവരുന്നു. പ്രവൃത്തിയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾക്കായുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്. അലൈൻമെന്റ് അന്തിമമാക്കുന്ന മുറയ്ക്ക് അതനുസരിച്ച് സ്ഥലമേറ്റെടുപ്പ് നടപടികൾ ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തി ഇതുവരെ ആരംഭിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ അന്തിമമാക്കി ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുള്ളതിനാലും നിലവിൽ പ്രവൃത്തിയുടെ മുഴുവൻ ഭാഗങ്ങളിലും പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ച വിവിധ പ്രവൃത്തികളുടെ ഡിഫക്ട് ലയബിലിറ്റി പിരീഡ് (DLP) നിലനിൽക്കുന്നതിനാലുമാണ് പദ്ധതി ആരംഭിക്കാൻ സാധിക്കാത്തത്.

(സി) പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ഡിസൈൻ അന്തിമമാക്കി സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കിയതിനുശേഷം ദർഘാസ് ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പദ്ധതിയുടെ എസ്.പിവി.യായ കേരള റോഡ് ഫണ്ട് ബോർഡ് സ്വീകരിക്കുന്നതാണ്. പ്രവൃത്തി ആരംഭിച്ച് 18 മാസ കാലാവധിക്കകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**അഴീക്കോട് മണ്ഡലത്തിലെ തീരദേശ ഹൈവേ**

**45 (430)** <u>ശ്രീ. കെ. വി. സുമേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ ആഭിമുഖ്യത്തിൽ പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അഴീക്കോട് നിയോജകമണ്ഡലത്തിലെ തീരദേശ ഹൈവേയുടെ വിശദ പഠന റിപ്പോർട്ട് പദ്ധതിയുടെ എസ്.പി.വി.യായ കേരള റോഡ് ഫണ്ട് ബോർഡ് കൺസൾട്ടന്റായ iDeCK മുഖേന തയ്യാറാക്കി.

(ബി) അഴീക്കോട് മണ്ഡലത്തിൽ പ്രസ്തുത ഹൈവേയുടെ എത്ര കിലോമീറ്റർ ഉൾപ്പെടുന്നുവെന്നും സാമ്പത്തികാനുമതി ലഭിച്ച് പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അഴീക്കോട് നിയോജകമണ്ഡലത്തിൽ തീരദേശ ഹൈവേയുടെ 13.10 കി.മീ ഉൾപ്പെടുന്നു. പ്രസ്തുത സ്ട്രെച്ചിന്റെ ഡി.പി.ആർ തയ്യാറാക്കി എസ്.പി.വി കിഫ്ബിയുടെ ധനാനുമതിക്ക് സമർപ്പിച്ച്, അത് അവലോകനം നടത്തി കിഫ്ബിയുടെ ധനാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ എസ്.പി.വി സ്വീകരിക്കുന്നതാണ്.

**കോവിഡ് പ്രതിരോധ ചെലവുകൾ**

**46 (431)** <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും നാളിതുവരെ ആകെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ജില്ലാ കളക്ടർമാർ ലഭ്യമാക്കിയ കണക്കനുസരിച്ച് കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും നാളിതുവരെ 36.20894 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**മണലൂർ മണ്ഡലത്തിലെ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ**

**47 (432)** <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്നും മണലൂർ മണ്ഡലത്തിനായി ശിപാർശ ചെയ്ത എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പൂർത്തീകരിക്കാത്തവ ഏതൊക്കെയെന്ന് വിശദമാക്കാമോ; &

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

(എ&ബി) മുൻ സർക്കാരിന്റെ കാലയളവിൽ മണലൂർ മണ്ഡലത്തിനായി ശിപാർശ ചെയ്ത പ്രവൃത്തികളിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു+.

## ആസ്തി വികസന ഫണ്ട്

**48 (433)** ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്ന് ഓരോ എം.എൽ.എ.യ്ക്കും ഒരു കോടി രൂപ അനുവദിച്ചശേഷമുള്ള ബാക്കി 4 കോടി രൂപ ഏത് പദ്ധതിക്കായി ചെലവഴിക്കാനാണ് നീക്കിവെച്ചതെന്ന് വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ ഓരോ എം.എൽ.എ മാർക്കും പ്രതിവർഷം അനുവദിച്ചിട്ടുള്ള 5 കോടി രൂപയിൽ നിന്നും 4 കോടി രൂപ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വീതം കോവിഡ് പ്രതിരോധ പ്രവൃത്തികൾക്കായി വിനിയോഗിക്കുന്നതിനാണ് തീരുമാനമായിട്ടുള്ളത്.

(ബി) നീക്കിവെച്ച തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി എത്ര തുക ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ?

നീക്കിവെച്ച തുക ചെലവഴിക്കുന്നത് സംബന്ധിച്ച് നടപടികൾ നടന്നുവരുന്നു.

(സി) നാല് കോടി ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതികളും നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

കോവിഡ് പ്രതിരോധ പ്രവൃത്തികൾക്കായി നീക്കിവെച്ച നാല് കോടി രൂപയിൽ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി നീക്കിവച്ച തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ടി പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകളും നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു+.

(ഡി) നാല് കോടി മുഴുവൻ ചെലവഴിച്ചിട്ടില്ലെങ്കിൽ ബാക്കി വരുന്ന തുക എം.എൽ.എ. മാർക്ക് തിരികെ നൽകുമോയെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി നീക്കിവെച്ച തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ടി നടപടിക്രമങ്ങൾ പൂർണ്ണമായാൽ മാത്രമേ ബാക്കിവരുന്ന തുക സംബന്ധിച്ച് വ്യക്തത വരുത്താനാകൂ.

**ആസ്തി വികസന പദ്ധതിയിൽനിന്നും വക മാറ്റിയ തുക**

**49 (434)** ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2022 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.മാർക്ക് അനുവദിച്ചിരുന്ന ആസ്തി വികസന പദ്ധതിയിൽനിന്നും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി എത്ര കോടി രൂപയാണ് വകമാറ്റിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ ഓരോ എം.എൽ.എ.മാർക്കും പ്രതിവർഷം അനുവദിച്ചിട്ടുള്ള 5 കോടി രൂപയിൽനിന്നും 4 കോടി രൂപ വീതം കോവിഡ് പ്രതിരോധ പ്രവൃത്തികൾക്കായി വിനിയോഗിക്കുന്നതിനാണ് തീരുമാനമായിട്ടുള്ളത്. നോമിനേറ്റഡ്

എം.എൽ.എ. ഉൾപ്പെടെയുള്ള 141 എം.എൽ.എ.മാരിൽനിന്നും 140 മണ്ഡലങ്ങളിലായി 564 കോടി രൂപയാണ് കോവിഡ് സംബന്ധ പ്രവൃത്തികൾക്കായി നീക്കിവച്ചിരിക്കുന്നത്.

(ബി) പ്രസ്തുത തുക ഉപയോഗിച്ച് നാളിതുവരെ നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(സി) ഇതിനായി ഇതുവരെ ചെലവഴിച്ച ആകെ തുക എത്രയാണെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ?

(എ-സി)നീക്കിവെച്ച തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## ഹൈമാസ്റ്റ്-മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ

**50 (435)** <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്ഥാപിക്കുന്ന ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകൾ ടെണ്ടർ കൂടാതെ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്നതിനുള്ള ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള കാരണം വ്യക്തമാക്കാമോ:

(ബി) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വീണ്ടും അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ &ബി) സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും അടിസ്ഥാനമാക്കിയാണ് അക്രെഡിറ്റഡ് ഏജൻസികളുടെ തിരഞ്ഞെടുപ്പ് നടപ്പാക്കുന്നത്. എം.എൽ.എ. ആസ്തി വികസന പദ്ധതി/ പ്രത്യേക വികസന പദ്ധതി വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾക്കും നടത്തുന്ന പർച്ചേസുകൾക്കും ഈ നിയമങ്ങൾ ബാധകമാണ്. പ്രസ്തുത നിയമസഭാ ചോദ്യത്തിൽ ഉന്നയിച്ച ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകൾ ടെണ്ടർ കൂടാതെ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിനുള്ള ഉത്തരവ് ധനകാര്യ നോഡൽ വകുപ്പിൽനിന്നും പുറപ്പെടുവിക്കുകയോ റദ്ദാക്കുകയോ ചെയ്തിട്ടില്ല. പ്രവർത്തികൾ നടപ്പാക്കുന്നതിന് അക്രെഡിറ്റഡ് ഏജൻസികളെ തിരഞ്ഞെടുക്കേണ്ടത് ഏറ്റെടുക്കേണ്ട പ്രവൃത്തിയുടെ സ്വഭാവം, technical requirement, PMC charges എന്നിവയുടെ അടിസ്ഥാനത്തിൽ സുതാര്യമായ ലേല പ്രക്രിയയിലൂടെ ആയിരിക്കണം. ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പോലെയുള്ള Electro-Mechanical Works സർക്കാർ

വകുപ്പായ പൊതുമരാമത്ത് വകുപ്പിന്റെ ഇലക്ട്രിക്കൽ വിംഗ് മുഖേനയാണ് നടപ്പിലാക്കേണ്ടത്. എന്നാൽ ആയത് അക്രെഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പാക്കേണ്ട സാഹചര്യമാണെങ്കിൽ Electro-Mechanical Works ഏറ്റെടുക്കാൻ Accreditation ലഭിച്ചിട്ടുള്ള ഏജൻസികളിൽനിന്നും (ഉദാ.കെൽട്രോൺ,KEL,SILK) സർക്കാർ ഉത്തരവുകൾക്കനുസരിച്ച് തെരഞ്ഞെടുക്കാവുന്നതാണ്

## ആലപ്പുഴ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പ്രവൃത്തികൾ

**51 (436)** <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകിയിട്ടുള്ളതും ടെണ്ടർ നടപടി പൂർത്തിയാക്കിയിട്ടുള്ളതുമായ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് വിവരങ്ങൾ ലഭ്യമാക്കാമോ?

ഇത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ടെണ്ടർ സേവിംഗ്സിൽനിന്നും പണം കണ്ടെത്തി പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഇല്ല. ടെണ്ടർ സേവിംഗ്സ് മറ്റ് പ്രവൃത്തികൾക്ക് വിനിയോഗിക്കണമെങ്കിൽ ബഹുമാനപെട്ട എം.എൽ.എ.മാർ നേരിട്ട് ധനകാര്യ വകുപ്പിന് ശിപാർശ സമർപ്പിക്കേണ്ടതാണ്. ആയതിന് ജില്ലാ കളക്ടർമാർ ശിപാർശ സമർപ്പിക്കാൻ പാടില്ല. ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കുന്നതിന് ധനകാര്യ വകുപ്പിൽനിന്നും അനുമതി ലഭിക്കുന്ന പക്ഷം ജില്ലാ കളക്ടറേറ്റിൽനിന്നും തുടർ നടപടികൾ സ്വീകരിക്കുന്നതാണ്

## ആസ്തി വികസന ഫണ്ട്

**52 (437)** ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ എം.എൽ.എ. മാരുടെ 2021-22 വർഷത്തെ ആസ്തി വികസന ഫണ്ടിൽനിന്നും നാല് കോടി രൂപ വീതം കുറവുവരുത്തി വകയിരുത്തിയ അഞ്ഞൂറ്റി അറുപത്

കോടി രൂപ ഉപയോഗിച്ച് നാളിതുവരെ പൂർത്തീകരിച്ച പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

കോവിഡ് പ്രതിരോധ പ്രവൃത്തികൾക്കായി നീക്കിവെച്ച അഞ്ഞൂറ്റി അറുപത്തി നാല് കോടി രൂപ ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് നടപടികൾ നടന്നുവരുന്നു.

(ബി) ഇവയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പട്ടിക ലഭ്യമാക്കുമോ?

ടി പ്രവൃത്തികളിൽ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകളും നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു+.

## കാർഷിക സർവകലാശാലയ്ക്ക് ഫണ്ട്

**53 (438)** ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ. പ്രാദേശിക വികസന ഫണ്ടിൽനിന്നും ആസ്തി വികസന ഫണ്ടിൽനിന്നും കാർഷിക സർവ്വകലാശാലയിലെ ഏതെല്ലാം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികൾക്ക് തുക വകയിരുത്താൻ സാധിക്കുമെന്നും അതിനായുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ(അച്ചടി)നം.161/2017/ധന പ്രകാരവും നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ(അച്ചടി) നം.119/2018/ധന പ്രകാരവും കാർഷിക സർവ്വകലാശാലയിലെ പദ്ധതികൾക്ക് തുക വിനിയോഗിക്കുന്നത് അനുവദനീയമല്ല.

**ആസ്തി വികസന പദ്ധതിയുടെ തുക കൈമാറുന്നതിലെ കാലതാമസം**

**54 (439)** ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്ന പദ്ധതികളുടെ തുക വിവിധ വകുപ്പുകൾ പരസ്പരം കൈമാറി നൽകുന്നതിൽ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമീണ റോഡുകളുടെ പണികളിൽ പി.ഡബ്ല്യൂ.ഡി പൂർത്തിയാക്കിയ പണികളുടെ ബിൽ മാറി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ബിൽ തുക മാറി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+)

(ബി) കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ 2016-17 മുതൽ 2020-21 വർഷം വരെ പൊതുമരാമത്ത് വകുപ്പ് മുഖേന പൂർത്തിയാക്കാൻ ഭരണാനുമതി ലഭിച്ച ഏതൊക്കെ എൽ.എസ്.ജി.ഡി. റോഡുകളുടെ തുകയാണ് എൽ.എസ്.ജി.ഡി.യിൽനിന്ന് പൊതുമരാമത്ത് വകുപ്പിന് കൈമാറാത്തതെന്ന് വെളിപ്പെടുത്താമോ?

വിവരം ശേഖരിച്ചു വരുന്നു.

(സി) വകുപ്പുകളുടെ ശീതസമരത്തിൽപ്പെട്ട് ആസ്തി വികസന പദ്ധതികൾ അനാകർഷകമാകുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

MLA-ADS ലെ മാർഗ്ഗരേഖ പ്രകാരം എഞ്ചിനീയറിംഗ് വിംഗുകളുള്ള വകുപ്പുകളാണെങ്കിൽ അതത് വകുപ്പുകൾക്കുതന്നെയാണ് പ്രവൃത്തികൾ നടപ്പിലാക്കാനുള്ള ഉത്തരവാദിത്തം.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) 38-ൽ അധികം ഹെഡ് ഓഫ് അക്കൗണ്ടിലായി ആസ്തി വികസന പദ്ധതി കൈകാര്യം ചെയ്യുന്നതിന് പകരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ എല്ലാ വകുപ്പുകൾക്കുമായി ആസ്തി വികസന ഫണ്ടിന് പൊതു ഹെഡ് ഓഫ് അക്കൗണ്ട് ആരംഭിക്കുകയും ഭരണാനുമതി നൽകുന്നവയ്ക്ക് അതത് ജില്ലാ കളക്ടർമാർക്ക് ധനവകുപ്പിന്റെ അനുമതിയോടെ പ്രസ്തുത ഹെഡ് ഓഫ് അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിന് അനുവാദം നൽകുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ആസ്തി വികസന ഫണ്ടിന് പൊതു ഹെഡ് ഓഫ് അക്കൗണ്ട് ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൽ ആരംഭിച്ച് പ്രസ്തുത ഹെഡിൽ നിന്ന് ഓരോ ബില്ലും മാറി നൽകുുകയാണെങ്കിൽ ഓരോ ഫയലും പേമെന്റിനായി ധനവകുപ്പിൽ വരേണ്ടിവരും. പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിനാണ് അതതു ഗുണഭോക്തൃ വകുപ്പുകളുടെ നിയന്ത്രണത്തിൽ തന്നെ ശീർഷകങ്ങൾ അനുവദിച്ചുനൽകി മതിയായ ഫണ്ടും ഉറപ്പുവരുത്തുന്നത്.

**വൈപ്പിൻ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി**

**55 (440)** ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽനിന്നും തുക വിനിയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച പ്രവൃത്തികളുടെ സേവിംഗ്സ് എത്രയെന്ന വിവരം ബന്ധപ്പെട്ട നിർവഹണ വകുപ്പുകൾ സമയബന്ധിതമായി ലഭ്യമാക്കാത്തതിനാൽ പ്രസ്തുത തുകയ്ക്ക് പദ്ധതികൾ സമർപ്പിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

സമയബന്ധിതമായി സേവിംഗ്സ് തുകയുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ഡി) മണ്ഡലത്തിലെ സേവിംഗ്സ് തുക എത്രയെന്ന് വിശദമാക്കാമോ?

11,49,209/- രൂപ (പതിനൊന്നു ലക്ഷത്തി നാല്പത്തൊൻപതിനായിരത്തി ഇരുന്നൂറ്റി ഒൻപത് രൂപ മാത്രം)

**മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ കെട്ടിടം**

**56 (441)** <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ കെട്ടിടം നിർമ്മിക്കാൻ എം.എൽ.എ.യുടെ നിയമസഭാ മണ്ഡലം ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ചത് (16-02-2016-ലെ ജി.ഒ (സാധാ)നം:74/2016/ഗതാ.) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് മുൻസിപ്പാലിറ്റിയുടെ എൻ.ഒ.സി. ലഭിക്കാത്തതിനെത്തുടർന്ന് നിർമ്മാണം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ &ബി)ഉണ്ട്

(സി) പ്രസ്തുത നിർമ്മാണം മുൻപ് കെ.എസ്.ആർ.ടി.സി.യുടെ സിവിൽ വിഭാഗത്തിന്റെ മേൽനോട്ടത്തിലായിരുന്നെങ്കിലും നിലവിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ മേൽനോട്ടത്തിൽ റിവൈസ്ഡ്

എസ്റ്റിമേറ്റ്സ് തയ്യാറാക്കി ഭരണാനുമതിക്ക് നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കി സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(സി&ഡി) മുൻസിപ്പാലിറ്റിയുടെ എൻ.ഒ.സി. ലഭിക്കാത്തതിനെത്തുടർന്ന് പ്രസ്തുത നിർമ്മാണം തടസ്സപ്പെട്ട സാഹചര്യത്തിൽ നിലവിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ മേൽനോട്ടത്തിൽ പുതുക്കിയ എസ്റ്റിമേറ്റും പുതുക്കിയ ഭരണാനുമതിയും ലഭ്യമാക്കുന്നതിനുമുൻപ് പ്രവൃത്തി പ്രാവർത്തികമാക്കുന്നതിന് മുൻസിപ്പാലിറ്റിയുടെ സ്റ്റോപ്പ് മെമ്മോ പിൻവലിക്കേണ്ടതും പ്രവൃത്തി തുടരുന്നതിനുള്ള നിരാക്ഷേപ പത്രം (NOC) ലഭ്യമാക്കേണ്ടതുമാണെന്ന് അറിയിച്ചിട്ടുണ്ട്. ആയവ ലഭ്യമാക്കി ആദ്യത്തെ ഭരണാനുമതി ഉത്തരവ് പിൻവലിച്ച് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് ധനകാര്യവകുപ്പിൽനിന്നും പ്രത്യേകാനുമതി നേടിയശേഷം ഭരണവകുപ്പായ ട്രാൻസ്പോർട്ട് വകുപ്പ് ബന്ധപ്പെട്ട നിർവ്വഹണ വകുപ്പായ പൊതു മരാമത്ത് (കെട്ടിട നിർമ്മാണം) വകുപ്പ് മുഖേന പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി

പുതുക്കിയ ഭരണാനുമതി പുറപ്പെടുവിച്ചശേഷം പ്രവൃത്തി നടപ്പാക്കാവുന്നതാണ്

**സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുള്ള വിഹിതം**

**57 (442)** ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽനിന്നും വിവിധ മേഖലകളിലായി ലഭിക്കാനുള്ള വിഹിതം വെട്ടിക്കുറച്ചതുമൂലമുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ?

കേന്ദ്രസർക്കാരിന്റെ 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിൽ ഭക്ഷ്യ സബ്സിഡി മുൻ സാമ്പത്തിക വർഷത്തെ യഥാർത്ഥ കണക്കായ 5,41,330 കോടി രൂപയിൽനിന്ന് നടപ്പ് സാമ്പത്തിക വർഷം 2,86,469 കോടി രൂപയായി കുറയുമെന്ന് കണക്കാക്കപ്പെടുന്നു. 2022-23 ബജറ്റ് എസ്റ്റിമേറ്റിൽ ഭക്ഷ്യ സബ്സിഡിക്കായി വകയിരുത്തിയിട്ടുള്ള 2,06,831.09 കോടി രൂപ 2021-22 പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് തുകയെക്കാൾ 27.80% കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2021-22-ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 98,000 കോടി രൂപയാണ് മഹാത്മാ ഗാന്ധി തൊഴിലുറപ്പ്

പദ്ധതിക്കായി നീക്കിവച്ചതെങ്കിലും 2022-23-ൽ ഇത് 73,000 കോടി രൂപയായി വെട്ടികുറച്ചിട്ടുണ്ട്. ഇതുകാരണം പദ്ധതി വഴി സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടാവുന്ന ആകെ തൊഴിൽദിനങ്ങളുടെ എണ്ണത്തിൽ കുറവ് വരാൻ സാധ്യതയുണ്ട്. കൂടാതെ, 14-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനത്തിന്റെ നികുതി വിഹിതം 2.5% ആയിരുന്നു. 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നികുതി വിഹിതം ആദ്യവർഷം (2020-21) 1.943% ആയും തുടർന്നുള്ള വർഷങ്ങളിൽ 1.925% ആയും കുറഞ്ഞിട്ടുണ്ട്. 2020-21 വർഷത്തിൽ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന് ലഭിച്ച നികുതി വിഹിതം 11560.65 കോടി രൂപയാണ്. 14-ാം ധനകാര്യ കമ്മീഷൻ പ്രകാരമുള്ള 2.5% നികുതി വിഹിതം ലഭിച്ചിരുന്നെങ്കിൽ 2020-21 വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന നികുതി വിഹിതം 14,874.74 കോടി രൂപയാണ്. ഇക്കാരണത്താൽ 2021-22 സാമ്പത്തിക വർഷത്തിലും 15-ാം ധനകാര്യ കമ്മീഷന്റെ തുടർ കാലയളവിലും നികുതി വിഹിതത്തിൽ ഗണ്യമായ കുറവുണ്ടാകും.

**കേന്ദ്ര പദ്ധതികളുടെ വിഹിതം**

**58 (443)** <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്ര പദ്ധതികളുടെ വിഹിതം യഥാസമയം കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്നുണ്ടോ; &

(ബി) പ്രസ്തുത കേന്ദ്ര വിഹിതം മുൻകാലങ്ങളിലെപ്പോലെ കൃത്യമായി ലഭിക്കാത്തതുമൂലം കേന്ദ്ര പദ്ധതികളുടെ സമയബന്ധിതമായ നടത്തിപ്പിന് തടസ്സം നേരിടുന്നുണ്ടോ; വിശദമാക്കുമോ?

(എ &ബി)കേന്ദ്രാവിഷ്കൃത/കേന്ദ്രപദ്ധതികളുടെ കേന്ദ്ര വിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നത് റീ-ഇംബേഴ്സ്മെന്റായോ അഡ്വാൻസായോ ആണ്. റീ-ഇംബേഴ്സ്മെന്റായി ഫണ്ട് ലഭിക്കുന്ന പദ്ധതികളിൽ സംസ്ഥാനം പദ്ധതികൾ നടപ്പിലാക്കിയതിനുശേഷം വിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്രസർക്കാരിൽ ഹാജരാക്കുന്ന മുറയ്ക്കാണ് കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ട് ലഭ്യമാകുന്നത്. ഇക്കാരണത്താൽ ബാക്കിയുള്ള ഫണ്ട് റിലീസുകൾ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലും നൽകാറുണ്ട്. കേന്ദ്ര ഫണ്ട് അഡ്വാൻസായി ലഭിക്കുന്ന പദ്ധതികളിൽ ടി തുക പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്കേ അടുത്ത റിലീസ് ലഭിക്കുകയുള്ളൂ. ഈ ഇനത്തിലും ഫണ്ട് റിലീസ്

തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലാകാൻ സാധ്യത കൂടുതലാണ്. വിവിധ കാരണങ്ങളാൽ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ കാലതാമസം നേരിടുന്ന പദ്ധതികളിൽ ആയത് അയച്ചുകൊടുക്കുന്ന മുറയ്ക്ക് ഫണ്ട് കേന്ദ്രസർക്കാർ റിലീസ് ചെയ്ത് നൽകാറുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഏതെങ്കിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച ഫണ്ട് പ്രസ്തുത സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും പൂർണ്ണമായും ഉപയോഗിച്ചുതീരാത്ത സാഹചര്യമുണ്ടായാൽ, തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഫണ്ട് കേന്ദ്രസർക്കാരിന്റെ അനുമതിയോടുകൂടി റീവാലിഡേറ്റ് ചെയ്ത് ഉപയോഗിക്കാൻ സാധിക്കുന്നതാണ്. പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കെതിരായി ചെലവഴിച്ചാൽ മാത്രമേ തുക നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുകയുള്ളൂ. കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത/കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനം (പി.എഫ്.എം.എസ്) സംസ്ഥാനങ്ങളിൽ നടപ്പിലാക്കി വരികയാണ്. ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തും കേന്ദ്രസർക്കാരിന്റെ ഈ സംവിധാനം ട്രഷറിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കി വരികയാണ്. ഈ സംവിധാനത്തിലൂടെ കേന്ദ്രാവിഷ്കൃത/കേന്ദ്ര

പദ്ധതികൾ പ്രകാരം ലഭിക്കുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കാൻ കഴിയുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഫണ്ട് റിലീസ് ചെയ്ത് നൽകുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും കേന്ദ്രവിഹിതത്തിന് ആനുപാതികമായി സംസ്ഥാനവിഹിതം നൽകുന്നതിലുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുമായി 21-02-2017-ലെ സ.ഉ(പി) നം.24/2017/ധന. ഉത്തരവുപ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം കേന്ദ്രസർക്കാരിൽനിന്ന് ഫണ്ട് ലഭിച്ചിട്ടുള്ളതും സംസ്ഥാന ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുള്ളതുമായ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് ഭരണവകുപ്പിനുതന്നെ നേരിട്ട് നിർവ്വഹണ ഏജൻസികൾക്ക് റിലീസ് ചെയ്ത് നൽകാവുന്നതാണ്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട ഫണ്ടുകളുടെ റിലീസ്, വിനിയോഗം എന്നിവ പൂർണ്ണമായും Single Nodal Account സംവിധാനത്തിലൂടെ പി.എഫ്.എം.എസ് പോർട്ടൽ മുഖേന നടപ്പിലാക്കണമെന്ന് 2021 മാർച്ചിൽ കേന്ദ്രസർക്കാർ അറിയിച്ചിരുന്നു. ഇതിൻപ്രകാരം നടപടികൾ സ്വീകരിക്കാൻ 24-05-2021-ലെ സർക്കുലർ നം.44/2021/ധന. പ്രകാരം വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും പുരോഗതി വിലയിരുത്തിവരികയും ചെയ്യുന്നു. കൂടാതെ, കേന്ദ്രാവിഷ്കൃത

പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും കേന്ദ്രസർക്കാരിൽനിന്നും ഫണ്ട് യഥാസമയം നേടിയെടുക്കുന്നതിനുമായി പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ഇവാല്യൂയേഷൻ ആൻഡ് മോണിറ്ററിംഗ് വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. ഈ വകുപ്പ് വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും കേന്ദ്രസർക്കാരിൽനിന്നും ലഭിക്കേണ്ട ഫണ്ടുകളെക്കുറിച്ചുള്ള അവലോകനം നടത്തിവരികയും ചെയ്യുന്നു. ഇതോടൊപ്പം കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ട്. പ്രസ്തുത യോഗങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പുകൾക്ക് പ്രത്യേക നിർദ്ദേശം നൽകാറുണ്ട്.

**ഡ്രഗ്സ് കൺട്രോൾ ലബോറട്ടറിയിൽ ജീവനക്കാരുടെ നിയമനം**

**59 (444)** <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി മണ്ഡലത്തിൽ നിർമ്മാണം പൂർത്തീകരിച്ച ഡ്രഗ്സ് കൺട്രോൾ ലബോറട്ടറിയിൽ ജീവനക്കാരെ നിയമിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പത്തനംതിട്ട കോന്നിയിൽ പുതുതായി ആരംഭിച്ച ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേക്ക് തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് ഡ്രഗ്സ് കൺട്രോളർ ലഭ്യമാക്കിയ പ്രൊപ്പൊസൽ പരിശോധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഉത്തരവുപ്രകാരം അത്യാവശ്യം വേണ്ട സാങ്കേതിക/മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ എണ്ണം പുനർനിർണ്ണയിച്ച് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് സാങ്കേതിക വിഭാഗത്തിൽ 34 തസ്തികകളും മിനിസ്റ്റീരിയൽ വിഭാഗത്തിൽ 11 തസ്തികകളും ചേർത്ത് ആകെ 45 തസ്തികകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഭരണ വകുപ്പ്, 1595357 (HEALTH-F1/166/2020-HEALTH) നമ്പർ ഫയലിൽ ലഭ്യമാക്കിയ പുതുക്കിയ പ്രൊപ്പോസൽ ഇപ്പോൾ ധനവകുപ്പിന്റെ H&L-B1/93/2018-FIN (827730) നമ്പർ ഫയലിൽ പരിശോധനയിലാണ്.

**ആർജ്ജിത അവധി സറണ്ടർ**

**60 (445)** <u>ശ്രീ. അബ്ദുൽ ഹമീദ് പി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തെ സർക്കാർ ജീവനക്കാരുടെ ആർജ്ജിത അവധി സറണ്ടർ ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ

(ബി) ഉണ്ടെങ്കിൽ ആയതിന്റെ നിബന്ധനകൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

(എ &ബി)16-04-2020-ലെ സ.ഉ.(അ) നം 42/2020/ധന, 17-07-2020-ലെ സ.ഉ.(അ) നം 94/2020/ധന എന്നിവ പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ സർക്കാർ ജീവനക്കാരുടെ ആർജ്ജിത അവധി സറണ്ടർ വ്യവസ്ഥകൾക്ക് വിധേയമായി മരവിപ്പിച്ചിരുന്നു. 27-04-2020-ലെ സ.ഉ.(അ) നം 49/2020/ധന പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, മുൻസിപ്പൽ കണ്ടിൻജന്റ് ജീവനക്കാർ, പാർട്ട്ടൈം കണ്ടിൻജന്റ് ജീവനക്കാർ എന്നിവരെ പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിരുന്നു. 05-11-2020-ലെ സ.ഉ(അ)152/2020/ധന പ്രകാരം 2020-2021 സാമ്പത്തിക വർഷത്തിലെ ആർജ്ജിത അവധി സറണ്ടർ, പി.എഫ്-ൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവംബർ മാസം മുതൽ അനുവദിക്കാവുന്നതാണെന്നും ഉത്തരവായിരുന്നു.

(സി) ആർജ്ജിത അവധി സറണ്ടർ ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും ഭാവിയിൽ ഇതുസംബന്ധിച്ച് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

കോവിഡ്-19 സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന്റെ ഭാഗമായാണ് നടപ്പ് സാമ്പത്തിക വർഷത്തെ ആർജ്ജിത അവധി പീരിയോഡിക്കൽ സറണ്ടർ ചില വ്യവസ്ഥകൾക്ക് വിധേയമായി മരവിപ്പിച്ചിരിക്കുന്നത്. സാഹചര്യം മെച്ചപ്പെടുന്നത് വിലയിരുത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്

## കെ.എ.എസ്. ഉദ്യോഗസ്ഥരുടെ ശമ്പളം

**61 (446)** ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്. ഉദ്യോഗസ്ഥർക്ക് പതിനൊന്നാം ശമ്പള കമ്മീഷനും ധനകാര്യ വകുപ്പും ശിപാർശ ചെയ്ത ശമ്പളസ്കെയിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

കെ.എ.എസ് ഉദ്യോഗസ്ഥർക്ക് പതിനൊന്നാം ശമ്പള കമ്മീഷൻ ശിപാർശ ചെയ്ത ശമ്പള സ്കെയിൽ 63700-123700 ആയിരുന്നു. ഇതേ ശമ്പള സ്കെയിൽ തന്നെയാണ് ധനകാര്യ വകുപ്പും ശിപാർശ ചെയ്തിരുന്നത്.

(ബി) നിലവിൽ കെ.എ.എസ്. ഉദ്യോഗസ്ഥർക്ക് സർക്കാർ നിശ്ചയിച്ച ശമ്പളം, ശമ്പളകമ്മീഷൻ ഉത്തരവിലെ ഏത് സ്കെയിൽ ആണെന്ന് വ്യക്തമാക്കാമോ?

നിലവിൽ കെ.എ.എസ് ഉദ്യോഗസ്ഥർക്ക് ശമ്പള സ്കെയിൽ നിശ്ചയിച്ചിട്ടില്ല. 81,800/- രൂപയാണ് (fixed) അടിസ്ഥാന ശമ്പളമായി അനുവദിച്ചിട്ടുള്ളത്. കെ.എ.എസ് തസ്തികകൾക്ക് ഉചിതമായ ശമ്പള സ്കെയിൽ നിശ്ചയിക്കുന്നതിന് പന്ത്രണ്ടാം ശമ്പള പരിഷ്കരണ കമ്മീഷനോട് നിർദ്ദേശിക്കാനാണ് നിലവിൽ ഉത്തരവായിരിക്കുന്നത്.

(സി) കെ.എ.എസ്. ഉദ്യോഗസ്ഥർക്ക് ജൂനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥരെക്കാൾ ഉയർന്ന ശമ്പളം അനുവദിച്ച അനോമലി പരിഹരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ഐ.എ.എസ്., ഐ.പി.എസ്. അസോസിയേഷനുകൾ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോയെന്നും അതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്നും വിശദമാക്കാമോ?

കെ.എ.എസ് ഉദ്യോഗസ്ഥർക്ക് ജൂനിയർ ഐ.എ.എസ് ഉദ്യോഗസ്ഥരെക്കാൾ ഉയർന്ന ശമ്പളം അനുവദിച്ച അനോമലി പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഐ.എ.എസ്, ഐ.എഫ്.എസ് അസോസിയേഷനുകളുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ടി നിവേദനങ്ങളിലെ വിഷയം പരിശോധിച്ച് വരികയാണ്. പ്രസ്തുത വിഷയത്തിൽ ഐ.പി.എസ് അസോസിയേഷന്റെ നിവേദനമൊന്നും ലഭിച്ചിട്ടില്ല.

**പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാൻ നടപടി**

**62 (447)** പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ ഫിസിക്സ് അദ്ധ്യാപകനായിരുന്ന ഫാദർ സി.എം.ജോർജിന്റെ പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ അധ്യാപകനായിരുന്ന ഫാദർ ശ്രീ. സി.എം ജോർജ്ജിന്റെ പെൻഷൻ ആനുകൂല്യങ്ങൾ മുകുന്ദപുരം ട്രഷറിയിൽ നിന്നും നൽകിയിട്ടില്ല.

(ബി) പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് എ.ജി. യിൽ നിന്നും നിർദ്ദേശവും ഉത്തരവും മുകുന്ദപുരം സബ് ട്രഷറിയിൽ ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിൽ നിന്നുള്ള ഉത്തരവോ നിർദേശങ്ങളോ മുകുന്ദപുരം ട്രഷറിയിൽ നിലവിൽ ലഭ്യമല്ല. പെൻഷൻ ആനുകൂല്യങ്ങൾക്കുവേണ്ടി ശ്രീ. സി. എം. ജോർജ്ജ് ട്രഷറിയെ നാളിതു വരെ സമീപിച്ചിട്ടില്ല.

(സി) ഇതുസംബന്ധിച്ച് ട്രഷറി വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

പെൻഷൻ വിതരണ ഏജൻസി എന്ന നിലയിൽ പെൻഷനർ ട്രഷറിയിൽ നേരിട്ട് ഹാജരായിട്ടില്ല. ട്രഷറിയിൽ നേരിട്ട് ഹാജരായാൽ മാത്രമേ പെൻഷൻ നൽകാൻ സാധിക്കുകയുള്ളൂ.

## ഡി.എ. കുടിശ്ശിക

**63 (448)** <u>ശ്രീ. എം. വിൻസെൻറ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അവസാനമായി ഡി.എ. അനുവദിച്ചത് എന്നാണ്; ഇനി എത്ര ഗഡു ഡി.എ. നൽകാൻ

ശേഷിക്കുന്നുണ്ടെന്നും ആയത് എത്ര ശതമാനം വീതമാണെന്നും അറിയിക്കാമോ?

08-02-2021-ലെ സ.ഉ.(പി)നം. 25/2021/ധന ഉത്തരവു പ്രകാരമാണ് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അവസാനമായി ഡി.എ അനുവദിച്ചത്. സംസ്ഥാന ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരമുള്ള സൂത്രവാക്യമുപയോഗിച്ചാണ് സംസ്ഥാനസർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡി.എ/ഡി.ആർ കണക്കാക്കുന്നത്. അതനുസരിച്ച് 01-07-2020 വരെയുള്ള ഡി.എ/ഡി.ആർ അനുവദിച്ചിട്ടുണ്ട്. എന്നാൽ 01-01-2021 മുതൽ ഡി.എ/ഡി.ആർ കണക്കാക്കിയിട്ടില്ല.

(ബി) പ്രസ്തുത ഡി.എ. കുടിശ്ശിക എന്ന് അനുവദിക്കാനാകും; ജീവനക്കാർക്ക് കുടിശ്ശികയില്ലാതെ ഡി.എ. അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറക്ക് ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ലീവ് സറണ്ടർ ആനുകൂല്യം

**64 (449)** ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ മരവിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുവരെയാണ് മരവിപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

6-07-2021- ലെ സ.ഉ. (പി) നം. 104/2021/ധന, 01-12-2021-ലെ സ.ഉ. (പി) നം. 160/2021/ധന എന്നീ ഉത്തരവുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തെ ആർജ്ജിത അവധി പീരിയോഡിക്കൽ സറണ്ടർ ചില വ്യവസ്ഥകൾക്ക് വിധേയമായി മരവിപ്പിച്ചിട്ടുണ്ട്. ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, മുൻസിപ്പൽ കണ്ടിൻജന്റ് ജീവനക്കാർ, പാർട്ട്ടൈം കണ്ടിൻജന്റ് ജീവനക്കാർ എന്നിവരെ പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ട്.

(ബി) ലീവ് സറണ്ടറുമായി ബന്ധപ്പെട്ട ഫയലിൽ ജീവനക്കാർക്ക് ഇത്തരം ഒരു ആനുകൂല്യം തുടർന്ന് അനുവദിക്കേണ്ടതുണ്ടോ എന്ന് സർക്കാർ പരിശോധിക്കണമെന്ന തരത്തിൽ ഏതെങ്കിലും ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിരുന്നോയെന്ന് അറിയിക്കാമോ?

ഇല്ല.

(സി) ജീവനക്കാർക്ക് വളരെക്കാലമായി ലഭിച്ചുകൊണ്ടിരുന്നതും ഈ സർക്കാർ നിലവിൽ മരവിപ്പിച്ചിരിക്കുന്നതുമായ പ്രസ്തുത ആനുകൂല്യം എത്രയും പെട്ടെന്ന് പുനഃസ്ഥാപിക്കുന്നതിനായി നടപടി കൈക്കൊള്ളുമോ?

കോവിഡ് 19 സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന്റെ ഭാഗമായാണ് നടപ്പ് സാമ്പത്തിക വർഷത്തെ ആർജ്ജിത അവധി പീരിയോഡിക്കൽ സറണ്ടർ ചില വ്യവസ്ഥകൾക്ക് വിധേയമായി മരവിപ്പിച്ചിരിക്കുന്നത്. സാഹചര്യം മെച്ചപ്പെടുന്നത് വിലയിരുത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**മെഡിസെപ്പ് പദ്ധതി**

**65 (450)** <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ്പ് നടപ്പിലാക്കുന്നതിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

മെഡിസെപ് പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ വിവരശേഖരണത്തിന്റെ ഭാഗമായുള്ള തെറ്റുതിരുത്തലുകൾ, കൂട്ടിച്ചേർക്കലുകൾ, ഒഴിവാക്കലുകൾ എന്നിവ ഡി.ഡി.ഒ/നോഡൽ

ഓഫീസർ/ ട്രഷറി ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുത്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി തയ്യാറാക്കുന്ന ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് അടിയന്തരമായി സർക്കാറിന് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിവരങ്ങൾ കമ്പനിക്ക് കൈമാറി പരസ്പര ഉടമ്പടി പ്രകാരം അടിയന്തരമായി തന്നെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(ബി) പദ്ധതി എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുത്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് സർക്കാറിലേയ്ക്ക് സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ ഗുണഭോക്താക്കളുടെ ശേഖരിച്ച വിവരങ്ങൾ കമ്പനിക്ക് കൈമാറി പരസ്പര ഉടമ്പടി പ്രകാരം പദ്ധതി അടിയന്തരമായിതന്നെ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(സി) പദ്ധതിയിൽ ഉൾപ്പെടുത്തിയ കോഴിക്കോട് ജില്ലയിലെ ആശുപത്രികളുടെ പട്ടിക ലഭ്യമാക്കുമോ?

പദ്ധതി നടത്തിപ്പിനായി തെരെഞ്ഞെടുക്കപ്പെട്ട Oriental Insurance Company Ltd. ഹോസ്പിറ്റലുകളുടെ അന്തിമ എംപാനൽമെന്റ് ലിസ്റ്റ് സർക്കാറിലേയ്ക്ക് സമർപ്പിക്കുമ്പോൾ മാത്രമേ പദ്ധതിയിൽ ഉൾപ്പെടുത്തിയ കോഴിക്കോട് ജില്ലയിലെ ആശുപത്രികളുടെ പട്ടിക ലഭ്യമാവുകയുള്ളൂ.

## സംസ്ഥാന ജീവനക്കാരുടെ പെൻഷൻ പ്രായം

**66 (451)** ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർ, സ്കൂൾ, കോളേജ് അദ്ധ്യാപകർ, ഡോക്ടർമാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ തുടങ്ങിയവരുടെ വിരമിക്കൽ പ്രായം എത്രയാണ്; ഇനം തിരിച്ചുള്ള പട്ടിക നൽകാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ വിഭാഗം ജീവനക്കാരുടെ വിരമിക്കൽ പ്രായം വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2016 -2021 ) ഏതൊക്കെ വിഭാഗം ജീവനക്കാരുടെ വിരമിക്കൽ പ്രായം വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

(എ-സി) വിവരങ്ങൾ ശേഖരിച്ച് വരുന്നു.

(ഡി) ഇതിൽ സംസ്ഥാന സർക്കാർ അധ്യാപകരുടെയും ജീവനക്കാരുടെയും പെൻഷൻ പ്രായം വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന്റെ മുന്നിലുണ്ടോ; വിശദമാക്കുമോ ?

സംസ്ഥാന സർക്കാർ അധ്യാപകരുടേയും ജീവനക്കാരുടേയും പെൻഷൻപ്രായം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## മെഡിസെപ് പദ്ധതി പ്രകാരം സേവനം ലഭിക്കുന്ന സ്വകാര്യ ആശുപത്രികൾ

**67 (452)** ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കുമായി നടപ്പിലാക്കുന്ന മെഡിസെപ് പദ്ധതി പ്രകാരം സേവനം ലഭിക്കുന്ന സ്വകാര്യ ആശുപത്രികളുടെ പേര് വിവരം അറിയിക്കുമോ?

പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ട Oriental Insurance Company Ltd. ഹോസ്പിറ്റലുകളുടെ അന്തിമ എംപാനൽമെന്റ് ലിസ്റ്റ് തയ്യാറാക്കി നൽകുന്ന മുറയ്ക്ക് മാത്രമേ ഏതെല്ലാം സ്വകാര്യ ആശുപത്രികളിൽ മെഡിസെപ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുമെന്ന് വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ.

## മെഡിസെപ് പദ്ധതി

**68 (453)** ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് സംസ്ഥാനത്ത് നടപ്പിൽ വന്നിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(ബി) പദ്ധതിപ്രകാരം ജീവനക്കാർ പ്രതിമാസം എത്ര രൂപയാണ് പ്രീമിയമിനത്തിൽ അടക്കേണ്ടതെന്നും സർക്കാർ വിഹിതം എത്രയാണെന്നും വ്യക്തമാക്കാമോ; ഏത് മാസം മുതലുള്ള ശമ്പളത്തിൽ നിന്നാണ് പ്രീമിയം ഈടാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പദ്ധതി പ്രകാരം ജീവനക്കാർ പ്രതിമാസം 500 രൂപയാണ് പ്രീമിയം ഇനത്തിൽ അടയ്ക്കേണ്ടത്. പൂർണമായും ഗുണഭോക്താക്കളിൽനിന്നും പ്രീമിയം ഈടാക്കി നടപ്പിലാക്കുന്ന രീതിയിലാണ് നിലവിൽ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. തെരഞ്ഞെടുത്ത ഇൻഷ്വറൻസ് കമ്പനിയുമായി ഗുണഭോക്താക്കളുടെ വിവരങ്ങൾ കൈമാറി, മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഏത് മാസം മുതലാണ് പ്രീമിയം ഈടാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ.

(സി) പ്രതിമാസ പ്രീമിയത്തിന് അനുസരിച്ച് എത്ര രൂപയുടെ കവറേജാണ് സർക്കാർ പദ്ധതിപ്രകാരം ഉറപ്പ് നൽകുന്നതെന്ന്

അറിയിക്കാമോ; ഏതെല്ലാം സ്വകാര്യ ആശുപത്രികളാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ?

പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും മൂന്നു വർഷത്തെ പോളിസി കാലയളവിനുള്ളിൽ പ്രതിവർഷം 3 ലക്ഷം രൂപ നിരക്കിലാണ് അടിസ്ഥാന പരിരക്ഷ. ഇതിൽ 1.5 ലക്ഷം രൂപ ഓരോ വർഷത്തേയ്ക്ക് നിശ്ചയിച്ചിട്ടുള്ളതും ആവശ്യംവരാത്തപക്ഷം ലാപ്സാകുന്നതുമാണ്. പ്രതിവർഷ കവറേജിൽ 1.5 ലക്ഷം രൂപ മൂന്ന് വർഷത്തെ ബ്ലോക് പിരീഡിനകത്ത് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കപ്പെടുന്ന തരത്തിൽ ഫ്ലോട്ടർ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. അടിസ്ഥാന പരിരക്ഷയിൽ (1) Procedure Cost (2) Implant Cost if any (3) Room charges എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാണുള്ളത്. മേൽ സൂചിപ്പിച്ച പരിരക്ഷ കൂടാതെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ചികിത്സാ പ്രക്രിയകൾക്ക് ഇൻഷ്വറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽ നിന്ന് (മൂന്നു വർഷത്തെ പോളിസി കാലയളവിനകത്ത്) വിനിയോഗിക്കാവുന്നതാണ്. 22-01-2021

ലെ പുതുക്കിയ Request For Proposal (RFP) പ്രകാരം മെഡിസെപ് പദ്ധതി നടത്തിപ്പിനായി Oriental Insurance Company Ltd. നെയാണ് തെരെഞ്ഞെടുത്തത്. Request For Proposal-ലെ നിബന്ധന പ്രകാരം വിവിധ കാറ്റഗറിയിലുള്ള കേരളത്തിനകത്തും പുറത്തുമുള്ള ആശുപത്രികളുമായി ടി കമ്പനി ചർച്ച ചെയ്ത് കരാറിൽ ഏർപ്പെട്ടതിനു ശേഷമാണ് പദ്ധതിയിലുൾപ്പെടുന്ന ആശുപത്രികളുടെ എംപാനൽമെന്റ് ലിസ്റ്റ് തയ്യാറാക്കുന്നത്. ആശുപത്രികളുടെ എംപാനൽമെന്റ് ലിസ്റ്റ് ഉടൻ സർക്കാരിന് സമർപ്പിക്കുന്നതാണെന്ന് Oriental Insurance Company Ltd. അറിയിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് പ്രകാരമുള്ള ചികിത്സാ ആനുകൂല്യങ്ങൾ ഏതെല്ലാം ആശുപത്രികളിൽ ലഭ്യമാകുമെന്ന് എംപാനൽമെന്റ് ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

(ഡി) ഭാര്യയും ഭർത്താവും സർക്കാർ ജോലിക്കാർ ആണെങ്കിൽ രണ്ടാളും പ്രീമിയം അടക്കണമെന്ന വ്യവസ്ഥയാണോ ഉള്ളതെന്നും ഇത്തരത്തിൽ ഒരു കുടുംബത്തിൽ നിന്നും പ്രീമിയം തുക വർദ്ധിക്കുന്നതിന് അനുസരിച്ച് കവറേജിലും വർദ്ധന ഉണ്ടാകുമോയെന്നും വ്യക്തമാക്കാമോ?

സർക്കാർ ജീവനക്കാരായ പങ്കാളികൾ രണ്ടുപേരും പ്രത്യേകമായി പ്രീമിയം അടയ്ക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. പദ്ധതി കവറേജിൽ വർദ്ധനയുണ്ടായിരിക്കുന്നതല്ല എന്നാൽ രണ്ട് പേർക്കും മാതാപിതാക്കളെ ആശ്രിതരായി ഉൾപ്പെടുത്താവുന്നതാണ്.

(ഇ) കവറേജിൽ വർദ്ധന ഇല്ലെങ്കിൽ സർക്കാർ ജീവനക്കാരായ ഭാര്യയും ഭർത്താവും മെഡിസെപ്പിൽ അംഗമാകുമ്പോൾ ഒരാളുടെ ശമ്പളത്തിൽനിന്നും മാത്രം പ്രീമിയം അടയ്ക്കുന്ന തരത്തിൽ പദ്ധതിയിൽ മാറ്റം വരുത്താൻ സർക്കാർ തയ്യാറാകുമോയെന്ന് അറിയിക്കാമോ?

പുതുക്കിയ RFP ( Request For Proposal) പ്രകാരം എല്ലാ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിസെപ് പദ്ധതിയിൽ നിർബന്ധിത അംഗത്വമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഓരോ ഗുണഭോക്താവിനും പ്രത്യേകം മെഡിസെപ് ഐ.ഡിയുമുണ്ട്. സർക്കാർ ജീവനക്കാരായ ഭാര്യയും ഭർത്താവും മെഡിസെപിൽ അംഗമാകുമ്പോൾ ഒരാളുടെ ശമ്പളത്തിൽനിന്നും മാത്രം പ്രീമിയം അടയ്ക്കുന്ന തരത്തിൽ പദ്ധതിയിൽ മാറ്റം വരുത്തുകയാണെങ്കിൽ പോളിസി ഉടമകളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാകുന്നതിനാലും ആയത് പദ്ധതിയുടെ

കാര്യക്ഷമമായ നടത്തിപ്പിന് വീഴ്ചയുണ്ടാക്കുന്നതിനാലും നിലവിലെ വ്യവസ്ഥയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല.

(എഫ്) പെൻഷൻകാരിൽനിന്നും പ്രീമിയം ഈടാക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വെളിപ്പെടുത്തുമോ?

നിലവിൽ സംസ്ഥാന സർക്കാർ പെൻഷൻകാർക്ക് നൽകി വരുന്ന Gross entitlement-ൽ നിന്നും പ്രതിമാസ പ്രീമിയം ഇനത്തിൽ കുറവ് വരുത്താനാണ് നിശ്ചയിച്ചിരിക്കുന്നത്.

**പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതി**

**69 (454)** ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പുനഃപരിശോധിക്കുന്നതിനായി സർക്കാർ നിയമിച്ച സമിതി റിപ്പോർട്ട് സമർപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ?

പങ്കാളിത്ത പെൻഷൻ പുനഃ പരിശോധനാ സമിതിയുടെ റിപ്പോർട്ട് 30-04-2021 ന് സമർപ്പിച്ചിട്ടുണ്ട്.

(ബി) സമിതിയുടെ റിപ്പോർട്ട് പരിശോധിക്കുന്നതിനായി ധനവകുപ്പിൽ ഫയൽ ആരംഭിച്ചിരുന്നോ; എങ്കിൽ ഫയൽ എന്നാണ് ആരംഭിച്ചത് എന്നും ആരെല്ലാം ഫയൽ കണ്ടിട്ടുണ്ടെന്നും ഫയൽ

ഓരോരുത്തരുടെയും കൈവശം എത്ര ദിവസമുണ്ടായിരുന്നുവെന്നും അറിയിക്കാമോ;

(സി) പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി റിപ്പോർട്ട് പരിശോധിക്കുന്ന ഫയലിന്റെ മൂവ്മെന്റ് ഹിസ്റ്ററിയും ഫയലിന്റെ മുഴുവൻ പേജുകളുടെ പകർപ്പും പുനഃപരിശോധന സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കാമോ?

സമിതിയുടെ റിപ്പോർട്ട് പരിശോധിക്കുന്നതിനായി ധനവകുപ്പിൽ ഫയൽ ആരംഭിച്ചിരുന്നു. പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്.

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് കേന്ദ്ര ഗവണ്മെന്റ് നൽകുന്ന ആനുകൂല്യങ്ങൾ എല്ലാം തന്നെ സംസ്ഥാന സർക്കാരിന്റെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് നല്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് പുനഃപരിശോധന സമിതി തീരുമാനം വരാത്ത സാഹചര്യത്തിൽ അർഹമായ ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കുമോ?

പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്ന സാഹചര്യത്തിൽ നിലവിൽ മറ്റ് ആനുകൂല്യങ്ങൾ അനുവദിക്കുവാൻ നിർവ്വാഹമില്ല.

## പങ്കാളിത്ത പെൻഷൻ പുനപരിശോധനാ സമിതി റിപ്പോർട്ട്

**70 (455)** ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പുനപരിശോധനാ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് സമർപ്പിച്ചതെന്നും ആർക്കാണ് സമർപ്പിച്ചതെന്നും അറിയിക്കാമോ?

പങ്കാളിത്ത പെൻഷൻ പുനഃ പരിശോധനാ സമിതിയുടെ റിപ്പോർട്ട് 30-04-2021 തീയതിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ട് പരിശോധിക്കുന്നതിനായി ധനകാര്യവകുപ്പിൽ ഫയൽ ആരംഭിച്ചിരുന്നോ; എങ്കിൽ പരിശോധനയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ധനകാര്യ വകുപ്പ് ധനകാര്യ മന്ത്രിക്ക് ഫയൽ സമർപ്പിച്ചത് എന്നാണെന്ന് അറിയിക്കാമോ;

(ഡി) സമിതിയുടെ റിപ്പോർട്ട് ലഭിച്ചാൽ ഉടൻതന്നെ ജീവനക്കാർക്ക് അനുകൂലമായി തീരുമാനം എടുക്കും എന്ന വാഗ്ദാനം നടപ്പാക്കാൻ സാധിക്കാത്തത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ?

(ബി-ഡി)സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച് വരുന്നു. മറ്റു വിശദാംശങ്ങൾ റിപ്പോർട്ടിന്മേൽ തീരുമാനമാകുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ്.

## മെഡിസെപ് പദ്ധതി

**71 (456)** ശ്രീ. അബ്ദുൽ ഹമീദ് പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

മെഡിസെപ് പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ വിവരശേഖരണത്തിന്റെ ഭാഗമായുള്ള തെറ്റുതിരുത്തലുകൾ, കൂട്ടിച്ചേർക്കലുകൾ, ഒഴിവാക്കലുകൾ എന്നിവ ഡി.ഡി.ഒ /നോഡൽ ഓഫീസർ/ ട്രഷറി ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുത്ത ഓറിയന്റൽ ഇൻഷ്വറൻസ്

കമ്പനി തയ്യാറാക്കുന്ന ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് അടിയന്തിരമായി സർക്കാറിന് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിവരങ്ങൾ കമ്പനിയ്ക്ക് കൈമാറി പരസ്പര ഉടമ്പടി പ്രകാരം അടിയന്തിരമായി തന്നെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഫലം എന്ന് മുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ ഭാഗമായുള്ള നെറ്റ്‌വർക്ക് ആശുപത്രികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

(ബി &സി) പദ്ധതിയുടെ നടത്തിപ്പിനായി തെരെഞ്ഞെടുത്ത ഓറിയന്റൽ ഇൻഷുറൻസ് കമ്പനി ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് സർക്കാറിലേയ്ക്ക് സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ ഗുണഭോക്താക്കളുടെ ശേഖരിച്ച വിവരങ്ങൾ കമ്പനിയ്ക്ക് കൈമാറി പരസ്പര ഉടമ്പടി പ്രകാരം പദ്ധതി അടിയന്തിരമായി തന്നെ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(ഡി) പദ്ധതിയുടെ ഭാഗമായി ജീവനക്കാരുടെയും ആശ്രിതരുടെയും തിരിച്ചറിയൽ കാർഡ്, ഇൻഷ്വറൻസ് കമ്പനിയുടെ മൊബൈൽ ആപ്ലിക്കേഷൻ തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുമോ ?

പദ്ധതിയുടെ ഭാഗമായി ജീവനക്കാരുടെയും ആശ്രിതരുടെയും തിരിച്ചറിയൽ കാർഡ്, ഇൻഷ്വറൻസ് കമ്പനിയുടെ മൊബൈൽ ആപ്ലിക്കേഷൻ തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു.

**വാക്സിൻ ഗവേഷണത്തിനും നിർമ്മാണത്തിനും ചെലവഴിച്ച തുക**

**72 (458)** <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ വാക്സിൻ ഗവേഷണത്തിനും വാക്സിൻ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിനുമായി കഴിഞ്ഞ ബജറ്റിൽ വകയിരുത്തിയ തുകയിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും ഏത് ഇനത്തിലാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ?

2021-22 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് (KSCSTE) കീഴിലുള്ള

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (IAV)-യിൽ വാക്സിൻ ഗവേഷണം ആരംഭിക്കുന്നതാണെന്നും ഇതിനായി 10 കോടി രൂപ വകയിരുത്തുന്നുവെന്നും പ്രഖ്യാപിച്ചതിനെ തുടർന്ന് നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ ഉപധനാഭ്യർത്ഥനയിൽ '3425-60-200-46-NV-Vaccine Research Units at the Institute of Advanced Virology under Kerala State Council for Science and Technology' എന്ന ശീർഷകം ആരംഭിക്കുകയും ടോക്കൺ പ്രൊവിഷൻ അനുവദിക്കുയും ചെയ്തു. തുടർന്ന് ഇതേ ആവശ്യത്തിനായി അധിക തുകയൊന്നും അനുവദിച്ചിട്ടില്ല

**തീരദേശ പാക്കേജുകൾ**

**73 (459)** ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ ഏതൊക്കെ ബജറ്റുകളിലാണ് തീരദേശ പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുള്ളത്; ഓരോ ബജറ്റിലും ഈ ഇനത്തിൽ പ്രഖ്യാപിച്ച തുക എത്രയായിരുന്നു;

(ബി) പ്രസ്തുത പാക്കേജുകൾ പ്രകാരം നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ പദ്ധതികൾക്കാണ് തുക ചെലവഴിച്ചിട്ടുള്ളത് എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

(എ&ബി) 2021-22 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് (KSCSTE) കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (IAV)-യിൽ വാക്സിൻ ഗവേഷണം ആരംഭിക്കുന്നതാണെന്നും ഇതിനായി 10 കോടി രൂപ വകയിരുത്തുന്നുവെന്നും പ്രഖ്യാപിച്ചതിനെ തുടർന്ന് നടപ്പു സാമ്പത്തിക വർഷത്തെ ആദ്യ ഉപധനാഭ്യർത്ഥനയിൽ '3425-60-200-46-NV-Vaccine Research Units at the Institute of Advanced Virology under Kerala State Council for Science and Technology' എന്ന ശീർഷകം ആരംഭിക്കുകയും ടോക്കൺ പ്രൊവിഷൻ അനുവദിക്കുയും ചെയ്തു. തുടർന്ന് ഇതേ ആവശ്യത്തിനായി അധിക തുകയൊന്നും അനുവദിച്ചിട്ടില്ല

**ആലപ്പുഴ മണ്ഡലത്തിലെ പദ്ധതികൾ**

**74 (461)** ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ നിയോജകമണ്ഡലത്തിൽ 2020-21, 2021-22 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ 20 ശതമാനം തുക വകയിരുത്തിയിരിക്കുന്നവയുടെ വിവരം ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ 2020-21, 2021-22 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ 20 ശതമാനം തുക വകയിരുത്തിയിരിക്കുന്നവയുടെ വിവരങ്ങൾ അനുബന്ധം I-ൽ നൽകിയിരിക്കുന്നു+.

## ഐസൊലേഷൻ വാർഡുകൾ

**75 (463)** <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ആരോഗ്യ അടിയന്തരാവസ്ഥ നേരിടാൻ സി.എച്ച്.സി.കളിലും താലൂക്ക്, ജില്ലാ ജനറൽ ആശുപത്രികളിലും പകർച്ചവ്യാധികളുടെ ചികിത്സക്കായി പത്ത് ബെഡുകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പാക്കുന്നതിന് വേണ്ടി ധനകാര്യ വകുപ്പ് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ?

പ്രസ്തുത പദ്ധതി 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ 2021-22 സാമ്പത്തിക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷത്തിലെ Revised Budget Speech-ൽ ടി പദ്ധതി ഉൾപ്പെടുത്തിയിരുന്നു. അതിൻപ്രകാരം 26/07/2021-ലെ സ.ഉ(സാധാ)നം 1555/2021/ആകുവ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലെ ആരോഗ്യ വകുപ്പിന് കീഴിൽ വരുന്ന ആശുപത്രികളിലും പകർച്ച വ്യാധിയ്ക്കായി 10 ബെഡുകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിലേക്കായി ഭരണാനുമതി നൽകിയിരുന്നു. ആയതു പ്രകാരം കിഫ്ബിയിൽ നിന്ന് 50 ശതമാനവും എം.എൽ.എ-എ.ഡി.എഫിൽ നിന്ന് 50 ശതമാനവും ധനസഹായമാണ് അനുവദിയ്ക്കുവാനായി ഭരണാനുമതി നൽകിയത്. 2021-22 സാമ്പത്തിക വർഷത്തിൽ ഓരോ എം.എൽ.എ മാർക്കും പ്രതിവർഷം അനുവദിച്ചിട്ടുള്ള 5 കോടി രൂപയിൽ നിന്നും 4 കോടി രൂപ വീതം കോവിഡ് സംബന്ധ പ്രവൃത്തികൾക്കായി വിനിയോഗിക്കുന്നതിനാണ് തീരുമാനമായിട്ടുള്ളത്. ഇപ്രകാരം നീക്കിവെച്ച തുക വിനിയോഗിച്ച് 140 നിയമസഭാ മണ്ഡലങ്ങളിലായി 140 ആരോഗ്യ സ്ഥാപനങ്ങളിൽ 140 ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിന് 125.345 കോടി രൂപ M.L.A A.D.F- ൽ നിന്നും KIIFB-ക്ക് അനുവദിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. കെ.എം.എസ്.സി.എൽ തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ച എസ്റ്റിമേറ്റ്

പ്രകാരം 1 ഐസൊലേഷൻവാർഡ് സ്ഥാപിക്കുന്നതിനുള്ള ചെലവ് 1.79 കോടി രൂപയാണ്. അപ്രകാരം മൊത്തം 140 യൂണിറ്റുകൾക്ക് ഏകദേശം 250.69 കോടി രൂപയുടെ ചെലവ് വരും. പ്രസ്തുത പദ്ധതിയ്ക്കായി കിഫ്ബി ആകെ 236.30 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുള്ളതിൽ ആകെ 16.13 കോടി രൂപ കിഫ്ബിയിൽ നിന്നും ഇതുവരെ നൽകിയിട്ടുണ്ട്. പദ്ധതിയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ഭരണാനുമതി ഉത്തരവിന്റെ അനുബന്ധത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

## കേന്ദ്ര ബജറ്റിന്റെ പരിഗണനയ്ക്കായുള്ള പദ്ധതികൾ

**76 (464)** ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 കേന്ദ്ര ബജറ്റിന്റെ പരിഗണനക്കായി സംസ്ഥാന സർക്കാർ ഏതൊക്കെ പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ കേന്ദ്ര ബജറ്റ് പ്രസംഗത്തിന്റെ ഭാഗമായി ഏതൊക്കെ പദ്ധതികൾ പരിഗണിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

(എ &ബി) കോവിഡ് മഹാമാരിയെ തുടർന്നുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായും സംസ്ഥാന സമ്പദ്ഘടനയെ

പുനഃരുജ്ജീവിപ്പി-ക്കുന്നതിനായും കേന്ദ്ര ബജറ്റിൽ പ്രത്യേക സഹായ പാക്കേജുകൾ ഉൾപ്പെടുത്താൻ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre -Budget Speech) യോഗത്തിൽ ധനകാര്യ മന്ത്രി ആവശ്യപ്പെട്ടിരുന്നു. കൂടാതെ, സംസ്ഥാനങ്ങളുടെ സമ്പദ് വ്യവസ്ഥയ്ക്ക് പൊതുവിൽ ഗുണകരമാവുന്ന ചില നടപടികളും കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി മുന്നോട്ടു വച്ചിരുന്നു. കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനം കേന്ദ്ര സർക്കാരിന്റെ മുമ്പാകെ സമർപ്പിച്ച പ്രധാനപ്പെട്ട ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.

 സമ്പദ് വ്യവസ്ഥയെ പുന:രുജീവിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കൈകൊണ്ട ഉത്തേജന നടപടികളെ വേണ്ടവിധം പിന്തുണക്കുന്നതിനായി ഒരു പ്രതേക ഉത്തേജന പാക്കേജ് കേന്ദ്ര ബജറ്റിൽ പ്രഖ്യാപിക്കുക

 കോവിഡ് -19 കാരണം മടങ്ങി വരുന്ന പ്രവാസികൾക്ക് പ്രത്യേക പാക്കേജ്

 ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുക.  കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള സംസ്ഥാന വിഹിതത്തിൽ (inter se share) ഉണ്ടായിട്ടുള്ള കുറവ് നിമിത്തം വരുമാനത്തിലുണ്ടായ നഷ്ടം നികത്തൽ.

 പെട്രോൾ-ഡീസൽ സെസും സർചാർജ്ജും യുക്തി സഹമാക്കുക.

 അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി വിദേശ ഏജൻസികളിൽ നിന്ന് കേന്ദ്ര സർക്കാർ മുഖേന ലഭ്യമാകുന്ന ബാഹ്യ സഹായ പദ്ധതികൾക്കുള്ള (Externally Aided Projects) വായ്പകൾ നടപ്പുസാമ്പത്തിക വർഷത്തിലേക്കും അടുത്ത രണ്ട് വർഷത്തേക്കും സംസ്ഥാനത്തിന്റെ വായ്പാ പരിധിക്ക് പുറത്ത് അനുവദിക്കുക.

 കേന്ദ്രവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം വർദ്ധിപ്പിക്കുക.

 60:40 അനുപാതത്തിൽ നടപ്പിലാക്കുന്ന National Health Mission 100% കേന്ദ്രാവിഷ്കൃത പദ്ധതിയാക്കുക.

 സംസ്ഥാനത്തിന്റെ മുൻനിര പദ്ധതികളായ സിൽവർലൈൻ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് പിന്തുണയും അനുമതിയും നൽകുക.

 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി പ്രത്യേക ധനസഹായം നൽകുക. സംസ്ഥാനത്തിന്റെ മേൽ നിർദ്ദേശങ്ങളൊന്നും തന്നെ കേന്ദ്ര സർക്കാർ ബജറ്റിൽ പരിഗണിച്ചിട്ടില്ല

## വിവിധ വകുപ്പുകൾക്ക് നൽകിയ ബജറ്റ് വിഹിതം

**77 (466)** ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെ വിവിധ വകുപ്പുകൾക്ക് ബജറ്റ് വിഹിതമായി എത്ര രൂപയാണ് നീക്കി വച്ചിരുന്നതെന്ന് വ്യക്തമാക്കാമോ; ഈ കാലയളവിൽ വിവിധ വകുപ്പുകൾ ബജറ്റ് വിഹിതമായി ലഭിച്ച തുകയിൽ നിന്ന് എത്ര രൂപ ചെലവഴിച്ചെന്ന് വിശദീകരിക്കാമോ?

2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെ വിവിധ വകുപ്പുകൾക്ക് ബജറ്റ് വിഹിതമായി നീക്കി വച്ച തുകയും, ഈ കാലയളവിൽ വിവിധ വകുപ്പുകൾ ചെലവഴിച്ച തുകയും പട്ടിക രൂപത്തിൽ അനുബന്ധം -I – ആയി ചേർക്കുന്നു+.

(ബി) 2021 ഏപ്രിൽ 1 മുതൽ ഇന്നേവരെ വിവിധ വകുപ്പുകൾക്ക് ബജറ്റ് വിഹിതമായി എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതേ കാലയളവിൽ വിവിധ വകുപ്പുകൾ ബജറ്റ് വിഹിതമായി ലഭിച്ച തുകയിൽ നിന്ന് എത്ര രൂപ ചെലവഴിച്ചെന്ന് വിശദമാക്കാമോ?

2021 ഏപ്രിൽ 1 മുതൽ ഡിസംബർ 31 വരെ വിവിധ വകുപ്പുകൾക്ക് ബജറ്റ് വിഹിതമായി നീക്കി വച്ച തുകയും, അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം ഈ കാലയളവിൽ വിവിധ വകുപ്പുകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെലവഴിച്ച തുകയും പട്ടിക രൂപത്തിൽ അനുബന്ധം - II ആയി ചേർക്കുന്നു+.

## ബഡ്ജറ്റ് ഇതര കടമെടുപ്പ്

**78 (467)** ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് ഇതര കടമെടുപ്പ് സംസ്ഥാന സർക്കാരിനെ കടക്കെണിയിലാക്കുമെന്ന കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2020 മാർച്ച് വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 5 ഓഫ് 2021 ലെ ചാപ്റ്റർ 2.6.2 ലെ പരാമർശത്തിന്മേൽ സർക്കാരിന്റെ അഭിപ്രായം അറിയിക്കാമോ?

കിഫ്ബി ആന്യൂറ്റി മാതൃകയിൽ അടിസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു തനത് സാമ്പത്തിക സംവിധാനമാണ്. അല്ലാതെ ബജറ്റിന് പുറത്ത് കടമെടുക്കാൻ ഉണ്ടാക്കിയ ഒരു സംവിധാനമോ കിഫ്ബിയുടെ വായ്പകൾ സർക്കാരിന്റെ നേരിട്ടുള്ള ബാധ്യതയോ അല്ല. ബജറ്റ് പ്രസംഗങ്ങളിൽ പ്രഖ്യാപിച്ച ഏതാണ്ട് 70,000 കോടി രൂപയോളം വരുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കിഫ്ബിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനു കാലക്രമേണ വളരുന്ന ആന്യൂറ്റി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(growing annuity) പേയ്മെന്റ് ആയി കിഫ്ബിക്ക് മോട്ടോർ വാഹന നികുതിയുടെ പകുതിയും പെട്രോൾ സെസ്സ് തുകയും നൽകുമെന്ന് സർക്കാർ നിയമം മൂലം ഉറപ്പ്നൽകുന്നു. കിഫ്ബിയുടെ കാര്യത്തിൽ ഇരുപത്തഞ്ച് ശതമാനം പദ്ധതിയെങ്കിലും വരുമാനദായകമാണ്. വൈദ്യുതി ബോർഡ്, കെ ഫോൺ, വ്യവസായ ഭൂമി, തുടങ്ങിയവക്ക് നൽകുന്ന വായ്പ മുതലും പലിശയും ചേർന്ന് കിഫ്ബിയിൽ തിരിച്ചെത്തുന്നുണ്ട്. അങ്ങനെ നോക്കിയാൽ ഈ തുകയും നിയമം മൂലം സർക്കാരിൽ നിന്ന് ലഭിക്കുന്ന നികുതി വിഹിതവും ചേർത്താൽ കിഫ്ബി ഒരിക്കലും കടക്കെണിയിൽ ആവില്ല. ഓരോ പ്രോജക്ട് എടുക്കുമ്പോഴും അതിന്റെ ബാധ്യതകൾ എന്തെല്ലാമാണ് കൊടുക്കേണ്ടി വരിക എന്ന് കൃത്യമായി വിലയിരുത്താൻ പ്രാപ്തിയുള്ള അസെറ്റ് ലയബിലിറ്റി മാനേജ്മെന്റ് സോഫ്റ്റ് വെയർ കിഫ്ബി വികസിപ്പിച്ചിട്ടുണ്ട്. അതുപോലെ കിഫ്ബിക്ക് വരും വർഷങ്ങളിൽ ലഭിക്കുന്ന വരുമാനവും കൃത്യമായി കണക്ക് കൂട്ടാൻ ആവും. ഭാവിയിൽ ഒരു ഘട്ടത്തിലും കിഫ്ബിയുടെ ബാധ്യതകൾ വരുമാനത്തെ അധികരിക്കില്ല എന്ന് ഉറപ്പു വരുത്തി കൊണ്ട് മാത്രമേ കിഫ്ബി ഡയറക്ടർ ബോർഡ് പ്രോജക്ടുകൾ അംഗീകരിക്കുകയുള്ളൂ. അസറ്റ് ലയബിലിറ്റി മാച്ചിങ് (ALM ) മോഡൽ നടത്താൻ കഴിയുന്ന സോഫ്റ്റ് വെയർ അടിസ്ഥാനത്തിൽ ആണ്

കിഫ്ബി പ്രവർത്തിക്കുന്നത്, ഇതു കൊണ്ടാണ് കിഫ്ബി സംസ്ഥാനത്തിന് ബാധ്യതയാകും എന്ന ആരോപണം സാധൂകരിക്കപ്പെടാത്തത്. സംസ്ഥാനത്തെ കടക്കെണിയിലാക്കും എന്നും മറ്റുമുള്ള ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണ്. അനിയന്ത്രിതമായ കടമെടുപ്പല്ല കിഫ്ബിയിൽ നടക്കുന്നതെന്ന് സാരം. ബജറ്റിന് പുറത്ത് പദ്ധതികൾക്ക് ആവശ്യമായ പണം കണ്ടെത്തുന്നതിനുള്ള കുറുക്കുവഴിയായിട്ടല്ല സർക്കാർ കിഫ്ബിയെ വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസത്തിന് ആവശ്യമായ ധനസമാഹരണത്തിനായി രൂപീകൃതമായ ബോഡി കോർപ്പറേറ്റാണ് കിഫ്ബി. അതിനായി സംസ്ഥാന സർക്കാർ ആന്യൂറ്റിക്ക് അടിസ്ഥാനമായ വാർഷിക വിഹിതം ബജറ്റിൽ ഉൾക്കൊള്ളിച്ചു നൽകുന്നുണ്ട്. സിഎജിയുടെ 2021 ലെ സംസ്ഥാനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ കിഫ്ബിയുടെ വായ്പകളെ സംബന്ധിച്ച പരാമർശങ്ങൾ ഏകപക്ഷീയവും മേൽപ്പറഞ്ഞ വസ്തുതകൾക്ക് നിരക്കാത്തതുമാണ്. ആന്യൂറ്റി മാതൃകയിലുള്ള കിഫ്ബിയുടെ പ്രവർത്തനരീതിയെ ബജറ്റിന് പുറത്തുള്ള കടമെടുപ്പ് സംവിധാനമായി വ്യാഖ്യാനിക്കുകയാണ് സിഎജി റിപ്പോർട്ടിൽ. റിപ്പോർട്ടിൽ പറയുന്ന കാലയളവിൽ തന്നെ കേന്ദ്ര സർക്കാരും ആന്യൂറ്റി മാതൃകയിലുള്ള സാമ്പത്തിക ക്രയവിക്രയം നടത്തിയിട്ടുണ്ട്.

എഴുപത്താറായിരത്തി നാനൂറ്റിമുപ്പത്തഞ്ച് കോടി (76,435.45 കോടി) രൂപയുടെ പദ്ധതികൾ കിഫ്ബി അനുവർത്തിക്കുന്ന രീതിയിൽ കേന്ദ്ര സർക്കാർ ആന്യൂറ്റി മാതൃകയിൽ ഫണ്ട് ചെയ്യുന്നതിന് ഉറപ്പ് നൽകിയിട്ടുണ്ട്. ആ സമയത്ത് തന്നെ നാൽപ്പത്തോരായിരം കോടി (41,292.67 കോടി)യിലേറെ രൂപയുടെ ആന്യൂറ്റി ബാധ്യത കേന്ദ്രസർക്കാരിന് നിലനിൽക്കുന്നുണ്ട് എന്നതും എടുത്തുപറയണം. 2019 -20 വരെ കിഫ്ബി 5,036.61 കോടി രൂപ കടമെടുക്കുകയും 353.21 കോടി രൂപ പലിശ ഇനത്തിൽ അടച്ചു തീർത്തിട്ടുമുണ്ട്. അതോടൊപ്പം ഈ കാലയളവിൽ വാഹന നികുതി വിഹിതം, പെട്രോൾ സെസ് എന്നീ ഇനങ്ങളിലായി സംസ്ഥാന സർക്കാർ 5,572.85 കോടി രൂപ കിഫ്ബിക്ക് നൽകിയിട്ടുമുണ്ട്. അതായത്, കിഫ്ബിയുടെ ആ കാലയളവിലെ ബാധ്യതയേക്കാൾ കൂടുതൽ തുക സർക്കാരിൽ നിന്നും നൽകിയിട്ടുണ്ട്. മേൽപറഞ്ഞ കാരണങ്ങൾ കൊണ്ടുതന്നെ കിഫ്ബി വായ്പകളെ ഓഫ് ബജറ്റ് കടമെടുപ്പായോ സർക്കാരിന്റെ നേരിട്ടുള്ള ബാധ്യത ആയോ വ്യാഖ്യാനിക്കേണ്ടതില്ല. കിഫ്ബിയുടേത് ഓഫ് ബജറ്റ് വായ്പകളാണെന്നും സർക്കാരിന്മേലുള്ള കണ്ടിജന്റ് ലയബിലിറ്റി അല്ലായെന്നുമുള്ള സി.ആന്റ് എജിയുടെ നിഗമനം തെറ്റായതും കിഫ്ബിയുടെ അടിസ്ഥാന ധനകാര്യമാതൃക വിശകലനം

ചെയ്യാതെയും മനസ്സിലാക്കാതെയുമുള്ളതാണെന്ന് മാത്രവുമല്ല സി.ആന്റ്ട എജിയുടെ നിർദ്ദേശങ്ങൾ സാധാരണ അക്കൌണ്ടിംഗ് തത്വങ്ങള്ക്ക് അനുസൃതമല്ലാത്തതുമാണ്. ആയതിനാൽ 2019 ലെ സംസ്ഥാനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ സി.ആന്റ്ത എ.ജി നടത്തിയ സമാന പരാമർശങ്ങൾ പതിനാലാം കേരള നിയമസഭ നിരാകരിച്ചിരുന്നതാണ്.

(ബി) ഇത്തരത്തിൽ സംസ്ഥാന നിയമസഭയെ അറിയിക്കാതെയും നിയമസഭയുടെ അനുമതി വാങ്ങാതെയും നടത്തുന്നതായി പറയപ്പെടുന്ന കടമെടുപ്പിലെ ഗുരുതരമായ അനൗചിത്യം കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ചൂണ്ടിക്കാട്ടിയിട്ടുള്ളതിൽ സർക്കാരിന്റെ അഭിപ്രായം അറിയിക്കാമോ;&

(സി) ഇപ്രകാരമുള്ള കടമെടുപ്പ് 2003 ലെ കേരള ധന ഉത്തരവാദിത്ത നിയമങ്ങളുടെ ലംഘനമാണെന്ന കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ പ്രസ്തുത റിപ്പോർട്ടിലെ പരാമർശം സർക്കാർ എപ്രകാരമാണ് വിലയിരുത്തുന്നത്?

(ബി &സി) 2003 ലെ കേരള ധന ഉത്തരവാദിത്ത നിയമത്തിൽ വിവക്ഷിക്കുന്ന പരിധിക്കുള്ളിൽ നിന്നുകൊണ്ടു തന്നെയാണ് കിഫ്ബിയുടെ വായ്പകള്ക്ക്ു സർക്കാർ ഗ്യാരണ്ടി നല്കുന്നത്. ഇത് ബജറ്റ്

രേഖകളോടൊപ്പം സഭയിൽ സമർപ്പിക്കപ്പെടുന്നതാണ്. കൂടാതെ കിഫ്ബിയുടെ അക്കൌണ്ട്സും പ്രവർത്തന റിപ്പോർട്ടും ബജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കപ്പെടുന്നുണ്ട്. ആയതിനാൽ തന്നെ കിഫ്ബിയുടെ കടമെടുപ്പ് 2003 ലെ ധന ഉത്തരവാദിത്ത നിയമത്തിന്റെ ലംഘനമാണെന്നുള്ള വാദത്തിനും നിയമ സഭയെ അറിയിക്കാതെയുള്ള കടമെടുപ്പാണെന്നുമുള്ള വാദത്തിലും കഴമ്പില്ല. ഈ പരാമർശവും സഭ നിരാകരിച്ചിട്ടുള്ളതാണ്.

(ഡി) സംസ്ഥാന സർക്കാർ ഉടമസ്ഥതയിൽ രൂപീകരിച്ചിട്ടുള്ള കമ്പനികൾ മുഖാന്തരം നടത്തുന്ന ബഡ്ജറ്റ് ഇതര കടമെടുപ്പ് ഉൾപ്പെടെയുള്ളവ സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിലും അക്കൗണ്ടിലും ഉൾപ്പെടുത്തണമെന്ന കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ നിർദേശം [മേൽ പറഞ്ഞ ഖണ്ഡിക 2.6.2 ലെ ശിപാർശ] സംസ്ഥാന സർക്കാർ നടപ്പിലാക്കുമോ?

സർക്കാർ വിവിധ ആവശ്യങ്ങള്ക്കാ യി രൂപീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിലൂടെ അവയുടെ പ്രവർത്തന രീതിക്ക് വിധേയമായി വായ്പയിലൂടെ സമാഹരിക്കുന്ന തുകയുടെ വിശദാംശം പ്രസ്തുത സ്ഥാപനങ്ങളുടെ ബാധ്യതയായി അവയുടെ കണക്കുകളിൽ

കാണിക്കുന്നുണ്ട്. അവ സർക്കാരിന്റെ ബാധ്യതയല്ലാത്തതിനാൽ സർക്കാരിന്റെ കണക്കുകളില്പ്പെടുത്തേണ്ടതില്ല.

**സൗജന്യ കോവിഡ് വാക്സിനായി വകയിരുത്തിയ തുക**

**79 (468)** ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാർ വാക്സിനേഷൻ സൗജന്യമാക്കിയ പശ്ചാത്തലത്തിൽ, ജനങ്ങൾക്ക് സൗജന്യ കോവിഡ് വാക്സിൻ ലഭ്യമാക്കുന്നതിനായി, കഴിഞ്ഞ ബജറ്റിൽ വകയിരുത്തിയ ആയിരം കോടി രൂപ ഏത് ഇനത്തിലാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

കേന്ദ്ര സർക്കാർ വാക്സിനേഷൻ സൗജന്യമാക്കിയ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് സൗജന്യ കോവിഡ് വാക്സിൻ ലഭ്യമാക്കുന്നതുൾപ്പെടെയുള്ള കോവിഡ് നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ '2210-06-101-12-NV- കോവിഡ് 19 പകർച്ചവ്യാധി നിയന്ത്രണവും നിർവ്വഹണവും' ശീർഷകത്തിൽ വകയിരുത്തിയ 1500 കോടി രൂപയിൽ 550 കോടി രൂപ സ.ഉ.(സാധാ) നം.5368/2021/ധന തീയതി 09.08.2021, സ.ഉ.(സാധാ)നം.6957/2021/ ധന തീയതി 27.10.2021 എന്നീ ഉത്തരവുകൾ പ്രകാരം കോവിഡ് അനുബന്ധ

ഉപകരണങ്ങളും ഉപഭോഗസാമഗ്രികളും വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL) ന് അനുവദിച്ച നല്കിയിട്ടുണ്ട്. ടി 550 കോടി രൂപയിൽ 465.29 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു+.

## കേന്ദ്ര ബജറ്റിലെ സംസ്ഥാനവിഹിതം

**80 (469)** ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈയിടെ പ്രഖ്യാപിച്ച കേന്ദ്ര ബജറ്റിൽ കേരളത്തിന്റെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മതിയായ പരിഗണന നൽകിയിട്ടുണ്ടോ;

(ബി) കേന്ദ്ര ബജറ്റിന് മുമ്പ് സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ ബന്ധപ്പെട്ട തലത്തിൽ നൽകിയിട്ടുണ്ടോ; എങ്കിൽ സംസ്ഥാനം സമർപ്പിച്ച അടിയന്തര പ്രാധാന്യമുള്ള കാര്യങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അതിൽ ഏതെല്ലാം അംഗീകരിച്ചു എന്നും വിശദമാക്കുമോ?

(എ & ബി) പ്രകൃതി ദുരന്തങ്ങൾ മൂലമുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കും കോവിഡ് മഹാമാരിയെ തുടർന്നുണ്ടായിട്ടുള്ള സാമ്പത്തിക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രതിസന്ധി മറികടക്കുന്നതിനായും സംസ്ഥാന സമ്പദ്ഘടനയെ പുനഃരുജ്ജീവിപ്പിക്കുന്നതിനായും കേന്ദ്ര ബജറ്റിൽ പ്രത്യേക സഹായ പാക്കേജുകൾ ഉൾപ്പെടുത്താൻ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള യോഗത്തിൽ (Pre -Budget Speech) ധനകാര്യ മന്ത്രി ആവശ്യപ്പെട്ടിരുന്നു. കൂടാതെ, സംസ്ഥാനങ്ങളുടെ സമ്പദ് വ്യവസ്ഥയ്ക്ക് പൊതുവിൽ ഗുണകരമാവുന്ന ചില നടപടികളും കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി മുന്നോട്ടു വച്ചിരുന്നു. കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനം കേന്ദ്ര സർക്കാരിന്റെ മുമ്പാകെ സമർപ്പിച്ച പ്രധാനപ്പെട്ട ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.

സമ്പദ് വ്യവസ്ഥയെ പുന:രുജീവിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കൈകൊണ്ട ഉത്തേജന നടപടികളെ വേണ്ടവിധം പിന്തുണക്കുന്നതിനായി ഒരു പ്രത്യേക ഉത്തേജന പാക്കേജ് കേന്ദ്ര ബജറ്റിൽ പ്രഖാപിക്കുക

കോവിഡ് -19 കാരണം മടങ്ങി വരുന്ന പ്രവാസികൾക്ക് പ്രത്യേക പാക്കേജ്

ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുക.

സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വർദ്ധിപ്പിക്കുക.

കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള സംസ്ഥാന വിഹിതത്തിൽ (inter se share) ഉണ്ടായിട്ടുള്ള കുറവ് നിമിത്തം വരുമാനത്തിലുണ്ടായ നഷ്ടം നികത്തൽ.

പെട്രോൾ-ഡീസൽ സെസ്സും സർചാർജ്ജും യുക്തി സഹമാക്കുക.

അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി വിദേശ ഏജൻസികളിൽ നിന്ന് കേന്ദ്ര സർക്കാർ മുഖേന ലഭ്യമാകുന്ന ബാഹ്യ സഹായ പദ്ധതികൾക്കുള്ള (Externally Aided Projects) വായ്പകൾ നടപ്പുസാമ്പത്തിക വർഷത്തിലേക്കും അടുത്ത രണ്ട് വർഷത്തേക്കും സംസ്ഥാനത്തിന്റെ വായ്പാ പരിധിക്ക് പുറത്ത് അനുവദിക്കുക.

കേന്ദ്രവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം വർദ്ധിപ്പിക്കുക.

60:40 അനുപാതത്തിൽ നടപ്പിലാക്കുന്ന National Health Mission 100% കേന്ദ്രാവിഷ്കൃത പദ്ധതിയാക്കുക.

സംസ്ഥാനത്തിന്റെ മുൻനിര പദ്ധതികളായ സിൽവർലൈൻ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് പിന്തുണയും അനുമതിയും നൽകുക.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി പ്രത്യേക ധനസഹായം നൽകുക. സംസ്ഥാനത്തിന്റെ മേൽ നിർദ്ദേശങ്ങളൊന്നും തന്നെ കേന്ദ്ര സർക്കാർ ബജറ്റിൽ പരിഗണിച്ചിട്ടില്ല.

(സി) കേന്ദ്ര ബജറ്റിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല എങ്കിൽ കേരളത്തിന്റെ പ്രതിഷേധം ഔദ്യോഗിക തലത്തിൽ അറിയിച്ച് പരിഹരിക്കാൻ ശ്രമം നടത്തിയോ എന്ന് വിശദമാക്കുമോ?

2022-23 കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള കേന്ദ്ര ധനകാര്യ മന്ത്രിയുമായുള്ള യോഗത്തിൽ (Pre -Budget Speech) പ്രത്യേക സഹായ പാക്കേജുകളും സംസ്ഥാനങ്ങളുടെ സമ്പദ് വ്യവസ്ഥയ്ക്ക് പൊതുവിൽ ഗുണകരമാവുന്ന ചില നടപടികളും കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി ആവശ്യപ്പെട്ടതിനോടൊപ്പം മുൻകാലങ്ങളിൽ സംസ്ഥാനം കേന്ദ്ര സർക്കാരിന് മുമ്പാകെ സമർപ്പിച്ച പല ആവശ്യങ്ങളും പരിഗണിച്ചിരുന്നില്ല എന്നുള്ള വസ്തുതയും കേന്ദ്ര ധനകാര്യ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## കെ.എസ്.എസ്.പി.എൽ. കമ്പനി

**81 (470)** ഡോ. മാത്യു കുഴൽനാടൻ :

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക സുരക്ഷാ പെൻഷൻ വിതരണത്തിനായി 2018 ൽ സർക്കാർ രൂപീകരിച്ചിട്ടുള്ള കെ.എസ്.എസ്.പി.എൽ. എന്ന കമ്പനിയുടെ നിലവിലെ കടബാധ്യത എത്രയാണ്; വിശദവിവരങ്ങൾ നൽകാമോ?

കെ.എസ്.എസ്.പി.എൽ -ന്റെ നിലവിലെ കട ബാധ്യത 10,823.49/- കോടി രൂപയാണ്.

(ബി) പ്രസ്തുത കടബാധ്യത എപ്രകാരമാണ് വീട്ടാൻ കഴിയുന്നത് എന്ന് അറിയിക്കാമോ ;

(സി) സംസ്ഥാന നിയമസഭയെ അറിയിക്കാതെയും നിയമസഭയുടെ അനുമതി വാങ്ങാതെയും സാമ്പത്തിക ഇടപാടുകൾ നടത്തുന്നതായി പറയപ്പെടുന്ന കെ.എസ്.എസ്.പി.എൽ. എന്ന കമ്പനിയുടെ കടബാധ്യത എപ്രകാരം സർക്കാർ മുഴുവനായും വീട്ടും എന്നാണ് കമ്പനി രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

2013 ലെ കമ്പനീസ് ആക്റ്റ് പ്രകാരം പൊതുമേഖലാ സ്ഥാപനമായി രൂപീകരിച്ചിട്ടുള്ള കെ.എസ്.എസ്.പി.എൽ-ന് കടം എടുക്കുന്നതിന് ഓഹരി

ഉടമകളുടെ പൊതുയോഗത്തിൽ വച്ചുള്ള അനുമതിയാണ് ആവശ്യമായി വരുന്നത്. കമ്പനിയുടെ ബാധ്യത, ബജറ്റിലൂടെ വകയിരുത്തുന്ന തുകയിലൂടെയും കമ്പനി സ്വന്തമായി കടമെടുക്കുന്ന തുകയിലൂടെയുമാണ് തീർക്കേണ്ടത് എന്ന് 26.06.2018 തീയതിയിലെ സ.ഉ.നം.(കൈ) 232/2018/ധന പ്രകാരവും കമ്പനിയുടെ M.O.A പ്രകാരവും വ്യക്തമാക്കിയിരിക്കുന്നു.

(ഡി) കെ.എസ്.എസ്.പി.എൽ. എന്ന കമ്പനിക്ക് കേന്ദ്ര സർക്കാരിൽ നിന്നും എൻ.എസ്.എ.പി. പദ്ധതി പ്രകാരം 2020-21 വർഷം എത്ര രൂപ വിഹിതമായി ലഭിച്ചു; ആയതിൽ എത്ര രൂപ പെൻഷൻ വിതരണത്തിനായി ചെലവഴിച്ചു എന്നറിയിക്കാമോ?

കെ.എസ്.എസ്.പി.എൽ-ന് കേന്ദ്ര സർക്കാരിൽ നിന്ന് നേരിട്ട് ധനസഹായം ലഭിക്കുന്നില്ല. NSAP ധനസഹായം ചേർന്ന തുകയാണ് ബജറ്റ് വിഹിതമായിട്ട് പെൻഷൻ വിതരണത്തിന് വിനിയോഗിക്കുന്നത്.

(ഇ) കെ.എസ്.എസ്.പി.എൽ. എന്ന കമ്പനിയുടെ ഉദ്യോഗസ്ഥ സംവിധാനങ്ങളെക്കുറിച്ചുള്ള വിശദ വിവരം (നിയമനരീതിയും ശമ്പളവും ആനുകൂല്യങ്ങളും ഉൾപ്പെടെ) നൽകാമോ?

കെ.എസ്.എസ്.പി.എൽ -ന്റെ ഉദ്യോഗസ്ഥ സംവിധാനം ചുവടെ കാണും പ്രകാരമാണ്.

1. അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി - ധനകാര്യ വകുപ്പ് MD യുടെ ചുമതല വഹിക്കുന്നു.

2. ധനകാര്യ വകുപ്പിലെ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലുള്ള B.com ബിരുദമുള്ള ഒരു ഉദ്യോഗസ്ഥയെ (ശമ്പള സ്കെയിൽ 59300- 120900) കമ്പനിയുടെ Manager (Finance & Accounts) ആയും ധനകാര്യ വകുപ്പിലെ ഒരു അസിസ്റ്റന്റിനെ (ശമ്പള സ്കെയിൽ 45600- 95600) അസിസ്റ്റന്റ് തസ്തികയിലും അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരിക്കുന്നു.

3. Technical Assistant തസ്തികയിൽ ഒരാളെ കരാർ വ്യവസ്ഥയിൽ 40,000/- രൂപ പ്രതിമാസ പ്രതിഫലത്തിൽ നിയമിച്ചിരിക്കുന്നു.

**സാമൂഹ്യ ക്ഷേമ പെൻഷൻ**

**82 (471)** <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹതപ്പെട്ടവർക്ക് സാമൂഹ്യ ക്ഷേമ പെൻഷൻ നിഷേധിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്ഷേമനിധി

പെൻഷൻ വാങ്ങുന്നവർക്ക് മറ്റ് പെൻഷന് അവകാശമില്ല എന്ന മാനദണ്ഡം മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

അർഹതപ്പെട്ട എല്ലാപേർക്കും സാമൂഹ്യ ക്ഷേമ പെൻഷൻ അനുവദിക്കുന്നുണ്ട്. 06-02-2017-നുമുമ്പ് ക്ഷേമനിധി ബോർഡ് പെൻഷനും സാമൂഹ്യ സുരക്ഷാ പെൻഷനും ലഭിച്ചിരുന്നവർക്ക് ഒരു ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിൽ ലഭിക്കുന്നതിനു പുറമെ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതാണ്. തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ഗുണഭോക്താക്കൾക്ക് പ്രസ്തുത ക്ഷേമനിധി പെൻഷന് പുറമെ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്. ഇതുമായി ബന്ധപ്പെട്ട നിലവിലുള്ള മാനദണ്ഡത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല.

(ബി) കോവിഡ് കാലഘട്ടത്തിൽ യഥാസമയം മസ്റ്ററിംഗ് നടത്താത്തതുമൂലം പെൻഷന് അർഹരായ ഗുണഭോക്താക്കൾക്ക് പെൻഷൻ ലഭിക്കാതിരിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; പ്രസ്തുത ഗുണഭോക്താക്കൾക്ക് തുടർന്നും പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

2019 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ടവർക്കാണ് മസ്റ്ററിംഗ് ഏർപ്പെടുത്തിയത്. യഥാസമയം മസ്റ്റർ ചെയ്യാൻ കഴിയാതിരുന്നവർക്ക് മസ്റ്ററിംഗിനായി 2022 ഫെബ്രുവരി 1 മുതൽ 20 വരെ സമയം വീണ്ടും അനുവദിച്ചിരുന്നു. മസ്റ്ററിംഗ് പരാജയപ്പെടുന്നവർക്ക് ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്നതിനും അത് "സേവന"യിൽ അപ്‌ലോഡ് ചെയ്യുന്നതിനും ഫെബ്രുവരി 28 വരെ സമയം അനുവദിച്ചിട്ടുണ്ട്. മസ്റ്റർ ചെയ്യുന്ന/ലൈഫ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുന്ന മുറയ്ക്ക് അർഹതപ്പെട്ട എല്ലാവർക്കും പെൻഷൻ ലഭിക്കുന്നതാണ്.

(സി) ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾ അടയ്ക്കുന്ന വിഹിതമാകയാൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ അനുവദിച്ചിരുന്നത് പോലെ ക്ഷേമനിധി പെൻഷൻ ലഭിക്കുന്നവർക്ക് ഒരു പെൻഷന് കൂടി അനുമതി നൽകുന്നത് പരിഗണിക്കുമോ?

സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിലെ ഗുണഭോക്താക്കൾക്ക് മറ്റൊരു പെൻഷൻ കൂടി ലഭിക്കുന്നതിന് അർഹതയില്ല. എന്നാൽ തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ഗുണഭോക്താക്കൾക്ക് പ്രസ്തുത ക്ഷേമനിധി

പെൻഷന് പുറമെ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്.

**ആലപ്പാട് പുതിയ ഐ.ടി.ഐ. ആരംഭിക്കാൻ നടപടി**

**83 (472)** ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ആലപ്പാട് പുതിയതായി ഐ.ടി.ഐ. ആരംഭിക്കുന്നതിനുള്ള നിർദ്ദേശത്തിന്മേൽ അനുകൂല തീരുമാനം ഉണ്ടാകുമോ എന്ന് വിശദമാക്കാമോ ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ആലപ്പാട് പുതുതായി ഐ.ടി.ഐ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യവകുപ്പ് പരിശോധിച്ച് വരികയാണ്.

**സിൽവർ ലൈൻ പദ്ധതിക്കായി അന്താരാഷ്ട്ര ഏജൻസികളിൽ നിന്നും വായ്പ**

**84 (473)** ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിക്കായി ധനസഹായം നൽകുവാൻ മുന്നോട്ടുവന്നിട്ടുള്ള അന്താരാഷ്ട്ര ഏജൻസികൾ ഓരോന്നും പദ്ധതിക്കായി

വായ്പ അനുവദിക്കുമ്പോൾ തിരിച്ചടവിലും പദ്ധതി പ്രവർത്തനങ്ങളിലും നിർബന്ധമായും പാലിക്കേണ്ടി വരുന്ന നിബന്ധനകൾ സംബന്ധിച്ച് സംസ്ഥാന ധനകാര്യ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിബന്ധനകൾ പ്രകാരം ധനവിനിയോഗം നടത്തേണ്ടിവരുന്നത് സംസ്ഥാനത്തിന്റെ പൊതുതാത്പര്യത്തിനും പദ്ധതിയുടെ ഉദ്ദേശലക്ഷ്യത്തിനും വിരുദ്ധമാവില്ല എന്ന് ധനകാര്യ വകുപ്പ് വിലയിരുത്തുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(എ &ബി)സിൽവർലൈൻ പദ്ധതിയുടെ വിദേശ വായ്പയ്ക്കായുള്ള അപേക്ഷ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. റെയിൽ മന്ത്രാലയം, നീതി ആയോഗ്, എക്സ്പെന്റിച്ചർ വകുപ്പ് എന്നിവയുടെ വായ്പാ ശുപാർശ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിൽ ലഭ്യമായിട്ടുണ്ട്. അവരുടെ തുടർ പരിശോധനകൾക്ക് ശേഷം മാത്രമേ പദ്ധതി ഔദ്യോഗികമായി വിദേശ വായ്പാ ഏജൻസികൾക്ക് ലഭ്യമാക്കുകയുള്ളു. അതിനുശേഷം നടക്കുന്ന ഔദ്യോഗിക ചർച്ചകളിൽ കൂടിയായിരിക്കും നിബന്ധനകൾ രൂപപ്പെടുക. ഇപ്പോൾ പദ്ധതി വിശദാംശങ്ങൾ മാത്രമാണ് വിദേശ വായ്പാ ഏജൻസികളുമായി ചർച്ച ചെയ്യുകയും അവർ താത്പര്യം പ്രകടിപ്പിക്കുകയും ചെയ്തിരിക്കുന്നത്. ആയതിനാൽ നിലവിൽ സിൽവർ

ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് വിദേശ വായ്പ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ സംബന്ധിച്ച് ധനകാര്യ വകുപ്പ് പരിശോധനകൾ ഒന്നും നടത്തിയിട്ടില്ല.

**സിൽവർ ലൈൻ പദ്ധതിക്ക് അനുവദിച്ച തുക**

**85 (474)** ശ്രീ. സജീവ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ധനകാര്യ വകുപ്പ് എത്ര രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്; ഏതൊക്കെ ഇനത്തിലാണ് തുക അനുവദിച്ചതെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചു വരുന്നു.

**നിർമ്മാണ മേഖലയിലെ പ്രതിസന്ധി**

**86 (475)** ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംസ്കൃത വസ്തുക്കളുടെ അനിയന്ത്രിതമായ വിലവർദ്ധനവ് നിർമ്മാണ മേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് മറികടക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണ സാധനങ്ങൾക്ക് ഏകദേശം 50% വിലവർദ്ധനവ് ഉണ്ടായ സാഹചര്യത്തിൽ കരാറുകാർക്ക് റേറ്റ് റിവൈസ് ചെയ്ത് നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) സിമന്റിന്റെ വില കുറയ്ക്കാൻ സർക്കാർ അടിയന്തരമായി ഇടപെടുമോ; ഏറ്റവും ഉയർന്ന നികുതി നിരക്ക് സിമന്റിന് ഈടാക്കുന്നത് ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) സർക്കാർ കരാറുകാർക്ക് ജനുവരി മുതൽ ജി.എസ്സ്.ടി. നിരക്ക് 18% ആയി വർദ്ധിപ്പിച്ചത് പുനഃപരിശോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

**കെ.എസ്.ആർ. ബാധകമായ പൊതുമേഖലാ സ്ഥാപനങ്ങൾ**

**87 (477)** <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സർവ്വീസ് ചട്ടങ്ങൾ (കെ.എസ്.ആർ.) ബാധകമായ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**ചൊക്ലി സർക്കാർ കോളേജ്**

**88 (478)** ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 സാമ്പത്തിക വർഷം 5 കോടി രൂപ അനുവദിച്ച തലശ്ശേരി നിയോജക മണ്ഡലത്തിലെ ചൊക്ലി സർക്കാർ കോളേജിന്റെ അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായോ (ഫയൽ നമ്പർ-1954980); ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തിക്ക് ദ്രുതഗതിയിൽ ഭരണാനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

തലശ്ശേരി നിയോജക മണ്ഡലത്തിലെ ചൊക്ലി സർക്കാർ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ 5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുന്നതിനും, ചെലവ് '4202-01-203-99 (P) CONSTRUCTION OF BUILDINGS FOR COLLEGES AND HOSTELS INCLUDING LAW COLLEGES' എന്ന ശീർഷകത്തിൽ

നിന്നും വഹിക്കുന്നതിനും ധനകാര്യ വകുപ്പ് 1954980/വിദ്യാ - സി4/381/2021-ധന നമ്പർ ഫയലിൽ അനുമതി നൽകിയിട്ടുണ്ട്(ഉന്നത വിദ്യാഭ്യാസ വകുപ്പ് ഫയൽ നം. 1954292/ഉ.വി.വ- സി2/324/2021-ഉ.വി.വ).

## ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സേവന വേതന പരിഷ്കരണം

**89 (479)** <u>ശ്രീ. എം. വിൻസെൻറ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സേവന വേതന പരിഷ്കരണത്തിന്റെ ഭാഗമായി ഒമ്പതാം ശമ്പള കമ്മീഷൻ ഉത്തരവിലൂടെ കൊണ്ടുവന്ന നാലാം ഹയർ ഗ്രേഡ്, തസ്തികമാറ്റം വഴി പ്രമോഷൻ ലഭിക്കുന്നവർക്ക് പ്രമോഷൻ തസ്തിക പ്രവേശന തസ്തികയായി മാറുന്നതിനാൽ ലഭിക്കുന്നില്ല എന്നുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നാലാം സമയ ബന്ധിത ഹയർഗ്രേഡ് നിലവിൽ വന്നത് ഒമ്പതാം ശമ്പള കമ്മീഷൻ ഉത്തരവിലൂടെയല്ല മറിച്ച് 10-03-1998-ലെ GO (P) No.899/98/(155)/Fin സർക്കാർ ഉത്തരവിലൂടെയാണ്. ടി ഉത്തരവ് പ്രകാരം 01.03.1992 പ്രാബല്യത്തിൽ

അനുവദിച്ച ടി ഗ്രേഡിന്റെ സാമ്പത്തികാനുകൂല്യം 01/04/1995 മുതൽ അനുവദിച്ചിരുന്നു. ജീവനക്കാർക്ക് "ബൈ ട്രാൻസ്ഫർ" നിയമനം ലഭിക്കുന്നതോടുകൂടി ടി ബൈ ട്രാൻസ്ഫർ നിയമന തസ്തിക ടിയാളുടെ പ്രവേശന തസ്തികയായി മാറുന്നതാണ്. ടിയാൾക്കു തുടർന്നുള്ള സമയ ബന്ധിത ഹയർഗ്രേഡ് പ്രൊമോഷനുകളെല്ലാം അനുവദിക്കുന്നത് ടി ബൈ ട്രാൻസ്ഫർ നിയമന തസ്തികയെ അടിസ്ഥാനമാക്കിയാണ്. ഇത് സമയ ബന്ധിത ഹയർഗ്രേഡ് പ്രൊമോഷൻ സ്കീമിന്റെ അടിസ്ഥാന തത്വം ആണ്. അതിൻപ്രകാരം ടി ബൈ ട്രാൻസ്ഫർ നിയമന തസ്തികയിൽ നാലാം സമയ ബന്ധിത ഹയർഗ്രേഡിനുള്ള നിശ്ചിത വർഷ യോഗ്യതാ സേവന കാലയളവുകൾ പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ടി ഗ്രേഡ് ടിയാൾക്ക് ലഭിക്കുന്നതാണ്.

(ബി) തസ്തികമാറ്റം വഴി പ്രമോഷൻ ലഭിക്കുമ്പോൾ പ്രമോഷൻ തസ്തിക പ്രവേശന തസ്തികയായി മാറുന്നതിനാൽ നാലാം ഹയർഗ്രേഡ് ലഭിക്കാതെ പോകുന്നത് ലഭിക്കുന്നതിലേയ്ക്കായി നൽകിയിട്ടുള്ള നിർദ്ദേശം നടപ്പിലാക്കാൻ തയ്യാറാകുമോ?

പരാമർശിച്ച തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും തന്നെ ലഭിച്ചിട്ടില്ല.

(സി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തസ്തികമാറ്റം വഴി പ്രമോഷൻ ലഭിച്ചാൽ ജോലിയിൽ പ്രവേശിച്ച ആദ്യ തസ്തിക പ്രവേശന തസ്തികയായി നിലനിർത്തി 27 വർഷം തികയുമ്പോൾ നാലാം ഹയർ ഗ്രേഡ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് "ബൈ ട്രാൻസ്ഫർ" നിയമനം ലഭിച്ച ശേഷം ജോലിയിൽ പ്രവേശിച്ച ആദ്യ തസ്തിക പ്രവേശന തസ്തികയായി നിലനിർത്തി 27 വർഷം തികയുമ്പോൾ നാലാം ഹയർഗ്രേഡ് അനുവദിക്കാൻ നിലവിൽ വ്യവസ്ഥ ഇല്ല. എന്നാൽ പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 10/02/2021 ലെ GO (P) No.27/21/Fin സർക്കാർ ഉത്തരവിലെ അനുബന്ധം VI ലെ ഖണ്ഡിക 21 ൽ 23700-52600, 24400-55200 എന്നീ പ്രവേശന സ്കെയിലിലുള്ള ജീവനക്കാർക്ക് അവരുടെ 23000-50200 ശമ്പള സ്കെയിലിലുള്ള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് കൂടി കണക്കിലെടുത്ത് മൂന്ന്, നാല് സമയ ബന്ധിത ഹയർഗ്രേഡുകൾ അനുവദിക്കാൻ ഉത്തരവായിട്ടുള്ളതാണ്. ഇത്തരക്കാർക്ക് മൂന്നാം സമയ ബന്ധിത ഹയർഗ്രേഡിന്റെ പ്രാബല്യത്തിയതി മുതൽ 5 വർഷം പൂർത്തിയായതിനു ശേഷം മാത്രമാണ് നാലാം സമയ ബന്ധിത ഹയർഗ്രേഡിന് അർഹത

വരുന്നത്. ഇത്തരത്തിൽ പരിഷ്കരിച്ച നാലാം സമയ ബന്ധിത ഹയർഗ്രേഡ് സ്കീമിന്റെ പ്രാബല്യത്തീയതി 01-04-2021 ആണ്.

## കോവിഡ് പാക്കേജ്

**90 (481)** ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച രണ്ടാം കോവിഡ് പാക്കേജ് പ്രകാരം ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം കയ്യിൽ എത്തിക്കുന്ന പദ്ധതി മുഖേന നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

(ബി) ഏതൊക്കെ മേഖലയിൽ ഏതൊക്കെ പദ്ധതികളിൽ എത്ര രൂപ വീതമാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ?

(എ &ബി) വിവരം ശേഖരിച്ചു വരുന്നു.

## ധനകാര്യ സ്ഥാപനങ്ങളിലെ തട്ടിപ്പ്

**91 (482)** ശ്രീ. പി. കെ. ബഷീർ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില ധനകാര്യ സ്ഥാപനങ്ങൾ ആകർഷകമായ വ്യവസ്ഥകൾ നൽകി ജനങ്ങളിൽ നിന്നും പണം സ്വീകരിച്ച് തട്ടിപ്പുനടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനാരംഭത്തിൽ തന്നെ ഇവയെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിൽ നിയമസംവിധാനം ഉണ്ടോ; വിശദമാക്കാമോ;

(സി) അനധികൃതമായി നിക്ഷേപം സ്വീകരിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി & സി) ഉണ്ട്. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന കേരള പ്രൊട്ടക്ഷൻ ഓഫ് ഇന്ററസ്റ്റ് ഓഫ് ഡെപ്പോസിറ്റേഴ്സ് ആക്ട് 2013 മായി സാമ്യമുള്ള കേന്ദ്ര ബഡ്സ് ആക്ട് 2019, 21.02.2019 ന് നിലവിൽ വന്നു. 12-02-2020 തീയതിയിലെ S.Ono.663(E) വിജ്ഞാപന പ്രകാരം സംസ്ഥാനങ്ങൾക്കെല്ലാം ബാധകമാക്കിക്കൊണ്ട് കേന്ദ്ര സർക്കാരിന്റെ ചട്ടവും നിലവിൽ വന്നു. പ്രസ്തുത ആക്ടിന്റെ 7(1) വകുപ്പ് പ്രകാരം ആക്ട് നടപ്പാക്കുന്നതിനായി ശ്രീ.സഞ്ജയ്.എം.കൗൾ ഐ.എ.എസ്. നെ

കോംപീറ്റന്റ് അതോറിറ്റിയായും, 7(2) വകുപ്പ് പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാരേയും കോംപീറ്റന്റ് അതോറിറ്റിയെ സഹായിക്കുന്നതിനുള്ള ഓഫീസർമാരായും നിയമിച്ചിട്ടുണ്ട്. ആക്ടിന്റെ സെക്ഷൻ 8 പ്രകാരം സംസ്ഥാനത്ത് 14 ഡെസിഗ്നേറ്റഡ് കോടതികൾ രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ആക്ടിന്റെ സെക്ഷൻ 38(1) പ്രകാരം കേരള ബാനിംഗ് ഓഫ് അൺറെഗുലേറ്റഡ് ഡെപ്പോസിറ്റ് സ്കീം ചട്ടം 2021, 25.11.2021 ന് നിലവിൽ വരികയും ആയത് 25.11.2021 ന് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അനധികൃത നിക്ഷേപം സ്വീകരിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ പ്രസ്തുത നിയമം/ചട്ടം എന്നിവയിലെ ബന്ധപ്പെട്ട വകുപ്പുകൾ അനുസരിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു.

**പള്ളിപ്പാലം വായന്നൂർ-വേക്കളം റോഡിന് ഭരണാനുമതി**

**92 (483)** <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മട്ടന്നൂർ മണ്ഡലത്തിലെ പള്ളിപ്പാലം വായന്നൂർ-വേക്കളം റോഡിന് ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചു വരുന്നു.

**റീബിൽഡ് കേരള പ്രോജക്ട്**

**93 (484)** <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരളയിലേയ്ക്ക് ലോക ബാങ്കിന്റെ സഹായമായി എത്ര രൂപ ലഭിച്ചിട്ടുണ്ട്; ഒന്നാം ഗഡുവായി എത്ര രൂപയും രണ്ടാം ഗഡുവായി എത്ര രൂപയുമാണ് ലഭിച്ചത്; മറ്റേതെങ്കിലും വിദേശ സഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പദ്ധതികൾക്കായി ലോകബാങ്കിന്റെ വികസനനയ വായ്പയായി 250 ദശലക്ഷം ഡോളർ ലഭിച്ചിട്ടുണ്ട്. കൂടാതെ ജർമൻ ബാങ്കായ കെ.എഫ്.ഡബ്ല്യുവിൽ നിന്ന് 100 ദശലക്ഷം യൂറോയും ലഭ്യമായിട്ടുണ്ട്. കൂടാതെ ലോകബാങ്കിന്റെയും,ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ഇൻവെസ്റ്റ്മെന്റ് ബാങ്കിന്റെയും (AIIB) ഫ്രഞ്ച് വികസന ഏജൻസിയുടെയും (AFD)പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന

ഫലപ്രാപ്തി അധിഷ്ഠിത വായ്പാ പദ്ധതി (PfR) യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു

(ബി) റീബിൽഡ് കേരള പ്രോജക്ടിന്റെ ഓഫീസ് പ്രവർത്തനവുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര രൂപ ചെലവാക്കിയിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഓഫീസ് പ്രവർത്തനവുമായി ബന്ധപ്പെട്ട് ഓഫീസ് സജ്ജമാക്കൽ, ഓഫീസ് വാടക, വാഹന വാടക, ഹൗസ് കീപ്പിങ്, ടെലിഫോൺ,വൈദ്യുതി ചാർജ്, മറ്റിനങ്ങൾ എന്നിവയ്ക്കായി നാളിതുവരെ 1,43,96,716/- രൂപ (ഒരു കോടി നാൽപ്പത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി എഴുന്നൂറ്റിപതിനാറ് രൂപ മാത്രം). (നികുതികൾ പുറമെ) ചെലവഴിച്ചിട്ടുണ്ട്.

(സി) റീബിൽഡ് കേരളയ്ക്ക് പദ്ധതി വിഹിതമായി 2018-19 മുതൽ ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുക എത്രയാണെന്നും ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ?

2018-19 സാമ്പത്തിക വർഷം മുതൽ റീബിൽഡ് കേരളയ്ക്ക് പദ്ധതി വിഹിതമായി ഓരോ വർഷവും അനുവദിച്ച തുക ചെലഴിച്ച തുക എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അനുവദിച്ച തുക (രൂപ) | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| 2018-19 | 110.01 | 4.31 |
| 2019-20 | 101000.01 | 858.04 |
| 2020-21 | 100100.01 | 612,40.59 |
| 2021-22 | 1831200.01 | 39067.46 |

## തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം

**94 (485)** ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലുറപ്പ് തൊഴിലാളികൾക്ക് നൽകുന്ന പ്രതിദിന വേതനം എത്രയെന്ന് വ്യക്തമാക്കുമോ?

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിലെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെയും തൊഴിലാളികൾക്ക് പ്രതിദിന വേതനമായി 291/- രൂപയാണ് നൽകി വരുന്നത്.

(ബി) പ്രസ്തുത വേതനവിതരണത്തിൽ മുടക്കം ഉണ്ടായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര കാലമായി എന്നും എന്തുകൊണ്ടാണെന്നും വിശദമാക്കുമോ?

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്കുള്ള വേതന വിതരണത്തിൽ നിലവിൽ മുടക്കം ഇല്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലുള്ള തൊഴിലാളികൾക്കുള്ള വേതന വിതരണത്തിൽ മുടക്കം ഉണ്ടായിട്ടുണ്ട്. അവിദഗ്ധ വേതനം ഈ സാമ്പത്തിക വർഷം മുതൽ എസ്.സി, എസ്.ടി, പൊതുവിഭാഗം എന്നിങ്ങനെ മൂന്നായി തിരിച്ചാണ് വിതരണം ചെയ്യുന്നത്. വിവിധ വിഭാഗത്തിന് കേന്ദ്രസർക്കാർ അനുവദിച്ചിരുന്ന വേതന ഘടകം പൂർണ്ണമായും വിനിയോഗിക്കുകയും, കേന്ദ്രം കൂടുതൽ തുക റിലീസ് ചെയ്യാതെ ഇരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ആണ് വേതന വിതരണം മുടങ്ങുന്ന സാഹചര്യം ഉണ്ടാകുന്നത്. എസ്.സി വിഭാഗത്തിന് 16.12.2021 മുതലും, എസ്.ടി വിഭാഗത്തിന് 17.01.2022 മുതലും പൊതു വിഭാഗത്തിന് 19.01.2022 മുതലുമാണ് മുടക്കം ഉണ്ടായിട്ടുള്ളത്.

(സി) ജോലി പൂർത്തിയാക്കുന്ന തൊഴിലാളികൾക്ക് പ്രസ്തുത വേതനം മുടക്കം കൂടാതെ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള വേതനം സമയബന്ധിതമായി നൽകുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വേതന

വിതരണം മുടക്കം കൂടാതെ നടത്താൻ കേന്ദ്ര സർക്കാറുമായി നിരന്തരം ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

**പ്രവാസികൾക്ക് കെ.എഫ്.സി. വായ്പ**

**95 (486)** ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിസന്ധിയിൽ നിന്നും കരകയറുന്നതിനായി പ്രവാസികൾക്ക് കെ.എഫ്.സി. 40 ശതമാനം അധിക വായ്പ അനുവദിക്കുമെന്ന ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

04.06.2021 - ലെ ബഡ്ജറ്റ് പ്രസംഗത്തിലെ Para 94 പ്രകാരം ടൂറിസം-ചെറുകിട-വ്യവസായ മേഖലയിലെ സംരംഭകർക്ക് മൊത്തം 40 ശതമാനം അധിക വായ്പ നൽകുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്. ഇപ്രകാരം ടൂറിസം- ചെറുകിട മേഖലയിൽ 134 യൂണിറ്റുകൾക്കായി 75.29 കോടി രൂപ വായ്പയായി അനുവദിച്ചിരുന്നു.

**പെട്രോൾ ഡീസൽ നികുതിയിൽ ഇളവ്**

**96 (487)** ഡോ. മാത്യു കുഴൽനാടൻ:

ശ്രീ. ടി. സിദ്ദിഖ്:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ ഉൾപ്പെടെയുള്ള പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധന പൊതുജനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന നികുതിയിൽ ഇളവ് വരുത്താൻ സർക്കാർ തയ്യാറാകുമോ?

(സി) പഞ്ചാബ്, രാജസ്ഥാൻ അടക്കമുള്ള സംസ്ഥാനങ്ങൾ ഇന്ധന നികുതിയിൽ ഇളവ് വരുത്തിയപ്പോൾ കേരളം നികുതി ഇളവ് വരുത്താത്തതിന്റെ കാരണം വിശദമാക്കാമോ?

(എ&സി) പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ സംസ്ഥാന പൊതു വില്പന നികുതിയും കേന്ദ്ര നികുതികളും ഉൾപ്പെടുന്നുണ്ട്. നിലവിൽ കേരളത്തിലെ പൊതു വില്പന നികുതി പെട്രോളിന് 30.08% ഉം ഡീസലിന് 22.76% ഉം ആണ്. കഴിഞ്ഞ സർക്കാരിന്റെ ഭരണ കാലത്ത് 31.05.2018-ലെ എസ്.ആർ.ഒ. നമ്പർ 345/2018 പ്രകാരം പെട്രോളിന്റെ സംസ്ഥാന നികുതി 31.80%-ൽ നിന്നും 30.08% ആയും ഡീസലിന്റെ സംസ്ഥാന നികുതി 24.52%-ൽ നിന്നും 22.76% ആയും കറയ്ക്കുകയുണ്ടായി.

01.06.2018 മുതൽ ഈ നിരക്ക് പ്രാബല്യത്തിൽ വന്നു. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഈ കാലയളവിൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധന വില വർദ്ധനവിന് കാരണമായി. കേന്ദ്ര നികുതി നിരക്കിൽ കുറവ് വരുത്തുന്നതിനനുസരിച്ച് സംസ്ഥാന നികുതി വരുമാനത്തിലും കുറവുവരുന്നതാണ്.

(ബി) ഇന്ധന വില വർദ്ധനവിനെത്തുടർന്ന് ഉണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനുമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യ സാധനങ്ങളാണ് വില്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നത്. ഏപ്രിൽ 2016 ന് ശേഷം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ പൊതുവിപണിയിലെ വിലയുടെ അടിസ്ഥാനത്തിൽ സപ്ലൈകോ വാങ്ങൽ വിലയിലുണ്ടാകുന്ന കുറവ് കണക്കിലെടുത്ത് സബ്സിഡി വില്പന വിലയിൽ ഇളവ് നൽകിയിട്ടുണ്ട്. ഇക്കാരണത്താൽ അവശ്യ നിത്യോപയോഗ വസ്തുക്കളുടെ വില പൊതുവിപണിയിൽ ഉയരുന്ന സാഹചര്യത്തിലും

സപ്ലൈകോ വില്പനശാലകളിലൂടെ കുറഞ്ഞ വിലയിൽ സാധനങ്ങൾ വാങ്ങാവുന്ന സാഹചര്യം നിലവിലും ഉപഭോക്താവിന് ലഭിക്കുന്നുണ്ട്. സംസ്ഥാനത്ത് കാര്യക്ഷമമായ പൊതുവിതരണ സംവിധാനവും നിലവിലുണ്ട്. പൊതു വിപണിയിൽ വില വർദ്ധനയും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി ജില്ലകളിൽ പൊതു വിതരണ വകുപ്പ്, റവന്യൂ വകുപ്പ് എന്നിവർ ഉൾപ്പെട്ട സ്ക്വാഡ് രൂപീകരിച്ച് പരിശോധനകൾ നടത്തി ശക്തമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. അവശ്യ സാധനങ്ങളുടെ വില വിവരം ലഭ്യമാക്കി അവലോകനം നടത്തി വരുന്നതിലൂടെ പൊതു വിപണിയിൽ ആയതിന്റെ സ്റ്റോക്ക് ലഭ്യത ഉറപ്പാക്കുവാനും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുവാനും കഴിഞ്ഞിട്ടുണ്ട്. വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ്, മൊത്ത വ്യാപാരികളുടെയും, വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർതലത്തിൽ വിളിച്ച് ചേർത്തിട്ടുണ്ട്. ഇതിന് പുറമെ വില വർദ്ധനവിന്റെ അടിസ്ഥാന കാരണം പഠനവിധേയമാക്കുന്നതിന് വിവിധ വകുപ്പുകളിലെയും സർക്കാർ ഏജൻസികളുടേയും ടെക്നിക്കൽ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു പ്രൈസ് മോണിറ്ററിംഗ് സെൽ, ഭക്ഷ്യ പൊതുവിതരണ

വകുപ്പ് രൂപീകരിക്കുകയും, കൃത്യമായ കാലയളവിൽ യോഗം ചേരുകയും ചെയ്തു വരുന്നുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചുനൽകിയ തുക**

**97 (488)** ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നാളിതുവരെ അനുവദിച്ചുനൽകിയിട്ടുള്ള തുക എത്രയാണെന്നും ഏതൊക്കെ ഇനത്തിൽ എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചു വരുന്നു.

**വിവിധ വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് കടമെടുപ്പ്**

**98 (489)** ഡോ. കെ. ടി. ജലീൽ :
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. എം. സച്ചിൻദേവ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യം പരിഗണിച്ച് വിവിധ വികസന-ക്ഷേമ പ്രവർത്തനങ്ങൾക്കായും പൊതുജനങ്ങളുടെ കൈകളിലേയ്ക്ക് പണം

എത്തിക്കുന്നതിനായും സംസ്ഥാനം കടമെടുക്കുന്നത് നിയന്ത്രിക്കുന്നതിനായി കേന്ദ്ര ബജറ്റിൽ കടമെടുപ്പ് പരിധി കുറച്ചതിന്റെ ഫലമായുള്ള പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാർ 2022-23 ൽ ധനകമ്മി ജി.ഡി.പിയുടെ 6.4 ശതമാനമാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത് (2021-22 ലെ ബജറ്റ് എസ്റ്റിമേറ്റിൽ ഇത് 6.8 ശതമാനവും 2020-21 ലെ ബജറ്റ് എസ്റ്റിമേറ്റിൽ ഇത് 3.5 ശതമാനമായിരുന്നു. കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശുപാർശയനുസരിച്ച് 2021-22-ൽ സംസ്ഥാനത്തിന്റെ ധനകമ്മി 4.5 ശതമാനമാക്കാനും 2022-23-ൽ സംസ്ഥാനത്തിന് ഇത് 4.0 ശതമാനമാക്കിയും കുറച്ചുകൊണ്ടുവന്ന് 2025-26-ഓടെ 3.0 ശതമാനത്തിലെത്തിക്കണമെന്നാണ് നിബന്ധന. 2020-21-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ജി.എസ്.ഡി.പിയുടെ 3.5 ശതമാനമായിരുന്ന കേന്ദ്ര കടമെടുപ്പ് പരിധി 2021-22 ൽ 6.8 ശതമാനമാക്കിയപ്പോൾ അതേസമയം സംസ്ഥാനത്തിന് അനുവദിച്ച 4.5 ശതമാനം വായ്പാ പരിധിയിൽ 0.50 ശതമാനം മൂലധനചെലവിന്റെ ലക്ഷ്യം കൈവരിക്കണമെന്ന നിബന്ധനയോടും 0.50 ശതമാനം ഊർജ്ജമേഖലയിലെ പരിഷ്കാരങ്ങൾക്ക് വിധേയമായിട്ടുമാണ് അനുവദിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ ധനകമ്മി 6

ശതമാനത്തിനുമേൽ നിലനിർത്തുമ്പോൾ സംസ്ഥാനങ്ങളുടെ ധനകമ്മി 3 ശതമാനമായി നിയന്ത്രിക്കുന്നു. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് സാമ്പത്തിക-സാമൂഹ്യ-ആരോഗ്യ ക്ഷേമ മേഖലകളിൽ നടപ്പിലാക്കിയിട്ടുള്ള പാക്കേജുകളും സഹായങ്ങളും കാരണം സംസ്ഥാനത്തിന്റെ ചിലവഴിക്കൽ പലമടങ്ങായി വർധിപ്പിച്ചിട്ടുണ്ട്. നിബന്ധനകളൊന്നും ഇല്ലാതെ തന്നെ കേന്ദ്ര സർക്കാരിന് കടമെടുക്കാൻ സാധിക്കുന്നു. എന്നാൽ സംസ്ഥാനങ്ങൾക്ക് കർക്കശമായ നിബന്ധനകൾക്ക് വിധേയമായി മാത്രമേ കടമെടുപ്പ് പരിധി അനുവദിച്ചു നൽകുന്നുള്ളൂ. കേന്ദ്ര സർക്കാരിന്റെ നയമാറ്റത്തിലൂടെയുള്ള ഇത്തരം സമീപനം സംസ്ഥാനത്തിന്റെ വികസന-ക്ഷേമ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാനിടയാക്കും.

(ബി) പ്രകൃതി ദുരന്തങ്ങൾ മൂലമുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കും കോവിഡ് മഹാമാരി സൃഷ്ടിച്ച ദുരിതങ്ങളുടെ പ്രത്യാഘാതം കുറയ്ക്കുന്നതിനുള്ള ക്ഷേമകാര്യ പ്രവർത്തനങ്ങൾക്കും ആവശ്യമായ വിഭവ സമാഹരണത്തിന് കേന്ദ്ര ധനസംബന്ധമായ ഉത്തരവാദിത്ത നിയമം വിലങ്ങുതടിയാകുന്ന സാഹചര്യം കണക്കിലെടുത്ത് കേന്ദ്ര സർക്കാരുമായി ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

പ്രകൃതി ദുരന്തങ്ങൾ മൂലമുള്ള പുനർനിർമ്മാണ പ്രവർത്തന ങ്ങൾക്കും കോവിഡ് മഹാമാരിയെ തുടർന്നുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായും സംസ്ഥാന സമ്പദ്ഘടനയെ പുനഃരുജ്ജീവിപ്പിക്കുന്നതിനായും കേന്ദ്ര ബജറ്റിൽ പ്രത്യേക സഹായ പാക്കേജുകൾ ഉൾപ്പെടുത്താൻ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre-Budget Speech) യോഗത്തിൽ ധനകാര്യ മന്ത്രി ആവശ്യപ്പെട്ടിരുന്നു. കൂടാതെ, സംസ്ഥാനങ്ങളുടെ സമ്പദ് വ്യവസ്ഥയ്ക്ക് പൊതുവിൽ ഗുണകരമാവുന്ന ചില നടപടികളും കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി മുന്നോട്ടുവച്ചിരുന്നു. കേന്ദ്രബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനം കേന്ദ്രസർക്കാരിന്റെ മുമ്പാകെ സമർപ്പിച്ച പ്രധാനപ്പെട്ട ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.

- സമ്പദ് വ്യവസ്ഥയെ പുന:രുജീവിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കൈകൊണ്ട ഉത്തേജന നടപടികളെ വേണ്ടവിധം പിന്തുണക്കുന്നതിനായി ഒരു പ്രത്യേക ഉത്തേജന പാക്കേജ് കേന്ദ്ര ബജറ്റിൽ പ്രഖ്യാപിക്കുക

- കോവിഡ് -19 കാരണം മടങ്ങി വരുന്ന പ്രവാസികൾക്ക് പ്രത്യേക പാക്കേജ്

 ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുക.

 സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വർദ്ധിപ്പിക്കുക.  കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള സംസ്ഥാന വിഹിതത്തിൽ (inter se share) ഉണ്ടായിട്ടുള്ള കുറവ് നിമിത്തം വരുമാനത്തിലുണ്ടായ നഷ്ടം നികത്തൽ.

 പെട്രോൾ-ഡീസൽ സെസും സർചാർജ്ജും യുക്തി സഹമാക്കുക.

 അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി വിദേശ ഏജൻസികളിൽ നിന്ന് കേന്ദ്ര സർക്കാർ മുഖേന ലഭ്യമാകുന്ന ബാഹ്യ സഹായ പദ്ധതികൾക്കുള്ള (Externally Aided Projects) വായ്പകൾ നടപ്പുസാമ്പത്തിക വർഷത്തിലേക്കും അടുത്ത രണ്ട് വർഷത്തേക്കും സംസ്ഥാനത്തിന്റെ വായ്പാ പരിധിക്ക് പുറത്ത് അനുവദിക്കുക.

 കേന്ദ്രവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം വർദ്ധിപ്പിക്കുക.

 60:40 അനുപാതത്തിൽ നടപ്പിലാക്കുന്ന National Health Mission 100% കേന്ദ്രാവിഷ്കൃത പദ്ധതിയാക്കുക.

 സംസ്ഥാനത്തിന്റെ മുൻനിര പദ്ധതികളായ സിൽവർലൈൻ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് പിന്തുണയും അനുമതിയും നൽകുക.

 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി പ്രത്യേക ധനസഹായം നൽകുക.

സംസ്ഥാനത്തിന്റെ മേൽ നിർദ്ദേശങ്ങളൊന്നും തന്നെ കേന്ദ്ര സർക്കാർ ബജറ്റിൽ പരിഗണിച്ചിട്ടില്ല.

(സി) കടമെടുപ്പ് പരിധി സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന്റെ വികസന ക്ഷേമ താൽപര്യങ്ങൾക്ക് വിരുദ്ധമായ തീരുമാനം ഉണ്ടായാൽ വിഭവ സമാഹരണത്തിനുള്ള മറ്റ് മാർഗ്ഗങ്ങൾ എന്തൊക്കെയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന്; വിശദമാക്കുമോ?

സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ ലീവ് സറണ്ടർ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വിഷയത്തിൽ

05.11.2020-ലെ സ.ഉ.(അ)നം.152/2020/ധന. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ.

2. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്കൂട്ടിനിയും പരിശോധനകളും ശക്തമാക്കി.

3. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

4. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ.

5. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള നടപടികൾ.

കോവിഡിന്റെ പ്രതികൂല സാഹചര്യം, പ്രതിരോധ വാക്സിനേഷനിലെ പുരോഗതി പരിഗണിക്കുമ്പോൾ, താമസിയാതെ പിന്മാറുമെന്നും അതോടെ സമ്പദ് വ്യവസ്ഥ ചലനാത്മകമാകുമെന്നും

ആയത് സർക്കാരിന്റെ വരുമാനത്തിൽ പ്രതിഫലിക്കുമെന്നും പ്രതീക്ഷിക്കാവുന്നതാണ്. അതോടൊപ്പം നിലവിൽ തുടരുന്ന സാമ്പത്തിക അച്ചടക്കത്തിലൂന്നിയുള്ള പൊതുചെലവുകളെന്ന നയവും കൂടിയാകുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

## മുളന്തുരുത്തി ഓവർ ബ്രിഡ്ജ് നിർമ്മാണം

**99 (490)** <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ മുളന്തുരുത്തി ഓവർ ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ പരിഗണനയിലുള്ള ബി3/44/2019/ധന ഫയലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് നിലവിൽ എന്തെല്ലാം സാങ്കേതിക തടസ്സങ്ങളാണ് ധനവകുപ്പ് കണ്ടെത്തിയതെന്ന് അറിയിക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പദ്ധതിക്ക് എന്നത്തേക്ക് അനുമതി ലഭ്യമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

മുളന്തുരുത്തി റോഡ് ഓവർ ബ്രിഡ്ജിന്റെ നിർമ്മാണത്തിന് 2128 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് 16-02-2022-ന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

## പ്രീ എൻജിനീയറിങ് സാങ്കേതിക വിദ്യ

**100 (491)** <u>ശ്രീ. കെ. പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിലെ വേഗതയേറിയ പ്രീ എൻജിനീയറിങ് സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുന്നതിനായി അക്രഡിറ്റെഡ് ഏജൻസികളെ തിരഞ്ഞെടുക്കുന്നത് പരിഗണനയിലുണ്ടോയെന്നും ഇത് സംബന്ധിച്ച് ഏതെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ധനകാര്യവകുപ്പ് മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് വിവിധ ഏജൻസികളെ എംപാനൽ ചെയ്തുകൊണ്ട് പൊതുവായ ഉത്തരവിറക്കുകയാണ് ചെയ്യുന്നത് . പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ഏതെങ്കിലും പ്രത്യേക എൻജിനീയറിങ് സാങ്കേതിക വിദ്യ അവലംബിക്കണമെന്ന് വകുപ്പ് നിഷ്കർഷിക്കാറില്ല. 2022-24 സാമ്പത്തിക വർഷത്തേക്ക് അക്രെഡിറ്റേഷൻ പ്രൊപ്പോസലുകൾ ക്ഷണിച്ചതിൽ ലഭ്യമായവ അക്രെഡിറ്റേഷൻ ശുപാർശകൾ പരിശോധിക്കുന്നതിനായുള്ള കമ്മറ്റിയുടെ പരിഗണനയിലാണ്. ആയതിൽ അന്തിമ തീരുമാനം ആയിട്ടില്ല.

(ബി) നിലവിൽ ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവൃത്തി ചെയ്യുന്നതിന് ഏതെങ്കിലും അക്രെഡിറ്റെഡ് ഏജൻസിക്ക് അനുമതി നൽകിയിട്ടുണ്ടോ?

' FACT-RCF Building Products Limited (FRBL) -ന് ' Specialized works using glass fibre gypsum board works as PMC' നിർവ്വഹിക്കുന്നതിന് സർക്കാർ അക്രെഡിറ്റേഷൻ നൽകിയിട്ടുണ്ട്. പ്രീ എൻജിനീയറിങ് സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിനായി സർക്കാർ പ്രത്യേകമായി ഒരു ഏജൻസികളെയും ചുമതലപ്പെടുത്തിയിട്ടില്ല.

(സി) സ്വന്തമായി ഫാക്ടറിയും മെഷീനറികളും തൊഴിലാളികളുമുള്ള പ്രീ എൻജിനീയറിങ് നിർമ്മാണ കമ്പനികൾ അക്രെഡിറ്റെഡ് ഏജൻസി ലിസ്റ്റിൽ വരുന്നത് വഴി വേഗതയിലും ഗുണനിലവാരത്തിലും നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവ്വഹണം നടക്കുമെന്നതിനാൽ അക്രെഡിറ്റേഷൻ നടപടിക്രമങ്ങളിൽ ഇക്കാര്യം പരിഗണിക്കുന്നുണ്ടോ; വിശദമാക്കാമോ?

മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് പ്രത്യേക എൻജിനീയറിങ് സാങ്കേതിക വിദ്യ അവലംബിക്കണമെന്ന് ധനകാര്യവകുപ്പ് നിഷ്കർഷിച്ചിട്ടില്ല. Cost Effectiveness, Site Conditions

എന്നിവയുടെ അടിസ്ഥാനത്തിൽ Technical Sanction Authority ആണ് ഏതുതരം എൻജിനീയറിങ് സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവൃത്തി നിർവ്വഹിക്കണമെന്നത് തീരുമാനിക്കുന്നത്.

## പുതുക്കാട് മണ്ഡലത്തിൽ മിനി സിവിൽ സ്റ്റേഷൻ

**101 (492)** <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് മണ്ഡലത്തിലെ വിവിധ സർക്കാർ ഓഫീസുകളെ ഒരു കുടക്കീഴിലാക്കിക്കൊണ്ടുള്ള മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണത്തിനായി അനുമതി ലഭിച്ച മണ്ഡലത്തിലെ ദേശീയ പാതയോട് ചേർന്ന സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള അനുമതിയും ഫണ്ടും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഭരണവകുപ്പിൽ നിന്ന് ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയുടെ തുടർനടപടികൾ

**102 (493)** <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനകളിൽ ഗുരുതര ക്രമക്കേടുകൾ ഉണ്ടെന്ന് കണ്ടെത്തിയ ഓഫീസുകൾ ഏതൊക്കെയാണെന്നും പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കണ്ടെത്തലുകളിന്മേൽ ബന്ധപ്പെട്ട ഭരണ വകുപ്പുകൾ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

വിവരം ശേഖരിച്ചു വരുന്നു

## ധനകാര്യ വകുപ്പിന് കീഴിൽ കരാർ ജീവനക്കാർ

**103 (494)** ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പിന് കീഴിൽ നിലവിൽ എത്ര കരാർ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; ഏതൊക്കെ തസ്തികകളിൽ ആണ് ഇപ്രകാരം കരാർ നിയമനം നടത്തിയിട്ടുള്ളത്; ഓരോ തസ്തികയിലും കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ എണ്ണവും ഓരോ തസ്തികയിലും അനുവദിച്ചിട്ടുള്ള ശമ്പളവും എത്രയാണ് എന്ന് വ്യക്തമാക്കാമോ?

ധനകാര്യ വകുപ്പിൽ നിലവിൽ കരാറടിസ്ഥാനത്തിൽ 75 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) കരാർ ജീവനക്കാരുടെ ശമ്പള ഇനത്തിൽ ധനകാര്യ വകുപ്പിന് പ്രതിമാസം എത്ര രൂപ ചെലവ് വരുന്നുണ്ട്; ധനകാര്യ വകുപ്പിൽ നിന്നും വിരമിച്ച എത്ര ജീവനക്കാർ പ്രസ്തുത വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്; ഇവരുടെ ശമ്പളവും വിശദാംശങ്ങളും തസ്തിക തിരിച്ച് അറിയിക്കുമോ?

കരാർ ജീവനക്കാരുടെ ശമ്പള ഇനത്തിൽ ധനകാര്യ വകുപ്പിന് പ്രതിമാസം 24,81,087/- രൂപ ചെലവ് വരുന്നുണ്ട്. ധനകാര്യ വകുപ്പിൽ നിന്നും വിരമിച്ച ഒരു ജീവനക്കാരൻ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. ശമ്പളം 45000/- രൂപ. തസ്തിക Consultant.

## വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിന്റെ നിർമ്മാണം

**104 (495)** <u>ശ്രീ. പി. പി. സുമോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിന്റെ പൂർത്തീകരിച്ച പണികൾക്കുള്ള ബില്ലുകൾ പാസാക്കാത്തത്മൂലം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണം മന്ദഗതിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബില്ലുകൾ എന്ന് പാസാക്കി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ & ബി) തരൂർ മണ്ഡലത്തിലെ വടക്കാഞ്ചേരികമ്മ്യൂണിററി കോളേജിന്റെ പ്രവൃത്തി നിർവഹണം കേരള സ്റ്റേറ്റ്കൺസ്ട്രക്ഷൻകോർപ്പറേഷൻ വഴിയാണ്പട്ടികജാതി വികസനവകുപ്പ് നടത്തിവരുന്നത്. മേൽ പ്രവൃത്തിയുടെ രണ്ടാമത്തെ പാർട്ട് ബില്ലിൻമേൽ ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പാലക്കാട് ജില്ലാ ട്രഷറിയിൽ ബിൽ പാസായിരുന്നില്ല.പട്ടികജാതി വികസനവകുപ്പ് ഡയറക്ടർ പുതിയബാങ്ക് അക്കൗണ്ട്വിവരങ്ങൾ ലഭ്യമാക്കുന്നമുറയ്ക്ക് ബില്ലുകൾ പാസാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പാലക്കാട് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

## ഉഴവൂർ ബൈപ്പാസ് നിർമ്മാണം

**105 (496)** <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 15 കോടി രൂപ നീക്കിവച്ച് നിർമ്മാണത്തിന് തുടക്കം കുറിക്കുമെന്ന് പ്രഖ്യാപിച്ച ഉഴവൂർ ബൈപ്പാസ് പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഡോ. കെ. ആർ. നാരായണൻ ജന്മശതാബ്ദി വർഷാചരണം പ്രമാണിച്ച് ഉഴവൂർ ബൈപ്പാസിന് കിഫ്ബി അംഗീകാരം നൽകി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; &

(സി) റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷൻ സർവ്വേ നടത്തി പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റും ഡി.പി.ആർ. ഉം തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഉണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വിശദീകരിക്കാമോ?

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

**സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി**

**106 (497)** <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി പ്രകാരം എത്ര സ്കൂളുകളുടെ

നിർമ്മാണമാണ് എസ്.പി.വി. ആയി കിലയെ ഏല്പിച്ചിട്ടുള്ളത്; ആകെ എത്ര കോടി രൂപയാണ് ഈ പദ്ധതിക്കായി കിഫ്ബി അനുവദിക്കുന്നത്?

കിഫ്ബി ധനസഹായത്തോടെ സ്കൂളുകളുടെ അടിസ്ഥാന സൌകര്യ വികസനത്തിനായി കില മുഖേന ഒരു കോടി രൂപയുടേയും 3 കോടി രൂപയുടേയും 5 കോടി രൂപയുടേയും വിഭാഗത്തിൽപ്പെടുന്ന പദ്ധതികൾ ആണ് നടപ്പിലാക്കുന്നത്. 18-06-2019-ലെ സ.ഉ (സാധാ) നം.2396/2019/പൊ.വി.വ നമ്പർ ഉത്തരവു പ്രകാരം 1 കോടി രൂപയുടെ 446 സ്കൂളുകളും 28-01-2021-ലെ സ.ഉ.(സാധാ) നം.783/2021/പൊ.വി.വ നമ്പർ ഉത്തരവു പ്രകാരം 3 കോടി രൂപയുടെ 194 സ്കൂളുകളും 04-11-2020-ലെ സ.ഉ (സാധാ) നം.2997/2020/പൊ.വി.വ നമ്പർ ഉത്തരവു പ്രകാരം 3 കോടി രൂപയുടെ 6 സ്കൂളുകളും ചേർത്ത് ആകെ 646 സ്കൂളുകളുടെ അടിസ്ഥാന സൌകര്യ വികസനത്തിന് കിലയെ എസ്.പി.വി ആയി നിയമിച്ചിട്ടുണ്ട്. ഇവയിൽ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടതും ധനാനുമതി നല്കി പ്രവർത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും അനുബന്ധം 1 ആയി ചേർക്കുന്നു+.

(ബി) കില എസ്.പി. വി. ആയ എത്ര സ്കൂളുകളുടെ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്; അവയുടെ ഫണ്ട് കരാറുകാർക്ക് കൈമാറിയിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കില എസ്.പി.വി ആയുള്ള രണ്ടു സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. സ്കൂളുകളുടെ പേരും അവയുടെ ഫണ്ട് കൈമാറ്റ വിവരങ്ങളും അനുബന്ധം 2 ആയി ചേർക്കുന്നു+.

(സി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളുടെ നിർമ്മാണമാണ് കില എസ്.പി.വി. ആയി നടത്തിവരുന്നത്?

അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ കില മുഖേന നടപ്പിലാക്കുന്ന സ്കൂളുകൾ ചുവടെ ചേർക്കുന്നു.

1. കെ.കെ.പി.എം.ജി.എച്ച്.എസ്.എസ് (എസ്റ്റിമേറ്റ് തുക 99,45,219/-)

2. ജി.എച്ച്.എസ് പറവൂർ (എസ്റ്റിമേറ്റ് തുക 2,99,53,534/-)

(ഡി) നിർമ്മാണത്തിന്റെ 90% പൂർത്തിയാക്കിയിട്ടും കരാറുകാരുടെ പാർട്ട് ബില്ല് കിഫ്ബിയിൽനിന്നും അംഗീകരിച്ചുനൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അംഗീകരിക്കപ്പെട്ട വർക്ക് ബ്രേക്ക് ഡൌൺ സ്ട്രക്ചർ പ്രകാരം ഘട്ടം ഘട്ടമായി ബില്ലുകൾ എസ്.പി.വി പാസാക്കി പേയ്മെന്റ് ഉത്തരവോടു കൂടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബിയിൽ അവ വിശദമായി പരിശോധിച്ച് യഥാസമയം തുക റിലീസ് ചെയ്തു വരുന്നു.

(ഇ) പ്രവൃത്തിയുടെ ടെൻഡർ ഷെഡ്യൂളിൽ ഉൾപ്പെടുത്താത്ത നിരവധി റെക്റ്റിഫിക്കേഷനുകൾ ബില്ലിംഗ് ഘട്ടത്തിൽ മാത്രം കിഫ്ബി ചൂണ്ടിക്കാട്ടുന്നതുമൂലം എസ്.പി.വി.-യും കരാറുകാരും തമ്മിൽ തർക്കമുണ്ടാകുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

കിഫ്ബി പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ച് ടെന്റർ ഷെഡ്യൂളിൽ ഉൾപ്പെടുത്താത്ത റെക്റ്റിഫിക്കേഷനുകൾ വേരിയേഷൻ പ്രൊപ്പോസലായി സമർപ്പിക്കപ്പെടുന്ന പക്ഷം സപ്ലിമെന്ററി എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തു ശേഷം അതിനനുസൃതമായി ബിൽ സമർപ്പിച്ച് കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കാവുന്നതാണ്. എന്നാൽ ഡീവിയേഷൻ പ്രൊപ്പോസൽ സമർപ്പിക്കുന്ന പക്ഷം കിഫ്ബി അംഗീകാരം ലഭ്യമാക്കിയ ശേഷം സപ്ലിമെന്ററി എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്ത് അതിനനുസൃതമായി കിഫ്ബിയിൽ ബിൽ സമർപ്പിക്കാവുന്നതാണ്. ഈ മാനദണ്ഡമനുസരിച്ച് പാസാക്കിയ പേയ്മെന്റ് ഉത്തരവോടുകൂടി ബില്ലുകൾ കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന മുറയ്ക്ക് അംഗീകാരം നൽകിവരുന്നു.

(എഫ്) ഡി.പി.ആർ. നൊപ്പം തന്നെ നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

എസ്.പി.വി സമർപ്പിക്കുന്ന ഡി.പി.ആർ കിഫ്ബി പരിശോധിച്ച് ന്യൂനതകൾ കണ്ടെത്തുന്ന പക്ഷം സാങ്കേതിക അവലോകന റിപ്പോർട്ട് തയ്യാറാക്കി എസ്.പി.വി-യുടെ അഭിപ്രായത്തിനും അവ പരിഹരിച്ച് നൽകുന്നതിനും എസ്.പി.വി-യ്ക്ക് നൽകുകയും തൃപ്തികരമായ മറുപടി ലഭ്യമാകുന്നതു വരെ ടി പ്രക്രിയ തുടരുകയും ചെയ്യുന്നു. തൃപ്തികരമായ മറുപടി ലഭ്യമായതിനു ശേഷം ഒരു വിശദമായ അവലോകന റിപ്പോർട്ട് തയ്യാറാക്കുകയും അത് കിഫ്ബി നിയമാവലി അനുസരിച്ച് കിഫ് ബോർഡിന്റേയോ എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയോ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നു. നിർദ്ദിഷ്ട പദ്ധതിയുമായി ബന്ധപ്പെട്ട് എസ്.പി.വി സമർപ്പിക്കുന്ന എസ്റ്റിമേറ്റ് വിശദമായി പരിശോധിച്ച് ആയതിന്റെ സംഗ്രഹവും ടി അവലോകന റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നു. നിർമ്മാണവുമായി ബന്ധപ്പെട്ട് പിന്നീട് വരുന്ന ഏത് പരിഷ്കരണങ്ങൾക്കും കിഫ്ബിയുടെ പുനരംഗീകാരം ആവശ്യമായി വരുന്നതാണ്.

**കിഫ്ബി മുഖേന പൊതുശ്മശാനം സ്ഥാപിക്കുന്ന പദ്ധതി**

**107 (498)** <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന പൊതുശ്മശാനം സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

ആധുനിക വൈദ്യുതി ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി വഴി 100 കോടി രൂപ അനുവദിച്ചതിന്റെ പശ്ചാത്തലത്തിൽ 12 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വൈദ്യുതി ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട പദ്ധതി നിർവഹണ ഏജൻസിയായ ഇംപാക്റ്റ് കേരള 11.44 കോടി രൂപയുടെ ഒരു സംയോജിത പദ്ധതി റിപ്പോർട്ട് കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പ്രോജക്ടുകൾ സമർപ്പിച്ചിട്ടുള്ളത്?

സംയോജിത പദ്ധതി റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

1. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് മുനിസിപ്പാലിറ്റി
2. എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്ത്

3. തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്ത്

4. തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത്

5. മലപ്പുറം ജില്ലയിലെ തുവ്വൂർ ഗ്രാമപഞ്ചായത്ത്

6. മലപ്പുറം ജില്ലയിലെ മോത്തേടം ഗ്രാമപഞ്ചായത്ത്

7. കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ഗ്രാമപഞ്ചായത്ത്

8. കോഴിക്കോട് ജില്ലയിലെ പാണങ്ങാട് ഗ്രാമപഞ്ചായത്ത്

9. കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

10. വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്ത്

11. കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്

12. കണ്ണൂർ ജില്ലയിലെ ഏഴോം ഗ്രാമപഞ്ചായത്ത്

(സി) കോഴിക്കോട് കുന്ദമംഗലം പഞ്ചായത്തിലെ ശ്മശാനം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ഗ്രാമപഞ്ചായത്തിലേതുൾപ്പടെ 12 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആധുനിക വൈദ്യുതി ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടി ഇംപാക്റ്റ് കേരള സമർപ്പിച്ച 11.44 കോടി രൂപയുടെ സംയോജിത പദ്ധതി റിപ്പോർട്ടിന്മേൽ അവലോകനം നടത്തി ഒരു സാങ്കേതിക റിപ്പോർട്ട് ഇംപാക്റ്റ് കേരളയ്ക്ക് 07.03.2019 ന് കിഫ്ബി

നൽകിയിട്ടുള്ളതാണ്. ഇതിന് മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ കിഫ്ബി പ്രവൃത്തി

**108 (499)** ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാപ്കോസ് എസ്.പി.വി.യായ കിഫ്ബി അംഗീകാരം നൽകിയ 29.78 കോടി രൂപയുടെ കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ കെട്ടിടങ്ങളുടെ അത്യാവശ്യ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായോ; വിശദാംശം ലഭ്യമാക്കുമോ?

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ അത്യാവശ്യ അറ്റകുറ്റപ്പണികൾക്കായി കിഫ്ബി 29.78 കോടി രൂപയുടെ ധനാനുമതി ലഭ്യമാക്കിയിട്ടുള്ള പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത പദ്ധതിയുടെ നിയുക്ത എസ്.പി.വി. ആയ വാപ്കോസ് ലിമിറ്റഡ് ടെണ്ടർ വിളിയ്ക്കുകയും, ആയത് ടെക്നിക്കൽ ഇവാലുവേഷൻ കഴിഞ്ഞ് ടെൻഡർ നടപടികൾ പൂർത്തിയാക്കി വരുന്നു.

(ബി) കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ കിഫ്ബി അംഗീകാരം നൽകിയ 51.30 കോടി രൂപയുടെ ട്രോമാ കെയർ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ കിഫ്ബി അംഗീകാരം നൽകിയ 51.30 കോടി രൂപയുടെ ട്രോമാ കെയർ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി സാങ്കേതിക അനുമതി പുറപ്പെടുവിച്ചിട്ടില്ല. പ്രസ്തുത പദ്ധതി ഐ.എഫ്.സി. ഫണ്ടിംഗിനായി പരിഗണിച്ചതിനാൽ പദ്ധതിയുടെ ഡിസൈനിൽ ഐ.എഫ്.സി. മാറ്റങ്ങൾ നിർദ്ദേശിക്കുകയും അതനുസരിച്ച് ഐ.എഫ്.സി.-യുടെ അഭിപ്രായ പ്രകാരമുള്ള റീ-ഡിസൈനിംഗ് നിർദ്ദിഷ്ട എസ്.പി.വി. ആയ വാപ്കോസ് ലിമിറ്റഡ് നടത്തിവരികയാണ്. ആയതു പൂർത്തിയാകുന്ന മുറയ്ക്ക് സാങ്കേതിക അനുമതി നൽകി പദ്ധതി ടെണ്ടർ ചെയ്യാനുള്ള തുടർനടപടികൾ വാപ്കോസ് സ്വീകരിക്കുന്നതാണ്.

## ഇരിക്കൂർ മണ്ഡലത്തിലെ സ്കൂളുകളിലെ കിഫ്ബി പ്രവൃത്തികൾ

**109 (500)** <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ഫണ്ട് അനുവദിച്ച സ്കൂൾ കെട്ടിടനിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ?

ഇരിക്കൂർ നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന ഫണ്ട് അനുവദിച്ച സ്കൂൾ കെട്ടിട നിർമ്മാണ പ്രവർത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) സ്കൂളുകളുടെ കെട്ടിടനിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

ഇരിക്കൂർ നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന സ്കൂൾ പദ്ധതികളിൽ, പൂർത്തിയായ പദ്ധതികളുടെ വിശദാംശങ്ങളും, പുരോഗമിച്ചുവരുന്ന പ്രവർത്തികൾ പൂർത്തീകരിക്കുന്ന തീയതിയും, പ്രവർത്തി ആരംഭിച്ചിട്ടില്ലാത്ത രണ്ടു സ്കൂളുകളുടെ പദ്ധതി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങളും അനുബന്ധത്തിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

## കല്ലൂരിക്കടവ് പാലം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**110 (501)** ശ്രീ. കെ. വി.സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കല്ലൂരിക്കടവ് പാലം പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

അഴീക്കോട് നിയോജകമണ്ഡലത്തിൽ സർക്കാർ കിഫ്ബി പദ്ധതിയായി പ്രഖ്യാപിചിട്ടുള്ള കല്ലൂരിക്കടവ് പാലം പദ്ധതിയുടെ ഡി.പി.ആർ എസ്.പി.വി ആയ കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബിയിൽ സമർപ്പിക്കുകയും അത് അവലോകനം നടത്തി സാങ്കേതിക അവലോകന റിപ്പോർട്ട് 09-02-2022-ൽ എസ്.പി.വി.ക്ക് നൽകിയിട്ടുമുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് സാമ്പത്തിക അനുമതി നൽകുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ?

സാങ്കേതിക അവലോകന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിച്ച് കൊണ്ടുള്ള ഡി.പി.ആർ എസ്.പി.വി ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

(സി) പ്രവൃത്തിയുടെ തുടർനടപടികളിലേക്ക് പോകുവാൻ തടസ്സങ്ങൾ ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സാങ്കേതിക അവലോകന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിച്ച് കൊണ്ടുള്ള ഡി.പി.ആർ എസ്.പി.വി ലഭ്യമാക്കിയാൽ മാത്രമേ പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കിഫ്ബിക്ക് സാധിക്കുകയുള്ളൂ.

**മലമ്പുഴ മണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണം**

**111 (502)** ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ നവീകരണത്തിനാണ് കിഫ്ബി മുഖാന്തരം ഫണ്ട് അനുവദിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; ഓരോ സ്കൂളിനും അനുവദിച്ച ഫണ്ട്, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, എസ്.പി.വി. യുടെ പേര് എന്നിവ വ്യക്തമാക്കാമോ ?

മലമ്പുഴ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന സ്കൂളുകളുടെ അടിസ്ഥാന സൌകര്യ വികസന പദ്ധതികൾക്ക് അനുവദിച്ച ഫണ്ട്,

പ്രവർത്തിയുടെ നിലവിലെ സ്ഥിതി, എസ്.പി.വി-യുടെ പേര് എന്നിവ അനുബന്ധമായി ചേർക്കുന്നു+.

## വയനാട് ജില്ലയിൽ കിഫ്ബി ധനസഹായത്തോടെയുള്ള റോഡ് പ്രവൃത്തികൾ

**112 (503)** ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കിഫ്ബി ധനസഹായത്താൽ നടന്നുവരുന്ന റോഡ് പ്രവൃത്തികളുടെ ഓരോന്നിന്റെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

വയനാട് ജില്ലയിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള റോഡ് പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ജില്ലയിലെ ബീനാച്ചി-പനമരം റോഡിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ?

22.20 കി.മീ നീളമുള്ള ബീനാച്ചി പനമരം റോഡിന് 54.40 കോടി രൂപയുടെ ധനാനുമതി നൽകുകയും അതിൻ പ്രകാരം എസ്.പിവി. യായ കേരള റോഡ് ഫണ്ട് ബോർഡ് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് പദ്ധതി ആരംഭിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന സമയത്ത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തിയിൽ ഗുണനിലവാര തകർച്ചയും ഗുരുതര ക്രമക്കേടുകളും ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് പദ്ധതിക്ക് 4 ഒബ്സർവേഷൻ മെമ്മോകൾ നൽകുകയും തുടർന്ന് 09.04.2021 ൽ കിഫ്ബി സ്റ്റോപ് മെമ്മോ നൽകുകയും ചെയ്തു. പദ്ധതിയുടെ 12 കി.മീ പൂർത്തിയാക്കി ഫോർക്ലോസ് ചെയ്യാനും ശേഷിക്കുന്ന ഭാഗം യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പൂർത്തിയാക്കിയതിനു ശേഷം റീടെണ്ടർ ചെയ്ത് കിഫ്ബിയുടെ Resident Engineer/PMC യുടെ മേൽ നോട്ടത്തിൽ പൂർത്തീകരിക്കുവാനും നിർദേശം നൽകിയിട്ടുണ്ട്. 22.12.2021 ൽ പദ്ധതിയുടെ സ്റ്റോപ് മെമ്മോ പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ മെല്ലെപോക്കുമായി ബന്ധപ്പെട്ട് 29-01-2022 ൽ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, നടപ്പിലായി കൊണ്ടിരിക്കുന്ന സ്ട്രെച്ച് പൂർത്തീകരിക്കുന്നതിന് 16 മരങ്ങൾ RoW ൽ തടസ്സം നിൽക്കുന്നതായും അത് നീക്കം ചെയ്യുന്നതിന് വനവകുപ്പിന്റെ അനുമതി വേണമെന്നും അറിയിച്ചിരുന്നു. ടി അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്വീകരിച്ചു വരുന്നു. പദ്ധതിയുടെ ശേഷിക്കുന്ന സ്ട്രെച്ചിന്റെ എസ്റ്റിമേറ്റ് ത്വരിതഗതിയിൽ തയ്യാറാക്കി വരുന്നു.

(സി) കിഫ്ബി സ്റ്റോപ്പ് മെമ്മോ നൽകിയ ഏതെങ്കിലും റോഡ് പ്രവൃത്തികൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ ?

നിലവിൽ വയനാട് ജില്ലയിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന റോഡ് പ്രവര്ത്തി കള്ക്ക്ൊ ഒന്നും തന്നെ സ്റ്റോപ്പ് മെമ്മോ നല്കിയിട്ടില്ല.

**പാറശ്ശാല മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

**113 (504)** <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ നിലവിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തി വരുന്ന പ്രവൃത്തികൾ ഏതൊക്കെ എന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ?

പാറശ്ശാല നിയോജക മണ്ഡലത്തിൽ നിലവിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) മേൽപ്പറഞ്ഞ പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള തുക എത്രയെന്നും പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏതൊക്കെയാണെന്നും പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതിയും വ്യക്തമാക്കാമോ?

മേൽപ്പറഞ്ഞ പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള തുക എത്രയെന്നും, പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ ഏതൊക്കെയെന്നും, പദ്ധതികളുടെ പ്രവർത്തന പുരോഗതിയും അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിൽ കില നിർവ്വഹണ ഏജൻസിയായിട്ടുള്ള 5 സ്കൂളുകളുടെ നിർമ്മാണം, തീരദേശ വികസന കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായിട്ടുള്ള പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണം എന്നീ കിഫ്ബി പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ കില നിർവ്വഹണ ഏജൻസിയായിട്ടുള്ള 5 സ്കൂളുകളിൽ ഒരു സ്കൂളിന്റെ നിർമ്മാണം നടന്നുവരുന്നു. അവശേഷിക്കുന്ന 4 സ്കൂളുകളിൽ രണ്ടെണ്ണം റീ-ടെന്റർ ചെയ്യുന്നതിനും, ഒരെണ്ണം ഡി.എസ്.ആർ 2018 പ്രകാരം എസ്റ്റിമേറ്റ് പുതുക്കുന്നതിനുമുള്ള നടപടികൾ കില സ്വീകരിച്ചു വരുന്നു. കൂടാതെ, ഒരു സ്കൂളിന്റെ ടെന്റർ അംഗീകരിച്ച് ഡ്രോയിംഗ്

അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തീരദേശ വികസന കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായിട്ടുള്ള പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണത്തിന് കിഫ്ബി ധനാനുമതി നൽകിയെങ്കിലും പഞ്ചായത്ത് മുഖേനയുള്ള ഡിമോളിഷൻ നടത്തുവാൻ കാലതാമസം നേരിടുകയും അതുകൊണ്ടു തന്നെ എഗ്രിമെന്റ് റദ്ദു ചെയ്യുകയും ചെയ്തു. നിലവിൽ ഡിമോളിഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഡി.എസ്.ആർ 2018 പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ പരിശോധനയിലാണ്. ആയത് നിലവിലെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി തൃപ്തികരമാകുന്ന പക്ഷം അംഗീകാരം നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## നികുതി വരുമാനത്തിൽ ഉണ്ടായ കുറവ്

**114 (505)** <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാരണം വിവിധ മേഖലകളിൽ നിന്നായി സർക്കാരിന് ലഭ്യമാകേണ്ടിയിരുന്ന നികുതി വരുമാനത്തിൽ ഉണ്ടായ കുറവ് 2019-20, 2020-21, 2021 ഡിസംബർ വരെ എന്നീ ക്രമത്തിൽ പട്ടിക രൂപത്തിൽ വിശദമാക്കാമോ?

2019-20, 2020-21, 2021 ഡിസംബർ വരെ സർക്കാരിന് ലഭ്യമാകേണ്ടിയിരുന്ന നികുതി വരുമാനത്തിൽ ഉണ്ടായ കുറവ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു+.

(ബി) കോവിഡ് കാലയളവിൽ സർക്കാർ വിവിധ ഉത്തേജക പാക്കേജുകളിലൂടെ വിവിധ മേഖലകൾക്ക് അധികമായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു+.

## പ്രളയ സെസ്സ്

**115 (506)** ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ സെസ്സ് പിരിക്കുവാൻ തീരുമാനിച്ചതിന്റെ ഉദ്ദേശലക്ഷ്യം എന്തായിരുന്നു; എന്ന് മുതലാണ് സെസ്സ് പിരിച്ചു തുടങ്ങിയത്; എത്ര രൂപയാണ് ഇതിലൂടെ സമാഹരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; എത്ര രൂപ പ്രളയ സെസ്സിലൂടെ സമാഹരിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2018 ഓഗസ്റ്റിൽ ഉണ്ടായ പ്രളയത്തിൽ തകർന്നടിഞ്ഞ കേരളത്തിന്റെ പുനർനിർമ്മാണത്തിനുവേണ്ടി ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആണ് സംസ്ഥാന സർക്കാർ പ്രളയ സെസ് ഏർപ്പെടുത്തിയത്. ജി.എസ്.ടി. കൗൺസിലിന്റെ അനുമതിയോടെ 2019-ലെ കേരള ധനകാര്യ ആക്ടിലെ വകുപ്പ് 14 പ്രകാരം ആണ് പ്രളയ സെസ് ചുമത്തിയിരിക്കുന്നത്. 30-06-2017-ലെ എസ്.ആർ.ഒ. 360/2017-ൽ ഷെഡ്യൂൾ II, III, IV എന്നിവയിൽ വരുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും സംസ്ഥാനത്തിനകത്തുള്ള കൈമാറ്റങ്ങൾക്ക് 1% പ്രളയ സെസ്സ് ബാധകമാണ്. എസ്.ആർ.ഒ. 360/2017-ലെ അഞ്ചാം ഷെഡ്യൂളിൽ വരുന്ന ചരക്കുകളുടെ (സ്വർണം, വെള്ളി മുതലായവ) കൈമാറ്റങ്ങൾക്ക് 0.25% പ്രളയ സെസ്സ് ബാധകമാണ്. പ്രളയ സെസ്സ് ചരക്കുകളുടെയും സേവനങ്ങളുടെയും അന്തിമ ഉപഭോക്താവിലേക്കുള്ള (B to C) കൈമാറ്റങ്ങൾക്ക് മാത്രമാണ് ചുമത്തിയിട്ടുള്ളത്. പ്രളയ സെസ് 2019 ഓഗസ്റ്റ് മുതൽ ആണ് പിരിച്ചു തുടങ്ങിയത്. 2019-20-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് (ഖണ്ഡിക 256) പ്രളയ സെസ് മുഖേന പ്രതിവർഷം 600 കോടി രൂപ അധിക വരുമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചത്. പ്രളയ സെസ്സിലൂടെ 31/01/2022 വരെ 2195.54 കോടി രൂപ സമാഹരിക്കാൻ സാധിച്ചു.

(ബി) പ്രസ്തുത തുക റീബിൽഡ് കേരളയിലേക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ എന്നാണ് കൈമാറിയതെന്നും എത്ര തുകയാണ്

കൈമാറിയതെന്നും അറിയിക്കുമോ; തുക കൈമാറിയതുമായി ബന്ധപ്പെട്ട രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ?

2018 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തിന്റെ മിക്കവാറും എല്ലാ ഭാഗങ്ങളിലും അനുഭവപ്പെട്ട അഭൂതപൂർവ്വമായ വെള്ളപ്പൊക്കത്തിനും ഉരുൾപൊട്ടലിനും ശേഷം, റീബിൽഡ് കേരള ഇനീഷ്യേറ്റീവിന് കീഴിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെ പുനർനിർമ്മാണത്തിന്റെയും പുനഃസ്ഥാപനത്തിന്റെയും ഭാഗമായി മൂലധന നിക്ഷേപ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള ഓപ്ഷനുകളുടെ ചട്ടക്കൂട് 12.10.2018-ലെ ജി.ഒ.(പി) നമ്പർ 161/2018/ധന. ഉത്തരവ് പ്രകാരം തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പുനർനിർമ്മാണ പദ്ധതികൾക്ക് ധനസഹായം നൽകുന്നതിനുള്ള ഓപ്ഷനുകളിലൊന്നായിരുന്നു ജി.എസ്.ടി.-യിലെ സെസ്സ്. കേരള പ്രളയ സെസ്സ് ഉൾപ്പെടെയുള്ള എല്ലാ ഫണ്ടുകളും സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്കാണ് വന്നു ചേരുന്നത്. സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ വന്നു ചേരുന്ന ഫണ്ടുകൾ നേരിട്ട് വിനിയോഗിക്കാൻ കഴിയില്ല. ഒരു പ്രത്യേക പദ്ധതിക്കായി അനുവദിച്ചിട്ടുള്ള ഫങ്ഷണൽ എക്സ്പെൻഡിച്ചർ ഹെഡിലേക്ക് ആവശ്യമായ ഫണ്ട് അനുവദിച്ച് നൽകിക്കൊണ്ടാണ് ഇത്

വിനിയോഗിക്കുന്നത്. ഭൗതിക നിർമ്മിതികളുടെ പുനർനിർമ്മാണത്തിന്റെയും പുനരുദ്ധാരണത്തിന്റേയും ഭാഗമായി വിവിധ പ്രവർത്തനങ്ങൾക്ക്, കേരള പ്രളയ സെസ്സ് ഉൾപ്പെടെ വിവിധ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും സമാഹരിച്ച വരുമാനത്തിൽ നിന്നും ആവശ്യമായ ബഡ്ജറ്റ് വിഹിതം റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ബഡ്ജറ്റ് ശീർഷകത്തിലാണ് വകയിരുത്തുന്നത്. പ്രവർത്തികളുടെ പുരോഗതിക്കനുസരിച്ചാണ് ഈ ഫണ്ട് വിനിയോഗിക്കുന്നത്.

## ജി.എസ്.ടി. നഷ്ടപരിഹാര ഇനത്തിൽ ലഭ്യമായ തുക

**116 (507)** <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നഷ്ടപരിഹാര ഇനത്തിൽ നാളിതുവരെ ലഭിച്ചിട്ടുള്ള തുക സാമ്പത്തികവർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

2017-18 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ ലഭിച്ച തുകയുടെ വിവരം അനുബന്ധമായി (അനുബന്ധം-1) ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷത്തിലും സംസ്ഥാനം പ്രതീക്ഷിച്ചിരുന്ന നികുതി വരുമാനവും പിരിച്ചെടുക്കാൻ കഴിഞ്ഞ നികുതിയും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

2016-17 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷത്തിലും സംസ്ഥാനം പ്രതീക്ഷിച്ചിരുന്ന നികുതി വരുമാനവും പിരിച്ചെടുക്കാൻ കഴിഞ്ഞ തുകയുടെ വിവരവും അനുബന്ധമായി(അനുബന്ധം-2) ചേർക്കുന്നു+.

**നികുതി ചോർച്ച പരിഹരിക്കാൻ നടപടി**

**117 (508)** ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. സംവിധാനം നിലവിൽ വന്നത് എന്നാണ്; ജി.എസ്.ടി. സംവിധാനം നിലവിൽ വന്നതിനുശേഷം സംസ്ഥാനത്തിന് നികുതി വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ?

2017 ജൂലൈ ഒന്ന് മുതലാണ് സംസ്ഥാനത്ത് ജി.എസ്.ടി. സംവിധാനം നിലവിൽ വന്നത്. ജി.എസ്.ടി. നിയമം നടപ്പിലാക്കിയതിന് ശേഷം സംസ്ഥാനത്തിന് നികുതി വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ജി.എസ്.ടി. സംവിധാനത്തിന് അനുസൃതമായി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് നികുതി വകുപ്പ് പുനഃസംഘടിപ്പിക്കാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വാണിജ്യ നികുതി വകുപ്പിന്റെ പുന:ക്രമീകരണം സംബന്ധിച്ച നടപടികൾ നടന്നു വരുന്നു.

(സി) ജി.എസ്.ടി. സംവിധാനത്തിന് അനുസൃതമായി വകുപ്പിനെ പുന:സംഘടിപ്പിക്കാതിരുന്നതിനാൽ വലിയ തോതിൽ നികുതി ചോർച്ച ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നിലവിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ജി.എസ്.ടി. നഷ്ടപരിഹാരം**

**118 (509)** ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നഷ്ടപരിഹാരം കാര്യമായി ലഭ്യമാകാത്തത് സംസ്ഥാനങ്ങളെ സാമ്പത്തികമായി പ്രതിസന്ധിയിലാക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ചരക്ക് സേവന നികുതി നഷ്ടപരിഹാരം കൃത്യമായി വിതരണം ചെയ്യാത്തത് സംസ്ഥാനത്ത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ വെളിച്ചത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ ദുർബലപ്പെടുത്തിയത് സ്ഥിതി കൂടുതൽ വഷളാക്കിയെന്നതും വസ്തുതയാണ്.

(ബി) കേരളത്തിന്റെ കേന്ദ്ര നികുതി വിഹിതത്തിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ ഇതുവഴി സംസ്ഥാനത്തിന് പ്രതിവർഷം എത്രത്തോളം നഷ്ടം സംഭവിച്ചിട്ടുണ്ട്; വിശദീകരിക്കാമോ?

14-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാന നികുതി വിഹിതം 2.5% ആയിരുന്നു. 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാന നികുതി വിഹിതം ആദ്യ വർഷം (2020-21) 1.943% ആയും തുടർന്നുള്ള വർഷങ്ങളിൽ 1.925% ആയും കുറഞ്ഞിട്ടുണ്ട്. 2020-21 വർഷത്തിൽ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന് ലഭിച്ച നികുതി വിഹിതം 11560.65 കോടി രൂപയാണ്. 14-ാം ധനകാര്യ

കമ്മീഷൻ ശിപാർശ പ്രകാരമുള്ള 2.5% നികുതി വിഹിതം ലഭിച്ചിരുന്നെങ്കിൽ 2020-21 വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന നികുതി വിഹിതം 14874.74 കോടി രൂപയാണ്. 2021-22-ലെ നികുതി വിഹിതം സംബന്ധിച്ച അന്തിമ കണക്കുകൾ സാമ്പത്തിക വർഷം അവസാനിച്ചാൽ മാത്രമേ ലഭ്യമാകൂ.

(സി) കേന്ദ്ര നയത്തിന്റെ ഫലമായി സംസ്ഥാനത്തുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് പ്രത്യേക പാക്കേജുകൾ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കോവിഡ് മഹാമാരിയെ തുടർന്നുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായും സംസ്ഥാന സമ്പദ്ഘടനയെ പുന:രുജ്ജീവിപ്പിക്കുന്നതിനായും കേന്ദ്ര ബഡ്ജറ്റിൽ പ്രത്യേക സഹായ പാക്കേജുകൾ ഉൾപ്പെടുത്താൻ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായിട്ടുള്ള (Pre-Budget Speech) യോഗത്തിൽ സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു. കൂടാതെ, സംസ്ഥാനങ്ങളുടെ സമ്പദ് വ്യവസ്ഥയ്ക്ക് പൊതുവിൽ ഗുണകരമാവുന്ന ചില നടപടികളും കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി മുന്നോട്ട് വച്ചിരുന്നു. കേന്ദ്ര

ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനം കേന്ദ്ര സർക്കാരിന്റെ മുമ്പാകെ സമർപ്പിച്ച പ്രധാന ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു:-

1. സമ്പദ് വ്യവസ്ഥയെ പുന:രുജ്ജീവിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കൈക്കൊണ്ട ഉത്തേജന നടപടികളെ വേണ്ടവിധം പിന്തുണയ്ക്കുന്നതിനായി ഒരു പ്രത്യേക ഉത്തേജന പാക്കേജ് കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിക്കുക.

2. കോവിഡ്-19 കാരണം മടങ്ങി വരുന്ന പ്രവാസികൾക്ക് പ്രത്യേക പാക്കേജ്.

3. ജി.എസ്.ടി. നഷ്ടപരിഹാരം 5 വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുക.

4. കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള സംസ്ഥാന വിഹിതത്തിൽ (inter se share) ഉണ്ടായിട്ടുള്ള കുറവ് നിമിത്തം വരുമാനത്തിൽ ഉണ്ടായ നഷ്ടം നികത്തൽ.

5. പെട്രോൾ-ഡീസൽ സെസ്സും സർചാർജ്ജും യുക്തി സഹമാക്കുക.

6. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി വിദേശ ഏജൻസികളിൽ നിന്ന് കേന്ദ്ര സർക്കാർ മുഖേന ലഭ്യമാക്കുന്ന ബാഹ്യ

സഹായ പദ്ധതികൾക്കുള്ള (Externally Aided Projects) വായ്പകൾ നടപ്പു സാമ്പത്തിക വർഷത്തിലേക്കും അടുത്ത 2 വർഷത്തേക്കും സംസ്ഥാനത്തിന്റെ വായ്പാ പരിധിക്ക് പുറത്ത് അനുവദിക്കുക.

7. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം വർദ്ധിപ്പിക്കുക.

8. 60:40 അനുപാതത്തിൽ നടപ്പിലാക്കുന്ന National Health Mission 100% കേന്ദ്രാവിഷ്കൃത പദ്ധതിയാക്കുക.

9. സംസ്ഥാനത്തിന്റെ മുൻനിര പദ്ധതികളായ സിൽവർലൈൻ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് പിന്തുണയും അനുമതിയും നൽകുക.

10. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി പ്രത്യേക ധനസഹായം നൽകുക. സംസ്ഥാനത്തിന്റെ മേൽ നിർദ്ദേശങ്ങളൊന്നും തന്നെ കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ പരിഗണിച്ചിട്ടില്ല.

**ജി.എസ്.ടി. വിഹിതം**

**119 (510)** ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം ജി.എസ്.ടി. ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട വിഹിതം എത്ര രൂപയായിരുന്നു; ഇതിൽ എത്ര

രൂപ കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമായിട്ടുണ്ട്; വിശദമാക്കുമോ?

2021-22 സാമ്പത്തികവർഷം (2022 ജനവരി 31 വരെ) സംസ്ഥാനത്തിന് ലഭ്യമാകേണ്ട ജി.എസ്.ടി. നഷ്ടപരിഹാര തുക 11426.13 കോടി രൂപയും, ലഭിച്ച നഷ്ടപരിഹാര തുക 8739.31 കോടി രൂപയും, ബാക്കി ലഭിക്കാനുള്ള തുക 2686.82 കോടി രൂപയും ആണ്.

(ബി) മുൻവർഷങ്ങളിലെ ജി.എസ്.ടി. തുകയിൽ സംസ്ഥാന സർക്കാരിന് കിട്ടേണ്ട വിഹിതം പൂർണമായും ലഭ്യമായിട്ടുണ്ടോ; ഇതിൽ കുടിശിക ഉണ്ടോ; എങ്കിൽ എത്ര രൂപയാണ് ഇനി ലഭിക്കാനുള്ളത്; വിശദമാക്കുമോ?

2017- 18-ൽ 57.32 കോടി രൂപയും, 2018- 19-ൽ 25.79 കോടി രൂപയും ലഭിക്കാനുണ്ട്. 2019-20-ൽ 11.40 കോടി രൂപ അധികം ലഭിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറൽ, കേരള സമർപ്പിക്കുന്ന അന്തിമ കണക്കുകൾ പ്രകാരമാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നും കോമ്പൻസേഷന്റെ പൂർണ്ണമായ സ്റ്റേറ്റ്മെന്റ് ലഭിക്കുന്നത്. 2020-21-ൽ 80.33 കോടി രൂപയും, 2021-22 (2022 ജനവരി 31 വരെ) 2686.82 കോടി രൂപയും ലഭിക്കാനുണ്ട്. 2017- 18, 2018- 19, 2019-20, 2020-21 & 2021-22 (2022 ജനവരി 31 വരെ) സാമ്പത്തികവർഷം

സംസ്ഥാനത്തിന് ലഭ്യമാകേണ്ട ജി.എസ്.ടി. നഷ്ടപരിഹാര തുകയുടേയും, ലഭിച്ച നഷ്ടപരിഹാര തുകയുടേയും, ബാക്കി ലഭിക്കാനുള്ള തുകയുടേയും വിവരം അനുബന്ധമായി ചേർക്കുന്നു+.

**ആംനസ്റ്റി സ്കീം**

**120 (511)** ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷം ആംനസ്റ്റി സ്കീം പ്രകാരം പിരിച്ചെടുക്കുവാൻ ലക്ഷ്യമിട്ടിരുന്ന തുക എത്രയാണ്; ഇതിൽ എത്ര രൂപ പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്?

സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷം (2020-21) ആംനസ്റ്റി സ്കീം പ്രകാരം തീർപ്പാക്കുവാൻ ലക്ഷ്യമിട്ടിരുന്നത് 9642.25 കോടി രൂപയുടെ നികുതി കുടിശ്ശികയാണ്. മൊത്തം നികുതി കുടിശ്ശികയിന്മേൽ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കി ബാക്കി നികുതി തുകയുടെ ഏറ്റവും കുറഞ്ഞത് 40% (തവണകളായി അടച്ചാൽ 50% ഒറ്റത്തവണയായി അടച്ചാൽ 40%) ആണ് ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നത്. ഇതിൽ 2020-

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

21 വർഷ കാലയളവിലെ ആംനസ്റ്റി സ്കീം പ്രകാരം 270.37 കോടി രൂപ പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) ആംനസ്റ്റി സ്കീമുകൾ തുടർച്ചയായി പരാജയപ്പെടുന്നുവെന്ന് കരുതുന്നുണ്ടോ; എങ്കിൽ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ആംനസ്റ്റി സ്കീമുകൾ തുടർച്ചയായി പരാജയപ്പെടുന്നുവെന്ന് കരുതാൻ കഴിയില്ല. ജി.എസ്.ടി.ക്ക് മുൻപ് ഉള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി.യിലേക്ക് നൽകുന്നതിന്റെ ഭാഗമായാണ് കഴിഞ്ഞ വർഷം (2020-21) ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതനുസരിച്ച് വാറ്റ് നിയമത്തിന്മേലുള്ള നികുതി കുടിശ്ശികകളിൽ പിഴയും പലിശയും പൂർണമായും ഒഴിവാക്കി കൊടുക്കുകയും നികുതി തുകയിൽ ഇളവ് അനുവദിക്കുകയും ചെയ്തു. കഴിഞ്ഞ വർഷത്തെ ആംനസ്റ്റി പദ്ധതി പ്രകാരം ഒരു വ്യാപാരിയുടെ എല്ലാ വർഷങ്ങളിലെ നികുതി കുടിശ്ശികയും ഒരുമിച്ച് മാത്രമേ ആംനസ്റ്റി ഓപ്റ്റ് ചെയ്യാൻ സാധിക്കുമായിരുന്നുള്ളൂ. ഇത് പല വ്യാപാരികളും ആംനസ്റ്റി പദ്ധതി സ്വീകരിക്കാതിരിക്കുന്നതിന് കാരണമായി. ഇതിൽ നിന്നും വ്യത്യസ്തമായി ഈ വർഷത്തെ (2021-22)

ആംനസ്റ്റി പദ്ധതിയിൽ വ്യാപാരികൾക്ക് ഓരോ വർഷത്തെയും നികുതി കുടിശ്ശികയിന്മേൽ ആംനസ്റ്റി ഓപ്റ്റ് ചെയ്യുവാനുള്ള അവസരം നൽകിയിട്ടുണ്ട്. ഇതു പ്രകാരം നിരവധി വ്യാപാരികൾ ആംനസ്റ്റി പദ്ധതി സ്വീകരിച്ച് കുടിശ്ശിക അടവാക്കിവരുന്നു.

## ജി.എസ്.ടി.

**121 (512)** ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കുന്ന ഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്ന നികുതി വളർച്ചയെത്രയെന്ന് വ്യക്തമാക്കാമോ; നടപ്പാക്കിയിട്ട് നാല് വർഷത്തിലധികമായിട്ടും ഉദ്ദേശിച്ച നികുതി വളർച്ച കൈവരിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടെന്ന് വിശകലനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ജി.എസ്.ടി. നടപ്പാക്കുന്ന ഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നത് 14% വാർഷിക നികുതി വളർച്ചയാണ്. ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷം സംസ്ഥാനത്തിന് നികുതി വരുമാനത്തിൽ വർദ്ധനവ് നേടാൻ

സാധിച്ചിട്ടില്ല. ജി.എസ്.ടി. നികുതിനിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. എന്നാൽ, ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതിനിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5%മോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതിനിരക്ക് സംസ്ഥാന ജി.എസ്.ടി.യിൽ 14 ശതമാനമായി നിശ്ചയിച്ചിരുന്നത് ജി.എസ്.ടി. കൗൺസിൽ 9%, 6% എന്നീ നികുതിനിരക്കുകളിലേക്ക് കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതിപിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. കൂടാതെ, അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന സാധനങ്ങളിൽ നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിലേയ്ക്ക് തട്ടിക്കിഴിക്കുന്നതിലെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി. റിട്ടേൺ പൂർണ്ണമാകാത്തതിനാൽ യഥാസമയം ലഭ്യമായിരുന്നില്ല. ഇതും നികുതിപിരിവിനെ ഒരു പരിധിവരെ

ബാധിച്ചിട്ടുണ്ട്. സംസ്ഥാനം അഭിമുഖീകരിച്ച തുടർച്ചയായ പ്രകൃതി ദുരന്തങ്ങളും തുടർന്ന് വന്ന covid മഹാമാരിയും അതിനെത്തുടർന്നുണ്ടായ lockdown സാഹചര്യവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു.

(ബി) ജി.എസ്.ടി. നടപ്പാക്കിയതുമുതൽ നാളിതുവരെ സംസ്ഥാനത്തിന് ആകെ ലഭിച്ച ജി.എസ്.ടി. വരുമാനം, നഷ്ടപരിഹാര തുക എന്നിവ സംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകാമോ?

ജി.എസ്.ടി. നടപ്പാക്കിയതുമുതൽ നാളിതുവരെ സംസ്ഥാനത്തിന് ആകെ ലഭിച്ച ജി.എസ്.ടി. വരുമാനത്തിന്റെയും നഷ്ടപരിഹാര തുകയുടെയും വിവരം അനുബന്ധമായി ചേർക്കുന്നു+.

(സി) ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കാൻ കേന്ദ്രസർക്കാർ ശ്രമിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനം എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കുന്നതിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. ജി.എസ്.ടി.യിൽ നികുതി ശൃംഖല വിപുലീകരിക്കുന്നതിന് വേണ്ടി വിവിധ ഏജൻസികളിൽ നിന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവര ശേഖരണം നടത്തുകയും അതിൽ നിന്ന് രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടുപിടിച്ച് രജിസ്ട്രേഷൻ എടുപ്പിക്കുന്നിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനുവേണ്ടി പ്രത്യേക മാനദണ്ഡ പ്രകാരം ടാക്സ് പെയേഴ്സിനെ ഓൺലൈൻ ആയി സെലക്ട് ചെയ്ത് വിശദപരിശോധന നടത്തുന്ന രീതി നടപ്പിലാക്കി. ഇത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർധിപ്പിക്കുകയും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനും സഹായിക്കും. ജി.എസ്.ടി. പൂർണ്ണമായും വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ് വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിനുവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലറ്റിക്സ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ചെക്പോസ്റ്റ് സമ്പ്രദായം ഇല്ലാതായ സാഹചര്യത്തിൽ അതിർത്തികളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനും വേണ്ടി സി.സി.ടി.വി. ക്യാമറകൾ

പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് എ.എൻ.പി.ആർ. സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ-വേ ബിൽ) ഇല്ലാതെ കടന്നുവരുന്ന ചരക്ക വാഹനങ്ങളുടെ വിവരം ഉടൻ തന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ജി.എസ്.ടി.യിൽ ഫയൽ ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി ദേശീയ തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി സംസ്ഥാന തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതും നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് സഹായകമാകുന്നു.

**പെട്രോളിയം വില വർധനയിലൂടെയുള്ള അധിക നികുതി വരുമാനം**

**122 (513)** <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷത്തിലും പെട്രോളിയം വില വർധനയുടെ ഫലമായി സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുള്ള അധിക നികുതി വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ?

പെട്രോൾ, ഡീസൽ വിലവർദ്ധനവിന്റെ ഭാഗമായി 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ കേരള പൊതുവിൽപന നികുതി നിയമപ്രകാരം ഉണ്ടായ അധിക നികുതിവരുമാനം ഇനംതിരിച്ച് അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത അധിക നികുതി വരുമാനത്തിൽ നിന്നും നികുതി ഇളവ് അനുവദിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഈ ഇനത്തിൽ എത്ര രൂപയുടെ ഇളവ് അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

അധിക നികുതി വരുമാനത്തിൽ നിന്നും നികുതി ഇളവ് അനുവദിക്കുന്നതിനുള്ള പദ്ധതികളൊന്നും കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ നികുതി വകുപ്പ് വഴി നടപ്പാക്കിയിട്ടില്ല.

## വാണിജ്യ നികുതി വകുപ്പിന്റെ പുന:ക്രമീകരണം

**123 (514)** <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വാണിജ്യ നികുതി വകുപ്പിന്റെ പുന:ക്രമീകരണം സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്നും ആയത് എന്ന് നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വകുപ്പിലെ പുന:ക്രമീകരണം മൂലം ഉണ്ടാകുന്ന കാതലായ മാറ്റങ്ങൾ എന്തൊക്കെയാണെന്നും പുന:ക്രമീകരണം മൂലം ലക്ഷ്യമിടുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

(എ & ബി) വാണിജ്യ നികുതി വകുപ്പിന്റെ പുനഃക്രമീകരണം സംബന്ധിച്ച നടപടികൾ നടന്നു വരുന്നു.

**വൺ മാൻ ട്രഷറി**

**124 (515)** ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂരിൽ 1996-2001 ലെ സർക്കാർ അനുവദിച്ചതും 2001-06 ലെ സർക്കാർ സബ്ട്രഷറി അനുവദിക്കണമെന്ന് പറഞ്ഞ് നിർത്തലാക്കിയതുമായ വൺ മാൻ ട്രഷറി നാളിതുവരെ സബ്ട്രഷറിയായി പ്രഖ്യാപിക്കാൻ കഴിയാതെവന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

തൃക്കരിപ്പൂർ ഉൾപ്പെടെയുള്ള വൺ മാൻ ട്രഷറികൾ നിർത്തലാക്കിയത് സബ് ട്രഷറിയായി ഉയർത്തുന്നതിന്റെ ഭാഗമായല്ല.

(ബി) സ്ഥലവും കെട്ടിടവും സൗജന്യമായി നൽകാൻ തയ്യാറായാൽ പ്രസ്തുത സബ്ട്രഷറി ഉടൻ പ്രഖ്യാപിക്കുമോ?

നിലവിൽ തൃക്കരിപ്പൂർ കേന്ദ്രമാക്കി സബ് ട്രഷറി ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണനയിലില്ല.

**പള്ളിക്കത്തോട് സബ് ട്രഷറിക്ക് പുതിയ കെട്ടിടം**

**125 (516)** ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ പള്ളിക്കത്തോട് സബ് ട്രഷറി കെട്ടിട നിർമാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

14/07/2020-ലെ സ. ഉ(സാധാ) നം . 4140/2020/ധന പ്രകാരം പള്ളിക്കത്തോട് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനായി പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് വിട്ടു നൽകുന്നതിനു തീരുമാനിച്ചിട്ടുള്ള ഭൂമി കൈമാറി നൽകുന്നതിനായി ട്രഷറി ഡയറക്ടർ ഒപ്പിട്ട റിക്വിസിഷൻ ഫോം 30/11/2019-ന് കോട്ടയം ജില്ലാ കളക്ടർക്ക്

സമർപ്പിച്ചിട്ടുണ്ട് . എന്നാൽ നാളിതുവരെ പ്രസ്തുത ഭൂമി ട്രഷറി വകുപ്പിന് കൈമാറികിട്ടിയിട്ടില്ല.

(ബി) പ്രസ്തുത ആവശ്യത്തിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ സ്ഥലം ഇതിനായി കൈമാറുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; അഞ്ച് വർഷത്തിലധികമായി പദ്ധതി നടപടികൾ മുന്നോട്ട് പോകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

പ്രസ്തുത ആവശ്യത്തിന് നാളിതുവരെ സ്ഥലം കൈമാറി കിട്ടിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ സ്ഥലം ട്രഷറി വകുപ്പിനു കൈമാറുന്ന നടപടികൾ അടിയന്തരമായി പൂർത്തിയാക്കുമെന്ന് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നിന്നും പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് വിട്ടു നൽകുന്നതിനു തീരുമാനിച്ചിട്ടുള്ള ഭൂമിയിൽ ബ്ലോക്കിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നിക്ഷേപിച്ചിട്ടുള്ള മണ്ണ് ലേലംചെയ്യുന്നതിനുള്ള തുടർ നടപടികളും പ്രസ്തുത സ്ഥലത്ത് നിലനിൽക്കുന്ന മരങ്ങൾ ലേലം ചെയ്ത് മാറ്റുന്ന പ്രവൃത്തിയും നടത്തുന്നതിനുള്ള നടപടി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടന്നു വരികയാണ്. പള്ളിക്കത്തോട് സബ് ട്രഷറിക്ക് പുതിയ

കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കൈമാറി കിട്ടുന്ന മുറക്ക് തുടർ നടപടികൾ വകുപ്പ് സ്വീകരിക്കുന്നതാണ്.

(സി) നടപടികൾ ത്വരിതപ്പെടുത്തി കെട്ടിട നിർമാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കാമോ?

പുതിയ കെട്ടിട നിർമ്മാണത്തിനായി റവന്യൂ അധികൃതരിൽ നിന്ന് സ്ഥലം കൈമാറി കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ വകുപ്പ് സ്വീകരിക്കുന്നതാണ്.

**ട്രഷറികളുടെ നവീകരണം**

**126 (517)** ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികൾ നവീകരിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ട്രഷറി നവീകരണത്തിന്റെ ഭാഗമായി 36 ട്രഷറികളുടെ നിർമ്മാണത്തിനുള്ള 108 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ച ട്രഷറി നിർമ്മാണങ്ങളിൽ 25 ട്രഷറികളുടെ നിർമ്മാണങ്ങൾക്ക് സാങ്കേതിക അനുമതി നൽകി നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 21 കോടി രൂപയുടെ ഭരണാനുമതി നൽകിയ

ട്രഷറി വകുപ്പിന്റെ ആസ്ഥാന മന്ദിര നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മറ്റു ട്രഷറികളുടെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ താഴെ പറയും പ്രകാരമാണ്.

1. പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച ട്രഷറികൾ. വടക്കാഞ്ചേരി, മലയിൻകീഴ്, ശാസ്താംകോട്ട, മുളന്തുരുത്തി നെടുമങ്ങാട്, കൊട്ടാരക്കര, മുകുന്ദപുരം, ചവറ, കുണ്ടറ, പൊൻകുന്നം, നൂറനാട്, ഹരിപ്പാട്, വികാസ് ഭവൻ, കോലഞ്ചേരി എന്നീ സബ് ട്രഷറികളും പെൻഷൻ പേയ്മെന്റ് സബ് ട്രഷറി കൊല്ലം , സബ് ട്രഷറി കൊല്ലം, കൊട്ടാരക്കര, ഇരിങ്ങാലക്കുട എന്നീ ജില്ലാ ട്രഷറികളും.

2. പുതിയ സബ് ട്രഷറി ആരംഭിച്ചത്. കുന്ദമംഗലം സബ് ട്രഷറി

3. കെട്ടിട നിർമ്മാണം പൂർത്തിയായ ട്രഷറികൾ. പുൽപ്പള്ളി, പീരുമേട് സബ് ട്രഷറികൾ.

4. നിർമ്മാണം അന്തിമ ഘട്ടത്തിലുള്ള ട്രഷറികൾ. പഴങ്ങാടി, ചാത്തന്നൂർ, പയ്യന്നൂർ, ചട്ടഞ്ചാൽ, മുതുകുളം, മാന്നാർ, പീരുമേട്, കൊല്ലങ്കോട്, പേരാമ്പ്ര, വർക്കല, എടവണ്ണ, കാസർഗോഡ് എന്നീ സബ് ട്രഷറികളും നെടുങ്കണ്ടം സ്റ്റാമ്പ് ഡിപ്പോയും.

5. പുതിയ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായിട്ടുള്ളത് നിലമ്പൂർ, മാലക്കല്ല്, പള്ളിക്കത്തോട്, ശ്രീകണ്ഠപുരം.

6. കെട്ടിട നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളത് പെരിന്തൽമണ്ണ, എടക്കര, വടകര, എടത്വ ട്രഷറികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ഭരണാനുമതി നൽകിയ ശൗചാലയം നിർമ്മിക്കൽ, റാമ്പ് നിർമ്മാണം ട്രഷറികളുടെ പെയ്ന്റിംഗ് തുടങ്ങിയ പ്രവൃത്തികൾ സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന വിജയകരമായി പൂർത്തിയാക്കി വരുന്നു.

(ബി) ട്രഷറികളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഒരുക്കുന്നതടക്കമുള്ള പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മറ്റുള്ള വകുപ്പുകൾ പ്രവർത്തിച്ചു വരുന്നതു പോലെയുള്ള ഏകജാലക രീതിയിലുള്ള ഫ്രണ്ട് ഓഫീസ് സംവിധാനത്തിനു പകരം എല്ലാ ട്രഷറികളിലും ഇടപാടുകാർക്ക് മുഴുവൻ സമയ സേവനം നൽകുന്നതിനായി ഹെൽപ്പ് ഡെസ്ക് കൗണ്ടറുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ ക്യാഷ് കൗണ്ടറും ടെല്ലർ കൗണ്ടറും പ്രവൃത്തിക്കുന്നുണ്ട്.

(സി) കൊണ്ടോട്ടി സബ് ട്രഷറിയുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും പ്രവർത്തന ബാഹുല്യമുള്ള പ്രസ്തുത ട്രഷറി വിഭജിച്ച് വാഴക്കാട് കേന്ദ്രമായി ഒരു പുതിയ ട്രഷറി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

കൊണ്ടോട്ടി സബ് ട്രഷറിയുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൊണ്ടോട്ടി സബ് ട്രഷറി വിഭജിച്ച് വാഴക്കാട് കേന്ദ്രമാക്കി പുതിയ ട്രഷറി അനുവദിക്കുന്നതിനുള്ള ശുപാർശ നിലവിൽ പരിഗണനയിലില്ല.

**മുണ്ടക്കയം സബ്ട്രഷറി കെട്ടിട നിർമ്മാണം**

**127 (518)** <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടക്കയം സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി പുതിയ അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ധനകാര്യവകുപ്പിന്റെ പരിശോധനയിലാണ്.

(ബി) ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കി സബ്ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നടപടികൾ സ്വീകരിച്ചു വരുന്നു.

**ആലത്തൂർ സബ്ട്രഷറി ഓഫീസിന് പുതിയ കെട്ടിടം**

**128 (519)** ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ സബ്ട്രഷറി ഓഫീസിലെ അസൗകര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. പൈതൃക പദവിയുള്ള പ്രസ്തുത കെട്ടിടത്തിൽ നിർമ്മാണ പ്രവൃത്തികളോ മറ്റു അറ്റകുറ്റപണികളോ നടത്തുന്നതിന് പരിമിതികൾ ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം എവിടെയെന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലാ കളക്ടറുടെ ഉത്തരവനുസരിച്ച് ആലത്തൂർ മിനി സിവിൽ സ്റ്റേഷനിൽ 310 ചതുരശ്ര മീറ്റർ സ്ഥലം ആലത്തൂർ സബ്

ട്രഷറിക്കായി അനുവദിച്ച് കിട്ടിയിരുന്നെങ്കിലും സ്ട്രോങ് റൂം നിർമ്മിക്കുന്നതിന് സ്ഥലപരിമിതിയുള്ള സാഹചര്യത്തിൽ ആലത്തൂർ സബ് ട്രഷറി മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുവാൻ നിർവാഹമില്ലാത്ത സ്ഥിതി ആണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ഇ-ട്രഷറി റീഫണ്ടുകൾക്കുള്ള കാലതാമസം**

**129 (520)** <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇ-ട്രഷറി വഴിയുള്ള റീഫണ്ടുകൾക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ഇ-ട്രഷറി വഴി നേരിട്ട് നടത്തുന്ന ഇടപാടുകളുടെ റീഫണ്ട് മറ്റ് തടസ്സങ്ങളില്ലാതെ നൽകി വരുന്നുണ്ട്. എന്നാൽ വിവിധ വകുപ്പുകളുടെ ഓൺലൈൻ സൈറ്റുകൾ വഴി നടത്തുന്ന ഇടപാടുകളുടെ റീഫണ്ട് പ്രസ്തുത വകുപ്പുകളുടെ സൈറ്റുകൾ വഴി തന്നെയാണ് നൽകേണ്ടത്. ചില വകുപ്പുകളുടെ സൈറ്റുകളിൽ റീഫണ്ട് ഓപ്ഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മോട്ടോർ വാഹന വകുപ്പിന്റെ സൈറ്റ് ആയ 'പരിവാഹൻ'

പോലെയുള്ള സൈറ്റുകളിൽ ഇത്തരത്തിൽ റീഫണ്ടിനുള്ള ഓപ്ഷൻ ഏർപ്പെടുത്തിയിട്ടില്ല. വകുപ്പുകളുടെ തന്നെ വെബ് സൈറ്റിൽ റീഫണ്ടിനുള്ള ഓപ്ഷൻ ഏർപ്പെടുത്തുന്നതിനനുസരിച്ച് ഇതിനുള്ള കാലതാമസം പൂർണ്ണമായും ഒഴിവാക്കാൻ കഴിയുന്നതാണ്. നിലവിൽ താത്കാലിക പരിഹാരം എന്ന നിലയിൽ ഇത്തരത്തിലുള്ള റീഫണ്ടിനുള്ള പ്രത്യേക സൗകര്യം ഇ-ട്രഷറിയിൽ ഇപ്പോൾ പുന:സ്ഥാപിച്ച് നൽകിയിട്ടുണ്ട്.

## പെൻഷൻ മസ്റ്ററിംഗ്

**130 (521)** ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദേശിച്ച സമയത്ത് മസ്റ്ററിംഗ് നടത്താൻ കഴിയാത്തവർക്ക് പെൻഷൻ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അതിദരിദ്ര വിഭാഗത്തിൽ ഉൾപ്പെടുന്ന ഇത്തരക്കാർക്ക് മസ്റ്ററിംഗ് നടത്താൻ കഴിയാത്ത സമയത്തെ പെൻഷൻ കുടിശ്ശികയായി പരിഗണിച്ച് അനുവദിക്കാൻ തടസ്സമുണ്ടോ; ഇത് സംബന്ധിച്ച സർക്കാർ നിലപാട് അറിയിക്കാമോ?

അത്തരക്കാരുടെ പെൻഷൻ മസ്റ്റർ ചെയ്യുന്ന മുറയ്ക്ക് പുന:സ്ഥാപിച്ച് നൽകുന്നതും മസ്റ്റർ ചെയ്യുന്ന മാസം മുതൽ (അതാത് മാസം 20- ാം തീയതിക്കുള്ളിൽ മസ്റ്റർ ചെയ്യുന്നവർക്ക്) പെൻഷൻ അനുവദിക്കുന്നതുമാണ്. മസ്റ്റർ ചെയ്യുന്നതിനു മുമ്പുള്ള അർഹതപ്പെട്ട പെൻഷൻ കുടിശ്ശിക ഇതിനായി സർക്കാർ ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് വിതരണം നടത്തുന്നതുമാണ്.

(സി) നിലവിൽ പെൻഷൻ വാങ്ങുന്നവർക്ക് മസ്റ്ററിംഗ് നടത്തുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മസ്റ്റർ ചെയ്തവർക്കോ, ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയവർക്കോ മാത്രമാണ് പെൻഷൻ നൽകി വരുന്നത്. 2019 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ടിട്ടുള്ളവരാണ് മസ്റ്ററിംഗ് നടത്തേണ്ടത്. നിലവിൽ പെൻഷൻ വാങ്ങിക്കുന്നവർ വീണ്ടും മസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടില്ല.

## ലോട്ടറി ക്ഷേമനിധി ബോർഡിലെ അംഗത്വം

**131 (522)** ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ക്ഷേമനിധി ബോർഡിൽ അംഗത്വ രജിസ്ട്രേഷന് അംഗീകൃത തൊഴിലാളി സംഘടനകളുടെ അംഗീകാരം നിർബന്ധമായിരുന്നത് ഭേദഗതി വരുത്തി 2020 ൽ ഗസറ്റ് നോട്ടിഫിക്കേഷൻ ആയിട്ടും നടപ്പിലാക്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; ഇത് എന്ന് മുതൽ നടപ്പിലാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉണ്ട്. SRO 327/2020 ആയി പദ്ധതി ഭേദഗതി വിജ്ഞാപനം ചെയ്തിരുന്നുവെങ്കിലും അതിനനുസൃതമായി അംഗത്വ രജിസ്ട്രേഷനുള്ള ഫോറം നമ്പർ 1 ൽ ഭേദഗതി വരുത്തിയിരുന്നില്ല. ഇതിനുള്ള പദ്ധതി ഭേദഗതി ശിപാർശ ക്ഷേമനിധി ബോർഡ് സി.ഇ.ഒ യിൽ നിന്നും ലഭ്യമാക്കി ഗസറ്റിൽ വിജ്ഞാപനം ചെയ്ത് ഭേദഗതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ നടന്നു വരുന്നു.

(ബി) പ്രകൃതി ദുരന്തവും മറ്റ് അപകടങ്ങൾ നിമിത്തവും ലോട്ടറി ടിക്കറ്റുകൾ നഷ്ടപ്പെടുന്നത് മൂലം ഏജന്റുമാർക്ക് നഷ്ടം സംഭവിക്കാറുള്ളതിനാൽ ടിക്കറ്റിന് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ലോട്ടറി ടിക്കറ്റുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണനയിലില്ല

## ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ഐ.ടി. വകുപ്പിലെ പരിശോധന

**132 (523)** ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനകളിൽ ഐ.ടി. വകുപ്പുമായി ബന്ധപ്പെട്ട് കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്രമക്കേടുകൾ സംബന്ധിച്ച് ഐ.ടി. വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നതിന്റെ വിശദാംശം നൽകാമോ?

(എ&ബി) വിവരം ശേഖരിച്ചു വരുന്നു

## മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട്

**133 (524)** ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവ് സാധാ നം.1024/2016/ എച്ച്&എഫ്ഡബ്ല്യു ഡി പ്രകാരം മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ട്സ്,

എസ്റ്റാബ്ലിഷ്മെന്റ്, അഡ്മിനിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് നടത്തുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഏത് സാമ്പത്തിക വർഷം വരെയുള്ള വാർഷിക കണക്കുകളാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഓഡിറ്റ് പരിശോധനയ്ക്ക് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 2012-13 സാമ്പത്തിക വർഷം വരെയുള്ള വാർഷിക കണക്കുകളാണ് ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത്.

(ബി) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഏത് സാമ്പത്തിക വർഷം വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളാണ് പൂർത്തിയാക്കി സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 2012-13 സാമ്പത്തിക വർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കി ഓഡിറ്റ് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ

**134 (525)** <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര, താമരക്കുളം പഞ്ചായത്തുകളിൽ കെ.എസ്.എഫ്.ഇ. യുടെ ബ്രാഞ്ചുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബ്രാഞ്ചുകൾ ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ&ബി) മാവേലിക്കര മണ്ഡലത്തിലെ തഴക്കരയിൽ കെ.എസ്.എഫ്.ഇ യുടെ പുതിയ ബ്രാഞ്ച് ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആലപ്പുഴ അസിസ്റ്റന്റ് ജനറൽ മാനേജരെ ചുമതലപ്പെടുത്തി യിരുന്നുവെങ്കിലും പ്രായോഗികമല്ല എന്ന റിപ്പോർട്ടാണ് ലഭിച്ചിട്ടുള്ളത്. താമരക്കുളം പഞ്ചായത്തിൽ കെ.എസ്.എഫ്.ഇ യുടെ ബ്രാഞ്ച് ആരംഭിക്കുന്നതിനുള്ള ബിസിനസ്സ് പ്രായോഗികത വിലയിരുത്തുന്നതിന് ആലപ്പുഴ അസിസ്റ്റന്റ് ജനറൽ മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ. പൂച്ചാക്കൽ ബ്രാഞ്ച്

**135 (526)** <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. പൂച്ചാക്കൽ ബ്രാഞ്ച് പുതിയ കെട്ടിടത്തിലേയ്ക്ക് മാറുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ബ്രാഞ്ചിന്റെ അടിക്കടിയുള്ള മാറ്റം ഉപഭോക്താക്കളെ ബുദ്ധിമുട്ടിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉദ്ഘാടനത്തിന് ശേഷം ഈ ബ്രാഞ്ച് ഏതൊക്കെ സ്ഥലങ്ങളിൽ പ്രവർത്തിച്ചുവെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പാണാവള്ളി പഞ്ചായത്തിൽ ശ്രീ. കെ. എം. പുരുഷന്റെ ഉടമസ്ഥതയിൽ ഏകദേശം 730 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ 04.11.2004-നാണ് കെ.എസ്.എഫ്.ഇ. പൂച്ചാക്കൽ ശാഖ പ്രവർത്തനം ആരംഭിച്ചത്. കാലക്രമേണ ബിസിനസ്സിൽ വളർച്ച ഉണ്ടായപ്പോൾ അതേ പഞ്ചായത്തിൽ തന്നെ (ഏകദേശം 900 മീറ്ററോളം മാറി) ശ്രീ. ടി. ഐ. ചന്ദ്രാംഗദന്റെ ഉടമസ്ഥതയിലുള്ള മറ്റൊരു

കെട്ടിടത്തിലേയ്ക്ക് മാറിയാണ് ഈ ശാഖ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ശാഖയിൽ ഇപ്പോൾ 5.72 കോടി രൂപയുടെ ചിട്ടി സലയും 24 കോടി രൂപയുടെ വായ്പകളും ഉണ്ട്. കൂടാതെ 22 ജീവനക്കാർ ഇവിടെ ജോലി ചെയ്യുന്നുണ്ട്. ആയതിനാൽ ശാഖയിൽനിന്നുള്ള അപേക്ഷ പരിഗണിച്ചുകൊണ്ട് 2000 ച.അടി വരുന്ന തൊട്ടടുത്തുള്ള ശ്രീ. സതീഷ് ചന്ദ്രന്റെ ഉടമസ്ഥതയിലുള്ള പുതിയൊരു കെട്ടിടത്തിലേയ്ക്ക് മാറുവാൻ 27-05-2020-ലെ കെ.എസ്.എഫ്.ഇ.-യുടെ ഡയറക്ടർ ബോർഡ് യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ശാഖ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ സ്ഥലം വാങ്ങി സ്വന്തം കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം മാറ്റുന്ന കാര്യം പരിഗണിക്കുമോ?

നിലവിൽ ഇത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല.

**സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള വാഹന പരിരക്ഷ**

**136 (527)** <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം സർക്കാർ വാഹനങ്ങൾക്ക് മാത്രമാണോ പരിരക്ഷ നൽകി വരുന്നത്?

സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വേണ്ടിയുള്ള ലൈഫ് ഇൻഷ്വറൻസ് പദ്ധതിയാണ്; വാഹനങ്ങൾക്ക് പരിരക്ഷ നൽകുന്നതിനുവേണ്ടിയുള്ള ഇൻഷ്വറൻസ് പദ്ധതിയല്ല.

(ബി) എങ്കിൽ സ്വകാര്യ വാഹനങ്ങൾക്കും പ്രസ്തുത പദ്ധതിയിലൂടെ പരിരക്ഷ നൽകുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

സർക്കാർ വാഹനങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങളുടെ വാഹനങ്ങൾക്കും, സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത് വാങ്ങിയ സ്വകാര്യ വാഹനങ്ങൾക്കും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും ജനറൽ ഇൻഷ്വറൻസ് (മോട്ടോർ) പോളിസികൾ മുഖേന നിലവിൽ പരിരക്ഷ നൽകുന്നുണ്ട്. 1972-ലെ ജനറൽ ഇൻഷ്വറൻസ് ബിസിനസ് നാഷണലൈസേഷൻ ആക്ടിലെ 36(1)(എ) വകുപ്പ് പ്രകാരം Lender, Guarantor, Share holder എന്നീ നിലകളിൽ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ ജനറൽ ഇൻഷ്വറൻസ് ഇടപാടുകൾ നടത്തുന്നതിന് മാത്രമെ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് അധികാരമുള്ളൂ.

**പാനൂരിൽ പുതിയ സ്റ്റാമ്പ് വെണ്ടർ**

137 (528) ശ്രീ. കെ. പി. മോഹനൻ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര സ്റ്റാമ്പ് വെണ്ടർമാരാണുള്ളത്; സ്റ്റാമ്പ്, മുദ്രപത്രം, വെണ്ടർ ലൈസൻസ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

അഞ്ച്; ജില്ലാ കളക്ടർ അദ്ധ്യക്ഷനായും, ജില്ലാ രജിസ്ട്രാർ (ജനറൽ), ജില്ലാ ട്രഷറി ഓഫീസർ എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റിയാണ് വെണ്ടർമാരെ നിയമിക്കുന്നത്. രണ്ട് സ്റ്റാമ്പ് വെണ്ടർമാരുടെ ഓഫീസുകൾ തമ്മിലുള്ള ഏറ്റവും കുറഞ്ഞ ദൂരം കോർപ്പറേഷൻ പ്രദേശം രണ്ട് കിലോമീറ്റർ, മുൻസിപ്പാലിറ്റി പ്രദേശം നാല് കിലോമീറ്റർ പഞ്ചായത്ത് പ്രദേശം എട്ട് കിലോമീറ്റർ എന്നിങ്ങനെയാണ്. സംസ്ഥാനത്ത് എവിടെയെങ്കിലും സ്റ്റാമ്പ് വെണ്ടർ ലൈസൻസോ ആധാരമെഴുത്ത് ലൈസൻസോ ഉള്ളവർക്ക് സ്റ്റാമ്പ് വെണ്ടർ ലൈസൻസിന് അപേക്ഷിക്കാൻ അർഹതയില്ല. ഒഴിവ് വിജ്ഞാപനം നടത്തുന്ന വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയാകാത്തവർക്കും 60 വയസ്സ് പൂർത്തിയായവർക്കും

എസ്.എസ്.എൽ.സി.-യോ തത്തുല്യ പരീക്ഷയോ ജയിക്കാത്തവർക്കും സ്റ്റാമ്പ് വെണ്ടർ ലൈസൻസിന് അപേക്ഷിക്കാൻ അർഹതയില്ല.

(ബി) രണ്ട് സബ് രജിസ്ട്രാർ ഓഫീസ് ഉൾപ്പെടെ നിരവധി സർക്കാർ ഓഫീസുകൾ സ്ഥിതി ചെയ്യുന്ന പാനൂർ മേഖലയിൽ സ്റ്റാമ്പ് വെണ്ടർമാരില്ലാത്തതിനാൽ പൊതുജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(സി) ഈ വർഷം തന്നെ പാനൂരിൽ പുതിയ സ്റ്റാമ്പ് വെണ്ടറെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) പാനൂർ സബ് ട്രഷറിയുടെ കീഴിൽ മൂന്ന് സ്റ്റാമ്പ് വെണ്ടർ തസ്തികകളാണുള്ളതെങ്കിലും രണ്ട് സ്റ്റാമ്പ് വെണ്ടർമാരുടെ നിര്യാണത്തെ തുടർന്ന് നിലവിൽ ഒരു സ്റ്റാമ്പ് വെണ്ടർ മാത്രമാണ് ഉള്ളത്. എന്നിരുന്നാലും മുദ്രയും മുദ്രപ്പത്ര ലഭ്യതക്കുറവുമായി ബന്ധപ്പെട്ട് പരാതികളൊന്നും ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ഇ-സ്റ്റാമ്പിങ് പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ സാഹചര്യത്തിൽ നിലവിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് നൽകുന്നില്ല.

## ജി.എസ്.ടി. വരുമാനം

138 (529) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ ജി.എസ്.ടി. വരുമാനത്തിലുണ്ടായ ഏറ്റക്കുറച്ചിലുകൾ എത്ര വീതമാണെന്ന് വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

01-07-2017-ൽ ജി.എസ്.ടി. പ്രാബല്യത്തിൽ വന്നതിനുശേഷം പ്രതിവർഷ ജി.എസ്.ടി. നികുതി വരുമാനത്തിൽ ഉണ്ടായ വർദ്ധനവിന്റെ വിവരം അനുബന്ധം I ആയി ചേർക്കുന്നു.+

(ബി) ഇതിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട ജി.എസ്.ടി. വരുമാനം എത്രയാണെന്നും ഇതുവരെ ലഭിച്ചത് എത്രയാണെന്നും അറിയിക്കാമോ?

(01.07.2017) 2017-18 മുതൽ 2021-22 (31 Jan 2022) വരെ ഉള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട ജി.എസ്.ടി. വരുമാനം എത്രയാണെന്നും സംസ്ഥാനത്തിന് ജി.എസ്.ടി. കളക്ഷൻ (എസ്.ജി.എസ്.ടി, ഐ.ജി.എസ്.ടി. സെറ്റില്മെന്റ്, ഐ.ജി.എസ്.ടി. Ad

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

hoc) ആയി ലഭിച്ച തുകയുടെ വിവരം അനുബന്ധം II ആയി ചുവടെ ചേർക്കുന്നു.+

## ജി.എസ്.ടി.

139 (530) ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ അശാസ്ത്രീയമായും യുക്തിരഹിതമായും നടപ്പാക്കിയ ജി.എസ്.ടി. സംസ്ഥാനത്തിന്റെ വരുമാനം ഗണ്യമായി കുറച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷം സംസ്ഥാനത്തിന് നികുതി വരുമാനത്തിൽ വർദ്ധനവ് നേടാൻ സാധിച്ചിട്ടില്ല. ജി.എസ്.ടി. നികുതിനിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. എന്നാൽ, ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതി നിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5%മോ അതിനുമുകളിലോ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതിനിരക്ക് സംസ്ഥാന ജി.എസ്.ടി.-യിൽ 14 ശതമാനമായി നിശ്ചയിച്ചിരുന്നത് ജി.എസ്.ടി. കൗൺസിൽ 9%, 6% എന്നീ നികുതി നിരക്കുകളിലേയ്ക്ക് കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതിപിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. കൂടാതെ, അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന സാധനങ്ങളിൽ നൽകിയ ഐ.ജി.എസ്.ടി, എസ്.ജി.എസ്.ടി. അടയ്ക്കുന്നതിലേയ്ക്ക് തട്ടിക്കിഴിക്കുന്നതിലെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി. റിട്ടേൺ പൂർണ്ണമാകാത്തതിനാൽ യഥാസമയം ലഭ്യമായിരുന്നില്ല. ഇതും നികുതിപിരിവിനെ ഒരു പരിധി വരെ ബാധിച്ചിട്ടുണ്ട്.

(ബി) ഭരണഘടനാ ഭേദഗതി പ്രകാരം ലഭിക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാരം യഥാസമയം പൂർണ ്ണമായും ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഭരണഘടനാ ഭേദഗതി പ്രകാരം ലഭിക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാരം യഥാസമയം പൂർണ്ണമായും ലഭിക്കുന്നില്ല. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ

അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ദ്വൈമാസക്കണക്കിൽ ആണ് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത്. 2017-18, 2018-19 സാമ്പത്തിക വർഷം ഇത് യഥാസമയം ലഭിക്കുകയുണ്ടായി. എന്നാൽ 2019-20 സാമ്പത്തിക വർഷം സംസ്ഥാനങ്ങൾക്ക് നൽകേണ്ട നഷ്ടപരിഹാര തുകയേക്കാൾ കുറഞ്ഞ തുക ആണ് കോമ്പൻസേഷൻ സെസ്സ് വഴി ലഭിച്ചത്. ഇതിനാൽ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാര തുക യഥാസമയം ലഭ്യമായില്ല. 2019 ഡിസംബർ മുതൽ 2020 ഫെബ്രുവരി വരെയുള്ള നഷ്ടപരിഹാര തുക 04-06-2020-നും 2020 മാർച്ചിലെ നഷ്ടപരിഹാര തുക 23-07-2020-നും ആണ് കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചത്. 2020-21 സാമ്പത്തിക വർഷത്തിൽ കേരളത്തിന് ലഭിക്കേണ്ട നഷ്ടപരിഹാര തുക യഥാസമയം ലഭിച്ചില്ല. 27-08-2020 -ൽ കൂടിയ 41-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ ഇക്കാര്യം ചർച്ച ചെയ്യുകയും, നിലവിലെ കോവിഡ് സാഹചര്യവും കോമ്പൻസേഷൻ സെസ്സിലെ വരുമാനത്തിൽ ഉണ്ടായ കുറവും കാരണം സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാനങ്ങൾ തത്തുല്യമായ തുക കടമെടുക്കാനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റ് മുന്നോട്ട് വച്ചു. എന്നാൽ

കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്രം തന്നെ പൊതുവിപണിയിൽ നിന്നും കടമെടുത്ത് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചു. ഇതനുസരിച്ച് കേരളത്തിന് 2020-21 സാമ്പത്തിക വർഷം 5766 കോടി രൂപയും 2021-22 സാമ്പത്തിക വർഷം ജനുവരി വരെ 8739.31 കോടി രൂപയും ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ ലഭിക്കാനുള്ള ബാക്കി തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) വിൽപന നികുതി, ജി.എസ്.ടി. എന്നിവ ഉൾപ്പെടെ വിവിധ നികുതികളുടെ ചോർച്ച തടയാനായി വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ?

ജി.എസ്.ടി. പൂർണ്ണമായും വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ് വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിന് വേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക്സ് വിഭാഗം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി നികുതിച്ചോർച്ചയുടെ മേഖലകളും വ്യാപാരികളെയും കേന്ദ്രീകരിച്ച് എൻഫോഴ്സ്മെന്റ് നടത്താൻ സാധിച്ചിട്ടുണ്ട്. വ്യാപാരികൾ മാസാമാസം നടത്തുന്ന വില്പന തങ്ങളുടെ റിട്ടേണുകളിൽ ഉൾപ്പെടുത്തി നിശ്ചിത സമയത്തുതന്നെ ഫയൽ ചെയ്യുന്നു എന്ന് വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. ഇതിനായി വ്യാപാരികളെ അവർ നൽകുന്ന നികുതിയുടെ തോതനുസരിച്ച് തരംതിരിച്ച് പരിശോധിക്കുന്നു. റിട്ടേൺ ഫയൽ ചെയ്യാൻ താമസിച്ചാൽ ആദ്യ പടി എന്ന നിലയിൽ ഫോൺ, ഇ-മെയിൽ, SMS എന്നീ സംവിധാനങ്ങൾ മുഖേന റിട്ടേൺ ഫയൽ ചെയ്യുവാൻ ഓർമ്മപ്പെടുത്തുന്നു. ശേഷം പിഴ, അസ്സെസ്സ്മെന്റ് നടപടികൾ, ഇന്റലിജൻസ് പരിശോധന എന്നിവ നടത്തുന്നുണ്ട്. റിട്ടേൺ, രജിസ്ട്രേഷൻ എന്നീ വിവരങ്ങൾ വിശകലനം ചെയ്ത് അതിൽ നിന്നും തെരഞ്ഞെടുക്കുന്ന വ്യാപാരികളെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്ന നടപടി സ്വീകരിച്ചത് വഴി നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നു. റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനുവേണ്ടി പ്രത്യേക മാനദണ്ഡപ്രകാരം ടാക്സ്പെയേഴ്സിനെ ഓൺലൈൻ ആയി സെലക്ട് ചെയ്ത്

വിശദപരിശോധന നടത്തുന്നരീതി നടപ്പിലാക്കി വരുന്നു. ഇത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനും സഹായകമായി.

(ഡി) ജി.എസ്.ടി. നിയമത്തിന് അനുസൃതമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ നവീകരിക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന നികുതി വരുമാനത്തിന്റെ ഗണ്യമായ അംശം നൽകുന്ന വകുപ്പാണ് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്. പുതിയ നികുതി സംവിധാനം നടപ്പിലായതോടെ നികുതി ഭരണ സംവിധാനത്തിലും കാതലായ മാറ്റങ്ങൾ അനിവാര്യമാണ്. ഈ പശ്ചാത്തലത്തിൽ നികുതി സംവർദ്ധനത്തിനും അതിന്റെ നിർവ്വഹണത്തിനും ഉതകുന്ന തരത്തിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി വരുമാനമാർഗ്ഗം ശക്തിപ്പെടുത്തുന്നതിനായി വകുപ്പ് പുനഃസംഘടനയുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിന്റെ പുനഃസംഘടന പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി വകുപ്പിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഓഡിറ്റ് ടീമുകൾ രൂപീകരിച്ച് ഇപ്പോൾ ട്രെയിനിങ് നൽകി വരുന്നുണ്ട്.

**ഒരു രാജ്യം ഒരു രജിസ്ട്രേഷൻ പദ്ധതി**

**140 (531)** ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ
വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രബജറ്റിലെ ഒരു രാജ്യം ഒരു രജിസ്ട്രേഷൻ എന്ന പ്രഖ്യാപനം സംസ്ഥാന നികുതി വരുമാനത്തെ ഏത് രീതിയിൽ ബാധിക്കുമെന്ന് വിശദീകരിക്കാമോ;

(ബി) സംസ്ഥാനത്തിന് സ്റ്റാമ്പ് ഡ്യൂട്ടി നിർണ്ണയിക്കാനുള്ള അധികാരം ഇല്ലാതാക്കുന്ന പ്രസ്തുത തീരുമാനത്തിലൂടെ സംസ്ഥാനത്തിന് വരുമാന ശോഷണം സംഭവിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) രാജ്യത്തിലുടനീളം ഒരു ഏകീകൃത രജിസ്ട്രേഷൻ സംവിധാനം നടപ്പാക്കുന്നതിലേയ്ക്കും Anywhere രജിസ്ട്രേഷൻ നടപ്പിലാക്കുന്നതിലേയ്ക്കും National Generic Document Registration System-ത്തിനെ 'One -Nation One Registration Software' വഴി ലിങ്ക് ചെയ്യുന്നതാണ് എന്നാണ് കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതായി കാണുന്നത്. നിലവിൽ ഓരോ സംസ്ഥാനത്തും ആധാരങ്ങൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി വ്യത്യസ്തമായ നിരക്കുകളിൽ ആണ് ഈടാക്കുന്നത്. രാജ്യമൊട്ടുക്കും

Anywhere രജിസ്ട്രേഷൻ നടപ്പാക്കുകയാണെങ്കിൽ മുദ്രവില നിരക്ക് കുറവുള്ള സംസ്ഥാനത്ത് കൂടുതൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന സ്ഥിതി സംജാതമാകുന്നത് വഴി ഉയർന്ന നിരക്ക് ഈടാക്കുന്ന സംസ്ഥാനങ്ങളുടെ വരുമാനത്തിൽ ഗണ്യമായ ഇടിവ് സംഭവിക്കാൻ സാധ്യതയുണ്ട്. ഇത്തരമൊരു സ്ഥിതിവിശേഷം മറികടക്കുന്നതിലേയ്ക്കായി രാജ്യം മുഴുവൻ ഏകീകൃത സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് നടപ്പാക്കുകയാണെങ്കിൽ ആയത് സംസ്ഥാനങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് നിശ്ചയിക്കാനുള്ള അധികാരത്തെ പരിമിതപ്പെടുത്തുന്നതാണ്. കൂടാതെ സംസ്ഥാനത്ത് നിലവിലുള്ള നിരക്കുകളേക്കാൾ കുറവായ നിരക്കാണ് അപ്രകാരം നിലവിൽ വരുന്നതെങ്കിൽ, സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ അത് കനത്ത ആഘാതം സൃഷ്ടിക്കും.

(സി) പ്രസ്തുത തീരുമാനം സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സുകളിൽ എത്രമാത്രം ആഘാതം ഉണ്ടാക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ?

ഇല്ല.

**കേന്ദ്ര ബഡ്ജറ്റിലെ ഒരു രാജ്യം ഒരു രജിസ്ട്രേഷൻ എന്ന പ്രഖ്യാപനം**

141 (532) <u>ശ്രീ. വി. ശശി:</u>
<u>ശ്രീ. സി. സി. മുകുന്ദൻ</u>:

**ശ്രീ. വാഴൂർ സോമൻ:**
**ശ്രീ. പി. ബാലചന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ബഡ്ജറ്റിലെ ഒരു രാജ്യം ഒരു രജിസ്ട്രേഷൻ എന്ന പ്രഖ്യാപനം സംസ്ഥാനത്തിന് തിരിച്ചടിയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ചരക്ക് സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകളിൽ ഒന്നാണ് രജിസ്ട്രേഷനുകൾ വഴിയുള്ള വരുമാനം എന്നിരിക്കെ കേന്ദ്ര ബഡ്ജറ്റിലെ പ്രഖ്യാപനം തനതു നികുതിയേതര വരുമാനത്തിൽ വൻ ഇടിവുണ്ടാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) രാജ്യത്തിലുടനീളം ഒരു ഏകീകൃത രജിസ്ട്രേഷൻ സംവിധാനം നടപ്പാക്കുന്നതിലേയ്ക്കും Anywhere രജിസ്ട്രേഷൻ നടപ്പിലാക്കുന്നതിലേയ്ക്കും National Generic Document Registration System-ത്തിനെ 'One -Nation One Registration Software' വഴി ലിങ്ക് ചെയ്യുന്നതാണ് എന്നാണ് കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതായി കാണുന്നത്. നിലവിൽ ഓരോ സംസ്ഥാനത്തും ആധാരങ്ങൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി വ്യത്യസ്തമായ നിരക്കുകളിൽ ആണ് ഈടാക്കുന്നത്. രാജ്യമൊട്ടുക്കും

Anywhere രജിസ്ട്രേഷൻ നടപ്പാക്കുകയാണെങ്കിൽ മുദ്രവില നിരക്ക് കുറവുള്ള സംസ്ഥാനത്ത് കൂടുതൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന സ്ഥിതി സംജാതമാകുന്നത് വഴി ഉയർന്ന നിരക്ക് ഈടാക്കുന്ന സംസ്ഥാനങ്ങളുടെ വരുമാനത്തിൽ ഗണ്യമായ ഇടിവ് സംഭവിക്കാൻ സാധ്യതയുണ്ട്. ഇത്തരമൊരു സ്ഥിതിവിശേഷം മറികടക്കുന്നതിലേയ്ക്കായി രാജ്യം മുഴുവൻ ഏകീകൃത സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് നടപ്പാക്കുകയാണെങ്കിൽ ആയത് സംസ്ഥാനങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് നിശ്ചയിക്കാനുള്ള അധികാരത്തെ പരിമിതപ്പെടുത്തുന്നതാണ്. കൂടാതെ സംസ്ഥാനത്ത് നിലവിലുള്ള നിരക്കുകളേക്കാൾ കുറവായ നിരക്കാണ് അപ്രകാരം നിലവിൽ വരുന്നതെങ്കിൽ, സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ അത് കനത്ത ആഘാതം സൃഷ്ടിക്കും.

(സി) ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന ഈ നടപടി സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുന്ന കേന്ദ്ര സമീപനത്തിന്റെ ഭാഗമാണെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കാമോ?

ഏകീകൃത സ്റ്റാമ്പ് ഡ്യൂട്ടി എന്ന ആശയം സംസ്ഥാനങ്ങളുടെ അവശേഷിക്കുന്ന അധികാരങ്ങൾ കവർന്നെടുക്കുന്ന നടപടിയാണെന്ന് പ്രാഥമികമായി വിലയിരുത്താം.

(ഡി) ഏകീകൃത രജിസ്ട്രേഷൻ നടപ്പിലാക്കുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ഏകീകരിക്കേണ്ടി വരികയും ഇത് കേന്ദ്ര സർക്കാർ നിർണ്ണയിക്കുകയും ചെയ്യുന്ന സ്ഥിതി സംജാതമാകുമോ; വിശദമാക്കാമോ?

രാജ്യത്തിലുടനീളം ഒരു ഏകീകൃത രജിസ്ട്രേഷൻ സംവിധാനം നടപ്പാക്കുന്നതിലേയ്ക്കും Anywhere രജിസ്ട്രേഷൻ നടപ്പിലാക്കുന്നതിലേയ്ക്കും National Generic Document Registration System-ത്തിനെ 'One -Nation One Registration Software' വഴി ലിങ്ക് ചെയ്യുന്നതാണ് എന്നാണ് കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതായി കാണുന്നത്. നിലവിൽ ഓരോ സംസ്ഥാനത്തും ആധാരങ്ങൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി വ്യത്യസ്തമായ നിരക്കുകളിൽ ആണ് ഈടാക്കുന്നത്. രാജ്യമൊട്ടുക്കും Anywhere രജിസ്ട്രേഷൻ നടപ്പാക്കുകയാണെങ്കിൽ മുദ്രവില നിരക്ക് കുറവുള്ള സംസ്ഥാനത്ത് കൂടുതൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന സ്ഥിതി സംജാതമാകുന്നത് വഴി ഉയർന്ന നിരക്ക് ഈടാക്കുന്ന സംസ്ഥാനങ്ങളുടെ വരുമാനത്തിൽ ഗണ്യമായ ഇടിവ് സംഭവിക്കാൻ സാധ്യതയുണ്ട്. ഇത്തരമൊരു സ്ഥിതിവിശേഷം മറികടക്കുന്നതിലേയ്ക്കായി രാജ്യം മുഴുവൻ ഏകീകൃത സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് നടപ്പാക്കുകയാണെങ്കിൽ ആയത്

സംസ്ഥാനങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് നിശ്ചയിക്കാനുള്ള അധികാരത്തെ പരിമിതപ്പെടുത്തുന്നതാണ്.

(ഇ) കേന്ദ്ര സർക്കാരിന്റെ ഈ നീക്കത്തിനെതിരെ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കൂടുതൽ വിശദാംശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## ലോകായുക്ത നിയമത്തിലെ വകുപ്പ് 14

142 (533) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ലെ കേരള ലോകായുക്ത നിയമത്തിലെ വകുപ്പ് 14 ഭരണഘടനാവിരുദ്ധമാണെന്ന് ഏതെങ്കിലും കോടതിയുടെ വിധി ഉണ്ടായിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ ഏതൊക്കെ കേസുകളിലാണ് അപ്രകാരമുള്ള വിധി ഉണ്ടായിട്ടുള്ളത്; പ്രസ്തുത വിധിന്യായങ്ങളുടെ പ്രസക്തഭാഗങ്ങൾ വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സ്ത്രീപീഡന, പോക്സോ കേസുകളുടെ എണ്ണം

**143** (534) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കോടതികളിലായി തീർപ്പാകാതെ കെട്ടിക്കിടക്കുന്ന സ്ത്രീപീഡന കേസുകളുടെയും പോക്സോ കേസുകളുടെയും എണ്ണം എത്ര വീതം ആണെന്ന് അറിയിക്കുമോ?

31-01-2022-ലെ സ്ഥിതിവിവര കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 10927 പോക്സോ കേസുകളും 3761 റേപ്പ് കേസുകളും തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.

(ബി) ഏതു വർഷം മുതലുള്ള കേസുകളാണ് ഇപ്രകാരം കെട്ടിക്കിടക്കുന്നത്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

31-12-2021 വരെയുള്ള പോക്സോ കേസുകളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു+. റേപ്പ് കേസുകളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു.

(സി) പ്രസ്തുത കേസുകൾ തീർപ്പാക്കാനാകാതെ കെട്ടിക്കിടക്കുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നാണ് വിലയിരുത്തുന്നത്?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോടതികളിൽ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നത് ഉറപ്പാക്കുന്നതിലേയ്ക്കായി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ 28 അതിവേഗ കോടതികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ, 28 അതിവേഗ കോടതികൾ കൂടി സ്ഥാപിക്കുന്നതിന് ഈ സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. റേപ്പ് കേസുകളുടെയും പോക്സോ കേസുകളുടെയും വിചാരണയ്ക്കുള്ള അതിവേഗ കോടതികളുടെ പ്രവർത്തനം മാസാടിസ്ഥാനത്തിൽ അതാത് ജില്ലകളുടെ ഭരണച്ചുമതലയുള്ള ജഡ്ജിമാർ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. മതിയായ സയന്റിഫിക് ഓഫീസർമാരുടെ അഭാവം ഫോറൻസിക് റിപ്പോർട്ട് യഥാസമയം ലഭിക്കുന്നതിന് തടസ്സം നേരിടുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആവശ്യമായ ഉദ്യോഗസ്ഥരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കരാറടിസ്ഥാനത്തിലും താൽക്കാലികമായി നിയോഗിച്ചുകൊണ്ട് നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാ ക്രൈം ബ്രാഞ്ചിൽ നിന്നും അവശ്യം വേണ്ട ജീവനക്കാരെ ഫോറൻസിക് സയൻസ് ലബോറട്ടറിയിലേയ്ക്ക് മാറ്റി നിയമിക്കുകയും ചെയ്തിട്ടുണ്ട്. സയന്റിഫിക് ഓഫീസർമാരുടെ നിയമനനടപടികൾ ത്വരിതപ്പെടുത്താൻ കേരള പബ്ലിക് സർവ്വീസ് കമ്മിഷനോട് ബഹു: ഹൈക്കോടതി അഭ്യർത്ഥിച്ചിട്ടുണ്ട്. പോക്സോ

കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ എത്രയും വേഗം തീർപ്പാക്കുന്നതിനായാണ് പ്രത്യേക പോക്സോ കോടതികൾ ആരംഭിച്ചതും കൂടുതൽ കോടതികൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളതും. ഈ കോടതികൾ കൂടി പ്രവർത്തിച്ചുതുടങ്ങുമ്പോൾ അധികം വൈകാതെ തന്നെ കേസുകൾ കെട്ടിക്കിടക്കുന്ന രീതി ഒഴിവാക്കാനാകും എന്നാണ് കരുതുന്നത്. കേസുകളുടെ തീർപ്പാക്കൽ ത്വരിതപ്പെടുത്തുന്നതിലേയ്ക്കായി ഓരോ പ്രത്യേക കോടതിയുടേയും പ്രവർത്തന പുരോഗതി ഹൈക്കോടതി തല സമിതി നിരീക്ഷിക്കുകയും കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്ത് നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്. ഇതിനുപുറമേ, ബഹു. ഹൈക്കോടതിയുമായി കൂടിയാലോചിച്ച് കൂടുതൽ നടപടികളും സ്വീകരിക്കും.

(ഡി) കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

(സി) - ൽ ചേർത്തിരിക്കുന്നു.

**ഔദ്യോഗിക ഭേദഗതികൾ ഭരണഘടന അനുസൃതമാണെന്ന് ഉറപ്പാക്കുന്നതിന് സംവിധാനം**

144 (535) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമനിർമ്മാണ പ്രക്രിയയുടെ ഭാഗമായി മന്ത്രിമാർ സഭയിൽ അവതരിപ്പിക്കുന്ന ഔദ്യോഗിക ഭേദഗതികൾ നിയമവകുപ്പ് പരിശോധിച്ച് അംഗീകാരം നൽകാറുണ്ടോ?

ബന്ധപ്പെട്ട ഭരണവകുപ്പിൽ നിന്നും ഭേദഗതി അവതരിപ്പിക്കേണ്ടത് സംബന്ധിച്ച മന്ത്രിയുടെ ഉത്തരവ് നിയമ വകുപ്പിൽ ലഭിക്കുന്ന സന്ദർഭത്തിൽ പരിശോധിച്ച് അംഗീകാരം നൽകാറുണ്ട്.

(ബി) സർക്കാരിന്റെ നിർദ്ദേശമെന്ന നിലയിൽ മന്ത്രിമാർ സഭയിൽ അവതരിപ്പിക്കുന്ന ഔദ്യോഗിക ഭേദഗതികൾ ഭരണഘടന അനുസൃതമാണെന്ന് ഉറപ്പാക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ?

നിയമ വകുപ്പ് മാന്വലിന്റെ അദ്ധ്യായം III, ഖണ്ഡിക 10 ഇപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്: " നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടുകഴിഞ്ഞ ഒരു ബില്ലിന് ഭേദഗതി അവതരിപ്പിക്കേണ്ടതുണ്ടെന്ന് പറഞ്ഞുകൊണ്ടുള്ള മന്ത്രിയുടെ ഉത്തരവ് ബന്ധപ്പെട്ട ഭരണവകുപ്പിൽ നിന്നും ലഭിക്കുമ്പോൾ, നിയമവകുപ്പ് നിർദ്ദിഷ്ട ഭേദഗതി പരിശോധിക്കേണ്ടതും, നിയമതടസ്സം

ഒന്നുമില്ലാത്തപക്ഷം, ആ ഭേദഗതിയുടെ കരട് ശരിയായ രൂപത്തിൽ തയ്യാറാക്കേണ്ടതും കരട് ഭേദഗതിയുടെ ഒരു പകർപ്പ് നിയമസഭാ സെക്രട്ടറിക്ക് അയച്ചു കൊടുക്കേണ്ടതുമാണ്. ഭേദഗതിയുടെ ഒരു പകർപ്പ് മന്ത്രിയുടെ അറിവിലേയ്ക്കായി മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്കും മറ്റൊരു പകർപ്പ്, നിർദ്ദിഷ്ട ഭേദഗതി ഏതു ഭരണവകുപ്പിൽ നിന്നാണോ ലഭിച്ചത് ആ വകുപ്പിനും അയച്ചുകൊടുക്കേണ്ടതാണ്." മേൽ വ്യവസ്ഥ പ്രകാരമുള്ള നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്.

## കയർ സഹകരണ സംഘം

145 (536) <u>ഡോ. സുജിത് വിജയൻപിള്ള:</u> താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന കയർ സഹകരണ സംഘങ്ങൾ ഏതൊക്കെയാണ്; 2016 മുതൽ ഓരോ സഹകരണ സംഘത്തിനും സർക്കാരിൽ നിന്നും എന്തെല്ലാം ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ?

മുകുന്ദപുരം, പുത്തൻ സങ്കേതം, നടുവത്തുച്ചേരി, കുളങ്ങരഭാഗം, പുത്തൻതുറ, ചാമ്പക്കടവ്, പൊൻമന, നെയ്യാടി, പനയന്നാർക്കാവ്, ചിറ്റൂർ,

കൊല്ലക, കളരി, പോരുക്കര എന്നിവയാണ് ചവറ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന കയർ സഹകരണ സംഘങ്ങൾ. 2016 മുതൽ ഓരോ സഹകരണ സംഘത്തിനും അനുവദിച്ച ആനുകൂല്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## സഹകരണ സ്പിന്നിംഗ് മില്ലുകളിൽ സെക്ഷൻ 80 നടപ്പാക്കൽ

146 (537) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനുകീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളിൽ സെക്ഷൻ 80 നടപ്പിലാക്കാൻ വ്യവസ്ഥ ചെയ്യുന്ന 29/02/2016-ലെ ജി.ഒ.(ആർടി)226/2016/വ്യ.വ. പ്രകാരം ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന് കൈത്തറി ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ?

വ്യവസായ വകുപ്പിന് കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളിൽ സെക്ഷൻ 80 നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ നയപരമായ തീരുമാനം എടുക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ കൈത്തറി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് സർക്കാർ തുടർനടപടി സ്വീകരിക്കും.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2016 ഫെബ്രുവരിക്ക് ശേഷം ഏതെല്ലാം സഹകരണ സ്പിന്നിംഗ് മില്ലുകളിലാണ് ഓഫീസർ, സ്റ്റാഫ് കാറ്റഗറികളിലുള്ള ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചത്; വ്യക്തമാക്കുമോ; പരിഷ്കരണവുമായി ബന്ധപ്പെട്ട മില്ലുകളുടെ ഉത്തരവുകൾ, ഭരണ സമിതി തീരുമാനങ്ങളുടെ പൂർണ്ണരൂപം എന്നിവ ലഭ്യമാക്കുമോ?

2016 ഫെബ്രുവരിയ്ക്ക് ശേഷം സഹകരണ സ്പിന്നിംഗ് മില്ലുകളിൽ രജിസ്ട്രാറായ കൈത്തറി ഡയറക്ടറുടെ അംഗീകാരത്തോടെ സർക്കാർ അനുമതിയോടുകൂടി ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടില്ല. എന്നാൽ മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിൽ ഇടക്കാല ശമ്പള വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്.

**മലബാർ സിമന്റ്സിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടി**

147 (538) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റ്സിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ നിലവിലെ ഉത്പാദനവും വിപണനവും ഉത്പാദന ശേഷിക്ക് ആനുപാതികമായി വർദ്ധിപ്പിച്ച് പ്രവർത്തനം വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വകുപ്പ് മന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കമ്പനി സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൃത്യമായ ഇടവേളകളിൽ കമ്പനിയുടെ പ്രവർത്തനം അവലോകനം ചെയ്തുവരികയാണ്. സിമന്റ് ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 0.3 മില്യൺ ടൺ ഉത്പാദന ശേഷിയുള്ള സിമന്റ് ബ്ളെൻഡിങ് ടെർമിനൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ സ്ഥാപിക്കുന്ന പദ്ധതിയ്ക്ക് പരിഷ്കരിച്ച ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതോടോപ്പം തന്നെ 0.3 മില്യൺ ടൺ ഉല്പാദനശേഷിയുള്ള സിമന്റ് ഗ്രൈൻഡിങ് യൂണിറ്റ് കണ്ണൂരിൽ തുടങ്ങുന്നതിനും കമ്പനി ലക്ഷ്യമിടുന്നു. ഇത്തരത്തിൽ മലബാർ സിമന്റ്സ് ലിമിറ്റഡിൽ സിമന്റ് ഉത്പാദനം വർദ്ധിപ്പിച്ച് കമ്പനിയെ കൂടുതൽ ലാഭകരമാക്കുന്നതിനും സംസ്ഥാനത്തെ സിമെന്റ് വിപണിയിൽ ഇടപെട്ട് വില നിയന്ത്രിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്.

(ബി) മലബാർ സിമന്റ്സിന്റെ ഉൽപാദനവും വിപണനവും ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ നിലവിലെ ഉത്പാദനവും വിപണനവും ഉത്പാദനശേഷിക്ക് ആനുപാതികമായി വർദ്ധിപ്പിച്ച് പ്രവർത്തനം വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വകുപ്പ് മന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കമ്പനി സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൃത്യമായ ഇടവേളകളിൽ കമ്പനിയുടെ പ്രവർത്തനം അവലോകനം ചെയ്തുവരികയാണ്. സിമന്റ് ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 0.3 മില്യൺ ടൺ ഉത്പാദന ശേഷിയുള്ള സിമന്റ് ബ്ളെൻഡിങ് ടെർമിനൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ സ്ഥാപിക്കുന്ന പദ്ധതിക്ക് പരിഷ്കരിച്ച ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതോടോപ്പം തന്നെ 0.3 മില്യൺ ടൺ ഉല്പാദനശേഷിയുള്ള സിമന്റ് ഗ്രൈൻഡിങ് യൂണിറ്റ് കണ്ണൂരിൽ തുടങ്ങുന്നതിനും കമ്പനി ലക്ഷ്യമിടുന്നു. ഇത്തരത്തിൽ മലബാർ സിമന്റ്സ് ലിമിറ്റഡിൽ സിമന്റ് ഉത്പാദനം വർദ്ധിപ്പിച്ച് കമ്പനിയെ കൂടുതൽ

ലാഭകരമാക്കുന്നതിനും സംസ്ഥാനത്തെ സിമെന്റ് വിപണിയിൽ ഇടപെട്ട് വില നിയന്ത്രിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തി വരുന്നത്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം**

148 (539) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. നന്ദകുമാർ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ തന്ത്രപ്രധാനമായവയുൾപ്പെടെയുള്ള എല്ലാ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളും സ്വകാര്യവൽക്കരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിച്ച് ശാക്തീകരിക്കാനുള്ള നടപടികൾ വിശദമാക്കുമോ?

കേന്ദ്ര സർക്കാർ രാജ്യത്തെ തന്ത്രപ്രധാനമായവയുൾപ്പെടെയുള്ള എല്ലാ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളും സ്വകാര്യവല്ക്കരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിച്ച് പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനുള്ള ബദൽ നയസമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ച് വരുന്നത്. നഷ്ടത്തിൽ പ്രവർത്തിക്കുന്നത് ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ

പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും സാങ്കേതിക രംഗത്ത് ഉൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾകൊണ്ട് കൂടുതൽ മത്സരക്ഷമമാകേണ്ടതുണ്ട് എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദന വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുവാൻ അനുയോജ്യമായ ആധുനികവത്ക്കരണം, വിപുലീകരണ, വൈവിദ്ധ്യവത്ക്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്ലാനുകൾ വിശദമായി വിലയിരുത്തി സർക്കാർ അംഗീകാരത്തോടെ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. വിപണിയിൽ നേരിടുന്ന കടുത്ത മത്സരം അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഉൽപ്പാദന സേവന സംവിധാനങ്ങളിൽ കാലാനുസൃതമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുവാൻ സർക്കാർ പ്രത്യേക ശ്രദ്ധ നൽകിവരുന്നുണ്ട്. പ്രവർത്തന മൂലധനത്തിന് അപര്യാപ്തത നേരിടുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേകം തുക ബഡ്ജറ്റിൽ വകയിരുത്തി നൽകിവരുന്നതോടൊപ്പം ആവശ്യമായ കമ്പനികൾക്ക് അധിക

സാമ്പത്തിക സഹായവും നൽകി വരുന്നുണ്ട്. കൂടാതെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കുകയും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനും അതാത് മേഖലയിൽ വിദഗ്ദ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനും ഡയറക്ടർ ബോർഡുകളിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനോടൊപ്പം നൂതന ഇ-ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിങ് ഡയറക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികളും ഇതിനോടൊപ്പം നടത്തി വരുന്നുണ്ട്.

(ബി) പൊതുമേഖലയുടെ ആധുനികവൽകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള ഹ്രസ്വ, മധ്യ, ദീർഘകാല പദ്ധതികളടങ്ങുന്ന മാസ്റ്റർ പ്ലാനിന്റെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തെക്കുറിച്ച് അറിയിക്കാമോ?

കെമിക്കൽ, ഇലക്ട്രിക്കൽ, എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ്, ടെക്സ്റ്റൈൽസ്, സിറാമിക്സ് ആൻറ് റിഫ്രാക്റ്ററീസ്, ട്രഡീഷണൽ ആന്റ് ഇൻഫ്രാസ്ട്രക്ചർ എന്നീ ഏഴ് സെക്ടറുകളിലായി വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഷോർട്ട് ടേം, മിഡ് ടേം, ലോംഗ് ടേം എന്നീ 3 ഘട്ടങ്ങളിലായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ മാസ്റ്റർപ്ലാനുകൾ രൂപപ്പെടുത്തിയിട്ടുണ്ട്. കമ്പനികളുടെ മാസ്റ്റർപ്ലാൻ അടിസ്ഥാനമാക്കിയായിരിക്കും സ്ഥാപനങ്ങളുടെ വരും വർഷങ്ങളിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത്. പ്രസ്തുത മാസ്റ്റർപ്ലാനുകൾ പരിശോധിച്ച് വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് കമ്പനികളെ സഹായിക്കുന്നതിനും മാസ്റ്റർപ്ലാനിൽ വിഭാവനം ചെയ്ത പദ്ധതികളുടെ നടത്തിപ്പിലും അതിന്റെ പുരോഗതി വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കമ്പനികൾക്ക് നൽകുന്നതിനും അതാത് മേഖലകളിൽ നിന്നുള്ള സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. മാസ്റ്റർപ്ലാൻ പ്രകാരം നടപ്പിലാക്കുന്ന 175 പദ്ധതികൾ 2030-ൽ പൂർത്തിയാകുന്നതോടെ വിവിധ സ്ഥാപനങ്ങളിലായി 9467 കോടി രൂപയുടെ അധിക നിക്ഷേപം

ഉണ്ടാകുമെന്നും സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുകയും അതിലൂടെ അധിക തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) അടച്ചുപൂട്ടിയ എച്ച്.എൽ.എൽ. സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ?

ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് (എച്ച്.എൽ.എൽ.) സ്വകാര്യ വൽകരിക്കുന്നതിന്റെ ഭാഗമായുള്ള കേന്ദ്ര സർക്കാരിന്റെ ലേല നടപടികളിൽ പങ്കെടുക്കുന്നതിനും കേരളത്തിലുള്ള സ്ഥാപനത്തിന്റെ ആസ്തികൾ ഏറ്റെടുക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനും മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഐ.ഡി.സി-യെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) കെ.പി.പി.എൽ. (Kerala Paper Products Ltd.)-ൽ ലക്ഷ്യമിടുന്ന വികസനത്തെക്കുറിച്ച് അറിയിക്കാമോ?

കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചിരുന്ന വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ (എച്ച്.എൻ.എൽ.) സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനർനാമകരണം ചെയ്ത് പ്രവർത്തനം

പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കമ്പനിയിൽ നിലവിലുള്ള പ്ലാന്റുകളുടെയും മെഷിനറികളുടെയും നവീകരണവും വിപുലീകരണ വൈവിധ്യവത്ക്കരണ പദ്ധതികളും വിവിധ ഘട്ടങ്ങളായി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 75.15 കോടി രൂപയുടെ പ്രവർത്തന മൂലധനമുൾപ്പെടെ 154.39 കോടി രൂപയുടെ ഒന്നും രണ്ടും ഘട്ട നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടുകൂടി 42 GSM & 45 GSM ലോവർ ഗ്രാമേജസ് ന്യൂസ് പ്രിന്റും, 52 GSM - 70 GSM അൺ - സർഫസ് ഗ്രേഡിലുള്ള എഴുതുന്നതിനും പ്രിന്റിംഗിനും ഉപയോഗിക്കുന്ന പേപ്പർ നിർമ്മിക്കുന്നതിനും നാധിക്കുന്നതാണ്. ഈ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടെ കമ്പനിക്ക് പൂർണ്ണതോതിൽ പേപ്പർ ഉൽപ്പാദനം ആരംഭിക്കാൻ സാധിക്കുന്നതാണ്. കൂടാതെ, കപ്പാസിറ്റി എക്സ്പാൻഷൻ, വൈവിധ്യവൽക്കരണം എന്നിവയ്ക്കായി യഥാക്രമം 650 കോടി രൂപയുടെയും 350 കോടി രൂപയുടെയും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇത് നടപ്പിലാകുന്നതോടെ കമ്പനിയ്ക്ക് തന്ത്രപ്രധാനമായ പാക്കേജിങ് & പേപ്പർ ബോർഡ് നിർമ്മാണ മേഖലയിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കുവാൻ സാധിക്കും.

## കേരള ആട്ടോമൊബൈൽ ലിമിറ്റഡ്

149 (540) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാലുംമൂട് പ്രവർത്തിക്കുന്ന കേരള ആട്ടോമൊബൈൽ ലിമിറ്റഡിൽ പുതിയതായി ഏതൊക്കെ പ്രോജക്ടാണ് നടപ്പാക്കുന്നത് എന്ന് വിശദമാക്കാമോ?

കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ പുതിയതായി ആരംഭിക്കുന്ന പ്രോജക്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു. 1) ഇലക്ട്രിക് ഓട്ടോയുടെ അസംബ്ലിംഗിനായി കണ്ണൂർ പിണറായിയിൽ കേരള ആട്ടോമൊബൈൽസിന്റെ അസംബ്ലിംഗ് യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതി. 2) ലോർഡ്സ് മാർക്ക് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്ന് ഇലക്ട്രിക് സ്കൂട്ടർ നിർമ്മിക്കുന്നതിനായി ഒരു ജോയിന്റ് വെൻച്വർ കമ്പനി ആരംഭിക്കുന്ന പദ്ധതി. 3) ഇലക്ട്രിക് ഓട്ടോ, ഇലക്ട്രിക് റിക്ഷ, ഇലക്ട്രിക് സ്കൂട്ടർ എന്നിവയുടെ നിർമ്മാണത്തിനായി കേരള ആട്ടോ-മൊബൈൽസ് ലിമിറ്റഡിന്റെ ആറാലുംമൂട് സ്ഥിതി ചെയ്യുന്ന ഫാക്ടറി നവീകരിക്കുന്ന പദ്ധതി.

(ബി) പ്രസ്തുത സ്ഥാപനത്തിന് 2021-22 സാമ്പത്തിക വർഷത്തിൽ എത്ര തുക വിവിധ ആവശ്യങ്ങൾക്കായി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

കോവിഡ് - 19 മൂലമുണ്ടായ പ്രതിസന്ധി തരണം ചെയ്ത് കമ്പനിയുടെ പ്രവർത്തനം നിലനിർത്തുന്നതിനായി 200 ലക്ഷം രൂപയും ഇ-ലാംസ് മുഖേന 34 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2 കോടി 34 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം സർക്കാർ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് നൽകിയിട്ടുണ്ട്.

**വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾ**

150 (541) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടെ ന്ന് അറിയിക്കുമോ?

ലഭ്യമായ കണക്കുകൾ പ്രകാരം വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ 21 എണ്ണം ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിനായി മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. വ്യവസായ വകുപ്പിന് കീഴിൽ ഏഴ് സെക്ടറുകളിലായി നഷ്ടത്തിൽ പ്രവർത്തിക്കുന്നത് ഉൾപ്പെടെയുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ, അടുത്ത പത്ത് വർഷത്തെ പ്രവർത്തനം മുന്നിൽ കണ്ടുകൊണ്ട് ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണം, വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം എന്നീ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികളാണ് മാസ്റ്റർ പ്ലാനിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ളത്. ഹ്രസ്വകാലം, ഇടക്കാലം, ദീർഘകാലം എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളായി തിരിച്ചാണ് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയായിരിക്കും സ്ഥാപനങ്ങളുടെ വരും വർഷങ്ങളിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത്. കമ്പനികൾ സമർപ്പിച്ച മാസ്റ്റർ പ്ലാനുകൾ പരിശോധിച്ച് വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനായും മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിനും അതിന്റെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ കമ്പനികൾക്ക് നൽകുന്നതിനും വിവിധ മേഖലകളിൽ

വൈദഗ്ദ്ധ്യമുള്ള സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മാസ്റ്റർപ്ലാൻ പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ പൂർത്തിയാകുമ്പോൾ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുകയും അതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി**

151 (542) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിൽ സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളെയാണ് ലാഭത്തിലാക്കുവാൻ കഴിഞ്ഞിട്ടുള്ളതെന്ന് അറിയിക്കാമോ?

വ്യവസായ വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ളതും 2016-21 കാലയളവിന്റെ അവസാന സാമ്പത്തിക വർഷമായ 2020-21-ൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നതുമായ കെ.സി.സി.പി. ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിങ് മിൽസ് ലിമിറ്റഡ്, മാൽക്കോടെക്സ് എന്നീ സ്ഥാപനങ്ങൾ 2021-2022 ഏപ്രിൽ മുതൽ ജനുവരി വരെയുള്ള ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം പ്രവർത്തന

ലാഭത്തിലാണ്. 2022 മാർച്ച് മാസത്തിനുശേഷം മാത്രമെ 2021-22 സാമ്പത്തിക വർഷത്തെ സ്ഥാപനങ്ങളുടെ യഥാർത്ഥ സ്ഥിതിവിവരകണക്കുകൾ ലഭ്യമാവുകയുള്ളൂ.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനപുരോഗതി നിശ്ചിത ഇടവേളയിൽ അവലോകനം ചെയ്ത് വരുന്നുണ്ട്. സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേകം അവലോകനം ചെയ്ത് വരുന്നു. കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിനായി അതാത് മേഖലയിൽ വിദഗ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനും ഡയറക്ടർ ബോർഡുകളിൽ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനും നൂതന ഇ-ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്.

**വ്യവസായ വകുപ്പ് നോഡൽ വകുപ്പായി സംരംഭക സഹായ പദ്ധതികൾ**

152 (543) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകൾ നൽകുന്ന സംരംഭക സഹായ പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും സംരംഭകരെ ശരിയായ ദിശയിൽ കൈത്താങ്ങ് നൽകി സഹായിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

സ്വീകരിച്ചിട്ടുണ്ട്.

(ബി) എങ്കിൽ വ്യവസായ വകുപ്പ് നോഡൽ വകുപ്പായി പ്രവർത്തിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 2022-23 സാമ്പത്തിക വർഷം ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രത്യേക പദ്ധതി വ്യവസായ വകുപ്പ് വഴി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതികളുടെ വിവരങ്ങൾ ശേഖരിച്ച് ഒരു ബുക്ക് ലെറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്ന ടി കാമ്പെയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിലും സംഘടിപ്പിക്കുന്ന ബോധവത്ക്കരണ പരിപാടികളിൽ ഇത്തരം പദ്ധതികളുടെ വിവരങ്ങൾ സംരംഭകരുടെ മുന്നിൽ അവതരിപ്പിക്കും. കൂടാതെ തുടർന്ന് നടത്തുന്ന വായ്പ മേളകളിൽ സംരംഭകരാകാൻ മുന്നോട്ട് വരുന്നവർക്ക് അനുയോജ്യമായ പദ്ധതി തെരഞ്ഞെടുക്കുന്നതിന് വേണ്ട സഹായങ്ങൾ നൽകി, ഇത്തരത്തിൽ വിവിധ വകുപ്പുകളുടെ പദ്ധതികൾ എം.എസ്.എം.ഇ. മേഖലയിലുള്ള സംരംഭകരിലേയ്ക്കെത്തിക്കുന്നതിനുള്ള പ്രവർത്തനം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തലത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ഏകോപിപ്പിച്ച് നിർവ്വഹിക്കും.

**തെലങ്കാനയിൽ നടത്തിയ ഇൻവെസ്റ്റ്മെൻറ് റോഡ് ഷോ**

153 (544) <u>ശ്രീ. റോജി എം. ജോൺ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേയ്ക്ക് വ്യവസായസംരംഭങ്ങൾ ക്ഷണിക്കുന്നതിന് തെലങ്കാനയിൽ ഇൻവെസ്റ്റ്മെന്റ് റോഡ് ഷോ സംഘടിപ്പിച്ചിരുന്നോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ആരെല്ലാമാണ് പ്രസ്തുത പരിപാടിയിൽ പങ്കെടുത്തതെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും ഇനം തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(സി) തെലങ്കാനയെ അപേക്ഷിച്ച് കേരളത്തിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതവും സൗഹാർദപരവും സുതാര്യവും ആണെന്ന് ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ എത്ര സംരംഭകരാണ് കേരളത്തിൽ വ്യവസായം തുടങ്ങാൻ പ്രോജക്ടുമായി മുന്നോട്ടുവന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(സി &ഡി) സംസ്ഥാനത്തിന്റെ വ്യവസായ സാധ്യതകളെ സംരംഭകർക്ക് പരിചയപ്പെടുത്തുന്നതിനായി തെലങ്കാനയിൽ ഒരു ഇൻവെസ്റ്റ്മെന്റ് റോഡ് ഷോ സംഘടിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന പ്രസ്തുത പരിപാടിയിൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർ, ടൂറിസം ഡയറക്ടർ മുതലായ ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു. തെലങ്കാനയിൽ വിവിധ മേഖലകളിൽ

പ്രവർത്തിക്കുന്ന കമ്പനികളുടെയും വാണിജ്യ-വ്യവസായ അസ്സോസ്സിയേഷനുകളുടെയും മുപ്പതോളം ക്ഷണിക്കപ്പെട്ട പ്രതിനിധികൾ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി. പ്രസ്തുത ഇൻവെസ്റ്റ്മെന്റ് റോഡ് ഷോയിൽ ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളും മറ്റു വിശദാംശങ്ങളും സർക്കാർ തലത്തിൽ വിലയിരുത്തിവരുന്നു. തെലങ്കാനയിൽ ഇൻവെസ്റ്റ്മെന്റ് റോഡ് ഷോ സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് കെ.എസ്.ഐ.ഡി.സി.-യ്ക്ക് ഏകദേശം 7.91 ലക്ഷം രൂപ ചെലവായി. ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(Rs. lakhs)

| | |
|---|---|
| Payment to Hotel | 6.60 |
| Puchase of Kit | 0.12 |
| Spices | 0.56 |
| Purchase of Momento | 0.63 |
| Total | 7.91 |

**ഇൻകെലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

154 (545) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻകെലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സർക്കാരിന് 29.52% ഓഹരി പങ്കാളിത്തമുള്ള സ്ഥാപനമാണ് ഇൻകെൽ. മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പ്രകാരം എല്ലാ മേഖലകളിലും അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി രൂപീകരിച്ച സ്ഥാപനമാണ് ഇൻകെൽ. പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി, എഞ്ചിനീയറിംഗ്, പ്രൊക്യൂർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ, ഇൻഡസ്ട്രിയൽ സ്പേസ് ഫോർ ലീസ്, ടെക്നിക്കൽ ആൻഡ് ഫീസിബിലിറ്റി സ്റ്റഡീസ് തുടങ്ങിയവയും ഇൻകെലിന്റെ പ്രവർത്തന മേഖലയിൽ ഉൾപ്പെടുന്നു.

(ബി) ഇൻകെലിന്റെ ചെയർമാൻ ആരാണെന്നും ഡയറക്ടർ ബോർഡിൽ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ?

ഇൻകെലിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ അനുസരിച്ച് ഇൻകെലിന്റെ ചെയർമാൻ അതാത് കാലയളവിലെ വ്യവസായ വകുപ്പ് മന്ത്രി ആയിരിക്കും. വ്യവസായ വകുപ്പ് മന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി (ഇൻഡസ്ട്രീസ്), ശ്രീ. ജേക്കബ് കോവൂർ, ശ്രീ. സി. വി. റപ്പായി, ശ്രീ. ജയകൃഷ്ണൻ മേനോൻ, ശ്രീ. വർഗീസ് കുരിയൻ എന്നിവരാണ് ഇൻകെൽ ബോർഡിൽ ഇപ്പോൾ ഉള്ളത്.

## വ്യവസായ-വാണിജ്യ മേഖലകളിലെ നേട്ടങ്ങളും തൊഴിലവസരങ്ങളും

155 (546) <u>ശ്രീ. കെ. ജെ. മാക്സി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ-വാണിജ്യ മേഖലകളിൽ നേട്ടമുണ്ടാക്കാനും കൂടുതൽ തൊഴിലവസരങ്ങളും പുരോഗതിയും സാമ്പത്തിക വളർച്ചയും നേടിയെടുക്കാനും മുൻ സർക്കാരും തുടർ സർക്കാരും സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ മേഖലയിൽ നേട്ടമുണ്ടാക്കാനും കൂടുതൽ തൊഴിലവസരങ്ങളും പുരോഗതിയും സാമ്പത്തിക വളർച്ചയും നേടിയെടുക്കാനും മുൻ സർക്കാരും തുടർ സർക്കാരും നിരവധി പദ്ധതികൾ നടപ്പിലാക്കുകയും വിവിധ പ്രോത്സാഹന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയവ താഴെപ്പറയുന്നു. അടിസ്ഥാന സൗകര്യമേഖലയിൽ സംസ്ഥാനത്ത് നിലവിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിൽ വയനാട് ജില്ല ഒഴികെയുള്ള 13 ജില്ലകളിലായി, 10 വ്യവസായ വികസന ഏരിയ, 27 വ്യവസായ വികസന പ്ലോട്ട്, 2 കയർ പാർക്ക്, 1 ഫങ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവ ഉൾപ്പെടെ ആകെ 40 വ്യവസായ പാർക്കുകൾ നിലവിലുണ്ട്. ഈ വ്യവസായ പാർക്കുകളിൽ

അടിസ്ഥാന സൗകര്യങ്ങളായ ജലം, ആഭ്യന്തര റോഡുകൾ, വൈദ്യുതി, സുരക്ഷ ഉറപ്പാക്കുന്നതിനായി ചുറ്റുമതിൽ, ഗേറ്റ്, വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ പവർ ഫീഡർ എന്നിവയ്ക്ക് പുറമെ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ മാലിന്യനിർമ്മാർജ്ജനം ഉറപ്പാക്കുന്നതിന് ഡി.എ. എടയാർ, ഡി.എ. അരൂർ എന്നിവിടങ്ങളിൽ Common Effluent Plant സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വ്യവസായ പാർക്കുകളിലെ യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും അവരുടെ പ്രശ്നപരിഹാരത്തിനുമായി ഓരോ പാർക്കിലും എസ്റ്റേറ്റ് ഓഫീസറെ നിയമിച്ചിട്ടുണ്ട്. എസ്റ്റേറ്റ് ഓഫീസറുടെ സുഗമമായ പ്രവർത്തനത്തിനായി എസ്റ്റേറ്റ് ഓഫീസർ ബിൽഡിംഗും നിർമ്മിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞവ കൂടാതെ വ്യവസായ പാർക്കുകളുടെ വികസനത്തിനായിട്ടുള്ള അടിസ്ഥാന വികസന പ്രവർത്തനങ്ങൾ ഓരോ വർഷത്തെയും ബഡ്ജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ 4851-00-101-86, 2851-00-101-92 എന്നീ ശീർഷകങ്ങളിലായി ആകെ 1000 ലക്ഷം രൂപ ടി പ്രവർത്തനങ്ങൾക്കായി വകയിരുത്തപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം

ജില്ലയിലെ മൺവിള, വേളി, ആലപ്പുഴ ജില്ലയിലെ കൊല്ലകടവ്, എറണാകുളം ജില്ലയിലെ ആലുവ, കളമശ്ശേരി, വാഴക്കുളം, തൃശ്ശൂർ ജില്ലയിലെ അയ്യംകുന്ന്, വേളക്കോട്, പുഴയ്ക്കൽപ്പാടം, വരവൂർ എന്നീ വ്യവസായ പാർക്കുകളുടെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ എന്നിവയും എറണാകുളം ജില്ലയിലെ ഇടയാർ, ആലപ്പുഴ ജില്ലയിലെ അരൂർ വ്യവസായ പാർക്കുകളിൽ Common Effluent Plant സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി 4851-00-101-90 ശീർഷകത്തിൽ 10 കോടി രൂപയും Multi purpose trade facilitation centre സ്ഥാപിക്കുന്നതിനായി 2851-00-102-39 ശീർഷകത്തിൽ 410 ലക്ഷവും Modernisation of existing functional industrial estate-നായി 2851-00-101-96 ശീർഷകത്തിൽ 75 ലക്ഷവും ഓഫീസ് നവീകരണത്തിനായി 4851-00-102-90 ശീർഷകത്തിൽ ഒരു കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 2011-16 കാലഘട്ടത്തിൽ എറണാകുളം ജില്ലയിലെ ഡി.എ. ഇടയാറിൽ ഒരു ബഹുനില വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തികരിച്ചു സംരംഭകർക്ക് കൈമാറിയിട്ടുണ്ട്. അത് കൂടാതെ തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽപ്പാടത്ത് ഒന്നാംഘട്ട ബഹുനില വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണ

പ്രവർത്തനങ്ങൾ ആരംഭിച്ചു. 2016-21 കാലഘട്ടത്തിൽ പുഴയ്ക്കൽപ്പാടത്ത് രണ്ടാം ഘട്ട ബഹുനില വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണവും ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ ഒരു ബഹുനില വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണവും ആരംഭിച്ചു. മേൽ പരാമർശിത മൂന്ന് ഗാലയുടെ നിർമ്മാണവും അന്തിമഘട്ടത്തിലാണ്. മേൽ പറഞ്ഞവ കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ - ചെറുകിട-ഇടത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി താഴെപ്പറയുന്ന ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്നുണ്ട്. 1. സംരംഭക സഹായ പദ്ധതി (ESS) 2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി 3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് 4. പ്രവർത്തന രഹിതമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ എം.എസ്.എം.ഇ. സംരംഭങ്ങൾക്കുള്ള പദ്ധതികൾ a. Revival and Rehabilitation Scheme for Defunct MSMEs and cashew processing units b. The Kerala stressed MSMEs Revival & Rehabilitation Scheme. 5. കോവിഡ് -19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേയ്ക്കായി നടപ്പിലാക്കിയ വ്യവസായ ഭദ്രത Scheme for Interest Subvention on

Term Loan and Working Capital Loan 6. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി 7. സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി 8. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP) 9. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി. ഇതിൽ നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി, പ്രവർത്തന രഹിതമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ എം.എസ്.എം.ഇ. സംരംഭങ്ങൾക്കുള്ള പദ്ധതികൾ, കോവിഡ്-19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേയ്ക്കായി നടപ്പിലാക്കിയ വ്യവസായ ഭദ്രത Scheme for Interest Subvention on Term Loan and Working Capital loan എന്നീ സംസ്ഥാന ധനസഹായ പദ്ധതികൾ മുൻ സർക്കാർ (2016-21) ആരംഭിച്ചവയാണ്. ഇവ കൂടാതെ സഹകരണ-പരമ്പരാഗത മേഖലയിൽ 2011-16 കാലഘട്ടത്തിൽ താഴെപ്പറയുന്ന പ്രധാന പദ്ധതികൾ നടപ്പിലാക്കിയിരുന്നു. 1. സർക്കാർ ഓഹരി പങ്കാളിത്തം 2. കരകൗശല മേഖലയ്ക്കുള്ള പൊതുസേവന കേന്ദ്രങ്ങൾ (CFSC) സ്ഥാപിക്കൽ 3. കരകൗശല മേഖലയ്ക്കുള്ള അസ്സിസ്റ്റൻസ് ടു അപ്പക്സ് ഓർഗനൈസേഷൻ ഇൻ

ഹാന്റി ക്രാഫ്റ്റ് സെക്ടർ പദ്ധതി, ആശ പദ്ധതി തുടങ്ങിയവ 4. ബാംബൂ മേഖലയ്ക്കുള്ള പദ്ധതികൾ 5. ബീഡി തൊഴിലാളികൾക്കുള്ള പുനരുദ്ധാരണ പദ്ധതി 6. കശുവണ്ടി പുനരുദ്ധാരണ പാക്കേജ്. 2016-2021 കാലഘട്ടത്തിൽ സഹകരണ - പരമ്പരാഗത മേഖലയിൽ താഴെപ്പറയുന്ന പ്രധാന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 1. സംരംഭക നൈപുണ്യ വികസന വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം 2. കരകൗശല മേഖലയ്ക്കുള്ള അസ്സിസ്റ്റൻസ് ടു അപ്പക്സ് ഓർഗനൈസേഷൻ ഇൻ ഹാന്റി ക്രാഫ്റ്റ് സെക്ടർ പദ്ധതി, ആശ പദ്ധതി, പൊതുസേവന കേന്ദ്രങ്ങൾ (CFSC) സ്ഥാപിക്കൽ തുടങ്ങിയവ 3. ബാംബൂ മേഖലയ്ക്കുള്ള പദ്ധതികൾ 4. കശുവണ്ടി പുനരുദ്ധാരണ പാക്കേജ് കേരളത്തിൽ ബിസിനസ്സ് നടത്തുന്നത് സുഗമമാക്കുക എന്ന ഉദ്ദേശത്തോടുകൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ 2017-ലെ 22-ാമത് നമ്പർ ഓർഡിനൻസായി "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ്" സർക്കാർ പുറപ്പെടുവിക്കുകയും പ്രസ്തുത ഓർഡിനൻസ് നിയമസഭയിൽ ബിൽ ആയി അവതരിപ്പിച്ച് നിയമമാക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ

ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് പുതിയ സോഫ്റ്റ് വെയർ K-SWIFT പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമസഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽ വരികയും ചെയ്തു. ഈ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് 10 കോടി രൂപ വരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേയ്ക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകളും

പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ എല്ലാ താലൂക്ക് വ്യവസായ ഓഫീസുകളെയും MSME ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങൾ സുഗമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്ക് ശിക്ഷ നടപടികൾ ഒഴിവാക്കുന്നതിനുമായുള്ള ഭേദഗതികൾ വരുത്തുവാൻ ഉള്ള നടപടികൾ വകുപ്പ് തലങ്ങളിൽ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനും ഉള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ച് വരുന്നുണ്ട്. ജില്ലാ സംസ്ഥാനതലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ സംസ്ഥാന തലങ്ങളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരാതി

പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി കെ-സ്വിഫ്റ്റ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ഉടൻ ആരംഭിക്കുന്നതാണ്. ഇത് കൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോർസ് പേർസണെ നിയമിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഇത് കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1155 ഇന്റേണുകളെ നിയമിക്കുന്നതിനുള്ള പ്രവർത്തനം സി.എം.ഡി. വഴി നടത്തിവരുന്നുണ്ട്.

(ബി) 2011-2016-ലെ സർക്കാരിന്റെ കാലത്തും 2016-2021-ലെ സർക്കാരിന്റെ കാലത്തും തുടർഭരണ കാലത്തും പ്രസ്തുത വിഷയം സംബന്ധിച്ചുള്ള കണക്കുകളും അവയിലുണ്ടായ വളർച്ച സംബന്ധിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ മേഖലയിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി പ്രോത്സാഹന നടപടികളും സാമ്പത്തിക സഹായ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. ഇതിലൂടെ സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ നിരവധി സംരംഭങ്ങൾ പുതുതായി ആരംഭിക്കുകയും അതിലൂടെ നിക്ഷേപം, തൊഴിൽ ലഭ്യത എന്നിവ സാധ്യമാകുകയും ചെയ്തിട്ടുണ്ട്. സംരംഭങ്ങളുടെ വിവരശേഖരണത്തിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിൽ എം.ഐ.എസ്. സംവിധാനം നടപ്പിലാക്കി വരുന്നുണ്ട്. 2011-2016 - ലെ സർക്കാരിന്റെ കാലത്തെ MIS പ്രകാരമുള്ള കണക്കുകൾ പ്രകാരം 76602 MSME സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 7519.36 കോടി രൂപയുടെ നിക്ഷേപവും, 363365 തൊഴിൽ ലഭ്യതയും സംഭവ്യമായിട്ടുണ്ട്. എം.ഐ.എസ്. സംവിധാനത്തിലെ കണക്കുകൾ പ്രകാരം 2016 മെയ് മാസം മുതൽ 2021 ഏപ്രിൽ വരെയുള്ള മുൻ സർക്കാരിന്റെ 5 വർഷക്കാലം സംസ്ഥാനത്ത് 69,138 MSME സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 6,448.81 കോടി രൂപയുടെ നിക്ഷേപവും 2,45,369 തൊഴിൽ ലഭ്യതയും സംഭവ്യമായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2021 മെയ് മുതൽ ഇതുവരെ 10694 MSME യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

(നിക്ഷേപം: 1154.64 കോടി, തൊഴിൽ: 40,217 എണ്ണം) 2021 - 2022 സാമ്പത്തിക വർഷം ഇത് വരെ ആകെ 11,576 MSME സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 1238 കോടി രൂപയുടെ നിക്ഷേപവും 43,458 തൊഴിൽ ലഭ്യതയും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാർ കാലയളവിലും ഒപ്പം തുടർഭരണ കാലയളവിലും സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ-വാണിജ്യ മേഖലകളിലെയും ഇതര മേഖലകളിലെയും വളർച്ചയ്ക്ക് സംസ്ഥാനം നേടിയെടുത്ത നിക്ഷേപങ്ങളും അതുവഴി ലഭ്യമായ സാമ്പത്തിക വളർച്ചയും സംബന്ധിച്ച വിശദാംശങ്ങളും വ്യക്തമാക്കാമോ?

വ്യവസായ വാണിജ്യ വകുപ്പിലെ എം.ഐ.എസ്. സംവിധാനത്തിലെ കണക്കുകൾ പ്രകാരം 2016 മെയ് മാസം മുതൽ 2021 ഏപ്രിൽ വരെയുള്ള മുൻ സർക്കാരിന്റെ 5 വർഷക്കാലം സംസ്ഥാനത്ത് 69,138 MSME സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 6,448.81 കോടി രൂപയുടെ നിക്ഷേപവും 2,45,369 തൊഴിൽ ലഭ്യതയും സംഭവ്യമായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2021 മെയ് മുതൽ ഇതുവരെ 10694 MSME യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. (നിക്ഷേപം:1154.64 കോടി, തൊഴിൽ: 40,217 എണ്ണം) 2021 - 2022 സാമ്പത്തിക വർഷം ഇത് വരെ

ആകെ 11,576 MSME സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 1238 കോടി രൂപയുടെ നിക്ഷേപവും 43,458 തൊഴിൽ ലഭ്യതയും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

## 2022-23 സംരംഭക വർഷമായി ആചരിക്കുന്നത്

156 (547) ശ്രീ എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ വകുപ്പ് 2022-23 സംരംഭക വർഷമായി ആചരിക്കുന്ന ഘട്ടത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എസ്കോർട്ട് സേവനത്തിന് ടീമുകളെ സജ്ജമാക്കാൻ പദ്ധതിയുണ്ടോ?

വ്യവസായ വകുപ്പ് 2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക് പദ്ധതി ഉടൻ ആരംഭിക്കുന്നതാണ്. ഇത് കൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോർസ് പേർസനെ നിയമിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭക

വർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1155 ഇന്റേണുകളെ നിയമിക്കുന്നതിനുള്ള പ്രവർത്തനം സി.എം.ഡി. വഴി നടത്തി വരുന്നുണ്ട്.

## പുതിയ സംരംഭങ്ങൾക്ക് അനുമതി

157 (548) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീമതി ദെലീമ:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾക്ക് തത്സമയം അനുമതി ലഭ്യമാക്കുന്നതിന്റെയും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെയും ഭാഗമായി അടുത്ത സാമ്പത്തിക വർഷം സംരംഭക വർഷമായി പ്രഖ്യാപിച്ച് പ്രത്യേക മേളകൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിലൂടെ മറ്റെന്തെല്ലാം പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ;

(ബി) സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തിനും സംസ്ഥാനതല പദ്ധതി ഏകോപനത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(എ&ബി)2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങളും ചർച്ചകളും ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണം, സഹകരണം, കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, ടൂറിസം, നോർക്ക എന്നീ വകുപ്പുകളുമായും ബാങ്കുകൾ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, വ്യവസായ അസോസിയേഷനുകൾ, ട്രേഡ് യൂണിയനുകൾ, പ്രൊഫഷണൽ അസ്സോസിയേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സംസ്ഥാന പ്ലാനിങ് ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട് പ്രസ്തുത പരിപാടിക്ക് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും മറ്റ് സഹായ സഹകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള തീരുമാനവും കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ബോധവത്കരണ ക്യാമ്പും, ലോൺ/ ലൈസൻസ് മേളകളും നടത്തുക വഴിയും പിന്നീട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വ്യവസായ വകുപ്പ് നിയമിക്കുന്ന ഇന്റേണുകളുടെ പ്രവർത്തനം വഴിയും സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവരുന്നുണ്ട്. ഇത് കൂടാതെ സംരംഭകർക്ക് ആവശ്യമായ

പരിശീലനത്തിനുള്ള കൈപുസ്തകം, വീഡിയോ എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

**സംസ്ഥാനത്തെ വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുത്തൽ**

158 (549) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പട്ടികയിൽ കേരളത്തിന്റെ നില മെച്ചപ്പെടുത്താനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പട്ടികയിൽ കേരളത്തിന്റെ നില മെച്ചപ്പെടുത്താൻ സംസ്ഥാന സർക്കാർ ഒട്ടനവധി നടപടികൾ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ കൈക്കൊണ്ടിട്ടുണ്ട്. 2018-ലെ ‘ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം’ സർക്കാർ കൊണ്ടുവരികയുണ്ടായി. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതതു വകുപ്പുകൾ

ലഭ്യമാക്കേണ്ടതുമാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. മേൽ വിവരിച്ച പ്രകാരം അപേക്ഷയിൻമേൽ പരമാവധി 30 ദിവസത്തിനുള്ളിൽ എല്ലാ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതോടൊപ്പം 2019-ലെ ' കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ. നിർവ്വചനമനുസരിച്ച് 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ ' കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ'

നിയമത്തിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്തുവാനും, അനാവശ്യ പരിശോധനകൾ ഒഴിവാക്കാനും വേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Centralised Inspection System) രൂപീകരിച്ചിട്ടുണ്ട്. നിലവിൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനം ഒരുക്കിയിട്ടുള്ളത്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, തൊഴിൽ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി പോർട്ടലിലൂടെ നടത്തും. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ പരിശോധനകൾ ആവശ്യമായ മറ്റു വകുപ്പുകളെ കൂടി ഈ കേന്ദ്രീകൃത പരിശോധനാ സംവിധാനത്തിൽ സംയോജിപ്പിക്കുന്നതാണ്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം

പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും വേണ്ടി നിയമപിന്തുണയുള്ള ഒരു പരാതിപരിഹാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചത്. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഒട്ടേറെ വ്യവസ്ഥകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപെട്ടിരുന്നു. ഇവ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദേശിക്കാനും ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപവത്ക്കരിച്ചിരുന്നു. വ്യവസായ സമൂഹവും വിവിധ വ്യവസായ അസ്സോസ്സിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ച്, പ്രസക്തമായ എല്ലാ നിയമങ്ങളുടെയും ചട്ടങ്ങളുടെയും സൂക്ഷ്മ വിശകലനം നടത്തി, അവയിൽ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കാനും, കുറ്റകരമായ നടപടിക്രമങ്ങൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് പ്രസ്തുത കമ്മിറ്റി താമസംവിനാ സർക്കാർ മുമ്പാകെ സമർപ്പിക്കുന്നതാണ്. ഇവകൂടാതെ KSIDC നോഡൽ

ഏജൻസിയായി എല്ലാ വകുപ്പുകളെയും കോർത്തിണക്കി കേന്ദ്ര സർക്കാരിന്റെ DPIIT-യുടെ മേൽനോട്ടത്തിലുള്ള വിവിധ പ്രവർത്തനങ്ങളും നടത്തിവരുന്നു. സംസ്ഥാന-ജില്ലാ ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനുകൾ, റെഗുലേറ്ററി കംപ്ലയൻസ് ലഘൂകരിക്കൽ നടപടികൾ മുതലായവ ഇവയിൽപ്പെടുന്നു. ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ (BRAP) എന്ന ഒറ്റ അളവുകോൽ വെച്ച് എല്ലാ സംസ്ഥാനങ്ങളുടെയും നിക്ഷേപ അന്തരീക്ഷം ഒരേപോലെ അളക്കുന്നതിലെ പാളിച്ചകളും അപ്രായോഗികതയും കേരളം നിരവധി തവണ കേന്ദ്ര സർക്കാരിന്റെ വ്യവസായ വകുപ്പിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി)-യുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഒരു ഫെഡറൽ സംവിധാനത്തിൽ ഓരോ സംസ്ഥാനങ്ങൾക്കും അവരവരുടേതായ ശക്തികളും ബലഹീനതകളും ഉണ്ടാവും. ഉദാഹരണത്തിന് പല സംസ്ഥാനങ്ങളും വ്യവസായവത്കരണത്തിന്റെ പല ഘട്ടങ്ങളിലായിരിക്കും. ചെറുതും എന്നാൽ ജനസാന്ദ്രതകൂടിയതുമായ സംസ്ഥാനത്ത് വ്യവസായ ആവശ്യങ്ങൾക്ക് ലഭ്യമാക്കാവുന്ന ഭൂമിയുടെ ദൗർലഭ്യം; താരതമ്യേന കൂടിയ വനവിസ്തൃതി, തീരദേശമേഖല, പാടങ്ങൾ, തണ്ണീർത്തടങ്ങൾ മുതലായ പാരിസ്ഥിതികമായി സംരക്ഷിക്കപ്പെടേണ്ട ഭൂമിയുടെ ആധിക്യം;

വിദ്യാസമ്പന്നരും മലിനീകരണമുൾപ്പെടെ പാരിസ്ഥിതികമായ കാര്യങ്ങളിൽ വ്യക്തമായ കാഴ്ചപ്പാടും അവബോധവുമുള്ള ജനത എന്നീ കാരണങ്ങൾ മൂലം കേരളം മറ്റു സംസ്ഥാനങ്ങളിൽ നിന്നും വേറിട്ടു നിൽക്കുന്നു. അതേസമയം സംസ്ഥാനത്തിന്റെ പ്രത്യേക ഊന്നൽ മേഖലകളായ ടൂറിസം, വിവരസാങ്കേതികവിദ്യ, ഭക്ഷ്യസംസ്കരണം, തോട്ടം മേഖല മുതലായവ റാങ്കിങ് മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തിയിട്ടുമില്ല. റാങ്കിങ് മാനദണ്ഡങ്ങളിലെ ഈവിധ പോരായ്മകളാണ് കേരളം നിരവധി തവണ കേന്ദ്ര സർക്കാരിന്റെ ഡി.പി.ഐ.ഐ.ടി-യുടെ ശ്രദ്ധയിൽപ്പെടുത്തിയത്. എന്നാൽ ഈ വിയോജിപ്പുകളുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിൽ നാളിതുവരെ യാതൊരു മാറ്റവും കേന്ദ്രസർക്കാർ വരുത്തിയിട്ടില്ല.

(ബി) രാജ്യത്തെ ഏറ്റവും മികച്ച നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യം ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടക്കുന്ന അനുകൂല സാഹചര്യത്തിൽ സംസ്ഥാനത്തേയ്ക്ക് മൂലധന നിക്ഷേപം ആകർഷിക്കാൻ നിക്ഷേപക സംഗമങ്ങൾ നടത്തിയിരുന്നോ?

കോവിഡ് മഹാമാരിമൂലം രാജ്യാന്തര തലത്തിൽ നിലനിന്നിരുന്ന യാത്രാവിലക്കുകളും ആൾക്കാർ ഒരുമിച്ചു കൂടുന്നതിനുള്ള വിലക്കുകളും

കാരണം നിക്ഷേപ സംഗമങ്ങളുൾപ്പെടെയുള്ള പരിപാടികൾ സംഘടിപ്പിക്കാൻ സാധിച്ചിട്ടില്ല.

(സി) പ്രഖ്യാപിത വ്യവസായാനുകൂല അന്തരീക്ഷത്തിനനുയോജ്യമല്ലാത്ത നിലപാട് സ്വീകരിക്കുന്നവരെ തിരുത്താൻ ജാഗ്രത പുലർത്തുന്നുണ്ടോ?

സംസ്ഥാനത്തിന്റെ ത്വരിതഗതിയിലുള്ള വളർച്ചയും യുവാക്കളെ തൊഴിൽ ദാതാക്കളാക്കുകയുമാണ് വ്യവസായ വകുപ്പിന്റെ പ്രഖ്യാപിത നയം. ഇക്കാര്യത്തിൽ വ്യവസായ സമൂഹത്തിന്റെയും പൊതു സമൂഹത്തിന്റെയും പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ള തിരുത്തൽ നടപടികൾ ആവശ്യമുണ്ടെന്ന് തോന്നുന്ന പക്ഷം അത്തരം കാര്യങ്ങളിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) മീറ്റ് ദി ഇൻവെസ്റ്റർ പരിപാടി വഴിയുള്ള നേട്ടങ്ങൾ അറിയിക്കാമോ?

നൂറ് കോടി രൂപക്ക് മുകളിൽ നിക്ഷേപമുള്ള വ്യവസായ സംരംഭങ്ങളും സ്ഥാപനങ്ങളുമായി വ്യവസായ മന്ത്രിയും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും നടത്തുന്ന സ്ഥിരം ആശയവിനിമയ വേദിയാണ് "മീറ്റ് ദ ഇൻവെസ്റ്റർ" . ഓരോ സംരംഭകരുടെയും വ്യവസായികളുടെയും അഭിപ്രായങ്ങൾ തേടുകയും

സർക്കാർ തലത്തിൽ ആവശ്യമുള്ള പിന്തുണ ഉറപ്പാക്കുകയും ചെയ്യുകയാണ് പരിപാടിയുടെ ലക്ഷ്യം. നിലവിലുള്ള പദ്ധതികൾക്ക് പുറമെ, പുതിയ നിക്ഷേപ പദ്ധതികൾ, വൈവിധ്യവൽക്കരണ ശ്രമങ്ങൾ തുടങ്ങിയവയും ആലോചനാവിഷയമാകുന്നുണ്ട്. നിലവിലുള്ള നിക്ഷേപ സൗഹൃദാന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്തുകയാണ് "മീറ്റ് ദ ഇൻവെസ്റ്റർ" പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്. ഫിക്കി, സി.ഐ.ഐ., ചെറുകിട വ്യവസായ അസോസിയേഷൻ, പ്രവാസി സംരംഭകർ എന്നിവരുമായി പ്രത്യേകം കൂടിക്കാഴ്ച നടത്തിയതിന്റെ തുടർച്ചയിലാണ് ഓരോ സംരംഭക ഗ്രൂപ്പിന്റേയും വിഷയങ്ങൾ പ്രത്യേകമായി ചർച്ച ചെയ്യുന്നതിന് വേദിയൊരുക്കുന്നത്. കൂടിക്കാഴ്ചകളിൽ ബഹുമാനപ്പെട്ട നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിക്ക് പുറമെ പ്രിൻസിപ്പൽ സെക്രട്ടറി, കെ.എസ്.ഐ.ഡി.സി.- എം.ഡി, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ എന്നിവർ പങ്കെടുക്കാറുണ്ട്.

## സ്വകാര്യ തോട്ടങ്ങളെ വ്യവസായ എസ്റ്റേറ്റുകളാക്കി മാറ്റാൻ നടപടി

159 (550) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള തോട്ടങ്ങളെ വ്യവസായ എസ്റ്റേറ്റുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം വ്യക്തമാക്കാമോ?

സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള തോട്ടങ്ങളെ വ്യവസായ എസ്റ്റേറ്റുകളാക്കി മാറ്റുന്നതിന് നടപടി നിലവിൽ സ്വീകരിച്ചിട്ടില്ല.

(ബി) പ്രസ്തുത ആവശ്യത്തിനായി ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഇല്ല.

(സി) ഇത്തരം വ്യവസായ എസ്റ്റേറ്റുകളിൽ സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

പരിഗണനയിൽ വന്നിട്ടില്ല.

**സ്വകാര്യ വ്യവസായ എസ്റ്റേറ്റിന് ഇളവുകൾ അനുവദിക്കുന്നത്**

160 (551) <u>ശ്രീ. ലിന്റോ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് ഭൂപരിഷ്കരണ നിയമത്തിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഇല്ല.

(ബി) തിരുവമ്പാടി മണ്ഡലത്തിൽ സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ച പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

പരിശോധിച്ചു വരുന്നു.

**മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ**

161 (552) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ അധീനതയിൽ സ്വകാര്യ പങ്കാളിത്തത്തോടെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

ഗ്രാമപഞ്ചായത്തുകളുടെ അധീനതയിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ആരംഭിക്കുന്ന പദ്ധതികൾ നിലവിൽ പരിഗണനയിലില്ല.

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ഗ്രാമപഞ്ചായത്തുകളുടെ അധീനതയിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ആരംഭിക്കുന്ന പദ്ധതികൾ നിലവിൽ പരിഗണനയിലില്ല.

## സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ

162 (553) <u>ശ്രീ. എം. രാജഗോപാലൻ:</u>
<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>
<u>ശ്രീ. പി. മമ്മിക്കുട്ടി:</u>
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ അനുവദിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വിശദമാക്കുമോ?

ഉണ്ട്. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ വ്യവസായ ആവശ്യത്തിന് ഉപയോഗിക്കുവാൻ കഴിയുന്ന ഭൂമിയുണ്ടെങ്കിൽ അവ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളാക്കാൻ ആഗ്രഹിക്കുന്നവർ സർക്കാർ ഉത്തരവുകളായ 20/06/17-ലെ സ.ഉ.(എം.എസ്) 47/2017/ഐഡി, 14/08/2018-ലെ സ.ഉ.(എം.എസ്.) 64/2018/ഐ.ഡി. എന്നിവ പ്രകാരമുള്ള ഫോം നമ്പർ 1-ൽ അപേക്ഷ കിൻഫ്ര മാനേജിങ് ഡയറക്ടർക്ക് നൽകേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ വ്യവസായം, റവന്യൂ, തദ്ദേശസ്വയംഭരണം, ജലവിഭവം, വൈദ്യുതി, പരിസ്ഥിതി തുടങ്ങിയ വകുപ്പുകളുടെ പ്രതിനിധികളടങ്ങിയ കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്ന പക്ഷം സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് (ഫോം-2)

അനുവദിക്കുന്നതായിരിക്കും. ഈ എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതും എസ്റ്റേറ്റിലെ യൂണിറ്റുകളുടെ മെയിന്റനൻസ് നടത്തേണ്ടതും ഡെവലപ്പർ തന്നെയാണ്.

(ബി) സ്വകാര്യ മേഖലയിലെ വ്യവസായ എസ്റ്റേറ്റുകളെയും സംരംഭകരെയും പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

പുതുതായി രൂപീകരിക്കപ്പെടുന്ന സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ ജലം, റോഡ്, വൈദ്യുതി തുടങ്ങിയവ ലഭ്യമാക്കുന്നതിന് ഡെവലപ്പർക്ക് സഹായം നൽകുന്നതിനും അതിർത്തി വരെ വൈദ്യുതി എത്തിക്കുന്നതിന് 2 കോടി രൂപ വരെ സർക്കാർ ധനസഹായം ലഭ്യമാക്കുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) സ്വകാര്യ എസ്റ്റേറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ ഏതെങ്കിലും അപേക്ഷകൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

സ്വകാര്യ വ്യവസായ എസ്റ്റേറ്റ് രൂപീകരിക്കുന്നതിനായി മെ. വിക്ടറി പേപ്പേഴ്സ്, മെ. സിന്തൈറ്റ് ഇൻഡസ്ട്രീസ്, മെ. ജബാൽ വെൻച്വേഴ്സ്, മെ. ഇലാഹിയ ട്രസ്റ്റ്, കുന്നത്താൻ ചിപ്ബോർഡ് എന്നിവർ നൽകിയ അപേക്ഷകൾ സർക്കാർ പരിഗണിച്ചു വരുന്നു.

## സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ

163 (554) <u>ശ്രീ. മോൻസ് ജോസഫ്:</u>
<u>ശ്രീ. പി. ജെ. ജോസഫ്:</u>
<u>ശ്രീ. അനൂപ് ജേക്കബ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിലും വ്യവസായ എസ്റ്റേറ്റുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉണ്ട്. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ വ്യവസായ ആവശ്യത്തിന് ഉപയോഗിക്കുവാൻ കഴിയുന്ന ഭൂമിയുണ്ടെങ്കിൽ അവ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളാക്കാൻ ആഗ്രഹിക്കുന്നവർ സർക്കാർ ഉത്തരവുകളായ 20/06/17-ലെ സ.ഉ.(എം.എസ്) 47/2017/ഐ.ഡി., 14/08/2018-ലെ സ.ഉ.(എം.എസ്.) 64/2018/ഐ.ഡി. എന്നിവ പ്രകാരമുള്ള ഫോം നമ്പർ 1-ൽ അപേക്ഷ കിൻഫ്ര മാനേജിങ് ഡയറക്ടർക്ക് നൽകേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ വ്യവസായം, റവന്യൂ, തദ്ദേശസ്വയംഭരണം, ജലവിഭവം, വൈദ്യുതി, പരിസ്ഥിതി തുടങ്ങിയ വകുപ്പുകളുടെ പ്രതിനിധികളടങ്ങിയ കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്ന പക്ഷം സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് (ഫോം-2) അനുവദിക്കുന്നതായിരിക്കും. ഈ എസ്റ്റേറ്റുകളിലെ അടിസ്ഥാന

സൗകര്യങ്ങൾ ഒരുക്കേണ്ടതും എസ്റ്റേറ്റിലെ യൂണിറ്റുകളുടെ മെയിന്റനൻസ് നടത്തേണ്ടതും ഡെവലപ്പർ തന്നെയാണ്.

(ബി) തോട്ട ഭൂമിക്ക് നൽകുന്ന ഇളവ് വ്യവസായ സ്ഥാപനങ്ങൾക്കും നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ടി വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) വ്യവസായം തുടങ്ങുന്നതിനുള്ള സൗകര്യമൊരുക്കി അഞ്ച് ഏക്കർ ഭൂമിയാണ് ലഭിക്കുന്നതെങ്കിലും അതിന് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി എന്ന പദവി നൽകുമോ; ആയത് വ്യവസായ സംരംഭകരെ ഏതു രീതിയിൽ ബാധിക്കുമെന്ന് വ്യക്തമാക്കാമോ?

സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി എന്നതുകൊണ്ട് വിവക്ഷിക്കുന്നത് ബഹുനില വ്യവസായ സമുച്ചയമാണ്. നിലവിൽ സർക്കാർ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ മാത്രമാണ് ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ചുവരുന്നത്.

(ഡി) സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ സ്ഥലം നൽകുന്നതും ഇത് സംബന്ധിച്ചുള്ള കരാറിൽ ഏർപ്പെടുന്നതും എസ്റ്റേറ്റ് ഉടമയും സംരംഭകനും നേരിട്ടായിരിക്കുമോ; ഇതുസംബന്ധിച്ച് സർക്കാരിന്റെ സമീപനം എന്തായിരിക്കുമെന്ന് വിശദീകരിക്കാമോ?

സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിലെ ഉടമയും സംരംഭകനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് എസ്റ്റേറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നിലവിലുള്ള സർക്കാർ ഉത്തരവിൽ പരാമർശമില്ല. എന്നാൽ സ്വകാര്യ വ്യവസായ എസ്റ്റേറ്റ് രൂപീകരണത്തിന് പുതിയ നയം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

**ചാത്തന്നൂർ വഞ്ചി ക്ലേ മൈൻസ് ഭൂമിയിൽ വ്യവസായ സമുച്ചയ നിർമ്മാണം**

164 (555) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പ്ലോട്ടിൽ (വഞ്ചി ക്ലേ മൈൻസ്) ഒരു വ്യവസായ സമുച്ചയം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് ജനപ്രതിനിധി 02-11-2021-ൽ നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

ഇതുസംബന്ധിച്ച് 02-11-2021-ൽ ജനപ്രതിനിധി കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് നിവേദനം നൽകിയിരുന്നു. പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം

ജനറൽ മാനേജർ ചാത്തന്നൂർ വ്യവസായ വികസന പ്ലോട്ടിന്റെ പ്രാഥമിക വിവരങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) വ്യവസായ പാർക്കിന് ഏറ്റവും അനുയോജ്യമായ പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്തി തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് ചെറുകിട സംരംഭങ്ങൾ ആരംഭിക്കാൻ വ്യവസായ വകുപ്പ് സൗകര്യം ഒരുക്കി നല്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ചാത്തന്നൂർ വ്യവസായ വികസന പ്ലോട്ടിൽ സംരംഭകർക്ക് ഭൂമി അനുവദിക്കുന്നതിനായി മുൻഗണനാ ലിസ്റ്റ് നിലവിലുണ്ട്. ടി ലിസ്റ്റിൽ ഉൾപ്പെട്ട സംരംഭകർക്ക് ഭൂമി ലഭ്യമാകുന്നതിലൂടെയും പ്രസ്തുത പ്ലോട്ടിൽ ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിലൂടെയും നിരവധി ചെറുകിട സംരംഭങ്ങൾ ആരംഭിക്കുവാനും തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് തൊഴിൽ ലഭ്യമാക്കുവാനും കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

**ഇൻകെൽ കാലിക്കറ്റ് എക്സ്പ്രസ് വേ പ്രൈവറ്റ് ലിമിറ്റഡിന്റെ (സി.ഇ.പി.എൽ.) ഓഹരി വാങ്ങുന്നതിനുള്ള കരാർ**

165 (556) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എം.സി. കമ്പനിയുടെ കാലിക്കറ്റ് എക്സ്പ്രസ് വേ പ്രൈവറ്റ് ലിമിറ്റഡിന്റെ (സി.ഇ.പി.എൽ.) ഓഹരി വാങ്ങുന്നത് സംബന്ധിച്ച് ഇൻകെൽ ബോർഡിന്റെ തീരുമാനം അട്ടിമറിച്ചുകൊണ്ട് ഓഹരിവില നിശ്ചയിക്കാതെ കരാർ ഒപ്പിട്ടതിന്റെ കാരണം വിശദമാക്കാമോ;

(ബി) പണി പൂർത്തിയാകുമ്പോൾ കെ.എം.സി. നിശ്ചയിക്കുന്ന വില എന്ന് കരാറിൽ വ്യവസ്ഥ ചെയ്തത് എന്തടിസ്ഥാനത്തിലായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തീരുമാനത്തിന് വ്യവസായ മന്ത്രിയുടെ അംഗീകാരം നേടിയിരുന്നോ എന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

(ബി&സി) സംസ്ഥാന സർക്കാരിന് 29.52% ഓഹരിയുള്ള പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഇൻകെൽ. ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ 99(1) പ്രകാരം ടി സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറെ നിയമിക്കുന്നതിനുള്ള അധികാരമാണ് സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളത്. അടിസ്ഥാന സൗകര്യം

ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പ്രവർത്തന കാര്യങ്ങൾ ഇൻകെലിന്റെ ഡയറക്ടർ ബോർഡാണ് തീരുമാനിക്കുന്നത്.

## പുല്ലുപാറ വ്യവസായ പാർക്ക്

166 (557) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറ ഐ.ടി. പാർക്കിന്റെ സ്ഥലം ഏറ്റെടുത്ത് വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കാമോ?

പുല്ലുപാറയിൽ ഐ.ടി. പാർക്ക് തുടങ്ങുന്നതിനായി ഏറ്റെടുത്ത ഐ.ടി. വകുപ്പിന്റെ ഉടമസ്ഥയിലുള്ള ഭൂമിയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് ഭൂമിയുടെ അനുയോജ്യത, സംരംഭകരുടെ ലഭ്യത, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, ഭൂമി SEZ പദവിയിലുള്ളതാണെങ്കിൽ Non SEZ ആക്കി മാറ്റാതെ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള പ്രായോഗിക തടസ്സങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തി ഒരു ഫീസിബിലിറ്റി റിപ്പോർട്ട് നൽകുവാൻ കിൻഫ്ര മാനേജിങ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് വിഷയം പരിശോധിക്കാവുന്നതാണ് .

## ഇൻകെൽ കരാർ

167 (558) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എം.സി. കമ്പനി രൂപീകരിച്ച കാലിക്കറ്റ് എക്സ്പ്രസ് വേ പ്രൈവറ്റ് ലിമിറ്റഡിന്റെ (സി.ഇ.പി.എൽ.) ഓഹരി വാങ്ങുന്നതു സംബന്ധിച്ച് ഇൻകെൽ ബോർഡിന്റെ തീരുമാനം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) 51% ഓഹരിക്ക് 51 ലക്ഷം രൂപ വില നിശ്ചയിച്ച് കരാർ ഒപ്പിടാൻ ബോർഡ് ഓഫ് ഡയറക്ടേഴ്സ് എടുത്ത തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തീരുമാനത്തിന് വ്യവസായ മന്ത്രിയുടെ അംഗീകാരം നേടിയിരുന്നോ എന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) 2018 ഒക്ടോബർ 10-ന് ചേർന്ന ഇൻകെൽ ബോർഡ് മീറ്റിംഗിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**(എ-ഡി)** സംസ്ഥാന സർക്കാരിന് 29.52% ഓഹരിയുള്ള പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ്

ഇൻകെൽ. ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ 99(1) പ്രകാരം ടി സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറെ നിയമിക്കുന്നതിനുള്ള അധികാരമാണ് സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളത്. അടിസ്ഥാന സൗകര്യം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പ്രവർത്തന കാര്യങ്ങൾ ഇൻകെലിന്റെ ഡയറക്ടർ ബോർഡാണ് തീരുമാനിക്കുന്നത്.

## വ്യവസായവത്കരണ പ്രവർത്തനങ്ങൾ

168 (559) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം വ്യവസായമേഖലയുടെ വികസനത്തിനായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം?

കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉദ്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന

ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകിയും കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ സംസ്ഥാന തലങ്ങളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി കേ-സിഫ്റ്റ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ജില്ലാ വ്യവസായകേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ദ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ഉടൻ ആരംഭിക്കുന്നതാണ്. ഇത് കൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ

ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോർഴ്സ് പേഴ്സനെ നിയമിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഇത് കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സംരംഭകവർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1155 ഇന്റേണുകളെ നിയമിക്കുന്നതിനുള്ള പ്രവർത്തനം സെന്റർ ഫോർ മാനേജ്മെ ന്റ് ഡെവലപ്പ്മെന്റ് വഴി നടത്തി വരുന്നുണ്ട്. സൂക്ഷ്മ -ചെറുകിട-ഇടത്തരം മേഖലയിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി സാമ്പത്തിക സഹായ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്നുണ്ട്. അവ താഴെ സൂചിപ്പിക്കുന്നു. 1. സംരംഭക സഹായ പദ്ധതി (ESS) 2.നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി 3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് 4. പ്രവർത്തന രഹിതമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ എം.എസ്.എം.ഇ. സംരംഭങ്ങൾക്കുള്ള പദ്ധതികൾ a. Revival and Rehabilitation Scheme for defunct MSMEs and cashew processing units b.The Kerala stressed MSMEs Revival & Rehabilitation Scheme 5. കോവിഡ് -19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ

സഹായിക്കുന്നതിലേയ്ക്കായി നടപ്പിലാക്കിയ വ്യവസായ ഭദ്രത (Scheme for Interest Subvention on Term Loan and working capital loan) 6. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി 7. സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി 8. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP) 9. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ടി പാക്കേജ് വഴി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്ന പദ്ധതികളിൽ വിവിധ ഇളവുകൾ പ്രഖ്യാപിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 1. കോവിഡ് 19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതിയിൽ (Scheme for interest Subvention on term Loan and Working Capital loan) കൂടുതൽ ഇളവുകൾ കൊണ്ടുവന്നിട്ടുണ്ട്. 2020 ഏപ്രിൽ 1 മുതൽ 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2019 ഏപ്രിൽ 1 മുതൽ 2021 ഡിസംബർ 31

വരെയുള്ള വായ്പകൾക്കായി ദീർഘിപ്പിച്ചു. പദ്ധതി അനുസരിച്ച് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ് ലഭിക്കുന്ന എല്ലാ സൂക്ഷ്മ-ചെറുകിട -ഇടത്തരം സംരംഭങ്ങൾക്കും 6 മാസത്തേയ്ക്ക് പരമാവധി 60,000 രൂപയാണ് നൽകിയിരുന്നത്. ഇത് 12 മാസത്തേയ്ക്ക് 50% നിരക്കിൽ പരമാവധി യൂണിറ്റിന് 1,20,000/- രൂപ വരെ ആയി ഭേദഗതി ചെയ്തിട്ടുണ്ട്. 2. നിലവിലെ സംരംഭ സഹായ പദ്ധതി (ഇ.എസ്.എസ്.) മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തി. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തിയിട്ടുണ്ട്. 3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കി. 4. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമെ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10

ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയുടെ നേതൃത്വത്തിൽ കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയും 7 വൻകിട വ്യവസായ പാർക്കുകളുടെ പദ്ധതിയും നടപ്പിലാക്കി വരുന്നു.

(ബി) ഇതിന്റെ ഭാഗമായി എത്ര തുകയുടെ നിക്ഷേപം ഏതൊക്കെ മേഖലയിൽ നിന്നും നാളിതുവരെ ലഭ്യമായി; ഇതുവഴി എത്ര പേർക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കാൻ കഴിയും; വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2021 മെയ് മുതൽ ഇത് വരെയുള്ള കണക്കുകൾ പ്രകാരം സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ 10694 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 1154.64 കോടി രൂപയുടെ നിക്ഷേപം, 40,217 തൊഴിലവസരങ്ങൾ എന്നിവ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പ്രധാനമായും കാർഷിക - ഭക്ഷ്യ സംസ്കരണ മേഖല, വസ്ത്ര നിർമാണ മേഖല, ജനറൽ എഞ്ചിനീയറിംഗ്, സേവന മേഖല എന്നീ മേഖലകളിലാണ് സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളത്. മേഖല തിരിച്ചുള്ള കണക്കുകൾ താഴെപ്പറയുന്നു.

| | |
|---|---|
| കാർഷിക - ഭക്ഷ്യ സംസ്കരണ മേഖല | 3062 |
| വസ്ത്രനിർമ്മാണ മേഖല | 1028 |
| ജനറൽ എഞ്ചിനീയറിംഗ് | 890 |

| | |
|---|---|
| സേവന മേഖല | 2838 |
| തടി അധിഷ്ഠിത മേഖല | 379 |
| സിമന്റ് അധിഷ്ഠിത മേഖല | 238 |
| പ്രിന്റിങ് - അനുബന്ധ മേഖല | 142 |
| പേപ്പർ ഉൽപ്പന്നങ്ങൾ | 157 |
| ഐ. ടി. മേഖല | 239 |
| മറ്റുള്ളവ | 1721 |

കിൻഫ്രയുടെ പാർക്കുകൾ പ്രവർത്തന സജ്ജമാകുന്നതോടെ 152247.44 ലക്ഷം രൂപയുടെ നിക്ഷേപവും 20901 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിയുമെന്ന് കരുതുന്നു. വ്യവസായ വകുപ്പിനു കീഴിലുള്ള, വിപണിയിൽ നിന്നും കടുത്ത മത്സരം നേരിടുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ശാക്ത◌ീകരണത്തിനായി ഉത്പാദന സേവന പ്രവർത്തനങ്ങളിൽ കാലാനുസൃതമായി നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) "കേരള ബ്രാൻഡ്" നടപ്പാക്കി കേരള ഉല്പന്നങ്ങൾ യാഥാർത്ഥ്യമാക്കുവാനും അതുവഴി ഉല്പാദനവും വിപണനവും കാര്യക്ഷമമാക്കാനുമായുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ വ്യവസായ ഉല്പ്പന്നങ്ങളുടെ വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനുമുള്ള കേരള ബ്രാൻഡ്

ആവിഷ്കരിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭമായി വെളിച്ചെണ്ണ ബ്രാൻഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ അഗ്മാർക്ക്, ബി.ഐ.എസ്സ്. മുതലായ സ്ഥാപനങ്ങളും വിവിധ വെളിച്ചെണ്ണ ഉത്പാദകരുമായി നടത്തിവരുന്നു.

## ഇൻകെൽ കാലിക്കറ്റ് എക്സ്പ്രസ് വേ പ്രൈവറ്റ് ലിമിറ്റഡിന്റെ ഓഹരി വാങ്ങുന്നതിനുള്ള തീരുമാനം

169 (560) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബൈപാസ് പദ്ധതിയുടെ കരാറുകാരായ ഹൈദരാബാദ് കെ.എം.സി. കൺസ്ട്രക്ഷൻസ് രൂപീകരിച്ച കാലിക്കറ്റ് എക്സ്പ്രസ് വേ പ്രൈവറ്റ് ലിമിറ്റഡിന്റെ (സി.ഇ.പി.എൽ.) ഓഹരി വാങ്ങാൻ ഇൻകെലിന്റെ 55-ാം ഡയറക്ടർ ബോർഡ് യോഗം അനുമതി നല്കിയിരുന്നോ;

(ബി) കെ.എം.സി.-യിൽ നിന്ന് കൗണ്ടർ ഗാരന്റി വാങ്ങിയശേഷം പണം നൽകാനായിരുന്നോ പ്രസ്തുത മീറ്റിംഗിലെ തീരുമാനം എന്ന് വ്യക്തമാക്കുമോ;

(സി) യോഗത്തിന്റെ മിനിറ്റ്സിൽ കൗണ്ടർ ഗാരന്റിയെന്ന തീരുമാനം മതിയായ സുരക്ഷ (ആഡിക്വേറ്റ് പ്രൊട്ടക്ഷൻ) എന്നാക്കി മാറ്റിയതിന്റെ കാരണം വിശദമാക്കാമോ;

(ഡി) യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത തീരുമാനത്തിന് ഇൻകെൽ ചെയർമാന്റെ അംഗീകാരം നേടിയിരുന്നോ എന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

**(എ-ഇ)** സംസ്ഥാന സർക്കാരിന് 29.52% ഓഹരിയുള്ള പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഇൻകെൽ. ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ 99(1) പ്രകാരം ടി സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറെ നിയമിക്കുന്നതിനുള്ള അധികാരമാണ് സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളത്. അടിസ്ഥാന സൗകര്യം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പ്രവർത്തന കാര്യങ്ങൾ ഇൻകെലിന്റെ ഡയറക്ടർ ബോർഡാണ് തീരുമാനിക്കുന്നത്.

## വൈപ്പിൻ മണ്ഡലത്തിൽ 'ഇൻഡസ്ട്രിയൽ പോർട്ട്' പദ്ധതി നടപ്പാക്കുന്നതിന് നടപടി

170 (561) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വികസനത്തിന് എറണാകുളം ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ വിശദീകരിക്കാമോ?

സൂക്ഷ്മ-ചെറുകിട സംരംഭകർക്ക് മൂലധന നിക്ഷേപത്തിന് ആനുപാതികമായി സാമ്പത്തിക സഹായം നൽകുന്ന സംരംഭകത്വ സഹായ പദ്ധതി, നാനോ സംരംഭങ്ങൾക്ക് ലോണിൻമേൽ പലിശ ധനസഹായം നൽകുന്ന പദ്ധതിയായ നാനോ പലിശ സബ്സിഡി പദ്ധതി, 10 ലക്ഷം വരെയുള്ള പദ്ധതി തുക വരുന്ന സംരംഭങ്ങൾക്ക് 30 മുതൽ 40 ശതമാനം വരെ സർക്കാർ ഗ്രാന്റ് നൽകുന്ന നാനോ മാർജ്ജിൻ മണി ഗ്രാന്റ് പദ്ധതി, കോവിഡാനന്തര കാലത്ത് എം.എസ്.എം.ഇ. മേഖലയുടെ പുനരുദ്ധാരണത്തിനായി ആരംഭിച്ച വ്യവസായ ഭദ്രത പദ്ധതി, കാർഷിക മേഖലയിലുള്ള സംരംഭകർക്ക് സ്ഥിര മൂലധനത്തിന്റെ 35 ശതമാനം വരെ സബ്സിഡി ആനുകൂല്യം നൽകുന്ന പി.എം.എഫ്.എം.ഇ. പദ്ധതി, കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സ്ഥിര മൂലധനത്തിന്റെ 40 ശതമാനം പരമാവധി 2 ലക്ഷം രൂപയും, എസ്.സി./എസ്.ടി., വനിത, യുവ സംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗങ്ങൾക്ക് സ്ഥിര മൂലധനത്തിന്റെ 50 ശതമാനം പരമാവധി 3 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്ന ആശ പദ്ധതി, തകർച്ച നേരിടുന്ന

എം.എസ്.എം.ഇ. യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായുള്ള പദ്ധതി, പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായുള്ള പദ്ധതി, കൂടാതെ ഉൽപാദന/സേവന മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കേന്ദ്ര സർക്കാർ പദ്ധതിയായ പി.എം.ഇ.ജി.പി. എന്നിവ ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ വിവിധ പദ്ധതികളിലൂടെ ജില്ലയിൽ ആകെ 787.34998 രൂപ ചെലവഴിക്കുകയും ആകെ 2845 ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തു. കൂടാതെ കേന്ദ്രസർക്കാർ പദ്ധതികളായ പി.എം.ഇ.ജി.പി., പി.എം.എഫ്.എം.ഇ. തുടങ്ങിയ പദ്ധതികൾ കൂടി ജില്ലയിൽ നടപ്പിലാക്കുന്നുണ്ട്. പി.എം.ഇ.ജി.പി. പദ്ധതിയിൽ 145 സംരംഭകർക്കായി 354.57 ലക്ഷം രൂപയുടെ മാർജ്ജിൻ മണി ഗ്രാന്റ് അനുവദിച്ചു നൽകിയിട്ടുണ്ട്. കാർഷിക മേഖലയിലുള്ള സംരംഭകർക്ക് സ്ഥിര മൂലധനത്തിന്റെ 35 ശതമാനം വരെ സബ്സിഡി ആനുകൂല്യം നൽകുന്ന പി.എം.എഫ്.എം.ഇ. പദ്ധതിയിൽ 9 അപേക്ഷകൾ വായ്പ ലഭിക്കുന്നതിനായി ബാങ്കിലേയ്ക്ക് ശുപാർശ നൽകിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി കാക്കനാട് ഇൻകുബേഷൻ ഫെസിലിറ്റി സെന്റർ,

അങ്കമാലി പാർക്ക്, വി സ്പേസ്, ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) കേരളത്തിൽ ഇൻഡസ്ട്രിയൽ പോർട്ട് എന്ന പുതിയ ആശയം ആവിഷ്കരിച്ച് നടപ്പാക്കാൻ പദ്ധതി ഉണ്ടോ?

ഇല്ല.

(സി) വൈപ്പിൻ മണ്ഡലത്തിൽ ഈ പദ്ധതി നടപ്പാക്കാനുള്ള സാദ്ധ്യതകൾ വിശദീകരിക്കാമോ?

നിലവിൽ ഈ വിഷയം വ്യവസായ വകുപ്പിൽ പരിശോധിച്ചിട്ടില്ല.

(ഡി) ഇതുസംബന്ധിച്ച് സ്ഥലം എം.എൽ.എ. വ്യവസായ വകുപ്പ് മന്ത്രിക്ക് 29-11-2021-ന് നൽകിയ കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കേരളത്തിലെ നോൺ മേജർ തുറമുഖങ്ങളുടെ നിയന്ത്രണവും നടത്തിപ്പും കേരള മാരിടൈം ബോർഡിൽ നിക്ഷിപ്തമാണ് എന്നതിനാൽ താങ്കളുടെ 29-11-21-ലെ നിവേദനം കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

**കോഴിക്കോട് ബൈപാസ് പദ്ധതിക്കായി കെ.എം.സി. പ്രൈവറ്റ് ലിമിറ്റഡിന് നൽകിയ മൊബിലൈസേഷൻ അഡ്വാൻസ്**

171 (562) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബൈപാസ് പദ്ധതിയുടെ കരാറുകാരായ ഹൈദരാബാദ് കെ.എം.സി. പ്രൈവറ്റ് ലിമിറ്റഡിന് പദ്ധതി തുടങ്ങുന്നതിന് മുന്നോടിയായി മൊബിലൈസേഷൻ അഡ്വാൻസായി 36 കോടി രൂപ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) മൊബിലൈസേഷൻ അഡ്വാൻസായി 36 കോടി രൂപ നൽകാനായി ഡയറക്ടർ ബോർഡ് തീരുമാനിച്ചിരുന്നോ; എങ്കിൽ പ്രസ്തുത തീരുമാനം കൈകൊണ്ട മീറ്റിംഗിന്റെ മിനുട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത തീരുമാനത്തിന് ഇൻകെൽ ചെയർമാന്റെ അംഗീകാരം തേടിയിരുന്നോയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

**(എ-സി)** സംസ്ഥാന സർക്കാരിന് 29.52% ഓഹരിയുള്ള പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഇൻകെൽ. ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ 99 (1) പ്രകാരം ടി സ്ഥാപനത്തിൽ മാനേജിംഗ് ഡയറക്ടറെ നിയമിക്കുന്നതിനുള്ള അധികാരമാണ് സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളത്. അടിസ്ഥാന സൗകര്യം

ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പ്രവർത്തന കാര്യങ്ങൾ ഇൻകെലിന്റെ ഡയറക്ടർ ബോർഡാണ് തീരുമാനിക്കുന്നത്.

**സെറിഫെഡിലെ ക്രമക്കേടുകൾ**

172 (563) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് അപെക്സ് സൊസൈറ്റിയിലെ (സെറിഫെഡ്) നിയമനത്തിലും സെറിഫെഡിൽ നിന്നും മറ്റു വകുപ്പുകളിലേയ്ക്ക് മാറ്റി നിയമിച്ച നടപടിയിലും ക്രമക്കേടുണ്ടെന്ന ഹൈക്കോടതി വിധി വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ?

വന്നിട്ടുണ്ട്. സെറിഫെഡിലെ പ്രവർത്തനം 2010-ൽ അവസാനിപ്പിച്ചതിനെതിരെയും പിന്നീട് 2017-ൽ സെറിഫെഡിലെ പുനരുദ്ധാരണം നിർത്തലാക്കിയതിനെതിരെയും ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ചിരിക്കുന്ന വിവിധ റിട്ട് പെറ്റീഷനുകളിൽ (WP(C)Nos.35173/2016, 35303/2016, 40553/2016, 40618/2016,

8550/2017 & 15961/2020) ബഹു.ഹൈക്കോടതി 21-01-2022-ൽ ഒരു പൊതു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിയമനങ്ങൾ നിയമവിരുദ്ധമാണെന്ന് കോടതി ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) സെറിഫെഡിൽ 300 ജീവനക്കാരെ നിയമിച്ചതും ഇവരിൽ 271 പേരെ പിന്നീട് സർക്കാർ സർവീസിലും കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിലും മാറ്റിനിയമിച്ചതും ഏറ്റവും വലിയ തൊഴിൽ കുംഭകോണങ്ങളിലൊന്നാണെന്ന് കോടതി വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

(ബി&ഡി) നാമനിർദ്ദേശം ചെയ്ത ഡയറക്ടർ ബോർഡ് സെറിഫെഡിൽ നിയമ വിരുദ്ധമായി 300 ജീവനക്കാരെ നിയമിച്ചതും, 271 ജീവനക്കാരെ സർക്കാർ സർവ്വീസിലും, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിലും നിയമിച്ച സർക്കാർ നടപടിയിൽ ഉചിതമായ അന്വേഷണം നടത്താൻ സർക്കാരിനോട് ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ എന്നും ഏത് തരത്തിലുള്ള അന്വേഷണമാണ്

നടക്കുന്നതെന്നും വ്യക്തമാക്കാമോ?

21-01-2022-ലെ ബഹു. ഹൈക്കോടതി ഉത്തരവ് സർക്കാർ പരിശോധിച്ചു വരുന്നു.

(ഇ) സെറിഫെഡിന്റെ താൽകാലിക ഭരണസമിതി അധികാര ദുർവിനിയോഗം നടത്തുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

സർക്കാർ പരിശോധിച്ചു വരുന്നു.

**കുറ്റിപ്പുറം കിൻഫ്ര പാർക്ക്**

173 (564) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം കിൻഫ്ര പാർക്കിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

കുറ്റിപ്പുറം കിൻഫ്ര പാർക്കിൽ നിലവിൽ 16 വ്യവസായ സംരംഭങ്ങൾക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പാർക്കിൽ എത്ര സ്ഥലമാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിലവിൽ പ്രസ്തുത പാർക്കിൽ 2.5 ഏക്കർ ഭൂമിയാണ് ബാക്കിയുള്ളത്.

**പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിലെ റോഡുകൾക്ക് ഉണ്ടായിട്ടുള്ള കേടുപാടുകൾ**

174 (565) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിലെ കിൻഫ്ര പാർക്കിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുടെ ഭാഗമായി റോഡുകൾക്ക് ഉണ്ടായിട്ടുള്ള കേടുപാടുകൾ പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിലേയ്ക്ക് കിൻഫ്ര അധികാരികൾ തുക അടച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ അടച്ച തുക, തീയതി എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിലെ മലമ്പുഴയിൽ നിന്നും കിൻഫ്ര പാർക്ക് കഞ്ചിക്കോടിലേയ്ക്ക് വെള്ളം കൊണ്ടുപോകുന്ന പദ്ധതിയിലേയ്ക്കായി 3,12,52,790/- രൂപ (മൂന്ന് കോടി പന്ത്രണ്ട് ലക്ഷത്തി അമ്പത്തിരണ്ടായിരത്തി എഴുന്നൂറ്റി തൊണ്ണൂറു രൂപ) രണ്ടു ഘട്ടങ്ങളിലായി പി.ഡബ്ല്യൂ.ഡി.-യിൽ അടച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ

കൊടുക്കുന്നു. ഘട്ടം1: 65,62,756/- (അറുപത്തിയഞ്ച് ലക്ഷത്തി അറുപത്തി രണ്ടായിരത്തി എഴുന്നൂറ്റി അമ്പത്തി ആറ്) രൂപ ഡി.ഡി.നമ്പർ 927751 തീയതി 17/11/2017 മുഖാന്തരം കെ.ഡബ്ല്യൂ.എ. പി.ഡബ്ല്യൂ.ഡി-യിൽ അടക്കുകയുണ്ടായി. ഘട്ടം 2: പൈപ്പ് ലൈൻ സ്ഥാപിക്കുമ്പോൾ അലൈന്മെന്റിൽ വന്ന വ്യതിയാനത്തിൽ പി.ഡബ്ല്യൂ.ഡി. കണക്കാക്കിയ അധിക തുകയായ 2,46,90,034 (രണ്ട് കോടി നാല്പത്തി ആറു ലക്ഷത്തി തൊണ്ണൂറായിരത്തി മുപ്പത്തി നാലു രൂപ) കിൻഫ്രയ്ക്ക് പി.ഡബ്ല്യൂ.ഡി. തിരികെ നല്കുവാനുള്ള 45,64,225/- (നാല്പത്തി അഞ്ച് ലക്ഷത്തി അറുപത്തി നാലായിരത്തി ഇരുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ) കിഴിച്ച് 2,01,25,809 (രണ്ട് കോടി ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരത്തി എണ്ണൂറ്റി ഒമ്പത് രൂപ) ചെക്ക് നമ്പർ 16286 തീയതി 12/08/2020 മുഖാന്തരം അടയ്ക്കുകയുണ്ടായി. ഇതുകൂടാതെ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ തന്നെയുള്ള കിൻഫ്രയുടെ ടെക്സ്റ്റൈൽ പാർക്കിൽ നിന്നും കിൻഫ്രയുടെ മെഗാ ഫുഡ് പാർക്കിലേയ്ക്ക് വെള്ളം കൊണ്ടുപോകുന്ന പദ്ധതിയിലേയ്ക്ക് ആകെ 90,09,325/- (തൊണ്ണൂറു ലക്ഷത്തി ഒമ്പതിനായിരത്തി മുന്നൂറ്റി ഇരുപത്തി അഞ്ച് രൂപ) ഒടുക്കിയിട്ടുണ്ട്.

(ബി) റോഡിന്റെ കേടുപാടുകൾ പരിഹരിക്കുന്നതിന് തുക അടയ്ക്കണം എന്ന് ആവശ്യപ്പെട്ട് പൊതുമരാമത്ത് വകുപ്പിൽ നിന്നും കിൻഫ്ര അധികാരികൾക്ക് നൽകിയ കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഇതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിൽ നിന്നും കിൻഫ്ര അധികാരികൾക്ക് നൽകിയ കത്തുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

## മട്ടന്നൂർ മണ്ഡലത്തിലെ കിൻഫ്ര വ്യവസായ പാർക്കിന് സ്ഥലം ഏറ്റെടുക്കൽ

175 (566) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കിൻഫ്ര വ്യവസായ പാർക്കിനുള്ള സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

മട്ടന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന കിൻഫ്രയുടെ നിലവിലെ വ്യവസായ പാർക്കിന്റെയും കൂടാതെ ഭൂമി ഏറ്റെടുക്കൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികൾ പുരോഗമിക്കുന്ന മറ്റു നിർദ്ദിഷ്ട പദ്ധതികളുടെയും നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

| ക്രമ നം | വില്ലേജ് | വിസ്തീർണ്ണം (ഏക്കറിൽ) | മണ്ഡലം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | പട്ടാനൂർ കിഴല്ലൂർ കോളാരി | 53.90 | മട്ടന്നൂർ | 11(1)വിജ്ഞപാനം പ്രസിദ്ധീകരിച്ചു എൽ.എ.ഒ. ആവശ്യപ്പെട്ട തുക 19(1) പ്രഖ്യാപനത്തിനായി നൽകിയിട്ടുണ്ട്. RR Package അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| 2 | പട്ടാനൂർ കിഴല്ലൂർ | 500.00 | മട്ടന്നൂർ | 1(1)വിജ്ഞാപനം പ്രസദ്ധീകരിച്ചു. എൽ.എ.ഒ 19(1) പ്രഖ്യാപനത്തിനായി ആവശ്യപ്പെട്ട തുക ലഭ്യമാക്കുന്നതിനുള്ള നടപടിയിലാണ്. |
| 3 | കിഴല്ലൂർ പടുവിലായി അഞ്ചരക്കണ്ടി | 497.47 | മട്ടന്നൂർ /ധർമ്മടം | 11(1)വിജ്ഞാപനം പ്രസദ്ധീകരിച്ചു. |
| 4 | പടിയൂർ കല്ല്യാട് | 708.60 | മട്ടന്നൂർ | 11(1)വിജ്ഞാപനം പ്രസദ്ധീകരിച്ചു. |
| 5 | കൂടാളി പട്ടാന്നൂർ | 313.81 | മട്ടന്നൂർ | 11(1)വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന തിനുള്ള നടപടിയിലാണ്. |

| | | | | |
|---|---|---|---|---|
| 6 | കുടാളി പട്ടാന്നൂർ | 1029.38 | മട്ടന്നൂർ | സാമൂഹ്യാഘാത പഠന റിപ്പോർട്ട് ജില്ലാ കളക്ടർക്ക് തുടർ നടപടികൾക്കായി സമർപ്പിച്ചു. |
| 7 | കോളാരി | 168.65 | മട്ടന്നൂർ | സാമൂഹ്യാഘാത പഠന റിപ്പോർട്ട് ജില്ലാ കളക്ടർക്ക് തുടർ നടപടികൾക്കായി സമർപ്പിച്ചു. |
| 8 | കോളാരി | 876.73 | മട്ടന്നൂർ | സാമൂഹ്യാഘാത പഠന റിപ്പോർട്ട് ജില്ലാ കളക്ടർക്ക് തുടർ നടപടികൾക്കായി സമർപ്പിച്ചു. |

## എം.എസ്.എം.ഇ.-കൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ

176 (567) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ‍ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എസ്.എം.ഇ.-കൾക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കുക എന്ന ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ വായ്പ അനുവദിച്ച

നൽകിയിട്ടുണ്ട്; ഈ ഇനത്തിലുള്ള പലിശ സബ്സിഡിയായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ആയതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് നൽകുമോ?

എം.എസ്.എം.ഇ.-കൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി വ്യവസായ വകുപ്പ് ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രളയം ബാധിച്ച സൂക്ഷ്മ-ചെറുകിട -ഇടത്തരം സംരംഭക യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം അതിസൂക്ഷ്മ/ ഗാർഹിക ഉത്പാദന യൂണിറ്റുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി (Interest Subvention for Promoting Nano/Household Units). വ്യവസായ ഭദ്രത (Scheme for Interest Subvention on Term Loan and Working Capital Loan). പ്രളയം ബാധിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം -സംരംഭക യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം ബാങ്കുകളിൽ നിന്നും 8% പലിശയിളവിൽ ടേം ലോൺ പ്രവർത്തന മൂലധന വായ്പ/വർഷാടിസ്ഥാന ക്രമത്തിൽ പ്രളയം ബാധിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക മേഖലയിലെ നിർമ്മാണ സേവന വിഭാഗങ്ങൾക്ക് സഹായധനമായി ലഭ്യമാക്കിയിരുന്നു. യൂണിറ്റുകൾക്ക് അർഹമായ പരമാവധി തുക പ്രതിവർഷം 5 ലക്ഷം രൂപയായി പരിമിതപ്പെടുത്തുകയും യൂണിറ്റുകളുടെ പ്രവർത്തനവും/ലാഭക്ഷമതയും ബാങ്കുകൾ കണക്കാക്കി സഹായം 3 വർഷം

വരെ വർദ്ധിപ്പിക്കാവുന്നതുമാണ്. ഈ സഹായം സൂക്ഷ്മ-ചെറുകിട-ഇടത്തരം നിർമ്മാണ സേവന സംരംഭങ്ങൾക്ക് മാത്രമാണ്. ഈ പദ്ധതിയിൽ കഴിഞ്ഞ സാമ്പത്തിക വർഷം 386.63 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | അനുവദിച്ച തുക | യൂണിറ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 0 | 0 |
| 2 | കൊല്ലം | 0 | 0 |
| 3 | പത്തനംതിട്ട | 51.45 | 28 |
| 4 | ആലപ്പുഴ | 15.3 | 9 |
| 5 | കോട്ടയം | 0 | 0 |
| 6 | ഇടുക്കി | 1.76 | 6 |
| 7 | എറണാകുളം | 100.9 | 87 |
| 8 | തൃശ്ശൂർ | 187.98 | 83 |
| 9 | പാലക്കാട് | 0.31 | 1 |
| 10 | മലപ്പുറം | 0 | 0 |
| 11 | കോഴിക്കോട് | 22.29 | 32 |
| 12 | വയനാട് | 6.64 | 4 |
| 13 | കണ്ണൂർ | 0 | 0 |
| 14 | കാസർഗോഡ് | 0 | 0 |
| ആകെ | | 386.63 | 150 |

നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി 5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി. വരെ

വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉൽപാദക ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ്, ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ, പട്ടികജാതി/വർഗ്ഗവിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷത്തേയ്ക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നത്. ഈ പദ്ധതിയിൽ കഴിഞ്ഞ സാമ്പത്തിക വർഷം 24.98 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | അനുവദിച്ച തുക | യൂണിറ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 3.86 | 34 |
| 2 | കൊല്ലം | 2.95 | 36 |
| 3 | പത്തനംതിട്ട | 3.36 | 11 |
| 4 | ആലപ്പുഴ | 3.21 | 26 |
| 5 | കോട്ടയം | 1.33 | 10 |
| 6 | ഇടുക്കി | 2.42 | 15 |
| 7 | എറണാകുളം | 0.96 | 10 |
| 8 | തൃശ്ശൂർ | 2.69 | 5 |

| | | | |
|---|---|---|---|
| 9 | പാലക്കാട് | 0.98 | 7 |
| 10 | മലപ്പുറം | 1.61 | 11 |
| 11 | കോഴിക്കോട് | 0.29 | 2 |
| 12 | വയനാട് | 0.47 | 4 |
| 13 | കണ്ണൂർ | 0.85 | 6 |
| 14 | കാസർഗോഡ് | 0 | 0 |
| ആകെ | | 24.98 | 177 |

വ്യവസായ ഭദ്രത കോവിഡ് 19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേയ്ക്കായി വ്യവസായ ഭദ്രത പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and Working Capital loan പദ്ധതി പ്രകാരം 01/04/2019 മുതൽ 31/12/2021 വരെ എം.എസ്.എം.ഇ. യൂണിറ്റുകൾ എടുക്കുന്ന വായ്പകൾക്ക് 50% താങ്ങ്പലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term Loan/Working capital) 30,000/- രൂപ പരമാവധി 60,000/- രൂപ വരെ കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചിരുന്നു. ഈ പദ്ധതിയിൽ കഴിഞ്ഞ സാമ്പത്തിക വർഷം 153.83 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | അനുവദിച്ച തുക | യൂണിറ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 3.6 | 35 |
| 2 | കൊല്ലം | 8.29 | 99 |
| 3 | പത്തനംതിട്ട | 14.65 | 67 |
| 4 | ആലപ്പുഴ | 14.15 | 110 |
| 5 | കോട്ടയം | 22.12 | 138 |
| 6 | ഇടുക്കി | 4.52 | 52 |
| 7 | എറണാകുളം | 33.2 | 190 |
| 8 | തൃശ്ശൂർ | 16.97 | 113 |
| 9 | പാലക്കാട് | 4.84 | 25 |
| 10 | മലപ്പുറം | 8 | 40 |
| 11 | കോഴിക്കോട് | 10 | 109 |
| 12 | വയനാട് | 3 | 28 |
| 13 | കണ്ണൂർ | 5.01 | 12 |
| 14 | കാസർഗോഡ് | 5.48 | 43 |
| ആകെ | | 153.83 | 106 |

**സ്വകാര്യ വ്യവസായ പാർക്കുകൾ തുടങ്ങുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ**

177 (568) ശ്രീ എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യവസായ പാർക്കുകൾ തുടങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ടോ?

ഉണ്ട്. 20/06/2017-ലെ G.O.(Ms)47/2017/ID, 14/06/2018-ലെ G.O.(Ms) 64/2018/ID ഇവയാണ് നിലവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കാധാരമാക്കുന്നത്.

(ബി) എങ്കിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് സംരംഭകർക്ക് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഈ എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതും എസ്റ്റേറ്റിലെ യൂണിറ്റുകളുടെ മെയിന്റനൻസ് നടത്തേണ്ടതും ഡെവലപ്പർ തന്നെയാണ്. പുതുതായി രൂപീകരിക്കപ്പെടുന്ന സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ ജലം, റോഡ്, വൈദ്യുതി തുടങ്ങിയവ ലഭ്യമാക്കുന്നതിന് ഡെവലപ്പർക്ക് സഹായം നൽകുന്നതിനും അതിർത്തി വരെ വൈദ്യുതി എത്തിക്കുന്നതിന് 2 കോടി രൂപ വരെ സർക്കാർ ധനസഹായം ലഭ്യമാക്കുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**ഉജ്ജീവന പദ്ധതി**

178 (569) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയബാധിതരെ സഹായിക്കുന്നതിനായി രൂപീകരിച്ച ഉജ്ജീവന പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ?

വിലയിരുത്തിയിട്ടുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം സഹായം ലഭ്യമാക്കിയ വ്യവസായ സ്ഥാപനങ്ങളുടെ കണക്ക്, നൽകിയ തുക, പ്രവർത്തനങ്ങൾ എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

17-12-2018-ലെ സ.ഉ.(കൈ)27/2018/DMD ഉത്തരവ് പ്രകാരം 2018-ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേയ്ക്കായി സർക്കാർ പ്രഖ്യാപിച്ച 'ഉജ്ജീവന സഹായ പദ്ധതി' യിൽ റവന്യൂ ദുരന്ത നിവാരണ വകുപ്പ് വഴിയാണ് സബ്സിഡി അനുവദിക്കുന്നത്. പ്രളയക്കെടുതിയിൽ ഉൾപ്പെട്ട MSME യൂണിറ്റുകൾക്കും ഷോപ്പുകൾക്കും നേരിട്ട നഷ്ടം കണക്കാക്കുന്നതിലേയ്ക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുകയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ചുമതലയിൽ വ്യവസായ വികസന ആഫീസർമാർ ഓരോ യൂണിറ്റുകളും നേരിട്ട് സന്ദർശിച്ച് സർവ്വേ നടത്തി വിവരം ശേഖരിക്കുകയും ചെയ്തിരുന്നു.

ഇത്തരത്തിൽ പ്രളയത്തിൽ ഉൾപ്പെട്ടെന്ന് വ്യവസായ വകുപ്പ് സാക്ഷ്യപ്പെടുത്തിയ സ്ഥാപനങ്ങളെയാണ് സഹായത്തിനായി പരിഗണിച്ചിരുന്നത്. ഉജ്ജീവന പദ്ധതി പ്രകാരം ഓരോ ജില്ലയിലും അനുവദിച്ച വായ്പ, MSME യൂണിറ്റുകളുടെയും ഷോപ്പുകളുടെയും അപേക്ഷകളുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു.

| ജില്ല | അപേക്ഷകരുടെ എണ്ണം | അനുവദിച്ച വായ്പകളും (ലക്ഷം രൂപയിൽ) |
|---|---|---|
| തിരുവനന്തപുരം | 3 | 39 |
| കൊല്ലം | 5 | 43.50 |
| പത്തനംതിട്ട | 245 | 1524.47 |
| ആലപ്പുഴ | 108 | 1031.66 |
| കോട്ടയം | 12 | 15.75 |
| ഇടുക്കി | 94 | 294.33 |
| എറണാകുളം | 482 | 4946.52 |
| തൃശ്ശൂർ | 236 | 327.24 |
| പാലക്കാട് | 16 | 99.60 |
| മലപ്പുറം | 62 | 61.50 |
| കോഴിക്കോട് | 9 | 9.10 |
| വയനാട് | 79 | 395.54 |
| കണ്ണൂർ | 14 | 63.40 |
| കാസർഗോഡ് | 0 | 0 |
| ആകെ | 1365 | 8851.61 |

## ചെറുകിട - ഇടത്തര സംരംഭങ്ങളുടെ വളർച്ച

179 (570) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട-ഇടത്തര സംരംഭങ്ങളുടെയും സ്റ്റാർട്ടപ്പുകളുടെയും വളർച്ചയ്ക്കായി വെൻച്വർ കാപ്പിറ്റൽ ഫണ്ട് സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

നടപടി സ്വീകരിച്ചിട്ടില്ല.

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങളും കൈവരിച്ച പുരോഗതിയും വ്യക്തമാക്കാമോ?

നടപടി സ്വീകരിച്ചിട്ടില്ല.

## കാട്ടാക്കട നിയോജക മണ്ഡലത്തിൽ മുള ഉല്പന്നങ്ങളുടെ വിപണനവും സംസ്കരണവും

180 (571) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിൽ മുള ഉല്പന്നങ്ങളുടെ വിപണനത്തിനും സംസ്കരണത്തിനുമായി കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിനായുള്ള ഭരണാനുമതി സംബന്ധിച്ച നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ അനുമതിക്കായി ബാംബൂ കോർപ്പറേഷന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നാണ് ആവശ്യപ്പെട്ടതെന്നും ആയതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ?

(എ&ബി) കാട്ടാക്കട നിയോജകമണ്ഡലത്തിൽ മുള ഉൽപ്പന്നങ്ങളുടെ വിപണനത്തിനും സംസ്കരണത്തിനുമായി കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിനായുള്ള പ്രൊപ്പോസലിൻമേൽ റിപ്പോർട്ട് സമർപ്പിക്കുവാൻ 06-01-2022-ലെ കെ.1/508/2021-വ്യവ നമ്പർ കത്ത് പ്രകാരം കോർപ്പറേഷൻ മാനേജിങ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## അരൂർ വ്യവസായ മേഖല

181 (572) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ വ്യവസായ മേഖലയിൽ വ്യവസായ വകുപ്പിന് എത്ര സ്ഥലമുണ്ടെന്ന് വെളിപ്പെടുത്താമോ?

അരൂർ വ്യവസായ മേഖലയിൽ വ്യവസായ വാണിജ്യ വകുപ്പിന്റെ ഉടമസ്ഥതയിൽ 62.9 ഏക്കർ സ്ഥലം ഉണ്ട്.

(ബി) പ്രസ്തുത സ്ഥലത്ത് ഇപ്പോൾ നടക്കുന്ന വ്യവസായങ്ങൾ ഏതെല്ലാമെന്നും ഇവ ഏറ്റെടുത്തിട്ടുള്ളത് ആരാണെന്നും വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത മേഖലയിൽ ഏതെല്ലാം സ്ഥലങ്ങൾ ഒഴിഞ്ഞ് കിടപ്പുണ്ടെന്നും ആയതിന്റെ വിശദാംശങ്ങളും വ്യക്തമാക്കാമോ?

അരൂർ വ്യവസായ മേഖലയിൽ മെ. ജിസ് ഇന്റർനാഷണൽ ലിമിറ്റഡിൽ നിന്നും തിരിച്ചെടുത്ത 100 സെന്റ് സ്ഥലം കോമൺ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി മാറ്റി വച്ചിരിക്കുന്നു. മെ. പെരിയാർ എഞ്ചിനിയേഴ്സിൽ നിന്ന് തിരിച്ചെടുത്ത 30 സെന്റ് സ്ഥലത്തിൽ 25 സെന്റ് സ്ഥലം മെ. ഷിൻവാർ വയേഴ്സിന് അനുവദിക്കുകയും ബാക്കി 5 സെന്റ് സ്ഥലവും ബി.എസ്.എൻ.എൽ.-ൽ നിന്നും തിരിച്ചെടുത്ത 15.12 സെന്റ് സ്ഥലവും ചേർന്ന് 20.12 സെന്റ് സ്ഥലം എം.എസ്.ഇ.-സി.ഡി.പി. പദ്ധതിയിൻ കീഴിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനായി മാറ്റി വച്ചിട്ടുണ്ട്. മെ. ജിസ് ഇന്റർനാഷണൽ, മെ. പെരിയാർ എഞ്ചിനിയേഴ്സ് എന്നിവരിൽ നിന്നും തിരിച്ചെടുത്ത സ്ഥലവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ കേസുകൾ നിലവിലുണ്ട്. മെ. പ്രിന്റേഴ്സ് എഞ്ചിനിയേഴ്സിൽ നിന്നും തിരിച്ചെടുത്ത 15 സെന്റ് സ്ഥലവും നടക്കൽ ശ്രീ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശാസ്താ ക്ഷേത്രത്തിന് മുൻവശത്തുള്ള 34.5 സെന്റ് സ്ഥലവും ക്ഷേത്ര കമ്മിറ്റിയുമായുള്ള തർക്കത്തെ തുടർന്ന് സംരംഭകർക്ക് നാളിതുവരെ അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. മെ. ജയ്ഹിന്ദ് ഓയിൽ മിൽസിൽ നിന്നും തിരിച്ചെടുത്ത 54.6 സെന്റ് സ്ഥലം മെ. ആർബി അക്വാട്ടിക് പ്രൊട്ടീൻ (പ്രൈ.) ലിമിറ്റഡ് അനധികൃതമായി കയ്യടക്കി വെച്ചിരിക്കുന്നു. ടി സ്ഥലം സർവ്വേ നടത്തി സംരംഭകർക്ക് അനുവദിക്കുന്നതിനെതിരെ മെ. ആർബി അക്വാട്ടിക് ലിമിറ്റഡ് ചേർത്തല സബ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

### കാഞ്ഞങ്ങാട് വ്യവസായ പാർക്ക്

182 (573) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) വ്യവസായ പാർക്ക് യാഥാർത്ഥ്യമാക്കാനായി ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ;

(സി) പദ്ധതി എപ്പോൾ യാഥാർഥ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ ?

(എ-സി) കാസർഗോഡ് ജില്ലയിലെ മടിക്കൈ, പുതുക്കൈ വില്ലേജുകളിൽപ്പെട്ട 100 ഏക്കർ സ്ഥലത്ത് കാർഷികാധിഷ്ഠിത വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി സ്ഥലം വ്യവസായ വകുപ്പിലേയ്ക്ക് കൈമാറിക്കിട്ടുന്നതിനായി, റവന്യൂ വകുപ്പ് ടി വിഷയം പരിശോധിച്ചു വരികയാണ്. എന്നാൽ ടി സ്ഥലത്ത് ചുറ്റുമതിൽ, ഗേറ്റ് എന്നിവ സ്ഥാപിക്കുന്നതിനായി 4.59 കോടി രൂപയുടെ ഭരണാനുമതിയായിട്ടുണ്ട്. ഹാർബർ എഞ്ചിനിയറിങ് ഡിവിഷന് പ്രവൃത്തി കൈമാറിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പ്രസ്തുത സ്ഥലം വ്യവസായ വകുപ്പിന് കൈമാറി കിട്ടി അടിസ്ഥാനസൗകര്യങ്ങൾ പൂർണ്ണമായി ഒരുക്കിയതിനുശേഷമേ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയൂ.

**തൃക്കരിപ്പൂർ മണ്ഡലത്തിൽ വ്യവസായ പാർക്ക്**

183 (574) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചീമേനിയിൽ നിലവിൽ ഐ.ടി. പാർക്ക് പ്രവർത്തിക്കുന്ന ഭൂമിയിൽ വ്യവസായ പാർക്ക് ആരംഭിക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രാരംഭപ്രവർത്തനങ്ങൾക്കായി 20% ശതമാനം തുകയായ 4 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടും 'വ്യവസായ പാർക്ക്' എന്ന പദ്ധതിക്ക് ആരംഭം കുറിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

**(എ&ബി)** കാസർഗോഡ് ജില്ലയിലെ ചീമേനിയിലും കണ്ണൂർ ജില്ലയിലെ എരമത്തും ഐ.ടി. പാർക്കുകൾ തുടങ്ങുന്നതിനായി ഐ.ടി. വകുപ്പ് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയെങ്കിലും പ്രസ്തുത സ്ഥലങ്ങളിൽ ഐ.ടി. പാർക്കുകൾ പ്രായോഗികമല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് ടി സ്ഥലങ്ങൾ ഏറ്റെടുത്ത് വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം 07-10-2021-ന് ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ചർച്ച ചെയ്യുകയും പ്രസ്തുത ഭൂമിയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നത് സംബന്ധിച്ചുള്ള ഭൂമിയുടെ അനുയോജ്യത, സംരംഭകരുടെ ലഭ്യത, ഭൂമിയുടെ SEZ പദവി മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തി ഒരു feasibility report തയ്യാറാക്കി സമർപ്പിക്കുവാൻ മാനേജിംഗ് ഡയറക്ടർ കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട് റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

## വ്യവസായ പാർക്കുകളിലെ വൈവിധ്യവൽക്കരണം

184 (575) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ 10694 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 1154.64 കോടി രൂപയുടെ നിക്ഷേപം, 40,217 തൊഴിൽ അവസരങ്ങൾ എന്നിവ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പ്രധാനമായും കാർഷിക-ഭക്ഷ്യ സംസ്കരണ മേഖല, വസ്ത്ര നിർമ്മാണ മേഖല, ജനറൽ എഞ്ചിനീയറിംഗ്, സേവന മേഖല എന്നീ മേഖലകളിലാണ് സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളത്. മേഖല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കാർഷിക -ഭക്ഷ്യ സംസ്കരണ മേഖല | 3062 |
| വസ്ത്ര നിർമ്മാണ മേഖല | 1028 |
| ജനറൽ എഞ്ചിനീയറിംഗ് | 890 |
| സേവന മേഖല | 2838 |
| തടി അധിഷ്ഠിത മേഖല | 379 |
| സിമന്റ് അധിഷ്ഠിത മേഖല | 238 |

| | |
|---|---|
| പ്രിന്റിങ്-അനുബന്ധ മേഖല | 142 |
| പേപ്പർ ഉൽപ്പന്നങ്ങൾ | 157 |
| ഐ.ടി മേഖല | 239 |
| മറ്റുള്ളവ | 1721 |

(ബി) കെ.എസ്.ഐ.ഡി.സി.-യുടെയും കിൻഫ്രയുടെയും പാർക്കുകളിൽ പുതുതായി ആരംഭിച്ച പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കെ.എസ്.ഐ.ഡി.സി.-യുടെ വിവിധ വ്യവസായ പാർക്കുകളിൽ 95 സംരംഭകർക്ക് ഭൂമി/കെട്ടിടവും കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ 716 വ്യവസായ സംരംഭകർക്ക് ഭൂമിയും അലോട്ട് ചെയ്തിട്ടുണ്ട്.

(സി) ഇതിലൂടെ ലക്ഷ്യമിടുന്ന നിക്ഷേപം, തൊഴിൽ ലഭ്യത എന്നിവ എത്രയെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത ലക്ഷ്യം എത്രത്തോളം കൈവരിക്കാൻ സാധിച്ചുവെന്നും വ്യക്തമാക്കാമോ?

കെ.എസ്.ഐ.ഡി.സി.-യിൽ 31777.23 ലക്ഷം രൂപയുടെ നിക്ഷേപവും 2296 തൊഴിൽ ലഭ്യതയും കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. പ്രസ്തുത ലക്ഷ്യം നൂറ് ശതമാനം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കിൻഫ്രയിൽ 3433.61 കോടി രൂപയുടെ നിക്ഷേപവും 38181 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

(ഡി) പ്രാദേശികാടിസ്ഥാനത്തിൽ പ്രാധാന്യമുള്ള വ്യവസായങ്ങൾ കണ്ടെത്തി അവ കൂടി ഉൾപ്പെടുത്തി നിലവിലുള്ള വ്യവസായ പാർക്കുകൾ വിപുലമാക്കുകയും പുതിയവ സ്ഥാപിക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിലുള്ള വ്യവസായ പാർക്കുകളിൽ DA/DP അനുവദിച്ചുകഴിഞ്ഞ ഭൂമിയിൽ ഈ ആവശ്യം പരിഗണിക്കാൻ നിർവാഹമില്ല. എന്നാൽ ഇനി അലോട്ട് ചെയ്യാനുള്ള ഭൂമിയിൽ ഈ ആവശ്യം പരിഗണിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

**കുറ്റ്യാടി - മണിമലയിലെ നാളീകേര പാർക്ക്**

185 (576) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിമലയിലെ നാളീകേര പാർക്കിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; കെ.എസ്.ഐ.ഡി.സി.-ക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിക്കുന്നതിന് എത്ര കാലയളവ് എടുക്കുമെന്ന് അറിയിക്കാമോ?

സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. 21-01-2022-ന് ഭൂമിയുടെ അടിസ്ഥാന നികുതി അടയ്ക്കുകയും ചെയ്തിട്ടുണ്ട്. ഭൂവുടമകളുമായുള്ള കേസ് അവസാന ഘട്ടത്തിലാണ്.

(ബി) നാളീകേര പാർക്കിൽ വ്യവസായ സ്ഥാപനങ്ങൾക്ക് എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ; നിക്ഷേപ സംഗമങ്ങളിൽ മണിമല നാളീകേര പാർക്കിനെക്കൂടി ഉൾപ്പെടുത്താൻ സാധിക്കുമോ എന്നറിയിക്കാമോ?

പാർക്കിന്റെ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം ബഹുമാനപ്പെട്ട വ്യവസായ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15-01-2022-ന് ചേർന്നിരുന്നു. പ്രദേശത്തിന്റെ വ്യാവസായിക ആവശ്യകത കണക്കിലെടുത്ത് ഏതൊക്കെ വ്യവസായങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ഭൂമി വികസിപ്പിക്കാമെന്നുള്ള പഠനം നടത്താനും അതിന്റെ അടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങൾ ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(സി) നാളീകേര പാർക്കിന്റെ ഭൂമിയിലെ കാട് വെട്ടിത്തെളിക്കൽ പ്രവൃത്തി ഭാഗികമായി മാത്രമെ നടന്നിട്ടുള്ളൂവെന്ന കാര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പൂർണ്ണമായി കാട് വെട്ടിത്തെളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; ഏത് ഏജൻസിക്കാണ് കാട് വെട്ടിത്തെളിക്കുന്നതിനുള്ള ചുമതല നൽകിയിട്ടുള്ളതെന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ;

(ഡി) മഴക്കാലത്ത് പാർക്ക് കാട് മൂടി കാട്ടുമൃഗങ്ങളുടെ ആവാസസ്ഥാനമാവുകയും പ്രദേശവാസികൾക്ക് ഭീഷണിയായി മാറുകയും ചെയ്യുന്ന സാഹചര്യം ആവർത്തിക്കാതിരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിശദമാക്കാമോ?

(സി&ഡി) കാട് വെട്ടിത്തെളിക്കൽ പ്രവൃത്തി ഭാഗികമായി മാത്രമേ നടത്തിയിട്ടുള്ളൂവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൂർണ്ണമായി കാട് വെട്ടിത്തെളിക്കുന്നതിനും ചുറ്റുമതിൽ കെട്ടുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റിന് ഭരണപരവും സാങ്കേതികവുമായ അനുമതി ലഭിക്കുന്ന മുറയ്ക്ക് കെ.എസ്.ഐ.ഡി.സി. ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്.

**കണ്ണമ്പ്ര വ്യവസായ പാർക്ക്**

186 (577) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കണ്ണമ്പ്ര വ്യവസായ പാർക്കിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കണ്ണമ്പ്ര വ്യവസായ പാർക്കിനായി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. ഒന്നാംഘട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ 2022 മാർച്ച് 31-നകം പൂർത്തീകരിക്കാമെന്ന് കരുതുന്നു. ഇതിനുശേഷം മാത്രമെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയുള്ളൂ.

(ബി) പ്രസ്തുത വ്യവസായ പാർക്കിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ സാധിക്കും എന്ന് അറിയിക്കാമോ?

ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. പദ്ധതിയ്ക്കായി രൂപീകരിച്ചിട്ടുള്ള പ്രത്യേക ഉദ്ദേശ കമ്പനിയായ കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷന് ഭൂമി കൈമാറി നാല് വർഷത്തിനുള്ളിൽ പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) വ്യവസായ പാർക്കിനായി സ്ഥലം വിട്ട് നൽകിയിട്ടുള്ള മുഴുവൻ ആളുകൾക്കും നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ടോ, എത്ര പേർക്കാണ് ഇനി നഷ്ടപരിഹാരത്തുക നൽകാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ?

വ്യവസായ പാർക്കിനായി സ്ഥലം വിട്ടു നല്കിയ മുഴുവൻ ആളുകൾക്കും നഷ്ടപരിഹാരതുക നല്കിയിട്ടില്ല. നെഗോഷ്യേഷനിൽ നിന്നു പിന്മാറി ആക്ടുവഴി നഷ്ടപരിഹാരതുക വേണമെന്ന് ആവശ്യപ്പെട്ട 7 ഭൂവുടമകളുടെ നഷ്ടപരിഹാരതുക നല്കാൻ ബാക്കിയുള്ളതും ആയത് RFCTLARR ആക്ട് 2013-ൽ നിഷ്കർഷിച്ചിട്ടുള്ളതിൻ പ്രകാരം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വ്യവസായ പാർക്ക്**

187 (578) **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പാറത്തോട് പഞ്ചായത്തിലെ വില്ലണി എന്ന സ്ഥലത്ത് ഉൾപ്പെടുന്ന 15 ഹെക്ടർ 15 ആർ (37.43 എക്കർ) സ്ഥലം വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ

പ്രാഥമിക പരിശോധന നടത്തുകയും സ്ഥല ഉടമകളിൽ നിന്നും സമ്മത പത്രം കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതിനായുള്ള സാദ്ധ്യതാപഠനം നടത്തുന്നതിന് കിൻഫ്ര, കെ.എസ്.ഐ.ഡി.സി. തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി സാധ്യതാപഠനം നടത്തുന്നതിന് സൈറ്റ് സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് പദ്ധതി വിലയിരുത്തൽ നടത്തേണ്ടതുണ്ട്. കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയാണ് സൈറ്റ് സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നത്.

## വ്യവസായ പാർക്കുകൾ

188 (579) <u>ശ്രീമതി ഒ. എസ്. അംബിക</u>:താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതിയ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

അനുയോജ്യമായ സ്ഥല ലഭ്യതയ്ക്കുവിധേയമായി പുതിയ വ്യവസായ പാർക്കുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## വ്യാവസായിക ജലവിതരണം

189 (580) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ വ്യാവസായിക ജലവിതരണ പദ്ധതികൾ വിപുലപ്പെടുത്തുന്നതിനും, കിൻഫ്ര ടെക്സ്റ്റൈൽസ് പാർക്ക്, ഇന്റഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ചർ പാർക്ക്, മെഗാ ഫുഡ് പാർക്ക്, ഉഴലപതി പാർക്ക് എന്നിവിടങ്ങളിലെ വർദ്ധിച്ച ജല ആവശ്യം പരിഹരിക്കുന്നതിനും വേണ്ടി വിഭാവനം ചെയ്ത പദ്ധതികൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ?

പാലക്കാട് ജില്ലയിലെ മലമ്പുഴയിൽ നിന്നും കിൻഫ്രയുടെ കഞ്ചിക്കോട് പാർക്കിലേയ്ക്കുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പദ്ധതി അന്തിമ ഘട്ടത്തിലാണ്. റെയിൽവേയുടെ അധീനതയിലുള്ള ഭൂമിയിലൂടെയാണ് പൈപ്പ് ലൈൻ കടന്നുപോകുന്നത്. എന്നാൽ റെയിൽവേയുടെ അനുമതി ഇതുവരെ ലഭ്യമായിട്ടില്ല. റെയിൽവേയുടെ അനുമതി ലഭ്യമായാൽ 4 മാസങ്ങൾക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## മഞ്ചേശ്വരത്ത് താലൂക്ക് വ്യവസായകേന്ദ്രം തുടങ്ങുന്നതിന് നടപടി

190 (581) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താലൂക്ക് വ്യവസായ കേന്ദ്രം ഇല്ലാത്ത താലൂക്കുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് താലൂക്ക് വ്യവസായ കേന്ദ്രം ഇല്ലാത്ത താലൂക്കുകൾ താഴെ പറയുന്നവയാണ്.

| ക്രമ നമ്പർ | ജില്ല | താലൂക്ക് |
|---|---|---|
| 1 | തിരുവനന്തപുരം | കാട്ടാക്കട, വർക്കല |
| 2 | കൊല്ലം | കുന്നത്തൂർ, പുനലൂർ |
| 3 | പത്തനംതിട്ട | കോന്നി, റാന്നി, മല്ലപ്പള്ളി |
| 4 | ഇടുക്കി | ഇടുക്കി (പൈനാവ്) |
| 5 | തൃശ്ശൂർ | ചാലക്കുടി, കുന്നംകുളം |
| 6 | പാലക്കാട് | പട്ടാമ്പി, അട്ടപ്പാടി(അഗളി) |
| 7 | മലപ്പുറം | കൊണ്ടോട്ടി |
| 8 | കോഴിക്കോട് | താമരശ്ശേരി |
| 9 | വയനാട് | സുൽത്താൻ ബത്തേരി |
| 10 | കണ്ണൂർ | ഇരിട്ടി, പയ്യന്നൂർ |
| 11 | കാസർഗോഡ് | വെള്ളരിക്കുണ്ട്, മഞ്ചേശ്വരം |

(ബി) മഞ്ചേശ്വരത്ത് താലൂക്ക് വ്യവസായകേന്ദ്രം ഓഫീസ് തുടങ്ങുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

മഞ്ചേശ്വരം ഉൾപ്പെടെ നിലവിൽ വ്യവസായ കേന്ദ്രങ്ങളില്ലാത്ത താലൂക്കുകളിൽ താലൂക്ക് വ്യവസായകേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച പ്രവർത്തി പഠനത്തിന് ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) മഞ്ചേശ്വരം താലൂക്ക് വ്യവസായകേന്ദ്രം ഈ വർഷം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് ലഭ്യമാക്കുന്ന പ്രവർത്തി പഠന റിപ്പോർട്ടും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ചുമാത്രമേ ഈ വർഷം മഞ്ചേശ്വരം താലൂക്ക് വ്യവസായകേന്ദ്രം ആരംഭിക്കുന്ന വിഷയത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**വ്യവസായ നയം**

191 (582) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 കാലയളവിലേയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ വ്യവസായനയം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2018-ലാണ് സംസ്ഥാനത്ത് അവസാനമായി വ്യവസായ വാണിജ്യ നയം രൂപീകരിച്ചിട്ടുള്ളത്.

(ബി) 2016-ലെ വ്യവസായനയത്തിന്റെ ഭാഗമായി വ്യവസായമേഖലയിൽ ഉണ്ടായ മാറ്റങ്ങളും അതുവഴി സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിൽ കൈവരിച്ച നേട്ടങ്ങളും എന്തൊക്കെയെന്ന് വിശദമാക്കാമോ?

കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉൽപാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിനൽകിയും വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. കേരളത്തിൽ ബിസിനസ്സ്

നടത്തുന്നത് സുഗമമാക്കുക എന്ന ഉദ്ദേശത്തോടുകൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ 2017 ലെ 22-മത് നമ്പർ ഓർഡിനൻസായി "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ്" സർക്കാർ പുറപ്പെടുവിക്കുകയും പ്രസ്തുത ഓർഡിനൻസ് നിയമസഭയിൽ ബിൽ ആയി അവതരിപ്പിച്ച് നിയമമാക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് പുതിയ സോഫ്റ്റ് വെയർ K-SWIFT പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 2019-ലെ കേരള സൂക്ഷ്മ - ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമസഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽ വരികയും ചെയ്തു. ഈ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം

സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധിയുണ്ട്. മൂന്ന് വർഷത്തിനുശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേയ്ക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ എല്ലാ താലൂക്ക് വ്യവസായ ഓഫീസുകളെയും MSME ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 2016 മെയ് മാസം മുതൽ 2021 ഏപ്രിൽ വരെയുള്ള മുൻ സർക്കാരിന്റെ 5 വർഷക്കാലം DIC MIS പ്രകാരമുള്ള റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 69,138 MSME സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 6,448.81 കോടി രൂപയുടെ നിക്ഷേപവും, 2,45,369 തൊഴിൽ ലഭ്യതയും സംഭവ്യമായിട്ടുണ്ട്.

(സി) ഇക്കാലയളവിൽ സൂക്ഷ്മ-ചെറുകിട-ഇടത്തര സംരംഭങ്ങൾക്കും സ്റ്റാർട്ടപ്പുകൾക്കുമുണ്ടായ വളർച്ചയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തര മേഖലയിലുള്ള സംരംഭങ്ങളുടെ വിഷയങ്ങളാണ് വ്യവസായ വാണിജ്യ വകുപ്പ് വഴി കൈകാര്യം ചെയ്യുന്നത്. സർക്കാർ ടി മേഖലയുടെ പുരോഗതിയ്ക്ക് വേണ്ടി സ്വീകരിച്ച വിവിധ പ്രോത്സാഹന നടപടികൾ, നിലവിലുള്ള വിവിധ നിയമങ്ങളിൽ കൊണ്ടുവന്ന ഭേദഗതികൾ, പുതിയ നിയമങ്ങൾ എന്നിവ വഴി MSME മേഖലയിൽ വ്യക്തമായ പുരോഗതി നേടുവാൻ കഴിഞ്ഞിട്ടുണ്ട്. 2016 മെയ് മാസം മുതൽ 2021 ഏപ്രിൽ വരെയുള്ള മുൻ സർക്കാരിന്റെ 5 വർഷക്കാലം DIC MIS പ്രകാരമുള്ള റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 69,138 MSME സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 6,448.81 കോടി രൂപയുടെ നിക്ഷേപവും, 2,45,369 തൊഴിൽ ലഭ്യതയും സംഭവ്യമായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2021 മെയ് മുതൽ ഇതുവരെ 10694 MSME യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. (നിക്ഷേപം: 1154.64 കോടി, തൊഴിൽ: 40,217 എണ്ണം). 2021-2022 സാമ്പത്തിക വർഷം ഇതുവരെ ആകെ 11,576 MSME സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 1238 കോടി രൂപയുടെ നിക്ഷേപവും 43,458 തൊഴിൽ ലഭ്യതയും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(ഡി) വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന നിലയിൽ വ്യവസായ മേഖലയ്ക്ക് ഉണർവേകുന്നതിന് ആവിഷ്കരിച്ച നൂതന

പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള സംസ്ഥാനത്തെ വ്യവസായ നിക്ഷേപ സൗഹൃദമാക്കുന്നതിനും കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും താഴെപ്പറയുന്ന പ്രധാന ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കിയിട്ടുണ്ട്. സംരംഭക സഹായ പദ്ധതി വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി 5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ് ഈ

പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. മൂന്ന് വർഷത്തേയ്ക്കാണ് ഇപ്രകാരം റി-ഇംബേഴ്സ് ചെയ്ത് നൽകുന്നത്. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് ഉല്പ്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം എന്നിവയിൽ ആരംഭിക്കുന്ന ചെറു സംരംഭങ്ങൾക്ക് (മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല ഉൾപ്പെടെ) സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, വികലാംഗർ, വിമുക്ത ഭടന്മാർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകും. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും. ഈ പദ്ധതിയിലൂടെ നൽകുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്. പ്രവർത്തന രഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾ മൂലധന ഗ്രാന്റുകളുടെയും പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ കശുവണ്ടി സംസ്കരണ

യൂണിറ്റുകൾ ഉൾപ്പെടെയുള്ള പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളെ പിന്തുണയ്ക്കാൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. a. Revival and rehabilitation scheme for defunct MSMEs and cashew processing units b. The Kerala stressed MSMEs Revival & Rehabilitation Scheme വ്യവസായ ഭദ്രത (Scheme for interest Subvention on term Loan and Working Capital Loan) കോവിഡ് 19 ന്റെ സാഹചര്യത്തിൽ 2020 വർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) യിൽ 2019 ഏപ്രിൽ 1 മുതൽ 2021 ഡിസംബർ 31 വരെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകി വരുന്നത്. പദ്ധതി അനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000/- രൂപ വരെയാണ് സഹായം അനുവദിക്കുക. ഇത് കൂടാതെ 15 - 35% വരെ സബ്സിഡി നൽകുന്ന വായ്പാധിഷ്ഠിത പദ്ധതിയായ PMEGP, ഭക്ഷ്യ സംസ്കരണ മേഖലയിലെ സംരംഭങ്ങൾക്കായി നടപ്പിലാക്കുന്ന

PMFME പദ്ധതി എന്നീ കേന്ദ്ര പദ്ധതികളും വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്. കേരളത്തിൽ ബിസിനസ്സ് നടത്തുന്നത് സുഗമമാക്കുക എന്ന ഉദ്ദേശത്തോടുകൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT പോർട്ടൽ നിലവിലുണ്ട്. 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമസഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽ വരികയും ചെയ്തു. ഈ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്)

മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേയ്ക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും, ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകളും നിലവിലുണ്ട്. കൂടാതെ എല്ലാ താലൂക്ക് വ്യവസായ ഓഫീസുകളെയും MSME ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സേവനങ്ങളും മറ്റുവിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ് പേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ സംസ്ഥാന തലങ്ങളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ

ഏകീകരിക്കുന്നതിനായി കെ-സിഫ്റ്റ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഒട്ടേറെ വ്യവസ്ഥകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപെട്ടിരുന്നു. ഇവ ഒഴിവാക്കാനും, അവയിൽ വ്യവസ്ഥ ചെയ്യുന്ന ശിക്ഷാനടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും ഒരു എക്സ്റ്റേർണൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**ഇരിക്കൂർ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള ഭൂമി**

192 (583) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പ ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ എത്ര ഭൂമിയാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എത്ര ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഭൂമി ലഭിച്ച സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേര് വിവരങ്ങളും അനുവദിച്ച ഭൂമിയുടെ അളവും പട്ടികരൂപത്തിൽ ലഭ്യമാക്കാമോ;

&

(സി) ഇരിക്കൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ എത്ര ഭൂമിയാണ് വ്യവസായ ആവശ്യത്തിന് നൽകാതെ നിഷ്ക്രിയമായി കിടക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

**(എ-സി)** ഇരിക്കൂർ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ ഭൂമി ഇല്ല.

**മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ**

193 (584) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെയും സ്ഥാപനങ്ങളുടെയും വിശദവിവരം ലഭ്യമാക്കാമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ കൊല്ലകടവ് വ്യവസായ വികസന ഏരിയയിൽ 16.22 ഏക്കർ സ്ഥലം വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണ്. കൂടാതെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിൽ 17.98 ഏക്കർ സ്ഥലമുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 43 സ്ഥാപനങ്ങളും

സിഡ്കോയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 51 യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+. കൂടാതെ ആലപ്പുഴ ജില്ലാ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സൊസൈറ്റിയുടെ ഉടമസ്ഥതയിൽ മൂന്ന് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും നിലവിലുണ്ട്. അവ താഴെപ്പറയുന്നു. മാവേലിക്കര മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഒരേക്കർ സ്ഥലമുള്ള ഈ എസ്റ്റേറ്റിൽ 40 സെന്റ് സ്ഥലം 3 സംരംഭകർക്കായി അലോട്ട് ചെയ്തിട്ടുണ്ട്. 60 സെന്റ് അലോട്ട് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ തുടരുന്നു. ഇവിടെ 2 സംരംഭങ്ങൾ പ്രവർത്തിക്കുകയും ഒരെണ്ണം കോവിഡ് മൂലം പ്രവർത്തനരഹിതമായും തുടരുന്നു. നൂറനാട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഒരു ഏക്കർ സ്ഥലത്തായി ഇവിടെ 10 വ്യവസായ ഷെഡുകൾ പ്രവർത്തിക്കുന്നു. 3 ഷെഡ്ഡുകൾ പ്രവർത്തനരഹിതമാണ്. താമരക്കുളം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്. ഒരു ഏക്കർ ഭൂമിയിൽ 10 ഷെഡ്ഡുകൾ പ്രവർത്തിക്കുന്നു. എല്ലാം പ്രവർത്തനസജ്ജമാണ്.

(ബി) ഇവയിൽ ഉപയോഗിക്കുന്നവയും ഉപയോഗമില്ലാതെ കിടക്കുന്നവയും ഏതെല്ലാം; ഉപയോഗമില്ലാതെ കിടക്കുന്ന സ്ഥലങ്ങളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതിയ സംരംഭങ്ങൾ ആരംഭിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ; വിശദമാക്കാമോ?

വ്യവസായ വാണിജ്യ ഡയറക്ടറുടെ ഉടമസ്ഥതയിൽ കൊല്ലകടവ് വ്യവസായ വികസന ഏരിയയിൽ 41 സെന്റ് സ്ഥലം ഒഴിവുണ്ട്. 2022-ൽ തയ്യാറാക്കുന്ന പ്രയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥനത്തിൽ ടി സ്ഥലം പുതിയ സംരംഭകർക്ക് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു. സിഡ്കോയുടെ ഉടമസ്ഥതയിലുള്ള കൊല്ലകടവ് വ്യവസായ പ്ലോട്ടിൽ മെ. കുന്നംപുറം മെറ്റൽസ് എന്ന യൂണിറ്റിന് അനുവദിച്ച ഗോഡൗൺ കെട്ടിടവും 21.863 സെന്റ് ഭൂമിയും സെയിൽ ടാക്സുമായി ബന്ധപ്പെട്ട കേസ് നിമിത്തം നിലവിൽ അടച്ചിട്ടിരിക്കുന്നു. എങ്കിലും യൂണിറ്റ് ഉടൻ തന്നെ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികളിലാണ്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ സിറ്റി ഗ്യാസ് പദ്ധതി സംബന്ധിച്ച്**

194 (585) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ സിറ്റി ഗ്യാസ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; പദ്ധതിയുടെ പ്രയോജനം ഏതെല്ലാം

പ്രദേശങ്ങളിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുവെന്നും ഇതിനായി സ്വീകരിച്ച നടപടി എന്താണെന്നും വിശദമാക്കാമോ?

കണ്ണൂർ കാസർഗോഡ് മാഹി Geographical area-യിൽ ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് സിറ്റി ഗ്യാസ് പദ്ധതി 2020 ഡിസംബർ 28-നാണ് ആരംഭിച്ചത്. (മൂലകണ്ടം - മഡിയൻ റോഡ് (4.10 കി.മീ), CGS കോട്ടപ്പാറ-മാവുങ്കൽ ജംഗ്ഷൻ (2.20 കി.മീ) ലുമായി നാളിതുവരെ 6.30 കി.മീ.-ന്റെ സ്റ്റീൽ പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ സ്റ്റീൽ പൈപ്പ് ലൈൻ കണക്ടിവിറ്റിക്ക് ഇതുവരെ ആവശ്യമായ അനുമതി ലഭിച്ചിട്ടില്ല. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ അജാനൂർ ഗ്രാമപഞ്ചായത്തിലാണ് ഗാർഹിക പൈപ്പ് പ്രകൃതിവാതകത്തിന് (PNG-D) തുടക്കം കുറിക്കുന്നതിന് ആസൂത്രണം ചെയ്തിട്ടുള്ളത്. തുടർന്ന് ടി പദ്ധതി നീലേശ്വരം മുനിസിപ്പാലിറ്റിയുടെ ചുറ്റുപാടുമായി ബന്ധിപ്പിക്കുവാനും ഉദ്ദേശിച്ചിട്ടുണ്ട്. ടി പദ്ധതി ആരംഭിക്കുന്നതിന് നിർദ്ദിഷ്ട ഐ.ഒ.എ.ജി.പി.എൽ. സിറ്റി ഗേറ്റ് സ്റ്റേഷൻ (CGS), കോട്ടപ്പാറ, കാഞ്ഞങ്ങാട് സ്ഥാപിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. നിലവിൽ, സിറ്റി ഗ്യാസ് സ്റ്റേഷൻ സ്ഥാപിക്കുവാൻ ആവശ്യമായ അംഗീകാരം ലഭ്യമാക്കുവാനുള്ള അപേക്ഷ പരിഗണനയിലാണ്.

## പെർഫോമൻസ് സെക്യൂരിറ്റി അടയ്ക്കുന്നതിന് ഇൻകെൽ ബാങ്കിൽ നിന്നും വായ്പ ഏടുത്ത നടപടി

195 (586) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബൈപ്പാസ് പദ്ധതിയുടെ കരാറുകാരായ ഹൈദരാബാദ് കെ.എം.സി. കൺസ്ട്രക്ഷൻസ് ദേശീയപാത അതോറിറ്റിയിൽ അടയ്ക്കേണ്ട പെർഫോമൻസ് സെക്യൂരിറ്റിയായ ₹85.5 കോടി ഇൻകെൽ അടച്ചത് ബാങ്കിൽ നിന്നും വായ്പ സ്വീകരിച്ചാണോ എന്ന് വ്യക്തമാക്കാമോ;

(ബി) പൂർത്തിയാക്കിയ ഒരു പദ്ധതിയുടെ ബിൽ ബാങ്കിൽ പണയം വച്ചാണോ ഇൻകെൽ ബാങ്ക് വായ്പ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; ഇതിന്റെ പലിശ എത്രയാണെന്നും വിശദമാക്കാമോ;

(സി) ബാങ്കിലെ പെർഫോമൻസ് സെക്യൂരിറ്റി നിലനിർത്താൻ ഇൻകെലിന് എത്ര തുക ചിലവ് വരുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തീരുമാനത്തിന് ഇൻകെൽ ചെയർമാന്റെ അംഗീകാരം നേടിയിരുന്നോയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

**(എ-ഡി)** സംസ്ഥാന സർക്കാരിന് 29.52% ഓഹരിയുള്ള പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഇൻകെൽ. ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ 99(1) പ്രകാരം ടി സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറെ നിയമിക്കുന്നതിനുള്ള അധികാരമാണ് സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളത്. അടിസ്ഥാന സൗകര്യം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പ്രവർത്തന കാര്യങ്ങൾ ഇൻകെലിന്റെ ഡയറക്ടർ ബോർഡാണ് തീരുമാനിക്കുന്നത്.

**കേരള റബ്ബർ ലിമിറ്റഡ്**

196 (587) **ശ്രീ. ജോബ് മൈക്കിൾ**: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂല്യവർദ്ധിത റബ്ബർ ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി രൂപീകരിച്ച 'കേരള റബ്ബർ ലിമിറ്റഡ്' പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

മൂല്യവർദ്ധിത റബ്ബർ ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി "കേരള റബ്ബർ ലിമിറ്റഡ്" എന്ന പേരിൽ, സിയാൽ മാതൃകയിൽ, ഒരു കമ്പനി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ബഹു.വ്യവസായ മന്ത്രി 21/12/2021-ൽ HNL, Velloor-ലെ KRL-ന്റെ ഓഫീസ് ഉത്ഘാടനം ചെയ്തു. ഏകദേശം 160

ഏക്കറിൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളായ സ്ഥലം, വഴി, വെളിച്ചം, വെള്ളം മുതലായവയും റബ്ബർ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുവാൻ വേണ്ട പൊതുവായ സൗകര്യങ്ങളും നൽകുകയാണ് കമ്പനിയുടെ ഇപ്പോഴത്തെ ലക്ഷ്യം. ആയതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

(ബി) പ്രസ്തുത കമ്പനി മുഖേന എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തന ലക്ഷ്യങ്ങളും സേവനങ്ങളും സംബന്ധിച്ച് KITCO സമർപ്പിച്ച വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റബ്ബർ ബോർഡ് റബ്ബർ വ്യവസായികളുമായി ചർച്ച ചെയ്തു വരികയാണ്. 2022 മേയ് മാസത്തോടെ കമ്പനി പ്രവർത്തനം തുടങ്ങാൻ കഴിയും വിധം നടപടികൾ പുരോഗമിക്കുന്നു.

**കോഴിക്കോട് ബൈപാസ് പദ്ധതിക്കുവേണ്ടി ദേശീയപാതാ അതോറിറ്റിയിൽ അടച്ച പെർഫോമൻസ് സെക്യൂരിറ്റി**

197 (588) ഡോ. മാത്യു കുഴൽനാടൻ:

ശ്രീ. ടി. സിദ്ദിഖ്:

ശ്രീ. സജീവ് ജോസഫ്:

ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പ ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബൈപാസ് പദ്ധതിയുടെ കരാറുകാരായ ഹൈദരാബാദ് കെ.എം.സി. കൺസ്ട്രക്ഷൻസ് ദേശീയപാതാ അതോറിറ്റിയിൽ അടയ്ക്കേണ്ട പെർഫോമൻസ് സെക്യൂരിറ്റിയായ 85.5 കോടി രൂപ ഇൻകെൽ ലിമിറ്റഡ് ആണോ അടച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഒരു സ്വകാര്യ കമ്പനിക്ക് വേണ്ടി ഇൻകെൽ ലിമിറ്റഡ് പെർഫോമൻസ് സെക്യൂരിറ്റി അടയ്ക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) ബാങ്കിൽ നിന്നും വായ്പയെടുത്താണോ പ്രസ്തുത തുക അടച്ചതെന്ന് വ്യക്തമാക്കാമോ; ബാങ്ക് വായ്പയുടെ പലിശ അടക്കമുള്ള വിശദാംശങ്ങൾ നൽകാമോ;

(ഡി) കെ.എം.സി.-യിൽ നിന്നു കൗണ്ടർ ഗാരന്റി വാങ്ങിയശേഷമാണോ ഇൻകെൽ പ്രസ്തുത പണം അടച്ചതെന്ന് വിശദമാക്കാമോ;

(ഇ) നിർമ്മാണം തുടങ്ങുന്നതിനുമുന്നോടിയായി മൊബിലൈസേഷൻ അഡ്വാൻസായി ഇൻകെൽ സ്വകാര്യ കമ്പനിക്ക് പണം നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

(എ-ഡി) സംസ്ഥാന സർക്കാരിന് 29.52% ഓഹരിയുള്ള പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഇൻകെൽ. ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ 99(1) പ്രകാരം ടി സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറെ നിയമിക്കുന്നതിനുള്ള അധികാരമാണ് സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളത്. അടിസ്ഥാന സൗകര്യം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പ്രവർത്തന കാര്യങ്ങൾ ഇൻകെലിന്റെ ഡയറക്ടർ ബോർഡാണ് തീരുമാനിക്കുന്നത്.

**ഏകജാലക സംവിധാനം**

198 (589) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ ഏകജാലക സംവിധാനം തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ പൂർണ്ണരൂപത്തിൽ ലഭ്യമാക്കാമോ; ഏതൊക്കെ വകുപ്പുകളെ ഉൾപ്പെടുത്തിയാണ് ഏകജാലക സംവിധാനം ആരംഭിക്കുന്നത്?

1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ട് വഴി കേരളത്തിൽ ത്രിതല ഏകജാലക ബോർഡുകൾ രൂപീകരിച്ചിരുന്നു. സംസ്ഥാന ഏകജാലക

ക്ലിയറൻസ് ബോർഡ്, ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ്, വ്യവസായ ഏരിയ ബോർഡ് എന്നിങ്ങനെയാണ് സംസ്ഥാനത്ത് വ്യവസായ ഏകജാലക ബോർഡുകൾ രൂപീകരിച്ചിരിക്കുന്നത്. ഇതിൻപ്രകാരം വ്യവസായ അനുമതികൾക്കുള്ള അപേക്ഷ ലഭിച്ച് 45 ദിവസങ്ങൾക്കുള്ളിൽ അനുമതി ലഭ്യമാക്കേണ്ടതാണ്. ഈ സ്ഥിതി നിലനിൽക്കെ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2018-ൽ ' കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. മേൽ വിവരിച്ച പ്രകാരം അപേക്ഷയിൻമേൽ പരമാവധി 30 ദിവസത്തിനുള്ളിൽ എല്ലാ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. പുതിയ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതോടൊപ്പംതന്നെ നിലവിലുള്ള വ്യവസായങ്ങളുടെ അനുമതികൾ പുതുക്കിനൽകുന്നതിനും കെ-സ്വിഫ്റ്റ് സജ്ജമാണ്. പൂർണ്ണനിലയ്ക്ക് സമർപ്പിച്ച

അപേക്ഷകളിന്മേൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ 30 ദിവസത്തിനുള്ളിൽ തീർപ്പുകൽപ്പിക്കുന്നതിന് കെ-സ്വിഫ്റ്റിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അപ്രകാരം നടപടി എടുത്തില്ലെങ്കിൽ കൽപ്പിത അനുമതി നൽകുന്നതിനും വേണ്ടിയാണ് ഈ സംവിധാനം രൂപകൽപ്പന ചെയ്തിട്ടുള്ളത്. കൂടാതെ കെ.എസ്.ഐ.ഡി.സി., കിൻഫ്ര തുടങ്ങിയ ഏജൻസികളുടെ വ്യാവസായിക ഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ, തൊഴിൽ നികുതി ഒടുക്കുന്നതിനുള്ള സൗകര്യം എന്നിവ കെ-സ്വിഫ്റ്റിൽ ഒരുക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വ്യവസായികൾക്കുള്ള വിവിധ സംശയങ്ങളും ആകുലതകളും ദൂരീകരിക്കുന്നതിന് വ്യവസായ വകുപ്പിന് കീഴിൽ ഒരു പ്രത്യേക കോൾ സെന്റർ പ്രവർത്തിച്ചുവരുന്നു.

(ബി) നിലവിൽ എത്ര വകുപ്പുകൾ ഏകജാലക പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ട്?

നിലവിൽ സർക്കാറിന്റെ 21 വകുപ്പുകളും എജൻസികളും അവരവരുടെ അനുമതികളുൾപ്പടെയുള്ള വിവിധ സേവനങ്ങൾ കെ-സ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കിവരുന്നു. കൂടുതൽ വകുപ്പുകളുടെ

കൂടുതൽ സേവനങ്ങൾ കെ-സ്വിഫ്റ്റ് വഴി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഏത് കമ്പനിയുടെ സോഫ്റ്റ്‌വെയർ സാങ്കേതിക വിദ്യയാണ് ഇതിനായി ഉപയോഗപ്പെടുത്തുകയെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ വിവര സാങ്കേതിക മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (NIC) ആണ് കെ-സ്വിഫ്റ്റ് സോഫ്റ്റ് വെയർ രൂപകല്പന ചെയ്തതും അത് കൈകാര്യം ചെയ്യുന്നതും.

## ഇൻകെൽ ദേശീയപാത അതോറിറ്റിയിൽ പെർഫോമൻസ് സെക്യൂരിറ്റി അടച്ച നടപടി

199 (590) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പ ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബൈപാസ് പദ്ധതിയുടെ കരാറുകാരായ ഹൈദരാബാദ് കെ.എം.സി. കൺസ്ട്രക്ഷൻസ് ദേശീയപാത അതോറിറ്റിയിൽ അടയ്ക്കേണ്ട പെർഫോമൻസ് സെക്യൂരിറ്റിയായ 85.5 കോടി രൂപ അടയ്ക്കാൻ ഇൻകെൽ ഡയറക്ടർ ബോർഡ് തീരുമാനിച്ചിരുന്നോ; പ്രസ്തുത മീറ്റിംഗിന്റെ മിനിട്സ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തീരുമാനത്തിന് ഇൻകെൽ ചെയർമാന്റെ അംഗീകാരം നേടിയിരുന്നോ എന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

**(എ&ബി)** സംസ്ഥാന സർക്കാരിന് 29.52% ഓഹരിയുള്ള പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഇൻകെൽ. ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ 99(1) പ്രകാരം ടി സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറെ നിയമിക്കുന്നതിനുള്ള അധികാരമാണ് സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളത്. അടിസ്ഥാന സൗകര്യം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പ്രവർത്തന കാര്യങ്ങൾ ഇൻകെലിന്റെ ഡയറക്ടർ ബോർഡാണ് തീരുമാനിക്കുന്നത്.

**കാസർഗോഡുള്ള ഭെൽ. - ഇ.എം.എൽ. കമ്പനിയുടെ പുനരുദ്ധാരണം**

200 (591) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡുള്ള ഭെൽ - ഇ.എം.എൽ. കമ്പനി സർക്കാർ പൂർണ്ണതോതിൽ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ തുടർന്ന് പ്രസ്തുത കമ്പനി ഏത് രീതിയിൽ പ്രവർത്തിപ്പിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഭെൽ - ഇ.എം.എൽ. സംയുക്ത സംരംഭത്തിൽ ഭെല്ലിനുണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ വാങ്ങി സ്ഥാപനത്തെ ഏറ്റെടുക്കുകയും

പൂർണ്ണമായും സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. കെൽ - ഇ.എം.എൽ എന്ന് പുനർ നാമകരണം ചെയ്തിട്ടുള്ള സ്ഥാപനത്തെ ഒരു സ്വതന്ത്ര യൂണിറ്റായി പ്രവർത്തിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) മൂന്നു വർഷമായി ശമ്പളമില്ലാതെ പട്ടിണിയിലായ പ്രസ്തുത കമ്പനിയിലെ ജീവനക്കാർക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണെന്നും ഇതിനായി എത്ര തുക അനുവദിച്ചു എന്നും കുടിശ്ശിക എപ്പോൾ കൊടുത്തു തീർക്കുമെന്നും വ്യക്തമാക്കാമോ?

പ്രവർത്തനം പൂർണ്ണമായി നടന്നിരുന്ന മാർച്ച് 2020 വരെയുള്ള ശമ്പള കുടിശ്ശിക 2.95 കോടിയും പ്രസ്തുത കാലയളവിലെ പ്രോവിഡന്റ് ഫണ്ട് കുടിശ്ശിക 1.77 കോടി രൂപയും ആണ്. തൊഴിലാളികളുടെ ശമ്പളകുടിശ്ശിക നൽകുന്നതിനും പ്രവർത്തന മൂലധനത്തിനുമായി 20 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ശമ്പളകുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(സി) അനുവദിച്ച തുക നൽകുന്നതിന് ധാരണാപത്രം ഒപ്പുവെയ്ക്കണമെന്ന് ജീവനക്കാരെ മാനേജ്മെന്റ് നിർബന്ധിക്കുന്നു എന്നത് ശരിയാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

സംയുക്ത സംരംഭമായി പ്രവർത്തനം തുടങ്ങിയ കാലം മുതൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നത് കൊണ്ടും, സംസ്ഥാന സർക്കാർ ഏറ്റെടുത്ത് സ്വതന്ത്ര സ്ഥാപനമാക്കിയത് കൊണ്ടും സ്ഥാപനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനും ഉന്നമനത്തിനും തൊഴിലാളികളുടെ സഹകരണത്തിനും അവരുടെ ക്ഷേമത്തിനും കമ്പനിയുടെ മുന്നോട്ടുള്ള പ്രയാണത്തിന് കൂടുതൽ ദിശാബോധം നൽകുന്നതിനുമാണ് ധാരണാപത്രം ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്തുവരുന്നത്.

(ഡി) എങ്കിൽ ഏതെല്ലാം വ്യവസ്ഥകളാണ് ധാരണാപത്രത്തിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ?

കമ്പനിയുടെ മുന്നോട്ടുള്ള ലാഭകരമായ പ്രവർത്തനത്തിനും അതുവഴി തൊഴിലാളികളുടെ ഉന്നമനത്തിനും വേണ്ടിയുള്ള പൊതുവായ വ്യവസ്ഥകളാണ് ധാരണാ പത്രത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഇ) കമ്പനി എപ്പോൾ തുറന്ന് പ്രവർത്തനമാരംഭിക്കുമെന്നും പുനരുദ്ധാരണത്തിന് മാറ്റിവെച്ച 77 കോടി രൂപയിൽ എത്ര തുക അനുവദിച്ചെന്നും വ്യക്തമാക്കാമോ?

കമ്പനിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന്റെ ഭാഗമായുള്ള അറ്റകുറ്റപണികൾക്കും പുതിയ യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും

തൊഴിലാളികളുടെ ശമ്പളകുടിശ്ശിക നൽകുന്നതിനും പ്രവർത്തന മൂലധനത്തിനുമായി 20 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. പുതിയ യന്ത്രസാമഗ്രികൾ സ്ഥാപിച്ചാലുടൻ തന്നെ കമ്പനി തുറന്നു പ്രവർത്തിക്കുന്നതിനാണ് ശ്രമിക്കുന്നത്.

(എഫ്) വിരമിച്ചവർക്ക് പി.എഫ്., ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങളുടെ കുടിശ്ശിക നൽകാത്തതും പെൻഷൻ പോലും ലഭിക്കുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആനുകൂല്യങ്ങൾ എപ്പോൾ നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

വിരമിച്ചവരുടെ ഗ്രാറ്റുവിറ്റി, പി.എഫ്. കുടിശ്ശികകളും സർവ്വീസിലുള്ളവരുടെ പി.എഫ്. കുടിശ്ശികയുടെ ഒരു ഭാഗം ഉടനെയും ബാക്കി തുക മുൻഗണനാക്രമത്തിൽ കഴിയുന്നതും വേഗത്തിൽ കൊടുത്തു തീർക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**സംരംഭങ്ങൾക്ക് വായ്പകൾ നൽകാൻ ബാങ്കുകൾ കാട്ടുന്ന വിമുഖത**

201 (592) <u>ശ്രീ എ. സി. മൊയ്തീൻ:</u> താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭങ്ങൾക്ക് വായ്പകൾ നൽകാൻ ബാങ്കുകൾ വിമുഖത കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇതിന് പരിഹാരം കാണുവാൻ പദ്ധതികൾ ആവിഷ്കരിക്കുമോ?

വായ്പകൾ വ്യക്തമായ കാരണമില്ലാതെ ബാങ്കുകൾ അനുവദിക്കാതിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥർ വഴി ബ്ലോക്ക് തലത്തിൽ, ബ്ലോക്ക് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിലും (BLBC) ജില്ലാതലത്തിൽ വിവിധ ബാങ്ക്തല സമിതികളിലും വിഷയം അവതരിപ്പിച്ച് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന സംരംഭസഹായ പദ്ധതി, നാനോ സംരംഭങ്ങൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി, നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ ഇളവ് പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP), ഭക്ഷ്യസംസ്കരണ മേഖലയ്ക്കുള്ള PMFME പദ്ധതി തുടങ്ങിയ പദ്ധതികൾ വഴി ധനസഹായം ഉൾപ്പെടെ ശുപാർശ ചെയ്ത് ബാങ്കുകളിൽ നൽകി പരമാവധി അപേക്ഷകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. എസ്.എൽ.ബി.സി. യോഗത്തിൽ വ്യവസായ മന്ത്രി പങ്കെടുത്ത് ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്.

## മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണന പ്രോത്സാഹനം

202 (593) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷികാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണന പ്രോത്സാഹനത്തിനായി വ്യവസായ വാണിജ്യ വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംസ്കരണ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനുള്ള കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ പ്രൈം മിനിസ്റ്റേഴ്സ് ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ് (PMFME) എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ മേൽനോട്ടത്തിൽ നടത്തിവരുന്നു. കാർഷികാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രാധാന്യം കൂടി കണക്കിലെടുത്ത് വ്യവസായ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതിയിൽ ഭക്ഷ്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് 10% സബ്സിഡി പരമാവധി 10 ലക്ഷം രൂപ വരെ അധിക ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ മേഖലയിലെ വിപണന സാധ്യത മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന തലത്തിൽ അഗ്രോ ഫുഡ്

പ്രോ എക്സിബിഷൻ നടത്തിവരുന്നു. കൂടാതെ ജില്ലാ തലങ്ങളിൽ നടത്തി വരുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക എക്സിബിഷനുകളിൽ ഭക്ഷ്യ സംസ്കരണ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകി വരുന്നുണ്ട്.

**പാറമടകളുടെ പ്രവർത്തനം**

203 (594)ശ്രീ.കെ.ബാബു(തൃപ്പൂണിത്തുറ):

ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ വിധേയമല്ലാതെ സംസ്ഥാനത്ത് പാറമടകൾ പ്രവർത്തിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

ശ്രദ്ധയിൽപെട്ടിട്ടില്ല. ഏതെങ്കിലും തരത്തിലുള്ള അനധികൃത ഖനനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കെ.എം.എം.സി- 2015 ചട്ടങ്ങൾ പ്രകാരം നിയമപരമായ നടപടികൾ സമയോചിതമായി സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് 2016 മേയ് മാസത്തിൽ എത്ര പാറമടകൾ സർക്കാർ അനുമതിയോടെ പ്രവർത്തിച്ചിരുന്നുവെന്ന് അറിയിക്കാമോ?

1632 (ക്വാറിയിങ് ലീസ് 493, ക്വാറിയിങ് പെർമിറ്റ് 1139)

(സി) നിലവിൽ നിയമവിധേയമായ എത്ര പാറമടകളാണ് പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

571

(ഡി) 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ?

2020 -21 - 148,57,04,071/- രൂപ 2021-22 (31.12.2021 വരെ) - 102,91,52,744/- രൂപ

(ഇ) 2016 മുതൽ പ്രതിവർഷം ഇത്തരത്തിൽ ഖനനം ചെയ്തെടുക്കുന്ന പാറയുടെ ശരാശരി അളവ് എത്രയെന്ന് വ്യക്തമാക്കാമോ?

2016-17 - 34100724 മെ.ടൺ 2017-18 - 38565319 മെ.ടൺ 2018-19 - 35305043 മെ.ടൺ 2019-20 - 29962412 മെ.ടൺ 2020-21 ലെ ധാതുക്കളുടെ അളവ് സംബന്ധിച്ച് ജില്ലാ ഓഫീസുകളിലെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല.

**സൗജന്യ കൈത്തറി യൂണിഫോം പദ്ധതി**

204 (595) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയിലെ സൗജന്യ കൈത്തറി യൂണിഫോം പദ്ധതിയ്ക്കുകീഴിൽ വേതനയിനത്തിലെ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂൾ യൂണിഫോം നെയ്യുന്ന നെയ്ത്തുകാർക്ക് 2021 സെപ്റ്റംബർ മാസം വരെയുള്ള കൂലി വിതരണം ചെയ്തിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിലെ വേതന കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പരമ്പരാഗത വ്യവസായം എന്ന നിലയ്ക്ക് പ്രസ്തുത പ്രതിസന്ധി മറികടക്കാൻ പുതിയ സാമ്പത്തിക പാക്കേജ് പ്രഖ്യാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2022-23 അദ്ധ്യയന വർഷത്തെ സൗജന്യ യൂണിഫോം പദ്ധതിയ്ക്കായി 20 കോടി രൂപ മുൻകൂറായി അനുവദിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വിദ്യാഭ്യാസ വകുപ്പ് മുഖേന അനുമതി നൽകിയിട്ടുണ്ട്. പുതിയ സാമ്പത്തിക പാക്കേജ് അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

**ആലംകോട് വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘം**

**205 (596)** ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലംകോട് വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണസംഘം പുനരുദ്ധാരണത്തിനായി ആവിഷ്കരിച്ച പുനരുദ്ധാരണ പാക്കേജിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ആലംകോട് വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘം പ്രവർത്തനമില്ലാതെ കിടക്കുന്നതിനാൽ ടി സ്ഥലത്ത് സാമൂഹ്യവിരുദ്ധ ശല്യം രൂക്ഷമാണെന്നും ആയതിനാൽ സംഘം പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആറ്റിങ്ങൽ മുൻസിപ്പാലിറ്റി ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ തിരുവനന്തപുരം ജില്ലാ വ്യവസായകേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സംഘം പ്രവർത്തിപ്പിക്കുന്നതിനുള്ള തുടർനടപടികളുടെ ഭാഗമായി സംഘം ഭരണസമിതിയോട് കൈത്തറി ഡയറക്ടർ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ സംഘം ഭാരവാഹികളുമായി ചർച്ചനടത്തി നിലവിലുള്ള പദ്ധതികൾ പ്രകാരം സംഘം പുനരുദ്ധരിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

## റോഡിന് ബാലരാമപുരം സ്പിന്നിംഗ് മില്ലിന്റെ സ്ഥലം

**206 (597)** <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജകമണ്ഡലത്തിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന സ്പിന്നിംഗ് മില്ലിന്റെ വലതുവശത്തുകൂടി കടന്നുപോകുന്ന ഐത്തിയൂർ ഭഗവതിനട റോഡ് ഗതാഗത യോഗ്യമല്ലാത്തതിനാൽ സ്പിന്നിങ് മില്ലിന്റെ മതിൽ പൊളിച്ച് ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

കമ്പനിയുടെ മതിൽ മാറ്റിസ്ഥാപിക്കുന്നതിന് നാളിതുവരെ യാതൊരുവിധ തീരുമാനങ്ങളും ഉണ്ടായിട്ടില്ല. പ്രസ്തുതഭാഗത്തെ റോഡ് നിലവിൽ വലിയ വാഹനങ്ങൾ പോകുന്നതരത്തിൽ ഗതാഗതയോഗ്യമാണ്. ഉദ്ദേശം 300 മീറ്റർ നീളത്തിൽ 15 അടി ഉയരത്തിലുള്ള ഈ ഭാഗത്തെ കരിങ്കൽ മതിൽ പൊളിച്ചുമാറ്റിയാൽ കമ്പനിയുടെ കോമ്പൗണ്ടിനുള്ളിൽ കൂടി കമ്പനിയുടെ ലോഡിംഗ് സ്ഥലത്തേയ്ക്കുള്ള ട്രെയ്‌ലർ ലോറികളുടെ ഗതാഗതം പൂർണ്ണമായും തടസ്സപ്പെടുന്നതിനൊപ്പംതന്നെ കമ്പനിയുടെ സുരക്ഷയ്ക്കും ഭീഷണിയാണ്.

(ബി) ഇത് സംബന്ധിച്ച് പ്രദേശവാസികൾ 2017 മുതൽ 2021 വരെ സമർപ്പിച്ച നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ച് നിവേദനങ്ങളൊന്നുംതന്നെ പ്രസ്തുത കാലയളവിൽ പ്രദേശവാസികളിൽനിന്നും കമ്പനിക്കോ വ്യവസായവകുപ്പിനോ ലഭ്യമായിട്ടില്ല.

**കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ബാധ്യത**

**207 (598)** ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ബാധ്യത തീർത്ത് സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; &

(ഡി) കുന്നത്തറ ടെക്സ്റ്റെയിൽസിന്റെ ഭൂമി സർക്കാരിന്റെ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ആലോചിക്കുന്നുണ്ടോ?

(എ&ഡി) കുന്നത്തറ ടെക്സ്റ്റൈൽസ് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിനാൽ ലിക്വിഡേഷനിലാണ്. പ്രസ്തുത സ്ഥാപനത്തിന്റെ ആസ്തികൾ ഏറ്റെടുത്ത് വിൽക്കുന്നതിന് ഒഫിഷ്യൽ ലിക്വിഡേറ്ററെ ബഹുമാനപ്പെട്ട

ഹൈക്കോടതി ചുമതലപ്പെടുത്തിയിട്ടുള്ളതും ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. കമ്പനിയുടെ സമാപ്തീകരണ നടപടികളുമായി മുന്നോട്ടുപോകുന്നതിനാണ് സർക്കാർ തീരുമാനമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിച്ചിട്ടുള്ളതാണ്. കമ്പനിയുമായി ബന്ധപ്പെട്ട് കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാൽ കോടതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ബി) പ്രസ്തുത കമ്പനിയുടെ നിലവിലെ കടബാധ്യത എത്രയാണ്; ബാധ്യത ഇനം തിരിച്ച് ലഭ്യമാക്കാമോ?

സ്ഥാപനത്തിന്റെ ഒഫിഷ്യൽ ലിക്വിഡേറ്റർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട് പ്രകാരം സ്ഥാപനത്തിന്റെ ബാധ്യതകൾ സംബന്ധിച്ചവിവരം ചുവടെചേർക്കുന്നു.

| | |
|---|---|
| Workment Creditors | 7,10,81,891.50 രൂപ |
| Workment (Badalies) | 96,381 രൂപ |
| Preferential Creditors | 17,23,324 രൂപ |
| Unsecured Creditors | 3,77,02,715 രൂപ |
| ആകെ | 11,06,04,311.50 രൂപ |

(സി) കുന്നത്തറ ടെക്സ്റ്റൈയിൽസിന്റെ ഭൂമിയുൾപ്പെടെയുള്ള ആസ്തികളുടെ വില നിർണ്ണയിച്ചിട്ടുണ്ടോ; എങ്കിൽ ഓരോന്നിന്റെയും വില എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ?

വില നിർണയിച്ചിട്ടില്ല.

## ടെക്സ്റ്റൈൽ മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി

**208 (599)** ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെത്തുടർന്ന് അടച്ചുപൂട്ടിയ എൻ.ടി.സി.യുടെ കീഴിലുള്ള അളഗപ്പ ടെക്സ്റ്റൈയിൽസ് മിൽ തുറന്നുപ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിയന്തര ഇടപെടലുകൾ നടത്തുമോ?

കോവിഡ് പശ്ചാത്തലത്തിൽ, സംസ്ഥാനത്തെ അടച്ചുപൂട്ടിയ എൻ.ടി.സി. മില്ലുകൾ തുറന്നുപ്രവർത്തിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന വ്യവസായ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രിയ്ക്ക് 09-08-2021-ൽ കത്തയയ്ക്കുകയും, കൈത്തറിമേഖലയിലെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട ആവശ്യങ്ങളും സാഹചര്യവും വ്യക്തമാക്കി 17-11-2021-ൽ മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു. ഈ വിഷയത്തിൽ

കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തിൽനിന്ന് 12-01-2022-ൽ മറുപടി ലഭിയ്ക്കുകയും 2022 മുതൽ സംസ്ഥാനത്തെ ചില എൻ.ടി.സി മില്ലുകളുടെ പ്രവർത്തനവും ഉത്പാദനപ്രവർത്തനവും പുനരാരംഭിച്ചിട്ടുണ്ടെന്ന് കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) എൻ.ടി.സി. ഏറ്റെടുത്തെങ്കിലും പ്രവർത്തനം നിലച്ച സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകൾ പ്രവർത്തിപ്പിക്കുന്നതിനോ ആയതിന് എൻ.ടി.സി. തയ്യാറായില്ലെങ്കിൽ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷനുകീഴിൽ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്നതും കോവിഡിനെത്തുടർന്ന് പ്രവർത്തനം നിലച്ചതുമായ മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രിക്ക് മെമ്മോറാണ്ടം സമർപ്പിക്കുകയും, 2022 മുതൽ സംസ്ഥാനത്തെ എൻ.ടി.സി. മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രി മറുപടി നൽകുകയും ചെയ്തു.

**ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ ഭൂമിയുടെ വിനിയോഗം**

**209 (600)** ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന് കീഴിൽ കാസർഗോഡ് മൈലാട്ടിയിൽ എത്ര ഏക്കർ സ്ഥലമാണുള്ളത്; ഇതിൽ എത്ര ഏക്കർ സ്ഥലത്താണ് ഉദുമ ടെക്സ്റ്റൈൽസ് മിൽ പ്രവർത്തിക്കുന്നത്?

ഹോസ്ദുർഗ്ഗ് താലൂക്കിലെ ബാര വില്ലേജിൽ റീ.സ നം.303/1, 304/1, 311/4, 312/3 എന്നീ സർവ്വേ നമ്പരുകളിലായി ആകെ 23.24 ഏക്കർ ഭൂമി കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കൈവശമുണ്ട്. ഇതിൽ 8 ഏക്കറോളം ഭൂമിയിലാണ് ടെക്സ്റ്റൈൽ മിൽ പ്രവർത്തിക്കുന്നത്.

(ബി) ബാക്കിവരുന്ന ഭൂരിഭാഗം സ്ഥലവും ഉപയോഗമില്ലാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുതസ്ഥലത്ത് പുതിയ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ; &

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മില്ലിലെ തൊഴിലാളികളുടെ ക്വാർട്ടേഴ്സ്, ഫാക്ടറി ഔട്ട് ലെറ്റുകൾ, ഗോഡൗണുകൾ, സെന്റർ ഫോർ അപ്ലൈഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് യൂണിറ്റ് തുടങ്ങിയവ സ്ഥാപിച്ച്

മില്ലിന്റെ ഭാവിവികസനം നടപ്പിലാക്കുന്നതിന് പ്രസ്തുത സ്ഥലം അനിവാര്യമായതിനാൽ പ്രസ്തുത സ്ഥലത്ത് മറ്റ് പദ്ധതികൾ നടപ്പിലാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**അമരവിള ചൂട്ടുകൽ വ്യവസായ സഹകരണ സംഘത്തിന്റെ**

**പുനരുദ്ധാരണം**

**210 (601)** ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ബോർഡിനുകീഴിൽ പ്രവർത്തിക്കുന്ന നെയ്യാറ്റിൻകര അമരവിള ചൂട്ടുകൽ വ്യവസായ സഹകരണ സംഘത്തിന് വ്യവസായ (കെ) വകുപ്പ് 6-11-2021-ലെ ജി.ഒ.(ആർടി) നം. 1219/2021 പ്രകാരം പുനരുദ്ധാരണഗ്രാന്റായി എത്ര തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; &

(ബി) അനുവദിച്ച തുക സംഘത്തിന് എപ്പോൾ കൈമാറുമെന്ന് വിശദമാക്കാമോ; പ്രസ്തുത തുക ലഭിക്കുന്നതിന് സംഘം എന്തൊക്കെ നടപടികൾ ആണ് പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കുമോ?

(എ&ബി) ഖാദിബോർഡിനുകീഴിൽ പ്രവർത്തിക്കുന്ന നെയ്യാറ്റിൻകര അമരവിള ചൂട്ടുകൽ വ്യവസായ സഹകരണ സംഘത്തിന് ഖാദി ബോർഡ്

സെക്രട്ടറി നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിൽ 50 ലക്ഷം രൂപ "പുനരുദ്ധാരണ ഗ്രാന്റ്" എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 2021-22 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ തുക വകയിരുത്തിയിരുന്നില്ല.

**പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നിലവിലെ സ്ഥിതി**

**211 (602)** ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനുകീഴിൽ കേരള ഖാദിബോർഡിന്റെ നിയന്ത്രണത്തിൽ പെരുങ്കടവിള പഞ്ചായത്തിൽ മാരായമുട്ടത്ത് പ്രവർത്തിച്ചിരുന്നതും നിലവിൽ പ്രവർത്തനരഹിതവുമായ പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ സി.ഐ.എൻ.ഡി(ടി)1 എന്ന സഹകരണ സംഘത്തിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് അറിയിക്കുമോ?

പെരുങ്കടവിള NES ബ്ലോക്ക് ഓയിൽ ക്രഷിംഗ് സഹകരണസംഘം നിലവിൽ പ്രവർത്തനരഹിതമാണ്.

(ബി) ആകെ എത്ര സെന്റ് സ്ഥലമാണ് പ്രസ്തുത സംഘത്തിനുള്ളത്; നിലവിൽ ഇതിന്റെ ഉടമസ്ഥതയാർക്കാണ്; പ്രസ്തുത സ്ഥലത്തിന്റെ പേരിൽ ബാധ്യതകളുണ്ടോ; എങ്കിൽ എന്ത് തുകയാണ് ബാധ്യത; ബാധ്യതകളുടെ വിശദാംശം ലഭ്യമാക്കാമോ?

സംഘത്തിന് 9.00 ആർ സ്ഥലം ഉണ്ട്. പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പേരിലാണ് വസ്തു. ഭരണസമിതിക്കാണ് ടി വസ്തുവിന്റെ ഉടമസ്ഥാവകാശം. എന്നാൽ നിലവിൽ തെരഞ്ഞെടുത്ത ഭരണസമിതി ഇല്ല. സംഘത്തിന് ബാധ്യതയുണ്ട്.

| | |
|---|---|
| ബാധ്യത തുക (07.10.2021 വരെ) | 10,46,975/- |
| Principal | 1,63,384/- |
| Interest | 3,42,459/- |
| Penal Interest | 4,96,364/- |
| Stationery | 1,000/- |
| Collection charge | 50,160/- |
| **Total** | **10,53,367/-** |

(സി) നിലവിൽ പ്രവർത്തനരഹിതമായ ഈ സംഘത്തിന്റെ പേരിലുള്ള ബാധ്യതകൾ പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഒടുക്കിയാൽ സംഘത്തിന്റെ പേരിൽ റീസർവ്വെ 645/2-ൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലം മാരായമുട്ടം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി കൈമാറുന്നതിന്

നടപടി സ്വീകരിക്കാമോ; ഇതിന് എന്തെങ്കിലും നിയമതടസ്സങ്ങളുണ്ടോ എന്ന് വിശദമാക്കുമോ?

ഖാദിബോർഡിന് വായ്പ കുടിശ്ശികയിനത്തിൽ സംഘത്തിൽനിന്നും ലഭിക്കേണ്ട മുഴുവൻ തുകയും പഞ്ചായത്ത് ഒടുക്കുന്നമുറയ്ക്കും സംഘത്തിന്റെ വസ്തു പഞ്ചായത്തിന് കൈമാറുന്നതിനുള്ള അനുവാദം സർക്കാർ നൽകുന്ന മുറയ്ക്കും മാരായമുട്ടം പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ടി സ്ഥലം പെരുങ്കടവിള ഗ്രാമപഞ്ചായത്തിന് നൽകുന്നതിനുള്ള നടപടികൾ ഖാദിബോർഡ് സ്വീകരിക്കുന്നതാണ്. പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുമ്പോൾ ഒരു ഖാദി കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള സൗകര്യം ചെയ്തുതരാമെന്ന് പഞ്ചായത്ത് രേഖാമൂലം അറിയിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത സ്ഥലം മേൽ ആവശ്യത്തിനായി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വക സ്ഥലം ഈട് നൽകികൊണ്ട് ഖാദി ബോർഡിൽനിന്നും വായ്പയെടുക്കുകയും കുടിശ്ശികയാക്കുകയും ചെയ്തതിനാലും സംഘത്തിന്റെ ഭരണസമിതി നിലവിലില്ലാത്തിനാലും ടി സ്ഥലം കൈമാറ്റം ചെയ്യുന്നതിന് സാധിക്കാതെ വന്നിട്ടുള്ളതാണ്. അതിനാൽ രജിസ്ട്രാറുടെ ഉത്തരവിൻപ്രകാരം

അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയും പൊതുയോഗം വിളിക്കുകയും ചെയ്തിരുന്നു. എന്നാൽ പൊതുയോഗത്തിൽ ഒരംഗവും പങ്കെടുക്കാത്തതിനാൽ സംഘം വക വസ്തുവകകൾ അഡ്മിനിസ്ട്രേറ്റർ ഏറ്റെടുത്ത് രജിസ്ട്രാറുടെ അംഗീകാരത്തോടെ സർക്കാരിന്റെ അനുവാദം വാങ്ങി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പഞ്ചായത്ത് വായ്പാ കുടിശ്ശിക പൂർണ്ണമായും ഖാദി ബോർഡിൽ ഒടുക്കുന്ന മുറയ്ക്കും വസ്തു കൈമാറ്റം നടത്തുന്നത് സംബന്ധിച്ച് സർക്കാർ അനുവാദം നൽകുന്നമുറയ്ക്കും പഞ്ചായത്തിന് കൈമാറ്റം ചെയ്യാവുന്നതാണ്.

(ഇ) പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ട് പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ കമ്മിറ്റി തീരുമാനം ഉള്ളടക്കം ചെയ്ത് നൽകിയിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തൊക്കെയാണ്; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

പെരുങ്കടവിള ഓയിൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി വക സ്ഥലം മാരായമുട്ടം പോലീസ് സ്റ്റേഷന് നൽകാൻ 21-04-2016-ലെ ഖാദി ബോർഡ് യോഗം തീരുമാനിച്ചു. ബോർഡിന് കിട്ടാനുള്ള കുടിശ്ശിക അടച്ച് തുടർനടപടി സ്വീകരിക്കാൻ പെരുങ്കടവിള ഗ്രാമപഞ്ചായത്തിന് നിർദ്ദേശം

നൽകിയിരുന്നു. ടി നിർദ്ദേശം പാലിച്ച് പെരുങ്കടവിള ഗ്രാമപഞ്ചായത്തിന്റെ 09-06-2017-ലെ യോഗത്തിൽ 14(6) നമ്പർ തീരുമാനമായി. ഈ വസ്തു ഏറ്റെടുക്കാനും ഖാദി ബോർഡ് ആവശ്യപ്പെട്ടതിൻ പ്രകാരം പഞ്ചായത്ത് ചെലവിൽ ടി സ്ഥലത്ത് ഒരു ഖാദി ഉൽപ്പാദനകേന്ദ്രം കൂടി നിർമ്മിച്ചു നൽകാനും തീരുമാനിച്ചതായി ഖാദിബോർഡിനെ പഞ്ചായത്ത് അറിയിച്ചിരുന്നുവെങ്കിലും കുടിശ്ശിക അടയ്ക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കുടിശ്ശിക തുക അടയ്ക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 15-01-2022-ൽ ടി.പി. 564/ 2015/സഹകരണം നമ്പർ പ്രകാരം പഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ട്. ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി സർക്കാരിൽ നിന്നുള്ള അനുമതി ഖാദി ബോർഡിന് ആവശ്യമായതിനാൽ 01-10-2021, 06-12-2021 എന്നീ തീയതികളിലെ കെ.ബി.5825/15/സഹ നമ്പർ കത്ത് പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിക്കുകയും, ആയത് സർക്കാർ പരിശോധിച്ചുവരികയും ചെയ്യുന്നു.

**തേൻ സംസ്കരണ യൂണിറ്റിന്റെ നവീകരണം**

**212 (603)** ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം പഞ്ചായത്തിൽ ഖാദി ഗ്രാമവ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന തേൻ സംസ്കരണ യൂണിറ്റിൽ നിലവിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ?

ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം പഞ്ചായത്തിൽ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന തേൻ സംസ്കരണ യൂണിറ്റിൽ നിലവിൽ 4 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.

(ബി) തേൻ സംസ്കരണ യൂണിറ്റിലെ ജീവനക്കാർക്ക് ഏത് വ്യവസ്ഥയിലാണ് വേതനം ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ; നിലവിൽ അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വേതനനിരക്കിനെക്കുറിച്ച് വിശദമാക്കാമോ?

250/- രൂപ നിരക്കിൽ ദിവസവേതനമായി നൽകിവരുന്നു.

(സി) തേൻ സംസ്കരണ യൂണിറ്റിന്റെ നവീകരണത്തിനായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

2020-2-ൽ പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് വിനിയോഗിച്ച് തേൻ സംസ്കരണ കേന്ദ്രത്തിന്റെ ആധുനികവൽക്കരണം പൂർത്തിയാക്കിയിട്ടുണ്ട്.

## കൈത്തറി ഉല്പാദനം

**213 (604)** ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ പരമ്പരാഗത വസ്ത്രങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ കൈത്തറി വികസന വകുപ്പ് നടപ്പാക്കുന്നുണ്ടോ; വിശദമാക്കാമോ?

കൈത്തറി വസ്ത്രനിർമ്മാണ രംഗത്ത് പരമ്പരാഗത വസ്ത്രങ്ങൾക്ക് മാത്രമായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ല. എന്നാൽ കൈത്തറി വ്യവസായ രംഗത്ത് മാത്രമായി താഴെപ്പറയുന്ന വിവിധ പദ്ധതികൾ കൈത്തറി ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്.

1. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി

2. പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാർ ഓഹരി പങ്കാളിത്തം

3. ഹാന്റക്സ്, ഹാൻവീവ് എന്നിവയിലെ സർക്കാർ ഓഹരി പങ്കാളിത്തം

4. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി.

5. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.

6. കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ പദ്ധതി

7. യുവവീവ് പദ്ധതി

8. നെയ്ത്തുകാർക്കും മറ്റ് അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി.

9. കൈത്തറി ഗ്രാമം, സമഗ്ര കൈത്തറി ഗ്രാമം എന്നിവ സ്ഥാപിക്കൽ.

10. അംശദാന സമ്പാദ്യ പദ്ധതി.

11. കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മഗാന്ധി ബങ്കാർ ബീമാ യോജന)

12. വിപണന - കയറ്റുമതി പ്രോത്സാഹനം.

13. കൈത്തറി സംഘങ്ങളുടെ ആധുനികവത്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും.

14. പരിശീലനം, വൈദഗ്ദ്ധ്യം, ശേഷി വികസന പരിപാടി.

15. നാട്ടുകാണി ടെക്സ്റ്റൈൽ പ്രോസസ്സിംഗ് സെന്റർ സ്ഥാപനം.

16. കാഞ്ഞിരോട് കൈത്തറി ഗ്രാമം /ഹാന്റ്ലൂം വില്ലേജ്.

**ഖാദി, കൈത്തറി ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനം**

**214 (605)** ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ഖാദി, കൈത്തറി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് ഓൺലൈൻ വിപണനം അടക്കമുള്ള നൂതന വിപണന മാർഗ്ഗങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽ ഖാദി ഉൽപന്നങ്ങൾ വിൽക്കുന്നതിന് ഓൺലൈൻ വിപണനം നിലവിലില്ല. ആയത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൈത്തറി ഉൽപന്നങ്ങൾ Hantex, നിലവിൽ ആമസോൺ വഴി വിപണനം നടത്തി വരുന്നു. എന്നാൽ കൈത്തറി ഉൽപ്പന്നങ്ങളുടെ Online വിപണനത്തിനായി സമഗ്രമായ ഒരു e-commerce portal നിലവിലില്ല. കൈത്തറി ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ള പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ഒരു ഡിജിറ്റൽ മാർക്കറ്റിംഗ് സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം ത്വരിതപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ e.shipmart.gov.in, Gem

Portal എന്നിവയിൽ രജിസ്റ്റർ ചെയ്യുന്നതിനായി സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്ട്രേഷൻ പുരോഗമിച്ചുവരുന്നു.

**ആഭ്യന്തര കയർ ഉത്പാദനം**

**215 (606)** <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കയർ വ്യവസായത്തിന് ആവശ്യമായ ചകിരി സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കുന്നുണ്ടോ?

ഇല്ല. കേരളത്തിലെ കയർ വ്യവസായത്തിനാവശ്യമായ ചകിരിയുടെ 48 ശതമാനം മാത്രമാണ് കേരളത്തിലെ ഡി.എഫ് മില്ലുകളിൽ ഉല്പാദിപ്പിക്കുന്നത്.

(ബി) ഇല്ലെങ്കിൽ ആവശ്യമായ ചകിരി എത്രയാണെന്നും അത് ഇവിടെ തന്നെ ഉല്പാദിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ?

2021-22 സാമ്പത്തിക വർഷം 3 ലക്ഷം ക്വിന്റൽ കയർ ഉല്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി 36000 ടൺ ചകിരി ആവശ്യമാണ്. രണ്ടാം കയർ പുനസംഘടനയുടെ ഭാഗമായി എണ്ണായിരം മുതൽ ഒരു ലക്ഷം തൊണ്ട് വരെ ചകിരിയാക്കാൻ കഴിയുന്ന 128 ഡി.എഫ് മില്ലുകൾ

സ്ഥാപിക്കുക വഴി ചകിരി ഉല്പാദന ശേഷി 29000 ടണ്ണായി ഉയർന്നിട്ടുണ്ട്. കൂടാതെ സ്വകാര്യ മേഖലയിലും ചകിരി ഉല്പാദനം നടക്കുന്നുണ്ട്.

**കയർ മേഖലയുടെ പുനരുദ്ധാരണം**

**216 (607)** <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ പുനരുദ്ധാരണത്തിനും തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും മേഖലയിൽ കൂടുതൽ വൈവിധ്യവൽക്കരണം നടപ്പാക്കുന്നതിനും സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കയർ മേഖലയുടെ പുനരുദ്ധാരണത്തിനും തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും മേഖലയിൽ കൂടുതൽ വൈവിധ്യവൽക്കരണം നടപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. ഒരു ലക്ഷം തൊണ്ടുവരെ ചകിരിയാക്കി മാറ്റാൻ കഴിയുന്ന 128 ഡി.എഫ് മില്ലുകൾ സ്ഥാപിക്കുക വഴി ചകിരി ഉല്പാദന ശേഷി 29,000 ടണ്ണായി ഉയർത്തിയിട്ടുണ്ട്.

2. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 23,000 ഇലക്ട്രോണിക് റാട്ടുകൾ വിതരണം നടത്തിയിട്ടുണ്ട്.

3. 100 കയർ സഹകരണ സംഘങ്ങളിലായി 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്.

4. ഉൽപ്പന്ന മേഖലയിലെ കയർ സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിനായി ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

5. ഉല്പാദിപ്പിച്ച കയറിന് വിപണി കണ്ടെത്തുന്നതിനായി എം.എൻ.ആർ.ഇ.ജി.എസ് - മായി ചേർന്ന് കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

6. സംഘങ്ങൾക്കാവശ്യമായ ചകിരി ലഭ്യമാക്കുന്നതിന് കയർഫെഡ് ഇ-ടെൻഡർ വഴി പ്രൈസ് ഡിസ്കവറി സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്.

7. കയറിന്റെയും കയർ ഉത്പന്നങ്ങളുടേയും ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിനായി കയർ കേരള എന്ന പേരിൽ അന്തർദേശീയ പ്രദർശനമേള 2017 മുതൽ നടത്തിവരുന്നുണ്ട്.

8. ഇൻകം സപ്പോർട്ട് സ്കീം നടപ്പാക്കുക വഴി തൊഴിലാളികളെ കയർ മേഖലയിൽ നിലനിർത്താനും, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ

സ്ഥാപിച്ചിട്ടുള്ള സംഘങ്ങളിൽ ദിവസവേതനം 500/- രൂപയായി ഉയർത്താനും സാധിച്ചിട്ടുണ്ട്.

(ബി) കയർ ഉത്പന്നങ്ങൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

കയർ ഉത്പന്നങ്ങൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കുന്നതിനായി കേരള സംസ്ഥാന കയർ കോർപ്പറേഷൻ വഴി ക്രയവില സ്ഥിരതാ പദ്ധതി (പി.പി.എസ്.എസ്) നടപ്പാക്കിയിട്ടുണ്ട്. ചെറുകിട ഉല്പാദക സംഘങ്ങളിൽനിന്നും കയർ കോർപ്പറേഷൻ സംഭരിക്കുന്ന ഉല്പന്നങ്ങൾ കയറ്റുമതികാർക്ക് വിറ്റഴിക്കുന്നതിന് 16% ഡിസ്കൗണ്ടും നൽകിവരുന്നുണ്ട്. കൂടാതെ കയറിന് വിപണി കണ്ടെത്തുന്നതിനായി എം.എൻ.ആർ.ഇ.ജി.എസ്-മായി ചേർന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾക്കും, റോഡ് നിർമ്മാണത്തിനും കയർഭ്രവസ്ത്രം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

### കയർ ഉല്പന്നങ്ങളുടെ കയറ്റുമതി

**217 (608)** <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുന്ന പ്രധാനപ്പെട്ട കയർ ഉല്പന്നങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ചകിരിനാര്, കയർ യാൺ, ഹാൻഡ് ലൂം മാറ്റ്, പവർലൂം മാറ്റ്, ടഫ്റ്റഡ് മാറ്റ്, ഹാൻഡ് ലൂം മാറ്റിംഗ്, പവർലൂം മാറ്റിംഗ്, കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ ചവിട്ടിമെത്ത പരവതാനികൾ, കയർ, പിരികയർ, റബ്ബറൈസ്ഡ് കയർ, കയർ പിത്ത്, സ്ക്രബറുകൾ, കയർ ഫെൻഡറുകൾ, കയർ ഫാൻസി ഐറ്റംസ് എന്നിവയാണ് ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുന്ന പ്രധാനപ്പെട്ട കയർ ഉല്പന്നങ്ങൾ.

(ബി) ഇതിൽ ഓരോന്നിലും കേരളത്തിന്റെ പങ്ക് വ്യക്തമാക്കാമോ?

കേരളത്തിൽ നിന്നും പരമ്പരാഗത ഉൽപ്പന്നങ്ങളായ ബിസി1 കയർ മാറ്റുകൾ, ബിസി20 കയർ മാറ്റുകൾ, പനാമ മാറ്റുകൾ എന്നിവ ആലപ്പുഴ, ചേർത്തല താലൂക്കുകളിലെ പ്രാഥമിക കയർ സഹകരണ സംഘങ്ങളിൽ ഉൾപ്പാദിപ്പിക്കുന്നത് ശേഖരിച്ചും, പിവിസി ടഫ്റ്റഡ് കയർ മാറ്റുകൾ, റബ്ബറൈസ്ഡ് മാറ്റുകൾ എന്നിവ നേരിട്ട് ഉത്പാദിപ്പിച്ചും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ കയറ്റുമതി ചെയ്യുന്നു. കയർ ഫെഡും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും നിലവിൽ കയർ ഭൂവസ്ത്രം കയറ്റുമതി ചെയ്തു വരുന്നുണ്ട്. 2021-2022 വർഷത്തിൽ 3,37,37,112/- രൂപയുടെ റബ്ബർ മാറ്റുകളും

32,05,196/- രൂപയുടെ പനാമ മാറ്റുകളും 7,93,45,107/- രൂപയുടെ പി.വി.സി. ടഫ്റ്റഡ് മാറ്റുകളും കയർ കോർപ്പറേഷൻ കയറ്റുമതി ചെയ്തിട്ടുണ്ട്.

(സി) കയർ ജിയോ ടെക്സ്റ്റൈൽ, കയർ പിത്ത് തുടങ്ങിയ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് കയർഫെഡും കേരള കയർ വികസന കോർപ്പറേഷനും സ്വീകരിച്ച നടപടിയും കൈവരിച്ച നേട്ടവും വിശദീകരിക്കാമോ?

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ നിലവിൽ കയർ ജിയോ ടെക്സ്റ്റയിൽസ് കയറ്റുമതി ചെയ്യുന്നുണ്ട്. കയർ പിത്ത് കയറ്റുമതി ചെയ്യുന്നില്ല. കയർ ജിയോ ടെക്സ്റ്റയിൽസ് കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും കയർ പിത്ത് കയറ്റുമതി ചെയ്യുന്നതിനുമായി വിവിധ അന്താരാഷ്ട്ര എക്സിബിഷനുകളിൽ നേരിട്ടും ഓൺലൈനിലുമായി പങ്കെടുത്ത് കയറ്റുമതി ഓർഡർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2019-2020 വർഷത്തിൽ 8,97,310/- രൂപയുടെയും 2020-2021 വർഷത്തിൽ 51,27,037/- രൂപയുടെയും 2021-2022 സാമ്പത്തിക വർഷത്തിൽ ഇതുവരെ 15,43,449/- രൂപയുടെയും കയർ ജിയോ-ടെക്സ്റ്റയിൽസ് കയറ്റുമതി ചെയ്തിട്ടുണ്ട്. കയർ ഫെഡ് നിലവിൽ കയർ പിത്ത് കയറ്റുമതി ചെയ്യുന്നില്ല.

2019-2020 വർഷം 25,86,494/- രൂപയുടെയും 2020-2021 വർഷം 55,01,521/- രൂപയുടെയും കയർ ഭൂവസ്ത്രം കയർഫെഡ് കയറ്റുമതി ചെയ്തിട്ടുണ്ട്.

**കശുവണ്ടി ഇറക്കുമതി**

**218 (609)** ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മയില്ലാത്ത തോട്ടണ്ടി വാങ്ങിയതുമൂലം കാപ്പെക്സിന് വൻനഷ്ടം വരുത്തിയ എം.ഡി.യെ തൽസ്ഥാനത്ത് നിന്ന് മാറ്റണമെന്ന ധനകാര്യ പരിശോധന വിഭാഗത്തിന്റെ ശിപാർശ വ്യവസായ വകുപ്പിന് ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ശിപാർശയിന്മേൽ കാപ്പെക്സ് എം.ഡി.-ക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ധനകാര്യ പരിശോധന വിഭാഗത്തിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കാപ്പെക്സ് മാനേജിംഗ് ഡയറക്ടറായ ശ്രീ.ആർ. രാജേഷിനെ 14-02-2022-ലെ സ.ഉ (സാധാ)നം.126/2022/വ്യവ. പ്രകാരം അന്വേഷണ വിധേയമായി തൽസ്ഥാനത്ത് നിന്ന് സസ്പെന്റ് ചെയ്യുകയും

മേൽ പരാമർശ തോട്ടണ്ടി ഇടപാടിന്മേൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് അനുമതിയും നൽകിയിട്ടുണ്ട്.

## കശുവണ്ടി വ്യവസായ പുനരുദ്ധാരണം

**219 (610)** <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി വികസന കോർപ്പറേഷനിലെ തൊഴിലാളികൾക്ക് 89 ദിവസത്തെ തൊഴിൽദിനങ്ങൾ നൽകിയിട്ടുണ്ട്. തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 2017 ൽ രൂപീകരിച്ച കേരളാ കാഷ്യൂ ബോർഡ് മുഖേന കശുവണ്ടി ഉൽപാദക രാജ്യങ്ങളിൽനിന്നും നേരിട്ട് കശുവണ്ടി ഇറക്കുമതി ചെയ്താണ് കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ

പ്രവർത്തിക്കുന്നത്. കാഷ്യൂ ബോർഡ് വഴി കശുവണ്ടി വികസന കോർപ്പറേഷന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 4870 മെട്രിക് ടൺ തോട്ടണ്ടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള Price Fixation Committee ഓരോ കശുവണ്ടി സീസണിലും നിശ്ചയിക്കുന്ന വിലയിൽ കൃഷി വകുപ്പ്, പട്ടിക ജാതി-പട്ടിക വർഗ്ഗ വികസന വകുപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽനിന്നും നാടൻ തോട്ടണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് തുടർച്ചയായി ജോലി ലഭിക്കാനുള്ള സാഹചര്യം ഉറപ്പുവരുത്തിയിട്ടുണ്ട്. കശുവണ്ടി പ്രോസസ്സിംഗിൽ ഏർപ്പെട്ടിരിക്കുന്ന കശുവണ്ടി വികസന കോർപ്പറേഷന്റെ കാര്യക്ഷമമായ നടത്തിപ്പിനായി പ്രോസസ്സിംഗ് വിഭാഗ ത്തിൽ വരുന്ന ഷെല്ലിംഗ്, പീലിംഗ് ഗ്രേഡിംഗ് സെക്ഷനുകളിൽ ഫുൾ കപ്പാസിറ്റി യൂട്ടിലൈസേഷന്റെ ഭാഗമായി പാരിറ്റി സംരക്ഷിക്കത്തക്ക വിധത്തിൽ തൊഴിലാളികളെ എടുത്ത് പരമാവധി ഉൽപാദനക്ഷമത കൈവരിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ ഷെല്ലിംഗ് വിഭാഗത്തിൽ കട്ടിംഗ്

മെഷീനുകൾ കൂടി സ്ഥാപിച്ച് പാർഷ്യൽ മെക്കനൈസേഷനിലൂടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നു. കശുവണ്ടി പരിപ്പിൽ നിന്നും കശുമാങ്ങയിൽനിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം വർദ്ധിപ്പിച്ചും ആഭ്യന്തര വിപണി വിപുലപ്പെടുത്തിയും കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. കശുവണ്ടി വികസന കോർപ്പറേഷന് കീഴിലുള്ള കശുവണ്ടി ഫാക്ടറികളിൽ നിന്ന് വിരമിച്ച 2509 തൊഴിലാളികൾക്ക് 2016 മുതൽ 2021 വരെ ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണം ചെയ്തു. കൂടാതെ ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്ക്കരണത്തിനുമായി 2021-22 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 50 ലക്ഷം രൂപ സർക്കാർ കോർപ്പറേഷന് അനുവദിച്ചു നൽകിയിട്ടുണ്ട്. കാപ്പെക്സിന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളിലെ 704 തൊഴിലാളികൾക്ക് 2016 മുതൽ 2020 വരെ ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണം ചെയ്യുന്നതിന് 9.57 കോടി രൂപ സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം തോട്ടണ്ടി ഇറക്കുമതിയ്ക്കായി പ്രവർത്തന മൂലധനമായി കേരള കാഷ്യൂ ബോർഡ് ലിമിറ്റഡിന് സർക്കാർ 37.3 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന

ശേഷം 8000 മെട്രിക് ടൺ തോട്ടണ്ടി കേരള കാഷ്യൂ ബോർഡ് ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്തിട്ടുണ്ട്. ഇതിൽ 4870 മെട്രിക് ടൺ കശുവണ്ടി വികസന കോർപ്പറേഷനും 2834 മെട്രിക് ടൺ കാപ്പെക്സിനും നൽകിയിട്ടുണ്ട്. കേരളത്തിലെ കശുവണ്ടി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, അസംസ്കൃത വസ്തുവായ കശുവണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 816184 എണ്ണം കശുമാവ് തൈകൾ 3158.47 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനായി സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. സ്വകാര്യ കശുവണ്ടി മേഖലയിൽ 2019-ൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ 'ഒറ്റത്തവണ തീർപ്പാക്കൽ' നടപ്പിലാക്കുന്നതിന് കൃത്യമായ ഫോർമുല രൂപീകരിക്കുന്നതിനും ബാങ്കിന് ശിപാർശ നൽകുന്നതിനുമായി സർക്കാർ പ്രതിനിധി, SLBC കൺവീനർ, വ്യവസായികളുടെ പ്രതിനിധി എന്നിവർ ഉൾപ്പെട്ട 'മൂന്നംഗ കമ്മിറ്റി' സർക്കാർ രൂപീകരിച്ചിരുന്നു. കശുവണ്ടി വ്യവസായികളും ബാങ്ക് പ്രതിനിധികളും തമ്മിൽ OTS സംബന്ധിച്ച് സമവായത്തിലെത്തുന്നതിനായി 30-12-2021-ൽ ബഹുമാനപ്പെട്ട

വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൂന്നംഗ കമ്മിറ്റി യോഗം ചേരുകയും OTS സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മീറ്റിംഗ് കൈക്കൊണ്ട സുപ്രധാനതീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. 31.01.2019 വരെ NPA ആയ അക്കൗണ്ടുകൾക്ക് പകരം 31.03.2020 വരെ NPA ആയ അക്കൗണ്ടുകൾ ഈ പാക്കേജിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതാണ്.

2. 2 കോടി വരെയുള്ള അക്കൗണ്ടുകൾക്ക് OTS തുകയുടെ 50% അംഗീകരിച്ച് OTS അനുവദിക്കുന്നതാണ്. 2 കോടി രൂപയ്ക്ക് മുകളിൽ 10 കോടി വരെയുള്ള NPA അക്കൗണ്ടുകൾക്ക് OTS തുകയുടെ 60% അംഗീകരിച്ച് OTS അനുവദിക്കുന്നതാണ്.

3. OTS സ്വീകരിക്കുന്ന അക്കൗണ്ട് ഹോൾഡർ ബാങ്കുമായി 2 മാസത്തിനകം കരാറിൽ ഏർപ്പെട്ട് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

4. OTS സ്വീകരിച്ച് ബാധ്യത ഒഴിവാക്കുന്നതിന് OTS സ്വീകരിക്കുന്ന തീയതി മുതൽ പരമാവധി 1 വർഷം വരെ സമയം അനുവദിക്കുന്നതാണ്.

5. OTS സ്വീകരിക്കുന്നവർ OTS തുകയുടെ 10% Initial Payment ആയി ബാങ്കുകളിൽ ഒടുക്കുന്നതിന് OTS സ്വീകരിക്കുന്ന തീയതി മുതൽ 2 മാസത്തെ സമയം അനുവദിക്കുന്നതാണ്.

കശുവണ്ടി വ്യവസായ മേഖലയിലെ നിലവിലെ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും മനസ്സിലാക്കുന്നതിനും വിലയിരുത്തുന്നതിനും ഭാവിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി 18-01-2022-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും കശുവണ്ടി വ്യവസായികളുമായും തൊഴിലാളി സംഘടനാ നേതാക്കളുമായും കശുവണ്ടി വികസന കോർപ്പറേഷൻ/കാപ്പെക്സ്/കാഷ്യൂബോർഡ്/ കശുമാവ് കൃഷി വികസന ഏജൻസി എന്നിവയിലെ ഉന്നതാധികാരികളുമായും യോഗങ്ങൾ നടത്തി. പ്രസ്തുത മീറ്റിംഗുകളിൽ കശുവണ്ടി മേഖലയെ പുനരുദ്ധരിക്കുന്നതിന് സാധ്യമായ എല്ലാ സഹായ സഹകരണങ്ങളും സർക്കാർ ഉറപ്പ് നൽകുകയും കശുവണ്ടി വ്യവസായ മേഖലയിൽ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പ്രവർത്തനങ്ങളിൽ

പ്രൊഫഷണൽ സമീപനം കൊണ്ടുവരുന്നതിനും തീരുമാനമെടുത്തു. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രമുഖമായ കശുവണ്ടി വ്യവസായം പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് പ്രത്യേകിച്ചും സമൂഹത്തിലെ സാമൂഹികവും സാമ്പത്തികമായും താഴെക്കിടയിലുള്ള സ്ത്രീ തൊഴിലാളികൾക്ക് നേരിട്ട് തൊഴിൽ നൽകുന്ന മേഖലയായതിനാൽ സർക്കാർ ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സജീവമായ ഇടപെടൽ നടത്തിയിട്ടുണ്ട്. അത് തുടരുന്നതുമാണ്.

## കുറ്റ്യാടി ടൗണിലെ വൈദ്യുതി തടസ്സം പരിഹരിക്കാൻ നടപടി

**220 (611)** ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി ടൗണിൽ ഇടയ്ക്കിടെ വൈദ്യുതി തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുറ്റ്യാടി ടൗണിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനായി കുറ്റ്യാടി ടൗണിലേയ്ക്ക് മാത്രമായി പുതിയ ഒരു 11 കെ.വി ലൈൻ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തി നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## വൈദ്യുതി ചാർജ്ജ് വർദ്ധന

**221 (612)** ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാർഹിക, വ്യവസായങ്ങൾക്കുൾപ്പെടെയുള്ള വൈദ്യുതി ചാർജ്ജ് അവസാനമായി വർദ്ധിപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ, ഗാർഹിക, വ്യവസായ ഉപഭോക്താക്കളുടെ വൈദ്യുതി താരിഫ് അവസാനമായി വർദ്ധിപ്പിച്ചത് 08-07-2019-ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് ഉത്തരവു പ്രകാരമാണ്. ഇതിന് 08-07-2019 മുതൽ പ്രാബല്യമുണ്ടായിരുന്നു.

(ബി) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ശിപാർശ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വർദ്ധന വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

കെ.എസ്.ഇ.ബി ലിമിറ്റഡ്, 10-02-2022-ൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ, താരിഫ് പരിഷ്കരണത്തിനുള്ള ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. നിരക്ക് വർദ്ധനവിന്റെ കാര്യത്തിൽ ഉപഭോക്താക്കളുടെയും, പൊതുജനങ്ങളുടെയും, അഭ്യുദയകാംക്ഷികളുടെയും അഭിപ്രായം

തേടിയതിനുശേഷം മാത്രമേ (സംസ്ഥാനത്തിന്റെ 4 കേന്ദ്രങ്ങളിൽ വച്ച് പൊതുതെളിവെടുപ്പ് ഉൾപ്പെടെ) വർദ്ധനവിന്റെ കാര്യത്തിൽ റെഗുലേറ്ററി കമ്മീഷൻ അന്തിമ തീരുമാനമെടുക്കുകയുള്ളൂ.

(സി) എങ്കിൽ യൂണിറ്റിന് എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021 പ്രകാരം 2022-23 മുതൽ 2026-27 വരെയുള്ള (5 വർഷത്തേയ്ക്ക്) താരിഫ് പെറ്റീഷൻ കമ്മീഷൻ മുമ്പാകെ സമർപ്പിക്കേണ്ടതായിട്ടുണ്ട്. അതിൻ പ്രകാരം, 2022-23 ൽ യൂണിറ്റൊന്നിന് ശരാശരി 90 പൈസ വർദ്ധനവ് വരുത്തുന്നതിനും 2023-24 ൽ 30 പൈസയും, 2024-25 ൽ 14 പൈസയും 2025-26 ൽ 17 പൈസയും, 2026-27 ൽ 8 പൈസയും വർദ്ധനവ് വരുത്തുന്നതിനുമുള്ള ശിപാർശകളാണ് സമർപ്പിച്ചിട്ടുള്ളത്.

**കുന്നത്തുനാട് മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പ്രവൃത്തികൾ**

**222 (613)** ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കുന്നത്തുനാട് താലൂക്കിന്റെ കീഴിൽവരുന്ന 110 കെ.വി സബ്സ്റ്റേഷൻ പെരുമ്പാവൂരിന്റെ നവീകരണ പ്രവൃത്തികൾ നടന്നുവരികയാണ്. 20 കോടി രൂപയുടെ ഭരണാനുമതിയാണ് ഈ പ്രവൃത്തിക്ക് നൽകിയിട്ടുള്ളത്. സൈറ്റ് ലെവലിങ് പൂർത്തിയായിട്ടുണ്ട്. ഫൗണ്ടേഷൻ ജോലിയുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ സൗരപദ്ധതി മുഖേന നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ താഴെ പറയുന്നു. സൗര ഒന്നാംഘട്ട പദ്ധതി പ്രകാരം 17 സൗരനിലയങ്ങളുടെ പണി പൂർത്തിയായി (105 Kwp). സൗര രണ്ടാംഘട്ട സബ്സിഡി പദ്ധതി അനുസരിച്ച് 5 സൗരനിലയങ്ങളുടെ പണി പൂർത്തിയായി (24.9 Kwp). നിലവിൽ 139 സൈറ്റുകളുടെ നിലയനിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കുന്നത്തുനാട് മണ്ഡലത്തിൽ ബ്രഹ്മപുരത്ത് 4 മെഗാവാട്ടിന്റെ സൗരോർജ്ജപദ്ധതിയുടെ നിർമ്മാണം പുരോഗമിക്കുന്നു. 21.48 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. 5 പോൾ മൗണ്ടഡ് ചാർജ്ജിംഗ്

പോയിന്റുകൾ എം.എൽ.എ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങളിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കുന്നത്തുനാട് മണ്ഡലത്തിൽ ദ്യുതി പദ്ധതിയിൽ നടപ്പാക്കിവരുന്ന പ്രവൃത്തികൾ അനുബന്ധം I ആയും+ കുന്നത്തുനാട് മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷം പൂർത്തീകരിച്ച പ്രവൃത്തികൾ അനുബന്ധം II ആയും+ ചേർത്തിരിക്കുന്നു.

(ബി) 2022-23 കാലയളവിൽ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാം; അവ സംബന്ധിച്ച വിശദാംശങ്ങൾ മുൻഗണനാക്രമത്തിൽ ലഭ്യമാക്കാമോ?

2022-23 കാലയളവിൽ കുന്നത്തുനാട് മണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പ്രവൃത്തികൾ അനുബന്ധം III ആയി+ ചേർത്തിരിക്കുന്നു.

## പ്രവർത്തനക്ഷമമല്ലാത്ത വൈദ്യുത വിളക്കുകൾ

**223 (614)** ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഇലക്ട്രിക് പോസ്റ്റുകളിൽ സ്ഥാപിച്ചിരിക്കുന്ന വൈദ്യുത വിളക്കുകൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് വിലയിരുത്താൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; &

(ബി) രാത്രികാലങ്ങളിൽ ഇതുസംബന്ധിച്ച പരാതികൾ ഫോൺ മുഖേന ബന്ധപ്പെട്ട ഓഫീസുകളിൽ അറിയിച്ചാൽ നടപടി സ്വീകരിക്കാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) 05.09.2011-ലെ സർക്കാർ ഉത്തരവുപ്രകാരം കേടായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. തിരുവനന്തപുരം കോർപ്പറേഷൻ തുടങ്ങിയ ചുരുക്കം ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാത്രമാണ് ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കി അറ്റകുറ്റപ്പണികൾക്ക് ആവശ്യമുള്ള തുക നിക്ഷേപിച്ച് ബോർഡിനെകൊണ്ട് ചെയ്യിപ്പിക്കുന്നത്. കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആവശ്യമായ തുക നിക്ഷേപിച്ച് സ്വയമേവ കത്തുകയും അണയുകയും ചെയ്യുന്ന ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് കൺട്രോളർ സ്ഥാപിച്ചുവരുന്നു. ഈ സംവിധാനം എല്ലായിടത്തും നടപ്പിലാക്കുകയാണെങ്കിൽ സ്ട്രീറ്റ് ലൈറ്റുകൾ കൃത്യമായി കത്തിക്കാനും അണയ്ക്കുവാനും സാധിക്കുന്നതാണ്.

(സി) പ്രവർത്തനക്ഷമമല്ലാത്ത വൈദ്യുത വിളക്കുകൾ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കേടായ തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതിനാൽ പ്രവർത്തനക്ഷമമല്ലാത്ത തെരുവുവിളക്കുകൾ പ്രവർത്തിപ്പിക്കാനുള്ള നടപടി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

## വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടി

**224 (615)** <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ ഓടകുന്ന് പ്രദേശത്ത് താമസിക്കുന്ന ഇരുപത്തഞ്ചോളം കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ ഓടകുന്ന് പ്രദേശത്ത് വൈദ്യുതി എത്തിക്കണമെങ്കിൽ കിലോമീറ്ററുകളോളം ചെങ്കുത്തായ മലനിരകളിലൂടെയും വനപ്രദേശത്തുകൂടിയും ലൈൻ നിർമ്മിക്കേണ്ടതുണ്ട്. ഇതു ഏറെ ദുഷ്കരവും വനം വകുപ്പിന്റെ അനുമതി ആവശ്യമായതുമാണ്. ഇതിനായി 1,34,54,848/- രൂപയുടെ എസ്റ്റിമേറ്റ്

തയ്യാറാക്കിയിരുന്നു. 2020 ഫെബ്രുവരി മാസത്തിൽ പാലക്കാട്, വൈദ്യുതി മന്ത്രി പങ്കെടുത്ത വൈദ്യുതി അദാലത്തിൽ ഈ പ്രദേശത്തെ വൈദ്യുതീകരണത്തിനുള്ള നിവേദനം ലഭിച്ചിരുന്നുവെങ്കിലും ടി പ്രദേശത്തെ ദുർഘടാവസ്ഥ മനസ്സിലാക്കി ടി പ്രദേശം വൈദ്യുതീകരണത്തിന് അനുയോജ്യമല്ലെന്ന് വിലയിരുത്തി അദാലത്തിൽ ഫയൽ മടക്കുകയാണ് ചെയ്തത്.

## സംസ്ഥാനത്തിന്റെ വൈദ്യുതിയുടെ ഉത്പാദനവും വാർഷിക ആവശ്യകതയും

**225 (616)** ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം എത്ര മെഗാ വാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുന്നതെന്നും വാർഷിക ആവശ്യകത എത്രയാണെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വൈദ്യുതിയുടെ പ്രതിദിന ശരാശരി ഉപഭോഗം 78.1466 ദശലക്ഷം യൂണിറ്റാണ്. ശരാശരി വാർഷിക ആവശ്യകത 28524 ദശലക്ഷം യൂണിറ്റാണ്. ഇതിൽ ഒരു ദിവസത്തെ ശരാശരി ആഭ്യന്തര ഉല്പാദനം 22.6039 ദശലക്ഷം യൂണിറ്റാണ്. ഇത് സംസ്ഥാനത്തിന്റെ ഉപഭോഗത്തിന്റെ

ഏകദേശം 29% മാത്രമേ ആകുന്നുള്ളൂ. ഈ വർഷം രേഖപ്പെടുത്തിയ ഏറ്റവും കൂടിയ ഡിമാന്റ് 3955 മെഗാവാട്ട് ആണ്.

(ബി) അധികമായി വേണ്ടിവരുന്ന വൈദ്യുതി ഏത് രീതിയിലാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ; ഇതുമൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത മറികടക്കുന്നത് എങ്ങനെയെന്ന് വിശദമാക്കാമോ?

നിലവിൽ സംസ്ഥാനത്തെ ഊർജ്ജ ആവശ്യകതയുടെ ഏകദേശം 30% മാത്രമാണ് ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നത്. ആഭ്യന്തര ഉല്പാദനത്തിന് പുറമേ സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതി പുറത്തുനിന്നും, കേന്ദ്ര വിഹിതമായും, ദീർഘകാല മദ്ധ്യകാല-ഹ്രസ്വകാല കരാർ വഴിയും, പവർ എക്സ്ചേഞ്ച് വഴിയുമാണ് ലഭ്യമാക്കുന്നത്. ദീർഘകാല കരാറുകൾ വഴി ഏകദേശം 1111 MW വൈദ്യുതി ലഭ്യമായിട്ടുണ്ട്. കേന്ദ്രവിഹിതമായി ഏകദേശം 1641 MW വൈദ്യുതി ലഭിക്കുന്നുണ്ട്. വേനൽക്കാലത്തെ (ജനുവരി മുതൽ ജൂൺ വരെയുള്ള മാസങ്ങൾ) അധിക ആവശ്യകത നിറവേറ്റുന്നതിനായി അടുത്ത 3 വർഷത്തേക്ക് 270 MW വൈദ്യുതി സംസ്ഥാനത്തിനുപുറത്തു നിന്നും വാങ്ങുന്നതിനുള്ള മദ്ധ്യകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നും 75 MW (wind) കരാറാക്കിയിട്ടുള്ളതുകൂടാതെ സൗരവൈദ്യുതി വാങ്ങാനുള്ള

കരാറുകളിലും കെ.എസ്.ഇ.ബി.എൽ. ഏർപ്പെട്ടിട്ടുണ്ട്. വൈദ്യുതി വാങ്ങൽ ചെലവുകൾ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടെ താരിഫിൽ ഉൾപ്പെടുത്തുകയാണ് ചെയ്യുന്നത്.

**സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനം**

**226 (617)** ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിലെത്തിയപ്പോഴും അധികാരമൊഴിയുമ്പോഴുമുള്ള സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനം എത്രയാണെന്നും നിലവിലെ വൈദ്യുതി ഉല്പാദനം എത്രയാണെന്നും അറിയിക്കാമോ?

കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ വൈദ്യുത പദ്ധതികളുടെ ആകെ സ്ഥാപിതശേഷി 2875 മെഗാവാട്ടും കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ സംസ്ഥാനത്തെ വൈദ്യുതപദ്ധതികളുടെ ആകെ സ്ഥാപിത ശേഷി 3130 മെഗാവാട്ടും ആണ്. 31-01-2022-ലെ കണക്കുകൾ പ്രകാരം സ്ഥാപിതശേഷി ഏകദേശം 3116 മെഗാവാട്ട് ആണ്. കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നപ്പോഴും

അധികാരമൊഴിഞ്ഞപ്പോഴുള്ള വൈദ്യുതി ഉല്പാദനത്തിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി+ ചേർത്തിരിക്കുന്നു.

(ബി) സംസ്ഥാനത്തെ പുതിയ വൈദ്യുതി ഉല്പാദന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 185.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ' 8' ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. വിശദവിവരം അനുബന്ധം (2) ആയി+ ചേർത്തിരിക്കുന്നു. കൂടാതെ, പുതുതായി ' 16' ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച വിവരം അനുബന്ധം (3) ആയി+ ചേർത്തിരിക്കുന്നു. ഇതിനുപുറമെ ഇടുക്കി എക്സ്റ്റൻഷൻ പദ്ധതിയുടെ (800 മെഗാവാട്ട്) വിശദമായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനും ആവശ്യമായ എല്ലാ അനുമതികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ചെയ്യുന്നതിനും ടെണ്ടർ പ്രമാണങ്ങൾ തയ്യാറാക്കാനും കേന്ദ്ര ജല കമ്മീഷന് കീഴിലുള്ള വാപ്കോസ് (WAPCOS) എന്ന സ്ഥാപനത്തെ ആഗോള ടെണ്ടർ മുഖേന ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, 16 – ഓളം ചെറുകിട ജലവൈദ്യുത പദ്ധതികളുടെ 260 പര്യവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. എനർജി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ വഴി ഏറ്റവും അവസാനം നടത്തിയ ടെണ്ടർ നടപടികൾ പ്രകാരം BOOT അടിസ്ഥാനത്തിൽ സർക്കാർ അലോട്ട് ചെയ്ത പദ്ധതികളിൽ മൂന്ന് എണ്ണത്തിന്റെ (ആറ്റില I- 6 MW (പാലക്കാട് ജില്ല), ആറ്റില II- 6 MW (പാലക്കാട് ജില്ല), കാങ്ങാപ്പുഴ- 0.75 MW (ഇടുക്കി ജില്ല) ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പിട്ട് തുടർനടപടികൾ ആരംഭിച്ചിരിക്കുകയാണ്. ഈ പദ്ധതികൾ നടപ്പിലാക്കുന്നത് വഴി 12.75 മെഗാവാട്ട് സ്ഥാപിതശേഷി കൂടി കൈവരിക്കാൻ സാധിക്കും. ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പുവെച്ച കമ്പനികൾ പദ്ധതിയുടെ സാങ്കേതിക - സാമ്പത്തിക പ്രായോഗികതാ റിപ്പോർട്ടുകൾ (Techno - Economic Feasibility Report) ക്ക് അനുമതി ലഭിച്ചശേഷം 36 മാസത്തിനുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. കനാലുകളിലെ ഒഴുക്കിൽനിന്നും ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പദ്ധതികളും വിഭാവനം ചെയ്തിട്ടുണ്ട്. പൈലറ്റ് അടിസ്ഥാനത്തിലുള്ള രണ്ട് 25 കിലോവാട്ട് വീതം സ്ഥാപിതശേഷിയുള്ള പദ്ധതി നിർമ്മാണത്തിനുള്ള വർക്ക് ഓർഡർ നൽകുകയും ചെയ്തു. പാലക്കാട് ജില്ലയിൽ ചിറ്റൂർപ്പുഴ ജലസേചനപദ്ധതിയുടെ മൂലത്തറ ലെഫ്റ്റ് ബാങ്ക് ഇറിഗേഷൻ കനാലിലും (25kW), ഇടുക്കി ജില്ലയിൽ

ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയ്സിലും (25 kW) ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഈ പദ്ധതി നടപ്പിലാക്കും. പൈലറ്റ് പദ്ധതിയുടെ വിജയം കണക്കിലെടുത്തശേഷം മൂലത്തറ ഇടതുകര കനാലിൽ 3 MW വരെ ഉത്പാദനം വർദ്ധിപ്പിക്കുവാനും വേണ്ട പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാർ അധികാരത്തിലെത്തിയപ്പോഴും അധികാരമൊഴിയുമ്പോഴുമുള്ള വൈദ്യുതി കുടിശ്ശിക തുകകൾ എത്രയാണെന്നുള്ളത് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാർ അധികാരത്തിൽ എത്തിയപ്പോഴുള്ള വൈദ്യുതി കുടിശ്ശിക 31-03-2016-ൽ 1796.63 കോടി. കഴിഞ്ഞ സർക്കാർ അധികാരം ഒഴിയുമ്പോഴുള്ള വൈദ്യുതി കുടിശ്ശിക 31-03-2021-ൽ 2342.34 കോടി.

(ഡി) നിലവിലെ വൈദ്യുതി കുടിശ്ശിക തുക എത്രയെന്നും ആയതു പിരിച്ചെടുക്കാനായി സ്വീകരിച്ച പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ?

31-12-2021 കാലയളവ് വരെ വൈദ്യുത ചാർജ്ജ് കുടിശ്ശികയിനത്തിൽ 2771.14 കോടി രൂപയാണ് പിരിഞ്ഞു കിട്ടുവാനുള്ളത്. മേൽതുകയിൽ 419.73 കോടി രൂപ ബഹുമാനപ്പെട്ട കോടതികളിൽ

വ്യവഹാരത്തിൽപ്പെട്ടവയായതിനാൽ കോടതി തീർപ്പനുസരിച്ചുമാത്രമേ പിരിച്ചെടുക്കുവാൻ സാധിക്കുകയുള്ളൂ. സർക്കാർ ലോക്കൽ ബോഡികൾ തുടങ്ങിയവയുടെ കുടിശ്ശിക തീർപ്പാക്കലിനായി സർക്കാർതലത്തിലും, ഡിപ്പാർട്ട്മെന്റ് തലത്തിലും ചർച്ചകൾ നടത്തിവരുന്നു. പൊതുമേഖലാസ്ഥാപനങ്ങളിൽ കേരള വാട്ടർ അതോറിറ്റിയുടെ 903.86 കോടി രൂപ പിരിച്ചെടുക്കുന്നതിലേയ്ക്കായി സർക്കാർ തലത്തിൽ ചർച്ചകൾ നടത്തിവരുന്നു. കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി റെഗുലേഷൻ അനുസരിച്ചുള്ള നടപടികളായ ഡിസ്കണക്ഷൻ, ഡിസ്മാന്റിൽ, റവന്യൂ റിക്കവറി നടപടികൾ കോവിഡ് 19 മഹാമാരിയോടനുബന്ധിച്ച് നിലനിൽക്കുന്ന പ്രത്യേക സാഹചര്യത്തിൽ സർക്കാർതലത്തിൽ പ്രഖ്യാപിക്കപ്പെട്ട ഇളവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ നടത്തുവാൻ സാദ്ധ്യമാകുകയുള്ളൂ. കൂടാതെ, സർക്കാർ നിർദ്ദേശത്തെത്തുടർന്നുള്ള തീരുമാനപ്രകാരം നൽകിയിട്ടുള്ള തവണവ്യവസ്ഥകൾ നിലനിൽക്കുന്ന സാഹചര്യവുമുണ്ട്.

(ഇ) വൈദ്യുതി കുടിശ്ശികതുക കൂടുന്നതും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ജീവനക്കാരിലുള്ള അനാസ്ഥ പരിഹരിക്കുന്നതിനുമായി സർക്കാർ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കോവിഡ് 19 മഹാമാരിയോടനുബന്ധിച്ചുള്ള പ്രത്യേക സാഹചര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടുമാത്രമേ കുടിശ്ശിക പിരിവ് സാദ്ധ്യമാകുകയുള്ളൂ. കൂടാതെ, കേരള വാട്ടർ അതോറിറ്റി, വിവിധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയും സർക്കാർതല നടപടികളിൽ കുടിശ്ശിക പിരിവ് സാദ്ധ്യമാക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു. ജീവനക്കാരുടെ അനാസ്ഥ ഇക്കാര്യത്തിൽ ചൂണ്ടികാണിക്കപ്പെട്ടിട്ടില്ല. ഇലക്ട്രിസിറ്റി റെഗുലേഷൻ അനുശാസിക്കുന്ന നടപടിക്രമങ്ങൾ സാദ്ധ്യമാകുന്ന പക്ഷം തുടർനടപടികൾ സ്വീകരിച്ചുകൊണ്ട് കുടിശ്ശികനിവാരണ നടപടികൾ നടത്തുന്നതാണ്.

**ആലത്തൂർ നിയോജക മണ്ഡലത്തിലെ വൈദ്യുതി കണക്ഷൻ**

**227 (618)** ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷന് അപേക്ഷ നൽകിയിട്ടും വനം വകുപ്പിന്റെ തടസ്സം കാരണം വൈദ്യുതി ലഭ്യമാക്കാൻ കഴിയാത്ത എത്ര വീടുകളുണ്ട്; അവ ഏതെല്ലാം; സെക്ഷൻ ഓഫീസുകൾ തിരിച്ചുള്ള വിവരം നൽകാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷന് അപേക്ഷ നൽകിയിട്ടും വനം വകുപ്പിന്റെ തടസ്സം കാരണം വൈദ്യുതി ലഭ്യമാക്കാൻ കഴിയാത്ത 51 വീടുകളുണ്ട്. അവയുടെ സെക്ഷൻ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കിഴക്കഞ്ചേരി സെക്ഷൻ | 18 |
| മുടപ്പല്ലൂർ സെക്ഷൻ | 33 |

## കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വൈദ്യുതി കണക്ഷനുകൾ

**228 (619)** ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ നിയോജക മണ്ഡലത്തിലെ എത്ര ഭവനങ്ങൾക്കാണ് പുതിയതായി വൈദ്യുതി കണക്ഷൻ അനുവദിച്ചിട്ടുള്ളത്; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ നിയോജകമണ്ഡലത്തിലെ 2844 വീടുകൾക്കാണ് വൈദ്യുതി കണക്ഷൻ

അനുവദിച്ചിട്ടുള്ളത്. പഞ്ചായത്ത്/മുൻസിപ്പാലിറ്റി തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) വയനാട് ജില്ലയിലെ ആദിവാസി കോളനികളിൽ സമ്പൂർണ്ണ വൈദ്യുതീകരണം ഉറപ്പുവരുത്തുന്നതിനായി ഇതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

2017-ലെ സമ്പൂർണ്ണ വൈദ്യുതീകരണപദ്ധതി പ്രകാരം വനം വകുപ്പ്/കാരാപ്പുഴ ജലസേചന വകുപ്പ് എന്നിവയുടെ ഒബ്ജക്ഷൻ നിലവിലില്ലാത്ത എല്ലാ ആദിവാസി കോളനികളിലും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. എന്നാൽ മുട്ടിൽ പഞ്ചായത്തിലെ മാടംകുന്ന് കോളനി, വെല്ലക്കെട്ട് പണിയകോളനി, ഗോവിന്ദൻപാറ കോളനി, ചീപ്രം കോളനി, വെള്ളക്കെട്ട് കാട്ടുനായക്ക കോളനി എന്നിവിടങ്ങളിലും മേപ്പാടി പഞ്ചായത്തിലെ പരപ്പൻപാറ കോളനിയിലും വൈദ്യുതീകരണം ബാക്കിയുണ്ട്. പ്രസ്തുത വിവരങ്ങൾ തുടർനടപടികൾ സ്വീകരിക്കുന്നതിനായി പട്ടികവർഗ്ഗവികസന വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. വനംവകുപ്പിന്റെ അനുമതി, വൈദ്യുതീകരണത്തിനാവശ്യമായ തുക എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് കോളനികളുടെ വൈദ്യുതീകരണം കെ.എസ്.ഇ.ബി.എൽ നടപ്പിലാക്കുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വൈദ്യുതി കണക്ഷൻ ലഭിക്കാത്ത എത്ര ആദിവാസി ഭവനങ്ങൾ കൽപ്പറ്റ നിയോജകമണ്ഡലത്തിലുണ്ടെന്ന് വ്യക്തമാക്കാമോ?

കല്പറ്റ മണ്ഡലത്തിലെ വൈദ്യുതി കണക്ഷൻ ലഭിക്കാത്ത ആദിവാസി ഭവനങ്ങളുടെ കൃത്യമായ എണ്ണം കെ.എസ്.ഇ.ബി.എൽ-ൽ ലഭ്യമല്ല.

(ഡി) പുതിയതായി വൈദ്യുതി കണക്ഷൻ ലഭിക്കാൻ വേണ്ടി കൽപ്പറ്റ നിയോജകമണ്ഡലത്തിൽനിന്നും എത്ര അപേക്ഷകളാണ് 2021 മുതൽ 2022 ജനുവരി 31 വരെ ലഭിച്ചിട്ടുള്ളത്; ഇപ്രകാരം ലഭിച്ച അപേക്ഷകളിൽ എത്ര അപേക്ഷ പരിഗണിച്ചുവെന്നും ഇനി എത്ര അപേക്ഷകൾ പരിഗണിക്കാനുണ്ടെന്നും പരിഗണിക്കാൻ വൈകുന്നതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

പുതുതായി വൈദ്യുതി കണക്ഷൻ ലഭിക്കാൻവേണ്ടി കൽപ്പറ്റ നിയോജകമണ്ഡലത്തിൽനിന്നും 3405 അപേക്ഷകളാണ് 2021 മുതൽ 2022 ജനുവരി 31 വരെ ലഭിച്ചിട്ടുള്ളത്. ഇതിൽ 3364 അപേക്ഷകർക്കു വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. 41 അപേക്ഷകർക്ക് വയറിംഗ് പൂർത്തീകരിക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

**ചെങ്ങണം കുന്നിൽ കൃഷിയാവശ്യത്തിന് വൈദ്യുതി**

**229 (620)** ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിലെ ചെങ്ങണംകുന്ന പ്രദേശത്തുള്ള നിരവധി കർഷകർക്ക് കൃഷി ആവശ്യങ്ങൾക്ക് വൈദ്യുതി ലഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവിടങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ചെങ്ങണംകുന്ന പ്രദേശത്തുള്ള 18 കർഷകർക്ക് തങ്ങളുടെ കൃഷി സ്ഥലത്തേക്ക് വൈദ്യുതി എത്തിക്കുന്നതിനായുള്ള ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രദേശത്തു വൈദ്യുതി ലഭ്യമാക്കുന്നതിനുവേണ്ടി 14,67,389/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അപേക്ഷകരെ അറിയിച്ചിട്ടുണ്ട്. തുക അടയ്ക്കുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്നതാണ്.

**മഞ്ചേശ്വരം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം**

**230 (621)** ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

മഞ്ചേശ്വരം മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുന്നതിനും ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 18 പുതിയ 100 കെ.വി.എ ട്രാൻസ്ഫോർമറുകൾ മണ്ഡലത്തിൽ സ്ഥാപിച്ചിട്ടുണ്ട്. 30.67 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ ജനപ്രതിനിധികളിൽനിന്നും നാട്ടുകാരിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനായി 7 പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത അപേക്ഷകളിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

പ്രസ്തുത പ്രവൃത്തികൾ കേന്ദ്ര സ്കീം ആയ ആർ.ഡി.എസ്.എസ്.-ലും ബോർഡിന്റെ തനത് സ്കീം ആയ ദ്യുതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

**കെ.എസ്.ഇ.ബി.യുടെ സ്വകാര്യവത്കരണം**

**231 (622)** ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യെ സ്വകാര്യവത്കരിക്കാൻ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ?

കേന്ദ്രവൈദ്യുതി നിയമത്തിലെ ഭേദഗതി നിർദ്ദേശങ്ങൾ, കേന്ദ്രസർക്കാർ 2021 ഏപ്രിൽ മാസം പുറത്തിറക്കിയ കരട് വൈദ്യുതി നയം, 2020 സെപ്തംബർ മാസം പുറത്തിറക്കിയ Draft Standard Biding Documents for Privatization of Distribution Licensees എന്നിവ എല്ലാം വൈദ്യുതിമേഖലയുടെ സ്വകാര്യവത്കരണത്തിന് ആക്കംകൂട്ടുന്നവയാണെന്ന് വിലയിരുത്തപ്പെടുന്നു. സംസ്ഥാനങ്ങളുടെ കടമെടുപ്പുപരിധി ഉയർത്തുന്നതിന് നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങളിലും സ്വകാര്യവത്കരണം പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ ഏതുതരത്തിലുള്ള സ്വകാര്യവത്കരണത്തിനാണെന്ന് വിശദമാക്കാമോ?

സംസ്ഥാന സർക്കാരിൽ നിന്നോ, സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ നിന്നോ യാതൊരു ലൈസൻസോ, അനുമതിയോ വാങ്ങാതെ

ഏതു കമ്പനിക്കും എവിടെയും ഉപഭോക്താവിനെ കണ്ടെത്തി പൊതുമേഖല നിർമ്മിച്ച നിലവിലുള്ള വൈദ്യുതി ശൃംഖല ഉപയോഗിച്ച് മുതൽ മുടക്കില്ലാതെ തന്നെ വൈദ്യുതി വിതരണം നടത്താൻ കേന്ദ്ര വൈദ്യുതി നിയമത്തിലെ ഭേദഗതി നിർദ്ദേശങ്ങൾ പ്രകാരം സാധിക്കും; നിലവിലെ വിതരണ ശൃംഖലയുടെ വികസനത്തിനും പരിപാലനത്തിനും മുതൽ മുടക്കേണ്ട ബാധ്യതയും സ്വകാര്യ കമ്പനികൾക്കില്ല. ഉപഭോക്താക്കൾക്ക് സേവനദാതാക്കളെ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നുവെന്ന് പറയുമ്പോൾ പ്രായോഗികതലത്തിൽ സേവനദാതാക്കൾക്ക് ലാഭകരമായ പ്രദേശത്തും ഉപഭോക്തൃവിഭാഗങ്ങൾക്കും മാത്രമായി ആകർഷകമായ സ്കീമുകൾ കൊണ്ടുവരാൻ സ്വകാര്യമേഖലയ്ക്ക് സാധിക്കും. സംസ്ഥാനത്ത് ഊർജ്ജസുരക്ഷ ഉറപ്പുവരുത്തുന്നതിനായി പൊതുമേഖലാ വൈദ്യുത വിതരണ കമ്പനികൾ അന്ന് നിലവിലുണ്ടായിരുന്ന നിരക്കുകളിൽ വൈദ്യുതിവാങ്ങൽ കരാറുകളിലേർപ്പെട്ടിരുന്നു. പുതുതായി വരുന്ന വിതരണകമ്പനികൾക്ക്, നിലവിലുള്ളതിൽ തങ്ങൾക്ക് ആകർഷകമല്ലാത്ത വൈദ്യുതിവാങ്ങൽ കരാറുകളിൽനിന്നു വിട്ടുനിൽക്കാൻ സാധിക്കും. ഇത്തരത്തിലുള്ള അധികബാധ്യതകളും, ലാഭസാധ്യത തീരെയില്ലാത്ത ഉപഭോക്താക്കൾക്ക്

സേവനം ഉറപ്പാക്കേണ്ട ചുമതലയും നിലവിലെ പൊതുമേഖലാ വിതരണ കമ്പനിയിൽ നിക്ഷിപ്തമാകുന്നു.

(സി) സ്വകാര്യവത്കരണ നിർദ്ദേശങ്ങൾ നിരാകരിക്കുന്നതിനാൽ സംസ്ഥാന വൈദ്യുതി രംഗം അനുഭവിക്കുന്ന പ്രയാസങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കേന്ദ്ര വൈദ്യുതിനിയമത്തിലെ ഭേദഗതി നിർദ്ദേശങ്ങൾ, കേന്ദ്രസർക്കാർ 2021 ഏപ്രിൽ മാസം പുറത്തിറക്കിയ കരട് വൈദ്യുതി നയം, 2020 സെപ്തംബർ മാസം പുറത്തിറക്കിയ Draft Standard Biding Documents for Privatization of Distribution Licensees എന്നിവ ഇതുവരെയും സംസ്ഥാനങ്ങളുടെ മേൽ നിയമബാധ്യതയായിട്ടില്ലെങ്കിലും കേന്ദ്രസർക്കാർ പുതുതായി വികസനപദ്ധതികൾ മുന്നോട്ടുവയ്ക്കുമ്പോൾ വൈദ്യുതിവിതരണ രംഗം സ്വകാര്യവത്കരിക്കുന്നതിനെ എതിർക്കുന്ന സംസ്ഥാനങ്ങളെ പാർശ്വവത്കരിക്കാൻ സാധ്യതയുള്ളതായി ഭയപ്പെടുന്നു. സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധി ഉയർത്തുന്നതിന് നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങളിലും സ്വകാര്യവത്കരണം പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. 2021-22 വർഷത്തെ കടമെടുപ്പ് പരിധി 0.5 ശതമാനം ഉയർത്തുന്നതിനുതന്നെ നിർബന്ധമായി നടപ്പാക്കേണ്ട പത്ത്

നിബന്ധനകളും, പുറമേ 50 മാർക്കിനുള്ള കാര്യക്ഷമതാ മാനദണ്ഡങ്ങളുമുണ്ട്. കുറഞ്ഞത് 30 മാർക്ക് നേടിയാൽ മാത്രമേ കടമെടുക്കൽ പരിധി വർദ്ധിപ്പിച്ചു നൽകുകയുള്ളൂ. എന്നാൽ, വൈദ്യുതി വിതരണമേഖല സ്വകാര്യവൽക്കരിക്കുകയാണെങ്കിൽ അധിക ബോണസ് മാർക്കുകൾ ലഭിക്കുമെന്നും നിർദ്ദേശത്തിലുണ്ട്. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സ്വകാര്യവൽക്കരണം കൂടാതെതന്നെ 2021-22-ലും, തുടർവർഷങ്ങളിലും, കടമെടുപ്പ് പരിധി വർദ്ധിപ്പിക്കുന്നതിനുവേണ്ട മാർക്കുകൾ നേടാൻ കേരളം ശ്രമിക്കുന്നുണ്ട്. ഇതിൽ ഏതെങ്കിലും പോരായ്മ വരുന്ന പക്ഷം കടമെടുപ്പ് പരിധി ഉയർത്താൻ സാധിക്കാതെ വന്നാൽ അത് സംസ്ഥാനത്തിന്റെ പൊതുവികസനപ്രവർത്തനങ്ങൾക്ക് തടസ്സം വരുത്താനുള്ള സാധ്യതയുണ്ട്.

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി

**232 (623)** <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-ക്ക് ഓരോ തവണ സാമ്പത്തിക ബാധ്യതയുണ്ടാകുമ്പോഴും ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കേണ്ടിവരുമ്പോഴും ലഭിക്കാനുള്ള കുടിശ്ശികതുക പിരിച്ചെടുക്കാതെ

ഗാർഹികമുൾപ്പെടെയുള്ള വൈദ്യുതി നിരക്കുയർത്തി ഉപഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കെ.എസ്.ഇ.ബി.-ക്ക് ലഭിക്കാനുള്ള വൈദ്യുതിചാർജ്ജ് കുടിശ്ശിക, വൈദ്യുതി റെഗുലേഷൻ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള കുടിശ്ശിക, അടവാക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുതിബന്ധം വിച്ഛേദിച്ചും കണക്ഷൻ ഡിസ്മാന്റിൽ ചെയ്തും റവന്യൂറിക്കവറി നടപടികൾ സ്വീകരിച്ചും പിരിച്ചെടുക്കുന്നതിൽ ശ്രദ്ധിക്കാറുണ്ട്. എന്നാൽ സർക്കാർ പൊതുമേഖലാ സ്ഥാപനകുടിശ്ശികകൾ പിരിച്ചെടുക്കുന്നതിൽ സർക്കാർതലത്തിൽ ചർച്ചകളും മറ്റും നടത്തുകയും ചെയ്യാറുണ്ട്. എന്നാൽ 3/2020 മുതൽ നിലനിൽക്കുന്ന കോവിഡ് 19 മഹാമാരിയോടനുബന്ധിച്ചുള്ള പ്രത്യേക സാഹചര്യത്തിൽ സർക്കാർ നടപടികളുടെ ഭാഗമായി മാത്രമെ ഇത്തരം നടപടികൾ സ്വീകരിക്കുവാൻ സാധ്യമാകൂ. കൂടാതെ കോടതി വ്യവഹാരങ്ങളിൽപ്പെട്ടു കിടക്കുന്ന കുടിശ്ശികകൾ ബഹുമാനപ്പെട്ട കോടതികളുടെ തീരുമാനത്തിനനുസരിച്ചേ പിരിച്ചെടുക്കാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിൽ കുടിശ്ശിക പിരിച്ചെടുക്കാൻ സാധ്യമായ എല്ലാ നടപടികളും കെ.എസ്.ഇ.ബി.എൽ. സ്വീകരിക്കാറുണ്ട്.

(ബി) ഏതെല്ലാം വൻകിട കമ്പനി/പൊതുമേഖല/സർക്കാർ സ്ഥാപനങ്ങളാണ് വൻതോതിൽ കുടിശ്ശിക വരുത്തിയിരിക്കുന്നത്; എത്ര തുകയാണ് അത്തരത്തിൽ കെ.എസ്.ഇ.ബി.-ക്ക് ലഭിക്കാനുള്ളത്?

കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് 903.86 കോടി രൂപ ലഭിക്കാനുണ്ട്. മറ്റ് സർക്കാർ സ്ഥാപനങ്ങളിൽനിന്ന് ആകെ 34.74 കോടി രൂപയും, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും 113.43 കോടി രൂപയും സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും 502.90 കോടി രൂപയും കെ.എസ്.ഇ.ബി.എൽ.-ന് ലഭിക്കാനുണ്ട്. വിശദാംശങ്ങൾ യഥാക്രമം അനുബന്ധം 1,2,3 ആയി+ ചേർത്തിട്ടുണ്ട്.

(സി) ഭീമമായ തുക വൈദ്യുതിചാർജ്ജ് കുടിശ്ശികയായുള്ള ഇത്തരം വൻകിട ഉപഭോക്താക്കളിൽനിന്നും കുടിശ്ശികതുക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ, ആശുപത്രികൾ, തുടങ്ങിയവയുടെ കണക്ഷൻ ഡിസ്കണക്ട് ചെയ്യാൻ സാധ്യമല്ല. അതിനാൽ ആയത് സംബന്ധിച്ച് ഡിപ്പാർട്ട്മെന്റ് തലത്തിലും സർക്കാർതലത്തിലും ബന്ധപ്പെട്ടുള്ള നടപടികളാണ് സ്വീകരിക്കാറുള്ളത്. എന്നാൽ സ്വകാര്യ സ്ഥാപനങ്ങളുടെ കാര്യത്തിൽ റെഗുലേഷൻ അനുശാസിക്കുന്ന നടപടികളായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

" ഡിസ്കണക്ഷൻ, ഡിസ്മാന്റിൽ റവന്യൂ റിക്കവറി" നടപടികൾ കോവിഡ് മഹാമാരിയോടനുബന്ധിച്ച് സർക്കാർ നിർദ്ദേശത്താലുള്ള ഇളവുകളിൽ ഊന്നിയാണ് നടത്താൻ സാധിക്കുന്നത്. കെ.എസ്.ഇ.ആർ.സി.-യുടെ അനുമതിയോടുകൂടി കുറഞ്ഞ പലിശനിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽനിന്നും കെ.എസ്.ഇ.ബി.എൽ. കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ക്രമാതീതമായി വർദ്ധിച്ചതോടെ തുടർനടപടികൾ സ്വീകരിക്കാൻ ബോർഡ് നിർബന്ധിതമാവുകയും, കെ.എസ്.ഇ.ബി.എൽ.-ന്റെ സാമ്പത്തികസ്ഥിതി അതീവഗുരുതരമായ സാഹചര്യത്തിൽ കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസുകൾ നൽകുകയും കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കെ.എസ്.ഇ.ബി.-ക്കു ശമ്പള ഇനത്തിലും പുറത്തുനിന്നു വൈദ്യുതി വാങ്ങുന്ന ഇനത്തിലും മറ്റിനങ്ങളിലും ഓരോ മാസവും ഉണ്ടാകുന്ന ചെലവുകളും പുറത്തു വൈദ്യുതി വിൽക്കുന്നതിൽനിന്നും വൈദ്യുതി ചാർജിനത്തിലും ഓരോ മാസവും ലഭിക്കുന്ന വരുമാനവും തമ്മിലുള്ള അന്തരം എത്രയാണ്; വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മാസന്തോറുമുള്ള വരവുചെലവ് കണക്കെടുപ്പ് നടത്താറില്ല. 2021-22 സാമ്പത്തിക വർഷത്തെ 31-12-2021 വരെയുള്ള 9 മാസത്തെ താൽക്കാലിക കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ട്. ആയത് പ്രകാരമുള്ള വരവ് ചെലവ് കണക്ക് അനുബന്ധം 4 ആയി+ ചേർത്തിട്ടുണ്ട്.

## ട്രാൻസ്ഫോമറിന്റെ പവർ വർദ്ധിപ്പിക്കുന്നതിന് നടപടി

**233 (624)** ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലംകോട് പള്ളിക്കുമുന്നിൽ സ്ഥിതിചെയ്യുന്ന ട്രാൻസ്ഫോമറിന്റെ പവർ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ആലംകോട് പള്ളിക്കുമുന്നിൽ സ്ഥിതിചെയ്യുന്ന ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ദ്യുതി 2 (2022-23 വർഷത്തെ) പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

## സൗരോർജ്ജ വൈദ്യുതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**234 (625)** ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. മുഖാന്തരം സൗരോർജ്ജവൈദ്യുതി ഉത്പാദനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് മുഖാന്തിരം സൗരോർജ്ജവൈദ്യുതി ഉത്പാദനത്തിനായി നടപ്പാക്കുന്ന പദ്ധതിയാണ് സൗരപദ്ധതി. ഇതിൽ സൗരഫേസ്- I നോൺ സബ്സിഡി സ്കീം എല്ലാത്തരം ഉപഭോക്താക്കൾക്കും അപേക്ഷിക്കാവുന്ന പദ്ധതിയാണ്. ഇതിൽ മോഡൽ I&II കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ മുതൽ മുടക്കിലും മോഡൽ III ഉപഭോക്താവിന്റെ പൂർണ്ണ മുതൽമുടക്കിലുമുള്ളതാണ്. നിലവിൽ ഈ പദ്ധതിയിൽ പുതിയ രജിസ്ട്രേഷൻ ഇല്ല. ഈ പദ്ധതിയിൽ 14 മെഗാവാട്ട് നിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതി 2022 മാർച്ചോടുകൂടി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. സൗരഫേസ് II സബ്സിഡി സ്കീം ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമുള്ളതാണ്. 2019-20 വർഷത്തിൽ 50 മെഗാവാട്ടും 2020-21 വർഷത്തിൽ 200 മെഗാവാട്ടും എന്ന രീതിയിലാണ് MNRE, KSEBL-ന് അനുമതി നൽകിയിരിക്കുന്നത്. ഈ പദ്ധതിയിൽ 1

മുതൽ 3 കിലോവാട്ട് ശേഷി വരെയുള്ള നിലയങ്ങൾക്ക് 40 ശതമാനം സബ്സിഡിയും 4 മുതൽ 10 കിലോവാട്ട് ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്നുള്ള ഓരോ കിലോവാട്ടിനും 20 ശതമാനവും എന്ന നിരക്കിലാണ് കേന്ദ്രസർക്കാർ സബ്സിഡി നൽകുന്നത്. സബ്സിഡി പദ്ധതിയിൽ 5.298 മെഗാവാട്ടിന്റെ സൗരനിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പുരോഗതിയിലാണ്. ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ ഉപഭോക്താക്കൾക്ക് ന്യായവിലയിൽ ലഭ്യമാക്കാനായി കെ.എസ്.ഇ.ബി.എൽ. നടത്തുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. നെന്മാറ ഗ്രൗണ്ട് മൗണ്ടഡ് സോളാർ, പാലക്കാട് - 1.5 MW – 2022 മെയ് മാസത്തിൽ പണി പൂർത്തിയാക്കാനുദ്ദേശിക്കുന്നു.

2. ബ്രഹ്മപുരം ഗ്രൗണ്ട് മൗണ്ടഡ് സോളാർ - 4 MW

3. PM KUSUM – Component A (40 MW) & C (5.59 MW). Component A കർഷകരുടെ തരിശു ഭൂമിയിൽ സോളാർ പ്ലാന്റ് സ്ഥാപിക്കാനും Component – C ഗ്രിഡ് ബന്ധിത പമ്പുകളെ ബന്ധിപ്പിച്ചുള്ള ഫീഡറുകളെ സൗരോർജ്ജവത്കരിക്കാനുമാണ്.

4. ഫ്ലോട്ടിംഗ് സോളാർ പദ്ധതി – 100 MW – കെ.എസ്.ഇ.ബി.എൽ-ന്റെ ഉടമസ്ഥതയിലുള്ള 8 റിസർവോയറുകളിലും KWA-യുടെ 2 റിസർവോയറുകളിലും ഗ്രിഡ് ബന്ധിത ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ താരിഫ് ബേസ്ഡ് ബിഡ് വഴി സ്ഥാപിക്കാനുള്ള താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

5. ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റ്, ഏറ്റുമാനൂർ- 1 MW – ഇതിന്റെ ടെണ്ടർ ക്ഷണിച്ചു. M/s. Greensol Pvt. Ltd. മായി എഗ്രിമെന്റ് ഒപ്പുവച്ചു. മെയ്-2022 ൽ പൂർത്തീകരിക്കാനുദ്ദേശിക്കുന്നു.

(ബി) ചെറുകിട വ്യവസായസ്ഥാപനങ്ങളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമെന്ന വ്യക്തമാക്കുമോ?

ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ സൗരോർജ്ജപാനൽ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങളും, നടപടിക്രമങ്ങളും അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## വൈദ്യുതി ബില്ല് ഭാഗികമായി അടയ്ക്കൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**235 (626)** ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക ബുദ്ധിമുട്ടുകാരണം വൈദ്യുതി ബില്ല് അടയ്ക്കാൻ സാധിക്കാത്ത പാവപ്പെട്ടവർക്ക് ഘട്ടംഘട്ടമായി തുക അടയ്ക്കുന്നതിന് സാധിക്കുമോ എന്നറിയിക്കാമോ?

കോവിഡ് സമയത്ത് സാമ്പത്തിക ബുദ്ധിമുട്ട് കാരണം വൈദ്യുതി ബില്ലിൽ കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾക്ക് കുടിശ്ശിക തുക തവണകളായി അടയ്ക്കുന്നതിന് അനുമതി നൽകുന്നുണ്ട്.

(ബി) കെ.എസ്.ഇ.ബി. ഓഫീസിൽ എത്തിച്ചേരാൻ കഴിയാത്ത സാഹചര്യത്തിൽ ഓൺലൈൻ വഴി ഭാഗികമായി പണം അടച്ചവർക്ക് കണക്ഷൻ വിച്ഛേദിക്കപ്പെട്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ?

വൈദ്യുതി ബിൽ കുടിശ്ശിക തവണകളായി അടയ്ക്കുന്നതിന് നിലവിൽ കെ.എസ്.ഇ.ബി.എൽ. ഓഫീസുകളിൽ ഇ-മെയിൽ വഴിയോ നേരിട്ടോ അപേക്ഷ നൽകേണ്ടതാണ്. പ്രസ്തുത അപേക്ഷകൾ പരിഗണിച്ചാണ് കുടിശ്ശിക തുകയ്ക്ക് ഗഡുക്കൾ അനുവദിക്കുന്നത്. ഗഡുക്കളായി മാറ്റിയിട്ടുള്ള

വൈദ്യുതി ബിൽ തുക ഓൺലൈൻ ആയി അടയ്ക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല.

(സി) വയോജനങ്ങൾ, കിടപ്പു രോഗികൾ, ആശ്രിതർ ഇല്ലാത്തവർ എന്നിവർക്ക് കെ.എസ്.ഇ.ബി. ഓഫീസിൽ എത്തിച്ചേരാൻ പറ്റാത്ത സാഹചര്യത്തിൽ വൈദ്യുതിബിൽ ഓൺലൈൻ വഴി ഗഡുക്കളായി അടയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ?

വൈദ്യുതിബിൽ കുടിശ്ശിക തവണകളായി അടയ്ക്കുന്നതിന് നിലവിൽ കെ.എസ്.ഇ.ബി.എൽ ഓഫീസുകളിൽ ഇ-മെയിൽ വഴിയോ നേരിട്ടോ അപേക്ഷ നൽകേണ്ടതാണ്. പ്രസ്തുത അപേക്ഷകൾ പരിഗണിച്ചാണ് കുടിശ്ശിക തുകയ്ക്ക് ഗഡുക്കൾ അനുവദിക്കുന്നത്. ഗഡുക്കളായി മാറ്റിയിട്ടുള്ള വൈദ്യുതിബിൽ തുക ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല.

## വൈദ്യുതി ചാർജ്ജ് വർദ്ധനവ്

**236 (627)** ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:

ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വൈദ്യുതി ബോർഡിന്റെ സാമ്പത്തിക ബാദ്ധ്യത നീക്കാനാണോ നിരക്ക് വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനമെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിൽ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തെ നിലവിലുള്ള വൈദ്യുതിചാർജ്ജ് പരിഷ്കരിക്കുന്നതിന് കെ. എസ്.ഇ. ബി. ലിമിറ്റഡ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ ഒരു പെറ്റീഷൻ 10-02-2022-ൽ സമർപ്പിച്ചിട്ടുണ്ട്. നിരക്കുവർദ്ധനവിന്റെ കാര്യത്തിൽ പൊതുജനാഭിപ്രായം തേടിയതിനുശേഷം മാത്രമേ (പൊതു തെളിവെടുപ്പ് ഉൾപ്പെടെ) വർദ്ധനവിന്റെ കാര്യത്തിൽ റെഗുലേറ്ററി കമ്മീഷൻ അന്തിമ തീരുമാനമെടുക്കുകയുള്ളൂ. സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള അധികാരം, വൈദ്യുതി നിയമം-2003 ലെ 42, 65, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. വിതരണ കമ്പനികളുടെ സാമ്പത്തിക

ബാധ്യതയുടെ അടിസ്ഥാനത്തിലല്ല വൈദ്യുതിചാർജ്ജ് പരിഷ്കരിക്കുന്നത്, മറിച്ച് വരും വർഷങ്ങളിലേയ്ക്കുള്ള കമ്പനിയുടെ പ്രതീക്ഷിത ചെലവും, പ്രതീക്ഷിത വരവും തമ്മിലുള്ള അന്തരത്തിന്റെ അടിസ്ഥാനത്തിലാണ്. നിലവിൽ 08-07-2019-ലെ താരിഫ് ഉത്തരവുപ്രകാരമാണ് വൈദ്യുതിചാർജ്ജ് ഈടാക്കി വരുന്നത്. അതായത് കഴിഞ്ഞ മൂന്ന വർഷമായി സംസ്ഥാനത്ത് വൈദ്യുതിചാർജ്ജ് വർദ്ധിപ്പിച്ചിട്ടില്ല. കഴിഞ്ഞ കാലയളവിൽ സംസ്ഥാനത്തുണ്ടായ പ്രളയങ്ങൾ, കോവിഡ് മഹാമാരികൾ എന്നിവ വൈദ്യുതി ബോർഡിന്റെ വരുമാനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. റെഗുലേറ്ററി കമ്മീഷൻ, കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന താരിഫ് നിർണ്ണയ ചട്ടങ്ങൾ പ്രകാരം, കെ.എസ്.ഇ.ബി.എൽ അതിന്റെ പ്രതീക്ഷിത വരവുചെലവുകണക്കുകളിൽ മേൽ കമ്മീഷൻ മുമ്പാകെ പെറ്റീഷൻ (ARR&ERC) സമർപ്പിക്കാറുണ്ട്. ഇതിന്മേൽ പൊതുതെളിവെടുപ്പ് നടത്തുകയും, നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം വ്യക്തമായ പരിശോധന നടത്തി, അംഗീകരിക്കപ്പെടുന്ന റവന്യൂകമ്മിയും കെ.എസ്.ഇ.ബി.എൽ സമർപ്പിക്കുന്ന താരിഫ് പെറ്റീഷനും കൂടി കണക്കിലെടുത്താണ് നിരക്കുകൾ പരിഷ്കരിക്കുന്നത്. ഇപ്രകാരം റവന്യൂകമ്മി

നിജപ്പെടുത്തുമ്പോൾ, പ്രധാനമായും കണക്കാക്കുന്ന ചിലവിനങ്ങൾ താഴെ പറയുന്നവയാണ്

a) വൈദ്യുതിയുടെ ഉൽപാദന വാങ്ങൽ - ചെലവുകൾ (Generation & Power Purchase Cost)

b) പ്രവർത്തന പരിപാലന ചെലവുകൾ (Operation & maintenance cost)

c) പലിശ ചെലവുകൾ (interest and finance charges)

d) മൂലധന ഓഹരിയുടെ മടക്കവിഹിതം (Return on equity)

e) തേയ്മാന ചെലവുകൾ (Depreciation) ടി ചെലവിനങ്ങൾ, കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങളിലെ വ്യവസ്ഥകളും, മാനദണ്ഡങ്ങളും അനുസരിച്ച് നിജപ്പെടുത്തുന്നു. Operation & Maintenance Cost-ൽ ഉൾപ്പെടുന്ന ശമ്പള വർദ്ധന ചെലവും, സാമ്പത്തിക ബാധ്യതകളുണ്ടാക്കുന്ന മറ്റു ചെലവുകളും (പ്രധാനമായും Power purchase cost, Interest and Finance charge മുതലായവ) വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ നിയന്ത്രിക്കുന്നതിനാൽ, മുൻകാല കുടിശ്ശിക തുകകൾ താരിഫ് വർദ്ധനവിലൂടെ ഉപഭോക്താക്കൾക്ക് അധികഭാരം ഉണ്ടാക്കുന്നില്ല. കൂടാതെ ARR&ERC ഉത്തരവിലൂടെ

അംഗീകരിക്കപ്പെടുന്ന റവന്യൂകമ്മിയുടെ ഒരുഭാഗം മാത്രമേ താരിഫ് പരിഷ്കരണത്തിലൂടെ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കാൻ നിലവിൽ കമ്മീഷൻ അനുവദിക്കുന്നുള്ളൂ. കെ. എസ്. ഇ. ബി. ലിമിറ്റഡിന്റെ 2017-18 കാലയളവ് വരെയുള്ള ട്രൂയിങ് അപ്പ് പ്രകാരം അംഗീകരിക്കപ്പെട്ടിട്ടുള്ളതും എന്നാൽ താരിഫിലൂടെ നികത്തപ്പെടാത്തതുമായ കമ്മി 6864.13 കോടി രൂപയാണ്. കൂടാതെ 2018-19 മുതൽ 2020-21 വരെയുള്ള സമർപ്പിക്കപ്പെട്ട ട്രൂ അപ്പ് പെറ്റീഷനും കൂട്ടിച്ചേർത്ത് 2020-21 സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടുകൂടി റവന്യൂ ഗ്യാപ്പ് 8919 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ടി റവന്യൂ ഗ്യാപ്പ് കുറഞ്ഞ ഒരു അളവിലെങ്കിലും നികത്തേണ്ടത് കമ്പനിയുടെ നിലനിൽപ്പിന് അനിവാര്യമായി തീർന്നിരിക്കുന്നു. കൂടാതെ ഉൽപാദന പ്രസരണവിതരണമേഖലകളിൽ അവശ്യംവേണ്ട മുതൽമുടക്ക് അനിവാര്യമായി വന്നിട്ടുണ്ട്. ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ നൽകുന്നതിന് അടുത്ത അഞ്ചു വർഷത്തേക്കുള്ള മുതൽമുടക്ക് ഏകദേശം 28419 കോടി രൂപ വരും. ഇക്കാരണങ്ങളാലാണ് കുറഞ്ഞ ഒരളവിലെങ്കിലും നിരക്ക് പരിഷ്കരണത്തിനുള്ള ശുപാർശകൾ സമർപ്പിക്കേണ്ടതായി വന്നത്.

(ബി) വൈദ്യുതിനിരക്ക് വർദ്ധിപ്പിക്കാൻ റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഗാർഹിക ഉപഭോക്താക്കളുടെ ഫിക്സഡ് ചാർജ്

ഉൾപ്പെടെ വർദ്ധിപ്പിക്കാൻ കമ്മീഷൻ മുൻപാകെ ആവശ്യപ്പെടാനുണ്ടായ അടിയന്തിര സാഹചര്യം വിശദമാക്കാമോ?

സംസ്ഥാനത്തെ നിലവിലുള്ള വൈദ്യുതി ചാർജ് പരിഷ്കരിക്കുന്നതിന് കെ. എസ്.ഇ. ബി. ലിമിറ്റഡ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ ഒരു പെറ്റീഷൻ 10-02-2022-ൽ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ഊർജ്ജ മന്ത്രാലയം നിയമിച്ചിട്ടുള്ള കമ്മിറ്റികളും, നീതി ആയോഗും തയ്യാറാക്കിയ റിപ്പോർട്ടുകളിൽ വിതരണ കമ്പനികൾ ഉപഭോക്താക്കളിൽ വൈദ്യുതിചാർജ്ജ് ഈടാക്കുന്ന Two Part tariff -ൽ (1. എനർജി ചാർജ്, 2. ഫിക്സഡ് ചാർജ്) ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന ഫിക്സഡ് ചാർജ്ജിൽ, വിതരണ കമ്പനികൾക്ക് ഫിക്സഡ് ചാർജ്ജിന്റെ രൂപത്തിൽ ചെലവാകുന്ന തുക പ്രതിഫലിക്കണമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. 2020-21 -ൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഫിക്സഡ് ചാർജ്ജിനത്തിൽ 9660 കോടി രൂപ ചെലവായപ്പോൾ കേവലം 2438 കോടി രൂപയാണ് ഉപഭോക്താക്കളിൽനിന്നും ഫിക്സഡ് ചാർജ്ജിനത്തിൽ ഈടാക്കാൻ കഴിഞ്ഞത്. ഇക്കാലയളവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി വാങ്ങിയ ഇനത്തിൽ നൽകിയ ഫിക്സഡ് ചാർജ്ജ് 2974 കോടി രൂപ വരും. ബോർഡ്, ഫിക്സഡ് ചാർജ്ജിനത്തിൽ നൽകിയ തുകയെങ്കിലും ഫിക്സഡ്

ചാർജ്ജിന്റെ രൂപത്തിൽ ഉപഭോക്താക്കളിൽനിന്നും ഈടാക്കാനുള്ള ശിപാർശകളാണ് നൽകിയിട്ടുള്ളത്. നിലവിൽ 15.84 % മാത്രമാണ് ഫിക്സഡ് ചാർജ്ജിന്റെ (ആകെ ഫിക്സഡ് ചാർജ്ജിന്റെ) രൂപത്തിൽ ലഭ്യമാകുന്നതെങ്കിൽ ശുപാർശ പ്രകാരം 20.91% മാത്രമേ ലഭ്യമാകുകയുള്ളൂ.

(സി) നിരക്ക് വർദ്ധനവ് എന്നുമുതൽ പ്രാബല്യത്തിൽ വരുത്താനാണ് തീരുമാനിച്ചിരിക്കുന്നത്?

നിരക്ക് പരിഷ്കരിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിച്ച നിർദ്ദേശങ്ങൾ കമ്മീഷന്റെ പരിഗണനയിലാണ്. വൈദ്യുതി നിയമവും താരിഫ് ചട്ടങ്ങളും നിഷ്കർഷിക്കുന്ന എല്ലാ നടപടിക്രമങ്ങളും (പൊതു തെളിവെടുപ്പുൾപ്പെടെ) പാലിച്ചുകൊണ്ടുമാത്രമേ വർദ്ധനവിന്റെ കാര്യത്തിൽ റെഗുലേറ്ററി കമ്മീഷൻ അന്തിമതീരുമാനമെടുക്കുകയുള്ളൂ.

(ഡി) കോവിഡ് പ്രതിസന്ധിമൂലം കഷ്ടതയനുഭവിക്കുന്ന സാധാരണക്കാർക്ക് വൈദ്യുതി ബോർഡിന്റെ നിരക്ക് വർദ്ധിപ്പിക്കാനുള്ള തീരുമാനം കാരണം ഉണ്ടാകാനിടയുള്ള ആഘാതം വിലയിരുത്തിയിട്ടുണ്ടോ?

കഴിഞ്ഞ കാലയളവിൽ സംസ്ഥാനത്തുണ്ടായ പ്രളയങ്ങൾ, കോവിഡ് മഹാമാരികൾ എന്നിവ വൈദ്യുതി ബോർഡിന്റെ വരുമാനത്തെ

ദോഷകരമായി ബാധിച്ചിട്ടുണ്ട്. അടുത്ത അഞ്ച് വർഷത്തേയ്ക്കുള്ള താരിഫ് പരിഷ്കരണ ശിപാർശകളാണ് നൽകിയിട്ടുള്ളത്. ഇക്കാലയളവിലെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ചെലവിനങ്ങളിലുള്ള പ്രതീക്ഷിത വർദ്ധനവ്, വികസനപ്രവർത്തനങ്ങൾക്ക് അവശ്യംവേണ്ട മൂലധനനിക്ഷേപം മുതലായവയ്ക്കുവേണ്ടി കെ.എസ്.ഇ.ബി.ലിമിറ്റഡിനുള്ള ഏക വരുമാനം വൈദ്യുതി ചാർജ്ജിലൂടെയാണ് ലഭ്യമാകുന്നത്. 2021 സാമ്പത്തികവർഷത്തിന്റെ അവസാനത്തോടുകൂടി റവന്യൂ ഗ്യാപ്പ് 8919 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഇക്കാരണങ്ങളാൽ ടി റവന്യൂ ഗ്യാപ്പ് കുറഞ്ഞ ഒരു അളവിലെങ്കിലും നികത്തേണ്ടത് കമ്പനിയുടെ നിലനിൽപ്പിന് അനിവാര്യമായി തീർന്നിരിക്കുന്നു. ഈ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും, കോവിഡാനന്തരകഷ്ടതകൾ കണക്കിലെടുത്ത് നിലവിൽ ഉപഭോക്താക്കൾക്ക് നൽകിവരുന്ന ഇളവുകൾ തുടർന്നുകൊണ്ടുള്ള താരിഫ് പരിഷ്കരണനിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്.

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും ലഭിക്കാനുള്ള കുടിശ്ശിക പിരിച്ചെടുത്തുകൊണ്ടു വൈദ്യുതിചാർജ്ജ് വർദ്ധനവിൽനിന്നും സാധാരണജനങ്ങളെ മുക്തരാക്കാൻ സർക്കാർ മുൻകയ്യെടുക്കുമോ എന്ന് വ്യക്തമാക്കുമോ?

കുടിശ്ശിക പിരിച്ചെടുക്കലും താരിഫ് പരിഷ്ക്കരണവും തമ്മിൽ ബന്ധമില്ലാത്ത തരത്തിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായമാണ് (Accrual Account System) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അനുവർത്തിച്ചുവരുന്നത്. സർക്കാർ അക്കൗണ്ടിംഗ് സമ്പ്രദായത്തിൽനിന്ന് വിഭിന്നമായി ബിൽ ചെയ്യപ്പെടുന്ന തുക മുഴുവൻ വരുമാനമായി കണക്കിലെടുക്കുകയും ചെയ്യുന്ന അക്കൗണ്ടിംഗ് സമ്പ്രദായമായതിനാൽ പിരിഞ്ഞു. കിട്ടാനുള്ള കുടിശ്ശിക ഒന്നുംതന്നെ നികത്താനുള്ള റവന്യൂകമ്മിയിൽ പ്രതിഫലിക്കുന്നില്ല; റെഗുലേറ്ററി കമ്മീഷൻ നിരക്കുകൾ പുതുക്കുമ്പോൾ പ്രധാനമായും കണക്കാക്കുന്ന മുഴുവൻ ചെലവുകളും വരുംവർഷങ്ങളിലെ പ്രതീക്ഷിത ഉപഭോഗത്തിന് നിലവിലുള്ള നിരക്കിൽ കണക്കാക്കിയെടുക്കുന്ന മൊത്തം വരുമാനവും തമ്മിലുള്ള അന്തരമാണ് പരിഗണിക്കുന്നത്. ഇപ്രകാരം മൊത്ത വരുമാനം കണക്കാക്കുമ്പോൾ വിൽപ്പന നടത്തുന്ന മുഴുവൻ വൈദ്യുതിയുടെ വിലയാണ് (കുടിശ്ശിക ഇല്ലാതെ പിരിച്ചെടുത്താൽ ലഭ്യമാകുന്ന തുക) പരിഗണിക്കുന്നത്. ആയതിനാൽ കുടിശ്ശിക പിരിച്ചെടുക്കലിന് താരിഫ് പരിഷ്ക്കരണവുമായി ബന്ധമില്ല.

**വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷൻ**

**237 (628)** <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ തുടങ്ങാനാണ് വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രാരംഭഘട്ടമായി ആറു ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി വൈദ്യുത ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 07-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ ചാർജ്ജിംഗ് സ്റ്റേഷനുകളുടെ വിവരം താഴെ ചേർക്കുന്നു.

1. നേമം, തിരുവനന്തപുരം

2. ഓലൈ, കൊല്ലം

3. പാലാരിവട്ടം, എറണാകുളം

4. വിയ്യൂർ, തൃശ്ശൂർ

5. നല്ലളം, കോഴിക്കോട്

6. ചൊവ്വ, കണ്ണൂർ ഇതിനു പുറമെ എല്ലാ ജില്ലകളിലുമായി 56 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനങ്ങൾകൂടി

നടന്നുവരികയാണ്. ഇതോടൊപ്പം 10 പോൾ മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ കോഴിക്കോട് ജില്ലാ കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇരുചക്ര, മുച്ചക്ര (e-auto) വാഹനങ്ങൾക്കായി സ്ഥാപിക്കുകയും 09-10-2021-ന് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തു. തുടർന്ന് 1140 ചാർജ്ജിംഗ് പോയിന്റുകൾ കേരളത്തിലുടനീളം സ്ഥാപിക്കുന്നതിനായി KSEBL തുടക്കമിട്ടിട്ടുണ്ട്. സംസ്ഥാനത്ത് വൈദ്യുതി വകുപ്പിനുകീഴിൽ അനെർട്ട് മുഖേന ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനായി ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. പൊതുസ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രകാരം 10 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. 6 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. ഹോട്ടലുകൾ, മാളുകൾ, സ്വകാര്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിലായി സൗരോർജ്ജ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നതിനുള്ള പദ്ധതി പ്രകാരം 5 സ്റ്റേഷനുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ചാർജ്ജിംഗ് സ്റ്റേഷനുകളിൽ ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ എന്ന് അറിയിക്കാമോ?

കെ.എസ്.ഇ.ബി.എൽ.-ന്റെ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ ഒരു യൂണിറ്റിന് 13 രൂപ + GST ആണ് നിശ്ചയിച്ചിരിക്കുന്നത്. പോൾ മൗണ്ടഡായി സ്ഥാപിച്ചിരിക്കുന്ന സ്ലോ ചാർജ്ജിംഗ് പോയിന്റുകളിൽ യൂണിറ്റിന് 9 രൂപ + GST ആണ് നിശ്ചയിച്ചിരിക്കുന്ന നിരക്ക്. സംസ്ഥാനത്ത് അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുള്ള പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ 2021 നവംബർ മുതൽ ഒരു വർഷത്തേയ്ക്ക് താൽക്കാലികമായി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ ചുവടെ ചേർക്കുന്നു.

1. രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരെ യൂണിറ്റിന് 12 രൂപ

2. വൈകുന്നേരം 6 മണി മുതൽ രാത്രി 10 മണി വരെ യൂണിറ്റിന് 15 രൂപ

3. രാത്രി 10 മണി മുതൽ രാവിലെ 06.00 മണി വരെ യൂണിറ്റിന് 15 രൂപ

### കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന് കെ.എസ്.ഇ.ബി യുടെ ഭൂമി വിട്ടുനൽകാൻ നടപടി

**238 (629)** ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ ആദിവാസി വിഭാഗങ്ങൾക്കുൾപ്പെടെ പ്രാഥമിക ചികിൽസ ലഭിക്കേണ്ട കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന് കെ.എസ്.ഇ.ബി.-യുടെ കൈവശമുള്ള ഭൂമി വിട്ടുനല്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ?

കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന് കെ.എസ്.ഇ.ബി.-യുടെ ഭൂമി വിട്ടുനൽകുന്നതിനായി കുരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ചിട്ടുള്ള അപേക്ഷ KSEBL-ന് കിട്ടിയിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നതിന് അവശ്യം വേണ്ട റവന്യൂ രേഖകൾ ശേഖരിച്ചുകൊണ്ട് ബോർഡ് തീരുമാനമെടുക്കുന്നതിനുവേണ്ട നടപടികൾ പുരോഗമിക്കുന്നു.

(ബി) കക്കയം കുടുംബാരോഗ്യകേന്ദ്രത്തിന്റെ ആധുനികവൽക്കരണത്തിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും വേണ്ടി കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള ഭൂമി വിട്ടുനൽകുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ?

കക്കയം കുടുംബാരോഗ്യകേന്ദ്രത്തിന് കെ.എസ്.ഇ.ബി.-യുടെ ഭൂമി വിട്ടുനൽകുന്നതിനായി കുരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ചിട്ടുള്ള അപേക്ഷ KSEBL-ന് കിട്ടിയിട്ടുണ്ട്. പ്രസ്തുത

അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നതിന് അവശ്യംവേണ്ട റവന്യൂ രേഖകൾ ശേഖരിച്ചുകൊണ്ട് ബോർഡ് തീരുമാനമെടുക്കുന്നതിനുവേണ്ട നടപടികൾ പുരോഗമിക്കുന്നു.

**പാറശാല നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി.എൽ ഓഫീസുകൾ**

**239 (630)** ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ളതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ കെ.എസ്.ഇ.ബി. ഓഫീസുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

പാറശാല നിയോജക മണ്ഡലത്തിൽപ്പെടുന്ന മാരായമുട്ടം, പാറശാല, വെള്ളറട, കുന്നത്തുകാൽ, ഒറ്റശേഖരമംഗലം എന്നീ സെക്ഷൻ ഓഫീസുകൾ വാടക കെട്ടിടത്തിലും, കള്ളിക്കാട് സബ് സെന്റർ, അമ്പൂരി സെക്ഷൻ ഓഫീസ് എന്നിവ പഞ്ചായത്ത് കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. 110 കെ.വി. പാറശ്ശാല സബ്സ്റ്റേഷനും, 33 കെ.വി. വെള്ളറട സബ്സ്റ്റേഷനും ബോർഡിന്റെ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓരോ കെ.എസ്.ഇ.ബി. ഓഫീസുകൾക്കുമുള്ള വാടക നിരക്ക് എത്രയാണെന്ന് അറിയിക്കാമോ?

| കെ.എസ്.ഇ.ബി. ഓഫീസുകൾ | പ്രതിമാസ വാടക നിരക്ക് |
|---|---|
| മാരായമുട്ടം | 13750/- രൂപ |
| പാറശ്ശാല | 16000/- രൂപ |
| വെള്ളറട | 15000/- രൂപ |
| കുന്നത്തുകാൽ | 17000 രൂപ |
| ഒറ്റശേഖരമംഗലം | 6600/- രൂപ |

അമ്പൂരി സെക്ഷനും കള്ളിക്കാട് സബ് സെന്ററും പഞ്ചായത്ത് കെട്ടിടത്തിൽ സൗജന്യമായി പ്രവർത്തിക്കുന്നു.

(സി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത കെ.എസ്.ഇ.ബി. ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഏന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സൗജന്യമായി ഭൂമി ലഭിക്കുകയാണെങ്കിൽ കെട്ടിടം നിർമിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(ഡി) പാറശാല നിയോജകമണ്ഡലത്തിൽ ഏതൊക്കെ സ്ഥലത്താണ് ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കാൻ

ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത ചാർജ്ജിംഗ് സ്റ്റേഷനുകൾ എന്നത്തേയ്ക്ക് പ്രവർത്തനമാരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ 6 സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ പാറശ്ശാല MLA - യുടെ നിർദ്ദേശപ്രകാരം സ്ഥാപിക്കുന്നതിനായി തീരുമാനിച്ചിരിക്കുന്നു, പ്രസ്തുത സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു. മൂന്ന് മാസങ്ങൾക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

| ക്രമനമ്പർ | പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ |
|---|---|
| 1 | പുത്തൻ കട |
| 2 | കൊല്ലയിൽ/ധനുവച്ചപുരം |
| 3 | കുന്നത്തുകാൽ ജംഗ്ഷൻ |
| 4 | പെരുങ്കടവിള ജംഗ്ഷൻ |
| 5 | വെള്ളറട - കാരാമൂട് |
| 6 | മണ്ഡപത്തിൻകടവ് |

## പുരപ്പുറ സൗരോർജ്ജ പദ്ധതി

**240 (631)** <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരപ്പുറ സൗരോർജ്ജ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പുരപ്പുറ സൗരോർജ്ജപദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഗാർഹീക ഉപഭോക്താക്കൾക്ക് സബ്സിഡി ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭിക്കാനായി നിലവിലുള്ള 3 എംപാനൽ ചെയ്ത ഡെവലപ്പർമാരെ കൂടാതെ 37 ഡെവലപ്പർമാരെകൂടി പദ്ധതിയുടെ ഭാഗമായി പുതുതായി എംപാനൽ ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിനായി ഏകജാലക സംവിധാനമായ ഇ-കിരൺ മാനേജ്മെന്റ് പോർട്ടൽ, ട്രാക്കിംഗ് സംവിധാനത്തോടെ വികസിപ്പിച്ച് പൊതുജനങ്ങൾക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഉപഭോക്താക്കൾക്ക് സൗരപദ്ധതിയെ സംബന്ധിച്ച സഹായങ്ങൾ നൽകാനായി ഇലക്ട്രിക്കൽ സെക്ഷൻ തലത്തിലും സർക്കിൾ തലത്തിലും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയ (എം.എൻ.ആർ.ഇ.) ത്തിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി നടപ്പിലാക്കിവരുന്നു. ഈ

പദ്ധതി പ്രകാരം 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്. ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി വ്യാപകമാക്കുന്നതിനായി 'സൗരതേജസ്സ്' എന്ന പേരിൽ പ്രത്യേക ക്യാമ്പയിൻ അനെർട്ട് നടത്തിവരുന്നു. കാലതാമസം ഒഴിവാക്കുന്നതിനും, സുതാര്യത ഉറപ്പിക്കുന്നതിനുംവേണ്ടി ഉപഭോക്താക്കൾ ഈ പദ്ധതിക്കുള്ള അപേക്ഷ സമർപ്പിക്കുന്നത് മുതൽ പ്ലാന്റ് സ്ഥാപിക്കുന്നത് വരെയുള്ള എല്ലാ നടപടിക്രമങ്ങളും നിർവ്വഹിക്കുന്നതിന് ‘ ബൈ മൈ സൺ’ എന്ന ഓൺലൈൻ പോർട്ടൽ അനെർട്ട് സജ്ജമാക്കിയിട്ടുണ്ട്.

(ബി) ടി പദ്ധതിയിൽ ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും കേന്ദ്ര സർക്കാർ ടി പദ്ധതിക്കായി ധനസഹായം നല്കുന്നുണ്ടോയെന്നും സബ്സിഡി നൽകുന്നത് എങ്ങനെയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത സൗര പുരപ്പുറ സബ്സിഡി പദ്ധതിയിൽ ചേരുന്നതിന് അപേക്ഷകൻ KSEBL-ന്റെ ഉപഭോക്താവായിരിക്കണം. കൂടാതെ അപേക്ഷകന് സ്വന്തമായി പ്ലാന്റ് സ്ഥാപിക്കാൻ അനുയോജ്യമായ പുരപ്പുറം

ഉണ്ടായിരിക്കണം. സബ്സിഡി ഒഴിവാക്കി ബാക്കി തുക ഉപഭോക്താവ് അടയ്ക്കേണ്ടതാണ്. സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമുള്ളതാണ്. ഇതിന്റെ ഭാഗമായി 1 മുതൽ 3 km ശേഷി വരെയുള്ള നിലയങ്ങൾക്ക് 40 ശതമാനം സബ്സിഡിയും, 4 മുതൽ 10 കിലോവാട്ട് ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW ന് 40% വും തുടർന്ന് ഓരോകിലോവാട്ടിനും 20% വും സബ്സിഡി എന്ന രീതിയിലാണ് കേന്ദ്രസർക്കാർ സബ്സിഡി നൽകുന്നത്. അപേക്ഷകൾ മുൻഗണനാക്രമത്തിലാണ് പരിഗണിക്കുന്നത്. ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്. കെ.എസ്.ഇ.ബി.എൽ. എംപാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് പ്ലാൻറ് സ്ഥാപിക്കുന്നത്. സബ്സിഡി, പ്ലാൻറ് സ്ഥാപിക്കുന്ന കമ്പനികൾക്ക് കെ.എസ്.ഇ.ബി.എൽ. മുഖേന കേന്ദ്ര സർക്കാർ നൽകുന്നതാണ്.

(സി) പാരമ്പര്യേതര ഊർജ്ജ ഉറവിടങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പാരമ്പര്യേതര ഊർജ്ജഉറവിടങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ 185 MW സ്ഥാപിതശേഷിയുള്ള 8 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. വിശദവിവരം അനുബന്ധം (1) ആയി+ ചേർക്കുന്നു. കൂടാതെ ' 16 ജലവൈദ്യുത പദ്ധതികൾ പുതുതായി ആവിഷ്കരിക്കുന്നതിന് ലക്ഷ്യമിടുന്നു. വിശദവിവരം അനുബന്ധം (2) ആയി+ ചേർക്കുന്നു. പാരമ്പര്യേതര ഊർജ്ജ ഉറവിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് താഴെപറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു:

1) നെന്മാറ ഗ്രൗണ്ട് മൗണ്ടഡ് സോളാർ പദ്ധതി, പാലക്കാട് - 1 MW.

2) ബ്രഹ്മപുരം ഗ്രൗണ്ട് മൗണ്ടഡ് സോളാർ- 4 MW.

3) PM KUSUM-Component A,C.

4) ഫ്ലോട്ടിംഗ് സോളാർ പദ്ധതി - 100 MW.

5) ഹൻഡ് പ്ലാന്റ് - 100 MW.

6) ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റ്, ഏറ്റുമാനൂർ - 1MW

7) ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) - 10MW/50MW.

പാരമ്പര്യേതര ഊർജ്ജ ഉറവിടങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തുന്നതിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭാഗമായി KSEBL നടപ്പാക്കിയ ഒരു പദ്ധതിയാണ് 'സൗര'. ഇതിൽ 2019-20 വർഷത്തേക്ക് 50 MW ഉം 2020-21 വർഷത്തേയ്ക്ക് 200 MW ഉം ഉൾപ്പെടുത്താനാണ് കേന്ദ്ര നവപുനരുപയോഗ ഊർജ്ജമന്ത്രാലയം (MNRE) അനുമതി നൽകിയത്. ഇതിന്റെ അടിസ്ഥാനത്തിൽ നടത്തിയ ടെണ്ടറിന്റെ ഫലമായി 04-12-2020-ൽ 3 കമ്പനികളെ എംപാനൽ ചെയ്തു. ഇതുകൂടാതെ പുതുതായി 37 ഡെവലപ്പർമാരെ കൂടി പദ്ധതി ത്വരിതഗതിയിലാക്കാൻ എംപാനൽ ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പ് പുരോഗതിയിലാണ്. പാരമ്പര്യേതര ഊർജ്ജ ഉറവിടങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തുന്നതിന് അനെർട്ട് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. സൗരോർജ്ജത്തെ നമ്മുടെ വൈദ്യുതി ആവശ്യത്തിനായി വിനിയോഗിക്കുന്നതിനുള്ള സംവിധാനമായ സോളാർ പവർ പ്ലാന്റുകൾ വീടുകളിലും, സ്ഥാപനങ്ങളിലും വ്യാപകമാക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. ഇതിനായി ബോധവൽക്കരണ പരിപാടികൾ, ടെക്നീഷ്യൻമാർക്കുള്ള പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതാണ്.

2. കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നതിനുള്ള പ്രധാനമന്ത്രി-കുസും പദ്ധതി സംസ്ഥാനത്ത് വ്യാപകമാക്കുന്നതാണ്.

3. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4. ഇലക്ട്രിക് കാറുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഇവയ്ക്കാവശ്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ വ്യാപകമാകുന്നതാണ്. ഇത് സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിപ്പിക്കുന്നതാണ്. ആയതിനാൽ ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലലഭ്യതയുള്ള സ്റ്റേഷനുകളിൽ ഇതിനായുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള

പഠനപ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തിവരുന്നു. അനുയോജ്യമായി കണ്ടെത്തുന്ന സ്ഥലങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടെ കാറ്റാടി പാടങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പാരമ്പര്യേതര ഊർജ്ജ ഉറവിടങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ മുഖേന ആനക്കാംപൊയിൽ (8 MW), അരിപ്പാറ ചെറുകിട ജല വൈദ്യുത പദ്ധതി (4 MW) എന്നിവ കമ്മീഷൻ ചെയ്ത് ഗ്രിഡിലേക്ക് ബന്ധിപ്പിച്ചിട്ടുണ്ട്. അതുകൂടാതെ കനാലുകളിലെ ഒഴുക്കിൽനിന്നും ഹൈഡ്രോ കൈനറ്റിക് സാങ്കേതികം, പീക്കോ/ മൈക്രോ ഹൈഡ്രോ/മൈക്രോ വിൻഡ്/ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാങ്കേതിക വിദ്യകൾ വഴിയുള്ള ഊർജ്ജ ഉത്പാദനത്തിനുള്ള സാധ്യതാ പഠനവും, പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണത്തിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ മൂലത്തറ ലെഫ്റ്റ് ബാങ്ക് ഇറിഗേഷൻ കനാലിൽ 25kW ന്റെയും, ഇടുക്കി ജില്ലയിൽ ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയ്സിൽ 25 kW ന്റെയും ഹൈഡ്രോ കൈനറ്റിക് സാങ്കേതിക വിദ്യ അവലംബിച്ചുകൊണ്ടുള്ള പൈലറ്റ് പദ്ധതികൾ നടപ്പിലാക്കുവാനുള്ള വർക്ക് ഓർഡറുകൾ എംപാനൽ ചെയ്യപ്പെട്ട സാങ്കേതിക വിദഗ്ദ്ധ കമ്പനികൾക്ക് നൽകിയിട്ടുണ്ട്. പൈലറ്റ് പദ്ധതിയുടെ

വിജയം കണക്കിലെടുത്തുകൊണ്ട് മൂലത്തറയിൽ 3 MW വരെ ഉത്പാദനം വർദ്ധിപ്പിക്കുവാൻ വേണ്ട പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, സഹകരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ SPV രൂപീകരിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇ.എം.സി. തദ്ദേശസ്വയംഭരണ വകുപ്പിനും, സഹകരണ വകുപ്പിനും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകളുടെ നിർദേശം ലഭിയ്ക്കുന്നമുറയ്ക്ക് ഇ.എം.സി. SHP സെൽ തീരുമാനിച്ച് വച്ചിട്ടുള്ള പദ്ധതികൾ ഈ മാതൃകയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

**പുരപ്പുറ സൗരനിലയം പദ്ധതി**

**241 (632)** <u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വകുപ്പ് ഗാർഹിക ഉപഭോക്താക്കൾക്കുവേണ്ടി വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച പുരപ്പുറ സൗരനിലയം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ടി പദ്ധതിയിൽ അപേക്ഷിച്ച അപേക്ഷകരുടെ സീനിയോരിറ്റി പ്രകാരമാണോ പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കാമോ?

സൗര സബ്സിഡി പദ്ധതിയിൽ ഗാർഹിക ഉപഭോക്താക്കൾക്കായി 2019-20 വർഷത്തിലാണ് കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം അനുമതി നൽകിയത്. 2019-20 വർഷത്തേയ്ക്ക് 50 മെഗാവാട്ടും 2020-21 വർഷത്തേയ്ക്ക് 200 മെഗാവാട്ടുമാണ് അനുമതി ലഭിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ നടത്തിയ ടെണ്ടറിന്റെ ഫലമായി 04-12-2020 ൽ 3 കമ്പനികളെ എംപാനൽ ചെയ്തു. ഇതുകൂടാതെ, പുതുതായി 37 ഡെവലപ്പർമാരെക്കൂടി പദ്ധതി നിർവ്വഹണം ത്വരിതഗതിയിലാക്കാൻ എംപാനൽ ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിനായി, ഇ-കിരൺ മാനേജ്മെന്റ് പോർട്ടൽ വികസിപ്പിച്ച് പൊതുജനങ്ങൾക്കായി സമർപ്പിച്ചിട്ടുണ്ട്. ഇത് ഒരു ഏകജാലക സംവിധാനമാണ്. നിലവിൽ സൗര സബ്സിഡി പദ്ധതിയിൽ 5.298 മെഗാവാട്ട് നിലയങ്ങൾ പൂർത്തീകരിച്ചു. അപേക്ഷിക്കുന്നവരുടെ സീനിയോറിറ്റി ക്രമത്തിലാണ് ഡെവലപ്പർക്ക് വർക്ക് ഓർഡർ നൽകുന്നത്. എന്നാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖേനയല്ലാതെ കൺസ്യൂമർക്ക് നേരിട്ടോ, ഡെവലപ്പർ മുഖേനയോ, അനെർട്ട് മുഖേനയോ സൗരനിലയം സ്ഥാപിക്കാൻ അപേക്ഷിക്കാവുന്നതാണ്.

(ബി) കോവിഡ് മഹാമാരി തുടരുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയ്ക്ക് അനുവദിച്ചിരിക്കുന്ന സബ്സിഡി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ?

കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ നിലവിൽ പ്രസ്തുത പദ്ധതിയ്ക്ക് അനുവദിച്ച സബ്സിഡി ഉയർത്തുവാനുള്ള തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

**ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി**

**242 (633)** ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് നവീകരണത്തിന്റെ ഭാഗമായി റോഡ് വീതികൂട്ടുമ്പോൾ നേരത്തേ സ്ഥാപിച്ചിരുന്ന ഇലക്ട്രിക് പോസ്റ്റുകൾ റോഡിലേക്ക് തള്ളി നിൽക്കുന്നത് വാഹന ഗതാഗതത്തിന് തടസ്സമാകുന്നതും അപകടങ്ങൾക്ക് കാരണമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിനാവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ പി.ഡബ്ല്യൂ.ഡി. ഒടുക്കുന്നമുറയ്ക്ക്

മാറ്റിസ്ഥാപിച്ചുവരുന്നു.

(ബി) കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽ തദ്ദേശ റോഡുകളിൽ ഉൾപ്പെടെ ഇത്തരം ഇലക്ട്രിക് പോസ്റ്റുകൾ റോഡിലേക്ക് തള്ളി നിൽക്കുന്നത് മാറ്റി സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്നും ആയതിന്റെ ചുമതല ആർക്കാണെന്നും വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അപേക്ഷ കിട്ടുന്നമുറയ്ക്ക് കെ.എസ്.ഇ.ബി.എൽ. എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും, ആവശ്യമായ തുക അടക്കുന്നമുറയ്ക്ക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതത് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ തുടർനടപടികൾക്കായി സ്വീകരിക്കേണ്ടതുണ്ട്.

## ഭൂഗർഭ വൈദ്യുത ലൈനുകൾ സ്ഥാപിക്കൽ

**243 (634)** <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ മിച്ചൻ ജംഗ്ഷൻ, നൂറനാട് പടനിലം ക്ഷേത്ര ജംഗ്ഷൻ, ചുനക്കര തിരുവൈര്യൂർ മഹാദേവ ക്ഷേത്ര ജംഗ്ഷൻ

എന്നീ പ്രദേശങ്ങളിൽ ഭൂഗർഭ വൈദ്യുതലൈനുകൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ മിച്ചൽ ജംഗ്ഷനിൽ ഭൂഗർഭ കേബിളുകളിടുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല. എന്നാൽ മാവേലിക്കര മണ്ഡലത്തിലെ പ്രധാന ക്ഷേത്രങ്ങളായ നൂറനാട് പടനിലം ക്ഷേത്രം, ചുനക്കര ക്ഷേത്രം എന്നിവയുടെ പരിസരപ്രദേശങ്ങളിൽ എ.ബി.സി. യു.ജി. കേബിൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. നൂറനാട് പടനിലം ക്ഷേത്ര പരിസരത്തെ പ്രവൃത്തികൾക്കായി 1,18,61,846 രൂപയുടെ എസ്റ്റിമേറ്റും, ചുനക്കര ക്ഷേത്ര പരിസരത്തെ പ്രവൃത്തികൾക്കായി 61,00,000 രൂപയുടെ എസ്റ്റിമേറ്റുമാണ് തയ്യാറാക്കിയിട്ടുള്ളത്. നൂറനാട് പടനിലം ക്ഷേത്രം പ്രവൃത്തി ഫെബ്രുവരി 2020-ൽ നടന്ന വൈദ്യുതി അദാലത്തിൽ, ടി പ്രവൃത്തിയുടെ തുക അടവാക്കുന്നതിൽ ഇളവ് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി, പടനിലം ക്ഷേത്രഭരണ സമിതിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി കാര്യം പരിശോധിക്കുകയും, അദാലത്ത് കമ്മിറ്റി തീരുമാനപ്രകാരം, എസ്റ്റിമേറ്റ് തുകയിൽ 25% ഇളവ് അനുവദിച്ചുകൊണ്ട് ബാക്കി തുക അപേക്ഷകൻ ഒടുക്കിയാൽ മതിയെന്ന് ഉത്തരവാകുകയും ചെയ്തു. അപേക്ഷകൻ തുക

ഒടുക്കുന്നതനുസരിച്ച് റോഡ് കട്ടിങ്ങിനുള്ള അനുമതിയും ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. ചുനക്കര ക്ഷേത്ര പരിസരത്തെ പ്രവൃത്തി ഫെബ്രുവരി 2020-ൽ നടന്ന വൈദ്യുതി അദാലത്തിൽ ചുനക്കര അമ്പലത്തിലെ കെട്ടുത്സവത്തോട് ബന്ധപ്പെട്ട് ഉണ്ടാകുന്ന വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനുവേണ്ടിയുള്ള മേൽപ്രവൃത്തിയുടെ തുക അടവാക്കുന്നതിൽ ഇളവ് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി, തിരുവൈരൂർ ദേവസ്വം ഭരണസമിതി ചുനക്കരയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, ടി കാര്യം പരിശോധിക്കുകയും, അദാലത്ത് കമ്മിറ്റി തീരുമാനപ്രകാരം എസ്റ്റിമേറ്റ് തുകയിൽ ഉൾപ്പെട്ട 15.6 ലക്ഷം രൂപയുടെ പ്രവൃത്തി PMU-PMSU വർക്കുകളിൽ വിഭാവനം ചെയ്തിട്ടുള്ളതാണെന്നും ബാക്കി തുകയായ 45.4 ലക്ഷം രൂപയിൽ 25% ഇളവ് അനുവദിച്ചതിനുശേഷമുള്ള തുകയായ 34.05 ലക്ഷം രൂപ മാത്രം അപേക്ഷകൻ ഒടുക്കിയാൽ മതിയെന്ന് ഉത്തരവാകുകയും ചെയ്തു. മുൻ MLA ശ്രീ. ആർ. രാജേഷ് 25-09-2020- ൽ നൽകിയ കത്ത് പ്രകാരം, ടി പ്രവൃത്തിക്ക് ആവശ്യപ്പെട്ട 34.05 ലക്ഷം രൂപ, എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിക്കുവാൻ സമ്മതം അറിയിച്ചതിൻപ്രകാരം, ചുനക്കര അമ്പലത്തിലെ കെട്ടുകാഴ്ച

സഞ്ചരിയ്ക്കുന്നവഴി, കെട്ടുകാഴ്ചകളുടെ ഉയരം എന്നിവ ദേവസ്വം ഭരണസമിതിയുമായി ആലോചിച്ചതിനുശേഷം വിശദമായ എസ്റ്റിമേറ്റ് സഹിതം ആലപ്പുഴ ജില്ലാകളക്ടർക്ക് 01/07/2021-ൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ മുൻ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്ന കാര്യത്തിൽ സംശയം പ്രകടിപ്പിച്ചതിനെത്തുടർന്ന് നിലവിലെ ബഹുമാനപ്പെട്ട എം.എൽ.എ.-യോട് ടി തുക അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് മാവേലിക്കര ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി.എൽ. അപേക്ഷിച്ചിട്ടുണ്ട്.

## ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനും പോയിന്റുകളും

**244 (635)** ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഓരോ നിയോജക മണ്ഡലത്തിലും ചാർജിംഗ് പോയിന്റും ചാർജിംഗ് സ്റ്റേഷനും സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

(ബി) പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന വ്യക്തമാക്കുമോ;

(സി) തിരുവമ്പാടി മണ്ഡലത്തിലെ സ്റ്റേഷനും പോയിന്റുകളും ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ-സി) ഈ പദ്ധതി പ്രകാരം 31.01.2022 ന് ബന്ധപ്പെട്ട കമ്പനിയുമായി നിർമ്മാണപ്രവർത്തനത്തിനുള്ള കരാറിൽ ഏർപ്പെട്ടിരിക്കുകയും പദ്ധതി പൂർത്തീകരണത്തിനായി 6 മാസത്തെ സമയപരിധി നൽകുകയും ചെയ്തിരിക്കുന്നു. മാർച്ച് മാസത്തിൽ 140 ചാർജ്ജിംഗ് പോയിന്റുകളും തുടർന്നുള്ള ഓരോ മാസത്തിലും 250 ചാർജ്ജിംഗ് പോയിന്റുകളും പൂർത്തീകരിക്കുന്നതിനും 2022 ജൂലൈ മാസത്തോടെ 1140 ചാർജ്ജിംഗ് പോയിന്റുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. സർക്കാർ നിർദ്ദേശപ്രകാരം ഒരു നിയോജകമണ്ഡലത്തിൽ ചുരുങ്ങിയത് 5 ചാർജ്ജിംഗ് പോയിന്റുകളും കോർപ്പറേഷൻ ഏരിയ ഉൾപ്പെടുന്ന നിയോജകമണ്ഡലത്തിൽ 15 ചാർജ്ജിംഗ് പോയിന്റുകളും നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവമ്പാടി നിയോജക മണ്ഡലത്തിലെ എം.എൽ.എ. നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

a) ന്യൂ ബസ് സ്റ്റാൻഡ്

b) അഗസ്ത്യമുഴി തീനി ട്രാൻസ്ഫോർമറിനു സമീപം

c) തിരുവമ്പാടി-പുന്നക്കൽ റോഡ്

d) കൂടരഞ്ഞി ബസ് സ്റ്റാൻഡ്

e) കോടഞ്ചേരി ബസ് സ്റ്റാൻഡ് പുതുപ്പാടി, അടിവാരം പരിസരത്ത് ഒരു ഡി.സി ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷന്റെ നിർമ്മാണം പുരോഗമിക്കുന്നു.

**ചാർജ്ജിംഗ് സ്റ്റേഷനുകൾ**

**245 (636)** <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ കീഴിൽ മലപ്പുറം ജില്ലയിൽ ഇലക്ട്രിക് വാഹനങ്ങളുടെ എത്ര ചാർജ്ജിംഗ് സ്റ്റേഷനുകൾക്കാണ് അനുമതിയായിട്ടുള്ളത്; ചാർജ്ജിംഗ് സ്റ്റേഷനുകൾ എവിടെയെല്ലാം എന്നത്തേക്ക് സ്ഥാപിക്കുവാൻ ആണ് ഉദ്ദേശിക്കുന്നതെന്നും മണ്ഡലം തിരിച്ചുള്ള പട്ടിക നൽകുമോ;

(സി) ഉയർന്ന ജനസംഖ്യയും ഭൂവിസ്തൃതിയുമുള്ള മണ്ഡലങ്ങളിൽ കൂടുതൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഒരു പഞ്ചായത്തിൽ ഒരു ചാർജ്ജിംഗ് സ്റ്റേഷനെങ്കിലും ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

(എ &സി) 3 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ താഴെ സൂചിപ്പിക്കുന്ന സ്ഥലങ്ങളിൽ കെ.എസ്.ഇ.ബി.എൽ. നിർവ്വഹിച്ചു വരുന്നു. 2 മാസങ്ങൾകൊണ്ട് പദ്ധതി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതോടൊപ്പം പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽകൂടി കെ.എസ്.ഇ.ബി.എൽ. ഏർപ്പെട്ടിരിക്കുന്നു. ഓരോ മണ്ഡലങ്ങളിലും ചുരുങ്ങിയത് 5 ചാർജ്ജിംഗ് പോയിന്റുകളും കോർപ്പറേഷൻ ഏരിയ ഉൾപ്പെട്ട നിയോജക മണ്ഡലങ്ങളിൽ 15 വീതം ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുക എന്ന സർക്കാർ തീരുമാനപ്രകാരം എം.എൽ.എ.-മാർ മണ്ഡലാടിസ്ഥാനത്തിൽ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങളുടെ പട്ടിക അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(ബി) ചാർജ്ജിംഗ് സ്റ്റേഷനുകളിൽ നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി വാഹന ഉടമകൾക്ക് യഥേഷ്ടം വാഹനം ചാർജ്ജ് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാണ്.

(ഡി) മലപ്പുറം മണ്ഡലത്തിലെ പൂല്പറ്റ പഞ്ചായത്തിൽ ഒരു ചാർജ്ജിംഗ് സ്റ്റേഷൻ കൂടി ആരംഭിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആവശ്യകതയനുസരിച്ച് ചാർജ്ജിംഗ് പോയിന്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഇ-വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ**

**246 (637)** ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുടനീളം ഇ-വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ വിന്യസിക്കുന്നത് ഉറപ്പാക്കുന്നതിനുള്ള സ്റ്റേറ്റ് നോഡൽ ഏജൻസിയായ കെ.എസ്.ഇ.ബി.എൽ. 2021-22 കാലയളവിൽ സംസ്ഥാനത്ത് എത്ര ഇ-വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് നൽകാമോ;

(ബി) ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; ഏതൊക്കെ ജില്ലയിൽ ഇതിന്റെ നിർമ്മാണം നടന്നുവരുന്നു; വിശദമാക്കാമോ?

(എ&ബി) പെട്രോൾവില വർദ്ധനവ് മൂലമുള്ള പ്രയാസം ഗണ്യമായി കുറയ്ക്കുക, പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുക, ഊർജ്ജ സുരക്ഷ ഉറപ്പാക്കുക തുടങ്ങിയ സുപ്രധാനമായ, അടുത്ത തലമുറയെ വരെ സ്വാധീനിക്കുന്ന വൻലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് വൈദ്യുതി വാഹനങ്ങൾക്ക്

അതീവ പ്രാധാന്യം നൽകിവരുന്നു. ഇതിന്റെ ഭാഗമായി കേരള സർക്കാർ ഇ-വെഹിക്കിൾ പോളിസി പുറത്തിറക്കിയിട്ടുണ്ട്. വൈദ്യുതി വാഹനങ്ങളുടെ ഉപയോഗത്തിനും വിപണിയുടെ ഉണർവിനും സുപ്രധാനമായ പങ്ക് വഹിക്കേണ്ടത് ചാർജ്ജിംഗ് സംവിധാനങ്ങളുടെ പര്യാപ്തതയാണ്. കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസിപ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലുമായി ഒരു ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. പ്രവർത്തിക്കുന്നു. പ്രാരംഭഘട്ടമായി ആറു ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 07-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു.

1. നേമം, തിരുവനന്തപുരം
2. ഓലൈ, കൊല്ലം

3. പാലാരിവട്ടം, എറണാകുളം

4. വിയ്യൂർ, തൃശ്ശൂർ

5. നല്ലളം, കോഴിക്കോട്

6. ചൊവ്വ, കണ്ണൂർ

ഇതിനുപുറമെ എല്ലാ ജില്ലകളിലുമായി 56 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ കൂടി നടന്നുവരികയാണ്. ഈ സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതായിരിക്കും. ജില്ലതിരിച്ചുള്ള 56 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ കണക്ക് ഇതോടൊപ്പം അനുബന്ധമായി+ ചേർക്കുന്നു. ഇതോടൊപ്പം 10 പോൾ മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ കോഴിക്കോട് ജില്ല കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇരുചക്ര, മുച്ചക്ര (e-auto) വാഹനങ്ങൾക്കായി സ്ഥാപിക്കുകയും 09.10.2021 ന് തുറന്നുകൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള വൈദ്യുതി വാഹന ചാർജ്ജിംഗ് പോയിന്റുകളുടെ ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. സ്വീകരിക്കുകയും 1140 ചാർജ്ജിംഗ് പോയിന്റുകൾ കേരളത്തിലുടനീളം 140

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മണ്ഡലങ്ങളിലുമായി സ്ഥാപിക്കുന്നതിന് തുടക്കമിടുകയും ചെയ്തിട്ടുണ്ട്. 6 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ഇ-മൊബിലിറ്റി ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിനാവശ്യമായ ഇതരപദ്ധതികളുടെ നടത്തിപ്പും സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിലുള്ള മറ്റ് ഉത്തരവാദിത്തങ്ങളും ബന്ധപ്പെട്ട ഏജൻസികളും ഗുണഭോക്താക്കളുമായി ചേർന്ന് കെ.എസ്.ഇ.ബി.എൽ. നിർവ്വഹിച്ചുവരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ വഴിയായി ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നതിന് സാധിക്കും.

## ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ

**247 (638)** <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ കെ.എസ്.ഇ.ബി. ഏതെല്ലാം സെന്ററുകളിലാണ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതെന്നും ഇവ എന്നേത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ;

(ബി) കൂടുതൽ സെന്ററുകളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) പുതുക്കാട് മണ്ഡലത്തിലെ താഴെ പറയുന്ന സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുമായി കെ.എസ്.ഇ.ബി.എൽ. മുന്നോട്ടുപോകുന്നു. (1) നെല്ലായി (2) പുതുക്കാട് (3) വരന്തരപ്പിള്ളി (4) പാലിയംകര (5) വല്ലച്ചിറ പദ്ധതി ആറു മാസത്തിനകം പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു. നിർമ്മാണ പൂർത്തീകരണത്തിനുശേഷം പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി തുടർവ്യാപനം നടത്തേണ്ടതിന്റെ ആവശ്യകതയനുസരിച്ച് കൂടുതൽ ചാർജ്ജിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നതായിരിക്കും.

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

**248 (639)** <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഉപഭോക്താക്കൾക്കായി കെ.എസ്.ഇ.ബി. നടപ്പിലാക്കിവരുന്ന പുരപ്പുറസൗരോർജ്ജ പദ്ധതിയുടെ സംസ്ഥാനതല പ്രവർത്തനപുരോഗതി വിശദമാക്കാമോ?

സൗര സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്കുവേണ്ടി മാത്രമുള്ളതാണ്. കൂടുതൽ ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം

ലഭിക്കാനായി നിലവിലുള്ള 3 എംപാനൽ ചെയ്ത ഡെവലപ്പർമാരെക്കൂടാതെ 37 ഡെവലപ്പർമാരെക്കൂടി പദ്ധതിയുടെ ഭാഗമായി പുതുതായി എംപാനൽ ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിനായി ഏകജാലക സംവിധാനമായ ഇ-കിരൺ മാനേജ്മെന്റ് പോർട്ടൽ, ട്രാക്കിംഗ് സംവിധാനത്തോടെ വികസിപ്പിച്ച് പൊതുജനങ്ങൾക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഉപഭോക്താക്കൾക്ക് സൗരപദ്ധതിയെ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കാനും രജിസ്ട്രേഷനുവേണ്ട സഹായങ്ങൾ നൽകാനുമായി ഇലക്ട്രിക്കൽ സെക്ഷൻ തലത്തിലും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ സൗരഫേസ് - II സബ്സിഡി സ്കീമിൽ 5.928 MW-ന്റെ സൗരനിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഗാർഹിക ഉപഭോക്താക്കൾക്കായി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിവരുന്ന പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിച്ചുവരുന്നു. ഈ പദ്ധതിയിൽ ഇതുവരെ 3,173 പേരിൽ നിന്ന് 12.2 മെഗാവാട്ട് ശേഷിയുള്ള നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചുകഴിഞ്ഞു. ഒരു മെഗാവാട്ടോളം ശേഷിയുള്ള നിലയങ്ങളുടെ നിർമ്മാണം പൂർത്തിയായിവരുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ ഈ പദ്ധതിയിലേയ്ക്കായി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്?

കോഴിക്കോട് ജില്ലയിൽ കെ.എസ്.ഇ.ബി.എൽ. മുഖേന ഈ പദ്ധതിയിലേയ്ക്കായി 3753 അപേക്ഷകളും അനെർട്ട് മുഖേന 126 പേരിൽ നിന്ന് 482 കിലോവാട്ട് ശേഷിയുള്ള നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകളും ലഭ്യമായിട്ടുണ്ട്.

(സി) എത്രയിടങ്ങളിൽ ഇതിനോടകം പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിൽ കെ.എസ്.ഇ.ബി.എൽ. മുഖേന സൗര സബ്സിഡി പദ്ധതിയിൽ 78 സൗരനിലയങ്ങളുടെയും അനെർട്ട് മുഖേന 10 സൗരോർജ്ജ പ്ലാന്റുകളുടെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

## ജലവൈദ്യുത പദ്ധതികളുടെ പുരോഗതി

**249 (640)** ശ്രീ. ടി. പി .രാമകൃഷ്ണൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂർത്തിയാക്കിയ ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അപ്പർകല്ലാർ (2 MW/5.14 Mu) ചാത്തൻകോട്ടുനട സ്റ്റേജ് II (6 MW/14.76 Mu) എന്നീ ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വൈദ്യുതോല്പാദനശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആനക്കാംപൊയിൽ (8 MW), അരിപ്പാറ ചെറുകിട ജല വൈദ്യുത പദ്ധതി (4 MW) എന്നിവ കമ്മീഷൻ ചെയ്യുകയും വൈദ്യുതി ഉല്പാദനം ആരംഭിക്കുകയും ഗ്രിഡിലേക്ക് ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ പ്രവൃത്തി നടന്നുവരുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; പ്രസ്തുത പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ?

ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പ്രോജക്ട് തുടങ്ങുമ്പോൾ തന്നെ ഒരു മൈക്രോ ഷെഡ്യൂൾ കോൺട്രാക്ടർ തയ്യാറാക്കി ബോർഡിൽ നിന്നും അപ്രൂവൽ വാങ്ങുന്നു. പ്രസ്തുത ഷെഡ്യൂൾ പ്രകാരം ജോലികൾ

മുന്നോട്ടുപോകാൻ ശ്രദ്ധിക്കുന്നു. മാത്രമല്ല കോൺട്രാക്ടറുമായി ഫീൽഡ്തലത്തിലും ഉന്നതതലത്തിലും യോഗങ്ങൾ ചേരുന്നുണ്ട്. നിലവിൽ പ്രവൃത്തി നടന്നുവരുന്ന ജലവൈദ്യുത പദ്ധതികളും അവയുടെ പുരോഗതിയും ഇപ്രകാരമാണ്.

| നമ്പർ | പദ്ധതി | ശേഷി |
|---|---|---|
| 1 | പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം | 60 MW |
| 2 | തൊട്ടിയാർ HEP | 40 MW |
| 3 | പൊരിങ്ങൽ കുത്ത് | 24 MW |
| 4 | പെരുവണ്ണാമൂഴി | 6 MW |
| 5 | പഴശ്ശിസാഗർ | 7.5 MW |
| 6 | ഭൂതത്താൻകെട്ട് | 24 MW |
| 7 | കുറ്റ്യാടി RMU പദ്ധതി | 3x25 MW to 3x 27.5 MW |

1. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (2x 30 MW) പ്രസ്തുത പദ്ധതിയുടെ ബാക്കിയുള്ള ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള കോൺട്രാക്ട് M/s TVPPL-KSK-FITWELL-BOOM-REHPL Consortium എന്ന കമ്പനിക്ക് 31-01-2022-ൽ നൽകിയിട്ടുണ്ട്. ജനുവരി 2023 നാണ് പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നത്.

2. തോട്ടിയാർ ജലവൈദ്യുത പദ്ധതി (1x10 MW + 1x30 MW) ബാക്കി ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ വിഭജിച്ച് ടെൻഡർ ക്ഷണിക്കുകയും പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നു. ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 50 % പൂർത്തീകരിച്ചു. ജൂലൈ 2022-ൽ പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

3. പൊരിങ്ങൽകുത്ത് SHEP (1x24 MW) പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 96.3% പൂർത്തീകരിച്ചു. ഏപ്രിൽ 2022-ൽ പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

4. പെരുവണ്ണാമൂഴി SHEP (2x3 MW) 25-01-2021-ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s കിർലോസ്കർ ബ്രദേഴ്സ് ലിമിറ്റഡ് എന്ന കമ്പനിക്ക് അവാർഡ് ചെയ്തു. ഡ്രായിങ്ങ് അപ്രൂവൽ പുരോഗമിക്കുന്നു. 2023 മാർച്ച് മാസം പൂർത്തീകരിക്കുവാനുദ്ദേശിക്കുന്നു.

5. പഴശ്ശിസാഗർ SHEP (3x2.5 MW) 25-01-2021-ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികൾ M/s കിർലോസ്കർ ബ്രദേഴ്സ് ലിമിറ്റഡ് എന്ന കമ്പനിക്ക് അവാർഡ് ചെയ്തു. ഡ്രായിങ്ങ് അപ്രൂവൽ പുരോഗമിക്കുന്നു. 2023 സെപ്റ്റംബർ മാസം പൂർത്തീകരിക്കുവാനുദ്ദേശിക്കുന്നു.

6. ഭൂതത്താൻകെട്ട് (3x8 MW) ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 86.61% പൂർത്തീകരിച്ചു. ചൈനയിൽനിന്നും സാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിനായി അഡ്വാൻസ് തുക കോൺട്രാക്ടർക്ക് കൊടുക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുമായി 28-12-2021-ൽ നടന്ന ചർച്ചയിൽ തീരുമാനമായിട്ടുണ്ട്.

7. കുറ്റ്യാടി RMU പദ്ധതി (3x25 MW to 3x27.5 MW) പ്രസ്തുത പദ്ധതിയുടെ പുനരുദ്ധാരണ, നവീകരണശേഷി വർദ്ധിപ്പിക്കലിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു. മോഡൽ ടെസ്റ്റിംഗ്, റിവേഴ്സ് എഞ്ചിനീയറിംഗ് പൂർത്തീകരിച്ചു. ഡ്രായിങ്ങ് അപ്രൂവൽ പുരോഗമിക്കുന്നു. 2023 സെപ്റ്റംബർ മാസം പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ഏപ്രിൽ 2022-ൽ പവർഹൗസിൽ ഇറക്ഷൻ ജോലികൾ തുടങ്ങുവാൻ ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ നിർമ്മാണ ഘട്ടത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധം -1 ആയി+ ചേർത്തിരിക്കുന്നു. നിലവിൽ വനം - റവന്യൂ വകുപ്പുകളുടെ വിവിധ തടസ്സങ്ങൾ പല പദ്ധതികളിലും നേരിടുന്നുണ്ട്. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിമാരുടെ നേതൃത്വത്തിൽ വിവിധ വകുപ്പ് തലത്തിലുള്ള ചർച്ചകൾ പുരോഗമിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇടുക്കി രണ്ടാം ജലവൈദ്യുത നിലയത്തിന്റെ നിർമ്മാണത്തിനാവശ്യമായ എന്തെല്ലാം പ്രാഥമികനടപടികൾ പൂർത്തിയായിട്ടുണ്ടെന്നും പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

ഇടുക്കി രണ്ടാം ഘട്ട വൈദ്യുതി നിലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ അനുമതികൾ (സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി, കേന്ദ്ര-വന പരിസ്ഥിതി മന്ത്രാലയം എന്നീ വകുപ്പുകളിൽ നിന്നും) ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിന്റെ മുന്നോടിയായി പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിന് വാപ്കോസ് (WAPCOS) എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്, നടപടികൾ പുരോഗമിക്കുന്നു. എല്ലാ അനുമതിയും ലഭിച്ചാൽ മാത്രമേ ടെണ്ടർ വിളിക്കുവാനും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുവാനും കഴിയുകയുള്ളൂ.

(ഡി) പ്രസ്തുത പദ്ധതിയിലൂടെ വൈദ്യുതി ഉല്പാദനതോത് എത്രമാത്രം വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

800 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധിക്കുമെന്നാണ് പ്രാഥമികമായി വിലയിരുത്തിയിട്ടുള്ളത്.

**നിലാവ് പദ്ധതി**

**250 (641)** <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ നിലാവ് പദ്ധതി പ്രകാരം എത്ര ലൈറ്റുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കാമോ?

നിലാവ് പദ്ധതി പ്രകാരം മാനന്തവാടി മണ്ഡലത്തിൽ 1110 ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) മാനന്തവാടി നഗരസഭയിൽ നിലാവ് പദ്ധതി പ്രകാരം എത്ര ലൈറ്റുകൾ ഏതെല്ലാം ഭാഗങ്ങളിൽ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കാമോ?

നിലാവ് പദ്ധതി പ്രകാരം മാനന്തവാടി നഗരസഭയിൽ 450 ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. നഗരസഭ ആവശ്യപ്പെട്ടതനുസരിച്ച് താഴെപ്പറയുന്ന സ്ഥലങ്ങളിലാണ് നിലാവ് പദ്ധതിയിൽപ്പെടുത്തി ലൈറ്റുകൾ സ്ഥാപിച്ചിരിക്കുന്നത്.

**ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ**

**251 (642)** <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യനിരക്കിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പദ്ധതി നിലവിലുണ്ട്. 1000 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും, 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും, സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകിവരുന്നു.

## ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ്

**252 (643)** <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗിനായി കെ.എസ്.ഇ.ബി. ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലുമായി ഒരു ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. പ്രവർത്തിക്കുന്നു. പ്രാരംഭഘട്ടമായി ആറു ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 07-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു.

1. നേമം, തിരുവനന്തപുരം

2. ഓലൈ, കൊല്ലം

3. പാലാരിവട്ടം, എറണാകുളം

4. വിയ്യൂർ, തൃശ്ശൂർ

5. നല്ലളം, കോഴിക്കോട്

6. ചൊവ്വ, കണ്ണൂർ

ഇതിനു പുറമേ എല്ലാ ജില്ലകളിലുമായി 56 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നു വരികയാണ്. ഇതോടൊപ്പം 10 പോൾ മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ കോഴിക്കോട് ജില്ല കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇരുചക്ര, മുച്ചക്ര (e-auto) വാഹനങ്ങൾക്കായി സ്ഥാപിക്കുകയും 09-10-2021-ന് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള വൈദ്യുതി വാഹന ചാർജ്ജിംഗ് പോയിന്റുകളുടെ ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. സ്വീകരിക്കുകയും 1140 ചാർജ്ജിംഗ് പോയിന്റുകൾ കേരളത്തിലുടനീളം സ്ഥാപിക്കുന്നതിനായി തുടക്കമിടുകയും ചെയ്തിട്ടുണ്ട്. 6 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ഇ-മൊബിലിറ്റി ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിന് ആവശ്യമായ ഇതര പദ്ധതികളുടെ നടത്തിപ്പും സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിലുള്ള മറ്റ് ഉത്തരവാദിത്തങ്ങളും ബന്ധപ്പെട്ട ഏജൻസികളും ഗുണഭോക്താക്കളുമായി ചേർന്ന് കെ.എസ്.ഇ.ബി.എൽ. നിർവ്വഹിച്ചുവരുന്നു. ഇത്തരത്തിലുള്ള

പ്രവർത്തനങ്ങൾ വഴി ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നതിന് സാധിക്കും.

(ബി) ഇലക്ട്രിക് പോസ്റ്റുകളിൽ ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ ചാർജ്ജിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്ന നടപടിയുടെ വിശദാംശങ്ങളും പുരോഗതിയും വ്യക്തമാക്കാമോ?

പദ്ധതി ടെണ്ടർ ചെയ്യുകയും 1140 ചാർജ്ജിംഗ് പോയിന്റുകൾ കേരളത്തിലുടനീളം 140 നിയോജകമണ്ഡലങ്ങളിലുമായി നിർമ്മിക്കുന്നതിനുള്ള കരാറിൽ ബന്ധപ്പെട്ട കമ്പനിയുമായി 31-01-2022-ന് ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. കരാറിൽ ഏർപ്പെട്ട ദിവസം മുതൽ 6 മാസം വരെയാണ് പദ്ധതിപൂർത്തീകരണത്തിന് അനുവദിച്ചിരിക്കുന്ന സമയപരിധി.

**പോൾ-മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ**

**253 (644)** ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പ് അവരുടെ പോളുകളിൽ തന്നെ ഇലക്ട്രിക് വാഹനങ്ങൾക്കായി ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ?

ആരംഭിച്ചിട്ടുണ്ട്.

(ബി) നിലവിൽ എത്ര ചാർജജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത് എന്നറിയിക്കാമോ?

നിലവിൽ കേരളം മുഴുവൻ 1140 ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) പാലക്കാട് ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ അനുവദിച്ചിട്ടുള്ള ചാർജിംഗ് സ്റ്റേഷനുകളുടെ എണ്ണം മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

സർക്കാർ നിർദ്ദേശപ്രകാരം ഒരു നിയോജകമണ്ഡലത്തിൽ ചുരുങ്ങിയത് 5 ചാർജ്ജിംഗ് പോയിന്റുകളും കോർപ്പറേഷൻ ഏരിയ ഉൾപ്പെടുന്ന നിയോജക മണ്ഡലങ്ങളിൽ 15 ചാർജ്ജിംഗ് പോയിന്റുകളും നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ എം.എൽ.എ.-മാർ നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളുടെയും ചാർജ്ജിംഗ് പോയിന്റുകളുടെയും എണ്ണം മണ്ഡലാടിസ്ഥാനത്തിൽ അനുബന്ധമായി+ ചേർക്കുന്നു.

**നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് പുതുതായി നടപ്പാക്കിയ പ്രവൃത്തികൾ**

**254 (645)** <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ വൈദ്യുതിവകുപ്പ് പുതുതായി ഏതൊക്കെ പ്രവൃത്തികളാണ് നടപ്പാക്കിയതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തികൾക്കും എത്ര തുക വീതമാണ് വിനിയോഗിച്ചതെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൻകീഴിൽ 2021-22 സാമ്പത്തിക വർഷത്തിൽ വൈദ്യുതവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

2021-22-ൽ നെയ്യാറ്റിൻകര വൈദ്യുതി ഭവനിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഒരു DC fast ചാർജ്ജിംഗ് സ്റ്റേഷന്റെ പണി പുരോഗമിച്ചുവരുന്നു. ഇതിന് ഏകദേശം 25 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ സൗരപദ്ധതി പ്രകാരം 12 സൗരനിലയങ്ങൾ സ്ഥാപിച്ചു (46 kwp). പ്രസ്തുത സൗരനിലയങ്ങൾക്കായി ഏകദേശം 20,70,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

**ഇലക്ട്രിക് വാഹനങ്ങൾക്കുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ**

**255 (646)** ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ പ്രവർത്തനക്ഷമമാക്കുന്ന നടപടികളിലെ പുരോഗതി അറിയിക്കാമോ;

(ബി) നഗരസഭയും ആറ് ഗ്രാമപഞ്ചായത്തുകളും സർക്കാർ മെഡിക്കൽ കോളേജും ഉൾപ്പെടെ നിരവധി സുപ്രധാന സ്ഥാപനങ്ങളുള്ള ചാത്തന്നൂർ മണ്ഡലത്തിൽ കൂടുതൽ വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ & ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ചുവടെ ചേർക്കുന്ന സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

1. ടൗൺ ബസ് സ്റ്റാന്റിന് സമീപം

2. ആദിച്ചനെല്ലൂർ ടൗൺ

3. പൂതക്കുളം ഹൈസ്കൂളിനു സമീപം

4. പാരിപ്പള്ളി ടൗണിലുള്ള ലക്ഷ്മി ഹോട്ടലിന് സമീപം

5. ചാത്തന്നൂർ നിന്നും തിരുവനന്തപുരത്തേയ്ക്കുള്ള ബസ് സ്റ്റാന്റിന് സമീപം.

31-01-2022-ൽ പ്രവൃത്തിക്കായുള്ള കരാറിൽ ഏർപ്പെടുകയും കേരളത്തിലുടനീളം 1140 ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നു.

**വേനൽക്കാലത്ത് വൈദ്യുതി തടസ്സമില്ലാതെ ഉറപ്പാക്കാൻ മുന്നൊരുക്കം**

**256 (647)** ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വേനൽക്കാലത്ത് വൈദ്യുതി തടസ്സമില്ലാതെ ഉറപ്പാക്കാൻ മുന്നൊരുക്കം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ?

സംസ്ഥാനത്ത് വേനൽക്കാലത്ത് വൈദ്യുതി തടസ്സമില്ലാതെ ഉറപ്പാക്കുന്നതിനായി വൈദ്യുതിയുടെ ആവശ്യകത മുൻകൂട്ടി കണക്കാക്കി കുറവുള്ള വൈദ്യുതി സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്നതിനുള്ള വിവിധ കരാറുകളിൽ ഏർപ്പെടാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദീർഘകാല കരാറുകൾ വഴി ഏകദേശം 1111 മെഗാവാട്ട് വൈദ്യുതി ലഭ്യമായിട്ടുണ്ട്. വേനൽക്കാലത്തെ (ജനുവരി മുതൽ ജൂൺ വരെയുള്ള

മാസങ്ങൾ) അധിക ആവശ്യകത നിറവേറ്റുന്നതിനായി അടുത്ത 3 വർഷത്തേക്ക് 270 മെഗാവാട്ട് വൈദ്യുതി സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങുന്നതിനുള്ള മദ്ധ്യകാലകരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കേന്ദ്ര വിഹിതമായി 1641 മെഗാവാട്ട് വൈദ്യുതി ലഭിക്കുന്നുണ്ട്. പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നും 75 മെഗാവാട്ട് (Wind) കരാറാക്കിയിട്ടുള്ളതുകൂടാതെ സൗര വൈദ്യുതി വാങ്ങാനുള്ള കരാറുകളിലും കെ.എസ്.ഇ.ബി.എൽ. ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ ഹ്രസ്വകാല കരാറുകൾ വഴി വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. 2022 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ പീക്ക് സമയങ്ങളിലെ (വൈകിട്ട് 6 മണി മുതൽ 11 മണിവരെ) വർദ്ധിച്ച വൈദ്യുതി ഉപഭോഗം കണക്കാക്കി അതിനനുസരിച്ച് പുറമേ നിന്നും SWAP സംവിധാനം വഴി വൈദ്യുതി എത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. SWAP സംവിധാനം പ്രകാരം വൈദ്യുതി ആവശ്യകത കൂടിയ വേനൽ മാസങ്ങളിൽ വൈദ്യുതി വാങ്ങുകയും ആവശ്യകത കുറവുള്ള മൺസൂൺ മാസങ്ങളിൽ തിരികെ നൽകുകയും ചെയ്യുന്നു. കൂടാതെ DEEP PORTAL വഴി ആവശ്യമുള്ള വൈദ്യുതി വാങ്ങാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വേനൽക്കാലത്ത് കൂടുതലായി ഉണ്ടാകുന്ന വൈദ്യുതി ഉപഭോഗം പരിഗണിച്ച് ലൈനുകളും മറ്റും പൂർണ്ണ അളവിൽ ഉപയുക്തമാക്കുന്ന

തരത്തിൽ സബ്സ്റ്റേഷനുകളിലെ ട്രാൻസ്ഫോർമറുകളുടെയും മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചുവരുന്നു.

## കെ.എസ്.ഇ.ബി. എൽ. കാട്ടാക്കട സർക്കിൾ പ്രദേശത്ത് ഇലക്ട്രിക് പോസ്റ്റുകൾ

**257 (648)** ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. കാട്ടാക്കട സർക്കിൾ പ്രദേശത്ത് ഇലക്ട്രിക് പോസ്റ്റുകൾ നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഇലക്ട്രിക് പോസ്റ്റ് ലഭിക്കാത്തതുകാരണം പല കണക്ഷനുകളും നൽകാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

(എ&ബി) നിലവിലുണ്ടായിരുന്ന 8m/140kg ഇലക്ട്രിക് പോസ്റ്റ് വാങ്ങുന്നതിനായി പൂർത്തീകരിച്ച ദർഘാസ് നടപടികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുമൂലം ഉപേക്ഷിക്കേണ്ടിവരികയും, തുടർന്ന് 8m/140kg യ്ക്ക് പകരം 8m/200kg പോസ്റ്റുകൾ നിർമ്മിക്കുന്നതിന് പുതുതായി ദർഘാസ് ക്ഷണിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തന്മൂലം കാട്ടാക്കട ഉൾപ്പെടെ കേരളത്തിലെ എല്ലാ വിതരണ മേഖലയിലും പോസ്റ്റ് കിട്ടാൻ

കാലതാമസം ഉണ്ടായിട്ടുണ്ട്. പ്രസ്തുത പോസ്റ്റിന്റെ കുറവ് പരിഹരിക്കുന്നതിന് ത്വരിതഗതിയിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ, അടുത്ത രണ്ട് വർഷത്തേയ്ക്കുള്ള ഇലക്ട്രിക് പോസ്റ്റുകളുടെ ആവശ്യകത മുൻകൂട്ടി കണ്ടുകൊണ്ട് പുതിയ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടിക്രമങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിച്ചുവരുന്നു.

**കൊണ്ടോട്ടി മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ**

**258 (649)** ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പ്രവൃത്തി നടക്കുന്ന വിവിധ പദ്ധതികൾ ഏതെല്ലാമെന്നും പുതുതായി പരിഗണനയിലുള്ള പദ്ധതികൾ ഏതെല്ലാമെന്നും വിശദമാക്കുമോ?

കൊണ്ടോട്ടി മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ 10 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും നിലവിലെ 3 ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയും 1.46 കി.മീ എൽ.ടി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുന്ന പ്രവൃത്തിയും പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ 14 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനും 64 കി.മീ. എൽ.ടി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റാനും ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) 8 മീറ്റർ നീളമുള്ള ഇലക്ട്രിക് പോസ്റ്റുകളുടെ അഭാവം പദ്ധതികൾ പൂർത്തീകരിക്കുന്നതിന് തടസ്സം നിൽക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആവശ്യത്തിന് ഇലക്ട്രിക് പോസ്റ്റുകൾ സർക്കിൾ മുഖേന വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) മീറ്റർ നീളമുള്ള ഇലക്ട്രിക് പോസ്റ്റുകളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയുടെ വിതരണം ത്വരിതപ്പെടുത്തുന്നതിനും ഭാവിയിലെ ആവശ്യം കണക്കാക്കി കൂടുതൽ വാങ്ങുന്നതിനായിട്ടുള്ള ദർഘാസ് നടപടികളും യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിച്ചുവരുന്നു. നിലവിലുള്ള കരാർ പ്രകാരം പോസ്റ്റുകൾ സർക്കിൾ മുഖേനയാണ് വിതരണം നടത്തിവരുന്നത്.

## വൈദ്യുതി കണക്ഷൻ നൽകുന്നതിലേയ്ക്കാവശ്യമായ സാധന സാമഗ്രികളുടെ ക്ഷാമം

**259 (650)** ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വൈദ്യുതി വകുപ്പിൽ സാധന സാമഗ്രികളുടെ ക്ഷാമം ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതെല്ലാം സാമഗ്രികളുടെ കുറവാണുള്ളതെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ;

(സി) വൈദ്യുതി പോസ്റ്റ് ഇല്ലാത്തതുകൊണ്ട് കണക്ഷൻ യഥാസമയത്ത് നൽകാൻ പറ്റുന്നില്ലായെന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; &

(ഡി) എങ്കിൽ പോസ്റ്റ് ലഭ്യമല്ലാത്തതുകൊണ്ട് അപേക്ഷിച്ച എത്ര പേർക്ക് കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടില്ലെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ?

(എ-ഡി) ഉണ്ട്. പ്രധാനമായും പോസ്റ്റുകളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോസ്റ്റുകളുടെ ദൗർലഭ്യം മൂലം വൈദ്യുത കണക്ഷനുകൾ യഥാസമയത്ത് നല്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 23 സെക്ഷനുകളിലായി ആകെ 335 അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകുവാനുണ്ട്. സെക്ഷൻ തിരിച്ച് വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) പോസ്റ്റ് ക്ഷാമവും മറ്റു സാമഗ്രികളുടെയും കുറവും എപ്പോൾ പരിഹരിക്കുമെന്ന് വ്യക്തമാക്കാമോ?

നിലവിലുണ്ടായിരുന്ന 8m/140 Kg ഇലക്ട്രിക് പോസ്റ്റ് വാങ്ങുന്നതിനായി പൂർത്തീകരിച്ച ദർഘാസ് നടപടികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ്ുമൂലം ഉപേക്ഷിക്കേണ്ടിവരികയും തുടർന്ന് 8m/140 Kg യ്ക്ക് പകരം 8m/200 Kg പോസ്റ്റുകൾ നിർമ്മിക്കുന്നതിന് പുതുതായി ദർഘാസ് ക്ഷണിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തന്മൂലം കാസർഗോഡ് ഉൾപ്പെടെ കേരളത്തിലെ എല്ലാ വിതരണമേഖലയിലും പോസ്റ്റ് കിട്ടാൻ കാലതാമസം ഉണ്ടായിട്ടുണ്ട്. അക്കാരണത്താൽ പ്രസ്തുത പോസ്റ്റിന്റെ കുറവ് പരിഹരിക്കുന്നതിന് ത്വരിതഗതിയിൽ അഡീഷണൽ ഓർഡർ നൽകുവാൻ വേണ്ട നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. ഇതുകൂടാതെ, അടുത്ത രണ്ട് വർഷത്തേയ്ക്കുള്ള ഇലക്ട്രിക് പോസ്റ്റുകളുടെ ആവശ്യകത മുൻകൂട്ടി കണ്ടുകൊണ്ട് പുതിയ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടിക്രമങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിച്ചുവരുന്നു.

**കീരംപാറ പഞ്ചായത്തിലെ 8-ാം വാർഡിലെ വോൾട്ടേജ് ക്ഷാമം**

**260 (651)** <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കീരംപാറ പഞ്ചായത്തിലെ 8-ാം വാർഡിൽ പെരുമണ്ണൂർ, അമ്പലംപടി ഭാഗങ്ങളിലെ അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് പ്രദേശവാസികൾ കെ.എസ്.ഇ.ബി. കീരംപാറ സെക്ഷൻ ഓഫീസ് വഴി നല്കിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിവേദനത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

(സി) വോൾട്ടേജ് പ്രശ്നം കാരണം പ്രദേശവാസികളുടെ ഗൃഹോപകരണങ്ങൾ ഉൾപ്പെടെ നാശനഷ്ടം നേരിടുന്ന സാഹചര്യം കണക്കിലെടുത്തുകൊണ്ടും പ്രദേശവാസികളുടെ നിവേദനം പരിഗണിച്ചും അടിയന്തിരമായി പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; &

(ഡി) വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിനായി പുതിയ ട്രാൻസ്ഫോർമർ എന്നത്തേക്ക് സ്ഥാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ബി-ഡി) പ്രസ്തുത മേഖലകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി മേഖലയിലെ പെരുമണ്ണൂർ മിനറൽ വാട്ടർ ട്രാൻസ്ഫോർമർ പരിധിയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുന്നതിന് പദ്ധതി തയ്യാറാക്കിവരുന്നു.

## വൈദ്യുതി താരിഫ്

**261 (652)** ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഉപയോക്താക്കൾക്കും ഗാർഹികേതര ഉപയോക്താക്കൾക്കുമുള്ള വൈദ്യുതി താരിഫ് ഏത് രീതിയിലാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ വിവിധവിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള അധികാരം, വൈദ്യുതി നിയമം 2003-ലെ 42, 65, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. നിലവിൽ 08-07-2019-ൽ റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് ഉത്തരവുപ്രകാരമാണ് വൈദ്യുതിചാർജ്ജ് ഈടാക്കിവരുന്നത്. ഗാർഹിക ഗാർഹികേതര വിഭാഗങ്ങൾക്കുള്ള നിലവിലുള്ള നിരക്ക് പ്രതിപാദിക്കുന്ന സംസ്ഥാന

വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് ഷെഡ്യൂൾ ഇതോടൊപ്പം അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) വാർഷിക വരുമാനം കുറവുള്ള ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജിനത്തിലും കണക്ഷൻ ചാർജ്ജിനത്തിലും എന്തെല്ലാം ഇളവുകളാണ് നൽകിവരുന്നത്; ഈ ആനുകൂല്യത്തിനുള്ള അർഹത കണക്കാക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ?

നിലവിലുള്ള താരിഫ് ഉത്തരവുപ്രകാരം, പ്രതിമാസം 40 യൂണിറ്റുവരെ ഉപഭോഗമുള്ളതും, 1000 വാട്ട്സിൽ താഴെ കണക്ടഡ് ലോഡുള്ളതും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതുമായ ഉപഭോക്താക്കൾക്ക് 1.50 രൂപ നിരക്കിൽ നൽകിവരുന്ന വൈദ്യുതി, കണക്ടഡ് ലോഡ് വ്യത്യാസമില്ലാതെ പ്രതിമാസ ഉപഭോഗം 50 യൂണിറ്റുവരെയുള്ളവർക്ക് ഗവൺമെന്റ് സബ്സിഡി മുഖേന യൂണിറ്റൊന്നിന് 1.50 രൂപ നിരക്കിൽതന്നെ 30-12-2021 മുതൽ നൽകുന്നുണ്ട്. ഇതുമൂലം 22300 ഗാർഹിക ഉപഭോക്താക്കൾക്ക് ഇളവുകൾ ലഭിക്കുമെന്നാണ് കരുതുന്നത്. താഴെപ്പറയുന്ന രേഖകളുടെ അടിസ്ഥാനത്തിൽ വൈദ്യുതിചാർജ്ജിലുള്ള ഇളവുകൾ നൽകിവരുന്നു. 1. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബമാണെന്ന് തെളിയിക്കുന്ന റേഷൻ കാർഡിന്റെ പകർപ്പോ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തീരുമാനത്തിന്റെ പകർപ്പോ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹാജരാക്കേണ്ടതാണ്. 2. വീടിന്റെ കണക്റ്റഡ് ലോഡ് 1000 വാട്ട്സോ അതിനു താഴെയോ ആണെന്നുള്ള ഉപഭോക്താവിന്റെ സ്വയം സാക്ഷ്യപ്പെടുത്തൽ.

(സി) കണക്ടഡ് ലോഡിൽ പിന്നീട് വർദ്ധനവ് വരുത്തിയാൽ ഈ ആനുകൂല്യം നഷ്ടപ്പെടുമോയെന്ന് വ്യക്തമാക്കാമോ?

കണക്ടഡ് ലോഡിൽ വർദ്ധനവ് വരുത്തിയാൽ വൈദ്യുതി ചാർജ്ജിലുള്ള ആനുകൂല്യം നഷ്ടമാകും.

## വൈദ്യുതി നിരക്ക് വർദ്ധനവ്

**262 (653)** ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിനിരക്ക് വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി. റെഗുലേറ്ററി കമ്മീഷന് ശിപാർശ നൽകുകയുണ്ടായോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ?

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള അധികാരം, വൈദ്യുതി നിയമം-2003 ലെ 42, 65, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി

റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. നിലവിലുള്ള വൈദ്യുതിചാർജ്ജ് പരിഷ്കരിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ ഒരു പെറ്റീഷൻ 10-02-2022-ൽ സമർപ്പിച്ചിട്ടുണ്ട്. വൈദ്യുതി നിയമവും, താരിഫ് ചട്ടങ്ങളും നിഷ്കർഷിക്കുന്ന എല്ലാ നടപടിക്രമങ്ങളും (പൊതു തെളിവെടുപ്പ് ഉൾപ്പെടെ) പാലിച്ചുകൊണ്ടുമാത്രമേ വർദ്ധനവിന്റെ കാര്യത്തിൽ റെഗുലേറ്ററി കമ്മീഷൻ അന്തിമതീരുമാനമെടുക്കുകയുള്ളൂ.

(ബി) എങ്കിൽ ഏത് നിരക്കിലുള്ള വർദ്ധനവ് ആയിരിക്കും ഓരോ മേഖലയ്ക്കും നിലവിൽ വരികയെന്ന് അറിയിക്കുമോ?

നിരക്ക് പരിഷ്കരിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിച്ച നിർദ്ദേശങ്ങൾ കമ്മീഷന്റെ പരിഗണനയിലാണ്.

(സി) സംസ്ഥാന വൈദ്യുതി ബോർഡിന് കുടിശ്ശികയിനത്തിൽ എത്ര രൂപയാണ് പിരിഞ്ഞ ുകിട്ടാനുള്ളതെന്ന് അറിയിക്കാമോ?

സംസ്ഥാന വൈദ്യുതി ബോർഡിന് കുടിശ്ശികയിനത്തിൽ 31-12-2021-ൽ അവസാനിക്കുന്ന കാലയളവിൽ 2771.14 കോടി രൂപയാണ് പിരിഞ്ഞു കിട്ടുവാനുള്ളത്.

(ഡി) ഇതിൽ ഒരുകോടിയിലേറെ തുക കുടിശ്ശികവരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെയും അവർ വരുത്തിയ കുടിശ്ശിക തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഒരു കോടിയിലേറെ തുക കുടിശ്ശികവരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെയും തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ഇ) ഈ കുടിശ്ശിക തുകയിൽ നിയമനടപടികളിൽപ്പെട്ട് കുരുങ്ങിക്കിടക്കുന്ന തുക എത്രയാണ്?

ഈ കുടിശ്ശിക തുകയിൽ നിയമനടപടികളിൽപ്പെട്ട് കുരുങ്ങിക്കിടക്കുന്ന തുക 286.76 കോടി ആണ്.

(എഫ്) ഈ കുടിശ്ശികതുക ഉടനടി പിരിച്ചെടുത്താൽ ഈ നിരക്ക് വർദ്ധനവ് ഒഴിവാക്കാനാകുമെന്നുള്ള വിദഗ്ദ്ധാഭിപ്രായം സർക്കാർ പരിഗണിക്കുകയുണ്ടായോ?

കുടിശ്ശിക പിരിച്ചെടുക്കലും താരിഫ് പരിഷ്കരണവും തമ്മിൽ ബന്ധമില്ലാത്തതരത്തിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായമാണ് (Accrual Account System) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അനുവർത്തിച്ചുവരുന്നത്. സർക്കാർ അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ നിന്ന് വിഭിന്നമായി ബിൽ ചെയ്യപ്പെടുന്ന തുക മുഴുവൻ വരുമാനമായി കണക്കിലെടുക്കുകയും ചെയ്യുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അക്കൗണ്ടിംഗ് സമ്പ്രദായമായതിനാൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശികയൊന്നും തന്നെ നികത്താനുള്ള റവന്യൂകമ്മിയിൽ പ്രതിഫലിക്കുന്നില്ല. റെഗുലേറ്ററി കമ്മീഷൻ നിരക്കുകൾ പുതുക്കുമ്പോൾ പ്രധാനമായും കണക്കാക്കുന്ന മുഴുവൻ ചെലവുകളും, വരും വർഷങ്ങളിലെ പ്രതീക്ഷിത ഉപഭോഗത്തിന് നിലവിലുള്ള നിരക്കിൽ കണക്കാക്കിയെടുക്കുന്ന മൊത്തം വരുമാനവും തമ്മിലുള്ള അന്തരമാണ് നിരക്കുകൾ പുതുക്കുമ്പോൾ പരിഗണിക്കുന്നത്. ഇപ്രകാരം മൊത്തവരുമാനം കണക്കാക്കുമ്പോൾ വിൽപ്പന നടത്തുന്ന മുഴുവൻ വൈദ്യുതിയുടെ വിലയാണ് (കുടിശ്ശികയില്ലാതെ പിരിച്ചെടുത്താൽ ലഭ്യമാകുന്ന തുക) പരിഗണിക്കുന്നത്. ആയതിനാൽ കുടിശ്ശിക പിരിച്ചെടുക്കലിന് താരിഫ് പരിഷ്ക്കരണവുമായി ബന്ധമില്ല.

(ജി) എങ്കിൽ സംസ്ഥാന വൈദ്യുതി ബോർഡിന് ലഭിക്കാനുള്ള കുടിശ്ശിക തുകകൾ ഉടനടി പിടിച്ചെടുക്കുന്നതിനും നിയമനടപടികളിൽ കുരുങ്ങിക്കിടക്കുന്ന കേസുകളിൽ നിയമനടപടികൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും അടിയന്തരനടപടികൾ സ്വീകരിക്കുമോ?

കോവിഡ് 19 മഹാമാരിയോടനുബന്ധിച്ചുള്ള സാഹചര്യം അടിസ്ഥാനപ്പെടുത്തി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഇളവുകളുടെകൂടി അടിസ്ഥാനത്തിൽ കുടിശ്ശിക പിരിച്ചെടുക്കാനുള്ള നീക്കം

നടത്തിക്കൊണ്ടിരിക്കുന്നു. നിയമനടപടികളിൽ കുരുങ്ങിക്കിടക്കുന്ന കേസുകളിൽ നിയമനടപടികൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കുന്നതാണ്.

## വൈദ്യുതി നിരക്ക് വർദ്ധനവ്

**263 (654)** <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിരക്ക് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള അധികാരം, വൈദ്യുതി നിയമം 2003- ലെ 42, 65, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. നിലവിലുള്ള വൈദ്യുതി ചാർജ്ജ് പരിഷ്കരിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ ഒരു പെറ്റീഷൻ 10-02-2022-ൽ സമർപ്പിച്ചിട്ടുണ്ട്. വൈദ്യുതി നിയമവും, താരിഫ് ചട്ടങ്ങളും നിഷ്കർഷിക്കുന്ന

എല്ലാ നടപടി ക്രമങ്ങളും (പൊതു തെളിവെടുപ്പുൾപ്പെടെ) പാലിച്ചുകൊണ്ടുമാത്രമേ വർദ്ധനവിന്റെ കാര്യത്തിൽ റെഗുലേറ്ററി കമ്മീഷൻ അന്തിമതീരുമാനമെടുക്കുകയുള്ളൂ.

(ബി) വൈദ്യുത നിരക്ക് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പഠിക്കാൻ സർക്കാർ ഏതെങ്കിലും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല; എന്നാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ചീഫ് എഞ്ചിനീയർ (കൊമേഴ്സ്യൽ & താരിഫ്)-ന്റെ കീഴിൽ, വൈദ്യുതി മേഖലയിൽ രാജ്യത്തുണ്ടാകുന്ന പരിഷ്കരണങ്ങൾക്കും, സംസ്ഥാനത്തെ സാമ്പത്തിക വ്യവസായ സ്ഥിതിഗതികൾ അപഗ്രഥിച്ചും, സാമൂഹികമായി പിന്നാക്കാവസ്ഥയിലുള്ളവരുടെ സ്ഥിതി പരിഗണിച്ചും എല്ലാവിധ ഉപഭോക്താക്കൾക്കും ന്യായവിലയ്ക്ക് വൈദ്യുതി നൽകുന്നതിനുള്ള ശിപാർശകൾ റെഗുലേറ്ററി കമ്മീഷന് നൽകുന്നതിന് ഒരു സെൽ പ്രവർത്തിക്കുന്നുണ്ട്. ടി സെല്ലിന്റെ ശിപാർശകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് (ഫുൾടൈം) വ്യക്തമായ പരിശോധന നടത്തി അവശ്യം വേണ്ട തിരുത്തലുകൾ വരുത്തിയശേഷമാണ് താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളായി കമ്മീഷൻ മുമ്പാകെ നൽകുന്നത്.

(സി) നിലവിലുള്ള വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നുണ്ടെങ്കിൽ ആയതിന്റെ കാരണം എന്തൊക്കെയാണെന്നും നിരക്ക് വർദ്ധനവുമൂലം പ്രതീക്ഷിക്കുന്ന അധികതുക എത്രയാണെന്നും വിശദമാക്കാമോ?

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള അധികാരം, വൈദ്യുതി നിയമം-2003 ലെ 42, 65, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. വിതരണ കമ്പനികളുടെ സാമ്പത്തികബാധ്യതയുടെ അടിസ്ഥാനത്തിലല്ല വൈദ്യുതി ചാർജ്ജ് പരിഷ്കരിക്കുന്നത്, മറിച്ച് വരും വർഷങ്ങളിലേയ്ക്കുള്ള കമ്പനിയുടെ പ്രതീക്ഷിതചെലവും, പ്രതീക്ഷിതവരവും തമ്മിലുള്ള അന്തരത്തിന്റെ അടിസ്ഥാനത്തിലാണ്. നിലവിൽ 08-07-2019-ലെ താരിഫ് ഉത്തരവുപ്രകാരമാണ് വൈദ്യുതി ചാർജ്ജ് ഈടാക്കിവരുന്നത്. അതായത് കഴിഞ്ഞ മൂന്നുവർഷമായി സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടില്ല. കഴിഞ്ഞകാലയളവിൽ സംസ്ഥാനത്തുണ്ടായ പ്രളയങ്ങൾ, കോവിഡ് മഹാമാരികൾ എന്നിവ വൈദ്യുതിബോർഡിന്റെ വരുമാനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. റെഗുലേറ്ററി കമ്മീഷൻ, കാലാകാലങ്ങളിൽ

പുറപ്പെടുവിക്കുന്ന താരിഫ് നിർണ്ണയചട്ടങ്ങൾ പ്രകാരം, കെ.എസ്.ഇ.ബി.എൽ. അതിന്റെ പ്രതീക്ഷിത വരവുചെലവുകണക്കുകളിന്മേൽ കമ്മീഷൻമുമ്പാകെ പെറ്റീഷൻ (ARR&ERC) സമർപ്പിക്കാറുണ്ട്. ഇതിന്മേൽ പൊതുതെളിവെടുപ്പ് നടത്തുകയും, നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം വ്യക്തമായ പരിശോധന നടത്തി, അംഗീകരിക്കപ്പെടുന്ന റവന്യൂ കമ്മിയും കെ.എസ്.ഇ.ബി.എൽ. സമർപ്പിക്കുന്ന താരിഫ് പെറ്റീഷനുംകൂടി കണക്കിലെടുത്താണ് നിരക്കുകൾ പരിഷ്കരിക്കുന്നത്. ഇപ്രകാരം റവന്യൂ കമ്മി നിജപ്പെടുത്തുമ്പോൾ, പ്രധാനമായും കണക്കാക്കുന്ന ചെലവിനങ്ങൾ താഴെ പറയുന്നവയാണ്.

a) വൈദ്യുതിയുടെ ഉൽപാദന വാങ്ങൽ - ചെലവുകൾ (Generation & Power Purchase Cost)

b) പ്രവർത്തന പരിപാലന ചെലവുകൾ (Operation & maintenance cost)

c) പലിശ ചെലവുകൾ (interest and finance charges)

d) മൂലധന ഓഹരിയുടെ മടക്ക വിഹിതം (Return on equity)

e) തേയ്മാന ചെലവുകൾ (Depreciation) ടി ചെലവിനങ്ങൾ, കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയചട്ടങ്ങളിലെ വ്യവസ്ഥകളും, മാനദണ്ഡങ്ങളുമനുസരിച്ച് നിജപ്പെടുത്തുന്നു. Operation & Maintenance Cost-ൽ ഉൾപ്പെടുന്ന ശമ്പള വർദ്ധനച്ചെലവും, സാമ്പത്തിക ബാധ്യതകൾ ഉണ്ടാക്കുന്ന മറ്റു ചെലവുകളും (പ്രധാനമായും Power purchase cost, Interest and Finance charge മുതലായവ) എന്നിവ വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ നിയന്ത്രിക്കുന്നതിനാൽ, മുൻകാല കുടിശ്ശിക തുകകൾ താരിഫ് വർദ്ധനവിലൂടെ ഉപഭോക്താക്കൾക്ക് അധികഭാരം ഉണ്ടാക്കുന്നില്ല. കൂടാതെ ARR&ERC ഉത്തരവിലൂടെ അംഗീകരിക്കപ്പെടുന്ന റവന്യൂ കമ്മിയുടെ ഒരുഭാഗം മാത്രമേ താരിഫ് പരിഷ്കരണത്തിലൂടെ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കാൻ നിലവിൽ കമ്മീഷൻ അനുവദിക്കുന്നുള്ളൂ. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 2017-18 കാലയളവ് വരെയുള്ള ട്രൂയിംഗ് അപ്പ് പ്രകാരം അംഗീകരിക്കപ്പെട്ടിട്ടുള്ളതും എന്നാൽ താരിഫിലൂടെ നികത്തപ്പെടാത്തതുമായ കമ്മി 6864.13 കോടി രൂപയാണ്. കൂടാതെ 2018-19 മുതൽ 2020-21 വരെയുള്ള സമർപ്പിക്കപ്പെട്ട ട്രൂ അപ്പ് പെറ്റീഷനും കൂട്ടിച്ചേർത്ത് 2020-21 സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടുകൂടി റവന്യൂ ഗ്യാപ്പ് 8919 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

ടി റവന്യൂ ഗ്യാപ്പ് കുറഞ്ഞ ഒരു അളവിലെങ്കിലും നികത്തേണ്ടത് കമ്പനിയുടെ നിലനിൽപ്പിന് അനിവാര്യമായി തീർന്നിരിക്കുന്നു. കൂടാതെ ഉൽപാദന പ്രസരണ വിതരണ മേഖലകളിൽ അവശ്യംവേണ്ട മുതൽമുടക്ക് അനിവാര്യമായി വന്നിട്ടുണ്ട്. ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ നൽകുന്നതിന് അടുത്ത അഞ്ചുവർഷത്തേയ്ക്കുള്ള മുതൽമുടക്ക് ഏകദേശം 28419 കോടി രൂപ വരും. ഇക്കാരണങ്ങളാലാണ് കുറഞ്ഞ ഒരളവിലെങ്കിലും നിരക്ക് പരിഷ്കരണത്തിനുള്ള ശിപാർശകൾ സമർപ്പിക്കേണ്ടതായി വന്നത്. 2022-23 മുതൽ 2026-27 വരെയുള്ള അഞ്ചുവർഷത്തേയ്ക്ക് ഓരോ വർഷവും യഥാക്രമം 2249, 786, 371, 488, 252 കോടി രൂപ റവന്യൂ ഗ്യാപ്പ് നികത്തുന്നതിന് വേണ്ടിയുള്ള താരിഫ് പരിഷ്കരണ ശിപാർശകളാണ് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ നൽകിയിട്ടുള്ളത്.

## വൈദ്യുതി ചാർജ്ജ് വർദ്ധനവ്

**264 (655)** ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാനുദ്ദേശിക്കുന്നുണ്ടോയെന്നും ഇതിനായി എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള അധികാരം, വൈദ്യുതി നിയമം-2003 ലെ 42, 65, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. നിലവിലുള്ള വൈദ്യുതിചാർജ്ജ് പരിഷ്കരിക്കുന്നതിന് കെ.എസ്.ഇ.ബി.ലിമിറ്റഡ്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ ഒരു പെറ്റീഷൻ 10-02-2022-ൽ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷൻ കമ്മീഷന്റെ പരിഗണനയിലാണ്. വൈദ്യുതി നിയമവും, താരിഫ് ചട്ടങ്ങളും നിഷ്കർഷിക്കുന്ന എല്ലാ നടപടിക്രമങ്ങളും (പൊതു തെളിവെടുപ്പ് ഉൾപ്പെടെ) പാലിച്ചുകൊണ്ടുമാത്രമേ വർദ്ധനവിന്റെ കാര്യത്തിൽ റെഗുലേറ്ററി കമ്മീഷൻ അന്തിമതീരുമാനമെടുക്കുകയുള്ളൂ.

## കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

**265 (656)** <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി തുടരുന്നതിന് അനുവാദം നൽകുമോ;

ഇതുസംബന്ധിച്ച് നൽകിയിരുന്ന NO.136/VIP/21, തീയതി 23-6-2021-ൽ നൽകിയ കത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്നറിയിക്കാമോ;

(ബി) വൈദ്യുതീകരണം നടക്കാത്ത പല വീടുകളും മണ്ഡലത്തിന്റെ പല ഭാഗത്തും ഉള്ള സാഹചര്യം പരിഗണിച്ചും ഗ്രാമീണ റോഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ ഇടേണ്ട സാഹചര്യത്തിലും പദ്ധതി തുടരുന്നതിന് അനുമതി നൽകുമോ?

(എ&ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റു പദ്ധതികൾ നിലവിലില്ലാത്തതിനാൽ 1000 w വരെ കണക്റ്റഡ് ലോഡുള്ള ബി.പി.എൽ. കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനതുഫണ്ടുപയോഗിച്ച് നൽകിവരുന്നു. ഈ പദ്ധതി കടുത്തുരുത്തി മണ്ഡലത്തിലും നടന്നുവരുന്നു. ഇതുമായി ബന്ധപ്പെട്ട് എം.എൽ.എ. നൽകിയ കത്ത് പരിശോധിച്ചിരുന്നു. കഴിഞ്ഞ സമ്പൂർണ്ണവൈദ്യുതീകരണ സമയത്ത് കെ.എസ്.ഇ.ബി.എൽ. വിപുലമായ സംവിധാനങ്ങൾ തയ്യാറാക്കിയാണ് വൈദ്യുതീകരിക്കാത്ത വീടുകളെ

സംബന്ധിച്ച കൃത്യമായ കണക്കുകൾ ശേഖരിച്ചിരുന്നത്. ഇപ്പോൾ വയറിംഗ് പൂർത്തീകരിക്കാത്തതോ വയറിംഗ് പൂർത്തീകരിച്ചിട്ടും വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിക്കാത്തതോ ആയ വീടുകളുടെ വിവരം/എണ്ണം കെ.എസ്.ഇ.ബി.എൽ.-ൽ ലഭ്യമല്ല. എന്നാൽ വൈദ്യുതി കണക്ഷൻ ആവശ്യമുള്ള ഉപഭോക്താക്കളുടെ പട്ടിക ലഭ്യമാക്കുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതും എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും മുൻകൂറായി തുക ലഭ്യമാക്കുന്നതിനനുസരിച്ച് കട്ടുത്തുരുത്തി മണ്ഡലത്തിൽ മേൽപ്പറഞ്ഞ നിബന്ധന കൂടാതെയുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതുമാണ്.

**എനർജി മാനേജ്മെന്റ് സിസ്റ്റം**

**266 (657)** <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപയോഗിക്കപ്പെടുന്ന വൈദ്യുതിയുടെ എത്ര ശതമാനമാണ് എനർജി മാനേജ്മെന്റ് സിസ്റ്റം ഇല്ലാത്തതുമൂലം നഷ്ടമാകുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ?

പൂർണ്ണമായ എനർജി മാനേജ്മെന്റ് സിസ്റ്റം സംസ്ഥാനത്ത് നിലവിൽ ഇല്ലാതിരുന്നാൽ കേന്ദ്ര സർക്കാരിന്റെ ഊർജ്ജവകുപ്പിന് കീഴിലുള്ള ബ്യൂറോ

ഓഫ് എനർജി എഫിഷ്യൻസി നടത്തിയ " ഉന്നതി" റിപ്പോർട്ട് പ്രകാരം കേരളത്തിൽ 2030 ഓടെ ഗാർഹിക മേഖലയിൽ 0.548 ദശലക്ഷം ടൺ എണ്ണയ്ക്ക് തുല്യം (Million Tonnes of Oil Equivalent) യും, വാണിജ്യ മേഖലയിൽ 0.235 MToE യും, വ്യാവസായിക മേഖലയിൽ 1.341 MToE യും, മുനിസിപ്പൽ മേഖലയിൽ 0.018 MToE യും, ഗതാഗത മേഖലയിൽ 0.738 MToE യും, കാർഷിക മേഖലയിൽ 0.016 MToE യും ഊർജ്ജ നഷ്ടം ഉണ്ടാകും. അങ്ങനെ പൂർണ്ണമായ എനർജി മാനേജ്മെന്റ് സിസ്റ്റം സംസ്ഥാനത്ത് നിലവിലില്ലാതിരുന്നാൽ മേല്പറഞ്ഞ റിപ്പോർട്ട് പ്രകാരം 2030-ഓടെ ആകെ 2.896 MToE ഊർജ്ജം നഷ്ടമാകും.

(ബി) എല്ലാ സ്ഥാപനങ്ങൾക്കും ഗാർഹിക ഉപഭോക്താക്കൾക്കും ഇതുസംബന്ധിച്ച് അവബോധം നൽകുന്നതിനും എനർജി ഓഡിറ്റ് നടത്തി ഇത് പരിഹരിക്കുന്നതിനും എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരളത്തിലെ എല്ലാ വൻകിട വൈദ്യുത ഊർജ്ജ ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കി സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിനകത്തും പുറത്തും നിന്നുള്ള 49 ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളെ എനർജി

മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) എംപാനൽ ചെയ്ത് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സഹായമായി ഊർജ്ജ ഓഡിറ്റ് സബ്സിഡി സ്കീം ഇ.എം.സി. നടപ്പിലാക്കിവരുന്നു. ഊർജ്ജ ഓഡിറ്റ് സബ്സിഡി ലഭിക്കുന്നതിന് ഇ.എം.സി. എംപാനൽ ചെയ്ത ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങൾ മുഖാന്തരം അപേക്ഷിക്കേണ്ടതാണ്. ഊർജ്ജ ഓഡിറ്റ് ഫീസിന്റെ 50 ശതമാനമോ അല്ലെങ്കിൽ പരമാവധി 50,000 രൂപ വരെ സബ്സിഡിയായി ലഭിക്കുന്നതാണ്. സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച് നൽകുന്ന പൊതുകെട്ടിടങ്ങളിൽ ഇ.എം.സി. മുഖേന ഊർജ്ജ ഓഡിറ്റ് നടത്തി ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് അതത് സ്ഥാപനങ്ങൾക്ക് സമർപ്പിച്ചുവരുന്നു. ഗാർഹിക മേഖലയിലെ ഊർജ്ജ ഉപഭോക്താക്കൾക്ക് അവരുടെ ഊർജ്ജഉപഭോഗം കണക്കാക്കാനും കുറയ്ക്കുവാനുമുള്ള മാർഗങ്ങൾ കണ്ടെത്തുവാൻ സഹായിക്കുന്നതിനായി ഹോം എനർജി ഓഡിറ്റ് സ്കീം ഇ.എം.സി. രൂപീകരിച്ചിട്ടുണ്ട്. ഹോം എനർജി ഓഡിറ്റ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ ആദ്യ ബാച്ച് പരിശീലനം പൂർത്തിയാക്കി. ഇതിന്റെ ഭാഗമായി 72 പേർ സർട്ടിഫിക്കറ്റ് നേടി. ഇവരുടെ സേവനം പ്രയോജനപ്പെടുത്തി ഹോം എനർജി ഓഡിറ്റ് നടത്തുന്നതിനായുള്ള പ്രാരംഭ

നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി ദേശീയതലത്തിൽ ശ്രദ്ധ നേടുകയും " ഹോം എനർജി അസസർ" എന്ന പേരിൽ ദേശീയതലത്തിൽ നടത്തുവാൻ കേന്ദ്ര സർക്കാരിന്റെ ഊർജ്ജ വകുപ്പിന് കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള സാങ്കേതിക സഹായം എനർജി മാനേജ്മെന്റ് സെന്ററാണ് നൽകുന്നത്. വീടുകളിലെ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കാര്യക്ഷമത വിലയിരുത്തുന്നതിനുമുള്ള രീതികൾ, ഊർജ്ജ സംരക്ഷണ വിദ്യകൾ, ഊർജ്ജ കാര്യക്ഷമമായ ഉപകരണങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും ഉൾക്കൊള്ളുന്ന പരിശീലനപരിപാടികളും ഇ.എം.സി. മുഖേന നടത്തിവരുന്നു. പൊതുജനങ്ങൾക്ക് ഊർജ്ജസംരക്ഷണ രംഗത്ത് അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി സർക്കാർ ഇതരസ്ഥാപനങ്ങൾ (NGO) വഴി " ഊർജ്ജകിരൺ" എന്ന പേരിൽ ഊർജ്ജസംരക്ഷണ ക്ലാസ്സുകളും നടത്തുന്നുണ്ട്.

### പുരപ്പുറ സൗരോർജ്ജ പദ്ധതി

**267 (658)** ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ്ജപദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 1 മുതൽ 3 kw ശേഷി വരെയുള്ള നിലയങ്ങൾക്ക് 40 ശതമാനം സബ്സിഡിയും 4 മുതൽ 10 kw ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ മൂന്ന് KW-ന് 40 ശതമാനവും തുടർന്ന് ഓരോ കിലോവാട്ടിനും 20 ശതമാനവും സബ്സിഡി എന്ന രീതിയിലാണ് കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നത്. പദ്ധതി ത്വരിതഗതിയിലാക്കാൻവേണ്ടി പുതുതായി 37 ഡെവലപ്പർമാരെക്കൂടി പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുണ്ട്. കൂടുതൽ ഉപഭോക്താക്കളെ കണ്ടെത്താൻവേണ്ടി ഇലക്ട്രിസിറ്റി ഓഫീസ് സർക്കിൾ തലത്തിലും സെക്ഷൻതലത്തിലും ഉദ്യോഗസ്ഥരെ ചുമതലയേൽപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ പദ്ധതി രജിസ്ട്രേഷൻ ത്വരിതഗതിയിലാക്കാൻ ഇ-കിരൺ മാനേജ്മെന്റ് പോർട്ടൽ എന്ന ഏകജാലക സംവിധാനം വികസിപ്പിച്ച് പൊതുജനങ്ങൾക്കായി സമർപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ 100 MW പുരപ്പുറ സൗരോർജ്ജ പദ്ധതികൾ സംസ്ഥാനത്ത് വികസിപ്പിച്ചുവരുന്നു. പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര

നവപുനരുപയോഗ ഊർജ്ജമന്ത്രാലയത്തിന്റെ ഗാർഹിക പുരപ്പുറസൗരോർജ്ജ സബ്സിഡി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്. കെ.എസ്.ഇ.ബി.എൽ. എംപാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് പ്ലാൻറ് സ്ഥാപിക്കുന്നത്. ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് 'സൗരതേജസ്സ്' എന്ന പേരിൽ പ്രത്യേക ക്യാമ്പയിൻ അനെർട്ട് നടത്തിവരുന്നു. കാലതാമസം ഒഴിവാക്കുന്നതിനും, സുതാര്യത ഉറപ്പിക്കുന്നതിനുംവേണ്ടി ഉപഭോക്താക്കൾ ഈ പദ്ധതിയ്ക്കുള്ള അപേക്ഷ സമർപ്പിക്കുന്നത് മുതൽ പ്ലാന്റ് സ്ഥാപിക്കുന്നത് വരെയുള്ള എല്ലാ നടപടിക്രമങ്ങളും നിർവ്വഹിക്കുന്നതിന് 'ബൈ മൈ സൺ' എന്ന ഓൺലൈൻ പോർട്ടൽ അനെർട്ട് സജ്ജമാക്കിയിട്ടുണ്ട്.

(ബി) പുരപ്പുറ സൗരോർജ്ജ പദ്ധതി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സൗരനിലയം സ്ഥാപിക്കാൻ അനുയോജ്യമായ പുരപ്പുറമുള്ള കെ.എസ്.ഇ.ബി.എൽ.-ന്റെ ഏതൊരു ഗാർഹിക ഉപഭോക്താവിനും പുരപ്പുറ സൗരോർജ്ജ പദ്ധതി അനുവദിക്കാവുന്നതാണ്. പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ പ്രത്യേക യോഗ്യത മാനദണ്ഡമില്ല. നിലവിൽ കെ.എസ്.ഇ.ബി.എൽ. ഗാർഹിക വൈദ്യുതി കണക്ഷനുള്ളവർക്കാണ് പുരപ്പുറ സൗരോർജ്ജപദ്ധതി പ്രകാരം സബ്സിഡി ലഭിക്കുന്നത്. ഇതിനായി ലഭിക്കുന്ന അപേക്ഷകൾ മുൻഗണനാക്രമത്തിലാണ് പരിഗണിക്കുന്നത്. സോളാർ പാനൽ സ്ഥാപിക്കുന്നതിന് നിഴൽ പതിക്കാത്ത സൂര്യ പ്രകാശം ലഭിക്കുന്ന തുറസ്സായ സ്ഥലം ആവശ്യമാണ്. സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിലാണ് സൗരോർജ്ജ പ്ലാൻറ് സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നത്. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്.

## പുരപ്പുറ സൗരോർജ്ജ പദ്ധതി

**268 (659)** <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരപ്പുറ സൗരോർജ്ജ പദ്ധതി എത്ര വീടുകളിലാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

കെ.എസ്.ഇ.ബി.എൽ. മുഖേന സംസ്ഥാനത്ത് പുരപ്പുറ പദ്ധതി പ്രകാരം ഏകദേശം 2100-ഓളം വീടുകളിൽ സൗരനിലയം സ്ഥാപിച്ചിട്ടുണ്ട്. കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) 2018-19 വരെ അനെർട്ട് മുഖേനയാണ് ഗാർഹിക ഉപഭോക്താക്കൾക്കുള്ള പുരപ്പുറ സൗരോർജ്ജ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിയിരുന്നത്. 2018-19 വരെ 15,299 വീടുകളിലായി 29.12 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളാണ് അനെർട്ട് സ്ഥാപിച്ചിട്ടുള്ളത്. 2019-20 വർഷം മുതൽ കേന്ദ്രസർക്കാർ ഗാർഹിക ഗ്രിഡ് ബന്ധിത സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കുന്നത് സംസ്ഥാനങ്ങളിലെ വൈദ്യുതി വിതരണ കമ്പനികൾ മുഖേന മാത്രമാക്കി. കേരളത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേനയാണ് ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നത്. ഗാർഹിക ഉപഭോക്താക്കൾക്കായി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിവരുന്ന പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിച്ചുവരുന്നു. ഈ പദ്ധതിയിൽ ഇതുവരെ 3,173 പേരിൽനിന്ന് 12.2 മെഗാവാട്ട് ശേഷിയുള്ള നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചുകഴിഞ്ഞു. ആകെ ഒരു മെഗാവാട്ടോളം

ശേഷിയുള്ള നിലയങ്ങളുടെ നിർമ്മാണം 364 വീടുകളിലായി പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉത്പാദിപ്പിക്കാൻ കഴിയുന്നതെന്ന് വിശദമാക്കുമോ?

പ്രസ്തുത സൗരപുരപ്പുറപദ്ധതിയിൽനിന്നും കെ.എസ്.ഇ.ബി.എൽ. മുഖേന ഏകദേശം 14.8 മെഗാവാട്ട് ശേഷിയാണ് കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ളത്. പ്രതിദിനം ഏകദേശം 45000 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുന്നു. അനെർട്ട് മുഖേന സ്ഥാപിച്ച സൗരനിലയങ്ങളിൽനിന്നും പ്രതിദിനം നാലായിരം യൂണിറ്റ് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുന്നത്.

## പുരപ്പുറ സൗരോർജ്ജ പദ്ധതി

**269 (660)** <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ്ജ പദ്ധതിയ്ക്ക് വേണ്ടി അപേക്ഷിച്ചിട്ടും അനുമതി ലഭിക്കാത്ത എത്ര അപേക്ഷകളുണ്ടെന്ന് വ്യക്തമാക്കാമോ?

സൗര സബ്സിഡി പ്രോഗ്രാം ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമുള്ളതാണ് (ഫേസ് - II). ഈ പദ്ധതിയിൽ ഏകദേശം മുപ്പതിനായിരത്തോളം അപേക്ഷകൾ ലഭിച്ചു. അവയിൽ ഏകദേശം എല്ലാ

അപേക്ഷകളുടെയും ലിസ്റ്റ് ഡെവലപ്പർമാർക്ക് കൈമാറിയിട്ടുണ്ട്. നിലവിൽ ആറായിരത്തോളം അപേക്ഷകൾ പ്ലാന്റ് സ്ഥാപിക്കാൻ അനുയോജ്യമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. മറ്റ് അപേക്ഷകളുടെ സർവ്വേ നടന്നുവരുന്നു. സൗര ഒന്നാം ഘട്ടം (ഫേസ്- I) പദ്ധതിയിൽ രണ്ടു ലക്ഷത്തിലധികം പേർ രജിസ്റ്റർ ചെയ്തെങ്കിലും സ്ഥല പരിശോധനയ്ക്കുശേഷം 42000 സൈറ്റുകൾ തെരഞ്ഞെടുക്കുകയും അവയിൽനിന്ന് അനുയോജ്യമായ 2331 സൈറ്റുകൾക്ക് വർക്ക് ഓർഡർ നൽകുകയും ചെയ്തു. കേന്ദ്ര നവപുനരുപയോഗ ഊർജ്ജമന്ത്രാലയം (എം.എൻ.ആർ.ഇ.) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ 2021 നവംബർ ഒന്നുമുതലാണ് ഓൺലൈനായി അനെർട്ട് സ്വീകരിച്ചുതുടങ്ങിയത്. അപേക്ഷിച്ചിട്ടും അനുമതി ലഭിക്കാത്ത അപേക്ഷകൾ ഇല്ല.

(ബി) എന്തുകൊണ്ടാണ് അനുമതി ലഭിക്കാത്തത്; കാരണം വിശദമാക്കാമോ?

അനുമതി നൽകാത്തതിന് ഒരു പ്രധാന കാരണം നിഴൽ വീഴാത്ത പുരപ്പുറത്തിന്റെ അഭാവമാണ്. കൂടാതെ Roof Top-ൽ കയറാനുള്ള

സൗകര്യക്കുറവും സബ്സിഡി കഴിഞ്ഞുള്ള തുക അടയ്ക്കുന്നതിൽ ഉപഭോക്താവ് വരുത്തുന്ന കാലതാമസം എന്നിവയും അനുമതി നൽകാത്തതിന്റെ മറ്റു കാരണങ്ങളാണ്.

(സി) എത്ര ശതമാനം സബ്സിഡിയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പുരപ്പുറ സൗരോർജ്ജ പദ്ധതിക്കായി നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഗാർഹിക ഉപഭോക്താക്കൾക്കാണ് സൗര സബ്സിഡി പദ്ധതിയിൽ പങ്കെടുക്കാനാവുക. 1 മുതൽ 3 കിലോ വാട്ട് ശേഷി വരെയുള്ള നിലയങ്ങൾക്ക് 40 ശതമാനം സബ്സിഡിയും, 4 മുതൽ 10 കിലോവാട്ട് ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് ഓരോ കിലോവാട്ടിനും 20 ശതമാനവും സബ്സിഡി എന്ന രീതിയിലാണ് കേന്ദ്രസർക്കാർ സബ്സിഡി നൽകുന്നത്. 10 കിലോവാട്ടിന് മുകളിൽ സബ്സിഡി ഇല്ല. ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി കേന്ദ്ര സർക്കാർ നൽകുന്നുണ്ട്. സംസ്ഥാന സർക്കാർ ഈ പദ്ധതിക്കായി സബ്സിഡി നൽകുന്നില്ല.

## തരിശുഭൂമിയിൽ സോളാർ പ്ലാന്റ് പദ്ധതി

**270 (661)** ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയോഗ്യമല്ലാത്ത തരിശുഭൂമികളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികൾ വിശദമാക്കാമോ; &

(ബി) പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ?

(എ&ബി) സംസ്ഥാനത്തെ കർഷകർക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ കൃഷി യോഗ്യമല്ലാത്ത ഭൂമിയിൽനിന്ന് സൗരവൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതിയിലേയ്ക്ക് പി.എം.കുസും പദ്ധതി നടപ്പിലാക്കാൻ കെ.എസ്.ഇ.ബി.എൽ. നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന് PM-KUSUM കംബോണന്റ് A സ്കീം മുഖേന MNRE യിൽ നിന്നും 40 മെഗാവാട്ടാണ് അനുമതി ലഭിച്ചിട്ടുള്ളത്. കൃഷിക്കാരുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സൗരോർജ്ജനിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉത്പ്പാദിപ്പിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങളിലൊന്ന്. സബ്സ്റ്റേഷനിൽ നിന്ന് 5 കിലോമീറ്റർ ചുറ്റളവിൽ സ്ഥിതിചെയ്യുന്ന കർഷകരുടെ കൃഷിയോഗ്യമല്ലാത്തതോ തരിശ്ശായതോ ആയ

ഭൂമിയിൽ, 500 കിലോവാട്ട് മുതൽ 2 മെഗാവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജനിലയങ്ങൾ സ്ഥാപിക്കുന്നതാണ് ഈ പദ്ധതി. കർഷകർക്ക് സ്വന്തം നിലയ്ക്കോ, കുറച്ചുപേർ ചേർന്നോ കോ-ഓപ്പറേറ്റീവ്സ്/ പഞ്ചായത്ത്/ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ/വാട്ടർ യൂസർ ഓർഗനൈസേഷൻ എന്നീ നിലയിലോ പദ്ധതിയിൽ പങ്കുചേരാവുന്നതാണ്. കർഷകർക്ക് സ്വന്തം ചെലവിൽ സൗരോർജ്ജനിലയങ്ങൾ സ്ഥാപിച്ച് അതിൽനിന്ന് ലഭിക്കുന്ന വൈദ്യുതി KSEBL-ന് വിൽക്കാം. പരമാവധി ഒരു യൂണിറ്റ് വൈദ്യുതിക്ക് 3.66 രൂപ (ബിഡിലെ സീലിംഗ് നിരക്ക്) വരെ ലഭിക്കും. കർഷകർക്ക് സ്വന്തം നിലയ്ക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കാൻ കഴിയുന്നില്ലെങ്കിൽ അവർക്ക് ഡെവലപ്പർ വഴി പ്ലാന്റ് സ്ഥാപിക്കാൻ കഴിയും. കർഷകർക്ക് സ്വന്തം നിലയ്ക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കാൻ കഴിയുന്നില്ലെങ്കിൽ ഭൂമി പാട്ടത്തിന് നൽകുന്നതിലേയ്ക്കായി കർഷകനും ഡെവലപ്പറും തമ്മിൽ 25 വർഷത്തേയ്ക്ക് ഒരു ഉഭയകക്ഷി ഉടമ്പടിവയ്ക്കാൻ കഴിയും.

(സി) ഈ പദ്ധതിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കുറഞ്ഞനിരക്കിൽ ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

സംസ്ഥാനത്തെ കർഷകർക്ക് പ്രയോജനം ലഭിക്കുന്നരീതിയിൽ കൃഷി യോഗ്യമല്ലാത്ത ഭൂമിയിൽനിന്ന് കർഷകർക്ക് ഒരു നിശ്ചിത വരുമാനം ലഭ്യമാക്കുന്നതിലേയ്ക്കായി വിഭാവനം ചെയ്ത പദ്ധതിയാണ് പി.എം.കുസും പദ്ധതി. ആയതിനാൽ ഗാർഹിക വ്യാവസായിക ആവശ്യങ്ങൾക്ക് കുറഞ്ഞനിരക്കിൽ വൈദ്യുതി നൽകാൻ ഈ പദ്ധതിയിൽ നിലവിൽ നടപടികളൊന്നുമില്ല.

**കാസർഗോഡ് ജില്ലയിലെ സോളാർ നിലയങ്ങൾ**

**271 (662)** <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ വിവിധ പ്രദേശങ്ങളിലായി സോളാർ നിലയങ്ങളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്; പ്രസ്തുത നിലയങ്ങൾക്കായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ ആകെ 101 MW ന്റെ സോളാർ നിലയങ്ങളാണ് ജില്ലയിലെ സബ്സ്റ്റേഷനുകളുമായി ബന്ധിപ്പിച്ചിട്ടുള്ളത്. ടി നിലയങ്ങളും അവയുടെ ശേഷിയും താഴെ പറയുന്നു:-

അമ്പലത്തറ സോളാർ പ്ലാന്റ് - 50 MW പൈവളിഗെ സോളാർ പ്ലാന്റ് - 50 MW ഭാരത് ചാരിറ്റബിൾ സൊസൈറ്റിയുടെ വെസ്റ്റ് എളേരി (സ്വകാര്യ മേഖല) പ്ലാന്റ് -1 MW. പ്രസ്തുത നിലയങ്ങളിൽ നിന്നുമുള്ള വൈദ്യുതി ഗ്രിഡിലേക്ക് എത്തിക്കുന്ന പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.എൽ.-ന് ഏകദേശം 50 കോടി രൂപ ചെലവായിട്ടുണ്ട്. അമ്പലത്തറ, പൈവളിഗെ എന്നിവിടങ്ങളിലെ സോളാർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളത് യഥാക്രമം IREDA യും THDCIL ഉം ആണ്. ഇതിനാൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ചെലവായ തുക ലഭ്യമല്ല. വെസ്റ്റ് എളേരിയിലുള്ള 1 MW സ്വകാര്യമേഖലയിൽ സ്ഥാപിച്ചിട്ടുള്ളതിനാൽ ടി പ്ലാന്റിന്റെ ചെലവ് സംബന്ധിച്ചുള്ള വിവരങ്ങളും ലഭ്യമല്ല. കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി.എൽ-ന്റെ സ്വന്തം ചെലവിൽ മഞ്ചേശ്വരം സബ്സ്റ്റേഷനിൽ 0.5 മെഗാവാട്ട് (500 Kw), മൈലാട്ടി സബ്സ്റ്റേഷനിൽ 0.03 മെഗാവാട്ട് (30 Kw) അങ്ങനെ മൊത്തം 0.53 ശേഷിയുള്ള സോളാർ നിലയങ്ങളാണ് സ്ഥാപിച്ചിരിക്കുന്നത്. പ്രസ്തുത നിലയങ്ങളിലൂടെ ദിവസേന ശരാശരി 2100 യൂണിറ്റ് വൈദ്യുതിയാണ് ഉൽപാദിപ്പിക്കുന്നത്. ടി നിലയങ്ങൾക്കായി കെ.എസ്.ഇ.ബി.എൽ. 2.83 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് 5 കെട്ടിടങ്ങളിലായി 0.335

മെഗാവാട്ട് (335 Kw) ശേഷിയുള്ള സോളാർ നിലയങ്ങളാണ് സ്ഥാപിച്ചിരിക്കുന്നത്. പ്രസ്തുത നിലയങ്ങളിലൂടെ ദിവസേന ശരാശരി 1300 യൂണിറ്റ് വൈദ്യുതിയാണ് ഉൽപാദിപ്പിക്കുന്നത്. ടി പദ്ധതിക്കായി 2.233 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ സൗര ഫേസ്-I പദ്ധതിയിൽ 34 പുരപ്പുറ സൗരോർജ്ജനിലയങ്ങളുടെ പണി പൂർത്തിയായി കമ്മീഷൻ ചെയ്തു (247 Kw). ഗാർഹിക ഉപഭോക്താക്കൾക്കുള്ള സബ്സിഡി സ്കീമിൽ (ഫേസ്-II) 11 പുരപ്പുറ സൗരോർജ്ജനിലയങ്ങൾ കമ്മീഷൻ ചെയ്തിട്ടുണ്ട് (46.5 Kw). പ്രസ്തുത സൗരനിലയങ്ങൾക്കായി ഏകദേശം 1,31,85,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ 73 പൊതുസ്ഥാപനങ്ങളിലായി 0.379 മെഗാവാട്ട് ശേഷിയുള്ള സോളാർ നിലയങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി 2,15,58,074/- രൂപ ചെലവഴിച്ചിട്ടുണ്ട്.

## പുരപ്പുറ സൗരോർജ്ജ പദ്ധതി

**272 (663)** ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജപദ്ധതി പ്രകാരം അരൂർ മണ്ഡലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ;

പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം അരൂർ നിയോജക മണ്ഡലത്തിൽ 'സൗര' ഒന്നാം ഘട്ട പദ്ധതിയിൽ 128 അപേക്ഷകളും രണ്ടാം ഘട്ട സബ്സിഡി പദ്ധതിയിൽ 217 അപേക്ഷകളും ലഭിച്ചു. പ്രസ്തുത അപേക്ഷകളിന്മേൽ ഒന്നാം ഘട്ടത്തിൽ 16 ഉപഭോക്താക്കൾക്ക് വർക്ക് ഓർഡർ നൽകുകയും അവിടെ 14 നിലയങ്ങളുടെ പണി പൂർത്തീകരിക്കുകയും ചെയ്തു. ഇതിൽ 13 നിലയങ്ങൾ ഗ്രിഡിൽ കണക്ട് ചെയ്തു. രണ്ടാം ഘട്ട സബ്സിഡി പദ്ധതിയിൽ 217 ഉപഭോക്താക്കൾക്ക് വർക്ക് ഓർഡർ നൽകി. ഇവയിൽ 11 നിലയങ്ങൾ പൂർത്തീകരിക്കുകയും ഗ്രിഡുമായി ബന്ധിപ്പിക്കുകയും ചെയ്തു. കേന്ദ്ര നവ പുനരുപയോഗ ഊർജ്ജമന്ത്രാലയം (എം.എൻ.ആർ.ഇ.) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഈ പദ്ധതിയിൽ അരൂർ മണ്ഡലത്തിൽ നിന്ന് 12 അപേക്ഷകൾ ആകെ 44 കിലോവാട്ട് ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ലഭിച്ചിട്ടുണ്ട്. ഇതിൽ 7 അപേക്ഷകർ കെ.എസ്.ഇ.ബി.എൽ. എംപാനൽ ചെയ്ത ഡെവലപ്പർമാർ മുഖേന പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി എത്ര വീടുകളിൽ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ?

ഇതുവരെ സൗരയുടെ രണ്ട് പദ്ധതികളിലുമായി അരൂർ മണ്ഡലത്തിൽ 24 വീടുകളിൽ സൗര നിലയം സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 7 അപേക്ഷകർ അനെർട്ട് എംപാനൽ ചെയ്ത ഡെവലപ്പർമാർ മുഖേന പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.

**പുരപ്പുറ സൗരോർജ്ജ നിലയം**

**273 (664)** ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; സംസ്ഥാനത്ത് എത്ര കുടുംബങ്ങൾ ഈ പദ്ധതി പ്രയോജനപ്പെടുത്താൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്?

പുരപ്പുറ സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന നടപടികൾ ഇപ്പോൾ രണ്ടാംഘട്ടത്തിലാണ്. രണ്ടാംഘട്ട സൗര സബ്സിഡി പ്രോഗ്രാമിൽ ഗാർഹിക ഉപഭോക്താക്കൾക്കാണ് പങ്കെടുക്കാനാവുക. പദ്ധതി നിർവ്വഹണം ത്വരിതഗതിയിലാക്കാൻ ടെണ്ടറിലൂടെ 04-12-2020-ൽ എംപാനൽ ചെയ്ത 3

കമ്പനികളെ കൂടാതെ പുതുതായി 37 ഡെവലപ്പർമാരെക്കൂടി എംപാനൽ ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിനായി ഇ-കിരൺ മാനേജ്മെന്റ് പോർട്ടൽ ട്രാക്കിംഗ് സംവിധാനത്തോടെ വികസിപ്പിച്ചെടുത്ത് പൊതുജനങ്ങൾക്കായി സമർപ്പിച്ചിട്ടുണ്ട്. ഇത് ഒരു ഏകജാലക സംവിധാനമാണ്. സബ്സിഡി സ്കീമിൽ നിലവിൽ 5.298 മെഗാവാട്ടിന്റെ നിലയങ്ങളുടെ പണി പൂർത്തീകരിച്ചു. സൗര പുരപ്പുറ സബ്സിഡി സ്കീമിൽ നിലവിൽ മുപ്പതിനായിരത്തോളം അപേക്ഷകൾ ലഭിക്കുകയും അവ ഡെവലപ്പർമാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇവയിൽനിന്നും അനുയോജ്യമായവ കണ്ടെത്താനുള്ള സർവ്വേ നടന്നുവരുന്നു. 2022 ജൂലൈ 31 – ഓടു കൂടി പൂർത്തീകരിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. കേന്ദ്ര നവപുനരുപയോഗ ഊർജ്ജമന്ത്രാലയം (എം.എൻ.ആർ.ഇ.) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഈ പദ്ധതിയിൽ അനെർട്ടിൽ ഇതുവരെ 3,173 പേരിൽ നിന്ന് 12.2 മെഗാവാട്ട് ശേഷിയുള്ള നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചുകഴിഞ്ഞു.

(ബി) എത്ര നിലയങ്ങൾ ഇതിനോടകം സ്ഥാപിക്കുന്നതിന് സാധിച്ചിട്ടുണ്ട്; ആയത് സ്ഥാപിക്കുന്നതിന് ഉപഭോക്താവ് ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

നിലവിൽ സൗരപദ്ധതിയിൽ 2600-ഓളം സൗരനിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അനെർട്ട് ആകെ ഒരു മെഗാവാട്ടോളം ശേഷിയുള്ള നിലയങ്ങളുടെ നിർമ്മാണം 364 അപേക്ഷകരിലൂടെ പൂർത്തിയാക്കിയിട്ടുണ്ട്. സൗരനിലയം സ്ഥാപിക്കുന്നതിന് അപേക്ഷകൻ കെ.എസ്.ഇ.ബി.എൽ.-ന്റെ ഉപഭോക്താവായിരിക്കണം. സൗരോർജ്ജനിലയങ്ങൾ സ്ഥാപിക്കുന്നതിന് നിഴൽ പതിക്കാത്ത തുടർച്ചയായി സൂര്യപ്രകാശം ലഭിക്കുന്ന തുറസ്സായ സ്ഥലം ആവശ്യമാണ്. നിരപ്പായ മേൽക്കൂരകൾക്ക് പകരം ചരിഞ്ഞ മേൽക്കൂരയാണെങ്കിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന് അധിക സ്ട്രക്ച്ചർ ആവശ്യമാണ്. ഒരു കിലോവാട്ട് ശേഷിയുള്ള സോളാർ പാനൽ സ്ഥാപിക്കുന്നതിന് ഏകദേശം നൂറ് ചതുരശ്ര അടി സ്ഥലം ആവശ്യമാണ്.

(സി) സബ്സിഡി തുക വർദ്ധിപ്പിച്ച് പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ കേന്ദ്ര നവപുനരുപയോഗ ഊർജ്ജമന്ത്രാലയമാണ് സബ്സിഡി നൽകുന്നത്.

(ഡി) പ്രസ്തുത പദ്ധതിക്ക് ഉപഭോക്താവിന് എൻ.ബി.എഫ്.സി.-കൾ വഴി വായ്പാസൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉപഭോക്താവിന് നിലവിൽ എസ്.ബി.ഐ., യൂണിയൻ ബാങ്ക്, എച്ച്.ഡി.എഫ്.സി. ബാങ്ക്, ബാങ്ക് ഓഫ് ബറോഡ, ഇൻഡ്യൻ ബാങ്ക് എന്നീ ബാങ്കുകൾ വഴി വായ്പാ സൗകര്യം ഒരുക്കുന്നതിന് അനെർട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. എൻ.ബി.എഫ്.സി.-കൾ വഴി വായ്പാസൗകര്യം ഒരുക്കുന്നതിന് അനെർട്ട് നടപടി സ്വീകരിക്കുന്നതാണ്.

**സൗര പദ്ധതിയുടെ പുരോഗതി**

**274 (665)** <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഊർജ്ജ കേരള മിഷനിലുൾപ്പെടുത്തി നടപ്പാക്കിവരുന്ന സൗരപദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളുടെ പട്ടിക ജില്ല തിരിച്ച് ലഭ്യമാക്കാമോ?

'സൗര' പദ്ധതി രണ്ട് ഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. എല്ലാത്തരം ഉപഭോക്താക്കൾക്കും ബാധകമായ 'സൗര ഫേസ്-I' പദ്ധതിയും ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രം ബാധകമായ 'സൗര ഫേസ്-II' സബ്സിഡി പദ്ധതിയും. 'സൗര ഫേസ്-I' പദ്ധതിയിൽ പുതിയ രജിസ്ട്രേഷനില്ല. ഈ

പദ്ധതിയിൽ 14 MW-ന്റെ സൗരനിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതി 2022 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. 'സൗര ഫേസ് - II' പദ്ധതിയിൽ നിലവിൽ 5.298 MW നിലയങ്ങൾ പൂർത്തീകരിച്ചു. 2022-ജൂലൈ അവസാനത്തോടെയാണ് പദ്ധതി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നത്. 'സൗര ഫേസ്-I', 'ഫേസ് - II' - പദ്ധതി പ്രകാരം പൂർത്തീകരിച്ച സൗരനിലയങ്ങളുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

**സർക്കാർ കെട്ടിടങ്ങളിൽ സൗരോർജ പദ്ധതി**

**275 (666)** ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിൽ കെ.എസ്.ഇ.ബി. എൽ. മുഖേന നടപ്പിലാക്കുന്ന സൗരോർജ പദ്ധതികളുടെ വിശദ വിവരങ്ങൾ നൽകാമോ?

സർക്കാർ സ്ഥാപനങ്ങളായ ആരോഗ്യവകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, റവന്യൂ, പോലീസ്, വാട്ടർ അതോറിറ്റി, യൂണിവേഴ്സിറ്റി മുതലായവയിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഏകദേശം 590 ഓളം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ സ്ഥാപനങ്ങളിൽ ഇതിനായി 14 മെഗാവാട്ടിന്റെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. സൗര ഒന്നാം ഘട്ട പദ്ധതിയിൽ മോഡൽ-I ലാണ് സൗരനിലയങ്ങൾ സ്ഥാപിച്ചിരിക്കുന്നത്. പൂർണ്ണമായും കെ.എസ്.ഇ.ബി.എൽ.-ന്റെ മുതൽമുടക്കിലാണ് നിലയം സ്ഥാപിക്കുന്നത്. പുരപ്പുറം വിട്ടുകൊടുക്കുന്നതിന്റെ ഭാഗമായി നിലയം ആകെ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 10 ശതമാനം ഉപഭോക്താവിന് നൽകുകയും 90 ശതമാനം കെ.എസ്.ഇ.ബി.എൽ. എടുക്കുകയും ചെയ്യുന്നു. നിലയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(ബി) എം.എൽ.എ. ഫണ്ട് മുഖേന സംസ്ഥാനത്ത് കെ.എസ്.ഇ.ബി. ഏതെങ്കിലും സർക്കാർ/എയ്ഡഡ് സ്കൂൾ കെട്ടിടങ്ങളിൽ സൗരോർജ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ നൽകാമോ?

ഇല്ല. എന്നാൽ കാട്ടാക്കട എം.എൽ.എ. അഡ്വക്കേറ്റ് ഐ.ബി. സതീഷ് അവർകൾ 2021-22 വർഷത്തേയ്ക്ക് ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ച് ഒരു പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**സൗര തേജസ്സ് പദ്ധതി**

**276 (667)** ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ട് മുഖേന നടപ്പാക്കാനുദ്ദേശിക്കുന്ന സൗരതേജസ്സ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് സൗരോർജ്ജ നിലയ പദ്ധതി വ്യാപകമാക്കുന്നതിന് വേണ്ടി അനെർട്ട് നടപ്പാക്കുന്ന പദ്ധതിയാണ് സൗരതേജസ്സ്. ഈ പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പരിപാടികളാണ് നടപ്പിലാക്കുന്നത്.

1. കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ) കെ.എസ്.ഇ.ബി.എൽ മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം.

2. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ സംസ്ഥാനത്ത് വ്യാപിപ്പിക്കുക.

3. ഉപഭോക്താക്കൾക്ക് വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ 'ബൈ മൈ സൺ' എന്ന ഓൺലൈൻ പോർട്ടൽ മുഖേന ലഭ്യമാക്കുക.

4. ഗ്രിഡ് ബന്ധിത ഹൈബ്രിഡ് സൗരോർജ്ജ പ്ലാന്റുകളുടെ സ്ഥാപനം.

5. സോളാർ പ്ലാന്റുകളുടെ സ്ഥാപനത്തിനും, പരിപാലനത്തിനുമുള്ള തൊഴിൽ പരിശീലനം.

**സൗരോർജ്ജ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ**

**277 (668)** <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ?

പുരപ്പുറ സൗരോർജ്ജ ഉത്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. 'സൗര ഫേസ്-I' നോൺ സബ്സിഡി സ്കീമും 'സൗര ഫേസ്-II' സബ്സിഡി സ്കീമും നടപ്പാക്കിയിട്ടുണ്ട്. ഇതിൽ ഫേസ്-I - ൽ എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്നതാണ്. ഇതിൽ മോഡൽ - I & II കെ.എസ്.ഇ.ബി.എൽ-ന്റെ മുതൽ മുടക്കിലും

മോഡൽ - III ഉപഭോക്താവിന്റെ പൂർണ്ണ മുതൽമുടക്കിലുമുള്ളതാണ്. സൗര ഫേസ്-II സബ്സിഡി പ്രോഗ്രാമിൽ ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമാണ് പങ്കെടുക്കാനാവുക. ഈ പദ്ധതിയിൽ 1 മുതൽ 3 kw ശേഷി വരെയുള്ള നിലയങ്ങൾക്ക് 40% സബ്സിഡിയും 4 മുതൽ 10 kw ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 kw-ന് 40 ശതമാനം തുടർന്നുള്ള ഓരോ കിലോവാട്ടിനും 20% എന്ന നിരക്കിലാണ് കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നത്. 2019-20 വർഷത്തിൽ 50 MW-ഉം 2020-21 വർഷത്തിൽ 200 MW എന്ന രീതിയിലാണ് എം.എൻ.ആർ.ഇ. (MNRE) കെ.എസ്.ഇ.ബി.എൽ-ന് അനുമതി നൽകിയിരിക്കുന്നത്. സംസ്ഥാനത്ത് സൗരോർജ്ജ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന പുതിയ പദ്ധതികൾ ആവിഷ്കരിച്ച് അനെർട്ട് മുഖേന നടപ്പിലാക്കുന്നുണ്ട്.

(a) കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നതിനുള്ള പ്രധാനമന്ത്രി-കുസും പദ്ധതി സംസ്ഥാനത്ത് വ്യാപമാക്കുന്നതിനുള്ള പ്രത്യേക ക്യാമ്പയിൻ പദ്ധതി.

(b) റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത

നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ സംസ്ഥാനത്ത് അനെർട്ട് മുഖേന നടപ്പിലാക്കുന്നതിനുള്ള പദ്ധതി.

(c) സൗരോർജ്ജത്തെ നമ്മുടെ വൈദ്യുതി ആവശ്യത്തിനായി വിനിയോഗിക്കുന്നതിനുള്ള സംവിധാനമായ സോളാർ പവർ പ്ലാന്റുകൾ വീടുകളിലും, സ്ഥാപനങ്ങളിലും വ്യാപകമാക്കുന്നതിന് വേണ്ടി അനെർട്ട് മുഖേന 'സൗര തേജസ്സ്' പദ്ധതി.

(d) ഇലക്ട്രിക് കാറുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഇതിനാവശ്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ വ്യാപകമാകുന്നതോടുകൂടി സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതാണ്. ആയതിനാൽ ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് അനുയോജ്യമായ സ്ഥല ലഭ്യതയുള്ള സ്റ്റേഷനുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് മുഖേന സബ്സിഡി നൽകുന്നതിനുള്ള പദ്ധതി.

(e) ഇടുക്കി ജില്ലയിലെ രാമക്കൽമേടിൽ സൗരോർജ്ജവും, കാറ്റിൽ നിന്നുള്ള ഊർജ്ജവും പ്രയോജനപ്പെടുത്തി ബാറ്ററി സംഭരണത്തോടുകൂടിയുള്ള അക്ഷയ ഊർജ്ജ പാർക്ക് സ്ഥാപിക്കുന്നതിനുള്ള അനെർട്ട് പദ്ധതി.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

'സൗര ഫേസ്- I' പ്രോഗ്രാമിൽ നിലവിൽ പുതിയ രജിസ്ട്രേഷൻ ഇല്ല. 14 MW-ന്റെ നിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത മുൻ പദ്ധതി കേന്ദ്ര സബ്സിഡി സ്കീം ലഭ്യമായപ്പോൾ നിർത്തലാക്കി. 'സൗര ഫേസ് - II' സബ്സിഡി പ്രോഗ്രാമിൽ 5.298 MW-ന്റെ സൗരനിലയങ്ങൾ പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 4.07 മെഗാവാട്ട് (4,070 കിലോവാട്ട്) വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു+.

## പാരമ്പര്യേതര ഊർജ്ജോല്പാദനവും ക്ലീൻ എനർജി ഇൻകുബേഷൻ സെന്ററും

**278 (669)** ശ്രീ. എം. എം. മണി:
ശ്രീ. എം. നൗഷാദ്:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പാരമ്പര്യേതര ഊർജ്ജോല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സഹായത്തോടെയുള്ള ഹരിത ഊർജ്ജ പദ്ധതിയിൽ കേരളം ഏതൊക്കെ പദ്ധതികൾ സമർപ്പിച്ചിരുന്നു; ഇതിൽ ഏതിനെല്ലാം കേന്ദ്ര സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്; കേന്ദ്ര സഹായമായി എത്ര വിഹിതം ലഭിക്കും?

സൗര സബ്സിഡി സ്കീമിലേയ്ക്ക് 2019-20 വർഷങ്ങളിൽ 50 മെഗാവാട്ടും 2020-21 വർഷത്തേയ്ക്ക് 200 മെഗാവാട്ടും ഉൾപ്പെടുത്താനാണ് കേന്ദ്ര നവപുനരുപയോഗ മന്ത്രാലയം കെ.എസ്.ഇ.ബി.യ്ക്ക് അനുമതി നൽകിയിരിക്കുന്നത്. ഗാർഹിക ഉപഭോക്താക്കൾക്കാണ് ഇതിൽ പങ്കെടുക്കാനാവുക. 1 മുതൽ 3 കിലോവാട്ട് ശേഷി വരെയുള്ള നിലയങ്ങൾക്ക് 40% സബ്സിഡിയും 4 മുതൽ 10 കിലോവാട്ട് ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 കിലോവാട്ടിന് 40% തുടർന്ന് ഓരോ കിലോവാട്ടിനും 20% സബിസിഡി എന്ന രീതിയിലാണ് കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നത്. പാരമ്പര്യേതര ഊർജ്ജോല്പാദനം വർദ്ധിപ്പിക്കുന്നതിനായി അനെർട്ട് താഴെ പറയുന്ന പദ്ധതികൾ കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

1. വൈദ്യുതിയിൽ പ്രവർത്തിക്കുന്ന 45,000 എണ്ണം കാർഷിക പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്നതിന് സംസ്ഥാനത്തിന് പ്രധാനമന്ത്രി - കുസും പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിന് കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. ഇത് എം.എൻ.ആർ.ഇ. യുടെ പരിഗണനയിലാണ്.

2. കേരളത്തിലെ കോൾ പാടങ്ങളിലെ ഉയർന്ന ശേഷിയുള്ള 100 കാർഷിക പമ്പുകൾ സോളാറിലേക്ക് മാറ്റുന്നതിന് പ്രധാനമന്ത്രി - കുസും പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിനും കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. ഇതും കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

3. നിലവിൽ കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ ബാധകമല്ലാത്തതിനാൽ തൃശ്ശൂർ കോർപ്പറേഷന് കീഴിലുള്ള വീടുകളിൽ 5 മെഗാവാട്ട് സ്ഥാപിക്കുന്നതിന് അനുമതിക്കായി എം.എൻ.ആർ.ഇ.യ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ അംഗീകാരത്തിനായി കാത്തിരിക്കുന്നു.

4. തിരുവനന്തപുരം സോളാർ സിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലുള്ള വീടുകളിൽ 10 മെഗാവാട്ട് ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് അനുമതിക്കായി എം.എൻ.ആർ.ഇ.-യ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

5. സംസ്ഥാനത്ത് അനെർട്ട് മുഖേന നേരിട്ട് സബ്സിഡിയോട് കൂടി 50 മെഗാവാട്ട് ഗ്രിഡ് ബന്ധിത ഗാർഹിക സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിന് എം.എൻ.ആർ.ഇ. യ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. മേൽ സമർപ്പിച്ച പദ്ധതികൾ പ്രകാരം ഏകദേശം 50 കോടി രൂപയുടെ കേന്ദ്ര സഹായം ലഭിക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് ഹരിതോർജ്ജ സാങ്കേതിക വിദ്യകളുടെ വികസനത്തിനായി ക്ലീൻ എനർജി ഇൻകുബേഷൻ സെന്റർ സ്ഥാപിക്കാൻ തീരുമാനമായിട്ടുണ്ടോ; ഇതുവഴി ഉണ്ടാകാനിടയുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്?

സംസ്ഥാനത്ത് ഹരിതോർജ്ജ സാങ്കേതിക വിദ്യകളുടെ വികസനത്തിനായി ക്ലീൻ എനർജി ഇൻകുബേഷൻ സെൻറർ സ്ഥാപിക്കാൻ തീരുമാനമായിട്ടുണ്ട്. ഈ മേഖലയിലെ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം പുനരുപയോഗ ഊർജ്ജ

ഉൽപാദനത്തിന്റെ പങ്ക് വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി കേരളത്തിൽ ഒരു ക്ലീൻ എനർജി ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുകയെന്നതാണ് പ്രധാന ലക്ഷ്യം. ഇൻകുബേഷൻ സെന്റർ വിവിധ സാങ്കേതിക വിദ്യകൾ, ലാബുകൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്താൻ സഹായകരമാകും. വൈദ്യുതി മേഖലയിലെ സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും നൂതന സാങ്കേതിക വിദ്യകളുമായി ഊർജ്ജരംഗത്തെ ബന്ധപ്പെടുത്താനും ഇത് കേരളത്തെ സഹായിക്കും. കൃഷിയിടങ്ങൾക്കും ചെറുകിട സംരംഭകർക്കും കുറഞ്ഞ വിലയിൽ ഇടതടവില്ലാതെ വൈദ്യുതി എത്തിക്കാനുള്ള സാങ്കേതിക വിദ്യകളും നിലവിൽ വരും. നിലവിൽ സൗരോർജ നിലയങ്ങളിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി പകൽ സമയങ്ങളിൽ ഉപയോഗിച്ച് തീർക്കേണ്ടതിനാൽ ഡിമാൻഡ് കൂടി നിൽക്കുന്ന അവസരങ്ങളിൽ പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. ഇതിനായി കേരളത്തിനുതകുന്ന തരത്തിലുള്ള ബാറ്ററി സ്റ്റോറേജ് സിസ്റ്റം വികസിപ്പിക്കുന്നതിനും സഹായകമാകും.

(സി) തലസ്ഥാന നഗരിയെ സോളാർ സിറ്റിയാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം അറിയിക്കാമോ?

തലസ്ഥാന നഗരിയെ സോളാർ സിറ്റിയാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഓരോ സംസ്ഥാനത്തെയും ഒരു നഗരമെങ്കിലും സോളാർ നഗരമായി തെരഞ്ഞെടുക്കാൻ കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ (എം.എൻ.ആർ.ഇ.) നിർദ്ദേശപ്രകാരം സംസ്ഥാന സർക്കാർ തലസ്ഥാന നഗരിയായ തിരുവനന്തപുരത്തെ സോളാർ സിറ്റിയായി തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ നോഡൽ ഏജൻസി അനെർട്ട് ആണ്. അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് പദ്ധതി നടത്തിപ്പിനുള്ള നോഡൽ ഓഫീസർ. തിരുവനന്തപുരത്തെ സോളാർ നഗരമാക്കി മാറ്റുന്നതിനുവേണ്ടി താഴെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

1. ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡിയോടെ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ.

2. നഗരത്തിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ പവർ പ്ലാൻറുകൾ സ്ഥാപിക്കൽ.

3. സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഇവി ചാർജിംഗ് സ്റ്റേഷനുകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കൽ.

4. നഗരത്തിലെ എല്ലാ ബസ് ഷെൽട്ടറുകളും സോളാറിൽ പ്രവർത്തിക്കുന്ന സ്മാർട്ട് ബസ് ഷെൽറ്ററുകളായി മാറ്റുക.

5. തിരുവനന്തപുരം നഗരത്തിലെ എല്ലാ സർക്കാർ വാഹനങ്ങളും ഇലക്ട്രിക്ക് വാഹനങ്ങളായി മാറ്റുക. ഇതിനായി ആവശ്യാനുസരണം വാഹനങ്ങൾ വാടകയ്ക്ക് ലഭ്യമാക്കുന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുക.

6. വിവിധതരം ഹരിതോർജ ഉപകരണങ്ങൾ വ്യാപിപ്പിക്കുകയും, വിവിധ വകുപ്പുകളുടെ സംയോജിത പ്രവർത്തനത്തിലൂടെ തിരുവനന്തപുരം നഗരത്തെ സമ്പൂർണ്ണ ഹരിത നഗരമാക്കി മാറ്റുക.

**ഹരിതോർജ്ജ വികസനം**

**279 (670)** ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഹരിതോർജ്ജ വികസനത്തിന്റെ ഭാഗമായി ക്ലീൻ എനർജി ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാരും

ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്ററും ധാരണാ പത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ഹരിതോർജ്ജ സാങ്കേതിക വിദ്യകളുടെ വികസനത്തിന്റെ ഭാഗമായി ക്ലീൻ എനർജി ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാരും ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്ററും ധാരണാ പത്രം ഒപ്പിട്ടിട്ടുണ്ട്. ഈ മേഖലയിലെ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം പുനരുപയോഗ ഊർജ്ജ ഉത്പാദനത്തിന്റെ പങ്ക് വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി കേരളത്തിൽ ഒരു ക്ലീൻ എനർജി ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുകയെന്നതാണ് ഈ സഹകരണത്തിന്റെ പ്രധാന ലക്ഷ്യം. ഇൻകുബേഷൻ സെന്റർ, വിവിധ സാങ്കേതിക വിദ്യകൾ, ലാബുകൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്താൻ സഹായകരമാകും. സഹകരണം നിലവിൽ വരുന്നതോടെ വൈദ്യുതി മേഖലയിലെ സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും നൂതന സാങ്കേതിക വിദ്യകളുമായി ഊർജ്ജരംഗത്തെ ബന്ധപ്പെടുത്താനും ഇത് കേരളത്തെ സഹായിക്കും. കൃഷിയിടങ്ങൾക്കും ചെറുകിട സംരംഭകർക്കും കുറഞ്ഞ വിലയിൽ

ഇടതടവില്ലാതെ വൈദ്യുതി എത്തിക്കാനുള്ള സാങ്കേതിക വിദ്യകളും നിലവിൽ വരും. നിലവിൽ സൗരോർജ്ജ നിലയങ്ങളിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി പകൽ സമയങ്ങളിൽ ഉപയോഗിച്ച് തീർക്കേണ്ടതിനാൽ ഡിമാൻഡ് കൂടി നിൽക്കുന്ന അവസരങ്ങളിൽ പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. ഇതിനായി കേരളത്തിനുതകുന്ന തരത്തിലുള്ള ബാറ്ററി സ്റ്റോറേജ് സിസ്റ്റം വികസിപ്പിക്കുന്നതിനും ഈ സഹകരണം കൊണ്ട് സഹായകമാകും.

(ബി) ഹരിതോർജ്ജ രംഗത്ത് ഗവേഷണ വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുവാനും ഇതിനായി സ്റ്റാർട്ട് അപ്പ് സംരംഭങ്ങളെ ക്ലീൻ എനർജി ഇൻകുബേഷൻ സെന്റർ മുഖേന പ്രോത്സാഹിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഹരിതോർജ്ജ രംഗത്ത് ഗവേഷണ വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുവാനും ഇതിനായി സ്റ്റാർട്ട് അപ്പ് സംരംഭങ്ങളെ ക്ലീൻ എനർജി ഇൻകുബേഷൻ സെന്റർ മുഖേന പ്രോത്സാഹിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള സർക്കാരിനെ പ്രതിനിധീകരിച്ച് എനർജി മാനേജ്മെന്റ് സെന്ററും കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലും (K-DISC), ക്ലീൻ എനർജി

ഇന്റർനാഷണൽ ഇൻകുബേഷൻ സെന്ററും (CEIIC) ധാരണാപത്രത്തിൽ ഒപ്പു വെച്ചു. ഈ മേഖലയിലെ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം പുനരുപയോഗ ഊർജ്ജ ഉൽപാദനത്തിന്റെ പങ്ക് വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി കേരളത്തിൽ ഒരു ക്ലീൻ എനർജി ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുക എന്നതാണ് ഈ സഹകരണത്തിന്റെ പ്രധാന ലക്ഷ്യം.

(സി) ഊർജ്ജ കാര്യക്ഷമത ഉയർത്തുവാനും മൊത്തം ഊർജ്ജോല്പാദനത്തിൽ ഹരിതോർജ്ജത്തിന്റെ തോത് വർദ്ധിപ്പിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഹരിതോർജ്ജത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ സംസ്ഥാന സർക്കാർ പാട്ടത്തിന് നൽകിയ ഭൂമിയിൽ 100 മെഗാവാട്ട് സോളാർ പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 50 മെഗാവാട്ട് സോളാർ പ്ലാന്റ് അമ്പലത്തറയിലും 50 മെഗാവാട്ട് സോളാർ പ്ലാന്റ് പൈവളികയിലും ആണ് സ്ഥാപിച്ചിട്ടുള്ളത്. സോളാർ പാർക്ക് വികസനവുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നത് കെ.എസ്.ഇ.ബി.എൽ., SECI എന്നിവരുടെ സംയുക്ത കമ്പനിയായ

RPCKL (Renewable Power Corporation of Kerala Ltd.) ആണ്. അമ്പലത്തറയിൽ സോളാർ പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നത് IREDA (Indian Renewable Energy Development Agency) യും പൈവളികയിൽ സോളാർ പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നത് THDCIL (Tehri Hydro Development Corporation India Ltd.) ഉം ആണ്. ഇതു കൂടാതെ നെല്ലിത്തടത്ത് 5 മെഗാവാട്ട് സോളാർ പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ചീമേനിയിൽ സർക്കാർ ഭൂമി അനുവദിച്ചു ലഭിക്കുന്ന മുറയ്ക്ക് 100 മെഗാവാട്ട് സോളാർ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലും ഉണ്ട്. ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ ഉപഭോക്താക്കൾക്ക് ന്യായവിലയിൽ ലഭ്യമാക്കാനായി കെ.എസ്.ഇ.ബി.എൽ. നടത്തുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. നെന്മാറ ഗ്രൗണ്ട് മൗണ്ടഡ് സോളാർ, പാലക്കാട് - 1.5 MW – 2022 മെയ്-ൽ പണി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

2. ബ്രഹ്മപുരം ഗ്രൗണ്ട് മൗണ്ടഡ് സോളാർ - 4 MW.

3. PM KUSUM – Component A (40 MW) & C (5.59 MW). Component A കർഷകരുടെ തരിശു ഭൂമിയിൽ സോളാർ പ്ലാന്റ്

സ്ഥാപിക്കാനും Component – C ഗ്രിഡ് ബന്ധിത പമ്പുകളെ ബന്ധിപ്പിച്ചുള്ള ഫീഡറുകളെ സൗരോർജ്ജ വത്കരിക്കാനുമാണ്.

4. ഫ്ലോട്ടിംഗ് സോളാർ പദ്ധതി – 100 MW – കെ.എസ്.ഇ.ബി.എൽ-ന്റെ ഉടമസ്ഥതയിലുള്ള 8 റിസർവോയറുകളിലും KWA-യുടെ 2 റിസർവോയറുകളിലും ഗ്രിഡ് ബന്ധിത ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ താരിഫ് ബേസ്ഡ് ബിഡ് വഴി സ്ഥാപിക്കാനുള്ള താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

5. വിൻഡ് പ്ലാന്റ് – 100 MW. കേരളത്തിൽ 100 MW ഗ്രിഡ് ബന്ധിത വിന്റ് പവർ പദ്ധതികൾ സ്ഥാപിക്കുന്നതിനായി ഡെവലപ്പർമാരെ തെരഞ്ഞെടുക്കുന്നതിന് താരിഫ് അധിഷ്ഠിത മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചു. നടപടികൾ പുരോഗമിക്കുന്നു.

6. ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റ്, ഏറ്റുമാനൂർ - 1 MW – ഇതിന്റെ ടെന്റർ ക്ഷണിച്ചു. M/s. Greensol Pvt. Ltd. മായി എഗ്രിമെന്റ് ഒപ്പുവച്ചു. 2022 മെയ് മാസത്തിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

7. ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) – 10 MW/50 MWh. BESS ഗ്രിഡിന്റെ സ്ഥിരതയ്ക്കും തടസ്സമില്ലാതെ വൈദ്യുതി പ്രദാന ഉപഭോക്താക്കൾക്ക് ലഭിക്കാനും വേണ്ടിയാണ് 100MW പദ്ധതി

ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. എസ്റ്റിമേറ്റ് തുക 105 കോടി. സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണം കാര്യക്ഷമമാക്കുന്നതിനായി ഇ.എം.സി. മുഖേന താഴെ പറയുന്ന വിവിധ പദ്ധതികളും പരിപാടികളും നടത്തിവരുന്നു. സംസ്ഥാനത്ത് ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ ഏർപ്പെടുത്തിയ ഊർജ്ജ സംരക്ഷണ അവാർഡ് എല്ലാ വർഷവും ദേശീയ ഊർജ്ജ സംരക്ഷണദിനമായ ഡിസംബർ 14-ന് നൽകി വരുന്നു. ഇനിപ്പറയുന്ന വിഭാഗങ്ങൾക്കാണ് അവാർഡ് നൽകുന്നത്. വലിയ തോതിലുള്ള ഊർജ്ജ ഉപഭോക്താക്കൾ, ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ, ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ, കെട്ടിടങ്ങൾ, വ്യക്തികൾ, സ്ഥാപനങ്ങളും സംഘടനകളും, ചില്ലറ വ്യാപാരികൾ/വ്യാപാരികൾ, ആർക്കിടെക്ചറൽ സ്ഥാപനങ്ങളും, ഗ്രീൻബിൽഡിംഗ് കൺസൾട്ടൻസിയും കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമം 2001 പ്രകാരം നിയുക്ത ഉപഭോക്താക്കളായി പ്രഖ്യാപിക്കപ്പെട്ട 20 വൻകിട ഊർജ്ജ ഉപഭോക്താക്കളുടെ വാർഷിക ഊർജ്ജ ഉപഭോഗത്തിന്റെ മേൽനോട്ടം നടത്തിവരുന്നു. പുതിയതായി നിർമ്മിക്കുന്ന വാണിജ്യ കെട്ടിടങ്ങളിൽ 100 kW/120 kWA ക്ക് മുകളിൽ വൈദ്യുതി ആവശ്യമുള്ള കെട്ടിടങ്ങൾക്ക് ഊർജ്ജസംരക്ഷണ നിയമ പ്രകാരം എനർജി

കൺസർവേഷൻ ബിൽഡിംഗ് കോഡ് (ECBC) നിർബന്ധമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2017 മുതൽ ഇത് കേരള സംസ്ഥാന കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 150-ന് മുകളിൽ വരുന്ന എഞ്ചിനീയർമാർക്ക് ECBC മാനദണ്ഡങ്ങളനുസരിച്ച് കെട്ടിടം ഡിസൈൻ ചെയ്യുന്നതിനുള്ള കമ്പ്യൂട്ടർ സിമുലേഷനിലും സാങ്കേതിക വിദ്യയിലും Hands on training കൂടി നൽകുകയും, ഇതിന്റെ ഭാഗമായി ECBC പ്രകാരം നിർമ്മിച്ച കെട്ടിടങ്ങൾ പരിശോധിച്ച് സർട്ടിഫൈ ചെയ്യുന്നതിന് BEEE (Building Energy Efficiency Experts) എന്ന ഒരു കേഡറിനെ എംപാനൽ ചെയ്യുകയും ചെയ്തു. ഊർജ്ജസംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള സ്റ്റാൻഡേർഡ്സ് & ലേബലിംഗ് പരിപാടിയെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. 'ഫിലമെന്റ് രഹിത കേരളം' പദ്ധതി വഴി കേരളത്തിൽ 2020 മുതൽ ഊർജ്ജക്ഷമത കൂടിയതും കൂടുതൽ പ്രകാശം നൽകുന്നതുമായ എൽ.ഇ.ഡി. ബൾബുകൾ വ്യാപിപ്പിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തിവരുന്നു. കേരളത്തിലെ എല്ലാ വൻകിട വൈദ്യുത ഊർജ്ജ ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കി 2011 -ൽ സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള

വ്യവസായ/വാണിജ്യ/കെട്ടിട മേഖലയിൽ സൗജന്യ ഊർജ്ജ ഓഡിറ്റ് പദ്ധതി നടപ്പിലാക്കിവരുന്നു. ഗ്രാമ പഞ്ചായത്തുകളിൽ ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മാതൃകാ ഊർജ്ജകാര്യക്ഷമ ഗ്രാമ പഞ്ചായത്ത് എന്ന പദ്ധതി നിലവിലുണ്ട്. 2016-2021 കാലയളവിൽ കേരളത്തിലെ 14 ഗ്രാമപഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി മറ്റ് ഗ്രാമ പഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കാൻ പദ്ധതിയിടുന്നു. നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇ.എം.സി 'ഊർജ്ജയാൻ' പദ്ധതി നടത്തിവരുന്നു. പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ 12 നിയോജക മണ്ഡലങ്ങളിലെ (ഒല്ലൂർ, പുതുക്കാട്, മണലൂർ, കുന്നംകുളം, കയ്പമംഗലം, ഇരിഞ്ഞാലക്കുട, കൊടുങ്ങല്ലൂർ, ഗുരുവായൂർ, ചാലക്കുടി, ചേലക്കര, വടക്കാഞ്ചേരി) തെരെഞ്ഞെടുത്ത സർക്കാർ കെട്ടിടങ്ങളുടെ ഊർജ്ജ ഓഡിറ്റ് പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ച് വരുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിലെ നേമം നിയോജക മണ്ഡലത്തിലെ സർക്കാർ സ്കൂളുകളുടെ ഊർജ്ജ ഓഡിറ്റ് പൂർത്തീകരിച്ചു. നേമം നിയോജക മണ്ഡലത്തിലെ തെരഞ്ഞെടുത്ത ഒരു സർക്കാർ സ്കൂളിലെ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ്ജ

കാര്യക്ഷമത കൂടിയ ലൈറ്റുകളും ഫാനുകളും സ്ഥാപിച്ചു. തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ സ്കൂളുകളുടെ ഊർജ്ജ ഓഡിറ്റ് ആരംഭിച്ചു. കാട്ടാക്കട നിയോജക മണ്ഡലത്തിലെ തെരഞ്ഞെടുത്ത 53 സർക്കാർ സ്കൂളുകളുടെ ഊർജ്ജ ഓഡിറ്റ് പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ കാട്ടാക്കട നിയോജക മണ്ഡലത്തിലെ തെരഞ്ഞെടുത്ത 1 സ്കൂളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ ലൈറ്റുകളും ഫാനുകളും സ്ഥാപിച്ചു. പാലക്കാട് ജില്ലയെ ഊർജ്ജ കാര്യക്ഷമമായ ജില്ലയായി മാറ്റുന്നതിന്റെ ഭാഗമായി, തെരഞ്ഞെടുത്ത സർക്കാർ കെട്ടിടങ്ങളുടെയും വിദ്യാലയങ്ങളുടെയും ഊർജ്ജ ഓഡിറ്റ് നടന്നുവരുന്നു. മറ്റ് നിയോജക മണ്ഡലത്തിലും മേല്പറഞ്ഞ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. 'കാർബൺ ന്യൂട്രൽ കാട്ടാക്കട' പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട നിയോജക മണ്ഡലത്തിലെ 92 സർക്കാർ കെട്ടിടങ്ങളുടെ ഊർജ്ജ ഓഡിറ്റ് ആരംഭിച്ചു. സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച് കൈകാര്യം ചെയ്യുന്ന പൊതു കെട്ടിടങ്ങളിലും മറ്റ് സർക്കാർ കെട്ടിടങ്ങളിലും ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ ഊർജ്ജ ഓഡിറ്റിലൂടെ

തിരിച്ചറിയുകയും അത്തരം ഊർജ്ജ സംരക്ഷണ സാദ്ധ്യതകൾ ഉപയുക്തമായ രീതിയിൽ നടപ്പിലാക്കുകയുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഊർജ്ജ സംരക്ഷണ വിഷയത്തിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുന്നതിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ പദ്ധതിയാണ് 'സ്മാർട്ട് എനർജി പ്രോഗ്രാം'. ഇതിന്റെ ഭാഗമായി 8839 സ്കൂളുകളെ 41 വിദ്യാഭ്യാസ ജില്ലകളിൽ നിന്നായി സംഘടിപ്പിച്ച് ഒരു ലക്ഷത്തോളം കുട്ടികളുടെ നേതൃത്വത്തിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടത്തി. ഈ പദ്ധതി മറ്റ് സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സൂക്ഷ്മ ചെറുകിട സംരംഭങ്ങളിൽ ഊർജ്ജകാര്യക്ഷമത വരുത്തുന്നതിനും ഊർജ്ജ സംരക്ഷണത്തിനുള്ള അവസരങ്ങൾ മനസ്സിലാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ഊർജ്ജസംരക്ഷണ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ ഊർജ്ജ വിദ്യാഭ്യാസം, ഊർജ്ജ ഓഡിറ്റ് & നൈപുണ്യ വികസന പരിപാടികൾ, സർട്ടിഫിക്കറ്റ് കോഴ്സ്, ഡിപ്ലോമ/പി.ജി ഡിപ്ലോമ കോഴ്സുകൾ, ഊർജ്ജ പരിപാലനത്തിൽ ദേശീയ അന്താരാഷ്ട്ര സെമിനാറുകൾ എന്നിവ നടത്തുന്നു. വീടുകളിലെ

ഊർജ്ജ കാര്യക്ഷമത, കാര്യക്ഷമത വിലയിരുത്തുന്നതിനുള്ള രീതികൾ, ഊർജ്ജ സംരക്ഷണ വിദ്യകൾ, ഊർജ്ജ കാര്യക്ഷമമായ ഉപകരണങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും ഉൾക്കൊള്ളുന്ന പരിശീലന പരിപാടി നടത്തിവരുന്നു. പൊതുജനങ്ങൾക്ക് ഊർജ്ജസംരക്ഷണ രംഗത്ത് അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി സർക്കാരിതര സ്ഥാപനങ്ങൾ വഴി (NGO) ഊർജ്ജസംരക്ഷണ ക്ലാസ്സുകളും പദ്ധതികളും നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ മൊത്തം ഊർജ്ജോല്പാദനത്തിൽ ഹരിതോർജ്ജത്തിന്റെ തോത് വർദ്ധിപ്പിക്കാൻ ഇ.എം.സി മുഖേന താഴെ പറയുന്ന വിവിധ പദ്ധതികൾ നടത്തിവരുന്നു. സംസ്ഥാനത്ത് പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്വകാര്യ സംരംഭകർ വഴിയുള്ള ചെറുകിട ജല വൈദ്യുത പദ്ധതികൾ വ്യാപകമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇ.എം.സി. ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ മുഖേന ടെണ്ടർ നടപടികളുമായി മുന്നോട്ട് പോകുകയാണ്. സർക്കാരിന്റെ അന്തിമ അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ മുഖേന അനുയോജ്യരായ സംരംഭകരെ കണ്ടെത്തി പദ്ധതികളുടെ നിർവ്വഹണവുമായി മുന്നോട്ട് പോകുന്നതാണ്. കനാലുകളിലെ ഒഴുക്കിൽ നിന്നും ഹൈഡ്രോ കൈനറ്റിക് സാങ്കേതികം, പിക്കോ/മൈക്രോ

ഹൈഡ്രോ/മൈക്രോ വിൻഡ്/ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാങ്കേതികവിദ്യകൾ വഴിയുള്ള ഊർജ്ജ ഉത്പാദനത്തിനുമുള്ള സാധ്യതാ പഠനവും, പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണത്തിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ ചിറ്റൂർപ്പുഴ ജലസേചന പദ്ധതിയുടെ മൂലത്തറ ലെഫ്റ്റ് ബാങ്ക് ഇറിഗേഷൻ കനാലിൽ 25kW ന്റെയും, ഇടുക്കി ജില്ലയിൽ ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയ്സിൽ 25 kW ന്റെയും ഹൈഡ്രോ കൈനറ്റിക് സാങ്കേതിക വിദ്യ അവലംബിച്ചുകൊണ്ടുള്ള പൈലറ്റ് പദ്ധതികൾ നടപ്പിലാക്കാനുള്ള വർക്ക് ഓർഡറുകൾ എം-പാനൽ ചെയ്യപ്പെട്ട ടെക്നോളജി ദാതാക്കൾക്ക് നൽകിയിട്ടുണ്ട്. പൈലറ്റ് പദ്ധതിയുടെ വിജയം കണക്കിലെടുത്തശേഷം മൂലത്തറയിൽ ഇടതുകര കനാലിൽ 3 MW വരെ ഉത്പാദനം വർദ്ധിപ്പിക്കാനും വേണ്ട പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. ചെറുകിട ജല വൈദ്യുത പദ്ധതികളിൽ ഓഫ് പീക്ക് ലോഡ് സമയത്തെ അധിക വൈദ്യുതി സംഭരിച്ചുവച്ച് പീക്ക് ലോഡ് സമയത്ത് വൈദ്യുതി ഉത്പാദനം കൂട്ടുന്നതിനായി EMC വഴി അനുമതി നൽകിയ നിലവിലെ ചെറുകിട ജല വൈദ്യുത പദ്ധതികളിൽ പമ്പ്ഡ് സ്റ്റോറേജ്, ബാറ്ററി സ്റ്റോറേജ്

സാങ്കേതികതത്വത്തിന്റെ സാധ്യത പഠനം ആരംഭിച്ചിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഹരിതോർജ്ജ മേഖലയിൽ വിപുലമായ ഗവേഷണ വികസന പ്രവർത്തനങ്ങൾക്കും നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള ഇൻകുബേഷൻ, സ്റ്റാർട്ട് അപ്പ് പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഹരിതോർജ്ജ മേഖലയിൽ വിപുലമായ ഗവേഷണ വികസന പ്രവർത്തനങ്ങൾക്കും നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള ഇൻകുബേഷൻ, സ്റ്റാർട്ട് അപ്പ് പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടമെന്ന നിലയിൽ കേരള സർക്കാരിനെ പ്രതിനിധീകരിച്ച് എനർജി മാനേജ്മെന്റ് സെന്ററും കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലും (K-DISC), ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്ററും (CEIIC) 2022 ഫെബ്രുവരി 1-ന് ധാരണാപത്രം ഒപ്പുവെച്ചു. ഈ മേഖലയിലെ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം പുനരുപയോഗ ഊർജ്ജ ഉൽപാദനത്തിന്റെ പങ്ക് വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി കേരളത്തിൽ ഒരു ക്ലീൻ എനർജി

ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുക എന്നതാണ് ഈ സഹകരണത്തിന്റെ പ്രധാന ലക്ഷ്യം. ഇൻകുബേഷൻ സെന്റർ സ്ഥപിക്കുന്നതുമായി ബന്ധപ്പെട്ട മറ്റ് നടപടികൾ നടന്നുവരുന്നു.

**ഹരിതോർജ്ജ വികസനം**

**280 (671)** ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹരിതോർജ്ജ വികസനത്തിന്റെ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും അതുവഴി വൈദ്യുതിയുടെ ഉല്പാദനവും വിതരണവും ശക്തിപ്പെടുത്തുന്നതിനുമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ?

ഹരിതോർജ്ജത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ സംസ്ഥാന സർക്കാർ പാട്ടത്തിന് നൽകിയ ഭൂമിയിൽ 100 മെഗാവാട്ട് സോളാർ പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 50 മെഗാവാട്ട് സോളാർ പ്ലാന്റ് അമ്പലത്തറയിലും 50 മെഗാവാട്ട് സോളാർ പ്ലാന്റ് പൈവളികയിലുമാണ് സ്ഥാപിച്ചിട്ടുള്ളത്. സോളാർ പാർക്ക്

വികസനവുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നത് കെ.എസ്.ഇ. ബി.എൽ, SECI എന്നിവരുടെ സംയുക്ത കമ്പനിയായ RPCKL (Renewable Power Corporation of Kerala Limited) ആണ്. അമ്പലത്തറയിൽ സോളാർ പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നത് IREDA (Indian Renewable Energy Development Agency)-യും പൈവളികയിൽ സോളാർ പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നത് THDCIL (Tehri Hydro Development Corporation India Limited)-ഉം ഇതു കൂടാതെ നെല്ലിത്തടത്ത് 5 മെഗാവാട്ട് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ചീമേനിയിൽ സർക്കാർ ഭൂമി അനുവദിച്ച് ലഭിക്കുന്ന മുറയ്ക്ക് 100 മെഗാവാട്ട് സോളാർ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലും ഉണ്ട്. ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ ഉപഭോക്താക്കൾക്ക് ന്യായവിലയിൽ ലഭ്യമാക്കാനായി കെ.എസ്.ഇ.ബി.എൽ നടത്തുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. നെന്മാറ ഗ്രൗണ്ട് മൗണ്ടഡ് സോളാർ, പാലക്കാട് - 1.5 MW – 2022 മെയ്-ൽ പണി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

2. ബ്രഹ്മപുരം ഗ്രൗണ്ട് മൗണ്ടഡ് സോളാർ - 4 MW.

3. PM KUSUM - Component A (40 MW) & C (5.59 MW). Component A കർഷകരുടെ തരിശു ഭൂമിയിൽ സോളാർ പ്ലാന്റ് സ്ഥാപിക്കാനും Component - C ഗ്രിഡ് ബന്ധിത പമ്പുകളെ ബന്ധിപ്പിച്ചുള്ള ഫീഡറുകളെ സൗരോർജ്ജ വത്കരിക്കാനുമാണ്.

4. ഫ്ലോട്ടിംഗ് സോളാർ പദ്ധതി - 100 MW - കെ.എസ്.ഇ.ബി.എൽ-ന്റെ ഉടമസ്ഥത യിലുള്ള 8 റിസർവോയറുകളിലും KWA-യുടെ 2 റിസർവോയറുകളിലും ഗ്രിഡ് ബന്ധിത ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ താരിഫ് ബേസ്ഡ് ബിഡ് വഴി സ്ഥാപിക്കാനുള്ള താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

5. വിൻഡ് പ്ലാന്റ് - 100 MW. കേരളത്തിൽ 100 MW ഗ്രിഡ് ബന്ധിത വിന്റ് പവർ പദ്ധതികൾ സ്ഥാപിക്കുന്നതിനായി ഡെവലപ്പർമാരെ തെരഞ്ഞെടുക്കുന്നതിന് താരിഫ് അധിഷ്ഠിത മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചു. നടപടികൾ പുരോഗമിക്കുന്നു.

6. ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റ്, ഏറ്റുമാനൂർ - 1 MW - ഇതിന്റെ ടെന്റർ ക്ഷണിച്ചു. M/s. Greensol Pvt. Ltd. മായി എഗ്രിമെന്റ് ഒപ്പുവച്ചു. മെയ് 2022 - ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് ഹരിതോർജ്ജ വികസനത്തിന്റെ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും

അതുവഴി വൈദ്യുതിയുടെ ഉല്പാദനവും വിതരണവും ശക്തിപ്പെടുത്തുന്നതിനുമായി ക്ലീൻ എനർജി ഇൻകുബേഷൻ സെന്റർ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള സർക്കാരിനെ പ്രതിനിധീകരിച്ച് എനർജി മാനേജ്മെന്റ് സെന്ററും കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലും (K-DISC), ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്ററും (CEIIC) ധാരണാപത്രത്തിൽ ഒപ്പുവെച്ചു. ഈ മേഖലയിലെ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം പുനരുപയോഗ ഊർജ്ജ ഉൽപാദനത്തിന്റെ പങ്ക് വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി കേരളത്തിൽ ഒരു ക്ലീൻ എനർജി ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുക എന്നതാണ് ഈ സഹകരണത്തിന്റെ പ്രധാന ലക്ഷ്യം. ഇൻകുബേഷൻ സെന്റർ വിവിധ സാങ്കേതിക വിദ്യകൾ, ലാബുകൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്താൻ സഹായകരമാകും. സഹകരണം നിലവിൽ വരുന്നതോടെ വൈദ്യുതി മേഖലയിലെ സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും നൂതന സാങ്കേതിക വിദ്യകളുമായി ഊർജ്ജരംഗത്തെ ബന്ധപ്പെടുത്താനും ഇത് കേരളത്തെ സഹായിക്കും. കൃഷിയിടങ്ങൾക്കും ചെറുകിട സംരംഭകർക്കും കുറഞ്ഞ വിലയിൽ ഇടതടവില്ലാതെ വൈദ്യുതി

എത്തിക്കാനുള്ള സാങ്കേതിക വിദ്യകളും നിലവിൽ വരും. നിലവിൽ സൗരോർജ നിലയങ്ങളിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി പകൽ സമയങ്ങളിൽ ഉപയോഗിച്ച് തീർക്കേണ്ടതിനാൽ ഡിമാൻഡ് കൂടി നിൽക്കുന്ന അവസരങ്ങളിൽ പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നില്ല. ഇതിനായി കേരളത്തിനുതകുന്ന തരത്തിലുള്ള ബാറ്ററി സ്റ്റോറേജ് സിസ്റ്റം വികസിപ്പിക്കുന്നതിനും ഈ സഹകരണം കൊണ്ട് സഹായകമാകും.

(ബി) ഊർജ്ജ സംരക്ഷണത്തിന് കേരള ഡെവലപ്പ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ സഹായത്തോടെ പദ്ധതി അവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഊർജ്ജ സംരക്ഷണത്തിന് കേരള ഡെവലപ്പ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ സഹായത്തോടെ പദ്ധതി ഒന്നും തന്നെ ആവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ മേല്പറഞ്ഞ ക്ലീൻ എനർജി ഇൻക്യുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനായുള്ള ധാരണാപത്രത്തിൽ കേരള സർക്കാരിനെ പ്രതിനിധീകരിച്ച് എനർജി മാനേജ്മെന്റ് സെന്ററും കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലും (K-DISC) ചേർന്നാണ് ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്ററും (CEIIC) ധാരണാപത്രത്തിൽ ഒപ്പു വച്ചത്. ഹരിതോർജജ

മേഖലയിലെ സ്റ്റാർട്ട് അപ്പുകളെ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള സംരംഭം ആയതിനാലാണ് കേരള സർക്കാരിന്റെ ഊർജ്ജ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളും കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലും (K-DISC) ചേർന്ന് ധാരണാപത്രത്തിൽ ഒപ്പുവെച്ചത്.

(സി) ഹരിതോർജ്ജ വികസനത്തിനായി ലോകോത്തര മാതൃക സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്ററുമായി ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഹരിതോർജ്ജ വികസനത്തിനായി ലോകോത്തര മാതൃക സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്ററുമായി ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. ഇതിനായി കേരള സർക്കാരും ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്ററുമായി ചേർന്ന് കേരളത്തിൽ ഒരു ക്ലീൻ എനർജി ഇൻക്യുബേഷൻ സെന്റർ സ്ഥാപിക്കാൻ ധാരണയായി.

(ഡി) ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഹരിതോല്പാദനം ഉയർത്തുന്നതിനുമായി പ്രസ്തുത കരാറിൽ ഏർപ്പെടുക വഴി എന്തെല്ലാം

നേട്ടങ്ങൾ കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

സഹകരണം നിലവിൽ വരുന്നതോടെ വൈദ്യുതി മേഖലയിലെ സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും നൂതന സാങ്കേതിക വിദ്യകളുമായി ഊർജ്ജരംഗത്തെ ബന്ധപ്പെടുത്താനും ഇത് കേരളത്തെ സഹായിക്കും. കൃഷിയിടങ്ങൾക്കും ചെറുകിട സംരംഭകർക്കും കുറഞ്ഞ വിലയിൽ ഇടതടവില്ലാതെ വൈദ്യുതി എത്തിക്കാനുള്ള സാങ്കേതിക വിദ്യകളും നിലവിൽ വരും. നിലവിൽ സൗരോർജ്ജ നിലയങ്ങളിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി പകൽ സമയങ്ങളിൽ ഉപയോഗിച്ച് തീർക്കേണ്ടതിനാൽ ഡിമാൻഡ് കൂടി നിൽക്കുന്ന അവസരങ്ങളിൽ പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നില്ല. ഇതിനായി കേരളത്തിനുതകുന്ന തരത്തിലുള്ള ബാറ്ററി സ്റ്റോറേജ് സിസ്റ്റം വികസിപ്പിക്കുന്നതിനും ഈ സഹകരണം കൊണ്ട് സഹായകമാകും.

**വൈദ്യുതലൈനുകളിൽ നിന്നുള്ള അപകടങ്ങൾ**

**281(672)** <u>ശ്രീ . മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. യു. എ. ലത്തീഫ്</u>:
<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>:

ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി കട്ടപ്പന ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലുള്ള കടയിൽ സ്ഥാപിച്ച ഡീസൽ ജനറേറ്ററിൽ നിന്നും വൈദ്യുതി പ്രവഹിച്ച് വൈദ്യുതലൈനിൽ ജോലി നോക്കിയ ജീവനക്കാരൻ മരിക്കാനിടയായ സാഹചര്യത്തിൽ സംസ്ഥാനത്ത് അനധികൃതമായി വിവിധയിടങ്ങളിൽ സ്ഥാപിച്ച ഡീസൽ ജനറേറ്ററുകൾ കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

കെ.എസ്.ഇ.ബി.എൽ നടപടി സ്വീകരിച്ചിട്ടുണ്ട്. കട്ടപ്പന ഇലക്ട്രിക്കൽ സെക്ഷനാഫീസിന്റെ പരിധിയിൽ നടന്ന അപകടവുമായി ബന്ധപ്പെട്ട്, ഉപഭോക്താക്കളുടെ പ്രിമിസെസിലെ നിലവിലെ ചട്ടങ്ങൾ പ്രകാരമുള്ള സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാതെയും അനധികൃതമായി സ്ഥാപിച്ചിട്ടുള്ളതുമായ ജനറേറ്ററുകൾ കണ്ടെത്തുന്നതിന് കെ.എസ്.ഇ.ബി.എൽ-ഉം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും ചേർന്ന് സംയുക്ത പരിശോധന നടത്തിവരുന്നു. അനധികൃതമായി ജനറേറ്റർ പ്രവർത്തിപ്പിച്ച് മരണത്തിനിടയായ ഉടമക്കെതിരെ crime No.1757/2021 പ്രകാരം 304 IPC സെക്ഷൻ ചുമത്തി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അനധികൃതമായി

ജനറേറ്ററുകൾ ഉപയോഗിക്കുന്നവർക്ക് നോട്ടീസ് നൽകുകയും റെഗുലറൈസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വൈദ്യുതി അപകടങ്ങൾ ഭാവിയിൽ ഒഴിവാക്കുന്നതിനായി സംസ്ഥാനതലത്തിൽ പരിശോധനകൾ ഊർജ്ജിതമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അനധികൃതമായും, സുരക്ഷിതമല്ലാതെയും ഡീസൽ ജനറേറ്റർ സ്ഥാപിക്കുന്നതും, ഉപയോഗിക്കുന്നതും മനുഷ്യജീവന് ആപൽക്കരമാണെന്ന ബോധവൽക്കരണം പത്ര, ദൃശ്യ മാധ്യമങ്ങളിലൂടെ ജനങ്ങൾക്ക് നൽകുകയുണ്ടായി. കൂടാതെ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളിൽ നിന്നുമുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിലേയ്ക്കായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉദ്യോഗസ്ഥരും സംയുക്തമായി സംസ്ഥാനത്തുടനീളം അനധികൃതമായും, സുരക്ഷിതത്വമില്ലാതെയും സ്ഥാപിച്ചിട്ടുള്ള ഡീസൽ ജനറേറ്ററുകളുടെ പരിശോധന നടത്തിവരുന്നു. കൂടാതെ പ്രസ്തുത അപകടങ്ങളെക്കുറിച്ചുള്ള അവബോധവും ആയതിന്റെ നിയമവശവും ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി പല ജില്ലകളിലേയും പ്രമുഖ പത്രങ്ങളിൽ ഇത് സംബന്ധിച്ച വാർത്തകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്കും വൈദ്യുത മേഖലയുമായി

ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കുമായി ബോധവൽക്കരണ പരിപാടികൾ വകുപ്പ് സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ മീറ്റർ റീഡർമാരുടെ സേവനത്തിലൂടെ, മീറ്റർ റീഡിംഗ് സമയത്ത്, അനധികൃത വൈദ്യുതി പ്രതിഷ്ഠാപനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് അധികൃതരോട് ഇലക്ട്രിക്കൽ ഇൻസ്പെക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തുടനീളം നടത്തിയ പരിശോധനകളിൽ അനധികൃതമായി സ്ഥാപിച്ചതായി കണ്ടെത്തിയ ഡീസൽ ജനറേറ്റർ പ്രതിഷ്ഠാപനങ്ങളുടെ ഉടമസ്ഥർക്ക് ആയത് സുരക്ഷിതമായി നിലനിർത്തുവാനുള്ള നിർദ്ദേശം രേഖാമൂലം നൽകുകയും, മറ്റ് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വൈദ്യുത അപകടങ്ങൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്. മഴക്കാലം വരുന്നതിന്റെ മുന്നോടിയായി ഓരോ ഇലക്ട്രിക്കൽ സെക്ഷനിലും ജീവനക്കാർ ഇലക്ട്രിക്ക് ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടേയും പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും തകരാറുകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുകയും ലൈൻ പരിശോധന

നടത്തി ലൈനുകളിൽ മുട്ടി നിൽക്കുന്ന വൃക്ഷങ്ങളും വൃക്ഷ ശിഖരങ്ങളും നീക്കം ചെയ്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനുമായി പ്രീ-മൺസൂൺ മെയിന്റനൻസ് നടത്തുന്നതിനുള്ള നിർദ്ദേശം നൽകുകയും ഇത് കൃത്യമായി നടപ്പിലാക്കുകയും ചെയ്തുവരുന്നു. വൈദ്യുതി ലൈനിൽ പണിയെടുക്കുന്നതിനു മുമ്പ് വൈദ്യുതി ബന്ധം വിച്ഛേദിച്ച്, ലൈനുകൾ എർത്തുമായി ബന്ധിപ്പിച്ചും മാത്രമേ ജോലി ചെയ്യാൻ പാടുള്ളൂവെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. (നൂതന വർക്ക്സൈറ്റ് ഏർത്തിംഗ് രീതിയായ "ഇക്വി പോടെൻഷ്യൽബോണ്ട് എർത്തിംഗ്" നടപ്പാക്കിയിട്ടുണ്ട്.) വൈദ്യുതി ലൈനിൽ പണിയെടുക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാ നടപടികളെക്കുറിച്ചുള്ള സുരക്ഷാ മാനുവൽ പ്രസിദ്ധികരിച്ചിട്ടുണ്ട്. അപകടങ്ങളുടെ തോത് പരമാവധി കുറയ്ക്കാനായി കെ.എസ്.ഇ.ബി ലിമിറ്റഡിലെ വൈദ്യുത വിതരണ വിഭാഗത്തിലെ എല്ലാ ഓഫീസുകളിലെയും എല്ലാ ലൈൻമാന്മാർക്കും 14 ഇനം സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് (ഷോൾഡർ ബാഗോടു കൂടി) ഉപയോഗിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. എർത്ത് റോഡ്, ഷോർട്ടിംഗ് ക്ലിപ്പ്, ഫുൾബോഡി സേഫ്റ്റി ബെൽറ്റ്, സേഫ്റ്റി ഷൂസ്, സേഫ്റ്റി ഹെൽമറ്റ്, ഗ്ലൗസ്, എർത്ത് സ്പൈക്ക് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ

അടങ്ങിയ സേഫ്റ്റി കിറ്റ് ആണ് നല്കിയിട്ടുളളത്. സുരക്ഷാനയം എല്ലാ ജീവനക്കാരിലേയ്ക്കും എത്തിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ്, ജീവനക്കാർക്ക് വേണ്ടി സുരക്ഷാ നയവുമായി ബന്ധപ്പെട്ട പരിശീലന ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിക്കുന്ന നിലയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ എല്ലാ ഫീൽഡ് ജീവനക്കാർക്കും സുരക്ഷാ പരിപാലനം ഉറപ്പ് വരുത്തുന്നതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. വർക്ക് സൈറ്റ് സുരക്ഷ ഉറപ്പ് വരുത്താനായി വർക്ക് സൈറ്റ് പരിശോധന നടത്തുന്നുണ്ട്. ELCB അല്ലെങ്കിൽ RCCB എന്ന ഉപകരണം ഘടിപ്പിച്ച് മാത്രമാണ് എല്ലാ പുതിയ LT സർവീസ് കണക്ഷനുകളും നൽകുന്നത്. ഇത് ഉപഭോക്താക്കളുടെ പ്രതിഷ്ഠാപനങ്ങളിലെ അപകടങ്ങൾ കുറയ്ക്കും. കേരളത്തിലെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷൻ'-ന്റെ ഭാഗമായി വൈദ്യുതി വിതരണ മേഖല ലോകോത്തരമാക്കുന്നതിന് 'ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകി പ്രവത്തനങ്ങൾ നടത്തി വരുന്നു. ഈ പദ്ധതിയിൽ വൈദ്യുതി സുരക്ഷയ്ക്ക് പ്രാധാന്യം നൽകി ആവശ്യമെങ്കിൽ നിലവിലുള്ള പഴയതും

ശേഷി കുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക (റീകണ്ടക്റ്ററിങ് വർക്കുകൾ), പുരയിടങ്ങൾക്ക് കുറുകെ കടന്ന് പോകുന്ന ലൈനുകൾ വൈദ്യുതി അപകടങ്ങൾക്ക് കാരണമാകുന്നെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (എബിസി) ഉപയോഗിക്കുക, ട്രാൻസ്ഫോർമറുകൾക്ക് സംരക്ഷണ വേലി സ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികൾ നടന്നു വരുന്നു. കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങളായ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റു പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു. ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു. ഉപഭോക്താക്കളുടെ പ്രതിഷ്ഠാപനങ്ങളിലെ അപകടങ്ങൾ കുറയ്ക്കാൻവേണ്ടി വൈദ്യുത സുരക്ഷയെകുറിച്ചുള്ള പൊതുജനബോധവല്ക്കരണം നടത്തുന്നുണ്ട്. കുടുംബശ്രീ/റസിഡൻസ് അസോസിയേഷൻ മുഖേനയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ഗുണനിലവാരമില്ലാത്ത വൈദ്യുത ഉപകരണങ്ങളുടെ ഉപയോഗം വൈദ്യുത അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. ഇത് ഒഴിവാക്കാനായി വൈദ്യുത ഉപകരണങ്ങൾ വിൽക്കുന്ന/സൂക്ഷിക്കുന്ന

കടകൾ/ ഗോഡൗണുകൾ എന്നിവിടങ്ങളിൽ ക്വാളിറ്റി കൺട്രോൾ ഓർഡർ 2003 പ്രകാരമുള്ള പരിശോധനകൾ ഈ വകുപ്പിൽ നിന്നും നടത്തിവരുന്നു. കൂടാതെ, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർസ് ക്വാളിറ്റി കൺട്രോൾ മുദ്രയായ ISI മാർക്കുള്ള വൈദ്യുത ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഉണ്ടാകുന്ന മാരകമായ അപകടങ്ങളിൽ ഭൂരിഭാഗവും ഗാർഹിക മേഖലയിലാണ് സംഭവിക്കുന്നത്. വയറിംഗ് അപാകതകളും ELCB ഇല്ലാത്തതുമാണ് പല അപകടങ്ങൾക്കും മുഖ്യ കാരണം. ഇ-സേഫ് കേരള പദ്ധതിയുടെ ഭാഗമായി വകുപ്പ്, Pilot project-ന്റെ കീഴിൽ പാലക്കാട്, ജില്ലയിൽ അഗളി, പുതൂർ, ഷോളയാർ എന്നീ പഞ്ചായത്തുകളിൽ 600 ഓളം BPL വീടുകൾക്ക് റീവയറിംഗ് നടത്തി ELCB സ്ഥാപിച്ച് നൽകിയിട്ടുണ്ട്. കൂടാതെ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എസ്.സി/ എസ്.ടി/ബി.പി.എൽ. വിഭാഗത്തിലെ നോൺ പേയിങ് ഗ്രൂപ്പിലെ ഉപഭോക്താക്കൾക്ക് 4 പോയിന്റ് വയറിംഗ് നടത്തി, ELCB സ്ഥാപിച്ച് നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള എല്ലാ സാങ്കേതിക സഹായങ്ങളും നൽകി വരുന്നു.

(സി) വൈദ്യുതലൈനുകൾ പൊട്ടി വീണുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഓവർഹെഡ് കണ്ടക്ടർ പൊട്ടി വീണുണ്ടാകുന്ന അപകടം ഒഴിവാക്കാൻ വേണ്ടി ഭാവിയിൽ എല്ലാ ലോടെൻഷൻ ലൈനുകളും സർവീസ് കണക്ഷനുകളും (സർവീസ് മെയിനുകളും) എൽ.ടി ഏരിയൽബഞ്ച്ഡ് കേബിൾ (LT ABC) ഉപയോഗിച്ച് നിർമ്മിക്കാൻ കെ.എസ്.ഇ.ബി.എൽ തീരുമാനിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും കമ്പി പൊട്ടി വീണുള്ള അപകടങ്ങൾ കുറയ്ക്കാനായി എല്ലാ വർഷവും പ്രീ മൺസൂൺ മെയിന്റനൻസ് നടത്താറുണ്ട്. ഇതിന്റെ ഭാഗമായി 11 കെവി ലൈനുകൾ, എൽ.റ്റി. ലൈനുകൾ, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ എന്നിവ പരിശോധിക്കുക, ലൈനുകളിൽ മുട്ടിനിൽക്കുന്ന വൃക്ഷ ശിഖരങ്ങൾ നീക്കം ചെയ്യുക, കേടായതും പഴക്കം ചെന്നതുമായ പോസ്റ്റുകൾ, സ്റ്റേകൾ, വൈദ്യുത കമ്പികൾ, ഇൻസുലേറ്ററുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുക, ബ്രിഡ്ജിങ്ങ് പരിശോധന നടത്തി ആവശ്യമെങ്കിൽ മാറ്റി സ്ഥാപിക്കുക, താഴ്ന്നുകിടക്കുന്ന ലൈനുകൾ റീ ഷാക്ലിംഗ് നടത്തുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ പരിശോധിച്ച് എ.ബി. സ്വിച്ച്, ഏർത്തിങ്ങ്, ലൈറ്റ്നിംഗ് അറസ്ററർ, ഓയിൽ ലെവൽ, ഫ്യൂസ്,

കേബിളുകൾ തുടങ്ങിയവ പരിശോധിച്ച് ആവശ്യമെങ്കിൽ മെയിന്റെനൻസ് ചെയ്യുക, ട്രാൻസ്ഫോർമർ ലോഡ് ബാലൻസ്ചെയ്യുക, പഴയ വെതർപ്രൂഫ്വയറുകൾ മാറ്റുക തുടങ്ങിയ പ്രവൃത്തികൾ ചെയ്തു വരുന്നു. കൂടാതെ കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുന്ന പ്രവർത്തികളും നടന്നുവരുന്നു. കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങൾ ആയ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റു പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. കമ്പി പൊട്ടി വീഴുന്നതുപോലുള്ള അത്യാവശ്യ ഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന് “ 9496010101” എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. വൈദ്യുത ലൈൻ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി തിരുവനന്തപുരം പേട്ട ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വൈദ്യുത വിതരണ ശൃംഖലയിൽ ലൈൻ സ്പെയ്സർ, ഗാർഡിങ്. ട്രാൻസ്ഫോർമർ സെക്കന്ററിയിൽ ബ്രേക്കർ എന്നിവ സ്ഥാപിക്കുന്ന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്.

## വഴിവിളക്കുകൾ സ്ഥാപിക്കുന്നതിന് അനധികൃത പണം പിരിവ്

**282(673)** ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ഐക്കരനാട്, കിഴക്കമ്പലം, കുന്നത്തുനാട്, മുഴുവന്നൂർ എന്നീ പഞ്ചായത്തുകളിൽ വൈദ്യുതി പോസ്റ്റിൽ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ടി പൊതുജനങ്ങളിൽ നിന്ന് പണം പിരിക്കുന്നതായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) വഴിവിളക്കുകൾ സ്ഥാപിക്കുന്നതിന് പണം പിരിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

വിശദമായ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാൻ കിഴക്കമ്പലം അസിസ്റ്റന്റ് എൻജിനീയർ, കിഴക്കമ്പലം പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്. വഴിവിളക്കുകൾ സ്ഥാപിക്കുന്നതിന് അപേക്ഷ നൽകേണ്ടതും തുക ഒടുക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആണ് (പഞ്ചായത്ത്).

## ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ നവീകരണം

**283(674)** ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ്സ് ലബോറട്ടറിയിലും റീജിയണൽ ടെസ്റ്റിംഗ് ലബോറട്ടറിയിലും എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ നിലനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

NABL norms പ്രകാരം Accreditation renewal and maintenance ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി NABL പുതുക്കേണ്ട റീജിയണൽ ടെസ്റ്റിംഗ് ലബോറട്ടറികളിൽ ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ കാലിബ്രേഷൻ നടത്തി വരുന്നുണ്ട്. NABL Accreditation നിലനിർത്തുന്നതിന് വേണ്ടി വകുപ്പിൽ നിന്നും യഥാസമയം നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) വകുപ്പിന്റെ ഐ.ടി. ഇൻഫ്രാസ്ട്രക്ചറിന്റെ നവീകരണം, സുരക്ഷാ സോഫ്റ്റ്‌വെയർ നവീകരണം, ഇലക്ട്രിക്കൽ ഡ്രോയിംഗ് പരിശോധിക്കുന്നതിനായി ഓട്ടോകാഡ് സോഫ്റ്റ്‌വെയർ വാങ്ങൽ

എന്നിവയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഇത് നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

വകുപ്പിന്റെ ഐ.ടി ഇൻഫ്രാസ്ട്രക്ചർ നവീകരിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ആയതിന്റെ ഭാഗമായി 2020-21 സാമ്പത്തിക വർഷത്തിൽ 131 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും 2021-22 സാമ്പത്തിക വർഷത്തിൽ 44 ലാപ് ടോപ്പ് കമ്പ്യൂട്ടറുകളും പ്രിന്റർ, സ്കാനർ തുടങ്ങിയ അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ഓഫീസിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെ നടപടികൾ അവസാനഘട്ടത്തിലാണ്. വകുപ്പിന്റെ കീഴിലുള്ള മറ്റു ഓഫീസുകളിൽ അടുത്ത സാമ്പത്തിക വർഷത്തിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. വകുപ്പിന്റെ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന "SURAKSHA” സോഫ്റ്റ്‌വെയർ കാലോചിതമായി നവീകരിക്കേണ്ടതുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ്/സിനിമ ഓപ്പറേറ്റർ പരീക്ഷാ ബോർഡ് സോഫ്റ്റ്‌വെയറിനുവേണ്ടി പുതിയതായി വർക്ക് ഓർഡർ നൽകിയിട്ടുള്ള സ്റ്റാർട്ട് അപ്പ് കമ്പനിയോട്, സുരക്ഷാ സോഫ്റ്റ്‌വെയറിന്റെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ച് പഠനം നടത്തി പ്രൊപ്പോസൽ ലഭ്യമാക്കുവാൻ, സ്റ്റാർട്ട് അപ്പ് മിഷന്റെ ടെക്നിക്കൽ

കമ്മിറ്റിയുടെ ശിപാർശ അനുസരിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സോഫ്റ്റ്‌വെയർ നവീകരിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. നവീകരിക്കുന്ന സോഫ്റ്റ്‌വെയറിൽ ഡ്രോയിംഗ് അപ്രൂവൽ ഓൺലൈനായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഓട്ടോകാഡ് സോഫ്റ്റ്‌വെയർ ഇന്റഗ്രേറ്റ് ചെയ്യുന്നതിന്റെ സാധ്യതയും പരിശോധിച്ചുവരികയാണ്.

**മുക്കൂട്ടുതറ കേന്ദ്രമാക്കി പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്**

**284 (675)** ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഏറ്റവും വലിയ ഇലക്ട്രിക്കൽ സെക്ഷനായ എരുമേലി സെക്ഷൻ വിഭജിച്ച് മുക്കൂട്ടുതറ കേന്ദ്രമാക്കി പുതിയ സെക്ഷൻ രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ടുണ്ടാകുന്ന വർദ്ധിച്ച വൈദ്യുതി ആവശ്യങ്ങളും കോട്ടയം, പത്തനംതിട്ട എന്നീ രണ്ടു ജില്ലകളിലായി വ്യാപിച്ചുകിടക്കുന്നതും പരിഗണിച്ച് പ്രസ്തുത സെക്ഷൻ ഓഫീസ് വിഭജിച്ച് മുക്കൂട്ടുതറ കേന്ദ്രമാക്കി സെക്ഷൻ ഓഫീസ്

രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടി വരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

**ഒറ്റശേഖരമംഗലം 11 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം**

**285(676)** ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ ആര്യങ്കോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി 11 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൻമേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

പാറശ്ശാല മണ്ഡലത്തിലെ ആര്യങ്കോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നിവടങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിലേക്കായി ഒറ്റശേഖരമംഗലത്ത് ഒരു 33.kV. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ആണുള്ളത്. ടി സബ്സ്റ്റേഷൻ കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS -ൽ ഉൾപ്പെടുത്തി ചെയ്യാൻ ഉദ്ദേശിക്കുന്നു. സബ്സ്റ്റേഷന്റെ നിർമാണവുമായി ബന്ധപ്പെട്ട് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കി KSEB-യുടെ Plan-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക പഠനങ്ങൾ നടന്നുവരുന്നു. ഭരണാനുമതിയും സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള ഭൂമിയും കിട്ടുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഒറ്റശേഖരമംഗലം ഗവൺമെന്റ് സ്കൂളിന് സമീപം കണ്ടെത്തിയ ഭൂമി പദ്ധതിക്കനുയോജ്യമാണോ; വിശദവിവരങ്ങൾ അറിയിക്കാമോ;

പ്രസ്തുത സബ്സ്റ്റേഷൻ നിർമാണം ആരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ടി സബ്സ്റ്റേഷനുവേണ്ടി കണ്ടെത്തിയ ഒരു സ്ഥലം ഒറ്റശേഖരമംഗലം സ്കൂളിന്

സമീപം ആണ്. അവിടേയ്ക്ക് 33.kV. ലൈൻ വലിക്കേണ്ടി വരുന്നത് ജനവാസ പ്രദേശങ്ങൾക്കും കെട്ടിടങ്ങൾക്കും മുകളിലൂടെയാണെന്നത് ഒരു ന്യൂനതയാണ്.

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി വൈദ്യുതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്നും വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ;

ടി സബ്സ്റ്റേഷന്റെ നിർമാണവുമായി ബന്ധപ്പെട്ട് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കി KSEB യുടെ Plan-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക പഠനങ്ങൾ നടന്നുവരുന്നു. ഇത് പ്രകാരം പദ്ധതി നടപ്പാക്കുന്നതിനുള്ള ശിപാർശ ലഭിച്ചാൽ മാത്രമേ ചെലവ് നിർണയിക്കാൻ കഴിയുകയുള്ളൂ. ഭരണാനുമതിയും സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള ഭൂമിയും കിട്ടുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.

(ഡി) സബ്സ്റ്റേഷന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സബ്സ്റ്റേഷൻ നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഈ പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക പഠനങ്ങൾ നടന്നു വരുന്നു. ഭരണാനുമതിയും സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള ഭൂമിയും കിട്ടുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്. നെഗോഷിയേറ്റഡ് നടപടി പ്രകാരം KSEB യ്ക്ക് നേരിട്ട് ഏറ്റെടുക്കാൻ കഴിഞ്ഞാൽ കാലതാമസം കൂടാതെ പദ്ധതി ആരംഭിക്കാവുന്നതാണ്.

## ഞാറക്കൽ ഡബിൾ സർക്ക്യൂട്ട് ലൈൻ നിർമ്മാണത്തിന്റെയും സബ്സ്റ്റേഷന്റെയും പ്രവർത്തനം

**286(677)** ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ചെറായി-ഞാറക്കൽ 110 കെ.വി. ഡബിൾ സർക്ക്യൂട്ട് ലൈൻ നിർമ്മാണത്തിന്റെയും ഞാറയ്ക്കൽ 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി നിലവാരത്തിലേയ്ക്കുയർത്തുന്ന പ്രവൃത്തിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

14.1 കിലോമീറ്റർ ചെറായി ഞാറക്കൽ ഡി.സി. ലൈനിന്റെ നിർമ്മാണ പ്രവർത്തനത്തിനായുള്ള വർക്ക് ഓർഡർ കോൺട്രാക്ടർക്ക്

നൽകിയിരുന്നു. സിവിൽ വർക്ക് ചെയ്യാനുള്ള അണ്ടർടേക്കിങ് കോൺട്രാക്ടർ കെ.എസ്.ഇ.ബി. യുമായി ഉറപ്പിച്ചു. എഗ്രിമെന്റിനായുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പ്രൊഫൈൽ സർവ്വേ നടപടികൾ പൂർത്തിയാവുകയും, അപ്രൂവൽ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടവറുകളുടെ അടിത്തറ നിർമ്മിക്കുന്ന പ്രവർത്തനത്തിന്റെ മുന്നോടിയായുള്ള ഭൂപരിശോധന അവസാന ഘട്ടത്തിലാണ്. 66 കെ.വി സബ്സ്റ്റേഷൻ 110 കെ.വി.യിലേയ്ക്കുയർത്തുന്നതിന്റെ ഭാഗമായി ലേ ഔട്ട് അനുമതി ലഭിച്ചിട്ടുണ്ട്. സ്വിച്ച് യാർഡിന്റെ നിർമാണത്തിനാവശ്യമായ column കളുടേയും beam കളുടേയും ആവശ്യമായ സാമഗ്രികൾ സ്ഥലത്തു ലഭ്യമാക്കുകയും യാർഡ് പ്രതിഷ്ഠാപനങ്ങളുടെ അടിത്തറ നിർമ്മാണത്തിന് അവിടെയുള്ള ആക്സിലറി ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

## കണമലയിൽ 33 കെ.വി. സബ്സ്റ്റേഷൻ

**287(678)** <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ കാഞ്ഞിരപ്പള്ളി സബ് ഡിവിഷന്റെ കീഴിൽ കണമല കേന്ദ്രമാക്കി ഒരു പുതിയ 33 കെ.വി.സബ്സ്റ്റേഷൻ രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കണമല കേന്ദ്രമാക്കി 33 കെ.വി. സബ്സ്റ്റേഷൻ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കണമല പ്രദേശത്തെ വൈദ്യുതി തകരാർ പരിഹരിക്കുന്നതിന് ടി ഭാഗത്ത് ഒരു 33 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കേണ്ട സാഹചര്യം നിലവിലില്ല. നിലവിൽ കണമല ഭാഗത്തേക്കുള്ള ഫീഡിംഗ് എരുമേലി 110 കെ.വി സബ്സ്റ്റേഷനിൽ നിന്നുള്ള നാറാമം തോട് 11 കെ.വി ഫീഡർ വഴിയാണ്. ഈ ഫീഡറിൽ ഇപ്പോൾ പീക് സമയത്തുപോലും 80A ലോഡ് മാത്രമേ ഉള്ളു. അധിക വൈദ്യുതി ആവശ്യമില്ലാത്തതിനാൽ കണമലയിൽ ഒരു 33 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് സാമ്പത്തികമായി ഒട്ടും ലാഭകരമല്ല. കൂടാതെ കൂടെക്കൂടെയുള്ള വൈദ്യുതി തടസം പരിശോധിച്ചപ്പോൾ മനസിലാക്കിയത് ഈ ഫീഡറിൽ ഉണ്ടാകുന്ന 85% ഫോൾട്ടും മുക്കൂട്ടുതറ ഫോറസ്റ്റ് AB സ്വിച്ചിനു ശേഷം ആണ്. ആയതിനാൽ

വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിന് വേണ്ടി ഫോറസ്റ്റ് AB മുതൽ ഉള്ള ഭാഗങ്ങൾ ABC ആക്കിയാൽ മതിയാകും.

## നിലമ്പൂർ നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി ഓഫീസുകൾ

**288(679)** ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.യുടെ ഏതെല്ലാം തലത്തിലുള്ള എത്ര ഓഫീസുകളാണ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) മണ്ഡലത്തിലെ എത്ര കെ.എസ്.ഇ.ബി. ഓഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഇലക്ട്രിക്കൽ സർക്കിൾ നിലമ്പൂർ, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് നിലമ്പൂർ, ഇലക്ട്രിക്കൽ ഡിവിഷൻ നിലമ്പൂർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ നിലമ്പൂർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ എടക്കര കൂടാതെ നിലമ്പൂർ പൂക്കോട്ടുംപാടം, കരുളായി, വഴിക്കടവ്, എടക്കര, ചുങ്കത്തറ, പോത്തുകല്ല്, മൂത്തേടം എന്നീ 8 ഇലക്ട്രിക്കൽ സെക്ഷനുകൾ, സബ് റീജിയണൽ സ്റ്റോർ നിലമ്പൂർ എന്നീ ഓഫീസുകൾ പ്രവർത്തിക്കുന്നു. ഇതിൽ ഇലക്ട്രിക്കൽ സർക്കിൾ നിലമ്പൂർ

പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് നിലമ്പൂർ, ഇലക്ട്രിക്കൽ ഡിവിഷൻ നിലമ്പൂർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ നിലമ്പൂർ, ഇലക്ട്രിക്കൽ സെക്ഷൻ നിലമ്പൂർ, സബ് റീജിയണൽ സ്റ്റോർ നിലമ്പൂർ എന്നിവ ഒഴികെയുള്ള ഓഫീസുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നിലമ്പൂർ നിയോജകമണ്ഡലത്തിൽ 4 സബ്സ്റ്റേഷനുകളും 3 ഓഫീസുകളുമാണുള്ളത്. വിശദാംശങ്ങൾ താഴെ പറയുന്നു.

- 110 കെ.വി സബ്സ്റ്റേഷൻ നിലമ്പൂർ
- 110 കെ.വി സബ്സ്റ്റേഷൻ എടക്കര
- 33 കെ.വി സബ്സ്റ്റേഷൻ പൂക്കോട്ടുപാടം
- 33 കെ.വി സബ്സ്റ്റേഷൻ പോത്തുകല്ല്
- ട്രാൻസ്മിഷൻ കൺസ്ട്രക്ഷൻ സബ് ഡിവിഷൻ നിലമ്പൂർ,
- ട്രാൻസ്മിഷൻ കൺസ്ട്രക്ഷൻ സെക്ഷൻ പോത്തുകല്ല്
- ട്രാൻസ്മിഷൻ കൺസ്ട്രക്ഷൻ സെക്ഷൻ നിലമ്പൂർ.

ഇവ ഒന്നും തന്നെ വാടക കെട്ടിടങ്ങളിലല്ല പ്രവർത്തിക്കുന്നത്. വളാൻതോട് ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി പ്രോജക്ട് മാനേജരുടെ ഓഫീസ് (സിവിൽ ഡിവിഷൻ) നിലമ്പൂർ

ചന്തക്കുന്നിൽ പ്രവർത്തിക്കുന്നു. പ്രസ്തുത ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.

(സി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് ഭൂമി ലഭ്യമാക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) എടക്കര സബ്ഡിവിഷൻ, വഴിക്കടവ് സെക്ഷൻ എന്നിവയ്ക്ക് വേണ്ടി പാലക്കാട് സബ് സ്റ്റേഷൻ കോമ്പൗണ്ടിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ക്രമങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കാമോ?

(സി & ഡി) എടക്കര സബ്സ്റ്റേഷൻ കോമ്പൗണ്ടിൽ എടക്കര സബ്ഡിവിഷൻ ഓഫീസിനും വഴിക്കടവ് സെക്ഷൻ ഓഫീസിനും വേണ്ടിയുള്ള കെട്ടിടം നിർമ്മിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. മലപ്പുറം ട്രാൻസ്മിഷൻ സർക്കിളിന്റെ കീഴിലുള്ള എടക്കര സബ്സ്റ്റേഷൻ കോമ്പൗണ്ടിൽ എടക്കര ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസിനും വഴിക്കടവ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനും ആവശ്യമായ സ്ഥലം നിർണ്ണയിച്ചിട്ടുണ്ട്.

**കുറ്റിക്കോൽ സബ്സ്റ്റേഷൻ**

**289(680)** <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ 110 കെ.വി. സബ്സ്റ്റേഷന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കുറ്റിക്കോൽ 110 കെ.വി സബ്സ്റ്റേഷനുവേണ്ടി 18-03-2020 -ൽ ഭരണാനുമതി നൽകുകയും, ടി സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ 2021 ഡിസംബർ മാസം ആരംഭിക്കുകയും ചെയ്തു.

(ബി) പ്രസ്തുത സ്റ്റേഷന്റെ എന്തെല്ലാം പ്രവൃത്തികളാണ് നിലവിൽ ആരംഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

ടി സബ്സ്റ്റേഷന്റെ യാർഡ് ലെവലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

(സി) ഇതിന്റെ മറ്റ് പ്രവൃത്തികൾ എന്നത്തേയ്ക്ക് അനുവദിക്കുമെന്നും ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്നും തുടങ്ങിയ വിശദാംശങ്ങൾ അറിയിക്കാമോ?

മറ്റ് പ്രവൃത്തികളായ control room building നിർമ്മാണം equipment erection, earth mat സ്ഥാപിക്കൽ എന്നിവയുടെ estimate തയ്യാറാക്കി വരുന്നു. ടെണ്ടർ നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്.

(ഡി) പ്രസ്തുത സ്റ്റേഷന്റെ മൊത്തം നിർമ്മാണത്തിന് എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

ടി സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് 34.25 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്.

| പ്രവർത്തനം | തുക (കോടി രൂപയിൽ) |
|---|---|
| സബ്സ്റ്റേഷൻ നിർമ്മാണം | 12 .00 |
| 15 കിലോമീറ്റർ ലൈൻ നിർമ്മാണം | 18.75 |
| മൈലാട്ടി സബ്സ്റ്റേഷനിലെ ബേ നിർമ്മാണ | 3.50 |
| ആകെ | 34.25 |

## കോഴിക്കോട് ജില്ലയിലെ അടിവാരത്ത് സബ്സ്റ്റേഷൻ നിർമ്മാണം

**290(681)** <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ അടിവാരം എന്ന സ്ഥലത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന സബ്സ്റ്റേഷന്റെ നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; &

(ബി) പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോഴിക്കോട് ജില്ലയിലെ അടിവാരം എന്ന സ്ഥലത്ത് 110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് 02-12-2019 -ൽ 11.50 കോടി രൂപയ്ക്ക് കെ.എസ്.ഇ.ബി.എൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

## കരിന്തളം സബ്സ്റ്റേഷൻ

**291(682)** <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിന്തളം 400 KV സബ്സ്റ്റേഷൻ സ്ഥാപിക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

Sterlite Power Transmission Limited - ന്റെ (SPTL) ഭാഗമായ ഉടുപ്പി - കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) എന്ന കമ്പനിയാണ് 400 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം നടത്തുന്നത്. സബ്സ്റ്റേഷനാവശ്യമായ ഭൂരിഭാഗം ഉപകരണങ്ങളും കരിന്തളത്ത് എത്തിയിട്ടുണ്ട്. ഇവ സ്ഥാപിക്കാനുള്ള റവന്യൂ പുറമ്പോക്ക് ഭൂമി ഉടുപ്പി - കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് കമ്പനിക്ക് പാട്ടത്തിന് കൈമാറാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ബി) ഉഡുപ്പി-കരിന്തളം 400 KV ലൈൻ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

ഉഡുപ്പി - കരിന്തളം 400 കെ.വി ലൈനിൽ കേരളത്തിന്റെ ഭാഗത്തുള്ള 105 ടവറുകളിൽ 75 എണ്ണത്തിന്റെ അടിത്തറ പൂർത്തിയായി. അൻപതോളം ടവറുകൾ നിർമ്മിച്ചുകഴിഞ്ഞു. ലൈൻ നിർമ്മാണം പ്രാരംഭഘട്ടത്തിലാണ്. പക്ഷെ കർണ്ണാടകയിൽ ലൈൻ നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് യാഥാർഥ്യമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

പദ്ധതി പൂർത്തീകരണത്തിന്റെ ഔദ്യോഗിക തീയതി 2022 ഡിസംബർ മാസമാണ്.

(ഡി)പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ടി പദ്ധതി കേന്ദ്ര ഊർജ്ജ വകുപ്പിന്റെ കീഴിലുള്ള REC Power Transmission Limited, താരിഫ് ബേസ്ഡ് കോംപെറ്റിറ്റീവ് ബിഡ്ഡിംഗ് (TBCB) പ്രകാരം ടെണ്ടർ വിളിച്ച പ്രവൃത്തിയാണ്. ഇതിൽ കാസർഗോഡ് കരിന്തളത്ത് 400 കെ.വി സബ്സ്റ്റേഷൻ നിർമ്മാണവും, ഉഡുപ്പിയിൽ നിന്ന് കാസർഗോഡ് കരിന്തളത്തേക്കുള്ള 400 കെ.വി ലൈൻ നിർമ്മാണവുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ടെണ്ടർ പ്രകാരം ഈ പ്രവൃത്തി ലഭിച്ചത് Sterlite Power Transmission Limited - ന്റെ (SPTL) ഭാഗമായ ഉടുപ്പി - കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) എന്ന കമ്പനിക്കാണ്. ഈ പദ്ധതിക്കുള്ള അനുമതി നൽകിയത് കേന്ദ്ര ഊർജ്ജ വകുപ്പാണ്.

**കെ.എസ്.ഇ.ബി.യിലെ ഓഫീസ് അറ്റന്റന്റ് തസ്തിക**

**292(683)** <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഓഫീസ് അറ്റന്റന്റ് തസ്തികയിൽ ആശ്രിത നിയമനത്തിനായി എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ആശ്രിത നിയമനത്തിനായി 113 അപേക്ഷകൾ പരിഗണനയിലുണ്ട്.

(ബി) ഈ അപേക്ഷകളിൽ മാനുഷിക പരിഗണന കണക്കിലെടുത്ത് നിയമനം നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഉണ്ടെങ്കിൽ എത്ര പേർക്ക് നിയമനം നൽകുന്നതിന് തത്ത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി & സി) അപേക്ഷകളിൽ മാനുഷിക പരിഗണന കണക്കിലെടുത്ത് നിയമനം നൽകാൻ കഴിയുമോയെന്ന കാര്യം ബോർഡ് തലത്തിൽ പരിശോധിച്ച് വരികയാണ്.

(ഡി) ശ്രീമതി മഞ്ജിത എൻ.എസ്., നമ്പോതപറമ്പിൽ ഹൗസ്, കാതിക്കുടം പി.ഒ., കൊരട്ടി, തൃശ്ശൂരിന്റെ ആശ്രിതനിയമനത്തിനായുള്ള അപേക്ഷയുടെ നിലവിലെ സ്ഥിതിവിവരം വെളിപ്പെടുത്തുമോ?

കെ.എസ്.ഇ.ബി.ലിമിറ്റഡിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ആശ്രിത നിയമനത്തിനായുള്ള ശ്രീമതി മഞ്ചിത എൻ. എസ്. (നമ്പോതപറമ്പിൽ ഹൗസ്, കാതിക്കുടം പി.ഒ., കൊരട്ടി, തൃശ്ശൂർ)- ന്റെ അപേക്ഷ, ടി തസ്തികയിൽ അനുവദനീയമായ എണ്ണത്തിലും കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്നതിനാൽ നിയമനം നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

**ആലത്തൂർ മണ്ഡലത്തിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷൻ**

**293(684)** ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ നിലവിൽ എവിടെയൊക്കെയാണ് സ്ഥാപിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ നിലവിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടില്ല.

(ബി) ആലത്തൂർ മണ്ഡലത്തിൽ വേറെ എവിടെയെങ്കിലും ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ആലത്തൂർ എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം താഴെ പറയുന്ന സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

1. സ്വാതി ജംഗ്ഷൻ

2. മലബാർ ഹോട്ടലിന് സമീപം

3. കോടതി

4. മുടപ്പല്ലൂർ കെ.എസ്.ഇ.ബി. ഓഫീസിനുസമീപം

5. നുലിടാംപാല - ചിത്തലി

കൂടാതെ ആലത്തൂർ മണ്ഡലത്തിലെ നെന്മാറയിൽ കെ.എസ്.ഇ.ബി-യുടെ സ്ഥലത്ത് ഒരു DC fast ചാർജ്ജിംഗ് സ്റ്റേഷന്റെ നിർമ്മാണം പുരോഗമിക്കുന്നു.

**വൈദ്യുതി വാഹനങ്ങൾക്ക് കൂടുതൽ ചാർജിംഗ് സെന്ററുകൾ**

**294(685)** ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വലിയ തോതിൽ വൈദ്യുതി വാഹനങ്ങൾ നിരത്തിലിറങ്ങുന്ന സാഹചര്യത്തിൽ എല്ലാ പ്രധാന കവലകളിലും വൈദ്യുതി ചാർജിംഗ് സെന്ററുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെയാണ് നോഡൽ ഏജൻസിയായി തെരെഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലും ഒരു ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ പ്രവർത്തിക്കുന്നു. പ്രാരംഭഘട്ടമായി ആറു ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 07-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു.

1. നേമം, തിരുവനന്തപുരം
2. ഓലൈ, കൊല്ലം
3. പാലാരിവട്ടം, എറണാകുളം

4. വിയ്യൂർ, തൃശ്ശൂർ

5. നല്ലളം, കോഴിക്കോട്

6. ചൊവ്വ, കണ്ണൂർ

ഇതിനു പുറമേ എല്ലാ ജില്ലകളിലുമായി 56 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പ്രസ്തുത സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കുന്നതായിരിക്കും. ഇതോടൊപ്പം 10 പോൾ മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ കോഴിക്കോട് ജില്ല കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇരുചക്ര, മുച്ചക്ര (e-auto)വാഹനങ്ങൾക്കായി സ്ഥാപിക്കുകയും 09-10-2021-ന് പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള വൈദ്യുതി വാഹന ചാർജ്ജിംഗ് പോയിന്റുകളുടെ ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. സ്വീകരിക്കുകയും 1140 ചാർജ്ജിംഗ് പോയിന്റുകൾ കേരളത്തിലുടനീളം 140 മണ്ഡലങ്ങളിലുമായി സ്ഥാപിക്കുന്നതിനായി തുടക്കമിടുകയും ചെയ്തിട്ടുണ്ട്. 6 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. സംസ്ഥാനത്ത്

വൈദ്യുതി വകുപ്പിന് കീഴിലുള്ള അനെർട്ട് മുഖേനയും ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനായി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. സാധാരണ ഇലക്ട്രിക് കാറുകൾ 180-300 കിലോമീറ്റർ വരെ ഒറ്റ ചാർജിൽ ഉപയോഗിക്കാൻ സാധിക്കുന്നതിനാൽ ദീർഘദൂര യാത്രയ്ക്കുപയോഗിക്കുന്ന കാറുകൾക്ക് മാത്രമാണ് ചാർജിംഗ് സ്റ്റേഷന്റെ ആവശ്യം വേണ്ടി വരുന്നത്. നിലവിൽ ദേശീയപാത, എം.സി.റോഡ്, മറ്റ് പ്രധാന റോഡുകൾ എന്നിവിടങ്ങളിലാണ് ചാർജിംഗ് സ്റ്റേഷൻ വേണ്ടത്. പൊതുസ്ഥലങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രകാരം 10 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. 6 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. ഹോട്ടലുകൾ, മാളുകൾ, സ്വകാര്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിലായി സൗരോർജ്ജ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നതിനുള്ള പദ്ധതി പ്രകാരം 5 സ്റ്റേഷനുകൾ ഈ വർഷം തുടങ്ങുന്നതാണ്. സംസ്ഥാനത്ത് ദേശീയപാത, എം.സി. റോഡ് ഉൾപ്പെടെയുള്ള പ്രധാന റോഡുകൾക്ക് സമീപമുള്ള ഹോട്ടലുകൾ, മാളുകൾ, മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇലക്ട്രിക് കാറുകൾക്കായുള്ള ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ

സ്ഥാപിക്കുന്നതിന് ചാർജിംഗ് മെഷീന്റെ വിലയുടെ 25 ശതമാനം സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ഉടൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി) വാഹനങ്ങൾക്ക് നൽകുന്ന വൈദ്യുതി കുറഞ്ഞ ചെലവിൽ നല്കാൻ നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ യൂണിറ്റിന് 5 രൂപ നിരക്കിലാണ് വൈദ്യുതി വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ഉപയോഗത്തിന് തീരുമാനിച്ചിരിക്കുന്നത്. ലോ ടെൻഷനിൽ എൽറ്റി-10 എന്ന താരിഫും ഹൈ ടെൻഷനിൽ എച്ച്.റ്റി-6 എന്ന താരിഫുമാണ് നൽകിയിരിക്കുന്നത്. സംസ്ഥാനത്ത് അനെർട്ട് മുഖേന പബ്ലിക് ചാർജിംഗ് സ്റ്റേഷനുകളിൽ 2021 നവംബർ മുതൽ ഒരു വർഷത്തേക്ക് താത്കാലികമായി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ ചുവടെ ചേർക്കുന്നു .

1. രാവിലെ 06:00 മണി മുതൽ വൈകുന്നേരം 06:00 മണി വരെ യൂണിറ്റിന് 12 രൂപ.

2. വൈകുന്നേരം 06:00 മണി മുതൽ രാത്രി 10:00 മണി വരെ യൂണിറ്റിന് 15 രൂപ.

3. രാത്രി 10:00 മണി മുതൽ രാവിലെ 06:00 മണി വരെ യൂണിറ്റിന് 15 രൂപ.

**ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ**

**295(686)** ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകളാണ് വൈദ്യുതി വകുപ്പ് തുടങ്ങാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

പ്രാരംഭഘട്ടമായി ആറുജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 07-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു.

1. നേമം, തിരുവനന്തപുരം
2. ഓലൈ, കൊല്ലം
3. പാലാരിവട്ടം, എറണാകുളം
4. വിയ്യൂർ, തൃശ്ശൂർ
5. നല്ലളം, കോഴിക്കോട്

6. ചൊവ്വ, കണ്ണൂർ

ഇതിനു പുറമേ എല്ലാ ജില്ലകളിലുമായി 56 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നു വരികയാണ്. ഈ സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കുന്നതായിരിക്കും. ഇതോടൊപ്പം 10 പോൾ മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ കോഴിക്കോട് ജില്ല കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇരുചക്ര, മുച്ചക്ര (e-auto) വാഹനങ്ങൾക്കായി സ്ഥാപിക്കുകയും 09-10-2021-ന് പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള വൈദ്യുതി വാഹന ചാർജ്ജിംഗ് പോയിന്റുകളുടെ ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. സ്വീകരിക്കുകയും 1140 ചാർജ്ജിംഗ് പോയിന്റുകൾ കേരളത്തിലുടനീളം 140 മണ്ഡലങ്ങളിലുമായി സ്ഥാപിക്കുന്നതിനായി തുടക്കമിടുകയും ചെയ്തിട്ടുണ്ട്. 6 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് വൈദ്യുതി വകുപ്പിന് കീഴിൽ അനെർട്ട് മുഖേനയും ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനായി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ

സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. പൊതുസ്ഥലങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രകാരം 10 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. 6 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. ഹോട്ടലുകൾ, മാളുകൾ, സ്വകാര്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിലായി സൗരോർജ്ജ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നതിനുള്ള പദ്ധതി പ്രകാരം 5 സ്റ്റേഷനുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) നെന്മാറ നിയോജകമണ്ഡലത്തിൽ എത്ര ചാർജ്ജിംഗ് സ്റ്റേഷനുകളാണ് തുടങ്ങാൻ തീരുമാനിച്ചിട്ടുള്ളതെന്നും ആയത് എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ?

നെന്മാറ നിയോജക മണ്ഡലത്തിൽ ചുവടെ ചേർക്കുന്ന 6 സ്ഥലങ്ങളിൽ പോൾമൗണ്ട്ഡ് ചാർജ്ജിംഗ് പോയിന്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടിയുമായി കെ.എസ്.ഇ.ബി.എൽ മുന്നോട്ട് പോകുന്നു.

(1) ബസ് സ്റ്റാന്റ്.

(2) കാമ്പ്രത്ത് പള്ള.

(3) രാജാക്കളം പമ്പിനു സമീപം.

(4) ബാങ്ക് പടി.

(5) നെന്മാറ ബസ് സ്റ്റാന്റ്.

(6) വിത്തനശ്ശേരി ബ്ലോക്ക് ജംഗ്ഷൻ.

കേരളത്തിലുടനീളം 1140 ചാർജ്ജിംഗ് പോയിന്റുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയിലാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥലങ്ങൾ ഉൾപ്പെട്ടിരിക്കുന്നത്. പദ്ധതി പൂർണ്ണമായും 2022 ജൂലൈ മാസത്തോടുകൂടി പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു.

**പ്രവർത്തന രഹിതമായിക്കിടക്കുന്ന കയർ സഹകരണ സംഘങ്ങൾ**

**296 (687)** <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) 16-07-2010-ാം തീയതിയിലെ ജി.ഒ(എം.എസ്.) നം.153/2010/ഐ.ഡി., ഉത്തരവിൻ പ്രകാരമുള്ള നടപടികൾ വൈദ്യുതി വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; &

(ബി) പ്രസ്തുത ഉത്തരവ് നടപ്പാക്കാത്തതുമൂലം നിരവധി കയർ സഹകരണ സംഘങ്ങൾ പ്രവർത്തനരഹിതമായിക്കിടക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

(എ & ബി) 16-07-2010 -ാം തീയതിയിലെ സ.ഉ(കൈ)നം.153/2010/ഐ.ഡി., പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ 44 കയർ സഹകരണ സൊസൈറ്റികളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയിൽ ഇളവ് നൽക◌ാൻ തീരുമാനിക്കുകയുണ്ടായി. എന്നാൽ നിലവിലുള്ള വൈദ്യുതി നിയമം 2003-ന്റെ സെക്ഷൻ-65 അനുശാസിക്കുന്ന പ്രകാരം സർക്കാർ ഇളവ് നൽകുന്ന കുടിശ്ശിക തുക ബോർഡിനുനൽകിയാൽ മാത്രമേ ടി സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിന് നിർവാഹമുള്ളൂ. ഈ കാര്യങ്ങളെ◌ല്ലാം കയർ വികസന ഡയറക്ടറെയും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയേയും കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പുകളിൽ നിന്നും ഇത് സംബന്ധിച്ച തീരുമാനം ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത സർക്കാർ ഉത്തരവ് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

**സ്വതന്ത്ര അന്തർ സംസ്ഥാന വൈദ്യുതി ലൈൻ**

**297 (688)** ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക◌് വൈദ്യുതി വകുപ്പ◌ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന വൈദ്യുതി ലൈൻ സ്വതന്ത്രമാക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിൽ സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്ര

ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനിൽ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ അഭിപ്രായം സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ അറിയിച്ചിട്ടില്ല. സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ " കണക്ടിവിറ്റി & ജനറൽ നെറ്റ് വർക്ക് ആക്സസ് റ്റു ദി ഇന്റർ സ്റ്റേറ്റ് ട്രാൻസ്മിഷൻ സിസ്റ്റം 2021" എന്ന ഡ്രാഫ്റ്റ് റെഗുലേഷൻ 16-12-2021-ൽ പ്രസിദ്ധീകരിച്ചു. ഇത് സംബന്ധിച്ച അഭിപ്രായങ്ങൾ സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനെ അറിയിക്കുാനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. കൈക്കൊണ്ടു വരുന്നു+.

(ബി) സ്വതന്ത്രലൈൻ സാധ്യമാകുന്നതിലൂടെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കമ്പനികൾക്ക് വൈദ്യുതി കൊണ്ടുവരാനാകുമെന്നും അതുവഴി വൈദ്യുതി ചാർജ്ജ് കുറയുമെന്നും കരുതുന്നുണ്ടോ?

പുതിയ ഡ്രാഫ്റ്റ് ജനറൽ നെറ്റ് വർക്ക് ആക്സസ് റെഗുലേഷനുമായി ബന്ധപ്പെട്ട ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്. ഇതിനോടനുബന്ധമായി വരുന്ന മാറ്റങ്ങൾക്ക് കൂടുതൽ വ്യക്തത കൈവന്നിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നിലവിൽ ഏതെങ്കിലും കമ്പനികൾ പുറമേ നിന്ന് വൈദ്യുതി കൊണ്ടുവരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ഏതെല്ലാം കമ്പനികളാണെന്ന് വിശദമാക്കാമോ?

നിലവിൽ KSERC (Connectivity & Open Access Regulation) 2013 അനുസരിച്ച് ഏകദേശം 52 കമ്പനികൾ സംസ്ഥാനത്തിനു പുറത്ത് നിന്ന് Open Access വഴി വൈദ്യുതി വാങ്ങുന്നതിനായി എസ്.എൽ.ഡി.സി (സ്റ്റേറ്റ് ലോഡ് ഡെസ്പാച്ച് സെന്റർ) -യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**ഇലക്ട്രിക്ക് വാഹനങ്ങൾക്ക് പ്രോത്സാഹനം**

**298 (689)** <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക്ക് വാഹനങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ ഇത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വാഹന ഉപഭോക്താക്കൾക്കായി വൈദ്യുതി വകുപ്പ് പ്രത്യേകമായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ?

പെട്രോൾ വില വർദ്ധനവുമൂലമുള്ള പ്രയാസം ഗണ്യമായി കുറയ്ക്കുക, പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുക, ഊർജ്ജ സുരക്ഷ ഉറപ്പാക്കുക

തുടങ്ങിയ സുപ്രധാനമായ, അടുത്ത തലമുറയെ വരെ സ്വാധീനിക്കുന്ന വൻ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് വൈദ്യുതി വാഹനങ്ങൾക്ക് അതീവ പ്രാധാന്യം നൽകി വരുന്നു. ഇതിന്റെ ഭാഗമായി കേരള സർക്കാർ ഇ-വെഹിക്കിൾ പോളിസി പുറത്തിറക്കിയിട്ടുണ്ട്. വൈദ്യുതി വാഹനങ്ങളുടെ ഉപയോഗത്തിനും വിപണിയുടെ ഉണർവിനും സുപ്രധാനമായ പങ്ക് വഹിക്കേണ്ടത് ചാർജ്ജിംഗ് സംവിധാനങ്ങളുടെ പര്യാപ്തതയാണ്. കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ-നെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലുമായി ഒരു ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. പ്രവർത്തിക്കുന്നു. പ്രാരംഭഘട്ടമായി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ-ന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 07-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു.

1. നേമം, തിരുവനന്തപുരം

2. ഓലൈ, കൊല്ലം

3. പാലാരിവട്ടം, എറണാകുളം

4. വിയ്യൂർ, തൃശ്ശൂർ

5. നല്ലളം, കോഴിക്കോട്

6. ചൊവ്വ, കണ്ണൂർ

ഇതിനു പുറമേ എല്ലാ ജില്ലകളിലുമായി 56 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നുവരികയാണ്. ഈ സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതായിരിക്കും. ഇതോടൊപ്പം 10 പോൾമൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ കോഴിക്കോട് ജില്ല കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇരുചക്ര, മുച്ചക്ര (e-auto) വാഹനങ്ങൾക്കായി സ്ഥാപിക്കുകയും 09-10-2021-ന് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള വൈദ്യുതി വാഹന ചാർജ്ജിംഗ് പോയിന്റുകളുടെ ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ.

സ്വീകരിക്കുകയും 1140 ചാർജ്ജിംഗ് പോയിന്റുകൾ കേരളത്തിലുടനീളം സ്ഥാപിക്കുന്നതിനായി തുടക്കമിടുകയും ചെയ്തിട്ടുണ്ട്. 6 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ഇ-മൊബിലിറ്റി ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിനാവശ്യമായ ഇതര പദ്ധതികളുടെ നടത്തിപ്പും സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിലുള്ള മറ്റ് ഉത്തരവാദിത്തങ്ങളും ബന്ധപ്പെട്ട ഏജൻസികളും ഗുണഭോക്താക്കളുമായി ചേർന്ന് കെ.എസ്.ഇ.ബി.എൽ. നിർവ്വഹിച്ചുവരുന്നു. ഇതോടൊപ്പം വൈദ്യുത വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായും നിലവിലെ ഡീസൽ, പെട്രോൾ വാഹനങ്ങളുടെ അധിക ചെലവ് നിയന്ത്രിക്കുന്നതിനും 65 വൈദ്യുതി വാഹനങ്ങൾ വാങ്ങുന്നതിനുള്ള ഓർഡർ വൈദ്യുതി ബോർഡ് നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ വഴി ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നതിന് സാധിക്കും. അനെർട്ട് മുഖേന വാഹന ഉപഭോക്താക്കൾക്കായി ദേശീയപാത, എം.സി റോഡ്, മറ്റ് പ്രധാന റോഡുകൾ എന്നിവിടങ്ങളിലായി ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രകാരം 10 എണ്ണത്തിന്റെ നിർമ്മാണം

പൂർത്തിയായി. 6 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. ഹോട്ടലുകൾ, മാളുകൾ, സ്വകാര്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിലായി സൗരോർജ്ജ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നതിനുള്ള പദ്ധതി പ്രകാരം 5 സ്റ്റേഷനുകൾ ഈ വർഷം തുടങ്ങുന്നതാണ്. സംസ്ഥാനത്ത് ദേശീയപാത, എം.സി റോഡ് ഉൾപ്പെടെയുള്ള പ്രധാന റോഡുകൾക്ക് സമീപമുള്ള ഹോട്ടലുകൾ, മാളുകൾ, മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇലക്ട്രിക് കാറുകൾക്കായുള്ള ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ചാർജിംഗ് മെഷീന്റെ വിലയുടെ 25 ശതമാനം സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ഉടൻ ആരംഭിക്കുന്നതാണ്. ഇലക്ട്രിക് വാഹനങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനും എണ്ണം വർദ്ധിപ്പിക്കുന്നതിനുമായി എനർജി മാനേജ്മെന്റ് സെന്റർ, ഇ-മൊബിലിറ്റി, ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് ഇൻഫ്രാസ്ട്രക്ച്ചർ എന്നിവയുടെ പ്രയോജനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി 'ഗോ ഇലക്ട്രിക് ക്യാമ്പയിൻ' 2021 ജൂൺ 5-ന് തുടങ്ങി. ഈ ക്യാമ്പയിനിന്റെ ഭാഗമായി നിലവിൽ 26 വെബിനാറുകൾ ഇതിനോടകം സംഘടിപ്പിച്ചിട്ടുണ്ട്. 2021 ജൂൺ 10-ന് ഗോ ഇലക്ട്രിക് ക്യാമ്പയിനിന്റെ ഭാഗമായി പ്രധാന ഇലക്ട്രിക് വാഹനങ്ങളുടെ

നിർമ്മാതാക്കളെ ഉൾപ്പെടുത്തി വെർച്വൽ എക്സിബിഷൻ സംഘടിപ്പിക്കുകയുണ്ടായി. മേല്പറഞ്ഞ വെബിനാറുകൾ ഇ.എം.സി.-യുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലൂടെയും പ്രക്ഷേപണം നടത്തുകയുണ്ടായി. തുടർന്നും ഇത്തരത്തിലുള്ള ബോധവത്ക്കരണ പരിപാടികൾ നടത്താനുദ്ദേശിക്കുന്നു. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കോൺവെർജെൻസ് എനർജി സർവീസസ് ലിമിറ്റഡുമായി (സി.ഇ.എസ്.എൽ) ലോക പരിസ്ഥിതി ദിനമായ 2021 ജൂൺ 5 -ന് കരാറിൽ ഏർപ്പെടുകയുണ്ടായി. ഈ പദ്ധതി പ്രകാരം കേരളത്തിലെ പൊതുജനങ്ങൾക്ക് വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഇലക്ട്രിക് 2 വീലറുകൾ വാങ്ങുവാൻ സാധിക്കും. പോർട്ടൽ മുഖാന്തിരം വില്പന നടത്തുന്ന തെരഞ്ഞെടുത്ത ഇലക്ട്രിക് 2 വീലറുകൾക്ക്, കേന്ദ്ര സർക്കാറിനു കീഴിലുള്ള മിനിസ്ട്രി ഓഫ് ഹെവി ഇൻഡസ്ട്രീസ്, എഫ്.എ.എം.ഇ 2 (FAME 2) സബ്സിഡി സ്കീം പ്രകാരം സബ്സിഡി ലഭിക്കുന്നതാണ്. 2021 ജൂൺ 11 മുതൽ, ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾക്കുള്ള സബ്സിഡി ഇൻസെന്റീവ് 10000 /kWh നിന്നും 15000/KWh ആയി ഉയർത്തിയിട്ടുണ്ട്. പരമാവധി വാഹനത്തിന്റെ

വിലയുടെ 40% വരെ സബ്സിഡി ലഭിക്കും. പൊതുജനങ്ങൾക്ക് തെരഞ്ഞെടുത്ത വാഹന നിർമ്മാതാക്കളുടെ ഇലക്ട്രിക് 2 വീലറുകൾ www.MyEV.org.in എന്ന വെബ്സൈറ്റിൽ നിന്നും കൂടാതെ MyEV മൊബൈൽ ആപ്പ് (ഗൂഗിൾ പ്ലേ സ്റ്റോറിലും, ആപ്പിൾ ആപ്പ്സ്റ്റോറിലും ലഭ്യമാണ്) വഴിയും ബുക്ക് ചെയ്യാനുമുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. മേല്പറഞ്ഞ പദ്ധതി പ്രകാരം ലഭ്യമാകുന്ന ഇലക്ട്രിക് വാഹനങ്ങളുടെ പ്രദർശനം 2021 സെപ്റ്റംബർ 1 മുതൽ 4 വരെ വെള്ളയമ്പലം ഇൻസ്റ്റിട്യൂഷൻ ഓഫ് എൻജിനിയേഴ്സ് ഗ്രൗണ്ടിൽ സംഘടിപ്പിക്കുക യുണ്ടായി. 'മാറാം ഇലക്ട്രിക് വാഹനങ്ങളിലേക്ക്' എന്ന സന്ദേശമുയർത്തിക്കൊണ്ട് എനർജി മാനേജ്മെന്റ്സെന്ററിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം നഗരത്തിൽ 2021 ഡിസംബർ 13 -ന് ഹരിത യാത്ര സംഘടിപ്പിച്ചു. പാളയം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും ആരംഭിച്ച വാഹന റാലി നടൻ ടോവിനോ തോമസ് ഫ്ലാഗ് ഓഫ് ചെയ്തു. എം.എൽ.എ.മാരായ ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ശ്രീ. വി.കെ. പ്രശാന്ത്, യുവജന കമ്മീഷൻ അധ്യക്ഷ ശ്രീമതി. ഡോ. ചിന്ത ജെറോം, ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ തുടങ്ങിയവർ പങ്കെടുത്തു. സർക്കാർ-

പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യകമ്പനികൾ, വ്യക്തികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടാണ് റാലി സംഘടിപ്പിച്ചത്.

## സഹകരണ മേഖലയിലെ കേന്ദ്ര ഇടപെടലുകൾ

**299 (690)** ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന കേന്ദ്ര ഇടപെടലുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലൂടെ നിലവിൽ വന്ന വ്യവസ്ഥകൾ സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ടി ഭേദഗതി പ്രകാരം കാർഷിക വായ്പ നൽകുന്ന പ്രാഥമിക സംഘങ്ങൾ ' Bank, Banker, Banking' എന്നീ പദങ്ങൾ അവയുടെ പേരിനോടൊപ്പം ചേർത്ത് ഉപയോഗിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതും ഇടപാടുകാർക്ക് ചെക്ക് പോലുള്ള സൗകര്യങ്ങൾ ഉപയോഗിക്കാനാവാത്തതുമാണ്. ടി ഭേദഗതി പ്രാഥമിക സംഘങ്ങളെ (ബാങ്ക് എന്ന പേരിൽ) Banking പ്രവർത്തനങ്ങൾ

നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നു. തന്മൂലം Bank എന്ന പേരിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ മതിപ്പ് ഇല്ലാതാക്കാനും ആയത് വഴി നിക്ഷേപത്തിൽ കുറവ് വരുന്നതിനും കാരണമാകും. പുതിയ ഭേദഗതിയിലൂടെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിലെ സെക്ഷൻ-10 -ലെ വ്യവസ്ഥകൾ ബാങ്കിംഗ് ലൈസൻസുള്ള സഹകരണ ബാങ്കുകൾക്കും ബാധകമാക്കുകയുണ്ടായി. പ്രസ്തുത നിയമ വ്യവസ്ഥകൾ പ്രകാരം മാനേജിംഗ് ഡയറക്ടറുടെ നിയമനത്തിനുള്ള യോഗ്യതയും നിയമന കാലാവധിയും നിശ്ചയിക്കുന്നതിനുള്ള അധികാരം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ അർപ്പിതമാണ്. 10(B)യിലെ വ്യവസ്ഥകൾ ചെയർമാന്റെ യോഗ്യത നിശ്ചയിക്കുന്നതാണ്. ചെയർമാനെ നിയമിക്കുന്നതിനും, നീക്കം ചെയ്യുന്നതിനും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് അധികാരം നൽകുന്നുണ്ട്. ടി ഭേദഗതികളെല്ലാം കേരള സഹകരണ സംഘം നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്. സെക്ഷൻ 12-ൽ വരുത്തിയ ഭേദഗതി മൂലം ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് RBI യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം Public issue, private placement of share, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ്

സറണ്ടർ ചെയ്ത്, ഓഹരി തിരിച്ച് വാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരം ഇല്ലാതാകുന്നതാണ്. ആയത് സഹകരണ നിയമത്തിനും, വ്യവസ്ഥകൾക്കും വിരുദ്ധമാണ്. ബാങ്കിംഗ് നിയമത്തിലെ 36 AA നിയമ പ്രകാരം, ബാങ്കിംഗ് സ്ഥാപനങ്ങളിലെ മാനേജിംഗ് കമ്മിറ്റിയെ supersede ചെയ്യാൻ RBI-യ്ക്ക് അധികാരമുണ്ട്. നിയമ ഭേദഗതിയിലൂടെ 36 AAA എന്ന പുതിയ ഭേദഗതി ഉൾപ്പെടുത്തുകയുണ്ടായി. ഈ ഭേദഗതിയിലൂടെ സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ഭരണസമിതിക്കെതിരെ നടപടിയെടുക്കാനും ബാങ്കിംഗ് ലൈസൻസുള്ള സഹകരണ ബാങ്കുകളുടെ ഭരണ സമിതിയെ നീക്കം ചെയ്യാനും RBI- യ്ക്ക് അധികാരം നൽകുന്നുണ്ട്. ആക്ടിന്റെ 56-ാം വകുപ്പിൽ വരുത്തിയ ഭേദഗതിയിലൂടെ, സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ RBI-യ്ക്ക് വിപുലമായ അധികാരം നൽകുന്നുണ്ട്. സംഘത്തിന്റെ Bye-law റദ്ദാക്കാൻ പോലും RBI-യ്ക്ക് അധികാരം നൽകുന്നുണ്ട്. കൂടാതെ 20, 24, 26, 45 വകുപ്പുകളിലും ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതെല്ലാം സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ മൊത്തമായി ബാധിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ ആദായ നികുതി നിയമത്തിലെ വകുപ്പ് 80(പി)(2) പ്രകാരമുള്ള നികുതി ഇളവ് പിൻവലിച്ചതും

സാമ്പത്തിക വർഷം ഒരു കോടിയിലധികം രൂപ പണമായി ബാങ്കിൽ നിന്നും പിൻവലിക്കുന്നതിന് ആദായ നികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത 194(എൻ) വകുപ്പ് പ്രകാരം സ്രോതസ്സിൽ രണ്ട് ശതമാനം നികുതി(TDS) ഈടാക്കണമെന്നുള്ള വ്യവസ്ഥയും സംഘങ്ങളുടെ നിലനില്പിനെ തന്നെ പ്രതികൂലമായി ബാധിക്കും. തൊണ്ണൂറ്റി ഏഴാമത് ഭരണ ഘടന ഭേദഗതി, ബാങ്കിംഗ് റഗുലേഷൻ നിയമ ഭേദഗതി, ആദായ നികുതിയുമായി ബന്ധപ്പെട്ട ഭേദഗതികൾ എന്നിങ്ങനെ സഹകരണ മേഖലയിൽ നടക്കുന്ന ഇടപെടലുകൾ ദീർഘ കാലമായി സംസ്ഥാന വിഷയമായ സഹകരണ സംഘങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനങ്ങളിൽ പല തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാതെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്നത് മൂലം സംസ്ഥാന സഹകരണ സംഘം നിയമ പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ദുർബലപ്പെടുന്ന അവസ്ഥ ഉണ്ടാകുന്നുണ്ട്.

(ബി) സഹകരണ മേഖലയിൽ ആദായനികുതി വകുപ്പിന്റേതായ പുതിയ ഇടപെടലുകൾ വിശദീകരിക്കാമോ; ഇതിനെ പ്രതിരോധിക്കാൻ

സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ; ഇത് സംബന്ധിച്ച് 2021 -ൽ സുപ്രീം കോടതി പുറപ്പെടുവിച്ച വിധി പഠനവിധേയമാക്കിയിട്ടുണ്ടോ?

കേന്ദ്ര സർക്കാരിന്റെ ആദായ നികുതി നിയമത്തിലെ വകുപ്പ് 80(പി)(2) പ്രകാരമുള്ള നികുതി ഇളവ് പിൻവലിച്ചത്, സാമ്പത്തിക വർഷം ഒരു കോടിയിലധികം രൂപ പണമായി ബാങ്കിൽ നിന്നും പിൻവലിക്കുന്നതിന് ആദായ നികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത 194(എൻ) വകുപ്പ് പ്രകാരം സ്രോതസ്സിൽ രണ്ട് ശതമാനം നികുതി(TDS) ഈടാക്കണമെന്നുള്ള വ്യവസ്ഥ എന്നിവ സംഘങ്ങളുടെ നിലനില്പിനെ തന്നെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത നടപടി പിൻവലിക്കണമെന്നും, സഹകരണ സ്ഥാപനങ്ങൾക്ക് വരുമാന നികുതിയിൽ ഇളവ് നൽകണമെന്നുമുള്ള ആവശ്യം കേന്ദ്ര സർക്കാരിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇതിനു പുറമെ കേന്ദ്ര ആദായനികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത 194N വകുപ്പിന്റെ പരിധിയിൽ നിന്നും സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ ബാങ്കുകളെ ഒഴിവാക്കുന്നതിനായി കേന്ദ്ര ധനകാര്യ, കൃഷി മന്ത്രിമാർക്ക് നിവേദനം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ നിയമനടപടികൾ സ്വീകരിക്കുന്നതിന്റെ

പ്രായോഗിക വശങ്ങൾ പരിശോധിച്ചുവരികയാണ്. 2021 -ലെ സുപ്രീം കോടതിവിധിയെപ്പറ്റി വിവിധ തലങ്ങളിൽ ചർച്ച നടത്തിവരുന്നു.

(സി) കേന്ദ്രസർക്കാർ പുതുതായി ആരംഭിച്ച സഹകരണ മന്ത്രാലയവും കേന്ദ്ര സർക്കാർ പാസാക്കിയ ബാങ്കിങ് റഗുലേഷൻ (ഭേദഗതി) നിയമവും സംസ്ഥാനത്തെ സഹകരണ മേഖലയെ എങ്ങനെ ബാധിക്കുമെന്നും അതിന് പരിഹാരമായി സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

97-ാം ഭരണഘടന ഭേദഗതി, ബാങ്കിംഗ് റഗുലേഷൻ നിയമ ഭേദഗതി, ആദായ നികുതിയുമായി ബന്ധപ്പെട്ട ഭേദഗതികൾ എന്നിവ മൂലം സഹകരണ മേഖലയിൽ നടക്കുന്ന ഇടപെടലുകൾ ദീർഘകാലമായി സംസ്ഥാന വിഷയമായ സഹകരണ സംഘങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനങ്ങളിൽ പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാതെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്നത് മൂലം സംസ്ഥാന സഹകരണ സംഘം നിയമ പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ദുർബലപ്പെടുന്ന അവസ്ഥ ഉണ്ടാകുന്നുണ്ട്. കേന്ദ്ര സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ചില മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ കൂടുതൽ പലിശ നൽകി നിക്ഷേപങ്ങൾ സ്വീകരിക്കുന്നത്

ശ്രദ്ധയിൽപെട്ടതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേറ്റിംഗ് കമ്മറ്റിയുടെ നിർദ്ദേശ പ്രകാരം ടി സംഘങ്ങളുടെ വഴിവിട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ചീഫ് സെക്രട്ടറി മുഖാന്തിരം കേന്ദ്ര കൃഷി വകുപ്പ് മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. കേന്ദ്ര സഹകരണ മന്ത്രാലയം രൂപീകരിക്കുന്നതിലൂടെ ഫെഡറൽ തത്ത്വങ്ങൾക്ക് വിരുദ്ധമായ ഇടപെടലുകൾ വർദ്ധിക്കുമെന്നും ഇതിലൂടെ സംസ്ഥാന സഹകരണ നിയമ പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനം ദുർബലപ്പെടുത്തുന്നതായി കാണുന്നു.

## പുനരുജ്ജീവന വായ്പപദ്ധതി

**300 (691)** ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉപയോഗപ്പെടുത്തി ആരംഭിക്കുന്ന പുനരുജ്ജീവന വായ്പ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സഹകരണ മേഖലയിൽ ആരംഭിച്ച

സംരംഭങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(എ&ബി) പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉപയോഗപ്പെടുത്തി ആരംഭിക്കുന്ന പുനരുജ്ജീവന വായ്പ പദ്ധതി നടപ്പിലാക്കുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(സി)കാർഷിക-വ്യവസായിക-സേവന മേഖലകളിൽ പുതിയ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

നടപ്പാക്കിയിട്ടുണ്ട്. കാർഷിക മേഖലയിൽ PACS വഴി Agriculture Infrastructure Fund (AIF) പദ്ധതിയും കർഷക ഉല്പാദക സംഘടനകൾക്കുള്ള വായ്പാ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ചെറുകിട വ്യാവസായിക മേഖലകളിൽ MSME, Micro Food Processing വായ്പാപദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി KB സമഗ്ര എന്ന പേരിൽ ഒരു വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി സഹകരണ സംഘങ്ങൾക്ക് അവരുടെ സേവനമേഖലകളിൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന പദ്ധതിയാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന വിവിധ പദ്ധതികളിൽ സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് പച്ചക്കറി കൃഷി നടത്തുന്ന പദ്ധതി

നടപ്പാക്കുന്നു. 14 ജില്ലകളിലുമായി ആകെ 500 ഏക്കർ സ്ഥലത്താണ് മാതൃക കൃഷിത്തോട്ടം തയ്യാറാക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ അതാത് പ്രദേശത്തെ ഗ്രാമീണ ചന്തകൾ, കാർഷിക വിപണന കേന്ദ്രങ്ങൾ, കോപ്-മാർട്ടിന്റെ സ്റ്റാളുകൾ എന്നിവ വഴി വിപണനം നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

## സഹകരണ മെമ്പർ റിലീഫ് പദ്ധതി

**301 (692)** ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മെമ്പർ റിലീഫ് പദ്ധതി പ്രകാരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ എത്ര അംഗങ്ങൾക്ക് എത്ര തുക വീതം അനുവദിച്ചു? വിശദാംശങ്ങൾ നൽകുമോ;

കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന സഹകരണ സംഘങ്ങളിലെ ആകെ 59 അംഗങ്ങൾക്ക് 1295000/- രൂപ ടി പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ?

സഹകരണ മെമ്പർ റിലീഫ് പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള നടപടിക്രമം താഴെ പറയും പ്രകാരമാണ്.

(എ) ഫണ്ടിൽനിന്നും ആനുകൂല്യത്തിന് അപേക്ഷിക്കുന്ന വിധം.

1. മെമ്പർ റിലീഫ് ഫണ്ടിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനായി നിർദ്ദിഷ്ട ഫോറത്തിലുള്ള (ഫോറം നം.(1)) അപേക്ഷകൻ താഴെ പറയുന്ന രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്

1. അപേക്ഷകൻ താമസിക്കുന്ന സ്ഥലത്തെ വില്ലേജ് ആഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്.

2. ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

3. അംഗങ്ങൾ സമർപ്പിക്കുന്ന ചികിത്സ രേഖകൾ(ചികിത്സ തേടിയ ആശുപത്രിയിലെ ഡിസ്ച്ചാർജ് സമ്മറിയും അനുബന്ധ ചികിത്സ രേഖകളും) പരിശോധിച്ച് ആയതിന്റെ ആധികാരികത ഉറപ്പ് വരുത്തിയതിനുശേഷം സംഘം/ബാങ്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.

4. അവകാശിയാണെങ്കിൽ അവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

(ബി) സംഘത്തിന് ലഭിക്കുന്ന അപേക്ഷകൾ, സംഘം ഭരണ സമിതി വിശദമായി പരിശോധിച്ചശേഷം അപേക്ഷയിലെ വിഷയങ്ങളിന്മേലും, രേഖകളിന്മേലുമുള്ള നിജസ്ഥിതി ബോധ്യപ്പെട്ട് എടുത്ത ഭരണ സമിതി തീരുമാനവും, അപേക്ഷകന്റെ സാമ്പത്തിക സ്ഥിതി, രോഗ വിവരം, എന്നിവ പരാമർശിച്ചുകൊണ്ട് സംഘത്തിന്റെ മുഖ്യകാര്യദർശിയുടെ സാക്ഷ്യപത്രവും സഹിതം അതാത് താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)-ന് (പ്രാഥമിക കാർഷിക വികസന ബാങ്കിൽ അസിസ്റ്റന്റ് രജിസ്ട്രാർ/ വാല്യൂവേഷൻ ആഫീസർ) സമർപ്പിക്കേണ്ടതാണ്.

(സി) സംഘത്തിൽ നിന്നും അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)-ന് ലഭിക്കുന്ന അപേക്ഷ ബന്ധപ്പെട്ട താലൂക്കുകളിലെ യൂണിറ്റ് ഇൻസ്പെക്ടർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി 7 ദിവസത്തിനകം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന് സമർപ്പിക്കേണ്ടതും, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) 7 ദിവസത്തിനകം ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന് സമർപ്പിക്കേണ്ടതും, ജില്ല ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ സഹകരണ സംഘം രജിസ്ട്രാർക്ക് ഉപരിപത്രം സഹിതം നേരിട്ടോ രജിസ്റ്റേർഡ് തപാൽ മുഖേനയോ സമർപ്പിക്കേണ്ടതുമാണ്.

(ഡി) അപ്രകാരം ലഭിക്കുന്ന അപേക്ഷ രജിസ്ട്രാർ ആഫീസിൽ പരിശോധന നടത്തി ബഹു. സഹകരണ വകുപ്പ് മന്ത്രി, സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ എന്നിവർ ഉൾപ്പെടുന്ന ഉന്നതതല കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതാണ്.

(ഇ) മേൽ പ്രകാരം ലഭിക്കുന്ന അപേക്ഷ ഉന്നതതല കമ്മിറ്റി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് അനുവദിച്ച ധനസഹായ തുകയുടെ ചെക്കും ഉത്തരവും ബന്ധപ്പെട്ട സംഘങ്ങൾക്ക് അയച്ചുകൊടുക്കുന്നതാണ്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അപേക്ഷകനും ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർക്ക് ജില്ല ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖാന്തിരവും നൽകുതാണ്.

(എഫ്) ഈ സ്കീം പ്രകാരം നൽകുന്ന പരമാവധി ധനസഹായം 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

(ജി) മൂന്ന് ലക്ഷത്തിൽ കൂടുതൽ വാർഷിക വരുമാനമുള്ള അപേക്ഷകർക്കോ ആശ്രിതർക്കോ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയില്ല.

**സഹകാരികൾക്ക് സമാശ്വാസ പദ്ധതി**

**302 (693)** ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകാരികൾക്ക് നൽകുന്ന സമാശ്വാസ പദ്ധതിയിലുൾപ്പെടുത്തി എത്ര രൂപയുടെ ധനസഹായമാണ് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിതരണം ചെയ്തിട്ടുള്ളത്;

(ബി) ഇത് സംബന്ധിച്ച് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; എത്ര ഗുണഭോക്താക്കളെയാണ് സഹായധനം ലഭിക്കുന്നതിന് അർഹതയുള്ളതായി തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) 06-02-2021 വരെ ലഭിച്ച അപേക്ഷകളിൽ അർഹതപ്പെട്ട 11194 അപേക്ഷകർക്ക് 23,94,10,000/- രൂപ ഒന്നാം ഘട്ടമായി വിതരണം ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടമായി 26-11-2021 വരെ ലഭിച്ച അപേക്ഷകളിൽ അർഹതപ്പെട്ട 11060 അപേക്ഷകർക്ക് 22,93,50,000/- രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കെയർ ഹോം പദ്ധതി**

**303 (694)** ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതി പ്രകാരം തിരുവമ്പാടി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ആർക്കെല്ലാം ഭവന പദ്ധതി ലഭ്യമാക്കിയെന്നും ഏത് സഹകരണ സംഘം മുഖേനയാണ് ലഭ്യമാക്കിയതെന്നും വിശദമാക്കുമോ?

കെയർ ഹോം പദ്ധതി പ്രകാരം തിരുവമ്പാടി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വീടുകൾ ലഭിച്ച ഗുണഭോക്താക്കളുടെ പേരും മേൽവിലാസവും പ്രസ്തുത വീടുകൾ നിർമ്മിച്ചുനൽകിയ സഹകരണ സംഘത്തിന്റെ പേരും അനുബന്ധമായി ചേർക്കുന്നു+.

(ബി) കെയർ ഹോം പദ്ധതി തുടരുന്ന കാര്യം പരിഗണനയിലുണ്ടോ?

2018 -ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ സമ്പൂർണമായും വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2,000 വീടുകൾ നിർമ്മിച്ച് നൽകുകയെന്നത് ലക്ഷ്യമിട്ടാണ് സഹകരണ വകുപ്പ് കെയർ ഹോം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. പദ്ധതി പ്രകാരം നിർമ്മിച്ച് നൽകുന്ന വീടുകളുടെ എണ്ണം ഘട്ടങ്ങളായി ഉയർത്തി 2,092 വീടുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022 ഫെബ്രുവരി 14 വരെ പദ്ധതി പ്രകാരം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തൊട്ടാകെ 2,087 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 2,000 വീടുകൾ നിർമ്മിച്ച് നൽകുകയെന്ന ലക്ഷ്യം പൂർത്തീകരിച്ചതിനെ തുടർന്ന് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഫ്ലാറ്റ് നിർമ്മാണമാണ് രണ്ടാം ഘട്ടത്തിൽ ലക്ഷ്യമിട്ടിട്ടുള്ളത്.

**സഹകരണ വകുപ്പിലെ വിവിധ പദ്ധതികൾ**

**304 (695)** <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സഹകരണ വകുപ്പിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

സഹകരണ വകുപ്പിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1. കെയർ കേരള പദ്ധതി - കെയർ കേരള ഒന്നാം പദ്ധതിയിൽ ഉൾപ്പെടുത്തി, പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് വച്ച് കൊടുക്കുകയും, രണ്ടാം ഘട്ടത്തിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ പഴയന്നൂരിൽ നിർമ്മിച്ച ഫ്ലാറ്റ് ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം,

കൊല്ലം, ആലപ്പുഴ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഫ്ലാറ്റ് നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ട്. ഫ്ലാറ്റ് നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ തുടർന്നു വരുന്നു.

2. നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി - സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായി ' നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി' ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി കുടിശ്ശിക വായ്പകൾ വിവിധ ഇളവുകളോടെ തീർപ്പാക്കാൻ അവസരം ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ വായ്പാ ഒത്ത് തീർപ്പുകളിലും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നു.

3. മുറ്റത്തെമുല്ല - സമൂഹത്തിലെ താഴെ തട്ടിലുള്ളവർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും രക്ഷപ്പെടുത്തിക്കൊണ്ട് സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉൾച്ചേർക്കലിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്ക്കരിച്ച് " മുറ്റത്തെമുല്ല" എന്ന ഗ്രാമീണ ലഘു വായ്പാ പദ്ധതി സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കി വരുന്നു.

4. റീസർജന്റ് കേരള ലോൺ സ്കീം (RKLS)- കേരളം നേരിട്ട പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള ജില്ലാ സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് റീസർജന്റ് കേരള ലോൺ സ്കീം (RKLS) നടപ്പിലാക്കിയത്.

5. മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM’ s Helping Hand Loan Scheme- CMHLS) - കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഏർപ്പെടുത്തിയ ലോക്ക്ഡൗണിനെ തുടർന്നുള്ള തൊഴിൽ നഷ്ടവും തൻമൂലം സാധാരണക്കാർക്ക് ഉണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിൽ ഉൾപ്പെട്ട കുടുംബശ്രീ മുഖേനയുള്ള 2000/-കോടി രൂപയുടെ വായ്പാപദ്ധതിയായ “ മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM's Helping Hand Loan Scheme- CMHLS)” കുടുംബശ്രീ

അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള കേരള ബാങ്കിന്റെ ശാഖകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേന നടപ്പിലാക്കി വരുന്നു.

6. Special Liquidity Facility (SLF) വിനിയോഗം - കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായമേഖലയേയും സജീവമായി നിലനിർത്തുന്നതിനായും, ഹ്രസ്വകാല കാർഷിക ഉല്പാദനത്തിനും കാർഷികാനുബന്ധ പ്രവർത്തന മൂലധന ആവശ്യങ്ങൾക്കും (മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവളർത്തൽ, പൗൾട്രി, നെൽകൃഷി, പച്ചക്കറി കൃഷി ഉൾപ്പെടെയുള്ള തന്നാണ്ട് വിള ഇനങ്ങൾക്ക്) കൂടാതെ MSME (സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ) യൂണിറ്റുകൾക്ക് പ്രവർത്തനമൂലധനമായി ഒരു വർഷകാലയളവിൽ തിരിച്ചടയ്ക്കാൻ കഴിയുന്ന പദ്ധതികൾക്കുള്ള വായ്പയായും കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യമിടുന്ന- " സുഭിക്ഷ കേരളം" പദ്ധതിയ്ക്ക് വേണ്ടിയും Special Liquidity Facility (SLF) എന്ന പേരിൽ നബാർഡ് അനുവദിച്ച ധനസഹായം വിനിയോഗിച്ചിട്ടുണ്ട്. KSCB ശാഖകൾ വഴിയും മലപ്പുറം

ഒഴികെയുള്ള ജില്ലകളിലെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖേനയുമാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

7. അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുടെ നേതൃത്വത്തിൽ ഒരു സമഗ്ര ആരോഗ്യ പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. കോളനികളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, ആരോഗ്യ കാര്യങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക, ആംബുലൻസ് സർവ്വീസ് എത്തിക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ പോഷകാഹാരങ്ങൾ നൽകുക എന്നിവ ഉൾപ്പെടെയുള്ള വിവിധ ആരോഗ്യ സംരക്ഷണ പദ്ധതികൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

8. ഹരിതം സഹകരണം - പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ "ഹരിതം സഹകരണം" പദ്ധതിയിലൂടെ 1 വർഷം 1 ലക്ഷം ഫലവൃക്ഷതൈകൾ എന്ന കണക്കിന് 5 വർഷം കൊണ്ട് 5 ലക്ഷം ഫലവൃക്ഷതൈകൾ സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വച്ചുപിടിപ്പിക്കുന്നതിന് തീരുമാനിച്ചിരുന്നു. ആയതിൽ നടപടി പുരോഗമിച്ചുവരുന്നു.

9. സുഭിക്ഷ കേരളം - ഭക്ഷ്യ കാർഷിക മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള സുഭിക്ഷ കേരളം പദ്ധതിയിലൂടെ സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് വായ്പാ ധനസഹായം ലഭ്യമാക്കുക, ഫാർമേഴ്സ് ക്ലസ്റ്ററുകൾ, സ്വയം സഹായ ഗ്രൂപ്പുകൾ യുവജനങ്ങൾ എന്നിവയ്ക്ക് കിസാൻ ക്രെഡിറ്റ് കാർഡ് വഴി വായ്പ ലഭ്യത ഉറപ്പുവരുത്തുക, കാർഷിക വിഭവങ്ങളുടെ സംഭരണത്തിന് റിവോൾവിംഗ് ഫണ്ട് വായ്പ ഉറപ്പുവരുത്തുക, കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ പരിശീലനങ്ങൾ സംഘടിപ്പിക്കുക എന്നീ പരിപാടികൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ എല്ലാ കാർഷിക പ്രവർത്തനങ്ങൾക്കും ആവശ്യമായ വായ്പകളും, വിത്ത്, വളം, കീടനാശിനികൾ, കാർഷിക യന്ത്രങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായവും സഹകരണ സംഘങ്ങൾ വഴി ലഭ്യമാക്കുന്നു.

10. അംഗസമാശ്വാസ നിധിയിൽ (Member Relief Fund) നിന്നുള്ള ധനസഹായം - സഹകരണ സംഘങ്ങളിലെ അംഗങ്ങളായവരിൽ മാരകരോഗം ബാധിച്ചവർക്ക്/ ആശ്രിതർക്കായി ആകെ 11194 പേർക്ക് 23.941 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 11060 ഗുണഭോക്താക്കൾക്കായി 22.935 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

11. പാലക്കാട് പാഡി പ്രൊക്യുർമെന്റ് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) സഹകരണ മേഖലയിൽ, PAPCOS എന്ന ബ്രാന്റിൽ നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണിയിൽ എത്തിക്കുന്നതിനായി പാലക്കാട് ജില്ലയിലെ 30 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യുർമെന്റ് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സഹകരണ വകുപ്പ്, സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികളും നടപ്പിലാക്കിവരുന്നു.

**ജില്ലാ സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ**

**305 (696)** <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ?

(എ) കേരളാ ബാങ്കിൽ ലയിപ്പിക്കുന്നതിനുമുമ്പ് ജില്ലാ ബാങ്കുകളിൽ വൻ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് പരാമർശിച്ചിട്ടുള്ള ഓഡിറ്റ് റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അനർഹമായ സ്ഥാനക്കയറ്റങ്ങൾ ഉൾപ്പടെയുള്ള ക്രമക്കേടുകൾ സംബന്ധിച്ച് അടിയന്തരമായി പരിശോധിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

കേരള ബാങ്കിൽ ലയിപ്പിച്ചിട്ടുള്ള ജില്ലാ സഹകരണ ബാങ്കുകളിൽ മുൻ കാലങ്ങളിൽ നൽകിയിട്ടുള്ള അനർഹമായ സ്ഥാനക്കയറ്റങ്ങൾ ഉൾപ്പെടെയുള്ളവ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ബാങ്കിലെ ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർമാർക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായിട്ടുള്ള റിപ്പോർട്ടിന്മേൽ നടപടികൾ സ്വീകരിച്ച് അനർഹമായി അനുവദിച്ചിട്ടുള്ള സ്ഥാനക്കയറ്റങ്ങളും ആനുകൂല്യങ്ങളും ക്രമീകരിക്കുന്നതിന് സംസ്ഥാന സഹകരണ ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അനധികൃത സ്ഥാനക്കയറ്റങ്ങൾ നടത്തുന്നത് കാരണം ഒട്ടേറെ പി.എസ്.സി ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുന്നുണ്ടോ; വിശദമാക്കാമോ?

ബാങ്കിലെ ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർമാർ അനധികൃത സ്ഥാനക്കയറ്റങ്ങൾ സംബന്ധിച്ച് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായിട്ടുള്ള റിപ്പോർട്ടിന്മേൽ സംസ്ഥാന സഹകരണ ബാങ്ക് നടപടികൾ

സ്വീകരിച്ച് ക്രമീകരണങ്ങൾ പൂർത്തിയാക്കി കഴിയുമ്പോൾ മാത്രമേ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി വഴിയുള്ള തൊഴിൽ അവസരങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടോയെന്ന് മനസ്സിലാക്കാനും തുടർനടപടികൾ സ്വീകരിക്കാനും സാധിക്കുകയുള്ളൂ.

## പ്രാഥമിക സഹകരണ ബാങ്കുകളിലെ പലിശ നിരക്കുകൾ

**306 (697)** ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളിൽ നിക്ഷേപങ്ങൾക്കും വായ്പകൾക്കുമുള്ള നിലവിലെ പലിശനിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപങ്ങൾക്കും വായ്പകൾക്കുമുള്ള പലിശ നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ച 10-02-2022 -ലെ 05/2022, 06/2022 എന്നീ നമ്പർ സർക്കുലറുകളുടെ പകർപ്പുകൾ അനുബന്ധം 1, അനുബന്ധം 2 ആയി ചേർക്കുന്നു+.

## കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**307 (698)** ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. അബ്ദുൽ ഹമീദ് പി.:

ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്കിൽ നടന്ന തട്ടിപ്പുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കരുവന്നൂർ സർവീസ് സഹകരണ ബാങ്കിൽ ക്രമക്കേടുകളെ തുടർന്ന് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തുകയും, ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർചാർജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68(1) അന്വേഷണം പൂർത്തീകരിക്കുകയും ചെയ്തു. ടി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ്, ക്രൈം ബ്രാഞ്ച് എന്നിവർ നടത്തിയിട്ടുള്ള അന്വേഷണത്തിൽ കുറ്റാരോപിതരായി കണ്ടെത്തിയവരുടെ സ്വത്തുകൾ Criminal Law Amendment Ordinance 1944 പ്രകാരം കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കരുവന്നൂർ സർവീസ് സഹകരണ ബാങ്ക് ഭരണസമിതിയെ സഹകരണ നിയമം വകുപ്പ് 32 പ്രകാരം നീക്കം ചെയ്തിട്ടുള്ളതാണ്. സർക്കാരിന്റെ

24-07-2021 -ലെ സ.ഉ.(സാധാ) 451/2021 നമ്പർ ഉത്തരവിൻ പ്രകാരം ടി ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സൂക്ഷ്മപരിശോധന നടത്തുന്നതിനും കൃത്യസമയത്ത് ക്രമക്കേടുകൾ കണ്ടെത്തുന്നതിൽ വകുപ്പിന്റെ ഭാഗത്തെ വീഴ്ചകൾ ഉൾപ്പെടെ അന്വേഷിക്കുന്നതിനായി രൂപീകരിച്ച 9 അംഗ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2014-2015 കാലഘട്ടം മുതൽ ആഡിറ്റ് ജനറൽ വിഭാഗങ്ങളിൽ ജോലി ചെയ്തുവന്ന ആഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിലും, ബാങ്കിലെ ക്രമക്കേടുകൾ സംബന്ധിച്ച് ലഭിച്ച പരാതികളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിലും, ബാങ്കിൽ നിയമപ്രകാരമുള്ള പരിശോധന നടത്തുന്നതിലും റിപ്പോർട്ട് സമർപ്പിക്കുന്നതിലും വീഴ്ച വരുത്തിയ 2014 മുതൽ ബന്ധപ്പെട്ട ചുമതല വഹിച്ചിരുന്ന സഹകരണ വകുപ്പിലെ 16 ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ കുറ്റാരോപിതരായ വിരമിച്ച ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ സഹകരണ വിജിലൻസ്, സഹകരണ ആഡിറ്റ് എന്നീ വിഷയങ്ങളിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും, സഹകരണ രംഗത്ത്

ഉയർന്നുവരുന്ന ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ രീതിയിലും സമഗ്ര നിയമഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) നിക്ഷേപകരുടെ പണം തിരികെ നൽകുന്നതിനായി കേരള ബാങ്കുമായി സഹകരിച്ച് ഏതെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിരുന്നോ; പ്രസ്തുത പദ്ധതി പ്രകാരം പണം നൽകിയതിന്റെ വിശദാംശം അറിയിക്കുമോ?

കരുവന്നൂർ സർവീസ് സഹകരണ ബാങ്കിന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായുള്ള സാമ്പത്തിക പാക്കേജ് സർക്കാർ പരിശോധിച്ച് നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

## മങ്കട നിയോജകമണ്ഡലത്തിലെ കൊളപ്പറമ്പയിൽ സഹകരണ ബാങ്കിന്റെ ശാഖ

**308 (699)** ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ കൂട്ടിലങ്ങാടി പഞ്ചായത്തിലെ മങ്കട പള്ളിപ്പുറം സഹകരണ ബാങ്കിന്റെ പരിധിയിൽ വരുന്ന കൊളപ്പറമ്പ് പ്രദേശത്ത് പ്രസ്തുത ബാങ്കിന്റെ ഒരു ശാഖ ആരംഭിച്ച് പ്രവർത്തിക്കുന്നതിന്

പ്രസ്തുത സംഘം നൽകിയ അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിയ്ക്കാമോ?

മങ്കട പള്ളിപ്രം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2317 ന്റെ 18-06-2016 -ലെ ഭരണസമിതി തീരുമാന പ്രകാരം 28-12-2016 -ന് സമർപ്പിച്ച അപേക്ഷ സഹകരണ സംഘം രജിസ്ട്രാറുടെ 39/06 പ്രകാരമുള്ള കാർഷിക വായ്പാ നിബന്ധനകൾ ഉൾപ്പെടെ പാലിക്കാത്തതിനാൽ 21-06-2017 -ന് നിരസിച്ചിരുന്നു. അതിനുശേഷം രേഖകൾ പൂർണ്ണമല്ലാതെയും, പുതിയ ഭരണസമിതി തീരുമാനമില്ലാതെയും 2019 -ൽ ബാങ്ക് സമർപ്പിച്ച അപേക്ഷ പരിശോധിച്ച് പൂർണ്ണമായ രേഖകൾ സഹിതവും ശാഖകൾ ആരംഭിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരവും ശാഖ അനുവാദത്തിനായുള്ള അപേക്ഷ പുനസമർപ്പിക്കുന്നതിന് ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ശാഖ ആരംഭിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പ്രദേശത്ത് മറ്റ് ബാങ്കുകൾ നിലവിലില്ലാത്തത് സംഘത്തിന്റെ നിക്ഷേപവും വായ്പയും വർദ്ധിക്കാൻ ഇടയാക്കുമെന്നും കൂടുതൽ മെച്ചപ്പെട്ട സേവനം സഹകാരികൾക്ക് നൽകാൻ കഴിയുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഗണിച്ച് ശാഖ ആരംഭിക്കുന്നതിന് അനുമതി

നൽകണമെന്ന സംഘത്തിന്റെ അപേക്ഷയിൽ അടിയന്തര തീരുമാനം കൈക്കൊള്ളുമോ; വ്യക്തമാക്കാമോ?

ശാഖകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ 39/06 സർക്കുലർ വ്യവസ്ഥകൾ പ്രകാരം സംയുക്ത പരിശോധന നടത്തി മാത്രമേ ശാഖകളുടെ വിജയസാധ്യതയും മെച്ചപ്പെട്ട സേവന സാധ്യതയും വിലയിരുത്താനാകൂ. ശാഖകൾ ആരംഭിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്ന പക്ഷവും, സഹകരണ സംഘം രജിസ്ട്രാറുടെ 39/06 സർക്കുലർ പ്രകാരമുള്ള സംയുക്ത പരിശോധനയിൽ തൃപ്തികരമാകുന്നപക്ഷവും ശാഖ ആരംഭിക്കുന്നതിന് അനുവാദം നൽകുന്നതാണ്.

## കരുവന്നൂർ സഹകരണ ബാങ്കിലെ തട്ടിപ്പ്

**309 (700)** ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്കിൽ 226 കോടിയിലധികം രൂപയുടെ തട്ടിപ്പ് നടന്നതായി സഹകരണ വകുപ്പിന്റെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകളെ തുടർന്ന് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് പ്രകാരം വായ്പ പലിശ ഉൾപ്പെടെ 102.55 കോടി രൂപയുടേയും വ്യാപാര സ്റ്റോക്കിൽ കുറവ് ഇനത്തിൽ 1.69 കോടി രൂപയുടെയും കൂടി ആകെ 104.24 കോടി രൂപയുടെ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ട്. സർക്കാർ നിയോഗിച്ച ഉന്നതതല കമ്മിറ്റി റിപ്പോർട്ട് പ്രകാരം കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ വായ്പ വിതരണത്തിൽ 208.08 കോടി രൂപയുടെയും പ്രതിമാസ നിക്ഷേപ പദ്ധതികളിൽ 9.42 കോടി രൂപയുടെയും വ്യാപാര പ്രവർത്തനങ്ങളിൽ 1.83 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 219.33 കോടി രൂപയുടെ ക്രമക്കേടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച വിദഗ്ധ സമിതി റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തെല്ലാമാണ്?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ വായ്പ ഇടപാടുകളിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നതായും, സഹകരണ സംഘം നിയമം,

ചട്ടം വിരുദ്ധമായിട്ടാണ് വായ്പ വിതരണം നടന്നതെന്ന് വിദഗ്ധസമിതി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. IMBP അധികരിച്ച് വായ്പ നല്കിയതായും, മതിയായ ഓഹരി അനുപാതം സൂക്ഷിക്കാതെ വായ്പ നൽകിയതായും, സഹകരണ സംഘം രജിസ്ട്രാരുടെ സർക്കുലർ നിർദേശങ്ങൾക്ക് അനുസൃതമല്ലാതെ പ്രതിമാസ നിക്ഷേപ പദ്ധതികൾ നടത്തിയതായും, നീതി മെഡിക്കൽ സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നീ വ്യാപാര പ്രവർത്തനങ്ങളിലും ക്രമക്കേടുകളുള്ളതായും വിദഗ്ദസമിതി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

(സി) നിക്ഷേപത്തുക തിരികെ കൊടുക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ക്രമക്കേടിന് ഉത്തരവാദികളായവരിൽ നിന്നും സഹകരണ നിയമം വകുപ്പ് 68 പ്രകാരം സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയും, ബാങ്കിന്റെ കുടിശ്ശികയായ വായ്പകളിൽ നിയമാനുസൃത നടപടികൾ സ്വീകരിച്ച് കുടിശ്ശിക തുക ഈടാക്കിയും, ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി സമർപ്പിച്ചിട്ടുള്ള പുനരുദ്ധാരണ പാക്കേജ് വഴിയും ബാങ്കിന്റെ പ്രവർത്തനത്തെ സാധാരണ നിലയിലേക്ക് കൊണ്ടുവന്ന് തുക നിക്ഷേപകർക്ക് തിരികെ നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

## യുവ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പദ്ധതി

**310 (701)** ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സംസ്ഥാനത്ത് യുവ സഹകരണസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ 28-05-2021 -ലെ നയപ്രഖ്യാപന പ്രസംഗത്തിൽ യുവജനങ്ങൾക്കായി 25 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തുനൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. ആയത് സർക്കാരിന്റെ ഒന്നാം നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തുകയും, 30 യുവജന സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുമുണ്ട്. ടി സംഘങ്ങൾ സംരംഭക മേഖലകളിൽ പ്രവർത്തിക്കുന്നവയാണ്. യുവ സംരംഭകരെയും സേവന ദാതാക്കളെയും സഹകരണ മേഖലയിലേയ്ക്കും സഹകരണ തത്വങ്ങളിലേയ്ക്കും ആകർഷിക്കുന്നതിനും, സഹകരണ മേഖലയിൽ നൂതന ആശയങ്ങൾ നടപ്പിലാക്കി തൊഴിൽ സാധ്യത ഉറപ്പാക്കി നാടിനും സമൂഹത്തിനും സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ടി സംഘങ്ങളുടെ പ്രാരംഭ

പ്രവർത്തനങ്ങൾക്കായി സംഘങ്ങൾ സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ ഓരോ സംഘത്തിനും 10 ലക്ഷം രൂപ വീതം അനുവദിച്ച് നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ യുവജന സഹകരണ സംഘങ്ങൾക്കായി സഹകരണ തത്വങ്ങൾ, അക്കൗണ്ടിംഗ്, സംരംഭകത്വം എന്നീ വിഷയങ്ങൾ സംബന്ധിച്ച് 3 ദിവസത്തെ ഓൺലൈൻ പരിശീലന പരിപാടി തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് മുഖേന സംഘടിപ്പിച്ചിരുന്നു. യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സംഘം പ്രതിനിധികളുടെ അവലോകനം ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാരും സംസ്ഥാന തലത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെയും ആഭിമുഖ്യത്തിൽ നടത്തുകയും, അവർക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

**പശ്ചാത്തല സൗകര്യ പുനർ വായ്പ**

**311(702)** ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നാല് ശതമാനം പലിശ നിരക്കിൽ നബാർഡിൽ നിന്നുള്ള പശ്ചാത്തല സൗകര്യ പുനർ വായ്പ കേരള

ബാങ്ക് മുഖേന ലഭ്യമാക്കുമെന്ന ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എത്ര സഹകരണസംഘങ്ങൾക്ക് എത്ര കോടി രൂപയുടെ വായ്പ അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം നൽകുമോ?

| ജില്ല | സംഘങ്ങളുടെ എണ്ണം | തുക (കോടിയിൽ) |
|---|---|---|
| ആലപ്പുഴ | 3 | 1.90 |
| എറണാകുളം | 4 | 11.40 |
| ഇടുക്കി | 1 | 2.00 |
| കണ്ണൂർ | 6 | 10.19 |
| കാസർഗോഡ് | 2 | 4.00 |
| കൊല്ലം | 2 | 1.73 |
| കോട്ടയം | 3 | 7.89 |
| കോഴിക്കോട് | 7 | 1 1.09 |
| പാലക്കാട് | 3 | 5.60 |
| പത്തനംതിട്ട | 1 | 1.09 |
| തൃശ്ശൂർ | 12 | 16.39 |
| തിരുവനന്തപുരം | 4 | 11.47 |
| വയനാട് | 1 | 0.90 |
| ആകെ | 49 | 85.65 |

(ബി) പ്രസ്തുത വായ്പകൾക്ക് പലിശ ഇളവ് ഇനത്തിൽ സർക്കാർ ആകെ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

7 വർഷക്കാലാവധിക്കാണ് ലോൺ അനുവദിക്കുന്നത്. 6 മാസം മുതൽ 12 മാസം മോറട്ടോറിയം അനുവദിക്കുന്നുണ്ട്. മോറട്ടോറിയം കഴിഞ്ഞ് വായ്പ തിരിച്ചടവ് ആരംഭിക്കുന്നഘട്ടത്തിലാണ് പലിശ സബ്സിഡി അനുവദിക്കുന്നത്. തിരിച്ചടവ് തുടങ്ങിയിട്ടില്ലാത്തതിനാൽ പലിശ ഇളവ് ലഭ്യമായിട്ടില്ല.

## കൊരട്ടി ത്വക്ക് രോഗാശുപത്രിയിലെ പേഷ്യൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

**312 (703)** <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കൊരട്ടി ത്വക്ക് രോഗാശുപത്രിയിലെ പേഷ്യൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ആർ 678) -യുടെ ഘടന എന്താണെന്നും നിലവിലുള്ള ഭരണസമിതി അംഗങ്ങൾ ആരൊക്കെയാണെന്നും വെളിപ്പെടുത്തുമോ?

തൃശ്ശൂർ ജില്ലയിലെ കൊരട്ടി ത്വക്ക് രോഗാശുപത്രി പേഷ്യൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആർ.678 20-01-1978 -ൽ കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആയിട്ടാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

10-01-2022-ൽ തെരഞ്ഞെടുക്കപ്പെട്ട നിലവിലുള്ള ഭരണസമിതി അംഗങ്ങൾ താഴെ പറയുന്നവരാണ്.

പി. കൃഷ്ണകുമാർ, എം. ജി. ഗോപി, എം. താജ്ജുദീൻ, സി.വി പ്രകാശൻ, എ. മുഹമ്മദ്കുട്ടി, പാറുക്കുട്ടിയമ്മ എ., എം. സരോജിനി, സുബൈദ റഹ്മാൻ.

കൊരട്ടി ത്വക്ക് രോഗാശുപത്രിയിലെ സൂപ്രണ്ട് സംഘത്തിന്റെ എക്സ് ഒഫിഷ്യോ പ്രസിഡന്റാണ്.

(ബി) സൊസൈറ്റിയിൽ നിലവിലുള്ള ഓഹരി ഉടമകളുടെ എണ്ണവും വിശദാംശങ്ങളും ലഭ്യമാക്കുമോ?

സൊസൈറ്റിയിൽ നിലവിലുള്ള ഓഹരി ഉടമകളുടെ എണ്ണം 116 -ഉം ഓഹരി മൂലധനം 39,400/- രൂപയുമാണ്.

(സി) പ്രസ്തുത സൊസൈറ്റിയുടെ ഓഡിറ്റ് ചുമതല ഏത് ഉദ്യോഗസ്ഥനാണെന്നും ഏത് വർഷം വരെയുള്ള ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

പ്രസ്തുത സൊസൈറ്റിയുടെ ഓഡിറ്റ് ചുമതല മുകുന്ദപുരം അസിസ്റ്റന്റ് ഡയറക്ടർക്കാണ്. 2019-2020 വർഷം വരെയുള്ള ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) സൊസൈറ്റിയുടെ ബൈലോയുടെ പകർപ്പ് ലഭ്യമാക്കുമോ?

സൊസൈറ്റിയുടെ ബൈലോയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

## സഹകരണ സംഘങ്ങളുടെ മേലുള്ള നിയന്ത്രണം

**313(704)** ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങൾ ബാങ്ക് എന്ന പേര് ഉപയോഗിക്കരുതെന്നും വോട്ടവകാശമില്ലാത്ത അംഗങ്ങളിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കരുതെന്നും റിസർവ് ബാങ്കിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ പ്രധാന പങ്ക് വഹിക്കുന്ന സഹകരണ പ്രസ്ഥാനത്തെ ഇത്തരം നിയന്ത്രണങ്ങൾ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളും ജനോപകാരപ്രദമായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക രംഗത്ത് പകരം വയ്ക്കാൻ കഴിയാത്ത സ്ഥാപനങ്ങളാണ്. ഇവയുടെ പ്രവർത്തനങ്ങളിലുണ്ടാകുന്ന നിയന്ത്രണങ്ങളും ചട്ടങ്ങളും ചെറുകിട ക്രെഡിറ്റ് (വായ്പ) രംഗത്ത് തിരിച്ചടികൾക്ക് കാരണമാകാം. ഇത് സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക രംഗത്ത് അപരിഹാര്യമായ സ്ഥിതി വിശേഷം സൃഷ്ടിക്കുമെന്ന് കരുതുന്നു.

(സി) ഇക്കാര്യത്തിൽ സഹകാരികൾക്കുണ്ടാകുന്ന ആശങ്കകൾ അകറ്റുന്നതിനും സഹകരണ സംഘങ്ങളുടെ നിലവിലെ പ്രവർത്തനം നിയമാനുസൃതമായി തുടരുന്നതിനും സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

'സഹകരണം' ഒരു സംസ്ഥാന വിഷയമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സഹകരണ നിയമം പാസ്സാക്കിയിട്ടുള്ളത്. എന്നാൽ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ നിയമത്തിന് വിരുദ്ധവും, സഹകരണ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ടതാണ്. ബാങ്കിംഗ് നിയമത്തിൽ വരുത്തിയ

മാറ്റങ്ങൾ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതാകയാൽ ടി ഭേദഗതികളെ സുപ്രീംകോടതിയിൽ ചോദ്യം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത വിഷയങ്ങൾ സഹകാരികൾ, PACS അസോസിയേഷൻ ഭാരവാഹികൾ, സഹകരണ സംഘം/ബാങ്ക് ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ എന്നിവരുടെ യോഗം വിളിച്ചുചേർത്ത് ചർച്ചകൾ നടത്തിയിട്ടുണ്ട്. റിസർവ് ബാങ്കിന്റെ പത്രപരസ്യത്തെ തുടർന്ന് ആയത് പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ച് റിസർവ് ബാങ്കിന് കത്ത് നൽകിയിട്ടുണ്ട്.

## സഹകരണ യൂണിവേഴ്സിറ്റി

**314(705)** ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സംസ്ഥാനത്ത് സഹകരണ യൂണിവേഴ്സിറ്റി ആരംഭിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ:

സഹകരണ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തുന്നതാണ്.

(ബി) പാറശാല നിയോജകമണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കിക്മ ക്യാമ്പസിൽ പ്രസ്തുത സഹകരണ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

പരിശോധിച്ച് ഉചിത തീരുമാനം കൈക്കൊള്ളുന്നതാണ്.

**ആലത്തൂർ താലൂക്കിലെ സഹകരണ കോളേജുകൾ**

**315(706)** ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ആലത്തൂർ താലൂക്കിൽ എത്ര സഹകരണ കോളേജുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

ആലത്തൂർ താലൂക്കിൽ ഒരു സഹകരണ കോളേജ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ പ്രവർത്തിക്കുന്ന ആലത്തൂർ താലൂക്ക് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ പ്രവർത്തനപരിധി ഏതെല്ലാം പഞ്ചായത്തുകളിലാണെന്ന് വ്യക്തമാക്കാമോ?

ആലത്തൂർ, എരിമയൂർ, മേലാർകോട്, കാവശ്ശേരി, തരൂർ എന്നീ അഞ്ച് പഞ്ചായത്തുകൾ.

(സി) പ്രസ്തുത പ്രവർത്തന പരിധിക്ക് പുറത്തുള്ള താലൂക്കിലെ മറ്റ് പഞ്ചായത്തുകളിൽ എഡ്യുക്കേഷൻ സൊസൈറ്റി രൂപീകരിക്കുന്നതിന് നിയമതടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

മേൽപ്പറഞ്ഞ 5 പഞ്ചായത്തുകൾ ഒഴികെ ആലത്തൂർ താലൂക്കിലെ മറ്റ് പ്രദേശങ്ങൾ പ്രവർത്തനപരിധിയായി പുതിയ സംഘം രജിസ്റ്റർ ചെയ്ത് നൽകുന്നതിന് നിയമതടസ്സമില്ല.

## സഹകരണ സർവ്വകലാശാല

**316(707)** ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

സഹകരണ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ഉദ്ദേശത്തോടെ സഹകരണ സർവ്വകലാശാല ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സഹകരണ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തുന്നതാണ്.

## തിരിച്ചടവ് മുടങ്ങിയ വായ്പകൾ

**317(708)** ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കോവിഡ് പ്രതിസന്ധിമൂലം കേരള ബാങ്കിൽ കഴിഞ്ഞ വർഷങ്ങളിൽ വായ്പാ തിരിച്ചടവ് മുടങ്ങിയവരുടെ വായ്പാ പലിശയിളവ്, സാവകാശം, ഒറ്റത്തവണതീർപ്പാക്കൽ ആനുകൂല്യം എന്നിവയ്ക്കുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കോവിഡ് പ്രതിസന്ധിമൂലം ബാങ്കിൽ വായ്പാ തിരിച്ചടവ് മുടങ്ങിയവരുടെ വായ്പാ അക്കൗണ്ടുകളിൽ വായ്പാ പലിശയിളവ്, സാവകാശം, ഒറ്റത്തവണ തീർപ്പാക്കൽ ആനുകൂല്യം എന്നിവയ്ക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1.സഹകരണ സംഘം രജിസ്ട്രാർ സംസ്ഥാന സഹകരണ ബാങ്കിൽ നടപ്പിലാക്കുന്നതിലേക്കായി അംഗീകാരം നൽകി ബാങ്കിൽ നടപ്പിലാക്കിവരുന്ന നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരമോ/ബാങ്കിൽ നിലവിലുള്ള റിക്കവറി മാനേജ്മെന്റ് പോളിസി

വ്യവസ്ഥകൾ പ്രകാരമോ വായ്പാ കുടിശ്ശിക തീർപ്പാക്കുന്നപക്ഷം അത്തരം വായ്പകൾക്ക് പലിശയിളവ് അനുവദിച്ചുവരുന്നുണ്ട്.

2. നവകേരളീയം OTS പദ്ധതി പ്രകാരം കുടിശ്ശിക അടയ്ക്കുന്നത് സംബന്ധിച്ച് കാലതാമസം ആവശ്യപ്പെടുന്ന വായ്പാക്കാർക്ക് നിജസ്ഥിതി പരിശോധിച്ച് പദ്ധതി കാലാവധി അവസാനിക്കും വരെ തവണകളായി അടയ്ക്കുന്നതിനുള്ള സൗകര്യം നൽകി വരുന്നുണ്ട്.

3. OTS പദ്ധതി പ്രകാരം അപേക്ഷിച്ചിട്ടുള്ള എല്ലാവർക്കും അർഹതയനുസരിച്ച് ഇളവുകളോടെ ഒറ്റത്തവണ തീർപ്പാക്കലിന് അനുമതി നൽകി വരുന്നുണ്ട്. കൂടാതെ അദാലത്തുകളിലൂടെ ഇളവുകളോടുകൂടി വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് അവസരം നൽകുന്നുണ്ട്. കൂടാതെ ആർ.ബി.ഐ നിബന്ധനകൾക്ക് വിധേയമായി അർഹതപ്പെട്ട വായ്പാക്കാർക്ക് മോറട്ടോറിയം, റീസ്ട്രക്ച്ചറിംഗ് സൗകര്യം എന്നിവ അനുവദിച്ചുനൽകിയിട്ടുണ്ട്.

**ജപ്തി നടപടികൾ നിർത്തിവയ്ക്കാൻ നടപടി**

**318(709)** ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ജപ്തി നടപടികൾ നിർത്തിവച്ചുകൊണ്ടുള്ള ഉത്തരവിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകാാൻ ഉദ്ദേശിക്കുന്നുണ്ടോ?

കോവിഡ് പശ്ചാത്തലത്തിൽ ഭൂരിഭാഗം സംഘങ്ങളിലേയും കുടിശ്ശിക വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ജപ്തി നടപടികൾ നിർത്തിവച്ചുകൊണ്ടുള്ള ഉത്തരവിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകിയാൽ അത് സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നതിനാലും, വലിയ നഷ്ടം ടി സംഘങ്ങൾ/ബാങ്കുകൾക്ക് ഉണ്ടാകുമെന്നതിനാലും നിലവിൽ ഈ വിഷയം പരിഗണനയിലില്ല. കോവിഡ് പശ്ചാത്തലത്തിൽ വായ്പാക്കാർക്ക് ആശ്വാസമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) വിവിധ കാരണങ്ങളാൽ വായ്പാതുക കുടിശ്ശികയാവുകയും ജപ്തി നടപടികൾ സ്വീകരിക്കപ്പെടുകയും ചെയ്തിട്ടുള്ളവർക്ക് തിരിച്ചടവിനായി ഇളവുകൾ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിവിധ കാരണങ്ങളാൽ വായ്പാ തുക കുടിശ്ശികയാവുകയും ജപ്തി നടപടികൾ സ്വീകരിക്കപ്പെടുകയും ചെയ്തിട്ടുള്ളവർക്ക് തിരിച്ചടവിനായി

ഇളവുകൾ ലഭ്യമാക്കിയിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് ജപ്തി നടപടികളിലും, തിരിച്ചടവിൽ സാവകാശം അനുവദിക്കുന്നതിലും സഹകരണ ബാങ്കുകൾ പരമാവധി ഇളവുകൾ നൽകിവരുന്നു. സംസ്ഥാനത്ത് മഴക്കെടുതി മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി 31-07-2018 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം അനുവദിച്ച് നൽകിയിരുന്നു. തുടർന്ന് സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31-03-2020 വരെ മോറട്ടോറിയം അനുവദിച്ചും, കോവിഡ് 19 -നെ തുടർന്ന് 01-03-2020 മുതൽ 31-08-2020 വരെ മോറട്ടോറിയം അനുവദിച്ചും സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

**ഒറ്റത്തതവണ തീർപ്പാക്കൽ പദ്ധതി :-** സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുത്ത് കുടിശ്ശിക ആയിട്ടുള്ളതും, കോവിഡ് മഹാമാരി കാരണം ജീവിതം ദു:സ്സഹമായിരിക്കുന്നതുമായ വായ്പക്കാർക്ക് ആശ്വാസമാകുകയെന്ന ലക്ഷ്യത്തോടുകൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021 ആഗസ്റ്റ് 16 മുതൽ നടപ്പിലാക്കി വരുന്നു. നിലവിൽ ടി പദ്ധതി 2022 മാർച്ച് 31 വരെ നടപ്പിലാക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ടി പദ്ധതിയിലൂടെ

വായ്പക്കാർക്ക് പിഴ പലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പ കണക്ക് അവസാനിപ്പിച്ച് വരുന്നു. കേരള സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് എന്നീ ബാങ്കുകളിലും 2022 മാർച്ച് 31 വരെ ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ആർബിട്രേഷൻ നടപടികൾ സ്വീകരിച്ചിട്ടുള്ള വായ്പകൾക്ക് മുൻഗണന നൽകുന്നതിനും, ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഇളവുകൾ നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സഹകരണ ബാങ്കുകളിലെ വായ്പാ കുടിശ്ശികയുടെ തിരിച്ചടവ്

**319(710)** ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ വായ്പാ കുടിശ്ശികകാർക്ക് വായ്പാ തിരിച്ചടവിന് കൂടുതൽ സമയവും കൂടുതൽ ഇളവുകളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാനത്ത് കോവിഡ് 19 രോഗബാധ ഉണ്ടായതിനെത്തുടർന്ന് വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടായ പശ്ചാത്തലത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യുടെ നിർദ്ദേശ പ്രകാരം എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 01-03-2020 മുതൽ 31-08-2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന സഹകരണ ബാങ്കു വഴി റിസർവ് ബാങ്ക് നിബന്ധനകൾക്ക് വിധേയമായി അർഹമായ വായ്പകൾക്ക് മൊറട്ടോറിയം റീസ്ട്രക്ച്ചറിംഗ് എന്നിവ 2021 ഡിസംബർ മാസം വരെ അനുവദിച്ചുനൽകിയിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുതലായ സ്ഥാപനത്തിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, മൃഗ സംരക്ഷണവും, ക്ഷീര വികസനവും ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2021 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സഹകാരികൾക്ക് റിസ്ക് ഫണ്ടിൽ നിന്നും സഹായധനം ലഭിക്കുന്നതിന് മാനദണ്ഡങ്ങളിൽ

ഇളവുകൾ നൽകുന്നതിനും സഹായ തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വായ്പ എടുത്ത ശേഷം മരണമടയുന്ന വായ്പക്കാരന് ബോർഡിൽ നിന്നും ധനസഹായം അനുവദിക്കുമ്പോൾ റിസ്ക് ഫണ്ട് നിയമാവലി ഖണ്ഡിക 4(ബി) പ്രകാരം കണക്കാക്കുന്ന കുടിശ്ശിക നിബന്ധനയിൽ നിന്നും 01-03-2020 മുതൽ 31-08-2020 വരെയുള്ള ആറ് മാസക്കാലയളവ് ബോർഡ് തീരുമാന പ്രകാരം ഇളവ് അനുവദിച്ചുവരുന്നുണ്ട്. റിസ്ക് ഫണ്ട് ധനസഹായ തുക വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം മേഖലാ അടിസ്ഥാനത്തിൽ കേരളത്തിലെ സഹകാരികളുടേയും ഉദ്യോഗസ്ഥരുടേയും, മറ്റ് ബന്ധപ്പെട്ടവരുടേയും യോഗങ്ങൾ വിളിച്ചുചേർത്ത് ചർച്ചകൾ നടത്തിയശേഷം നടപ്പിലാക്കുന്നതിന് ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്.

**കുന്നത്തുനാട് മണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യം**

**320(711)** <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽ നിന്ന് റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ ലഭിച്ചിട്ടുള്ള

അപേക്ഷകളുടെ എണ്ണം ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ?

കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ നിന്ന് റിസ്ക് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനായി 361 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു+.

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കിയെന്ന് ബാങ്ക് തിരിച്ചുള്ള വിവരം അറിയിക്കുമോ?

272 അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം 2 ആയി ചേർക്കുന്നു+.

(സി) പ്രസ്തുത ആനുകൂല്യം ഇതുവരെയും അനുവദിച്ചുകിട്ടാത്ത അപേക്ഷകളിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ നിന്ന് ലഭിച്ചിട്ടുള്ള ആകെ അപേക്ഷകളിൽ 89 അപേക്ഷകളാണ് ഇനി തീർപ്പ് കൽപ്പിക്കാൻ ബാക്കി നിൽപ്പുള്ളത്. അതിൽ ചില അപേക്ഷകളിൽ ന്യൂനതകളുള്ളതിനാൽ ആയത് പരിഹരിച്ച് സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകളിന്മേൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) അർഹരായ എല്ലാവർക്കും റിസ്ക് ഫണ്ട് ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

അർഹരായ എല്ലാ അപേക്ഷകർക്കും ആനുകൂല്യം അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഫയൽ തീർപ്പാക്കൽ അദാലത്ത് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അദാലത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കോട്ടയം ജില്ലയിൽ 05-11-2021 -ൽ സഹകരണ വകുപ്പുമന്ത്രി നിർവ്വഹിച്ചിട്ടുള്ളതാണ്. തുടർന്ന് കണ്ണൂർ ജില്ലയിൽ അദാലത്ത് സംഘടിപ്പിച്ചു. ബാക്കി ജില്ലകളിൽ അദാലത്ത് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യം**

**321(712)** ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന്

ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ?

കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ നിന്നും 17-02-2022 വരെ ആകെ 1290 റിസ്ക് ഫണ്ട് ധനസഹായ അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു+.

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് ആനുകൂല്യം ലഭ്യമാക്കിയെന്ന് ബാങ്ക് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ നിന്നും ലഭ്യമായ 1290 അപേക്ഷകളിൽ 944 അപേക്ഷകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു+.

(സി) ആനുകൂല്യം ലഭ്യമാകാത്ത അപേക്ഷകർക്ക് ഇതുവരെയും ആനുകൂല്യം അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ആനുകൂല്യം ലഭ്യമാകാത്ത 110 എണ്ണത്തിൽ ന്യൂനതകളുള്ളതിനാൽ ആയത് പരിഹരിച്ച് സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും, ചില അപേക്ഷകൾ ധനസഹായത്തിന് അർഹതയില്ലാത്തതിനാൽ നിരസിച്ചിട്ടുള്ളതുമാണ്. ബാക്കിയുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷകളിന്മേൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

**ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തിക**

**322(713)** ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) പി.എസ്.സി. നടത്തിയ സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയുടെ (കാറ്റഗറി നമ്പർ 237/18) റാങ്ക് ലിസ്റ്റ് എപ്പോഴാണ് നിലവിൽ വന്നതെന്ന് അറിയിക്കാമോ?

21-10-2021 -ാം തീയതി.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്നും എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും വെളിപ്പെടുത്താമോ?

നേരിട്ടുള്ള നിയമനത്തിനായി നിയമന ശിപാർശ ലഭിച്ചിട്ടുള്ള 170 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. 31-12-2021 തീയതി വരെ പ്രസ്തുത തസ്തികയിൽ 235 ഒഴിവുകൾ (എൻ.ജെ.ഡി ഉൾപ്പെടെ) ഉള്ളതിൽ 71 ഒഴിവുകൾ ഗ്രാമ സേവകരിൽ നിന്നുമുള്ള തസ്തിക മാറ്റം വഴി നിയമനം നടത്തിയിട്ടുള്ളതാണ്.

2022 വർഷം 56 ഒഴിവുകൾ (37 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനും 19 ഒഴിവുകൾ ഗ്രാമ സേവകരിൽ നിന്നുമുള്ള സ്ഥാനമാറ്റം വഴിയുള്ള നിയമനത്തിനും) പ്രതീക്ഷിത ഒഴിവായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

(സി) ഈ തസ്തികയിലേയ്ക്ക് പി.എസ്.സി. വിജ്ഞാപനം ചെയ്യുമ്പോൾ വിദ്യാഭ്യാസ യോഗ്യത എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

എ. ഒരു അംഗീകൃത യൂണിവേഴ്സിറ്റിയുടെ ബി.കോം. ബിരുദം. (സഹകരണം) ഐച്ഛിക വിഷയമായി എടുത്തത് പാസ്സായിരിക്കണം. അല്ലെങ്കിൽ

ബി. അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബി.എ., ബി.എസ്.സി., ബി.കോം. ഡിഗ്രിയും അതോടൊപ്പം ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (എച്ച്.ഡി.സി.) പാസായിരിക്കണം. അല്ലെങ്കിൽ സഹകരണ വകുപ്പ് നടത്തുന്ന സബോർഡിനേറ്റ് പേഴ്സണൽ ട്രെയിനിംഗ് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയിരിക്കണം. അല്ലെങ്കിൽ സംസ്ഥാന സഹകരണ യൂണിയൻ കേരള നടത്തുന്ന ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ പാസായിരിക്കണം. അല്ലെങ്കിൽ

സി. കേരള കാർഷിക സർവകലാശാലയുടെ ബി.എസ്.സി. (കോ-ഓപ്പറേഷൻ & ബാങ്കിംഗ്) പാസായിരിക്കണം.

അല്ലെങ്കിൽ

ഡി. നാഷണൽ കൗൺസിൽ ഫോർ റൂറൽ ഹയർ എജ്യൂക്കേഷൻ, സഹകരണം പ്രത്യേക വിഷയമായി നടത്തുന്ന ഡിപ്ലോമ ഇൻ റൂറൽ സർവീസസ് പാസായിരിക്കണം.

അല്ലെങ്കിൽ

ഇ. കോ-ഓപ്പറേഷൻ ഡിഗ്രി, (ബാച്ചിലർ ഓഫ് കോ-ഓപ്പറേഷൻ) ഡീംഡ് യൂണിവേഴ്സിറ്റിയായ ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പാസായിരിക്കണം.

സൂപ്പർവൈസർമാർ/ഇൻസ്പെക്ടർമാർ/കേന്ദ്ര മധ്യതല റീജിയണൽ സഹകരണ സ്ഥാപനങ്ങളിലെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ജീവനക്കാർ കൂടാതെ പ്രാഥമിക സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് താഴെ പറയുന്ന യോഗ്യതകൾ വേണ്ടതാണ്.

(i)എസ്.എസ്.എൽ.സി.യോ, തത്തുല്യമായതോ പാസ്സായിരിക്കണം.

(ii) ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ അല്ലെങ്കിൽ ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ.

(iii) സൂപ്പർവൈസർ/ഇൻസ്പെക്ടർ അല്ലെങ്കിൽ സംസ്ഥാനത്തെ കേന്ദ്ര സ്ഥാപനങ്ങളിൽ മിനിസ്റ്റീരിയൽ തസ്തികയിൽ ചുരുങ്ങിയത് 5 വർഷത്തെ സേവനം അല്ലെങ്കിൽ ഒരു പ്രാഥമിക സഹകരണ സംഘത്തിലെ ക്ലാർക്ക്, സെക്രട്ടറി അല്ലെങ്കിൽ മാനേജരായിട്ടുള്ള സേവനം.

(ഡി) 2021 ജൂൺ 21-ന് വിദ്യാഭ്യാസ യോഗ്യതയിൽ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയ്ക്ക് നിലവിലുണ്ടായിരുന്ന യോഗ്യതകളായ ബി.എ., ബി.എസ്.സി., ബി.കോം. എന്നീ ബിരുദങ്ങൾക്ക് പകരം യു.ജി.സി. അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള എതെങ്കിലും ബിരുദവും ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (എച്ച്.ഡി.സി.) അല്ലെങ്കിൽ ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് എന്നിവ കൂടി ഉൾപ്പെടുത്തി 21-06-2021-ലെ സ.ഉ.(പി) നം 99/2021/സഹ ഉത്തരവ് പ്രകാരം വിശേഷാൽ ചട്ടം ഭേദഗതി ചെയ്തിട്ടുണ്ട്.

(ഇ) പി.എസ്.സി. അപേക്ഷ ക്ഷണിക്കുമ്പോഴുള്ള യോഗ്യതാ മാനദണ്ഡം പ്രകാരം തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നുതന്നെ പുതിയ റാങ്ക്

ലിസ്റ്റ് നിലവിൽ വരുന്നതുവരെ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പി.എസ്.സി. അപേക്ഷ ക്ഷണിക്കുമ്പോഴുള്ള യോഗ്യതാ മാനദണ്ഡം പ്രകാരം തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നു തന്നെ നിയമനം നടത്തുന്നതിന് വേണ്ടി വിദ്യാഭ്യാസ യോഗ്യതയിൽ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തിയ ഉത്തരവിൽ 14-02-2022 -ലെ സ.ഉ. (പി)നം.18/2022/സഹ ഉത്തരവ് പ്രകാരം ഒരു Saving Clause കൂടി ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ ജീവനക്കാരുടെ എണ്ണം**

**323(714)** ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) 2016-ൽ നിലമ്പൂരിൽ പ്രവർത്തനമാരംഭിച്ച സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിൽ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വിശദമാക്കാമോ;

1. അസിസ്റ്റന്റ് രജിസ്ട്രാർ - 1

2. യൂണിറ്റ് ഇൻസ്പെക്ടർ - 3

3. ഓഫീസ് ഇൻസ്പെക്ടർ - 1

4. സ്പെഷ്യൽ സെയിൽ ആഫീസർ -1

5. ക്ലാർക്ക് - 1

6. ഓഫീസ് അറ്റൻഡന്റ് - 1

(ബി) നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിൽ എ.ആർ.സി. & ഇ.പി. വിഭാഗം പ്രവർത്തിക്കുന്നുണ്ടോയെന്നും ഈ വിഭാഗത്തിൽ തസ്തികകൾ അനുവദിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിൽ എ.ആർ.സി. & ഇ.പി.തസ്തികകൾ അനുവദിച്ചിട്ടില്ല. നിലവിൽ സ്പെഷ്യൽ സെയിൽ ഓഫീസർ എ.ആർ.സി. കേസുകൾ കൈകാര്യം ചെയ്തുവരുന്നതിനാൽ പുതിയ തസ്തിക സൃഷ്ടിക്കുന്ന വിഷയം തല്ക്കാലം പരിഗണനയിലില്ല.

(സി) നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിൽ ഒരു അറ്റൻഡർ തസ്തിക മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നതുകാരണം സമൻസ്, മെസഞ്ചർ എന്നീ ജോലികൾ ഒരാൾ തന്നെ ചെയ്യേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആവശ്യമായ പുതിയ അറ്റൻഡർ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിൽ ഒരു പുതിയ അറ്റൻഡർ തസ്തിക സൃഷ്ടിക്കുന്നത് തല്ക്കാലം പരിഗണനയിലില്ല.

(ഡി) നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ ഓഡിറ്റ് വിഭാഗത്തിലെ ഓഫീസ് സൂപ്രണ്ട് (ജൂനിയർ) എന്ന തസ്തിക അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ഓഫീസ് സൂപ്രണ്ട്, അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ഓഫീസിലെ ഓഫീസ് ആഡിറ്റർ തസ്തികകളിൽ ജൂനിയർ/സീനിയർ/സ്പെഷ്യൽ ഗ്രേഡ് ഇൻസ്പെക്ടർ, ജൂനിയർ/ സീനിയർ/സ്പെഷ്യൽ ഗ്രേഡ് ആഡിറ്റർ എന്നിങ്ങനെ നിശ്ചയിച്ചിട്ടില്ലാത്തതാണ്. ജൂനിയർ/സീനിയർ/സ്പെഷ്യൽ ഗ്രേഡ് ഇൻസ്പെക്ടർ, ജൂനിയർ/സീനിയർ/സ്പെഷ്യൽ ഗ്രേഡ് ആഡിറ്റർ തസ്തികകളിലെ ഏത് ഉദ്യോഗസ്ഥനെയും ആഫീസ് സൂപ്രണ്ട്, ഓഫീസ് ആഡിറ്റർ തസ്തികകളിൽ നിയമിക്കാവുന്നതാണ്.

## വയനാട് ജില്ലയിൽ സഹകരണ വകുപ്പിന്റെ സ്ഥലം

**324(715)** <u>ശ്രീ ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) വയനാട് ജില്ലയിൽ സഹകരണ വകുപ്പിന് സ്വന്തമായി സ്ഥലം ഉണ്ടോ?

ഇല്ല.

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്നും ഓരോ സ്ഥലത്തിന്റെയും നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

ബാധകമല്ല.

## പാലക്കാട് കണ്ണമ്പ്രയിലെ റൈസ് മില്ലിന്റെ പ്രവർത്തനം

**325(716)** ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) 2021-22 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച പാലക്കാട് കണ്ണമ്പ്രയിലെ റൈസ് മില്ലിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പാലക്കാട് പാഡി പ്രൊക്യൂർമെന്റ്, പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1449 (പാപ്കോസ്) -ന് വേണ്ടി പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിന് നബാർഡിന്റെ കൺസൾട്ടൻസി ഏജൻസിയായ NABCONS ന്റെ മേൽനോട്ടത്തിൽ ടെണ്ടർ നടപടി പൂർത്തീകരിച്ചിരുന്നു.

എന്നാൽ അനുയോജ്യമായ ബിഡ് ലഭിക്കാതിരുന്ന സാഹചര്യത്തിൽ പ്രോജക്ടിന്റെ റീ ടെണ്ടറിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നതുമാണ്.

(ബി) പ്രസ്തുത റൈസ് മിൽ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകാൻ ഇനി എത്ര നാൾ വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത റൈസ് മിൽ 31-03-2023 നകം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## മത്സ്യതൊഴിലാളി സഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണം

**326(717)** ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) മത്സ്യ തൊഴിലാളി സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം ലഭ്യമാക്കിയിട്ടുണ്ടോ?

ഇല്ല.

(ബി) പ്രസ്തുത ജീവനക്കാർക്ക് ശമ്പളപരിഷ്കരണം ലഭ്യമാക്കാൻ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ ചെയർമാനായി ഒരു

കമ്മിറ്റി രൂപീകരിക്കുകയും അംഗീകൃത തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനായി തീരുമാനം കൈക്കൊണ്ട് ശിപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശിപാർശ പരിശോധിച്ചുവരുന്നു.

**ബാങ്ക് എന്ന വാക്ക് നീക്കം ചെയ്യാനുള്ള നിർദ്ദേശം**

**327(718)** ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ബാംങ്കിംഗ് നിയന്ത്രണ ഭേദഗതിയുടെ ചുവട് പിടിച്ച് സർവ്വീസ് സഹകരണ ബാങ്കുകളുടെ പേരിനൊപ്പമുള്ള ബാങ്ക് എന്ന വാക്ക് ഒഴിവാക്കാൻ റിസർവ് ബാങ്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. 1949 -ലെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തി കൊണ്ട് 2020 -ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം പാർലമെന്റ് പാസ്സാക്കിയിരുന്നു. ഇതിനെത്തുടർന്ന് സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അവയുടെ പേരിൽ ബാങ്ക് എന്ന പദം ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് 2020 -ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലെ വകുപ്പ് 3 പ്രകാരമുള്ള

വ്യവസ്ഥകൾ പാലിക്കുന്നത് ഉറപ്പാക്കണമെന്ന് റിസർവ് ബാങ്ക് നിർദ്ദേശിച്ചിട്ടുണ്ട്. ടി ഭേദഗതി നിയമപ്രകാരം bank, banker, banking എന്നീ പദങ്ങൾ ഉപയോഗിക്കാൻ RBI ലൈസൻസ് ഇല്ലാത്ത സഹകരണ സ്ഥാപനങ്ങൾക്ക് കഴിയില്ല.

(ബി) റിസർവ് ബാങ്കിന്റെ പ്രസ്തുത ഇടപെടൽ സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളും വിവിധ ജനോപകാരപ്രദമായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക രംഗത്ത് പകരം വയ്ക്കാൻ കഴിയാത്ത സ്ഥാപനങ്ങളാണ്. ടി സ്ഥാപനങ്ങൾ ബാങ്കിംഗ് നിയമത്തിന്റെ പരിധിയിൽ വന്നാൽ അവയുടെ പ്രവർത്തനം ബാങ്കിംഗ് മേഖലയിൽ മാത്രമായി ചുരുക്കപ്പെടും. ഇത് സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക രംഗത്ത് അപരിഹാര്യമായ സ്ഥിതി വിശേഷം സൃഷ്ടിക്കുമെന്ന് കരുതുന്നു.

(സി) ഇത്തരം നടപടികൾക്കെതിരെ നിയമനടപടികൾക്കായി സുപ്രീം കോടതിയെ സമീപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ബഹു.സുപ്രീകോടതിയെ സമീപിച്ചുകഴിഞ്ഞിട്ടുണ്ട്.

**ആധാരങ്ങളുടെ ഫയലിംഗ് ഷീറ്റിന് ക്ഷാമം**

**328(719)** ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നല്കുമോ:

(എ) സംസ്ഥാനത്ത് ആധാരങ്ങളുടെ ഫയലിംഗ് ഷീറ്റിന് ക്ഷാമം നേരിടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആധാരങ്ങളുടെ ശരിപ്പകർപ്പുകൾ തയ്യാറാക്കുന്നതിനുവേണ്ടി രജിസ്ട്രേഷൻ വകുപ്പിന്റെ ഉപയോഗത്തിനുവേണ്ടിയുള്ള ഫയലിംഗ് ഷീറ്റുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നത് അച്ചടി വകുപ്പിന് കീഴിലുള്ള മണ്ണന്തല, കൊല്ലം, വാഴൂർ, കാക്കനാട്, ഷൊർണ്ണൂർ എന്നീ അഞ്ച് സർക്കാർ പ്രസ്സുകളിൽ നിന്നാണ്. ഫയലിംഗ് ഷീറ്റുകളുടെ വിതരണവുമായി ബന്ധപ്പെട്ട് മേൽ പ്രസ്സുകളുമായി ബന്ധപ്പെടുന്നതിനാൽ ഫയലിംഗ് ഷീറ്റുകളുടെ ക്ഷാമം മൂലം ഷീറ്റുകളുടെ വിതരണത്തിന് തടസ്സം നേരിടാൻ സാധ്യതയുള്ളത് മുൻകൂട്ടി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) ഫയലിംഗ് ഷീറ്റുകൾക്ക് ക്ഷാമം നേരിടുന്നതുമൂലം ആധാരങ്ങൾ രജിസ്റ്റർ ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

സ്റ്റേഷണറി വകുപ്പിൽ നിന്നും ഫയലിംഗ് ഷീറ്റുകളുടെ അച്ചടിക്കാവശ്യമായ മതിയായ അഷ്വാർലെയ്ഡ് ഷീറ്റുകൾ ലഭ്യമാകാത്തതാണ് അച്ചടി തടസ്സപ്പെടാൻ കാരണം. ഇപ്പോൾ സ്റ്റേഷണറി വകുപ്പിൽ നിന്നും മതിയായ അഷ്വാർലെയ്ഡ് ഷീറ്റുകൾ ഗവൺമെന്റ് പ്രസ്സുകൾക്ക് നൽകുകയും അച്ചടി നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും രജിസ്ട്രേഷൻ നടപടികൾക്കാവശ്യമായ ഫയലിംഗ് ഷീറ്റുകളുടെ വിതരണം നടന്നുവരുന്നു.

(സി) യുണീക് തണ്ടപ്പേർ സംവിധാനം നിലവിൽ വരുന്ന സാഹചര്യത്തിൽ രജിസ്ട്രേഷൻ മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഇത് സംബന്ധിക്കുന്ന പ്രപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**മലപ്പുറം സബ് രജിസ്ട്രാർ ഓഫീസ്**

**329(720)** <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) മലപ്പുറം സബ് രജിസ്ട്രാർ ഓഫീസ് ഉദ്ഘാടനം കഴിഞ്ഞ് ഒരു വർഷമായിട്ടും ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുജനങ്ങൾക്ക് എത്തിപ്പെടാൻ സൗകര്യമുള്ള മലപ്പുറം നഗരത്തിൽ കെട്ടിട നിർമാണം പൂർത്തീകരിച്ചിട്ടും ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണ്; ഇനിയും എന്തെല്ലാം പണികളാണ് പൂർത്തീകരിക്കാനുള്ളത്;

(സി) പുതിയ കെട്ടിടത്തിലേക്ക് ഓഫീസ് സംവിധാനം മുഴുവൻ എന്നത്തേക്ക് മാറാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിടത്തിൽ വൈദ്യുതീകരണ ജോലിയും, ജീവനക്കാർക്കുള്ള ക്യാബിൻ സൗകര്യം ഉൾപ്പെടെയുള്ള ഓഫീസ് സജീകരണ ജോലികളും പൂർത്തീകരിക്കാനുണ്ട്. ഇവ പൂർത്തിയാകുന്ന മുറയ്ക്ക് ഓഫീസ് പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറാൻ സാധിക്കുന്നതാണ്.

**പയ്യന്നൂർ രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം**

**330(721)** <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

പയ്യന്നൂർ രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പയ്യന്നൂർ സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം നിലവിൽ പയ്യന്നൂർ സിവിൽ സ്റ്റേഷനിൽ പ്രവർത്തിച്ചുവരുന്ന താലൂക്ക് ഓഫീസിന് പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പണി പൂർത്തിയാകുന്ന മുറയ്ക്ക്, താലൂക്ക് ഓഫീസ് ടി കെട്ടിടത്തിലേക്ക് മാറ്റുമ്പോൾ സിവിൽ സ്റ്റേഷനിൽ സ്ഥലം ലഭിക്കുന്നതിനോ, പയ്യന്നൂർ ട്രഷറിയ്ക്ക് പുതിയ കെട്ടിടം പൂർത്തിയാകുമ്പോൾ പഴയട്രഷറി കെട്ടിടം പൊളിച്ചുമാറ്റി മിനി സിവിൽസ്റ്റേഷൻ നിർമ്മിച്ച് അവിടേയ്ക്ക് പയ്യന്നൂർ സബ് രജിസ്ട്രാർ ഓഫീസ് മാറ്റുന്നതിനോ ഉള്ള സാധ്യതയും പരിശോധിച്ചുവരുന്നു.

## രജിസ്ട്രാർ ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം

**331(722)** <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കോഴിക്കോട് വെസ്റ്റ്ഹിൽ സബ് രജിസ്ട്രാർ ഓഫീസ് പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വെസ്റ്റ്ഹിൽ സബ് രജിസ്ട്രാർ ഓഫീസ് 14-02-2022 മുതൽ പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു.

(ബി) നിലവിൽ രജിസ്ട്രാർ ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സബ് രജിസ്ട്രാർ ഓഫീസുകളിലെ അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് 4.5 കോടി രൂപയുടെ ഭരണാനുമതി 2020-21 സാമ്പത്തിക വർഷത്തിൽ നൽകിയിട്ടുണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് വാട്ടർ ടാങ്ക്, വാട്ടർ പമ്പ്, കിണർ, കുഴൽ കിണർ, ശുചിമുറി മുതലായവയുടെ നിർമ്മാണത്തിന് വിവിധ സബ് രജിസ്ട്രാർ ഓഫീസുകൾക്കായി 18-02-2021-ന് ആകെ 89,21,900/- രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും പത്ത് കസേര വീതം സിഡ്കോ മുഖേന വിതരണം ചെയ്തിട്ടുണ്ട്.

**മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടനിർമ്മാണം**

**332(723)** ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) മങ്കട മണ്ഡലത്തിലെ മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ അവശേഷിക്കുന്ന നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് അധികമായി 23 ലക്ഷം രൂപയുടെ ഭരണാനുമതി സംബന്ധിച്ച പ്രപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കെട്ടിടനിർമ്മാണം പൂർത്തീകരിച്ചാൽ കൂടുതൽ സൗകര്യമുള്ള കെട്ടിടത്തിലേയ്ക്ക് ഓഫീസിന്റെ പ്രവർത്തനം മാറ്റുന്നത് പൊതുജനങ്ങൾക്ക് വളരെയധികം പ്രയോജനകരമായിരിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിർമ്മാണം നിലച്ച ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ട് വകയിരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പരിശോധിച്ചുവരുന്നു.

## എടച്ചേരി രജിസ്ട്രേഷൻ ഓഫീസിന്റെ കെട്ടിടവാടക

**333(724)** ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക സംബന്ധിച്ച് ശ്രീ. ശ്രീധരൻ ബഹു. മന്ത്രിക്ക് നൽകിയ പരാതിയിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) വാടക പുതുക്കുന്നതുമായി ബന്ധപ്പെട്ട് ഫിൻ.4/4773/2018 നമ്പർ ഫയലിലും, മിനിസ്റ്റർ.രജി.5502952/21 നമ്പർ ഫയലിലും നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) കെട്ടിട ഉടമ സമർപ്പിച്ച അപേക്ഷയിന്മേൽ എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക 11-03-2012 തീയതി മുതൽ മുൻകാല പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ചുനൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 11-03-2012 തീയതി മുതൽ 10-03-2015 തീയതി വരെ പുതുക്കിയ നിരക്കിലുള്ള (Rs. 8365/-) വാടക തുക കണക്കാക്കി, പഴയ റെന്റ് സർട്ടിഫിക്കറ്റുകൾ പ്രകാരമുള്ള നിരക്കിൽ ഉടമയ്ക്ക് അനുവദിച്ച്

നൽകിയ തുക കഴിച്ച് ബാക്കി തുകയായ 76,077/-രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) ശ്രീ. ശ്രീധരൻ കുറുങ്ങോട്ട് എന്ന വ്യക്തിയുടെ കെട്ടിടത്തിന്റെ വാടക പുതുക്കി നിശ്ചയിക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ ഭാഗത്ത് വീഴ്ചയുണ്ടോ എന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ 20-12-2014 -ലെ റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം നിശ്ചയിച്ച് പ്രതിമാസ വാടകയായ 6269/- രൂപ, പഴയ നിരക്കായ 6441/- രൂപയെക്കാൾ കുറവായതിനാൽ വാടക കരാർ രജിസ്റ്റർ ചെയ്യാൻ കെട്ടിട ഉടമയായ ശ്രീ.ശ്രീധരൻ വിസമ്മതിച്ചുകൊണ്ട് റെന്റ് കൺട്രോൾ കോടതിയെ സമീപിച്ചിരുന്നതിനാലും, കെട്ടിട ഉടമ രജിസ്റ്റർ ചെയ്ത കേസിന്റെ വിധിതീർപ്പിന് കാലതാമസം ഉണ്ടായതിനാലുമാണ് വാടക പുതുക്കി നിശ്ചയിക്കുന്നതിന് കാലതാമസമുണ്ടായത്. ഈ വിഷയത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചകൾ ഉണ്ടായിട്ടില്ല.

**കോട്ടക്കൽ വില്ലേജ് ഓഫീസിന് സ്ഥലം വിട്ടുനൽകാൻ നടപടി**

**334(725)** <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

കോട്ടക്കൽ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണത്തിനായി രജിസ്ട്രേഷൻ വകുപ്പിന്റെ കൈവശമുള്ള സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച് രജിസ്ട്രേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ മുൻഭാഗം ഒഴിവാക്കി പുറകുവശത്തുള്ള ഭൂമിയിൽ നിന്നും ആവശ്യമുള്ള ഭൂമി റവന്യൂ അധികാരികളുമായി ചർച്ച ചെയ്ത് നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മലപ്പുറം ജില്ലാ രജിസ്ട്രാറെ (ജനറൽ) ചുമതലപ്പെടുത്തിയിട്ടുണ്ട്.

**രജിസ്ട്രേഷൻ ഐജി ഓഫീസ് പ്രവർത്തനം**

**335(726)** ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) രജിസ്ട്രേഷൻ ഐ. ജി ഓഫീസിൽ ഇ-ഓഫീസ് സമ്പ്രദായം ആണോ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

രജിസ്ട്രേഷൻ ഐ. ജി ഓഫീസിൽ ഇ-ഓഫീസ് സമ്പ്രദായമാണ് നിലവിലുള്ളത്.

(ബി) ഐ. ജി. ഓഫീസിൽ ഫയലുകളിൽ തീർപ്പുകല്പിക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

രജിസ്ട്രേഷൻ ഐ.ജി ഓഫീസിൽ ഫയലുകളിൽ തീർപ്പ് കല്പിക്കുന്നതിന് കാലതാമസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2021 ഡിസംബർ 31 വരെ ഐ.ജി ഓഫീസിൽ എത്തിയ എത്ര ഫയലുകൾ ഇ-ഫയൽ സമ്പ്രദായത്തിൽ തീർപ്പുകൽപ്പിക്കാതെയുണ്ടെന്ന വിവരം ലഭ്യമാക്കുമോ?

2021 ഡിസംബർ 31 വരെ ഐ.ജി ഓഫീസിൽ എത്തിയ ഫയലുകളിൽ തീർപ്പാക്കാതെയുള്ള ഫയലുകളുടെ വിഭാഗം തിരിച്ചുള്ള വിവരം.

| വിഭാഗം | എണ്ണം |
|---|---|
| എസ്റ്റാബ്ലിഷ്മെന്റ് | 1283 |
| ഫിനാൻസ് | 843 |
| ജി.ആർ.സി | 1532 |
| ആർ.ആർ | 985 |
| എഫ്.യു.വി | 158 |
| ഐ.എ.ഡബ്ല്യൂ | 171 |
| ലൈസൻസ് | 679 |
| എ.ആർ.എ | 306 |
| ചിട്ടി | 342 |
| ഐ.റ്റി | 228 |

| | |
|---|---|
| ഫേംസ് | 3 |
| ആർ.ഒ.എം | 22 |
| ആകെ | 6552 |

(ഡി) ഫൈവ് ഡേ റൂൾ പ്രകാരം ഫയലിൽ തീർപ്പ് കൽപ്പിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഇ-ഓഫീസിൽ ലഭ്യമാകുന്ന തപാലുകൾ ഫൈവ് ഡേ റൂൾ പാലിച്ച് കൈകാര്യം ചെയ്യുന്നതിന് പരമാവധി ശ്രദ്ധ ചെലുത്തി വരുന്നു. എന്നാൽ, ഫയലുകളുടെയും തപാലുകളുടെയും ബാഹുല്യം നിമിത്തമല്ലാതെ ഫൈവ് ഡേ റൂൾ പാലിക്കാൻ ബോധപൂർവ്വം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

(ഇ) കുടിശ്ശികയുള്ള ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

ഫയൽ തീർപ്പാക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് 2019 മുതൽ എല്ലാ മാസവും പ്രതിമാസ/ദ്വൈവാര ഫയൽ തീർപ്പാക്കൽ അവലോകന യോഗങ്ങൾ സംഘടിപ്പിച്ച് ഫയലുകൾ തീർപ്പാക്കി വരുന്നു.

ഫയൽ തീർപ്പാക്കലുമായി ബന്ധപ്പെട്ട അവലോകന നടപടികൾ തുടർന്ന് വരുന്നുണ്ട്.

**ചെറുവത്തൂരിൽ സബ് രജിസ്ട്രാർ ഓഫീസ്**

**336(727)** ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂരിൽ ഒരു സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; &

(ബി) പതിറ്റാണ്ടുകളായുള്ള ഈ പ്രദേശത്തെ ജനങ്ങളുടെ ആവശ്യമായ രജിസ്ട്രാർ ഓഫീസ് എന്നാരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ മറ്റ് സബ് രജിസ്ട്രാർ ഓഫീസുകളിലെ ജോലിഭാരം താരതമ്യം ചെയ്ത് ചെറുവത്തൂരിൽ ഒരു പുതിയ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചുവരുന്നു.

**മാനന്തവാടി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടനിർമ്മാണം**

**337(728)** ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) മാനന്തവാടി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; &

(ബി) ഈ കെട്ടിടനിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

(എ&ബി) കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ് വർക്ക് പൂർത്തിയായിട്ടുണ്ട്. ട്രസ്സ് നിർമ്മിക്കുന്ന ജോലി പുരോഗമിച്ചുവരുന്നു. 2022 മാർച്ച് മാസം 31-നകം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കോതമംഗലത്ത് രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണം**

**338(729)** ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കോതമംഗലത്തെ പുതിയ രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം സൗകര്യങ്ങളാണ് തയ്യാറാക്കുന്നത്;

(സി) പ്രസ്തുത കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ എന്തെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്; എന്തെല്ലാം പൂർത്തികരിക്കാനുണ്ട്;

പൂർത്തീകരിക്കാനുള്ളവ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും; വ്യക്തമാക്കാമോ?

(എ-സി) കോതമംഗലം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ പെയിന്റിംഗ്, ഫ്ലോറിംഗ്, ജനാല, വാതിലുകൾ, ചുറ്റുമതിലുകളുടെ നിർമ്മാണം, റൂഫിൽ ട്രസ് വർക്ക് എന്നിവ പൂർത്തിയായിട്ടുണ്ട്. പ്ലംബിംഗ് ജോലികൾ, ശുചിമുറികളുടെ ജോലികൾ എന്നിവ പുരോഗമിക്കുന്നു. കിണർ, കോർട്ട് യാർഡിന്റെ ടൈൽ വർക്കുകൾ, ടെറസ്, ക്യാബിൻ റിക്കാർഡ് റൂമിന്റെ കോപാംക്ടർ സംവിധാനം, ലിഫ്റ്റ് സംവിധാനം എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്. പൊതുജനങ്ങൾക്കുള്ള വാഹനപാർക്കിംഗ് സൗകര്യം, റാമ്പ്, ശുചിമുറികൾ, വെയ്റ്റിംഗ് റൂം എന്നീ സൗകര്യങ്ങൾ ഒരുക്കുന്നുണ്ട്. ഇവയിൽ റാമ്പ്, വെയ്റ്റിംഗ് റൂം എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(ഡി) കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിക്കാൻ വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) പുതിയ കോംപ്ലക്സ് നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ഡി &ഇ) കരാറുകാരന് കോവിഡ് ബാധിച്ചതും കോവിഡ് മൂലമുള്ള സാമ്പത്തിക പ്രതിസന്ധിയും നിർമ്മാണത്തെ ബാധിച്ചതായി കരാറുകാരൻ അറിയിച്ചിട്ടുണ്ട്. 2022 മാർച്ച് മാസം 10-ാം തീയതിയോടെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ഗുരുവായൂർ മണ്ഡലത്തിലെ രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണം**

**339(730)** <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത രജിസ്ട്രാർ ഓഫീസുകളുടെയും പുതിയ കെട്ടിടം നിർമ്മിക്കുന്ന രജിസ്ട്രാർ ഓഫീസുകളുടെയും വിവരങ്ങൾ നൽകാമോ; &

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന അണ്ടത്തോട് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിടനിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

(എ&ബി) ഗുരുവായൂർ മണ്ഡലത്തിന്റെ പരിധിയിലുള്ള അണ്ടത്തോട്, കോട്ടപ്പടി, ചാവക്കാട് എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിൽ കോട്ടപ്പടി ഓഫീസിന് സ്വന്തമായി കെട്ടിടമില്ല. ആയതിന് കെട്ടിടം പണിയുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനായി ശ്രമിച്ചുകൊണ്ടിരിക്കുന്നു.

ചാവക്കാട് സബ് രജിസ്ട്രാർ ഓഫീസ് സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അണ്ടത്തോട് സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ച ശേഷം ചുമതലയുള്ള കരാറുകാരൻ ബിൽഡിംഗ് കോൺട്രാക്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് കൺസ്ട്രക്ഷൻ കോർപ്പറേഷന് അപേക്ഷ സമർപ്പിക്കുകയുണ്ടായി. പുതിയ നിരക്ക് നിലവിൽ വന്നതിനാൽ 1,78,20,000/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം എത്രയും വേഗം പുനരാരംഭിക്കുന്നതിന് കഴിയും വിധം നടപടികൾ സ്വീകരിച്ചുവരുന്നു.

**മലയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടനിർമ്മാണം**

**340(731)** ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) മലയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി ബാലൻസ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്നും അനുമതി ലഭ്യമായിട്ടുണ്ടോയെന്നും അറിയിക്കാമോ;

(സി) നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ അടിയന്തരനടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) മലയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള ബാലൻസ് ഷെഡ്യൂൾ 09-12-2021-ന് തയ്യാറാക്കി അനുമതിക്കായി സമർപ്പിച്ചപ്പോൾ PRICE-3-ൽ സമർപ്പിക്കാൻ കിഫ്ബിയിൽ നിന്നും നിർദ്ദേശം ലഭിക്കുകയുണ്ടായി. PRICE-3-ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് പ്രകാരം 17,71,375/- രൂപയുടെ അധിക ഭരണാനുമതി, സാങ്കേതിക അനുമതി എന്നിവ ലഭ്യമാക്കി, ദർഘാസ് ക്ഷണിച്ച് പ്രവർത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## രജിസ്ട്രേഷൻ വകുപ്പിലെ പൊതു സ്ഥലം മാറ്റം

**341(732)** <u>ഡോ. എം. കെ. മുനീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പ്ുമന്ത്രി സദയം മറുപടി നല്കുമോ:

(എ) വകുപ്പ് അധ്യക്ഷനായ രജിസ്ട്രേഷൻ ഐ.ജി.യുടെ ഓഫീസിൽ ഉൾപ്പെടെ സംസ്ഥാന രജിസ്ട്രേഷൻ വകുപ്പിൽ പൊതുസ്ഥലം മാറ്റം അവസാനമായി നടന്നത് ഏത് വർഷമാണ്?

രജിസ്ട്രേഷൻ വകുപ്പിൽ പൊതുസ്ഥലം മാറ്റം അവസാനമായി നടന്നത് 2020 ലാണ്.

(ബി) മൂന്ന് വർഷത്തിലേറെയായി ആസ്ഥാന ഓഫീസിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പേര് വിവരം, തസ്തിക എന്നിവ ലഭ്യമാക്കുമോ?

ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു+.

(സി) പൊതു സ്ഥലംമാറ്റ മാനദണ്ഡപ്രകാരം പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിൽപ്പെട്ട ജീവനക്കാർ ഒഴികെയുള്ള ബാക്കി ജീവനക്കാർക്ക് മൂന്ന് വർഷത്തിലേറെ കാലമായിട്ടും സ്ഥലംമാറ്റം നൽകാത്തതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ?

മൂന്നുവർഷം പൂർത്തിയായ ജീവനക്കാർക്ക് അവരുടെ അപേക്ഷ പരിഗണിച്ച് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്. മൂന്ന് വർഷത്തിലേറെ കാലം പൂർത്തിയായവർക്ക് ഭരണപരമായ സൗകര്യം പരിഗണിച്ചും, ആ സ്റ്റേഷനിലേയ്ക്ക് അർഹതപ്പെട്ട ആരും അപേക്ഷിച്ചിട്ടില്ലാത്തതിനാലും സ്ഥലം മാറ്റം നൽകിയിട്ടില്ലാത്തതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) മൂന്ന് വർഷത്തിലധികമായി സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെ പൊതു സ്ഥലംമാറ്റത്തിന്റെ ഭാഗമായി സ്ഥലംമാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ഭരണപരമായ സൗകര്യവും, ലഭ്യമാകുന്ന അപേക്ഷകളും തത്സമയം പ്രാബല്യത്തിലുള്ള സ്ഥലംമാറ്റ മാനദണ്ഡവുമനുസരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

**രജിസ്ട്രേഷൻ വകുപ്പിലെ വർക്കിംഗ് അറേഞ്ച്മെന്റ്**

**342(733)** ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് എന്നീ സൂപ്പർവൈസറി കേഡർ തസ്തികയിൽ ജോലി ചെയ്യുന്ന എത്ര ഉദ്യോഗസ്ഥർ രജിസ്ട്രേഷൻ ഐ.ജി. ഓഫീസിൽ ക്ലാർക്ക്, സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

രജിസ്ട്രേഷൻ ഐ.ജി ഓഫീസിൽ ജൂനിയർ സൂപ്രണ്ടിന്റെ കേഡർ സ്ട്രെങ്ത് 3 --ഉം ഹെഡ് ക്ലർക്ക് തസ്തികയിൽ കേഡർ സ്ട്രെങ്ത് 4-ഉം എണ്ണമാണ്. കേഡർ സ്ട്രെങ്ത് അനുസരിച്ചാണ് ഈ തസ്തികകളിൽ നിയമനം നടത്തിയിട്ടുള്ളത്. കേഡർ സ്ട്രെങ്തിനുപരിയായി, രജിസ്ട്രേഷൻ

ഐ.ജി ഓഫീസിൽ ക്ലർക്ക്/ സീനിയർ ക്ലർക്ക് തസ്തികയിൽ ജൂനിയർ സൂപ്രണ്ടിനെയോ ഹെഡ് ക്ലർക്കിനെയോ നിയമിച്ചിട്ടില്ല.

(ബി) സൂപ്പർവൈസറി കേഡർ തസ്തികയിൽ സേവനമനുഷ്ഠിക്കേണ്ട ജീവനക്കാരെ സബ് രജിസ്ട്രാർ ഓഫീസുകളിലേക്ക് പുനർ വിന്യസിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

രജിസ്ട്രേഷൻ വകുപ്പിൽ എല്ലാ ഓഫീസുകളിലും സൂപ്പർവൈസറി കേഡർ തസ്തികയിൽ ജീവനക്കാർ നിലവിലുണ്ട്. ആയതിനാൽ പുനർ വിന്യാസം നടത്തേണ്ട സാഹചര്യം നിലവിലില്ല.

(സി) രജിസ്ട്രേഷൻ വകുപ്പിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥ ഇപ്പോഴും നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥ നിലവിലില്ല.

(ഡി) ഏതെങ്കിലും സബ് രജിസ്ട്രാർമാർ പ്രവൃത്തി ക്രമീകരണ വ്യവസ്ഥയിൽ ഐ.ജി ഓഫീസിൽ നിയമിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രവർത്തി ക്രമീകരണ വ്യവസ്ഥ (working arrangement)-യിൽ ഐ.ജി. ഓഫീസിൽ സബ് രജിസ്ട്രാർമാരെ നിയമിച്ചിട്ടില്ല. എന്നാൽ രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട നിരവധി പദ്ധതികളുടെ നോഡൽ

ഓഫീസറായി പ്രവർത്തിച്ചയാളും, പദ്ധതി നിർവ്വഹണങ്ങളിൽ പ്രാവീണ്യമുള്ളതും, സർക്കാർ നൽകിയിട്ടുള്ള ഇ-ഗവേണൻസ് പരിശീലന പരിപാടികൾ പൂർത്തിയാക്കിയിട്ടുള്ളയാളും, ഈ ഓഫീസിൽ പേൾ പ്രോജക്ടുമായി ബന്ധപ്പെട്ടുള്ള സോഫ്റ്റ് വെയർ പരിഷ്കാരങ്ങളുടെ ഏകോപനവും ഇ-ഗവേണൻസ് മേൽ നോട്ടവും നിർവ്വഹിച്ചിരുന്നയാളുമായ ഐ.ജി ഓഫീസിലെ ജൂനിയർ സൂപ്രണ്ടിന് സബ് രജിസ്ട്രാർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ചതിനെതുടർന്ന്, മേൽ കാര്യങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് ടിയാന്റെ സേവനം ആവശ്യമായതിനാൽ 'ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയായി' ഐ.ജി.ഓഫീസിൽ ടിയാന്റെ സേവനം ഉപയോഗപ്പെടുത്തി വരുന്നു.

(ഇ) രജിസ്ട്രേഷൻ വകുപ്പിൽ എല്ലാ ജില്ലാ രജിസ്ട്രാർമാർക്കും വാഹനം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജില്ലാ ഓഫീസുകളിലേയ്ക്കും ആസ്ഥാന ഓഫീസിലേയ്ക്കും പുതിയ വാഹനങ്ങൾ വാങ്ങുന്നതും ലീസിന് എടുക്കുന്നതുമായി ബന്ധപ്പെട്ട പ്രപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00]

**II ഉത്തരത്തിൽ തിരുത്ത്**

<u>നക്ഷത്രചിഹ്നമിടാത്ത 451-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ</u>

ഉത്തരം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ 05.10.2021-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 451-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു+.

## III അടിയന്തരപ്രമേയം

രാഷ്ട്രീയ കൊലപാതകങ്ങളും ഗുണ്ടാ ആക്രമണങ്ങളും

മി. സ്പീക്കർ: സംസ്ഥാനത്തെ രാഷ്ട്രീയ കൊലപാതകങ്ങളും ഗുണ്ടാ ആക്രമണങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും വർദ്ധിച്ചതുമൂലം ക്രമസമാധാനനില പൂർണ്ണമായി തകരുകയും അതുമൂലം ജനങ്ങളിൽ അരക്ഷിതാവസ്ഥയും ആശങ്കയും ഉളവായിട്ടുള്ളതായും പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. ഷംസുദ്ദീൻ, അൻവർ സാദത്ത്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

+ അനുബന്ധമായി ചേർത്തിട്ടുണ്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാനത്ത് കൊലപാതക-അക്രമസംഭവങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള ആരോപണങ്ങൾ തീർത്തും അടിസ്ഥാനരഹിതമാണെന്ന് വസ്തുതകൾ പരിശോധിച്ചാൽ ആർക്കും മനസ്സിലാകുന്നതാണ്. സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന കൊലപാതകങ്ങൾക്കും അക്രമസംഭവങ്ങൾക്കുമെതിരെ പോലീസ് കർശന നിയമനടപടികളാണ് സ്വീകരിച്ചുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 21.02.2022 വരെ സംസ്ഥാനത്ത് ആറ് രാഷ്ട്രീയ കൊലപാതകങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആയതിൽ ഉൾപ്പെട്ടിട്ടുള്ളതായി തിരിച്ചറിഞ്ഞ 92 പ്രതികളിൽ 73 പേരെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. 18.05.2011 മുതൽ 24.05.2016 വരെ, അതായത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് സംസ്ഥാനത്ത് 35 രാഷ്ട്രീയ കൊലപാതക കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 25-05-2016 മുതൽ 19-05-2021 വരെ 26 രാഷ്ട്രീയ കൊലപാതക കേസ്സുകൾ മാത്രമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കണ്ണൂർ സിറ്റി-ന്യൂമാഹി പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട പുന്നോൽ താഴെവയൽ എന്ന സ്ഥലത്തുവച്ച് ഫെബ്രുവരി മാസം 21-ാം തീയതി

പുലർച്ചെ 1.20-ന് സി.പി.ഐ.(എം.) പ്രവർത്തകനായ ഹരിദാസനെ വീടിനുസമീപംവച്ച് ബി.ജെ.പി. പ്രവർത്തകർ വെട്ടിക്കൊലപ്പെടുത്തിയ സംഭവവുമായി ബന്ധപ്പെട്ട് ഐ.പി.സി. 302, 34 എന്നീ വകുപ്പുകൾപ്രകാരം ന്യൂമാഹി പോലീസ് ക്രൈം 183/2022 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ്സിന്റെ അന്വേഷണത്തിനായി കണ്ണൂർ സിറ്റി അഡീഷണൽ എസ്.പി.-യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തിവരികയും നാല് പ്രതികളെ അറസ്റ്റുചെയ്യുകയും ചെയ്തിട്ടുണ്ട്. 13-02-2022-ൽ എടക്കാട് തോട്ടടയിലുള്ള ഷമലിന്റെ വിവാഹച്ചടങ്ങിൽ പങ്കെടുത്ത ഏച്ചൂർ നിവാസികളായ ഒരുകൂട്ടം ചെറുപ്പക്കാരും പ്രദേശവാസികളും തമ്മിൽ വിവാഹത്തിന്റെ തലേദിവസം ചില തർക്കങ്ങളുണ്ടായതിനെത്തുടർന്ന് വിവാഹദിവസം ഒരുവിഭാഗം ബോംബെറിയുന്ന സ്ഥിതിയുണ്ടായതിന്റെ ഫലമായി ജിഷ്ണു എന്നയാൾ കൊല്ലപ്പെടുകയുണ്ടായി. ഈ സംഭവത്തിൽ എടക്കാട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് ഇതിലുൾപ്പെട്ട ആറുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കിഴക്കമ്പലത്ത് 12-02-2022-ൽ ട്വന്റി20 പ്രവർത്തകനായ ദീപു എന്നയാളുമായി വാക്ക്തർക്കമുണ്ടായി ദേഹോപദ്രവമേൽപ്പിച്ചുവെന്ന പരാതിയുണ്ടാകുകയും തുടർന്ന് 14-02-2022-

ന് ടിയാൾ ആശുപത്രിയിൽ ചികിത്സ തേടുകയും 18-02-2022-ന് ആശുപത്രിയിൽവച്ച് മരണപ്പെടുകയുംചെയ്തു. ഈ സംഭവത്തിലെ പ്രതികളെ 16-02-2022-ന് അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദീപു മരണപ്പെട്ടതിനെത്തുടർന്ന് കേസിൽ ഐ.പി.സി. 302 -ാം വകുപ്പ് കൂട്ടിച്ചേർത്ത് പെരുമ്പാവൂർ അസിസ്റ്റന്റ് പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തിവരുന്നു. കോട്ടയം ഈസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിലെ വിമലഗിരി സ്വദേശിയായ ഷാൻബാബുവിനെ 16-01-2022-ന് തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തി മൃതദേഹം കോട്ടയം ഈസ്റ്റ് പോലീസ് സ്റ്റേഷൻ പരിസരത്ത് കൊണ്ടിട്ട സംഭവവുമുണ്ടായി. പ്രസ്തുത സംഭവത്തിൽ കോട്ടയം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംഭവത്തിലെ ഒന്നാംപ്രതിയായ ജോമോനെതിരെ 'കാപ്പ ' (Kerala Anti-social Activities (Prevention)Act) നിയമപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും കാപ്പ അഡ്വൈസറി ബോർഡ് മുമ്പാകെ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അവരുടെ ഉത്തരവുപ്രകാരമാണ് ജില്ലയിലേയ്ക്ക് പ്രവേശിക്കാനുള്ള അനുമതി ലഭിച്ചത്. ഇതിലെ രണ്ടാം പ്രതിക്കെതിരെയും ഇത്തരം നിലപാട് പോലീസ് സ്വീകരിച്ചിരുന്നുവെങ്കിലും

കാപ്പാ അഡ്വൈസറി ബോർഡ് റദ്ദ് ചെയ്ത സാഹചര്യമുണ്ടായിട്ടുണ്ട്. 11-12-2021-ന് പോത്തൻകോട് പോലീസ് സ്റ്റേഷൻ പരിധിയിൽവച്ച് സുധീഷ് എന്നയാളെ വെട്ടിക്കൊലപ്പെടുത്തിയതിന് പോത്തൻകോട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർചെയ്ത് കേസിലുൾപ്പെട്ട 11 പ്രതികളെയും അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലയളവിൽ 1677 കൊലപാതക കേസ്സുകളാണുണ്ടായത്. എന്നാൽ 25-05-2016 മുതൽ 19-05-2021 വരെയുള്ള കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലയളവിൽ 1516 കൊലപാതക കേസ്സുകളായിരുന്നു റിപ്പോർട്ട് ചെയ്യപ്പെട്ടത്. 2016 മുതൽ 2021 വരെ സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളുമായി ബന്ധപ്പെട്ട് 86390 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി കേസ്സുകളിലുൾപ്പെട്ട പ്രതികൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് അതുമായി ബന്ധപ്പെട്ട് ആരംഭിച്ച പിങ്ക് പട്രോൾ സംവിധാനം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത്-മുനിസിപ്പൽ-കോർപ്പറേഷൻ തലങ്ങളിൽ സ്ത്രീസുരക്ഷ ഉറപ്പാക്കാൻ പോലീസിനെ സഹായിക്കാനായി നിർഭയ വാളണ്ടിയർമാരെ

നിയോഗിച്ചിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചിട്ടുള്ളതും ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന 1091 എന്ന വനിതാ ഹെൽപ്പ്ലൈൻ നമ്പർ പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ട്. ഗുണ്ടാ ആക്രമണങ്ങൾ, കൊലപാതകങ്ങൾ തുടങ്ങിയ സംഘടിത കുറ്റകൃത്യങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി ആവശ്യമായ നിർദ്ദേശങ്ങൾ സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ ജില്ലാ പോലീസ് മേധാവിമാരുടെ നേതൃത്വത്തിൽ ഓരോ ജില്ലയിലും പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണമിടപാടുകളെയും മറ്റുപ്രവർത്തനങ്ങളെയും നിരീക്ഷിച്ചുവരുന്നുണ്ട്. എസ്.എച്ച്.ഒ.-മാരുടെ നേതൃത്വത്തിൽ രണ്ട് പോലീസ് ഉദ്യോഗസ്ഥർ സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളുടെ പ്രവർത്തനം പ്രത്യേകം നിരീക്ഷിച്ചുവരുന്നു. ഗുണ്ടകളേയും സാമൂഹ്യ വിരുദ്ധരേയും അമർച്ച ചെയ്യുന്നതിന് 'ഓപ്പറേഷൻ കാവൽ' എന്ന പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ വിവരങ്ങൾ ശേഖരിക്കുകയും ആവശ്യമാണെന്ന് കാണുന്നവരെ കണ്ടെത്തി അറസ്റ്റ് ചെയ്ത് 'കാപ്പ' വകുപ്പുപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും

ചെയ്യുന്നുണ്ട്. ജില്ലാ പോലീസ് മേധാവിമാർ കുറ്റവാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിച്ച് പോലീസ് സ്റ്റേഷൻതലത്തിൽ ഹിസ്റ്ററി ഷീറ്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്. 18-12-2021 മുതൽ 15-02-2022 വരെ 'ഓപ്പറേഷൻ കാവൽ' പദ്ധതിപ്രകാരം 904 പേർക്കെതിരെ ക്രിമിനൽ നടപടിക്രമപ്രകാരവും 63 പേർക്കെതിരെ 'കാപ്പ' നിയമപ്രകാരവും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ അക്രമസംഭവങ്ങളിലുൾപ്പെട്ട 1457 ആളുകളെ ഇക്കാലയളവിൽ അറസ്റ്റ് ചെയ്ത് നിയമനടപടിക്ക് വിധേയരാക്കിയിട്ടുണ്ട്. ഇത്തരം നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായാണ് നമ്മുടെ സംസ്ഥാനത്തിന്റെ ക്രമസമാധാനനില ഏറ്റവും ഭദ്രമായിരിക്കുന്നതും രാജ്യത്തെതന്നെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിയാൽ ഏറ്റവും മെച്ചപ്പെട്ട ക്രമസമാധാനനില സംസ്ഥാനത്ത് തുടരുന്നതും. അത്തരമൊരു സാഹചര്യത്തിൽ ഈരീതിയിലുള്ള ഒരു അടിയന്തരപ്രമേയം ചർച്ചചെയ്യേണ്ട യാതൊരു ആവശ്യകതയും ഉദിക്കുന്നില്ല.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, കേരളത്തിന്റെ ക്രമസമാധാനം ഇത്രയേറെ വഷളായ ഒരു സന്ദർഭം ഇതിനുമുമ്പുണ്ടായിട്ടില്ല. കഴിഞ്ഞ രണ്ട് മാസത്തിനിടെ നിരവധി കൊലപാതകങ്ങളും അതിഭീകരമായ ഗുണ്ടാ

ആക്രമണങ്ങളുംമൂലം കേരളസമൂഹം ഭയപ്പാടിലാണ്. കിഴക്കമ്പലത്തിലും തലശ്ശേരിയിലുമായി മൂന്ന് ദിവസത്തിനിടെ രണ്ട് രാഷ്ട്രീയ കൊലപാതകങ്ങളാണ് അരങ്ങേറിയത്. ബഹുമാന്യനായ മുഖ്യമന്ത്രി വളരെ ലളിതമായാണ് ഇവിടെ കാര്യങ്ങൾ അവതരിപ്പിച്ചത്. അദ്ദേഹം സൂചിപ്പിച്ച കണക്കുകൾപ്രകാരം കഴിഞ്ഞ കാലങ്ങളിൽ ഇത്ര കൊലപാതകങ്ങളുണ്ടായിട്ടുണ്ട്, ഇപ്പോഴുള്ള കണക്കനുസരിച്ച്, ഞങ്ങൾ അവിടെ എത്തിയിട്ടില്ലെന്നാണ്. കുറച്ചുകൂടിയൊക്കെ എത്താമെന്നായിരിക്കും ഈയൊരു സാഹചര്യത്തെ അദ്ദേഹം വിലയിരുത്തുന്നത്. വളരെ മോശമായിപ്പോയി. നമ്മൾ ഇതിനെ ഇത്തരത്തിലാണോ വിലയിരുത്തേണ്ടത്; അന്ന് അത്രത്തോളം രാഷ്ട്രീയ കൊലപാതകങ്ങളുണ്ടായി. ഇന്ന് അത്രയ്ക്ക് എത്തിയിട്ടില്ല എന്നതുകൊണ്ട് എന്താണർത്ഥമാക്കുന്നത്? ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ ഭരണകാലത്തുള്ള കൊലപാതകങ്ങളുടെ കണക്കിന്റെ ഏകദേശം താഴെ ഇത്തവണ വരാമെന്നാണോ നിലപാട്? അതല്ല നമുക്ക് വേണ്ടത്. തലശ്ശേരിയിലുണ്ടായ കൊലപാതക കേസിലെ പ്രതികൾ ആർ.എസ്.എസ്.-കാരാണെങ്കിൽ സി.പി.ഐ.(എം)-കാരാണ് കിഴക്കമ്പലം കൊലപാതക കേസിലെ പ്രതികൾ. അങ്ങയുടെ പോലീസിന്റെ നിഷ്ക്രിയത്വം കൊണ്ടാണ്

ഈ രണ്ട് കൊലപാതകങ്ങളും സംഭവിച്ചത്. അക്കാര്യമാണ് ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളത്. ആർ.എസ്.എസ്.-കാരനായാലും സി.പി.ഐ.(എം)-കാരനായാലും ഈ മണ്ണിൽ ചോരവീഴരുതെന്നാണ് നമ്മൾ ആഗ്രഹിക്കേണ്ടത്. ഈ ആരോപണം ശക്തമായി ഞാൻ സഭയിൽ ഉന്നയിക്കുകയാണ്. പോലീസിന്റെ നിഷ്ക്രിയത്വമാണ് എല്ലാത്തിനും കാരണം. തലശ്ശേരിയിൽ സ്വന്തം പാർട്ടിക്കാരന്റെ ജീവൻ രക്ഷിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സാധിക്കാതെ പോയിയെന്നത് വളരെ ഖേദകരമാണ്. ഉത്സവസ്ഥലത്തെ സംഘർഷവുമായി ബന്ധപ്പെട്ട് തനിക്ക് ഭീഷണിയുണ്ടെന്ന് ഹരിദാസൻ പോലീസിനെ അറിയിച്ചിരുന്നു. നോക്കിയും കണ്ടുമൊക്കെ നടക്കണമെന്നാണ് പോലീസ് ഹരിദാസന് നൽകിയ ഉപദേശം. ഇത് എന്ത് പോലീസാണ്? ഹരിദാസൻ ഭയപ്പെട്ട അതേ ഉത്സവസംഭവവുമായി ബന്ധപ്പെട്ട പ്രശ്നത്തിന്റെ പേരിലാണ്, വളരെ പൈശാചികമായി വീട്ടുകാരുടെ മുമ്പിൽ വച്ച് അദ്ദേഹം കൊല്ലപ്പെട്ടത്. അങ്ങയുടെ പോലീസിന്റെ ഉദാസീനത കൊണ്ടാണ് ഹരിദാസനെ രക്ഷിക്കാൻ കഴിയാതെ പോയതെന്ന് ഞാനിവിടെ ആരോപിക്കുകയാണ്. അതുപോലെതന്നെയാണ് കിഴക്കമ്പലത്തെ ട്വന്റി20 പ്രവർത്തകൻ ദീപുവിന്റെ മരണവും. സി.പി.ഐ.(എം) പ്രവർത്തകരിൽനിന്ന് ഭീഷണിയുണ്ടെന്ന് ആ വ്യക്തി പോലീസിനോട്

പറഞ്ഞതായിരുന്നു. എന്നാൽ പോലീസ് അത് ഗൗനിക്കാത്ത നിലപാടാണ് സ്വീകരിച്ചത്. അങ്ങനെ ആ ചെറുപ്പക്കാരന്റെ ജീവനും പൊലിയുന്ന സാഹചര്യമുണ്ടായി. മണിക്കൂറുകളുടെ വ്യത്യാസത്തിൽ ആലപ്പുഴയിൽ രണ്ട് ജീവനുകൾ നഷ്ടമായി. പോലീസിന്റെ അനാസ്ഥയാണ് കാരണം. സി.പി.ഐ.(എം)-ന്റെ ജില്ലാ കമ്മിറ്റിയുൾപ്പെടെ പോലീസിന്റെ അനാസ്ഥ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആർ.എസ്.എസ്. അനുഭാവിയും എസ്.ഡി.പി.ഐ. (Social Democratic Party of India)- കാരനുമാണിവിടെ....... (ബഹളം)

മി. സ്പീക്കർ: അദ്ദേഹത്തെ സംസാരിക്കാൻ അനുവദിച്ചതാണ്. സഭാംഗങ്ങൾ വെറുതേ കമന്റ് പറയരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എനിക്ക് സംരക്ഷണം നൽകണം. ഏതെങ്കിലുമൊരു വിഷയം അവതരിപ്പിക്കുമ്പോഴേയ്ക്കും ഇങ്ങനെ ബഹളം വയ്ക്കുന്നത് എന്ത് മര്യാദയാണ്? ആലപ്പുഴയിൽ പോലീസിന്റെ അനാസ്ഥ വളരെ പ്രകടമായിരുന്നു. ഒരു എസ്.ഡി.പി.ഐ. നേതാവിന് അവിടെ കൃത്യമായി ഭീഷണി നിലനിൽക്കുന്ന സമയത്താണ് ആർ.എസ്.എസ്. പ്രവർത്തകർ വെട്ടിക്കൊലപ്പെടുത്തിയത്. അതേ ആർ.എസ്.എസ്. നേതാവിനെ എസ്.ഡി.പി.ഐ. പ്രവർത്തകർ ബൈക്കിൽ

ഘോഷയാത്രയായി പോയാണ് കൊലപ്പെടുത്തുന്നത്. ഇതൊക്കെക്കണ്ട് അവിടെ നിഷ്ക്രിയമായി നിൽക്കുന്ന പോലീസിനെയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. കണ്ണൂരിൽ കല്യാണ പാർട്ടിക്കിടെ ബോംബ് പൊട്ടി യുവാവ് മരണമടഞ്ഞ സംഭവം എത്ര നിസ്സാരമായാണ് പറയുന്നത്. സാധാരണ കല്യാണ പാർട്ടികളിൽ ചെറിയ തർക്കങ്ങളൊക്കെയുണ്ടാകും. വർണ്ണപ്പൊടികളും വർണ്ണക്കടലാസുകളും എറിഞ്ഞുള്ള ആഘോഷങ്ങളാണ് കൂടുതലായും ഞങ്ങളുടെ നാട്ടിലൊക്കെയുണ്ടാകുന്നത്. ഇതിനിടയിൽ ചെറിയ ചെറിയ പ്രശ്നങ്ങളും ഉണ്ടാകാറുണ്ട്. എന്നാൽ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നാടായ കണ്ണൂരിൽ ബോംബാണ് എറിയാൻ കയ്യിൽ കിട്ടുന്നത്. അങ്ങനെ ആ ബോംബേറിൽ ഒരു ചെറുപ്പക്കാരൻ കൊല്ലപ്പെടുന്ന ദയനീയമായ സ്ഥിതിയാണ് അവിടെയുണ്ടായത്. പോലീസിന് ബോംബ് നിർമ്മാണം തടയാൻ സാധിക്കുന്നില്ല. ഇത് നമ്മുടെ സ്പെഷ്യൽ ബ്രാഞ്ച് ഇന്റലിജൻസ് വിഭാഗത്തിന്റെ ദയനീയമായ പരാജയമാണെന്ന് ഞങ്ങളിന്നിവിടെ ശക്തമായി ആരോപിക്കുകയാണ്. കുടിൽ വ്യവസായം പോലെ ബോംബ് നിർമ്മാണം വടക്കേ മലബാറിൽ നടന്നുകൊണ്ടിരിക്കുകയാണ്. അക്കൂട്ടത്തിൽ അങ്ങയുടെ പാർട്ടിക്കാരും ആർ.എസ്.എസ്. പ്രവർത്തകരുമുണ്ട്. ഇവിടെ സൂചിപ്പിച്ച

സംഭവങ്ങളിലൊക്കെ പോലീസിന്റെ ജാഗ്രതയുണ്ടായിരുന്നുവെങ്കിൽ ഇത്തരം കൊലപാതകങ്ങൾ ഒഴിവാക്കാനും അവരുടെ ജീവൻ രക്ഷപ്പെടുത്താനും കഴിയുമായിരുന്നു. അതാണ് ഞങ്ങളിവിടെ ചൂണ്ടിക്കാണിക്കുന്നത്. പോലീസ് നിഷ്ക്രിയമാണ്. അതിനപ്പുറത്തേയ്ക്ക് ചിന്തിക്കേണ്ട മറ്റൊരു കാര്യം, ഗുണ്ടകളുടെ നിലവിലെ സ്ഥിതി എന്താണെന്നതാണ്. അങ്ങയുടെ ഭരണത്തിൽ ഗുണ്ടകൾ അഴിഞ്ഞാടുകയാണെന്നാണ് ഈ അവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സൂചിപ്പിക്കാനുള്ളത്. ആളുകളെ കൊന്നൊടുക്കുകയാണ്. ഒരു മനുഷ്യനെ തല്ലിക്കൊന്ന് പോലീസ് സ്റ്റേഷനുമുന്നിൽ കൊണ്ടിട്ടശേഷം ഗുണ്ടകൾ അട്ടഹസിക്കുകയാണ്. തമിഴ്, തെലുങ്ക് ഭാഷാ ചിത്രങ്ങളിലാണ് ഇത്തരം രംഗങ്ങൾ നാം കൂടുതലായും കാണുന്നത്. മറ്റൊരു സംഭവം ചൂണ്ടിക്കാണിക്കുകയാണെങ്കിൽ, യുവാവിനെ വീട്ടിൽ മൃഗീയമായി കൊന്നശേഷം കാൽ വെട്ടിയെടുത്ത് റോഡിൽ പ്രദർശനം നടത്തി തെരുവിൽ എറിയുകയാണ്. അത് മട്ടന്റെ കാലല്ല, ഒരു മനുഷ്യന്റെ കാലാണെന്നുള്ള കാര്യം ഓർക്കണം. എത്ര കിരാതമായ പ്രവൃത്തികളാണിവ. യു.പി., ബീഹാർ, ഗുജറാത്ത് പോലെയുള്ള വടക്കേഇന്ത്യൻ സംസ്ഥാനങ്ങളിൽ നടക്കുന്ന കാഴ്ചകൾ ബഹുമാനപ്പെട്ട പിണറായി വിജയൻ

സർക്കാരിന്റെ ഭരണകാലത്ത് കേരളത്തിൽ കാണാൻ കഴിയുന്നുവെന്നത് എത്ര ദയനീയ അവസ്ഥയാണ്; പോലീസ് സ്റ്റേഷനിൽ മൃതദേഹം കൊണ്ടിട്ട സംഭവം നടന്നത് കോട്ടയത്താണ്. ഷാൻബാബു എന്ന ചെറുപ്പക്കാരൻ വീട്ടിനടുത്ത് ഫുട്ബോൾ കളിക്കാൻ പോയ സമയം ജോമോൻ എന്ന പ്രതി ഓട്ടോയിൽ തട്ടിക്കൊണ്ടുപോയി. ഈ ജോമോന്റെ സ്ഥിതി എന്താണെന്നറിയാമോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ അയാൾക്കെതിരെ കാപ്പ ചുമത്തി, പക്ഷേ അഡ്വൈസറി കമ്മിറ്റി അദ്ദേഹത്തെ വിട്ടയച്ചു. അഡ്വൈസറി കമ്മിറ്റി അദ്ദേഹത്തെ വെറുതേ വിട്ടയച്ചതല്ല. അതിന് ചില നോംസുണ്ട്. പ്രതിയുടെ പൂർവ്വകാല പശ്ചാത്തലം, അയാളുടെ പേരിലുള്ള കേസ്സുകളുടെ എണ്ണം എന്നിവയടങ്ങുന്ന ഒരു റിപ്പോർട്ട് പോലീസ് നൽകണമായിരുന്നു. അത് പോലീസ് ബോധപൂർവ്വം നൽകാത്തതിനെത്തുടർന്ന് പ്രതിയെ വിട്ടയയ്ക്കുന്നൊരു സ്ഥിതിയുണ്ടായി. പോലീസ് ഇയാളെക്കുറിച്ച് ശരിയായ റിപ്പോർട്ട് നൽകിയിരുന്നുവെങ്കിൽ ജോമോൻ എന്ന ഭീകരൻ പുറത്ത് വരുമായിരുന്നില്ല. ഷാൻബാബുവെന്ന കുട്ടിയെ കൊല്ലുമായിരുന്നില്ല. അതുപോലെതന്നെ തിരുവനന്തപുരത്ത് സുധീഷ് എന്ന യുവാവിനെ പട്ടാപ്പകൽ കൊലപ്പെടുത്തി കാൽവെട്ടിമാറ്റിയ സംഭവം വളരെ

അപലപനീയമാണ്. പോലീസ് വിചാരിച്ചിരുന്നുവെങ്കിൽ ഒഴിവാക്കാമായിരുന്ന ഒരു സംഭവമാണിത്. കാരണം സുധീഷിനും ഭീഷണിയുണ്ടായിരുന്നു. തെക്ക് മുതൽ വടക്കുവരെ കേരളം ഇന്നൊരു ഗുണ്ടാത്തെരുവായി മാറിയിരിക്കുകയാണ്. നമ്മൾ കെ-റെയിലിനെക്കുറിച്ചും വ്യവസായ ഇടനാഴിയെക്കുറിച്ചുമൊക്കെയാണ് ചിന്തിക്കുന്നത്. എന്നാൽ ഇവിടെ ഒരു ഗുണ്ടാ ഇടനാഴി രൂപപ്പെട്ടിരിക്കുകയാണ്. കേരളത്തിൽ ഗുണ്ടാസ് കോറിഡോറാണ് ഇന്നുള്ളത്. വ്യവസായ ഇടനാഴിയല്ല. ഇന്നലെ ഭരണനൈപുണ്യത്തിന് കിട്ടിയ സമ്മാനങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചപ്പോൾ ഗുണ്ടാ ഇടനാഴിയെക്കുറിച്ചുകൂടി അങ്ങേയ്ക്ക് പറയാമായിരുന്നു. ഒരു ജില്ല പോലും ഒഴിവില്ലാതെ എല്ലാ ജില്ലകളിലും ഗുണ്ടകൾ തഴച്ചുവളരുകയാണ്. കഴിഞ്ഞമാസം പകുതിയോടുകൂടി ഗുണ്ടാ ആക്രമണം രൂക്ഷമായപ്പോൾ ഗുണ്ടകളെ നിലയ്ക്കുനിർത്തുമെന്ന പോലീസിന്റെ വാർത്ത ടി.വി.-യിൽ വന്നുകൊണ്ടിരിക്കുമ്പോൾ ഒരു ബ്രേക്കിംഗ് ന്യൂസ് ശ്രദ്ധയിൽപ്പെട്ടു. തലസ്ഥാനത്ത് ബൈക്കിൽ വന്ന ഗുണ്ടകൾ പോലീസ് സ്റ്റേഷന് നേരെ ബോംബെറിഞ്ഞു എന്നതായിരുന്നു ബ്രേക്കിംഗ് ന്യൂസ്. ഇനി എവിടേയ്ക്കാണ് എറിയേണ്ടത്? ഇത്തരം സാഹചര്യത്തിൽ പോലീസാണ് ജനങ്ങൾക്ക് സമാധാനം കൊടുക്കേണ്ടത്. ആ പോലീസ്

സ്റ്റേഷനിലേയ്ക്കുതന്നെ ബോംബെറിയുകയാണ്. എത്ര ഗുരുതരമായ സ്ഥിതിയാണിത്. രണ്ട് മാസത്തിനിടെ തലസ്ഥാനത്ത് 25-ൽ പരം ഗുണ്ടാ ആക്രമണങ്ങൾ നടന്നു. മുഖ്യമന്ത്രിയുടെയും പോലീസ് മേധാവികളുടെയും മൂക്കിന് താഴെയാണ് സംഭവിക്കുന്നത്. തിരുവനന്തപുരം ഗുണ്ടാ ആക്രമണങ്ങളുടെ തലസ്ഥാനമായി മാറിയിരിക്കുകയാണ്. ഗുണ്ടാ സംഘങ്ങൾക്കെതിരെ വിവരം നല്കിയ വനിതാ പോലീസ് ഉദ്യോഗസ്ഥയെ വീട്ടിൽ കയറി ആക്രമിച്ച സംഭവം ഈ നാട്ടിലുണ്ടായിട്ടുണ്ട്. ഇപ്പോൾ പോലീസിനുപോലും രക്ഷയില്ല. എവിടെയാണ് നമ്മുടെ പോലീസ് നിൽക്കുന്നത്. കേരളം ഇക്കാര്യത്തിൽ യു.പി.-യെ കവച്ചുവയ്ക്കാൻ പോകുകയാണെന്ന നിലയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. പോത്തൻകോട് മധ്യവയസ്കനും 17 കാരിയായ മകളുംകൂടി പോകുമ്പോൾ വാഹനത്തിൽനിന്ന് ആളെ പിടിച്ചിറക്കി വെട്ടി കാലെടുത്ത സംഭവമുണ്ടായി. ആ ഗുണ്ടകളെ തിരക്കി പോകേണ്ട സ്ഥലത്ത് പോലീസ് പോയില്ല. അവർ സ്ഥിരമായുണ്ടാകുന്ന ബാറിൽ പോയില്ല. ബാറിലുണ്ടായ അടിയും കഴിഞ്ഞ് അവർ രക്ഷപ്പെട്ടതിനുശേഷം മണിക്കൂറുകൾ കഴിഞ്ഞിട്ടാണ് പോലീസ് ബാറിലെത്തുന്നത്. അതാണ് നമ്മുടെ നാട്ടിലെ പോലീസ്. ശ്രീ. പിണറായി വിജയന്റെ ഭരണകാലത്ത് എന്തുകൊണ്ടാണ് ഗുണ്ടകൾ ഇങ്ങനെ

അഴിഞ്ഞാടുന്നത്? ഇതൊരു പ്രസക്തമായ ചോദ്യമാണ്; നിങ്ങൾക്ക് ഗുണ്ടകളുമായുള്ള ബന്ധമാണ് ഇതിന്റെ പ്രധാനപ്പെട്ട കാരണം. കിർമാണി മനോജും കൊടി സുനിയും മുഹമ്മദ് ഷാഫിയുമെല്ലാം ഇപ്പോൾ ജയിലിന് പുറത്താണുള്ളത്. ഇവർ ആരൊക്കെയാണെന്നുള്ളത് ഞാൻ പറയേണ്ടതില്ലല്ലോ? ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾ ഇപ്പോൾ ജയിലിലല്ലയുള്ളത്. ഇന്നലെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ ജയിലിലുള്ളതിനേക്കാൾ കൂടുതൽ സമയം അവർ പുറത്താണുള്ളത്. ഇവിടെ നിങ്ങൾ കാണേണ്ട കാര്യം, ഈ പ്രതികൾക്ക് ഓരോരുത്തർക്കും 200 ദിവസമാണ് പരോൾ കിട്ടിയത്. അതിനുപുറമേ കോവിഡ് അവധിയായി 250 ദിവസവും കിട്ടി. കിർമാണി മനോജും കൊടി സുനിയുമൊക്കെ 450 ദിവസമായി ജയിലിന് പുറത്താണുള്ളത്. അവർ വീണ്ടും വീണ്ടും കുറ്റകൃത്യങ്ങൾ ചെയ്യുകയാണ്. അക്കൂട്ടത്തിൽ നിങ്ങളുടെ പ്രിയപ്പെട്ട കുട്ടികളായ അർജ്ജുൻ ആയങ്കി, രാജേഷ് തുടങ്ങിയ ഒരുപാടുപേർ പുറത്ത് സ്വൈര്യവിഹാരം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ വളരുന്നത് ലഹരി സാമ്രാജ്യമാണ്. കമ്പളക്കാട് മുഹസിൻ എന്നറിയപ്പെടുന്ന ഗുണ്ട സ്വർണ്ണക്കള്ളക്കടത്തിലെ പ്രതിയാണ്. അദ്ദേഹം വയനാട്ടിൽ വിവാഹവാർഷികം ആഘോഷിച്ചു. ഗുണ്ടയ്ക്ക് വിവാഹവാർഷികം

ആഘോഷിക്കാൻ പാടില്ലെന്നൊന്നും ഞങ്ങൾക്കില്ല. പക്ഷേ അറിയപ്പെടുന്ന മയക്കമരുന്നുകൾ കൊടുത്തിട്ടാണ് വിവാഹവാർഷികം ആഘോഷിച്ചത്. അവിടെ വലിയ തോതിലുള്ള മയക്കമരുന്നിന്റെ ഉപയോഗമുണ്ടായി. അവിടെനിന്നും ആളുകളെ അറസ്റ്റ് ചെയ്തകൂട്ടത്തിൽ കിർമാണി മനോജ് ഉണ്ടായിരുന്നില്ല. അയാളെ തൊടാൻ നിങ്ങൾക്ക് കഴിയുമോ? പിന്നെ എങ്ങനെയാണ് ഈ നാട്ടിലെ ഗുണ്ടകളെ നിങ്ങൾക്ക് അമർച്ച ചെയ്യാൻ കഴിയുന്നത്? ഇവിടെയൊരു ലഹരി സാമ്രാജ്യം വളരുകയാണ്. ലഹരി പാർട്ടികളെന്നുള്ളത് കേരളത്തിൽ അന്യമായിരുന്നു. എന്നാൽ ഇപ്പോൾ ബോംബെയും ഗോവയും പോലെ എന്നും ഇവിടെ ലഹരി പാർട്ടികളാണ്. അവിടെനിന്ന് വിലകൂടിയ ലഹരി മരുന്നുകൾ പിടിച്ചെടുക്കപ്പെടുകയാണ്. ആഭ്യന്തര വകുപ്പിന്റെ കൊള്ളരുതായ്മകൾ ഇവിടെ പ്രകടമാണ്. കൊലപാതകം, ഭവനഭേദനം, ബലാത്സംഗം തുടങ്ങിയ പല കേസ്സുകളിൽ ശിക്ഷിക്കപ്പെട്ട അറുന്നൂറോളം പ്രതികൾ ഇപ്പോൾ ജയിലിന് പുറത്താണുള്ളത്. സുപ്രീംകോടതി ഇവരെ അകത്താക്കണമെന്ന് പറഞ്ഞിട്ടും പോലീസ് അതിനുവേണ്ട നടപടി സ്വീകരിക്കുന്നില്ലെന്നുള്ളതാണ് നമുക്ക് കേരളത്തിൽ കാണാൻ കഴിയുന്നത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ 'ഓപ്പറേഷൻ കാവൽ ' പ്രകാരം പതിനയ്യായിരം ഗുണ്ടകളെ വിളിച്ച്

താക്കീത് ചെയ്തുവിട്ടു. നിങ്ങൾ പോലീസ് സ്റ്റേഷനിൽ വിളിച്ച് താക്കീത് ചെയ്തുവിടാൻ ഇവർ സ്കൂൾ കുട്ടികളാണോ; ആരെയും നിങ്ങൾ അറസ്റ്റ് ചെയ്യുന്നില്ല. പോലീസിന് അതിഗുരുതരമായ വീഴ്ചയുണ്ടായിട്ടുണ്ട്. സ്ത്രീകളും പെൺകുട്ടികളുമൊക്കെ വലിയ പീഡനങ്ങളും പ്രയാസങ്ങളും അനുഭവിക്കുന്നു. എന്തിനേറെ അനുപമയുടെ കഥ ഞാൻ പറയേണ്ടതില്ലല്ലോ.

മി. സ്പീക്കർ: യെസ്..... യെസ്...... അവസാനിപ്പിക്കൂ.....

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പാർട്ടി ജില്ലാ കമ്മിറ്റി നേതൃത്വത്തിലല്ലേ കുട്ടിയെ തട്ടിക്കൊണ്ടുപോയി സ്വന്തം അമ്മയിൽ നിന്ന് വേർപെടുത്തിയത്. അപ്പോൾ ഇവിടെ സ്ത്രീകൾക്കും കുട്ടികൾക്കും സാധാരണക്കാർക്കും രക്ഷയില്ല; ഗുണ്ടകൾ സ്വൈര്യവിഹാരം നടത്തുകയാണ്. ഈ വിഷയമല്ലാതെ മറ്റെന്താണ് സഭ നിർത്തിവച്ച് നമ്മളിവിടെ ചർച്ച ചെയ്യേണ്ടതെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പോലീസ് സേനയിലെ സ്ത്രീകൾപോലും പീഡിപ്പിക്കപ്പെടുന്നുവെന്ന് പറഞ്ഞത് മുൻ ഡി.ജി.പി. ശ്രീമതി ആർ. ശ്രീലേഖയാണ്. മനോരമ ചാനലിലെ 'നേരെ ചൊവ്വേ' എന്ന പരിപാടിയിൽ പറഞ്ഞത്, പോലീസ് ഓഫീസറായിരുന്നിട്ടുപോലും ഉന്നത ഉദ്യോഗസ്ഥരുടെ കീഴിൽ നിന്നും രക്ഷ കിട്ടിയില്ലെന്ന് ശ്രീമതി ശ്രീലേഖ പറഞ്ഞത് കേട്ട് നമ്മൾ ഞെട്ടുകയായിരുന്നു. അപ്പോൾ കേരളം വല്ലാത്ത

വിധത്തിൽ മാറിയിരിക്കുന്നു. അതിനെതിരെ നടപടിയെടുക്കണമെന്നും ഈ വിഷയം സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നും ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വല്ലാതെ ചീറ്റിപ്പോയ പ്രമേയമായിപ്പോയി പ്രമേയാവതാരകൻ അവതരിപ്പിച്ചത്. അദ്ദേഹത്തിന്റെ മോഹങ്ങളാണിവിടെ പറഞ്ഞത്. കേരളം ക്രമസമാധാനം തകർന്നൊരു നാടായി മാറണേയെന്നൊരു മോഹം അദ്ദേഹത്തിനുണ്ട്. പക്ഷേ അങ്ങനെയാകാത്തതിലുള്ള നിരാശയാണ്. അതോടൊപ്പം കേരളം ഉത്തർപ്രദേശിനെ കടത്തിവെട്ടിയിരിക്കുകയാണെന്ന് അദ്ദേഹത്തിന്റെ നാവിലൂടെ വന്നത് ഇവിടെ കേട്ടു. അതും അദ്ദേഹത്തിന്റെ ഒരു മോഹമാണ്. അതായത് കേരളത്തിന്റെ ക്രമസമാധാനനില അത്രയും മോശമായിരിക്കുന്നുവെന്ന് വരണമെന്നതാണ് അദ്ദേഹത്തിന്റെ മോഹം. പക്ഷേ വസ്തുത അതിനെതിരാണ്. ഇവിടെ സ്ത്രീകൾക്കും കുട്ടികൾക്കുമൊന്നും രക്ഷയില്ലാത്തൊരു നാടായി മാറിയിരിക്കുന്നു എന്ന് പറഞ്ഞതും അദ്ദേഹത്തിന്റെ മോഹമാണ്. ഇവിടെ നേരത്തെ മറുപടി പറയുമ്പോൾ ചില വസ്തുതകൾ ഞാൻ പറഞ്ഞിരുന്നു. അതിൽ കൊലപാതകങ്ങളാകെ ഞാൻ പരാമർശിച്ചിരുന്നില്ല. കാരണം പ്രമേയാവതാരകൻ എന്താണ്

പറയുന്നതെന്ന് നോക്കി പറയാമെന്ന് വിചാരിച്ചിട്ടാണ് പരാമർശിക്കാത്തത്. വിചിത്രമായി തോന്നിയൊരു കാര്യം, ചില കൊലപാതകങ്ങൾ അദ്ദേഹം പരാമർശിക്കുന്നേയില്ല. അത് തങ്ങളുടെ സ്വന്തം ആളുകൾ നടത്തിയതാണെന്ന തോന്നലിന്റെ ഭാഗമായിട്ടാണ്. ഈ നാടിനെ വല്ലാതെ ഞെട്ടിച്ച ഒരു സംഭവമായിരുന്നു വിദ്യാർത്ഥിയായ ധീരജിനെ ഇടുക്കിയിലെ കോളേജിൽ വച്ച് കൊലപ്പെടുത്തിയത്. കെ.എസ്.യു. നേതാവ് പറഞ്ഞത് പുറത്തുനിന്നും വന്ന ആളുകളാണ് കൊലപാതകം നടത്തിയതെന്നാണ്. മാത്രമല്ല, ഞങ്ങൾക്കതിന് പങ്കില്ലെന്നും കെ.എസ്.യു. നേതാവ് പറയുകയുണ്ടായി. അപ്പോൾ കാമ്പസുകളെ ഏതെല്ലാം രീതിയിൽ സംഘർഷവേദിയാക്കാൻ ശ്രമിക്കുന്നുവെന്നതിന്റെ ഉത്തമോദാഹരണമാണിത്. പക്ഷേ ഈ പറഞ്ഞ സംഭവങ്ങൾ ബോധപൂർവ്വം അദ്ദേഹം മറന്നുപോകും. ബി.ജെ.പി.-യും എസ്.ഡി.പി.ഐ.-യും പരസ്പരം നടത്തിയ കൊലപാതകങ്ങളിൽ ആലപ്പുഴയിലെ എസ്.ഡി.പി.ഐ. പ്രവർത്തകനും ബി.ജെ.പി. പ്രവർത്തകനും കൊല്ലപ്പെട്ടു. ആ സംഭവം അപലപിക്കാനല്ല, അദ്ദേഹം പോലീസിനെ കുറ്റപ്പെടുത്താനാണ് സമയം ചെലവഴിച്ചത്. എത്രമാത്രം ആസൂത്രിതമായാണ് അത്തരം കൊലപാതകങ്ങൾ നടന്നതെന്ന് നാം കണ്ടതാണ്. പാലക്കാടും ബി.ജെ.പി.

പ്രവർത്തകനെ എസ്.ഡി.പി.ഐ.-ക്കാർ കൊലപ്പെടുത്തുന്ന നിലയുണ്ടായി. ഇവിടെ കാണേണ്ടത്, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ മൂന്നെണ്ണത്തിൽ പ്രതികളായത് ആർ.എസ്.എസ്.-ബി.ജെ.പി. പ്രവർത്തകരാണ്. രണ്ടെണ്ണത്തിൽ എസ്.ഡി.പി.ഐ. പ്രവർത്തകരാണ്. ഒരെണ്ണത്തിന്റെ പ്രതികൾ കോൺഗ്രസ്സുകാരാണ്. എന്താണിത് കാണിക്കുന്നത്? കേരളത്തിൽ കലാപമുണ്ടാക്കാൻ വർഗ്ഗീയശക്തികളും നിങ്ങളുമാണ് കാരണക്കാരായി തീരുന്നതെന്നാണ്. അപ്പോൾ കൊലക്കത്തി എടുത്തവർ കൊലക്കത്തി താഴെ വച്ചാൽ തീരാവുന്ന പ്രശ്നമേ നമ്മുടെ നാട്ടിലുള്ളൂ. നിങ്ങൾ ആ പങ്ക് ശരിയായി നിർവ്വഹിച്ചാൽ ഇവിടെയുള്ള പ്രശ്നവും ഇല്ലാതാകുന്ന സ്ഥിതി വരും. യഥാർത്ഥത്തിൽ വർഗ്ഗീയ ശക്തികൾ നടത്തുന്ന ശ്രമങ്ങൾ തുറന്നുകാണിച്ച് സമൂഹത്തെ ജാഗ്രതപ്പെടുത്തേണ്ടൊരു ഘട്ടമാണിത്. അതിനുപകരം സർക്കാരിനെ പ്രതിക്കൂട്ടിൽ നിർത്താനാണ് പ്രതിപക്ഷം തയ്യാറാകുന്നത്. പ്രതിപക്ഷം നടത്തുന്ന ഈ ശ്രമം ആരെ സംരക്ഷിക്കാനാണെന്ന് എല്ലാവർക്കും കൃത്യമായി ബോധ്യപ്പെടുന്ന കാര്യമാണ്. നമ്മുടെ നാട്ടിൽ നടന്ന പ്രതിപക്ഷത്തിന് പങ്കാളിത്തമുള്ള കൊലപാതക പരമ്പരകളിലേയ്ക്കൊന്നും ഞാൻ ഇപ്പോൾ കടക്കുന്നില്ല.

തിരുവനന്തപുരത്ത് നടത്തിയത് ഇരട്ടകൊലപാതകമാണ്. 25-01-2021 മുതൽ 21-02-2022 വരെ ആറ് രാഷ്ട്രീയ കൊലപാതകങ്ങളാണുണ്ടായത്. അതിൽ മൂന്ന് സി.പി.ഐ.(എം) പ്രവർത്തകരാണ് കൊല്ലപ്പെട്ടതെന്ന് കാണാവുന്നതാണ്. ഇതിൽ എസ്.ഡി.പി.ഐ., ആർ.എസ്.എസ്., ബി.ജെ.പി., യൂത്ത് കോൺഗ്രസ്സ്, കെ.എസ്.യു. പ്രവർത്തകരാണ് പ്രതിയായിട്ടുള്ളത്. എന്താണിത് കാണിക്കുന്നത്? കേരളത്തിൽ യു.ഡി.എഫ്., ബി.ജെ.പി., എസ്.ഡി.പി.ഐ. തുടങ്ങിയ രാഷ്ട്രീയപാർട്ടികളെല്ലാംകൂടിചേർന്ന് നാടിനെ കുരുതിക്കളമാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. അതിന് ഒരുങ്ങിപ്പുറപ്പെട്ടിരിക്കുകയാണ്. ഇത്തരം കൊലപാതകങ്ങളിൽ ശക്തമായ നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. അതിന്റെ ഭാഗമായി പ്രതികളെയെല്ലാം അറസ്റ്റ് ചെയ്യുന്ന നിലപാട് പോലീസ് സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസമാണ് വാട്ട്സാപ്പ് സന്ദേശം അയയ്ക്കാതെ, ഒരു പോസ്റ്റർപോലും ഒട്ടിക്കാതെ, ഫോണിൽ സംസാരിക്കാതെ, ഒരു അപ്രതീക്ഷിത പ്രതിഷേധം എന്ന രീതിയിൽ ബി.ജെ.പി.-യുടെ നേതൃത്വത്തിൽ ന്യൂനപക്ഷ കേന്ദ്രങ്ങളിലും മറ്റും പ്രകടനവും അക്രമവും നടത്താൻ പ്ലാൻ ചെയ്തത്. ആരാണത് കണ്ടെത്തിയത്? അത് പോലീസിന്റെ രഹസ്യാന്വേഷണ വിഭാഗം തന്നെയാണ് കണ്ടെത്തിയത്.

അവരുടെ ക്രിയാത്മകമായ ഇടപെടലുണ്ടായി. അതിന്റെ ഫലമെന്തായിരുന്നു? കേരളത്തെ കലാപഭൂമിയാക്കാനുള്ള സംഘ് പരിവാറിന്റെ പരിശ്രമത്തെ തടയാൻ കഴിഞ്ഞു. ഈ വസ്തുത മറക്കരുത്. ഇവരെപ്പറ്റിയും ഇത്തരം സംഭവങ്ങളെപ്പറ്റിയും നേരിയ ഒരു പരാമർശംപോലും ഇല്ലാതിരുന്നത് എന്തുകൊണ്ടാണ്? കേരളത്തിൽ അതുവരെ കേട്ടുകേൾവിയില്ലാത്ത വാട്ട്സാപ്പ് ഹർത്താലിന് നമ്മുടെ നാട് സാക്ഷ്യം വഹിച്ചില്ലേ; കലാപമുണ്ടാക്കാനുള്ള ആ പരിശ്രമത്തെ പരാജയപ്പെടുത്തിയതും കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവന്നതും കേരള പോലീസല്ലേ; എന്താണ് ഇവിടെ സംഭവിക്കുന്നത്? വർഗ്ഗീയ ശക്തികളോടൊപ്പം നിങ്ങളും ഒരുങ്ങിയിറങ്ങി പുറപ്പെട്ടിരിക്കുകയാണ്. നിങ്ങളുണ്ടാക്കുന്ന ക്രമസമാധാന പ്രശ്നമാണ് കേരളത്തിലുള്ളത്. അത് നിയന്ത്രിക്കാൻ പോലീസിന്റെ ശക്തമായ ഇടപെടൽ നടക്കുന്നുവെന്നതിന്റെ തെളിവാണ് ഓരോ സംഭവവും നടന്നുകഴിഞ്ഞാൽ മണിക്കൂറുകൾക്കുള്ളിൽ പ്രതികളെ അറസ്റ്റ് ചെയ്ത് നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നത്. ഇത് കേരള പോലീസിന്റെ മികവാണ് ചൂണ്ടിക്കാണിക്കുന്നത്. സംഘ്പരിവാർ രാജ്യത്താകെ എല്ലായിടങ്ങളിലും വർഗ്ഗീയ സംഘർഷമുണ്ടാക്കാനാണുദ്ദേശിക്കുന്നത്. അതിന്റേതായ ഒരു കരിനിഴൽ വീഴ്ത്തിക്കൊണ്ടാണ് അവർ മുന്നോട്ട്

പോകുന്നത്. എന്നാൽ വർഗ്ഗീയ സംഘർഷമില്ലാത്ത സംസ്ഥാനമായി നമ്മുടെ നാടിന് നിലനിൽക്കാൻ കഴിയുന്നതിൽ പോലീസിന്റെ ഇടപെടലിന്റെ പങ്ക് നാം വിസ്മരിക്കരുത്. പശുവിന്റെ പേരിൽ ആളുകളെ കൊലപ്പെടുത്തുന്ന, രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലെ അവസ്ഥയൊന്നും കേരളത്തിലുണ്ടായിട്ടില്ല. അത്തരത്തിലുള്ള ഇടപെടലുകളാണ് രാജ്യത്തെ ഏറ്റവും മികച്ച സംസ്ഥാനമെന്ന നിലയിലേയ്ക്ക് നമ്മുടെ നാടിനെ എത്തിച്ചിട്ടുള്ളത്. ക്രമസമാധാനപാലനത്തിനും കേസന്വേഷണത്തിനും മാത്രമല്ല, ഈ നാടിന്റെ എല്ലാ പ്രയാസങ്ങളിലും ജനങ്ങളോടൊപ്പം അണിനിരക്കുന്ന ഒരു സേനയായി പോലീസ് മാറിയിട്ടുണ്ട്. എല്ലാ പ്രയാസങ്ങളിലുമുള്ള ഒരു കൈത്താങ്ങായി പോലീസ് പ്രവർത്തിക്കുകയാണ്. നമ്മുടെ ഈ ദുരന്തഘട്ടങ്ങളിലാകെ പോലീസ് നടത്തിയ സേവനപ്രവർത്തനങ്ങൾ ആർക്കും വിസ്മരിക്കാൻ കഴിയുന്നതല്ല. കോവിഡ് കാലത്ത് അവരുടെ നിർണ്ണായക ഇടപെടലുണ്ടായി. പതിനാറ് പേർ കോവിഡിനിരയായി മരണപ്പെട്ടുവെന്നതും നാം കാണേണ്ടതായിട്ടുണ്ട്. അത്തരത്തിലുള്ള ഒരു സേനയെ അഭിനന്ദിക്കാൻ സാധിക്കില്ലായിരിക്കാം. പക്ഷേ അവഹേളിക്കലും നിന്ദിക്കലും നല്ലൊരു കാര്യമല്ല. എന്താണ് കേരളത്തിൽ നടക്കുന്നത്? അക്രമങ്ങൾക്ക് പരസ്യമായി ആഹ്വാനം ചെയ്യുക, അക്രമങ്ങളെ പിന്തുണയ്ക്കുക

അങ്ങനെയൊരു നേതൃത്വമല്ലേ ഇപ്പോൾ നിങ്ങൾക്കുള്ളത്? നിങ്ങളുടെ സംഘടനാ നേതൃത്വം ആ തരത്തിലല്ലേ നീങ്ങുന്നത്? ധീരജ് കൊലപാതകത്തെ എല്ലാവരും അപലപിച്ചു. അവിടെയുള്ള കെ.എസ്.യു. നേതാവുപോലും അപലപിച്ചു. എന്നാൽ അതിനെ ന്യായീകരിക്കാൻ തയ്യാറായ നിങ്ങളുടെ നേതാവിന്റെ മനോഭാവം കേരളത്തിന് മറക്കാൻ കഴിയുമോ? എന്താണ് നിങ്ങളുടെ സമീപനമെന്നല്ലേ അത് വ്യക്തമാക്കുന്നത്. നിങ്ങൾ അക്രമികളെ പ്രോത്സാഹിപ്പിക്കുന്നു, അക്രമികൾക്ക് സംരക്ഷണം നൽകുന്നു, അതിന് പരസ്യമായി ആഹ്വാനം ചെയ്യുന്നു. ഇതുപോലുള്ള കൊലപാതകങ്ങൾക്ക് എല്ലാവിധത്തിലുമുള്ള പ്രോത്സാഹനവും പരസ്യമായി നൽകുന്നു. അതല്ലേ ആ പ്രസ്താവന? സമൂഹത്തിലുണ്ടാകുന്ന എല്ലാ തിന്മകൾക്കെതിരെയും ശക്തമായ നിലപാടാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്. 2021 ഡിസംബർ 18 മുതൽ 2022 ഫെബ്രുവരി 15 വരെ 'ഓപ്പറേഷൻ കാവൽ' പദ്ധതി പ്രകാരം 904 ഗുണ്ടകൾക്കെതിരെ കേസെടുത്ത് കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമെ 63 പേർക്കെതിരെ KAAPA (Kerala Anti-Social Activities (Prevention) Act) നിയമപ്രകാരവും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരം അക്രമങ്ങളിൽ പ്രതികളെയെല്ലാം നിയമത്തിന് മുന്നിൽ കൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. നീതി

നടപ്പിലാക്കുന്നതിന് വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് പോലീസ് സ്വീകരിക്കുന്നത്. അതുകൊണ്ടുതന്നെ ഇതിൽ ഇടപെട്ടവർക്ക്, അതായത് പണ്ട് തെറ്റായി ഇടപെട്ടവർക്ക് പോലീസിന്റെ ഈ പ്രവർത്തനത്തെ അംഗീകരിക്കാൻ വിഷമമുണ്ടാകുന്നു എന്നാണ് തോന്നുന്നത്. അവരാണ് തുടർച്ചയായി പോലീസിനെതിരെ രംഗത്ത് വരുന്നത്. നമ്മുടെ പഴയ പ്രതിപക്ഷനേതാവിന് എന്തോ ചോദിക്കാനുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, എനിക്ക് ചോദിക്കാനുള്ള ചോദ്യം, അങ്ങ് ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിച്ചശേഷം പോലീസിൽ ചില മാറ്റങ്ങൾ വരുത്തിയതിനെകുറിച്ചാണ്. എസ്.ഐ.-മാർക്ക് സ്റ്റേഷന്റെ ചുമതല കൊടുത്തിരുന്ന സാഹചര്യം മാറ്റി എസ്.എച്ച്.ഒ.-മാരായി സി.ഐ.-മാരെ നിയമിച്ചു. ഇത് അപകടകരമായ ഒരു നിലപാടായിരിക്കുമെന്ന് ഞങ്ങൾ അന്ന് പറഞ്ഞു. മറ്റ് സംസ്ഥാനങ്ങളിൽ അതേ രീതിയിലാണ്. പക്ഷേ കുറ്റാന്വേഷണത്തിന്റെ കാര്യത്തിലും കേസ് തെളിയിക്കുന്ന കാര്യത്തിലും എസ്.ഐ.-മാർക്കും സി.ഐ.-മാർക്കും ഡിവൈ.എസ്.പി.-മാർക്കുമുണ്ടായിരുന്ന അധികാരം അതുപോലെ നിലനിർത്തണമെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ നിങ്ങൾ അതിനെ എതിർക്കുകയാണ് ചെയ്തത്. ഇപ്പോൾ തിരിച്ച് അതിലേയ്ക്കുതന്നെ പോകുകയാണ്. ഞാൻ പത്രത്തിൽ

വായിച്ചു, ശരിയാണോയെന്ന് അറിയില്ല. 140 സ്റ്റേഷനുകളിൽ എസ്.ഐ.-മാർക്കുതന്നെ ക്രമസമാധാനത്തിന്റെ ചുമതല നൽകുന്നതായി വാർത്ത വരികയുണ്ടായി. അത് ശരിയാണോ; വീണ്ടും ആ തിരിച്ചുപോക്കിലേയ്ക്കാണോ ഗവൺമെന്റ് പോകുന്നത്? ഇന്ന് ഇവിടെ ഉണ്ടാകുന്ന പ്രശ്നങ്ങളിൽ പ്രധാനം സ്റ്റേഷനിൽ എഫക്ടീവായി കേസ്സുകൾ കൈകാര്യം ചെയ്യുന്നില്ല എന്നുള്ളതാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതുകൊണ്ടാണോ ഈ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ആ വാർത്ത ഞാനും വായിച്ചു. പക്ഷേ അതല്ലാതെ ഒരു വിവരവും എന്റെ പക്കലില്ല എന്നതാണ് അതിന്റെ വസ്തുത. ഇവിടെ കാണേണ്ട കാര്യം, സി.ഐ.-മാർ സ്റ്റേഷന്റെ ചുമതല വഹിക്കുമ്പോൾ അവരുടെ അനുഭവങ്ങൾകൂടി പ്രാവർത്തികമാകുകയാണ് ചെയ്യുന്നത്. എസ്.ഐ.-മാർ എവിടെയും പോകുന്നില്ല, അവർ അവിടെത്തന്നെയുണ്ട്. അതിന്റെ മികവ് പോലീസ് സ്റ്റേഷന്റെ പ്രവർത്തനങ്ങൾക്ക് ഉണ്ടാകുകയാണ് ചെയ്യുന്നത്. നല്ല രീതിയിലുള്ള, ചെറുപ്പക്കാരായ പോലീസ് ഉദ്യോഗസ്ഥരുടെ ചടുലത ഉപേക്ഷിക്കണം എന്നുള്ളതാണ് അങ്ങ് ഉദ്ദേശിക്കുന്നത്. അത് അവിടെത്തന്നെ നിലനിൽക്കുന്നുണ്ട്. മറ്റേത് ഇതേ രീതിയിൽ ഉപയോഗിക്കുകയാണ്.

എന്നാൽ വലിയ കേസുകളൊന്നുമില്ലാത്ത, ഒരു സ്റ്റേഷൻ അവിടെയുണ്ടെന്ന് മാത്രമേയുള്ളൂ എന്ന നിലയിലുള്ള അപൂർവ്വമായ ചില സ്റ്റേഷനുകളുണ്ടാകാം. അവിടെ ഒരു സി.ഐ.-യെ നിലനിർത്തേണ്ടതുണ്ടോ എന്ന ചോദ്യം അങ്ങുതന്നെ നേരത്തേ ചോദിച്ചു എന്ന് തോന്നുന്നു. ഏതായാലും അത്തരം കാര്യങ്ങളൊന്നും ഞങ്ങൾ പരിശോധിക്കാനിടയായിട്ടില്ല. ഒരു വാർത്ത ഇങ്ങനെ കണ്ടു എന്നുള്ളത് ശരിയാണ്. ഇവിടെ നാം ശ്രദ്ധിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, ഇത്രയും സ്തുത്യർഹമായി പ്രവർത്തിക്കുന്ന പോലീസ് സേനയെ നിർവീര്യമാക്കണമെന്ന ആവശ്യം വർഗ്ഗീയ ശക്തികൾക്കും തീവ്രവാദികൾക്കും അരാജകവാദികൾക്കുമുണ്ട് എന്നതാണ്. അവർക്ക് പോലീസ് ഒരു അലോസരമാണ്. അവരാണ് നിരന്തരം നിസ്സാര സംഭവങ്ങളെപ്പോലും പൊക്കിപ്പിടിച്ച് പോലീസിനെ ആക്ഷേപിക്കാനും നിർവീര്യമാക്കാനും ശ്രമിക്കുന്നത്. അതിന്റെ ഭാഗമായി വർഗ്ഗീയമായി തന്നെ പോലീസിനെ ആക്ഷേപിക്കാൻ ഇത്തരം ചില ശക്തികൾ തയ്യാറാകുന്നു. അത്തരത്തിൽ ചില പ്രചരണങ്ങൾ നടത്തിയതും നമ്മൾ ഓർക്കേണ്ടതായിട്ടുണ്ട്. ആ ശക്തികളുടെ വക്താക്കളായി മാറുന്ന അവസ്ഥ നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അത് നമ്മുടെ നാടിന് വലിയരീതിയിൽ

ആപത്തുണ്ടാക്കുന്നതാണ്. ഇത്തരം ശക്തികളെ തുറന്നുകാട്ടി മുന്നോട്ടുപോകാൻ നമുക്ക് കഴിയണം. ഒരു കാര്യം ശ്രദ്ധിച്ചിട്ടുണ്ടാവും, ഇവിടെ കേസന്വേഷിച്ച് പ്രതികളെ കണ്ടുപിടിച്ചില്ല എന്നൊരു വിമർശനം നാം കേൾക്കുന്നില്ല. അതുപോലെ അഴിമതിയുടെ ഭാഗമായി കേസുകൾ അട്ടിമറിച്ചുവെന്ന വിമർശനവും ഇല്ലാതായിരിക്കുന്നു. ഇപ്പോൾ അപൂർവ്വം ചിലരുടെ പെരുമാറ്റത്തെക്കുറിച്ചുള്ള പരാതികളാണ് വരുന്നത്. അത് പോലീസിന്റെ പൊതുവായ മുഖമല്ല. സർക്കാരിന്റെ പൊതുവായ നയങ്ങളിൽനിന്ന് വ്യത്യസ്തമായ നിലപാട് ആരെങ്കിലും സ്വീകരിച്ചാൽ അതിനെതിരെ നടപടി സ്വീകരിക്കാറുണ്ട്. അത് പോലീസിൽ ആയാലും അങ്ങനെതന്നെയാണ്. തെറ്റായ സമീപനങ്ങളെ സർക്കാർ ഒരു വകുപ്പിലും അംഗീകരിക്കില്ല. പോലീസിലും അംഗീകരിക്കില്ല. അതിന്റെകൂടി അടിസ്ഥാനത്തിലാണ് കൂടുതൽ ജനസൗഹാർദ്ദപരമായ രീതിയിലേയ്ക്ക് പോലീസ് മാറിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ ഏറ്റവും ആധുനികവൽക്കരിക്കപ്പെട്ട പോലീസ് സംവിധാനമാണ് കേരളത്തിലുള്ളത്. സൈബർഡോം പോലുള്ള സംവിധാനങ്ങൾ വാരിക്കൂട്ടിയ ദേശീയവും അന്തർദേശീയവുമായ പുരസ്കാരങ്ങളെക്കുറിച്ച് ഇന്നലെ ഞാൻ സഭയിൽ പറഞ്ഞു. പുതിയ സാഹചര്യത്തിൽ പോലീസ് വകുപ്പിൽ രണ്ട്

വിഭാഗങ്ങൾകൂടി ആരംഭിക്കുന്നുണ്ട്. സൈബർ ക്രൈമുകൾ വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് പ്രത്യേക സൈബർ കുറ്റാന്വേഷണ വിഭാഗം പോലീസിൽ ആരംഭിക്കാൻ പോകുന്നു. ഇപ്പോൾ പുതിയതായി ഉയർന്നുവരുന്ന സാമ്പത്തിക കുറ്റകൃത്യങ്ങളിൽ അത് പരിഹരിക്കുന്നതിനായി ഇക്കണോമിക് ക്രൈം വിംഗും ആരംഭിക്കുന്നുണ്ട്. ഇങ്ങനെ പോലീസിനെ ആധുനികവൽക്കരിച്ചും ജനസൗഹാർദ്ദപരമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഇതിന്റെയെല്ലാം ഭാഗമായി മെച്ചപ്പെട്ട ക്രമസമാധാന നിലയിലേയ്ക്ക് നമ്മുടെ നാട് ഉയരാനാണ് പോകുന്നത്. അതിനാൽ ഇത്തരത്തിലുള്ള വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരാവശ്യകതയും ഉദിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, തിരുവനന്തപുരത്ത് റിട്ടയർ ചെയ്ത ഒരു ബാങ്ക് മാനേജർ തന്റെ ചെറിയ

കാറിൽ കുറച്ച് സാധനങ്ങൾ വാങ്ങുന്നതിനുവേണ്ടി പുറത്തുപോയി. പ്രധാന വീഥിയിൽ പാർക്ക് ചെയ്യാൻ പറ്റുന്ന സ്ഥലത്ത് അദ്ദേഹം വണ്ടി പാർക്ക് ചെയ്തു. റോങ്ങ് സൈഡിൽക്കൂടി ബൈക്ക് ഓടിച്ചുവന്ന രണ്ട് ചെറുപ്പക്കാർ പാർക്ക് ചെയ്തിരുന്ന കാറിന് പുറകിൽ അവരുടെ വാഹനം ഇടിച്ചു. കാറിന്റെ ഉടമസ്ഥൻ ഓടിച്ചെന്ന് ചോദിച്ചു "എന്താണ് എന്റെ വണ്ടിയിൽ ഇടിച്ചത്; നിങ്ങൾ നോക്കി വരണ്ടേ; റോങ്ങ് സൈഡാണല്ലോ വന്നത്". ബൈക്കിൽ വന്ന രണ്ടുപേരും ഇറങ്ങി  വഴിയിൽ കിടന്ന ചുടുകട്ട എടുത്ത് അദ്ദേഹത്തിന്റെ കാറിൽ എറിഞ്ഞു. 'നിങ്ങൾ എന്ത് വൃത്തികേടാണ് ചെയ്യുന്നത്?' എന്ന് ചോദിച്ചപ്പോൾ കാറിന്റെ അകത്ത് വീണുകിടന്നിരുന്ന ചുടുകട്ട വീണ്ടുമെടുത്ത് കാറിന്റെ മുൻവശത്തെ ഗ്ലാസ്സും എറിഞ്ഞു തകർത്തു. ഇതെല്ലാം നാട്ടുകാർ നോക്കി നിൽക്കുകയായിരുന്നു. ഇദ്ദേഹം വണ്ടിയെടുത്ത് തിരിച്ച് വീട്ടിലേയ്ക്ക് വന്നപ്പോൾ അയൽക്കാർ ചോദിച്ചു 'എന്താണ് സംഭവിച്ചത്?' എന്ന്. അപ്പോൾ അദ്ദേഹം കാര്യം പറഞ്ഞു. അങ്ങ് പോലീസ് സ്റ്റേഷനിൽ ഇപ്പോൾ തന്നെ അറിയിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. ' പോലീസ് സ്റ്റേഷനിൽ അറിയിച്ചാൽ ഇതിനെക്കാൾ വലിയ പൊല്ലാപ്പാവും' എന്നാണ് അദ്ദേഹം പറഞ്ഞത്. അവരുടെ പുറകെ പോകാൻ കഴിയില്ല. ഇപ്പോൾ കാർ മാത്രമേ തകർത്തിട്ടുള്ളൂ, പോലീസ് സ്റ്റേഷനിൽ അറിയിച്ചുവെന്നറിഞ്ഞാൽ ഈ

ഗുണ്ടകൾ വന്ന് എന്റെ വീടുകൂടി തകർക്കും. ഇത് തിരുവനന്തപുരം ജില്ലയിൽ നടന്ന സംഭവമാണ്. ശ്രീ. എൻ. ഷംസുദ്ദീൻ അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ ഒരു കാര്യം സൂചിപ്പിച്ചു, പോത്തൻകോട് ഒരാൾ പതിനേഴ് വയസ്സുള്ള മകളുമായി കാറിൽ പോകുകയായിരുന്നു. ഗുണ്ടകൾ ഈ പിതാവിനെയും മകളെയും ക്രൂരമായി ഉപദ്രവിച്ചു. പെൺകുട്ടിയുടെ തലമുടിക്ക് ചുറ്റിപ്പിടിച്ച് ക്രൂരമായി തല്ലി. എന്താണ് കാര്യം എന്നറിയാമോ? ഗുണ്ടകൾക്ക് പോകാൻ സൈഡ് കൊടുത്തില്ല എന്നതാണ് കാരണം. പതിനേഴ് വയസ്സുള്ള മകളെ ക്രൂരമായി ഉപദ്രവിച്ചു. നിങ്ങൾക്ക് ഇതൊന്നും കേട്ടാൽ സങ്കടം വരില്ല. നമ്മുടെ ഭരണഘടനയിൽ Article 21 ഉണ്ട്. " Protection of Life and Personal Liberty: No person shall be deprived of his life or personal liberty except according to procedure established by law." അതാണ് ആർട്ടിക്കിൾ 21. It is the duty of the State to protect the life and property of the people. Mr. Chief Minister, you have miserably failed to protect the life and property of the people here. ഇവിടെ ആര് ഏത് സമയത്ത് കൊല്ലപ്പെടും എന്നറിയില്ല. ഒരാളുടെയും ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കാൻ കഴിയാത്ത ഒരു സർക്കാരായി നിങ്ങൾ മാറിയിരിക്കുന്നു. അങ്ങ് ഉത്തരം പറഞ്ഞപ്പോൾ തിരുവനന്തപുരത്തുനിന്നും

വണ്ടി കയറി കണ്ണൂർ പോകേണ്ട ആൾ കൊല്ലത്ത് വണ്ടി ഇറങ്ങി ചെങ്കോട്ടയിലേയ്ക്ക് പോയതുപോലെയായി. ഉത്തരം പറഞ്ഞപ്പോൾ വേറെ വഴിക്ക് പോയി. ഇവിടെ ഉന്നയിച്ച ചോദ്യങ്ങൾക്കുള്ള ഉത്തരമല്ല അങ്ങ് പറഞ്ഞത്. സംസ്ഥാനത്ത് തുടർച്ചയായി കൊലപാതകങ്ങളും ഗുണ്ടാ ആക്രമണങ്ങളുമാണ് അരങ്ങേറുന്നത്. പ്രമേയാവതാരകൻ ഇവിടെ ഒരു ചോദ്യം ചോദിച്ചല്ലോ? തിരുവനന്തപുരത്ത് അങ്ങയുടെ മൂക്കിന് താഴെ എത്ര ഗുണ്ടാസംഘങ്ങൾ, എത്ര മയക്കുമരുന്ന് സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്? വെട്ടിയെടുത്ത കാലുമായി ബൈക്കിൽ പ്രകടനം നടത്തുന്നു. ഇത്തരത്തിൽ എത്രയെത്ര സംഭവങ്ങളാണ് റിപ്പോർട്ട് ചെയ്യുന്നത്. എന്നിട്ട് ഇപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് അത് ഒറ്റപ്പെട്ട സംഭവമെന്നാണ്. ഒറ്റപ്പെട്ട സംഭവമെന്ന് പറയുന്നത് ഈ പിണറായി ഭരണകാലത്ത് ഏറ്റവും തമാശയുള്ള ഒരു വാക്കാണ്. എല്ലാ ദിവസവും ഒറ്റപ്പെട്ട സംഭവങ്ങൾ നടക്കുകയാണ്. പോലീസ് എന്നാൽ ഒരു ഫോഴ്സ് ആണ്. അതിനൊരു hierarchy-യും line of control-മുണ്ട്. മേലുദ്യോഗസ്ഥന്മാർ, കീഴുദ്യോഗസ്ഥന്മാർ എന്ന രീതിയിലാണ് ആ ഫോഴ്സ് പ്രവർത്തിക്കുന്നത്. ഇന്നത്തെ നിങ്ങളുടെ പോലീസിൽ hierarchy പ്രവർത്തിക്കുന്നുണ്ടോ; ആ ലൈൻ ഓഫ് കൺട്രോൾ പോലീസിൽ ഉണ്ടോ; ആരാണ് എസ്.പി.-മാരെ

നിയന്ത്രിക്കുന്നത്; ഡി.ഐ.ജി. ആണോ; ഐ.ജി. ആണോ; ഡി.ജി.പി. ആണോ? അല്ല. പാർട്ടി ജില്ലാ സെക്രട്ടറിമാരാണ്. ഏരിയാ സെക്രട്ടറിമാരാണ് എസ്.എച്ച്.ഒ.-മാരെ നിയന്ത്രിക്കുന്നത്. അവർ പറയുന്നത് മാത്രമാണ് കേൾക്കുന്നത്. എല്ലാ കാര്യത്തിലും ഇടപെടൽ നടത്തുകയാണ്. KAAPA അടിസ്ഥാനത്തിൽ ഗുണ്ടകളെ അറസ്റ്റ് ചെയ്യാൻ ജില്ലാ കളക്ടർമാർ തീരുമാനമെടുക്കുന്നില്ല. പോലീസ് കൊടുക്കുന്ന അപേക്ഷകളിൽ കളക്ടർമാർ തീരുമാനം എടുക്കുന്നുണ്ടോ? അങ്ങ് മറുപടി പറയണ്ടേ? KAAPA അടിസ്ഥാനത്തിൽ ഗുണ്ടകളെ അറസ്റ്റ് ചെയ്യാൻ പോലീസ് സമർപ്പിച്ച എത്ര അപേക്ഷകളിൽ ജില്ലാ കളക്ടർമാർ നടപടി സ്വീകരിച്ചിട്ടുണ്ട്. അവിടെയെല്ലാം രാഷ്ട്രീയ ഇടപെടലുകൾ നടത്തി പ്രതികൾ രക്ഷപ്പെടുകയാണ്. പഴയകാല സെൽ ഭരണത്തിന്റെ ഭീതിതമായ ഒരു പുതിയ രൂപമാണ് കേരളത്തിൽ പാർട്ടികൾ ഇടപെട്ട് നടത്തുന്നത്. നിങ്ങൾ പാർട്ടിയും ഭരണവും ഒരുമിച്ച് കൊണ്ടുപോകുന്ന ആളുകളാണ്. ആ പാർട്ടിയുടെ അനാവശ്യമായ ഇടപെടലുകൾ പോലീസ് ഫോഴ്സ് എന്ന സംവിധാനത്തെ പ്രവർത്തിക്കാൻ കഴിയാത്ത രീതിയിൽ മാറ്റിയിരിക്കുന്നു. KAAPA നിയമമെന്ന് പറയുന്നത് നോക്കുകുത്തിയായി മാറിയിരിക്കുന്നു. ഓപ്പറേഷൻ കാവൽ പദ്ധതിയെക്കുറിച്ച് പറഞ്ഞു. ഓപ്പറേഷൻ കാവൽ-ന്റെ പ്രവർത്തനം

എന്താണെന്ന് അറിയാമോ? ഇനി അക്രമണ സംഭവങ്ങളിൽ ഏർപ്പെടരുതെന്ന് പറഞ്ഞ് 14,000 ഗുണ്ടകളെ പോലീസ് സ്റ്റേഷനിൽ വിളിപ്പിച്ച് ഗുണദോഷിച്ച് വിട്ടു. അവർ എന്താണ് ചെയ്തത്? വാളും തോക്കും കൈബോംബും എല്ലാം പോലീസ് സ്റ്റേഷനിൽ വച്ച് അവർ പിന്നോട്ട് പോയി. ഗുണദോഷിച്ചതോടുകൂടി എല്ലാ ഗുണ്ടകളും പിന്നാക്കം പോയി! ഏത് കാലത്താണ് ഇങ്ങനെ മയക്കുമരുന്ന് ഉപയോഗിച്ച് ക്രൂരമായ കൊലപാതകങ്ങളും ആക്രമണങ്ങളും നടക്കുന്നത്. മയക്കുമരുന്ന് സംഘങ്ങളെ പിടിക്കാൻ പോലീസ് എന്ത് ചെയ്തു? എറണാകുളത്തും തിരുവനന്തപുരത്തും ഉൾപ്പെടെ വലിയ ഹോട്ടലുകളിൽ മയക്കുമരുന്ന് പാർട്ടികൾ നടക്കുന്ന സ്ഥലത്ത് നിങ്ങൾ ഒരു റെയ്ഡ് നടത്തുന്നുണ്ടോ; എവിടെ നിന്നാണ് മയക്കുമരുന്ന് സംഘങ്ങൾ ഇത് കൊണ്ടുവരുന്നതെന്ന് നിങ്ങൾ അന്വേഷിച്ച് നോക്കിയോ? 36 മണിക്കൂർ intoxication കിട്ടുന്ന മയക്കുമരുന്നുകളും കേരളത്തിൽ ലഭിക്കുന്നുണ്ട്. നാവിന്റെ അടിയിൽ വച്ചാൽ എട്ട് മണിക്കൂർ ലഹരിയിൽ ആകുന്ന, അമ്മയെയും പെങ്ങളെയും തിരിച്ചറിയാൻ പറ്റാത്ത മയക്കുമരുന്നുകൾ കേരളത്തിൽ ലഭിക്കുന്നുണ്ട്. അതിന്റെ സോഴ്സ് കണ്ടുപിടിക്കാൻ നിങ്ങളുടെ പോലീസ് എന്താണ് ചെയ്തത്? ഈ മയക്കുമരുന്ന് സംഘങ്ങളെ നിലയ്ക്ക് നിർത്തി, ക്രൂരമായ അക്രമങ്ങൾ

അവസാനിപ്പിക്കാൻ കഴിയണ്ടേ. കോട്ടയത്ത് എന്താണ് സംഭവിച്ചത്. പത്തൊമ്പത് വയസ്സുകാരനെ നടുറോഡിൽനിന്നും പിടിച്ചുകൊണ്ടുപ്പോയി മൂന്ന് മണിക്കൂർ നിരന്തരമായി തല്ലി. കൈകൊണ്ട് ഈ പത്തൊമ്പത് വയസ്സുകാരന്റെ രണ്ട് കണ്ണുകളും കുത്തിപ്പൊട്ടിച്ചു. എന്നിട്ട് വെളുപ്പാൻ കാലത്ത് പോലീസ് സ്റ്റേഷന്റെ മുമ്പിൽ വലിച്ചെറിഞ്ഞു. എന്നിട്ട് ഈ ഗുണ്ട നടത്തിയ വിളയാട്ടം കണ്ട് പാവം പോലീസുകാർ പോലീസ് സ്റ്റേഷന്റെ കതകടച്ച് അകത്തുനിന്നും ജനൽ വഴി ഇയാൾ പോയോ എന്ന് ഒളിഞ്ഞു നോക്കി. അന്വേഷിച്ച് നോക്കു; അതാണ് നിങ്ങളുടെ പോലീസ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അപ്പോൾ പിന്നെ നിങ്ങൾ എത്തി അവരെ പിടിച്ചുകൊടുക്കുകയാണോ ചെയ്തത്?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ എങ്ങും പോയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിഹസിക്കുകയൊന്നും വേണ്ട, അങ്ങ് അന്വേഷിച്ചുനോക്കണം. കോട്ടയം പോലീസ് സ്റ്റേഷന്റെ മുന്നിൽ പത്തൊമ്പത് വയസ്സുകാരന്റെ ഡെഡ് ബോഡി കൊണ്ടുപോയി ഇട്ട സംഭവം. ഇത്രയും ക്രൂരത നടന്ന് എത്ര മണിക്കൂർ കഴിഞ്ഞിട്ടാണ് പോലീസ് തിരിഞ്ഞുനോക്കിയത്. നേരത്തെ പോലീസ് സ്റ്റേഷനിൽ അറിയിച്ചല്ലോ, 'എന്റെ പത്തൊൻപത് വയസ്സുകാരനായ മകനെ തട്ടിക്കൊണ്ടുപോയി' എന്ന്

സ്വന്തം അമ്മയും പെങ്ങളും വന്ന് കരഞ്ഞു പറഞ്ഞിട്ട്, ഏത് ഗുണ്ടയാണ് തട്ടിക്കൊണ്ടുപോയതെന്ന് അറിയാമെന്നു പറഞ്ഞിട്ടും ആ ഗുണ്ടയെ അന്വേഷിച്ച് രാത്രി ആ പോലീസ് സ്റ്റേഷനിൽനിന്നും ഒരു വണ്ടി പോയോ? പോലീസ് സ്റ്റേഷന്റെ പരിസരത്തുണ്ടായിരുന്നു. ആ രാത്രി മുഴുവൻ അവനെ കൊല്ലാതെ കൊല്ലുകയായിരുന്നു. എന്നിട്ടും നിങ്ങൾ പരിഹസിക്കുകയാണ്. അതാണ് നിങ്ങളുടെ പോലീസ്, അതാണ് കോട്ടയത്തുണ്ടായത്. ഇത്രയും ക്രൂരമായ കൊലപാതകങ്ങളാണ് നടക്കുന്നത്. കഴിഞ്ഞ ദിവസം തലശ്ശേരിയിൽ ഹരിദാസിനെ കൊന്നിട്ടിരിക്കുന്ന പടം ഞാൻ സത്യത്തിൽ ദേശാഭിമാനിയിൽ മാത്രമാണ് കണ്ടത്. എന്റെ കണ്ണുനിറഞ്ഞുപോയി. ഞങ്ങൾക്കൊക്കെ ഇത് കാണുമ്പോൾ സങ്കടം വരും, കാല് വെട്ടിയെടുത്തിരിക്കുകയാണ്. ഇതുപോലെ ക്രൂരമായ കൊലപാതകങ്ങളാണ് നടക്കുന്നത്. നിങ്ങൾ എങ്ങനെയാണ് തുടങ്ങിയത്? നിങ്ങളല്ലേ തുടങ്ങിയത്? രാഷ്ട്രീയ കൊലപാതകം മാത്രമായിരുന്നോ നിങ്ങളുടേത്? ടി. പി. ചന്ദ്രശേഖരനെ എങ്ങനെയാണ് കൊന്നത്? വെറുതെയുള്ള കൊലപാതകമാണോ; മരിച്ചിട്ടും കൊല്ലുകയല്ലായിരുന്നോ; മുഖം വികൃതമാക്കുകയല്ലായിരുന്നോ? കൃപേഷിനെ കൊന്നത്, പത്തൊമ്പതുകാരനെ കൊന്നത്, ഇരുപത്തൊന്നു വയസ്സുകാരനെ കൊന്നത്.

തലയിൽ മഴുകൊണ്ട് വെട്ടിപ്പിളർത്തിയല്ലേ കൊന്നത്; കയ്യും കാലും വെട്ടിമാറ്റിയില്ലേ? എത്ര ക്രൂരമായ കൊലപാതകങ്ങളാണ് നടന്നത്. ഞങ്ങളോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചു, ഞങ്ങൾ യു.ഡി.എഫ്. ആണ് കേരളത്തിലെ ക്രമസമാധാനം തകർക്കുന്നതെന്ന്. വേറെ എന്ത് ആരോപണം ഉന്നയിച്ചാലും ഞങ്ങൾ കേരളത്തിന്റെ ക്രമസമാധാനം തകർക്കുന്നുവെന്നുപറഞ്ഞാൽ അത് അങ്ങയുടെ ഒരു തമാശയാണെന്നു മാത്രമേ ഞാൻ പറയുകയുള്ളൂ. അന്താരാഷ്ട്ര തീവ്രവാദ സംഘടനകളൊക്കെയുണ്ട്, അത് ടി.വി.യിലൊക്കെ നമ്മൾ കാണാറുണ്ട്, അവർ ഒറ്റ വെട്ടിന് കൊല്ലും, അല്ലെങ്കിൽ വെടിവച്ചുകൊല്ലും. നിങ്ങൾ എങ്ങനെയാണ് കൊല്ലുന്നത്? നിങ്ങൾ ആദ്യം കൊല്ലേണ്ട ആളിനെ തീരുമാനിക്കും, അവനുവേണ്ടിയുള്ള വാടക കൊലയാളിയെ തീരുമാനിക്കും, ആ വാടക കൊലയാളിക്ക് ആയുധം കൊടുക്കും, വാഹനം കൊടുക്കും, എപ്പോൾ കൊല്ലണം, എങ്ങനെ കൊല്ലണം എന്ന് നിർദ്ദേശിക്കും, കൊന്നുകഴിഞ്ഞാൽ എവിടെ ആയുധം ഉപേക്ഷിക്കണം, എവിടെ വാഹനം ഉപേക്ഷിക്കണം, ഏത് ഏരിയ കമ്മിറ്റിയാണ് ഷെൽറ്റർ കൊടുക്കേണ്ടത് എന്ന് തീരുമാനിക്കും, പ്രതികളെയും നിങ്ങൾ തീരുമാനിക്കും. തീവ്രവാദ സംഘടനകൾ പ്രവർത്തിക്കുന്നതിനേക്കാൾ ക്രൂരമായി പ്രവർത്തിക്കുന്ന

ആളുകൾ ഇവിടെ വന്ന് ക്രമസമാധാനം സംരക്ഷിക്കാൻ ഞങ്ങൾക്ക് ക്ലാസ്സെടുക്കുകയാണ്, ഞങ്ങളെ പഠിപ്പിക്കുകയാണ്. ....(ബഹളം).... വർഗ്ഗീയ കക്ഷികൾക്കെതിരായി ഞങ്ങൾ ആരോപണം ഉന്നയിച്ചില്ല എന്നാണ് പറയുന്നത്. തലശ്ശേരിയിലെ പുന്നോലിൽ ഹരിദാസിനെ വെട്ടിവീഴ്ത്തുമ്പോൾ കിലോമീറ്ററുകൾക്കപ്പുറത്ത് കുമ്പളയിൽ ബി.ജെ.പി.ക്കാരനെ കൊന്ന കേസ്സിലെ പ്രതി സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായി തെരഞ്ഞെടുക്കാൻ ബി.ജെ.പി.യുടെ വോട്ടുപിടിച്ച് ജയിക്കുകയായിരുന്നു, ഹരിദാസിനെ കൊന്ന അതേ ദിവസമാണ് സംഭവം. അതിൽ പ്രതിഷേധിച്ച് ബി.ജെ.പി.ക്കാർ കാസർഗോഡ് ബി.ജെ.പി. ജില്ലാ കമ്മിറ്റി ഓഫീസിൽ കെ. സുരേന്ദ്രനെതിരെ സമരം നടത്തി. കെ. സുരേന്ദ്രന്റെ നിർദ്ദേശപ്രകാരം യു.ഡി.എഫ്. ഭരിക്കുന്ന കുമ്പള പഞ്ചായത്തിൽ നിങ്ങളും ബി.ജെ.പി.യുംകൂടി ചേർന്ന് ജയിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നിട്ട് വർഗ്ഗീയതയ്ക്കെതിരെയുള്ള പോരാട്ടം ഞങ്ങളെ പഠിപ്പിക്കുകയാണ്. ഈരാട്ടുപേട്ട മുനിസിപ്പാലിറ്റിയിൽ എസ്.ഡി.പി.ഐ.യുമായി ചേർന്നുകൊണ്ടും കിലോമീറ്ററുകൾക്കിപ്പുറത്ത് കോട്ടയം മുനിസിപ്പാലിറ്റിയിൽ ബി.ജെ.പി.യുമായി ചേർന്നുകൊണ്ടും ഞങ്ങളുടെ മുനിസിപ്പൽ ഭരണം താഴെയിട്ടവർ ഞങ്ങളെ വർഗ്ഗീയതയ്ക്കെതിരെയുള്ള പോരാട്ടം പഠിപ്പിക്കാൻ

വരികയാണ്. എന്താണിത്? ഇവിടെ ജയിലറകൾ സുഖവാസ കേന്ദ്രങ്ങളാക്കി, കേരളത്തിലെ അറിയപ്പെടുന്ന കൊലയാളികൾ മുഴുവൻ തെരുവിലാണ്. ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞതുപോലെ ഗുണ്ടാ കോറിഡോർ ഈ ജയിലുകളിലാണ്. അവർ പരോളിലിറങ്ങി വീട്ടിൽപ്പോയി ഭാര്യയുടെ കൂടെയിരുന്ന് മക്കളെ കളിപ്പിക്കുകയാണോ? അവർ മയക്കുമരുന്നും സ്വർണ്ണവും കച്ചവടം നടത്തുന്നു, ക്വട്ടേഷൻ ഏറ്റെടുക്കുന്നു. നിങ്ങളുടെ പോലീസ് എവിടെയാണ് നോക്കിനിൽക്കുന്നത്? ആലപ്പുഴയിൽ എസ്.ഡി.പി.ഐ.ക്കാരനെ കൊന്നു. ഇരുപത്തിനാല് മണിക്കൂറിനകം ബി.ജെ.പി.ക്കാരൻ കൊലചെയ്യപ്പെട്ടു. എവിടെയായിരുന്നു അങ്ങയുടെ ഇന്റലിജൻസ്? ക്രമസമാധാനപാലനത്തിന് അവാർഡ് വാങ്ങിക്ക്, ഇതിനൊക്കെയാണ് അവാർഡ് കൊടുക്കുന്നത്. ഇതുപോലുള്ള ക്രൂരമായ കൊലപാതകങ്ങൾ, മയക്കുമരുന്ന് സംഘങ്ങൾ എല്ലാ സ്ഥലത്തും റിപ്പോർട്ട് ചെയ്യപ്പെടുന്ന കാര്യങ്ങളാണ്. ഞാൻ കണക്ക് പറയാം, കണക്ക് പറഞ്ഞുകഴിഞ്ഞാൽ ഇവിടെയൊന്നും തീരില്ല. ഇങ്ങനെ പരോളിൽ പോകുന്നവരെ വരെ സംരക്ഷിക്കുന്ന പ്രസ്ഥാനമായി മാറിയിരിക്കുകയാണ് നിങ്ങളെല്ലാവരും. ഇവിടെ നമുക്ക് വേണ്ടത് സമാധാനമാണ്. ജനങ്ങൾക്ക് ആത്മവിശ്വാസത്തോടുകൂടി ജീവിക്കാൻ കഴിയണം. 'Right to live'

എന്നുപറഞ്ഞാൽ ഞാൻ പറയുന്ന 'Right to live with dignity' എന്നാണെന്ന്. ആത്മാഭിമാനത്തോടെ നാട്ടിൽ ജീവിക്കാൻ കഴിയണം. ഗുണ്ടകളിൽനിന്നും സ്വത്തും ജീവനും സംരക്ഷിക്കാൻ കഴിയണം. പ്രായമായ ആളുകൾ, ഒറ്റയ്ക്ക് താമസിക്കുന്ന ആളുകൾ ഭയപ്പാടോടുകൂടിയാണ് ജീവിക്കുന്നത്. Insecurity ആണ്, അരക്ഷിതാവസ്ഥയാണ് കേരളത്തിലുള്ളത്. അങ്ങ് കെ.പി.സി.സി. പ്രസിഡന്റിനെക്കുറിച്ച് ആക്ഷേപിച്ചല്ലോ, ഇവിടെ അങ്ങ് ഏറ്റവും കൂടുതൽ സമയമെടുത്ത് സംസാരിച്ചത് ഇടുക്കിയിലെ കൊലപാതകം സംബന്ധിച്ചാണ്. ആ കുട്ടി മരണപ്പെട്ടത് ദൗർഭാഗ്യകരമായ സംഭവമാണ്, ഒരു സംശയവും വേണ്ട. ...(ബഹളം)... ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടാണ് ചോദിക്കുന്നത്, ആ സ്ഥാനത്തുകയറി ശ്രീ. എ. എൻ. ഷംസീർ ഇരിക്കണ്ട. ബഹുമാനപ്പെട്ട സ്പീക്കറായും മുഖ്യമന്ത്രിയായും ശ്രീ. എ. എൻ. ഷംസീർ ഇരിക്കണ്ട. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടാണ് ചോദിക്കുന്നത്. അങ്ങ് അവിടത്തെ പോലീസ് ഉദ്യോഗസ്ഥരോട് ചോദിക്കണം. നിങ്ങൾ കൊലപാതകം നടത്തുന്നതുപോലെ ആരെങ്കിലും എവിടെയെങ്കിലും ഗൂഢാലോചന നടത്തി ആസൂത്രണം ചെയ്ത് നടത്തുന്നുണ്ടോ? ...(ബഹളം)... ആറുപേരെ നൂറ്റമ്പത് പേർ ചേർന്ന് ആക്രമിച്ചപ്പോൾ അവരെ ഓടിച്ചിട്ട് ക്രൂരമായി തല്ലിയപ്പോൾ,

350 മീറ്റർ ദൂരെയാണ് ഓടിയത്. ...(ബഹളം)... ഞങ്ങൾ ഒന്നും ന്യായീകരിക്കില്ല, ഒരു കൊലപാതകത്തെയും ന്യായീകരിക്കില്ല. ഞങ്ങൾ ഒരാളെയും സംരക്ഷിക്കില്ല. ...(ബഹളം)... പക്ഷെ അങ്ങ് പോലീസിനോട് ചോദിക്കണം. ...(ബഹളം)...

മി. സ്പീക്കർ: ഇരുഭാഗത്തുമുള്ള അംഗങ്ങൾ ദയവായി ഇരിക്കൂ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസംഗം അവസാനിപ്പിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, സി.പി.ഐ.(എം) അംഗങ്ങൾ പ്രകോപിതരാകും, എനിക്കത് മനസ്സിലാകും. ...(ബഹളം)...

മി. സ്പീക്കർ: ഇരിക്കൂ. ഇരിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, സി.പി.ഐ.(എം) അംഗങ്ങൾ പ്രതിഷേധിക്കുന്നത് നമുക്ക് മനസ്സിലാക്കാം. ഒരു സി.പി.ഐ. അംഗം കൂടി പ്രതിഷേധിക്കുകയാണ്. ഞാൻ നിങ്ങളോട് ചോദിക്കുന്നു, നിങ്ങളുടെ എ.ഐ.എസ്.എഫ്.-ന്റെ സംസ്ഥാന ഭാരവാഹിയെ കോട്ടയത്തെ യൂണിവേഴ്സിറ്റി ക്യാമ്പസ്സിലിട്ട് എസ്.എഫ്.ഐ.ക്കാർ അപമാനിച്ചപ്പോൾ, ലൈംഗികാതിക്രമം നടത്തിയെന്ന് പരാതി കൊടുത്തപ്പോൾ അയാളെ നിങ്ങളുടെ പോലീസ് അറസ്റ്റ് ചെയ്തോ? ...(ബഹളം)... പത്തനംതിട്ടയിൽ സി.പി.ഐ.ക്കാരെ നടുറോഡിൽ വലിച്ചിട്ട് ചവിട്ടിയപ്പോഴും എന്ത് ചെയ്തു.

ആ പോലീസിന് പിന്തുണ കൊടുക്കാൻ നിങ്ങൾക്ക് നാണമുണ്ടോ, ... (ബഹളം)... ഈ കേരളത്തിൽ സ്വന്തം ഇടതുമുന്നണിയിൽപ്പെട്ട രണ്ടാമത്തെ കക്ഷിയായ സി.പി.ഐ.ക്കുപോലും രക്ഷയില്ല. എതിരാളികളെ രാഷ്ട്രീയ പ്രവർത്തനം നടത്താൻ സമ്മതിക്കില്ല. ...(ബഹളം)...

മി. സ്പീക്കർ: അങ്ങ് ആവശ്യത്തിന് സമയമെടുത്തു, അവസാനിപ്പിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. കേരളത്തിലെ പോലീസിൽ ആർ.എസ്.എസ്.കാർ ഉണ്ടെന്ന് പറഞ്ഞത് ഡി. രാജയാണ്; ഞങ്ങളല്ല പറഞ്ഞത്. കേരളത്തിലെ പോലീസിൽ എസ്.ഡി.പി.ഐ.ക്കാരും ആർ.എസ്.എസ്.കാരും കടന്നുകൂടിയതിന് പ്രതിപക്ഷത്തെ കുറ്റപ്പെടുത്തണോ? അതിന്റെ ഉത്തരവാദിത്വം നിങ്ങൾക്കാണ്. നിങ്ങൾ വർഗ്ഗീയ കക്ഷികളെ പ്രീണിപ്പിച്ച് പാർട്ടിക്കാരെ ഇടപെടുവിച്ച് ഈ സംസ്ഥാനത്തിന്റെ ക്രമസമാധാനം തകർത്തു. ഈ ഗൗരവതരമായ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി )

11.00 am]

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കേരളത്തിൽ ഇന്ന് വളർന്നുവന്നിരിക്കുന്ന സ്ഥിതിവിശേഷത്തെക്കുറിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ അതിന്റേതായ ഗൗരവത്തോടും നിഷ്പക്ഷതയോടുംകൂടി തന്നെയാണ് അവതരിപ്പിച്ചത്. കൊല്ലപ്പെടുന്നതും മരിക്കുന്നതും ആരായാലും നിരന്തരം സംഭവങ്ങളുണ്ടാകുന്നു. എന്താണ് ഇത്തരത്തിൽ നിരന്തരം സംഭവങ്ങളുണ്ടാകുന്നതിന്റെ പിറകിലുള്ളത്; വളരെ നിഷ്പക്ഷമായി പറഞ്ഞാൽ കേരളത്തിൽ സംഭവങ്ങൾ വളരെ കൂടിയിട്ടുണ്ട്. ഗുണ്ടാവിളയാട്ടം, മയക്കുമരുന്ന് ഉപയോഗിച്ചുകൊണ്ടുള്ള ക്രൂരതകൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, കല്യാണ പാർട്ടിയിൽച്ചെന്നുള്ള ബോംബേറ് അങ്ങനെ നിരന്തരം വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. കേരളത്തിൽ നിരന്തരം സംഭവവികാസങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. നമ്മൾ ഉത്തർപ്രദേശ് ഉൾപ്പെടെ മറ്റ് സംസ്ഥാനങ്ങളെക്കാൾ മെച്ചമാണെന്ന് പറഞ്ഞുകൊണ്ടിരുന്നിട്ട് കാര്യമില്ല. അതല്ല ഇവിടെ സംഭവിക്കുന്നത്. കേരളത്തിൽ ക്രൈം കൂടിക്കൊണ്ടിരിക്കുന്നു, അക്രമസംഭവങ്ങൾ കൂടുന്നു, അതിക്രൂരമായ സംഭവങ്ങളുണ്ടാകുന്നു, കയ്യും കാലും വെട്ടിയെടുത്ത് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി ഇടുന്നു. ഇങ്ങനെയൊക്കെ വന്നപ്പോൾ നമ്മുടെ

ലാ ആൻഡ് ഓർഡർ സംവിധാനം താഴേയ്ക്ക് പോകുകയാണോയെന്ന് ജനങ്ങൾക്കിടയിൽതന്നെ ഒരു സംസാരമുണ്ട്. ഭീതിജനകമായ സ്ഥിതിയുണ്ട്. ലാ ആൻഡ് ഓർഡർ മോശമായിക്കൊണ്ടിരിക്കുകയാണ്. അത് കൺട്രോളില്ലാതെ പോകുന്നു, പോലീസ് ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്നതാണ് ഗൗരവതരമായ വിഷയം. ഇവിടെ ഭരിക്കുന്നത് ഇടതുപക്ഷ മുന്നണിയാണ്. ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന പാർട്ടിയുടെ ഇടപെടലുണ്ടെന്നുള്ള ആരോപണവും വരുന്നു. ഇങ്ങനെ പോയാൽ ആർക്കും രക്ഷയില്ലാത്ത സ്ഥിതിയുണ്ടെന്ന തോന്നൽ കേരളത്തിൽ വരുന്നു. അതിന്റേതായ നിഷ്പക്ഷതയോടും ഗൗരവത്തോടുംകൂടി തന്നെയാണ് അടിയന്തരപ്രമേയം അവതരിപ്പിച്ചത്. പക്ഷെ അതിനോട് സ്വീകരിക്കേണ്ട സമീപനമിതല്ല. നിലവിലെ സ്ഥിതിയിൽ മാറ്റം വരുത്താനാണ് നോക്കേണ്ടത്. ഇത് വളരെ ഗൗരവത്തിലെടുത്ത് ഈ സിറ്റുവേഷൻ കൺട്രോൾ ചെയ്ത് പോകാനുള്ള ഉത്തരവാദിത്വം കാണിക്കണം. കൊലപാതകങ്ങളും അക്രമങ്ങളും നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുന്നു. സുരക്ഷിതത്വമില്ലെന്ന തോന്നൽ എല്ലാവർക്കും വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് വളരെ ഗൗരവമുള്ള ഒരു വിഷയമെന്ന നിലയ്ക്കാണ് ഇന്ന് അടിയന്തരപ്രമേയം ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ അവതരിപ്പിച്ചത്.

പ്രതിപക്ഷനേതാവ് വിശദമായി അതിനെക്കുറിച്ച് പറഞ്ഞു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചത് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി).

ശ്രീ. പി. ജെ. ജോസഫ്: സർ, കൊലപാതകങ്ങളുടെയും ആക്രമണങ്ങളുടെയും എണ്ണമല്ല, മറ്റൊരു കാലത്തുമില്ലാത്തതുപോലെ ഗുണ്ടകൾ വളരെ സംഘടിതമായി പ്രവർത്തിക്കുകയാണ്. ഗുണ്ടകൾക്ക് മയക്കമരുന്ന് ലോബികളുമായി വലിയ ബന്ധമുണ്ട്. എറണാകുളത്ത് ഹോട്ടലുകളിൽ മയക്കമരുന്ന് പാർട്ടികൾ നടക്കുന്നു. ഈ ഗുണ്ടാവിളയാട്ടവും മയക്കമരുന്ന് ലോബിയും നിയന്ത്രിക്കുന്നതിൽ ഗവൺമെന്റിന് വീഴ്ച പറ്റിയിരിക്കുന്നു. അത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭയിൽനിന്ന് പുറത്തുപോയി).

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകിയപ്പോൾ യു.ഡി.എഫ്.-ന്റെ കാലത്ത് രാഷ്ട്രീയ കൊലപാതകങ്ങൾ, ഗുണ്ടാ ആക്രമണങ്ങൾ ഇത്രയും, എന്നാൽ എൽ.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ ഇത്രയേയുള്ളൂ എന്നുപറഞ്ഞ മറുപടി ആശാസ്യമായ ഒന്നല്ല. രാഷ്ട്രീയ കൊലപാതകങ്ങളും ഗുണ്ടാ ആക്രമണങ്ങളും ഇന്നും നിലനിൽക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. അതിനെ എങ്ങനെ അമർച്ച ചെയ്യാൻ സാധിക്കുമെന്നതാണ് നോക്കേണ്ടത്. പക്ഷെ അതിൽ ഗവൺമെന്റ് പരാജയപ്പെടുന്നു. ഇവിടെ ഗുണ്ടാ ആക്രമണങ്ങൾ വർദ്ധിച്ചുവരികയാണ്. കേരളത്തിൽ ഇന്ന് നടക്കുന്ന അക്രമരാഷ്ട്രീയങ്ങൾക്കും ഗുണ്ടാ ആക്രമണങ്ങൾക്കും പിന്നിൽ മയക്കുമരുന്നിന്റെ വലിയ വ്യാപനമുണ്ട്. കേരളത്തിന്റെ ക്രമസമാധാനനില സമ്പൂർണ്ണമായി പരാജയപ്പെട്ടിരിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും വാക്ക്ഔട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽനിന്ന് പുറത്തുപോയി)

<u>ശ്രീമതി കെ. കെ. രമ</u>: സർ, കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 86390 ആക്രമണങ്ങൾ സ്ത്രീകൾക്കെതിരെ നടന്നുവെന്നാണ് ഇപ്പോൾ

മുഖ്യമന്ത്രി ഉൾപ്പെടെ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. എന്ത് നടപടിയാണ് ഇത്തരം വിഷയങ്ങളിലെടുത്തത് എന്നുള്ളതാണ് ഏറ്റവും പ്രധാനം. ഒരുമിനിട്ട് എനിക്ക് പറയണം.

മി. സ്പീക്കർ: ഇത് വാക്കൗട്ട് പ്രസംഗമാണ്.

ശ്രീമതി കെ. കെ. രമ: സർ, മുഖ്യമന്ത്രിയുടെ മന:സാക്ഷി പ്രസംഗവും ഞെട്ടൽ പ്രസംഗവുമൊക്കെ നമ്മൾ ഇവിടെ കേട്ടു. അത്തരം വികാരപ്രകടനങ്ങളുള്ളയാളാണ് ശ്രീ. പിണറായി വിജയൻ എന്ന് അറിയുന്നതിൽ സന്തോഷമുണ്ട്. അതുപോലെതന്നെ ക്രിമിനലുകളോട് എന്തിനാണ് ഇത്രയും പ്രേമം? കൊലയാളിയായി ശിക്ഷിക്കപ്പെട്ട ആളുകൾ ഇപ്പോഴും നമ്മുടെ നാട്ടിൽ നടക്കുകയാണ്. അവരെ തിരിച്ച് ജയിലിലേയ്ക്ക് അയയ്ക്കാൻ ഒരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. ഇത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭയിൽനിന്ന് പുറത്തുപോയി)

(സഭയിൽനിന്നും പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

## IV ശ്രദ്ധക്ഷണിക്കൽ

### 1. വന്യമൃഗ ആക്രമണം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കാർഷിക സമ്പദ്ഘടനയിൽ അമൂല്യമായ സംഭാവനകൾ അർപ്പിച്ചവരാണ് മലയോര കർഷകർ. ഇന്നവർ വലിയ പ്രതിസന്ധി നേരിടുകയാണ്. കസ്തൂരിരംഗൻ റിപ്പോർട്ട് ഒരു ഭാഗത്തും മഴപെയ്താൽ ഉരുൾപൊട്ടൽ ഭീഷണി, വന്യജീവി ആക്രമണം എന്നിവ മറുവശത്തുമാണ്. ആന, കാട്ടുപോത്ത്, കാട്ടുപന്നി, മുള്ളൻപന്നി, കുരങ്ങ്, പുലി, കടുവ തുടങ്ങി മൃഗങ്ങളുടെ ആക്രമണം നിരന്തരമായി ഉണ്ടാകുകയാണ്. കൃഷി ചെയ്ത് ജീവിച്ചുപോകാൻ കഴിയാത്ത അവസ്ഥയാണ്. മലയോരത്തുനിന്നും കൂട്ടമായി കൃഷിസ്ഥലം ഉപേക്ഷിച്ച് പോകേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്. നാട്ടിൻപ്രദേശങ്ങളിലും പട്ടണങ്ങളിലും കാട്ടുമൃഗ സാന്നിദ്ധ്യമില്ലാത്ത ദിവസങ്ങളില്ല. ആക്രമണകാരികളിൽ മുന്നിൽ നിൽക്കുന്നത് ആനയാണ്. 2013-19-വരെ 14611 തവണ ആനയുടെ ആക്രമണമുണ്ടായി. തൊട്ടുപിന്നിൽ വില്ലനായി നിൽക്കുന്നത് പന്നിയാണ്. അത് 5518 ആണ്. കുരങ്ങ്- 4405, പാമ്പ് -2531, പുലി- 547, കടുവ -513. 2013-14 മുതൽ 2018-19 വരെ 48153

തവണ കാർഷിക വിളകൾക്കുനേരെ ആക്രമണം നടത്തിയിട്ടുണ്ട്.

(അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

കാട്ടുമൃഗാക്രമണത്തിൽ മനുഷ്യജീവൻ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതുവരെയുള്ള കണക്കനുസരിച്ച് 132 മരണം സംഭവിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ പാലക്കാടാണ്, 43 മരണം. കണ്ണൂർ - 12, വയനാട് - 25, ഇടുക്കി -24, മലപ്പുറം -17, തൃശ്ശൂർ - 11. തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി കണ്ണംകുഴിയിൽ കാട്ടാന ആക്രമണത്തിൽ ആഗ്നിമിയ എന്ന അഞ്ച് വയസ്സുകാരിയുടെ മരണം ഞെട്ടലോടെയാണ് കേരളം ശ്രവിച്ചത്. കണ്ണൂർ ആറളം ഫാമിൽ ചെത്ത് തൊഴിലാളിയെ ആന ചവിട്ടിക്കൊന്നു. കോഴിക്കോട് പട്ടണത്തിൽ പന്നിയിടിച്ച് വാഹനങ്ങൾ കൂട്ടിമുട്ടി ഒരാൾ മരിച്ചു. വയനാട്ടിൽ ഇന്നലെയും ഒരു ആദിവാസി സ്ത്രീയെ ആന ചവിട്ടിക്കൊന്നു. വനമേഖലയിൽ താമസിക്കുന്നവരുടെ ജീവനും അവർ കഷ്ടപ്പെട്ടുണ്ടാക്കിയ കാർഷിക വിഭവങ്ങളും സംരക്ഷിക്കാൻ സംസ്ഥാന സർക്കാർ കോടിക്കണക്കിന് രൂപയാണ് ചെലവഴിച്ചത്. എന്നാൽ ഇതുകൊണ്ടൊന്നും വന്യജീവികളുടെ ആക്രമണത്തിന് യാതൊരു പരിഹാരവുമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. കേരളത്തിൽ ആകെ പ്രദേശത്തിന്റെ 29 ശതമാനമായ 11309.47 ച.കി.മീ. വനമാണ്. 1987-ൽ 11222 ച.കി.മീ. മാത്രമായിരുന്നു.

സമീപകാലത്ത് വനവിസ്തൃതി വർദ്ധിച്ചതായി കാണാം. വനസംരക്ഷണത്തിൽ നാം ഏറെ ശ്രദ്ധ ചെലുത്തുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നിട്ടും എന്തേ കാട്ടുമൃഗ ശല്യം വർദ്ധിക്കുന്നു? മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷം ഇന്ന് ആഗോള തലത്തിൽ ചർച്ച ചെയ്യപ്പെടുകയാണ്. World Wildlife Fund ഈ വിഷയത്തെ നിർവ്വചിച്ചിട്ടുണ്ട്. ശാസ്ത്രീയമായ കാഴ്ചപ്പാടോടുകൂടിയും തുറന്ന മനസ്സോടെയും ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണിത്. എന്നാൽ കൃഷിക്കാർ പരിസ്ഥിതി വിരുദ്ധരാണെന്നൊരു പൊതുബോധം കേരളത്തിൽ നിലനിൽക്കുന്നുണ്ട്, അത് മാറ്റേണ്ടതുണ്ട്. ഇത് കൃഷിക്കാരുടെ മാത്രം പ്രശ്നമല്ല. നമ്മുടെ ആവാസവ്യവസ്ഥയെ തകിടം മറിക്കുന്ന വിഷയമായി കേരളത്തിൽ മാറിയിട്ടുണ്ട്. കാട്ടുമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. 1993-ൽ 42086 ആനകളുണ്ടായിരുന്നു. എന്നാൽ 2011-ലെ കണക്കനുസരിച്ച് അത് 7490 ആണ്. 1000 കാട്ടാനകളെ ഉൾക്കൊള്ളാനുള്ള ശേഷിയേ കേരളത്തിനുള്ളൂ. പന്നിയാണ് ക്ഷുദ്രജീവികളിൽ ഏറ്റവും പ്രയാസമുണ്ടാക്കുന്നതെന്ന് കാണാൻ കഴിയും. ക്ഷുദ്രജീവിയായി പന്നിയെ പ്രഖ്യാപിക്കാനുള്ള നടപടികൾ സംസ്ഥാന സർക്കാർ ആരംഭിച്ചുവെന്നത് സ്വാഗതാർഹമാണ്. 406 വില്ലേജുകൾ

ഹോട്ട്സ്പോട്ടുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രഖ്യാപനത്തിന്റെ മാനദണ്ഡം എന്താണ്? വനത്തോട് ചേർന്നുനിൽക്കുന്ന കാട്ടുമൃഗശല്യം രൂക്ഷമായ വില്ലേജുകൾ ലിസ്റ്റിലില്ല. കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി, നെല്ലിപ്പൊയിൽ, തിരുവമ്പാടി, കൂടരഞ്ഞി, കട്ടിപ്പാറ, പുതുപ്പാടി തുടങ്ങിയ ജില്ലകളില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് പ്ലീസ്.....

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, ഒരു മിനിട്ടുകൂടി. പന്നിയെ വെടിവച്ചുകൊല്ലാനുള്ള സൗകര്യമുണ്ടെങ്കിലും ലൈസൻസ് അനുവദിക്കുന്നില്ല. ഇതാണ് മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം. അടിയന്തരമായി നമ്മുടെ കാടിന്റെ ക്യാരിയിംഗ് കപ്പാസിറ്റിയെ സംബന്ധിച്ച് വനം വകുപ്പ് പഠിക്കണം. പഠനത്തിനുശേഷം നിശ്ചിത അളവിൽ കൂടുതലുള്ള മൃഗങ്ങളെ കള്ളിംഗിന് വിധേയമാക്കണം. പല വികസിത രാജ്യങ്ങളിലും നിശ്ചിത സമയത്ത് കള്ളിംഗ് അനുവദിക്കുന്നുണ്ട്. ഓസ്ട്രേലിയയിൽ ദേശീയ മൃഗമായ കങ്കാരുവിനെ എല്ലാ വർഷവും കൊന്നൊടുക്കുന്നുണ്ട്. സ്വീഡനിൽ ഒരു പ്രത്യേകതരം മാനിനെ വർഷത്തിൽ ഒരു ലക്ഷമാണ് കൊന്നൊടുക്കി ഭക്ഷണത്തിനായി ഉപയോഗിക്കുന്നത്. കലോറി ഏറ്റവും കൂടുതലുള്ള പന്നിയെ കൊന്ന് മണ്ണെണ്ണ ഒഴിച്ച് കുഴിച്ചുമൂടുകയാണ് നാം ചെയ്യുന്നത്. ചില

നാട്ടുകളിൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് മൃഗവേട്ട അനുവദിച്ചിട്ടുണ്ട്. 1004 കേന്ദ്രങ്ങൾ സംഘർഷമുള്ള പ്രദേശമായി നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം കൊടുത്തുകൊണ്ട് ഇലക്ട്രിക് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ആനക്കെട്ട്, കിടങ്ങുകൾ എന്നിവ സൃഷ്ടിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. നാമമാത്രമായ നഷ്ടപരിഹാരമാണ് കൃഷിക്കാർക്ക് നൽകുന്നത്. നെല്ലിന് ഹെക്ടറിന് 11,000/-രൂപ, തെങ്ങിന് 770/-രൂപ, തെങ്ങിൻതൈ 355/-രൂപ, ഒരുവർഷം പ്രായമായ തെങ്ങിന് 110/-രൂപ, കുലച്ച വാഴയ്ക്ക് 110/-രൂപ, കുലയ്ക്കാത്ത വാഴയ്ക്ക് 83/-രൂപ, റബ്ബർ ടാപ്പ് ചെയ്യുന്നതിന് 330/-രൂപ, ഈ തുച്ഛമായ നഷ്ടംപോലും യഥാസമയം ലഭിക്കുന്നില്ല. ന്യായമായ നഷ്ടപരിഹാരം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ്. ഇതിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കാനുള്ളത്. കാട്ടിനകത്ത് മൃഗങ്ങൾക്ക് ഭക്ഷണവും വെള്ളവും ലഭ്യമാക്കാനുള്ള പദ്ധതികൾ വേണം. കേന്ദ്ര വനം-വന്യജീവി സംരക്ഷണ നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ വേണം. നിയമങ്ങളെയും വ്യവസ്ഥകളെയും അംഗീകരിക്കുന്നവരാണ് കൃഷിക്കാർ. 'ഗതികെട്ടാൽ പുലി പുല്ലും തിന്നും'. കർഷകരെ നിയമലംഘനത്തിലേയ്ക്ക് തള്ളിവിടരുതെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ഗുരുതരമായ ഈ

വിഷയം ബഹുമാനപ്പെട്ട മന്ത്രി ഗൗരവപൂർവ്വം പരിഗണിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതേ വിഷയം ഉന്നയിച്ചുകൊണ്ട് സർവ്വശ്രീ. ലിന്റോ ജോസഫ്, പ്രമോദ് നാരായൺ, സനീഷ്‌കുമാർ ജോസഫ്, റോജി എം. ജോൺ എന്നീ അംഗങ്ങൾ സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ട്. അവർകൂടി ഓരോ മിനിറ്റ് സംസാരിച്ചതിനുശേഷം ബഹുമാനപ്പെട്ട മന്ത്രി ഒരുമിച്ച് മറുപടി പറഞ്ഞാൽ മതിയാകും.

ശ്രീ. പ്രമോദ് നാരായൺ: സർ, വന്യമൃഗശല്യം ഏറ്റവും രൂക്ഷമായ റാന്നി മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ. എന്ന നിലയിൽ അൽപ്പസമയംകൂടി അനുവദിക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു മിനിട്ടുകൊണ്ട് വിഷയം പറഞ്ഞാൽ മതി.

ശ്രീ. പ്രമോദ് നാരായൺ: സർ, റാന്നിയിൽ ചൊവ്വാലിയിൽ പുലിയിറങ്ങി എന്ന വാർത്ത അറിഞ്ഞതിനെത്തുടർന്ന് ഞാൻ അവിടേയ്ക്ക് ചെല്ലുമ്പോൾ ആൾക്കൂട്ടത്തിനിടയിൽനിന്ന് അഞ്ചുവയസ്സുകാരിയായ വൈഷ്ണവിയും മൂന്ന് വയസ്സുള്ള വൈഗയും മുന്നോട്ടുവന്നു. തങ്ങൾ ഓമനിച്ച് വളർത്തിയ നായയെ പുലി കൊണ്ടുപോയതിനെക്കുറിച്ച് പറയുമ്പോൾ

അവരുടെ കണ്ണുകളിൽ മുഴുവൻ നിറഞ്ഞത് ഭീതിയായിരുന്നു. കാട്ടാനക്കലിയിൽ ഞെരിഞ്ഞമർന്ന ആഗ്നിമിയ എന്ന അഞ്ചുവയസ്സുകാരിയുടെ ദാരുണാന്ത്യം, കേരളത്തിലെ പിഞ്ചുമക്കളുടെ മാത്രമല്ല, അവരെ മടിയിൽക്കിടത്തി ഉറക്കുന്ന അമ്മമാരുടെ മുഴുവൻ മഹാസങ്കടമായി മാറിയിരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....പ്ലീസ്... ശ്രീ. പ്രമോദ് നാരായൺ, അങ്ങ് വിഷയം ഉന്നയിക്കൂ.

ശ്രീ. പ്രമോദ് നാരായൺ: സർ, മലയോര മേഖലകളിലെ രാപ്പകലുകൾ താണ്ടുന്നത് ഭീതിയിലാണ്. വന്യമൃഗ ആക്രമണത്തിൽ ഏറ്റവും രൂക്ഷമായത് കാട്ടുപന്നികളാണ്. ആ കാട്ടുപന്നികളുടെ ആക്രമണത്തിന്റെ പട്ടിക കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന് തയ്യാറാക്കി നൽകിയപ്പോൾ ആദ്യം ഉണ്ടായിരുന്ന 900 വില്ലേജുകൾ എന്നത് ഇപ്പോൾ 406 ആയി ചുരുക്കി. അങ്ങനെ ചുരുക്കിയപ്പോൾ ഏറ്റവും കൂടുതൽ കാട്ടുമൃഗ ആക്രമണമുള്ള റാന്നിയിലെതന്നെ കൊല്ലമുള, അത്തിക്കയം, ചേത്തക്കൽ, പഴവങ്ങാടി, അങ്ങാടി, പെരുമ്പെട്ടി പോലെയുള്ള രൂക്ഷമായ കാട്ടുപന്നി ആക്രമണമുള്ള സ്ഥലങ്ങൾ ഒഴിവാക്കപ്പെട്ടിരിക്കുന്നു. ജനപ്രതിനിധികൾ, എം.എൽ.എ.-മാർ, കർഷക സംഘടനകൾ ഇവരൊന്നും ഈ പട്ടിക തയ്യാറാക്കിയതിനെക്കുറിച്ച്

അറിഞ്ഞിട്ടില്ല. ഇന്ത്യൻ പാർലമെന്റിൽ ഈ വിഷയം ഉന്നയിച്ചുകൊണ്ട് കേരള കോൺഗ്രസ് (എം.) ചെയർമാൻ ശ്രീ. ജോസ് കെ. മാണി പറഞ്ഞ ഒരു കാര്യമുണ്ട്. 1972-ലെ വനം-വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്തെങ്കിൽ മാത്രമേ ശാശ്വതമായി ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയൂ. ഇതിനായി കേരളത്തിന്റെ ശബ്ദം കൂടുതൽ കരുത്തോടെ ആകണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, വന്യമൃഗ ആക്രമണംകൊണ്ട് ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു നിയോജക മണ്ഡലത്തിൽനിന്നാണ് ഞാൻ വരുന്നത്. ചാലക്കുടിയിൽ കഴിഞ്ഞ ദിവസം ആഗ്നിമിയ എന്ന പെൺകുട്ടി കാട്ടാനയുടെ ആക്രമണത്തിൽ ദാരുണമായി മരണപ്പെടുന്ന ഒരു സാഹചര്യമുണ്ടായി. കഴിഞ്ഞ എട്ട് മാസത്തിനുള്ളിൽ ഏഴോളം ആളുകളാണ് ചാലക്കുടി ഡിവിഷനിൽമാത്രം കാട്ടാന ആക്രമണംകൊണ്ട് മരണപ്പെട്ടത്. ജനങ്ങൾക്ക് ജീവിക്കാനും-കൃഷിചെയ്യാനും കഴിയാത്ത ഒരു സാഹചര്യമാണ്. മലക്കപ്പാറപോലെയുള്ള പ്രദേശത്തൊക്കെ കാട്ടാനയുടെ ആക്രമണം നിത്യസംഭവമായി മാറിയിരിക്കുകയാണ്. സ്കൂളുകളിൽപ്പോലും കാട്ടാനകളുടെ ആക്രമണംകൊണ്ട് വലിയ ദുരന്തങ്ങളാണുണ്ടായിക്കൊണ്ടിരിക്കുന്നത്. അതിന് ശാശ്വതമായ ഒരു പരിഹാരം കാണുന്നതിനുള്ള നടപടികൾ

ഉണ്ടാകണം. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 98 ലക്ഷം രൂപയാണ് ചാലക്കുടി ഡിവിഷനിൽമാത്രം നഷ്ടപരിഹാരം കൊടുക്കാനായിട്ടുള്ളത്. ആ നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. വന്യമൃഗശല്യം തടയുന്നതിന് ആർ.ആർ.ടി.-യുടെ സേവനം ചാലക്കുടിയിൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണം.

ശ്രീ. റോജി എം. ജോൺ: സർ, നിയമസഭയിലും പലവേദികളിലും നിരന്തരം ഉന്നയിക്കുന്ന ഒരു വിഷയമാണിത്. വനമേഖലയുമായി ബന്ധപ്പെട്ട് കിടക്കുന്ന എല്ലാ നിയോജകമണ്ഡലങ്ങളിലും അവിടത്തെ ജനങ്ങൾ അനുഭവിക്കുന്ന അതീവ ഗുരുതരമായ പ്രശ്നമാണ് നിരന്തരമായ വന്യജീവി ആക്രമണം. എന്റെ നിയോജകമണ്ഡലത്തിലെ വനമേഖലയോട് ചേർന്നുകിടക്കുന്ന അയ്യമ്പുഴ, മലയാറ്റൂർ പഞ്ചായത്തുകൾ. അതോടൊപ്പം ഇത്രയും കാലങ്ങളിലൊന്നും വന്യജീവി ആക്രമണം ഇല്ലാതിരുന്ന മൂക്കന്നൂർ, കറുകുറ്റി പഞ്ചായത്തുകളിലേയ്ക്കുപോലും ഇപ്പോൾ ആനയും മറ്റ് വന്യമൃഗങ്ങളും കടന്നുവരുന്ന സാഹചര്യമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വനത്തിനകത്ത് വന്യജീവികളുടെ എണ്ണം പെരുകുകയും അത് ജനവാസ മേഖലയിലേയ്ക്ക് കടന്നുവരികയുമാണ്. നമ്മൾ നിരന്തരമായി ആവശ്യപ്പെടുന്ന കാര്യമാണ്, വന്യമൃഗങ്ങളെ വനം മേഖലയിൽത്തന്നെ

നിലനിർത്തുന്നതിനാവശ്യമായ ഫെൻസിംഗ്. അത് ഹാങ്ങിംഗ് ഫെൻസിഗോ സോളാർ ഫെൻസിംഗോ ആകാം. അതുപോലെ ട്രെഞ്ച് ഉൾപ്പെടെ നിർമ്മിച്ചുകൊണ്ട് വന്യമൃഗങ്ങളെ വനമേഖലയിൽതന്നെ നിലനിർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വലിയൊരു പ്ലാന്റേഷൻ മേഖലയുണ്ട്. ആ മേഖലയിൽ തുച്ഛമായ വേതനത്തിന് തൊഴിലെടുക്കുന്ന ആളുകൾ, അവർ തൊഴിലെടുക്കുന്ന പ്ലാന്റേഷൻ മേഖലകളിലേയ്ക്കുപോലും വന്യമൃഗങ്ങൾ കടന്നുവന്ന് അവരെ ആക്രമിക്കുകയും അവിടെ വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാക്കുകയുമാണ്. കൃഷിക്കാർക്കുണ്ടാകുന്ന നഷ്ടം പോലും കൃത്യസമയത്ത് കൊടുത്തുതീർക്കാൻ കഴിയുന്നില്ല. അലോക്കേഷൻ കിട്ടാത്തതുകൊണ്ട് ഒരു കോടിയിൽപ്പരം രൂപയാണ് മലയാറ്റൂർ ഡിവിഷനുകീഴിൽ മാത്രം നഷ്ടപരിഹാരം കൊടുത്തു തീർക്കാനുള്ളത്. ഈ കാര്യത്തിൽ അടിയന്തര നടപടിയുണ്ടാകണം. നഷ്ടപരിഹാരം താമസംവിനാ കൊടുത്തുതീർക്കാൻ കഴിയണം.

ശ്രീ. ലിന്റോ ജോസഫ്: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ വന്യജീവി ആക്രമണം നടക്കുന്ന ഒരു മണ്ഡലാണ് തിരുവമ്പാടി നിയോജക മണ്ഡലം. ശ്രദ്ധക്ഷണിക്കലിലൂടെയും സബ്മിഷനിലൂടെയും നിരവധി തവണ ഈ

വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഇപ്പോഴും അത് തുടർന്നുകൊണ്ടിരിക്കുകയാണ്. ഏറ്റവും കൂടുതൽ രൂക്ഷമായ പ്രശ്നങ്ങളിലൊന്ന് കാട്ടുപന്നിയുടെ ശല്യമാണ്. ജനവാസ മേഖലകളിൽ കാട്ടുപന്നിശല്യം അതിരൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. അടുത്തിടയ്ക്ക് കാട്ടുപന്നിശല്യം രൂക്ഷമായിട്ടുള്ള ഹോട്ട്സ്പോട്ടുകൾ നിർണ്ണയിച്ചുകൊണ്ടുള്ള റിപ്പോർട്ട് പുറത്തുവന്നു. ഏറ്റവും രൂക്ഷമായ പ്രശ്നമുള്ള തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കൂടരഞ്ഞി, തിരുവമ്പാടി, കോടഞ്ചേരി, പുതുപ്പാടി, നെല്ലിപ്പൊയിൽ എന്നീ അഞ്ച് വില്ലേജുകൾ ആ ഹോട്ട്സ്പോട്ടിൽ ഉൾപ്പെട്ടിട്ടില്ല. ഇതുൾപ്പെടുത്തി ഈ പ്രശ്നത്തിന് അടിയന്തര പരിഹാരം ഉണ്ടാക്കേണ്ടതുണ്ട്. നേരത്തെ എല്ലാവരും സൂചിപ്പിച്ചപോലെ ഇത്തരം നാശനഷ്ടങ്ങൾ സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിൽ ചില പോരായ്മകൾ സംഭവിക്കുന്നുണ്ട്. അത് പരിഹരിച്ച് നഷ്ടപരിഹാരം കൃത്യമായി കൊടുക്കാനാവശ്യമായ കർശന നടപടി കൊണ്ടുവരേണ്ടതായുണ്ട്. ഇത്രയും കാര്യങ്ങളാണ് ഇതിന്റെ ഭാഗമായി സൂചിപ്പിക്കാനുള്ളത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വനമേഖലയുമായി ബന്ധപ്പെട്ട് ജനങ്ങളുടെ, പ്രത്യേകിച്ചും കർഷകസമൂഹം അനുഭവിക്കുന്ന വേദനകളെക്കുറിച്ചാണ് എം.എൽ.എ. ശ്രീ. കെ. പി.

കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിച്ചിട്ടുള്ളത്. മറ്റ് നാല് എം.എൽ.എ.മാരും ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിൽ വസ്തുതാവിരുദ്ധമായി ഒന്നും ഇല്ലായെന്ന് എനിക്കുതന്നെ ബോധ്യപ്പെട്ടിട്ടുള്ളതാണ്. കഴിഞ്ഞ രണ്ടുമൂന്ന് വർഷമായി വളരെ ഗുരുതരമായ വിധത്തിൽ വന്യമൃഗങ്ങൾ മനുഷ്യരെ കൊല്ലുകയും കൃഷിയിടങ്ങൾ നശിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ശല്യത്തിൽനിന്നും ജനങ്ങളെയും വന്യമൃഗങ്ങളെയും വേർതിരിക്കുന്നതിന് പഴയ രീതിയിലുള്ള പ്രതിരോധ പ്രവർത്തനങ്ങളാണ് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നത്. കുറച്ചുകൂടി ശാസ്ത്രീയവൽക്കരിച്ചുകൊണ്ട് വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിന് Early Warning System നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. അത് വിപുലീകരിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. പ്രശ്നക്കാരായ കാട്ടാനകളെ റേഡിയോ കോളർ ഘടിപ്പിച്ച്, സഞ്ചാരപഥം നിരീക്ഷിച്ച് മുന്നറിയിപ്പ് കൊടുക്കുന്ന സംവിധാനവും ആരംഭിച്ചിട്ടുണ്ട്. നേരത്തെ ചെയ്തുകൊണ്ടിരുന്നത് സൗരോർജ്ജവേലി, ആനപ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് റെയിൽ ഫെൻസിംഗ്, ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് എന്നിവ നിർമ്മിക്കലാണ്. അവ നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ സംരക്ഷണ

പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നില്ല.

ഇപ്പോൾ പുതിയ സാമ്പത്തിക വർഷത്തിൽ 680 കിലോമീറ്റർ സൗരോർജ്ജ വേലികളും 132 കിലോമീറ്റർ കിടങ്ങുകളും 635 കിലോമീറ്റർ ഹാങ്ങിംഗ് സോളാർ ഫെൻസിംഗും നിർമ്മിക്കുക എന്ന ലക്ഷ്യമിട്ടുകൊണ്ടാണ് പ്രവർത്തിക്കുന്നത്. ഇതിൽ ബഹുമാനപ്പെട്ട കുറ്റ്യാടി എം.എൽ.എ. സൂചിപ്പിച്ചതുപോലെ, ഗ്രാമപഞ്ചായത്തുകളെക്കൂടി ഈ പ്രവർത്തനങ്ങളുടെ ഭാഗമാക്കി, കുറച്ചുകൂടി പരിപാലന ചുമതല ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിച്ചുകൊണ്ടുള്ള പുതിയ നിർദ്ദേശത്തെക്കുറിച്ച് ബന്ധപ്പെട്ട വകുപ്പുമായി ചർച്ചകൾ നടന്നുവരികയാണ്. എന്നാൽ ആ ചർച്ചകൾ നടക്കുന്നതിനിടയിൽതന്നെ കാസർഗോഡ് ജില്ലയിൽ മാതൃകാപരമായ വിധത്തിൽ യോജിച്ച പ്രവർത്തനം നടന്നുവരികയാണ്. പഞ്ചായത്തുകളുടെ ഫണ്ട്, എം.എൽ.എ. ഫണ്ട് തുടങ്ങിയവ കൂടി പ്രയോജനപ്പെടുത്താൻ തുടങ്ങി. കാസർഗോഡ് ജില്ല, കണ്ണൂർ ജില്ല ബ്ലോക്ക് പഞ്ചായത്തുകൾ യഥാക്രമം 3.2 കോടി രൂപയും 85 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. അതിൽ മാതൃക കാണിച്ചൊരു എം.എൽ.എ. ഈ സഭയിലുണ്ട്. ബഹുമാനപ്പെട്ട സുൽത്താൻബത്തേരി എം.എൽ.എ. ഒരു കോടി രൂപയും ബഹുമാനപ്പെട്ട കൽപ്പറ്റ എം.എൽ.എ. 20 ലക്ഷം രൂപയും ഈ പ്രവർത്തനങ്ങളുമായി

ബന്ധപ്പെട്ട് എം.എൽ.എ. ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്. മാതൃകാപരമായൊരു നടപടിയാണിത്. ആ നടപടി സ്വീകരിച്ച എം.എൽ.എ.മാരെ ഈ ഘട്ടത്തിൽ അഭിനന്ദിക്കുകയാണ്. ഈ പാത എല്ലാ പഞ്ചായത്തുകളും ജനപ്രതിനിധികളും സ്വീകരിച്ചാൽ സാമ്പത്തിക ഞെരുക്കത്തിൽനിന്നും മറികടന്ന് ഈ പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമെന്ന് മാത്രമല്ല, ജനകീയ പങ്കാളിത്തത്തിന്റെ സംരക്ഷണം ഈ പരിപാടികൾക്ക് ലഭിക്കുകയും ചെയ്യും. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഇപ്പോൾ 8 സ്ഥിരം ആർ.ആർ.ടി.-കൾ പ്രവർത്തിക്കുന്നുണ്ട്. ആർ.ആർ.ടി.-കൾ സ്ഥാപിക്കണമെന്നുള്ളത് വനമേഖലയിലെ എല്ലാ എം.എൽ.എ.-മാരുടേയും ആവശ്യമാണ്. എന്നാൽ അത് മുഴുവനും ഒറ്റയടിക്ക് നിർവ്വഹിക്കാനാവില്ലെന്ന് എല്ലാ മെമ്പർമാർക്കും അറിയാവുന്നതാണ്. ഇപ്പോൾ ഇതിനുപുറമേ ഏഴ് പുതിയ ആർ.ആർ.ടി.-കൾ കൂടി രൂപീകരിക്കുന്ന കാര്യം സർക്കാർ ഗൗരവത്തിൽ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ കൂടുവച്ച് പിടിച്ച് പുനരധിവസിപ്പിക്കുന്ന നടപടിയാണ് മറ്റൊരു കാര്യം. ഇതിന് നിലവിലുള്ള കൂട് പരിമിതമായതിനാൽ കൂടുതൽ കൂടുകൾ വാങ്ങുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.മാർ ഇവിടെ

സൂചിപ്പിച്ചതുപോലെ, കാട്ടിലെ വന്യജീവികളെ അതിനുള്ളിൽതന്നെ നിലനിർത്തുന്നതിനായി വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുകയാണ്. വനങ്ങളുടെ പുനസ്ഥാപന നയത്തിന്റെ ഭാഗമായി അക്കേഷ്യ, യൂക്കാലി, വാറ്റിൽ, മഞ്ഞക്കൊന്ന തുടങ്ങിയ വിദേശയിനങ്ങൾ ഒഴിവാക്കി സ്വാഭാവിക വനങ്ങളായി അവയെ മാറ്റുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്. മറ്റൊന്ന് കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനുള്ള ആവശ്യം സംബന്ധിച്ചുള്ളതാണ്. കഴിഞ്ഞ രണ്ടുവർഷമായി സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിനായി കേന്ദ്ര ഗവൺമെന്റിനെ ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. പക്ഷേ, അനുകൂല നിലപാട് ഇതുവരെയും ഉണ്ടായിട്ടില്ല. കഴിഞ്ഞമാസം ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിയുമായി നടന്ന ചർച്ചയിൽ ഈ പ്രദേശങ്ങളെ ഒന്നടങ്കം ഹോട്ട്സ്പോട്ടായി പ്രഖ്യാപിക്കുക പ്രയാസമാണെന്നും കുറേക്കൂടി പരിഷ്കരിച്ച ഒരാവശ്യം സംസ്ഥാന ഗവൺമെന്റ് ഉന്നയിക്കണമെന്നും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് വില്ലേജുകളെ വേർതിരിച്ച് അങ്ങനെയൊരു അപേക്ഷ കേന്ദ്രത്തിന് സമർപ്പിച്ചത്. പക്ഷെ അന്ന് 921 വില്ലേജുകളെയാണ് പട്ടികയിൽപ്പെടുത്തിയിരുന്നത്. സാധാരണഗതിയിൽ പ്രയാസമുണ്ടാകാനിടയുള്ള മിക്കവാറും എല്ലാ പ്രദേശങ്ങളും 961

വില്ലേജുകളിൽപ്പെടുത്തിയാൽ മതിയാകുമായിരുന്നു. ദൗർഭാഗ്യവശാൽ ഇത്രയും പ്രദേശങ്ങൾക്ക് അനുമതി നൽകാനാവില്ലെന്ന നിലപാടാണ് ചർച്ചകളിൽ കേന്ദ്ര സർക്കാർ സ്വീകരിച്ചത്. അതുകൊണ്ട് കുറേ പ്രദേശങ്ങൾ കുറച്ചുകൊണ്ട് ഒരു അപേക്ഷ കഴിഞ്ഞ മാസം കേന്ദ്ര സർക്കാരിന് അയച്ചിട്ടുണ്ട്. അങ്ങനെയാണ് 406 എന്ന സംഖ്യയിലേയ്ക്കെത്തിയത്. അതിന് ശാസ്ത്രീയമായൊരു യുക്തിയുണ്ടെന്ന് ഞാൻ അവകാശപ്പെടുന്നില്ല. വേഗത്തിൽ മറുപടി അയയ്ക്കേണ്ടതായതിനാൽ, കാലതാമസമുണ്ടാക്കരുതെന്ന സദുദ്ദേശ്യത്തോടുകൂടിയാണ് അത് ചെയ്തിട്ടുള്ളത്. എന്നിട്ടും പ്രയോജനമൊന്നും കാണാത്ത പശ്ചാത്തലത്തിലാണ് കേരളത്തിലെ ബഹുമാനപ്പെട്ട എം.പി.-മാരോട് ഇക്കാര്യത്തിൽ കേരളത്തെ സഹായിക്കണമെന്നാവശ്യപ്പെട്ടിട്ടുള്ളത്. അവർ അവരുടെ സഹായ വാഗ്ദാനം നൽകിയിട്ടുണ്ട്. അവർ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അവരുടെകൂടി താല്പര്യം പരിശോധിച്ച് ഡൽഹിയിൽ പോയി ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിയുമായി വീണ്ടും സംസാരിക്കേണ്ടതുണ്ടെന്ന് ബോധ്യമായാൽ തീർച്ചയായും കേന്ദ്ര മന്ത്രിയെ വീണ്ടും സമീപിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് യാതൊരു അഭിമാനക്കുറവും ഇല്ലെന്നറിയിക്കാൻ ഞാൻ ഈ പ്രശ്നം നിങ്ങളുടെ മുമ്പിൽ

വയ്ക്കുകയാണ്. 2020-2021 സാമ്പത്തിക വർഷത്തിൽ നഷ്ടപരിഹാരമായി 22 കോടി രൂപയാണ് അനുവദിച്ചു നൽകിയിട്ടുള്ളത്. ഇതിൽ 18 കോടി രൂപ ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. ഇത് പൂർണ്ണമായും താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്. 1000 കിലോമീറ്റർ സോളാർ ഫെൻസിംഗ് നിർമ്മാണവും പരിപാലനവും 200 കിലോമീറ്റർ ആന കിടങ്ങുകളുടെ നിർമ്മാണവും പരിപാലനവും ഇതിൽ പ്രധാനപ്പെട്ട ഇനങ്ങളാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ആറളം, അതിരപ്പിള്ളി തുടങ്ങിയ പ്രദേശങ്ങളിൽ ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണനും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററും ഞാനും ജനപ്രതിനിധികളും പങ്കെടുത്ത ഒരു ചർച്ച നടന്നിരുന്നു. നേരത്തെ അവിടെ 10 കോടിയോളം രൂപ ചെലവഴിച്ച് ആനമതിൽ നിർമ്മിച്ചിരുന്നു. ആ മാതൃകയിലുള്ള ആനമതിൽ കഴിഞ്ഞ അഞ്ച് വർഷമായി ആനയുൾപ്പെടെയുള്ള വന്യജീവികൾക്ക് തകർക്കാൻ സാധിച്ചിട്ടില്ലെന്നും അത് നല്ല നിലയിൽ പ്രവർത്തിക്കുന്നുവെന്നും ഞങ്ങൾക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. പക്ഷേ, ഒരു കിലോമീറ്റർ ദൂരം ഇത്തരം മതിൽ സ്ഥാപിക്കണമെങ്കിൽ ഒന്നരക്കോടി രൂപയാണ് ചെലവാകുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, മറുപടി ഇനിയും ദീർഘമാണോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അല്ല. ഇതിനായി ധാരാളം തുക ആവശ്യമാണെന്ന് നിങ്ങൾക്കെല്ലാവർക്കുമറിയാം. പട്ടികവർഗ്ഗ വികസന വകുപ്പ് ഈ ആവശ്യത്തിലേയ്ക്ക് 22 കോടി രൂപ അനുവദിക്കാമെന്ന് വാഗ്ദാനം നൽകിയിട്ടുണ്ട്. അങ്ങനെ വന്നാൽ ആറളം മേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ കഴിയുമെന്നാണ് വിചാരിക്കുന്നത്. സബ്മിഷനിൽ ഇല്ലെങ്കിലും ബഹുമാനപ്പെട്ട മെമ്പർ എന്നോട് സംസാരിച്ചതുകൊണ്ട് അതിവിടെ പ്രത്യേകമായി എടുത്തുപറയണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. അതിരപ്പിള്ളിയിൽ എല്ലാ ബഹുമാനപ്പെട്ട എം.എൽ.എ.മാരും ഉണ്ടായിരുന്നു. ഞാനും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാധാകൃഷ്ണനും ഉണ്ടായിരുന്നു. അവർ പറയുന്നതെല്ലാം ന്യായമായ കാര്യമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. എത്രയും പെട്ടെന്ന് അവ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നഷ്ടപരിഹാരമായി 8 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും 10 കോടി 60 ലക്ഷം രൂപ ഇനിയും കുടിശ്ശികയായി നൽകാനുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ചപ്പോൾ ഈ മാസം തന്നെ അതിന് പരിഹാരമുണ്ടാക്കാമെന്ന്

സമ്മതിച്ചിട്ടുണ്ട്. ആ തുക വന്നാൽ അതിക്രമത്തിന് വിധേയരായി മരിച്ചവരുടെ ബന്ധുക്കൾക്കും പരിക്കുപറ്റിയവർക്കും നൽകാനുള്ള നഷ്ടപരിഹാരം പൂർണ്ണമായും കൊടുത്തുതീർക്കാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. സഭയിൽ ഉയർന്നുവന്ന വികാരം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ ഉൾക്കൊണ്ടുതന്നെ സാമ്പത്തിക പരിമിതിയിൽ നിന്നുകൊണ്ട് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാണ് ശ്രമിക്കുന്നത്. ആർ.ആർ.ടി.കളുടെയും ഫോറസ്റ്റ് സ്റ്റേഷനുകളുടെയും എണ്ണം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു ഫോറസ്റ്റ് സ്റ്റേഷൻപോലും ഇല്ലാത്ത ജില്ലകളുണ്ട്. അത്തരം പ്രദേശങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടായിരിക്കും ഇക്കാര്യങ്ങൾക്ക് പരിഹാരം കാണുക. ഏതായാലും ജനപ്രതിനിധികളെന്ന നിലയിൽ ഇവിടെ ഉന്നയിച്ച വികാരങ്ങളോട് പൂർണ്ണമായും യോജിക്കുന്നു.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, വനത്തോട് ചേർന്ന് നിൽക്കുന്നതും വന്യജീവി ആക്രമണത്തിൽ രൂക്ഷമായിട്ടുള്ളതുമായ വില്ലേജുകളെ ഹോട്ട്സ്പോട്ടിൽ ഉൾപ്പെടുത്തുന്ന രൂപത്തിൽ, ഹോട്ട്സ്പോട്ടുകൾ പുനഃപരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഹോട്ട്സ്പോട്ടെന്ന സങ്കൽപ്പത്തിലേയ്ക്കെത്താനുള്ള സാഹചര്യം ഞാനിവിടെ

വിശദീകരിക്കുകയുണ്ടായി. നൽകിയിട്ടുള്ള അപേക്ഷയിൽ എങ്ങനെയെങ്കിലും അനുവാദം വാങ്ങിയെടുക്കുകയെന്ന തരത്തിലുള്ള നിലപാട് സ്വീകരിച്ചതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. ഒരിക്കൽ ലഭിച്ചു കഴിഞ്ഞാൽ കൂടുതൽ വിപുലീകരണം ആവശ്യപ്പെടാൻ കഴിയുമെന്നാണ് തോന്നുന്നത്. ലിസ്റ്റ് പരിഷ്കരിക്കുന്നതിന് ഒരു മടിയുമില്ല. ലിസ്റ്റിൽ വരേണ്ട സ്ഥലങ്ങളുണ്ടെന്ന് എനിക്കുതന്നെ ബോദ്ധ്യമുണ്ട്. കാട്ടുപന്നിയുടെ കാര്യത്തിൽ, ഇപ്പോൾ നാലാം ഷെഡ്യൂളിലാണുള്ളത്. അത് അഞ്ചാം ഷെഡ്യൂളിലേയ്ക്ക് വരണം. അതിനുള്ള നിയമപരമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.മാർ ചൂണ്ടിക്കാണിച്ചതുപോലെ, ഇത് കേരളത്തിന്റെ മൊത്തത്തിലുള്ള പ്രശ്നമായിട്ടുതന്നെയാണ് ഗവൺമെന്റ് കണക്കിലെടുക്കുന്നത്.

(2) മാനസികാരോഗ്യ മേഖലയിൽ കാലോചിത പരിഷ്കാരം

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഇന്ന് വളരെ ഗുരുതരമായ പ്രശ്നമാണ് ശ്രദ്ധക്ഷണിക്കലിലൂടെ സഭയുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും മുമ്പാകെ കൊണ്ടുവരുന്നത്. ദിവസങ്ങൾക്കുമുമ്പാണ് കോഴിക്കോട് കുതിരവട്ടത്തെ മാനസികാരോഗ്യ കേന്ദ്രത്തിലെ ഒരു രോഗി മറ്റൊരു രോഗിയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടത്. അഞ്ഞൂറോളം മാനസിക

രോഗികളുള്ള ഈ ആശുപത്രിയിൽനിന്ന് ഇതിനുമുമ്പും ശേഷവും രോഗികൾ ചാടിപ്പോകുന്നത് പതിവായിരിക്കുകയാണ്. പോരായ്മകളും വകുപ്പിന്റെ നിഷ്ക്രിയത്വവുമാണ് ഇത് വെളിപ്പെടുത്തുന്നത്. ഇവിടെനിന്ന് ഇന്നും ഒരാൾ ചാടിപ്പോയിയെന്ന വാർത്ത രാവിലെ കേൾക്കാൻ സാധിച്ചു. അടുത്ത ദിവസങ്ങളിലായി അഞ്ച് മാനസിക രോഗികളാണ് കോഴിക്കോട് കുതിരവട്ടം ചിത്തരോഗാശുപത്രിയിൽനിന്ന് ചാടിപ്പോയത്. ഉപേക്ഷിച്ചുപോയ ഭർത്താവിനെ തേടിയാണ് മഹാരാഷ്ട്ര സ്വദേശിനിയായ ജിയറാം ജലോട്ട് തലശ്ശേരിയിലെത്തിയത്. ഒരു മജീദ് എന്നയാളിനെ തേടിയാണ് ഈ സ്ത്രീ വന്നത്. അവർ മാനസികരോഗ ലക്ഷണങ്ങൾ പ്രകടിപ്പിച്ചതിനാൽ പോലീസാണ് അവരെ കുതിരവട്ടത്ത് എത്തിച്ചത്. അവിടെവച്ച് കൊൽക്കത്തകാരിയായ ഒരു മാനസികരോഗിയുമായി അടിയുണ്ടാക്കി. അടിച്ച കൊൽക്കത്തകാരിയുടെ കയ്യിലെ രക്തം കണ്ടപ്പോൾ മാനസികാരോഗ്യ ആശുപത്രിയിലെ ജീവനക്കാർ അവരെ ചികിത്സയ്ക്ക് കൊണ്ടുപോയി. അടികൊണ്ട സ്ത്രീയായ ജിയറാം ജലോട്ടിനെ ഒരുദിവസം മുഴുവനും ആരും ശ്രദ്ധിച്ചില്ല. അങ്ങനെ അവർ മരണപ്പെട്ടു. ഇതാണ് കുതിരവട്ടത്തെ ചിത്തരോഗാശുപത്രിയിൽ നടന്ന സംഭവം. ഇതുപോലെയാണ് തിരുവനന്തപുരത്തും തൃശ്ശൂരുമൊക്കെയുള്ള

മാനസികാരോഗ്യ കേന്ദ്രങ്ങളുടെ അവസ്ഥ. ഇവിടെ രോഗികളെ മനുഷ്യത്വരഹിതമായ രീതിയിലാണ് കൈകാര്യം ചെയ്യുന്നത്. ഇതുസംബന്ധിച്ച് നിരവധി ആക്ഷേപങ്ങളും പരാതികളും ഉയർന്നുവരുന്നുണ്ട്. സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളിലെ ചുറ്റുപാടുകളും സാഹചര്യങ്ങളും ഇപ്പോഴും അവരുടെ രോഗാവസ്ഥ വർദ്ധിപ്പിക്കുന്ന തരത്തിലാണ്. ഒരു മോഡേൺ അപ്രോച്ച് ഈ കാര്യത്തിലില്ല. അവിടെ പോയാൽ രോഗം മൂർച്ഛിക്കുകയാണ് ചെയ്യുന്നത്. ഈ അവസ്ഥയിൽ മാറ്റമുണ്ടാക്കി മാനസികാരോഗ്യ കേന്ദ്രങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് കോഴിക്കോടിലെ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ ശ്രദ്ധക്ഷണിക്കലായി എനിക്ക് ഗവൺമെന്റിന്റെ മുമ്പിൽ വയ്ക്കാനുള്ളത്. ഇവിടെ നമ്മൾ കാണേണ്ടത്, പഴയ കാലത്ത് മാനസിക രോഗത്തിനുള്ള ചികിത്സ എന്നുപറഞ്ഞാൽ മൂടില്ലാത്ത ബക്കറ്റിൽ വെള്ളം കോരിക്കുന്നതാണ്. ബക്കറ്റിന് മൂട്ടുണ്ടാകില്ല. രോഗികളോട് വെള്ളം കോരാൻ പറയും. ബക്കറ്റ് മുകളിലെത്തുമ്പോൾ വെള്ളം കാണുകയില്ല. വെള്ളം ശേഖരിക്കാൻ കഴിഞ്ഞില്ലല്ലോയെന്ന് പറഞ്ഞ് രോഗിയെ വാർഡൻ തല്ലും. ഇവരുടെ മാനദണ്ഡം എന്താണ്; മൂടില്ലാത്ത ബക്കറ്റിൽ വെള്ളം കോരിയാൽ വെള്ളം ലഭിക്കില്ലെന്ന് രോഗി തിരിച്ചറിഞ്ഞാൽ രോഗം മാറിയെന്നാണ്

അവരുടെ കണക്ക്. അങ്ങനെ രോഗിയുടെ രോഗം മാറിയെന്ന നിഗമനത്തിലെത്തുന്ന ചികിത്സയാണ് സംസ്ഥാനത്തുണ്ടായിരുന്നത്. അതിനൊക്കെ കാലോചിതമായ മാറ്റമുണ്ടാകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കഴിഞ്ഞ ശ്രദ്ധക്ഷണിക്കലിന് അരമണിക്കൂർ സമയമാണ് എടുത്തത്. ഇത് ബഹുമാനപ്പെട്ട ഹൈക്കോടതിപോലും ഗവൺമെന്റിനെ വിമർശിച്ച ഒരു വിഷയമാണ്. മനസ്സിന്റെ താളം തെറ്റിയ പാവപ്പെട്ടവന്റെ പ്രശ്നമാണ്. കാശുള്ളവർക്ക് ചികിത്സിക്കാൻ വലിയ ആശുപത്രി വേറെയുണ്ട്. മനസ്സിന്റെ താളം തെറ്റി ആരാലും നോക്കാനില്ലാതെ യാതനകളും ദുരിതങ്ങളുമനുഭവിക്കുന്ന ഒരു വിഭാഗത്തിന്റേതാണ് ഈ വിഷയം. അവർക്ക് വോട്ടുമില്ല. അതുകൊണ്ട് അവരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് പറയാൻ അധികം ആളുകളുമുണ്ടാകില്ല. പക്ഷേ ഇത് പ്രധാനപ്പെട്ട പ്രശ്നമാണെന്ന ബോധ്യമാണ് എന്നെ ഇതിവിടെ അവതരിപ്പിക്കാനിടയാക്കിയത്. ഇതിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തുന്ന വിഹിതം വളരെ കുറവാണ്. അതിന്റെ വിനിയോഗം പരിശോധിച്ചാൽ മനസ്സിലാകും. കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിലെ ഇപ്പോഴത്തെ പ്രധാന പ്രശ്നം ജീവനക്കാരുടെ അഭാവമാണ്. മനസ്സിന്റെ താളം തെറ്റിയ 475

രോഗികളെ പരിചരിക്കുന്നതിന് 4 സ്റ്റാഫ് നഴ്സമാർ മാത്രമാണുള്ളത്. മാനസികരോഗികളല്ലാത്ത സാധാരണ രോഗമുള്ള 475 പേരെ പരിചരിക്കാൻപോലും 4 ആളുകൾ മതിയാകില്ല. ഒ.പി.-യിൽ മറ്റുചികിത്സകൾ വേറെയുമുണ്ട്. സമൂഹത്തിൽ മാനസികമായ പ്രശ്നങ്ങൾ കൂടിവരികയാണ്. കുതിരവട്ടത്തെ ഒ.പി.-യിൽ ഒരുദിവസം പരിശോധിച്ച് ഗുളിക വാങ്ങിപ്പോകുന്നവർ ആയിരത്തോളമാണ്. ഇതെല്ലാം വളരെ ഗുരുതരമായ പ്രശ്നമായി ബഹുമാനപ്പെട്ട ചെയർ കാണേണ്ടതുണ്ട്. ഇത്തരം ആശുപത്രികളിൽ സെക്യൂരിറ്റി ജീവനക്കാരുടെ എണ്ണം കുറവാണ്. സെക്യൂരിറ്റിക്കാരുടെ കണ്ണുവെട്ടിച്ചാണ് രോഗികൾ ചാടിപ്പോകുന്നത്. കുതിരവട്ടത്തുനിന്നും രണ്ട് രോഗികൾ ചാടിപ്പോയി നേരെ മലപ്പുറം കളക്ടറേറ്റിലേയ്ക്കാണ് ചെന്നത്. ചികിത്സിക്കാനുള്ള ഡോക്ടർമാരുടെ എണ്ണവും കുറവാണ്. ഏത് ചെറിയ രോഗത്തിനും കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്കാണ് രോഗികളെ കൊണ്ടുപോകുന്നത്. അവർ അവിടെ ചെന്നാൽ വയലന്റാകും. മറ്റുരോഗികൾക്ക് അത് പ്രയാസമുണ്ടാക്കും. പരമാവധി ഡോക്ടർമാരെ മാനസികാരോഗ്യ കേന്ദ്രത്തിൽ നിയമിക്കണം. മാനസിക രോഗികളുടെ ചെറിയ രീതിയിലുള്ള അസുഖത്തിനൊക്കെ അവിടെത്തന്നെ ചികിത്സിക്കാൻ സാധിക്കണം. വളരെ പഴക്കം ചെന്ന

കെട്ടിടങ്ങളാണ് അവിടെയുള്ളത്. അവ നവീകരിക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ പണം വകയിരുത്തുന്നില്ല. ജീവനക്കാർക്കാവശ്യമായ ട്രെയിനിംഗ് ലഭിക്കുന്നില്ല. മാനസിക രോഗത്തിന് ആയുർവേദ രംഗത്തും ചികിത്സയുണ്ട്. കോട്ടയ്ക്കലിൽ ഇതിനൊരു കേന്ദ്രമുണ്ട്. അതിനും വളർച്ചയും വികാസവുമൊന്നും ഉണ്ടായിട്ടില്ല. ആയുർവേദത്തിലൂടെ മാനസിക രോഗികൾക്ക് ചികിത്സ നൽകുന്നതിനുവേണ്ടി കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കണം. (.....മൈക്ക് ഓഫ്.....)........ ഒരു കാര്യംകൂടി........

മി. ഡെപ്യൂട്ടി സ്പീക്കർ: സമയം അധികമായി.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പാവപ്പെട്ട മാനസിക രോഗികളുടെ പ്രശ്നം പൂർണ്ണമായും പറയാൻ അനുവദിക്കാതെ മൈക്ക് ഓഫാക്കിയത് വളരെ ക്രൂരതയാണ്. രോഗവിമുക്തി നേടുന്നവർക്ക് പുനരധിവാസ കേന്ദ്രങ്ങളില്ല.

.........(.....മൈക്ക് ഓഫ്.....) ......

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രദ്ധക്ഷണിക്കലിൽ പറഞ്ഞിരിക്കുന്ന വിഷയം അവതരിപ്പിക്കുന്നതിനുവേണ്ടിയാണ് സമയം നൽകുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, മാനസികാരോഗ്യ ചികിത്സാ രംഗത്ത് നിലവിലുള്ള പ്രശ്നങ്ങളെ അതീവ ഗൗരവത്തോടെയും പ്രാധാന്യത്തോടെയും

അനുഭാവത്തോടെയുമാണ് സർക്കാർ കാണുന്നത്. കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ അടുത്തിടെ ചികിത്സയിലായിരുന്ന ജിയറാം ജലോട്ട് എന്ന 30 വയസ്സുള്ള സ്ത്രീ മരണപ്പെടുകയും ചികിത്സയിലായിരുന്ന 48 വയസ്സുള്ള ഒരു സ്ത്രീ സെല്ലിന്റെ ഭിത്തി തുരന്ന് രക്ഷപ്പെടുകയും 39 വയസ്സുള്ള ഒരു പുരുഷൻ കുളിപ്പിക്കാൻ ഇറക്കിയപ്പോൾ ഓടിരക്ഷപ്പെടുകയും ചെയ്ത സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തലശ്ശേരി മഹിളാ മന്ദിരത്തിലെ അന്തേവാസിയായ അന്യസംസ്ഥാനക്കാരിയായ ജിയറാം ജലോട്ട് എന്ന 30 വയസ്സുകാരിയെ 28-01-2022-ലാണ് തലശ്ശേരി പോലീസ് കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ പ്രവേശിപ്പിച്ചത്. അവിടെ ചികിത്സിച്ചുകൊണ്ടിരിക്കെയാണ് 10-02-2022-ന് രാവിലെ വാർഡിലെ സെല്ലിൽ ഇവർ മരിച്ചുകിടക്കുന്നതായി കണ്ടെത്തിയത്. തലേദിവസം രാത്രി 8.00 മണിയോടെ സെല്ലിലുള്ള സഹരോഗിയും ഇവരുമായി ഏറ്റുമുട്ടൽ നടന്നത് ജീവനക്കാരുടെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇവരെ വ്യത്യസ്ത സെല്ലുകളിലേയ്ക്ക് മാറ്റിപാർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ രാവിലെ ചായ വിതരണം ചെയ്യുന്നതിനായി സെല്ലിൽ എത്തിയപ്പോൾ ജിയറാം ജലോട്ടിനെ വിളിച്ചിട്ടും മുഖത്ത് വെള്ളം തളിച്ചിട്ടും എഴുന്നേൽക്കാത്തതിനാൽ നഴ്സിംഗ് ഓഫീസർ പൾസ് പരിശോധിക്കുകയും ഡ്യൂട്ടിഡോക്ടറെ വിവരം

അറിയിക്കുകയും ചെയ്തു. ഡോക്ടറുടെ പരിശോധനയിൽ മരണം നടന്നതായി സ്ഥിരീകരിക്കുകയുണ്ടായി. ഇതുകൂടാതെ, അലഞ്ഞുതിരിഞ്ഞ് നടക്കുന്ന രീതിയിൽ കാണപ്പെട്ട് പോലീസ് കൊണ്ടുവന്ന മാനസികാസ്വാസ്ഥ്യം കാണിച്ചിരുന്ന 42 വയസ്സുള്ള ഒരു രോഗി, അവരുടെ മുൻതൊഴിൽ തെങ്ങ് കയറ്റമായിരുന്നു. അവർ കിടന്നിരുന്ന മുറിയുടെ ചുമർ തുരക്കുകയും തുടർന്ന് മതിൽ ചാടി 09-02-2022-ൽ രക്ഷപ്പെടുകയും ചെയ്ത സംഭവവും ഇതേ മാനസികാരോഗ്യ കേന്ദ്രത്തിൽ ഉണ്ടായിട്ടുണ്ട്. ഈ കേന്ദ്രത്തിലെ 39 വയസ്സുള്ള മറ്റൊരു രോഗി കുളിപ്പിക്കാനായി പുറത്തിറക്കിയപ്പോൾ കൂടെയുണ്ടായിരുന്ന ജീവനക്കാരെ കബളിപ്പിച്ച് രക്ഷപ്പെട്ട സംഭവവും ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, 474 ബെഡ് സ്ട്രെംഗ്തുള്ള മാനസികാരോഗ്യ കേന്ദ്രത്തിൽ 314 സ്റ്റാഫ് സ്ട്രെംഗ്താണുള്ളത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതിൽ തിരുത്തുണ്ട്. അവിടെ സ്റ്റാഫ് നഴ്സുമാരുൾപ്പെടെ ഇപ്പോഴുള്ള തസ്തികകളുടെ നിലവിലെ പൊസിഷൻ ഞാൻ വായിക്കാം. സ്റ്റാഫ് നഴ്സ് ഗ്രേഡ് I - 38 തസ്തികകളിൽ 38 ജീവനക്കാരും സ്റ്റാഫ് നഴ്സ് ഗ്രേഡ് II - 38 തസ്തികകളിൽ 38 ജീവനക്കാരും ഹെഡ് നഴ്സ് - 22 തസ്തികകളിൽ 22 ജീവനക്കാരും നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് I - 3 തസ്തികകളിൽ 3 ജീവനക്കാരും, നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് II - 2

തസ്തികകളിൽ 2 ജീവനക്കാരുമുണ്ട്. എന്നാൽ ഇനിയും ഇവിടെ ജീവനക്കാരെ ആവശ്യമുണ്ടെന്നുള്ളത് വസ്തുതയാണ്. ഒരു ദിവസം അഞ്ഞൂറോളം രോഗികൾ ഒ.പി., ഐ.പി. വിഭാഗങ്ങളിൽ ചികിത്സതേടി ഇവിടെ എത്തുന്നുണ്ട്. കേരളത്തിലെ വടക്കൻ ജില്ലകളായ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെയും മറ്റുസംസ്ഥാനങ്ങളിലെയും നിരവധി രോഗികൾ ഇവിടെ ചികിത്സയ്ക്കായി എത്തുന്നുണ്ട്. 22-02-2022-ന് ഈ ആശുപത്രിയിൽ 311 പുരുഷൻമാരും 174 സ്ത്രീ രോഗികളുമടക്കം 485 അന്തേവാസികളാണുണ്ടായിരുന്നത്. ബെഡ് സ്ട്രെങ്ത് 474 ആണ്. അതിൽ 36 വിചാരണ തടവുകാരും 105 ഇതരസംസ്ഥാനത്തുനിന്നുള്ള രോഗികളും 78 ബന്ധുക്കളെ തിരിച്ചറിയാത്ത അൺനോൺ രോഗികളുമാണുള്ളത്. ചാടിപ്പോകുന്നതിന് പ്രവണതയുള്ള നൂറോളം രോഗികൾ ഇവിടെയുണ്ട്. ഈ മാനസികാരോഗ്യ കേന്ദ്രത്തിൽ നിലനിൽക്കുന്ന അടിയന്തര സാഹചര്യം കണക്കിലെടുത്ത് 4 സെക്യൂരിറ്റി ജീവനക്കാരെ പുതിയതായി നിയമിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നടപടികൾ പൂർത്തീകരിച്ച് വനിതകളുൾപ്പെടെയുള്ള 4 സെക്യൂരിറ്റി ജീവനക്കാരെ ഉടനടി നിയമിക്കുന്നതാണ്. വാർഡുകളിൽ കൂടുതൽ സി.സി.ടി.വി.-കൾ സ്ഥാപിച്ചും ആശുപത്രി കോമ്പൗണ്ടിനുള്ളിൽ കൂടുതൽ

ഇലക്ട്രിക് ബൾബുകൾ സ്ഥാപിച്ചും നിരീക്ഷണം ശക്തിപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. അന്തേവാസിയുടെ മരണവും മറ്റ് സംഭവങ്ങളും അത്യന്തം ഖേദകരമായിട്ടുള്ള കാര്യങ്ങളാണ്. തുടർന്ന് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ജീവനക്കാർക്ക് ബോധവത്കരണ പരിപാടികളും പരിശീലനവും നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുണ്ടോയെന്ന് പരിശോധിക്കുന്നതിനും അടിയന്തരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കാൻ കഴിയുമോയെന്ന കാര്യവും സർക്കാർ പ്രത്യേകം പരിശോധിക്കുന്നതാണ്. കാലോചിതമായ പരിഷ്കരണം ഈ രംഗത്ത് അനിവാര്യമാണ്. സംസ്ഥാനത്തെ മൂന്ന് മാനസികാരോഗ്യകേന്ദ്രങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും. മാനസികാരോഗ്യ സാക്ഷരത ഉറപ്പാക്കുന്നതിനായി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഫീൽഡുതല ആശുപത്രികളിൽ രോഗസ്വഭാവമനുസരിച്ച് മാനസികാരോഗ്യ ചികിത്സ ഉറപ്പാക്കും. പുനരധിവാസം സാധ്യമാക്കുന്നതിന് പൊതുസമൂഹത്തിന്റെ പങ്കാളിത്തത്തോടുകൂടി ബോധവത്കരണ

പ്രവർത്തനങ്ങൾ നടത്തും. കോഴിക്കോട്, തൃശ്ശൂർ എന്നീ മാനസികാരോഗ്യ കേന്ദ്രങ്ങളിലുണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. അന്വേഷണത്തിന്റെ ഭാഗമായി ജീവനക്കാരുടെ ഭാഗത്ത് വീഴ്ചകളെന്തെങ്കിലും സംഭവിച്ചിട്ടുള്ളതായി കണ്ടെത്തുകയാണെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പൊതുസ്ഥിതി പരിശോധിക്കുന്നതിനും പരിഷ്കരണ പ്രവർത്തനങ്ങൾക്ക് എന്തൊക്കെ ഇടപെടലുകൾ നടത്തേണ്ടതുണ്ടെന്നത് സംബന്ധിച്ച് ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സ്റ്റാഫ് സ്ട്രെംഗ്ത് കുറവാണെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ഇത് പരിഹരിക്കാൻ അടിയന്തരമായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; അവിടെയുള്ള പഴയ കെട്ടിടങ്ങൾ കാലാനുസൃതമായി മാറ്റി, രോഗികൾക്ക് മാനസികപ്രയാസം കുറഞ്ഞുകിട്ടുന്ന രീതിയിലുള്ള കെട്ടിടവും അന്തരീക്ഷവും സൃഷ്ടിക്കാനായി ഫണ്ട് നീക്കിവയ്ക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും

നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, തസ്തികകളുമായി ബന്ധപ്പെട്ട കാര്യത്തിൽ പൊതുവേ പരിശോധന നടത്തിയിട്ടുണ്ട്. ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. അത് അടിയന്തരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്. ഇങ്ങനെയുള്ള മാനസികാരോഗ്യ കേന്ദ്രങ്ങളിൽ എച്ച്.എം.സി. ഇല്ല. സ്വന്തമായി ഫണ്ടില്ലാത്ത സാഹചര്യമുണ്ടെങ്കിലും താൽക്കാലികമായി കോൺട്രാക്ട് അടിസ്ഥാനത്തിലും സ്ഥിരം തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും കൂടുതൽ ആളുകളെ നിയോഗിക്കുന്നതിനുവേണ്ടിയുള്ള നടപടികളിലേയ്ക്ക് സർക്കാർ കടന്നിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ട കാര്യം, കാലോചിതമായ പരിഷ്കരണവും ആധുനികവത്കരണവും ഈ രംഗത്ത് ആവശ്യമാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ചികിത്സ കഴിഞ്ഞ് തിരിച്ചുചെന്നാൽ ബന്ധുക്കൾ സ്വീകരിക്കാത്ത ധാരാളം പേരുണ്ട്. അവർ ആശുപത്രികളിൽ താമസിക്കുന്ന സാഹചര്യമാണുള്ളത്. അത് മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലുമുണ്ട്. അതുകൊണ്ട് സംസ്ഥാന സർക്കാരിന്റെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനുവേണ്ടിയുള്ള പദ്ധതി, ഒരു ആശുപത്രിയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് സമയബന്ധിതമായി

പൂർത്തിയാക്കും. മറ്റ് ആശുപത്രികളിൽക്കൂടി പുതിയ കെട്ടിടവും ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസ് ഉൾപ്പെടെയുള്ളവയും പരിഗണിക്കും. പഴയ സെൽ എന്നുള്ള കൺസെപ്റ്റ് മാറി Behavioral ICU എന്ന തരത്തിൽ ആധുനിക ചികിത്സാരീതികളിലേയ്ക്ക് നമുക്ക് ഇവരെ കൊണ്ടുവരേണ്ടതായിട്ടുണ്ട്. സമൂഹത്തിന്റെ അനുഭാവപൂർണ്ണമായ ഇടപെടലുകളിലൂടെ അത് സാധ്യമാക്കാൻ കഴിയും.

## V. സബ്മിഷൻ

### (1) അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അട്ടപ്പാടിയിൽ തുടർച്ചയായി നടക്കുന്ന ശിശുമരണങ്ങൾ നമുക്കെല്ലാവർക്കും അപമാനകരമായ കാര്യമാണ്. 2013-ലുണ്ടായ കൂട്ട ശിശുമരണങ്ങൾക്കുശേഷം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ച സാമൂഹിക-ക്ഷേമ ആരോഗ്യ പദ്ധതികൾ ശിശുമരണം കുറച്ചുകൊണ്ടുവരുന്നതിന് കാരണമായി. എന്നാൽ കഴിഞ്ഞ ഒരു വർഷമായി ഈ ശിശുമരണങ്ങൾ വീണ്ടും ആവർത്തിക്കപ്പെടുകയാണ്. പന്ത്രണ്ടോളം ശിശുമരണങ്ങളാണ് കഴിഞ്ഞ ഒരു വർഷത്തിനകമുണ്ടായത്. ഈ ജനുവരിയിൽ വീണ്ടുമുണ്ടായി. ഗർഭിണികളായ സ്ത്രീകളുടെ പോഷകാഹാരക്കുറവാണ് ശിശുമരണത്തിനുള്ള കാരണമായി

കണക്കാക്കപ്പെടുന്നത്. ആരോഗ്യ പ്രവർത്തനങ്ങളും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും പലതും മുടങ്ങിപ്പോകുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഗർഭിണികളെ സഹായിക്കാനായി 'ജനനി ജന്മരക്ഷാ പദ്ധതി' ഉണ്ട്. അത് എട്ടുമാസമായി മുടങ്ങിക്കിടക്കുന്നുവെന്നാണ് ഞങ്ങൾ അട്ടപ്പാടിയിൽ പോയപ്പോൾ അവർ പരാതിപ്പെട്ടത്. കുറച്ചുതുക മാത്രമാണ് കുടിശ്ശികയായിട്ട് നൽകിയിട്ടുള്ളത്. 192 ഊരുകളിലായി ആരംഭിച്ച കുടുംബശ്രീ അടുക്കളകൾ, സമൂഹ അടുക്കളകൾ ഇപ്പോൾ കുറഞ്ഞുകുറഞ്ഞ് 100 സമൂഹ അടുക്കളകൾ മാത്രമായി മാറിയിരിക്കുകയാണ്. 12,000 ഗുണഭോക്താക്കളിൽ 5000-ത്തോളം പേർക്ക് മാസങ്ങളായി സമൂഹ അടുക്കളയിലെ ഭക്ഷണം ലഭിക്കുന്നില്ല. അടുക്കള നടത്തിയ വകയിൽ അവർക്ക് പന്ത്രണ്ട് കോടി രൂപ കിട്ടാനുണ്ടെന്നാണ് പറയുന്നത്. ആരോഗ്യ കേന്ദ്രങ്ങളിലും ആവശ്യമായ ജീവനക്കാരില്ല. 59 താല്ക്കാലികക്കാരെ കൂട്ടത്തോടെ പിരിച്ചുവിട്ടു. സ്പെഷ്യാലിറ്റി ആശുപത്രിയിൽ സജ്ജീകരണമൊരുക്കിയെങ്കിലും അത് പ്രവർത്തിപ്പിക്കാനുള്ള ടെക്നീഷ്യൻമാരില്ല. 40 കി.മീ അകലെയുള്ള മണ്ണാർക്കാട് ആശുപത്രിയിലേയ്ക്കാണ് ഇപ്പോൾ എല്ലാവരെയും റഫർ ചെയ്യുന്നത്. പണം ഇല്ലാത്തവർക്ക് അങ്ങോട്ട് പോകാൻ കഴിയുന്നില്ല. വകുപ്പുകളുടെ ഏകോപനം

നടക്കാത്തതും ഒരു ബുദ്ധിമുട്ടായിട്ടാണ് പറയപ്പെടുന്നത്. കോട്ടത്തറ ട്രൈബൽ ആശുപത്രിയിൽ ഒരുപാട് പ്രശ്നങ്ങളുണ്ട്. സമയക്കുറവുമൂലം അതൊന്നും ഞാൻ ആവർത്തിക്കുന്നില്ല. അവിടെ ഒരുപാട് പരിമിതികളുണ്ട്. ആ ആശുപത്രിയെ ശക്തിപ്പെടുത്തുന്നതിനുപകരം പെരിന്തൽമണ്ണയിലെ ഇ.എം.എസ്. ആശുപത്രിക്കാണ് ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള പന്ത്രണ്ട് കോടി രൂപ കൊടുത്തത്. അവർ വീണ്ടും ആറുകോടി രൂപ ആവശ്യപ്പെടുകയാണ്. 40 കി.മീ അകലെയാണ് ഈ ആശുപത്രി. കോട്ടത്തറയിലെ സ്പെഷ്യാലിറ്റി ആശുപത്രി എല്ലാ സൗകര്യങ്ങളുമായി വികസിപ്പിക്കാൻവേണ്ടിയാണ് യഥാർത്ഥത്തിൽ ഈ പണം ചെലവഴിക്കേണ്ടത്. നിലവിലുള്ള എല്ലാ സാമൂഹ്യക്ഷേമ പദ്ധതികളും കൃത്യമായി നടപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും ആരോഗ്യ സംരക്ഷണത്തിനുവേണ്ടിയുള്ള പദ്ധതികൾ പൂർണ്ണമായി നടപ്പാക്കിയെന്ന് ഉറപ്പുവരുത്തുകയും വേണം. പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നുണ്ടോയെന്ന് നിരന്തരമായ പരിശോധനകളുണ്ടാകണം. ഗവൺമെന്റ് പദ്ധതികൾ ആവിഷ്കരിക്കുന്നില്ല എന്നല്ല ഞാൻ പറഞ്ഞതിന്റെ അർത്ഥം. യാഥാർത്ഥ ടാർജറ്റ് ഗ്രൂപ്പിന് നമ്മൾ ഉദ്ദേശിക്കുന്ന പദ്ധതികളുടെ ഗുണം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. ഏത് സർക്കാരാണെങ്കിലും ട്രൈബൽ ഏരിയകളിൽ

പദ്ധതികൾ ആവിഷ്കരിക്കും. നമ്മൾ ആവിഷ്കരിക്കുന്ന പദ്ധതികൾ മുപ്പത്തയ്യായിരത്തോളം വരുന്ന ആദിവാസികളുള്ള അട്ടപ്പാടിയിലെ 192 ഊരുകളിൽ എത്തപ്പെടുന്നുണ്ടോയെന്നുള്ള പരിശോധന ആവശ്യമാണ്. ആശുപത്രി, സാമൂഹിക അടുക്കളകൾ, ആശാ വർക്കർമാർ, റേഷൻ കടകൾ തുടങ്ങി ഒരു ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന എല്ലാ സൗകര്യങ്ങളും അവിടെയുണ്ട്. എന്നിട്ടും ശിശുമരണങ്ങൾ ആവർത്തിക്കപ്പെടുന്നുവെന്നത് നമ്മുടെ സിസ്റ്റം വേണ്ട രീതിയിൽ പ്രവർത്തിപ്പിക്കുന്നില്ലെന്നുള്ളതിന് തെളിവാണ്. നിരന്തരമായ പരിശോധനകളും അത് പരിഹരിക്കാൻ വേണ്ടിയുള്ള സംവിധാനങ്ങളും തീർച്ചയായും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ഭാഗത്തുനിന്നും സമഗ്രമായ ഇടപെടൽ ഇക്കാര്യത്തിലുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, അട്ടപ്പാടിയിലെ ശിശുമരണങ്ങളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സബ്മിഷൻ അവതരിപ്പിച്ചത്. 2013 മുതലാണ് അട്ടപ്പാടിയിൽ കുട്ടികളുടെ മരണം വർദ്ധിക്കാൻ തുടങ്ങിയതെന്ന് അദ്ദേഹം

ഇവിടെ പറയുകയുണ്ടായി. അതിന്റെ ഏകദേശ കണക്ക് എന്റെ കയ്യിലുണ്ട്. ആ കണക്കുവച്ച് സമർത്ഥിക്കുകയല്ല. 2011-ൽ 14 കുട്ടികളും 2012-ൽ 16 കുട്ടികളും 2013-ൽ 31 കുട്ടികളും 2014-ൽ 15 കുട്ടികളും 2016-ൽ 8 കുട്ടികളും 2017-ൽ 17 കുട്ടികളും 2018-ൽ 13 കുട്ടികളും 2019-ൽ 7 കുട്ടികളും 2020-ൽ 10 കുട്ടികളും 2021-ൽ 9 കുട്ടികളുമാണ് മരണപ്പെട്ടത്. കുട്ടികൾ മരിക്കാൻ പാടില്ലെന്നാണ് നമ്മുടെ എല്ലാവരുടെയും ആഗ്രഹം. പാലക്കാട് ജില്ലയിലെ അട്ടപ്പാടി എക്കാലത്തും നമ്മുടെ ശ്രദ്ധയിലുള്ള കാര്യമാണ്. അങ്ങിവിടെ ചൂണ്ടിക്കാണിച്ചതുപോലെ, 2021-ൽ അട്ടപ്പാടിയിൽ ഒൻപതോളം കുട്ടികളാണ് മരണപ്പെട്ടത്. ആരോഗ്യവകുപ്പ് പുറത്തിറക്കിയ റിപ്പോർട്ടനുസരിച്ച് വിവിധ രോഗാവസ്ഥയിലുള്ള കുട്ടികളാണ് മരിച്ചത്. അതോടൊപ്പം മിൽക്ക് ആസ്പിറേഷൻമൂലവും കുട്ടികൾ മരിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. ആരോഗ്യ വകുപ്പിൽനിന്ന് കിട്ടിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ സംഭവം വളരെ ഗൗരവമാകുന്നുവെന്ന് കണ്ടപ്പോൾത്തന്നെ 2021 നവംബർ 27-ാം തീയതി ഞാൻ അട്ടപ്പാടി സന്ദർശിക്കുകയുണ്ടായി. ബഹുമാനപ്പെട്ട പാലക്കാട് എം.പി., മണ്ണാർക്കാട് എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ജനപ്രതിനിധികൾ,

രാഷ്ട്രീയപാർട്ടി നേതാക്കൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയുണ്ടായി. ആ യോഗത്തിൽ അട്ടപ്പാടിയിലെ ശിശുമരണനിരക്ക് കുറയ്ക്കാനും അവിടത്തെ പൊതുവായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനുമുള്ള സുപ്രധാനങ്ങളായ തീരുമാനങ്ങളെടുത്തു. അതുപോലെ കോ-ഓർഡിനേഷന്റെ കാര്യം അങ്ങിവിടെ പറഞ്ഞു. ആ ജില്ലയിലെ എല്ലാ ജില്ലാ ഓഫീസർമാരെയും വിളിച്ചുചേർത്ത് ജില്ലാതലത്തിൽ ഓരോ വകുപ്പും അട്ടപ്പാടിയിൽ ചെയ്യുന്ന കാര്യങ്ങൾ പരിശോധിക്കുകയും ചെയ്ത കാര്യങ്ങളുടെ പോരായ്മകൾ കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. അതോടൊപ്പം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ ഓഫീസർമാരുടെ പ്രത്യേക യോഗം അട്ടപ്പാടിയിൽ ചേരുകയുണ്ടായി. അതിനുശേഷം ഞാനും ബഹുമാനപ്പെട്ട എം.എൽ.എ.-യുംകൂടി വീണ്ടും അട്ടപ്പാടി സന്ദർശിക്കുകയും അവിടെ നടന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് സമഗ്രമായ പരിശോധന നടത്തുകയും ചെയ്തു. അതിന്റെയൊക്കെ അടിസ്ഥാനത്തിൽ നടന്ന പ്രവർത്തനങ്ങളുടെ ഫലമായി ശിശുമരണ നിരക്ക് കുറച്ചുകൊണ്ടുവരുന്നതിന് ഇപ്പോൾ കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം അവിടത്തെ ഗർഭിണികളായ സഹോദരിമാരുടെ ആരോഗ്യപ്രശ്നം വളരെ

പ്രധാനപ്പെട്ട കാര്യമാണ്. അവിടെ സർവ്വേ നടത്തിയപ്പോൾ ഹൈ റിസ്കിലുള്ള ഏകദേശം 187 ഗർഭിണികളുണ്ടെന്ന് കണ്ടെത്തി. അതുപോലെ സിക്കിൾസെൽ അനീമിയ രോഗമുള്ളവർ ഗർഭം ധരിക്കാൻ പാടില്ലെങ്കിൽപ്പോലും ആ രോഗം ബാധിച്ച പതിനാറോളം സഹോദരിമാർ ഗർഭിണികളായി. അവരെ പ്രത്യേകമായി പരിശോധിക്കാനുള്ള സംവിധാനങ്ങളുണ്ടാക്കിയിട്ടുണ്ട്. ഹൈ റിസ്ക് മേഖലയിലുള്ള ഗർഭിണികളെയും സിക്കിൾസെൽ അനീമിയ ബാധിച്ച ഗർഭിണികളെയും പ്രത്യേക പരിശോധനയ്ക്ക് വിധേയമാക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ആരോഗ്യ പ്രവർത്തകർ, ആശാ വർക്കർമാർ, എസ്.ടി. പ്രൊമോട്ടർമാർ, അങ്കണവാടി പ്രവർത്തകർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ എന്നിവർ ഓരോ ആളുകളെയും പ്രത്യേകം പ്രത്യേകം കേന്ദ്രീകരിച്ചുകൊണ്ട് അവർക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം പട്ടികജാതി വികസനം, ധനകാര്യം, ഭക്ഷ്യ - പൊതുവിതരണം, ആരോഗ്യ വനിത-ശിശുക്ഷേമം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുമന്ത്രിമാരുടെ തലത്തിൽ ഉന്നതതല യോഗങ്ങൾ വിളിച്ചുചേർക്കുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ ആരോഗ്യ

വകുപ്പുമന്ത്രി നേരിട്ട് കോട്ടത്തറ ആശുപത്രി സന്ദർശിച്ച് അവിടെയുള്ള കുറവുകൾ പരിശോധിച്ച് അതെല്ലാം നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അതോടൊപ്പം പാലക്കാട് മെഡിക്കൽ കോളേജിലെ എട്ടോളം ഡോക്ടർമാരുടെ പ്രത്യേകസംഘവും മറ്റ് പാരാമെഡിക്കൽ സ്റ്റാഫുകളും എല്ലാ ഊരുകളും സന്ദർശിക്കുന്ന സ്ഥിതിയുണ്ടായി. ആ രീതിയിലും ആരോഗ്യ വകുപ്പുമന്ത്രിയുടെ നല്ല ഇടപെടലുണ്ടായിട്ടുണ്ട്. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ, ശിശുമരണ നിരക്ക് കുറയ്ക്കാനും ഗർഭിണികളുടെ ആരോഗ്യപ്രശ്നങ്ങളടക്കം കൈകാര്യം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, എല്ലാ അർത്ഥത്തിലും അട്ടപ്പാടി കേരളീയ സമൂഹത്തിന്റെ മുമ്പിൽ ചോദ്യചിഹ്നമായി നിൽക്കുകയാണ്. അതിന് മാറ്റംവരുത്തുന്നതിനുവേണ്ടി ഓരോ ഊരും അല്ലെങ്കിൽ ഓരോ വീടും കേന്ദ്രീകരിച്ച് മൈക്രോ ലെവൽ പ്ലാനിംഗ് നടത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതിലൂടെ ആദിവാസികളുടെ പ്രശ്നങ്ങളെന്താണെന്ന് കണ്ടെത്തി അതിന് പരിഹാരം കാണുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നാണ് കരുതുന്നത്. ത്രിതല പഞ്ചായത്തുകൾക്ക് ഗ്രാൻഡ് ഇൻ എയ്ഡായി ധാരാളം ഫണ്ട് കൊടുത്തിട്ടുണ്ട്. അതോടൊപ്പം പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട്

നടപ്പിലാക്കുന്ന പദ്ധതികളുമുണ്ട്. ഒരു ആദിവാസി സഹോദരി ഗർഭിണിയായി മൂന്നുമാസം കഴിഞ്ഞാൽ കുട്ടിക്ക് ഒരു വയസ്സാകുന്നതുവരെ അവർക്ക് പോഷകാഹാരത്തിനുവേണ്ടി 2000 രൂപ വച്ച് കൊടുക്കാനുള്ള പദ്ധതിയാണ് 'ജനനി ജന്മരക്ഷ പദ്ധതി'. ആ പദ്ധതിയിൽ ഒരു രൂപപോലും ഇപ്പോൾ കുടിശ്ശികയില്ല. എല്ലാ തുകയും കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപോലെ സിക്കിൾസെൽ അനീമിയ ബാധിച്ച എല്ലാ രോഗികൾക്കും ഏകദേശം 2500 രൂപവീതം എല്ലാ മാസവും കൊടുക്കുന്നുണ്ട്. അത് കുടിശ്ശികയില്ലാതെ എല്ലാവർക്കും നൽകിയിട്ടുണ്ട്. അതുപോലെ കോട്ടത്തറ ആശുപത്രിക്ക് നൽകാനുണ്ടായിരുന്ന ഒരു കോടി അറുപത് ലക്ഷം രൂപയും കൊടുത്തുതീർത്തിട്ടുണ്ട്. അതോടൊപ്പം അലോപ്പതി മാത്രമല്ല ആയുർവേദം ഉൾപ്പെടെയുള്ള മറ്റ് ചികിത്സാരീതികളെല്ലാം അവിടെ അവലംബിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സിക്കിൾസെൽ അനീമിയ രോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, സിക്കിൾസെൽ അനീമിയ രോഗം കുറഞ്ഞുവരികയാണ്. പൊതുവെ ബോധവൽക്കരണത്തിലൂടെ മാത്രമേ ഇത് പരിഹരിക്കാൻ കഴിയുകയുള്ളൂ. ഈ രോഗം ബാധിച്ച സ്ത്രീകൾ

ഗർഭിണികളാകാതിരിക്കാനുള്ള ശ്രദ്ധയാണുണ്ടാകേണ്ടത്. ലോകത്ത് ഇന്നുവരെ ഈ രോഗത്തിന് കൃത്യമായൊരു മെഡിസിൻ കണ്ടുപിടിച്ചിട്ടില്ല. ലോകത്തെല്ലായിടത്തും റിമോട്ട് ഏരിയയിൽ പ്രത്യേകിച്ച് ട്രൈബൽ ഏരിയയിൽ സിക്കിൾ സെൽ അനീമിയ രോഗമുണ്ട്. ബോധവൽക്കരണത്തിലൂടെയും ആരോഗ്യ പരിരക്ഷയിലൂടെയും മാത്രമേ അവരെ സംരക്ഷിച്ചുകൊണ്ടുപോകാൻ കഴിയുകയുള്ളൂ. അക്കാര്യങ്ങൾ പരമാവധി ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഓരോരുത്തരെയും കണ്ടെത്തി അവർക്കാവശ്യമായ പോഷകാഹാരങ്ങൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ 156 സിക്കിൾസെൽ അനീമിയ രോഗികളെയാണ് അവിടെ കണ്ടെത്തിയിരിക്കുന്നത്. അവർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്. അതുപോലെ സാമൂഹ്യ അടുക്കളയെക്കുറിച്ച് അങ്ങിവിടെ പറഞ്ഞു. 2013-ലാണ് ആരംഭിച്ചത്. അട്ടപ്പാടിയിലെ 192 ഊരുകളിൽ 185 എണ്ണത്തിലും സാമൂഹ്യ അടുക്കളയുണ്ടായിരുന്നു. ഈ സാമൂഹ്യ അടുക്കളയുടെ ആവശ്യമില്ലെന്ന് പിന്നീട് അവർതന്നെ പറഞ്ഞു. ഇത്രയുംകാലം സാമൂഹ്യ അടുക്കളയിലൂടെ കോടാനുകോടി രൂപ ചെലവഴിച്ചിട്ടും അവർക്കെന്തുകൊണ്ടാണ് പോഷകാഹാര പ്രശ്നം വരുന്നത്? 52 കോടി രൂപ അവർക്ക്

കൊടുത്തുകഴിഞ്ഞു. ഇനി 12 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നതിൽ 2 കോടി രൂപ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. സാമൂഹ്യ അടുക്കളയിലൂടെ ഇത്രയും കോടി രൂപ കൊടുത്തിട്ടും എന്തുകൊണ്ടാണ് പോഷകാഹാരക്കുറവ് സംഭവിക്കുന്നതെന്നുള്ളത് സംബന്ധിച്ച് പുന:പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഗർഭിണിയായി മൂന്നുമാസം മുതൽ കുട്ടിക്ക് ഒരു വയസ്സാകുന്നതുവരെ 2000 രൂപ വച്ച് കൊടുത്തിട്ടും പോഷകാഹാര പ്രശ്നം വരുന്നത് എന്തുകൊണ്ടാണ്? അങ്കണവാടികളിലൂടെ പോഷകാഹാരം കൊടുക്കുന്നുണ്ട്. സിക്കിൾസെൽ അനീമിയ ബാധിച്ച ആളുകൾക്ക് പ്രത്യേക സഹായം ചെയ്യുന്നുണ്ട്. എന്നിട്ടും എന്തുകൊണ്ടാണ് ആരോഗ്യപ്രശ്നം വരുന്നതെന്നുള്ളത് പരിശോധിക്കുമ്പോൾ നമ്മൾ കണ്ടാലും കണ്ടില്ലെന്ന് നടിക്കുന്ന ഒരു കാര്യമുണ്ട്. അട്ടപ്പാടി വർഷങ്ങൾക്കുമുമ്പേ മദ്യനിരോധിത മേഖലയാണ്. കേരളം പൂർണ്ണമായി മദ്യനിരോധനത്തിലേയ്ക്ക് എത്തുന്നതിനുമുമ്പുതന്നെ, ചാരായം നിരോധിക്കുന്നതിന് മുമ്പുതന്നെ അട്ടപ്പാടി മദ്യനിരോധന മേഖലയായി മാറിയതാണ്. പക്ഷേ അവിടെ അനധികൃത മദ്യം ധാരാളം ലഭിക്കുന്നുണ്ടെന്ന് മനസ്സിലാക്കിയിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. അവിടെ ധാരാളം അനധികൃത മദ്യം വരുന്നുണ്ട്. അതുമായി ബന്ധപ്പെട്ട് എക്സൈസ്, പോലീസ്, ഫോറസ്റ്റ്

എന്നീ വകുപ്പുകൾ സംയുക്തമായി അവിടെയൊരു സംരംഭം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഉന്നതതല യോഗം കൂടിയിട്ടുണ്ട്. എക്സൈസ് വകുപ്പുമാത്രം വിചാരിച്ചാൽ കഴിയില്ല. അതിന് വനം, പോലീസ് എന്നീ വകുപ്പുകളുടെ സഹായംകൂടി വേണം. ആ രീതിയിൽ അനധികൃത മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാനുള്ള നടപടി സ്വീകരിക്കും. അതോടൊപ്പം ട്രൈബൽ ഏരിയകളിൽ തുടർസാക്ഷരത കൂടുതൽ കൊണ്ടുവരണമെന്നാണ് ആഗ്രഹിക്കുന്നത്. നമ്മുടെ കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ചതാണെങ്കിലും ഇപ്പോഴും ചില ട്രൈബൽ ഏരിയകളിൽ സാക്ഷരതയില്ലാത്ത ആളുകളുണ്ട്. അവരെ സാക്ഷരരാക്കാൻവേണ്ടി സാക്ഷരതാ മിഷനുമായി കോ-ഓർഡിനേറ്റ് ചെയ്ത് ബൃഹത്തായൊരു പദ്ധതി നടപ്പിലാക്കുകയാണ്. മുഴുവൻ ആളുകളെയും അക്ഷരം പഠിപ്പിച്ച് അറിവ് നേടുകയാണ് ലക്ഷ്യം. ആനുകൂല്യങ്ങൾ മാത്രം കൊടുത്തതുകൊണ്ട് അവർ രക്ഷപ്പെടാൻ പോകുന്നില്ല. ആനുകൂല്യത്തിനപ്പുറത്ത് തങ്ങൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് സ്വയംപര്യാപ്തതയിലേയ്ക്ക് എത്തണമെന്ന ധാരണയിലെത്തിക്കാനുള്ള വലിയൊരു ഇടപെടലാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ പറഞ്ഞതുപോലെ, ആദിവാസികളുടെ വിഷയങ്ങളിൽ നേരിട്ട് ഇടപെടാനും

അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും കഴിയുന്ന രീതിയിൽ കുറച്ചുകൂടി ശേഷിയുള്ള പുതിയ പ്രൊമോട്ടർമാരെ നിയമിച്ച് അവർക്ക് പരിശീലനം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം ആദിവാസി കുട്ടികളിൽ ജനറൽ മെഡിസിനും ബി.എസ്‌സി. നഴ്സിംഗും പാരാമെഡിക്കൽ കോഴ്സുമൊക്കെ കഴിഞ്ഞവരുണ്ട്. അവരെ പ്രത്യേകമായി സെലക്ട് ചെയ്ത് അവർക്ക് കൃത്യമായി ഓരോ മാസത്തെയും ഓണറേറിയം കൊടുത്തുകൊണ്ട് അവരെക്കൂടി ഉൾപ്പെടുത്തി ഇവരുടെ ആരോഗ്യപ്രശ്നത്തിന് പരിഹാരമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കുകയാണ്. അതോടൊപ്പം വിദ്യാഭ്യാസ മേഖലയും ഇടപെടുന്നുണ്ട്. ആദിവാസി കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ അദ്ധ്യാപകർക്കും ഇക്കാര്യത്തിൽ വേണ്ടരീതിയിലുള്ള ഇടപെടലുണ്ടാകണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അവരുടെയും സഹായമുണ്ട്. അവിടെ ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ (ഇ.എം.ആർ.എസ്.) അടുത്ത അദ്ധ്യയന വർഷത്തിൽ ആരംഭിക്കാൻ പോകുകയാണ്. വിദ്യാഭ്യാസ രംഗത്തിലൂടെ അവരെ ബോധവൽക്കരിച്ച് സ്വയംപര്യാപ്തതയിലെത്തിക്കുക എന്ന പരിപാടികൂടി ചെയ്തെങ്കിൽ മാത്രമേ നാം ചെലവഴിക്കുന്ന തുകയുടെ ഗുണകരമായ നേട്ടം ആ വിഭാഗത്തിന് ലഭിക്കുകയുള്ളൂ. അവരെ

സ്വയംപര്യാപ്തതയിലേയ്ക്കെത്തിക്കുക എന്ന പ്രവർത്തനംകൂടി നമുക്ക് ഏറ്റെടുക്കാൻ കഴിയണം. തീർച്ചയായും ഗവൺമെന്റിന് സാദ്ധ്യമായ എല്ലാ ഇടപെടലും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഇനിയും ആവശ്യമായ ഇടപെടൽ നടത്താമെന്നാണ് സൂചിപ്പിക്കാനുള്ളത്.

(2) വേങ്ങരയിൽ ഫയർസ്റ്റേഷൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വേങ്ങരയിലെ കുന്നുംപുറത്ത് ആരോഗ്യ വകുപ്പിന്റെ സ്ഥലത്താണ് ഫയർസ്റ്റേഷൻ ആരംഭിക്കാനിരുന്നത്. എന്നാൽ അവിടത്തെ പി.എച്ച്.സി.-യുടെ വികസനം നടക്കുന്നതുകൊണ്ട്, പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഒഴിഞ്ഞുകിടക്കുന്ന 40 സെന്റ് സ്ഥലം ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിനനുകൂലമായ തീരുമാനമുണ്ടാകണം. ഫയർ സ്റ്റേഷൻ സ്ഥാപിക്കാൻ അനുയോജ്യമാണെന്ന് റെക്കമെന്റ് ചെയ്ത പൊതുമരാമത്ത് വകുപ്പിന്റെ 40 സെന്റ് സ്ഥലത്ത് അത് ആരംഭിക്കാനുള്ള നടപടികളുണ്ടാകണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

**12.00]**

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, വേങ്ങര ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷൻ നിർമ്മാണത്തിനായി അഗ്നിരക്ഷാ വകുപ്പ് മുമ്പ് കണ്ടെത്തിയ സ്ഥലത്തിന് പകരം പരപ്പനങ്ങാടി കൊളപ്പുറത്ത് ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇപ്പോൾ ഈ സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ കൈവശമാണുള്ളത്. പ്രസ്തുത സ്ഥലം നാഷണൽ ഹൈവേ 66-നോട് ചേർന്നുള്ളതിനാൽ സ്വാഭാവികമായും റോഡ് വികസനത്തിന് ആ ഭൂമി ആവശ്യമായി വന്നേക്കാം. അതുകൊണ്ട് റോഡ് വികസനത്തിനുള്ള സ്ഥലം കിഴിച്ച് സ്ഥല ലഭ്യത പരിശോധിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(3) <u>പൊന്നാനിയിലെ ഭൂനികുതി പ്രശ്നം</u>

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, വളരെ ഗൗരവമേറിയ ഒരു വിഷയമാണ് സബ്മിഷനായി അവതരിപ്പിക്കുന്നത്. സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന പാവപ്പെട്ടവരായ മത്സ്യത്തൊഴിലാളികളുടെ ദുരവസ്ഥയാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. പൊന്നാനിയിലെ തീരമേഖലകളിൽ 3 വില്ലേജുകളിലെ കടപ്പുറം പുറമ്പോക്ക് ഭൂമി സർവെ ചെയ്യുതും

ചെയ്യാത്തതുമായ പഴയ സർവ്വെ രേഖകളാണ്. ഇത് 1930-കളിൽ ബ്രിട്ടീഷ് ഭരണകാലത്ത് തയ്യാറാക്കിയ രേഖകളാണ്. ബ്രിട്ടീഷുകാർ ഭൂരേഖയുണ്ടാക്കിയതും സർവെ നടത്തിയതും കരം പിരിക്കാനാണ്. Unsurveyed land ആയിട്ടാണ് ഇപ്പോഴും അത് ഒഴിച്ചിട്ടിട്ടുള്ളത്. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ തൊഴിലുമായി ബന്ധപ്പെട്ടാണ് കടലോരത്ത് താമസിക്കുന്നത്. സർവെ ചെയ്യാതെവിട്ട ഈ Unsurveyed land അവിടെ താമസമാക്കിയ മത്സ്യത്തൊഴിലാളികൾക്ക് പിന്നീട് പതിച്ചുകൊടുത്തിരുന്നു. സാധാരണഗതിയിൽ പതിച്ചുകൊടുക്കുന്ന അവസരത്തിൽ പ്രമാണം നൽകുമ്പോൾ ആ ഭൂമി പുറമ്പോക്ക് ഭൂമി എന്ന ഗണത്തിൽനിന്നും പട്ടയഭൂമി എന്ന ഗണത്തിലേയ്ക്ക് മാറ്റേണ്ടതും ഭൂനികുതി ബേസിക് ടാക്സായി സ്വീകരിക്കേണ്ടതുമാണ്. എന്നാൽ കൈവശക്കാരിൽനിന്നും Other than basic tax എന്നയിനത്തിലാണ് കരം വാങ്ങുന്നത്. പല ആവശ്യത്തിനും ഈ നികുതി റെസീപ്റ്റ് സ്വീകരിക്കുന്നില്ല. ഓൺലൈനായി നികുതി അടയ്ക്കാനും കഴിയുന്നില്ല. മൂന്ന് വില്ലേജുകളിലായി ഏകദേശം 79 ഹെക്ടർ സ്ഥലം 200-ൽ അധികം കുടുംബങ്ങളുടെ കൈവശമുണ്ട്. ഇതേ പ്രശ്നം തിരൂർ താലൂക്കിലെ പരിപൂരം വില്ലേജിലുമുണ്ടെന്ന് അറിഞ്ഞിട്ടുണ്ട്. സർവ്വേ നടത്തി രേഖകൾ പൂർത്തീകരിക്കാത്തതിന്റെ പാപഭാരം പാവപ്പെട്ടവരായ

മത്സ്യത്തൊഴിലാളികളുടേതാക്കാൻ പാടില്ല. ഇപ്പോൾ ഡിജിറ്റൽ സർവ്വേ കഴിഞ്ഞാൽ ശരിയാകുമെന്നാണ് പറയുന്നത്. അതിന് വർഷങ്ങളെടുക്കും. ഈ വിഷയം ഗൗരവമായെടുത്ത് ഇപ്പോൾ അടയ്ക്കുന്ന നികുതി Other than basic tax എന്നതിൽ നിന്നും Basic Tax ആക്കി മാറ്റി ഉത്തരവിറക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട പൊന്നാനി എം.എൽ.എ., ശ്രീ. പി. നന്ദകുമാർ ഇവിടെ ഉന്നയിച്ച വിഷയം വളരെ ഗുരുതരവും ദീർഘകാലമായി ചർച്ച ചെയ്യുന്നതുമാണ്. മലപ്പുറം ജില്ലയിലെ പൊന്നാനി നഗരം, വെളിയംകോട്, പെരുമ്പടപ്പ് തുടങ്ങിയ വില്ലേജുകൾ എന്നിവിടങ്ങളിൽ തീരദേശ പുറമ്പോക്കുഭൂമിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുൾപ്പെടെ ഉള്ളവരിൽനിന്നും ഭൂനികുതി സ്വീകരിക്കാത്തതു സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം സർക്കാർ വളരെ ഗൗരവമായി പരിശോധിച്ചുവരികയാണ്. സംസ്ഥാന സർവ്വേ അതിർത്തിക്കു പുറത്ത് Unsurveyed land ആയിക്കിടന്ന കടൽ ഇറങ്ങിയ സ്ഥലമാണിത്. സർവെ നടപടികൾ നടന്ന 1930-35 കാലഘട്ടത്തിൽ കടൽ പുറമ്പോക്കായി

മാറ്റിയിട്ടിരുന്ന പ്രസ്തുത സ്ഥലത്ത് കാലക്രമണത്തിൽ കടലിറങ്ങുകയും വലിയ വിസ്തൃതിയുള്ള സ്ഥലം പുറമ്പോക്കായി മാറുകയും പ്രസ്തുത സ്ഥലത്ത് ഭൂരഹിതരായ മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ളവർ വീടുകൾ നിർമ്മിച്ച് താമസമാക്കുകയും ചെയ്തു. ഈ സ്ഥലത്തെ താമസക്കാർക്ക് പട്ടയം വിതരണം ചെയ്യണമെന്ന ആവശ്യം ശക്തമായതോടെ പ്രത്യേക സർവെ ടീമിനെ നിയോഗിച്ച് സർവെ ചെയ്ത് പ്ലോട്ടുകളാക്കി 1982 മുതലുള്ള കാലയളവിൽ താമസക്കാർക്ക് പട്ടയം അനുവദിച്ച് നൽകിയതായി കാണാൻ കഴിയുന്നുണ്ട്. എന്നാൽ ഈ ഭൂമി സർവെ രേഖകളിലുൾപ്പെടുത്തുകയോ വിജ്ഞാപനം ചെയ്യപ്പെടുകയോ ചെയ്യാത്തതുകാരണം പട്ടയങ്ങൾ നിയമവിധേയമല്ലാത്തതിനാൽ പോക്കുവരവ് ചെയ്ത് കരമടയ്ക്കാൻ സാധിക്കില്ല. കേരള ലാൻഡ് ടാക്സ് ആക്ട് പ്രകാരം കൈവശഭൂമിക്ക് കൈവശക്കാരിൽനിന്ന് രണ്ടു നിലവാരത്തിൽ ഭൂനികുതി വാങ്ങാം. Basic Tax (LR) അല്ലാതെ Other than Basic Tax (LR) എന്നു പറയുന്ന OBT എന്ന പേരിലാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാന സർവെ അതിർത്തിക്കുപുറത്തുള്ള സ്ഥലമായതിനാൽ സെൻട്രൽ സർവെ ഓഫ് ഇന്ത്യയുടെ അനുമതിയോടുകൂടി മാത്രമേ സർവെ നടപടികൾ പൂർത്തീകരിക്കാൻ കഴിയൂ. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച ആശങ്ക

വളരെ ഗൗരവമാണെന്നുള്ളതുകൊണ്ടുതന്നെ അംഗം കരുതുന്നതുപോലെ ദീർഘമായ സമയമെടുക്കാതെ ഈ സഭയുടെ കാലയളവിൽതന്നെ ഡിജിറ്റൽ റീ-സർവെയുടെ ഭാഗമായി സർവെ നടപടികൾ നടത്താൻ കഴിയും. കേരളത്തിൽ സമ്പൂർണ്ണ ഡിജിറ്റൽ റീ-സർവെ നടപടികൾ ആരംഭിക്കുന്ന സാഹചര്യത്തിൽ അൺ സർവേയ്ഡ് ലാന്റുകൾക്ക് പ്രത്യേക പരിഗണന നൽകി ഇക്കാര്യത്തിൽ സർവെ നടത്താമെന്നും ഈ സഭയുടെ കാലയളവിൽത്തന്നെ സർവെ നടപടികൾ പൂർത്തീകരിക്കാമെന്നും ഞാൻ അങ്ങേയ്ക്ക് ഉറപ്പുനൽകുകയാണ്.

(4) ആറാട്ടുപുഴ, തൃക്കുന്നപ്പുഴ കടൽഭിത്തി നിർമ്മാണം

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്റെ നിയോജകമണ്ഡലത്തിലെ സുനാമി ബാധിത തീരപ്രദേശങ്ങളാണ് ആറാട്ടുപുഴ, തൃക്കുന്നപ്പുഴ എന്നീ പഞ്ചായത്തുകൾ. എല്ലാ വർഷവും മത്സ്യത്തൊഴിലാളികളും കയർത്തൊഴിലാളികളുമടങ്ങുന്ന ജനങ്ങൾ രൂക്ഷമായ കടൽക്ഷോഭംമൂലം വലിയ ഭീഷണിയിലാണ്. തീരങ്ങൾ കടൽ കൊണ്ടുപോകുകയും മത്സ്യത്തൊഴിലാളികൾ അവിടെനിന്നും മാറിത്താമസിക്കേണ്ട അവസ്ഥവരികയും ചെയ്യുന്നു. കായംകുളം കായലിന്റെയും അറേബ്യൻ കടലിന്റെയും ഇടയ്ക്ക് കിടക്കുന്ന ഈ പ്രദേശത്തെ ജനങ്ങൾക്ക് ഗുരുതരമായ

ഭീഷണിയാണ് നേരിടേണ്ടിവരുന്നത്. ഇവരുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം നൽകാൻ കഴിയാത്ത അവസ്ഥയാണ്. ഏതു സമയവും അപകടം മുന്നിൽക്കണ്ട് ജീവിക്കുന്ന ഒരു ജനതയാണിത്. ഈ പഞ്ചായത്തുകളിലെ എല്ലാ മേഖലയെയും കവർചെയ്തുകൊണ്ട് സമഗ്രമായ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളും ടെട്രാപോഡ് ഉപയോഗിച്ചുള്ള പുലിമുട്ടുകളും നിർമ്മിച്ചില്ലെങ്കിൽ ജൂൺ-ജൂലൈ മാസമാകുമ്പോൾ സ്ഥിതിഗതികൾ കൂടുതൽ ദുരിതപൂർണ്ണമാകും. ചില മേഖലകളിൽ ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ പുലിമുട്ട് നിർമ്മാണം നടക്കുന്നുണ്ട്. പ്രത്യേകിച്ച് ആറാട്ടുപുഴ പഞ്ചായത്തിലെ 1, 16, 17, 18 വാർഡുകൾ കടലാക്രമണത്തിന്റെ തീക്ഷ്ണത ഏറ്റവും കൂടുതൽ അനുഭവിക്കുന്ന പ്രദേശങ്ങളാണ്. ആറാട്ടുപുഴ ബസ്സ് സ്റ്റാന്റ് മുതൽ മംഗലം വരെയുള്ള ഭാഗത്ത് കടൽഭിത്തിയോ പുലിമുട്ടുകളോ ഇല്ലാത്തതിനാൽ വലിയ പ്രതിസന്ധിയാണ്. തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പുത്തൻപുരയ്ക്കൽ ജംഗ്ഷൻ ചേലക്കാട്, കുറ്റിക്കാട്, പാനൂർ എൽ.പി. സ്കൂൾ, പുലത്തറ ജംഗ്ഷൻ, കുമാരകോടി, പല്ലന, ചെറിയാശ്ശേരി, മദുക്കൽ, പല്ലന ഹൈസ്കൂളിന് പടിഞ്ഞാറുവശം, വാർഡ് നമ്പർ-1, അമ്മൂമ്മ ക്ഷേത്രത്തിന് പടിഞ്ഞാറുവശം, പ്രണവം ജംഗ്ഷൻ പടിഞ്ഞാറുവശം, പ്രണവം ജംഗ്ഷൻ വടക്കുവശം, മണ്ണേൽ

ലക്ഷംവീട് പടിഞ്ഞാറുവശം, പള്ളിശാലയിൽ പടിഞ്ഞാറുവശം, പാണന്തറ പരീച്ചേതിൽ, കാട്ടാശ്ശേരി പടിഞ്ഞാറുവശം, പാണന്തറ പടിഞ്ഞാറ്റേതിൽ, മംഗലശ്ശേരി പടിഞ്ഞാറുവശം, കിഴക്കത്തേരിൽ പടിഞ്ഞാറുവശം, പാനൂർ, പള്ളിമുക്ക് ഈ പ്രദേശങ്ങളൊക്കെ മൊത്തത്തിൽ Vulnerable ആയിട്ടുള്ള പ്രദേശങ്ങളാണ്. ഇനിയൊരു കടൽക്ഷോഭമുണ്ടായാൽ ഗുരുതരമായ പ്രതിസന്ധിയുണ്ടാകും. ഇതു സംബന്ധിച്ചുള്ള എസ്റ്റിമേറ്റും മറ്റുകാര്യങ്ങളുമെല്ലാം വകുപ്പിലുള്ളതിനാൽ അടിയന്തരമായി ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങളാരംഭിക്കാനുള്ള നടപടിയുണ്ടാകണമെന്ന് ഞാൻ ജലസേചന വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ച കാര്യങ്ങളുടെ ഗൗരവം പൂർണ്ണമായും ഉൾക്കൊള്ളുന്നുണ്ട്. നമ്മുടെ തീരദേശത്തെ സംരക്ഷിക്കുകയെന്നുള്ളത് അതീവ പ്രാധാന്യത്തോടെത്തന്നെയാണ് കാണുന്നത്. ഈ വിഷയം നേരത്തെയും ഈ സഭയിൽ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായാണ് തീരസംരക്ഷണത്തിന് ഗൗരവമായ പ്രാധാന്യം കൊടുത്തുകൊണ്ട് മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി സ്ഥിരമായ കടൽഭിത്തികൾ ചെയ്യാനുള്ള നടപടികൾക്ക് തുടക്കം കുറിക്കുന്നത്.

അതിന്റെ പ്രാരംഭം ചെല്ലാനത്ത് മാർച്ച് മാസം ആദ്യവാരം കേരളത്തിന്റെ മുഖ്യമന്ത്രി ഉത്ഘാടനം നിർവ്വഹിക്കും. കഴിഞ്ഞദിവസം ഞാനും വ്യവസായ വകുപ്പുമന്ത്രിയും ആ സ്ഥലം സന്ദർശിച്ചിരുന്നു. അതോടൊപ്പം കേരളത്തിന്റെ തീരദേശങ്ങളിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് ഈ വർഷം കിഫ്ബിയിൽനിന്നും ലഭ്യമായ 1500 കോടി രൂപയിൽ ഏകദേശം 340 കോടി രൂപയിലേറെ ചെല്ലാനം പദ്ധതിക്കുവേണ്ടി ചെലവഴിച്ച് ടെണ്ടർ നടപടി സ്വീകരിച്ചുകഴിഞ്ഞു. ഇവിടെ സൂചിപ്പിച്ച ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിലെ 1, 6, 17, 18 വാർഡുകൾ രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശമാണ്. നിലവിൽ KIIDC (Kerala Irrigation Infrastructure Development Corporation) മുഖാന്തരം കിഫ്ബി ധനസഹായത്തോടുകൂടി പതിയങ്കരയിൽ 1.50 കിലോമീറ്റർ നീളത്തിൽ തീരദേശ സംരക്ഷണത്തിനുവേണ്ടി 13 പുലിമുട്ടുകളുടെയും ആറാട്ടുപുഴയിൽ 1.20 കിലോമീറ്റർ നീളത്തിൽ തീരദേശ സംരക്ഷണത്തിന് 21 പുലിമുട്ടുകളുടെയും വട്ടച്ചാലിൽ 1.70 കിലോമീറ്റർ നീളത്തിൽ തീരദേശ സംരക്ഷണത്തിനുവേണ്ടി 16 പുലിമുട്ടുകളുടെയും നിർമ്മാണം പുരോഗമിച്ചുവരികയാണ്. കൂടാതെ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് നിയോജകമണ്ഡലത്തിൽ, വട്ടച്ചാലിലെ നെല്ലാനിക്കൽ ചെയ്നേജ് 56.20

കിലോമീറ്റർ മുതൽ 55.70 കിലോമീറ്റർ വരെ 500 മീറ്റർ നീളമുള്ള തീരസംരക്ഷണത്തിനും പുലിമുട്ടുകളുടെ നിർമ്മാണത്തിനും കിഫ്ബി സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ആറാട്ടുപുഴ പഞ്ചായത്തിലെ 1, 16, 17, 18 വാർഡുകളിലുൾപ്പെടുന്ന ആലപ്പുഴ ബസ് സ്റ്റാൻഡ് മുതൽ മംഗലം വരെയുള്ള മേഖലയിൽ കാർത്തിക ജംഗ്ഷൻ മുതൽ പതിയങ്കര വരെയുള്ള 2.30 കിലോമീറ്റർ കടൽത്തീരത്തെ കടലാക്രമണത്തിൽനിന്നും സംരക്ഷിക്കുന്നതിനുവേണ്ടി 41.96 കോടി രൂപയുടെ ടെൻഡേറ്റീവ് ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം തൃക്കുന്നപ്പുഴ പഞ്ചായത്തിൽ പള്ളിപ്പാട്ടുമുറി മുതൽ പല്ലനവരെ പുത്തൻപുരയ്ക്കൽ ജംഗ്ഷൻ, ചേലക്കാട്, കുറ്റിക്കാട്ട്, പാനൂർ എൽ.പി.സ്കൂൾ, ചെറിയാശ്ശേരി, മദുക്കൽ മേഖലകൾ ഉൾപ്പെടുന്ന 2.8 കിലോമീറ്റർ കടൽത്തീരത്തേയ്ക്ക് 50.92 കോടി രൂപയ്ക്കുള്ള ടെൻഡേറ്റീവ് ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റും ഡി.പി.ആർ-ഉം ശേഷിക്കുന്ന പ്രദേശങ്ങളിൽപ്പെട്ട രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന ആറാട്ടുപുഴ പഞ്ചായത്തിൽ പെരുമ്പള്ളിയിൽ 550 മീറ്റർ കടൽത്തീരത്തേയ്ക്ക് 10.61 കോടി രൂപയും തൃക്കുന്നപ്പുഴ പഞ്ചായത്തിൽ പതിയങ്കര മുതൽ കോട്ടമുറി വരെ 600 മീറ്റർ കടൽത്തീരത്തേയ്ക്ക് 11.51 കോടി രൂപയും തൃക്കുന്നപ്പുഴ ജംഗ്ഷനിൽ 700 മീറ്റർ കടത്തീരത്തേയ്ക്ക് 13.30 കോടി രൂപയും

ടെൻഡേറ്റീവ് ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റ്, ഡി.പി.ആർ. എന്നിവ തയ്യാറാക്കി അത് സർക്കാരിന്റെ പരിഗണനയിലാണ്. പല്ലന മുതൽ തോട്ടപ്പള്ളി വരെയുള്ള ഭാഗത്ത് ഉൾപ്പെടുന്ന പുലത്തറ ജംഗ്ഷൻ, കുമാരകോടി ജംഗ്ഷൻ എന്നീ പ്രദേശങ്ങൾ ഉൾപ്പെട്ടിട്ടുള്ള മേഖലയിലും എത്രയും വേഗം ഡി.പി.ആർ. തയ്യാറാക്കുന്നതാണ്. ഈ പറഞ്ഞ കാര്യങ്ങൾ ലഭ്യമായ തുകയുടെ പശ്ചാത്തലത്തിൽ സമയബന്ധിതമായി ചെയ്യുന്ന കാര്യം ഗൗരവത്തോടുകൂടിത്തന്നെ കാണും. തീരദേശസംരക്ഷണം ഉറപ്പുവരുത്താൻ എല്ലാ മാർഗ്ഗങ്ങളും സ്വീകരിക്കുക എന്നുള്ളതുതന്നെയാണ് ഗവൺമെന്റ് എടുത്തിട്ടുള്ള നയം.

## (5) പുലക്കടവ് തടയണ നിർമ്മാണം

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, മാവേലിക്കര മണ്ഡലത്തിൽ കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. ഡിസംബർ മാസം മുതൽ ഈ പ്രതിസന്ധി തുടരുന്ന സാഹചര്യമാണുള്ളത്. വാട്ടർ അതോറിറ്റി ഇപ്പോൾ 'ജൽജീവൻ' മിഷൻ വഴി നിരവധി കണക്ഷനുകൾ ഓരോ പഞ്ചായത്തിലും നൽകുന്നുണ്ട്. എന്നാൽ കൃത്യമായി കുടിവെള്ളമെത്തിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. മാവേലിക്കര താലൂക്കിന്റെയും അതോടൊപ്പം ചെങ്ങന്നൂർ, കായംകുളം മണ്ഡലങ്ങളിലെ വിവിധ പഞ്ചായത്തുകളിലെയും

പ്രധാന ജലസ്രോതസ്സ് എന്നുപറയുന്നത് അച്ചൻകോവിലാറാണ്. പൈപ്പ് ലൈനുകളിൽ കുടിവെള്ളം എത്തണമെങ്കിൽ അച്ചൻകോവിലാറ്റിൽ ജലം സംഭരിച്ചുനിർത്തേണ്ടതായിട്ടുണ്ട്. ഇതിനായി അച്ചൻകോവിലാറിൽ രൂപപ്പെട്ടിട്ടുള്ള മൺചെളിത്തിട്ടകൾ മാറ്റി ആഴം കൂട്ടി പരമാവധി ജലം സംഭരിക്കുന്നതിനാവശ്യമായിട്ടുള്ള തടയണകൾ നിർമ്മിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, മാവേലിക്കര നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. അച്ചൻകോവിലാറിന്റെ ഭാഗത്ത് വേനൽക്കാലമായാൽ വളരെ കുറച്ച് വെള്ളവും മഴക്കാലമായാൽ ആറ് കരകവിയുന്ന അവസ്ഥയുമാണുള്ളത്. പുലക്കടവ് പാലത്തിന് താഴ്ഭാഗത്ത് ഇടതുകരയിൽ ഏകദേശം ഒന്നര കിലോമീറ്ററോളം നീളത്തിലും 30 മീറ്ററോളം വീതിയിലും എക്കലും ചെളിയും മണ്ണും അടിഞ്ഞ് കരപ്രദേശമായി മാറിയിട്ടുണ്ട്. കൊല്ലക്കടവ് പാലത്തിന് പടിഞ്ഞാറുഭാഗത്ത് അച്ചൻകോവിലാറിന്റെ വീതി ഏകദേശം 40 മീറ്ററും അടിത്തട്ട് ചെങ്കൽപ്പാറയുമാണ്. കൂടാതെ എക്കലടിഞ്ഞ് നീരൊഴുക്ക് തടസ്സപ്പെടുന്ന

അവസ്ഥയിലുമാണ്. ആയതിനാൽ മേൽ സൂചിപ്പിച്ച സ്ഥലങ്ങളിൽ ആറിലെ ജലനിരപ്പ് ക്രമീകരിച്ചുനിർത്തുന്നതിനുള്ള ചെക്ക് ഡാം നിർമ്മാണത്തിന് ശാസ്ത്രീയമായ പഠനത്തിനാവശ്യമായ നടപടികളാണ് സ്വീകരിക്കുന്നത്. ഒരു പൊതുവിഷയം എന്ന നിലയിൽ എക്കലും ചെളിയുമെല്ലാം മാറ്റുന്നതിനുള്ള ശ്രമം നടത്തുമ്പോൾ പലതലത്തിലുമുള്ള അസ്വസ്ഥതകൾ രൂപപ്പെടുന്നുണ്ട്. മുനിസിപ്പാലിറ്റിയുടെയും പഞ്ചായത്തിന്റെയും നേതൃത്വത്തിൽ കോടതിയെ സമീപിക്കുന്നു. ഇത് മാറേണ്ട ആവശ്യമാണെന്നുള്ള ഒരു സ്വഭാവം പൊതുജനങ്ങളിലും ബഹുജനങ്ങളിലും എത്തിക്കുവാൻ ബഹുമാനപ്പെട്ട മെമ്പർമാരുടെയും പൊതുസമൂഹത്തിനുമിടയിൽ ഒരു പുതിയ കാഴ്ചപ്പാട് രൂപപ്പെട്ടില്ലെങ്കിൽ വരാൻപോകുന്ന കാലഘട്ടത്തിൽ റിവർ മാനേജ്മെന്റ് വലിയ ബുദ്ധിമുട്ടായിത്തീരും. അതുകൂടി സഭയുടെ പൊതുശ്രദ്ധയിൽ കൊണ്ടുവരേണ്ട കാര്യമാണെന്നുള്ളതുകൊണ്ട് സൂചിപ്പിക്കുന്നു.

## (6) കാത്തലിക് സിറിയൻ ബാങ്കിന്റെ പ്രവർത്തനം

ശ്രീ. പി. എസ്. സുപാൽ: സർ, സംസ്ഥാനത്തെ ബാങ്കിംഗ് സേവനരംഗത്ത്, കേരളം ആസ്ഥാനമായിട്ടുള്ള നൂറുവർഷം പിന്നിടുന്ന കാത്തലിക് സിറിയൻ ബാങ്ക് തൊഴിലാളി വിരുദ്ധ നിലപാടുകൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. 2017 നവംബർ മാസം 1-ാം തീയതി

മുതൽ നടപ്പാക്കേണ്ട ശമ്പളപരിഷ്കരണം മറ്റെല്ലാ ബാങ്കുകളിലും നടപ്പാക്കിയിട്ടും കാത്തലിക് സിറിയൻ ബാങ്കിൽ ഇതുവരെ നടപ്പാക്കിയിട്ടില്ല. സേവന-വേതന വ്യവസ്ഥകളിൽ ഏകപക്ഷീയമായ മാറ്റങ്ങൾ, അന്യായമായിട്ടുള്ള ശിക്ഷണനടപടികൾ, സ്ഥിരം ജോലിക്രമം ഇല്ലാതാക്കി കരാർ തൊഴിൽ രീതി നടപ്പാക്കൽ, വിരമിക്കൽ പദ്ധതി നടപ്പാക്കി പിരിഞ്ഞുപോകുവാൻ പ്രേരിപ്പിക്കൽ എന്നിവ ഇതിനകംതന്നെ കൊണ്ടുവന്നിട്ടുള്ള തൊഴിലാളിവിരുദ്ധ നടപടികളാണ്. മാനേജ്മെന്റിന്റെ ഇത്തരം തൊഴിലാളിവിരുദ്ധ നിലപാടുകൾക്കെതിരായി എല്ലാ തൊഴിലാളികളും ജീവനക്കാരും സംഘടിതമായി സമരസമിതി രൂപീകരിച്ചുകൊണ്ട് സമരം നടത്തിവരികയാണ്. Fairfax Financial Holdings, Mauritius എന്ന വിദേശ ധനകാര്യ സ്ഥാപനം സി.എസ്.ബി.-യുടെ ഉടമസ്ഥത കൈവശപ്പെടുത്തിയിരിക്കുകയാണ്. ലാഭമാത്ര കേന്ദ്രീകൃത പ്രവർത്തനങ്ങളുടെ ഭാഗമായി ഓഹരി വിപണി നിക്ഷേപങ്ങളും വൻകിട വായ്പാ വിതരണ രീതികളും അനുവർത്തിക്കുകയാണ്. തൻമൂലം പ്രാദേശിക ചെറുകിട വായ്പാവിതരണം ചുരുങ്ങുകയാണ്. കേരളത്തിലെ വായ്പാനിക്ഷേപാനുപാതം കുറഞ്ഞുവന്ന് ഇപ്പോൾ 40 ശതമാനമായിരിക്കുന്നു. എന്നാൽ ദേശീയതലത്തിൽ ബാങ്കിന്റെ വായ്പാനിക്ഷേപാനുപാതം 82

ശതമാനമാണ്. അതിനർത്ഥം, കേരളത്തിലെ നിക്ഷേപങ്ങളുടെ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളിലാണ് വായ്പയായി വിതരണം ചെയ്യപ്പെടുന്നതെന്നതാണ്. സി.എസ്.ബി.-ൽ തൊഴിലാളികളെ അസ്ഥിരപ്പെടുത്തുന്നതിനായി ബാങ്കിന്റെ ലാഭവുമായി ബന്ധപ്പെടുത്തുന്ന വേതനരീതികളും നടപ്പാക്കുകയാണ്. സ്ഥിരം തൊഴിലാളികളേക്കാൾ കൂടുതൽ കരാർ തൊഴിലാളികളെ മാനേജ്മെന്റ് നിയമിച്ചിരിക്കുകയാണ്. തൊഴിൽ മേഖലയിൽ സമാധാനം ഉറപ്പാക്കുന്നതിൽ പ്രതിജ്ഞാബദ്ധമായ ഭരണകൂടമുള്ള കേരളത്തിലാണ് അന്യായവും അധാർമ്മികവുമായ തൊഴിൽ രീതികൾ ഒരു പ്രമുഖ ധനകാര്യ സ്ഥാപനത്തിൽ തുടരുന്നത്. സംസ്ഥാന സർക്കാർ കേരളത്തിൽ നിക്ഷേപ-സൗഹൃദ അന്തരീക്ഷം ശക്തമാക്കിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഒരു പ്രമുഖ ധനകാര്യ സ്ഥാപനത്തിൽ ഉപഭോക്താക്കൾക്കും ജീവനക്കാർക്കും പ്രശ്നങ്ങൾ സൃഷ്ടിച്ച് പ്രക്ഷോഭത്തിലേയ്ക്ക് തള്ളിവിടുന്ന സ്വകാര്യ-വിദേശ മാനേജ്മെന്റ് രീതികൾ സംസ്ഥാനത്തിന്റെ പ്രതിച്ഛായയേയും ജനങ്ങളുടെ പ്രതീക്ഷകളെയും പ്രതികൂലമായി ബാധിക്കുന്നതാണ്. കാത്തലിക് സിറിയൻ ബാങ്കിന്റെ ഗുരുതരമായ സ്ഥിതിവിശേഷം കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ ഇടപെടൽ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയ പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട പി. എസ്. സുപാൽ കാത്തലിക് സിറിയൻ ബാങ്കിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സബ്മിഷനാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. കാത്തലിക് സിറിയൻ ബാങ്കുമായി ബന്ധപ്പെട്ട് ജനങ്ങളെ പൊതുവിലും തൊഴിലാളികളെ പ്രത്യേകിച്ചും ബാധിക്കുന്ന ചില പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ബാങ്കുകളുടെ പ്രവർത്തനം സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ വരുന്ന വിഷയമല്ലാത്തതുകൊണ്ട് കേന്ദ്ര സർക്കാരിന്റെ ഇപ്പോഴുള്ള നയമനുസരിച്ച് സ്വകാര്യ ഷെഡ്യൂൾഡ് ബാങ്കുകളുടെ 74 ശതമാനം ഓഹരികൾ വിദേശനിക്ഷേപകർക്ക് വാങ്ങാൻ കഴിയുമെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്ന കാര്യമാണ്. ഈ വിഷയത്തിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുണ്ടെങ്കിലും മുൻകയ്യെടുക്കുന്നുണ്ട്. കാത്തലിക് സിറിയൻ ബാങ്കിലെ തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നങ്ങളും അതുമായി ബന്ധപ്പെട്ട തൊഴിലാളി സംഘടനകൾ ആഹ്വാനം ചെയ്ത പണിമുടക്ക് നോട്ടീസും സർക്കാരിന് ലഭിച്ചിരുന്നു. ആയതുപ്രകാരം 18.10.2021-ൽ ധനകാര്യ

വകുപ്പുമന്ത്രി കാത്തലിക് സിറിയൻ ബാങ്ക് മാനേജിംഗ് ഡയറക്ടറുമായി ചർച്ച നടത്തുകയുണ്ടായി. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ, തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്തുകൊണ്ട് തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാണ് മാനേജിംഗ് ഡയറക്ടർ പറഞ്ഞിരുന്നത്. എന്നാൽ കാത്തലിക് സിറിയൻ ബാങ്കിന്റെ മാനേജ്മെന്റ് അത്തരത്തിൽ തൊഴിലാളികളുമായി സഹകരിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനം സംഘടിപ്പിക്കുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ, തൊഴിലാളികളെ ദ്രോഹിക്കുന്ന നിലപാടുകളുമായിട്ടാണ് അവർ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് ആലോചിച്ച് സംസ്ഥാന ഗവൺമെന്റിന് ഇടപെടാൻ കഴിയുന്നത്ര ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

<u>(7) ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറിയുടെ പ്രവർത്തനം</u>

<u>ശ്രീ. കടംപള്ളി സുരേന്ദ്രൻ</u>: സർ, കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ വേളിയിൽ സ്ഥിതി ചെയ്യുന്ന ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറി ദീർഘനാളുകളായി അടഞ്ഞുകിടക്കുകയാണ്. രണ്ട് ഫാക്ടറികൾ അവർക്കുണ്ട്. ആഗസ്റ്റ് 10 മുതലാണ് അത് അടച്ചിട്ടത്. തോന്നയ്ക്കൽ

ഭാഗത്തുള്ള ഫാക്ടറി 2020 ഒക്ടോബർ 29 മുതൽ തുറന്നുപ്രവർത്തിച്ചു. വേളിയിൽ 65 വർഷക്കാലമായി പ്രവർത്തിക്കുന്ന ഫാക്ടറി രാജ്യത്തെ പ്രധാനപ്പെട്ട വ്യവസായ ഗ്രൂപ്പായിട്ടുള്ള Thapar Group-ന്റെ ഉടമസ്ഥതയിലുള്ളതാണ്. കഴിഞ്ഞ 18 മാസമായിട്ട് അത് അടഞ്ഞുകിടക്കുകയാണ്. തൊഴിലാളികൾക്ക് ജോലി നൽകുന്നില്ല. ഫാക്ടറിയിലെ തൊഴിലാളികൾ ദാരിദ്ര്യത്തിലും പട്ടിണിയിലും ബുദ്ധിമുട്ടിലുമാണ്. നിയമപ്രകാരം lay off വേതനം നൽകണമെന്ന ലേബർ കമ്മീഷണറുടെ നിർദ്ദേശം അംഗീകരിക്കാൻ മാനേജ്മെന്റ് തയ്യാറാകുന്നില്ല. 2016 ഒക്ടോബർ മുതൽ പ്രാബല്യത്തിൽ വരേണ്ട ദീർഘകാല കരാർ 2020 ഫെബ്രുവരി 1-ന് എ.എൽ.സി. മുമ്പാകെ ഒപ്പുവച്ചതുമാണ്. അത് നടപ്പിലാക്കുന്നതിനും മാനേജ്മെന്റ് തയ്യാറാകുന്നില്ല. മേൽ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി ഒന്നാം പിണറായി സർക്കാരിന്റെ സമയത്ത് അന്നത്തെ തൊഴിൽ വകുപ്പുമന്ത്രി മുൻകയ്യെടുത്ത് വ്യവസായ വകുപ്പുമന്ത്രിയുടെയും സ്ഥലം എം.എൽ.എ.-യുടെയും സാന്നിദ്ധ്യത്തിൽ രണ്ട് ചർച്ചകൾ നടത്തി ചില ധാരണകളുണ്ടായെങ്കിലും ഒന്നും നടപ്പിലായില്ല. അന്നത്തെ യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കിയില്ലെങ്കിൽ ഫാക്ടറി സർക്കാർ ഏറ്റെടുക്കുമെന്നാണ് അന്നത്തെ വ്യവസായ വകുപ്പുമന്ത്രി

പറഞ്ഞത്. ആ നിലയിലേയ്ക്കാണ് കാര്യങ്ങൾ ഇപ്പോൾ എത്തിച്ചേർന്നിരിക്കുന്നത്. ഇപ്പോഴത്തെ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ ഇതിനകം രണ്ടുപ്രാവശ്യം ചർച്ചകൾ നടത്തി. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് സ്ഥാപനത്തിലെ തൊഴിലാളികളുമായി നേരിട്ട് സംസാരിക്കുകയും കമ്പനി തുറന്ന് പ്രവർത്തിപ്പിക്കുവാൻ സർക്കാരിന്റെ പിന്തുണ അറിയിച്ച് അവർക്ക് ആശ്വാസം നൽകിയ കാര്യവും ഞാൻ ഓർക്കുകയാണ്. സർക്കാരിൽനിന്നും ലഭിക്കാവുന്ന ഔദാര്യവും സൗജന്യങ്ങളും വാങ്ങി തോന്നയ്ക്കൽ ഫാക്ടറി മാത്രം നടത്തി പോകുന്നതിനപ്പുറം വേളി ഫാക്ടറിയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിന് മാനേജ്മെന്റ് തയ്യാറാകുന്നില്ല. കമ്പനി സി.ഇ.ഒ. ചർച്ചയ്ക്കുപോലും സർക്കാരിന്റെ മുമ്പിൽ എത്തുന്നില്ല. പകരം വരുന്ന ലോക്കൽ മാനേജ്മെന്റ് ഉദ്യോഗസ്ഥന്മാരാകട്ടെ സി.ഇ.ഒ ഇല്ലെന്ന ന്യായം പറയുകയും ചർച്ചയിലുണ്ടാകുന്ന ധാരണകൾ ഒന്നൊന്നായി ലംഘിക്കുകയുമാണ് ചെയ്യുന്നത്. തൊഴിലാളികളുടെ വീടുകളിൽ കയറി അവരുടെ നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടുകൾ മുതലെടുത്ത് അർഹതപ്പെട്ട ആനുകൂല്യംപോലും നൽകാതെ നിർബന്ധിച്ച് വി.ആർ.എസ്. എടുപ്പിച്ച് പിരിച്ചുവിടുന്ന രീതി

തുടരുകയാണ്. തൊഴിലാളികളും കുടുംബാംഗങ്ങളും വിവിധ ജപ്തി ഭീഷണിയടക്കം നേരിടുകയാണ്. കുടുംബ ചെലവുകൾക്കുപോലും വഴിയില്ലാതെ അവർ പട്ടിണിയിലും ദാരിദ്ര്യത്തിലുമാണ്. ഈ സാഹചര്യത്തിൽ പ്രശ്ന പരിഹാരത്തിന് മുൻഗണന നൽകിയുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തരമായി ഉണ്ടാകേണ്ടതുണ്ട്. വേളി ഫാക്ടറി പ്രവർത്തനമാരംഭിച്ച് തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിന് നടപടി സ്വീകരിക്കണമെന്നതാണ് എല്ലാ തൊഴിലാളികളുടെയും ആവശ്യം. അവർ ഇന്ന് നിയമസഭയിലേയ്ക്ക് മാർച്ച് നടത്തുകയാണ്. തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമായ ദിനങ്ങളിൽ lay off വേതനം അനുവദിക്കണം, ദീർഘകാല കരാർ വ്യവസ്ഥകൾ അടിയന്തരമായി നടപ്പിലാക്കി അർഹരായ മുഴുവൻ തൊഴിലാളികൾക്കും ആനുകൂല്യം നൽകണം, തൊഴിലിന് നിയോഗിക്കപ്പെടുംവരെ തൊഴിലാളികൾക്ക് relief ആയി ധനസഹായം നൽകണം തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് എല്ലാ സംഘടനകളിലും ഉൾപ്പെട്ട തൊഴിലാളികൾ ഇന്ന് നിയമസഭയ്ക്കുമുമ്പിൽ വന്നിട്ടുണ്ട്. നിശ്ചയമായിട്ടും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അടിയന്തരമായിട്ടുള്ള ശ്രദ്ധയും പരിഗണനയും ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രൻ, എം.എൽ.എ. നിവേദനത്തിലൂടെയും നേരിട്ടും ഈ പ്രശ്നം പല തവണ എന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അതോടൊപ്പംതന്നെ ബഹുമാന്യനായ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയും ഈ പ്രശ്നത്തിൽ ഇടപെടുകയുണ്ടായി. നേരത്തെ അദ്ദേഹം സൂചിപ്പിച്ചതുപോലെ 2020 ആഗസ്റ്റ് 10-നാണ് ഈ സ്ഥാപനം അസംസ്കൃത വസ്തുവിന്റെ അഭാവം കാരണം അടച്ചുപൂട്ടിയത്. അന്നത്തെ തൊഴിൽ വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം മാനേജ്മെന്റും യൂണിയൻ പ്രതിനിധികളുമായി നടത്തിയ അനുരഞ്ജന ചർച്ചയുടെ ഫലമായി കമ്പനിയിലെ മുഴുവൻ തൊഴിലാളികളുടെയും ബോണസ് കുടിശ്ശിക, എക്സ് ഗ്രേഷ്യാ വേതന കുടിശ്ശിക എന്നിവ ലഭ്യമാക്കുകയും തോന്നയ്ക്കൽ യൂണിറ്റ് 26-10-2020 മുതൽ തുറന്നുപ്രവർത്തിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രൻ, ദേവസ്വവും ടൂറിസവും വകുപ്പുമന്ത്രി എന്ന നിലയിൽ തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അന്നത്തെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കമ്പനി തുറക്കുന്ന കാര്യം സംബന്ധിച്ച് ഡയറക്ടർ ബോർഡ് മീറ്റിംഗ് ചേർന്നശേഷം 2021

ജൂൺ മാസം തീരുമാനം അറിയിക്കാമെന്നും ഇടക്കാലാശ്വാസമായി രണ്ടു ഗഡുക്കളായി സ്ഥിരം തൊഴിലാളികൾക്ക് 25,000/-രൂപയും കരാർ തൊഴിലാളികൾക്ക് 10,000/- രൂപയും നൽകാമെന്നും മാനേജ്മെന്റ് അറിയിച്ചിരുന്നു. പിരിച്ചുവിട്ട തൊഴിലാളികൾക്കൊഴികെ മറ്റെല്ലാവർക്കും ആശ്വാസ ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് യൂണിയൻ പ്രതിനിധികൾ വ്യക്തമാക്കിയിട്ടുണ്ട്. ലേബർ കമ്മീഷണർ 2021 ഒക്ടോബർ 4-ന് ഒരു യോഗം ചേർന്നിരുന്നു. അതിൽ തുടർന്നുള്ള തൊഴിൽ തർക്കങ്ങളിൽ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി തലത്തിൽ അനുരഞ്ജന ചർച്ചകൾ തുടരണമെന്ന് പങ്കെടുത്ത കക്ഷികൾ ആവശ്യപ്പെട്ടു. കമ്പനി അടച്ചുപൂട്ടിയ കാലയളവിൽ lay off compensation നൽകണമെന്ന ആവശ്യം സംബന്ധിച്ച് മാനേജ്മെന്റിന്റെ നിലപാട് അറിയുന്നതിനായി പ്രത്യേക മീറ്റിംഗ് ലേബർ കമ്മീഷണർ തലത്തിൽ ക്രമീകരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തൊഴിൽ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് 4-12-2021-ന് നടന്ന യോഗത്തിൽ തൊഴിലാളികളുടെ പരാതികളുടെ അടിസ്ഥാനത്തിലും ഇതുവരെ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലും തൊഴിൽ വകുപ്പ് നിയമ നടപടികളുമായി മുന്നോട്ടുപോകുന്നതിനും ബോർഡ്

മീറ്റിംഗ് കൂടി കമ്പനി തുറക്കുന്ന വിഷയത്തിൽ ഒരു മാസത്തിനുള്ളിൽ മാനേജ്മെന്റ് തീരുമാനം അറിയിക്കണമെന്നും ബോർഡ് മീറ്റിംഗ് കൂടി വേളി യൂണിറ്റ് തുറക്കുന്നത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതുവരെ കമ്പനിയിൽനിന്നും യാതൊരു സാധനവും മാറ്റാൻ പാടില്ലെന്നും ചർച്ചയിൽ തീരുമാനമെടുത്തു. Lay off compensation, എൽ.ടി.എ. ലംഘനം എന്നിവ സംബന്ധിച്ച നിയമ നടപടികൾ തൊഴിലും നൈപുണ്യവും വകുപ്പിൽനിന്നും സ്വീകരിച്ചുവരുന്നു. ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ലിമിറ്റഡ് എന്ന സ്ഥാപനം തുറന്നുപ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് യൂണിയൻ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കമ്പനി പ്രതിനിധികളുമായി സംസാരിക്കുകയും നിലവിൽ ക്ലേ ലഭിക്കാത്തതും ഈ കമ്പനിയുടെ ഉൽപ്പന്നത്തിന് മാർക്കറ്റ് ഇടിഞ്ഞതും കാരണമാണ് പ്രവർത്തനം ഇല്ലാത്തതെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. മാർക്കറ്റിൽ ഉൽപ്പന്നത്തിന് ഡിമാൻഡ് വരുന്ന മുറയ്ക്ക് സ്ഥാപനം പ്രവർത്തനം ആരംഭിക്കുന്നതാണെന്ന് ഡയറക്ടർ ബോർഡ് തീരുമാനമെടുത്തതായി പ്രതിനിധി അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ലിമിറ്റഡ് മാനേജ്മെന്റ് പ്രതിനിധികളുമായി വ്യവസായ വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാൻ സെപ്റ്റംബർ മാസത്തിൽ ചർച്ച

നടത്തിയിരുന്നു. ചൈന ക്ലേ ഉൽപ്പന്ന നിർമ്മാതാക്കളായ കമ്പനിയുടെ പ്രവർത്തനം സുഗമമാക്കുന്നതിനും പൂർണ്ണശേഷിയിൽ ഉൽപ്പാദനം നടത്തുന്നതിനും ആവശ്യമായ അസംസ്കൃത വസ്തു ഉറപ്പുവരുത്തുന്നതിന് നിയമപരമായി ചെയ്യാൻ കഴിയുന്ന നടപടികൾ സ്വീകരിക്കുന്നതിന് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. കമ്പനിയുടെ പ്രവർത്തനത്തിനാവശ്യമായ ക്രൂഡ് ക്ലേ ലഭ്യമാക്കുന്നതിന് നിയമപരമായി സാധ്യമാകുന്ന നടപടികൾ തുടർന്നും സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ ആവശ്യമെങ്കിൽ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെയുംകൂടി സാന്നിദ്ധ്യത്തിൽ വ്യവസായ വകുപ്പുമന്ത്രി എന്ന നിലയിൽ മാനേജ്മെന്റുമായി ചർച്ച നടത്തി തുടർ നടപടികൾ സ്വീകരിക്കാൻ ശ്രമിക്കുന്നതാണ്.

### (8) <u>അഴീക്കൽ ഗ്രീൻഫീൽഡ് തുറമുഖ പദ്ധതി</u>

<u>ശ്രീ. കെ. വി. സുമേഷ്:</u> സർ, അഴീക്കൽ ഗ്രീൻഫീൽഡ് പോർട്ട് വിശേഷിച്ചും മലബാർ മേഖലയിൽ വലിയ പ്രതീക്ഷയോടെ വ്യവസായ ലോകവും ജനങ്ങളും കാത്തിരിക്കുന്ന ഒരു പദ്ധതിയാണ്. ഒന്നാം പിണറായി സർക്കാർ അതിനുവേണ്ടിയിട്ടുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയും തുറമുഖ വകുപ്പുമന്ത്രിയും അക്കാര്യത്തിൽ നല്ലതുപോലെ ഇടപെടുകയും ചെയ്യുന്നുണ്ട്. ഗ്രീൻഫീൽഡ് പോർട്ട് വളരെ പെട്ടെന്നുതന്നെ ആരംഭിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തുടങ്ങാൻ കഴിയുമോ എന്നുള്ളതാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഗ്രീൻഫീൽഡ് പോർട്ടിന്റെ വരവ് അവിടെയുള്ള ഇൻഡസ്ട്രിയൽ മേഖലയ്ക്ക് വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിയും. അതിനാവശ്യമായ ഭൂമിയേറ്റെടുക്കൽ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. അത് പെട്ടെന്ന് പൂർത്തീകരിക്കാൻ കഴിയുമോ; ഇതിന്റെ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് അവിടെയൊരു ലെയ്സൺ ഓഫീസ് ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; അത് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്നതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഈ വിഷയം ബഹുമാനപ്പെട്ട കെ. വി. സുമേഷ്, എം.എൽ.എ. എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കണ്ണൂർ ജില്ലയിലെ അഴീക്കലിൽ 14.2 മീറ്റർ വരെ ആഴമുള്ള കപ്പലുകൾക്ക് എത്തിച്ചേരുവാൻ സാധിക്കുന്ന ഗ്രീൻഫീൽഡ് തുറമുഖ നിർമ്മാണത്തിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി Malabar International Port & SEZ Limited

എന്ന പേരിൽ പ്രത്യേക കമ്പനി രൂപീകരിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ തുറമുഖത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് M/s. Howe Engineering Projects (India) Pvt. Ltd. എന്ന കമ്പനിയെ ചുമതലപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. ഡി.പി.ആർ.-ന്റെ ഭാഗമായിട്ടുള്ള ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻസ് നടത്തുന്നതിന് കോവിഡ്-19-ന്റെ വ്യാപനം നിമിത്തം ചില തടസ്സങ്ങളുണ്ടായി. ലോക്ഡൗൺ നീക്കിയ സാഹചര്യത്തിൽ ആവശ്യമായ പരിശോധനകളെല്ലാം നടത്തി 2022 ജനുവരി മാസത്തിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ജിയോടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻസ് റിപ്പോർട്ടിൽ അവിടത്തെ മണ്ണിന്റെ പ്രത്യേക ഘടന പരമ്പരാഗത രീതിയിലുള്ള പുലിമുട്ട് നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ചെന്നൈ ഐ.ഐ.ടി.-യോട് കൂടുതൽ പഠനം നടത്തി സാങ്കേതിക മികവാർന്നൊരു ഡിസൈൻ രൂപകൽപ്പന ചെയ്യാൻ നിർദ്ദേശിച്ചിരിക്കുകയാണ്. ഇതിന് സമാന്തരമായി റോഡ്, റെയിൽ വികസനത്തിനുള്ള രൂപരേഖയും തയ്യാറാക്കുന്നുണ്ട്. മാത്രമല്ല തുറമുഖ വികസനത്തിനാവശ്യമായ ഭൂമി സർവ്വെ ചെയ്ത് അതിര് അടയാളങ്ങൾ നിശ്ചയിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ചെന്നൈ ഐ.ഐ.ടി.-

യുടെ സാങ്കേതിക ഉപദേശം ലഭിച്ചാൽ മാത്രമേ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(9) പന്നിയങ്കര ടോൾ പിരിവ്

ശ്രീ. പി. പി. സുമോദ്: സർ, വടക്കാഞ്ചേരി മണ്ണുത്തി ദേശീയ പാതയിലെ തുടക്കമായ എന്റെ അസംബ്ലി മണ്ഡലത്തിലെ വടക്കാഞ്ചേരി പഞ്ചായത്തിലെ പന്നിയങ്കര പ്രദേശത്ത് പണിത ടോൾപ്ലാസ വഴി കടന്നുപോകുന്ന വാഹനങ്ങൾക്ക് ടോൾ പിരിക്കാൻ നീക്കം നടക്കുന്നുണ്ട്. എന്നാൽ ടോൾപ്ലാസയ്ക്ക് സമീപമുള്ള സർവ്വീസ് റോഡുകൾ, അഴുക്കുചാലുകൾ, പന്തലാംപാടം സ്കൂളിനുമുൻവശത്തെ foot over bridge എന്നിവയുടെ നിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. അതോടൊപ്പം പന്നിയങ്കര ടോൾപ്ലാസയുടെ ചുറ്റുവട്ടത്ത് താമസിക്കുന്ന വടക്കാഞ്ചേരി കണ്ണമ്പ്ര പഞ്ചായത്തിലെ ജനങ്ങൾക്ക് സൗജന്യപാസ് അനുവദിക്കുക എന്നതും പ്രധാന ആവശ്യമാണ്. ഈ ആവശ്യങ്ങൾ മുൻനിർത്തി കഴിഞ്ഞ മാസങ്ങളിൽ യുവജനസംഘടനകൾ, വ്യാപാരസംഘടനകൾ ഉൾപ്പെടെ വലിയ സമരപ്രക്ഷോഭങ്ങൾ ടോൾപ്ലാസയ്ക്ക് മുന്നിൽ നടന്നുവരികയാണ്. മേൽപ്പറഞ്ഞ സർവ്വീസ് റോഡുകൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തികരിച്ചതിനുശേഷവും അതോടൊപ്പംതന്നെ തദ്ദേശവാസികൾക്ക്

സൗജന്യ പാസ് അനുവദിച്ചതിനുശേഷവും മാത്രമേ പന്നിയങ്കര ടോൾപ്ലാസയിൽ ടോൾപിരിവ് ആരംഭിക്കാൻ പാടുള്ളൂ എന്ന നിർദ്ദേശം എൻ.എച്ച്.എ.-യ്ക്ക് നൽകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം പി. പി. സുമോദ് ഉന്നയിച്ച വിഷയം നാഷണൽ ഹൈവേ അതോറിറ്റിയുമായി ബന്ധപ്പെട്ടതാണ്. ദേശീയപാത അതോറിറ്റി ദേശീയപാത 544-ന്റെ നിർമ്മാണ പ്രവൃത്തികൾ നടത്തിവരികയാണെന്ന് നമുക്കറിയാം. കോൺട്രാക്ട് എഗ്രിമെന്റ്, ടോൾ ഫീ നോട്ടിഫിക്കേഷൻ എന്നിവ പ്രകാരം പൂർത്തിയാക്കിയ റോഡിനുമാത്രമേ ടോൾ പിരിവ് നടത്തുകയുള്ളൂവെന്നാണ് ദേശീയപാത അതോറിറ്റിയുടെ നയം. അതിന് വർക്കിംഗ് കംപ്ലീഷന്റെ പെർസന്റേജുണ്ടെന്ന് നമുക്കറിയാം. ബഹുമാനപ്പെട്ട പി. പി. സുമോദ് സബ്മിഷനിൽ ഉന്നയിച്ച വിഷയങ്ങൾ ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

## (10) ഇരിക്കൂറിലെ സമഗ്ര ടൂറിസം വികസനം

ശ്രീ. സജീവ് ജോസഫ്: സർ, മലബാറിലെ ടൂറിസം കുതിപ്പിൽ

ഏറ്റവുമധികം സാധ്യതയുള്ള ഒരു നിയോജകമണ്ഡലമാണ് ഇരിക്കൂർ. സമുദ്രനിരപ്പിൽനിന്നും ഏതാണ്ട് 5000 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പൈതൽമല, പാലക്കയംതട്ട്, കാഞ്ഞിരക്കൊല്ലി, തിരുനെറ്റിക്കല്ല്, കാപ്പിമല ഉൾപ്പെടെയുള്ള പ്രദേശങ്ങൾ കേരളത്തിലെ പ്രകൃതിരമണീയമായ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളാണ്. ഈ കേന്ദ്രങ്ങളെ കോർത്തിണക്കിക്കൊണ്ട് ഒരു ടൂറിസം സർക്യൂട്ട് പരിഗണിക്കണമെന്ന് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയോട് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്. പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് ഇപ്പോൾ അവിടെയുള്ളത്. പ്രത്യേകിച്ച് യാത്രാസൗകര്യം, റോഡുകളെല്ലാം താറുമാറായി കിടക്കുകയാണ്. ടൂറിസത്തിനാവശ്യമായ പശ്ചാത്തല സൗകര്യവും മറ്റ് വികസന പ്രവർത്തനങ്ങളും ഉണ്ടാകണമെന്നുള്ള ജനങ്ങളുടെയും ജനപ്രതിനിധികളുടെയും ആവശ്യം സർക്കാരിന്റെ മുന്നിലുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രിയെ കണ്ട് ഞങ്ങൾ ഇക്കാര്യം ബോധ്യപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെയും വനംവകുപ്പുമന്ത്രിയുടെയും താൽപ്പര്യപ്രകാരം ഉദ്യോഗസ്ഥരടങ്ങിയ ഒരു പ്രത്യേക ടീം അവിടെ സന്ദർശിക്കുകയും പരിശോധന നടത്തുകയും ഒക്ടോബർ മാസം അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നുണ്ടെന്ന് ഞാൻ മനസ്സിലാക്കുകയാണ്. ഇവിടത്തെ ടൂറിസം വികസനത്തിൽ പ്രഥമ പരിഗണന നൽകേണ്ടത് റോഡുകളുടെ കാര്യത്തിലാണ്. ഇതിൽ ഒന്നോ രണ്ടോ റോഡുകൾ മാത്രമാണ് പൊതുമരാമത്ത് വകുപ്പ് കൈകാര്യം ചെയ്യുന്നത്. ബാക്കിയെല്ലാം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലാണ്. അതുകൊണ്ട് ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി പ്രധാനപ്പെട്ട റോഡുകളിലെങ്കിലും ഒരു വൺടൈം റെനോവേഷൻ നടത്താൻ സർക്കാർ തയ്യാറാകണമെന്നഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ട്രക് പാത്ത് വേ, റോപ്പ്‌വേ, വാച്ച്ടവർ, ഹട്ടുകൾ, ടെന്റുകൾ, ബൈനോക്കുലർ സംവിധാനം, സോളാർ ലൈറ്റുകൾ തുടങ്ങിയവ സ്ഥാപിക്കാനും അതുപോലെ അഡ്വഞ്ചർ ടൂറിസത്തിനും ഏറ്റവും മികച്ച ഒരു ഡെസ്റ്റിനേഷനാണിത്. അതുകൊണ്ട് ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സർക്കാരിന്റെ പുതിയ ആശയമായ കാരവൻ ടൂറിസത്തിനും അനന്തമായ സാധ്യതകൾ ഇവിടെയുണ്ട്. അതും ഇവിടെ പ്രയോജനപ്പെടുത്താവുന്നതാണ്. വലിയ പ്രാധാന്യം കൈവന്നിട്ടുള്ള ക്രൂയിസ് ടൂറിസം മാപ്പിൽ ചെങ്ങളായി പഞ്ചായത്തിനെയും ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റിയെയുംകൂടി ഉൾപ്പെടുത്തണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. ഇപ്പോൾ

മലപ്പട്ടംവരെ എത്തിനിൽക്കുന്ന പദ്ധതി ശ്രീകണ്ഠാപുരത്തേയ്ക്കുവരെ ദീർഘിപ്പിച്ചാൽ അത് വലിയൊരു മാറ്റത്തിനിടയാക്കും. കണ്ണൂർ എയർപോർട്ട് യാഥാർത്ഥ്യമായ സാഹചര്യത്തിൽ, എയർപോർട്ടിന്റെ സമീപത്ത് സ്ഥിതി ചെയ്യുന്ന ഈ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടെ വികസനം പരമ പ്രധാനമായി കണ്ട് നിർദിഷ്ട ടൂറിസം സർക്യൂട്ട് യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി സർക്കാർ നടപടി സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം സജീവ് ജോസഫ് ഈ വിഷയം നേരത്തെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. വളരെ പ്രധാനമായി പരിഗണിക്കപ്പെടേണ്ട വിഷയമാണിത്. ഇതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് ചില നടപടികൾ കൈകൊണ്ടിട്ടുണ്ട്. ഈ പ്രദേശക്കാരനായ രാജ്യസഭാംഗം ശ്രീ. ജോൺ ബ്രിട്ടാസ് ബഹുമാനപ്പെട്ട അംഗം ശ്രീ. സജീവ് ജോസഫ് ഉന്നയിച്ച ഈ വിഷയത്തിൽ നടപടികൾ സ്വീകരിക്കണമെന്ന് തുടർച്ചയായി ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു. ഇരിക്കൂർ മണ്ഡലത്തിന്റെ ഭാഗമായ പൈതൽമല, പാലക്കയംതട്ട്, ഏഴരക്കുണ്ട്, കാഞ്ഞിരക്കൊല്ലി, മതിലേരിത്തട്ട് തുടങ്ങിയ കേന്ദ്രങ്ങളുടെ ടൂറിസം വികസന സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ ടൂറിസം വകുപ്പ്

സ്വീകരിച്ചുവരുന്നുണ്ട്. ഇതിൽ പൈതൽമല, കാഞ്ഞിരക്കൊല്ലി, അളകാപുരി വെള്ളച്ചാട്ടം എന്നീ മേഖലകൾ വനം വകുപ്പിന് കീഴിലായതിനാൽ ഈ കേന്ദ്രങ്ങളിൽ പരിസ്ഥിതി സൗഹൃദ പദ്ധതികൾ വനം വകുപ്പ് തയ്യാറാക്കിവരുന്നുണ്ട്. വനം വകുപ്പുമന്ത്രി അതിന് പ്രത്യേകം താൽപ്പര്യം എടുത്തിട്ടുണ്ട്. പാലക്കയംതട്ടിൽ ഡി.ടി.പി.സി നിലവിൽ പരിപാലിച്ചുവരുന്ന യൂണിറ്റിൽ കൂടുതൽ സൗകര്യങ്ങൾ, അനുഭവങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇവിടെ നവീകരണ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. കാഞ്ഞിരക്കൊല്ലിയിൽ ടൂറിസം വകുപ്പ് പണി പൂർത്തീകരിച്ചിട്ടും കെട്ടിട നമ്പർ ലഭിക്കാത്തതുകാരണം പ്രവർത്തിക്കുവാൻ കഴിയാതിരുന്ന വിശ്രമ കേന്ദ്രം പ്രവർത്തനക്ഷമമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. പൈതൽമലയിൽ ടൂറിസം വകുപ്പ് നിർമ്മിച്ച് ഡി.ടി.പി.സി.-ക്ക് കൈമാറിയ ലീസ് ഔട്ട് ചെയ്തിരുന്ന റിസോർട്ടിന്റെ ലീസുമായി ബന്ധപ്പെട്ട നിയമ പ്രശ്നം പരിഹരിക്കാൻ കണ്ണൂർ എ.ഡി.എം.-നെ ആർബിട്രേറ്ററായി തീരുമാനിച്ച് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ടൂറിസം വകുപ്പ് നേരത്തേ സൂചിപ്പിച്ച അൺ എക്സ്പ്ലോർഡ് ഡെസ്റ്റിനേഷനുകൾ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുകയെന്നത് ടൂറിസം വകുപ്പിന്റെ നയമാണെന്ന്

തുടക്കത്തിലെ പറഞ്ഞിട്ടുണ്ട്. അതിനുള്ള പ്രത്യേക പദ്ധതികളും നടപ്പിലാക്കുകയാണ്. ഇത്തരം പദ്ധതികൾ ഈ പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കും. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒന്നിൽ കുറയാത്ത ഡെസ്റ്റിനേഷനുകളെ എക്സ്പ്ലോർ ചെയ്യുകയെന്നുള്ള കാഴ്ചപ്പാട് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ഇതിനകം സംസാരിച്ചുകഴിഞ്ഞു. ഒരു ഡെസ്റ്റിനേഷൻ ചലഞ്ചും ഇതുമായി ബന്ധപ്പെട്ട് വരും. ബഹുമാനപ്പെട്ട അംഗം ഇവിടെപ്പറഞ്ഞ കണ്ണൂർ എയർപോർട്ട് കേന്ദ്രീകരിച്ചുള്ള ടൂറിസം സർക്യൂട്ട് കണക്ഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ, ഇതിൽ കണ്ണൂർ എയർപോർട്ട് മാത്രമല്ല, സംസ്ഥാനത്തെ എയർപോർട്ടുകളെ കേന്ദ്രീകരിച്ചുകൊണ്ടുതന്നെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനിലേയ്ക്ക് പോകുന്ന പ്രത്യേക സർക്യൂട്ടും ആക്സസിബിലിറ്റിയും പരിശോധിക്കപ്പെടേണ്ടതാണെന്നുകൂടി ഇവിടെ പ്രത്യേകം പറയുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## VI. മേശപ്പുറത്തുവച്ച കടലാസുകൾ

(1) ലിസ്റ്റ് 1 പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

## i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 780/2021 | ജി.ഒ.(ആർ.ടി) നം. 2819/2021/ഹോം(1) | 13.10.2021 | അല്ല |
| 2 | 781/2021 | ജി.ഒ.(ആർ.ടി) നം. 2819/2021/ഹോം(2) | 13.10.2021 | അല്ല |
| 3 | 783/2021 | ജി.ഒ.(ആർ.ടി) നം. 3012/2021/ഹോം | 30.10.2021 | അല്ല |
| 4 | 788/2021 | ജി.ഒ.(എം.എസ്) നം. 191/2021/ജിഎഡി | 26.10.2021 | അല്ല |
| 5 | 801/2021 | ജി.ഒ.(എം.എസ്) നം. 190/2021/ഹോം | 30.10.2021 | അല്ല |
| 6 | 816/2021 | ഹോം- എസ്എസ്എ 2/ 67/2021-ഹോം | 06.11.2021 | അല്ല |
| 7 | 818/2021 | ജി.ഒ.(ആർ.ടി) നം. 2481/2021/ഹോം(1) | 15.09.2021 | അല്ല |
| 8 | 819/2021 | ജി.ഒ.(ആർ.ടി) നം. 2481/2021/ഹോം(2) | 15.09.2021 | അല്ല |
| 9 | 834/2021 | ജി.ഒ.(ആർ.ടി) നം. 3094/2021/ഹോം | 06.11.2021 | അല്ല |
| 10 | 835/2021 | ജി.ഒ.(ആർ.ടി) നം. 3097/2021/ഹോം | 06.11.2021 | അല്ല |
| 11 | 843/2021 | ജി.ഒ.(ആർ.ടി) നം. 2586/2021/ഹോം | 23.09.2021 | അല്ല |
| 12 | 856/2021 | ജി.ഒ.(പി) നം. 74/2021/ഹോം | 22.11.2021 | അല്ല |
| 13 | 867/2021 | ജി.ഒ.(പി) നം. 202/2021/ജിഎഡി | 23.10.2021 | അല്ല |
| 14 | 883/2021 | ജി.ഒ.(ആർ.ടി.)നം. 3198/2021/ഹോം | 17.11.2021 | അല്ല |
| 15 | 886/2021 | ജി.ഒ.(പി) നം.3319/2021/ഹോം | 30.11.2021 | അല്ല |
| 16 | 887/2021 | ജി.ഒ.(ആർ.ടി.) നം. 3320/2021/ഹോം | 30.11.2021 | അല്ല |
| 17 | 888/2021 | ജി.ഒ.(പി)നം. 9/2021/പി&എ.ആർ.ഡി. | 30.11.2021 | അല്ല |
| 18 | 889/2021 | ജി.ഒ.(എം.എസ്) നം. 203/2021/ഹോം | 22.11.2021 | അല്ല |

| | | | | |
|---|---|---|---|---|
| 19 | 890/2021 | ജി.ഒ.(എംഎസ്) നം. 203/2021/ഹോം | 22.11.2021 | അല്ല |
| 20 | 891/2021 | ജി.ഒ.(എം.എസ്) നം. 203/2021/ഹോം | 22.11.2021 | അല്ല |
| 21 | 892/2021 | ജി.ഒ.(എം.എസ്) നം. 203/2021/ഹോം | 22.11.2021 | അല്ല |
| 22 | 893/2021 | ജി.ഒ.(എം.എസ്) നം. 203/2021/ഹോം | 22.11.2021 | അല്ല |
| 23 | 894/2021 | ജി.ഒ.(എം.എസ്) നം. 203/2021/ഹോം | 22.11.2021 | അല്ല |
| 24 | 914/2021 | ഹോം-എസ്.എസ്.എ.2/ 66/2020-ഹോം | 09.12.2021 | അല്ല |
| 25 | 918/2021 | ജി.ഒ.(ആർ.ടി.)നം. 3412/2021/ ഹോം | 09.12.2021 | അല്ല |
| 26 | 920/2021 | സ.ഉ. (അച്ചടി) നം. 77/2021/ആഭ്യന്തരം | 10.12.2021 | അല്ല |
| 27 | 931/2021 | ജി.ഒ.(എം.എസ്.)നം. 196/2021/ഹോം | 09.11.2021 | അല്ല |
| 28 | 964/2021 | സ.ഉ. (അച്ചടി) നം. 35/2021/പൊ.ഭ.വ. | 17.12.2021 | അല്ല |
| 29 | 972/2021 | ജി.ഒ.(ആർ.ടി.)നം. 3503/2021/ഹോം | 17.12.2021 | അല്ല |
| 30 | 980/2021 | ജി.ഒ.(ആർ.ടി.)നം. 3397/2021/ഹോം(1) | 07.12.2021 | അല്ല |
| 31 | 981/2021 | ജി.ഒ.(ആർ.ടി.)നം. 3397/2021/ഹോം(2) | 07.12.2021 | അല്ല |
| 32 | 982/2021 | ജി.ഒ.(ആർ.ടി.)നം. 3397/2021/ഹോം(3) | 07.12.2021 | അല്ല |
| 33 | 983/2021 | ജി.ഒ.(ആർ.ടി.)നം. 3397/2021/ഹോം(4) | 07.12.2021 | അല്ല |
| 34 | 987/2021 | ജി.ഒ.(എം.എസ്.) 219/2021/ഹോം | 20.12.2021 | അല്ല |
| 35 | 1021/2021 | ജി.ഒ.(ആർ.ടി.) നം. 3597/2021/ഹോം | 30.12.2021 | അല്ല |
| 36 | 1022/2021 | ജി.ഒ.(ആർ.ടി.) നം. 3596/2021/ഹോം | 30.12.2021 | അല്ല |
| 37 | 33/2022 | ജി.ഒ.(പി) നം. 11/2021/പി&എ.ആർ.ഡി. | 20.12.2021 | അല്ല |
| 38 | 40/2022 | ജി.ഒ.(പി)നം.1/2022/ പി.&എ.ആർ.ഡി. | 04.01.2022 | അല്ല |

| | | | | |
|---|---|---|---|---|
| 39 | 53/2022 | ജി.ഒ.(ആർ.ടി.)നം. 89/2022/ഹോം | 10.01.2022 | അല്ല |
| 40 | 60/2022 | ജി.ഒ.(പി) നം. 1/2022/ഹോം | 13.01.2022 | അല്ല |
| 41 | 124/2022 | ജി.ഒ.(പി)നം.2/2022/ പി&എ.ആർ.ഡി. | 15.01.2022 | അല്ല |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 2 | കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | ഇലക്ട്രോണിക്സ് ടെക്നോളജി പാർക്ക്സ്-കേരള (ടെക്നോപാർക്ക്) | 2019-20 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| | | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| | | 2020-21 | ആഡിറ്റ് റിപ്പോർട്ട് | അല്ല |
| 4 | ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| | | 2020-21 | | |
| 5 | കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ | 2020-21 | വാർഷിക റിപ്പോർട്ട് & ആഡിറ്റ് റിപ്പോർട്ട് | അല്ല |

## വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

## 11.11.2021-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 323/2021 | ജി.ഒ.(ആർറ്റി) നം. 916/2021/ഹോം | 23.03.2021 |
| 2 | 327/2021 | ജി.ഒ.(ആർറ്റി) നം. 941/2021/ഹോം | 26.03.2021 |

| | | | |
|---|---|---|---|
| 3 | 352/2021 | ജി.ഒ.(ആർറ്റി) നം. 952/2021/ഹോം | 26.03.2021 |
| 4 | 706/2021 | ജി.ഒ.(ആർറ്റി) നം. 2458/2021/ഹോം | 13.09.2021 |
| 5 | 782/2021 | ജി.ഒ.(പി) നം. 71/2021/ഹോം | 29.10.2021 |
| 6 | 784/2021 | ജി.ഒ.(പി) നം. 69/2021/ഹോം | 28.10.2021 |

**II.** തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 201/2020 | ജി.ഒ.(പി) നം. 36/2020/റ്റി.ഡി. | 12.03.2020 | അതെ |
| 2 | 202/2020 | ജി.ഒ.(പി)നം.37/2020/റ്റി.ഡി. | 12.03.2020 | അതെ |
| 3 | 203/2021 | ജി.ഒ.(പി) നം.22/2021/റ്റി.ഡി. | 16.02.2021 | അതെ |
| 4 | 238/2020 | ജി.ഒ.(പി)നം.42/2020/റ്റി.ഡി. | 20.03.2020 | അതെ |
| 5 | 239/2020 | ജി.ഒ.(പി) നം.43/2020/റ്റി.ഡി. | 20.03.2020 | അതെ |
| 6 | 240/2020 | ജി.ഒ.(പി) നം.44/2020/റ്റി.ഡി. | 20.03.2020 | അതെ |
| 7 | 241/2020 | ജി.ഒ.(പി)നം.45/2020/റ്റി.ഡി. | 20.03.2020 | അതെ |
| 8 | 242/2020 | ജി.ഒ.(പി)നം.46/2020/റ്റി.ഡി. | 20.03.2020 | അതെ |
| 9 | 282/2020 | ജി.ഒ.(പി)നം.56/2020/റ്റി.ഡി. | 21.04.2020 | അതെ |
| 10 | 343/2020 | ജി.ഒ.(പി) നം. 75/2020/റ്റി.ഡി | 21.05.2020 | അതെ |
| 11 | 344/2020 | ജി.ഒ.(പി)നം.76/2020/റ്റി.ഡി | 22.05.2020 | അതെ |
| 12 | 420/2020 | ജി.ഒ.(പി) നം. 47/2020/ എൽ.എസ്.ജി.ഡി. | 25.06.2020 | അതെ |
| 13 | 421/2020 | ജി.ഒ.(പി) നം. 48/2020/ എൽ.എസ്.ജി.ഡി. | 25.06.2020 | അതെ |
| 14 | 520/2020 | ജി.ഒ.(പി) നം.105/2020/റ്റി.ഡി | 17.08.2020 | അതെ |
| 15 | 521/2020 | ജി.ഒ.(പി) നം.106/2020/റ്റി.ഡി | 17.08.2020 | അതെ |
| 16 | 546/2020 | ജി.ഒ.(പി) 107/2020/റ്റി.ഡി | 24.08.2020 | അതെ |

| | | | | |
|---|---|---|---|---|
| 17 | 30/2021 | ജി.ഒ.(പി)നം. 72/2020/ എൽ.എസ്.ജി.ഡി | 18.11.2020 | അല്ല |
| 18 | 693/2021 | ജി.ഒ.(പി) നം. 63/2021/റ്റി.ഡി | 02.09.2021 | അല്ല |
| 19 | 815/2021 | ജി.ഒ.(പി) നം. 116/2021/റ്റി.ഡി | 06.11.2021 | അല്ല |
| 20 | 817/2021 | ജി.ഒ.(എം.എസ്) നം. 73/2021/റ്റി.ഡി | 05.11.2021 | അല്ല |
| 21 | 870/2021 | ജി.ഒ.(പി) നം. 119/2021/റ്റി.ഡി | 17.11.2021 | അല്ല |
| 22 | 903/2021 | ജി.ഒ.(പി)നം.125/2021/റ്റി.ഡി | 26.11.2021 | അല്ല |
| 23 | 959/2021 | ജി.ഒ.(പി) നം. 123/2021/റ്റി.ഡി | 25.11.2021 | അല്ല |
| 24 | 1001/2021 | ജി.ഒ.(പി) നം. 128/2021/റ്റി.ഡി. | 20.12.2021 | അല്ല |
| 25 | 1002/2021 | ജി.ഒ.(പി) നം.129/2021/റ്റി.ഡി. | 20.12.2021 | അല്ല |
| 26 | 45/2022 | ജി.ഒ.(പി) നം.54/2021/ എൽ.എസ്.ജി.ഡി. | 08.11.2021 | അല്ല |
| 27 | 79/2022 | ജി.ഒ.(പി) നം. 60/2021/ എൽ.എസ്.ജി.ഡി. | 14.12.2021 | അല്ല |
| 28 | 80/2022 | ജി.ഒ.(പി) നം.58/ 2021/എൽ.എസ്.ജി.ഡി. | 06.12.2021 | അല്ല |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി | 2019-20 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 2 | ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ടും വാർഷിക ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റും | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:11.11.2021-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 398/2020 | സ.ഉ.(അച്ചടി) നം. 44/2020/തസ്വഭവ | 05-06-2020 |

| | | | |
|---|---|---|---|
| 2 | 758/2021 | ജി.ഒ.(എംഎസ്) നം. 69/2021/ടാക്സസ് | 20-10-2021 |
| 3 | 764/2021 | ജി.ഒ.(പി) നം. 104/2021/ടിഡി | 23-10-2021 |
| 4 | 765/2021 | ജി.ഒ.(പി) നം. 105/2021/ടിഡി | 23-10-2021 |

III. റവന്യു- ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 369/2021 | സ.ഉ.(സാധാ) നം. 1166/2021/റവ | 25-02-2021 | അതെ |
| 2 | 730/2021 | ജി.ഒ.(പി) നം. 141/21/ആർ.ഡി. | 04-10-2021 | അല്ല |
| 3 | 984/2021 | ജി.ഒ.(എം.എസ്.) നം. 14/2021/എച്ച്.എസ്.ജി. | 23-12-2021 | അല്ല |
| 4 | 995/2021 | ജി.ഒ.(പി) നം. 206/2021/ആർ.ഡി. | 10-12-2021 | അല്ല |
| 5 | 996/2021 | ജി.ഒ.(പി) നം. 205/2021/ആർ.ഡി. | 10-12-2021 | അല്ല |
| 6 | 997/2021 | ജി.ഒ.(പി) നം. 210/2021/ആർ.ഡി. | 24-12-2021 | അല്ല |
| 7 | 998/2021 | ജി.ഒ.(പി) നം. 211/2021/ആർ.ഡി. | 24-12-2021 | അല്ല |
| 8 | 1006/2021 | ജി.ഒ.(പി)നം. 217/2021/ആർ.ഡി. | 30-12-2021 | അല്ല |
| 9 | 1011/2021 | ജി.ഒ.(പി.) നം. 212/2021/ആർ.ഡി. | 29-12-2021 | അല്ല |
| 10 | 1012/2021 | ജി.ഒ.(പി) നം. 213/2021/ആർ.ഡി. | 29-12-2021 | അല്ല |

| | | | | |
|---|---|---|---|---|
| 11 | 19/2022 | ജി.ഒ.(പി) നം. 11/2022/ആർ.ഡി. | 4-01-2022 | അല്ല |
| 12 | 20/2022 | ജി.ഒ.(പി)നം. 12/2022/ആർ.ഡി. | 4-01-2022 | അല്ല |
| 13 | 24/2022 | ജി.ഒ.(പി) നം. 7/2022/ആർ.ഡി. | 04-01-2022 | അല്ല |
| 14 | 25/2022 | ജി.ഒ.(പി) നം. 6/2022/ആർ.ഡി. | 04-01-2022 | അല്ല |
| 15 | 28/2022 | ജി.ഒ.(പി)നം. 13/2022/ആർ.ഡി. | 04-01-2022 | അല്ല |
| 16 | 32/2022 | ജി.ഒ.(പി) നം. 17/2022/ആർ.ഡി. | 06-01-2022 | അല്ല |
| 17 | 51/2022 | ജി.ഒ.(പി) നം. 23/2022/ആർ.ഡി. | 12-01-2022 | അല്ല |
| 18 | 97/2022 | ജി.ഒ.(എം.എസ്) നം. 1/2022/എച്ച്.എസ്.ജി. | 18-01-2022 | അല്ല |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക്) | 2017-18<br>2018-19 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |

## വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

## 11.11.2021-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 656/2021 | ജി.ഒ.(പി) നം. 70/2021/ആർഡി | 18-06-2021 |
| 2 | 657/2021 | ജി.ഒ.(പി) നം. 72/2021/ആർഡി | 18-06-2021 |
| 3 | 658/2021 | ജി.ഒ.(പി) നം. 71/2021/ആർഡി | 18-06-2021 |
| 4 | 719/2021 | ജി.ഒ.(പി) നം. | 30-09-2021 |

| | | | |
|---|---|---|---|
| | | 139/2021/ആർഡി | |
| 5 | 736/2021 | ജി.ഒ.(പി) നം. 143/2021/ആർഡി | 06-10-2021 |

IV. ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 49/2022 | ജി.ഒ.(പി) നം. 4/2022/ഡബ്ല്യു. ആർ.ഡി. | 03-01-2022 | അല്ല |
| 2 | 50/2022 | ജി.ഒ.(പി) നം. 5/2022/ഡബ്ല്യു. ആർ.ഡി. | 06-01-2022 | അല്ല |

V. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 776/2021 | ജി.ഒ.(പി) നം. 3/2021/പിഡി | 22-10-2021 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |

| | | | | |
|---|---|---|---|---|
| 1 | കേരള സ്റ്റേറ്റ് പവർ ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| | | 2019-20 | | |
| 2 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| | | 2019-20 | | |

VI. വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 403/2021 | ജി.ഒ.(പി) നം. 21/2021/എഫ്&ഡബ്ല്യു എൽഡി | 18-05-2021 | അതെ |
| 2 | 404/2021 | ജി.ഒ.(പി) നം. 22/2021/എഫ്&ഡബ്ല്യു എൽഡി | 18-05-2021 | അതെ |
| 3 | 851/2021 | ജി.ഒ.(പി) നം. 34/2021/വനം | 30-10-2021 | അല്ല |
| 4 | 852/2021 | ജി.ഒ.(പി) നം. 35/2021/വനം | 06-11-2021 | അല്ല |
| 5 | 954/2021 | ജി.ഒ.(പി)നം. 36/2021/വനം | 9-12-2021 | അല്ല |
| 6 | 955/2021 | ജി.ഒ.(പി)നം. 37/2021/വനം | 10-12-2021 | അല്ല |
| 7 | 994/2021 | ജി.ഒ.(പി) നം.38/2021/വനം | 18-12-2021 | അല്ല |
| 8 | 100/2022 | ജി.ഒ.(പി) നം. 3/2022/എഫ്&ഡബ്ല്യു എൽഡി | 16-01-2022 | അല്ല |
| 9 | 105/2022 | ജി.ഒ.(പി) നം. എഫ്&ഡബ്ല്യുഎൽഡി | 12-01-2022 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:
11.11.2021-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 162/2021 | ജി.ഒ.(പി) നം. 2/2021/എഫ്&ഡബ്ല്യൂഎൽഡി | 12.02.2021 |
| 2 | 226/2021 | ജി.ഒ.(പി) നം. 3/2021/വനം | 15.02.2021 |
| 3 | 296/2021 | ജി.ഒ.(പി) നം. 5/2021/വനം | 09.03.2021 |
| 4 | 318/2021 | ജി.ഒ.(പി) നം. 14/2021/വനം | 24.03.2021 |
| 5 | 319/2021 | ജി.ഒ.(പി) നം. 11/2021/വനം | 24.03.2021 |
| 6 | 320/2021 | ജി.ഒ.(പി) നം. 12/2021/വനം | 24.03.2021 |
| 7 | 324/2021 | ജി.ഒ.(പി) നം. 13/2021/വനം | 24.03.2021 |
| 8 | 326/2021 | ജി.ഒ.(പി) നം. 15/2021/വനം | 24.03.2021 |
| 9 | 373/2021 | ജി.ഒ.(പി) നം. 18/2021/വനം | 20.04.2021 |
| 10 | 374/2021 | ജി.ഒ.(പി) നം. 19/2021/വനം | 21.04.2021 |
| 11 | 375/2021 | ജി.ഒ.(പി) നം. 20/2021/വനം | 22.04.2021 |

VII. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 836/2021 | ജി.ഒ.(പി) നം. 172/2021/ആർ. ഡി. | 13-11-2021 | അല്ല |
| 2 | 837/2021 | ജി.ഒ.(പി) നം. 173/2021/ആർ. ഡി. | 13-11-2021 | അല്ല |

ii.ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2016-17<br>2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |

VIII. ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെ |
|---|---|---|---|---|
| | | നമ്പർ | തീയതി | |

| | | | | ന്ന് |
|---|---|---|---|---|
| 1 | 310/2021 | ജി.ഒ.(പി) നം. 28/2021/ടാക്സസ് | 24-03-2021 | അതെ |
| 2 | 768/2021 | ജി.ഒ.(പി) നം. 106/2021/ടാക്സസ് | 27-10-2021 | അല്ല |
| 3 | 773/2021 | ജി.ഒ.(പി) നം. 107/2021/ടാക്സസ് | 28-10-2021 | അല്ല |
| 4 | 774/2021 | ജി.ഒ.(പി) നം. 108/2021/ടാക്സസ് | 28-10-2021 | അല്ല |
| 5 | 775/201 | ജി.ഒ.(പി) നം. 109/2021/ടാക്സസ് | 28-10-2021 | അല്ല |
| 6 | 777/2021 | ജി.ഒ.(പി) നം. 110/2021/ടാക്സസ് | 29-10-2021 | അല്ല |
| 7 | 778/2021 | ജി.ഒ.(പി) നം. 111/2021/ടാക്സസ് | 29-10-2021 | അല്ല |
| 8 | 787/2021 | ജി.ഒ.(പി) നം. 142/2021/ഫിൻ | 30-10-2021 | അല്ല |
| 9 | 794/2021 | ജി.ഒ.(പി) നം. 143/2021/ഫിൻ | 30-10-2021 | അല്ല |
| 10 | 795/2021 | ജി.ഒ.(പി) നം. 144/2021/ഫിൻ | 30-10-2021 | അല്ല |
| 11 | 844/2021 | ജി.ഒ.(പി) നം. 117/2021/ടാക്സസ് | 16-11-2021 | അല്ല |
| 12 | 845/2021 | ജി.ഒ.(പി) നം. 118/2021/ടാക്സസ് | 16-11-2021 | അല്ല |
| 13 | 857/2021 | ജി.ഒ.(പി) നം. 120/2021/ടാക്സസ് | 22-11-2021 | അല്ല |
| 14 | 899/2021 | ജി.ഒ.(പി) നം. 126/2021/ടാക്സസ് | 02-12-2021 | അല്ല |
| 15 | 973/2021 | ജി.ഒ.(പി) നം.132/2021/ടാക്സസ് | 21-12-2021 | അല്ല |
| 16 | 974/2021 | ജി.ഒ.(പി) നം. 133/2021/ടാക്സസ് | 21-12-2021 | അല്ല |
| 17 | 975/2021 | ജി.ഒ.(പി) നം. 134/2021/ടാക്സസ് | 21-12-2021 | അല്ല |
| 18 | 976/2021 | ജി.ഒ.(പി) നം. 135/2021/ടാക്സസ് | 22-12-2021 | അല്ല |

| | | | | |
|---|---|---|---|---|
| 19 | 977/2021 | ജി.ഒ.(പി) നം.136/2021/ടാക്സസ് | 23-12-2021 | അല്ല |
| 20 | 978/2021 | ജി.ഒ.(പി) നം.137/2021/ടാക്സസ് | 23-12-2021 | അല്ല |
| 21 | 979/2021 | ജി.ഒ.(പി)നം. 138/2021/ടാക്സസ് | 23-12-2021 | അല്ല |
| 22 | 1014/2021 | ജി.ഒ.(പി) നം. 139/2021/ടാക്സസ് | 31-12-2021 | അല്ല |
| 23 | 1015/2021 | ജി.ഒ.(പി)നം. 140/2021/ടാക്സസ് | 31-12-2021 | അല്ല |
| 24 | 1016/2021 | ജി.ഒ.(പി)നം. 141/2021/ടാക്സസ് | 31-12-2021 | അല്ല |
| 25 | 1017/2021 | ജി.ഒ.(പി)നം. 142/2021/ടാക്സസ് | 31-12-2021 | അല്ല |
| 26 | 1018/2021 | ജി.ഒ.(പി)നം. 143/2021/ടാക്സസ് | 31-12-2021 | അല്ല |
| 27 | 1019/2021 | ജി.ഒ.(പി) നം 144/2021/ടാക്സസ് | 31-12-2021 | അല്ല |
| 28 | 1020/2021 | ജി.ഒ.(പി) നം. 145/2021/ടാക്സസ് | 31-12-2021 | അല്ല |
| 29 | 01/2022 | ജി.ഒ.(പി) നം. 147/2021/ടാക്സസ് | 31-12-2021 | അല്ല |
| 30 | 2/2022 | ജി.ഒ.(പി) നം. 148/2021/ടാക്സസ് | 31-12-2021 | അല്ല |
| 31 | 30/2022 | ജി.ഒ.(പി) നം. 3/2022/ടാക്സസ് | 05-01-2022 | അല്ല |
| 32 | 31/2022 | ജി.ഒ.(പി) നം. 4/2022/ടാക്സസ് | 05-01-2022 | അല്ല |
| 33 | 37/2022 | ജി.ഒ.(പി)നം. 7/2022/ടാക്സസ് | 06-01-2022 | അല്ല |
| 34 | 38/2022 | ജി.ഒ.(പി) നം. 6/2022/ടാക്സസ് | 06-01-2022 | അല്ല |
| 35 | 39/2022 | ജി.ഒ.(പി) നം. 5/2022/റ്റി.ഡി. | 06-01-2022 | അല്ല |
| 36 | 67/2022 | ജി.ഒ.(പി) നം.8/2022/ടാക്സസ് | 17-01-2022 | അല്ല |
| 37 | 75/2022 | ജി.ഒ.(പി) | 19-01-2022 | അല്ല |

| | | | | |
|---|---|---|---|---|
| | | നം.9/2022/ടാക്സസ് | | |
| 38 | 76/2022 | ജി.ഒ.(പി) നം. 10/2022/ടാക്സസ് | 19-01-2022 | അല്ല |
| 39 | 107/2022 | ജി.ഒ.(പി) നം. 11/2022/ടാക്സസ് | 20-01-2022 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ | 2019-20 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| | | 2020-21 | | അല്ല |
| 2 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | 2020-21 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് (വാല്യം I&II) | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

11.11.2021-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 317/2021 | ജി.ഒ.(പി) നം. 32/2021/ടാക്സസ് | 30-03-2021 |
| 2 | 744/2021 | ജി.ഒ.(പി) നം. 97/2021/ടാക്സസ് | 11-10-2021 |
| 3 | 752/2021 | ജി.ഒ.(പി) നം. 101/2021/ടാക്സസ് | 16-10-2021 |
| 4 | 753/2021 | ജി.ഒ.(പി) നം. 102/2021/ടാക്സസ് | 16-10-2021 |
| 5 | 754/2021 | ജി.ഒ.(പി) നം. 103/2021/ടാക്സസ് | 16-10-2021 |
| 6 | 793/2021 | ജി.ഒ.(പി) നം. 114/2021/ടാക്സസ് | 01-11-2021 |

IX. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സർ,

ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 833/2021 | ജി.ഒ.(പി) നം. 23/2021/ഇൻഡ് | 28-10-2021 | അല്ല |
| 2 | 874/2021 | സ.ഉ.(പി)നം. 24/2021/വ്യവ. | 16-11-2021 | അല്ല |
| 3 | 949/2021 | ജി.ഒ.(പി) നം. 8/2021/ലോ | 26-11-2021 | അല്ല |
| 4 | | KBC/GOVT/ 2224/2021 | 18-12-2021 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ | 2007-08 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് | 2012-13 മുതൽ 2019-20 വരെ | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 3 | കേരള അഡ്വക്കേറ്റ് വെൽഫയർ ഫണ്ട് ട്രസ്റ്റി കമ്മിറ്റി | 2012-13<br>2013-14<br>2014-15<br>2015-16 | വാർഷിക റിപ്പോർട്ട് & ഓഡിറ്റ് റിപ്പോർട്ട് | അതെ |

| | | | | |
|---|---|---|---|---|
| | | 2016-17<br>2017-18 | | |
| 4 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് | 2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 6 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 7 | കേരള സംസ്ഥാന കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 8 | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 9 | കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് | 2018-19 | വാർഷിക കണക്കുകൾ | അതെ |
| 10 | കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ് | 2018-19<br>2019-20 | വാർഷിക റിപ്പോർട്ടും കണക്കുകളും<br>വാർഷിക റിപ്പോർട്ട് | അതെ |
| 11 | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 12 | മലബാർ സിമന്റ്സ് ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 13 | കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ടും ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റും | അതെ |
| 14 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 15 | ട്രാൻസ്ഫോർമേഴ്സ് ആൻഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |

| | | | | |
|---|---|---|---|---|
| | ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് | | | |
| 16 | കേരള ക്ലെയ്സ് ആൻഡ് സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |
| 17 | കേരള സിറാമിക്സ് ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ടും ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റും | അതെ |
| 18 | കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റി | 2020-21 | വാർഷിക റിപ്പോർട്ട് | അല്ല |
| 19 | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2020-21 | വാർഷിക റിപ്പോർട്ടും കണക്കും | അല്ല |

X. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 953/2021 | ജി.ഒ. (പി) നം. 25/2021/അഗ്രി | 14-12-2021 | അല്ല |
| 2 | 88/2022 | സ.ഉ.(അച്ചടി) നം. 4/2022/കൃഷി | 19-01-2022 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ | സ്ഥാപനം | റിപ്പോർട്ടിന്റെ | കാലതാമസപത്രിക |
|---|---|---|---|

| നം. | | വർഷം | സ്വഭാവം | സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | കേരള കേരകർഷക സഹകരണ ഫെഡറേഷൻ ക്ലിപ്തം (കേരഫെഡ്) | 2014-15 മുതൽ 2019-20 വരെ | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 2 | കേരള കാർഷിക സർവ്വകലാശാല | 2018-19 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| | | 2020-21 | വാർഷിക കണക്കുകൾ | അല്ല |
| 3 | ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 4 | സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ടും വാർഷിക കണക്കും | അതെ |
| 5 | കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ | 2019-20 | വാർഷിക റിപ്പോർട്ടും വാർഷിക കണക്കും | അതെ |
| | | 2020-21 | ആഡിറ്റ് റിപ്പോർട്ട് | അല്ല |

XI. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 924/2021 | സ.ഉ.(അച്ചടി) നം. 5/2021.സാം.കാ.വ | 27-10-2021 | അല്ല |
| 2 | 925/2021 | സ.ഉ.(അച്ചടി) നം.6/2021/സാം.കാ.വ | 27-10-2021 | അല്ല |

| | | | | |
|---|---|---|---|---|
| 3 | 932/2021 | സ.ഉ.(അച്ചടി) നം.9/2021/സാം.കാ.വ. | 27-10-2021 | അല്ല |
| 4 | 933/2021 | ജി.ഒ.(പി)നം. 14/2021/സിഎൽഎഡി | 27-10-2021 | അല്ല |
| 5 | 934/2021 | സ.ഉ.(അച്ചടി) നം. 15/2021/സാം.കാ.വ. | 27-10-2021 | അല്ല |
| 6 | 935/2021 | സ.ഉ.(അച്ചടി) നം. 16/2021/സാം.കാ.വ. | 27-10-2021 | അല്ല |
| 7 | 936/2021 | സ.ഉ.(അച്ചടി) നം. 17/2021/സാം.കാ.വ. | 27-10-2021 | അല്ല |
| 8 | 937/2021 | ജി.ഒ.(പി) നം. 18/2021/സിഎൽഎഡി. | 27-10-2021 | അല്ല |
| 9 | 938/2021 | സ.ഉ.(അച്ചടി) നം. 19/2021/സാം.കാ.വ. | 27-10-2021 | അല്ല |
| 10 | 944/2021 | ജി.ഒ.(പി) നം. 8/2021/സിഎൽഎഡി | 27-10-2021 | അല്ല |
| 11 | 945/2021 | സ.ഉ.(അച്ചടി) നം. 12/2021/സാം.കാ.വ. | 27-10-2021 | അല്ല |
| 12 | 946/2021 | സ.ഉ.(അച്ചടി) നം. 13/2021/സാം.കാ.വ. | 27-10-2021 | അല്ല |
| 13 | 951/2022 | സ.ഉ.(അച്ചടി) നം.7/2021/സാം.കാ.വ | 27-10-2021 | അല്ല |
| 14 | 952/2022 | സ.ഉ.(അച്ചടി) നം. 11/2021/സാം.കാ.വ. | 27-10-2021 | അല്ല |
| 15 | 957/2021 | സ.ഉ.(അച്ചടി)നം. 10/2021/സാം.കാ.വ. | 27-10-2021 | അല്ല |
| 16 | 958/2021 | ജി.ഒ.(പി) നം. 20/2021/സിഎൽഎഡി | 29-10-2021 | അല്ല |
| 17 | 1000/2021 | ജി.ഒ.(പി)നം. 21/2021/സിഎൽഎഡി | 29-10-2021 | അല്ല |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | മലബാർ ഇന്റർനാഷണൽ | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |

| | | | | |
|---|---|---|---|---|
| | പോർട്ട് & സെസ് ലിമിറ്റഡ് | | | |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:
11.11.2021-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 458/2021 | ജി.ഒ.(പി) നം. 14/2021/മത്സ്യ | 16-06-2021 |

XII. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്):

സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 814/2021 | ജി.ഒ.(പി) നം. 39/2021/എച്ച്ഇഡിഎൻ | 05-11-2021 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1. | നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (ന്യുവാൽസ്) | 2005-06 മുതൽ 2016-17 വരെ | ആഡിറ്റഡ് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് | അതെ |
| 2. | കാലിക്കറ്റ് സർവ്വകലാശാല | 2018-19 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 3. | കണ്ണൂർ | 2018-19 | ആഡിറ്റ് | അതെ |

| | | | | |
|---|---|---|---|---|
| | | | റിപ്പോർട്ട് | |
| | സർവ്വകലാശാല | 2019 | വാർഷിക റിപ്പോർട്ട് | അതെ |
| | | 2020-21 | വാർഷിക കണക്കുകൾ | അല്ല |
| 4 | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല | 2018-19 | വാർഷിക കണക്കുകളും ആഡിറ്റ് റിപ്പോർട്ടും | അതെ |
| | | 2019-20 | വാർഷിക കണക്കുകൾ | അതെ |
| 5 | കേരള സർവ്വകലാശാല | 2020 | വാർഷിക റിപ്പോർട്ട് | അതെ |

XIII. സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ):

സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 346/2020 | ജി.ഒ.(പി) നം. 33/2020/കോ.ഓപ്പ് | 25.03.2020 | അതെ |
| 2 | 350/2020 | ജി.ഒ.(പി) നം. 47/2020/കോ.ഓപ്പ് | 28.05.2020 | അതെ |
| 3 | 399/2020 | ജി.ഒ.(പി) നം. 25/2020/കോ.ഓപ്പ് | 06.03.2020 | അതെ |
| 4 | 419/2020 | ജി.ഒ.(പി) നം. 52/2020/കോ.ഓപ്പ് | 13.06.2020 | അതെ |
| 5 | 451/2020 | ജി.ഒ.(പി) നം. 56/2020/കോ.ഓപ്പ് | 23.06.2020 | അതെ |
| 6 | 720/2021 | ജി.ഒ.(പി) നം. 86/2021/ടാക്സസ് | 30.09.2021 | അല്ല |
| 7 | 791/2021 | ജി.ഒ.(പി) നം. | 01.11.2021 | അല്ല |

| | | | | |
|---|---|---|---|---|
| | | 112/2021/ടാക്സസ് | | |
| 8 | 792/2021 | ജി.ഒ.(പി) നം. 113/2021/ടാക്സസ് | 01.11.2021 | അല്ല |
| 10 | 821/2021 | ജി.ഒ.(പി) നം. 166/2021/കോ.ഓപ്പ് | 02.11.2021 | അല്ല |
| 11 | 822/2021 | ജി.ഒ. (പി) നം. 168/2021/കോ.ഓപ്പ് | 09.11.2021 | അല്ല |
| 12 | 823/2021 | ജി.ഒ.(പി) നം. 167/2021/കോ.ഓപ്പ് | 05.11.2021 | അല്ല |
| 13 | 847/2021 | ജി.ഒ.(പി) നം. 169/2021/കോ.ഓപ്പ് | 17.11.2021 | അല്ല |
| 14 | 854/2021 | ജി.ഒ.(പി) നം. 170/2021/കോ.ഓപ്പ് | 17.11.2021 | അല്ല |
| 15 | 855/2021 | ജി.ഒ.(പി) നം. 171/2021/കോ.ഓപ്പ് | 17.11.2021 | അല്ല |
| 16 | 858/2021 | ജി.ഒ.(പി) നം. 121/2021/ടാക്സസ് | 22.11.2021 | അല്ല |
| 17 | 859/2021 | ജി.ഒ.(പി) നം. 122/2021/ടാക്സസ് | 23.11.2021 | അല്ല |
| 18 | 879/2021 | ജി.ഒ.(പി) നം. 173/2021/കോ.ഓപ്പ് | 22.11.2021 | അല്ല |
| 19 | 880/2021 | ജി.ഒ.(പി) നം. 174/2021/കോ.ഓപ്പ് | 22.11.2021 | അല്ല |
| 20 | 895/2021 | ജി.ഒ.(പി) നം. 176/2021/കോ.ഓപ്പ് | 24.11.2021 | അല്ല |
| 21 | 896/2021 | ജി.ഒ.(പി) നം. 177/2021/കോ.ഓപ്പ് | 24.11.2021 | അല്ല |
| 22 | 908/2021 | ജി.ഒ. (പി) നം. 179/2021/കോ.ഓപ്പ് | 26.11.2021 | അല്ല |
| 23 | 911/2021 | ജി.ഒ. (പി)നം. 180/2021/കോ.ഓപ്പ് | 29.11.2021 | അല്ല |
| 24 | 912/2021 | ജി.ഒ.(പി) നം. 145/2021/കോ.ഓപ്പ് | 25.09.2021 | അല്ല |
| 25 | 913/2021 | ജി.ഒ.(പി)നം. 142/2021/കോ.ഓപ്പ് | 21.09.2021 | അല്ല |
| 26 | 915/2021 | ജി.ഒ.(പി) നം. 147/2021/കോ.ഓപ്പ് | 02.10.2021 | അല്ല |

| | | | | |
|---|---|---|---|---|
| 27 | 916/2021 | ജി.ഒ.(പി) നം. 148/2021/കോ.ഓപ്പ് | 02.10.2021 | അല്ല |
| 28 | 917/2021 | ജി.ഒ.(പി)നം. 150/2021/കോ.ഓപ്പ് | 07.10.2021 | അല്ല |
| 29 | 939/2021 | ജി.ഒ.(പി)നം. 172/2021/കോ.ഓപ്പ് | 22.11.2021 | അല്ല |
| 30 | 940/2021 | ജി.ഒ.(പി) നം. 184/2021/കോ.ഓപ്പ് | 15.12.2021 | അല്ല |
| 31 | 941/2021 | ജി.ഒ. (പി)നം. 186/2021/കോ.ഓപ്പ് | 15.12.2021 | അല്ല |
| 32 | 942/2021 | ജി.ഒ.(പി)നം. 187/2021/കോ.ഓപ്പ് | 15.12.2021 | അല്ല |
| 33 | 943/2021 | ജി.ഒ.(പി)നം. 188/2021/കോ.ഓപ്പ് | 15.12.2021 | അല്ല |
| 34 | 947/2021 | ജി.ഒ.(പി)നം. 185/2021/കോ.ഓപ്പ് | 15.12.2021 | അല്ല |
| 35 | 962/2021 | ജി.ഒ.(പി) നം.130/2021/നികുതി | 20.12.2021 | അല്ല |
| 36 | 963/2021 | ജി.ഒ.(പി) നം.131/2021/നികുതി | 20.12.2021 | അല്ല |
| 37 | 965/2021 | ജി.ഒ.(പി) നം. 191/2021/കോ.ഓപ്പ് | 20.12.2021 | അല്ല |
| 38 | 966/2021 | ജി.ഒ. (പി) നം. 192/2021/കോ.ഓപ്പ് | 20.12.2021 | അല്ല |
| 39 | 967/2021 | ജി.ഒ. (പി) നം. 193/2021/കോ.ഓപ്പ് | 20.12.2021 | അല്ല |
| 40 | 988/2021 | ജി.ഒ.(പി) നം. 196/2021/കോ.ഓപ്പ് | 23.12.2021 | അല്ല |
| 41 | 991/2021 | ജി.ഒ.(പി) 189/2021/കോ.ഓപ്പ് | 18.12.2021 | അല്ല |
| 42 | 992/2021 | ജി.ഒ.(പി) നം. 190/2021/കോ.ഓപ്പ് | 18.12.2021 | അല്ല |
| 43 | 999/2021 | ജി.ഒ.(പി) നം. 197/2021/കോ.ഓപ്പ് | 28.12.2021 | അല്ല |
| 44 | 1004/2021 | ജി.ഒ.(പി) നം. 195/2021/കോ.ഓപ്പ് | 22.12.2021 | അല്ല |
| 45 | 1010/2021 | ജി.ഒ.(പി)നം. | 30.12.2021 | അല്ല |

| | | | | |
|---|---|---|---|---|
| | | 198/2021/കോ.ഓപ്പ് | | |
| 46 | 1013/2021 | ജി.ഒ.(പി) നം. 182/2021/കോ.ഓപ്പ് | 06.12.2021 | അല്ല |
| 47 | 1023/2021 | ജി.ഒ.(പി)നം. 200/2021/കോ.ഓപ്പ് | 31.12.2021 | അല്ല |
| 48 | 3/2022 | ജി.ഒ.(പി) നം. 201/2021/കോ.ഓപ്പ് | 31.12.2021 | അല്ല |
| 49 | 7/2022 | ജി.ഒ.(പി) നം. 1/2022/ടാക്സസ് | 01.01.2022 | അല്ല |
| 50 | 10/2022 | ജി.ഒ.(പി) നം. 178/2021/കോ.ഓപ്പ് | 21.11.2021 | അല്ല |
| 51 | 11/2022 | ജി.ഒ.(പി) നം. 175/2021/കോ.ഓപ്പ് | 22.11.2021 | അല്ല |
| 52 | 14/2022 | ജി.ഒ.(പി)നം. 1/2022/കോ.ഓപ്പ് | 03.01.2022 | അല്ല |
| 53 | 42/2022 | ജി.ഒ.(പി) നം. 3/2022/കോ.ഓപ്പ് | 04.01.2022 | അല്ല |
| 54 | 47/2022 | ജി.ഒ.(പി) നം. 165/2021/കോ.ഓപ്പ് | 01.11.2021 | അല്ല |
| 55 | 61/2022 | ജി.ഒ(പി) നം.9/2022/കോ.ഓപ്പ് | 12.01.2022 | അല്ല |
| 56 | 62/2022 | ജി.ഒ.(പി) നം. 10/2022/കോ.ഓപ്പ് | 12.01.2022 | അല്ല |
| 57 | 81/2022 | ജി.ഒ.(പി) നം. 11/2021/കോ.ഓപ്പ് | 19.01.2022 | അല്ല |
| 58 | 82/2022 | ജി.ഒ.(പി) നം. 12/2022/ടാക്സസ് | 20.01.2022 | അല്ല |
| 59 | 89/2022 | ജി.ഒ.(പി) നം. 12/2022/കോ.ഓപ്പ് | 25.01.2022 | അല്ല |
| 60 | 139/2022 | ജി.ഒ.(പി) നം. 15/2022/കോ.ഓപ്പ് | 10.02.2022 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

11.11.2021-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 468/2020 | ജി.ഒ.(പി) നം. 66/2020/കോ-ഓപ്പ് | 15-07-2020 |
| 2 | 111/2021 | ജി.ഒ.(പി) നം. 7/2021/കോ-ഓപ്പ് | 10-01-2021 |
| 3 | 309/2021 | ജി.ഒ.(പി) നം. 60/2021/കോ-ഓപ്പ് | 24-03-2021 |
| 4 | 355/2021 | ജി.ഒ.(പി) നം. 66/2021/കോ-ഓപ്പ് | 30-03-2021 |
| 5 | 365/2021 | ജി.ഒ.(പി) നം. 71/2021/കോ-ഓപ്പ് | 16-04-2021 |
| 6 | 370/2021 | ജി.ഒ.(പി) നം. 73/2021/കോ-ഓപ്പ് | 19-04-2021 |
| 7 | 647/2021 | ജി.ഒ.(പി) നം. 100/2021/കോ-ഓപ്പ് | 30-06-2021 |
| 8 | 650/2021 | ജി.ഒ.(പി) നം. 120/2021/കോ-ഓപ്പ് | 02-08-2021 |
| 9 | 715/2021 | ജി.ഒ.(പി) നം. 143/2021/കോ-ഓപ്പ് | 24-09-2021 |
| 10 | 733/2021 | ജി.ഒ.(പി) നം. 87/2021/ടാക്സസ് | 01-10-2021 |
| 11 | 734/2021 | ജി.ഒ.(പി) നം. 88/2021/ടാക്സസ് | 01-10-2021 |
| 12 | 769/2021 | ജി.ഒ.(പി) നം. 153/2021/കോ-ഓപ്പ് | 25-10-2021 |
| 13 | 770/2021 | ജി.ഒ.(പി) നം. 133/2021/കോ-ഓപ്പ് | 06-09-2021 |
| 14 | 771/2021 | ജി.ഒ.(പി) നം. 122/2021/കോ-ഓപ്പ് | 03-08-2021 |
| 15 | 772/2021 | ജി.ഒ.(പി) നം. 154/2021/കോ-ഓപ്പ് | 26-10-2021 |
| 16 | 796/2021 | ജി.ഒ.(പി) നം. 160/2021/കോ-ഓപ്പ് | 28-10-2021 |
| 17 | 797/2021 | ജി.ഒ.(പി) നം. 115/2021/ടാക്സസ് | 02-11-2021 |
| 18 | 798/2021 | ജി.ഒ.(പി) നം. 158/2021/കോ-ഓപ്പ് | 27-10-2021 |
| 19 | 799/2021 | ജി.ഒ.(പി) നം. 159/2021/കോ-ഓപ്പ് | 28-10-2021 |
| 20 | 807/2021 | ജി.ഒ.(പി) നം. 164/2021/കോ-ഓപ്പ് | 01-11-2021 |
| 21 | 808/2021 | ജി.ഒ.(പി) നം. 161/2021/കോ-ഓപ്പ് | 29-10-2021 |
| 22 | 809/2021 | ജി.ഒ.(പി) നം. 162/2021/കോ-ഓപ്പ് | 29-10-2021 |
| 23 | 810/2021 | ജി.ഒ.(പി) നം. 163/2021/കോ-ഓപ്പ് | 29-10-2021 |
| 24 | 811/2021 | ജി.ഒ.(പി) നം. 155/2021/കോ-ഓപ്പ് | 27-10-2021 |
| 25 | 812/2021 | ജി.ഒ.(പി) നം. 156/2021/കോ-ഓപ്പ് | 27-10-2021 |
| 26 | 813/2021 | ജി.ഒ.(പി) നം. 157/2021/കോ-ഓപ്പ് | 27-10-2021 |

XIV. മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രിക്കുവേണ്ടി

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

## i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 809/2020 | സ.ഉ.(അച്ചടി) നം. 22/2020/മതുവ | 19-09-2020 | അതെ |
| 2 | 488/2021 | സ.ഉ.(അച്ചടി)നം. 16/2021/മതുവ | 01-07-2021 | അതെ |
| 3 | 29/2022 | സ.ഉ.(അച്ചടി) നം. 1/2022/മതുവ | 03-01-2022 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | മത്സ്യഫെഡ് | 2015-16 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | കേരള സംഗീത നാടക അക്കാദമി | 2018-19 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 3 | കേരള ലളിതകലാ അക്കാദമി | 2015-16<br>2016-17<br>2017-18<br>2018-19 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 4 | കേരള സാഹിത്യ അക്കാദമി | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി | 2019-20 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 6 | ഉണ്ണായി വാര്യർ സ്മാരക കലാനിലയം | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 7 | കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |

| | | | | |
|---|---|---|---|---|
| 8 | രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:
11.11.2021-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 615/2021 | സ.ഉ.(അച്ചടി) നം. 7/2021/കായുവ | 13-08-2021 |
| 2 | 749/2021 | ജി.ഒ.(പി) നം. 20/2021/മത്സ്യ | 11-10-2021 |

XV. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 710/2021 | സ.ഉ.(അച്ചടി) നം. 73/2021/തൊഴിൽ | 22-09-2021 | അല്ല |
| 2 | 757/2021 | ജി.ഒ.(പി) നം. 79/ 2021/എൽബിആർ | 20-10-2021 | അല്ല |
| 3 | 824/2021 | ജി.ഒ.(പി) നം. 81/ 2021/എൽബിആർ | 21-10-2021 | അല്ല |
| 4 | 839/2021 | ജി.ഒ.(പി) നം. 82/ 2021/എൽബിആർ | 07-11-2021 | അല്ല |
| 5 | 905/2021 | ജി.ഒ.(പി)നം. 90/ 2021/എൽ..ആർ | 07-12-2021 | അല്ല |
| 6 | 907/2021 | സ.ഉ.(അച്ചടി) നം. 91/2021/തൊഴിൽ | 08-12-2021 | അല്ല |
| 7 | 922/2021 | സ.ഉ.(അച്ചടി) നം. | 09-12-2021 | അല്ല |

| | | | | |
|---|---|---|---|---|
| | | 93/2021/തൊഴിൽ | | |
| 8 | 928/2021 | ജി.ഒ.(പി) നം. 94/ 2021/എൽ.ബി.ആർ. | 09-12-2021 | അല്ല |
| 9 | 929/2021 | ജി.ഒ.(പി) നം. 95/ 2021/എൽ.ബി.ആർ | 13-12-2021 | അല്ല |
| 10 | 930/2021 | ജി.ഒ.(പി.) നം. 92/ 2021/എൽ.ബി.ആർ. | 08-12-2021 | അല്ല |
| 11 | 956/2021 | ജി.ഒ.(പി) നം. 96/ 2021/എൽ.ബി.ആർ. | 15-12-2021 | അല്ല |
| 12 | 961/2021 | ജി.ഒ.(പി) നം. 99/ 2021/എൽ.ബി.ആർ. | 17-12-2021 | അല്ല |
| 13 | 968/2021 | ജി.ഒ.(പി) നം. 98/ 2021/എൽ.ബി.ആർ. | 16-12-2021 | അല്ല |
| 14 | 985/2021 | ജി.ഒ.(പി) നം. 101/ 2021/എൽ.ബി.ആർ | 22-12-2021 | അല്ല |
| 15 | 989/2021 | സ.ഉ.(അച്ചടി)നം. 100/2021/തൊഴിൽ | 22-12-2021 | അല്ല |
| 16 | 990/2021 | ജി.ഒ.(പി)നം. 97/ 2021/എൽ.ബി.ആർ. | 16-12-2021 | അല്ല |
| 17 | 1005/2021 | ജി.ഒ(പി) നം. 103/ 2021/എൽ.ബി.ആർ. | 27-12-2021 | അല്ല |
| 18 | 9/2022 | ജി.ഒ.(പി)നം. 104/ 2021/എൽ.ബി.ആർ | 27-12-2021 | അല്ല |
| 19 | 12/2022 | ജി.ഒ.(പി)നം. 3/ 2022/എൽ.ബി.ആർ. | 02-01-2022 | അല്ല |
| 20 | 18/2022 | ജി.ഒ.(പി) നം. 2/ 2022/എൽ.ബി.ആർ. | 02-01-2022 | അല്ല |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി | 2013-14 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |

| | | | | |
|---|---|---|---|---|
| 2 | കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് | 2015-16<br>2016-17 | വാർഷിക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 3 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2016-17 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 4 | കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 2018-19 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 5 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| | | 2018-19 | ആഡിറ്റ് റിപ്പോർട്ട് | |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:
11.11.2021-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 683/2021 | ജി.ഒ.(പി) നം. 70/ 2021/എൽബിആർ | 09-09-2021 |
| 2 | 712/2021 | സ.ഉ.(അച്ചടി) നം. 75/2021/തൊഴിൽ | 23-09-2021 |
| 3 | 735/2021 | ജി.ഒ.(പി) നം. 78/ 2021/എൽബിആർ | 04-10-2021 |
| 4 | 763/2021 | ജി.ഒ.(പി) നം. 80/ 2021/എൽബിആർ | 20-10-2021 |

XVI. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 286/2021 | ജി.ഒ.(പി) നം. 3/2021/പി.ഡബ്ല്യു. ഡി. | 24-02-2021 | അതെ |
| 2 | 971/2021 | ജി.ഒ.(പി) നം. 8/2021/പി.ഡബ്ല്യു.ഡി. | 16-12-2021 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1. | ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2012-13<br>2013-14<br>2015-16<br>2016-17<br>2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2. | കേരള ഇൻസ്റ്റിറ്റ്യൂട്ട് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) | 2017-18 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| | | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |

XVII. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി. ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 904/2021 | സ.ഉ.(അച്ചടി) നം. 22/2021/ഡിഡി | 13-12-2021 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഫീഡ്സ് ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് | 2019-20 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| | | 2020-21 | | അല്ല |

XVIII. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 562/2019 | ജി.ഒ.(പി) നം. 22/2019/ട്രാൻ. | 18-07-2019 | അതെ |
| 2 | 252/2020 | ജി.ഒ.(പി)നം. 14/2020/ട്രാൻസ് | 23-03-2020 | അതെ |
| 3 | 395/2020 | ജി.ഒ.(പി)നം. 34/2020/ട്രാൻസ്. | 15-06-2020 | അതെ |

| | | | | |
|---|---|---|---|---|
| 4 | 478/2020 | ജി.ഒ(പി) നം. 43/2020/ട്രാൻ. | 30-07-2020 | അതെ |
| 5 | 353/2021 | ജി.ഒ.(പി) നം. 13/2021/ട്രാൻസ് | 09-04-2021 | അതെ |
| 6 | 766/2021 | ജി.ഒ.(പി) നം. 32/2021/ട്രാൻസ് | 26-10-2021 | അല്ല |
| 7 | 767/2021 | ജി.ഒ.(പി) നം. 33/2021/ട്രാൻസ് | 26-10-2021 | അല്ല |
| 8 | 846/2021 | ജി.ഒ.(പി) നം. 35/2021/ട്രാൻസ് | 14-11-2021 | അല്ല |
| 9 | 950/2021 | ജി.ഒ.(പി) നം. 38/2021/ട്രാൻസ് | 17-12-2021 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള റോഡ് സേഫ്റ്റി അതോറിറ്റി | 2017-18 മുതൽ 2019-20 വരെ | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

11.11.2021-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 718/2021 | ജി.ഒ.(പി) നം. 28/2021/ട്രാൻസ് | 30-09-2021 |

XIX. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 205/2020 | ജി.ഒ.(പി)നം. 13/2020/എച്ച്& എഫ്.ഡബ്ല്യു.ഡി | 14-03-2020 | അതെ |
| 2 | 249/2020 | ജി.ഒ.(പി)നം. 15/2020/എച്ച്& എഫ്.ഡബ്ല്യു. | 29-03-2020 | അതെ |
| 3 | 250/2020 | ജി.ഒ.(പി)നം. 16/2020/എച്ച്& എഫ്.ഡബ്ല്യുഡി | 29-03-2020 | അതെ |
| 4 | 268/2020 | ജി.ഒ.(പി)നം. 17/2020/എച്ച്& എഫ്.ഡബ്ല്യുഡി | 03-04-2020 | അതെ |
| 5 | 453/2020 | ജി.ഒ.(പി)നം. 35/2020 എച്ച്& എഫ്.ഡബ്ല്യു.ഡി | 02-07-2020 | അതെ |
| 6 | 456/2020 | ജി.ഒ.(പി)നം. 37/2020/എച്ച്& എഫ്.ഡബ്ല്യു.ഡി | 08-07-2020 | അതെ |
| 7 | 824/2020 | ജി.ഒ.(പി)നം. 63/2020/എച്ച്& എഫ്.ഡബ്ല്യു.ഡി | 13-11-2020 | അതെ |
| 8 | 59/2021 | ജി.ഒ.(പി)നം. 8/2021/എച്ച്&എഫ്.ഡബ്ല്യു.ഡി | 21-01-2021 | അതെ |
| 9 | 311/2021 | ജി.ഒ.(പി)നം. 19/2021/എച്ച്& എഫ്.ഡബ്ല്യു.ഡി | 22-03-2021 | അതെ |
| 10 | 433/2021 | ജി.ഒ.(പി) നം. 28/2021/എച്ച്& എഫ്ഡബ്ല്യുഡി | 04-06-2021 | അതെ |
| 11 | 486/2021 | ജി.ഒ.(പി)നം. 32/2021/എച്ച്& എഫ്.ഡബ്ല്യു.ഡി | 30-06-2021 | അതെ |
| 12 | 64/2022 | ജി.ഒ.(പി) നം. 1/2022/ഡബ്ല്യു. | 10-01-2022 | അല്ല |

| | | | | |
|---|---|---|---|---|
| | | സി.ഡി.ഡി. | | |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ആരോഗ്യ സർവ്വകലാശാല | 2017-18 മുതൽ 2019-20 വരെ | വാർഷിക റിപ്പോർട്ട് | അതെ |
| | | 2017-18 2018-19 | വാർഷിക കണക്കും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 2 | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:
11.11.2021-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | - | ജി.ഒ.(പി) നം. 13/2021/എച്ച്&എഫ് ഡബ്ല്യുഡി | 10-02-2021 |

XX. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ):

സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |

| | | | | |
|---|---|---|---|---|
| 1 | 359/2021 | ജി.ഒ.(പി)നം. 6/2021/സിഎഡി | 26-02-2021 | അതെ |
| 2 | 993/2021 | ജി.ഒ.(പി) നം. 20/2021/എഫ്& സി.എസ്. | 20-12-2021 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | സംസ്ഥാന ഭക്ഷ്യ കമ്മീഷൻ | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |

XXI. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 806/2021 | ജി.ഒ.(പി) നം. 32/2021/ജിഎഡി | 05-11-2021 | അല്ല |
| 2 | 838/2021 | ജി.ഒ.(പി)നം. 169/2021/ആർ. ഡി. | 11-11-2021 | അല്ല |
| 3 | 853/2021 | ജി.ഒ.(പി)നം. 182/2021/ആർ. ഡി. | 17-11-2021 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |

| | | | | |
|---|---|---|---|---|
| 1 | കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ-റെയിൽ) | 2017-18 മുതൽ 2019-20 വരെ | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സ്റ്റേറ്റ് വഖഫ് ബോർഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| | | 2019-20 | | |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:
11.11.2021-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 740/2021 | ജി.ഒ.(പി) നം. 23/2021/ജിഎഡി | 11-08-2021 |
| 2 | 746/2021 | ജി.ഒ.(പി) നം. 24/2021/ജിഎഡി | 16-09-2021 |

XXII. നിയമസഭ സെക്രട്ടറി (ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

## നിയമസഭ പാസ്സാക്കിയ ബില്ലുകളിൽ ഗവർണ്ണറുടെ അംഗീകാരം ലഭിച്ച ആക്റ്റ്

| ക്രമ നം. | ആക്റ്റിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2021 | 10 | കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതന വിദ്യ സർവ്വകലാശാല ആക്റ്റ് |
| 2 | 2021 | 11 | കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് |
| 3 | 2021 | 12 | കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് |
| 4 | 2021 | 13 | കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും |

| | | | |
|---|---|---|---|
| | | | സേവന വ്യവസ്ഥകളും) ആക്റ്റ് |
| 5 | 2021 | 14 | ദി കേരള എഡ്യൂക്കേഷൻ(അമെന്റ്മെന്റ്) ആക്റ്റ് |
| 6 | 2021 | 15 | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് |
| 7 | 2021 | 16 | കേരള മത്സ്യ സംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്റ്റ് |
| 8 | 2021 | 17 | ദി കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ (അമെന്റ്മെന്റ്) ആക്റ്റ് |
| 9 | 2021 | 18 | കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ആക്റ്റ് |
| 10 | 2021 | 19 | കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ആക്റ്റ് |
| 11 | 2021 | 20 | കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (അമെന്റ്മെന്റ്) ആക്റ്റ് |
| 12 | 2021 | 21 | ദി കേരള ഹെഡ് ലോഡ് വർക്കേഴ്സ് (അമെന്റ്മെന്റ്) ആക്റ്റ് |
| 13 | 2021 | 22 | ദി കേരള അഗ്രികൾച്ചറൽ വർക്കേഴ്സ് (അമെന്റ്മെന്റ്) ആക്റ്റ് |
| 14 | 2021 | 23 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് (9559/ലെഗ്.സി2/2020/നിയമം dt. 31.12.2021 നമ്പർ തിരുത്തൽ വിജ്ഞാപനം സഹിതം) |
| 15 | 2021 | 24 | കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ആക്റ്റ് |
| 16 | 2021 | 25 | ദി കേരള കാഷ്യൂ വർക്കേഴ്സ് റിലീഫ് ആന്റ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ആക്റ്റ് |
| 17 | 2021 | 26 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് |
| 18 | 2021 | 27 | ദി കേരള ലേബർ വെൽഫയർ ഫണ്ട് (അമെൻമെന്റ്) ആക്റ്റ് |
| 19 | 2021 | 28 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് |

| | | | |
|---|---|---|---|
| 20 | 2021 | 29 | കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് |
| 21 | 2021 | 30 | കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് |
| 22 | 2021 | 31 | ദി കേരള കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ആക്റ്റ് |
| 23 | 2021 | 32 | കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ആക്റ്റ് |
| 24 | 2021 | 33 | കേരള നഗര- ഗ്രാമാസൂത്രണ (ഭേദഗതി) ആക്റ്റ് |
| 25 | 2021 | 34 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ആക്റ്റ് |
| 26 | 2021 | 35 | കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ആക്റ്റ് |
| 27 | 2021 | 36 | കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റ് (3970/ലെഗ്.എച്ച്1/2021/ലോ dt. 22.11.2021 നമ്പർ (എസ്.ആർ.ഒ.നം. 868/2021) തിരുത്തൽ വിജ്ഞാപനം സഹിതം) |
| 28 | 2021 | 37 | ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് (അമെന്റ്മെന്റ്) ആക്റ്റ് |
| 29 | 2021 | 38 | ദി കേരള ജനറൽ സെയിൽസ് ടാക്സ് (അമെന്റ്മെന്റ്) ആക്റ്റ് |
| 30 | 2021 | 39 | കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ് |
| 31 | 2021 | 40 | കേരള കള്ള് വ്യവസായ വികസന ബോർഡ് ആക്റ്റ് |
| 32 | 2021 | 41 | കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ആക്റ്റ് |
| 33 | 2021 | 42 | കേരള ധനവിനിയോഗ (4-ാം നമ്പർ ) ആക്റ്റ് |

(2) ലിസ്റ്റ് - 2 പ്രകാരം (ചട്ടം 47(2) അനുസരിച്ചുള്ളത് )

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 212, അഞ്ചാം സമ്മേളനത്തിലെ 2984 ഏഴാം സമ്മേളനത്തിലെ 35, 3409, പതിമൂന്നാം സമ്മേളനത്തിലെ 227, 2135, പതിനഞ്ചാം സമ്മേളനത്തിലെ 74, 5009, 5011, 5071, പതിനാറാം സമ്മേളനത്തിലെ 3726, പതിനെട്ടാം സമ്മേളനത്തിലെ 1892, 1935, 1961, പത്തൊൻപതാം സമ്മേളനത്തിലെ 172, 1773, ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 54, 102, 2001, പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 54, 55, 85, 530, രണ്ടാം സമ്മേളനത്തിലെ 1377 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 2459 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത്

യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 5360 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

4. വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 2637 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

5. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 765, ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 731 എന്നീ നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

6. ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 425, 428, പത്തൊൻപതാം സമ്മേളനത്തിലെ 413, 432, പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 299, 318, 325, രണ്ടാം സമ്മേളനത്തിലെ 1, 5, 13, 18, 58, 73, 75, 76, 78, 87, 88, 89, 91, 95, 108, 110, 118, 1735, 1737 1738, 1778, 1791, 1803, 1805, 1806, 1812, 1818, 1836, 1840, 3467, 3470, 3480, 3507, 3527, 5170, 5191, 5226, മൂന്നാം സമ്മേളനത്തിലെ 384, 385, 386, 389, 398, 400, 401, 403, 404, 414, 415, 417, 418, 419, 420, 421, 422, 423, 425, 426, 437, 443, 444, 467, 470, 474, 477, 478, 479, 480, 486, 495, 496, 497, 498,

499, 500, 502 ,505, 507, 510, 516, 517, 524, 529, 2323, 2326, 2339, 2366, 2367, 2386, 2389, 2398, 2411, 2433, 4111, 4141, 4152, 5664, 5676, 5679, 5681, 5682, 5683, 5684, 5710, 5713, 5718, 5719, 5720, 5721 എന്നീ നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

7. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 3282, 4516, മൂന്നാം സമ്മേളനത്തിലെ 1642, 1665 എന്നീ നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

8. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പത്തൊൻപതാം

സമ്മേളനത്തിലെ 2743, ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 1249, പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 2492, 4219 എന്നീ നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

9. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 4517 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

10. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 1542, 4900, 4907, 4916, 4962, 4992, മൂന്നാം സമ്മേളനത്തിലെ 2085 എന്നീ നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ

സ്റ്റേറ്റ്മെന്റുകളും.

11. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 1519 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## VII. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. എ. സി. മൊയ്തീൻ: സർ ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ട് അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. നവകേരള സൃഷ്ടിക്കുവേണ്ടിയുള്ള ഗവൺമെന്റിന്റെ കാഴ്ചപ്പാടുകളാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. കഴിഞ്ഞ ഗവൺമെന്റ് ഏറെ പ്രതിസന്ധിനിറഞ്ഞ കാലഘട്ടത്തിലൂടെയാണ് കടന്നുപോയത്. മഹാമാരിയുടെ കാലത്തും എല്ലാ പ്രതിസന്ധികളെയും ഇച്ഛാശക്തിയോടെ നേരിട്ട് നാടിന്റെ പുരോഗതിക്കുവേണ്ടി പരിശ്രമിച്ച ഒരു ഗവൺമെന്റെന്ന നിലയ്ക്കാണ് രണ്ടാം പിണറായി സർക്കാർ വീണ്ടും കേരളത്തിൽ അധികാരത്തിൽവന്നത്. ഭാവി കേരളത്തിന്റെ ദിശയെന്തായിരിക്കണമെന്ന്

തീരുമാനിക്കാനും അതിനാവശ്യമായ ആധുനിക കാലഘട്ടത്തിലെ പുതിയ സൗകര്യങ്ങൾ നമ്മുടെ തൊഴിലവസരങ്ങളുമായി ബന്ധിപ്പിക്കാനുമുള്ള കാഴ്ചപ്പാടുകൾ നമ്മുടെ സംസ്ഥാനത്തെ ഇന്ത്യയിലെ ഒന്നാമത്തെ സംസ്ഥാനമാക്കി മാറ്റുന്നതിന് സഹായകമായിട്ടുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ മുന്നണികളെ മാറിമാറി പരീക്ഷിക്കുകയെന്നതുമാറി ഒരു തുടർഭരണം കേരളത്തിൽ സാധ്യമായി. അതിന്റെ മോഹഭംഗമുണ്ടാകുമെന്നത് നമുക്ക് മനസിലാകും. ആ മോഹഭംഗത്തിന്റെ ഭാഗമായി പ്രതിപക്ഷത്തിരിക്കുന്നവർ ഈ ഗവൺമെന്റിനെതിരായി ചില മാധ്യമ തമ്പുരാക്കൾ നിശ്ചയിച്ചുകൊടുക്കുന്ന അജണ്ടയുടെ ഭാഗമായ ജല്പനങ്ങൾ, നമ്മുടെ നാട് വിശ്വസിക്കാത്ത കാര്യങ്ങൾ അവതരിപ്പിച്ച് ഉറഞ്ഞുതുള്ളുന്നതാണ് ഇന്നും ഇന്നലെയുമായി നമ്മളിവിടെ കണ്ടത്. ഒരു തുടർ ഗവൺമെന്റുണ്ടാകുമ്പോൾ ഇന്നലെ സ്വപ്നം കണ്ടവർക്ക് അത് സാധ്യമായില്ലെന്നതിന്റെ വിഷമം നമുക്ക് മനസ്സിലാകും. പക്ഷേ ഭാവി കേരളത്തിന്റെ വികസനത്തെ തുരങ്കംവയ്ക്കുന്ന രീതിയിൽ അഭിപ്രായ പ്രകടനങ്ങൾ നടത്തുന്നത് കേരളത്തിന്റെ ഭാവിക്ക് നല്ലതാണോയെന്നാലോചിക്കണം. ഇവിടെ ക്രമസമാധാനനില തകർന്നെന്ന് വരുത്തിത്തീർക്കാൻ എന്തൊക്കെ കാര്യങ്ങളാണ് വിളിച്ചുപറഞ്ഞത്?

ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും മെച്ചപ്പെട്ട ക്രമസമാധാന നിലയുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. അത് ഈ നാട് അംഗീകരിച്ചതല്ലേ; അതിൽ അഭിമാനം കൊള്ളുകയല്ലേ വേണ്ടത്. കുറ്റകൃത്യങ്ങൾ ആകെ അവസാനിച്ചുവെന്ന് ആരും പറഞ്ഞിട്ടില്ല. ആ കുറ്റകൃത്യങ്ങളോട് ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടുകളാണ് പ്രധാനം. മുഖം നോക്കാതെ ക്രമസമാധാന പാലനത്തിന് സഹായകരമാകുന്ന പോലീസ് നയങ്ങളാണ് കേരളത്തിലെ ഗവൺമെന്റും ആഭ്യന്തര വകുപ്പും പോലീസ് സംവിധാനവും കഴിഞ്ഞ ആറ് വർഷവും സ്വീകരിച്ചത്. അത് അംഗീകരിച്ചതുകൊണ്ടാണ് ക്രമസമാധാന രംഗത്ത് മെച്ചപ്പെട്ടൊരു സംസ്ഥാനമായി തുടരാൻ കേരളത്തിനായത്.

പ്രതിപക്ഷത്തെ വിമോചന സമരത്തിന്റെ പ്രേതം ബാധിച്ചിരിക്കുകയാണ്. 1957-ലെ വിമോചന സമരത്തിന്റെ കാലഘട്ടത്തിൽ നിങ്ങൾ പറഞ്ഞ ആക്ഷേപം ഇന്നും ഇവിടെ മുഴങ്ങിക്കേട്ടു. സെൽ ഭരണമാണെന്നും പാർട്ടിയാണ് കൈകാര്യം ചെയ്യുന്നതെന്നും അന്ന് നിങ്ങൾ ആക്ഷേപിച്ചു, വർഷം ഇത്ര കഴിഞ്ഞിട്ടും നിങ്ങളുടെ ചിന്താഗതിയിൽനിന്നും അത് പോയിട്ടില്ല. സെൽ ഭരണമുണ്ടായിരുന്നു. 1957-ലെ ഗവൺമെന്റിനെ അട്ടിമറിക്കാൻവേണ്ടി നിങ്ങൾ സ്വീകരിച്ചത് മത-ജാതി-സമുദായ സംഘടനകളെ കൂട്ടുപിടിച്ച് ഇല്ലാത്ത കാര്യത്തിന്റെ പേരിൽ

ആക്ഷേപമുണ്ടാക്കി, ഒരു ഗവൺമെന്റിനെ താഴെയിറക്കാൻ കഴിയുമെന്ന നിങ്ങളുടെ പഴയ ബോധ്യം അട്ടത്തുവച്ചാൽമതിയെന്ന് കേരളത്തിലെ ജനങ്ങൾ ഇപ്പോൾ തീരുമാനിച്ചു. കേരളത്തിൽ ഒരു സെൽ ഭരണമുണ്ടോ? ഇല്ലെന്ന് പിന്നീട് ഭാവികേരളം കണ്ടു. നിങ്ങൾ വിമോചന സമരത്തിന് എവിടെനിന്നാണ് വിദേശപണമുൾപ്പെടെ സ്വീകരിച്ചതെന്ന് കേരളത്തിന്റെ ചരിത്രത്തിൽ പിന്നീട് വ്യക്തമാക്കപ്പെട്ടതാണല്ലോ. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ ക്രമസമാധാനപ്രശ്നങ്ങൾ ഉന്നയിക്കുന്നതിന് നിങ്ങൾക്കൊരു അജണ്ടയുണ്ട്. അത് ശ്രീ. യോഗി ആദിത്യനാഥിന്റെ ചിന്തയുമായും സംസാരവുമായും കൂട്ടിച്ചേർത്ത് വായിക്കണം. കേരളത്തിൽ രാഷ്ട്രീയ കൊലപാതകങ്ങൾ നടക്കുന്നില്ലെന്ന് ആരും പറഞ്ഞിട്ടില്ല. രാഷ്ട്രീയ കൊലപാതകങ്ങളുണ്ടാകുമ്പോൾ മുഖം നോക്കാതെ നടപടിയെടുക്കുക എന്നതാണ് ഈ സർക്കാർ സ്വീകരിക്കുന്ന നിലപാട്. അത്തരമൊരു നിലപാട് സ്വീകരിക്കുമ്പോഴാണ് നിങ്ങൾ ക്രമസമാധാന പ്രശ്നമുയർത്തുന്നത്. മുമ്പ് കേരളത്തിൽ ക്രമസമാധാന പ്രശ്നങ്ങളുണ്ടെന്നുപറഞ്ഞ് കേന്ദ്രത്തിൽ സമരം ചെയ്ത്, ഡൽഹിയിൽപോലും ഇതൊരു ചർച്ചാ വിഷയമാക്കിയ ബി.ജെ.പി.-യുടെ നിലപാടിനെ നിങ്ങൾ പിന്തുണച്ച് അവരോടൊപ്പം

ചേരുകയാണ്. ശ്രീ. യോഗി ആദിത്യനാഥ് പറഞ്ഞത് തെരഞ്ഞെടുപ്പ് പ്രചാരണത്തിനാണെങ്കിലും അന്ന് നിങ്ങൾ കേരളത്തിനെക്കുറിച്ച് നല്ല അഭിപ്രായം പറഞ്ഞതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്, പക്ഷേ നിങ്ങൾ ഇവിടെ പ്രകടിപ്പിക്കുന്ന വികാരം അതല്ല, ശ്രീ. യോഗി ആദിത്യനാഥിന്റെയും ബി.ജെ.പി.-യുടെയും നിലപാടുകളെ നിങ്ങൾ പിന്തുണയ്ക്കുന്നത് എന്തിന്റെ പേരിലാണെങ്കിലും ഇല്ലാത്ത പ്രശ്നം ഉയർത്തിക്കാണിച്ച് കേരളത്തിന്റെ ക്രമസമാധാനമാകെ തകർന്നെന്ന് പറയുന്നത് നമ്മുടെ നാടിന് ഗുണം ചെയ്യുമോയെന്ന് പ്രതിപക്ഷം ആലോചിക്കണം. നിങ്ങളാകെ പരിശുദ്ധരാണെന്നാണ് പറയുന്നത്. ഞങ്ങൾ കൊലപാതകങ്ങളിലൂടെ ഒരു മനുഷ്യജീവനും നഷ്ടപ്പെടരുതെന്ന് ആഗ്രഹിക്കുന്നവരാണ്, ആ നിലപാടുകൾ എക്കാലവും ഞങ്ങൾ ഉയർത്തിപ്പിടിച്ചിട്ടുണ്ട്. സ്വാതന്ത്ര്യത്തിനും കേരളപ്പിറവിക്കുംമുമ്പ് ഇത്തരം സംഭവങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ സാമാന്യബോധമുള്ള, ജനാധിപത്യ ബോധമുള്ള, മനുഷ്യസ്നേഹമുള്ള ഒരു പ്രസ്ഥാനമെന്ന നിലയ്ക്ക് അത്തരം സംഭവങ്ങളെ നമ്മൾ തള്ളിപ്പറയാറുണ്ട്, അപലപിക്കാറുമുണ്ട്. നിങ്ങൾ ഇടുക്കിയിൽ അത് ചെയ്തോ; അതിന് നിങ്ങൾ ഇന്ന് നൽകിയ വ്യാഖ്യാനമെന്താണ്? ആസൂത്രണം ചെയ്ത കൊലപാതകവും വികാരപരമായ കൊലപാതകവുമുണ്ട്. ഇടുക്കിയിൽ

നിങ്ങളുടെ വികാരത്തിന്റെ ഭാഗമായാണോ പാവപ്പെട്ട ആ കുഞ്ഞിനെ, ധീരജിനെ കൊന്നുകളഞ്ഞത്? ഞാനൊരു വികാരജീവിയാണെന്ന് കെ. പി. ഉമ്മർ പറഞ്ഞതുപോലെ വികാരത്തിന്റെ ഭാഗമായി കോൺഗ്രസുകാരൻ ഒരു കത്തിയെടുത്ത് ഒരു കുത്തുകൊടുക്കുക, കൊല്ലുക, ഇതാണോ വികാരജീവികളായ നിങ്ങൾ ചെയ്യുന്നത്. കഴിഞ്ഞ യു.ഡി.എഫ്.-ന്റെ, ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലത്തെ ആഭ്യന്തര ഭരണം..., മൂന്ന് ആഭ്യന്തര മന്ത്രിമാരുണ്ടായിരുന്നു. വളരെ ഭംഗിയായി ക്രമസമാധാനമുള്ളതുകൊണ്ടാണ് ആഭ്യന്തര വകുപ്പ് മാറിയത്. അതിന്റെ ഉള്ളറകളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഇന്നലെ സഭയിൽ ചർച്ച ചെയ്ത ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്, എന്റെ 2013 ഭദ്രമായിരുന്നു, അന്ന് ഒരു കുഴപ്പവുമില്ല, ഒരു രാഷ്ട്രീയ കൊലപാതകവുമില്ല എന്നാണ്. അതിനുമുമ്പും അതിനുശേഷവും പിശകാണ്. അദ്ദേഹം അദ്ദേഹത്തിന്റെ കാലം മാത്രമെ സമർത്ഥിച്ചുള്ളൂ. 2013 ജൂൺ 1-നാണ് തൃശ്ശൂരിൽ കോൺഗ്രസ് നേതാവായ മധു ഈച്ചരത്തിനെ സംഘം ചേർന്ന് ഗുണ്ടകളെവച്ച് കൊന്നത്, വികാരപരമായി കത്തിയെടുത്തു കുത്തി. അത് എന്ത് കൊലപാതകമായിരുന്നെന്ന് നിങ്ങൾ പറയണം. 2013 ആഗസ്റ്റ് മാസം 16-ാം തീയതി ലാൽജി കൊള്ളന്നൂരിനെ സംഘം ചേർന്ന് ഗുണ്ടകളെ വച്ചുകൊന്നു. വികാരപരമായ കൊലപാകമാണത്. പാർട്ടിക്കകത്ത്

വികാരമുണ്ടാകുമ്പോൾ സ്വന്തം അനുയായികളെ കുത്തിക്കൊല്ലുന്ന കൊലപാതകം, അതിലെ പ്രതികളെ, ക്വട്ടേഷൻ സംഘത്തെ നിങ്ങൾ അറസ്റ്റ് ചെയ്തത് അടാട്ട് നിന്നാണ്, അങ്ങേയ്ക്ക് ആ സ്ഥലം അറിയാം. എങ്ങനെയാണ് ഈ കൊലപാതകങ്ങൾ ഉണ്ടായതെന്ന് പറയണം. 2015 ആഗസ്റ്റ് മാസം 7-ാം തീയതി, അങ്ങയുടെ കാലത്തല്ല, പിന്നീടുള്ള കാലത്താണ്, ചാവക്കാടുള്ള കോൺഗ്രസുകാരനായ എ.സി. ഹനീഫയെ ആരാണ് കൊന്നത്? ഞങ്ങൾ ആ സ്ഥലത്ത് പോയതല്ലേ; അന്ന് നിങ്ങളുടെ ഭരണമാണ്. മനുഷ്യസ്നേഹവും ഗാന്ധിസവുമൊക്കെ പറയുന്ന നിങ്ങൾ അങ്ങനെയാണ് ചെയ്തത്. ആ കുടുംബം ആക്ഷേപിച്ച, ആ ഉമ്മ ആക്ഷേപിച്ച, ആ കൊലപാതകത്തിലെ പ്രതി, ഇപ്പോൾ നിങ്ങളുടെ ഉന്നതനായ നേതാവാണ്. നിങ്ങളുടെ കാലത്ത് എന്തെങ്കിലും നടപടി സ്വീകരിച്ചോ? പാർട്ടിയെന്ന നിലയ്ക്ക് തള്ളിപ്പറയുമ്പോൾ കുറ്റവാളിയെ മാറ്റിനിർത്തണ്ടേ? ഞാൻ ആളിന്റെ പേരൊന്നും പറയുന്നില്ല. നിങ്ങളുടെ നേതാക്കൾക്കെല്ലാം അറിയാം. 2016 മാർച്ച് മാസത്തിൽ തൃശ്ശൂരിലെ അയ്യന്തോളിൽ കളക്ടറേറ്റിന് തൊട്ടടുത്തുള്ള പിനാക്കിൾ റെസിഡൻസിയിൽ ഒരു കൊലപാതകം നടന്നു. പ്രതി പുതുക്കാട് യൂത്ത് കോൺഗ്രസ്സിന്റെ മണ്ഡലം പ്രസിഡന്റ് റഷീദാണ്. ഇപ്പോൾ അയാൾ ജയിലിലാണുള്ളത്. ഷൊർണ്ണൂരുള്ള ഒരു സതീശനെ

കൊലപ്പെടുത്തിയതാണ്. അതിലെ മറ്റൊരു പ്രതി ശിക്ഷിക്കപ്പെട്ടില്ല. അദ്ദേഹം അന്ന് കെ.പി.സി.സി.-യുടെ ജനറൽ സെക്രട്ടറിയായിരുന്നു; ഞാൻ പേര് പറയുന്നില്ല. നിങ്ങൾ ഗാന്ധിയന്മാരാണ്, കൊലപാതകത്തെ അപലപിക്കുന്നവരാണ്. ഇതാണ് നിങ്ങൾ സ്വീകരിക്കുന്നത്? ഒരു തെരഞ്ഞെടുപ്പിനുശേഷം ചീമേനിയിലെ അഞ്ച് സഖാക്കളെ പുറത്തുകടക്കാനാകാതെ പൂട്ടിയിട്ട്, വികാരപരമായി നിങ്ങൾ കൊന്നു, ഗാന്ധിയൻ മാർഗ്ഗമാണ് സ്വീകരിക്കുന്നതെന്ന് ഈ സഭയെ തെറ്റിദ്ധരിപ്പിക്കാൻ നിങ്ങൾ പറയരുത്. ഗാന്ധിമാർഗ്ഗം സ്വീകരിക്കുന്ന ആളുകൾ ഇന്ന് അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ, എത്തുവിശാലമായ മനുഷ്യസ്നേഹമാണ് പ്രസംഗിച്ചത്. ജെയിംസ് അഗസ്റ്റിൻ എന്ന പാവപ്പെട്ട അദ്ധ്യാപകനെ ചവിട്ടിക്കൊന്നതാരാണ്? ലീഗിന് അതിൽ പങ്കുണ്ടെന്ന് ഞാൻ പറയുന്നില്ല, പക്ഷേ നാട് അങ്ങനെ പറയുന്നു. ഇതൊക്കെ ഉണ്ടായ സംഭവമല്ലേ? മറ്റൊന്ന്, കുനിയിലെ ഇരട്ടക്കൊലപാതകത്തിൽ മരിച്ചത് കൊളക്കാടൻ അബൂബക്കറും ആസാദുമാണ്. അതിനുമുമ്പ് ഒരു പ്രസംഗം നടന്നു, നിങ്ങളങ്ങ് ചെയ്തിട്ടുപോരെ, ബാക്കിയൊക്കെ ഞാൻ നോക്കിക്കോളാമെന്നാണ് ആ പ്രസംഗം, അതും വികാരപരമായൊരു സമീപനമായിരുന്നു. ആ നിങ്ങളാണ് ഇവിടെ കൊലപാതകത്തെക്കുറിച്ച്

പറയുന്നത്. സ്ത്രീകളും കുട്ടികളും രക്ഷപ്പെടില്ലെന്നല്ലേ ഇവിടെ ഉന്നയിച്ച ആക്ഷേപം. മലപ്പുറത്തെ കോൺഗ്രസ് ഓഫീസിലെ രാധ, ഉപയോഗം കഴിഞ്ഞശേഷം കൊന്ന് ഒരു ദിവസം ചാക്കിൽ കെട്ടിവച്ച് പിറ്റേന്ന് കിണറ്റിൽ കൊണ്ടിട്ടു. നിങ്ങൾ സ്ത്രീകൾക്കും കുട്ടികൾക്കും കൊടുത്ത സംരക്ഷണമാണിത്. എന്ത് വികാരപരമായ കൊലപാതകമാണെന്നൊന്നും ഞാൻ പറയുന്നില്ല. സംസാരത്തിലൂടെ വ്യക്തിപരമായി ആക്ഷേപിക്കാനല്ല ഞാൻ മുതിരുന്നത്. നിങ്ങൾ ഇതൊക്കെ ചെയ്തവരാണ്.

ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന കേരളത്തിന്റെ മുഖ്യമന്ത്രി പരാജയമാണെന്ന് നിങ്ങൾ പറഞ്ഞു. കേരളത്തിലെ ജനപിന്തുണയുള്ള ഒരു ഭരണത്തിനെതിരായി നിങ്ങൾ സ്വീകരിക്കുന്ന ഈ സമീപനം നമ്മുടെ നാടിന് ഗുണം ചെയ്യില്ല. നിങ്ങൾ കേരളത്തിന്റെ മുഖ്യമന്ത്രിയെ ഭയപ്പെടുന്നു. അതുകൊണ്ട് ഒറ്റതിരിഞ്ഞ് ആക്രമിക്കാൻ നോക്കിയാൽ അത് നടക്കില്ലെന്ന് പറയാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്. കേരളത്തിലെ ജനങ്ങൾ വോട്ട് ചെയ്ത് വിജയിപ്പിച്ച ഒരു ഗവൺമെന്റും അതിന്റെ മുഖ്യമന്ത്രിയുമാണിത്. ജനങ്ങൾ വിശ്വാസത്തിലെടുത്തൊരു മുഖ്യമന്ത്രിയാണ്. നിങ്ങൾക്ക് ആർ.എസ്.എസ്.-മായി ഒരു ബന്ധവുമില്ലെന്നാണ് പറയുന്നത്. ഞങ്ങൾ പ്രതികളെ രക്ഷിക്കുന്നവരാണ്. എം.ജി. യൂണിവേഴ്സിറ്റിയിൽ ഒരു

പോലീസ് ഓഫീസറുടെ കാൽമുട്ട് ബോംബെറിഞ്ഞ് തകർത്ത പ്രതിയെ, മനുഷ്യസ്നേഹത്തിന്റെ ഭാഗമായി വെറുതെവിട്ടതും നിങ്ങളുടെ ഭരണകാലത്താണ്. ഒഴിവാക്കികൊടുത്തതല്ലേ? ഞങ്ങളെല്ലാ ദുഷ്ടപ്രവൃത്തികളുടെയും അവതാരങ്ങളും, നിങ്ങൾ പുണ്യപുരുഷന്മാരും. ഞാൻ പറഞ്ഞല്ലോ ലീഗിനെക്കുറിച്ച്, വീണ്ടും വേണമെങ്കിൽ പറയാം. ബഹുമാനപ്പെട്ട അംഗം പി. ഉബൈദുള്ളയ്ക്ക് ആവശ്യമുണ്ടെങ്കിൽ, എനിക്ക് സമയമനുവദിക്കുമെങ്കിൽ ആവശ്യംപോലെ പറയാം ലീഗിന്റെ കഥ. ഞാൻ ലീഗിനെ ആക്രമിക്കാനൊന്നും ഉദ്ദേശിച്ചില്ല. നിങ്ങൾ ഉയർത്തിയ ആശയമുണ്ട്, നിങ്ങൾ പരിശുദ്ധന്മാർ. കേരളത്തിലെ ക്രമസമാധാനം ഇന്ന് തകർന്നിരിക്കുന്നു. 1957- 59 കാലത്തെ വിമോചന സമരംപോലെ ഈ കേരളത്തെ കൊണ്ടുപോകാമെന്നാണ് നിങ്ങളതിന്റെ പുറകിലുയർത്തുന്ന ലക്ഷ്യം. കോഴിക്കോട് കടപ്പുറത്ത് യോഗം വിളിച്ചുകൂട്ടി ഞങ്ങളുടെകൂടെ വന്നത് കണ്ടില്ലേയെന്ന് നിങ്ങൾ ഇന്നലെയിവിടെ ചോദിച്ചു. നിങ്ങളുടെകൂടെ വരേണ്ടവർ മുഴുവൻ വന്നോ; വിവരമുള്ളവർ അതിനകത്തുണ്ടെന്ന് തെളിയിച്ചല്ലോ? സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾക്കെതിരായി സോഷ്യൽ മീഡിയവഴി നിങ്ങളെന്തിനാണ് പുലഭ്യം പറഞ്ഞത്? ഒരു സമുദായ നേതാവ് വിവേകം പ്രകടിപ്പിക്കുമ്പോൾ, ലീഗിന്റെ വിമോചന സമര

താല്പര്യങ്ങൾക്ക് നിന്നില്ല എന്നതുകൊണ്ട് എന്തു വലിയ വിഷയമാണ് നിങ്ങൾ ഉയർത്തിയത്? വഖഫ് ബോർഡിലെ 100 പേരുടെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടത്, നിങ്ങളത് ലോക വിഷയമായി അവതരിപ്പിച്ചു, എന്നിട്ടത് മതത്തിന്റെ വിഷയമായി പറയുന്നു. ലീഗിന് രാഷ്ട്രീയമല്ല വിഷയം. ലീഗിന് കേരളത്തിലെ ജനങ്ങളുടെ വിഷയം പ്രശ്നമല്ലെന്നുകാണുകയും മതമാണ് ഞങ്ങളുടെ പ്രശ്നമെന്ന് പ്രസംഗിക്കുകയും ചെയ്യുന്നതുവഴി ആർ.എസ്.എസ്.-ന് വളരാൻ സഹായം ചെയ്തുകൊടുക്കുന്ന മതസംഘടനയായി, സി.എച്ച്. മുഹമ്മദ് കോയയുടെ പാർട്ടി അധഃപതിക്കുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കണം. മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. നയപ്രഖ്യാപനവുമായി ബന്ധപ്പെട്ട് ഒരുപാട് കാര്യങ്ങൾ പറയണമെന്നുണ്ടായിരുന്നു. പക്ഷെ, ഇവിടെ ഉയർന്നുവന്ന ഇത്തരം വിഷയങ്ങൾ പരാമർശിക്കപ്പെടാതെ പോകരുതെന്നുള്ളതുകൊണ്ടാണ് ഞാനിത് സൂചിപ്പിച്ചത്.

2019-ൽ കേരളത്തിൽനിന്നുള്ള മഹാഭൂരിപക്ഷം എം.പി.-മാരും നിങ്ങളുടേതാണല്ലോ? കേന്ദ്രത്തിൽ നിങ്ങൾ ഈ ഗവൺമെന്റിനെ ദ്രോഹിക്കാനല്ലാതെ ആ എം.പി.-മാരെ ഉപയോഗിച്ചിട്ടുണ്ടോ? സിൽവർ ലൈൻ വേണ്ടെന്നുപറയാൻ, കൊടുക്കരുതെന്നുപറയാൻ. ബി.ജെ.പി.

നേതാവ് ശ്രീ. മുരളീധരനോടൊപ്പം നിങ്ങൾ കയറിയിറങ്ങി, കേരളത്തിൽ എയിംസ് കിട്ടണമെന്ന് പറയാനല്ല, കേരളത്തിന് ജി.എസ്.ടി. നഷ്ടപരിഹാരം കിട്ടണമെന്ന് പറയാനല്ല. അതൊന്നും ഞങ്ങൾ പറയില്ല, നിങ്ങളെ ശരിയാക്കിത്തരും. എന്ത് രാഷ്ട്രീയ നേതൃത്വമാണിത്? ഇന്നത്തെ നിങ്ങളെ സഹായിക്കുന്നൊരു പത്രമുണ്ട്. ഇന്ന് അതിലൊരു വാർത്തയുണ്ട്. നിങ്ങളുടെ പോഷക സംഘടന അതിന്റെ ചർച്ചയിൽ പറഞ്ഞു, 'നിങ്ങൾ ജ്വലിക്കണം'. അപ്പോൾ അവർ പറഞ്ഞു, കരിക്കട്ട എടുത്തുവച്ച് ജ്വലിപ്പിക്കാൻ കഴിയില്ല. അതിന്റെ അടിയിലൊരു കനൽ വേണം' എന്ന്. കരിക്കട്ട ജ്വലിക്കണമെങ്കിൽ അതിന്റെ അടിയിലൊരു കനൽ വേണം. നിങ്ങൾക്ക് ആ കനലില്ല. നിങ്ങൾ ഇങ്ങനെ ഊതിപ്പെരുപ്പിച്ച ഒരു സ്വപ്നലോകത്ത് ജീവിച്ച്, രാജ്യത്ത് സംഘടനയില്ലാതെ, മുന്നണി തകർന്ന്, പിന്തുണ നഷ്ടപ്പെട്ടൊരു പ്രസ്ഥാനത്തിന് കേരളത്തിലെ ജനങ്ങളുടെ വികാരം മനസ്സിലാക്കാനാവില്ല എന്നുള്ളതുകൊണ്ടാണ് എല്ലാ നല്ല പദ്ധതികളെയും നിങ്ങൾ എതിർക്കുന്നത്. നിങ്ങളുടെ ഈ തെറ്റായ സമീപനം തിരുത്തണം. ഞാൻ ഒരിക്കൽക്കൂടി നയപ്രഖ്യാപനത്തെ പിന്തുണയ്ക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, നന്ദിപ്രമേയത്തെ എതിർക്കുന്നു. കേരളം കണ്ട ഏറ്റവും വലിയ അഴിമതി ഗവൺമെന്റിന്റെ തുടർച്ചയാണ്

നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ശ്രീ. നരേന്ദ്രമോദി ചെയ്തതുതന്നെയാണ് ഇവിടെ ശ്രീ. പിണറായി വിജയനും ചെയ്യുന്നത്. ഇവർ ഒരേ തൂവൽ പക്ഷികളാണ്. Prevention of Corruption Act (PC Act) ഭേദഗതി ചെയ്തുകൊണ്ട് വിജിലൻസിന്റെ അഴിമതി അന്വേഷണത്തെ പരിപൂർണ്ണമായും തടസ്സപ്പെടുത്തിയ ഗവൺമെന്റാണ് നരേന്ദ്രമോദി ഗവൺമെന്റ്. അഴിമതി അന്വേഷിക്കാൻവേണ്ടിയുള്ള മറ്റൊരു മാർഗ്ഗമായിരുന്നു അക്കൗണ്ടന്റ് ജനറൽ. സർക്കാരിന്റെ വിവിധ ഡിപ്പാർട്ട്മെന്റുകളിൽ നടക്കുന്ന ഗുരുതരമായ ക്രമക്കേടും അഴിമതിയും കണ്ടെത്താൻ സഹായകമാകുന്ന അക്കൗണ്ടന്റ് ജനറലിന്റെ വായ് മൂടിക്കെട്ടുകയും അക്കൗണ്ടന്റ് ജനറലിനെതിരായി ഈ സഭയെക്കൊണ്ട് പ്രമേയം പാസ്സാക്കിക്കുകയും ചെയ്തവരാണിവർ. മൂന്നാമതായി, ലോകായുക്ത നിയമത്തിലെ സെക്ഷൻ 14 ഇല്ലാതാക്കിയതോടെ അഴിമതി അന്വേഷണത്തിന്റെ മറ്റൊരു വാതിൽകൂടി ഇവർ അടച്ചു. കേരളത്തിൽ പിണറായി വാഴുന്ന കാലത്ത് ആർക്കും അഴിമതി നടത്താം. അഴിമതി അന്വേഷിക്കാൻ പാടില്ലായെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ എത്തിച്ചിരിക്കുന്നു. 'Power corrupts; absolute power corrupts absolutely' ഇന്ന് കേരളത്തിൽ നടക്കുന്നത് അതാണ്. ഞങ്ങൾ ഇഷ്ടം പോലെ അഴിമതി ചെയ്യും അന്വേഷിക്കാൻ ഒരു ഏജൻസിക്കും കഴിയാത്ത

അവസ്ഥയിലേയ്ക്ക് കേരളത്തെ എത്തിച്ചിരിക്കുന്നുവെന്നതാണ് ഈ സർക്കാരിലൂടെ നമുക്ക് കാണാൻ കഴിയുന്നത്. ഇതാണ് നരേന്ദ്രമോദിയും ചെയ്യുന്നത്. നരേന്ദ്രമോദി കോർപ്പറേറ്റുകളെ ഉപയോഗിച്ച് മാധ്യമങ്ങളുടെ വായ് മൂടിക്കെട്ടുന്നു. ഇവിടെയും അത് സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ ഗവൺമെന്റിന്റെ പരസ്യങ്ങൾ കണ്ടുകൊണ്ട് മാധ്യമപ്രവർത്തകരുടെ കണ്ണുകൾ മഞ്ഞളിക്കുന്നത് ജനാധിപത്യ കേരളം കണ്ടതാണ്. ഇവിടെ നമ്മൾ കാണുന്നത് എന്താണ്? അധികാരം ഉപയോഗിച്ച്, അധികാരത്തിന്റെ ധാർഷ്ട്യവും ധിക്കാരവും ഉപയോഗിച്ചുകൊണ്ട്, ജനാധിപത്യ അവകാശങ്ങളെ കവർന്നെടുക്കുന്ന കാഴ്ച നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. ഒരു സ്വപ്ന പദ്ധതിയെക്കുറിച്ചാണ് കഴിഞ്ഞ രണ്ടുദിവസമായി ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ കുറേ നാളുകളായിപറയുന്നു, ശ്രീ. എ. സി. മൊയ്തീനും സ്വപ്ന പദ്ധതിയെക്കുറിച്ച് പറഞ്ഞു. കേരളത്തിലുണ്ടായിട്ടുള്ള വികസന കാര്യങ്ങളിൽ കോൺഗ്രസ്സിനും ഐക്യജനാധിപത്യ മുന്നണിക്കുമുള്ള പങ്ക് ആരോടും പറയേണ്ട ആവശ്യമൊന്നുമില്ല. ഇക്കാലമത്രയും കേരളത്തിലുണ്ടായിട്ടുള്ള വൻകിട വികസന പദ്ധതികളെല്ലാം യു.ഡി.എഫ്.-ന്റെ സംഭാവനകളായിരുന്നുവെന്നത് എല്ലാവർക്കും അറിയാവുന്നതാണ്. ഈ പദ്ധതികളെ മുഴുവൻ തുരങ്കം വച്ചതാരാണ്?

കുട്ടനാടൻ പാടശേഖരങ്ങളിൽ  ട്രാക്ടർ ഇറക്കിയപ്പോൾ കത്തിച്ചവരാണിവർ. പാവപ്പെട്ട കയർ തൊഴിലാളികൾക്ക് കയർ യന്ത്രം വന്നപ്പോൾ അതിനെ എതിർത്തവരാണിവർ. കമ്പ്യൂട്ടർ വന്നപ്പോൾ കമ്പ്യൂട്ടർ വേണ്ടായെന്ന് പറഞ്ഞ് സമരം നടത്തിയവരാണിവർ. ടെലിവിഷൻ വന്നപ്പോൾ വിഡ്ഢിപ്പെട്ടിയാണിതെന്ന് പറഞ്ഞവരാണിവർ. എ.ഡി.ബി. വായ്പയ്ക്കുവേണ്ടി ആന്റണി ഗവൺമെന്റ് മുന്നോട്ടുവന്നപ്പോൾ എ.ഡി.ബി.-ക്കാരുടെ തലയിൽ കരി ഓയിൽ ഒഴിച്ചവരാണിപ്പോൾ എ.ഡി.ബി.-യുടെ പിന്നാലെ നടക്കുന്നത്. സിൽവർ ലൈനിനുവേണ്ടി എ.ഡി.ബി.-യുടെ പിന്നാലെ നടക്കുകയാണ്. ലോണിനുവേണ്ടി വേൾഡ് ബാങ്കിന്റെ പിന്നാലെ നടക്കുകയാണ്. ഐ.എം.എഫ്.-ന്റെ പിന്നാലെ നടക്കുകയാണ്. ശ്രീ. എ. സി. മൊയ്തീൻ, എന്ത് കമ്മ്യൂണിസമാണിത്? കാണാച്ചരടുകളെക്കുറിച്ച് പ്രസംഗിച്ചയാളുകളെയിപ്പോൾ കാണാനില്ല. ഇതാണോ കമ്മ്യൂണിസം മിസ്റ്റർ മൊയ്തീൻ; നിങ്ങളിപ്പോൾ ആരുടെ പിന്നാലെയാണ് നടക്കുന്നത്? ഞാൻ രാവിലെ ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിച്ച 'എവിടുന്ന് പണം വരും'? ആദ്യം പറഞ്ഞു കേന്ദ്ര സർക്കാർ തരും. ഇപ്പോൾ കേന്ദ്രം തരുന്നില്ല. പിന്നെപ്പറഞ്ഞു റെയിൽവേ തരും. റെയിൽവേയും തരുന്നില്ല. സംസ്ഥാനത്തിന് ഗ്യാരന്റി നിൽക്കാനുള്ള സ്പേസില്ല. കുട്ടുമെന്നു പറഞ്ഞു,

കൂട്ടുമോ ഇല്ലയോ എന്നുള്ള കാര്യം ഇന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞില്ല. വിദേശ വായ്പയ്ക്കുവേണ്ടി സമീപിക്കുന്ന മിനിസ്ട്രി ഓഫ് എക്കണോമിക് അഫയേഴ്സിന്റെ സാംഗ്ഷനില്ല. സ്റ്റേറ്റ് ഗവൺമെന്റിന്റെ MIDP (Major Infrastructure Development Project)-യുടെ ഹെഡ് ഓഫ് അക്കൗണ്ടിൽ പണമില്ല. നിങ്ങൾ ഈ സിൽവർ ലൈനിനെക്കുറിച്ച് നാല് വർഷമായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. പതിനായിരക്കണക്കിന് വരുന്ന ജനങ്ങളെ ആശങ്കയിലാക്കുകയാണ്. നിങ്ങൾ എന്തെങ്കിലും ചെയ്തോ? കെ-റെയിൽ എന്ന സ്വപ്ന പദ്ധതിയെപ്പറ്റിയാണ് ചർച്ച ചെയ്യുന്നത്.

**1.00 pm]**

ഞാൻ നിങ്ങളെ warn ചെയ്യുകയാണ്. ബംഗാളിലെ നന്ദിഗ്രാം എങ്ങനെയാണോ സി.പി.ഐ.(എം)-നും ബുദ്ധദേവ് ഭട്ടാചാര്യയ്ക്കും അന്തകയായി മാറിയത്, അതേ അവസ്ഥ ഈ റെയിൽവേ ലൈൻ ശ്രീ. പിണറായി വിജയനും ഉണ്ടാക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഗവർണറുടെ നയപ്രഖ്യാപനത്തിൽ സിൽവർ ലൈനിനെപ്പറ്റി ഒരു പരാമർശം മാത്രമാണുള്ളത്. അതിന്റെ കാരണമെന്താണ്? സർക്കാരിന്റെ വിദേശ ഫണ്ടിംഗ് സംബന്ധിച്ച് ഗതാഗത വകുപ്പിന്റെ മുമ്പിലുള്ള രണ്ട് ഫയലുകളാണ് എന്റെ കയ്യിലിരിക്കുന്നത്. ഈ ഫയൽ എങ്ങനെ വന്നുവെന്ന്

മന്ത്രി ചോദിച്ചു. വിവരാവകാശ നിയമത്തിലൂടെ ആർക്കും ഫയലിന്റെ കോപ്പി വാങ്ങാം. എടുത്താൽ പൊങ്ങാത്ത ഈ രണ്ട് ഫയലുകളും ഞാൻ പരിശോധിച്ചു. ഒരു ലക്ഷം കോടി രൂപ പൊതുജനത്തിന് ബാദ്ധ്യതയുണ്ടാക്കുന്ന ഈ പദ്ധതി എത്ര അലക്ഷ്യമായിട്ടും ഉദാസീനതയോടുംകൂടിയാണ് ഇവർ കൈകാര്യം ചെയ്യുന്നതെന്ന് രണ്ട് ഫയലുകളും പരിശോധിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചു. ഈ പദ്ധതിയെ സംബന്ധിച്ചുള്ള ഒരു നടപടിയും ഇവർ എടുത്തിട്ടില്ല. ലോൺ എവിടെനിന്നുകിട്ടുമെന്നതിനെപ്പറ്റി വ്യക്തതയില്ലെന്നുമാത്രമല്ല, ഓരോന്നോരോന്നായി തെറ്റിദ്ധരിപ്പിക്കുകയുമാണ്. കോടതി വിധി അനുകൂലമായെന്നാണ് പറയുന്നത്. ഏത് കോടതി വിധിയാണ് അനുകൂലമായിട്ടുള്ളത്? സർവ്വേ നടത്താനുള്ള അനുവാദം മാത്രമാണ് കോടതി നൽകിയത്. പക്ഷേ റവന്യൂ വകുപ്പ് ഇറക്കിയ ഉത്തരവിൽ പറയുന്നത്, sanction is accorded to the acquisition of land എന്നാണ്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുവാദം കൊടുക്കുന്നുവെന്നാണ് റവന്യൂ വകുപ്പ് പറയുന്നത്. ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ് ഉത്തരവിൽ ഡി.പി.ആർ. സർക്കാർ അംഗീകരിച്ചിരിക്കുന്നു. ഇതിന്റെ സംഘാടകർക്ക് ഫോറിൻ ഫണ്ടിനെക്കുറിച്ച് യാതൊരു അറിവുമില്ല. ചീഫ് സെക്രട്ടറി ആറ്

പോയിന്റുകൾ പറയുന്നു. സമയമില്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന് പ്രാഥമികമായ വിവരങ്ങൾ പോലും ഇക്കാര്യത്തിലുണ്ടായിരുന്നില്ല. എങ്ങനെയാണ് ഫോറിൻ ഫണ്ട് വാങ്ങിക്കുന്നതെന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി വിശദമായ ആറ് പോയിന്റുകൾ പറഞ്ഞു. ആറ് പോയിന്റുകളെത്തുടർന്ന് 38,700/- കോടി രൂപ വിദേശത്തെ ഫണ്ടിംഗ് ഏജൻസികളിൽനിന്ന് കണ്ടെത്തുന്നതിനുവേണ്ടി ധനകാര്യ വകുപ്പ് ഇക്കണോമിക് അഫയേഴ്സ് വകുപ്പിനെ സമീപിച്ചു. അവർ സ്ക്രീനിംഗ് കമ്മിറ്റി കൂടി പറഞ്ഞു, this project may be dropped. ഈ പദ്ധതി ഡ്രോപ്പ് ചെയ്യാൻ പറഞ്ഞു. കാരണം 12 പ്രോജക്ടുകൾ ഇപ്പോൾ കേരളത്തിൽ നടക്കുന്നുണ്ട്. ആ പദ്ധതികൾ പൂർത്തീകരിച്ചിട്ട് നിങ്ങൾ വരിക എന്നുപറഞ്ഞ് ഇക്കണോമിക് അഫയേഴ്സ് വകുപ്പിന്റെ സ്ക്രീനിംഗ് കമ്മിറ്റി ഡ്രോപ്പ് ചെയ്തു. രണ്ടാമതും അവരെ സമീപിച്ചു. അപ്പോൾ അവർ എന്താണ് പറഞ്ഞത്? After detailed deliberations screening committee again decided to defer the proposal. ആദ്യം ഡ്രോപ്പ് ചെയ്യാൻ പറയുന്നു, ഡെഫർ ചെയ്യാൻ പറയുന്നു. സർക്കാർ ഗ്യാരന്റി കൊടുക്കുമോ ഇല്ലയോ എന്നുള്ളതിനെപ്പറ്റി വ്യക്തതയില്ലെന്നാണ് പറഞ്ഞത്. ഇവിടെയാണ് ധനകാര്യ വകുപ്പുമന്ത്രി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നത്. അങ്ങ് ഇവിടെ

ചെയറിൽ ഉണ്ടായിരുന്നല്ലോ; ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ ചോദ്യം ചോദിച്ചു. Whether the State Government has given Sovereign Guarantee to this project? അദ്ദേഹം ഞാൻ ചോദിച്ചതിന് ഉത്തരം പറയാതെ മാറി. കാരണം അതിനകത്തെ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഞാൻ വായിക്കാം. AD (Administrative Department (transport)) is informed that there is not enough guarantee space available at present. ഇപ്പോൾ സ്പെയ്സില്ല, ജി.ഡി.പി.-യുടെ 5 ശതമാനം മാത്രമേ ഗ്യാരന്റി നിൽക്കാൻ കഴിയൂ. Under our statute for providing large scale loan envisaged to take KRDCL (Kerala Rail Development Corporation Limited) whether from the external or internal sources. However, the guarantee space can be revised upward through an amendment in the statute, it becomes necessary once the Government of India approve this project. അവിടെയാണ് ഇതിന്റെ കള്ളക്കളി. ഗവൺമെന്റ് ഓഫ് ഇന്ത്യ അപ്രൂവ് ചെയ്താൽ Sovereign Guarantee കൊടുക്കാനുള്ള ലിമിറ്റ് വർദ്ധിപ്പിക്കാമെന്നാണ് ഫിനാൻസ് സെക്രട്ടറി എഴുതിയത്. This has approved by the honourable minister for finance. അദ്ദേഹം ഇവിടെയില്ല. അദ്ദേഹത്തിന്റെ അനുവാദത്തോടെയാണ്

ഫിനാൻസ് സെക്രട്ടറി എഴുതിയിരിക്കുന്നത്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ അനുവാദത്തോടുകൂടി മാത്രമേ Sovereign Guarantee കൊടുക്കാൻ കഴിയുകയുള്ളൂവെന്ന് എഴുതിയിരിക്കുന്നു. ഈ പദ്ധതി എങ്ങനെ നടപ്പാക്കുമെന്നാണ് നിങ്ങൾ പറയുന്നത്? എന്നുമാത്രമല്ല, കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിയമപരമായി എല്ലാ നടപടികളും പൂർത്തീകരിച്ച് കൊച്ചിൻ മെട്രോ റെയിൽവേ പ്രോജക്ടിന്റെ രീതിയിൽ സിൽവർ ലൈൻ പ്രോജക്ടിന്റെ debt liability-ക്ക് തത്വത്തിൽ അംഗീകാരം നൽകാമെന്നാണ് ഫിനാൻസ് മിനിസ്ട്രി പറയുന്നത്. ശ്രീ. കെ. എൻ. ബാലഗോപാലാണ് ടെലിവിഷനിൽ സിൽവർലൈനിനെപ്പറ്റി ഘോരഘോരം പ്രസംഗിക്കുന്നത്. ഒന്നുകിൽ അദ്ദേഹം ഇത് വായിച്ചുകാണുകയില്ല. റെയിൽവേ വകുപ്പിന്റെ ചുമതലയുള്ള ശ്രീ. വി. അബ്ദുറഹിമാൻ എന്റെ സുഹൃത്താണ്. വായിക്കാതെ വെറുതെ ഫയലിലൊന്നും ഒപ്പിടരുതെന്നാണ് അദ്ദേഹത്തോട് എനിക്ക് പറയാനുള്ളത്. അദ്ദേഹത്തിന്റെ ഒപ്പൊക്കെ ഞാൻ കണ്ടു. ഇതൊന്നും വായിക്കാതെ ഒപ്പിടരുത്. ഗുരുതരമായ പ്രശ്നങ്ങളാണ്. Debt liability തത്വത്തിൽ അംഗീകരിക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. ഗവർണർ പുറത്താക്കിയ ഒരു സെക്രട്ടറിയുണ്ടല്ലോ; ശ്രീ. കെ. ആർ. ജ്യോതിലാൽ. അദ്ദേഹം അന്ന്

ട്രാൻസ്പോർട്ട് സെക്രട്ടറിയായിരുന്നു. അദ്ദേഹമാണ് PwC-ക്ക് സെക്രട്ടേറിയറ്റിൽ ഒരു ഓഫീസ് പണിയണമെന്നാവശ്യപ്പെട്ടത്. PwC-ക്ക് ഒരു ഓഫീസ് സെക്രട്ടേറിയറ്റിൽ തുടങ്ങണമെന്ന് നോട്ടിൽ എഴുതിയ ആളാണ് അദ്ദേഹം. അവസാനം അദ്ദേഹം ഇത് കണ്ട പാതി, കാണാത്ത പാതി നേരത്തെ കേന്ദ്ര ഗവൺമെന്റിന് എഴുതി, Government of Kerala has agreed to give guarantee. ഇത് മിനിസ്ട്രി ഓഫ് ഇക്കണോമിക് അഫയേഴ്സിൽ പോകുമ്പോൾ അവർ ഇത് പരിശോധിക്കില്ലേ? എങ്ങനെ ഗ്യാരന്റി കൊടുക്കും? ഗ്യാരന്റി കൊടുക്കാനുള്ള എന്ത് സംവിധാനമാണ് നിലവിലുള്ളത്? മാത്രമല്ല, ശ്രീ. റോജി എം. ജോൺ ഇന്ന് രാവിലെ ഇവിടെ പറഞ്ഞു, കെ-റെയിലിന്റെ ഉദ്യോഗസ്ഥർക്ക് ശമ്പളം ലഭിച്ചിട്ട് മാസങ്ങളായി, ആ പാവങ്ങൾ കാസർഗോഡ് ഉൾപ്പെടെ സമരം ചെയ്യുകയാണ്. ഇതിനുവേണ്ടി നീക്കിവച്ച പണംപോലും കൊടുക്കുന്നില്ല. അഡീഷണൽ ആതറൈസേഷൻ വഴി 200 കോടി രൂപ കിട്ടുമെന്ന് പറഞ്ഞു. ഒരു രൂപ കൊടുത്തില്ല. അവർക്ക് ശമ്പളംപോലും കിട്ടുന്നില്ല. അവർ സമരത്തിലാണ്. എന്തിനാണ് ഈ നാട്ടുകാരെ പറ്റിക്കുന്നത്? 200 കോടി രൂപ അഡീഷണൽ ആതറൈസേഷൻ വച്ചിട്ട് അവർക്ക് ശമ്പളംപോലും കൊടുക്കാത്ത ഈ ഗവൺമെന്റ് പറയുന്നു, ഞങ്ങൾ 1,25,000 കോടി രൂപയുടെ പദ്ധതി

നടപ്പാക്കുമെന്ന്. ഇതാരാണ് വിശ്വസിക്കാൻ പോകുന്നത്. നിങ്ങൾ ആലോചിക്കേണ്ട ഒരു കാര്യമാണ്. ഇതാണ് വിദേശ ഫണ്ടിന്റെ അവസ്ഥ. ഒരു വിദേശ ഫണ്ടും കിട്ടുന്നില്ലെന്ന് മാത്രമല്ല, വിദേശ ഫണ്ടിന് വിദേശ ഏജൻസികളെ സമീപിക്കാൻവേണ്ടി ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക് അഫയേഴ്സിന്റെ അനുവാദത്തിനുവേണ്ടിയാണ് നമ്മൾ ഇത്രയും ദിവസങ്ങളായി പോരാടുന്നത്. ഇതുവരെയും നടന്നിട്ടില്ല. ഇത് എന്നുകിട്ടും; ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമ്പോൾ പറയട്ടെ. പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിനോട് കുറച്ച് തുക ആവശ്യപ്പെട്ടു. എന്താണ് പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ് പറഞ്ഞത്; No balance fund is available in MIDP. Administrative Department requested to take up the matter with the finance department. ഒരു പൈസയും കൊടുത്തില്ല. തകർന്നുകൊണ്ടിരിക്കുന്ന സാമ്പത്തിക നിലയുള്ള സംസ്ഥാനത്ത്, പാരിസ്ഥിതിക പ്രശ്നങ്ങൾ ഗുരുതരമായി നിൽക്കുന്ന സംസ്ഥാനത്ത് പതിനായിരക്കണക്കിനാളുകളെ കുടിയൊഴിപ്പിച്ചുകൊണ്ട് ഈ പദ്ധതി നടപ്പാക്കുകയാണെങ്കിൽ ഇത് നന്ദിഗ്രാം ആയി മാറും എന്നുള്ള കാര്യത്തിൽ സംശയം വേണ്ടായെന്ന് ഗവൺമെന്റിനെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നലെ ഡോ. ടി. എം. തോമസ് ഐസക്കിന്റെ പുസ്തകം

ഞാൻ വായിച്ചു. ആ പുസ്തകം വായിച്ചുനോക്കിയാൽ ഡോ. ടി. എം. തോമസ് ഐസക്ക് ആണോ ഈ പുസ്തകം എഴുതിയതെന്ന് തോന്നും. ഞാനും പ്രതിപക്ഷനേതാവും മുൻമുഖ്യമന്ത്രിയും കൂടിച്ചേർന്ന് എന്റെ പുസ്തകം പ്രസിദ്ധീകരിക്കുന്നുണ്ട്. അങ്ങ് അത് വായിക്കണം. ഐ.എം.എഫ്.-ന് എതിരെയും വേൾഡ് ബാങ്കിനെതിരെയും നവലിബറൽ സമീപനങ്ങൾക്കെതിരെയുമൊക്കെ വാതോരാതെ സംസാരിച്ച ഡോ. ടി. എം. തോമസ് ഐസക്ക് ഇങ്ങനെയൊരു പുസ്തകമെഴുതിയതിൽ ഞാൻ അദ്ദേഹത്തോട് സഹതപിക്കുകയാണ്. ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ അപകടകരമായ ഒരു നീക്കമാണിത്. ഞങ്ങൾ കൊണ്ടുവന്ന ബദൽ പ്രൊപ്പോസലുണ്ട്. അത് മറിച്ചുനോക്കാൻ പോലും നിങ്ങൾക്ക് കഴിയില്ല. ഞങ്ങളാരും വികസനത്തിന് എതിരല്ല. യു.ഡി.എഫ്. വികസനത്തിന് എതിരല്ല. ഞങ്ങളാരും വൻകിട പദ്ധതികൾക്ക് എതിരല്ല. പക്ഷേ ഈ പദ്ധതി പരിസ്ഥിതിക്ക് നാശമാണ്. സംസ്ഥാനത്തെ ആയിരക്കണക്കിന് ജനങ്ങളുടെ ജീവനെ ബാധിക്കുന്നതാണ്. മാത്രമല്ല, സംസ്ഥാനത്തെ പാരിസ്ഥിതിക പ്രശ്നങ്ങൾ രൂക്ഷമാക്കുന്നതാണ്. സാമ്പത്തിക കെട്ടുതിയിലേക്ക് ഈ സംസ്ഥാനത്തെ എത്തിക്കുന്നതാണ്. അതുകൊണ്ടുതന്നെ ഈ പദ്ധതിയെ ശക്തമായി തന്നെ

യു.ഡി.എഫ്. എതിർക്കുമെന്ന് പറയാൻ ഈയവസരം ഞാൻ വിനിയോഗിക്കുന്നു. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ദീർഘവീക്ഷണമില്ല. ഇവിടെ ശ്രീ. എ. സി. മൊയ്തീൻ പറഞ്ഞ ഒരു വാചകം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. യു.ഡി.എഫ്.-ന് എന്തോ ദുർബലാവസ്ഥയുണ്ടെന്നാണ്. യു.ഡി.എഫ്.-ന് ദുർബലാവസ്ഥയൊന്നുമില്ല. തെരഞ്ഞെടുപ്പിൽ ജയിക്കും, തെരഞ്ഞെടുപ്പിൽ പരാജയപ്പെടും. അതൊക്കെ ജനാധിപത്യത്തിൽ സ്വാഭാവികമാണ്. പക്ഷേ നിങ്ങളെ അധികാരത്തിൽ കയറ്റിയ ജനങ്ങൾ ഇന്ന് പശ്ചാത്തപിക്കുകയാണ്. അവർ നിങ്ങൾക്ക് വോട്ട് ചെയ്തതിൽ പശ്ചാത്തപിക്കുകയാണ്. കാരണം നിങ്ങൾ നൽകിയ മോഹന വാഗ്ദാനങ്ങളിൽ കുടുങ്ങിപ്പോയ ജനതയ്ക്ക് 8-9 മാസക്കാലത്തെ ഭരണംകൊണ്ട് നിങ്ങൾ അവരെ കബളിപ്പിച്ചുവെന്നുള്ളത് അവർക്ക് ബോദ്ധ്യമായിരിക്കുന്നു. അതുകൊണ്ട് ഈ സർക്കാരിനെതിരെയുള്ള ശക്തമായ പോരാട്ടം യു.ഡി.എഫ്. തുടരുമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, ബഹുമാനപ്പെട്ട കേരള ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. എനിക്കുമുമ്പ് സംസാരിച്ച മുൻ

പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല സൂചിപ്പിച്ചതുപോലെ, ഗവൺമെന്റ് കൊണ്ടുവരുന്ന എല്ലാ പരിപാടികളെയും അവർ എതിർത്തുകൊണ്ടേയിരിക്കും. നമുക്കറിയാം, കഴിഞ്ഞ പ്രാവശ്യം ഈ നിയമസഭയിൽ ഗവൺമെന്റിനെതിരായി ഉയർന്നുവന്നിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട വിഷയമെന്നുപറയുന്നത് കിഫ്ബിക്കെതിരെയുള്ള പ്രതിഷേധമായിരുന്നു. കിഫ്ബിയുടെ പണം സംബന്ധിച്ച്, അത് കൊണ്ടുവരുന്നത് സംബന്ധിച്ച്, ഭരണഘടനാ ലംഘനം സംബന്ധിച്ചൊക്കെയുള്ള നിരവധി ആക്ഷേപങ്ങളാണ് അന്ന് ഉയർന്നുവന്നത്. അന്ന് ഈ പദ്ധതി നടത്താൻ പോകുന്നില്ല, നടപ്പാകില്ല എന്ന് ഉറക്കെ ആവർത്തിച്ച് പറഞ്ഞവരാണ്. ഇപ്പോൾ നാം മനസ്സിലാക്കുന്നു, 140 നിയോജകമണ്ഡലങ്ങളിലും ഈ പദ്ധതി വലിയ രീതിയിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി പരിശോധിച്ച് ഒരു പുതിയ പരിപാടി അവതരിപ്പിച്ച് അതിന് അംഗീകാരം കിട്ടി അതുമായി മുന്നോട്ടുപോകാൻ ശ്രമിച്ച ഒരു ഗവൺമെന്റായി കഴിഞ്ഞ ഗവൺമെന്റിനെ വിലയിരുത്തപ്പെടുകകൂടി ചെയ്യുകയാണ്. ഇപ്പോൾ കെ-റെയിലിന് എതിരായിട്ടാണ് അതിഗംഭീരമായ ആക്രമണം. ഇത് ആരോടും ചർച്ച ചെയ്തില്ലെന്നാണ്

പറയുന്നത്. ചർച്ച ചെയ്യില്ലെന്ന് മാത്രമല്ല, അതിനുള്ള പണം എവിടെനിന്ന് കണ്ടെത്തുമെന്നും കണ്ടെത്തിയ പണം എങ്ങനെ തിരിച്ചടയ്ക്കുമെന്നും അതിന്റെ പാരിസ്ഥിതിക പ്രശ്നം സംബന്ധിച്ചുമാണ് ചോദിക്കുന്നത്. നിരവധി പുതിയ പുതിയ കാര്യങ്ങൾ ആവർത്തിക്കപ്പെടുകയാണ്. വെറുതേ സമയം കളയാൻ മാത്രമേ ഇതുകൊണ്ട് കാര്യമുണ്ടാകൂ എന്ന് ഞാൻ ആവർത്തിച്ച് പറയുകയാണ്. നാളെ ഇതിനെ സിൽവർ ലൈൻ എന്നല്ല, ഗോൾഡൻ ലൈനെന്നാണ് ചരിത്രം പറയാൻ പോകുന്നത്. ഇതുമായി ബന്ധപ്പെട്ട നിരവധി ആക്ഷേപങ്ങൾ വരുമ്പോൾ തിരുവനന്തപുരത്തുനിന്ന് കാസർഗോഡ് വരെ പോകാൻ ഇതുപോലുള്ളൊരു സംവിധാനം വേണമോ എന്ന് പൊതുജനം വിലയിരുത്തേണ്ടതാണ്. പ്രളയവും പേമാരിയുമൊക്കെ വരുമ്പോൾ ഇതുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ കുറിച്ചാണ് നോക്കേണ്ടത്. എല്ലാം നന്നായി പഠിച്ചതിനുശേഷമേ ഇത് ഇംപ്ലിമെന്റ് ചെയ്യൂ എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരുമെല്ലാം ആവർത്തിച്ച് ഈ പൊതുസമൂഹത്തിന് ഉറപ്പ് നൽകുമ്പോഴും അതൊന്നും മുഖവിലയ്ക്കെടുക്കാതെ ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതി കേരളത്തിൽ നടപ്പാക്കുന്നതിന് കടകവിരുദ്ധമായൊരു സമീപനം സ്വീകരിക്കുമ്പോൾ 41

ആയി നിൽക്കുന്ന എം.എൽ.എ.-മാർ അടുത്ത പ്രാവശ്യം ആ നമ്പർകൂടി തികയാനുണ്ടാകില്ല എന്ന് വിനയപൂർവ്വം ഓർമ്മിപ്പിക്കുകയാണ്.

പ്രിയപ്പെട്ടവരേ, ജനങ്ങൾക്ക് ആവശ്യമുള്ള നിരവധി പദ്ധതികൾകൊണ്ട് സമ്പന്നമായിരുന്നു കഴിഞ്ഞ അഞ്ചുവർഷം. വിദ്യാഭ്യാസ രംഗം, ആരോഗ്യ രംഗം തുടങ്ങി എല്ലാ രംഗങ്ങളിലും ഞാനത് ആവർത്തിച്ച് പറയുന്നില്ല. ഇത്തരത്തിൽ എല്ലാ രംഗത്തും നല്ല അടിത്തറയിട്ട ഗവൺമെന്റാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ആദ്യത്തെ ഗവൺമെന്റ്. തുടർച്ചയുണ്ടായല്ലോ. കഴിഞ്ഞ പ്രാവശ്യംതന്നെ 2030 കാലത്തെ വിഷനൊക്കെ അവതരിപ്പിച്ചുകൊണ്ട് സിൽവർ ലൈൻ ഉൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് പറഞ്ഞു. 2030-ന്റെ വിഷൻ അവതരിപ്പിച്ചപ്പോൾ അന്ന് ചില സുഹൃത്തുക്കൾ ചോദിച്ചു, എന്തിനാണ്; അടുത്ത പ്രാവശ്യം ഞങ്ങളല്ലേ എന്ന്. അതായില്ലല്ലോ; ഇനിയും 2030 ആയാലും 2050 ആയാലും വിഷൻ അവതരിപ്പിക്കാൻ പറ്റിയ രീതിയിൽ ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. പ്രിയപ്പെട്ടവരേ, ഏറ്റവും പ്രധാനപ്പെട്ട സംഗതി, ആസൂത്രണവുമായി ബന്ധപ്പെട്ട് നീതി ആയോഗ് പ്രസിദ്ധീകരിച്ച സൂചികയിൽ കേരളത്തിന് ഒന്നാം സ്ഥാനം കിട്ടിയപ്പോൾ

ആദ്യം വിചാരിച്ച ആദ്യപ്രാവശ്യമാണെന്ന്. എന്നാൽ രണ്ടാമതും കിട്ടി. മൂന്നാമതും ഇപ്പോൾ നമ്മൾ ഒന്നാമതായിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഏത് തരത്തിലുള്ള അവാർഡുകൾ പരിശോധിച്ചാലും അത് ആദ്യം കിട്ടുക ഈ കൊച്ചുകേരളത്തിനാണ്. എല്ലാ തരത്തിലുമുള്ള എതിർപ്പുകൾ നിലനിൽക്കുമ്പോഴും കേരളം ഇങ്ങനെയുള്ള അവാർഡുകൾ നേടുമ്പോൾ കേരള ഗവൺമെന്റിന്റെ, അതിനെ നയിക്കുന്ന മുന്നണിയുടെയൊക്കെ പ്രതിജ്ഞാബദ്ധമായിട്ടുള്ള നിലപാടുകൾ തന്നെയാണ് അതിലേയ്ക്ക് നമ്മെ നയിച്ചിട്ടുള്ളതെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. ഇപ്പോൾ ഗവൺമെന്റ് ഒരു വർഷം പൂർത്തിയാക്കുമ്പോൾ 100 ദിന പരിപാടികൾ പ്രഖ്യാപിക്കപ്പെടുകയാണ്. ഈ മെയ് 20-ാം തീയതിയാണ് അതിന്റെ പൂർത്തീകരണം. അതുതന്നെ ജനങ്ങൾക്കിടയിലും മാധ്യമങ്ങൾക്കിടയിലുമുണ്ടാക്കിയ വലിയ ശ്രദ്ധ വളരെ പ്രധാനപ്പെട്ടതാണ്. മെയ് 20-ന് 1557 പരിപാടികളിലായി 17183 കോടി രൂപയാണ് ചെലവഴിക്കാൻ പോകുന്നതെന്ന് മനസ്സിലാക്കണം. നമ്മുടെ രാജ്യത്തെ Multidimensional Poverty നിരക്ക് ഏറ്റവും കുറഞ്ഞതായി രേഖപ്പെടുത്തിയ സംസ്ഥാനമേതാണ്; ഈ കൊച്ചു കേരളമാണ്. അതിലേയ്ക്ക് നയിക്കാൻ, ദരിദ്രരെ കൂടുതൽ കണ്ടെത്താൻ, അതിദരിദ്രരായവർക്ക് പുതിയ

പുതിയ കാര്യങ്ങൾ ചെയ്തുകൊടുക്കാനൊക്കെ ശ്രമിക്കുന്ന, ദരിദ്രരെ ലക്ഷ്യമിട്ടുകൊണ്ട് കാണിക്കുന്ന വിട്ടുവീഴ്ചയില്ലാത്ത സമീപനവും ക്ഷേമപ്രവർത്തനങ്ങളുമെല്ലാം ഈ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകതയായി എല്ലാവരും എടുത്തുകാണിക്കുന്നതാണ്. കോവിഡ് മഹാമാരിക്കാലത്ത് എങ്ങനെയാണ് ഗവൺമെന്റ് പ്രവർത്തിച്ചതെന്ന് നമുക്കറിയാമല്ലോ; സി.എഫ്.എൽ.ടി.സി., ആശാവർക്കർമാർ, പോലീസുകാർ, ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന ആളുകൾ, പൊതുജനങ്ങൾ, ക്ലബ്ബുകൾ, സാംസ്കാരിക സംഘടനകൾ എന്നിവരെയെല്ലാം ഒരുമിപ്പിക്കുകയല്ലേ ചെയ്തത്. വിശപ്പുരഹിത കേരളത്തോട് ബന്ധിപ്പിച്ച് ജനകീയ ഹോട്ടൽ, 20 രൂപയ്ക്ക് ഊണ് ലഭിക്കുന്ന 'സുഭിക്ഷ ഹോട്ടൽ' ഉൾപ്പെടെയുള്ള നിരവധി പരിപാടികളാണ് അന്ന് ആവിഷ്കരിച്ചത്. മന്ത്രിമാർ, എം.എൽ.എ.-മാർ, മറ്റ് സംവിധാനങ്ങൾ എന്നിവയ്ക്കപ്പുറത്തേയ്ക്ക് ജനത്തെയാകെ ഒരുമിച്ചുകൊണ്ടുവന്ന് വികസനത്തിന്റെ പുതിയ പരിപ്രേക്ഷ്യം തീർക്കാൻ കഴിയുന്ന ഒരു ഗവൺമെന്റായി ഈ ഗവൺമെന്റ് മാറുന്നുവെന്നത് നമുക്ക് കാണാൻ കഴിയണം.

കഴിഞ്ഞ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യമായിരുന്നു എല്ലാവർക്കും വീടെന്നുള്ള ആശയം. എല്ലാവർക്കും വീടെന്നുള്ള ആശയം

പറയാൻതന്നെ കഴിയുക ആർക്കാണ്; അങ്ങനെ പറയാൻ ഒരു ഗവൺമെന്റിന് കഴിയുമെങ്കിൽ അത് ഈ കൊച്ചുകേരളത്തിനാണ്. എന്റെയൊരു സുഹൃത്ത് പറഞ്ഞത്, വൈകിട്ടാകുമ്പോൾ ആരെങ്കിലും നീ എങ്ങോട്ടുപോകുന്നു എന്നുചോദിച്ചാൽ ഞാൻ എന്റെ വീട്ടിലേയ്ക്ക് പോകുന്നു എന്നുപറയുമെന്നാണ്. ആരോട് ചോദിച്ചാലും ഞാൻ എന്റെ വീട്ടിലേയ്ക്ക് പോകുന്നു എന്ന് ഈ കേരളത്തിലെ ആളുകൾ പറയും. ഒരു ഉത്തർപ്രദേശുകാരനോടോ ബീഹാറുകാരനോടോ നീ എങ്ങോട്ടുപോകുന്നു എന്നുചോദിച്ചാൽ അവന് കൃത്യമായി ഉത്തരം പറയാനാകാത്ത സ്ഥിതിയാണ്. തെരുവോരങ്ങളിലേയ്ക്കോ കടമുറിയിലേയ്ക്കോ കുരയിലേയ്ക്കോ പത്തുമുപ്പത് ആളുകളൊക്കെയുള്ള വീടുകളിലേയ്ക്കോ പോകുന്ന സ്ഥിതിയാണ് അവർക്ക്. ഇതാണ് പൊതുസ്ഥിതി. എന്നാൽ എന്റെ വീട്ടിലേയ്ക്ക് എന്നുപറയാൻ, അത്ര കെൽപ്പുകൊടുത്തൊരു ഭരണം സൃഷ്ടിക്കപ്പെട്ടത് ഈ കേരളത്തിൽ മാത്രമാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. അതിനെ ശക്തിപ്പെടുത്താൻ ഇനിയും ഒരുപാട് പരിപാടികൾ പറഞ്ഞിട്ടുണ്ട്. ഏകദേശം 341095 വീടുകളും ഭൂരഹിതരായിട്ടുള്ള ആളുകൾക്ക് 3 സെന്റ് ഭൂമി വീതം കൊടുക്കുന്ന പരിപാടിയും നേരത്തെ പ്രഖ്യാപിക്കപ്പെട്ട 'മനസ്സോടിത്തിരി മണ്ണ്' എന്ന പരിപാടിയുമൊക്കെ ഇതിന്റെ ഭാഗമാണ്.

അങ്ങനെ ജനങ്ങളുമായി ബന്ധപ്പെട്ട, ജനങ്ങളുടെ വികാരം ഏറ്റുവാങ്ങുന്ന, ഭൂമി നൽകാൻ തയ്യാറുള്ള, വീട് നൽകാൻ തയ്യാറുള്ള, അതിനാവശ്യമായ പണം നൽകാനൊക്കെ തയ്യാറുള്ള, വികസനത്തിൽ ജനങ്ങളുടെ പങ്ക് ഉറപ്പാക്കാൻ കഴിയുന്ന രീതിയിലുള്ള നിരവധിയായ കാര്യങ്ങൾ ഇവിടെ സൃഷ്ടിക്കപ്പെടുകയാണ്. ഒപ്പംതന്നെ നാം മനസ്സിലാക്കേണ്ട കാര്യം, ഈ വികസനമൊക്കെ നടപ്പാക്കുമ്പോൾത്തന്നെ അപ്പുറത്ത് നവലിബറൽ നയത്തിനെതിരെ, വർഗ്ഗീയ-മതഭ്രാന്തിനെതിരെ, ഭരണഘടനാ വിരുദ്ധതയ്ക്കെതിരെ, ഫെഡറലിസത്തിനെതിരെ കോപ്പുകൂട്ടുന്ന കേന്ദ്ര ഗവൺമെന്റിന്റെ ഏകാധിപത്യ അധികാരഭ്രാന്തിന് ബദലായി ഒരു ഗവൺമെന്റ് ഇന്ത്യയിൽ ഉണ്ടാകുമോ; അതിന്റെ ഒരു സൂചനയായി കേരളത്തിലെ ഗവൺമെന്റ് നിൽക്കുന്നു എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ഞാൻ അവസാനിപ്പിക്കുന്നു. സുപ്രസിദ്ധനായ കവി Bertolt Brecht രചിച്ച് പുനലൂർ ബാലൻ പരിഭാഷപ്പെടുത്തിയ ഒരു ഗാനമുണ്ട്.

"എന്തിന്നധീരത ഇപ്പോൾ തുടങ്ങുവിൻ
എല്ലാം നിങ്ങൾ പഠിക്കേണം
തയ്യാറാകണം ഇപ്പോൾ തന്നെ
ആജ്ഞാശക്തിയായി മാറീടാൻ"

ഗവൺമെന്റ് മാത്രമല്ല, കേരള ജനതയെ അപ്പാടെ അതിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ബൃഹത്പരിപാടിയുടെ ഒരു ഘടകമായി ഈ നയപ്രഖ്യാപന പ്രസംഗത്തെ കണ്ടുകൊണ്ട് അതിനെ മുഴുവനായി, പൂർണ്ണമായും അംഗീകരിച്ചുകൊണ്ട്, പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. നമസ്കാരം.

(അദ്ധ്യക്ഷ വേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജി. എസ്. ജയലാൽ)

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തമായി എതിർക്കുകയാണ്. ബഹുമാന്യനായ എ. സി. മൊയ്തീൻ എം.എൽ.എ. അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ വഖഫ് വിഷയവുമായി ബന്ധപ്പെട്ട ഒരു പരാമർശം നടത്തുകയുണ്ടായി. വഖഫ് വിഷയത്തിൽ ഞങ്ങൾക്ക് കൃത്യമായ നിലപാടുണ്ട്. അത് വിശ്വാസത്തിന്റെ മാത്രം പ്രശ്നമല്ല. ഭരണഘടനയും നിയമവാഴ്ചയുംകൂടി ഉൾക്കൊള്ളുന്നൊരു പ്രശ്നമായിട്ടാണ് മുസ്ലീംലീഗ് പാർട്ടി ഇതിനെ കണ്ടിട്ടുള്ളതെന്ന് ഞാൻ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. മതത്തെക്കുറിച്ച് നിങ്ങൾ പറയുകയുണ്ടായി. മതം വിശ്വാസികളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. എന്നാൽ മതമില്ലാത്ത സമൂഹം സൃഷ്ടിക്കാൻ ശ്രമിക്കുന്ന കമ്മ്യൂണിസ്റ്റുകാരെ സംബന്ധിച്ചിടത്തോളം അത് നിങ്ങൾക്ക് പറയാനുള്ള

സ്വാതന്ത്ര്യം വകവച്ചുതരാനും ഞങ്ങൾ തയ്യാറാണെന്ന് ഓർമ്മിപ്പിക്കുകയാണ്.

നമുക്കെല്ലാവർക്കുമറിയാം, ഇന്നും ഇന്നലെയുമായി നടന്ന ചർച്ചയിലുടനീളം ആരുടെ കാലത്താണ് കൂടുതൽ കൊലപാതകങ്ങൾ നടന്നതെന്ന് സ്ഥാപിക്കാനുള്ള വലിയ പരിശ്രമമാണ് നടന്നിട്ടുള്ളത്. തലശ്ശേരി അംഗം ബഹുമാന്യനായ എ. എൻ. ഷംസീർ ഇന്നലെ ഈ സഭയിൽ സംസാരിക്കുമ്പോൾ വളരെ വികാരഭരിതനായി ഒരുകാര്യം പറയുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പലവട്ടം ഞങ്ങളുടെ ഇടതുനെഞ്ചിൽ കറുത്ത ബാഡ്ജ് ധരിക്കേണ്ട സാഹചര്യമുണ്ടായി എന്നായിരുന്നു പ്രിയപ്പെട്ട എ. എൻ. ഷംസീറിന്റെ വാക്കുകൾ. ഞാൻ അതിനെ അടിവരയിടുകയാണ്. അതുതന്നെയാണ് ഞങ്ങളും പറയുന്നത്. ഒരു കൊലപാതകത്തിന്റെ പേരിൽ ഇനിയൊരു സംഘടനാ പ്രവർത്തകന്റെയും ഇടതുനെഞ്ചിൽ ഒരു കറുത്ത ബാഡ്ജ് ഉണ്ടാകരുതെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. തീർച്ചയായിട്ടും നമുക്കറിയാം കഴിഞ്ഞ ദിവസം പുന്നോലിൽ നടന്ന ഹരിദാസിന്റെ കൊലപാതകം ഉൾപ്പെടെ പതിനാറ് സഖാക്കളെയാണ് ആർ.എസ്.എസ്.-കാർ ഈ ഭരണകാലത്ത് വകവരുത്തിയിട്ടുള്ളത്. അത് വലിയ സങ്കടമുള്ള

കാര്യമാണ്. ആരാണ് ഇതിന് ഉത്തരവാദികൾ? ഈ കൊലപാതകങ്ങൾ തടയേണ്ടിയിരുന്നത് ആരായിരുന്നു? പുന്നോലിൽ കൊലചെയ്യപ്പെട്ട ഹരിദാസ് പാവപ്പെട്ട ഒരു മത്സ്യത്തൊഴിലാളിയായിരുന്നു. അല്ലെങ്കിലും ഈ കൊലപാതകങ്ങളിലെല്ലാം കൊല്ലപ്പെടുന്നത് ദരിദ്രരോ, പരമദരിദ്രരോ ആയിട്ടുള്ള മനുഷ്യരാണ്. ഹരിദാസിനെ കൊന്നത് ആർ.എസ്.എസ്. ആണെന്ന് പറയാൻ ഇന്നലെ നിയമസഭയിൽ ബഹുമാന്യനായ മുഖ്യമന്ത്രി തയ്യാറായില്ലായെന്നത് അടിവരയിട്ട് ഞാൻ ഓർമ്മിപ്പിക്കുകയാണ്. രേഖകൾ പരിശോധിക്കണം, നിങ്ങൾക്ക് രേഖകൾ പരിശോധിക്കാം, എന്റെ പ്രസംഗം തടസ്സപ്പെടുത്തുകയല്ല വേണ്ടത്. ബഹുമാന്യയായ അംഗം ശ്രീമതി ശാന്തകുമാരി നിങ്ങൾ അശാന്തയാകരുത്, ദയവായി ഞാൻ പറയുന്നത് - കേൾക്കൂ. പല സി.പി.ഐ.(എം.) നേതാക്കളും ഇത് ഉറപ്പിച്ചുപറയാൻ മണിക്കൂറുകൾ കാത്തുനിന്നു. പല സി.പി.ഐ.(എം.) നേതാക്കളും ആർ.എസ്.എസ്. ആണെന്ന് പറഞ്ഞത് എപ്പോഴാണ്? നിങ്ങൾ പോസ്റ്റ് പോലും എഡിറ്റ് ചെയ്തത് എപ്പോഴാണ്; ഈ കൊലപാതകത്തിന്റെ പേരിൽ ക്രമസമാധാനം തകരരുതെന്നുതന്നെയാണ് ഞങ്ങളുടെ ആഗ്രഹം. ഒരു പാർട്ടി ഓഫീസും കത്തിക്കരുതെന്നുതന്നെയാണ് ഞങ്ങളുടെ നിലപാട്. ഒരു മനുഷ്യനും ഇതിന്റെ പേരിൽ ഇനിയും

കൊല്ലപ്പെടരുതെന്നുതന്നെയാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. എന്നാൽ ചില കൊലപാതകങ്ങൾ നടക്കുമ്പോൾ ഇങ്ങനെയല്ല കേരളം കണ്ടത്. ആര് കൊല്ലപ്പെട്ടാലും വേദനാജനകമാണ്. പക്ഷെ, ചില വേർതിരിവുകൾ ചിന്തോദ്ദീപകമാണെന്ന് അടിവരയിട്ട് പറയുവാൻ ആഗ്രഹിക്കുകയാണ്. ആർ.എസ്.എസ്.-കാർ ഒരു സി.പി.ഐ.(എം). പ്രവർത്തകനെ നിഷ്ഠൂരമായി കൊന്നതിൽ ഒരു യു.ഡി.എഫ്. അംഗങ്ങൾക്കും വേദനയില്ലെന്നാണ് ഇന്നലെ ശ്രീ. എ. എൻ. ഷംസീർ പറഞ്ഞത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെ സംസാരിച്ച എല്ലാവരും അതിൽ ദുഃഖവും വേദനയും പങ്കുവച്ചിട്ടുണ്ട്. ഒരു സഖാവും കൊല്ലപ്പെടരുത്, ഒരു സഖാവും കൊല്ലപ്പെടാതിരിക്കാനുള്ള രാഷ്ട്രീയ പ്രബുദ്ധത കേരളത്തിനുണ്ടാകണം. അതിനുള്ള ജാഗ്രതയുണ്ടാകണമെന്നാണ് ഞങ്ങൾ പറയുന്നത്. ഇപ്പോൾ പാർട്ടി സഖാക്കളുടെ ജീവനെടുക്കുന്നവർക്ക് വേണ്ടിപോലും നിയമസഭയിൽ സംസാരിക്കാൻ യു.ഡി.എഫ്.-മാത്രമേയുള്ളൂ എന്നത് സഖാക്കളെങ്കിലും തിരിച്ചറിയട്ടേയെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. പോരാളി ഷാജി ഇപ്പോൾ കുലംകുത്തിയായോ എന്ന് എനിക്കറിയില്ല. ഇനി പോരാളി ഷാജിയേയും നിങ്ങൾ തള്ളിപ്പറയുമോയെന്നും എനിക്ക് അറിയില്ല. അത് ഫെയ്ക്ക് അക്കൗണ്ട്

ആണോയെന്ന് എനിക്കറിയില്ല. ഫെയ്ക്ക് അക്കൗണ്ട് ആണെങ്കിൽ ശ്രീ. എ. എൻ. ഷംസീറിനെ ഞാൻ ഒരു കാര്യം മാത്രം ഓർമ്മിപ്പിക്കുകയാണ്, ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ചിത്രമാണ് അതിന്റെ പ്രൊഫൈൽ പിക്ച്ചറായി ഉപയോഗിക്കുന്നത്. അങ്ങനെ വല്ല സംശയവുമുണ്ടെങ്കിൽ നിങ്ങൾ ഇപ്പോൾത്തന്നെ സൈബർ പോലീസിന് പരാതി കൊടുത്ത് അവരുടെ ഫേസ്ബുക്ക് അക്കൗണ്ട് പൂട്ടിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. സൈബർ സെല്ലിന്റെ കഥ തുടർന്ന് പറയാം. ഭരണം വേണ്ട, സഖാക്കളുടെ ജീവൻ മതിയെന്നാണ് പോരാളി ഷാജി പറഞ്ഞത്. സഖാക്കളുടെ ജീവൻ രക്ഷിക്കാൻ പിണറായി സർക്കാരിന് കഴിയില്ലെന്ന്, നിങ്ങളുടെ ഓരോ പ്രവർത്തകന്റെയും വിലാപമാണ് പോരാളി ഷാജിയുടെ പോസ്റ്റെന്ന് ഇനിയെങ്കിലും നിങ്ങൾ ഓർമ്മിക്കണമെന്നുമാത്രമെ എനിക്ക് പറയുവാനുള്ളൂ. പോരാളി ഷാജിയെ തന്നെ ഒന്നുകൂടി ക്വാട്ടുചെയ്യാം, ഈ സംഘി ഡ്രാക്കുളകളെ നിലയ്ക്കുനിർത്താൻ കഴിയുന്നില്ലെങ്കിൽ രാജിവച്ച് പുറത്തുപോകു സർക്കാരെ എന്ന് ഞങ്ങളും ആവർത്തിച്ച് പറയുകയാണ്. ഇത്ര ഭീകരമായ കൊലപാതകങ്ങൾ ആസൂത്രണം ചെയ്യുന്നത് അറിയാൻപോലും പോലീസിന് കഴിയുന്നില്ലേ? (.....ബഹളം......) അതോ ശ്രീമതി ആനി രാജ പറഞ്ഞതുപോലെ പോലീസിനകത്തെ സ്ലീപ്പിംഗ്

സെല്ലുകൾ ആർ.എസ്.എസ്.-കാർക്ക് സി.പി.ഐ.(എം)-കാരെ വകവരുത്താൻ ഏർപ്പാട് ചെയ്തുകൊടുക്കുകയാണോ എന്ന് നിങ്ങൾ പരിശോധിക്കു. ഇന്നലെ ചോദ്യോത്തരവേളയിൽ കേരളത്തിന്റെ അഭിമാനകരമായ പല നേട്ടങ്ങളെക്കുറിച്ചും സംസാരിക്കുകയുണ്ടായി. ബഹുമാന്യനായ മുഖ്യമന്ത്രി ധാരാളം പുരസ്കാരങ്ങളെക്കുറിച്ച് പറഞ്ഞത് അഭിമാനകരമാണ്. പക്ഷെ ഞാൻ ചോദിച്ച ചോദ്യം എന്താണ്? നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ കണ്ണൂരിനെക്കുറിച്ച് നടത്തിയ പരാമർശത്തെക്കുറിച്ചാണ്. അതിന് ഒരു വാക്കുപോലും മുഖ്യമന്ത്രി പറഞ്ഞില്ല. വഴി തിരിച്ചുവിടാൻ വളരെ മിടുക്കനാണല്ലോ, അദ്ദേഹം അങ്ങനെ വഴി തിരിച്ചുവിട്ടു. ഈ സംസ്ഥാനത്ത് നടക്കുന്ന അതിഭീകരമായ സൈബർ ആക്രമണത്തെക്കുറിച്ച് ബോധവാൻമാരാകണം. എത്ര മാധ്യമ പ്രവർത്തകർക്ക് നേരെയാണ് അതിഭീകരമായ സൈബർ ആക്രമണം നടക്കുന്നത്. വളരെ പ്രത്യക്ഷമായി, നേർക്കുനേരായി സ്മൃതി പരുത്തിക്കാട് എന്ന മുതിർന്ന മാധ്യമ പ്രവർത്തകയെ അധിക്ഷേപിച്ചിട്ട് അവർക്കെതിരെ ചുമത്തിയത് വകുപ്പ് 509 പ്രകാരമുള്ള കേസ്സാണ്. ബെയിലബിൾ ഒഫൻസാണ്. ഛത്തീസ്ഗഡ് എന്ന സംസ്ഥാനത്തെ കണ്ടുപഠിക്കണം. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനമാണ്. അവിടെ പുതിയ

നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ഇവിടെ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ സൈബർ കുറ്റകൃത്യത്തെ നിയന്ത്രിക്കാനുള്ള ഒരു നടപടിയെക്കുറിച്ചും പറഞ്ഞിട്ടില്ല. ഒരു നിർദ്ദേശം സഭയുടെ മുമ്പാകെ വയ്ക്കാൻ ആഗ്രഹിക്കുകയാണ്. നമ്മൾ എല്ലാറ്റിനും മാതൃകയായി നിൽക്കുന്ന സംസ്ഥാനമാണല്ലോ. നിർബന്ധമായും സൈബർ ആക്രമണത്തിനെതിരായി, പ്രത്യേകിച്ച് സ്ത്രീകൾക്കെതിരായി നടക്കുന്ന സൈബർ ആക്രമണത്തിനെതിരെ വളരെ കൃത്യമായി നിലപാട് സ്വീകരിക്കുകയും ഈ സഭയിൽ നിയമനിർമ്മാണം കൊണ്ടുവരികയും ചെയ്യേണ്ട സമയമാണിത്. 509 B എന്ന ഒരു അനുച്ഛേദം കൊണ്ടുവന്നാണ് ഛത്തീസ്ഗഢ് സർക്കാർ നിയമനിർമ്മാണം നടത്തിയിട്ടുള്ളത്. എം.എസ്.എഫ്.-ന്റെ കാര്യം പറയുന്നതിനുമുമ്പ് ഇവിടത്തെ വനിത പോലീസ് സ്റ്റേഷൻ.....(ബഹളം).....

മി. ചെയർമാൻ: സഹകരിക്കണം.

ശ്രീ. നജീബ് കാന്തപുരം: സർ, നിങ്ങളെല്ലാവരുംകൂടി ആക്രമിച്ചാലും അങ്ങനെ സംസാരിക്കാതെ പോകുമെന്ന് വിചാരിക്കേണ്ട. ഓട്ടുപൊളിച്ച് വന്നവരല്ല ഞങ്ങളാരും. ബഹുമാനപ്പെട്ട അംഗം ശ്രീമതി കാനത്തിൽ ജമീല അടക്കം 'നേരെചൊവ്വെ' എന്ന പരിപാടി പോയിക്കാണണം. കേരളത്തിലെ

ആദ്യത്തെ വനിതാ ഐ.പി.എസ്.ഓഫീസർ ശ്രീമതി ആർ. ശ്രീലേഖ പറഞ്ഞത് എന്താണെന്ന് കേൾക്കണം. വനിതാ പോലീസുകാർക്കുപോലും സ്റ്റേഷനിൽ ഇരിക്കാൻ സാധിക്കാത്ത ഒരു കേരളത്തെക്കുറിച്ചാണ് ശ്രീ. എ. എൻ. ഷംസീറൊക്കെ വലിയ വായിൽ പറയുന്നത്.

മി. ചെയർമാൻ: സമയം കഴിഞ്ഞു, അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ അധികമൊന്നും ദീർഘിപ്പിക്കുന്നില്ല. കഴിഞ്ഞ ദിവസം കോടിയേരി സഖാവ് ഒരു കുട്ടിയെയും എടുത്തുകൊണ്ട് നിൽക്കുന്ന ചിത്രം നമ്മൾ കണ്ടു. വലിയ സങ്കടമായി. ആ ചിത്രത്തിന് പിന്നിൽ ഈറനണിഞ്ഞ കണ്ണുകളുമായി നിൽക്കുന്ന ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അത് നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. ആ പെൺകുട്ടിയുടെ സങ്കടം ഇനിയും ഒരു പെൺകുട്ടിക്കും വരാതിരിക്കാനുള്ള ശ്രദ്ധയാണ് ഈ കേരളത്തിനുണ്ടാകേണ്ടത്. നമ്മുടെ കൂടെ ഒരു സഹോദരി ഇരിക്കുന്നു, അവരുടെ വേദനയ്ക്ക് പകരം നൽകാൻ നിങ്ങൾക്ക് സാധിക്കുമോ? അവരുടെ ഭർത്താവ് നഷ്ടപ്പെട്ട, മകന് അച്ഛനെ നഷ്ടപ്പെട്ട നമ്മുടെ കൂടെയിരിക്കുന്ന ആ സഹോദരിക്ക് നീതി കൊടുക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ? ആ സങ്കടങ്ങൾക്ക് നേരെയാണ് നിങ്ങൾ കണ്ണടയ്ക്കുന്നത്.

മി. ചെയർമാൻ: അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഈ നാട് ഭയാനകമായ സാഹചര്യത്തിലൂടെയാണ് കടന്നുപോകുന്നത്. നമ്മുടെ നാട് ഈ നിലയ്ക്ക് പോകേണ്ടതല്ല. ശ്രീ. എ. എൻ. ഷംസീറിന് ഇനിയും ഒരിക്കൽപ്പോലും തന്റെ ഇടതുനെഞ്ചിൽ കറുത്ത ബാഡ്ജ് കുത്തേണ്ടിവരാത്ത ഒരു കേരളമാണ് ഞങ്ങൾ സ്വപ്നം കാണുന്നത്. അതിനുവേണ്ടിയാണ് ഞങ്ങൾ എല്ലാകാലത്തും നിലകൊണ്ടത്, അല്ലാതെ ശ്രീ. എ. സി. മൊയ്തീൻ പറഞ്ഞതുപോലെ, അപ്പുറത്തെയും ഇപ്പുറത്തെയും കണക്കെടുത്ത് തുല്യമൊപ്പിക്കാൻ ഇനിയും കൊലപാതകങ്ങളെ ക്ഷണിച്ചുവരുത്തേണ്ടവരല്ല എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തെ ശക്തമായി വീണ്ടും എതിർത്തുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. നജീബ് കാന്തപുരം ചില കാര്യങ്ങളെക്കുറിച്ച് വാചാലമായി സംസാരിച്ചു. രാഷ്ട്രീയ കൊലപാതകങ്ങളെക്കുറിച്ച് അദ്ദേഹം രോഷം കൊള്ളുകയും ദു:ഖം പ്രകടിപ്പിക്കുകയും ചെയ്തു. പക്ഷെ ഏതാനും നാളുകൾക്കുമുൻപ് ഇടനെഞ്ചിൽ കഠാര ആഴ്ന്നിറങ്ങി കൊല ചെയ്യപ്പെട്ട ഇടുക്കി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ ധീരജ് രാജേന്ദ്രൻ എന്ന

യുവവിദ്യാർത്ഥിയുടെ കൊലപാതകികളെ സംരക്ഷിക്കുമെന്ന് മാധ്യമങ്ങളോട് പറഞ്ഞ ഒരു കെ.പി.സി.സി. പ്രസിഡന്റിന്റെ കീഴിലുള്ള യു.ഡി.എഫ്.-ന്റെ ഒരു പ്രതിനിധിയായിട്ടാണ് അദ്ദേഹം ഇരിക്കുന്നത്. എന്തുകൊണ്ട് ഈ രോഷം അന്നുണ്ടായില്ല? നിങ്ങൾ ഓർക്കണം. സ്ത്രീ സംരക്ഷണത്തെക്കുറിച്ച് അദ്ദേഹം വാചാലമായി ഇവിടെ സംസാരിക്കുകയുണ്ടായി. സ്വന്തം വിദ്യാർത്ഥി സംഘടനയിലെ സഹോദരിമാർ സംഘടനയ്ക്കുള്ളിലുണ്ടായ ദുരനുഭവങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ അവരെ പുറത്താക്കിയ പാർട്ടിയുടെ പ്രതിനിധിയാണ് ശ്രീ. നജീബ് കാന്തപുരം എന്നുള്ളത് ലജ്ജാവഹമാണ്. ഇവിടെ നന്ദിപ്രമേയത്തിന് ആസ്പദമായിരിക്കുന്നത് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗമാണ്. ആ കാര്യങ്ങളുമായി ബന്ധപ്പെട്ട് എന്റെ ഓർമ്മയിൽ വരുന്നൊരു കാര്യം മഹാകവി പാലാ നാരായണൻ നായരുടെ ഒരു കവിതയാണ്.

"കേരളം വളരുന്നു പശ്ചിമഘട്ടങ്ങളെ-

ക്കേറിയും കടന്നും ചെന്നന്യമാം രാജ്യങ്ങളിൽ"

ഇത് അദ്ദേഹം ഇവിടെ വരുന്ന പിണറായി വിജയൻ സർക്കാരിന്റെ ഭരണം മുന്നിൽകണ്ടുകൊണ്ട് രചിച്ച കവിതയാണെന്ന് കരുതേണ്ടിയിരിക്കുന്നുവെന്ന് ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇന്നലെ ബഹുമാന്യനായ

മുഖ്യമന്ത്രി ചോദ്യോത്തരവേളയിൽ ഒരു ചോദ്യത്തിന്റെ ഉത്തരമായി ഈ സംസ്ഥാനത്തിന് ലഭിച്ച അംഗീകാരങ്ങളെക്കുറിച്ച് അക്കമിട്ട് സൂചിപ്പിക്കുകയുണ്ടായി. പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ, സുസ്ഥിര വികസനത്തിൽ, ദേശീയ ആരോഗ്യ സൂചികയിൽ, അഴിമതിരാഹിത്യത്തിൽ തുടങ്ങിയവയിലെല്ലാം രാജ്യത്ത് ഒന്നാം സ്ഥാനത്തുള്ളത് ഈ കൊച്ചു കേരളമാണ്. ഇത് പറഞ്ഞത് സ്വതന്ത്ര ഏജൻസിയല്ല. സെൻട്രൽ ഗവൺമെന്റിന്റെ അംഗീകൃത ആസൂത്രണ ഏജൻസിയായ നീതി ആയോഗാണ്. അതുകൂടാതെ ഔദ്യോഗിക ഏജൻസികൾ നൽകിയ അംഗീകാരങ്ങളെക്കുറിച്ചും അക്കമിട്ട് അദ്ദേഹം വിശദീകരിച്ചു. 14 ഒന്നാം സ്ഥാനങ്ങളടക്കം നിരവധി പുരസ്കാരങ്ങൾ ലഭിച്ചു. ഇന്ത്യയിൽ ഏതെങ്കിലും ഒരു മുഖ്യമന്ത്രിക്ക് ഈ നിലയിൽ ആധികാരികമായി പറയാൻ കഴിയുമോ; ആ നിലയിൽ കേരളത്തെ അത്യുജ്ജ്വലമായി ഉയർത്താനും വളർത്താനും കഴിഞ്ഞ ഒരു ഗവൺമെന്റും മുൻഗവൺമെന്റിന്റെ തുടർച്ചയായ ഗവൺമെന്റുമാണ് ഈ സംസ്ഥാനമിന്ന് ഭരിക്കുന്നതെന്ന് അഭിമാനത്തോടെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ ഭരണത്തുടർച്ചയുടെ ഗുണഫലങ്ങൾ ഈ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുകയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ നമ്മുടെ പൊതു വിദ്യാഭ്യാസ

മേഖലയെ കഴിഞ്ഞ ഗവൺമെന്റ് പുഷ്ടിപ്പെടുത്തി ഔന്നത്യത്തിലെത്തിച്ചെങ്കിൽ ഇന്നത് രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റി രൂപീകരിക്കുന്ന ഘട്ടത്തിലേയ്ക്ക് ഉന്നതവിദ്യാഭ്യാസ രംഗം പടർന്ന് പന്തലിച്ചിരിക്കുകയാണ്. ആശുപത്രികളുടെ കാര്യങ്ങളിൽ നമ്മുടെ പൊതുആരോഗ്യമേഖല രാജ്യത്തിന് അഭിമാനകരമായി മാറിയിരിക്കുകയാണ്. എഫ്.എച്ച്.സി.-കളും സി.എച്ച്.സി.-കളും പി.എച്ച്.സി.-കളും മെച്ചപ്പെട്ട നിലവാരത്തിലേയ്ക്ക് എത്തപ്പെട്ടു. ഇന്ന് സൂപ്പർ സ്പെഷ്യാലിറ്റി ലെവലിലേയ്ക്ക് നമ്മുടെ ആശുപത്രികൾ മാറിയിരിക്കുകയാണ്. ഈയടുത്തകാലത്തായി കോട്ടയം മെഡിക്കൽ കോളേജിന് ഒരു കേന്ദ്ര അവാർഡ് കിട്ടിയിട്ടുണ്ട്. രാജ്യത്ത് ഏറ്റവുമധികം ആളുകൾക്ക് സൗജന്യ ചികിത്സ നൽകിയതിനാണ് കേന്ദ്ര ഗവൺമെന്റിന്റെ ഒന്നാം സ്ഥാനത്തിനുള്ള അവാർഡ് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിക്ക് ലഭിച്ചത്. ആ നിലയിൽ ഈ ഗവൺമെന്റ് ക്ഷേമവികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ സംസ്ഥാനത്തെ അതിദരിദ്രരെ കണ്ടെത്തി ഒരു ക്ഷേമരാഷ്ട്ര സങ്കൽപ്പത്തിന്റെ ഉദാത്തമായ മാതൃകയിലേയ്ക്ക് മാറുന്നതിന്റെ ആദ്യപടിയായി കാര്യങ്ങൾ ക്രമീകരിക്കുക എന്നതായിരുന്നു ഈ ഗവൺമെന്റിന്റെ ആദ്യത്തെ തീരുമാനം.

കഴിഞ്ഞ 10-ാം തീയതി തിരുവനന്തപുരം ജില്ലയിലെ പൂവച്ചലിൽ ഒരു ഉദ്ഘാടന ചടങ്ങ് നടന്നു, 90 കോടിരൂപ ചെലവിൽ 53 സ്കൂളുകൾ ഒരുമിച്ച് ഹൈടെക്കാക്കി ഉദ്ഘാടനം ചെയ്യുന്നതിന്റെ ചടങ്ങായിരുന്നു അത്. ഒരു തുടർഗവൺമെന്റുണ്ടായതിന്റെ ഏറ്റവും വലിയ നേട്ടമായി ഉയർത്തിക്കാണിക്കാൻ കഴിയുന്ന കാര്യങ്ങളാണ് അതൊക്കെ. ഇങ്ങനെ ഒരുമിച്ചുള്ള ഉദ്ഘാടനങ്ങൾ ഇന്ത്യയിൽ എവിടെയെങ്കിലും നടക്കുന്നുണ്ടോ? അതുപോലെ നൂറ് ദിനപരിപാടി ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. 17,183 കോടി രൂപയുടെ 1557 പദ്ധതി പ്രവർത്തനങ്ങളാണ് ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. എല്ലാ ഗവൺമെന്റ് വകുപ്പുകളും ശ്രദ്ധേയവും മാതൃകാപരവുമായ പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്. സംസ്ഥാനത്ത് എകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് യാഥാർത്ഥ്യമായിരിക്കുന്നു. കേരളത്തിലെ മുഴുവൻ ആളുകൾക്കും കുടിവെള്ളമെത്തിക്കാൻ പര്യാപ്തമായ നിലയിൽ ജൽജീവൻ മിഷന്റെ പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. റവന്യൂ ഡയറക്ടറേറ്റ് രൂപീകരിച്ചിരിക്കുന്നു. ഭൂപ്രശ്നങ്ങൾക്ക് പരിഹാരത്തിനുള്ള ആത്മാർത്ഥമായ ശ്രമങ്ങളും നടപടികളും നടന്നുവരുന്നു. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ഒരു കത്ത് എനിക്ക് ഇന്നലെ കിട്ടിയിരുന്നു. ഭാവിയിൽ

റോഡുകളിൽ കുഴികൾ ഉണ്ടാകാത്ത രീതിയിൽ കോൺസ്റ്റിറ്റ്യൻസി മെയിന്റനൻസ് ടീം രൂപീകരിച്ചുകൊണ്ട് റണ്ണിംഗ് കോൺട്രാക്ട് ആണ് ഏർപ്പെടുത്തിയിരിക്കുന്നത്. വ്യവസായവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ആറ് വർഷത്തിനിടയിലാണ് ഇവിടെ എം.എസ്.എം.ഇ.-കളിൽ 48 ശതമാനവും രൂപീകരിക്കപ്പെട്ടത്. ഈ നിലയിൽ സമസ്തമേഖലകളിലും സമഗ്ര വികസനത്തിന്റെ ഉജ്ജ്വലമായ മാതൃകകളാണ് ഈ സംസ്ഥാനത്ത് സംജാതമായിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര അവഗണനയുടെ വലിയ ദുരിത പർവ്വത്തിന്റെ മുൻപിലാണ് നമ്മൾ നിൽക്കുന്നത്. രാജ്യത്തിന്റെ ഭരണഘടനയുടെ, ഫെഡറൽ തത്വസംഹിതകളുടെ ആകെ അന്ത:സത്തയുടെ കടയ്ക്കൽ കത്തിവച്ചുകൊണ്ട്, എല്ലാ അർത്ഥത്തിലും നമ്മളെ ഞെരുക്കുന്ന ഒരു കേന്ദ്ര ഗവൺമെന്റാണ് ഇന്ന് ഈ രാജ്യം ഭരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ ധനകാര്യ കമ്മീഷന്റെ അവാർഡ് വെട്ടിക്കുറച്ചിരിക്കുന്നു, ഗ്രാന്റ് വെട്ടിക്കുറച്ചിരിക്കുന്നു, വായ്പാ പരിധി കുറച്ചിരിക്കുന്നു, ജി.എസ്.ടി. വിഹിതം കുറച്ചിരിക്കുന്നു. ഈ നിലയിലൊക്കെ പ്രവർത്തിക്കുമ്പോൾ നമ്മൾ ഒരുമിച്ച് നിന്നല്ലേ പൊരുതേണ്ടത്; അതിന് പ്രതിപക്ഷാംഗങ്ങൾ കൂട്ടു നിൽക്കേണ്ടതല്ലേ? ഈ സന്ദർഭത്തിൽ ഞാൻ ഒരു കാര്യം ഓർക്കുകയാണ്, ഇന്ത്യാ ചരിത്രം പരിശോധിക്കുമ്പോൾ 1757-ൽ ബ്രിട്ടീഷുകാർ ഇന്ത്യയിൽ

സമഗ്രാധിപത്യം ഉറപ്പിക്കാൻവേണ്ടി ബംഗാൾ പ്രവിശ്യ കീഴടക്കാൻ തീരുമാനിച്ചു. അതിന് കൂട്ടിനായി അന്നത്തെ ബംഗാൾ നവാബായിരുന്ന സിറാജ്-ഉദ്-ദൗളയുടെ സൈന്യാധിപനായിരുന്ന മിർ ജാഫറിനെ കൂടെക്കൂട്ടി കൈക്കൂലികൊടുത്ത് പ്രലോഭിപ്പിച്ച് അങ്ങനെ ചതിയിലൂടെയാണ് ബ്രിട്ടീഷുകാർ ബംഗാൾ പ്രവിശ്യ കീഴടക്കിയതെന്ന് ഇന്ത്യാ ചരിത്രത്തിൽ കാണാം. ആ രീതിയിൽ കേരള സംസ്ഥാനത്തെ കേന്ദ്രം കീഴടക്കാൻ ശ്രമിക്കുമ്പോൾ അതിന് കൂട്ടുനിൽക്കുന്ന മിർ ജാഫറുടെ റോളാണ് ഇന്ന് യു.ഡി.എഫ്.-ന് ഈ സംസ്ഥാനത്തുള്ളതെന്ന് ചൂണ്ടിക്കാണിക്കുകയാണ്. പക്ഷേ ഇവിടെ ആ പരിപ്പ് വേവില്ല. ഇവിടെ വിവേകമുള്ള, നെഞ്ച് വിരിച്ച് നിന്ന് ഈ നാടിനെ നയിക്കാൻ ആർജ്ജവമുള്ള പിണറായി സർക്കാർ ഭരിക്കുമ്പോൾ യു.ഡി.എഫ്.-ന്റെ ആ ചതിപ്രയോഗം ഇവിടെ നടപ്പിലാകില്ലെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒപ്പം ഒന്നുരണ്ട് കാര്യങ്ങൾ കൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു.

<u>മി. ചെയർമാൻ</u>: അങ്ങേയ്ക്ക് പ്രസംഗിക്കാൻ അനുവദിച്ചിരുന്ന സമയം കഴിഞ്ഞു.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഒരു മിനിറ്റ്, എന്റെ നാടുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾകൂടി ചൂണ്ടിക്കാണിക്കാനുണ്ട്. വലിയൊരു

പ്രളയ ദുരന്തം പൂഞ്ഞാർ അടക്കമുള്ള പ്രദേശങ്ങളിലുണ്ടായി. ആ പ്രളയദുരന്തത്തിൽ ഗവൺമെന്റ് ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകി, മരിച്ചവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകി. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ റോഡുകൾ നന്നാക്കിക്കൊണ്ടിരിക്കുകയാണ്. കൃഷി വകുപ്പ് കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകി, മൃഗസംരക്ഷണ വകുപ്പ് ഉപജീവന മാർഗ്ഗമായ വളർത്തുമൃഗങ്ങൾ നശിച്ചവർക്ക് നഷ്ടപരിഹാരം നൽകി. ഇതൊക്കെ ചെയ്യുമ്പോഴും ഒരു കാര്യംകൂടി അവശേഷിക്കുന്നു; ഗ്രാമീണ റോഡുകളും പാലങ്ങളും പുനരുദ്ധരിക്കുന്നതിനുവേണ്ടി റീ-ബിൽഡ് കേരളയിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ടെന്നുള്ള എന്റെ നാടിന്റെയൊരു ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. അതുപോലെ വന്യമൃഗശല്യമടക്കമുള്ള രൂക്ഷമായ പ്രശ്നങ്ങളുണ്ടാകുന്നു. എന്റെ നിയോജകമണ്ഡലത്തിലെ കോരുത്തോട് പഞ്ചായത്തിൽ കൊമ്പുകുത്തി എന്ന ഗ്രാമത്തിൽ ആളുകൾ പുലിയെപ്പേടിച്ച് ഉറങ്ങാതായിട്ട് ആഴ്ചകളായി. ആ കാര്യം രാവിലെ ശ്രദ്ധക്ഷണിക്കലായി വരികയും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി മറുപടിയും പറഞ്ഞിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ശ്രദ്ധയുണ്ടാകണമെന്ന്

അഭ്യർത്ഥിക്കുകയാണ്. ഒരു കാര്യംകൂടി സൂചിപ്പിച്ച് ഞാൻ അവസാനിപ്പിക്കുകയാണ്, നമ്മുടെ ചരിത്രത്തിൽ പലയിടത്തും 'കാർഷിക വിപ്ലവങ്ങളെ' കുറിച്ചും 'വ്യാവസായിക വിപ്ലവങ്ങളെ' കുറിച്ചും പറയാറുണ്ട്. അതുപോലെ കേരളത്തിൽ 'വികസന വിപ്ലവം' നടന്ന കാലഘട്ടമെന്ന് ചരിത്രത്തിൽ തങ്കലിപികളിൽ പിണറായി സർക്കാരിനെ രേഖപ്പെടുത്തുമെന്നും അതിന് കാഹളമൂതുന്നതാണ് ഈ നയപ്രഖ്യാപന പ്രസംഗമെന്നും സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണറും ഗവൺമെന്റും കൊച്ചുകുട്ടികൾ കള്ളനും പോലീസും കളിക്കുന്നതുപോലെ ഗൗരവമുള്ള ഭരണഘടനാപരമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കേണ്ട സാഹചര്യങ്ങളെ മുഴുവൻ വിസ്മരിച്ചുകൊണ്ട്, അല്ലെങ്കിൽ അതിനെയെല്ലാം അപമാനിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ഒരിക്കലും കണ്ടിട്ടില്ലാത്തവിധത്തിലുള്ള നടപടികളുമായിട്ടാണ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ഇവിടെ നയപ്രഖ്യാപന പ്രസംഗം നടന്നുകൊണ്ടിരിക്കുമ്പോൾ ഭരണമുന്നണിക്കുപോലും ഒരു

വിരസതയുണ്ടാകുന്ന വിധത്തിലേയ്ക്ക് അത് മാറിപ്പോയത് എന്തുകൊണ്ടാണ്? ഇവിടെ പ്രതിപക്ഷം വാക്കൗട്ട് ചെയ്യാൻ തീരുമാനിച്ചു. എന്നാൽ ഭരണമുന്നണി നിർവികാരമായിരിക്കുന്ന കാഴ്ചയാണ് അന്നവിടെ കണ്ടത്. നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗതിക്കുവേണ്ടി നടപ്പിലാക്കുന്ന നിരവധി കാര്യങ്ങളെകുറിച്ച് നയപ്രഖ്യാപനത്തിൽ പറഞ്ഞു. അത് കഴിഞ്ഞ പ്രാവശ്യമെല്ലാം വായിച്ചതിന്റെ ആവർത്തനമെന്നതിനപ്പുറത്തേയ്ക്ക് ഈ നയപ്രഖ്യാപനത്തിൽ പുതിയതായി വന്നത് സിൽവർ ലൈനാണ്. സിൽവർ ലൈൻ ഏറ്റവും വലിയ അപകടകാരിയായി ഇപ്പോൾ എല്ലാ വിദഗ്ദ്ധരും ചൂണ്ടിക്കാണിക്കുന്ന പശ്ചാത്തലത്തിലാണ് യു.ഡി.എഫ്. ഈ വിഷയത്തെക്കുറിച്ച് പഠിക്കാൻ തീരുമാനിച്ചത്. ഇവിടെ ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനുമൊക്കെ പറഞ്ഞതുപോലെ യു.ഡി.എഫ്. ഇതിനെ അന്ധമായി എതിർക്കുകയല്ലെന്ന് ആവർത്തിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ പദ്ധതി അംഗീകരിക്കാൻ കഴിയുകയില്ലെന്ന് പറയുന്നതിന്റെ കാരണം ജനങ്ങൾക്ക് ഇത് ഗുണകരമല്ല എന്നതുകൊണ്ടാണ്. കേരളത്തിൽ നല്ല പദ്ധതികൾ കൊണ്ടുവരാൻ ശ്രമിച്ച യു.ഡി.എഫ്., നല്ല പദ്ധതികളെ അനുകൂലിക്കുന്ന നിലപാടാണ് എപ്പോഴും സ്വീകരിക്കാറുള്ളത്.

ഇന്നലെ ചർച്ച ചെയ്തപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കെ-റെയിൽ പദ്ധതി യു.ഡി.എഫ്. കൊണ്ടുവന്നതാണെന്ന രീതിയിൽ സൂചിപ്പിക്കുകയുണ്ടായി. അത് വസ്തുതാപരമല്ലെന്ന് ചൂണ്ടിക്കാണിക്കാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. ശ്രീ. വി. എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്താണ് കെ-റെയിൽ പദ്ധതിക്ക് പകരം ഒരു ഹൈസ്പീഡ് റെയിൽ കോറിഡോർ എന്ന ആശയം അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചത്. അതിനുശേഷം അധികാരത്തിൽവന്ന ശ്രീ. ഉമ്മൻചാണ്ടി നേതൃത്വം നൽകിയ ഗവൺമെന്റിൽ ഇതുസംബന്ധിച്ച കാര്യങ്ങളുടെ ചുമതലയുണ്ടായിരുന്നത് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കായിരുന്നു. ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ തുടർനടപടിയെന്ന നിലയിൽ റെയിൽ കോറിഡോറിന്റെ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാനുള്ള നടപടി സ്വീകരിച്ചപ്പോഴാണ് അതിശക്തമായ എതിർപ്പ് കേരളത്തിലുണ്ടായത്. ഹൈസ്പീഡ് റെയിൽ കേരളത്തിന് ഉപദ്രവമായതിനാൽ ഉപേക്ഷിക്കണമെന്ന് ഞങ്ങളെല്ലാവരും ചൂണ്ടിക്കാണിക്കുകയും ബഹുമാന്യനായ പി. ജെ. ജോസഫ് അടക്കം ബദൽ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തു. കേന്ദ്രഗവൺമെന്റും ഇന്ത്യൻ റെയിൽവേയും നടപ്പിലാക്കാനുദ്ദേശിക്കുന്ന ഹൈസ്പീഡ് റെയിൽവേ

കോറിഡോർ എന്ന പദ്ധതി സംസ്ഥാനത്തെ നിലവിലുള്ള റെയിൽവേ ലൈനുമായി ബന്ധപ്പെടുത്തി കൊണ്ടുപോകാൻ കഴിയുമെന്നതിനാൽ അക്കാര്യങ്ങളെക്കുറിച്ച് നമുക്ക് പരിശോധിക്കാൻ സാധിക്കുമായിരുന്നു. അതുസംബന്ധിച്ച് വിശദമായ ചർച്ചകൾക്ക് അന്നത്തെ ഗവൺമെന്റ് തയ്യാറാകുകയും മുഴുവൻ എം.എൽ.എ.-മാരോടും ആശയവിനിമയം നടത്തുകയുംചെയ്തു. അവസാനം പ്രസ്തുത പദ്ധതി ജനങ്ങൾക്ക് ആവശ്യമില്ലെന്ന് മനസ്സിലാക്കി, ജനവികാരത്തെ മാനിച്ചുകൊണ്ട് ഉപേക്ഷിക്കാൻ തയ്യാറായി. ലഭ്യമായ ബദൽ നിർദ്ദേശങ്ങൾ അന്നത്തെ സർക്കാർ പരിശോധിച്ചു. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ പുതിയ ഒരു റെയിൽവേ ലൈൻ ഉണ്ടാക്കുകയെന്ന ഉദ്ദേശ്യത്തോടെയുള്ള കെ-റെയിൽ (സിൽവർ ലൈൻ) പദ്ധതി തീർത്തും അശാസ്ത്രീയമാണ്. ഇതുസംബന്ധിച്ച് ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിനോട് ഞാൻ ചോദ്യം ഉന്നയിച്ചിരുന്നു. റെയിൽവേ രംഗത്ത് ആധികാരികമായി പറയാൻ കഴിയുന്ന അതോറിറ്റിയായി നമ്മളെല്ലാവരും കാണുന്നത് മെട്രോമാൻ ശ്രീ. ഇ. ശ്രീധരനെയാണ്. അദ്ദേഹമുൾപ്പെടെയുള്ള വിദഗ്ദ്ധരുടെയെല്ലാം അഭിപ്രായം കേരളത്തിൽ ഇത് അപ്രായോഗികവും അശാസ്ത്രീയവുമാണെന്നാണ്.

അതുകൊണ്ടുതന്നെ സിൽവർ ലൈൻ പദ്ധതി ഉപേക്ഷിക്കണം. കാസർഗോഡ് മുതൽ തിരുവനന്തപുരംവരെ ജനങ്ങൾ വഴിയിലാണ്, ജീവിതം വഴിയാധാരമാകുന്നതിനെക്കുറിച്ച് ആശങ്കപ്പെട്ട് വലിയ പ്രതിഷേധവുമായി രംഗത്തുവന്നിരിക്കുകയാണ്. അതുകൊണ്ടുതന്നെ സിൽവർ ലൈൻ പദ്ധതിയെക്കുറിച്ച് ഒരു തുറന്ന ചർച്ചയ്ക്ക് തയ്യാറാകണമെന്ന ആവശ്യമാണ് യു.ഡി.എഫ്. ഉന്നയിക്കുന്നത്. നിയമസഭയിലെ ലോഞ്ചിൽവച്ച് വൈകുന്നേരം അഞ്ചുമണിയാകുമ്പോൾ അര മണിക്കൂർ നേരത്തേയ്ക്ക് ഒരു സ്ലൈഡ് കാണിച്ചുതന്നുകൊണ്ട് ഇതാണ് സിൽവർ ലൈൻ എന്നുപറഞ്ഞാൽ കാര്യം നടക്കില്ല; അത് അംഗീകരിക്കാൻ സാധ്യവുമല്ല. അതുകൊണ്ട് ഇതുസംബന്ധിച്ച് ഒരു തുറന്ന ചർച്ചയ്ക്ക് തയ്യാറാകണം. “ സിൽവർ ലൈൻ -അശാസ്ത്രീയം, അപ്രായോഗികം ” - എന്ന പേരിൽ യു.ഡി.എഫ്. ഒരു രേഖ പുറത്തിറക്കിയിട്ടുണ്ട്. ഡോ. എം. കെ. മുനീർ ചെയർമാനായ കമ്മിറ്റിയിൽ ഞങ്ങളെല്ലാവരും അംഗങ്ങളായിരുന്നു. എല്ലാ ജില്ലകളും സന്ദർശിച്ച് വിശദമായി തെളിവെടുപ്പ് നടത്തുകയും പഠനം നടത്തുകയും ചെയ്തശേഷം ഞങ്ങൾ സമർപ്പിച്ച ബദൽ നിർദ്ദേശത്തിൽ ഗവൺമെന്റിനോട് പറയുന്നത്, കേരളത്തിന് അനുയോജ്യമായതും സാധ്യമായതുമായ സാഹചര്യങ്ങൾ എന്താണെന്ന്

പരിശോധിക്കുന്നതിനുവേണ്ടിയുള്ള നിലപാട് സ്വീകരിക്കണമെന്നാണ്. യു.ഡി.എഫ്. സമർപ്പിച്ച നിർദ്ദേശങ്ങൾ ഗവൺമെന്റ് പരിശോധിക്കണ്ടേ; ഒന്ന് തുറന്നുനോക്കുകയെങ്കിലും ചെയ്യണ്ടേ? നിലവിലുള്ള റെയിൽവേ ലൈനുകൾ ശക്തിപ്പെടുത്തുക, ആട്ടോമാറ്റിക് സിഗ്നൽ സിസ്റ്റം ആവിഷ്കരിക്കുക, നിലവിലെ റെയിൽപ്പാതയിലുള്ള വളവുകൾ നിവർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക തുടങ്ങിയവ ചെയ്തുകൊണ്ടോ അതുമല്ലെങ്കിൽ ഇപ്പോഴുള്ളതിന് സമാന്തരമായി അനുയോജ്യമായ ഒരു പുതിയ റെയിൽവേ ലൈൻ നിർമ്മിച്ചുകൊണ്ടോ പുതിയ പദ്ധതി കൊണ്ടുവരാമെന്ന് ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടി ഇവിടെ ചൂണ്ടിക്കാണിച്ചിരുന്നു. രാവിലെ ചോദിച്ച വിഷയം ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്, കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്ന പുതിയ സ്കീമുകളിൽ കേരളത്തെ ഉൾപ്പെടുത്താൻ സന്നദ്ധമാണെന്ന് നമ്മെ അറിയിച്ചിട്ടുണ്ടല്ലോ? വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സംസ്ഥാനത്തിന് ലൈഫ് പദ്ധതിയിലുൾപ്പെട്ട വീടുകൾ പൂർത്തീകരിക്കാൻ കഴിയുന്നില്ല. അതുപോലെത്തന്നെ പാവപ്പെട്ടവന് വീടുകൾ നിർമ്മിച്ചുനൽകാൻ വിഷമിക്കുകയും തകർന്നുതരിപ്പണമായ റോഡുകൾ നന്നാക്കുന്നതിനായി പണം

കണ്ടെത്താൻ വളരെ വിഷമിക്കുകയും ചെയ്യുന്നു. അത്തരത്തിൽ ഇവിടെ എല്ലാ രംഗത്തും കടുത്ത പ്രതിസന്ധി നേരിടുകയാണ്. കൃഷിക്കാർ മുഴുവൻ കടംകൊണ്ട് ശ്വാസംമുട്ടുന്നു, വ്യാപാരികൾ മുഴുവൻ പ്രതിസന്ധിയിലാണ്. ഇത്തരത്തിൽ കോവിഡിനെത്തുടർന്നുവന്ന നിരവധി പ്രതിസന്ധികളുണ്ട്. പ്രതിസന്ധികളുടെയും കടുത്ത കടബാദ്ധ്യതകളുടെയും സാമ്പത്തിക ബാദ്ധ്യതകളുടെയും നടുവിലൂടെ കേരളം കടന്നുപോകുന്ന ഈ ഘട്ടത്തിൽ കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ റെയിൽവേ വികസനം നടപ്പാക്കാൻ കഴിയുന്ന സാഹചര്യം മുന്നിലുള്ളപ്പോൾ, ജനങ്ങളെ മുഴുവൻ ദ്രോഹിച്ചുകൊണ്ട് അപ്രായോഗികമായ ഈ പദ്ധതിയുമായി മുന്നോട്ടുപോകുന്നത് എന്തിനാണെന്ന ചോദ്യമാണ് യു.ഡി.എഫ്. മുന്നോട്ടുവയ്ക്കുന്നത്. അക്കാര്യം ഗവൺമെന്റ് പരിഗണിച്ചുകൊണ്ട് ചർച്ച ചെയ്യുന്നതിനുള്ള അവസരമുണ്ടാക്കണം. കാർഷികമേഖല വലിയ തകർച്ചയെ നേരിടുന്ന ഘട്ടമാണ്. ഗവൺമെന്റിന്റെ നിലപാടുകളാണ് നയപ്രഖ്യാപനത്തിൽ പറയുന്നത്. കൃഷിയുമായി ബന്ധപ്പെട്ട് കുറച്ച് പുതിയ പദ്ധതികൾ കൊണ്ടുവരുമെന്ന് അതിൽ പറഞ്ഞിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ ഇന്ന് രക്ഷയില്ലാതെ നിൽക്കുന്ന കർഷകർക്കുവേണ്ടി ഒരു ആശ്വാസപദ്ധതി പ്രഖ്യാപിക്കുകയല്ലേ ചെയ്യേണ്ടത്? തമിഴ്നാട്ടിൽ ശ്രീ.

എം. കെ. സ്റ്റാലിന്റെ ഗവൺമെന്റ് 5000 രൂപവച്ച് എല്ലാ വീടുകളിലും ധനസഹായമെത്തിക്കുന്ന ആശ്വാസനടപടി കൈക്കൊണ്ടു. കേരളത്തിൽ അത്തരത്തിലുള്ള കാര്യങ്ങൾക്ക് ഗവൺമെന്റ് പരിഗണന കൊടുക്കുന്നില്ല. ഈ സാമ്പത്തിക വർഷം റീ-ബിൽഡ് കേരളയിൽ ലഭ്യമായ തുകയുടെ 13.77 ശതമാനം മാത്രമാണ് ചെലവഴിച്ചതെന്നാണ് കണക്കുകൾ പറയുന്നത്. ഗവൺമെന്റിന് അവാർഡുകളൊക്കെ കിട്ടിയെന്ന് പറയുമ്പോഴും ലഭിച്ച തുകപോലും ചെലവഴിക്കാൻ കഴിയാത്ത വിധത്തിലുള്ള സാഹചര്യമുണ്ടാക്കിയിരിക്കുകയാണ്. കൃഷിക്കാരുൾപ്പെടെയുള്ള ജനവിഭാഗങ്ങൾ അനുഭവിക്കുന്ന പ്രയാസം കണക്കിലെടുത്ത് ഒരു ആശ്വാസപദ്ധതി പ്രത്യേകമായി പ്രഖ്യാപിക്കാനും വിഷമതകൾ അനുഭവിക്കുന്ന ജനവിഭാഗങ്ങളെ ഈ കാലഘട്ടത്തിൽ സഹായിക്കുന്നതിനും ഗവൺമെന്റ് മുന്നോട്ടുവരണമെന്നാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. ഈ കാര്യങ്ങളിലൊന്നും ആവശ്യമായ നടപടികളെടുക്കാതെ ബഹുമാനപ്പെട്ട ഗവർണറെക്കൊണ്ട് ജലരേഖയാകുന്ന കുറേ പ്രഖ്യാപനങ്ങൾ പ്രഖ്യാപിച്ചിരിക്കുകയാണ്. ബഹുമാന്യനായ ഗവർണറും ഗവൺമെന്റും തമ്മിൽ കുറെ നാടകങ്ങൾ കളിക്കുകയും ഈ കാലഘട്ടത്തിന് അപമാനകരമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്തതിന്റെ

പശ്ചാത്തലത്തിൽ ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ബഹുമാനപ്പെട്ട ടി. പി. രാമകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ ഏറെ അഭിമാനത്തോടെ അനുകൂലിക്കുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിലെ ഒന്നാമത്തെ ചോദ്യത്തിന് നൽകിയ മറുപടിയിൽ ലോകത്തെമ്പാടുമുള്ള മലയാളികൾക്ക് അഭിമാനിക്കാനുള്ള എല്ലാമുണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ഇ. ടി. ടൈസൺ മാസ്റ്റർ അക്കാര്യം സൂചിപ്പിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഉത്തർപ്രദേശിലെ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ അവിടത്തെ മുഖ്യമന്ത്രി യോഗി ആദിത്യനാഥ്പോലും കേരളത്തിലെ ഭരണത്തെപ്പറ്റിയാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ കേരളത്തിന്റെ പ്രശസ്തി ലോകത്താകെ ചർച്ച ചെയ്യാൻ ഇടയാക്കിയെന്നതും എടുത്തുപറയേണ്ട ഒരു കാര്യമാണ്. ബഹുമാനപ്പെട്ട ഗവർണർ നടത്തിയ ഈ സർക്കാരിന്റെ നയപ്രഖ്യാപനം, കഴിഞ്ഞകാലത്തെ നേട്ടങ്ങളുടെയും ഭാവി പരിപാടികളുടെയും ഒരു സംക്ഷിപ്ത രൂപമാണ്. ഒന്നുരണ്ട് കാര്യങ്ങൾ ജനങ്ങളെ ആകർഷിച്ചത് മാത്രം എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിൽ നടപ്പാക്കിയിട്ടുള്ള Defect

Liability Period സംബന്ധിച്ച നടപടികൾ ജനങ്ങളിൽ വലിയ മതിപ്പുണ്ടാക്കിയിട്ടുണ്ട്. കോടികൾ ചെലവഴിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കും റോഡുകൾക്കും എത്രമാത്രം പണം ചെലവായിരിക്കുന്നു, നിർമ്മാണം ഏറ്റെടുത്തത് ആരാണ്, റോഡിന്റെ Liability Period എത്ര വർഷത്തേയ്ക്കാണ് തുടങ്ങിയ കാര്യങ്ങൾ കരാറുകാരന്റെയും എഞ്ചിനീയറുടെയും ഫോൺ നമ്പരുകളുൾപ്പെടെ എഴുതി പ്രദർശിപ്പിക്കുന്നത് മാതൃകാപരമായ കാര്യംതന്നെയാണ്. കാലാകാലങ്ങളിലായി നടന്നുകൊണ്ടിരിക്കുന്ന രീതിയിൽ വർഷാവർഷം റോഡുകൾ പുനരുദ്ധരിക്കുക എന്നതിനുപകരം BM &BC (Bituminous Macadam & Bituminous Concrete) നിലവാരത്തിലുള്ള റോഡുകൾ നിർമ്മിക്കുക എന്നുള്ളതും ജനങ്ങളിൽ ഏറെ മതിപ്പ് സൃഷ്ടിച്ചിട്ടുണ്ട്. അനാഥമായി കിടന്നിരുന്ന പൊതുമരാമത്ത് റെസ്റ്റ്ഹൗസുകൾ മോടി കൂട്ടാനും ജനങ്ങൾക്ക് ഉപകാരപ്രദമാക്കാനുമുള്ള തീരുമാനം എടുത്തുപറയേണ്ടതാണ്. ചില സ്വാർത്ഥതാത്പര്യക്കാരുടെ ലാവണങ്ങളായിരുന്ന സർക്കാർ റെസ്റ്റ്ഹൗസുകളിൽ ഇപ്പോൾ ഓൺലൈനായി റൂമുകൾ ബുക്ക് ചെയ്യാൻ സാധിക്കും. ഈ പദ്ധതി നടപ്പാക്കിയതുകൊണ്ട് ഇതിനകംതന്നെ ഒരു കോടിയിലധികം രൂപയുടെ വരുമാനമാണ് ഉണ്ടായിരിക്കുന്നതെന്നത് വലിയ

നേട്ടംതന്നെയാണ്. മറ്റൊരു കാര്യം സർക്കാർ കെട്ടിടങ്ങളുടെ സൗന്ദര്യവത്കരണം സംബന്ധിച്ചാണ്. നമ്മുടെ സ്കൂളുകൾ, അങ്കണവാടികൾ തുടങ്ങി എല്ലാ കെട്ടിടങ്ങളും കാലാകാലങ്ങളായി ഒറ്റ ആകൃതിയിലാണ് ഉണ്ടാക്കുന്നത്. കുന്ദമംഗലത്ത് ഒരു പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നത്. കേരളത്തിലെ മികച്ച മൂന്ന് പോലീസ് സ്റ്റേഷനുകളിൽ ഒന്നാണത്. ആ കെട്ടിടം രൂപകൽപ്പന ചെയ്തത് എൻ.ഐ.ടി. (National Institute of Technology, Kozhikode)-ആണ്. ഇതുപോലെ നമ്മുടെ സർക്കാർ കെട്ടിടങ്ങളെല്ലാം ആകർഷകവും ആധുനിക കാലഘട്ടത്തിന് അനുസൃതവുമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നുവെന്നുള്ളത് ഏറെ സന്തോഷകരമായ കാര്യമാണ്. Constituency monitoring team സംവിധാനം പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിയതുകൊണ്ട് എം.എൽ.എ.-മാരെ സംബന്ധിച്ചിടത്തോളം ഓരോ വിഷയങ്ങളും പഠിക്കാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനും സാധിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ ഓരോ നിയോജകമണ്ഡലത്തിനും ഓരോ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നതും ഏറെ സന്തോഷകരമായ കാര്യമാണ്. അടുത്തതായി പറയാനുള്ളത്, റവന്യൂ വകുപ്പിൽ നടപ്പാക്കിയ പരിഷ്കാരങ്ങളെക്കുറിച്ചാണ്. ജനങ്ങളുമായി ഏറ്റവും അടുത്തുനിൽക്കുന്ന

സർക്കാർ സംവിധാനമായ വില്ലേജ് ഓഫീസുകളുടെ രൂപത്തിലും ഭാവത്തിലും വലിയ മാറ്റങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. തിരുവനന്തപുരത്ത് ഐ.എൽ.ഡി.എം. (Institute of Land & Disaster Management)-ൽവച്ച് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി എല്ലാ എം.എൽ.എ.-മാരെയും റവന്യൂ ഉദ്യോഗസ്ഥരെയും ജില്ലാടിസ്ഥാനത്തിൽ വിളിച്ച് ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. ബന്ധപ്പെട്ട ജില്ലാ കളക്ടർമാരും വകുപ്പുസെക്രട്ടറിമാരും പങ്കെടുത്ത ആ ശിൽപ്പശാല വലിയ രീതിയിൽ പ്രയോജനപ്പെട്ടിട്ടുണ്ട്. വില്ലേജ്തലത്തിലും താലൂക്ക്തലത്തിലുംകൂടി ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്താൻ സർക്കാർ ശ്രമിക്കുമെന്നാണ് ഇപ്പോൾ പറഞ്ഞിരിക്കുന്നത്. ഭൂമിതരംമാറ്റവുമായി ബന്ധപ്പെട്ട കാലതാമസവും അഴിമതിയും ഒഴിവാക്കാനായി ആയിരം ഉദ്യോഗസ്ഥരെക്കൂടി പുനർവിന്യസിക്കുമെന്ന ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ പ്രഖ്യാപനമാണ് എടുത്തുപറയേണ്ട മറ്റൊരുകാര്യം. ഡിജിറ്റൽ സർവ്വേകൂടി പൂർത്തിയാകുന്നതോടെ മറ്റൊരു ഭൂപരിഷ്കരണ പ്രക്രിയകൂടി നടപ്പാക്കുകയാണ്. ഇവിടെ ഇന്നലെയും ഇന്നുമായി ഉയർന്നുവന്ന ചിലകാര്യങ്ങളുണ്ട്, അത് വഖഫ് ബോർഡുമായി ബന്ധപ്പെട്ടതാണ്. ബഹുമാനപ്പെട്ട നിലമ്പൂർ എം.എൽ.എ. സംസാരിച്ചപ്പോഴും ചില അംഗങ്ങൾ

ഇടപെട്ടുകൊണ്ട് ഇക്കാര്യം സൂചിപ്പിക്കുകയുണ്ടായി. ഇത് വർഗ്ഗീയമായ ചേരിതിരിവിനുവേണ്ടി ഉപയോഗിക്കുകയാണ്. ഈ നിയമത്തിൽ എന്താണ് പറയുന്നത്? " It shall be the duty of the Public Service Commission to prepare select list of candidates belonging to Muslim Religion for appointment by the direct recruitment of all officers and the employees in the Administrative Services of the Waqf Board" . വഖഫ് ബോർഡിൽ ഏകദേശം നൂറ് ജീവനക്കാരുണ്ട്, വർഷത്തിൽ മൂന്നോ നാലോ ആളുകൾ പിരിഞ്ഞുപോകുമ്പോൾ അതിനുപകരമായി പി.എസ്.സി. വഴി മുസ്ലീം വിഭാഗത്തിന്റെ ലിസ്റ്റിൽനിന്നും ആളുകളെ നിയമിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. യഥാർത്ഥത്തിൽ ശരിയായ രീതിയിലുള്ള കാര്യമാണത്. സബ്ജക്ട് കമ്മിറ്റിയിൽ മുസ്ലീംലീഗിന്റെ പ്രതിനിധി ഉന്നയിച്ചിരിക്കുന്ന വിഷയം പ്രസക്തമാണെന്ന് വേണമെങ്കിൽ പറയാം. അതുസംബന്ധിച്ച പ്രസക്ത ഭാഗം ഞാൻ വായിക്കുകയാണ്. ' ഒന്ന്, കഴിഞ്ഞ 30 വർഷക്കാലമായി നാമമാത്രമായവരൊഴികെ താല്ക്കാലിക ജീവനക്കാരെ വച്ചാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്. അവരെ ഒരുമിച്ച് പിരിച്ചുവിടാനുള്ള സാഹചര്യമുണ്ടാക്കുന്നത് ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നതാണ്. രണ്ട്, വഖഫ്

ബോർഡ് നിയമനങ്ങളിൽ പബ്ലിക് സർവ്വീസ് കമ്മിഷൻ നിയമനങ്ങൾ നടത്തുമ്പോൾ, നിലവിൽ ബോർഡിൽ വർഷങ്ങളായി ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തിയതിനുശേഷം പിന്നീട് വരുന്ന നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നരീതിയിൽ വ്യവസ്ഥ ചെയ്യുന്നതായിരിക്കും ഉചിതം; പി. ഉബൈദുള്ള (ഒപ്പ്).' ഇതാണ് യഥാർത്ഥത്തിൽ ഇവർ പറഞ്ഞിരിക്കുന്നത്. എന്നാലിത് നടപ്പാക്കിയാൽ വഖഫ് സ്വത്തുക്കളൊക്കെ സർക്കാർ കൊണ്ടുപോകുമെന്നാണ് ഇപ്പോൾ പറയുന്നത്. ഈ നിയമം ഇവിടെ പലതവണ ഓർഡിനൻസായി വന്നതാണ്. സഭയിൽ വന്നപ്പോഴുണ്ടായിട്ടുള്ള വിഷയമാണ് ഞാനിവിടെ സൂചിപ്പിച്ചത്. ഇക്കാര്യങ്ങളെല്ലാം ഉന്നയിച്ച് പുറത്ത് വലിയ രീതിയിലുള്ള പ്രചാരണങ്ങൾ നടത്തുകയാണ്. വഖഫ് സ്വത്തുക്കളൊക്കെ സർക്കാർ കൈവശപ്പെടുത്താനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നതെന്നാണ് അവർ പറയുന്നത്. വഖഫ് ബോർഡിലെ മൂന്ന് ജീവനക്കാരെ നിശ്ചയിക്കുന്നതും വഖഫ് സ്വത്തുക്കളും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നതാണ് കാര്യം. ഇതുതന്നെയാണ് ബി.ജെ.പി. പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ക്ഷേത്രങ്ങളിലെ ഭണ്ഡാരങ്ങളിൽനിന്ന് ലഭിക്കുന്ന കാണിക്കയെല്ലാം സർക്കാർ എടുക്കുന്നുവെന്നാണ്. രണ്ടാളുടേയും ശബ്ദം ഒരുപോലെ

നില്ക്കുന്നില്ലേ?. ബി.ജെ.പി.-യുടെയും ഇവരുടേയും ശബ്ദം ഒരുപോലെ നിൽക്കുകയാണ്. പഴയപോലുള്ള ഉഡായിപ്പുകളൊന്നും ഇന്ന് ചെലവാകുന്നില്ലെന്ന് നിങ്ങൾക്ക് മനസ്സിലായപ്പോഴാണ് ബഹുമാനപ്പെട്ട ജിഫ്രി മുത്തുക്കോയ തങ്ങൾക്ക് വധഭീഷണിപോലും ഉണ്ടായിരിക്കുന്നത്. ബഹുമാനപ്പെട്ട പണ്ഡിതന്മാരൊക്കെ പഴയതുപോലൊന്നുമല്ല. ബഹുമാനപ്പെട്ട എ. പി. അബൂബക്കർ മുസലിയാർ ഇപ്പോൾ നോളജ് സിറ്റിയിൽ ലാ കോളേജ് നടത്തുന്നുണ്ട്. ചെമ്മാട് ദാറുൽ ഹുദയിൽ പഠിച്ചുവരുന്ന കുട്ടികളൊക്കെ അഭ്യസ്തവിദ്യരാണ്, അവർ നിയമം പഠിക്കുന്നവരാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ നിങ്ങളുടെ ഉഡായിപ്പുകളൊന്നും ഇനി വിലപ്പോകില്ലെന്നാണെനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബിന്റെ വീടിനടുത്ത് ദാറുൽ ഹുദ നടത്തുന്ന ഒരു സ്ഥാപനമാണ് 'ഹിദായ'. നിങ്ങളുടെ ഒരു ഉഡായിപ്പും ഇനി സമൂഹത്തിൽ നടക്കാൻ പോകുന്നില്ലെന്ന് ഇടയ്ക്ക് അവിടെയൊന്ന് വീക്ഷിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. ബഹുമാനപ്പെട്ട പണ്ഡിതന്മാരെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയതുകൊണ്ടൊന്നും ഒരു കാര്യവുമില്ലെന്നാണെനിക്ക് സൂചിപ്പിക്കാനുള്ളത്. കർണ്ണാടകയിലെ ഹിജാബ് വിവാദത്തെത്തുടർന്ന് മാനന്തവാടി കത്തിക്കാൻ നോക്കിയത് പരാജയപ്പെട്ടല്ലോ? കാരണം, ഇത്

കേരളമാണ്. ഇത് ബഹുമാനപ്പെട്ട നിയമസഭാംഗം ശ്രീ. ഒ. ആർ. കേളുവിനോട് ഞാൻ ചോദിച്ചു. ഇങ്ങനെ എല്ലാ കാര്യങ്ങളിലും നിങ്ങളിതുപോലെയുള്ള വർഗ്ഗീയ വിദ്വേഷ പ്രചാരണങ്ങൾ നടത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ബാക്കി ഒരു കാര്യവും നടക്കുന്നില്ല. എല്ലാ കാര്യങ്ങളും ജനങ്ങൾ തള്ളിക്കൊണ്ടിരിക്കുകയാണ്. സി. എച്ച്. മുഹമ്മദ്കോയ സാഹിബിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കോഴിക്കോട് പട്ടാള പള്ളിയിൽ ഒരു പോലീസ് ആക്ഷനുണ്ടായി. പുറത്ത് സമരമുണ്ടായപ്പോൾ എല്ലാവരുംകൂടി പള്ളിയിൽ ഓടിക്കയറി. പോലീസ് പള്ളിയിൽ കയറി അടിച്ചു. പള്ളിയിൽ പോലീസ് കയറിയത് വലിയ പ്രക്ഷോഭമായി. അന്ന് സി. എച്ച്. മുഹമ്മദ്കോയ സാഹിബ് പറഞ്ഞത് അടിച്ചത് ശരിയാണ്; പക്ഷേ കിഴക്കോട്ട് തിരിഞ്ഞുനിന്ന് നിസ്കരിച്ചവരെയും ചെരിപ്പിട്ട് നിസ്കരിച്ചവരെയുമാണ് അടിച്ചത്. അങ്ങനെ പറയാൻ ആർജ്ജവം കാണിക്കാത്തിടത്തോളംകാലം നിങ്ങൾ ഇതുപോലെ പറഞ്ഞുകൊണ്ടേയിരിക്കും. സി. എച്ച്. മുഹമ്മദ്കോയ സാഹിബ് പോലീസ് മന്ത്രിയായിരുന്ന കാലത്ത് ഒരു പോലീസുകാരൻ പറഞ്ഞത് 'താടി വയ്ക്കൽ എനിക്ക് മതത്തിൽ നിർബന്ധമാണ്, അതുകൊണ്ട് ഞാൻ വയ്ക്കുകയാണ് എന്നാണ്. അപ്പോൾ സി. എച്ച് മുഹമ്മദ് കോയ സാഹിബ് പറഞ്ഞത്

'പോലീസ് മന്ത്രിയായ ഞാൻ താടി വച്ചിട്ടില്ല; അതുകൊണ്ട് നീയും വയ്ക്കണ്ട' എന്നാണ്. ശരിക്കും അതാണുകാര്യം. അങ്ങനെ പറയാനുള്ള ആർജ്ജവം കാണിക്കാത്തിടത്തോളംകാലം നിങ്ങളിങ്ങനെ എപ്പോഴും വർഗ്ഗീയ വിദ്വേഷം ഓരോ വിഷയത്തിലും പ്രചരിപ്പിച്ചുകൊണ്ടേയിരിക്കും. പക്ഷേ സമൂഹം ഇത് ഏറ്റെടുക്കില്ല എന്നതാണ് വിഷയം. ബഹുമാനപ്പെട്ട ജിഫ്രി മുത്തുക്കോയ തങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട ശ്രീ. എ. സി. മൊയ്തീൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം പൗരത്വവിഷയവുമായി ബന്ധപ്പെട്ട് കോഴിക്കോട് കടപ്പുറത്ത് നടത്തിയ ഒരു പ്രസംഗം ഇപ്പോഴും എനിക്കോർമ്മയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗിച്ചുകഴിഞ്ഞതിനുശേഷം അദ്ദേഹം പ്രസംഗിച്ചത്, 'അങ്ങാണ് നേതാവ്, അങ്ങാണ് ഭരണാധികാരി' എന്നാണ്. കാരണം, ഒരു സന്ദിഗ്ദ്ധഘട്ടത്തിൽ ഞങ്ങളെ ചേർത്തുപിടിച്ച് നിങ്ങൾ ഭയപ്പെടേണ്ട എന്ന് പറഞ്ഞുകൊണ്ട് ആശ്വസിപ്പിക്കാൻ കാണിച്ച തന്റേടം. അതാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഈ സർക്കാർ വീണ്ടും അധികാരത്തിൽ വന്നതെന്ന് നിങ്ങൾ മനസ്സിലാക്കിയാൽ മതി. അതുകൊണ്ട് നിങ്ങളുടെ നയത്തിൽ വലിയ രീതിയിലുള്ള മാറ്റങ്ങൾ ഉണ്ടാക്കുകയെന്നത് വളരെ പ്രധാനപ്പെട്ട വിഷയമാണ്.

ഇവിടെ ലോകായുക്തയെ സംബന്ധിച്ച് സൂചിപ്പിച്ചു. എന്താണ് ലോകായുക്തയിലെ പ്രശ്നം? ലോകായുക്ത, നിയമസഭ പാസ്സാക്കിയ ഒരു നിയമമാണ്. അതിൽ ഹൈക്കോടതിയും സുപ്രീംകോടതിയും ഗവർണറും മുഖ്യമന്ത്രിയും എന്നൊക്കെപ്പറയുന്നത് ഭരണഘടനാപരമായ പദവികളാണ്. ഇതിനേക്കാൾ വലിയ അധികാരം ലോകായുക്തയ്ക്ക് വേണ്ടതില്ലെന്നുള്ള കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലൊരു ഭേദഗതി നിയമം കൊണ്ടുവന്നിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ വളരെ വിശദമായി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതുകൊണ്ട് ഇല്ലാത്ത വിഷയം കെട്ടിച്ചമച്ച് ചാനലുകാരും പത്രക്കാരും എന്തെങ്കിലും പറഞ്ഞതുകൊണ്ടൊന്നും ജനങ്ങൾ വിശ്വസിക്കില്ല. ഇത് വിദ്യാഭ്യാസമുള്ള സമൂഹമാണ്. ഒരു പത്രമല്ല, എല്ലാ പത്രങ്ങളും വായിക്കുന്നവരും എല്ലാ ചാനലുകളും കേൾക്കുന്നവരുമാണ് ജനങ്ങൾ. അത് മനസ്സിലാക്കാൻ നിങ്ങൾക്ക് സാധിക്കണമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ നന്ദി പ്രമേയത്തെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, രണ്ടാം പിണറായി സർക്കാരിന്റെ രണ്ടാം നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. വികസന ക്ഷേമ രംഗങ്ങളിൽ കേരള സംസ്ഥാനത്തെ രാജ്യത്ത് ഒന്നാമതായി

എത്തിക്കുമെന്ന പ്രകടന പത്രികയുടെ അടിസ്ഥാനത്തിൽ അധികാരത്തിലെത്തിയ ഈ സർക്കാരിന് ആദ്യദിശയിൽ സ്വാഗതാർഹമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. കോവിഡ് വാക്സിനേഷൻ ഡ്രൈവിൽ 'ഹെൽത്ത്ഗിരി അവാർഡ്' നേടിയെടുക്കാൻ കേരളത്തിന് കഴിഞ്ഞു. കേരളത്തിന്റെ ആരോഗ്യരംഗത്തെ മികവിന് കേന്ദ്ര പുരസ്കാരം വീണ്ടും ലഭിക്കുകയുണ്ടായി. സൗജന്യ ചികിത്സ നൽകുന്ന രാജ്യത്തെ ഒന്നാമത്തെ സംസ്ഥാനമായി കേരളം മാറി. സംസ്ഥാനത്തിന് മൂന്ന് ദേശീയ പുരസ്കാരങ്ങൾ കേന്ദ്ര ആരോഗ്യ മന്ത്രി ശ്രീ. മൻസുഖ് മാണ്ഡവ്യ പ്രഖ്യാപിച്ചു. ശിശുമരണ നിരക്കിന്റെ കാര്യത്തിൽ കേരളം അമേരിക്കയ്ക്കൊപ്പമാണ്. രാജ്യത്തെ ആരോഗ്യ രംഗത്തെ പ്രധാന സൂചികയായ ശിശുമരണ നിരക്കിന്റെ കാര്യത്തിൽ കേരളത്തിന് അഭിമാനകരമായ നേട്ടമാണുണ്ടായത്. നിലവിൽ കേരളത്തിന്റെ നിരക്ക് സമ്പന്ന രാഷ്ട്രമായ അമേരിക്കയ്ക്ക് തുല്യമാണ്. ഇന്ത്യൻ സംസ്ഥാനങ്ങളിൽ മധ്യപ്രദേശാണ് ഏറ്റവും പുറകിൽ. 1000 കുട്ടികൾ ജനിക്കുമ്പോൾ നിശ്ചിത കാലയളവിൽ ഒരു വയസ്സിൽ താഴെയുള്ള എത്ര കുട്ടികൾ മരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് ശിശുമരണ നിരക്ക് കണക്കാക്കുന്നത്. പട്ടിണി ഇല്ലാതാക്കാൻ കേരളത്തിന്റെ പദ്ധതിയായ 'സമൂഹ അടുക്കള' മാതൃക

രാജ്യവ്യാപകമായി നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ സമിതികൾ രൂപീകരിച്ചു. കേരളത്തിന്റെ മാതൃക വ്യാപകമായി നടപ്പിലാക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശപ്രകാരമാണ് കേന്ദ്രസർക്കാർ സമിതി രൂപീകരിച്ചത്. ഒരാളും സംസ്ഥാനത്ത് പട്ടിണി കിടക്കരുതെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനമാണ് വൈകിയാണെങ്കിലും കേന്ദ്രം പ്രാവർത്തികമാക്കിയത്. എൽ.ഡി.എഫ്. സർക്കാർ വാഗ്ദാനം ചെയ്ത ഒരു ജനകീയ പദ്ധതി യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 100 കുടുംബങ്ങൾക്ക് 2022 മേയ് മാസത്തിൽ കെ-ഫോണിന്റെ ആനുകൂല്യം ലഭിക്കുകയാണ്. 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് സബ്സിഡി നിരക്കിലും ബ്രോഡ് ബാൻഡ് കണക്ഷൻ നൽകുന്ന പദ്ധതിയാണിത്.

**2.00 pm]**

സംസ്ഥാനങ്ങളുടെ ആരോഗ്യമേഖലയിലെ പ്രകടനം വിലയിരുത്തി നീതി ആയോഗ് തയ്യാറാക്കിയ 2019-20-ലെ റാങ്ക് പട്ടികയിൽ കേരളം സമഗ്ര വികസനത്തിൽ തുടർച്ചയായി നാലാംവർഷവും ഒന്നാമത് എത്തിയിരിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ

നിരവധി മേഖലകളിൽ നാം ഏറെ മുന്നിലാണ്. കേരളത്തിലെ വിദ്യാഭ്യാസ മേഖല മറ്റ് സംസ്ഥാനങ്ങളേക്കാൾ മുന്നിലാണ്. പൊതുവിദ്യാഭ്യാസ രംഗത്തെ പ്രാധാന്യത്തോടെ കാണുവാൻ ആഗ്രഹിക്കുകയും അതനുസരിച്ച് സർക്കാർ പ്രവർത്തിക്കുകയും ചെയ്തതിന്റെ ഫലമായാണ് ഈ മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങളുണ്ടായത്. പൊതുവിദ്യാലയങ്ങൾ തകർന്നുവീഴുകയും കുട്ടികൾ കൊഴിഞ്ഞുപോകുകയും ചെയ്തിരുന്ന കാലമുണ്ടായിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരമേറ്റശേഷം പൊതുവിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പശ്ചാത്തല സൗകര്യ മേഖലയിലും അക്കാഡമിക് മേഖലയിലുമടക്കം വലിയ മാറ്റങ്ങളുണ്ടായി. വിദ്യാലയങ്ങൾ നന്നാകില്ലെന്ന് ധരിച്ചു. അന്ന് നാട്ടിലുണ്ടായിരുന്ന പൊതുവിദ്യാഭ്യാസരംഗത്തെ മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ടുകൊണ്ട് മുന്നോട്ടുപോയത് വലിയ മാറ്റമാണ്. കേരളത്തിന്റെ പൊതുവിദ്യാഭ്യാസം തകർന്നത് യു.ഡി.എഫ്.-ന്റെ ഭരണകാലത്തായിരുന്നു. അന്ന് അതിന് മുഖ്യപങ്കുവഹിച്ചത് മുസ്ലീം ലീഗായിരുന്നു. ആ കാലഘട്ടത്തിൽ പ്ലസ്ടു അനുവദിച്ചുകൊടുക്കാമെന്നുപറഞ്ഞ് ഒരു സ്കൂൾ മാനേജരുടെ കയ്യിൽനിന്ന് 25 ലക്ഷം രൂപ വാങ്ങിയത് അന്നത്തെ മുസ്ലീംലീഗിന്റെ എം.എൽ.എ. ശ്രീ. കെ. എം. ഷാജിയായിരുന്നു. അങ്ങനെ

അഴിമതി നടത്തി വിദ്യാഭ്യാസത്തെ കച്ചവടമാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുള്ളത് മുസ്ലീം ലീഗാണെന്ന് വളരെ വ്യക്തമായി കാണാം. കോവിഡ് പശ്ചാത്തലത്തിലും കുട്ടികളെയെല്ലാം പരീക്ഷ എഴുതിപ്പിച്ച് മികച്ച റിസൾട്ട് ഉണ്ടാക്കിയെടുക്കാൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു. അന്ന് ഈ പ്രതിസന്ധികളൊന്നും ഇല്ലാതിരുന്നിട്ടുപോലും അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയ്തത് എന്താണ്. കുട്ടികളുടെ പരീക്ഷയ്ക്കുശേഷമുള്ള സ്ഥിതി എന്തായിരുന്നു? അതുപോലെ ഒരു അദ്ധ്യാപകനെ ചവിട്ടിക്കൊന്നത് ലീഗുകാരായിരുന്നില്ലേ? വിദ്യാഭ്യാസമേഖലയെ തകർത്തതിന് വലിയ പങ്കുവഹിച്ചത് യു.ഡി.എഫ്.-ഉം മുസ്ലീംലീഗുമാണ്. ഇന്ന് ആ വിദ്യാഭ്യാസമേഖലയെ ഉന്നതനിലവാരത്തിലേയ്ക്ക് കൊണ്ടുപോയത് എൽ.ഡി.എഫ്. സർക്കാരാണ്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള സ്ഥിതിയെന്താണ്? ലീഗുകാർ കച്ചവടത്തിന് വച്ച വിദ്യാലയത്തെ റദ്ദുചെയ്തുകൊണ്ട് അത് സർക്കാർ ഏറ്റെടുത്തു. പൊതുവിദ്യാഭ്യാസ സംരക്ഷണം മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള പ്രവർത്തനങ്ങൾ ആദ്യം നടപ്പിലാക്കുകയും ചെയ്തു. ഇന്ന് കേരളത്തിൽ ഉന്നതനിലവാരത്തോടുകൂടിയ വിദ്യാലയങ്ങൾ തലയുയർത്തി നിൽക്കുകയാണ്. കിഫ്ബിയുടെ ഫണ്ടുപയോഗിച്ചാണ് ചെയ്തത്. കഴിഞ്ഞ

മാസമാണ് കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 53 പൊതുവിദ്യാലയങ്ങളിലെ കെട്ടിടങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ചത്. ഇത് വിദ്യാഭ്യാസ മേഖലയിലുണ്ടായിട്ടുള്ള വലിയ മാറ്റങ്ങളാണ്. കോവിഡിന്റെ പശ്ചാത്തലം അവസാനിച്ച് വിദ്യാലയങ്ങൾ തുറന്നുപ്രവർത്തിച്ചപ്പോൾ പഴയ രീതിയിലേയ്ക്ക് വന്നിരിക്കുന്നു. ഇന്ന് കുട്ടികളെ വിദ്യാലയങ്ങളിലേയ്ക്ക് അയച്ചാൽ മതിയാകും. പന്ത്രണ്ടാം ക്ലാസ്സുവരെയും അഞ്ചുപൈസപോലും ചെലവില്ലാതെ വിദ്യാഭ്യാസം കൊടുക്കുന്ന ഏക സംസ്ഥാനം ഇന്ത്യയിൽ കേരളമാണ്. ആരോഗ്യരംഗത്തും ഇതുതന്നെയാണ് സംഭവിച്ചത്. നേരത്തെ കൈവരിച്ച നേട്ടങ്ങളിൽനിന്നും പുതിയ നേട്ടങ്ങൾ ലക്ഷ്യമാക്കി മുന്നോട്ടുനീങ്ങി. 2016-ൽ ആരംഭിച്ച ആർദ്രം മിഷൻ ആരോഗ്യ മേഖലയിൽ സമഗ്ര മാറ്റമുണ്ടാക്കി. പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, താലൂക്കാശുപത്രികൾ, മെഡിക്കൽ കോളേജുകൾ തുടങ്ങിയ ആരോഗ്യകേന്ദ്രങ്ങളിൽ സൂപ്പർ സ്പെഷ്യാലിറ്റി നിലവാരത്തിലുള്ള ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തി. കോവിഡിനെ പ്രതിരോധിക്കുന്നതിനുവേണ്ടി സംസ്ഥാനത്തിനിത് വളരെയധികം ഗുണം ചെയ്തു. കോവിഡിന് മുന്നിൽ ലോകരാജ്യങ്ങൾ വിറച്ചുനിന്നപ്പോൾ ചികിത്സാ സംവിധാനത്തിനായി നാം മുന്നോട്ടുപോയി. ലോകത്തിനുമുന്നിൽ ഇന്ന് നാം

അഭിമാനത്തോടെ തലയുയർത്തി നിൽക്കുന്നു. കേരളത്തിലെ ആരോഗ്യ സംവിധാനത്തിന്റെ പൊതുസവിശേഷതയിൽ നാം കോവിഡിനെ മറികടന്നു. നേട്ടങ്ങളുണ്ടായിരുന്ന മേഖലയിൽ കൂടുതൽ നേട്ടങ്ങളുണ്ടാക്കുകയാണ് ഈ രണ്ട് രംഗങ്ങളിലും സംഭവിച്ചത്. എന്നാൽ പശ്ചാത്തല സൗകര്യത്തിന്റെ കാര്യത്തിൽ നാം ഏറെ പിന്നിലായിരുന്നു. ദേശീയപാതാ വികസനത്തിൽ കേരളം പിന്നിലായിരുന്നു. ഗ്രാമീണ റോഡുകളുടെപോലും നിലവാരമില്ലാത്ത ദേശീയപാതകളുണ്ടായിരുന്നു. ദേശീയപാതയുടെ വീതി കൂട്ടുന്ന ഘട്ടത്തിൽ എത്ര മീറ്റർ വീതി കൂട്ടണമെന്നത് സംബന്ധിച്ച് വാദപ്രതിവാദങ്ങൾ നടന്നു. തുടർന്ന് സർവ്വകക്ഷി യോഗത്തിൽ 45 മീറ്റർ വീതി കൂട്ടാൻ തീരുമാനമായി. എതിർപ്പുകളെ തുടർന്ന് അന്നത്തെ സർക്കാരിന് സർവ്വകക്ഷി യോഗത്തിലും പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞില്ല. എന്നാൽ 2016-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാർ 45 മീറ്റർ വീതി വർദ്ധിപ്പിക്കുന്നതിന് നടപടികളാരംഭിച്ചു. എതിർത്തവരോട് നാടിന്റെ ഭാവിക്കായി സഹകരിക്കണമെന്ന് അഭ്യർത്ഥിച്ചു. നാടിന്റെ പൊതുതാൽപ്പര്യം ഉന്നയിച്ചപ്പോൾ എല്ലാവരും സഹകരിച്ചു. ഏറ്റവുമധികം എതിർപ്പുണ്ടായിരുന്ന ജില്ലയിൽപോലും ജനങ്ങൾ സംതൃപ്തരാണ്. വലിയതോതിലുള്ള നഷ്ടപരിഹാരമാണ് ഇവർക്ക് ലഭ്യമായത്. ജനങ്ങളെ ബുദ്ധിമുട്ടിക്കുകയല്ല

അവരെ സഹായിക്കുകയാണ് ചെയ്തത്. ഇപ്പോൾ വിവാദമായിക്കൊണ്ടിരിക്കുന്ന കെ-റെയിൽ പദ്ധതി കേരളത്തിൽ നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ ബി.ജെ.പി.യും കോൺഗ്രസ്സും മുസ്ലീംലീഗുമെല്ലാം ഒരേ നിലപാടിൽ നിൽക്കുകയാണ്. ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലായാൽ കേരളം ലോകരാഷ്ട്ര നിലവാരത്തിലേയ്ക്കുയരും. അത് കാണാനുള്ള ശക്തി ഇവർക്കില്ല. കാരണം കേരളത്തിൽ കിഫ്ബിയിലൂടെ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്ന സർക്കാരിനെ എതിർത്തവരാണ് എല്ലാവരും. ഈ വിധത്തിൽ ആരെങ്കിലും എതിർക്കുമ്പോൾത്തന്നെ അവരുടെയൊക്കെ മണ്ഡലങ്ങളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ കുതിച്ചുയരുകയാണ്. ആ വികസന കുതിപ്പിൽ വീണ്ടും പിണറായി സർക്കാർ അധികാരത്തിൽ വന്നു. കെ-റെയിൽ പദ്ധതി നടപ്പിലാക്കിയാൽ ഇനി ഒരുകാലത്തും യു.ഡി.എഫ്.-ന് കേരളത്തിൽ അധികാരത്തിൽ വരാൻ കഴിയില്ലെന്നുള്ള ഉറപ്പ് അവർക്കുണ്ട്. അതുകൊണ്ടാണ് ഇവർ ഇതിനെയെല്ലാം എതിർക്കുന്നത്. കെ-റെയിൽ നടപ്പിലാക്കിയാലുള്ള സ്ഥിതിയെന്താണ്? യാത്രാ സംവിധാന രംഗത്ത് മാത്രമല്ല ചരക്കുഗതാഗത രംഗത്തും ടൂറിസം മേഖലയിലും

ആരോഗ്യമേഖലയിലും കേരളം വൻ കുതിപ്പിലേയ്ക്ക് പോകാൻ പോകുകയാണ്. അതുകൊണ്ടാണ് ഈ പദ്ധതിയെ എതിർക്കാൻ വേണ്ടി ഇവർ മുന്നിട്ടിറങ്ങുന്നത്. എൽ.ഡി.എഫ്. സർക്കാർ 2016-ൽ നൽകിയിരുന്ന വിലയ്ക്കുതന്നെയാണ് നിത്യോപയോഗ സാധനങ്ങൾ ഇന്നും കൊടുക്കുന്നത്. കേരളത്തിൽ 2016-ൽ അധികാരത്തിൽവന്ന ഗവൺമെന്റ് പ്രകടനപത്രികയിൽ എടുത്തുപറഞ്ഞൊരു കാര്യമാണ് നിത്യോപയോഗ സാധനങ്ങൾക്ക് ഇനിയൊരിക്കലും വില വർദ്ധിപ്പിക്കില്ലെന്നുള്ളത്. രണ്ടാം പിണറായി സർക്കാർ അത് നടപ്പിലാക്കി മുന്നോട്ടുപോകുകയാണ്. റേഷൻകടകളുടെ പ്രവർത്തനത്തിൽ അസൂയാവഹമായ മാറ്റങ്ങളാണ് എൽ.ഡി.എഫ്. കാലത്തുണ്ടാക്കാൻ കഴിഞ്ഞത്. സംസ്ഥാനത്ത് എവിടെനിന്നും റേഷൻ വാങ്ങാനുള്ള സംവിധാനമുണ്ട്. കിടപ്പുരോഗികൾക്കും അതുപോലെ 80 വയസ്സിനുമുകളിൽ പ്രായമായവർക്കും അവരുടെ വീട്ടിൽ കൊണ്ടുപോയി റേഷൻ കൊടുക്കുന്ന സംവിധാനം കൂടി ഈ ഗവൺമെന്റ് ഏർപ്പെടുത്തിയിരിക്കുകയാണ്. ഒരു കാര്യം കൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ശ്രീ. കെ. സുധാകരൻ കെ.പി.സി.സി. അദ്ധ്യക്ഷനായി മുതിർന്ന നേതാക്കളെ പ്രകമ്പനം കൊള്ളിച്ച് ഭയത്തിലാക്കിയിരിക്കുന്നു. കൊലക്കത്തിക്ക് മൂർച്ച കൂട്ടി എതിരാളിയെ എറിഞ്ഞുവീഴ്ത്തുന്ന സുധാകര

ശൈലിക്ക് കോൺഗ്രസ് കീഴ്പ്പെട്ടതാണെന്ന് മുൻ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരൻ നൽകിയ മുന്നറിയിപ്പ് ഇപ്പോൾ ശരിയാകുകയാണ്.

മി. ചെയർമാൻ: അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. കെ. ജെ. മാക്സി: ജനപിന്തുണ നഷ്ടപ്പെടരുതെന്ന പ്രവർത്തനങ്ങളിൽ.... (...ബഹളം.....) പാർട്ടിയെ നിലനിർത്തുകയും വളർത്തുകയും ചെയ്യുന്ന സംവിധാനമാണ്. നമുക്കറിയാം കെ. സുധാകരൻ കെ.എസ്.യു. നയിച്ചിരുന്ന (......ബഹളം...) കാലഘട്ടത്തിലാണ് ധീരന്മാരായിട്ടുള്ള എസ്.എഫ്.ഐ. നേതാക്കൻമാരെ വീഴ്ത്തിയിട്ടുള്ളതെന്ന് നമുക്കറിയാം.

ശ്രീ. കെ. ജെ. മാക്സി: സർ, നിങ്ങൾ അത് മനസ്സിലാക്കുക. ജി. ഭുവനേശ്വരൻ, സി. വി. ജോസ്, എം. എസ്. പ്രസാദ്, കെ. വി. കൊച്ചനിയൻ, അനീഷ് രാജൻ തുടങ്ങിയ ഒട്ടേറെ എസ്.എഫ്.ഐ. നേതാക്കളെ കെ.എസ്.യു.വിന്റെ കത്തിക്കിരയാക്കിയത്....

മി. ചെയർമാൻ: അവസാനിപ്പിക്കട്ടെ, പറഞ്ഞത് പരിശോധിക്കാം.

ശ്രീ. കെ. ജെ. മാക്സി: അതുപോലെ മഹാരാജാസ് കോളേജിൽ കെ.എസ്.യു. നടത്തിയ അക്രമത്തിന് സൈമൺ ബ്രിട്ടോ ജീവിതാവസാനം

വരെ (......ബഹളം...).... ഇന്ന് കേരളത്തിന്റെ ക്യാമ്പസുകളിൽ വീണ്ടും അത് കൊണ്ടുവരാൻ......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ.....

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ പ്രധാനപ്പെട്ട പ്രശ്നം ഒരു കൊലപാതക കേസുമായി ബന്ധപ്പെട്ട് പരമ്പര തന്നെയുണ്ടായെന്ന് പറഞ്ഞ് സഭയിലില്ലാത്ത ഒരാളിനെ ഏതാണ്ട് പ്രതിപ്പട്ടികയിൽ ചേർക്കുന്ന രൂപത്തിൽ ശ്രീ. കെ. ജെ. മാക്സി സംസാരിച്ചുകൊണ്ടിരിക്കുകയാണ്, അത് അപമാനകരമാണെന്നത് ഒരു വശം. അതിനേക്കാൾ കൂടുതൽ അത് നിയമവിരുദ്ധമാണ്. ഇതിന്റെയൊക്കെ കേസുകളും കേസിനെക്കുറിച്ചുള്ള വിധികളുമെല്ലാം നേരത്തെ വന്നുപോയിട്ടുള്ളതാണ്. അതിനുശേഷം ശ്രീ. കെ. സുധാകരൻ കേരളത്തിന്റെ കെ.പി.സി.സി. പ്രസിഡന്റായി എന്നുള്ള ഒറ്റ കാരണം കൊണ്ടുമാത്രം ഇങ്ങനെ സഭയിൽ ആക്ഷേപം പറയുന്നത് ശരിയല്ല. ചട്ടം 307 ഉപയോഗിച്ച് അത് അങ്ങ് എക്സ്പെഞ്ച് ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. ചെയർമാൻ: അത് പരിശോധിക്കാം. +

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.3509/ഇ.ബി./2022/നി.സെ. തീയതി 24-02-2022) സഭാരേഖകളിൽ നിലനിർത്തി.

ശ്രീ. കെ. ജെ. മാക്സി: സർ, കേരളത്തിന്റെ കൊലപാതക രാഷ്ട്രീയത്തിലും അതുപോലെ കലാലയങ്ങളിൽ നടക്കുന്ന രാഷ്ട്രീയത്തിലും മുഖ്യ പങ്കുവഹിച്ചവരാണ് കെ.എസ്.യു.-ക്കാർ. ഏറ്റവും അവസാനം നോക്കിയാൽ ഇടുക്കിയിലെ ധീരജിനെ കുത്തിക്കൊലപ്പെടുത്തിയത് ആരാണ്? അന്നും ശ്രീ. കെ. സുധാകരൻ എന്താണ് പറഞ്ഞത്?

മി. ചെയർമാൻ: അങ്ങ് അവസാനിപ്പിക്കണം. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകേണ്ടതില്ല. സമയം കഴിഞ്ഞു.

ശ്രീ. കെ. ജെ. മാക്സി: സർ, നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തിലെ ആവർത്തനവിരസമായ ഉള്ളടക്കത്തിലും നയത്തിലും ശക്തമായ വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു. ഭരണഘടനാ സ്ഥാപനത്തിന്റെ ഉത്തരവാദിത്വം നിറവേറ്റാൻ തയ്യാറാകാത്ത ഗവർണറെ ഭരണഘടനയ്ക്ക് വിധേയമാക്കുന്നതിനുപകരം ചരിത്രത്തിലാദ്യമായി ഒരു മുഖ്യമന്ത്രി പഞ്ചപുച്ഛമടക്കി ദയനീയമായി കീഴ്പ്പെടുത്തൽ നടത്തി സഭയുടെ മാനം കെടുത്തിയത് ലജ്ജിപ്പിക്കുന്നതാണ്. Punchhi Commission പ്രകാരം ഗവർണറെ മാറ്റാനുള്ള അവകാശവും നിരാകരണ അവകാശവുമൊക്കെ

ചോദിച്ച സർക്കാർ നയപ്രഖ്യാപനത്തിൽ ഒപ്പുവയ്ക്കില്ലെന്ന ശാസനയ്ക്ക് മുന്നിൽ അടിയറവ് പറഞ്ഞതെന്തുകൊണ്ടാണെന്ന് എല്ലാവർക്കും നല്ല ബോധ്യമുള്ളതാണ്. പൊതുഭരണ വകുപ്പ് സെക്രട്ടറി ശ്രീ. കെ. ആർ. ജ്യോതിലാലിനെ മാറ്റണമെന്ന് ഗവർണർ ഉഗ്രശാസന നൽകിയപ്പോൾ എ.കെ.ജി. സെന്ററിൽ നേതൃയോഗം ചേർന്ന് മുഖ്യമന്ത്രിക്കുവേണ്ടി ഒപ്പിട്ട ഉദ്യോഗസ്ഥനെ രായ്ക്കുരാമാനം മാറ്റുന്നതാണ് ഉചിതമെന്ന് തീരുമാനിച്ചതും ബി.ജെ.പി. സംസ്ഥാന സമിതിയംഗം ശ്രീ. ഹരി എസ്. കർത്തയുടെ അഡീഷണൽ പേഴ്സണൽ അസിസ്റ്റന്റായുള്ള നിയമനം അംഗീകരിച്ചതും സംസ്ഥാന ഗവൺമെന്റും ബി.ജെ.പി. നേതൃത്വവും തമ്മിലുള്ള അന്തർധാരയുടെ തുടർച്ചയാണ്. കാസർഗോഡ് ജില്ലാ കമ്മിറ്റി ഓഫീസ് ബി.ജെ.പി. പ്രവർത്തകർ പൂട്ടിയത് സി.പി.ഐ.(എം.) നേതൃത്വവും ബി.ജെ.പി. നേതൃത്വവും തമ്മിലുള്ള ബന്ധം ആരോപിച്ചാണ് എന്നതുംകൂടി കൂട്ടി വായിക്കുമ്പോഴാണ് ഇതിന്റെ ഗൗരവം വർദ്ധിക്കുന്നത്. അഴിമതി വിരുദ്ധ പ്രഖ്യാപനങ്ങൾ മാത്രം നടത്തി കയ്യടി നേടുന്ന സർക്കാർ ദ്രുതഗതിയിൽ ലോകായുക്തയുടെ ചിറകരിഞ്ഞ് അഴിമതിക്കാരെ സംരക്ഷിക്കുന്ന നടപടികൾ സ്വീകരിക്കുന്നത് ലജ്ജാകരമാണ്. മുഖ്യമന്ത്രിക്കും മന്ത്രിക്കുമെതിരെ കേസ് പരിഗണിക്കുന്നതിനുമുമ്പ്, നിയമസഭ

ചേരുന്നതിന് ദിവസങ്ങൾ മാത്രം അവശേഷിക്കെ ലോകായുക്ത ഭേദഗതി ഓർഡിനൻസായി കൊണ്ടുവന്നത് സഭയെ അവഹേളിക്കുന്നതിന് തുല്യമാണ്. ഇരുപത്തിരണ്ട് വർഷം മുമ്പ് ഇടതുപക്ഷ നേതാവ് ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരിക്കെ നിയമസഭയിൽ വിശദമായി ചർച്ച ചെയ്ത് ഏകകണ്ഠമായി അംഗീകരിച്ച് പാസ്സാക്കിയ ലോകായുക്ത നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് പറഞ്ഞ് ഒഴിവാക്കിയത് വിശ്വസിക്കാൻ പ്രതിപക്ഷത്തിന് മാത്രമല്ല എൽ.ഡി.എഫ്.-ലെ മുഖ്യകക്ഷിയായ സി.പി.ഐ.-യ്ക്കുപോലും കഴിഞ്ഞില്ല. ഇടതുപക്ഷ മുന്നണിയിലോ മന്ത്രിസഭയിലോപോലും ഇത്തരം പ്രധാന കാര്യങ്ങൾ ചർച്ച ചെയ്യുന്നില്ല എന്നാണ് സി.പി.ഐ. വാദഗതി. സി.പി.ഐ. പാർട്ടി അത്തരമൊരു നിലപാടിൽ ഉറച്ചുനിൽക്കുന്നുവെങ്കിൽ വിയോജിപ്പ് രേഖപ്പെടുത്തണമായിരുന്നു. അല്ലാതെ പുറത്ത് അഭിപ്രായം പറഞ്ഞ് ജനത്തെ കബളിപ്പിക്കുന്നത് ശരിയായ നടപടിയല്ല. മടിയിൽ കനമുള്ളവനേ വഴിയിൽ പേടി വേണ്ടു എന്നാണെങ്കിൽ ലോകായുക്തയെ സർക്കാർ ഭയപ്പെടുന്നത് എന്താണെന്ന് മാലോകർക്കറിയാം. നന്ദിപ്രമേയ ചർച്ചയിൽ ചൂണ്ടിക്കാണിക്കേണ്ട പ്രധാനകാര്യം ആഭ്യന്തര വകുപ്പിനെ സംബന്ധിച്ച് തന്നെയാണ്. അധോലോക മാഫിയകളുടെ സംരക്ഷകരായി കേരളത്തിലെ

ആഭ്യന്തര വകുപ്പ് മാറിക്കഴിഞ്ഞിരിക്കുന്നു. ബലാത്സംഗ കേസിന് ക്വട്ടേഷൻ കൊടുക്കുക, ക്വട്ടേഷൻ കൊടുത്ത ബലാത്സംഗത്തിന്റെ വീഡിയോ റെക്കോർഡ് ചെയ്യുക, ആ വീഡിയോ കോടതിയിൽ നിന്നടക്കം ലീക്ക് ചെയ്യുക ഇത്തരം ഞെട്ടിപ്പിക്കുന്ന സംഭവങ്ങൾ നടക്കുന്നത് ഈ കേരളത്തിലാണ്. പ്രോസിക്യൂട്ടർമാർപോലും കേസ് നടത്താൻ ധൈര്യപ്പെടുന്നില്ല. രാഷ്ട്രീയ കൊലപാതകം അന്വേഷിക്കാൻ സി.ബി.ഐ. വരുന്നത് തടയാൻ ലക്ഷങ്ങൾ മുടക്കി അരയും തലയും മുറുക്കിയിറങ്ങിയ സർക്കാർ സ്ത്രീ സുരക്ഷയുടെ കാര്യത്തിൽ നിസ്സംഗത പാലിക്കുകയാണ്. തുടർച്ചയായി സാക്ഷികൾ കൂറുമാറുന്ന സാഹചര്യത്തിൽ ആശങ്ക പ്രകടിപ്പിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നേരിൽ കണ്ട് കത്ത് നൽകിയിട്ട് നാളിതുവരെ സർക്കാർ എന്ത് നടപടി സ്വീകരിച്ചു? സിനിമാ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കാൻ നിയമിച്ച ജസ്റ്റിസ് ഹേമ കമ്മീഷൻ സിനിമാ ചിത്രീകരണ സ്ഥലങ്ങളിൽ സ്ത്രീകൾ നേരിടുന്ന മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ചും ലൈംഗിക പീഡനങ്ങളെക്കുറിച്ചും ഗൗരവതരമായ കണ്ടെത്തലുകളടങ്ങിയ റിപ്പോർട്ട് സമർപ്പിച്ച് രണ്ട് വർഷം കഴിഞ്ഞിരിക്കുന്നു. പക്ഷേ സർക്കാർ ഇപ്പോഴും മൗനം പാലിക്കുകയാണ്. സിനിമാ മേഖലയിലെ സെക്സ് റാക്കറ്റിനെപ്പറ്റി ഒരു പ്രമുഖ നടിതന്നെ തുറന്ന്

പറഞ്ഞിട്ടും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. മലപ്പുറം തേഞ്ഞിപ്പലത്തെ വാടകവീട്ടിൽ രാമനാട്ടുകര സ്വദേശിയായ പോക്സോ കേസിലെ ഇരയായ പതിനെട്ടുകാരി തൂങ്ങി മരിച്ചത് പോലീസിനോട് പലതവണ ആവശ്യപ്പെട്ടിട്ടും രേഖാമൂലം പരാതി നൽകിയിട്ടും നടപടികൾ സ്വീകരിക്കാത്തതുമൂലം പോലീസിൽനിന്നുണ്ടായ കടുത്ത മാനസിക പീഡനംമൂലമാണ്. യുവതി മരണപ്പെട്ടശേഷം ഫറോക്ക് പോലീസ് സ്റ്റേഷനിലും കൊണ്ടോട്ടി പോലീസ് സ്റ്റേഷനിലും രജിസ്റ്റർ ചെയ്ത പോക്സോ കേസുകളിൽ പോലീസിന് വീഴ്ച സംഭവിച്ചതായും പോക്സോ കേസിൽ പോലീസ് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്നും യൂണിഫോം ധരിച്ച പോലീസുകാർ മൊഴിയെടുക്കാൻ പോയെന്നും രഹസ്യാന്വേഷണ വിഭാഗം റിപ്പോർട്ട് സമർപ്പിച്ചിട്ടും ആഭ്യന്തര വകുപ്പ് ചെറുവിരലനക്കിയില്ലെന്നമാണ് ഗാർഹിക പീഡന പരാതിയിൽ നീതിതേടി പോലീസ് സ്റ്റേഷനിലെത്തിയപ്പോൾ പോലീസിൽനിന്നുമുണ്ടായ മനുഷ്യത്വരഹിതമായ പെരുമാറ്റമാണ് ആലുവയിലെ മൊഫിയ പർവീണിന്റെ മരണത്തിന് കാരണമായത്. പക്ഷേ ആ പോലീസുദ്യോഗസ്ഥനെ കുറ്റപത്രത്തിൽപ്പോലും ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. മിസ് കേരള മുൻ ജേതാക്കളായ മോഡലുകളുടെ മരണത്തിനിടയാക്കിയ കേസിലെ ലഹരി മരുന്ന് ഇടപാടുകളെക്കുറിച്ചുള്ള

അന്വേഷണം എങ്ങുമെത്തിയിട്ടില്ല. ഈ അതിക്രമങ്ങളൊക്കെ തടയേണ്ട പോലീസ് സേനയിലെപ്പോലും സ്ത്രീകൾക്ക് സുരക്ഷയില്ല. മുൻ ജയിൽ ഡി.ജി.പി.-യും കേരളത്തിലെ ആദ്യത്തെ വനിതാ ഐ.പി.എസ്.-കാരിയുമായിരുന്നിട്ടും സേനയിലെ സ്ത്രീകൾക്ക് സ്ത്രീപീഡനങ്ങൾക്കെതിരെ ഒന്നും ചെയ്യാനാകാതെ സമൂഹമാധ്യമത്തിൽ വിളിച്ചുപറയേണ്ട ഗതികേട് ഇടതുപക്ഷം ഭരിക്കുന്ന ഈ കേരളത്തിലാണ് നടക്കുന്നത്. സൈബർ ഇടങ്ങളിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ ഒരു നടപടിയുമുണ്ടാകുന്നില്ല. അതിനെതിരെ ആഭ്യന്തര വകുപ്പ് ഒന്നും ചെയ്യുന്നതായി നമുക്ക് കാണാൻ കഴിയുന്നില്ല. കഴിഞ്ഞ ദിവസം തലശ്ശേരിയിൽ ഒരു തൊഴിലാളിയെ അരുംകൊല ചെയ്തതും എറണാകുളത്ത് ഒരു ദളിത് പ്രവർത്തകനെ അടിച്ചുകൊന്നതുമായ മന:സാക്ഷിയെ ഞെട്ടിക്കുന്ന കൊലപാതകങ്ങൾ അവസാനത്തെ ഉദാഹരണങ്ങളാണ്. കൊലയാളികളെ സംരക്ഷിക്കില്ലെന്ന് ഉറപ്പ് നൽകാൻ രാഷ്ട്രീയ പാർട്ടികൾ ആർജ്ജവം കാണിക്കണം. കൊലപാതകികളെ ശിക്ഷിക്കാനും അങ്ങനെ ശിക്ഷിക്കപ്പെട്ട ആളുകളെ തങ്ങൾ സംരക്ഷിക്കുകയില്ലെന്ന് തീരുമാനിക്കാനുമുള്ള ഉറപ്പാണ് തീർച്ചയായും രാഷ്ട്രീയ പാർട്ടികളിൽനിന്നും ഭരിക്കുന്ന സർക്കാരിൽനിന്നുമുണ്ടാകേണ്ടത്. അങ്ങനെയുണ്ടാകുമ്പോൾ

ഇവിടെ ഇത്തരത്തിലുള്ള കൊലപാതകങ്ങൾ ആവർത്തിക്കപ്പെടില്ല, ഇതുപോലുള്ള നിരാലംബരായ കുടുംബങ്ങളുണ്ടാകില്ല. 2012-ൽ നടന്ന സഖാവ് ടി. പി. ചന്ദ്രശേഖരന്റെ കൊലപാതകത്തിൽ 2014-ൽ വിധി വന്നതിനുശേഷം ഒരുപാട് മാറ്റങ്ങൾ നമ്മുടെ നാട്ടിലുണ്ടായി. രാഷ്ട്രീയ കൊലപാതകങ്ങളിൽ കുറവുണ്ടായി എന്നുള്ളത് ശ്രദ്ധേയമായ കാര്യമാണ്. അതുകൊണ്ട് ശിക്ഷയാണ് ഉറപ്പുവരുത്തേണ്ടത്. ക്രിമിനലുകളെ സംരക്ഷിക്കില്ല എന്നുള്ള ഉറപ്പാണ് ഈ രാജ്യത്തെ ജനം ആവശ്യപ്പെടുന്നത്. രാഷ്ട്രീയ കൊലയാളികളെയും ഗുണ്ടകളെയും സർക്കാരിന്റെ പോലീസ് സംരക്ഷിക്കുന്ന കാഴ്ചയാണ് ഇപ്പോൾ നമ്മൾ കാണുന്നത്. ഗുണ്ടാ-ക്രിമിനൽ സംഘങ്ങളുടെ പരസ്പര പകയും ഏറ്റുമുട്ടൽ കൊലകളും അരാജകത്വം സൃഷ്ടിക്കുകയാണ്. പട്ടാപ്പകൽ കൊല ചെയ്ത് മൃതശരീരം പോലീസ് സ്റ്റേഷന്റെ വരാന്തയിലേയ്ക്ക് വലിച്ചെറിയുന്നു. ഇത് പോലീസ് സ്റ്റേഷനിലേയ്ക്കല്ല, കേരളത്തിലെ മുഖം നഷ്ടപ്പെട്ട ആഭ്യന്തര വകുപ്പിന്റെ മുഖത്തേയ്ക്കാണ് എന്ന് തിരിച്ചറിയണം. ഓടുന്ന വാഹനത്തിനുള്ളിൽ കയ്യും കാലും കെട്ടി റോഡിലേയ്ക്കെറിയാൻ ഒരു ഭയവും ഈ സംഘങ്ങൾക്കില്ല. കാരണം അവരെല്ലാം സംക്ഷിക്കപ്പെടുമെന്ന് ഈ അക്രമികൾക്ക് ഉറപ്പാണ്.

<u>മി. ചെയർമാൻ</u>: യെസ്..... അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീമതി കെ. കെ. രമ: സർ, ഗുണ്ടാ സംഘങ്ങളുടെ വളർച്ചയും മയക്കുമരുന്ന് വ്യാപാരത്തിനുമായി വലിയ മാഫിയകൾ വിഹരിക്കുന്നു. കേരളത്തിൽ അങ്ങോളമിങ്ങോളം വീണ്ടും ബാറുകൾ യഥേഷ്ടം തുറക്കുകയാണ്. 267-ഓളം ബാറുകൾ വീണ്ടും തുറക്കാനുള്ള തീരുമാനത്തിലേയ്ക്ക് സർക്കാർ പോകുന്നു.

മി. ചെയർമാൻ: സമയത്തിന്റെ എല്ലാ ആനുകൂല്യങ്ങളും കഴിഞ്ഞു. അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ ഇപ്പോൾ അവസാനിപ്പിക്കാം. കേരളത്തിന്റെ കൗമാരങ്ങൾ ഇവയ്ക്കൊക്കെ അടിമപ്പെട്ടുകൊണ്ടിരിക്കുന്ന വളരെ ഗൗരവമായ സാഹചര്യത്തിൽ, സന്തോഷം മാത്രം നിറഞ്ഞുനിന്ന വിവാഹപ്പാർട്ടികളിൽ ഭയപ്പാടോടുകൂടി പോകേണ്ട ഒരു അവസ്ഥയിലേയ്ക്ക് ജനം മാറിയിരിക്കുകയാണ്.

മി. ചെയർമാൻ: യെസ്..... യെസ്..... അടുത്ത ആളിനെ വിളിക്കേണ്ടിവരും. ദയവായി അവസാനിപ്പിക്കണം.

ശ്രീമതി കെ. കെ. രമ: സർ, രാഷ്ട്രീയ ക്രിമിനലുകളുടെ പുതിയ വഴികൾ ഇതിനുപിന്നിൽ കാണാൻ കഴിയുകയാണ്. ഇത്തരത്തിൽ വലിയ രൂപത്തിൽ ക്രമസമാധാനത്തകർച്ചയുടെ അവസ്ഥയിലേയ്ക്കാണ് നാം

പൊയ്ക്കൊണ്ടിരിക്കുന്നത്. ധാരാളം കാര്യങ്ങൾ പറയാനുണ്ടായിരുന്നു. നാല് മിനിറ്റുകൊണ്ട് ഒന്നും പൂർത്തിയാക്കാൻ കഴിയില്ല. കേരളത്തിന്റെ എല്ലാ നന്മകളും തകർത്ത സർക്കാർ ഈ വസ്തുതകളൊക്കെ മറച്ചുവച്ച് സഭയിൽ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ ഒന്നുകൂടി ശക്തമായി എതിർക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. ഞാൻ ഇന്നലെ കേരള നിയമസഭയിലെ രണ്ട് എം.എൽ.എ.-മാർ അഭിനയിച്ച ഒരു സിനിമ കാണാനിടയായി. നമ്മുടെ പ്രിയപ്പെട്ട ശ്രീ. മുഹമ്മദ് മുഹസിനും ശ്രീ. സി. ആർ. മഹേഷും അഭിനയിച്ച ആ സിനിമയുടെ പേരാണ് 'തീ'. ആ സിനിമയിൽ ശ്രീ. വിനു മോഹൻ അവതരിപ്പിച്ച ആഷിക് എന്നൊരു കഥാപാത്രമുണ്ട്. ആ കഥാപാത്രം സ്വന്തം കമ്പനിയിലെ ജീവനക്കാർ ഉൾപ്പെടെയുള്ള ആളുകളെ കൊല്ലുന്നതിനായി മറ്റൊരു സംഘത്തിൽനിന്ന് കാശ് വാങ്ങി പ്രവർത്തനം നടത്തുന്നു. ഏതാണ്ട് അതാണ് കേരളത്തിലെ പ്രതിപക്ഷം എന്ന കാര്യം ഞാനിവിടെ പറയുകയാണ്. അതുപോലെതന്നെ ആ സിനിമയിൽ ഘടോൽക്കചൻ എന്ന ഒരു വില്ലന് കുറച്ച് കഴിഞ്ഞപ്പോൾ മാനസാന്തരം വരുന്നുണ്ട്. കുറച്ച് കഴിഞ്ഞാൽ നമ്മുടെ പ്രതിപക്ഷത്തിന് ഘടോൽക്കചനെപ്പോലെ മാനസാന്തരമുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. കേരളത്തിലെ

എൽ.ഡി.എഫ്. സർക്കാർ ഒന്നാം വർഷം പൂർത്തിയാക്കാൻ പോകുകയാണ്. വാഗ്ദാനങ്ങൾ നിറവേറ്റുകയാണ്. നൂറുദിന കർമ്മ പരിപാടി ഗവൺമെന്റ് പ്രഖ്യാപിച്ചു. പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ നിറവേറ്റുന്നതിനുവേണ്ടി നൂറുദിന കർമ്മ പരിപാടി പ്രഖ്യാപിച്ചപ്പോൾ കേരളത്തിലെ പ്രതിപക്ഷം വാഗ്ദാനം നടപ്പിലാക്കുന്നതിനെതിരായി നൂറുദിന സമരപരിപാടി പ്രഖ്യാപിച്ചിരിക്കുകയാണ്. വാഗ്ദാന ലംഘനത്തിനെതിരായിട്ടാണ് സാധാരണ നമ്മൾ സമരം കണ്ടിട്ടുള്ളത്. ഒരുപക്ഷേ കേരളത്തിലെന്നല്ല, ഇന്ത്യാ രാജ്യത്തുതന്നെ, ലോകത്തുതന്നെ വാഗ്ദാനങ്ങൾ പാലിക്കുന്നതിനെതിരായി സമരം ചെയ്യുന്ന പ്രതിപക്ഷത്തിന് ഒരു അവാർഡുണ്ടെങ്കിൽ അത് കേരളത്തിലെ പ്രതിപക്ഷത്തിന് കൊടുക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. എന്തായിരുന്നു പുകിൽ? ഗെയിൽ പൈപ്പ്‌ലൈൻ പദ്ധതിക്കെതിരായി വെള്ളിയാഴ്ച ദിവസം പള്ളിയടച്ചിട്ട് റോഡിൽ പ്രതിഷേധ ജുംആ നമസ്കാരം നടത്തി. ഗെയിൽ പൈപ്പ്‌ലൈനിനെതിരായുള്ള സമരം, ദേശീയപാതയ്ക്ക് ഭൂമിയെടുക്കുന്നതിന് എതിരായുള്ള സമരം അങ്ങനെ പല സമരങ്ങളും നടത്തി. ഇപ്പോൾ എന്താണ് സ്ഥിതി? കൈ നിറയെ, മനം നിറയെ പൈസ വാങ്ങി സന്തോഷത്തിന്റെ സുന്നത്ത് നമസ്കാരമാണ് ഇപ്പോൾ നാട്ടിൽ നടക്കുന്നത്. നിങ്ങൾ ഇപ്പോൾ

കെ-റെയിലിനെതിരായി കല്ല് പിഴുതെറിയുന്ന ഒരു സമരമാണ് നടത്തുന്നത്. വിശുദ്ധമായ ഹജ്ജ് കർമ്മത്തിൽ പിശാചിനെതിരായി കല്ലെറിയൽ ചടങ്ങുണ്ട്. അവസാനം കേരളത്തിലെ ജനങ്ങൾ പിശാചിനെപ്പോലെ പ്രതിപക്ഷത്തിനെ കല്ലെറിയുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ബി.ജെ.പി.-ക്കെതിരായി വലിയ സമരം നടത്താൻ പോകുകയാണ്. ആ സമരത്തിന്റെ കുന്തമുന, അമീർ ആരാണ്? ശ്രീ. രാഹുൽ ഗാന്ധിയാണ്. പ്രിയപ്പെട്ടവരെ, പഞ്ചാബിലെ കോൺഗ്രസ് മുഖ്യമന്ത്രിയായിരുന്ന ശ്രീ. അമരീന്ദർ സിംഗ്. അദ്ദേഹം കോൺഗ്രസ് വിട്ടു. അവസാനം കോൺഗ്രസ്സുകാർ അവിടെ തെരഞ്ഞെടുപ്പിന് മുന്നോടിയായി ഒരു മഹാറാലി സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. രാഹുൽ ഗാന്ധി ഡേറ്റും കൊടുത്തു. റാലി തീരുമാനിച്ചതിനുശേഷം ശ്രീ. രാഹുൽ ഗാന്ധിയെ കാണാനില്ല. എവിടെപ്പോയി എന്ന് പ്രതിപക്ഷത്തെ ആർക്കും അറിയില്ല. കോൺഗ്രസ്സിന്റെ ഓൾ ഇൻഡ്യാ വക്താവ് പത്രസമ്മേളനം നടത്തി പറഞ്ഞു 'അദ്ദേഹം മുങ്ങിയിട്ടൊന്നുമില്ല കുറച്ച് കഴിയുമ്പോൾ വരും" എന്ന്. ഈ കോൺഗ്രസ്സാണോ ബി.ജെ.പി.-ക്കെതിരായി സമരം നയിക്കാൻ പോകുന്നത്. യു.പി.-യിലെ കാര്യം ഇന്നലെ ശ്രീ. എ. എൻ. ഷംസീർ പറഞ്ഞു, അതവിടെ ഇരിക്കട്ടെ. കേരളത്തിലെ മുസ്ലീംലീഗിന്

കോൺഗ്രസ്സിനെ വലിയ മുഹബത്ത് ആണ്. യു.പി.-യിൽ കോൺഗ്രസ്സിന് മുസ്ലീംലീഗ് മുസീബത്താണ്. ഇവിടെ മുഹബത്ത്, അവിടെ മുസീബത്ത്. ഇവരാണോ ബി.ജെ.പി.-ക്കെതിരായ മഹാസഖ്യം? ഇന്നലെ ബഹുമാനപ്പെട്ട മണ്ണാർക്കാട് അംഗം സി.പി.ഐ.(എം.)-ന്റെ പോളിറ്റ് ബ്യൂറോയിൽ ന്യൂനപക്ഷങ്ങളില്ലെന്ന് പറഞ്ഞു. ഞങ്ങൾ ജാതിയും മതവും നോക്കി പോളിറ്റ് ബ്യൂറോയിലേയ്ക്ക് ആളെടുക്കുന്നവരല്ല. പക്ഷേ, എന്താണ് വസ്തുത? സി.പി.ഐ.(എം.)-ന്റെ പോളിറ്റ് ബ്യൂറോയിൽ 14 ശതമാനത്തോളം ന്യൂനപക്ഷ അംഗങ്ങളുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തെ ഓർമ്മപ്പെടുത്തുകയാണ്. കോൺഗ്രസ്സിന്റെ ന്യൂനപക്ഷങ്ങളെ കോൺഗ്രസ്സിൽ അവഗണിക്കപ്പെടുന്നുവെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു എന്നാണ് പറയുന്നത്. ശ്രീ. കോടിയേരി പറയുന്നതിനുമുമ്പ് കോൺഗ്രസ്സിന്റെ അഖിലേന്ത്യാ ഭാരവാഹി ആയ ശ്രീ. ഗുലാംനബി ആസാദ് പത്രസമ്മേളനം നടത്തിയിട്ട് ഒരഭിമുഖത്തിൽ പറഞ്ഞു 'പഴയതുപോലെ പി.സി.സി.(പ്രദേശ് കോൺഗ്രസ് കമ്മറ്റി)-കൾ എന്നെ പ്രസംഗിക്കാൻ വിളിക്കുന്നില്ല, കാരണം ഞാൻ ന്യൂനപക്ഷ സമുദായക്കാരനും മുസൽമാനും ആയതുകൊണ്ട് പ്രസംഗിച്ചാൽ വോട്ട് കുറയുമെന്ന്' എന്ന് പറഞ്ഞത് ശ്രീ. ഗുലാംനബി ആസാദ് ആണ്. നിങ്ങൾ ആലോചിച്ച് നോക്കണം. ഇപ്പോൾ എം. പി.

ആയിരിക്കുന്ന കേരളത്തിലെ പഴയ കെ.പി.സി.സി. പ്രസിഡന്റ് അഹമ്മദ് പട്ടേലിനെ 'അലുമിനിയം പട്ടേൽ' എന്ന് വിളിച്ചു. അഹമ്മദ് പട്ടേലിന്റെ അവസാന കാലത്ത് ഇതുപോലെ അവഗണിക്കപ്പെട്ട ഒരാളാണ്. എന്തിനാണ് ഇങ്ങനെയൊക്കെ പറയുന്നത്, ഡൽഹിയിൽ ഷീലാ ദീക്ഷിതിന്റെ കാലത്ത് അവിടെ ഡെപ്യൂട്ടി സ്പീക്കറായിരുന്ന ഷുഹൈബ് ഇക്ബാൽ 2019 ഏപ്രിൽ മാസം ശ്രീ. രാഹുൽ ഗാന്ധിക്ക് കത്ത് കൊടുത്തു. അതിൽ പറയുന്നത് ഒരു മുസൽമാനെയെങ്കിലും ഡൽഹിയിൽ മൽസരിപ്പിക്കണമെന്നാണ്. ഇതെല്ലാം കോൺഗ്രസ്സിന്റെ ന്യൂനപക്ഷ പ്രേമമാണ്! കോൺഗ്രസ് ന്യൂനപക്ഷ വിഭാഗങ്ങളെ പരിഗണിച്ചതിന്റെ ഒരു കണക്കുണ്ട്. 10 ശതമാനം മുസ്ലീം ജനവിഭാഗങ്ങളുള്ള ഗുജറാത്തിൽ 2017-ൽ 157 സീറ്റിൽ കോൺഗ്രസ് മൽസരിച്ചപ്പോൾ അവിടെ മുസ്ലീം സ്ഥാനാർത്ഥികൾ വെറും 5 ശതമാനം മാത്രമാണ്. 20 ശതമാനമുള്ള യു.പി.-യിൽ 2017-ൽ 105 സീറ്റിൽ മുസ്ലീം സ്ഥാനാർത്ഥികൾ മത്സരിച്ചപ്പോൾ കോൺഗ്രസ്സിന്റെ സീറ്റ് 7 ആണ്. 12 ശതമാനം മുസ്ലീം ന്യൂനപക്ഷമുള്ള മഹാരാഷ്ട്രയിൽ 145 സീറ്റിൽ കോൺഗ്രസ് മൽസരിച്ചപ്പോൾ 9 സീറ്റിലാണ് മുസ്ലീം സമുദായത്തിലെ ആളുകൾ മൽസരിച്ചത്. 90 സീറ്റുള്ള ഹരിയാനയിൽ കേവലം 6 സീറ്റിൽ മാത്രമാണ് മുസ്ലീം സമുദായത്തിലുള്ളവരെ

മൽസരിപ്പിച്ചത്. അപ്പോൾ ന്യൂനപക്ഷ വിഭാഗങ്ങളെ അവഗണിക്കപ്പെടുന്നു എന്നുള്ളത് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രഖ്യാപനമല്ല. കോൺഗ്രസ് പാർട്ടി ഹിന്ദുത്വ പാർട്ടിയായി, ഹിന്ദു വർഗ്ഗീയവാദികളെ പ്രീണിപ്പിക്കുന്ന പ്രസ്ഥാനമായി മാറിയിരിക്കുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമല്ലേ. അത് നിങ്ങൾ അംഗീകരിക്കണം. കാരണം കോൺഗ്രസ്സിപ്പോൾ ഗാന്ധിജിക്ക് അല്ല പഠിക്കുന്നത് നരേന്ദ്രമോദിക്ക് പഠിക്കുന്നു എന്നുള്ളതാണ് യാഥാർഥ്യം. ജനാധിപത്യത്തെയും ഭരണഘടനയെയും സംരക്ഷിക്കണം എന്നൊക്കെ ഇവിടെ വലിയ തോതിൽ സംസാരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ ഇന്നലെ ലോകായുക്തയുമായി ബന്ധപ്പെട്ട് ഭരണഘടനയൊക്കെ ക്വാട്ട് ചെയ്ത് വലിയ തോതിൽ സംസാരിച്ചു. കേരള നിയമസഭയിൽ അംഗമായിരുന്ന ചെറുപ്പക്കാരനെ അടിയന്തരാവസ്ഥ കാലത്ത് പിടിച്ചുകൊണ്ടുപോയി ലോക്കപ്പിലിട്ട് അതിനിഷ്ഠൂരമായി ആക്രമിച്ച്, മർദ്ദനത്തിന് വിധേയനാക്കിയിരുന്നു. ആ ആളാണ് ഇന്നത്തെ കേരളത്തിന്റെ മുഖ്യമന്ത്രി. ആ മുഖ്യമന്ത്രിയുടെ മുഖത്ത് നോക്കിയിട്ടാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഡെമോക്രസിയുടെ സ്റ്റഡി ക്ലാസ് നടത്തുന്നത്. ഉളുപ്പുവേണം കോൺഗ്രസിന്. ഇവിടെ ജനാധിപത്യത്തെക്കുറിച്ച് സംസാരിക്കാൻ, ഭരണഘടനയെക്കുറിച്ച്

സംസാരിക്കാൻ കോൺഗ്രസ് ദയവുചെയ്ത് ഞങ്ങളെ പഠിപ്പിക്കരുത്. കെ-റെയിൽ വരാതിരിക്കാൻ വേണ്ടിയുള്ള മഹാസഖ്യം ഉണ്ടാക്കിയിരിക്കുകയാണ്. ബി.ജെ.പി.-ക്കെതിരെ ബഹുമാന്യയായ വടകര അംഗം പ്രസംഗിക്കുന്നത് കേട്ടപ്പോൾ എല്ലായിടത്തും ആവേശമായി. രണ്ട് മാസം മുമ്പ് ശ്രീ. കെ. സുരേന്ദ്രൻ സെക്രട്ടേറിയറ്റിന് മുമ്പിൽ പ്രസംഗിച്ചപ്പോൾ ബഹുമാന്യയായ വടകര അംഗം കയ്യടിച്ചത് ഞങ്ങൾ കണ്ടു. എന്നിട്ടാണ് ഞങ്ങളോട് ബി.ജെ.പി.-ക്കെതിരായിട്ടുള്ള പ്രസംഗം നടത്തുന്നത്. അപമാനകരമല്ലാതെ വേറെയെന്ത് പറയാനാണ്? ആൾ ഇൻഡ്യാ മെഡിക്കൽ സയൻസസ് ഇവിടെയില്ല, ഇവിടെ പത്തോ പന്ത്രണ്ടോ വർഷങ്ങൾക്കുമുമ്പ് കോച്ച് ഫാക്ടറിക്ക് കല്ലിട്ടതിന്റെ ആഘോഷം നടത്തി. കോച്ച് ഫാക്ടറി, ശബരിപാത എന്നിവ സംബന്ധിച്ച് എന്തെങ്കിലും ഒരു പ്രതിഷേധം ഇവർക്കാർക്കെങ്കിലും ഉണ്ടോ; എന്തെങ്കിലും ഒരു രോഷം ഇതിനെതിരായി ഡൽഹിയിൽ സംഘടിപ്പിക്കാൻ ബഹുമാനപ്പെട്ട പാർലമെന്റ് അംഗങ്ങൾക്ക് സമയമുണ്ടോ? ഇവിടെ കെ-റെയിലിനെതിരായി പ്രസംഗം നടത്തുന്ന ബഹുമാനപ്പെട്ട പാർലമെന്റ് അംഗങ്ങൾതന്നെ കേരളത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി സമ്പത്തില്ല, സമ്പത്തില്ല, എന്ന് കരയുന്നുണ്ടല്ലോ, മൂന്നര ശതമാനം ഉണ്ടായത് ഒന്നര ശതമാനമായി

വെട്ടിക്കുറച്ചതിനെതിരായി എന്തെങ്കിലും ഒരു പരാമർശം കേരളത്തിൽനിന്നുള്ള ബഹുമാനപ്പെട്ട പാർലമെന്റംഗങ്ങൾ ഡൽഹിയിൽ നടത്തിയിട്ടുണ്ടോ? ഒന്നും നടത്താൻ ഇവർക്ക് നേരമില്ല. അന്ധമായ മാർക്സിസ്റ്റ് വിരോധം ഇവരെ നയിക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ട് ഞാൻ അത്തരം കാര്യങ്ങളിലേയ്ക്ക് കൂടുതലായി കടക്കുന്നില്ല. ഇൻഡ്യയിൽ പെൺകുട്ടികളുടെ വിവാഹപ്രായം ബി.ജെ.പി. ഗവൺമെന്റ് ഇരുപത്തിയൊന്ന് വയസ്സാക്കി. എല്ലാ രാഷ്ട്രീയ പാർട്ടികളും അഭിപ്രായം പറഞ്ഞു. എന്താണ് കോൺഗ്രസിന്റെ അഭിപ്രായം? കോൺഗ്രസ് അഭിപ്രായം പറയണം. All India Congress Committee ഇപ്പോഴും അഭിപ്രായം പറഞ്ഞിട്ടില്ല. കോൺഗ്രസിന് അഭിപ്രായം പറയാൻ ഭയമാണ്. കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കല്ല ഭയം, കോൺഗ്രസിനാണ്, കോൺഗ്രസ്സ് ബി.ജെ.പി.-യുടെ നിലപാടുകളിൽ അഭിപ്രായം പറയാൻ കഴിയാത്ത രീതിയിലേയ്ക്ക് മാറിയിരിക്കുന്നു. ഈ മന്ത്രിസഭ അധികാരത്തിൽ വന്നപ്പോൾ തുടക്കത്തിൽ എന്തൊക്കെയായിരുന്നു പറഞ്ഞിരുന്നത്. കുട്ടികൾ കൂടുതലായി എസ്.എസ്.എൽ.സി. പാസ്സായപ്പോൾ സീറ്റില്ല എന്നുപറഞ്ഞു. ഇപ്പോൾ എല്ലാവർക്കും സീറ്റായി. സീറ്റ് കിട്ടിയതിനുശേഷം കുട്ടികൾക്ക് പഠിക്കാൻ ഉപകരണമില്ലെന്ന് പറഞ്ഞു. ഇന്ത്യാ മഹാരാജ്യത്ത് ഏറ്റവും

കൂടുതൽ ഡിജിറ്റൽ ഡിവൈസ് കൊടുത്ത സംസ്ഥാനമായി കേരളം മാറി. അതുകൊണ്ട് കേരളത്തിലെ ഗവൺമെന്റിനെതിരായി നിങ്ങൾ ഉയർത്തികൊണ്ടുവരുന്ന എല്ലാ തരത്തിലുമുള്ള സമരങ്ങളും പരാജയപ്പെടുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഏറ്റവും മികവാർന്ന രീതിയിൽതന്നെ മുന്നോട്ടുപോകും. തലശ്ശേരിയിലെ കലാപത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. തലശ്ശേരിയിലെ മുസ്ലീം മതന്യൂനപക്ഷത്തെ സംഘ് പരിവാർ 1970-കളിൽ വേട്ടയാടിയപ്പോൾ മുസ്ലീംലീഗിന്റെ നേതാക്കന്മാർ എവിടെയായിരുന്നു? കോഴിക്കോട്ടിലാണ് കയറി ഒളിച്ചത്. അന്ന് മുസ്ലീം മതന്യൂനപക്ഷത്തെ സംരക്ഷിക്കാൻ മുന്നിൽനിന്ന് പ്രവർത്തിച്ചത് ഇടതുപക്ഷമായിരുന്നുവെന്ന കാര്യം യാഥാർഥ്യമാണ്. അതുകൊണ്ട് ആ വർത്തമാനം ഒന്നും ഇവിടെ പറയണ്ട. സമയക്കുറവുകാരണം കൂടുതൽ കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മഞ്ഞളാംകുഴി അലി)

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, ഗവർണറുടെ നയപ്രഖ്യാപനപ്രസംഗത്തെ

ആസ്പദപ്പെടുത്തി ബഹുമാന്യനായ ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ സർവ്വാത്മനാ ഞാൻ പിന്താങ്ങുന്നു. ഒരു ഗവൺമെന്റിന്റെ നയപ്രഖ്യാപനമെന്നത് ആ ഗവൺമെന്റ് പ്രതിനിധീകരിക്കുന്ന ജനങ്ങളുടെയും സംസ്ഥാനത്തിന്റെയും നാടിന്റെയും പൊതുവായ സാമ്പത്തിക സാമൂഹിക യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളുന്നതായിരിക്കണം. ആ നിലയിലാണ് സഖാവ് പിണറായി ഗവൺമെന്റിന്റെ രണ്ടാമത് നയപ്രഖ്യാപന പ്രസംഗത്തിലെ ഉള്ളടക്കം പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത്. ഇരുന്നൂറ്റി പന്ത്രണ്ട് ഖണ്ഡികകളുള്ള ഈ രേഖ ഒരു ബദൽ രേഖയാണ്. ഇവിടെ നമ്മൾ ബഡ്ജറ്റ് അവതരിപ്പിക്കാൻ പോകുന്നതേയുള്ളൂ. പക്ഷെ നയപ്രഖ്യാപനമാണ് നമ്മൾ ഇപ്പോൾ അവതരിപ്പിച്ചത്. എല്ലാ മേഖലകളെയും സ്പർശിക്കുന്ന ബദൽ നയത്തിന്റെ രേഖയാണത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. പക്ഷെ കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ ഒരു ബഡ്ജറ്റ് അവതരിപ്പിച്ചല്ലോ. ഇവിടെ 41 സീറ്റിൽ യു.ഡി.എഫ്.-കാരെ വിജയിപ്പിച്ചതുതന്നെ ഞങ്ങൾക്ക് അബദ്ധം പറ്റി എന്ന നിലയിൽ ഇന്ന് കേരളീയ സമൂഹം ചിന്തിക്കുകയാണ്. അതുമാത്രമല്ല, പാർലമെന്റിലേയ്ക്ക് 18 പേരെ ജയിപ്പിച്ച് അയച്ചതിലും ഞങ്ങൾക്ക് പിശക് പറ്റി എന്ന് ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. 98,000 കോടി രൂപ കഴിഞ്ഞ

വർഷം തൊഴിലുറപ്പിനുവേണ്ടി നീക്കിവച്ചിട്ട് അത് 73,300 കോടിയായി ചുരുക്കിയ ഈ സന്ദർഭത്തിൽ ഇവിടെനിന്നും തെരഞ്ഞെടുക്കപ്പെട്ടുപോയ 18 പേർ അവരുടെ നാവനക്കിയോ? കേന്ദ്ര ഗവൺമെന്റിന്റെ പരിധിയിൽ വരുന്ന മേഖലകളിൽ 875000-ത്തോളം ഉദ്യോഗസ്ഥ ഒഴിവുകളുണ്ട്. ആ ഒഴിവുകളിൽ ഉദ്യോഗനിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കാര്യങ്ങൾ പറഞ്ഞോ? പെട്രോളിയം വിലവർദ്ധനവിനെ സംബന്ധിച്ചും കാർഷിക മേഖലയുമായും ഭക്ഷ്യ മേഖലയുമായും ബന്ധപ്പെട്ട് നൽകിയിരുന്ന സബ്സിഡി വെട്ടിക്കുറച്ചതുമായി ബന്ധപ്പെട്ടും കേരളത്തോട് കാണിക്കുന്ന കടുത്ത അവഗണനയെ സംബന്ധിച്ച് എന്തെങ്കിലും രണ്ട് വാക്ക് ഉരിയാടാൻ ഈ കേരളത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടുപോയ 18 പേർക്കും കഴിഞ്ഞില്ല എന്ന ദുഃഖസത്യം നമ്മൾ മനസ്സിലാക്കണം. അതുകൊണ്ട് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 18 പേരെ ജയിപ്പിച്ചതും നിയമസഭാ തെരഞ്ഞെടുപ്പിൽ 41 പേരെ ജയിപ്പിച്ചതും ഞങ്ങൾക്ക് പറ്റിയ പിശകാണ്, തെറ്റാണ് എന്ന് സ്വയം വിമർശനപരമായി തിരുത്തിക്കൊണ്ട് ജനങ്ങൾ മുന്നോട്ടുപോകുകയാണ് എന്നർത്ഥം.  സാധാരണ നമ്മുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്. 'വെടിക്കെട്ടുകാരന്റെ വീട്ടിലെ കുട്ടികളെ ഉടുക്ക് കൊട്ടി പേടിപ്പിക്കരുത്' എന്ന്. വെടിക്കെട്ടുകാരന്റെ വീട്ടിലെ കുട്ടികളെ ഉടുക്ക് കൊട്ടി

പേടിപ്പിക്കാൻ വന്നാൽ പേടിക്കില്ല. അതുകൊണ്ട് അത്തരത്തിൽ മറ്റെല്ലാ രീതിയിലുമുള്ള നിലപാടുകൾ മാറ്റി വയ്ക്കുകയാണ് ചെയ്യേണ്ടത്. നിങ്ങൾക്ക് വിഷാദരോഗം ബാധിച്ചിരിക്കുന്നു, ചിത്തഭ്രമം ബാധിച്ചിരിക്കുന്നു. ഇവിടെ ചില ബഹുമാന്യരായ മെമ്പർമാർ പറഞ്ഞു, ഇവിടെ അവതരിപ്പിക്കപ്പെട്ട നയപ്രഖ്യാപനം ആവർത്തനമാണെന്ന്. ആവർത്തനം തന്നെയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ രണ്ടാമത് ഗവൺമെന്റ് വന്നത് ആവർത്തനം തന്നെയല്ലേ? ആ ഗവൺമെന്റിന് ഒരു നയപ്രഖ്യാപനമുണ്ട്, ഒരു മാനിഫെസ്റ്റോയുണ്ട്, ഒരു പ്രകടനപത്രികയുണ്ട്. അതിൽ പറയുന്ന കാര്യങ്ങളെ ആസ്പദമാക്കിക്കൊണ്ടാണ് ഓരോ വർഷവും നയപ്രഖ്യാപനം നടത്തുന്നത്. അത് നിങ്ങൾക്ക് ഒരുപക്ഷെ സഹിക്കാൻ കഴിയില്ല. കാരണം നിങ്ങൾ മനക്കോട്ട കെട്ടിയിരുന്നത് അടുത്ത ഗവൺമെന്റ് യു.ഡി.എഫ്.-ന്റേതാകും എന്നായിരുന്നു. അങ്ങനെയല്ല സംഭവിച്ചത് എന്നുള്ളതുകൊണ്ട് നിങ്ങൾക്ക് ചിത്തഭ്രമവും വിഷാദരോഗവും ബാധിക്കുകയാണ് ചെയ്തത്. അതിന് സ്വയം ചികിത്സിക്കുകയാണ് നല്ലത് എന്നു മാത്രമേ ഇതിനെ സംബന്ധിച്ച് പറയാനുള്ളൂ. ഞാൻ മറ്റ് സ്റ്റാറ്റിസ്റ്റിക്സ് ഒന്നും പറയുന്നില്ല, മറ്റ് പലരും അക്കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. എല്ലാം രേഖയിലുണ്ടാകും. 2016 മുതൽ നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യം

വച്ചുകൊണ്ടാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ ഗവൺമെന്റ് മുന്നോട്ടുപോയത്. അതിന്റെ തുടർച്ച എന്ന നിലയിൽതന്നെ ഈ ഗവൺമെന്റും മുന്നോട്ടുപോകുന്നു. അതിനുള്ള ഒട്ടേറെ ഘടകങ്ങൾ ഇവിടെ വിശദീകരിക്കാനുണ്ട്, പക്ഷെ ഞാൻ വിശദീകരിക്കുന്നില്ല. എല്ലാ മേഖലകളിലും എല്ലാ വകുപ്പുകളും മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ച് ജനവിശ്വാസം നേടിക്കൊണ്ട്, ജനപക്ഷത്തുനിന്നുകൊണ്ട് നിലപാട് സ്വീകരിച്ചുപോകുകയാണ്. ഇപ്പോൾതന്നെ പരീക്ഷയിൽ ഗ്രേഡിംഗ് സമ്പ്രദായമാണ്, മാർക്ക് സിസ്റ്റമല്ല. അതുകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിലെ പങ്കാളികളായ മന്ത്രിമാർക്കും അവരുടെ ഭാഗമായിട്ടുള്ള ക്യാബിനറ്റിനും മന്ത്രിസഭാ പ്രവർത്തനങ്ങൾക്കും ഈ ഗവൺമെന്റിനും ഫുൾ എ പ്ലസ് ആണ്. ഫുൾ എ പ്ലസ് ലഭിച്ച ഗവൺമെന്റാണിത്. ഓരോ വകുപ്പിനെ സംബന്ധിച്ചും പറഞ്ഞ് ഞാൻ വിശദീകരിക്കുന്നില്ല. ജനക്ഷേമം, ആശുപത്രി, റേഷൻ സംവിധാനം, പുതിയ ആളുകൾക്ക് റേഷൻ കാർഡ് കൊടുക്കൽ, കാർഷിക മേഖലയിലെ സബ്സിഡികൾ, വ്യവസായ മേഖലയിലുണ്ടായ വിപ്ലവ കുതിപ്പ് അങ്ങനെ കേരളത്തിന്റെ മുഖഛായതന്നെ മാറ്റാനാവശ്യമായ പശ്ചാത്തല സൗകര്യവികസനത്തിനുവേണ്ടി കണ്ണഞ്ചിപ്പിക്കുന്ന രൂപത്തിലുള്ള

പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഗെയിൽ പദ്ധതി ഇട്ടിട്ട് പോയവരാണിവർ. നാലാൾ ഭീഷണിപ്പെടുത്തിയപ്പോൾ, കണ്ണുരുട്ടിയപ്പോൾ, ജാതി-മത സംഘടനക്കാരുടെ പിൻബലത്തിൽ അധികാരത്തിൽവന്ന ഗവൺമെന്റ് ആ പദ്ധതി ഉപേക്ഷിച്ചു. ഗെയിൽ പൈപ്പ് ലൈൻ വന്നാൽ പ്രകൃതി സൗഹൃദമാകില്ല, അതുപോലെ മലിനീകരണ പ്രശ്നങ്ങളും ജനങ്ങൾക്ക് ആരോഗ്യപ്രശ്നങ്ങളുമുണ്ടാകും, സംസ്ഥാനത്തെ രണ്ടായി വിഭജിക്കും എന്നൊക്കെയല്ലേ നിങ്ങൾ പറഞ്ഞത്? അങ്ങനെ നിങ്ങൾ ഇട്ടിട്ടുപോയ ഗെയിൽ പൈപ്പ് ലൈൻ പദ്ധതി പ്രാവർത്തികമായി. എന്റെ വീടിന്റെ തൊട്ടുമുന്നിലൂടെയാണ് ആ ലൈൻ പോകുന്നത്. അവിടെയൊക്കെതന്നെ ഭൂമി കൊടുക്കേണ്ടിവന്ന കൃഷിക്കാരന് മെച്ചപ്പെട്ട നിലയിലുള്ള വില നൽകി. മാത്രമല്ല, ആ ഭൂമിയിൽ അവർ വാഴകൃഷിയും നെൽകൃഷിയും നടത്തുന്നു. എന്തെല്ലാം പ്രചരണമായിരുന്നു നടന്നിരുന്നത്. ഗെയിൽ പൈപ്പ് ലൈൻ പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് മനസ്സാക്ഷിക്കുത്തുണ്ട്. ആ മനസ്സാക്ഷിക്കുത്ത് വീണ്ടും വീണ്ടും തികട്ടിതികട്ടി വരികയാണ്. ഒരുദാഹരണം പറയാം, മറ്റ് കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞു. ഇപ്പോൾ കെ-റെയിലിനെ സംബന്ധിച്ചാണ് പറയുന്നത്. ഒന്നുകിൽ കെ-റെയിൽ വേണമെന്ന് പറയുക, അല്ലെങ്കിൽ

വേണ്ടെന്നുപറയുക. എന്താണ് നിങ്ങളുടെ നിലപാട്? നമ്മുടെ നാട്ടിലൊക്കെതന്നെ ഭർത്താക്കന്മാരുടെ പേര് ഭാര്യമാർ പറയില്ല, പകരം ബഹുമാനസൂചകമായി 'കുട്ടികളുടെ അച്ഛൻ' എന്നേ പറയൂ. ഒന്നുകിൽ കെ-റെയിൽ വേണം എന്നുപറയുക, അല്ലെങ്കിൽ വേണ്ട എന്നുപറയുക, ഇത് രണ്ടും ഇല്ലാതെ 'വേണ്ടണം' എന്നുപറയുന്ന ഒരു നിലപാട് സ്വീകരിച്ചുപോകുന്നത് ഭൂഷണമല്ല എന്നുമാത്രമാണ് എനിക്ക് അതിനെ സംബന്ധിച്ച് പറയാനുള്ളത്.

മറ്റൊന്ന്, ഇന്നലെ ബഹുമാന്യനായ കടകംപള്ളി സുരേന്ദ്രൻ വള്ളത്തോളിന്റെ പ്രസിദ്ധമായ രണ്ട് വരി പാടിക്കൊണ്ടാണ് അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ചത്. അതിൽ പറയുന്നത്;

'ഭാരതമെന്ന പേർ കേട്ടാൽ

അഭിമാനപൂരിതമാകണം അന്ത:രംഗം;

കേരളമെന്നുകേട്ടാലോ തിളയ്ക്കണം

ചോര നമുക്കു ഞരമ്പുകളിൽ' എന്നാണ്.

എന്നാൽ ഇവിടത്തെ യു.ഡി.എഫ്.-കാർക്ക് കേരളം എന്നുകേൾക്കാനുള്ള സാവകാശമില്ല, 'കെ' എന്നുകേട്ടാൽ അവർക്ക് രക്തം തിളയ്ക്കും. കെ-ഫോൺ; രക്തം തിളച്ചു, കെ-റെയിൽ; രക്തം തിളച്ചു, കിഫ്ബി എന്നുകേട്ടാലും രക്തം

തിളയ്ക്കും. കേരളം എന്നുപോലും കേൾക്കാനുള്ള സാവകാശമില്ലാതെ 'കെ' എന്നുകേൾക്കുമ്പോൾ രക്തം തിളച്ചുപോകുന്ന ഈ നിലപാടുണ്ടല്ലോ, ആ നിലപാട് മാറ്റിയേ പറ്റൂ. കഷണ്ടിക്കും അസൂയക്കും മരുന്നില്ല എന്ന് നാട്ടിൽ പറയാറുണ്ട്. അത് കഷണ്ടിയുള്ള ആളുകളെ മോശപ്പെടുത്താനല്ല. കഷണ്ടിക്കും അസൂയക്കും മരുന്നില്ല എന്നുപറയുന്നതുപോലെ യു.ഡി.എഫ്.-കാരുടെ ഈ അസൂയക്ക് മരുന്നില്ല എന്നുള്ളതാണ് വസ്തുത. പ്രായോഗിക രംഗത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ തിരുത്തിയേ പറ്റൂ. ജനപക്ഷത്താണ് നിങ്ങൾ നിൽക്കുന്നതെങ്കിൽ നിങ്ങൾ നിലപാട് തിരുത്തണം. വിജ്ഞാന സമ്പദ് വ്യവസ്ഥയിലേയ്ക്ക് ഈ കേരളത്തെ കൊണ്ടുപോകാനുള്ള പരിശ്രമങ്ങളാണ് നടക്കുന്നത്. അതിന്റെ ഭാഗമായുള്ള ഭൗതിക പശ്ചാത്തലങ്ങൾ ഒരുക്കണം, ഡിജിറ്റൽ സംവിധാനങ്ങൾ ഉണ്ടാക്കണം. ആധുനിക കേരള സൃഷ്ടിക്കുവേണ്ടി പരിശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ നിഷേധാത്മകമായ നിലപാട് സ്വീകരിക്കുന്നത് ഉചിതമല്ല എന്നുമാത്രമാണ് അവരോട് പറയാനുള്ളത്.

മഹാപ്രളയങ്ങൾ, ഓഖി ദുരന്തം, കോവിഡ് മഹാമാരി അങ്ങനെ ഒട്ടേറെ പ്രകൃതി ദുരന്തങ്ങളെ അതിജീവിച്ചും അഭിമുഖീകരിച്ചുംകൊണ്ടാണ് ഈ ഗവൺമെന്റ് സഞ്ചരിച്ചത്. അത് നിങ്ങൾ മറന്നിട്ടുണ്ട്. കേന്ദ്രത്തിന്റെ

ശക്തമായ രീതിയിലുള്ള എതിർപ്പും ഫണ്ട് വെട്ടിക്കുറയ്ക്കലും ഉണ്ടായിരുന്ന സാമൂഹിക പശ്ചാത്തലത്തിലാണ് കേരളത്തിലെ ആദ്യത്തെ ഗവൺമെന്റ് മുന്നോട്ടുപോയത്. ആ ഗവൺമെന്റിൽ ജനങ്ങൾ വിശ്വാസമർപ്പിച്ചതുകൊണ്ടാണ് വർദ്ധിത ഭൂരിപക്ഷത്തോടുകൂടി രണ്ടാമതും തെരഞ്ഞെടുക്കപ്പെട്ടുവന്നത്. അങ്ങനെയുള്ള ഈ ഗവൺമെന്റിന്റെ ഭരണ നടപടിയുമായി ബന്ധപ്പെട്ടുകൊണ്ട് സർക്കാർ ഏജൻസികൾ അവാർഡുകൾ പ്രഖ്യാപിക്കുമ്പോഴാണ് നിങ്ങൾക്ക് ഇരിക്കപ്പൊറുതിയില്ലാതാകുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രവർത്തന മികവിന് അവാർഡ് ലഭിച്ചാൽ അതൊരു കടലാസ്സായും യു.ഡി.എഫ്.-കാർക്ക് ലഭിച്ചാൽ അത് സർട്ടിഫിക്കറ്റായും കണക്കാക്കുന്ന ഈ നിലപാട് എന്ത് നിലപാടാണ്? ഓണത്തിന് കൊടുക്കുമ്പോൾ 'ഓണപ്പുടവ' എന്നാണ് പറയാറുള്ളത്. ഓണം കഴിഞ്ഞ് കൊടുത്താൽ 'മുണ്ട്' എന്നുപറയും. എൽ.ഡി.എഫ്.-ന് അവാർഡ് കിട്ടുമ്പോൾ അതൊക്കെ എന്തോ ഒരു കടലാസ്സ് കിട്ടി എന്നാണ്. ഇവർക്ക് ലഭിക്കാത്ത അവാർഡ് കിട്ടി എന്നുപറഞ്ഞുകൊണ്ട് പ്രചരിപ്പിക്കുന്ന ഈ നിലപാട് നമുക്ക് ഭൂഷണമല്ല എന്നാണ് സൂചിപ്പിക്കാനുള്ളത്. അതുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ രണ്ടാമത്തെ ഗവൺമെന്റിന്റെ തുടർച്ച അനുസ്യൂതം

മുന്നോട്ടുപോകുകയാണ്. അങ്ങനെ മുന്നോട്ടുപോകുമ്പോൾ പ്രതിബന്ധങ്ങളും പ്രതിസന്ധികളും അതുപോലെതന്നെ ലോകായുക്തയുടെ പേരും ഭരണഘടനയുടെ പേരും ഗവർണറുടെ പേരുമൊന്നും പറഞ്ഞ് നിങ്ങൾ ഭീഷണിപ്പെടുത്തേണ്ട. അങ്ങനെ ഭീഷണിക്ക് വഴങ്ങുന്നവരല്ല ഞങ്ങൾ. അപ്പോൾ അത്തരത്തിൽ ഭീഷണിപ്പെടുത്തിയാൽ ഭീഷണിപ്പെടുത്തുന്ന ആളുകൾ ജനങ്ങളിൽനിന്നും ഒറ്റപ്പെടും എന്നല്ലാതെ ഈ ഗവൺമെന്റ് അതിന്റെ നയസംവിധാനവുമായി മുന്നോട്ടുപോകുകതന്നെ ചെയ്യും എന്ന കാര്യത്തിൽ ആർക്കും സംശയം വേണ്ട. അതിന്റെ ഭാഗമായി സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകും.

Mr. Chairman: Time is over, Please....

ശ്രീ. പി. മമ്മിക്കുട്ടി: സർ, കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി എന്തോ ഒരു കത്തിനെ സംബന്ധിച്ച് പറഞ്ഞു. കേന്ദ്ര ഗവൺമെന്റിന്റെ അനുവാദവും സമ്മതവുമില്ലാതെ ഒരു പദ്ധതി നടപ്പാക്കാൻ കഴിയില്ല. അത് ഞങ്ങൾക്ക് നന്നായിട്ടറിയില്ലേ. അതിന്റെ അടിസ്ഥാനത്തിലല്ലേ ഞങ്ങൾ മുന്നോട്ടുപോകുന്നത്. ബന്ധപ്പെട്ട കേന്ദ്രങ്ങളിൽനിന്നുള്ള അനുമതിയും അംഗീകാരവും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവർത്തനം

നടത്തിപ്പോകണം. ഇതിന്റെ അടിസ്ഥാനത്തിലുണ്ടാകുന്ന നേട്ടങ്ങൾ നമുക്കെല്ലാവർക്കുമുള്ളതാണ്. ഒരു കൂട്ടർക്ക് മാത്രമല്ല, ഈ കേരളീയ സമൂഹത്തിനുള്ളതാണ്, നാടിനുള്ളതാണ്, രാജ്യത്തിനുള്ളതാണ്. അതുകൊണ്ട് നമുക്ക് അനുഭവിക്കാൻ കഴിയുന്ന രീതിയിലേയ്ക്ക് ഒരുമിച്ച് പോകാനാകണം. വിമർശനങ്ങളാകാം, പക്ഷെ വിമർശനങ്ങൾ നടത്തുമ്പോൾ സ്വയം വിമർശനങ്ങൾ ഉണ്ടാകണം എന്നർത്ഥം. ഈ സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ എഴുപത്തിയഞ്ചാമത് വാർഷികം ആഘോഷിക്കുന്ന ഈ കാലത്ത് അതിൽ മഹാഭൂരിപക്ഷം വർഷവും കേന്ദ്ര ഭരണം കയ്യാളിയ ഒരു പാർട്ടിയല്ലേ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് എന്ന പാർട്ടി? ഇവരുടെ സംസാരം കേട്ടാൽ ഇവർക്കൊന്നും ഒരു പങ്കുമില്ല, ഇവർ എന്തോ പുതുതായി പ്രത്യക്ഷപ്പെട്ട കൂട്ടർ എന്ന് തോന്നും.

Mr. Chairman: Time is over. Please conclude.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് മഹാഭൂരിപക്ഷം കാലത്തും രാജ്യം ഭരിച്ചിട്ടും കാര്യമായി ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ഞാൻ അവസാനിപ്പിക്കുകയാണ്. പാലക്കാട് കോച്ച് ഫാക്ടറിയെക്കുറിച്ച് ആരോ ഇവിടെ പറഞ്ഞു. 2012-ൽ പിറവം ഉപതെരഞ്ഞെടുപ്പ് വന്നപ്പോൾ അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും

യു.ഡി.എഫ്.-കാരും ആലോചിച്ച് പാലക്കാട് കോച്ച് ഫാക്ടറിക്ക് കോട്ടമൈതാനത്ത് ഒരു തറക്കല്ലിട്ടു. കോച്ച് ഫാക്ടറി കഞ്ചിക്കോടാണ്, പക്ഷെ തറക്കല്ലിട്ടത് കോട്ടമൈതാനത്താണ്. ശ്രീ. ഉമ്മൻ ചാണ്ടി ഉൾപ്പെടെയുള്ളവരും കേന്ദ്രമന്ത്രിയും അന്നത്തെ എം.പി. ആയിരുന്ന ശ്രീ. എം. ബി. രാജേഷും സന്നിഹിതനായിരുന്നു. ഇപ്പോൾ 'ബാപ്പ പത്തായത്തിലുമില്ല അകത്തുമില്ല' എന്ന് പറഞ്ഞതുപോലെ കോട്ടമൈതാനത്ത് ഇട്ട കല്ലും കാണാനില്ല ഉദ്ഘാടനവും കാണാനില്ല, കല്ല് അവിടെ ഉണ്ടോയെന്ന് അന്വേഷിക്കണം. അതുകൊണ്ട് സിൽവർ ലൈനിന്റെ കല്ല് എടുത്തു മാറ്റാൻ ശ്രമിക്കുന്ന ആളുകൾ ആദ്യം ആ കോട്ടമൈതാനത്ത് 12 കൊല്ലം മുൻപ് സ്ഥാപിക്കപ്പെട്ട കോച്ച് ഫാക്ടറി ഉദ്ഘാടനത്തിന്റെ കല്ല് ആദ്യം എടുത്തു മാറ്റണം. നിങ്ങൾക്ക് മാത്രം പറ്റിയില്ലെങ്കിൽ 18 എം.പി.മാരെക്കൂടി വിളിക്കണം. മാത്രമല്ല, കേരളം വിട്ടുകൊടുത്ത 410 ഏക്കർ സ്ഥലവും അവിടെ സർവ്വേ നടത്തി സ്ഥാപിച്ച കല്ലും ഈ 18 എം.പി.മാരെ കൊണ്ടുപോയി മാറ്റണം എന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഇവിടെ അവതരിപ്പിക്കപ്പെട്ട നന്ദിപ്രമേയത്തെ പൂർണ്ണമായും ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ ഈ

നന്ദിപ്രമേയത്തെ എതിർക്കുകയാണ്. മുമ്പ് പ്രസംഗിച്ച ഗുരുവായൂർ, ഷൊർണ്ണൂർ എം.എൽ.എ.-മാരുടെ പ്രസംഗം കേട്ടാൽ കമ്മ്യൂണിസ്റ്റുകാർക്ക് ഇതെന്തുപറ്റിയെന്ന് നമുക്ക് തോന്നിപ്പോകും. ഇങ്ങനെയാണ് പ്രസംഗിക്കുന്നതെങ്കിൽ അധികം വൈകാതെ നിങ്ങൾ റണ്ണൗട്ടായിപ്പോകും. കേരളം ഒഴികെ മറ്റ് സംസ്ഥാനങ്ങളിൽ പോയിക്കഴിഞ്ഞാൽ സി.പി.ഐ.(എം.)-ന്റെ ചെങ്കൊടി കാണണമെങ്കിൽ റെയിൽവേ സ്റ്റേഷനിൽ പോകേണ്ട അവസ്ഥയാണ്. അവരാണ് രാജ്യം ഭരിക്കാൻ പോകുന്നത്. ശ്രീ. പ്രകാശ് കാരാട്ടോ ശ്രീ. സീതാറാം യെച്ചൂരിയോ പറയാത്ത കാര്യങ്ങളാണ് ഗുരുവായൂർ എം.എൽ.എ. ഇവിടെ പറഞ്ഞുകൊണ്ടിരുന്നത്. ശ്രീ. രാഹുൽ ഗാന്ധിയെ വിമർശിക്കുന്നു. അദ്ദേഹത്തെ വിമർശിച്ചുകൊണ്ട് ആരെയാണ് ഇവർ മുന്നോട്ടുനയിക്കാൻ പോകുന്നതെന്ന് പറയണ്ടേ. ഇത്രയേറെ അപകടം പിടിച്ച രീതിയിൽ ഈ രാജ്യം മുന്നോട്ടുപോകുമ്പോൾ ഇന്നും കമ്മ്യൂണിസ്റ്റുകാരൻ ഏത് കാര്യത്തിനും ജാതി പറഞ്ഞുകൊണ്ട് ആർ.എസ്.എസ്.-കാരന്റെ നിലയിലേയ്ക്ക് തരം താഴുന്നു. അതല്ലേ ഇവിടെ കാണാനിടയായതും ഗുരുവായൂർ എം.എൽ.എ. പറഞ്ഞതും. ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ പാർട്ടിക്കുള്ളിൽ പറയുന്നു. പ്രിയപ്പെട്ട സഖാക്കളേ സുഹൃത്തുക്കളേ, നിങ്ങൾ സ്വയം ഹിതപരിശോധന

നടത്തിയിട്ടുമതി ഈ രീതിയിലുള്ള ജാതി പറയുന്നത് എന്നുള്ളതാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. കേരള ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം ഞാൻ ആദ്യമായി നേരിട്ട് കേൾക്കുന്നത് 2016-ലാണ്. അന്ന് ബഹുമാനപ്പെട്ട ജസ്റ്റിസ് പി. സദാശിവം നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞതിങ്ങനെയാണ്. 'ഞങ്ങൾക്കൊരു നയമുണ്ട്. ആ നയം ഇതാണ് കാലൊച്ച കേൾക്കവേ വാതിൽ തുറക്കുക'. ഇന്ന് 2022-ൽ നമ്മുടെ ബഹുമാനപ്പെട്ട ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ പറയാതെ പറഞ്ഞത് കാലൊച്ച കേൾക്കവേ വാതിൽ അടയ്ക്കുക എന്നാണ്. ഇവിടെ നയപ്രഖ്യാപന പ്രസംഗം എഴുതിയത് ആരാണെന്ന് ഞാൻ ഗൂഗിളിൽ നോക്കിയപ്പോൾ എനിക്ക് കാര്യം മനസ്സിലായി, അത് ഗവർണറല്ല. നമ്മുടെ ബഹുമാനപ്പെട്ട എം. വി. ഗോവിന്ദൻ മാസ്റ്റർ എഴുതിയ പാർട്ടി ക്ലാസ്സുപോലെയാണ് തോന്നിയത്. അതിന് കാരണമുണ്ട്, ഞാൻ അത് വായിച്ച് കേൾപ്പിക്കാം. 15-ാം പേജിൽ 24-ാം പാരഗ്രാഫിൽ, 'താഴെത്തട്ടിലുള്ള പ്രചാരണ പ്രവർത്തനങ്ങൾ വഴി കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുള്ള യത്നങ്ങൾ ആരംഭിച്ചിട്ടുണ്ട്.' അതെനിക്ക് ഗൂഗിളിൽ നോക്കിയപ്പോൾ കിട്ടി. 'കേരളത്തിലെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഈയിടെ രാജ്യ തലസ്ഥാനം സന്ദർശിച്ചപ്പോൾ പഞ്ചായത്ത് രാജ്

മന്ത്രാലയ സെക്രട്ടറിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. മീനങ്ങാടി പദ്ധതിയും ചർച്ചയിൽ പരാമർശിക്കപ്പെട്ടു. പിന്നാലെയാണ് കാർബൺ ബഹിർഗമനം സന്തുലിതമാക്കുന്ന പദ്ധതി ദേശവ്യാപകമാക്കാനുള്ള തീരുമാനമായത്.' ഇത് മുമ്പ് വന്ന വാർത്തയാണ്. അത് നല്ല കാര്യമാണ്. അദ്ദേഹം ഇത് എഴുതിയതുകൊണ്ട് ഇവിടെ സൂചിപ്പിച്ചെന്നേയുള്ളൂ. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് അദ്ദേഹം നടത്തിയ പത്രസമ്മേളനത്തിന്റെപോലും പ്രസക്തി കിട്ടിയില്ല. അതിൽ പുതിയതായി എന്തെങ്കിലും ഒരു കാര്യമുണ്ടോ; യുവാക്കളുമായി ബന്ധപ്പെട്ട കാര്യമുണ്ടോ; കർഷകർക്കുവേണ്ടി എന്തെങ്കിലും ചെയ്യുന്നുണ്ടോ? ഇവിടെ ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ അദ്ദേഹം എത്തിയതുതന്നെ ആരോ കേക്ക് കൊടുത്തിട്ടാണ് എന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഞാൻ പലതവണ പോയി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ ഗവർണർക്ക് കേക്ക് കൊടുത്തിട്ടുണ്ടെന്ന് ശ്രീ. എ. കെ. ബാലൻ ഇവിടെ പറഞ്ഞു. അതിനേക്കാൾ മോശപ്പെട്ട മറുപടിയാണ് ഗവർണറിൽനിന്നുമുണ്ടായത്. ജോലി നഷ്ടപ്പെട്ടതുകൊണ്ട് ശ്രദ്ധ കിട്ടാനായിരിക്കും അദ്ദേഹം ഇത്തരം പ്രസ്താവന നടത്തുന്നതെന്നും അത് ബാലിശമാണെന്നുമാണ് അദ്ദേഹം പറഞ്ഞത്. ഒരേ നിലവാരത്തിലേയ്ക്ക്

എങ്ങനെ ഗവർണർക്കും ഗവൺമെന്റിനും മാറാൻ കഴിയുന്നു; അതിന് എത്രയെത്ര ഉദാഹരണങ്ങൾ നമുക്ക് പറയാൻ കഴിയും. ഞാൻ സമയപരിമിതികൊണ്ട് കൂടുതലായി കടന്നുപോകുന്നില്ല. കുറച്ചുകാര്യങ്ങൾകൂടി സൂചിപ്പിക്കാനുണ്ട്. ഇന്നലെ ഇവിടെ കെ-റെയിലുമായി ബന്ധപ്പെട്ട ചർച്ച വന്നപ്പോൾ എളിയവനായ ഞാൻ എന്റെ മണ്ഡലത്തിലൂടെ കടന്നുപോകുന്ന ശബരി റെയിൽവേയുമായി ബന്ധപ്പെട്ട കാര്യങ്ങൾകൂടി സൂചിപ്പിച്ചു. ഞാൻ പറഞ്ഞത്, ശബരി റെയിൽവേ തുടങ്ങിയിട്ട് 24 വർഷമായി. ഇന്നും ഭൂമി ഏറ്റെടുക്കാനോ അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മുന്നോട്ടുപോകാനോ കഴിഞ്ഞിട്ടില്ല. കല്ലിട്ട് പോയിരിക്കുകയാണ്. നിങ്ങൾക്കെന്നും കല്ലിടുന്ന ജോലി മാത്രമേയുള്ളൂ. അതിന് ഒരു തുകയും കിട്ടിയിട്ടില്ല. ഇന്നലെ ഞാൻ ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താണ് പറഞ്ഞത്, "അദ്ദേഹത്തിൽനിന്ന് ഇത്തരമൊരു ചോദ്യം വന്നതിൽ ഞാൻ ആശ്ചര്യപ്പെടുന്നില്ലെന്നാണ്." ശബരി റെയിൽവേ 1998-ൽ സാംഗ്ഷൻ ചെയ്തതാണ്. 70 കി.മീ. സോഷ്യൽ ഇംപാക്റ്റ് അസസ്മെന്റ് സ്റ്റഡി കഴിഞ്ഞു. 41 കി.മീ. സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തേണ്ട കെ-റെയിൽ അതിലേയ്ക്ക് തിരിഞ്ഞുപോലും നോക്കിയിട്ടില്ല. ഇപ്പോഴാണ് സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട്

വരുന്നത്. കിഫ്ബി തന്നെ 2000 കോടി രൂപ ഭൂമി ഏറ്റെടുക്കാൻവേണ്ടി ശബരി റെയിൽവേയ്ക്ക് അനുവദിച്ചിട്ടുണ്ടെന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാമല്ലോ. ഈ ഗവൺമെന്റ് ഒരു ജോലിയും ചെയ്യുന്നില്ല. അങ്ങനെ ശബരി പദ്ധതിപോലും പൂർത്തീകരിക്കാൻ കഴിയാത്ത ഈ ഗവൺമെന്റ് എങ്ങനെയാണ് കെ-റെയിലുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മുന്നോട്ടുപോകുന്നത്. ഞങ്ങൾ വികസനത്തിന് എതിരല്ലായെന്ന് പ്രതിപക്ഷനേതാവും യു.ഡി.എഫ്. നേതാക്കന്മാരും പറഞ്ഞു. പക്ഷെ, ക്രിയാത്മകമായ ചർച്ചയില്ലെങ്കിൽ ഞങ്ങൾക്ക് ചോര തിളയ്ക്കും സഖാവേ. കാരണം ഞങ്ങളുടെ പണമാണ്, ഭാവി തലമുറയുടെ പണമാണ്. അതാണ് നിങ്ങൾ ധൂർത്തടിക്കാൻ പോകുന്നത്. ഒരു ലക്ഷം രൂപയുടെ ബാധ്യതയാണ് ജനിച്ച് വീഴുന്ന ഒരു കുട്ടിയുടെ തലയിലുള്ളത്. അത് കുറച്ചുകൊണ്ടുവരേണ്ട ഗവൺമെന്റ് ബാധ്യത വർദ്ധിപ്പിക്കുന്നുവെന്ന് പറയുമ്പോൾ ഞങ്ങൾക്ക് അൽപം രക്തം തിളയ്ക്കും. ഇവിടെ മുഖ്യമന്ത്രി പറയുന്നത് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ശബരി റെയിൽവേ പണിയേണ്ടത് ഞങ്ങളല്ല കേന്ദ്രമാണെന്നാണ്. ഞങ്ങൾ കത്തെഴുതി പക്ഷെ കേന്ദ്രം ചെയ്യുന്നില്ലെന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞാൽ കേൾക്കാത്ത പ്രധാനമന്ത്രിയാണോ ഇന്ത്യയിലുള്ളത്? അല്ല. സ്ഥലം

ഏറ്റെടുത്തുകൊടുത്താൽ മാത്രമേ റെയിൽവേയ്ക്ക് മുന്നോട്ടുപോകാൻ പറ്റുകയുള്ളൂ. നൂറ് കോടി രൂപ എറണാകുളം കളക്ടറുടെ അക്കൗണ്ടിൽ വന്നിട്ട് ഏകദേശം അഞ്ചെട്ട് വർഷമായി. ഒരു തുകപോലും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങനെ എത്രയെത്ര കാര്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ഡോ. കെ. ടി. ജലീൽ ഈ അസംബ്ലിയിലുണ്ട്. അദ്ദേഹം എല്ലാ ദിവസവും ദൃശ്യമാധ്യമങ്ങളിലൂടെയും വാർത്താമാധ്യമങ്ങളിലൂടെയും ലോകായുക്ത ജസ്റ്റിസ് സിറിയക് ജോസഫിനെതിരെ ആക്ഷേപം ഉന്നയിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്. യഥാർത്ഥത്തിൽ അദ്ദേഹത്തെ ഡോ. കെ. ടി. ജലീൽ പൂവിട്ട് പൂജിക്കണമെന്നാണ് എന്റെ അഭിപ്രായം. കാരണം, 2021 ഏപ്രിൽ 6-നാണ് ഇലക്ഷൻ നടന്നത്. ഇലക്ഷൻ കഴിഞ്ഞ് 2021 ഏപ്രിൽ 9-നാണ് ഡോ. കെ. ടി. ജലീലിനെതിരെയുള്ള വിധി വരുന്നത്. അതിന് മുമ്പായിരുന്നെങ്കിൽ അദ്ദേഹം ഇവിടെയുണ്ടാകുമായിരുന്നില്ലെന്നതാണ് വസ്തുത. എല്ലാ മേഖലയിലുമുള്ള കൊടുക്കൽ വാങ്ങലുകളൊക്കെ നിലനിർത്തിക്കൊണ്ട് യഥാർത്ഥ അധികാരങ്ങൾ യഥാവിധി വിനിയോഗിക്കാതെ മുന്നോട്ടുപോകുമ്പോൾ ഒരു സംശയവും വേണ്ട ഈ ഗവൺമെന്റ് ജലത്തിൽവീണ കനലാണ് എന്ന് സൂചിപ്പിക്കട്ടെ. ഒട്ടേറെ അപേക്ഷകളും സങ്കടഹർജികളും എന്റെ കയ്യിലുണ്ട്. ഞാൻ ഉൾപ്പെടെയുള്ള

140 എം.എൽ.എ.-മാരുടെയും വീട്ടുകളിൽ ഒട്ടേറെ യുവാക്കളും പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള ആളുകളും വന്നിട്ടുണ്ടാകും. അവരുടെയെല്ലാം രേഖകൾ നമ്മുടെ കയ്യിലുണ്ട്. പ്രിയപ്പെട്ട മുഖ്യമന്ത്രിക്ക് ഇവിടത്തെ പാവപ്പെട്ട സാധാരണക്കാരായ അഭ്യസ്തവിദ്യരുടെ കണ്ണുനീർ കാണുവാൻ കനിവുണ്ടാകണം. അല്ലെങ്കിൽ ഈ സംസ്ഥാനം സങ്കടഹർജികളുടെ കുമ്പാരമായി മാറുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ടായെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. ജയ് ഹിന്ദ്.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിന് ശ്രീ. ടി. പി. രാമകൃഷ്ണൻ, എം.എൽ.എ. അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സമ്പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. സർവ്വതല സ്പർശിയായ കേരളത്തിന്റെ സമഗ്രവികസന രേഖയാണിത്. തുടർഭരണത്തിന്റെ കരുത്തുമായി നവകേരള സൃഷ്ടിക്കുള്ള സൃഷ്ടിയോന്മുഖമായ കർമ്മപദ്ധതി ഉൾക്കൊള്ളുന്നതാണ് രേഖ. എല്ലാ വിഭാഗം ജനങ്ങളെയും പ്രദേശങ്ങളെയും ഉൾക്കൊണ്ടുകൊണ്ടുള്ള കേരളത്തിന്റെ അതിജീവനത്തിനുള്ള ശക്തി സമാഹരണം. പ്രതീക്ഷാനിർഭരമായ പ്രഖ്യാപനങ്ങൾ പ്രാവർത്തികമാക്കാനുള്ള ആത്മാർത്ഥയും കരുത്തും

ശക്തിയുമുള്ളതാണ് ശ്രീ. പിണറായി വിജയൻ നയിക്കുന്ന സംസ്ഥാന ഗവൺമെന്റ്. ഈ പ്രഖ്യാപനങ്ങൾ പ്രാവർത്തികമാക്കുന്നതിന് ഗവൺമെന്റ് വളരെയധികം കരുത്തും ശക്തിയും സമാഹരിക്കേണ്ടതായി വന്നു. നമ്മുടെ രാജ്യത്തിന്റെ ഭരണഘടന അനുശാസിക്കുന്ന അധികാര അവകാശങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് സംസ്ഥാനങ്ങൾ മുന്നോട്ടുപോകുന്നത്. എന്നാൽ ഫെഡറൽ സമ്പ്രദായം പരിരക്ഷിക്കുന്നതിനുള്ള ബാദ്ധ്യത, ഭരണഘടനാപരമായും ഭരണപരമായും നിർവ്വഹിക്കാൻ ബാദ്ധ്യതയുള്ള കേന്ദ്രം അത് വിസ്മരിക്കുകയാണ്. കേന്ദ്രത്തിന്റെ പ്രാതികൂല്യം, സാമ്പത്തിക പരിമിതികൾ ഇതെല്ലാമുള്ള സാഹചര്യത്തിലാണ് ഗവൺമെന്റ് ഈ പ്രഖ്യാപനം നടപ്പിലാക്കാൻ പോകുന്നത്. അതിന് ജനങ്ങളുടെയെല്ലാം പിന്തുണയും സഹായവും തീർച്ചയായും ഉണ്ടാകുമെന്നാണ് വിശ്വസിക്കുന്നത്. അനുഭാവശൂന്യമായ കേന്ദ്രത്തിന്റെ സമീപനം കണക്കിലെടുത്തുകൊണ്ട് നടത്തിയിട്ടുള്ള ഈ നയപ്രഖ്യാപനത്തിൽ, കേന്ദ്രം അടുത്തകാലത്ത് സ്വീകരിച്ചുകൊണ്ടിരിക്കുന്ന ഓരോ നിലപാടും സംസ്ഥാനത്തിന്റെ പൊതുവായ താൽപര്യത്തിന് വിരുദ്ധമാണ്. ഓരോ കാര്യങ്ങളിലും കേരളം മുൻപന്തിയിലാണെന്ന കാര്യം നമുക്കെല്ലാമറിയാം. നിരവധി മേഖലകളിൽ ഒന്നാം സ്ഥാനം അലങ്കരിക്കുന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ

സഭയിൽ പറഞ്ഞു. അത് ഇടതുപക്ഷ ജനാധിപത്യമുന്നണിയോ സംസ്ഥാന സർക്കാരിന്റെ സമിതികളോ അല്ല, എല്ലാകാര്യങ്ങളിലും കേരളത്തോട് വൈരാഗ്യബുദ്ധിയോടെ സമീപിക്കുന്ന കേന്ദ്രത്തിന്റെ സ്ഥാപനങ്ങൾ/ഏജൻസികൾ ആണ് ഈ ബഹുമതി നൽകാൻ നിർബന്ധിതമായത്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി എൽ.എസ്.ജി.ഡി.-യിൽ വകുപ്പുകളെയെല്ലാം ഏകോപിപ്പിച്ചുകൊണ്ട് ഏകീകരണ പ്രവർത്തനങ്ങൾ പ്രഖ്യാപിച്ചത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. എന്നുപറഞ്ഞാൽ ഓരോ രംഗത്തും പരീക്ഷണമല്ല, അത് പ്രാവർത്തികമാക്കി വിജയപ്രദമാക്കാനുള്ള സാഹചര്യമാണ് സർക്കാർ സൃഷ്ടിക്കുന്നത്. നയപ്രഖ്യാപനത്തിൽ പറഞ്ഞതുപോലെ, കോവിഡ് മഹാമാരിയും പ്രളയക്കെടുതിയും ഉൾപ്പെടെ ഒരുപാട് പ്രതികൂല സാഹചര്യങ്ങളുണ്ട്. കേന്ദ്രത്തിന്റെ സമീപനം ജി.ഡി.പി. അനുപാതം ഉയരുന്നതിനിടയാക്കി. ജി.എസ്.ടി. വരുമാനം അർഹമായ നിലയിൽ ലഭിച്ചില്ല. കേന്ദ്ര ധനകാര്യ കമ്മീഷനുകൾ സംസ്ഥാനങ്ങൾക്ക് വിഭജനം ചെയ്യുന്ന കേന്ദ്ര നികുതി വിഹിതത്തിൽനിന്നും സംസ്ഥാനത്തിന് നൽകുന്ന വിഹിതത്തിൽ സ്ഥിരമായ കുറവ് വരുത്തുകയും ചെയ്തു. പത്താം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന്റെ വിഹിതം സംസ്ഥാനങ്ങൾക്ക് വിഭജനം ചെയ്യുന്ന കേന്ദ്ര

നികുതി വിഹിതത്തിന്റെ 3.8 ശതമാനമാക്കിയിരുന്നു. എന്നാൽ പതിനാലാം ധനകാര്യകമ്മീഷൻ ഇത് 2.5 ശതമാനമായി കുറച്ചു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അത് 1.92 ആയി കുറയ്ക്കുകയും ചെയ്തു. ഇതാണ് കേന്ദ്രത്തിന്റെ സമീപനം. ഈ സമീപമാണ് കേന്ദ്രത്തിന്റെ നയങ്ങളെ ഒറ്റക്കെട്ടായി നേരിടാൻ നമ്മളെ പ്രേരിപ്പിക്കുന്നത്. ഇവിടെ ഓരോ കാര്യത്തിലും മാറ്റങ്ങളുണ്ടാകുന്നത് ശ്രദ്ധേയമാണ്. വ്യവസായ സൗഹൃദ സംസ്ഥാനമായി മാറിയതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ വ്യാവസായിക മേഖലയിൽ ഒരുപാട് മാറ്റങ്ങളാണുണ്ടായിരിക്കുന്നത്. 'മീറ്റ് ദ മിനിസ്റ്റർ' പരിപാടിയുമായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി എല്ലാജില്ലകളിലും പര്യടനം നടത്തിയതിന്റെ ഭാഗമായി എന്റെ ജില്ലയിലും വരികയുണ്ടായി. അവിടെ നടന്നത് വാഗ്ദാനങ്ങൾ മാത്രമല്ല, അതിന്റെ പ്രാവർത്തിക രൂപം പ്രതീക്ഷാനിർഭരമായിരുന്നു. ഇങ്ങനെ വ്യവസായ സൗഹൃദമായി മാറുന്നതിന്റെ ഭാഗമായാണ് അടുത്തകാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചികിത്സ കഴിഞ്ഞ് തിരിച്ചുവരുമ്പോൾ ഗൾഫ് രാജ്യങ്ങളിൽ സമയം ചെലവഴിച്ചത്. ആ കൂട്ടായ്മയിലുണ്ടായത് വാഗ്ദാനങ്ങൾ മാത്രമല്ല, പ്രവൃത്തിപഥത്തിൽ അത് പൂർത്തീകരിക്കുന്നതിനുള്ള ഫലപ്രദമായ നടപടികളുമായിട്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിൽ

തിരിച്ചെത്തിയത്. കേന്ദ്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെല്ലാം സ്വകാര്യമേഖലയ്ക്ക് അടിയറവച്ചുകൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണ് കേന്ദ്രത്തിൽ കാണാൻ കഴിയുന്നത്. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയും മന്ത്രിമാരുമിരിക്കുന്ന അധികാര കസേര, ഭരണസിംഹാസനം ഒഴിച്ച് ബാക്കിയെല്ലാം വിൽക്കാനാണ് കേന്ദ്രത്തിന്റെ തീരുമാനം. ഈ സന്ദർഭത്തിൽ കോട്ടയത്തെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറിയും കാസർഗോട്ടുള്ള BHEL-ഉം സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്താനുള്ള തീരുമാനം അടുത്തകാലത്ത് കൈക്കൊണ്ടത് പൊതുമേഖലാ സംവിധാനത്തോട് കാണിക്കുന്ന ഈ സർക്കാരിന്റെ സമീപനത്തിന്റെ ഭാഗംകൂടിയാണ്. പതിനാലാം ധനകാര്യ കമ്മീഷൻ സമയത്ത് 2.5 ശതമാനമുണ്ടായിരുന്ന കേന്ദ്രനികുതി വിഹിതം പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ 1.2 ശതമാനമായി കുറഞ്ഞകാര്യം ഞാൻ പറഞ്ഞു. ഈ സാഹചര്യങ്ങളിലാണ് നമ്മുടെ സംസ്ഥാനത്തിന്റെ മുന്നോട്ടുള്ള നീക്കം. ആ നീക്കത്തിന് കരുത്ത് പകരുകയാണ് എല്ലാവരും ചെയ്യേണ്ടത്. ഭരണപക്ഷമായിരുന്നാലും പ്രതിപക്ഷമായിരുന്നാലും സ്വീകരിക്കേണ്ട ക്രിയാത്മകമായ നടപടിക്രമങ്ങളുണ്ട് എന്നാണ് എന്റെ വിശ്വാസം. ഇങ്ങനെ വിവിധ കാര്യങ്ങളുമായി മുന്നോട്ടുപോകുന്ന, സംസ്ഥാന സർക്കാരിന്റെ

ഭരണനേട്ടങ്ങളുടെ കൃത്യമായ കണക്കുകളെക്കുറിച്ചോ മറ്റ് വിവിധകാര്യങ്ങളെക്കുറിച്ചോ ഞാനിപ്പോൾ കൂടുതൽ സംസാരിക്കുന്നില്ല. സഭയ്ക്കും ജനങ്ങൾക്കും അത് അറിയാവുന്നതുകൊണ്ടാണ് ജനങ്ങൾ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ മഹാഭൂരിപക്ഷത്തോടുകൂടി ശ്രീ. പിണറായി സർക്കാരിന് തുടർഭരണം നൽകാൻ തീരുമാനിച്ചത്. അത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള ശക്തമായ നിലപാടുകളുടെ ഭാഗമായിട്ടാണ് എന്നത് ഒരു പ്രത്യേകതയാണ്. ഈ സാഹചര്യത്തിൽ ഒരുപാട് വെല്ലുവിളികൾ കേന്ദ്രത്തിൽനിന്നും ഉണ്ടാകുകയാണ്. ഭരണപരമായും രാഷ്ട്രീയമായിട്ടുമുണ്ടെന്ന് നമുക്കെല്ലാം അറിയാം. അടുത്തകാലത്ത് ഇവിടെ ചർച്ച ചെയ്തു, ഒരു യോഗിവര്യന്റെ പ്രഖ്യാപനം, ആ പ്രഖ്യാപനം യാദൃശ്ചികമേ അല്ല. അത് യോഗിവര്യന്റെ മാത്രമല്ല, ആർ.എസ്.എസ്. സംഘപരിവാർ ശക്തികളുടെ കൂട്ടായ തീരുമാനത്തിന്റെ ഭാഗമാണ്. കാരണം ആർ.എസ്.എസ്. സംഘ്പരിവാർ ശക്തികൾക്ക് ഗുരുതരമായ ഭീഷണി മറ്റാരിൽനിന്നുമല്ല, ഇന്ത്യയിലെ ഒരു കക്ഷിയിൽനിന്നോ ഒരു സംവിധാനത്തിൽനിന്നോ അല്ല, ആ ഭീഷണി നിരന്തരമായി ഉണ്ടാക്കുന്ന ഏക സംസ്ഥാനം കേരളമാണ്. അത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിൽനിന്നും അതിന്റെ നായകനായ

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനിൽനിന്നുമാണ്. അതുകൊണ്ടാണ് മുഖ്യമന്ത്രിയുടെ തലയ്ക്കുപോലും വില പറയാൻ ഒരു ബി.ജെ.പി. ദേശീയ നേതാവ് സന്നദ്ധമായത്. അങ്ങനെ എല്ലാനിലയിലും കേന്ദ്രത്തിന്റെ കണ്ണിൽ കരടായി നിൽക്കുന്ന ഒരു സംസ്ഥാനമെന്ന നിലയ്ക്ക് ഈ സംസ്ഥാനത്തെ ഏതെല്ലാംനിലയിൽ നിയന്ത്രിക്കുവാനും പരിമിതപ്പെടുത്തുവാനും സമ്മർദ്ദീകരിക്കാനും കഴിയുമോ ആ നിലപാടുകൾ തുടരുന്നു എന്നതാണ് നിർഭാഗ്യകരമായ കാര്യം. ഫെഡറൽ സംവിധാനത്തിനുതന്നെ കടകവിരുദ്ധമായ നിലപാടുകളാണ് അവർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിലാണ് നമ്മുടെ ഗവൺമെന്റ് ഈ പ്രഖ്യാപനങ്ങൾ പ്രാവർത്തികമാക്കാൻ സന്നദ്ധമാകുന്നത് എന്നത് മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ്. ഈ സംസ്ഥാനത്തിന്റെ വിവിധ വിഷയങ്ങളിൽ അടുത്തകാലത്ത് ഏറ്റവും ശ്രദ്ധേയമായൊരു കാര്യമാണ് കെ-റെയിൽ സിൽവർലൈൻ പരിപാടിയുമായി ബന്ധപ്പെട്ടുള്ളത്. അതിനെതിരെ ശക്തമായ സമരപ്രഖ്യാപനങ്ങളുമായി ബഹുമാനപ്പെട്ട പ്രതിപക്ഷം ബി.ജെ.പി.യുമായി സംയുക്തമായ നീക്കം നടത്തുകയാണ്. കേന്ദ്രത്തിൽ ചെന്ന് കേന്ദ്ര ഭരണാധികാരികളെകണ്ട് സിൽവർലൈൻ വേണ്ട എന്നുപറയുന്ന ഇടംവരെ എത്തിച്ചേരുകയുണ്ടായി. കേന്ദ്രം ഭരിക്കുന്ന

ബി.ജെ.പി.-യിൽ, ബി.ജെ.പി.-യുടെ ഘടകങ്ങളിൽ, അവർക്കൊപ്പം നിൽക്കുന്ന പ്രതിപക്ഷങ്ങളൊക്കെ പോയി സമ്മർദ്ദം ചെലുത്തിയാൽ അത് പിൻവലിപ്പിക്കാൻ കഴിയുമോ എന്നത് അവരുടെ ആലോചനയായിരിക്കാം. പക്ഷേ കെ-റെയിൽ വരുന്നതുമൂലമുണ്ടാകുന്ന ഗുണപരമായ നേട്ടങ്ങളെക്കുറിച്ച്, പരിവർത്തനങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയ്ക്കുത്തും പുറത്തുമെല്ലാം പറഞ്ഞിട്ടുണ്ട്. അതിന് ജനങ്ങൾ എതിരാണെന്ന് ആര് പറഞ്ഞു; ജനങ്ങൾ ഇത്തരം കാര്യങ്ങളെ സ്വാഗതം ചെയ്യാൻ സന്നദ്ധരാകുകയാണ്. കാരണം എല്ലാകാര്യങ്ങളിലും പ്രതിപക്ഷം കാണിക്കുന്ന ഒരു നിഷേധാത്മകമായ നിലപാടുകൾ ജനങ്ങൾ മനസ്സിലാക്കണം. ജലപാതയുണ്ട്, അതിനെതിരായി സമരമാണ്. നാഷണൽ ഹൈവേയുടെ വിപുലീകരണ പ്രവർത്തനങ്ങൾക്കും എതിരാണ്. കാരണം എല്ലാകാര്യങ്ങളെയും എതിർക്കുക എന്നുപറയുന്ന അത്യന്തം ജനവിരുദ്ധവും സംസ്ഥാന വിരുദ്ധവുമായ നിലപാടുകൾ വാസ്തവത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷങ്ങൾ ഒഴിവാക്കണം, തിരുത്തണമെന്ന് പറയാൻ ഈ സന്ദർഭത്തിൽ ഞാൻ ആഗ്രഹിക്കുകയാണ്. കെ-റെയിലിനെതിരായി പ്രക്ഷോഭം നടത്തി, സമാധാന സാഹചര്യങ്ങൾ തകർക്കാൻ ശ്രമങ്ങൾ നടക്കുകയാണ്. രാഷ്ട്രീയം പറയേണ്ട കാര്യങ്ങൾ അത്തരത്തിൽ പറയുന്നത്

സ്വാഭാവികമാണ്. പക്ഷേ വികസനോന്മുഖമായ പരിപാടികൾക്ക് എന്തിനാണ് ഇത്രയേറെ നിർബന്ധിതമായ കക്ഷിരാഷ്ട്രീയത്തിന്റെ സ്വാധീനം ഉണ്ടാകുന്നത്; എന്തുകൊണ്ടാണ് ബി.ജെ.പി.-ക്കാർ ഇക്കാര്യത്തിൽ നിങ്ങളോടൊപ്പം സഹകരിച്ച് പ്രവർത്തിക്കുന്നത്; കാരണം വികസന പദ്ധതികൾ നടന്നുകൂടാ; എന്റെ മണ്ഡലത്തിലെ കാര്യംതന്നെ എനിക്കറിയാം. ബഹുമാനപ്പെട്ട നേതാക്കന്മാരും എം.എൽ.എ.-മാരും മന്ത്രിമാരുമൊക്കെ എല്ലാ ജില്ലകളിലും പോകുന്നതുപോലെതന്നെ കണ്ണൂർ ജില്ലയിലും വന്നിട്ടുണ്ട്. അവിടത്തെ ഗതാഗതക്കുരുക്കിനെക്കുറിച്ച് എല്ലാവരും വാർത്തകളാക്കി. ഗതാഗതക്കുരുക്കിന് പരിഹാരം കാണാൻ ഒരുപാട് ശ്രമിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേകമായ നിർദ്ദേശങ്ങളും തീരുമാനവുമനുസരിച്ച് 748 കോടി രൂപ സിറ്റി റോഡ് ഇംപ്രൂവ്മെന്റിന് അനുവദിച്ചു. കണ്ണൂർ നഗരത്തിന്റെ ഹൃദയഭൂമിയിൽ കളക്ടറേറ്റ് പരിസരപ്രദേശത്തെ വാഹനക്കുരുക്ക് അവസാനിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി പണിയുന്ന ഫ്ലൈഓവറിനെതിരെ സമരം നടത്തുകയാണ്. എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. കെ. വി. സുമേഷ് ഇവിടെയുണ്ട്, അദ്ദേഹത്തിന്റെയും എന്റെയും മണ്ഡലങ്ങളുടെ അതിർത്തിയിലാണ് അടുത്തകാലത്ത് സമരം നടന്നത്. കേസ് കൊടുത്തിരിക്കുകയാണ്. ഒരു

വികസനപ്രവർത്തനവും ആരംഭിച്ചുകൂടായെന്നുപറയുന്ന നിർബന്ധബുദ്ധി ആപത്കരമായിട്ടുള്ളതാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ കാര്യങ്ങൾ നടപ്പിലാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വന്നു, അടുത്തകാലത്ത് പൊതുമരാമത്ത് വകുപ്പുമന്ത്രി പ്രത്യകമായി യോഗംവിളിച്ചു ചേർത്തു. പരിപാടി മുന്നോട്ടുപോകാൻ ഞങ്ങളെല്ലാംതന്നെ ജനപ്രതിനിധികളുടെ യോഗം വിളിച്ചുചേർത്തു. പക്ഷേ ഏത് വികസനപ്രവർത്തനങ്ങളായിരുന്നാലും അവയെ തകർക്കാനുള്ള ശ്രമങ്ങൾ ഏറ്റവും ആപത്കരമാണ് എന്നുമാത്രം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ക്രമസമാധാനത്തെക്കുറിച്ച് പറഞ്ഞു. എന്റെ മണ്ഡലത്തിൽ നടന്ന വിവാഹകാര്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. സത്യം പറഞ്ഞാൽ ആ സംഭവം നടന്ന് മണിക്കൂറുകൾക്കകം അതുമായി ബന്ധപ്പെട്ട പ്രതികളെ കണ്ടുപിടിക്കാൻ പോലീസിന് കഴിഞ്ഞു, അത്രയേറെ ഗൗരവമായി പോലീസ് രംഗത്ത് വന്നിട്ടുണ്ട്. എന്നാൽ ഇത്തരം ദുഷ്കൃത്യങ്ങൾക്കെതിരായി ഒരു ജനകീയവികാരം ഉണർത്താൻവേണ്ടിയുള്ള ശ്രമങ്ങൾ ഇവിടെ നടക്കുകയാണ്. വിവാഹത്തലേന്ന് ഉണ്ടാകുന്ന ആർഭാടങ്ങൾ, ലഹരി ഉപയോഗിക്കുന്ന സംഭവങ്ങൾ എന്നിവ നിയന്ത്രിക്കുന്നതിന് കൂട്ടായ യജ്ഞമാണ് വേണ്ടത്. ആ യജ്ഞത്തിന് കളമൊരുക്കാൻ ജനങ്ങൾ

സന്നദ്ധമാണ്. ഇവിടത്തെ ക്രമസമാധാനനില മറ്റേത് സംസ്ഥാനത്തെക്കാളും ഭദ്രമാണെന്ന് കേന്ദ്രഗവൺമെന്റ് തന്നെയാണ് പറയുന്നത്. ഒരുതരത്തിൽ അവർ പറയാൻ സന്നദ്ധരാകേണ്ടിവന്നിരിക്കുന്നു. പക്ഷേ അവർ പറയാൻ നിർബന്ധിതമായത് വസ്തുതതയുടെ നേരെ കണ്ണടയ്ക്കാൻ ഏറെക്കാലം കഴിയില്ല എന്ന് ബോദ്ധ്യമായതുകൊണ്ടാണ്, ബുദ്ധിയുള്ളതുകൊണ്ടാണ്. ക്രമസമാധാന പരിപാലന രംഗത്തിൽ മുഖ്യമന്ത്രി ആ വകുപ്പ് കൈകാര്യം ചെയ്യരുതെന്നൊക്കെ പറയുന്നത് തികച്ചും ബാലിശമാണ്. ഈ കാര്യങ്ങളൊക്കെ നടത്തുന്നത് അദ്ദേഹത്തിന്റെ കരുത്തുറ്റ സംവിധാനത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും പേരിലാണെന്ന് എല്ലാവർക്കും അറിയാം. അതുതന്നെയാണ് കെ-റെയിലിന്റെ കാര്യത്തിലുമുള്ളത്. ആ നിശ്ചയദാർഢ്യത്തിനുമുന്നിൽ വാസ്തവത്തിൽ അതിൽ സഹകരിക്കുക എന്ന നിലപാട് സ്വീകരിക്കുന്നതിനുപകരം അത്യന്തം നിഷേധാത്മകമായ നിലപാട് സ്വീകരിക്കുന്ന പ്രതിപക്ഷത്തിന്റെ നയം മാറണം. എല്ലാ വികസനപ്രവർത്തനങ്ങളെയും എതിർക്കുന്ന നിങ്ങളുടെ മനസ്സ് മാറണം. നിങ്ങളോട് മനസ്സ് നന്നാവട്ടെ എന്ന് അഭ്യർത്ഥിക്കാനും പ്രാർത്ഥിക്കുവാനും ഈ സന്ദർഭം ഉപയോഗിച്ചുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുന്നു, നമസ്കാരം.

**3.00 pm]**

ശ്രീ. വി. ജോയി: സർ, ബഹുമാനപ്പെട്ട ടി. പി. രാമകൃഷ്ണൻ അവർകൾ അവതരിപ്പിച്ച നന്ദി പ്രമേയത്തെ പിന്തുണയ്ക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണർ സംസ്ഥാന ഗവൺമെന്റിനുവേണ്ടി നിയമസഭയിൽ നടത്തിയ പ്രസംഗത്തിൽ എല്ലാ മേഖലകളും സ്പർശിച്ചിട്ടുണ്ട്. ഇന്നലെ ഇവിടെ ആരോ പറയുന്നതുകേട്ടു കയ്യടി പോരായിരുന്നുവെന്ന്. അടിക്കേണ്ട സമയത്ത് അടിച്ചു, കേൾക്കേണ്ടവർ കേട്ടില്ല. നിങ്ങൾ കൂടി ഉണ്ടായിരുന്നെങ്കിൽ കുറച്ചധികം അടിക്കാമായിരുന്നുവെന്നുള്ളതാണ്. എന്തായിരുന്നാലും നിങ്ങളിന്ന് കയ്യടിച്ചു. ഇന്ന് രാവിലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോൾ അത്ര വലിയ കയ്യടിയുണ്ടായിരുന്നില്ല. ബഹുമാനപ്പെട്ട മുൻപ്രതിപക്ഷ നേതാവ് സംസാരിച്ചപ്പോൾ വല്ലാത്ത കയ്യടിയുണ്ടായി, വളരെ നന്ദി. ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിൽ പ്രധാനപ്പെട്ട ചില കാര്യങ്ങൾ പറഞ്ഞു. ഇവിടെ എനിക്കുമുമ്പ് സംസാരിച്ചവരെല്ലാം അക്കാര്യങ്ങൾ സൂചിപ്പിച്ചു. അതിൽ വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട കാര്യം പറഞ്ഞു. സാധാരണ പ്രതിപക്ഷമിവിടെ തുടക്കംമുതൽ അവസാനംവരെ പ്രസംഗിക്കുന്നത് നമ്മുടെ നാട്ടിലെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ്. ഗവൺമെന്റിന്റെ കയ്യിൽ

പണമില്ലെന്നും അതുകൊണ്ടുതന്നെ വികസന പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ലെന്നുമാണ് പറയുന്നത്. രണ്ടാം പിണറായി വിജയൻ സർക്കാർ വന്നതിനുശേഷം രണ്ട് ഘട്ടങ്ങളിലായി ഏതാണ്ട് 160-ഓളം സ്കൂളുകൾ ഉദ്ഘാടനം ചെയ്യപ്പെട്ടു. ഏറ്റവും അവസാനം ഒരാഴ്ചമുമ്പ് ഉദ്ഘാടനം ചെയ്ത 53 സ്കൂളുകളിൽ 13 സ്കൂളുകൾ പ്രതിപക്ഷ മെമ്പർമാരുടെ നിയോജകമണ്ഡലങ്ങളിലാണെന്നുള്ളത് നാം മനസ്സിലാക്കണം. കേരളത്തിലെ പൊതുവിദ്യാഭ്യാസം ഇന്ന് ഇന്ത്യ മുഴുവൻ ശ്രദ്ധിക്കപ്പെടുന്ന തരത്തിലായി. ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകൾ പുനരാരംഭിച്ചു. ഡിജിറ്റൽ പഠനത്തിൽ കേരളം ഒന്നാമതായി. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇപ്പോൾ ഇവിടെയില്ല, അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. കാരണം കാര്യങ്ങൾ തീരുമാനിക്കുന്നത് അദ്ധ്യാപകരാണെന്ന നിലയാണ് തുടർന്നുവന്നിരുന്നത്. എന്നാൽ കാര്യങ്ങൾ തീരുമാനിക്കുന്നത് ഗവൺമെന്റാണെന്ന് അസന്ദിഗ്ദ്ധമായി പറയാൻ സാധിച്ച അങ്ങയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഇവിടെ അതിദാരിദ്ര്യ സർവ്വേ പൂർത്തീകരിച്ചു. ഇന്ത്യയെ സംബന്ധിച്ചിടത്തോളം 84000 കുടുംബങ്ങൾ അതിദരിദ്രരായിട്ടുണ്ടെന്നുള്ളത് നാം മനസ്സിലാക്കി. സഹകരണ രംഗത്ത് ഏറ്റവും കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്ന തരത്തിലേയ്ക്കുള്ള പ്രവർത്തനങ്ങൾ

കാഴ്ചവച്ചു. 2004-ൽ ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്ന അന്നുമുതൽ ആർ.ബി.ഐ.-യുടെ പ്രവർത്തനം ഇല്ലാതാക്കി. രാഷ്ട്രീയ ചട്ടുകമാക്കി ആർ.ബി.ഐ.-യെ ഉപയോഗപ്പെടുത്തുകയാണ്. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കാനുള്ള ശ്രമങ്ങളാണ് ഇവർ നടത്തിക്കൊണ്ടിരിക്കുന്നത്. ഓരോ ശ്രമത്തെയും മനസ്സിലാക്കി അതിനെ പരമാവധി ഇല്ലായ്മ ചെയ്യുന്നതിനുള്ള നല്ല പരിശ്രമം കേരളത്തിലെ സഹകരണ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഒട്ടേറെ മോശപ്പെട്ട പ്രവർത്തനങ്ങൾ വന്നു. അതിനെതിരായി കോ-ഓപ്പറേറ്റീവ് ആഡിറ്റ് മോണിറ്ററിംഗ് ആൻഡ് ഇൻഫർമേഷൻ സിസ്റ്റം ഈ ഗവൺമെന്റ് നടപ്പിലാക്കുകയാണ്. അക്കൗണ്ടന്റ് ജനറൽ ഓഫീസിൽനിന്ന് ഒരു ഉയർന്ന ഉദ്യോഗസ്ഥയെ ആഡിറ്റ് വിഭാഗത്തിന്റെ ഡയറക്ടറായി നിയമിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അതുകൊണ്ട് സഹകരണ മേഖല ഏറ്റവും മുന്തിയ നിലയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്നൊരു പ്രത്യേക സാഹചര്യം നമുക്കുണ്ട്. ഇങ്ങനെ എല്ലാ വകുപ്പുകളെയും സംബന്ധിച്ച് നിരവധിയായ വികസന പ്രവർത്തനങ്ങൾ, ജനക്ഷേമകരമായിട്ടുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. ഇത് നടക്കുമ്പോഴാണ് ശ്രീ. യോഗി ആദിത്യനാഥും ശ്രീ. നരേന്ദ്ര മോദിയും ചേർന്ന് കേരളത്തെയും കേരളത്തിലെ

ഗവൺമെന്റിനെയും കുറ്റം പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും യു.ഡി.എഫ്. പ്രതിനിധികളും സംസാരിക്കുമ്പോഴും ശ്രീ. നരേന്ദ്ര മോദിയും മുഖ്യമന്ത്രിയും ഒരുപോലെയാണെന്ന് പറയുന്നുണ്ട്. അതിന്റെ രാഷ്ട്രീയ ലക്ഷ്യം ഞങ്ങൾക്ക് നന്നായിട്ട് അറിയാവുന്നതാണ്. ഇന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോഴും അതുതന്നെയാണ് സൂചിപ്പിച്ചത്. അതിന്റെ എല്ലാ രാഷ്ട്രീയ വശങ്ങളും ഞങ്ങൾക്കറിയാം. ശ്രീ. യോഗി ആദിത്യനാഥ് പറഞ്ഞതിനെതിരെ മലയാള മനോരമപോലും മുൻ പേജിൽ 'ജീവിത വികസന സൂചിക: കേരളം മുന്നിൽ, യു.പി ഏറെ പിന്നിൽ' എന്നുപറഞ്ഞത് ഈ അവസരത്തിൽ ഓർക്കുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കൊലപാതകങ്ങളെ സംബന്ധിച്ച് സൂചിപ്പിച്ചു. ഇന്നലെ അദ്ദേഹവും ശ്രീ. ടി. സിദ്ദിഖും ഇന്ന് അടിയന്തര പ്രമേയാവതരണവേളയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുമെല്ലാം സംസാരിച്ചപ്പോൾ കൊലപാതങ്ങളെ സംബന്ധിച്ചാണ് പറയുന്നത്. 'എന്നെ കണ്ടാൽ കിണ്ണം കട്ടവനെന്ന് തോന്നുമോ' എന്നതരത്തിലാണ് ഇവരുടെ പ്രസംഗം. നിങ്ങൾ ധാരാളം കൊലപാതകങ്ങളുടെ കഥപറഞ്ഞു. പക്ഷേ, ഏറ്റവും അടുത്തിടെ

നടന്ന കൊലപാതകങ്ങൾ മൂടിവയ്ക്കാനാണ് നിങ്ങൾ പരിശ്രമിച്ചത്. 'അരി എത്രയെന്ന് ചോദിച്ചാൽ പയർ അഞ്ഞാഴി' എന്നാണ് സാധാരണ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മറുപടി പറയാറുള്ളത്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ എപ്പോഴും പറയുന്നത് ടി. പി. ചന്ദ്രശേഖരൻ വധത്തെ സംബന്ധിച്ചാണ്. ടി. പി. വധത്തെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞുകൊള്ളട്ടെ, പക്ഷേ, അദ്ദേഹത്തിന് തികട്ടി തികട്ടി ചില കാര്യങ്ങൾ വരുന്നതുപോലെ തോന്നുകയാണ്. തന്റെ കാലത്ത് നിരപരാധികളെ അതിനകത്തുപെടുത്തിയോ എന്ന തോന്നൽ അദ്ദേഹത്തിന്റെ മനസിൽ ഇങ്ങനെ തികട്ടി തികട്ടി വരുന്നതായിട്ട് നമുക്ക് കാണാം. അതുകൊണ്ടാണ് നിങ്ങൾ കൂടെക്കൂടെ അക്കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത് എന്നുള്ളത് നിങ്ങൾ മനസ്സിലാക്കേണ്ടതായിട്ടുണ്ട്. കൊലപാതകങ്ങളെ സംബന്ധിച്ച് ഒരച്ഛന്റെ നൊമ്പരം; അനശ്വര രക്തസാക്ഷി ധീരജിന്റെ അച്ഛൻ ശ്രീ. രാജേന്ദ്രൻ കോറിയിട്ട ചില വരികൾ ഞാൻ ഈ സഭയിൽ പറയാൻ ആഗ്രഹിക്കുകയാണ്;

"ഖദറിട്ട കാട്ടാളനാം കൊലയാളി
നിൻ കത്തി മുനയാൽ എൻ കുഞ്ഞിന്റെ
ഹൃദയം കുത്തിക്കീറിയില്ലേ?
നീയൊരു കോൺഗ്രസ്സുകാരനോ?

നിന്നെ കോൺഗ്രസ്സുകാരനാക്കിയ
നേതാവ് ആരെന്ന് പറയുക" എന്നുതുടങ്ങി........
"ഞങ്ങളുടെ മുറിവേറ്റ ഹൃദയത്തിൽ
നിനക്ക് മാപ്പില്ല, മാപ്പില്ല.
ഒരിക്കലും തീരാത്ത മനസ്സിൽ
വേദനയുടെ ശാപം മാത്രം, ശാപം മാത്രം"

മനുഷ്യത്വമില്ലാത്ത നിങ്ങളുടെ കെ.പി.സി.സി. പ്രസിഡന്റ് കൊലയാളികൾക്ക് സഹായം നൽകുന്ന വർത്തമാനം തുടരുകയല്ലേ ചെയ്യുന്നതെന്നുള്ളത് നിങ്ങൾ ഓർക്കണം. സെമി കേഡറിനെ വളർത്തി നിരവധിയായ കൊലപാതകങ്ങൾക്ക് ആക്കം കൂട്ടുന്ന നടപടി സ്വീകരിക്കുകയാണ്. ധീരജിന്റെയും അഭിമന്യുവിന്റെയും കൊലപാതകങ്ങൾ കൊടും ക്രിമിനലുകളാണ് ചെയ്തതെന്നുള്ളത് നിങ്ങൾ ഓർക്കണം. കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. കെ. സുധാകരന്റെ വാക്കുകൾ രണ്ടും കല്പിച്ചിറങ്ങുന്ന പിള്ളേരെന്നാണ്. കൊലയാളികൾക്ക് സഹായം നൽകുന്ന ഈ വർത്തമാനം എത്രത്തോളം ശരിയാണെന്നുള്ളത് യു.ഡി.എഫ്.-ലെ, പ്രതിപക്ഷത്തെ ആളുകൾ മനസ്സിലാക്കണം. എന്ത് മനുഷ്യത്വമാണ് അദ്ദേഹത്തിനുള്ളത്? ഇവിടെ പ്രതിപക്ഷത്തിരിക്കുന്ന പല നേതാക്കന്മാരും ഇപ്പോൾ സഭയിൽ ഇല്ലെങ്കിലും അസുഖങ്ങൾക്കായിട്ട് വിദേശത്ത് ചികിത്സയ്ക്ക് പോയിട്ടില്ലേ? അവരുടെയൊന്നും പേര് പറയാൻ ഞാൻ ഈ

അവസരം വിനിയോഗിക്കുന്നില്ല. കെ.പി.സി.സി. പ്രസിഡന്റ് എന്താണ് ട്വിറ്ററിൽ കുറിച്ചതെന്ന് നിങ്ങൾക്കോർമ്മയുണ്ടോ? "കാരണഭൂതനായ അങ്ങ് സുഖമായിരിക്കുന്നതിൽ സന്തോഷം" എന്നാണ് എഴുതിയത്. ആ വാക്കിനകത്ത് മര്യാദയോ മാന്യതയോ എന്തെങ്കിലുമുണ്ടോ. എത്ര പകയോടുകൂടിയാണ് നിങ്ങളുടെ കെ.പി.സി.സി. പ്രസിഡന്റ് ട്വിറ്ററിൽ കുറിച്ചതെന്നുള്ളത് നിങ്ങൾ ഓർക്കുക. നിങ്ങൾക്ക് അദ്ദേഹത്തെ അപമാനിക്കാം, നിങ്ങൾക്ക് അദ്ദേഹം ആരുമല്ലായിരിക്കാം. പക്ഷേ, ഞങ്ങൾക്കദ്ദേഹം ഉയിരും വഴികാട്ടിയുമാണെന്നുള്ളത് നിങ്ങൾ മനസ്സിലാക്കണം. 1959-ലെ വിമോചന സമരകാലത്ത് തെരുവിൽ നിങ്ങൾ വിളിച്ച മുദ്രാവാക്യങ്ങൾ ഈ സഭയിൽ പറയാൻ കൊള്ളില്ല. ഒരുവിധം പറയാനുള്ളത് ഞാൻ പറയാം. 'ഗൗരീ നീയൊരു പെണ്ണല്ലേ, പുല്ലുപറിക്കാൻ പൊയ്ക്കൂടേ, നാട് ഭരിക്കാൻ അറിയില്ലെങ്കിൽ വാടീ ഗൗരി കയർ പിരിക്കാൻ. വാടി ഗൗരീ ചാരിയിരുന്നൊരു ബീഡി കുടി'. മറ്റ് കുറേ അസഭ്യങ്ങൾ. അത് 1959-ൽ വിമോചന സമരകാലത്താണ്. ഇപ്പോൾ നിങ്ങൾ എന്താണ് പറയുന്നത് 'ചെത്തുകാരൻ കോരന് സ്ത്രീധനം കിട്ടിയതല്ലീ കേരളം'. എന്തടിസ്ഥാനത്തിലാണ് നിങ്ങളത് പറയുന്നത്? ചെത്തുകാരൻ കോരന് സ്ത്രീധനം കിട്ടിയതല്ലീ കേരളം. ചെത്തുകാരന് ജനം നൽകിയ

അധികാരം; ജനങ്ങൾ തെരഞ്ഞെടുത്തതാണെന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങളുടെ കെ.പി.സി.സി. പ്രസിഡന്റ് വന്നതിനുശേഷം നിങ്ങൾ കല്ല് പറിക്കാൻ നടക്കുന്നു. കെ-റെയിലിനെ സംബന്ധിച്ച് ഞാൻ സൂചിപ്പിക്കുന്നില്ല. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. പുതിയ പ്രസിഡന്റ് വന്നതിനുശേഷം കേരളാ പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റിയുടെ പേര് മാറ്റിയിരിക്കുന്നു. 'കല്ല് പറിക്കൽ കോൺഗ്രസ്സ് കമ്മിറ്റി' എന്ന പേര് നിങ്ങൾക്കിപ്പോൾ യോജിച്ചതായി മാറിയിരിക്കുകയാണ്. ഞങ്ങളുടെ നാട്ടിൽ ഒരു മൃഗമുണ്ട് അത് എവിടെ കല്ല് കണ്ടാലും ആ കല്ലിനടുത്തുവന്ന് കാല് പൊക്കും. മൃഗത്തിന്റെ പേര് ഞാൻ പറയുന്നില്ല. പക്ഷേ ഇപ്പോൾ ചിലയാളുകൾ ആ കാല് പൊക്കലല്ല. കല്ല് പറിച്ചുകൊണ്ട് പോകുന്നൊരു സാഹചര്യത്തിലേയ്ക്ക് കാര്യങ്ങൾ പോയിരിക്കുകയാണ്.

മുസ്ലീംലീഗ് പരമകാരുണ്യവാന്മാരും ഒരു രക്തത്തിലും ഞങ്ങൾക്ക് പങ്കില്ലാത്തവരുമാകുന്നു. നമ്മുടെയെല്ലാം വീടുകളിൽ പല്ലിയുണ്ട്. പല്ലി ശത്രുക്കളുടെ ആക്രമണമുണ്ടായാലുടൻ വാല് മുറിച്ചുകളയും. ശത്രുവിന്റെ ശ്രദ്ധ ഈ വാലിലാകുകയും പല്ലി ഓടി രക്ഷപ്പെടുകയും ചെയ്യും. മുസ്ലീംലീഗിനെ ആരെങ്കിലും ആക്രമിച്ചാൽ ലീഗ് എന്ന വാൽ മുറിച്ച് താഴെയിട്ട് വെറും മുസ്ലീം ആകും. എന്നിട്ട് മുക്രയിട്ട് വിളിച്ച് പറയും ഓടി വായോ ഇസ്ലാമിനെ ഇതാ

ആക്രമിക്കുകയാണ് ഓടി വായോ എന്ന്. ഇത് വല്ലാത്ത ഒരു ജാതി തന്നെയാണ്. വഖഫുമായി ബന്ധപ്പെട്ട് പള്ളികളിൽ രാഷ്ട്രീയ പ്രചരണം നടത്താൻ തീരുമാനിച്ചു. നിങ്ങൾ പോലീസിനെ വാതോരാതെ വിമർശിക്കുകയാണല്ലോ; ഞാൻ നിങ്ങളോട് ചോദിക്കട്ടെ, നിങ്ങളുടെ സ്വന്തം പാർട്ടിക്കാരായ ഹരിതയിലെ പെൺകുട്ടികൾ അഭയം തേടിയത് കേരള പോലീസിനെയാണ്. അവർ പരാതിയുമായി പോലീസ് സ്റ്റേഷനിലേയ്ക്കാണ് പോയതെന്ന് നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? ഞാൻ പ്രസംഗം ദീർഘിപ്പിക്കുന്നില്ല, ഞാൻ രക്തസാക്ഷികളുമായി ബന്ധപ്പെട്ടാണ് പറഞ്ഞത്. ഞങ്ങളുടെ സഖാക്കളുടെ കൊലപാതകങ്ങളുമായി ബന്ധപ്പെട്ടാണ് പറഞ്ഞത്. കൂട്ടത്തിലുള്ളവർ രക്തസാക്ഷിത്വം വരിക്കുമ്പോൾ പതാക താഴ്ത്തിക്കെട്ടി തെരുവോരങ്ങളിൽ പ്രതിഷേധം നടത്തി ഞങ്ങൾ നെഞ്ചുപൊട്ടുമാറ് വിളിക്കും. "ഇല്ലാ, ഇല്ല മരിക്കുന്നില്ല രക്തസാക്ഷി മരിക്കുന്നില്ല, ജീവിക്കുന്നു ഞങ്ങളിലൂടെ, ഞങ്ങളുടെ ചങ്കിലെ ചോരയിലൂടെ" എന്ന് ഞങ്ങൾ മുദ്രാവാക്യം വിളിക്കും. ഇത് ഞങ്ങളുടെ ബലഹീനതയാണെന്ന് നിങ്ങൾ കരുതരുത്. ഈ നന്ദിപ്രമേയത്തെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഡോ. സുജിത് വിജയൻപിള്ള: സർ, രണ്ടാം പിണറായി സർക്കാരിന്റെ

മുന്നോട്ടുള്ള പ്രയാണത്തെ അവതരിപ്പിച്ച ഗവർണറുടെ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയത്തെ ഞാൻ അഭിമാനപൂർവ്വം അനുകൂലിക്കുന്നു. കോവിഡ്-19 ജനങ്ങളുടെ ജീവിതത്തെയും രാജ്യത്തിന്റെ സമ്പത്തിനെയും ഘടനയെയും പ്രതികൂലമായി ബാധിച്ചു. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെയും പൊതുജനങ്ങളുടെയുമെല്ലാം പങ്കാളിത്തത്തോടുകൂടി ഒന്നാം തരംഗത്തെയും രണ്ടാം തരംഗത്തേയും ഇപ്പോൾ മൂന്നാം തരംഗത്തെയും ഫലപ്രദമായി മറികടക്കുന്നത് നാം ദർശിച്ചുകൊണ്ടിരിക്കുകയാണ്. കോവിഡ് 19-നെതിരെ സാമൂഹിക പ്രതിരോധശേഷി നേടുന്നതിനുവേണ്ടി എല്ലാവർക്കും വാക്സിൻ നൽകുന്നതിൽ വലിയ തോതിൽ നാം വിജയിച്ചിരിക്കുന്നു. മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ച് ബഹുദൂരം നാം മുന്നിലുമാണ്. ഇരുപതിനായിരം കോടി രൂപയുടെ കോവിഡ് പാക്കേജുകൾ രണ്ടുപ്രാവശ്യം ധനകാര്യവകുപ്പുമന്ത്രി ഇവിടെ അവതരിപ്പിക്കുകയുണ്ടായി. അത് വലിയ നിലയിൽ ജനങ്ങൾക്ക് ആശ്വാസമായിയെന്നതിൽ സന്തോഷം നൽകുന്നു. കോവിഡുമൂലം മരണമടയുന്ന മാതാപിതാക്കളുടെ കുട്ടികളുടെ സമഗ്ര പുനരധിവാസത്തിനുള്ള പാക്കേജുകൾ, കോവിഡുമൂലം കുടുംബത്തിലെ പ്രധാന അംഗം നഷ്ടപ്പെട്ട ബി.പി.എൽ. കുടുംബങ്ങൾക്ക് 5,000 രൂപ വീതം

36 മാസം നൽകുന്ന പദ്ധതി, കോവിഡുമൂലം മരണം സംഭവിച്ചവരുടെ അനന്തരാവകാശികൾക്ക് ലഭിക്കുന്ന 50,000 രൂപയുടെ ധനസഹായം, നികുതിയിളവുകൾ, വിവിധതരത്തിലുള്ള പലിശയിളവുകൾ തുടങ്ങിയവ വലിയ രീതിയിലുള്ള സമാശ്വാസമായി ഈ കാലഘട്ടത്തിൽ മാറിയിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിയും കോവിഡും ഈ ഗവൺമെന്റിന്റെ മുന്നോട്ടുള്ള ചലനത്തെ തടസ്സപ്പെടുത്തേണ്ടതാണെങ്കിൽപ്പോലും ഇച്ഛാശക്തികൊണ്ട് ഈ പ്രതിസന്ധികളെ മറികടക്കുവാൻ സർക്കാരിന് സാധിച്ചതിന്റെ ചിത്രമാണ് നമുക്ക് ഇപ്പോൾ കാണാൻ സാധിക്കുന്നത്. രണ്ടാം പിണറായി സർക്കാരിന്റെ ആദ്യ വർഷത്തിൽതന്നെ രണ്ടാമത്തെ നൂറുദിന പരിപാടികളുമായി മുന്നോട്ടുപോകുന്നു. അതിൽതന്നെ ആദ്യവർഷം 1557 പരിപാടികളിലായി 17,183 കോടി രൂപയുടെ മുതൽമുടക്കുകളാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതുവഴിയുണ്ടാകുന്ന തൊഴിലവസരങ്ങളും സർക്കാരിന്റെ തുടർച്ചയായിട്ടുള്ള സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും ജനങ്ങളുടെ കഷ്ടപ്പാടുകൾ ലഘൂകരിക്കുവാൻ സാധിച്ചിട്ടുണ്ട്. അതുകൊണ്ടാണ് 'നീതി ആയോഗ്'-ന്റെ സുസ്ഥിര വികസന ലക്ഷ്യത്തിൽ തുടർച്ചയായി കേരളത്തിന് ഉയർന്ന റാങ്കോടെ മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ച് നിലനിൽക്കുവാൻ സാധിച്ചത്. അതുപോലെ, Multidimensional Poverty സംബന്ധിച്ച 'നീതി

ആയോഗ്-ന്റെ റിപ്പോർട്ടിംഗിലും മികച്ച പ്രകടനം നടത്തുവാൻ നമുക്ക് സാധിച്ചു. റിപ്പോർട്ടിംഗിൽ രാജ്യത്തെ ഏറ്റവും കുറഞ്ഞ ഹരിതനിരക്ക് 0.7% എന്നത് കേരളത്തിന് അഭിമാനകരമായ നേട്ടമാണെങ്കിൽപ്പോലും അതിദരിദ്രരെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പദ്ധതികളുമായി, ബഡ്ജറ്റ് പ്ലാനുകളുമായി മുന്നോട്ടുപോകുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. എല്ലാവർക്കും ഭൂമിയും പാർപ്പിടവും എന്ന ലക്ഷ്യത്തിലെത്താൻ വിവിധ വകുപ്പുകളേയും സ്ഥാപനങ്ങളേയും മറ്റും സംയോജിപ്പിച്ച് അഞ്ച് വർഷംകൊണ്ട് ഏതാണ്ട് അഞ്ച് ലക്ഷം വീടുകൾ എന്ന പ്രഖ്യാപന ലക്ഷ്യത്തിലേയ്ക്കെത്തുവാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഏതാണ്ട് 3,41,095 ഭൂരഹിതരുണ്ടെന്നാണ് കണക്ക്. അവർക്ക് ഏറ്റവും കുറഞ്ഞത് മൂന്ന് സെന്റ് വീതം കൊടുക്കുന്നതിനുവേണ്ടി ഏകദേശം 10500 ഏക്കർ സ്ഥലം വേണം. അത് കണ്ടെത്തുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു. സമയബന്ധിതമായി അഞ്ച് വർഷംകൊണ്ട് ഈ നേട്ടങ്ങൾ നേടിയെടുക്കുന്നതിനുള്ള നിശ്ചയദാർഢ്യത്തോടുകൂടി സർക്കാർ മുന്നോട്ടുപോകുന്നു. 2022-ൽത്തന്നെ പൂർണ്ണമായും ഇ-ഗവേണൻസ് സംസ്ഥാനമാക്കാനുള്ള പ്രയത്നത്തിലാണ്. അതുവഴി സാമ്പത്തിക രംഗത്തെ പുനരുജ്ജീവനവും ജനങ്ങൾക്ക് നൽകുന്ന

സേവനത്തിന്റെ ഗുണനിലവാരവും മെച്ചപ്പെടുത്തുവാൻ സാധിക്കും. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് ഉറപ്പാക്കുന്ന രീതിയിൽ ചെറുകിട ബിസിനസ്സ് സംരംഭങ്ങളുടെ കാര്യത്തിൽ സ്വയം സാക്ഷ്യപ്പെടുത്തൽ അനുവദിച്ചുകൊണ്ട് കേന്ദ്രീകൃത സമ്പ്രദായം നടപ്പിലാക്കുകവഴി നടപടിക്രമങ്ങൾ ലഘൂകരിക്കുകയാണ്. ഇതുവഴി നിരവധി എം.എസ്.എം.ഇ-കൾ ആരംഭിക്കുവാനുള്ള സാധ്യതകളാണ് ഇപ്പോഴുള്ളത്. ഇപ്പോൾത്തന്നെ ഈ മേഖലയിൽ ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ ലഭിക്കുകയുണ്ടായി. അതോടൊപ്പം നിരവധി വ്യവസായ പാർക്കുകൾ പ്രൈവറ്റ് മേഖലകളിൽ ആരംഭിക്കുന്നതുമൂലം തൊഴിൽ സാദ്ധ്യതകൾ അനന്തമായി വർദ്ധിച്ചിരിക്കുകയാണ്. ജനങ്ങൾക്ക് അഞ്ഞൂറിൽപ്പരം സേവനങ്ങൾ ഓൺലൈനായി ലഭിക്കുക, ജനങ്ങളുടെ പ്രധാന രേഖകളെല്ലാം ഡിജിറ്റലൈസ് ആക്കുക, സേവന പുരോഗതി അറിയുന്നതിന് ഡാഷ് ബോർഡുകൾ സ്ഥാപിക്കുക എന്നിവയെല്ലാം ജനങ്ങൾക്ക് വലിയ രീതിയിൽ സഹായകരമാകുന്ന പദ്ധതികളാണ്. ടൂറിസം മേഖലയെ ജനകീയമാക്കുന്നതിനുവേണ്ടി ഓരോ പഞ്ചായത്തിലും ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ എന്ന വലിയ കാഴ്ചപ്പാടുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. അഞ്ച് വർഷംകൊണ്ട് ഇരുപത് ലക്ഷം

പേർക്കെങ്കിലും വിവിധ മേഖലകളിലായി തൊഴിൽ നൽകുന്ന പദ്ധതിയാണ്. കെ-ഡിസ്ക് പോലുള്ള സ്ഥാപനങ്ങൾ ആദ്യഘട്ടത്തിൽ പരീക്ഷണ സാധ്യതകൾ നടത്തിയപ്പോൾ വൻവിജയമാകുന്നത് നാമെല്ലാം ദർശിച്ചതാണ്. അതുപോലെ, ഇ-ഓട്ടോകൾ പ്രോത്സാഹിപ്പിക്കുകയും അതിനുതകുന്ന രീതിയിൽ 1140 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള പദ്ധതികൾ ആരംഭിക്കുകയും ചെയ്തു. പൊതുവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ താഴ്ന്ന പ്രകടനം നടത്തുന്ന സ്കൂളുകളെ ഉയർന്ന നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി ഫോക്കസ് പ്രോജക്ടുകൾ ആരംഭിക്കുന്ന പദ്ധതിയുമായി മുന്നോട്ടുപോകുന്നു. ഉന്നത വിദ്യാഭ്യാസത്തിന്റെ രംഗത്ത് സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കുവാനും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുവാനും ഗവേഷണ കേന്ദ്രങ്ങളാക്കുവാനുമുള്ള സാഹചര്യങ്ങൾ ഉറപ്പാക്കുന്നു. മാലിന്യ സംസ്കരണ പദ്ധതി വിപുലമാക്കുവാനും മാലിന്യരഹിത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്ന പ്രഖ്യാപിത ലക്ഷ്യത്തിലേയ്ക്കെത്തുവാൻ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുമനുയോജ്യമായ രീതിയിലുള്ള സപ്പോർട്ടുകൾ നൽകുവാനും സർക്കാർ മുന്നോട്ടുവരുന്നു. മാലിന്യത്തിൽനിന്ന് ഊർജ്ജം ഉല്പാദിപ്പിക്കുന്ന പദ്ധതികളുമായി മുന്നോട്ടുപോകുന്നു. അതുപോലെ ഒരു തദ്ദേശസ്വയംഭരണ

സ്ഥാപനം ഒരു ഉല്പന്നം ഏറ്റെടുത്തുകൊണ്ട് അതിനെ ലോകവിപണിയിൽത്തന്നെ മാർക്കറ്റ് ചെയ്യുന്നതിനുള്ള എല്ലാ സഹായങ്ങളും നൽകിക്കൊണ്ട് ഗവൺമെന്റ് മുന്നോട്ടുപോകുന്നു. ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലമടക്കം മത്സ്യബന്ധന മേഖലയിൽ പുനർഗേഹം പദ്ധതിയിലൂടെ വേലിയേറ്റത്തിന്റെ ഭീഷണി നേരിടുന്ന മത്സ്യബന്ധന തൊഴിലാളികളെ സുരക്ഷിതമായ സ്ഥാപനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതികളുമായി മുന്നോട്ടുപോകുന്നു. മത്സ്യഫെഡിന്റെ നേതൃത്വത്തിൽ വളരെ ക്രിയാത്മകമായ പ്രവർത്തനങ്ങളാണ് നടത്തിയത്. അടിക്കടിയുണ്ടാകുന്ന ഡീസൽ വില വർദ്ധനവിൽ ബോട്ടുടമകളുടെ ലാഭവിഹിതം പലപ്പോഴും നല്ലൊരു ക്യാച്ച് ലഭിച്ചാൽപ്പോലും 20,000-30,000 രൂപവരെ നഷ്ടത്തിലേയ്ക്ക് പോകുന്ന അവസ്ഥ കണ്ടുകൊണ്ട് മത്സ്യഫെഡ് ഒരു ലിറ്റർ ഡീസലിന് ഒരു രൂപ സബ്സിഡി നിരക്കിൽ, മത്സ്യഫെഡിന്റെ പന്ത്രണ്ടോളം പെട്രോൾ-ഡീസൽ ബങ്കുകളിൽ ഇങ്ങനെയുള്ള സബ്സിഡി നിരക്ക് പ്രാവർത്തികമാക്കുകയുണ്ടായി. ഇതുവഴി വലിയൊരു സമാശ്വാസ പദ്ധതിയാണ് മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുളളത്. സാമ്പത്തികരംഗത്ത് കോവിഡുമൂലം ഏറെ വരുമാനനഷ്ടവും അധികചെലവുകളും ബാധ്യതകളുമുണ്ടായി. കേന്ദ്രത്തിന്റെ തെറ്റായ

സാമ്പത്തിക നയങ്ങളെക്കുറിച്ച് പലരും ഇവിടെ ചൂണ്ടിക്കാണിച്ചു. കേന്ദ്രം നൽകേണ്ട വിഹിതത്തിൽ ഗണ്യമായ കുറവ്, കേരളത്തിന് ലഭിക്കേണ്ട വിഹിതം സ്ഥിരമായി കുറയ്ക്കുന്ന കേന്ദ്ര ധനകാര്യ കമ്മീഷന്റെ അടിക്കടിയുള്ള നടപടികൾ, ജൂണിനുശേഷം ജി.എസ്.ടി. നഷ്ടപരിഹാരം നിർത്താൻ പോകുന്ന മുതലായ കേന്ദ്രത്തിന്റെ തെറ്റായ സാമ്പത്തിക നയങ്ങളെക്കുറിച്ച് പലരും ഇവിടെ ചൂണ്ടിക്കാണിച്ചു. റവന്യൂകമ്മി നികത്താനുള്ള ഗ്രാന്റ് കുത്തനെ കുറയ്ക്കാനുള്ള നടപടി തുടങ്ങിക്കഴിഞ്ഞു. ഇക്കാരണങ്ങളാൽ കേരളത്തിന് 18,000 മുതൽ 20,000 കോടി രൂപവരെ വരുമാന നഷ്ടമുണ്ടാകാൻ പോകുന്നുവെന്നാണ് കണക്കാക്കുന്നത്. ഡിവിസിബിൾ പൂളിൽനിന്നും കിട്ടേണ്ട നികുതി ഇളവുകളൊന്നും സമയബന്ധിതമായി നൽകുന്നില്ല. സർചാർജ്ജിനത്തിലും സെസ്സ് ഇനത്തിലുമായി കേന്ദ്ര സർക്കാർ ഗണ്യമായി വരുമാനം വർദ്ധിപ്പിക്കുകയും ഡിവിസിബിൾ പൂളിൽ വരേണ്ട നികുതിക്ക് ഇളവ് നൽകുകയും ചെയ്യുന്നതുകൊണ്ട് എല്ലാ സംസ്ഥാനങ്ങളിലും നികുതിചോർച്ചയും വരുമാന ചോർച്ചയുമുണ്ടാകുന്നു. കേന്ദ്രത്തിന്റെ നീതിരഹിതമായ നടപടികൾക്കെതിരെ സംയുക്തമായി എല്ലാ സംസ്ഥാനങ്ങളും ബോധവത്കരണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകണം. ഇങ്ങനെയൊക്കെയാണെങ്കിലും ധനപരമായ വിവിധ

ഏകീകരണ നടപടികളിലൂടെ 2022-23 സാമ്പത്തികവർഷത്തിൽ ജി.എസ്.ഡി.പി.-യിൽ 10 ശതമാനം വളർച്ചയുണ്ടാക്കുന്ന നടപടി ലക്ഷ്യം വച്ചാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഇതിനോടൊപ്പം നിരവധി മൈനർ-മേജർ പ്രോജക്ടുകളും ഏറ്റെടുത്ത് നടപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതിന്റെ ഭാഗമായി, ഗെയിൽ പൈപ്പ് ലൈൻ, കെ-ഫോൺ, നാഷണൽ ഹൈവേ വികസനം, മലയോര/തീരദേശ ഹൈവേ, കെ-റെയിൽ തുടങ്ങി നിരവധി അഭിമാനകരമായ പ്രോജക്ടുകളേറ്റെടുത്ത് സർക്കാർ മുന്നോട്ടുപോകുകയാണ്. ഏത് പരിഷ്കൃതരാജ്യത്തിന്റെയും വികസനലക്ഷ്യങ്ങളിലൊന്നാണ് ശാശ്വതവും അതിവേഗവും സുരക്ഷിതവും പ്രകൃതിക്കനുകൂലവുമായ യാത്രാ സൗകര്യങ്ങൾ നടപ്പാക്കുക എന്നുള്ളത്. ഇത്തരുണത്തിൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് കണ്ണൂർ എയർപോർട്ട് വികസനം, നാഷണൽ ഹൈവേയുടെ വികസനം, മെട്രോ റെയിലിന്റെ വികസനങ്ങൾ, റെയിൽവേയുടെ വികസനം, തീരദേശമലയോര ഹൈവേയുടെ വികസനം, സോളാർ ബോട്ടുകളെന്ന കൺസപ്റ്റിലേയ്ക്കുള്ള ചുവടുവയ്പ്പുകൾ, ഇലക്ട്രിക്കൽ വാഹനങ്ങൾ, അതിന്റെ ചാർജ്ജിംഗ് സ്റ്റേഷനുകൾ ഇവയെല്ലാം കൃത്യമായ ലക്ഷ്യത്തോടെ വികസിപ്പിച്ചെടുത്ത് മുന്നോട്ടുപോകുന്നു. അതിനോടൊപ്പം കാണേണ്ടതാണ് കെ-റെയിൽ പദ്ധതി.

ലോകത്തെവിടെയും ഹൈ സ്പീഡ്, സെമി സ്പീഡ് റെയിൽവേ കണക്ഷനുകളുണ്ട്. വെസ്റ്റേൺ യൂറോപ്പിലും ഏറ്റവും കൂടുതൽ പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്ന ജപ്പാനിലും ചൈനയിലും യു.എസ്.-ലുമെല്ലാം അപകടരഹിതമായും എന്നാൽ അതിവേഗത്തിലും ജനങ്ങൾക്ക് യാത്രചെയ്യാൻ കഴിയുന്ന സൗകര്യങ്ങളുണ്ട്. കെ-റെയിൽ പ്രോജക്ട് കേരളത്തിൽ വരുമ്പോൾ തിരുവനന്തപുരത്തുനിന്നും കാസർഗോഡ്വരെ യാത്രചെയ്യാൻ 4 മണിക്കൂറും കൊച്ചിവരെയാണെങ്കിൽ 1 മണിക്കൂർ 25 മിനിട്ടുമാണ് ഉദ്ദേശിക്കുന്നത്. അതുപോലെ റേറ്റും താരതമ്യേന വളരെ കുറവാണ്. ഏതാണ്ട് 540 രൂപയുണ്ടെങ്കിൽ എറണാകുളത്ത് പോകാൻ സാധിക്കും. അങ്ങനെവരുമ്പോൾ നിയമസഭാ സാമാജികർക്കടക്കം എം.എൽ.എ. ഹോസ്റ്റൽ സൗകര്യം വേണ്ടാത്ത അവസ്ഥയിലേയ്ക്ക് കാര്യങ്ങളെത്തും. ഇത് പ്രാവർത്തികമാകുമ്പോൾ 46,206 പേർ റോഡുമാർഗ്ഗമുള്ള ഗതാഗതം ഉപേക്ഷിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിലൂടെ ദിവസേന ഏതാണ്ട് 2,80,000 human hours ലാഭിക്കാൻ സാധിക്കുമെന്നുള്ളതാണ്. അതുവഴി 12,872 വാഹനങ്ങൾ റോഡിൽനിന്നും അപ്രത്യക്ഷമാകുമെന്നാണ് മനസ്സിലാക്കുന്നത്. ഒരു വർഷത്തിൽ ഡീസൽ/പെട്രോൾ ഇനത്തിൽ 530 കോടി രൂപയുടെ വിദേശനാണ്യം

ലാഭിക്കുവാൻ സാധിക്കും. പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾവഴി നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് 2025-ഓടുകൂടി 2,80,000 ടൺ കാർബൺ അന്തരീക്ഷത്തിൽനിന്നും മാറ്റാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്.

മി. ചെയർമാൻ: പ്ലീസ്......കൺക്ലൂഡ്.....

ഡോ. സുജിത് വിജയൻപിള്ള: ഇത് ആഗോളതാപനവും ശ്വാസകോശജന്യ രോഗങ്ങളും കുറയ്ക്കുന്നതിന് എത്രമാത്രം സംഭാവനകൾ നൽകാൻ കഴിയുമെന്നുള്ളത് മനസ്സിലാക്കണം. മാത്രമല്ല, ഇതിന്റെ നിർമ്മാണ ഘട്ടത്തിൽ അമ്പതിനായിരം തൊഴിലവസരങ്ങളാണ് ലഭിക്കുന്നതെന്നാണ് അറിയാൻ കഴിയുന്നത്.

മി. ചെയർമാൻ: സമയം കഴിഞ്ഞു. പ്ലീസ്......കൺക്ലൂഡ്.....

ഡോ. സുജിത് വിജയൻപിള്ള: ഈയൊരു പ്രോജക്ടും എൻ.എച്ച്. വികസനവുമെല്ലാം ഒരുമിച്ച് നടക്കുമ്പോൾ നമ്മുടെ സമൂഹത്തിലേയ്ക്ക് പൂൾ ചെയ്യപ്പെടുന്ന ഫണ്ടുകൾ കാർഷിക ശാക്തീകരണത്തെയും സമ്പദ്ഘടനയെയും വികസിപ്പിക്കുവാൻ സാധിക്കുമെന്നുള്ളതുകൊണ്ട് പ്രതിപക്ഷവും ഭരണപക്ഷവും നാട്ടിലെ എല്ലാ ജനങ്ങളും ചേർന്ന് ഈ വൻ പ്രോജക്ടുകൾ ഏറ്റെടുത്ത് വിജയിപ്പിക്കണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. പദ്ധതികൾക്ക് മാർച്ച് 31-ാം തീയതി 37,000 കോടി രൂപ ചെലവഴിക്കാൻ നിശ്ചയിച്ചതിൽ ഏകദേശം പതിനയ്യായിരം കോടി രൂപയാണ് ഇവിടെ ചെലവഴിച്ചത്. 17 മുഖ്യവകുപ്പുകളിൽ പകുതി തുകപോലും ചെലവഴിച്ചിട്ടില്ല. ആരോഗ്യം, പൊതുമരാമത്ത്, ഗതാഗതം, നിയമസഭ എന്നിവയിൽ മാത്രമാണ് നൂറുശതമാനവും ചെലവഴിച്ചിട്ടുള്ളത്. ബാക്കിയുള്ളതിലൊന്നും ചെലവഴിച്ചിട്ടില്ല. എവിടേയ്ക്കാണ് നിങ്ങൾ പോകുന്നത്? കേരളം മാതൃകയെന്നാണ് നിങ്ങൾ പറയുന്നത്. 30 ശതമാനത്തിൽ കൂടുതൽ തുക ചെലവിടുന്നതിൽനിന്നും വകുപ്പുകളെ വിലക്കിയ ഒരു ധനകാര്യ വകുപ്പാണിവിടെയുള്ളതെന്ന് ശ്രീ. ശിവൻകുട്ടി മിനിസ്റ്റർ മനസ്സിലാക്കണം. നിങ്ങളുടെ വകുപ്പെന്താണ് തുക ചെലവാക്കാത്തത്? പദ്ധതി നിർവ്വഹണം ഒരു കുട്ടിക്കളിയല്ല. ഓരോ മാസവും പദ്ധതികൾ എവിടെവരെയെത്തി നിൽക്കുന്നു, എത്ര രൂപ ചെലവാക്കുന്നുവെന്ന് മന്ത്രിമാർ അറിഞ്ഞ് അതിനനുസരിച്ച് ചെയ്യണം. കേരളം നമ്പർ വൺ എന്നാണ് നിങ്ങൾ എപ്പോഴും പറയുന്നത്. നമ്പർ വൺ എവിടെയാണ്? കുറെക്കാലമായി പറയുകയാണ്. കസ്റ്റഡി കൊലപാതകം എത്രയെണ്ണമായി? 2020 വരെ എട്ടെണ്ണമായി. കേരളം, ബീഹാർ,

ഝാർഖണ്ഡ്, ഛത്തീസ്ഗഢ്, പഞ്ചാബ് സംസ്ഥാനങ്ങളൊക്കെ ഇക്കാര്യത്തിൽ മുന്നേറിയിട്ടുണ്ട്. ഇത്തരം കേസുകളിൽ ജുഡീഷ്യൽ എൻക്വയറി നടത്താത്ത ആറ് സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഇത് ഞാൻ പറയുന്നതല്ല. എൻ.സി.ആർ.ബി. ഡാറ്റയാണെന്ന് നിങ്ങൾ മനസ്സിലാക്കണം. ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ചാണ് നിങ്ങൾ പിന്നീട് പറഞ്ഞത്. എവിടെയാണ് ഉന്നതവിദ്യാഭ്യാസം? ഉന്നതവിദ്യാഭ്യാസം ആഗോളനിലവാരത്തിലേയ്ക്ക് ഉയർത്തുമെന്നാണ് ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത്. അവകാശവാദങ്ങൾ കണ്ടപ്പോൾ ഞാൻ ഇത്രയും പ്രതീക്ഷിച്ചില്ല. കാരണം, സി.പി.ഐ.(എം.) നേതാക്കൻമാരുടെ ഭാര്യമാരെ ഡി.വൈ.എഫ്.ഐ.-യിലുള്ളവരെ സർവ്വകലാശാലയിൽ നിയമിച്ചാൽ ആഗോളനിലവാരമുണ്ടാകുമോയെന്ന് പടച്ചതമ്പുരാനറിയാം. നിയമവിരുദ്ധവും ക്രമരഹിതവുമായ കാര്യങ്ങൾക്ക് തനിക്ക് കൂട്ടുനിൽക്കേണ്ടിവന്നുവെന്ന് നിലവിളിച്ച ഗവർണർക്ക് ക്രമവിരുദ്ധമായി ഒരു പി.എ.-യെ കിട്ടിക്കഴിഞ്ഞപ്പോൾ പ്രശ്നമെല്ലാം മാറി, എല്ലാം ക്രമത്തിലായി. ഗവർണറെ നിങ്ങൾ എന്തിനാണ് കാണുന്നത്? അയാളെക്കുറിച്ച് നിങ്ങൾ എന്താണ് മനസ്സിലാക്കിയത്? അയാൾക്ക് വിവരമുണ്ടോ; പമ്പരവിഡ്ഢിയല്ലേ. ഗവർണർ എന്തെങ്കിലും പറഞ്ഞാൽ മുട്ടുവിറയ്ക്കുന്ന ആൾക്കാരല്ലേ നിങ്ങൾ? ഇ. കെ.

നായനാർ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ബീഹാറിൽ നിന്നുള്ള രാം ദുലാരി സിൻഹയായിരുന്ന കേരള ഗവർണർ.

മി. സ്പീക്കർ: അങ്ങ് ചെയറിനെ അഡ്രസ്സ് ചെയ്ത് സംസാരിക്കു.

ശ്രീ. പി. കെ. ബഷീർ: സർ, അന്ന് കേന്ദ്രത്തിനെതിരായി സമരം, ഗവർണർക്കെതിരായി സമരം, രാം ദുലാരി സിൻഹ സ്ലീവിടാത്ത പെണ്ണെന്ന് നായനാർ. അന്ന് നിങ്ങൾ സ്ട്രോംഗായി നിന്നില്ലേ; ഇപ്പോഴെന്താണ് നിങ്ങളൊന്നും പറയാത്തത്? അവിടെ ബി.ജെ.പി.യാണ് ഭരിക്കുന്നത്. നിങ്ങൾക്ക് മുട്ട് വിറയ്ക്കും. അതിലെന്താണ് സംശയം? ശ്രീ. പിണറായി വിജയനെ നിങ്ങൾ വലിയ XXXXXXXX+ ആക്കി വച്ചിരിക്കുന്നല്ലോ; എന്ത് XXXXXX[1] ആണ്? ഞാൻ ചോദിക്കട്ടെ, കമ്മ്യൂണിസ്റ്റുകാരൻ ശ്രീ. വി. ജോയി പ്രസംഗിച്ചപ്പോൾ എന്താണ് പറഞ്ഞത്? അദ്ദേഹം ഞങ്ങളുടെ ഉയിരാണെന്നാണ്. നിങ്ങൾ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ വിശ്വസിക്കുകയാണെങ്കിൽ നിങ്ങൾക്ക് വ്യക്തിപൂജ പാടില്ല, പാർട്ടി നയമാണത്. എന്നിട്ടാണ് നിങ്ങൾ വ്യക്തിപൂജ ചെയ്യുന്നത്? ഗവർണർ എന്താണ് ചെയ്തത്? മുഖ്യമന്ത്രി ദുബായിൽനിന്നും വന്നപ്പോൾ ഗവർണറെ കാണാൻ പോയി. ശ്രീ. എ. കെ. ബാലൻ പറഞ്ഞതുപോലെ ഗിഫ്റ്റ്

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.
1 ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

കൊടുക്കാനാണെന്ന് ഞാൻ പറയില്ല.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, പോയിന്റ് ഓഫ് ഓർഡർ, റൂൾ 304 പ്രകാരം ക്രമപ്രശ്നം ഉന്നയിക്കുന്നു. അദ്ദേഹം ഉപയോഗിച്ച XXXXXXXX+ എന്ന വാക്ക് സഭാരേഖകളിലുണ്ടാകാൻ പാടില്ല. അത് 307 പ്രകാരം എക്സ്പഞ്ച് ചെയ്യണം.

<u>മി. സ്പീക്കർ</u>: അത് സഭാരേഖയിൽനിന്നും നീക്കം ചെയ്യും.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, XXXXXXXXX+ എന്നത് അൺപാർലമെന്ററി വാക്കല്ല. പണ്ട് കുട്ടികളെ പേടിപ്പിക്കാനായി XXXXXXXX+ വരുന്നുണ്ടെന്ന് പറയാറുണ്ട്.

<u>മി. സ്പീക്കർ</u>: ആ വാക്ക് രേഖയിലുണ്ടാകില്ല.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാനതിന്മേൽ ഉറച്ചുനിൽക്കുന്നു. കാരണം, നിങ്ങളെപ്പോലുള്ള കുറച്ച് ആളുകൾ അയാളെ XXXXXXX+ ആയി കാണുകയാണ്; നിങ്ങളുടെ മുട്ടുവിറയ്ക്കുകയാണ് ചെയ്യുന്നത്.

<u>മി. സ്പീക്കർ</u>: ആ വാക്ക് രേഖയിലുണ്ടാകില്ല.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ബംഗാളിൽ ആണത്തമുള്ള ഒരു

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.
+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.
+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.
+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

മുഖ്യമന്ത്രിയുണ്ട്, ശ്രീമതി മമതാ ബാനർജി. അവിടെ ചീഫ് സെക്രട്ടറിയുടെ.....(..ബഹളം...)

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. സ്പീക്കർ</u>: പോയിന്റ് ഓഫ് ഓർഡർ എന്താണ്?

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ആണത്തമുള്ള എന്നുപറഞ്ഞ് സ്ത്രീകളെ ആക്ഷേപിക്കുകയാണ്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ധൈര്യമുള്ള ഒരു മുഖ്യമന്ത്രിയെ ......

<u>മി. സ്പീക്കർ</u>: ആ വാക്ക് ഉപയോഗിക്കാം.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ.......

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഈ ഏർപ്പാട് ശരിയാകില്ല. എന്ത് പോയിന്റ്? ബംഗാളിലെ ചീഫ് സെക്രട്ടറിയെ മാറ്റാൻ ഗവർണറോട് പറഞ്ഞു, മാറ്റിയില്ല. അവിടെയാണ് ധൈര്യം വേണ്ടത്; എന്തുപറ്റി? അവസാനം കേന്ദ്രത്തിൽനിന്ന് ഡെപ്യൂട്ടേഷൻ ഇല്ലെന്ന് പറഞ്ഞു. അപ്പോൾ ബംഗാൾ മുഖ്യമന്ത്രി ശ്രീമതി മമതാ ബാനർജി എന്ത് ചെയ്തു? അവരെ രാജിവയ്പിച്ചു. എന്നിട്ട് പ്രിൻസിപ്പൽ ചീഫ് സെക്രട്ടറിയായി നിയമിച്ചു. നിങ്ങൾ എന്ത് ചെയ്തു? പണ്ടുകാലത്ത് പാലം പണിയുടെ കോൺക്രീറ്റ് നടക്കുമ്പോൾ കോൺക്രീറ്റ് ബലപ്പെടുത്താൻ കുട്ടികളുടെ

അല്ലെങ്കിൽ ആളുകളുടെ രക്തം വേണം എന്നുപറയാറുണ്ട്. അതുപോലെയല്ലേ ശ്രീ. കെ. ആർ. ജ്യോതിലാലിനെ നിങ്ങൾ കുരുതി കൊടുത്തത്? ഇനി ദാ വരാൻ പോകുന്നു. എന്താണ്? ഗവർണർക്ക് ഒരു പൊളിറ്റിക്കൽ സെക്രട്ടറിയെ വേണം. മുഖ്യമന്ത്രിക്ക് ഗവർണർ പ്രൊപ്പോസൽ അയയ്ക്കുന്നുണ്ട്. ബി.ജെ.പി.-യുടെ സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ. സുരേന്ദ്രനെ പൊളിറ്റിക്കൽ സെക്രട്ടറിയാക്കാൻ നാണമില്ലാതെ ഒപ്പിട്ടുകൊടുത്ത് അംഗീകരിച്ചോളണം, വേറെ പണിക്ക് പൊയ്ക്കൂടെ നിങ്ങൾക്ക്. എന്താണ് നിങ്ങളിങ്ങനെ പറയുന്നത്? നിങ്ങളൊക്കെ ആരാണ്? നിങ്ങൾ അതും ചെയ്യും, അതിനപ്പുറവും ചെയ്യും. ഇതൊക്കെ ഈ നാട് കാണും. ഞാൻ ചോദിക്കട്ടെ, എന്തുപറ്റി നിങ്ങൾക്ക്?

മി. സ്പീക്കർ: അങ്ങ് സമാധാനമായി പറയൂ.

ശ്രീ. പി. കെ. ബഷീർ: സർ, നിങ്ങൾ ഞങ്ങളെക്കുറിച്ച് പറഞ്ഞു. ഞങ്ങളുടെ പാർട്ടിയിലെ ഒരു നേതാവ് പ്രസംഗിച്ചപ്പോൾ മതമാണ്, മതമാണ്, മതമാണെന്ന് പറഞ്ഞു. ഞങ്ങൾ ഇസ്ലാം മതത്തിൽ വിശ്വസിക്കുന്ന ആളുകളാണ്. ഞങ്ങൾ ഈശ്വരവിശ്വാസികളാണ്. ഞങ്ങളുടെ വിശ്വാസ പ്രമാണങ്ങൾക്കെതിരായി ഏത് ഭരണകൂടം വന്നാലും അവിടെ ഞങ്ങൾ മതം പറയും, ഞങ്ങളുടെ വിശ്വാസ പ്രമാണങ്ങൾ പറയും,

അതിനുവേണ്ടി ഏതറ്റംവരെയും ഞങ്ങൾ മുന്നോട്ടുപോകും. അല്ലാതെ നിങ്ങളെപ്പോലെയല്ല, ഞാൻ ചോദിക്കട്ടേ, സി.പി.ഐ.(എം)-ലെ ശ്രീമതി പി. അയിഷാ പോറ്റി എം.എൽ.എ.-ആയി ഈശ്വരനാമത്തിൽ സത്യപ്രതിജ്ഞ ചെയ്തപ്പോൾ അതിന് വിശദീകരണം ചോദിച്ച കൂട്ടരാണ് നിങ്ങൾ. അത് മാത്രമാണോ? ഞങ്ങൾ ചോദിക്കട്ടേ. എന്താണ് വഖഫ്? വഖഫ് എന്നാൽ മുസ്ലീം സമുദായത്തിലെ ഉന്നതരായ അല്ലെങ്കിൽ സാമ്പത്തികമായി കഴിവുള്ള ആളുകൾ അവരുടെ സ്വത്തുക്കൾ അല്ലാഹുവിന്റെ പ്രീതി ലഭിക്കാൻവേണ്ടി മദ്രസ്സകൾക്ക് അല്ലെങ്കിൽ ആശുപത്രികൾക്ക് കൊടുക്കും. അതിന്റെ നടത്തിപ്പാണ്. ആ നടത്തിപ്പ് വളരെ സുതാര്യമാകണം. പി.എസ്.സി.-യിൽ മാർക്ക് ലിസ്റ്റ് തട്ടിക്കൂട്ടി അതിൽ ഒന്നാം റാങ്കിൽ വന്നവന് കൊടുക്കുന്നതുപോലെ കൊടുക്കാൻ പറ്റിയതല്ല അത്. ഓൻ അല്ല അത് നടത്തേണ്ടത്. അത് വിശ്വാസികളാണ് നടത്തേണ്ടത്. ജില്ലാ സമ്മേളനം കണ്ണൂരിൽനിന്ന് തുടങ്ങിയപ്പോൾ മുഖ്യമന്ത്രി പറയുകയാണ്, ലീഗ്... മുഖ്യമന്ത്രിയുടെ മനോനില തെറ്റിയതെന്താണ്? ഒരു സമ്മേളനത്തിൽ എന്തൊക്കെ മുദ്രാവാക്യങ്ങളുണ്ടാകും. ബാഫഖി തങ്ങളുടെ മൊട്ടത്തലയിൽ ഐ.ആർ.എട്ട്. മുളപ്പിക്കുമെന്നു പറഞ്ഞ കൂട്ടരാണ് നിങ്ങൾ. എന്നിട്ടാണ് നിങ്ങൾ ഞങ്ങളെ

പഠിപ്പിക്കുന്നത്. നിങ്ങൾ നെഹ്റുവിനെക്കുറിച്ചും ഇന്ദിരാഗാന്ധിയെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. ഭാരതയക്ഷിയെന്ന് നിങ്ങൾ ഇന്ദിരാഗാന്ധിയെ പറഞ്ഞിട്ടില്ലേ? നിങ്ങളെന്താണ് പറയാതുള്ളത്? നിങ്ങൾ എവിടെയാണ് പറയാത്തത്? കൺസ്ട്രക്ടീവ് ആയിട്ടാണ് കാര്യങ്ങൾ പഠിക്കുന്നതെന്ന് ശ്രീ. എ. എൻ. ഷംസീർ ഇന്നലെ പറഞ്ഞല്ലോ? കോൺഗ്രസ്സിനെക്കുറിച്ച് പറഞ്ഞല്ലോ. 25 കൊല്ലമായി ഗുജറാത്തിൽ പ്രതിപക്ഷത്തിരിക്കുന്ന കോൺഗ്രസ്സിന് 70-75 സീറ്റാണ്. മുഖ്യ പ്രതിപക്ഷമാണവിടെ. 252 സീറ്റുണ്ടായിരുന്ന തന്റെ പാർട്ടി ബംഗാളിൽ 34 കൊല്ലം ഭരിച്ചു. 5 കൊല്ലം കഴിഞ്ഞപ്പോൾ 33, ആറാമത്തെ കൊല്ലം ആയപ്പോൾ വട്ടപൂജ്യം. എന്നിട്ട് കോൺഗ്രസിനെ പറയാൻ നിങ്ങൾക്ക് എന്തവകാശം? നിങ്ങൾ ആ കോൺഗ്രസ്സിനെപ്പറ്റി പഠിക്കണ്ടേ? എന്നിട്ട് നിങ്ങളാണ് പറയുന്നത് കൺസ്ട്രക്ടീവ് എന്ന്. അവിടെ നിർത്ത്. ആദ്യം പഠിക്ക്. നിങ്ങൾക്കൊരു കാര്യമുണ്ട്, കഴിഞ്ഞ പ്രാവശ്യം നിങ്ങൾ ബി.ജെ.പി.-യുമായി അഡ്ജസ്റ്റ് ചെയ്തതുകൊണ്ട് കിട്ടിയതല്ലേ? കോൺഗ്രസിന് കുറേ മെച്ചമുണ്ട്. മണിപ്പൂരിൽ കോൺഗ്രസ്, സി.പി.ഐ. മുന്നണിക്ക് ഒരു സീറ്റ് തന്നു. നിർത്താൻ ഒരാളില്ല നിങ്ങൾക്ക്. എന്നിട്ടാണ് ഇവിടെ കാര്യങ്ങൾ പറയുന്നത്. എല്ലാ സ്റ്റേറ്റിലും ഞങ്ങൾ കോൺഗ്രസ്സുമായി സഖ്യമൊന്നുമില്ല.

അവിടെയുള്ള ഞങ്ങളുടെ മതിപ്പ് ഞങ്ങൾക്കറിയാം. അവിടെ നിങ്ങൾക്കും കിട്ടി 250 വോട്ട്, ഞങ്ങൾക്കും കിട്ടി 200 വോട്ട്. അത്രയേയുള്ളൂ. അതിനപ്പുറമൊന്നുമില്ല. എന്തിനാണ് നിങ്ങളിങ്ങനെ വിയർക്കുന്നത്? ശരിയാണ്, നിങ്ങൾ പറയുന്നതുപോലെ ഞങ്ങൾക്കും മൂന്ന് സീറ്റേയുള്ളൂ, നിങ്ങൾക്കും ഇന്ത്യാ മഹാരാജ്യത്ത് മൂന്ന് സീറ്റേയുള്ളൂ. വെറുതെ പറയണ്ട. ഇവിടെ ഒരു ലോട്ടറി അടിച്ചുവെന്നേയുള്ളൂ.

ശ്രീ. പി. ഉബൈദുള്ള: സർ, തമിഴ്നാട് മുനിസിപ്പൽ കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ നൂറിലേറെ സീറ്റുകളിൽ മുസ്ലീംലീഗ് സ്ഥാനാർത്ഥികൾ വിജയിച്ച കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. ബഷീർ: സർ, പിന്നെന്താണ്. അതെന്താണെന്നുവച്ചാൽ അവിടെ അങ്ങയുടെ പാർട്ടിയും ഞങ്ങളുടെ പാർട്ടിയും ഒപ്പമാണ്. ഡി.എം.കെ.-യും കോൺഗ്രസും ഒപ്പമാണ്. പിന്നെ ഇവിടെ കെ-റെയിൽ പദ്ധതി വന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്താണ് രണ്ടാമത് പറ്റിയതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. കുറേയൊക്കെ വിഷനും അഭിപ്രായവുമൊക്കെ ഉണ്ടെന്ന് വിചാരിച്ചതാണ്. അദ്ദേഹം ഇപ്പോൾ ആ പഴയ പിണറായി അല്ല. അതുപോലെ പൗരപ്രമുഖരുമായിട്ടാണ് കെ-റെയിലിന്റെ ചർച്ച. ഇവിടെ ഒരു ജനാധിപത്യ സംവിധാനമില്ലേ;

പഞ്ചായത്ത് മെമ്പർമാരില്ലേ; ജില്ലാ പഞ്ചായത്ത് മെമ്പർമാരില്ലേ; എം.എൽ.എ.-മാരില്ലേ? ഷംസീറേ, ശ്രീ. കോടിയേരിക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും കുറേ ഉപദേശങ്ങൾ കൊടുക്കുന്നുണ്ടല്ലോ. ഇനി ശ്രീ. കോടിയേരി മുഖാന്തരം മുഖ്യമന്ത്രിക്ക് ഉപദേശങ്ങൾ കൊടുക്ക്, കാരണം അത് സ്വന്തം ആളാണല്ലോ? നിങ്ങൾ ഭരണഘടനയുടെ ആമുഖം ഒന്ന് വായിക്കണം. എന്താണ് ആമുഖത്തിൽ പറയുന്നത്; 'We, the people of India' എന്നാണ്. അല്ലാതെ 'We, the dignitaries of India' എന്നല്ല. അവിടെ പൗരപ്രമുഖരല്ല. ജനാധിപത്യ സംവിധാനത്തിൽ സാധാരണ ആളുകളെയാണ് വിളിക്കേണ്ടത്. ആരാണ് പൗരപ്രമുഖരെ നിശ്ചയിക്കുന്നത്? നിങ്ങളിൽ ഒരാൾ ഒരഭിപ്രായം പറഞ്ഞാൽ അത് പാർട്ടിയുടെ അഭിപ്രായമാകുമോ? ഞങ്ങളുടെ സമ്മേളനത്തിൽ ഒരാളുടെ പ്രസംഗത്തിൽ ഒരബദ്ധം പറ്റി. ആ അബദ്ധം വന്നപ്പോൾ ഞങ്ങളുടെ പാർട്ടി അതിനെ എതിർത്തു. ഞങ്ങളുടെ ബഹുമാന്യനായ സാദിക്ക് അലി ശിഹാബ് തങ്ങൾ അത് നിർത്തി. അത് ഞങ്ങളുടെ അഭിപ്രായമല്ല. ഒരാൾ സ്റ്റേജിൽനിന്ന് പറയുന്നതെല്ലാം ആ പാർട്ടിയുടെ അഭിപ്രായമല്ല. അങ്ങനെയാണെങ്കിൽ ശ്രീ. എം. വിജയരാഘവൻ ശ്രീമതി രമ്യാ ഹരിദാസിനെക്കുറിച്ച് പറഞ്ഞത്, ശ്രീ. ജി. സുധാകരൻ ശ്രീമതി ഷാനിമോൾ ഉസ്മാനെക്കുറിച്ച് പറഞ്ഞത്,

ശ്രീ. വി. എസ്. അച്ചുതാനന്ദൻ ശ്രീമതി ലതികാ സുഭാഷിനെയും ശ്രീമതി സിന്ധു ജോയിയെയും ഒക്കെ പറഞ്ഞിട്ടില്ലേ? എന്തിനാണിങ്ങനെ പല്ലിൽക്കുത്തി മണപ്പിക്കുന്നത്? പറയാൻ തുടങ്ങിയാൽ ഞങ്ങൾക്ക് ഒരുപാട് പറയാനുണ്ട്. ഏറ്റവും വലിയ അത്ഭുതം എന്താണെന്നുവച്ചാൽ ഈ നന്ദിപ്രമേയം അവതരിപ്പിച്ചത് ബഹുമാന്യനായ ടി. പി. രാമകൃഷ്ണനാണ്. അദ്ദേഹത്തിന്റെ ഒരു സഹപ്രവർത്തകൻ മന്ത്രിസഭയിലെ ഒരംഗമായിരുന്ന ശ്രീ. എ. സി. മൊയ്തീൻ പ്രസംഗിച്ചപ്പോൾ അതിനെക്കുറിച്ച് ഒരു കാര്യം പറഞ്ഞില്ല. അദ്ദേഹം ജില്ലാ സെക്രട്ടറിയുടെ നിലവാരത്തിലേയ്ക്ക് ഉയർന്നിട്ട് പാർട്ടി ക്ലാസ്സെടുക്കുന്നപോലെ അങ്ങനെ പറയുകയാണ്. നേരെമറിച്ച് ഗവൺമെന്റിന്റെ കാര്യങ്ങളെക്കുറിച്ച് എന്തെങ്കിലും പറഞ്ഞോ; പറയണ്ടേ? ഒരു ഗവൺമെന്റിന്റെ നയപ്രഖ്യാപനമാണ്. രണ്ടാമതും തുടർന്നുവന്ന ഒരു ഗവൺമന്റിന്റെ നേട്ടങ്ങൾ പറഞ്ഞോ? ഇവിടെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുണ്ടല്ലോ. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് ആണല്ലോ അങ്ങ് എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്.

<u>മി. സ്പീക്കർ</u>: അങ്ങ് അവസാനിപ്പിക്കാമെന്ന് പറയുന്നതേയുള്ളൂ. അവസാനിപ്പിക്കുന്നില്ല.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, അത് സി.ഐ.ടി.യു.-വിന്റെ

സഹായത്താൽ ഈസ് ഓഫ് പോസിംഗ് ബിസിനസ്സായി മാറി. നിങ്ങൾ എന്താണ് ചെയ്യതെന്ന് അലോചിച്ച് നോക്ക് ആദ്യം നിങ്ങളൊന്ന് നന്നാവണം. കൂടുതൽ അഹങ്കരിക്കണ്ട, തെരഞ്ഞെടുപ്പ് ജനാധിപത്യത്തിന്റെ ഭാഗമാണ്. അത് അങ്ങോട്ടുമിങ്ങോട്ടുമൊക്കെയുണ്ടാകും. കോൺഗ്രസിനെപോലെ അധികാരം ഇല്ലെങ്കിൽ നിങ്ങൾക്ക് പിടിച്ചുനിൽക്കാൻ കഴിയില്ല. ഇന്ത്യാ രാജ്യത്ത് ഒന്നായി വളർന്നുവന്നിട്ട് ഗോവയിലും മണിപ്പൂരിലും ആസ്സാമിലും അധികാരം പോയി. ഇപ്പോഴവിടെ മുഖ്യമന്ത്രിയായി ഉയർന്നത് കോൺഗ്രസ്സാണ്, നിങ്ങളല്ല. അതുകൊണ്ട് നിങ്ങളിങ്ങനെ ആഗ്രഹിക്കണ്ട. കമ്മ്യൂണിസം പഠിക്കുക. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം പഠിക്കുക. എന്താണ് കമ്മ്യൂണിസമെന്ന് പഠിക്കുക. അത് വ്യക്തിപൂജയല്ല എന്നുകൂടി പഠിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, ബഹുമാനപ്പെട്ട പി. കെ. ബഷീർ സാഹിബ് റസ്ക് പാട്ടയിൽ എലിപെട്ടപോലെ കടകടകടാന്നിങ്ങനെ സംസാരിക്കുന്നതിനിടയിൽ ഒരു ഉപമ പറഞ്ഞു. കേരളത്തിന്റെ നിയമസഭയ്ക്ക് ഒരുകാലത്തും യോജിക്കാൻ കഴിയാത്ത ഉപമയാണത്. കേരള ഗവർണർ രാഷ്ട്രീയമായി എടുക്കുന്ന നിലപാടുകളോട് പ്രതിപക്ഷത്തിനും

ഭരണപക്ഷത്തിനും എതിർപ്പുണ്ടായിരിക്കാം. ഗവർണറുടെ വ്യക്തിത്വമെന്ന് പറയുന്നത് ഭരണഘടനാനുസൃതമായി പാലിക്കപ്പെടേണ്ടതും സംരക്ഷിക്കപ്പെടേണ്ടതുമാണ്. അത് ജനാധിപത്യത്തിന്റെ കാമ്പാണ്. അത്തരമൊരു വലിയതലത്തിൽ നിൽക്കുന്നയാളെ XXXXX* പോലുള്ള വാക്കുകൾകൊണ്ട് വിശേഷിപ്പിക്കുന്നത് നിയമസഭയ്ക്ക് ചേർന്നതല്ല. (.......ബഹളം.....)

മി. സ്പീക്കർ: ആ വാക്ക് രേഖയിൽനിന്ന് നീക്കം ചെയ്തതാണ്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, എന്നുമാത്രമല്ല, അതിലുള്ള അതൃപ്തിയും പ്രതിഷേധവും രേഖപ്പെടുത്താൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്.

മി. സ്പീക്കർ: ആ വാക്ക് ഇപ്പോൾ അങ്ങ് പ്രയോഗിച്ചതും നീക്കം ചെയ്യുന്നു. നേരത്തെ പ്രയോഗിച്ചതും നീക്കം ചെയ്തതാണ്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, ഒന്നുകിൽ സ്വയം നിയന്ത്രിക്കണം. അല്ലെങ്കിൽ നിയന്ത്രിക്കാനുള്ള നേതാക്കന്മാരുണ്ടെങ്കിൽ അവർ നിയന്ത്രിക്കണം. എന്തും പറയാനുള്ള വേദിയാക്കി നിയമസഭയെ മാറ്റുന്നത് ശരിയല്ല. (.......ബഹളം.....) ഞാൻ എന്റെ വിഷയത്തിലേയ്ക്ക് വരികയാണ്.

ശ്രീ. പി. കെ. ബഷീർ: സർ, ശ്രീ. വി. എസ്. അച്യുതാനന്ദന്റെ

* ബഹുമാനപ്പെട്ട സഭ്ദ്ധ്യക്ഷൻ രേഖയിൽനിന്നും നീക്കം ചെയ്തു.

പ്രസംഗങ്ങളെടുത്ത് വായിച്ചുനോക്കണം. (.......ബഹളം.....)

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ, അങ്ങ് ഇരിക്കു.

ശ്രീ. പി. ബാലചന്ദ്രൻ: സർ, പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽ ഗവർണർ നടത്തിയ നയപ്രഖ്യാപനത്തിന്മേൽ ശ്രീ. ടി. പി. രാമകൃഷ്ണൻ നടത്തിയ നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. നസ്രേത്തിലെ മരപ്പണിക്കാരനായ ജോസഫിന്റെ പുത്രൻ ക്രിസ്തു ക്രൂശിതനായി കുരിശിൽനിന്ന് ഇറക്കിയതിനുശേഷം മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റപ്പോൾ അവിടെ കൂടിയിരുന്ന പരീശന്മാർക്കും അദ്ദേഹത്തിന്റെ ശിഷ്യന്മാർക്കും ഒരു സംശയമുണ്ടായി. അദ്ദേഹത്തെ ക്രൂശിച്ചതും മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റതും സത്യമാണോയെന്ന് അറിയാൻ അദ്ദേഹത്തിന്റെ തിരുമുറിവുകളിൽ അവർ വിരലിട്ടുനോക്കി. ബൈബിൾ വായിച്ചിട്ടുള്ളവർക്കറിയാം. അങ്ങനെ വിരലിട്ട് നോക്കി തിരുമുറിവുകളിൽ ക്രിസ്തുവിന്റെ മരണത്തിന്റെ പവിത്രത മനസ്സിലാക്കിയ ഒരു ചരിത്രം ബൈബിളിൽ പറയുന്നുണ്ട്. അങ്ങനെ ഭൂതകാലത്തിലെ സംഭവങ്ങളുടെ മുറിവുകളിൽ വിരൽവച്ചു നോക്കിയാലേ ഇവർക്ക് കാര്യങ്ങൾ മനസ്സിലാകു എന്നുണ്ടെങ്കിൽ ഞങ്ങൾ ചില കാര്യങ്ങൾ പറയാം. ഗവർണർ എന്നുപറയുന്നത് ഞങ്ങൾക്ക് സർവ്വാദരണീയമായ പദവിയൊന്നുമല്ല;

ജനാധിപത്യത്തിൽ ഒഴിച്ചുകൂടാനാവാത്തൊരു ഘടകമാണ്. പഞ്ചാബിലെ കർഷകസമരത്തോട് ഗവർണർ കാണിച്ചിട്ടുള്ള സമീപനത്തിന്റെ അടിസ്ഥാനത്തിലും പൗരത്വഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് ഇന്ത്യയിലാകെ വളർന്നുവന്ന സമരവുമായി ബന്ധപ്പെട്ട് കേരളത്തിലെ ഗവർണർ പുലർത്തിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും ഇപ്പോഴത്തെ നയപ്രഖ്യാപനപ്രസംഗവുമായി ബന്ധപ്പെട്ട് അദ്ദേഹം കാണിച്ച വിമുഖതയുടെ അടിസ്ഥാനത്തിലും കേരള നിയമസഭയിൽ പ്രതിപക്ഷത്തിന്റെ രാഷ്ട്രീയനേതാക്കൾ രണ്ടുമൂന്ന് ഘട്ടങ്ങളിലായി ഗവർണറുടെ നിലപാടിനെ രാഷ്ട്രീയമായി വിമർശിച്ചിട്ടുണ്ട്. അദ്ദേഹം നടത്തിയ നയപ്രഖ്യാപനത്തിൽ കേരളത്തിലെ 21 മന്ത്രിമാർ കൈകാര്യം ചെയ്യുന്ന 128 വകുപ്പുകളിൽ ഒരു നവകേരള സൃഷ്ടിക്കുവേണ്ട എല്ലാവിധ ഊർജ്ജദായകമായ കാര്യങ്ങളും എഴുതിവച്ചിട്ടുണ്ടെന്ന് ഇവിടെ പറഞ്ഞു. അദ്ദേഹത്തിന് അസുഖമായതുകൊണ്ടായിരിക്കാം 69 പേജുണ്ടായിരുന്നതിൽ 26 പേജ് മാത്രം വായിച്ചത്. അതിലെ ഓരോ കാര്യത്തെക്കുറിച്ചും പറയാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുന്നില്ല. എന്നാൽ ഗവർണറെക്കുറിച്ച് ഭരണപക്ഷത്തും പ്രതിപക്ഷത്തും ഉയർന്നുവന്നിട്ടുള്ള അഭിപ്രായങ്ങളെ ക്രോഡീകരിച്ചുകൊണ്ട് ഒരു കാര്യം പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നയപ്രഖ്യാപനത്തിന്റെ

കാര്യത്തിൽപോലും ഗവർണർ സ്വീകരിച്ചിട്ടുള്ള നിലപാടുകളോട് എതിർപ്പുള്ള കക്ഷിയാണ് സി.പി.ഐ. അവർ എന്തുകൊണ്ട് എതിർക്കുന്നു? ജനാധിപത്യത്തിൽ ഗവർണർ പുലർത്തേണ്ട മാന്യത അദ്ദേഹം പുലർത്തിയില്ലെങ്കിൽ ഭരണഘടനാപരമായ വിമർശനസാധ്യതകളിലേയ്ക്ക് അദ്ദേഹത്തെ കൊണ്ടുവരിക എന്നതിൽ കവിഞ്ഞ് മറ്റുതരത്തിലുള്ള അപഹാസ്യതകളിലേയ്ക്ക് പോകണമെന്നുള്ളത് ശരിയായ നടപടിയല്ല. പലർക്കും പല രീതിയുണ്ടല്ലോ; ഇവിടെ ശ്രീ. പി. ജെ. ജോസഫ് ആയാലും ശ്രീ. എൻ. ഷംസുദ്ദീൻ ആയാലും ശ്രീ. പി. സി. വിഷ്ണുനാഥായാലും ശ്രീ. റോജി എം. ജോണായാലും സംസാരിക്കുമ്പോൾ വളരെ പക്വമായി പറഞ്ഞു - ശ്രീ. കാനം രാജേന്ദ്രന് എതിരഭിപ്രായമുണ്ട്; ഇക്കാര്യത്തിൽ കേരളത്തിന്റെ മുഖ്യമന്ത്രിയായ ശ്രീ. പിണറായി വിജയൻ സ്വീകരിച്ച നിലപാടുകളോട് നിങ്ങൾ അദ്ദേഹത്തെ പറഞ്ഞ് മനസ്സിലാക്കു എന്ന് പറയുകയുണ്ടായി. അങ്ങനെ ഉണ്ടായില്ലേ? എന്താണ് എതിരഭിപ്രായം? ഗവർണർ സ്വീകരിക്കുന്ന നിലപാടുകളോട് ചില വ്യത്യസ്തമായ സമീപനങ്ങൾ ഞങ്ങളുയർത്തി. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കകത്ത് ഉയർത്തേണ്ട അത്തരം അഭിപ്രായം പൊതുവേദിയിലും ഇതിനകത്തും പറയാനുള്ള സ്വാതന്ത്ര്യം ഒരു ഘടകകക്ഷി എന്ന നിലയ്ക്കുണ്ട്; അതുകൊണ്ട്

തകർന്നുവീഴുന്നതല്ല/ഇടിഞ്ഞുവീഴുന്നതല്ല ഇടതുപക്ഷ ഐക്യം. ഇടതുപക്ഷ ഐക്യം മഹത്തായ ഒരു ലക്ഷ്യത്തിനുവേണ്ടി രൂപം കൊണ്ടിട്ടുള്ള ഒന്നാണെന്നുള്ളത് ലീഗിന് മനസ്സിലാകില്ല. കാരണം ലീഗ് ഇപ്പോൾ പഴയ പലചരക്കുകടയിൽ ഉപ്പുപെട്ടി കിടക്കുന്നതുപോലെ കോൺഗ്രസിന്റെ പുറത്തുകിടക്കുകയാണ്. വരുന്നവർക്ക് മുഴുവൻ കയറിയിരിക്കാനുള്ള പെട്ടിയായി അത് മാറിയിരിക്കുകയാണ്. അതുകൊണ്ട് പി. കെ. ബഷീർ സാഹിബിനോ പി. അബ്ദുൽ ഹമീദ് സാഹിബിനോ ഒന്നും അത് മനസ്സിലാകില്ല. നിങ്ങൾ കുറച്ചുകൂടി ആർജ്ജവത്തോടെ നിങ്ങളുടെ മതത്തിന്റെയും മൗലികവികാരത്തിന്റെയും അടിസ്ഥാനത്തിൽ ചിന്തിക്കാൻ സന്ദർഭം ഉപയോഗിക്കണം. മുട്ടിന് രോഗം വന്നാൽ തലയിൽ രാസ്നാദിപ്പൊടി തിരുമ്മിയിട്ട് കാര്യമില്ല; മുട്ടിനുതന്നെ ചികിത്സ കൊടുക്കണം. ഞാൻ സൂചിപ്പിച്ചത്, വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടെന്നതിന്റെ പേരിൽ കേരളത്തിൽ കെ-റെയിൽ, ഗെയിൽ പദ്ധതി, കെ-ഫോൺ, നൈപുണ്യകേരള സൃഷ്ടിക്കുവേണ്ടിയുള്ള നവീനങ്ങളായ നിരവധി പദ്ധതികൾ തുടങ്ങിയവ നടപ്പിലാക്കുന്നതിൽ ഇടതുപക്ഷത്തിന് യാതൊരുവിധത്തിലുള്ള ധാരണപ്പിശകുകളുമില്ല.

ഓരോ ഘട്ടത്തിലും കേരളം കാണുന്ന, കേരളം കണികണ്ടുണരുന്ന

പുതിയ ഭാവനാത്മകമായ നടപടിക്രമങ്ങളിൽ ഒരുമിച്ചാണ് ഈ മുന്നണി നീങ്ങുന്നത്. അഭിപ്രായവ്യത്യാസങ്ങൾ സ്വാഭാവികമാണ്. റൂൾ 50 അനുസരിച്ച് എന്നും വാക്കൗട്ട് നടത്തുന്ന പ്രതിപക്ഷം കേരളത്തിലിപ്പോൾ ഉയർത്തിക്കാണിക്കുന്നതായ ചില കാര്യങ്ങളെ മറ്റു സംസ്ഥാനങ്ങളുമായി തട്ടിച്ചുനോക്കൂ. ആ കണക്കുകൾ സത്യസന്ധമാണോ? റിയാലിറ്റിയുടെ അടിസ്ഥാനത്തിലാണോ നിങ്ങൾ അങ്ങനെ സംസാരിക്കുന്നത്? രാഷ്ട്രീയ വൈരനിര്യാതനബുദ്ധിയുടെ അടിസ്ഥാനത്തിൽ കാര്യങ്ങളെ കാണുകയാണ്. അങ്ങനെ കാര്യങ്ങളെ കണ്ട് മുന്നോട്ടുപോയാൽ നമുക്കെവിടെയും എത്തിച്ചേരാൻ കഴിയില്ല. കെ-റെയിലിനെക്കുറിച്ചുള്ള ചർച്ച തുടങ്ങിവച്ചതാരാണ്; കെ-റെയിൽ ഉപേക്ഷിക്കാനുള്ള കാര്യമെന്താണ്? അതിന്റെ ചെലവിനെക്കുറിച്ചും മറ്റു കാര്യങ്ങളെക്കുറിച്ചുമാണ് നിങ്ങളാലോചിക്കുന്നത്. കെ.-റെയിൽ വരുന്നതിന് പരിസ്ഥിതി ആഘാതപഠനം വേണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വേണമെങ്കിലാകാം. കേരളത്തെ രണ്ടായി വിഭജിക്കുമെന്ന വാദം പരിശോധിക്കാം. ഇതൊരു യുദ്ധപ്രഖ്യാപനമല്ല. കേരളത്തിലെ അഭ്യസ്തവിദ്യരുടെ കണക്കും തൊഴിൽ മേഖലയുമെടുത്ത് പരിശോധിച്ചാൽ ഒരാൾക്ക് ഒരു ദിവസം 5 മണിക്കൂർ ലാഭിക്കാൻ കഴിഞ്ഞാൽ ശരാശരി

ജീവിതനിലവാരം വച്ച് വരുമാനത്തിൽ എത്ര കോടി രൂപയുടെ മാറ്റമാണ് ഒരു വർഷമുണ്ടാവുക. എന്തുകൊണ്ട് അങ്ങനെ ചിന്തിക്കുന്നില്ല?

കേരളത്തിലെ കുട്ടികളാണ് ഇന്ന് ലോകത്തിലെ കമ്പ്യൂട്ടറുകളെ നിയന്ത്രിക്കുന്നത്. ലോകത്തിലെ മുഴുവൻ ടെക്നോക്രസിയുടെയും ചീഫ് എക്സിക്യൂട്ടീവ് സ്ഥാനത്ത് പ്രവർത്തിക്കുന്നത് കേരളത്തിലെ വിദ്യാഭ്യാസം സിദ്ധിച്ച ജനവിഭാഗങ്ങളായ മലയാളികളാണ്. കേരളത്തിന് പുതിയ രീതിയിലുള്ള വികാസം അല്ലെങ്കിൽ ലോകചരിത്രത്തിൽതന്നെ ഇടം നേടുന്ന വിധത്തിൽ നേടിയെടുക്കാൻ ഒരു ജനതയാകെ ശ്രമിക്കുമ്പോൾ അതിനെ തുരങ്കം വയ്ക്കുക എന്നതിൽ കവിഞ്ഞ് എന്താണുള്ളത്? കെ-ഫോണിനെ നിങ്ങൾക്ക് എതിർക്കാൻ കഴിയുമോ; സൈബറില്ലാതെ ഇന്റർനെറ്റില്ലാതെ ഹാൻഡ് ഫോണും ടാബ്ലെറ്റും ലാപ്ടോപുമില്ലാതെ ഒരു പുതിയ തലമുറയെ നിങ്ങൾക്ക് സങ്കല്പിക്കാൻ കഴിയുമോ? 20 വർഷം മുമ്പുവരെ നമുക്ക് ഇതൊക്കെ സ്വപ്നമായിരുന്നു. 1982-ൽ ഇന്റർനെറ്റ് വരുന്നതോടെ ലോകം ഒരു ആഗോള ഗ്രാമമായി മാറുകയും ആഗോള ഗ്രാമം എന്നുള്ളതിലേയ്ക്ക് ലോകത്തിന്റെ മാറ്റം സ്വാംശീകരിച്ച് വികസിക്കാൻ ശ്രമിക്കുന്ന മലയാളിയുടെ ഓരോ രംഗത്തും ഓരോ വിതാനത്തിലും മാറ്റം കൊണ്ടുവന്ന് അവനെ ചരിത്രത്തിൽ മുന്നോട്ടുനയിക്കാൻ ശ്രമിക്കുകയും ചെയ്യുന്നത്

കുറ്റകരമാണോ? ഏത് രാഷ്ട്രമാണ്, ഏത് സംസ്ഥാനമാണ് ഇത് ആഗ്രഹിക്കാത്തതെന്ന് നിങ്ങൾ പറയണം. രാഷ്ട്രീയമായി നമുക്ക് അഭിപ്രായവ്യത്യാസങ്ങളുണ്ടാകാം. പക്ഷെ, തടസ്സവാദങ്ങളുന്നയിക്കുമ്പോൾ ശാസ്ത്രീയമായി അതിനെതിരെയുള്ള വാദം ഉന്നയിക്കാൻ ശ്രമിക്കണം. തെരഞ്ഞെടുപ്പുകളുടെ പേരിൽ അല്ലെങ്കിൽ ഇനിയുണ്ടാകാൻ പോകുന്ന നേട്ടങ്ങളുടെ പേരിൽ കാര്യങ്ങൾ വിലയിരുത്തരുത്. ഇടതുപക്ഷ ജനാധിപത്യമുന്നണി മന്ത്രിസഭ നടപ്പിലാക്കേണ്ട നയപ്രഖ്യാപന പ്രസംഗത്തിലെ കാര്യങ്ങൾ ഒരു പുതിയ കേരളത്തിന്റെ സൃഷ്ടിയല്ലേ.

കോവിഡ്-19 മഹാമാരിയെക്കുറിച്ചുള്ള ഓരോ പ്രസംഗത്തിലും പ്രതിപക്ഷത്തുള്ളവർ പ്രസംഗിച്ചത്, 'ഈയലുകളെപ്പോലെ മനുഷ്യൻ മരിച്ചുവീഴുകയാണ്, നമുക്ക് പ്രതിരോധം സൃഷ്ടിക്കാൻ കഴിയുന്നില്ല' എന്നാണ്; എന്നാൽ നിങ്ങൾ തിരിച്ചറിയണം. ഒമിക്രോൺ ഉൾപ്പെടെയുള്ള ഡെൽറ്റാ വകഭേദങ്ങളെ ഫലപ്രദമായി പ്രതിരോധിച്ച് ഇൻഡ്യയിലെ നമ്പർ വൺ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ടെന്ന് Johns Hopkins University പറഞ്ഞു. ഇവിടെ കുറച്ച് പേരെങ്കിലും ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും എടുത്തിട്ടുണ്ടല്ലോ; അവർക്ക് കേരളത്തിന്റെ ഈ മേഖലയിലുള്ള മാറ്റങ്ങൾ

നിഷേധിക്കാൻ കഴിയുമോ? ആരോഗ്യപരിപാലനരംഗത്ത് വികസിത ചൈന നേടിയ നേട്ടങ്ങൾ കേരളം നേടിക്കഴിഞ്ഞിരിക്കുന്നു/ആർജ്ജിച്ചു കഴിഞ്ഞിരിക്കുന്നുവെന്നാണ് പറയുന്നത്. ഇൻഡ്യയിൽനിന്ന് ഒരു രോഗവും ഒരു ബാധയും ലോകത്ത് ഇന്നുവരെ വന്നിട്ടില്ല. സമ്പന്നതയുടെ മട്ടുപ്പാവിൽനിന്ന് സംസ്കാരത്തിന്റെ വെളിമ്പുറങ്ങളിൽനിന്ന് മാറാവ്യാധികൾ പൊട്ടിപ്പുറപ്പെടുന്ന ചരിത്രമാണ് ലോകത്തുള്ളത്. ഇൻഡ്യയിൽനിന്നോ കേരളത്തിൽനിന്നോ ഒരു രോഗം സമഗ്രമായി ലോകത്തെ ബാധിച്ചിട്ടുണ്ടെന്നോ ഇൻഡ്യയെ ബാധിച്ചിട്ടുണ്ടെന്നോ ആർക്കെങ്കിലും പറയാൻ കഴിയുമോ? അങ്ങനെയുണ്ടായിട്ടില്ല.

യൂറോപ്യൻ നാഗരികതയുടെ ഇൻകാ, മായൻ, ഗ്രീക്ക് സംസ്കാരങ്ങളുടെ അടിത്തട്ടിളക്കി എല്ലാ രോഗങ്ങളും വന്നത് വിദേശ രാഷ്ട്രങ്ങളിൽ നിന്നാണ്. സംസ്കാരവും സമ്പന്നതയുമുണ്ടെന്ന് നാം ഉദ്ഘോഷിക്കുന്ന നാടുകളിൽ നിന്നാണ്. ഞാൻ ഇത് സൂചിപ്പിക്കാൻ കാരണം, സ്വന്തം മണ്ണിന്റെ മഹത്വം മനസ്സിലാക്കാതെ ഇവിടത്തെ പരിശ്രമങ്ങളെക്കുറിച്ച് കാണാതെ കേരള ചരിത്രത്തിലൂടെ എങ്ങനെ മുന്നോട്ടുനയിക്കണമെന്നുള്ള വീക്ഷണമില്ലാതെ ചരിത്രത്തിന്റെ ചുമരെഴുത്തുകൾ വായിക്കാതെ നിങ്ങൾ നിയമസഭയിൽ സംസാരിക്കാൻ തയ്യാറാകുന്നു; ജനാധിപത്യത്തിന്റെ വേദികളെ

ഉപയോഗപ്പെടുത്തുന്നു; ഗവർണർ അടക്കമുള്ളവരെ അധിക്ഷേപം ചൊരിയുന്ന വാക്കുകളിലൂടെ പറയുന്നു. രാഷ്ട്രീയമായി എതിർക്കാനും ഒറ്റപ്പെടുത്താനും പ്രതിപക്ഷത്തിനും ഭരണപക്ഷത്തിനും അവകാശമുണ്ട്. എന്നാൽ ഇത്തരത്തിലുള്ള വാക്കുകളിലൂടെ ഹൈക്കോടതി ജഡ്ജിയെയും ഗവർണറെയും മറ്റ് വ്യക്തികളെയും പരാമർശിച്ചാൽ കേരള നിയമസഭയുടെ കീഴ്‌വഴക്കങ്ങളനുസരിച്ച് ബഹുമാനപ്പെട്ട സഭാനാഥന് നടപടി സ്വീകരിക്കാൻ അവകാശമുണ്ട്. അങ്ങനെ ഗവർണറെ ഉദ്ധരിക്കാനോ സൂചിപ്പിക്കാനോ പാടില്ല എന്നുള്ളത് നിയമസഭാ ലൈബ്രറിയിലുള്ള 'കേരള നിയമസഭയുടെ കീഴ്‌വഴക്കങ്ങൾ' എന്ന പുസ്തകത്തിലുണ്ട്. 'ശക്ധർ ആൻഡ് കൗൾ' വേണ്ട, ഡബ്ല്യൂ. ഐവർ ജെന്നിംഗ്സിന്റെ 'ക്യാബിനറ്റ് ഗവൺമെന്റ്' വേണ്ട, നിയമസഭയുടെ കീഴ്‌വഴക്കങ്ങൾ അച്ചടിച്ച പുസ്തകമുണ്ട്. അതിലെ രണ്ടാമത്തെ ഖണ്ഡിക പ്രകാരം ഗവർണറെ ഇത്തരത്തിൽ അനാവശ്യമായ വാക്കുകൾ കൊണ്ട് വിശേഷിപ്പിക്കുന്നവർക്കെതിരെ നടപടിയെടുക്കാൻ കഴിയുമോയെന്ന് നിയമസഭയ്ക്ക് നേതൃത്വം കൊടുക്കുന്ന അങ്ങ് പരിശോധിക്കണമെന്നുള്ള അഭ്യർത്ഥനയോടെ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. ഈ നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, സർക്കാരും ഗവർണറും തമ്മിലുള്ള ടോം

ആൻഡ് ജെറി കളിയുടെ അവസാനത്തെ എപ്പിസോഡ് നയപ്രഖ്യാപനമായും അതിന്റെ നന്ദിപ്രമേയമായും ഈ സഭയിലെത്തി; രണ്ടിനെയും ഞാൻ എതിർക്കുന്നു. കേരളത്തിന്റെ അഴിമതിവിരുദ്ധ സംവിധാനങ്ങളെ മുഴുവൻ തകർത്തുതരിപ്പണമാക്കുന്ന ഓർഡിനൻസുകളും അഴിമതി അന്വേഷിക്കേണ്ട ഡിപ്പാർട്ടുമെന്റുകളുടെ നേരെയുള്ള കടന്നുകയറ്റവും കേരളം ഇന്നേവരെ കണ്ടിട്ടില്ലാത്ത വിധത്തിൽ അധികരിച്ചുകൊണ്ടിരിക്കുകയാണ്. രാജ്ഭവനും ക്ലിഫ് ഹൗസും തമ്മിലുള്ളത് അഴിമതിയുടെ ഇടനാഴിയാണെന്ന് കേരളത്തിന് മനസ്സിലായിരിക്കുന്നു. ബി.ജെ.പി.യും സി.പി.ഐ.(എം.)-ഉം തമ്മിലുള്ള കൊടുക്കൽ വാങ്ങലുകളുടെ ഇടനാഴിയായി (Corruption Corridor) ക്ലിഫ് ഹൗസും രാജ്ഭവനും മാറിയതിന്റെ വാർത്തകളാണ് ഓരോ ദിവസവും പുറത്തുവന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ലോകായുക്ത പോലെ തീർത്തും ജനവിരുദ്ധമായ ജനാധിപത്യവിരുദ്ധമായ ഒരു ഓർഡിനൻസിന് ഗവർണർ അനുമതി നൽകിയത്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, (........ മൈക്ക് ഓഫ്.......)

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, നമ്മൾ രണ്ടുപേരും തലശ്ശേരിയിൽ കല്ല്യാണങ്ങൾക്ക് ഇനിയും പങ്കെടുക്കേണ്ടതുകൊണ്ട് വല്ല ബോംബും തലയിൽ വീഴാതിരിക്കട്ടെ. നിങ്ങളുടെ അഴിമതി വിരുദ്ധ പ്രസംഗം നിങ്ങൾ

ഗവർണർക്കെതിരെ സംസാരിക്കുന്നതുപോലെ ഒട്ടും ആത്മാർത്ഥതയില്ലാത്തതാണ്. ആ അഴിമതിവിരുദ്ധ പ്രസംഗങ്ങൾ മുഴുവൻ ആത്മാർത്ഥതയില്ലാത്തതാണെന്നുള്ളതിന് ഒരുപാട് തെളിവുകളുണ്ട്. ഇന്നലെ ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡുമായി ബന്ധപ്പെട്ട് ഗുരുതരമായ ഒരു ആരോപണം ഇവിടെ ഉന്നയിച്ചു. ഒരന്വേഷണവും പ്രഖ്യാപിക്കുവാൻ ഈ ഗവൺമെന്റിന് താല്പര്യമില്ല. പല വെളിപ്പെടുത്തലുകളും വരുമ്പോൾ, ആ വെളിപ്പെടുത്തുന്ന ആളുകളെ സംബന്ധിച്ച് സി.ഐ.ടി.യു. ഉൾപ്പെടുന്ന ആളുകൾ നടത്തുന്ന ആക്ഷേപം എന്താണെന്നുള്ളത് കഴിഞ്ഞ ദിവസങ്ങളിലെ പത്രങ്ങളിൽ കണ്ടു. സംസ്ഥാന പോലീസിന്റെ വ്യവസായ സംരക്ഷണ സേനയെ കെ.എസ്.ഇ.ബി.എൽ-ൽ നിയമിച്ചതിന്റെ പേരിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സമരങ്ങളും ആരോപണങ്ങളും അപ്പുറത്തിരിക്കുന്ന ആളുകൾ പഠിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കാൻ ആഗ്രഹിക്കുന്നു. ആ ചെയർമാൻ പല വെളിപ്പെടുത്തലുകളും നടത്തി. ആ വെളിപ്പെടുത്തലുകൾ സംബന്ധിച്ച് സി.ഐ.ടി.യു.-വിന്റെ നേതാവ് പ്രഖ്യാപിച്ചത് ചെയർമാന്റെ തലയിൽ നെല്ലിക്കാത്തളം വയ്ക്കണമെന്നാണ്. അദ്ദേഹത്തിനെതിരെ വളരെ ആക്ഷേപകരമായി വകുപ്പുമന്ത്രിയും ബോർഡ്

ഡയറക്ടേഴ്സിനെ സംബന്ധിച്ച് സി.ഐ.ടി.യു.-വിന്റെ നേതാക്കന്മാരും പ്രസംഗിക്കുകയാണ്. ചെയർമാൻ പറഞ്ഞതിൽ ഏറ്റവും ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തൽ എന്താണ്? വൈദ്യുതി ബോർഡ് വിളിക്കാൻ പോകുന്ന ടെണ്ടറിന്റെ വിശദാംശം ബന്ധപ്പെട്ട എഞ്ചിനീയർ തന്നെ അറിയിച്ചെന്നും കരാറുകാരൻ എഴുതിയ രസകരമായ കത്ത് തന്റെ കൈവശമുണ്ടെന്നും വൈദ്യുതി ബോർഡിന്റെ ചെയർമാൻ തന്നെ വെളിപ്പെടുത്തുന്നു. കേരളം ഇന്നേവരെ കേട്ടിട്ടില്ല; ഒരു ഡിപ്പാർട്ടുമെന്റ് നടത്താൻപോകുന്ന ടെണ്ടറിന്റെ വിശദാംശങ്ങൾ അതിന്റെ എഞ്ചിനീയർമാർ തന്നെ കരാറുകാരന് കൊടുത്തുവെന്ന് ബോർഡിന്റെ ചെയർമാൻ ഫെയ്സ്ബുക്കിൽ പോസ്റ്റിടുന്ന സാഹചര്യമുണ്ടായിട്ട് എന്താണ് സംഭവിച്ചത്? ഒരന്വേഷണം പ്രഖ്യാപിക്കാൻ എന്തുകൊണ്ട് ഈ ഗവൺമെന്റ് ഇനിയും മടിച്ചുനിൽക്കുന്നു? കരാറുകാർക്ക് മുഴുവൻ മുൻകൂട്ടി കാണാൻ കഴിയാവുന്ന ടെണ്ടർ രേഖകൾക്ക് വാണിജ്യ സുരക്ഷയുണ്ടെന്ന് പറയാൻ എങ്ങനെ കഴിയുമെന്നും അദ്ദേഹം ചോദിക്കുന്നുണ്ട്. എന്നുവച്ചാൽ ഈ നടക്കുന്നത് മുഴുവൻ അഡ്ജസ്റ്റ്മെന്റാണെന്ന് ചെയർമാൻ തന്നെ പറയുന്നു. സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥൻ, ബോർഡിന്റെ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ എന്നീ പദവിയിലുള്ള ആളാണ് ഇക്കാര്യം ഫെയ്സ് ബുക്കിലൂടെ

പറയുന്നത്. കിഫ്ബി വഴി നടപ്പിലാക്കിയ ട്രാൻസ്ഗ്രിഡ് പദ്ധതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുൻപ്രതിപക്ഷനേതാവ് പത്ത് ചോദ്യങ്ങൾ കഴിഞ്ഞ സർക്കാരിനോട് ചോദിച്ചു. ഒരു ഉത്തരവും ഇതുവരെ നൽകിയിട്ടില്ല. ബഹുമാനപ്പെട്ട ഇപ്പോഴുള്ള പ്രതിപക്ഷനേതാവ് 2019 നവംബർ 5-ന് നിരവധി തവണ ഗവൺമെന്റിനോട് ചോദ്യങ്ങൾ ചോദിച്ചു. കെ.എസ്.ഇ.ബി. ഇവിടത്തെ റേറ്റനുസരിച്ച് നിശ്ചയിക്കേണ്ടതിനേക്കാൾ 80 ശതമാനം വരെ റേറ്റ് കൂട്ടി നിശ്ചയിച്ചിട്ട് പിന്നീട് ടെണ്ടർ നടക്കുമ്പോൾ അതിൽ 61 ശതമാനം വരെ ടെണ്ടർ എക്സസ് കൊടുത്തിട്ടും ഒരു റീ-ടെണ്ടർ ചെയ്യാൻ രണ്ടാമതും എസ്റ്റിമേറ്റെടുക്കാൻപോലും തയ്യാറാകാതെ കുത്തക കമ്പനികൾക്ക് അത് എഴുതിവച്ചുകൊടുത്ത് അഴിമതിക്ക് കളമൊരുക്കിയ ആളുകൾ അവർ ലോകായുക്തയെ ഭയപ്പെട്ടില്ലെങ്കിലേയുള്ളൂ. ലോകായുക്തയ്ക്ക് പല്ലും നഖവുമുണ്ടായിരുന്നുവെങ്കിൽ അതിന്റെ മാന്തും കടിയുമേറ്റ് നിങ്ങൾ പുളഞ്ഞുപോയേനെ എന്ന് നിങ്ങൾക്കുതന്നെ ബോധ്യമുള്ളതുകൊണ്ടാണ് ഇതിനെയൊക്കെ നിങ്ങൾ ദുർബ്ബലപ്പെടുത്തുന്നത്. ഏറ്റവും ഉയർന്ന റേറ്റിൽ, 10 ശതമാനത്തിലധികം ഉയർന്നാൽപ്പോലും കിഫ്ബിയുടെ നോംസനുസരിച്ച് റീ-ടെണ്ടർ ചെയ്യണമെന്നും എന്നിട്ടും ഉയർന്നിട്ടാണെങ്കിൽ അത് ക്യാൻസൽ ചെയ്ത് വീണ്ടും എസ്റ്റിമേറ്റെടുത്ത് സബ്മിറ്റ്

ചെയ്യണമെന്നുമുള്ള ഗൈഡ്‌ലൈൻ ഉത്തരവായി നിലനിൽക്കുമ്പോൾ അതൊന്നും പാലിക്കാതെ എത്ര ശതമാനം ഉയരെയാണെങ്കിലും അവർക്ക് കൊടുക്കാൻവേണ്ടി തീരുമാനിച്ചിരിക്കുകയാണ്.

**4.00 pm]**

150 കോടി രൂപയ്ക്ക് പൂർത്തിയാകേണ്ട ഒരു വർക്കിനെ 372 കോടി രൂപയിലേയ്ക്കെത്തിച്ച് ഇവർ നടത്തിയ അഴിമതിയുടെ വലിപ്പം സംബന്ധിച്ച് ഒരന്വേഷണം നടത്തണം. അതിന്റെ അപ്രൈസൽ വിഭാഗത്തിന് ഓരോ മാസവും ശമ്പളമായി നൽകുന്നത് 2,30,000/- രൂപയാണ്. എന്നിട്ട് അപ്രൈസൽ സി.എം.ഡി.-യെ ഏൽപ്പിക്കും. സി.എം.ഡി. അത് ടെറാനസ് കമ്പനിയെ ഏൽപ്പിക്കും. ടെറാനസ്സിനുവേണ്ടി അപ്രൈസൽ ഒപ്പിട്ടുകൊടുക്കുന്നത് നേരത്തെ ബോർഡിന്റെ ഭാഗമായിരുന്ന ട്രാൻസ്മിഷൻ ഡയറക്ടറാണ്. അദ്ദേഹം ഇപ്പോൾ ടെറാനസ്സിലെ ഉദ്യോഗസ്ഥനാണ്. ഇത് അഴിമതിയല്ലാതെ മറ്റെന്താണ്?

ഹൈഡൽ ടൂറിസത്തെ സംബന്ധിച്ചാണ് മറ്റൊരു ഗുരുതരമായ വെളിപ്പെടുത്തൽ വന്നിരിക്കുന്നത്. ഹൈഡൽ ടൂറിസം സെന്റർ 2019-ൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 3 കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും 3 ചാരിറ്റബിൾ സൊസൈറ്റികൾക്കും ടെണ്ടർ

കൊടുത്തു. പൊന്മുടിയിലും ആനയിറങ്കലിലും മൂന്നാറിലും കല്ലാർകുട്ടിയിലും മാട്ടുപെട്ടിയിലും ബാണാസുര സാഗർ ഡാമിലുമെല്ലാം അനുവദിച്ചു. ഡാം സുരക്ഷയെ സംബന്ധിച്ച് പഠനമില്ല. പത്രങ്ങളിൽ പരസ്യമില്ല. കേരളാ ഹൈഡൽ ടൂറിസത്തിന്റെ വെബ്സൈറ്റിലും കെ.എസ്.ഇ.ബി.എൽ.-ന്റെ വെബ്സൈറ്റിലും മാത്രമാണ് പരസ്യം നൽകിയിരിക്കുന്നത്. പൊന്മുടിയിൽ രാജാക്കാട് സർവ്വീസ് സഹകരണ ബാങ്കിന് അമ്യൂസ്മെന്റ് പാർക്ക് നിർമ്മിക്കാൻ 21 ഏക്കർ ഭൂമി പാട്ടത്തിന് നൽകി. ഇപ്പോൾ അതിന്റെ ഒരു ഭാഗത്ത് ഏലം കൃഷി നടത്തുകയാണ്. ഏതെങ്കിലും ഒരു പാവപ്പെട്ടവൻ ഈ ഡാമിന്റെ 3 ചെയിൻ ദൂരത്ത് വൃഷ്ടി പ്രദേശത്ത് ഏലക്കൃഷി നടത്താൻ തുനിഞ്ഞാൽ നിങ്ങളുടെ ഗവൺമെന്റ് സമ്മതിക്കുമോ; അവിടെ ഏലക്കൃഷി നടന്നുകൊണ്ടിരിക്കുകയാണ്. ഈ ഭൂമി സർക്കാരിന്റെ പുറമ്പോക്ക് ഭൂമിയാണെന്നതാണ് അതിലെ ഒരു പ്രത്യേകത. ഞങ്ങൾ പറയുന്നതല്ല, ബഹുമാനപ്പെട്ട ഇ. ചന്ദ്രശേഖരൻ മന്ത്രിയായിരിക്കുമ്പോൾ പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിൽ ഒരു പ്രത്യേക ആവശ്യത്തിനായി വൈദ്യുതി ബോർഡിന് കൈമാറിയ റവന്യൂ തരിശ് ഭൂമി ബോർഡ് മറിച്ച് മറ്റൊരു സ്ഥാപനത്തിന് പാട്ടത്തിന് നൽകുന്നത് നിയമവിധേയമാണോയെന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്

നിയമവിധേയമല്ലെന്നാണ് മറുപടി നൽകിയിരിക്കുന്നത്. പതിച്ചു നൽകിയ ഭൂമിയെ സംബന്ധിച്ചുള്ള പരാതി അന്വേഷിച്ച് നടപടി സ്വീകരിക്കുമെന്ന് 2019-ൽ സഭയിൽ മറുപടി നൽകിയിട്ടുണ്ട്. എന്നിട്ടും 21 ഏക്കർ കൊടുത്തതിന് ഒരു മറുപടിയുമില്ല. രാജാക്കാട് സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രസിഡന്റ് ബഹുമാനപ്പെട്ട മുൻ വൈദ്യുതി വകുപ്പുമന്ത്രിയുടെ മകളുടെ ഭർത്താവാണ് എന്നുള്ളതാണോ അതിന് കാരണമെന്ന് വ്യക്തമാക്കേണ്ടതാണ്. അങ്ങനെ സർക്കാരിന്റെ പുറമ്പോക്ക് ഭൂമി കൊടുക്കുന്നു.

ആനയിറങ്കലിൽ multi dimensional theatre and horror house എന്ന പ്രോജക്ടിനുവേണ്ടി ടെണ്ടർ ക്ഷണിച്ചപ്പോൾ ഒരു കടലാസ് സൊസൈറ്റിയായ പെരുമ്പാവൂർ മെർക്കന്റയിൽ സൊസൈറ്റി, രജിസ്ട്രേഷൻ പോലുമില്ല, ദയാ ചാരിറ്റബിൾ ട്രസ്റ്റ്, സ്പർശം എന്നിങ്ങനെയുള്ള മൂന്ന് സൊസൈറ്റികൾ ടെണ്ടറിന് അപ്പിയർ ചെയ്തിരുന്നു. സ്പർശം നല്ല പേരാണ്. അവർക്കുതന്നെ ടെണ്ടർ കൊടുക്കുകയും ചെയ്തു. ഇങ്ങനെയൊരു ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ കെ.എസ്.ഇ.ബി.എൽ. പ്രത്യേകമായൊരു കാര്യം പറഞ്ഞിരുന്നു. '...Since KHTC is having financial stringency in promoting tourism activities, it is proposed (മിനിസ്റ്റർ പങ്കെടുത്ത

മീറ്റിംഗിൽ തീരുമാനിച്ച കാര്യമാണ്) to take up the activities under the guidance and supervision  of KHTC and with the support and close co-ordination of financially sound  co-operative sectors or banks.' നല്ല സാമ്പത്തികശേഷിയുള്ള കോ-ഓപ്പറേറ്റീവ് സെക്ടറുകളും ബാങ്കും സഹകരിച്ച് ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കാമെന്നാണ് പറഞ്ഞിരുന്നത്. എന്നിട്ട് ടെണ്ടർ കൊടുത്തത് സ്പർശത്തിനാണ്. സ്പർശത്തിനൊപ്പം കരാറിൽ പങ്കെടുത്ത മറ്റു സൊസൈറ്റികളെ സംബന്ധിച്ച് ഞാൻ പറഞ്ഞു. 15-05-2019-നാണ് സ്പർശം രജിസ്റ്റർ ചെയ്തത്. എങ്ങനെയാണ് അവർ financially sound ആകുന്നത്; 28-05-2019-നാണ് സ്പർശം ടെണ്ടറിൽ പങ്കെടുത്തത്. 13 ദിവത്തിനുള്ളിൽ അവർ financially sound ആയി. 01-06-2019-ന് ആണ് സ്പർശം കരാറിൽ ഒപ്പിടുന്നത്. 15 ദിവസം കൊണ്ട് അവർ കരാറിലും ഒപ്പിട്ടു. ആർക്കും സംശയമൊന്നുമില്ലല്ലോ; financially sound ആയിട്ടുള്ള എല്ലാവിധ പ്രവർത്തന മികവും തെളിയിച്ച സൊസൈറ്റികൾക്ക് കൊടുക്കണമെന്ന് ഗവൺമെന്റ് ഉത്തരവ് നിലനിൽക്കുമ്പോൾ 15 ദിവസം കൊണ്ടുണ്ടാക്കിയ ഒരു തട്ടുകൂട്ട് സ്ഥാപനത്തിന് ഗവൺമെന്റിന്റെ ഇത്രയും പ്രധാനപ്പെട്ട ഇടങ്ങളിലെ കരാറുകൾ കൊടുത്തതിലെ അഴിമതിയെ സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ. ചെയർമാൻ തന്നെ പരസ്യമായി ഫേസ്ബുക്ക്

പോസ്റ്റ് ഇടേണ്ടി വന്നത് അതല്ലാതെ ഒരു സർക്കാർ സംവിധാനവും ഈ അഴിമതിയെ സംബന്ധിച്ച് അന്വേഷിക്കുകയില്ല എന്ന ഉറപ്പ് ഉള്ളതുകൊണ്ടല്ലേ; ഇതുപോലുള്ള നിരവധി സൊസൈറ്റികൾക്കാണ് കരാറുകൾ കൊടുത്തിട്ടുള്ളത്. ഇതുപോലുള്ള ഗുരുതരമായ ആരോപണങ്ങളാണ് വന്നിരിക്കുന്നത്.

ഹൈഡൽ ടൂറിസം സൊസൈറ്റി വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ലെന്നാണ് പറയുന്നത്. പ്രൈവറ്റ് സൊസൈറ്റിയല്ല, കെ.എസ്.ഇ.ബി.എൽ.-ന്റെ undertaking-ൽ ആണ് ഹൈഡൽ ടൂറിസം സൊസൈറ്റി വരുന്നത്. ഹൈഡൽ ടൂറിസത്തിന്റെ ചുമതലയുള്ള ജീവനക്കാരിൽ പലർക്കും കെ.എസ്.ഇ.ബി.എൽ. തന്നെയാണ് ശമ്പളം നൽകുന്നത്. എന്തുകൊണ്ടാണ് അത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ലെന്ന് പറയുന്നത്. വിവരാവകാശ നിയമപ്രകാരം അപേക്ഷകൾ ചോദിച്ചാൽ മറുപടി ലഭിക്കുന്നില്ല. നിരവധി ആരോപണങ്ങളാണ് വന്നിരിക്കുന്നത്. 33000 ജീവനക്കാരിൽ 6000 പേർ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരം നേടാതെ അവരുടെ ചെലവ് റെഗുലേറ്ററി അസറ്റിൽ പ്രതിഫലിക്കുന്നൊരു കമ്പനിയാണ്. അക്കാര്യം ബോർഡ് ചെയർമാൻതന്നെ പറഞ്ഞിരിക്കുന്നു. ഇല്ലാത്ത തസ്തികകൾ ഫുൾ

ബോർഡോ മാനേജിംഗ് ഡയറക്ടറോ പോലുമറിയാതെ പ്രതിവർഷം 12 കോടി രൂപ ആവർത്തന ചെലവിൽ 90 ഉദ്യോഗസ്ഥരെ വാട്സ്ആപ്പ് സന്ദേശമയച്ച് നിയമിച്ചതിനെ സംബന്ധിച്ച് ആ ബോർഡിന്റെ ചെയർമാൻതന്നെ പറഞ്ഞിരിക്കുന്നു. സർക്കാരും കമ്പനിയുമായിട്ടുള്ള റീവെസ്റ്റിംഗ് കരാറിൽ സ്ഥിരം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥയെ സംബന്ധിച്ചുള്ള പരിഷ്കാരം സർക്കാരിന്റെ അനുമതിയോടെ വേണമെന്ന് ജനുവരി 17-ന് രേഖാമൂലം ഉത്തരവിറക്കിയിട്ടും ഫെബ്രുവരിയിൽ അതിന് വിരുദ്ധമായി തീരുമാനം എടുത്തതിനെ സംബന്ധിച്ച് എന്ത് ഉത്തരവാദിത്വമാണ് ഈ സമീപനത്തിനുള്ളതെന്ന് ബോർഡ് ചെയർമാൻ തന്നെ ചോദിക്കുന്നു. അതുകൊണ്ടും തീരുന്നില്ല. ബോർഡിന്റെ ഔദ്യോഗിക വാഹനം ഉപയോഗിക്കാൻ തീരെ അർഹതയില്ലാത്തൊരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയിരക്കണക്കിന് കിലോമീറ്റർ ദൂരം ബോർഡിന്റെ വാഹനമെടുത്ത് ഓടുന്നതിനെക്കുറിച്ചും പറയുന്നു. അദ്ദേഹത്തെയാണ് ബഹുമാനപ്പെട്ട മുൻമന്ത്രി അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായി നിയമിച്ചത്. ചട്ടവിരുദ്ധമായ കാര്യങ്ങൾ ഫയലിൽ എഴുതി വച്ചിട്ട് 'ഒപ്പിടെടാ' എന്ന് ആക്രോശിച്ചതിന്റെയും ഭീഷണിപ്പെടുത്തിയതിന്റെയും പേരിൽ ഒരു ഉദ്യോഗസ്ഥൻ ഇപ്പോഴും കരഞ്ഞ്

നിലവിളിച്ച് നിൽക്കുന്നതിനെ സംബന്ധിച്ച് ഞങ്ങൾ പറയുന്നതല്ല, ശ്രീ. വി. ഡി. സതീശൻ പറയുന്നതല്ല, പ്രതിപക്ഷ സംഘടനകൾ പറയുന്നതല്ല, നിങ്ങൾ നിയമിച്ച ബോർഡിന്റെ ചെയർമാൻ പരസ്യമായി ഫേസ്ബുക്കിൽ പോസ്റ്റിടേണ്ട അവസ്ഥയിലേയ്ക്ക് വരുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിയെപ്പോലും ആക്ഷേപിക്കുന്ന തരത്തിലേയ്ക്ക് സി.ഐ.ടി.യു. മാറുകയാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്, അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. ഷാഫി പറമ്പിൽ: ഞാൻ ഒരുകാര്യം പറയാം. ഇത് നിങ്ങൾ വട്ടമേശ സമ്മേളനം വിളിച്ച് ചർച്ച നടത്തി കോംപ്രമൈസ് ചെയ്ത് പോകേണ്ട വിഷയമല്ല. പണം നഷ്ടപ്പെട്ടത് എ.കെ.ജി. സെന്ററിൽ നിന്നോ എൽ.ഡി.എഫ്. കൺവീനറുടെ ബാങ്ക് അക്കൗണ്ടിൽ നിന്നോ അല്ല. ജനങ്ങളുടെ പണമാണ് നഷ്ടമായിരിക്കുന്നത്. ഗവൺമെന്റിന്റെ പ്രൊപ്പോസൽ പൂജ്യം മുതൽ 50 യൂണിറ്റ് വരെ എന്നതാണ്. ഗവൺമെന്റ് 35 പൈസ വരെ വർദ്ധിപ്പിക്കാം, അങ്ങേയറ്റം 1 രൂപ 60 പൈസ വരെ വർദ്ധിപ്പിക്കാൻ ആലോചിക്കുന്നു. ഇതെല്ലാം വാർത്തകളാണ്. ഫിക്സഡ് ചാർജ്ജിൽ 15 രൂപ മുതൽ 150 രൂപവരെ വർദ്ധിപ്പിക്കാൻ ആലോചിക്കുന്നു. അഴിമതി നടത്തിയവരുടെ പണം തിരികെപ്പിടിക്കാതെ ആ ബാധ്യത ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്ന നീക്കത്തെ ശക്തമായി എതിർത്തുകൊണ്ട്,

നാടിനുവേണ്ടി ഇതുസംബന്ധിച്ച് അന്വേഷിക്കാൻ സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, സർക്കാരിന്റെ നന്ദിപ്രമേയത്തെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയത്തെ ആദ്യമായി വളരെ സന്തോഷത്തോടുകൂടി ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ നയപ്രഖ്യാപനവുമായി ബന്ധപ്പെട്ട കാര്യങ്ങളിലേയ്ക്കൊന്നും കടക്കാതെ എല്ലാ ദിവസവും ഓരോ ഉണ്ടയില്ലാ വെടി കൃത്യമായി പൊട്ടിക്കുക എന്ന ഒരു പരമ്പര തുടങ്ങി വച്ചിരിക്കുകയാണ്. ഇന്നലത്തെ അവസാന പ്രസംഗവും ഇന്നത്തെ അവസാന പ്രസംഗവും അത്തരത്തിലാണ്. അങ്ങനെ വന്നാൽ മാധ്യമങ്ങളിൽ വലിയൊരു വാർത്ത സൃഷ്ടിച്ച് കേരളത്തിലെ ഗവൺമെന്റിനെ മോശമാക്കിക്കളയാം എന്നാണ് ധരിക്കുന്നതെങ്കിൽ നിങ്ങളുടെ ഉദ്ദേശ്യങ്ങളൊന്നും കേരളത്തിന്റെ മണ്ണിൽ ചെലവാകാൻ പോകുന്നില്ല എന്നുള്ളത് വളരെ വ്യക്തമായി പറയാൻ ആഗ്രഹിക്കുകയാണ്. ആടിനെ പട്ടിയാക്കുന്നുവെന്ന് കേട്ടിട്ടുണ്ട്. പട്ടിയെ പേപ്പട്ടിയാക്കുന്ന പണിയാണ് ഇവിടെ പ്രതിപക്ഷം ചെയ്തുകൊണ്ടിരിക്കുന്നത്. ഇവിടെ അഴിമതിക്കെതിരായി എന്തൊരു വലിയ പ്രസംഗമാണ് നടത്തുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 2011 മുതൽ 2016 വരെ, അന്ന്

28-01-2019-ൽ ഈ നിയമസഭയിൽ കൊടുത്ത ചോദ്യത്തിന്റെ ഉത്തരമുണ്ട്. യു.ഡി.എഫ്.-ന്റെ കാലത്തെ ഒൻപത് മന്ത്രിമാരാണ് അഴിമതിക്കേസിലും വിജിലൻസ് കേസിലും കുടുങ്ങി നിൽക്കുന്നത്. ഈ ആളുകളാണ് ഒരു മടിയുമില്ലാതെ ഇവിടെവന്ന് ഇല്ലാത്ത കഥകൾ പറയുന്നത്. ഇവിടെ കെ.എസ്.ഇ.ബി. ലിമിറ്റഡിനെക്കുറിച്ചൊക്കെ പറഞ്ഞു. അതിന് മറുപടി നാളെ മണിയാശാൻ സംസാരിക്കുമ്പോൾ പറയും. സൊസൈറ്റിയെക്കുറിച്ച് ആക്ഷേപം പറയുന്നവർ, ശ്രീ. ആര്യാടൻ മുഹമ്മദ് ഏതെല്ലാം വ്യക്തികൾക്ക് സ്ഥലം കൊടുത്തിട്ടുണ്ടെന്ന് അന്വേഷിച്ചിട്ട് യു.ഡി.എഫ്. നേതാക്കന്മാർ നാളെ അക്കാര്യം സംസാരിക്കുന്നത് നന്നായിരിക്കുമെന്ന് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രതിപക്ഷം എന്തിനെയും എതിർക്കുകയാണ്. ക്ലാസ്മേറ്റ്സ് സിനിമയിൽ സതീശൻ കുഞ്ഞിക്കുഴി എന്നൊരു കഥാപാത്രമുണ്ട്. എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് പറയാനുള്ളത് അങ്ങ് അതുപോലെ ആകരുതെന്നാണ്. അദ്ദേഹം ശ്രദ്ധനേടുന്നതിനുവേണ്ടി പല തരത്തിലുള്ള കാര്യങ്ങൾ ചെയ്യുന്നത് ആ സിനിമ കണ്ടിട്ടുള്ള നമുക്കെല്ലാവർക്കും അറിയാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അങ്ങനെയാകരുത്. അങ്ങ് എന്തിനെയും എതിർക്കുകയല്ലേ; ബഹുമാനപ്പെട്ട ഗവർണർ ഇവിടെ വന്ന്

സംസാരിച്ചപ്പോൾ കെ-റെയിൽ ഈ സർക്കാരിന്റെ അഭിമാന പദ്ധതിയാണെന്നാണ് പറഞ്ഞത്. കണ്ണടച്ച് തുറക്കുന്നതിനുമുമ്പ് തീരുമാനങ്ങളെടുക്കേണ്ടി വരുന്ന തലമുറയ്ക്കുവേണ്ടി സർക്കാർ കൊണ്ടുവരുന്ന പദ്ധതിയാണിത്. ബി.ജെ.പി.-യുടെ ശ്രീ. കെ. സുരേന്ദ്രനെയും ശ്രീ. വി. മുരളീധരനെയും കൂട്ടുപിടിച്ച് നിങ്ങളുടെ എം.പി.-മാർ കേരളത്തിന്റെ വികസനത്തെ തടസ്സപ്പെടുത്താൻ ശ്രമിക്കുന്നത് നാടിന്റെ ചരിത്രത്തിൽ എവിടെയെങ്കിലും കേട്ടിട്ടുണ്ടോ; നാടിനുവേണ്ടി വാദിക്കാൻ പോകാറുണ്ട്. പക്ഷെ ആ നാടിനൊന്നും കൊടുക്കരുതെന്ന് പറയാൻ നിങ്ങൾ രണ്ടുകൂട്ടരും കൂടെ ചേർന്ന് നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങൾ നിങ്ങളുടെതന്നെ നാശത്തിനാണ്. കേരളം ഒന്ന് രക്ഷപ്പെടട്ടെ, ആളുകളുടെ ജീവിതത്തിന് ഗതിവേഗവും തൊഴിലവസരങ്ങളും ഉണ്ടാകട്ടെ, അങ്ങ് കെ-റെയിലിൽ കയറണമെന്ന് ഞങ്ങൾ നിർബന്ധിക്കുന്നില്ല. ഈ നാട്ടിലെ യുവാക്കളുടെയും വിദ്യാർത്ഥികളുടെയും തൊഴിലെടുക്കുന്നവരുടെയും സമയത്തിന് വിലയുണ്ട്. അവർ കയറിക്കൊള്ളും. നിങ്ങൾ അതിനെ തടസ്സപ്പെടുത്താതിരിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. കണ്ടാൽ പഠിക്കാത്തവൻ കൊണ്ടാൽ പഠിക്കുമെന്നാണ് പറയുന്നത്. കണ്ടാലും കൊണ്ടാലും പഠിക്കാത്തവർ ആരാണെന്ന് ചോദിച്ചാൽ അത് കേരളത്തിലെ

യു.ഡി.എഫ്. ആണെന്ന് പറയേണ്ടിവരും. ഇപ്പോൾ സഭയിലെ യു.ഡി.എഫ്. അംഗങ്ങളുടെ എണ്ണം 41 ആണ്. അടുത്ത പ്രാവശ്യം ഇങ്ങനെയാണെങ്കിൽ അത് തിരിച്ചിടണം. ഇതേരൂപത്തിലാണ് പോകുന്നതെങ്കിൽ കേരളത്തിലെ അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ 41 എന്നത് തിരിച്ച് 14 ആയി രൂപാന്തരപ്പെടാൻ പോകുന്ന കാഴ്ചയാണ് കാണാൻ പോകുന്നത്. അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തെക്കുറിച്ച് ബഹുമാനപ്പെട്ട എ. സി. മൊയ്തീൻ പറഞ്ഞു. നിങ്ങൾക്കത് സംസാരിക്കുവാനുള്ള അർഹതയുണ്ടോ; ഞാൻ ഒരു കാര്യം ചോദിക്കട്ടെ; 21 വയസ്സുള്ള ഒരു ചെറുപ്പക്കാരൻ, എഞ്ചിനീയറിംഗ് വിദ്യാർത്ഥി ദാരുണമായി കൊലചെയ്യപ്പെട്ടപ്പോൾ നിങ്ങളുടെ പാർട്ടിയുടെ അദ്ധ്യക്ഷൻ എന്താണ് പറഞ്ഞത്; മരണം ഇരന്നു വാങ്ങിയവനാണ് ധീരജ് എന്നുപറഞ്ഞ് ആക്ഷേപിക്കുകയാണ് ചെയ്തത്. കേരളത്തിൽ നടക്കുന്ന കൊലപാതകങ്ങൾ പരിശോധിച്ചാൽ ഇരുകൂട്ടരും കൈകോർത്തുപിടിച്ച് വളരെ ബോധപൂർവ്വം ഇവിടത്തെ ക്രമസമാധാനം തകർക്കുന്നതിനുള്ള പരിശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് മനസ്സിലാകും. കേരളത്തിൽ രണ്ടാം പിണറായി വിജയൻ ഗവൺമെന്റ് നടത്തികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ കേരളം കാണുകയാണ്.

കേന്ദ്രപൂളിൽ നിന്നും നികുതി കുറയുന്ന വിഷയവും ധനകമ്മി കുറയ്ക്കുന്നതിനുള്ള ഗ്രാന്റിൽ കേന്ദ്രം കുറവുവരുത്തുന്ന വിഷയവും പ്രതിസന്ധിയുടെ കാലഘട്ടത്തിൽ സംസ്ഥാനത്തിന്റെ വിഹിതം കുറച്ച വിഷയവും 6,500 കോടി രൂപ ജി.എസ്.ടി. നഷ്ടപരിഹാരമായി നൽകാത്ത വിഷയവും തുടങ്ങി കേന്ദ്ര സർക്കാരിന്റെ ദ്രോഹനടപടികൾ ഓരോന്നോരോന്നായി മണിമണിപോലെ ഗവർണർ ഇവിടെ ഉരുവിടുമ്പോൾ പ്രതിപക്ഷം എവിടെയായിരുന്നു; കേന്ദ്ര നിലപാടിനെതിരായി ഒരക്ഷരം ഉരിയാടാൻ ഇത്രയും പ്രസംഗം നടത്തിയിട്ടുള്ള ഏതെങ്കിലുമൊരു നേതാവ് തയ്യാറായിട്ടുണ്ടോ; 'മിഥുനം' സിനിമ പലരും കണ്ടുകാണും. ആ സിനിമയിൽ 'ഇപ്പോൾ തേങ്ങ ഉടയ്ക്കും... ഇപ്പോൾ ഉടയ്ക്കും..' എന്നുപറഞ്ഞുകൊണ്ട് അലറി വിളിച്ചുവരുന്ന നെടുമുടിവേണുവിനെയും ജഗതി ശ്രീകുമാറിനെയും ആ സിനിമ കണ്ടവരുടെ മനസ്സിൽ കാണും. അതുപോലെയല്ലേ പ്രതിപക്ഷ നേതാവും കെ.പി.സി.സി. പ്രസിഡന്റും, ഗവർണർ ഇപ്പോൾ ഇത് ഉടയ്ക്കും, ഈ സർക്കാരിനെ ഇപ്പോൾ ഉടയ്ക്കും എന്ന മനോഭാവത്തോടെയാണ് നിൽക്കുന്നത്. അപ്പോൾ ഒന്നും ഉടഞ്ഞില്ലെന്ന് മാത്രമല്ല ഇനി ഇപ്പോൾ ഗവർണർ വന്നാലും ഞങ്ങൾക്ക് പ്രശ്നമില്ല. പക്ഷേ ഇവിടെ ഒന്നും നടന്നില്ല. അപ്പോഴാണ് എനിക്ക് ഒരു കഥാപാത്രത്തെ ഓർമ്മവരുന്നത്. അത് മറ്റാരുമല്ല

ശ്രീ. ഇന്നസെന്റ് അവിടെ നിൽപ്പുണ്ട്. ശ്രീ. ഇന്നസെന്റ് 'ദാ പോടാ അപ്പാ' എന്ന മനോഭാവത്തോടെ നിൽക്കുന്നതുപോലെയാണ് മുൻപ്രതിപക്ഷ നേതാവ് ഇത് നോക്കി നിൽക്കുന്നത്. 'മിഥുനം' സിനിമയെ അനുസ്മരിക്കുന്ന നിലയിലേയ്ക്ക് കേരളത്തിലെ പ്രതിപക്ഷം മാറുകയല്ലേ?

ഈ നയപ്രഖ്യാപനം വാഗ്ദ്ധോരിയോ അവകാശവാദങ്ങളോ അല്ല. ഇന്ത്യക്കാകെ മാറ്റങ്ങൾ കാണിച്ചുകൊടുക്കുന്നൊരു സർക്കാരാണിത്. പ്രകൃതി ദുരന്തങ്ങൾക്കും മഹാമാരിക്കുമിടയിൽ എല്ലാ നയനങ്ങളുടെയും കണ്ണീർ തുടയ്ക്കുന്ന നയങ്ങൾ നടപ്പിലാക്കിയ സർക്കാരാണിത്. പുതിയ കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ട് അഭിമാനകരമായ അംഗീകാരങ്ങൾ നേടിക്കൊണ്ട് മുന്നോട്ടുപോകുന്നൊരു സർക്കാരാണിത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് എന്തായിരുന്നു കേരളത്തിന്റെ അവസ്ഥ; രാഷ്ട്രീയ നേതൃത്വത്തിന്റെ അഴിമതിക്കായി മാത്രമായിരുന്നില്ലേ കേരളത്തിന്റെ ആരോഗ്യ മേഖലയടക്കം അവർ ഉപയോഗിച്ചിരുന്നത്. ഞാൻ അഭിമാനത്തോടെ പറയാം, ഇന്ന് കേരളത്തിന്റെ പൊതുജനാരോഗ്യ മേഖല ലോകോത്തരമാണ്. പൊതുജനാരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് വന്ന മാറ്റങ്ങൾ ആർക്കാണ് നിഷേധിക്കാൻ സാധിക്കുന്നത്? 'ഇ-സഞ്ജീവനി'-യിലൂടെ വീട്ടിലിരുന്ന് ഡോക്ടർമാർരെ കൺസൾട്ട് ചെയ്യാൻ സാധിക്കുന്ന

അവസ്ഥയാണുള്ളത്. 1300 ആശുപത്രികളിൽ 'ഇ-ഹെൽത്ത്' സംവിധാനം, സംസ്ഥാനത്തെ ആശുപത്രികളിലെല്ലാം ഡിജിറ്റൽ സംവിധാനം, ഇതുമാത്രമല്ല ഡയാലിസിസ് വീടുകളിൽ ചെയ്യാൻ സാധിക്കുന്ന സാഹചര്യവും വരികയാണ്. നമ്മൾ മുന്നേറുകയല്ലേ; ഈ സന്ദർഭത്തിലും നമുക്ക് അർഹതപ്പെട്ട എയിംസ് അടക്കം കേന്ദ്രം നിഷേധിക്കുകയല്ലേ; ഇവർ ഒരു അക്ഷരം മിണ്ടിയോ; അതിനെതിരായി ഇവർ ഒരു അക്ഷരംപോലും ഉരിയാടാൻ തയ്യാറാകുന്നില്ലെന്നതല്ലേ വസ്തുത. വിഷൻ 2030-ൽ അതിവേഗ റെയിൽവെ പാത സുപ്രധാന പദ്ധതിയാണെന്നാണ് യു.ഡി.എഫ് പറഞ്ഞിരുന്നത്. ഞാൻ ഓർക്കുകയാണ് ആ യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ 20 കോടി രൂപയാണ് ഹൈസ്പീഡ് റെയിൽവെയുടെ പ്രാഥമിക പ്രവർത്തനങ്ങൾക്കുവേണ്ടി അവർ ചെലവാക്കിയത്. അതിന്റെ കണക്കുകൾ പരിശോധിക്കാം. ഇപ്പോൾ ഇടതുപക്ഷം കൊണ്ടുവരുന്ന സിൽവർ പാതയ്ക്കെതിരായി അവർ തിരിയുന്നത് ഭരണം നഷ്ടപ്പെട്ടതിന്റെ നൈരാശ്യമല്ലേ; ഇനി ഭരണത്തിലേറാൻ സാധിക്കില്ലെന്ന തിരിച്ചറിവല്ലേ; ഞങ്ങൾ സിൽവർ ലൈനിന്റെ എല്ലാ വിശദാംശങ്ങളും ജനങ്ങളുടെ മുമ്പാകെ വച്ചിരിക്കുകയാണ്. സർവ്വേ കല്ലുകൾ പിഴുതെറിയുവാൻ നടക്കുന്ന അഴിമതിക്കാരായ, അട്ടിമറിക്കാരായ ആൾക്കാരെ ജനങ്ങൾ

തിരിച്ചറിയുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ദേശീയ പാതയുടെ വികസനത്തിന് സ്ഥലം, വീട് ഇതെല്ലാം നൽകിയവരുടെ കാര്യത്തിൽ എത്ര അന്തസായ തീരുമാനമാണ് ഈ ഗവൺമെന്റ് കൈക്കൊണ്ടത്; സിൽവർ ലൈനിന് ഭൂമി വിട്ടുകൊടുക്കുന്ന ഒരാൾക്കും ഈ കേരളത്തിന്റെ മണ്ണിൽ ദുഃഖിക്കേണ്ടിവരില്ലെന്ന കേരളത്തിന്റെ മുഖ്യമന്ത്രിയുടെ വാക്ക് ഈ നാട്ടിലെ ജനങ്ങൾ ഏറ്റെടുത്തു. അതുകൊണ്ടാണ് അവർ സന്തോഷത്തോടെ നിൽക്കുന്നത്. നമ്മുടെ നാട് കൂടുതൽ മുന്നോട്ടുപോകുകയെന്നതാണ് നമുക്കാവശ്യമായിട്ടുള്ളത്. മുന്നോട്ട് പോകുകയെന്നുപറഞ്ഞാൽ ചലിക്കുകയെന്നാണ് അർത്ഥം. ഒരു സ്ഥലത്തുനിന്ന് വേട്ടയാടി ജീവിച്ച മനുഷ്യനെ മാറ്റിമറിച്ചത് സഞ്ചാരമായിരുന്നില്ലേ; അവർ ഒരു സ്ഥലത്തുനിന്നും മറ്റൊരിടത്തേയ്ക്ക് സഞ്ചരിച്ചതുകൊണ്ടാണ് നമ്മൾ ഇന്ന് കാണുന്ന ആധുനിക ലോകം കെട്ടിപ്പടുത്തത്. ചരക്കുകൾക്കും അദ്ധ്വാന ശക്തിക്കും വേഗത്തിൽ എത്തിപ്പെടാനാകുന്ന പ്രദേശങ്ങളും യാത്രാ സംവിധാനങ്ങളുമാണ് നമ്മെ മാറ്റിമറിച്ചത്. ദൂരത്തെയും സമയത്തെയും കീഴടക്കാനുള്ള മാനവരാശിയുടെ പരിശ്രമമാണ് മനുഷ്യനെ ഈ രൂപത്തിലെത്തിച്ചത്. നമ്മുടെ തൊഴിൽരഹിത സാഹചര്യങ്ങളെ മുറിച്ചുകടക്കാൻ, വിദ്യാഭ്യാസ-ചികിത്സാ രംഗത്ത് ഇനിയും ഏറെ മുന്നേറുവാൻ, നമ്മുടെ തലമുറയ്ക്ക് കരുതലായ്,

കാലാനുസൃതമായി നാട് പുരോഗമിക്കുവാൻ, നമുക്ക് അതിവേഗ യാത്രാ മാർഗ്ഗങ്ങൾ ആവശ്യമാണ്. നഗരങ്ങളിൽനിന്ന് നഗരങ്ങളിലേയ്ക്ക് മാത്രമല്ല, അ സഞ്ചാര വേഗം വർദ്ധിക്കുന്നതോടൊപ്പം ഗ്രാമങ്ങളിൽനിന്നും ഗ്രാമങ്ങളിലേയ്ക്കുള്ള സഞ്ചാരവേഗവും വർദ്ധിക്കുകയാണ്. ദേശീയപാത വികസനമായാലും മലയോര ഹൈവേ വികസനമായാലും ജലപാതയായാലും ഈ സർക്കാർ സമസ്ത മേഖലയിലും ജനങ്ങളെ സ്പർശിച്ചുകൊണ്ട് മുന്നേറുകയാണ്. സിൽവർ ലൈൻ കേരളത്തെ രണ്ടായി വിഭജിക്കുമെന്ന് പറയുന്നത് അടിസ്ഥാനപരമായി തെറ്റാണ്. കേരളത്തെ അത് പരസ്പരം ബന്ധിപ്പിക്കുന്നതാണ്. കേരളത്തിലെ മനുഷ്യരെ തമ്മിൽ യോജിപ്പിക്കുന്ന രജത രേഖയാണിത്. വികസനത്തിന്റെ പുതിയ വെള്ളിവെളിച്ചമാണ്. അമിതമായ കാർബണിന്റെ ബഹിർഗമനം വലിയ തോതിൽ കുറച്ചുകൊണ്ട് നമ്മുടെ പ്രകൃതിയെ കാത്തുസൂക്ഷിക്കുന്ന വെള്ളിനിലാവാണെന്ന് അഭിമാനത്തോടെ സിൽവർ ലൈനിനെക്കുറിച്ച് ഞങ്ങൾ പറയുന്നു. അതുകൊണ്ട് ഈ പദ്ധതി കേരളത്തിന്റെ ഭാവിപദ്ധതിയാണ്. അതിനെ എതിർക്കുവാനോ തകർക്കുവാനോ ആര് ശ്രമിച്ചാലും കേരളത്തിലെ ജനങ്ങൾ അനുവദിക്കില്ലെന്നുള്ള കാര്യം അർദ്ധശങ്കയ്ക്ക് ഇടയില്ലാത്ത തരത്തിൽ അറിയിക്കുവാൻ, പ്രഖ്യാപിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്.

കോവിഡ് സൃഷ്ടിച്ച ആരോഗ്യ-സാമ്പത്തിക-സാമൂഹിക വെല്ലുവിളിയെ എത്ര സമർത്ഥമായാണ് സർക്കാർ നേരിടുന്നത്? നൂറുദിന കർമ്മ പരിപാടിയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കി. ഇപ്പോൾ രണ്ടാം ഘട്ടത്തിലേയ്ക്ക് നമ്മൾ കടക്കുകയാണ്. അറുപതിനായിരം കോടി രൂപയുടെ അടിസ്ഥാന വികസന പദ്ധതികൾ ഈ നാട്ടിൽ പ്രഖ്യാപിക്കുകയാണ്. ജനങ്ങൾക്കുള്ള ആശ്വാസപദ്ധതികൾ എത്ര കൃത്യമായി വിതരണം ചെയ്യുകയാണ്. മുമ്പ് എന്തായിരുന്നു നമ്മുടെ നാട്ടിലെ അവസ്ഥ; രണ്ടായിരം രൂപയുടെ ആനുകൂല്യം വാങ്ങാൻ ഒരു ദിവസം മുഴുവൻ വന്ന് കാത്തിരുന്ന് അവസാനം തളർന്നുപോകുന്ന മനുഷ്യരിൽ എത്രപേർക്ക് അത് ഗുണപ്പെട്ടിട്ടുണ്ട്; ഇന്ന് അതാണോ അവസ്ഥ; മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെയ്ക്ക് ഓൺലൈനായി അപേക്ഷ കൊടുക്കാം. 48 മണിക്കൂറിനുള്ളിൽ തീരുമാനമുണ്ടാകും. മുഖ്യമന്ത്രിയുടെ കോവിഡ് ദുരിതാശ്വാസ നിധിയിലേയ്ക്ക് 844,12,00,000/- (എണ്ണൂറ്റി നാൽപ്പത്തിനാല് കോടി പന്ത്രണ്ട് ലക്ഷം) രൂപ ആകെ കിട്ടിയപ്പോൾ 941,35,00,000/- (തൊള്ളായിരത്തി നാൽപ്പത്തിയൊന്ന് കോടി മുപ്പത്തിയഞ്ച് ലക്ഷം) രൂപ ജനങ്ങൾക്ക് കൊടുത്ത സർക്കാരാണിത്. അതാണ് കേരളത്തിലെ പിണറായി വിജയൻ ഗവൺമെന്റിന് ജനങ്ങളോടുള്ള ഏറ്റവും വലിയ ബന്ധം. ചരിത്രപരമായി

വികസനത്തിന്റെ മുഖ്യധാരയിൽനിന്ന് പുറത്താക്കപ്പെട്ട ഈ നാട്ടിലെ ദുർബല ജനവിഭാഗങ്ങൾക്കടക്കം സമൂഹത്തിൽ മറ്റുള്ളവരെ പോലെ ഉന്നത മേഖലയിലേയ്ക്ക് പുരോഗതി കൈവരിക്കുവാൻ വേണ്ടിയുള്ള നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. ഈ നാട്ടിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ സമൂഹത്തിലെ സാധാരണക്കാർക്കുവേണ്ടിയും അവരുടെ ജീവിത പുരോഗതിക്കുവേണ്ടിയുമുള്ള പദ്ധതികളുമായി മുന്നോട്ടുപോകുന്ന പിണറായി വിജയൻ ഗവൺമെന്റ് ജനങ്ങൾക്ക് കൊടുത്ത ഉറപ്പുകൾ ഓരോന്നായി പാലിച്ചുകൊണ്ട് മുന്നോട്ടുപോകും. അതിന്റെ എല്ലാ പ്രഖ്യാപനങ്ങളുമാണ് ഈ നയപ്രഖ്യാപനത്തിൽ ഉണ്ടായിട്ടുള്ളത്. അതുകൊണ്ടുതന്നെ ഞാൻ ഈ നയപ്രഖ്യാപനത്തെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് എന്റെ സംസാരം അവസാനിപ്പിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ഓർഡർ, ഓർഡർ.......... സഭ ഇപ്പോൾ പരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ഫെബ്രുവരി മാസം 24-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.21-ന് പിരിഞ്ഞു.)

*******

അനുബന്ധം 1

## നക്ഷത്രചിഹ്നമിട്ട ചോദ്യം നം.33-ന്റെ ഉത്തരത്തിന്റെ (ഡി) പിരിവിന്റെ ബാക്കി ഭാഗം

(ഡി)....... ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി പ്രാരംഭഘട്ടത്തിൽ സഹകാരികൾ, PACS Association ഭാരവാഹികൾ, സഹകരണ സംഘം/ബാങ്ക് ജീവനക്കാരുടെ പ്രതിനിധികൾ എന്നിവരുമായും മറ്റ് നിയമ വിദഗ്ധരുമായും സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ച് ചർച്ച ചെയ്യുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സഹകരണം സംസ്ഥാന വിഷയമാണെങ്കിലും കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ അനുവർത്തിച്ചുവരുന്ന നയങ്ങളും അടിക്കടി ഉണ്ടാകുന്ന നിയമ ഭേദഗതികളും സംസ്ഥാനത്തെ സഹകരണ മേഖലകളുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇൻകം ടാക്സ് നിയമത്തിലുണ്ടാകുന്ന ഭേദഗതികൾ പലതും സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ തന്നെ തുരങ്കം വയ്ക്കുന്നതാണ്. ഈ പ്രതിസന്ധി മറികടക്കാൻ സംസ്ഥാന സർക്കാർ നിയമപരവും നയപരവുമായ തീരുമാനങ്ങൾ എടുത്ത് മുന്നോട്ട് പോകുകയാണ്. ഇൻകം ടാക്സ് നിയമത്തിലെ 194 A, 194 N എന്നീ ഭേദഗതികൾക്കെതിരെ നിരവധി സംഘങ്ങൾ തന്നെ വിവിധ കോടതികളെ

സമീപിച്ച് അനുകൂല ഉത്തരവുകൾ നേടിയിട്ടുണ്ട്. ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഇതിനകം തീരുമാനിച്ചിട്ടുണ്ട്. കൂടുതൽ നിക്ഷേപങ്ങൾ ആകർഷിച്ച് വിവിധ മേഖലകളിലേയ്ക്ക് ലോൺ അനുവദിച്ച് സംസ്ഥാനത്തിന്റെ സമഗ്രമായ വികസനം ഉറപ്പുവരുത്തുക എന്നതാണ് സഹകരണ വകുപ്പിന്റെ ലക്ഷ്യം. ഇതിലേയ്ക്ക് താഴെ കൊടുത്ത വിധം വിവിധ പരിപാടികളാണ് സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. കേരള ബാങ്ക് നിലവിൽ വന്നതിനുശേഷം കാർഷിക മേഖല, ചെറുകിട മേഖല, പ്രവാസി സമൂഹം എന്നിവയ്ക്കനുയോജ്യമായ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. "മുറ്റത്തെ മുല്ല"പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സഹകരണ മേഖലയിൽ കൂടുതൽ നിക്ഷേപം ലക്ഷ്യമിട്ട് ആധുനിക സംസ്കരണ പ്ലാന്റുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. തീരദേശ മേഖലയിൽ "മുറ്റത്തെ മുല്ല"യുടെ മാതൃകയിൽ പ്രതിദിന വായ്പാ പദ്ധതി നടപ്പിലാക്കുന്നതാണ്. ആകർഷകമായ പലിശ നിരക്കുകൾ ഏർപ്പെടുത്തി സഹകരണ മേഖലയിലേയ്ക്കുള്ള നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് നടപടികളെടുത്തുവരുന്നു. കാർഷിക മേഖല ലക്ഷ്യമിട്ട് ഒരു സമഗ്രമായ പദ്ധതി സംസ്ഥാന പ്ലാനിംഗ്

ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. കാർഷിക ഉത്പന്നങ്ങളുടെ വിപണനം ഉറപ്പുവരുത്തുന്നതിനായി ഗ്രാമീണ ചന്തകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മേൽപ്രകാരമുള്ള നടപടികളിലൂടെ സഹകരണ രംഗത്തുണ്ടാകുന്ന തിരിച്ചടികളെ ഫലപ്രദമായി നേരിടുന്നതിന് സാധിക്കുമെന്ന് സർക്കാർ വിശ്വസിക്കുന്നു.

**അനുബന്ധം. 2**

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 451-ന് 05-10-2021-ലെ തിരുത്തിയ മറുപടി

സർക്കാർ സർവ്വീസിൽ നിന്ന് വിരമിക്കുന്നവർ

(451) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2025-26 വരെ എത്ര പേരാണ് സർക്കാർ സർവ്വീസിൽ നിന്ന് വിരമിക്കുന്നതെന്ന് വ്യക്തമാക്കാമോ;

സ്പാർക്കിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2021-22 മുതൽ 2025-26 വരെ സർക്കാർ സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

| വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|
| 2021 | 21486 |

| | |
|---|---|
| 2022 | 20779 |
| 2023 | 21059 |
| 2024 | 21583 |
| 2025 | 22188 |
| 2026 | 23537 |

(ബി) ഈ സാമ്പത്തിക വർഷം വിരമിക്കുന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ എത്ര കോടി രൂപ ചെലവാകുമെന്ന് വെളിപ്പെടുത്താമോ;

ഈ സാമ്പത്തിക വർഷം വിരമിക്കുന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾക്കായി 5768.87 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) പെൻഷൻ പ്രായം ഒരു വർഷത്തേയ്ക്ക് വർദ്ധിപ്പിക്കണമെന്ന ശമ്പളപരിഷ്കരണ കമ്മീഷൻ ശിപാർശ തൊഴിലില്ലാത്ത യുവജനങ്ങളെ ബാധിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പരിശോധിച്ചു വരുന്നു.